# കോബ്രാ ഹിൽസിലെ നിധി

## CoBra Hillsile Nidhi Novel | Author :Smitha

***************************************************************************

ഇത് ഒരു പോണിന് വേണ്ടിയെഴുതുന്ന പോൺ സ്റ്റോറിയല്ല. പോൺ ഉണ്ട്. സാന്ദർഭികമായി മാത്രം. അശ്വതിയെ സ്വീകരിച്ചത് പോലെ ദിവ്യയെയും അവളുടെ കഥയെയും സ്വീകരിക്കണം.

***************************************************************************

സ്റ്റാൻഡിൽ ഘടിപ്പിച്ചിരുന്ന പേപ്പറിലെ നോട്ടേഷൻസ് നോക്കി ഈണം ചിട്ടപ്പെടുത്തിക്കൊണ്ടിരുന്ന രാജുവിന്റെ നിർദ്ദേശങ്ങളിലായിരുന്നു ദിവ്യയുടെ ശ്രദ്ധ മുഴുവനും.

മെട്രോപ്പോളിറ്റൻ ക്ലബ്ബിന്റെ വാർഷികാഘോഷങ്ങൾക്ക് ഇനി കേവലം ഒരു മാസം മാത്രമേ ബാക്കിയുള്ളൂ.

ആഘോഷങ്ങളിലെ മുഖ്യ ആകർഷണം എന്ന് ഇതിനോടകം പ്രചരിച്ചുകഴിഞ്ഞിരിക്കുന്നത്, അബ്ദുൽ ലത്തീഫിന്റെ നേതൃത്വത്തിലുള്ള കോബ്രാ ഗാങ്ങ് എന്ന, ശാന്തിപുരത്തെ കൌമാരക്കാരുടെ സംഘത്തിന്റെ ഗാനമേളയാണ്.

ഇലക്ട്രിക് ഓർഗണിന്റെ മുമ്പിലിരിക്കുന്ന ടോമിയും ഗിറ്റാർ കൈകാര്യം ചെയ്യുന്ന ഫെലിക്സും സതീഷും വയനിൽ അവർക്ക് കൂട്ടുനൽകുന്ന ഷെറിനും മനോജും ആബിദും ഡ്രംസിന്റെ മുമ്പിലിരിക്കുന്ന കോബ്രാ ഗാങ്ങ് തലവൻ ലത്തീഫും പിന്നെ ഗായകരായ വിൻസെന്റ്റും രാജേഷും റോസ്‌ലിനും പ്രിയങ്കയും ദിവ്യയും പ്രോഗ്രാമിന്റെ ആവേശം ശരിക്കും ഉൾക്കൊണ്ടിട്ടുണ്ട് എന്ന് അവരുടെ ഉത്സാഹം തെളിയിക്കുന്നു.

മെട്രോപോളിറ്റൻ ക്ലബ്ബിന്റെ വിശാലമായ ഹാളിൽ, റിഹേഴ്സലിന്റെ ഒരിടവേളയിൽ, ആപ്പിൾ ജ്യൂസ് കുടിച്ചുകൊണ്ടിരിക്കേ തന്റെ തോളിൽ ആരുടെയോ കൈത്തലം അമരുന്നത് ദിവ്യ അറിഞ്ഞു.

മുഖമുയർത്തി നോക്കിയപ്പോൾ റോസ്‌ലിനെയാണ് ദിവ്യ കണ്ടത്.

"ദിവ്യ," അവൾ വിളിച്ചു, "കം വിത്ത് മീ"

അവൾ ദിവ്യയെ കയ്യിൽ പിടിച്ച് എഴുന്നേൽപ്പിച്ചു.

പിന്നെ അവർ ഹാളിന് വെളിയിലേക്ക് നടക്കാൻ തുടങ്ങി.

"എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്," തങ്ങളുടെ നേരെ ചോദ്യരൂപത്തിൽ നോക്കുന്നവരുടെ കണ്ണുകളെ അവഗണിച്ചുകൊണ്ട് റോസ്‌ലിൻ അവളോട് പറഞ്ഞു.

"രണ്ടു മിനിറ്റ് മാത്രം. അതുകഴിഞ്ഞ് ദേ ഞങ്ങളെത്തി."

സംഘനേതാവായ ലത്തീഫ് എഴുന്നേറ്റു.

അവൻ റോസ്‌ലിനെ സമീപിച്ചു.

"വൈ റോസ്?" തന്റെ സ്വതേയുള്ള പരുക്കൻ ശബ്ദത്തിൽ അവൻ ചോദിച്ചു. "എന്താ കാര്യം?"

ലതീഫിന്റെ സ്വരത്തിലെയും കണ്ണുകളിലേയും കാർക്കശ്യം അവൾ തിരിച്ചറിഞ്ഞു.

"ലത്തീഫ് ദാദാ..."അവൾ സാവധാനം പറഞ്ഞു, "അതെനിക്ക് ദിവ്യയോട് സ്വകാര്യമായി പറയാൻ..."

റോസ്‌ലിൻ പറഞ്ഞു മുഴുമിപ്പിക്കുന്നതിനു മുമ്പ് അവൻ അവളെ കയ്യുയർത്തി വിലക്കി.

തന്റെ പിമ്പിലിരിക്കുന്ന സംഘാംഗങ്ങളെയും റോസ്‌ലിനെയും ദിവ്യയേയും അവൻ മാറി മാറി നോക്കി.

"ആരും ഒരു കാര്യവും അങ്ങനെ സ്വകാര്യമായി സംസാരിക്കേണ്ട!"

അവൻ അധികാര സ്വരത്തിൽ പ്രഖ്യാപിച്ചു. കുടിച്ചു പകുതിയാക്കിയ ഫ്രൂട്ടി ജ്യൂസ് പായ്ക്കറ്റ് അവൻ മേശപുറത്ത് വെച്ചു.

പിന്നെ അവൻ റോസ്‌ലിന്റെ നേരെ ചൂണ്ടുവിരൽ ഉയർത്തി.

"നമ്മൾ ഒരു ഗ്രൂപ്പ് ആണെങ്കിൽ എല്ലാക്കാര്യങ്ങളും ഗ്രൂപ്പ് ആയി മാത്രം സംസാരിക്കും."

പിന്നെ അൽപ്പം കൂടി ചേർന്ന് നിന്ന് അവളുടെ കണ്ണുകളിലേക്ക് തറച്ചുനോക്കിക്കൊണ്ട് അവൻ പറഞ്ഞു:

"ഐ മീൻ എവരി മാറ്റർ!"

"പക്ഷെ ലത്തീഫ് ദാദാ ഇത്..." റോസ്‌ലിൻ വിശദീകരിക്കാൻ ശ്രമിച്ചു.

അവളുടെ മുഖം ദയനീയമാകുന്നത് മറ്റുള്ളവർ കണ്ടു. അതറിഞ്ഞ് ലത്തീഫ് തന്റെ മുഖത്ത് ശാന്തത വരുത്തി.

"റോസ്‌ലിൻ," അവളുടെ തോളിൽ പിടിച്ച് ലത്തീഫ് പറഞ്ഞു, "നമ്മൾ എന്തിനാ ഇങ്ങനെ ഒരി ഗ്രൂപ്പ് ഫോം ചെയ്തത്? നമ്മുടെ പ്രശ്നങ്ങൾ ഒക്കെ കൂട്ടായി പരിഹരിക്കാനല്ലേ?"

"എന്തൊക്കെ പ്രതിജ്ഞകളായിരുന്നു!" വിൻസെന്റ് പരിഹാസത്തോടെ പറഞ്ഞു, "ഒരുമിച്ച് നിൽക്കും, എല്ലാം ഷെയർ ചെയ്യും, മറ്റതാണ്, മറിച്ചതാണ്...എന്നിട്ട്! ഹും!"

"അവൾക്ക് അവൾടെ പെഴ്സണൽ കാര്യം! ഗ്രൂപ്പ് വെറും പുല്ല്!" ഫെലിക്സും തന്റെ അതൃപ്തി മറച്ചുവെച്ചില്ല.

കൂടുതൽ അഭിപ്രായ പ്രകടനത്തിന് മുതിർന്ന കൂട്ടുകാരെ ലത്തീഫ് കൈയ്യുയർത്തി വിലക്കി ശാന്തരാക്കി.

അവൻ വീണ്ടും റോസ്‌ലിന്റെ നേരെ തിരിഞ്ഞു.

"നിന്റെ വ്യക്തിപരമായ കാര്യങ്ങൾ പരിഹരിക്കാൻ ഞാനും നമ്മുടെ ഗ്രൂപ്പും മതിയാകില്ല എന്ന് തോന്നിത്തുടങ്ങി, നിനക്ക്; അല്ലേ ?"

തന്റെ തോളിലമർന്നിരിക്കുന്ന ലതീഫിന്റെ കൈയിൽ അവൾ പിടിച്ചു.

"ഐം സോറി ലത്തീഫ് ദാദാ," അവൾ പറഞ്ഞു, "ഐം റിയലി സോറി."

"ഓക്കേ, ഓക്കെ..." ആബിദ് ചിരിച്ചു, "ക്ഷമിച്ചിരിക്കുന്നു. പക്ഷെ നിന്റെ പ്രോബ്ലം എന്താ? അതുപറ."

റോസ്‌ലിന്റെ മുഖഭാവം പെട്ടെന്ന് മാറി.

പല വിധ സന്ദേഹങ്ങൾ അവളുടെ മുഖത്ത് പ്രതിഫലിക്കുന്നത് അവർ കണ്ടു.

അവൾ ഓരോത്തുരേയും മാറി മാറി നോക്കി.

ലജ്ജയും സംശയവും അവളുടെ ഭാവങ്ങളെ കീഴടക്കി.

"പറയെടീ," പ്രിയങ്ക റോസ്‌ലിനെ പ്രോത്സാഹിപ്പിച്ചു.

അവളുടെ കണ്ണുകളിലും കവിളുകളിലും ലജ്ജ അരിച്ചിറങ്ങുന്നത് എലാവരും കണ്ടു.അവൾ അവരിൽനിന്ന് കണ്ണുകൾ മാറ്റി ജാലകത്തിലൂടെ പുറത്തേക്ക് നോക്കി.

ലജ്ജ കൈവിടാതെ വിറയൽ ബാധിച്ച സ്വരത്തിൽ അവൾ പറഞ്ഞു.

"തുറന്ന് പറഞ്ഞാൽ ...ഐം ഇൻ ലവ് .... ഞാൻ ഒരാളെ ഇഷ്ടപ്പെടുന്നു."

മനോജ് ലത്തീഫിന്റെ ഇരിപ്പിടത്തിലേക്ക് വന്ന് ഡ്രം സ്റ്റിക്കുകൾ കൈയ്യിലെടുത്ത് താളമിടാൻ തുടങ്ങി.

ടോമി ഇലക്ട്രിക് ഓർഗനിലും ആബിദ് വയനിലും ഫെലിക്സ് ഗിറ്റാറിലും ഒരു പ്രണയ ഹാർമണി സൃഷ്ടിച്ചു.

"ഓഹോ...ഓഹോഹോ," മറ്റുള്ളവർ ഈണത്തിൽ ശബ്ദമിട്ടു.

തങ്ങളുടെ മുഖത്ത് നോക്കാതെ, ലജ്ജ കൈവിടാതെ അപ്പോഴും ജാലകത്തിലൂടെ പുറത്തേക്ക് നോക്കി നിൽക്കയായിരുന്ന റോസ്‌ലിനെ അവർ തങ്ങൾക്കഭിമുഖമായി വലിച്ചടുപ്പിച്ചുനിർത്തി.

ലത്തീഫ് കൈയ്യുയർത്തി വിലക്കിയപ്പോൾ ടോമിയും ആബിദും ഫെലിക്സും ഹാർമണി നിർത്തി.

ആരവം നിലച്ചു.

ആകാംക്ഷയോടെ അവർ ലത്തീഫിനെ നോക്കി.

"ഇൻ ലവ്?" അവൻ അമ്പരപ്പോടെ റോസ്‌ലിനെ നോക്കി.

"യാ," അവൾ പുഞ്ചിരിച്ചു, "ഐം ഇൻ ലവ്."

ടോമിയും ആബിദും ഫെലിക്സും വീണ്ടും പ്രണയ സംഗീതം സൃഷ്ടിച്ചു.

'ഓഹോ ഓഹോഹോ," മറ്റുള്ളവർ ഈണത്തിൽ ശബ്ദമിട്ടു.

ലത്തീഫ് കൈയ്യുയർത്തിവിലക്കിയപ്പോൾ അന്തീക്ഷം വീണ്ടും ശാന്തമായി.

"നീ എല്ലാം വിശദമായി ഒന്ന് പറ," ഫെലിക്സ് അക്ഷമനായി.

"റ്റു വീക്സ് മുമ്പാണ് ഞാൻ അവനെ ആദ്യം കാണുന്നെ," റോസ്‌ലിൻ പറഞ്ഞു. "എന്റെ പപ്പയെ കാണാൻ വന്നതാണ് അവന്റെ അച്ഛനും അവനും ..."

ഇലക്ട്രിസിറ്റി ബോർഡിൽ എൻജിനീയറാണ് റോസ്‌ലിന്റെ പപ്പാ.

"പല പ്രാവശ്യം കണ്ടിട്ടുണ്ട് അവൻ എന്നെ. കഴിഞ്ഞ സണ്ടേ ഡയറക്റ്റ് ആയി പറഞ്ഞു, ഐ ലവ് യൂന്ന്"

റോസ്‌ലിനിൽ വീണ്ടും നാണം നിറയുന്നത് കണ്ട് ടോമിയും ആബിദും ഫെലിക്സും വീണ്ടും പ്രണയ ഹാർമണി സൃഷ്ട്ടിച്ചു.

"ഓഹോ ഓഹോഹോ," മറ്റുള്ളവർ വീണ്ടും ആരവമിട്ടു.

"എനിക്കും ..." കൈത്തലംകൊണ്ട് മുഖം പാതിമറച്ചുകൊണ്ട്, കണ്ണുകളടച്ച്, മുഖം കുനിച്ച് പുഞ്ചിരിയോടെ ആരവത്തിനും സംഗീതത്തിനുമിടയിൽ റോസ്‌ലിൻ പറഞ്ഞു, "എനിക്കും അവനെ ഇഷ്ട്ടം."

"എന്താ ജൂലിയറ്റെ റോമിയോടെ പേര്? സൺ ഓഫ്? ടെലിഫോൺ നമ്പർ? പിൻകോഡ്? മെയിൽ ഐ ഡി?" സതീഷ് ചോദിച്ചു.

"സിദ്ധാർഥൻ" റോസ്‌ലിൻ പറഞ്ഞു.

റോസ്‌ലിൻ ലജ്ജ കൈവിടാതെ എല്ലാവരെയും നോക്കി.

"ഞങ്ങളുടെ പേരന്റ്റിസിന്റെ നോട്ടത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്," റോസ്‌ലിൻ ഗൌരവപൂർണ്ണയായി, "ഫസ്റ്റ്ലി മതം. പിന്നെ ഫിനാൻഷ്യലി കൊറച്ച് ഏറ്റക്കൊറച്ചിൽ ഒണ്ട്.അതുപോലെ മറ്റുപലതും. ഞങ്ങളുടെ പാരന്റ്റ്സ് ഒരിക്കലും ഇതിന് യസ് പറയില്ല."

"ആട്ടെ," ലത്തീഫ് ചോദിച്ചു. "ആളേത് തരക്കാരനാ?"

ഒന്ന് മാത്രേ എനിക്കറിയൂ ലത്തീഫ് ദാദാ..." റോസ്‌ലിൻ വികാരഭരിതയായി. "ഐ ലവ് ഹിം. ഐ കാന്റ്റ് ഫോർഗെറ്റ് ഹിം. ഐ വാന്റ്റ് റ്റു ഗെറ്റ് ഹിം."

മനോജ് ഡ്രംസിൽ ചടുലമായ ഒരു താളം സൃഷ്ട്ടിച്ചു.

"അങ്ങനെയാണെങ്കിൽ ഇത് നടക്കട്ടെ; അല്ലേ?" സതീഷ് അഭിപ്രായപ്പെട്ടു.

'നീയിത്രേം ഇന്വോൾവ്ഡ് ആണേൽ അവനും ഈക്വലി ഇന്വോൾവ്ഡ് ആണേൽ ഞാൻ നേരെ പറയും: ഗോ ഓൺ വിത്ത് ഇറ്റ്."

ടോമി പിന്താങ്ങി.

"എന്റെയും അഭിപ്രായം അത് തന്നെ. ഗോ ഓൺ വിത്ത് ഇറ്റ്," വിൻസെന്റ്റും യോജിച്ചു.

ലത്തീഫ് എല്ലാവരുടെയും മുഖത്ത് നോക്കി.

ആരുടേയും മുഖത്ത് വിയോജിപ്പ് ഇല്ലന്ന് മാത്രമല്ല, എല്ലാവരും ഒരാഘോഷത്തിലെന്നപോലെ പ്രസന്നരും ഉത്സാഹമുള്ളവരുമായി കാണപ്പെട്ടു.

"ഗ്രൂപ്പിന്റെ മൊത്തം അഭിപ്രായമെന്താ?" ലത്തീഫ് ചോദിച്ചു.

എലാവരും ഒരേ സ്വരത്തിൽ, സംഗീതാത്മകമായ ഈണത്തിൽ, കാതടപ്പിക്കുന്ന സ്വരത്തിൽ പറഞ്ഞു:

"ഗോ ഓൺ വിത്ത് ഇറ്റ്!"

ആ അഭിപ്രായപ്രകടനത്തിൽ ദിവ്യ പങ്കെടുത്തിട്ടില്ല എന്ന് ലത്തീഫ് ശ്രദ്ധിച്ചു.

മാത്രമല്ല ഈ വിഷയത്തിൽ തീരെ ഉത്സാഹവുമില്ല എന്നും അവൻ കണ്ടു.

ലത്തീഫ് പതിയെ ദിവ്യയെ സമീപിച്ചു.

"നീയൊന്നും പറഞ്ഞില്ലല്ലോ, ദിവ്യേ," അവൻ ചോദിച്ചു, "നിന്റെ അഭിപ്രായമെന്താ ഈ വിഷയത്തിൽ?"

ദിവ്യ ലത്തീഫിനെയും കൂട്ടുകാരെയും മാറിമാറിനോക്കി.

അവസാനം തന്നെ ആകാംക്ഷയോടെ നോക്കുന്ന റോസ്‌ലിനിൽ അവളുടെ കണ്ണുകൾ തറഞ്ഞു.

"എനിക്ക് സമ്മതമില്ല," ദിവ്യ പറഞ്ഞു, "ഗ്രൂപ്പിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. റോസിനോട് എനിക്കിതേ പറയാനുള്ളൂ: ഫോർഗെറ്റ് ഹിം!"

"വൈ?" ലത്തീഫ് ചോദിച്ചു.

"വൈ? വൈ?" റോസ്‌ലിൻ ഒഴികെയുള്ള മറ്റു കൂട്ടുകാർ ഒരുമിച്ച് ദിവ്യയെ ആക്രമിച്ചു.

"യൂ ആസ്ക് മെ വൈ, ങ്ഹാ?" ദിവ്യ ആവേശത്തോടെ തിരച്ചടിച്ചു. "നിങ്ങൾ ഗോ ഓൺ വിത്ത് ഇറ്റ് ഗോ ഓൺ വിത്ത് ഇറ്റ് എന്ന് പറഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന ഈ പ്രേമം എത്ര നല്ല കുടുംബബന്ധങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്?പ്രേമിച്ച് വിവാഹം കഴിച്ച് നന്നായി സ്ഥിരമായി നിൽക്കുന്ന എത്ര നല്ല ബന്ധങ്ങൾ കാണിച്ചുതരാൻ കഴിയും നിങ്ങൾക്ക്? ഒരു പ്യുവർ റൊമാൻസും റിയൽ ലൈഫിൽ ഇല്ല. സിനിമയിലും ഫിക്ഷനിലുമല്ലാതെ."

ഒന്നു രണ്ടുപേർ ഉച്ചത്തിൽ കോട്ടുവായിട്ടു.

"നിൽക്ക് നിൽക്ക്!" ആബിദ് ദിവ്യയെ പൂർത്തിയാക്കാൻ സമ്മതിച്ചില്ല.

"ഇടയ്ക്ക് ഞാനൽപ്പം ചരിത്രവസ്തുതകൾ പറഞ്ഞോട്ടെ. നീ ചോദിച്ചല്ലോ, പ്രേമിച്ച് വിവാഹം കഴിച്ച് സ്ഥിരമായി നിലനിൽക്കുന്ന എത്ര ബന്ധങ്ങൾ കാണിച്ചുതരാൻ

കഴിയൂന്ന്? സൂര്യവംശത്തിലെ ഇപ്പോഴത്തെ മഹാരാജാവ്, ദിവ്യാ ഗ്രൂപ്പ് ഇൻഡസ്ട്രീസിന്റെ ചെയർമാൻ, നിന്റെ ഡാഡി ഹിസ് ഹൈനസ് രാജശേഖര വർമ്മയും നിന്റെ മമ്മി മഹാറാണി ഗായത്രിദേവി തമ്പുരാട്ടിയും കണ്ടുമുട്ടിയതും പരിചയപ്പെട്ടതും സ്നേഹിച്ചതും തും പാസ് ആയെ യൂ മുസ്ക്കുരായെ എന്ന് ഡ്യൂവറ്റ് പാടി മരമായ മരമൊക്കെ ചുറ്റിയതും വിവാഹിതരായതും അവരുടെ പ്രണയവല്ലരിയിൽ ദിവ്യാ വർമ്മ എന്ന മൂക്കളച്ചാത്തി രാജകുമാരി വിരിഞ്ഞതും സൂപ്പർ വേഡ്സ് വർത്ത്യൻ ലാങ്ങ്വേജിൽ പത്രമാസികകൾ കവർ സ്റ്റോറികൾ എഴുതിയിട്ടുണ്ട്."

ശ്വാസം വിടാൻ ആബിദ് ഒരു നിമിഷം നിർത്തി.

"അവര് ഡിവോഴ്സിന് വക്കീൽ നോട്ടീൽ നോട്ടീസ് അയച്ചോ?"

"യൂ," ദിവ്യ ആബിദിന്റെ നേരെ രൂക്ഷമായി നോക്കി ചുരുട്ടിയ മുഷ്ടിയുയർത്തി.

"പടച്ചോനെ!" രണ്ടു ചുവട് പിമ്പോട്ടു മാറി ആബിദ് തുടർന്നു.

"നീ പറയാതെതന്നെ ഞങ്ങൾക്കറിയാം നിന്റെ ഡാഡിയേം മമ്മിയേം. വി ആർ പ്രൌഡ് ഓഫ് ദെം. പ്രണയവിവാഹത്തിന്റെ വിജയത്തിന് ഏറ്റവും മനോഹരമായ ഉദാഹരണം നിന്റെ വീട്ടിൽത്തന്നെയുള്ളപ്പോൾ ഹൌ കുഡ് യൂ റിപ്രിമാൻഡ് അസ്?"

"ബട്ട് ആബിദ്," ദിവ്യ പറഞ്ഞു, "ഡാഡിടെടേം മമ്മീടെം കാര്യം, ഇറ്റ് ഈസ് വെരി റേർ. അത്യപൂർവ്വം.."

"ദിവ്യാ, ഇത് റോസിന്റെ പെഴ്സണൽ കാര്യം..." സഹതാപം നിറഞ്ഞ സ്വരത്തിൽ രാജേഷ് പറഞ്ഞു.

"റ്റു മീ ഇറ്റ് ഈസ് റിയൽ ബുൾഷിറ്റ്!" അവനെ തുടരാൻ അനുവദിക്കാതെ ദിവ്യ ഇടക്ക് കയറി.

അവൾ റോസ്‌ലിന്റെയടുത്ത് ചേർന്ന് നിന്ന് അവളുടെ ഇരു തോളുകളിലും കൈകളമർത്തി.

"റോസ്," ദിവ്യ പറഞ്ഞു, "നിനക്ക് വ്യക്തിപരമായ സ്വാതന്ത്ര്യമുണ്ട്. ഐ വിൽ റെസ്പെക്റ്റ് ഇറ്റ്. പക്ഷെ ഈ വിഷയത്തിൽ എന്നോട് നീ അഭിപ്രായം ചോദിച്ചാൽ കൃത്യമായും വ്യക്തമായും ഞാൻ പറയും: കട്ട് ദാറ്റ് ഔട്ട്!"

"ഓഹോ!" പ്രിയങ്ക ചൊടിച്ചു, "എങ്കിൽ പറയെടീ, ഇതേ അനുഭവം നിനക്കുണ്ടായാൽ എന്ത് ചെയ്യും നീ?"

"ഇതേ അനുഭവം?" ദിവ്യ പരിഹാസത്തോടെ ചോദിച്ചു, "എന്ന് വെച്ചാൽ പ്രേമമോ? കേൾക്ക് മോളെ, നീ പറഞ്ഞ ആ ഈ അനുഭവമില്ലേ? അത് എന്റെ ജീവിതത്തിൽ ഒരിക്കലും സംഭവിക്കില്ല."

"ഈ ഹിമാലയൻ ബ്ലണ്ടർ ഒരുളുപ്പുമില്ലാതെ ഞങ്ങടെ മുമ്പിൽ വിളമ്പാൻ നിനക്ക് എങ്ങനെ ധൈര്യം വന്നു?" വിൻസെന്റ് ചോദിച്ചു.

ദിവ്യ തന്റെ സൺഗ്ലാസ് അണിഞ്ഞു.

"ബിക്കോസ് ഐം ദിവ്യ. ദാറ്റ് ഈസ് മൈ നെയിം."

"ഹേയ്, ഹേയ്...അത്രയ്ക്ക് അഹങ്കരിക്കണ്ട നീ," വിൻസെന്റിനെ തള്ളിമാറ്റി മനോജ് പറഞ്ഞു, "ഞാനൊന്നരക്കൈ നോക്കിയാൽ നീയെന്റെ പൊറകെ വരും. പ്ലീസ് ലവ് മീ പ്ലീസ് ലവ് മീ എന്ന് കരഞ്ഞുകൊണ്ട്. പിന്നെ എന്റെ ബെഡ് റൂമീന്ന് ചവിട്ടിയിറക്കേണ്ടി വരും എനിക്ക്."

ദിവ്യ അവനെ അവജ്ഞയോടെ നോക്കി.

"നീ പോടാ."

"അതുപോട്ടെ," ലത്തീഫ് ഗൌരവത്തിൽ പറഞ്ഞു, "ഇപ്പറഞ്ഞ കാരണമല്ലാതെ മറ്റെന്തെങ്കിലും ദിവ്യക്ക് പറയാനുണ്ടോ?"

"ഒരു കാരണം കൂടിയുണ്ട്. അതാണ് ഏറ്റവും പ്രധാനം."

എല്ലാവരും ദിവ്യയുടെ മുഖത്തേക്ക് ആകാംക്ഷയോടെ നോക്കി.

"എന്താ അത്?"

കൂട്ടുകാരുടെ ജിജ്ഞാസ ലത്തീഫിന്റെ ശബ്ദത്തിലും പ്രതിഫലിച്ചു.

"നമ്മുടെ ഗ്രൂപ്പിന് ഈ സിറ്റീൽ ഒരു ശത്രു മാത്രമേയുള്ളൂ," ദിവ്യ വിശദീകരിച്ചു. "ജയകൃഷ്ണനും അവന്റെ ഗാങ്ങും."

അവരുടെ നെറ്റികളിൽ ചുളിവുകൾ വീഴുന്നത് ദിവ്യ ശ്രദ്ധിച്ചു.

"ജയകൃഷ്ണനെപ്പോലെ ഹൈലീ ഇമ്മോറൽ ആയ ഒരു ഗ്യാങ്ങ് ലീഡറിന്റെ ഗ്രൂപ്പിലെ മെമ്പറാണ് സിദ്ധാർത്ഥൻ എന്ന് എന്റെ സുഹൃത്തുക്കൾക്ക് എത്ര പേർക്കറിയാം?"

ദിവ്യ പുറത്തുവിട്ട വാർത്തയ്ക്ക് മുമ്പിൽ എല്ലാവരും സംഭീതരായി.

"കോബ്രാഹിൽസിലെ നിധിയടക്കമുള്ള ഹൈലീ സെൻസിറ്റീവ് ആയ പല കാര്യങ്ങളും നമ്മൾ ഡീൽ ചെയ്യുന്നുണ്ട്," ദിവ്യ തുടർന്നു, "നമ്മളെ തകർക്കാൻ പലതവണ അവർ ശ്രമിച്ചിട്ടുണ്ട്. ഇത്തരം ഒരു സിറ്റുവേഷനിൽ നമ്മൾ അറിയുന്ന ഒരു ആന്റീ സോഷ്യലിന്റെ മുമ്പിലേക്ക് പ്രേമമല്ല, മറ്റെന്തിന്റെ പേരിലായാലും എനിക്ക് സാധ്യമല്ല റോസിനെ എറിഞ്ഞുകൊടുക്കാൻ!"

ലത്തീഫ് റോസ്‌ലിനെ നോക്കി.

അവളുടെ മുഖത്ത് ഭയവും പതർച്ചയും അവൻ കണ്ടു.

"ഈ സിദ്ധാർത്ഥൻ ജയകൃഷ്ണന്റെ ഗ്യാങ്ങിലുള്ളവനാണ് എന്ന് നിനക്കറിയാമായിരുന്നോ റോസ്‌ലിൻ?"

സ്വരം കഴിയുന്നത്ര ശാന്തമാക്കി ലത്തീഫ് ചോദിച്ചു.

"ലത്തീഫ് ദാദാ...ഞാൻ...'

"ജസ്റ്റ് സേ യസ് ഓർ നോ."

"യെസ്," റോസ്‌ലിൻ സംഭ്രമത്തോടെ പറഞ്ഞു.

ലത്തീഫ് കുറെ സമയത്തേക്ക് ആലോചനമഗ്നനായി.

എല്ലാവരും അവനെ ഉറ്റുനോക്കി.

റോസ്‌ലിനും.

ലത്തീഫ് തീരുമാനം പറയുവാൻ പോകുകയാണ്.

അതാണ് ഗ്രൂപ്പിന്റെ മൊത്തം തീരുമാനം.

ലത്തീഫെടുക്കുന്ന തീരുമാനമാണ് ഗ്രൂപ്പിന്റെ നിയമം.

"വ്യക്തിപരമായ നേട്ടത്തെക്കാൾ ഗ്രൂപ്പ് ഇന്നുവരെ നിലനിന്നിട്ടുള്ളത് പൊതുനന്മാക്കാണ്," എല്ലാവരെയും നോക്കി ലത്തീഫ് പറഞ്ഞു.

"തനിക്ക് ഇഷ്ടപ്പെട്ട പുരുഷനെ സ്നേഹിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും റോസ്‌ലിൻ ജോസഫിനുണ്ടെങ്കിലും കോബ്രാ ഗാങ്ങിന്റെ നിയമങ്ങളെയും താൽപ്പര്യങ്ങളെയും അംഗീകരിക്കാത്ത, സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് കുപ്രസിദ്ധിനേടിയ ജയകൃഷ്ണന്റെ ഗ്രൂപ്പിലെ അംഗമാണ് സിദ്ധാർത്ഥൻ എന്നതിനാൽ കോബ്രാ ഗാങ്ങിൽ അംഗമായിരിക്കുന്ന കാലത്തോളം റോസ്‌ലിനെ ഈ ബന്ധത്തിന് നമ്മൾ അനുവദിക്കുന്നതല്ല. ഇതാണ് ഗ്രൂപ്പിന്റെ തീരുമാനം."

എല്ലാവരും റോസ്‌ലിനെ നോക്കി.

അവളുടെ മുഖം ശോകാകുലമായി.

കണ്ണുകൾ ഈറനണിഞ്ഞു.

എങ്കിലും അവൾ പുഞ്ചിരിക്കാൻ ശ്രമിച്ചു.

"ഇന്നത്തെ റിഹേഴ്സൽ കഴിഞ്ഞു," അന്തരീക്ഷത്തിന്റെ പ്രത്യേകത തിരിച്ചറിഞ്ഞ് ലത്തീഫ് പ്രഖ്യാപിച്ചു.

"നാളെ വൈകുന്നേരം കൃതം മൂന്നരയ്ക്ക് ഇവിടെ വെച്ച് നമ്മൾ കൂടിച്ചേരുന്നതായിരിക്കും."

"ഓരോരുത്തരും തങ്ങളുടെ സംഗീത ഉപകരണം കേയ്‌സിനുള്ളിൽ അടച്ചു.

അതിനിടയിൽ ലത്തീഫ് റോസ്‌ലിന്റ്റെ ചലനങ്ങൾ നിരീക്ഷിക്കുന്നുണ്ടായിരുന്നു.

ദിവ്യയും റോസ്‌ലിനും ചിരിച്ചുകൊണ്ട് എന്തൊക്കെയോ സംസാരിക്കുന്നുണ്ട്.

റോസ്‌ലിൻ സാധാരണ നിലയിലെത്തിയതുകണ്ട് അവൻ സമാധാനിച്ചു.

സംഘം ഒരുമിച്ച് പുറത്തേക്ക് നടന്നു.

"ദിവ്യാ," പുറത്തേക്ക് നടക്കുന്നതിനിടയിൽ ടോമി ദിവ്യയോട് ചോദിച്ചു, "നീയങ്ങനെ പറയേണ്ട കാര്യമൊന്നുമില്ല. നാളെ എന്താ നടക്കുന്നേന്ന് നിനക്കെങ്ങനെയറിയാം? നീ ആരേം പ്രേമിക്കില്ല എന്ന് എന്താ ഉറപ്പ്?"

ദിവ്യ അതിനു മറുപടി പറഞ്ഞില്ല.

"നീയെന്ന് മുതലാ പ്രേമവിദ്വേഷിയായേ?"

"എനിക്ക് പ്രേമത്തോടോ പ്രേമിക്കുന്നവരോടോ വിദ്വേഷമൊന്നുമില്ല സുഹൃത്തുക്കളെ," അവൾ ചിരിച്ചു, "എനിക്കെന്റെ ഡാഡീടേം മമ്മീടെം മോളായി ജീവിക്കാനാ ഇഷ്ട്ടം. എന്നെക്കുറിച്ചുള്ള അവരുടെ എല്ലാ ആഗ്രഹങ്ങളും പൂർണ്ണമാക്കാനാ എനിക്കിഷ്ട്ടം. എന്നെക്കുറിച്ചുള്ള അവരുടെ എല്ലാ സ്വപ്നങ്ങളും സത്യമാക്കാനും."

സംഘാംഗങ്ങൾ ഓരോരുത്തരും അവരവരുടെ ഇരുചക്രവാഹനങ്ങൾ സ്റ്റാർട്ട് മുമ്പോട്ട് നീങ്ങി.

ആളുകൾക്ക് അതൊരു കാഴ്ച്ചയാണ്.

പതിനേഴിനും ഇരുപതിനുമിടയ്ക്കാണ് അവരുടെ പ്രായം.

നിറസമൃദ്ധമായ വസ്ത്രങ്ങളിൽ, ആരോഗ്യവും പ്രസരിപ്പും സൌന്ദര്യവും തുളുമ്പുന്ന കൌമാര സംഘം.

തെരുവുകളിൽ അവർ സംഗീതവും നൃത്തവും നിറക്കുന്നു.

കളിക്കളത്തിലായാലും കലാരംഗത്തായാലും പൊതുപ്രവർത്തനങ്ങളിലായാലും കൌമാരക്കാരായ ആ സംഘത്തെ ഒരുമിച്ചു മാത്രമേ നഗരവാസികൾ കണ്ടിട്ടുള്ളൂ.

പ്രായം കൊണ്ടും സംഘടനാപാടവം കൊണ്ടും മുമ്പിൽ നിൽക്കുന്നത് ലത്തീഫ് തന്നെയാണ്.

എങ്കിലും അവർക്കിടയിലെ ഏറ്റവും പ്രധാന ആകർഷണകേന്ദ്രം ദിവ്യയാണ്.

ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന ദിവ്യ ഗ്രൂപ്പ് ഇൻഡസ്ട്രീസ് ചെയർമാൻ രാജശേഖര വർമ്മയുടെ മകൾ.

പതിനെട്ടാം പിറന്നാളിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന അവളുടെ വശ്യസൌന്ദര്യം കാഴ്ചക്കാരുടെ ഹൃദയമിടിപ്പ് തെറ്റിക്കും.

അവളുടെ നിറസൌന്ദര്യത്തെ പതിന്മടങ്ങ് ചേതോഹരമാക്കുന്ന നീൾമിഴികളുടെ കാന്തികതയും ഉയർന്ന തുളുമ്പുന്ന മാറിടത്തിന്റെ ഭംഗിയും പലരുടെയും ഉറക്കത്തെ അസ്വസ്ഥമാക്കിയിരുന്നു.

കുലീനത നിറഞ്ഞ പെരുമാറ്റത്തിലെ ആകർഷണീയതയും ക്ഷത്രിയ സഹജമായ സ്വഭാവദാർഢ്യവും അവളെ പ്രശസ്തയാക്കിയിരുന്നു.

കൂട്ടുകാർക്ക് ശുഭരാത്രി നേർന്ന് തന്റെ സൈക്കിളിൽ തനിച്ചുവരികയായിരുന്നു ദിവ്യ.

നിറത്തിൽ നിന്ന് തുടങ്ങുന്ന കോബ്രാഹിൽസിലേക്കുള്ള ഒറ്റയടിപ്പാതയുടെ അടുത്തെത്തിയപ്പോൾ അവൾ സൈക്കിൾ നിർത്തി.

അവളുടെ കണ്ണുകൾ ദൂരെ, ആകാശത്തേക്ക് ഉയർന്നുയർന്ന് പോകുന്ന കൊടുമുടികളിലേക്ക് നീണ്ടു.

കോബ്രാഹിൽസ്.

ഒടുങ്ങാത്ത നിഗൂഢതകളും പരേതാത്മാക്കളെക്കുറിച്ചുള്ള പുരാവൃത്തങ്ങളും നിറഞ്ഞ, ഇടതൂർന്ന കാടുകൾ നിറഞ്ഞ പർവ്വത ശിഖരങ്ങൾ.

അവൾ മലനിരകളിൽനിന്ന് നോട്ടം പിൻവലിച്ചു.

ജനനം മുതൽ കാണുന്നതാണെങ്കിലും അങ്ങോട്ട് നോക്കാതിരിക്കാനാവുന്നില്ല.

അവൾ സൈക്കിളിൽ നിന്നിറങ്ങി.

ഒറ്റയടിപ്പാത തുടങ്ങുന്നിടത്ത് ഒരു ആൽമരമുണ്ട്.

ആൽമരച്ചുവട്ടിൽ ഭഗവതിയുടെ വിഗ്രഹവും.

അവൾ ഭഗവതിയുടെ മുമ്പിലെത്തി കൈകൾ കൂപ്പി.

"എന്റെ ഭഗവതീ..." അവൾ മന്ത്രിച്ചു. "എന്റെ ഡാഡിയെ, മമ്മിയെ, രോഹിത് അങ്കിളിന്റെ ആത്മാവിനെ കാത്തുകൊള്ളണേ..."

തന്റെ കണ്ണുകളിൽ ജലകണങ്ങൾ നിറഞ്ഞിരിക്കുന്നത് അവൾ അറിഞ്ഞു.

രോഹിത് അങ്കിളിനെക്കുറിച്ചോർക്കുമ്പോഴൊക്കെ അങ്ങനെ സംഭവിക്കുന്നു.

അവൾ വീണ്ടും കോബ്രാ ഹിൽസിലേക്ക് നോക്കി.

കോബ്രാഹിൽസിൽ നിന്ന് വീശിയടിക്കുന്ന കാറ്റിൽ അയാളുടെ സാന്നിധ്യമുണ്ട് എന്ന് അവൾക്ക് തോന്നി.

"എന്റെ രോഹിത് അങ്കിൾ..."

അവളിൽനിന്ന് അറിയാതെ ഒരാമന്ത്രണം പുറത്തു വന്നു.

അയാളുടെ മുഖം തന്റെ മുമ്പിൽ തെളിയുന്നത് അവൾ അറിഞ്ഞു.

തനിക്ക് പന്ത്രണ്ടു വയസ്സുള്ളപ്പോൾ മുതൽ തന്റെ കൈപിടിച്ചുനടക്കുമായിരുന്ന, തനിക്ക് കഥകൾ പറഞ്ഞുതരുമായിരുന്ന, തനിക്ക് വേണ്ടി പാടുകയും ആടുകയും ചെയ്യുമായിരുന്ന തന്നെയും കൂട്ടി മലഞ്ചെരുവുകളിലും നദീതീരത്തും പോകുമായിരുന്ന രോഹിത് അങ്കിൾ.

പാർട്ടികളിൽ കേൾവിക്കാരെ വിസ്മയത്തിലാഴ്ത്തുന്ന വിധം പാടുകയും അസാധാരണ വൈഭവത്തോടെ നൃത്തം ചെയ്യുകയും ഇപ്പോഴും തമാശപറയുകയും എല്ലാക്കാര്യത്തിലും ഉത്സാഹം കാണിക്കുകയും ചെയ്യുമായിരുന്നു രോഹിത് അങ്കിൾ.

കഴിഞ്ഞ വർഷം വരെ.

കഴിഞ്ഞ ഏപ്രിലിൽ ഊട്ടിയിലെ ഗുഡ് ഷെപ്പേർഡിൽ, തന്നെ കൂട്ടിക്കൊണ്ട് പോകുവാൻ രോഹിത് അങ്കിൾ വന്നില്ല.

പകരം ലത്തീഫും കൂട്ടുകാരും വന്നു.

അവരുടെ മുഖത്ത് ഉത്സാഹമോ സന്തോഷമോ ഇലായിരുന്നു.

അവരിൽ നിന്നാണ് താൻ ആ കരൾ പറിക്കുന്ന വാർത്ത കേട്ടത്.

രോഹിത് അങ്കിളിന്റെ ജഡം കോബ്രാഹിൽസിന്റെ മുകളിൽ കിടക്കുന്നു!

രാജവെമ്പാലയുടെ വിഷമാണ് മരണകാരണമെന്ന് മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നു.

"ഭഗവതീടെ മുമ്പിൽ നിന്ന് പോരാൻ തോന്നുന്നില്ലേ രാജകുമാരിക്ക്?"

പിമ്പിൽ നിന്ന് കേട്ട ഒരു പുരുഷശബ്ദം ദിവ്യയുടെ ചിന്തകളെ ഉലച്ചു.

അവൾ തിരിഞ്ഞുനോക്കി.

വിനോദ് അങ്കിൾ ആണ്.

കോബ്രാഹിൽസിൽനിന്നുള്ള ഒറ്റയടിപ്പാതയിലൂടെ അയാൾ നടന്നു വരികയാണ്.

കറുത്ത ജാക്കറ്റും ട്രൌസേഴ്സുമാണ് വെഷം.

തലയിൽ ഒരു കറുത്ത കൌ ബോയ് ഹാറ്റ്.

കൈയിൽ തോക്കുണ്ട്.

"അങ്കിൾ വീട്ടിലേക്ക് വരുന്നോ?"

"ഞാൻ രാവിലെ വരാം," വിനോദ് അറിയിച്ചു. "നാളെ രാവിലെ എട്ടുമണിക്ക് വരാൻ സാർ എന്നോട് പറഞ്ഞിട്ടുണ്ട്."

ദിവ്യ ഗ്രൂപ്പ് ഓഫ് ഇൻഡസ്ട്രീസിന്റെ "എ" ടീമിലെ ഒരു എക്സിക്യൂട്ടീവ് ആണ് വിനോദ് മേനോൻ.

മുപ്പതിന്മേൽ പ്രായം.

പക്ഷെ ചലനങ്ങളിലും ഭാവങ്ങളിലും ഒരിരുപത്കാരന്റെ ആവേശവും പ്രസരിപ്പും.

ദിവ്യ ഗ്രൂപ്പ് ഓഫ് ഇൻഡസ്ട്രീസിൽ, എക്സിക്യൂട്ടിവ് സ്റ്റാഫിൽ അംഗമായി ചേർന്നിട്ട് ഒരു വർഷമേയായിട്ടുള്ളൂ.

എങ്കിലും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുധമുള്ള അയാളുടെ കഴിവുകൾ ഇതിനോടകംതന്നെ പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

വിനോദ് മേനോനോട് യാത്രപറഞ്ഞ് ദിവ്യ മുമ്പോട്ട് നീങ്ങി.

ഇരുൾ വീണ നിരത്തിലൂടെ സൈക്കിൾ ഓടിച്ചുനീങ്ങുമ്പോൾ അവളുടെ കണ്ണുകൾ വീണ്ടും മലമുകളിലേക്ക് പാളി.

നിലാവിൽ ഒരു ഡ്രാക്കുളക്കോട്ടപോലെ ഉയർന്നു കിടക്കുന്ന കോബ്രാ ഹിൽസ്.

വളരെയേറെ നിഗൂഢതകളുടെയും മരണങ്ങളുടെയും അപകടങ്ങളുടെയും ഇരിപ്പിടം.

അവിടെയെവിടെയോ പ്രാചീനത മണക്കുന്ന ഒരു ഭൂഗർഭത്തിൽ വലിയ അമൂല്യമായ ഒരു നിധിയുണ്ട്.

അത് കേട്ടറിഞ്ഞ് പലരും രഹസ്യമായി കോബ്രാഹിൽസിലെത്തി.

പലരുടെയും ജഡങ്ങൾ മലമുകളിൽ കാണപ്പെട്ടു.

ആ മരണങ്ങളൊക്കെയും രാജവെമ്പാലയുടെ അത്യുഗ്രവിഷം മൂലമാണെന്ന് വൈദ്യന്മാർ സാക്ഷ്യപ്പെടുത്തി.

ദിവ്യ പുഞ്ചിരിച്ചു.

അതൊക്കെ സത്യം തന്നെയായിരിക്കുമോ എന്നവൾ സന്ദേഹിച്ചു.

ഇടയ്ക്ക് അവൾ വാച്ചിൽ നോക്കി.

സമയം എട്ടുമണിയാകാൻ പോകുന്നു.

ഇന്ന് മമ്മിയുടെ വായിൽനിന്ന് നല്ലത് കേൾക്കും.

ഒരു പതുതവണയെങ്കിലും മമ്മി തന്നെയിന്ന് മൊബൈലിൽ വിളിച്ചിട്ടുണ്ട്.

തിരിച്ചൊന്നും പറയാതെ കേട്ടുനിന്നാൽ മതി.

എങ്കിലും തന്റെ കാര്യത്തിൽ മമ്മി എന്തിനാണ് ഇത്ര ഭയപ്പെടുന്നതെന്ന് താൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്.

ഗേറ്റിനു സമീപം കാവൽക്കാരൻ നിൽക്കുന്നത് കണ്ടു.

അവൾ സാവധാനം സൈക്കിൾ ഓടിച്ചുവന്നു.

"ഈയിടെയായി കൂടുന്നുണ്ട് കേട്ടോ ഈ വലി."

തന്നെക്കണ്ട് വലിച്ചുകൊണ്ടിരുന്ന സിഗരെറ്റ് തിടുക്കത്തിൽ വലിച്ചെറിഞ്ഞ ഗെയ്റ്റ് കീപ്പറോട് അവൾ പറഞ്ഞു.

"അത് മോളെ..ഈ തണുപ്പത്ത്..."

അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഡാഡി വന്നോ റോബർട്ട് അങ്കിൾ?"

അയാൾ ഗേറ്റ് തുറക്കുന്നതിനിടയിൽ അവൾ ആകാംക്ഷയോടെ ചോദിച്ചു.

"ഒരു പത്തുമിനിറ്റ് ആയിക്കാണും മോളെ."

"ഈശ്വരാ...!"

അവൾ തലയിൽ കൈവെച്ചു.

പിന്നെ സാവധാനം ഗാരേജിലേക്ക് സൈക്കിൾ നീക്കി.

ഡിസംബർ മാസത്തിലെ കുളിർനിറഞ്ഞ പ്രഭാതത്തിൽ ഉറക്കമുണർന്നെഴുന്നേൽക്കുക ദിവ്യയെ സംബന്ധിച്ച് അതിസാഹസികമായ കാര്യമാണ്. പുതപ്പിനടിയിൽ നൂണ്ട് കിടക്കുമ്പോൾ പൂജാമുറിയിൽ നിന്ന് ഗായത്രിദേവിയുടെ പ്രാർത്ഥന സങ്കീർത്തങ്ങൾ അവൾ കേട്ടു. മമ്മിയുടെ പ്രാർഥനയിൽ പലപ്പോഴും കടന്നുവരാറുള്ള ആശയം ശത്രുക്കളിൽനിന്നുള്ള രക്ഷയ്ക്ക് വേണ്ടിയുള്ള അഭയയാചനകളാണെന്ന് അവൾക്ക് തോന്നിയിട്ടുണ്ട്. അതെന്തിനാണെന്ന് അവൾക്ക് മനസ്സിലായിട്ടില്ല. കുടുംബപരമായും വ്യക്തിപരമായും ബിസിനെസ്സ് സംബന്ധമായും തങ്ങൾക്ക് ശത്രുക്കൾ ആരെങ്കിലുമുണ്ടെന്ന് ദിവ്യക്ക് ഇതുവരെ തോന്നിയിട്ടില്ല. ആകെക്കൂടിയുള്ള ശത്രുവെന്ന് പറയാനുള്ളത് ജയകൃഷ്ണനും അവൻറെ ഗ്യാങ്ങുമാണ്. അവരിൽ നിന്നുള്ള രക്ഷയ്ക്ക് ഈശ്വരന്മാരേ ബുദ്ധിമുട്ടിക്കേണ്ട ഒരാവശ്യവുമില്ല. ജയകൃഷ്ണനെക്കൊണ്ട് ഈയിടെയായി പറയത്തക്ക ശല്യമൊന്നുമില്ല. അതിനുള്ള ധൈര്യമവനില്ല. "ആരാ മമ്മീ നമുക്കിത്രം ശത്രുക്കളായിട്ടുള്ളത്? ഒരു ദിവസം താൻ മമ്മിയോട് ചോദിച്ചിരുന്നു. "അതൊക്കെ മോൾ പിന്നീട് അറിഞ്ഞാൽ മതി, അന്ന് മമ്മി പറഞ്ഞു. പിന്നീട് പലവട്ടം താൻ മമ്മിയോടു ചോദിച്ചെങ്കിലും ഒന്നും പറയുവാൻ അവർ കൂട്ടാക്കിയില്ല. അതിനു ശേഷം ആ വിഷയത്തെക്കുറിച്ച്

ആരോടും താൻ ചോദിച്ചിട്ടില്ല. മമ്മിയോടോ ഡാഡിയോടൊ ഗ്രാനിയോടോ. ഗ്രാനിയോടൊത്തുള്ള തൻറെ പുഴക്കരയിലെ സവാരിക്കിടയിൽ ഇനി ചോദിക്കാം. പല കാര്യങ്ങളും തനിക്ക് അറിയാനുണ്ട്. രാജശേഖര വർമയും ഗായത്രിദേവിയും മുത്തശ്ശിയും പലകാര്യങ്ങളും തന്നോട് മറച്ചുവെക്കുന്നതായി ദിവ്യക്ക് തോന്നിയിട്ടുണ്ട്. "അടുത്ത പൌർണ്ണമി നാളിൽ മോൾക്ക് പതിനെട്ട് വയസ്സ് തികയ്യാണ് " ഈയിടെ ഒരു ദിവസം മമ്മി ഡാഡിയോട് സംസാരിക്കുന്നത് താൻ മറഞ്ഞിരുന്ന് കേട്ടു. " എന്തൊക്ക്യാ ഇനി സംഭവിക്കുന്നേന്ന് ഒരു രൂപോം ഇല്ല, എൻറെ ഈശ്വരന്മാരേ," "നീ പേടിക്കുന്ന പോലൊന്നും സംഭവിക്കില്ല ഗായത്ര്യം" ഡാഡി പറഞ്ഞു. "ഇനീപ്പം എന്ത് സംഭവിച്ചാലും അതൊക്കെ ഈശ്വര നിശ്ച്യാന്നങ്ങു സങ്കൽപ്പിക്കപ് ഒരു പ്രേത നോവലിലേതുപോലുള്ള വാക്കുകൾ. ദിവ്യ ഓർത്തു. എന്താ അതിൻറെയർത്ഥം? എത്രായാലും ഇന്നുതന്നെ താൻ അതെല്ലാം അറിയും. ഡാഡിയിൽനിന്നോ മമ്മിയിൽ നിന്നോ മുത്തശ്ശിയിൽ നിന്നോ. ഡാഡിയും മമ്മിയും പറഞ്ഞില്ലെങ്കിൽ മുത്തശ്ശിയുടെ മുമ്പിൽ കരഞ്ഞുകാണിക്കണം തൻറെ കണ്ണുകൾ നനയുന്നത് കാണാൻ ഡാഡിയെക്കാളും മമ്മിയെക്കാളും പ്രയാസം മുത്തശിയ്ക്കാണ്. ഇന്ന് പുഴക്കരയിൽ, കഥകൾ പറഞ്ഞുതരുന്നതിനിടയിൽ താൻ മുത്തശ്ശിയോടത് ചോദിച്ചു മനസിലാക്കും. ദിവ്യയുടെ സായാഹ്നപരിപാടികളിലൊന്നാണ് മുത്തശിയെയും കൂട്ടി പുഴക്കരയിൽ പോകുന്നത്. പുഴയുടെ തീരത്ത് ദിനോസറുകളെപ്പോലെ ഉയർന്നുനിൽക്കുന്ന പാറകളുടെ ചുവട്ടിൽ, പുഴയ്ക്കഭിമുഖമായി അവർ ഇരിക്കും. മുത്തശി അവളെ കഥകൾ പറഞ്ഞു കേൾപ്പിക്കും. രാത്രി വളരുവോളം അവർ അവിടെ അങ്ങനെയിരിക്കും. അവസാനത്തെ കഥ പറയുന്നതിനിടയിൽ മുത്തശിയുറങ്ങിപ്പോകും. കഥകേട്ട് മുത്തശിയുടെ മാറിൽ മുഖം ചേർത്തു ദിവ്യയും ഉറങ്ങും. അതിനിടെ വീട്ടിൽ നിന്ന് പരിചാരകരാരെങ്കിലും വന്ന് അവരെ കൂട്ടിക്കൊണ്ട് പോകും. ദിവ്യ എഴുന്നേൽക്കാൻ ആഗ്രഹിച്ചെങ്കിലും അൽപ്പം കൂടി കിടന്നു. രാത്രിയിലേക്കാളേറെ പ്രഭാതത്തിലാണ്. ശരീരത്തിൻറെ ഭ്രാന്തൻ ആസക്തികൾ ശക്തിപ്പെടുന്നത്. മാറിടം തുടിക്കുന്നത്. അരക്കെട്ടിൽ തരിപ്പുണരുന്നത്. അവളുടെ കൈകൾ നിശാവസ്ത്രങ്ങൾക്കിടയിലൂടെ തുടകളെ തൊട്ടുഴിഞ്ഞു. ങ്ങ് ... ഹാ," ഒരു ഞരക്കം അവളുടെ പിളർന്ന ചുവന്ന ചുണ്ടുകൾക്കിടയിലൂടെ പുറത്തേക്ക് വന്നു. വിരലുകൾ പതിയെ അടിവസ്ത്രത്തിൻറെ വിളുമ്പിലൂടെ രഹസ്യഭാഗത്തിൻറെ നനവിനെ സ്പർശിച്ചു. 'കോബ്രാ ഗാങ്ങ് ഒരു സൌഹൃദ സംഘമാണ് ," ഗ്രൂപ്പ് രൂപപ്പെട്ട ദിവസം ലത്തീഫ് ദാദാ പറഞ്ഞു. "ഗ്രൂപ്പിൽ ആൺകുട്ടികൾ ഉണ്ട്. ഗേൾസ് ഉണ്ട്. ഏറ്റവും നല്ല വിദ്യാഭ്യാസം കിട്ടാൻ ഭാഗ്യം സിദ്ധിച്ചവരാണ് എല്ലാവരും. അതുകൊണ്ടു തന്നെ ഓരോ അംഗവും അപരൻറെ സ്വാതന്ത്ര്യത്തെ റെസ്പെക്സ് ചെയ്യണം. പ്രൈവസിയെ മാനിക്കണം. ഗ്രൂപ്പ് പ്രേമത്തിനോ ആൺ പെൺ ബന്ധങ്ങൾക്കോ എതിരല്ല. പക്ഷെ ഈ ഗ്രൂപ്പിൽ ഒരു പെൺകുട്ടിയും വിവാഹത്തിനു മുമ്പ് ഗർഭധാരണം നടത്താൻ പാടില്ല. ഒരു ബന്ധവും മാനസിക പ്രശ്നങ്ങൾക്ക്

വഴിവെക്കരുത്." ഒരാൾക്കും അറിയില്ല നിയന്ത്രതീതമായ കമാസക്തിയുള്ള പെണ്ണാണ് താനെന്ന്. ആൺകുട്ടികളുടെ സ്പർശന്ങ്ങളും അവരുടെ നിശ്വാസ ഗന്ധം പോലും തന്നെ ഉണർത്തുന്നുണ്ട് എന്ന്. പലപ്പോഴും താൻ ആഗ്രഹിച്ചിട്ടുണ്ട് ലത്തീഫ് ദാദയുടെ കരുത്തുറ്റ ശരീരം ഒന്നനുഭവിക്കാൻ. ആ പൌരുഷവും ആജ്ഞാശക്തിയും തൻറെ മനസ്സിനെ കീഴ്പെടുത്ത് തിയിട്ടുണ്ട്. - പക്ഷെ ഒരു നോട്ടത്തിൽപ്പോലും അദ്ദേഹം തന്നെ അങ്ങനെ കണ്ടിട്ടില്ല. - ചിലപ്പോൾ വിൻസെന്റിനെ തൊടുമ്പോൾ തന്റെ ശരീരം വിറകൊള്ളാറുണ്ട്. മുലക്കണ്ണുകൾ തുടിച്ചുകളിക്കാറുണ്ട്. - അരക്കെട്ടിൽ, രോമങ്ങൾക്കകത്ത്, ചൂട് പരക്കാറുണ്ട്. അടിവസ്ത്രം നനയാറുണ്ട്. വിരലുകൾ താഴേക്ക് കൊണ്ടുപോകുവാൻ അവൾ കൊതിച്ചു. - വേണ്ട..അങ്ങനെ നിൽക്കട്ടെ ചൂട്. - ഇപ്പോൾ ഡാഡിയെയും മമ്മിയേയും കാണേണ്ട ഒരാവശ്യമുണ്ട്.

താമസിച്ചാൽ ഡാഡി ജോഗ്ഗിംഗിന് പോകും. സം - ദിവ്യ കിടക്കയിൽ നിന്നെഴുന്നേറ്റു. അവൾ റ്റെറസ്സിലേക്ക് നടന്നു. രാജശേഖര വർമ്മ നേരത്തെ തന്നെയുണർന്ന്, റ്റെറസ്സിൽ, ദിനപ്പത്രങ്ങളുടെ - മുസിൽ ഇരിപ്പുറപ്പിച്ചിരുന്നു. - അന്നത്തെ പത്രങ്ങൾ അദ്ധേഹത്തിന്റെ മുമ്പിൽ റ്റിപ്പോയിൽ ചിതറിക്കിടന്നു.

ഓർമ്മയുള്ളപ്പോൾ മുതൽ ഡാഡിയെ ഓരോ ദിവസവും താൻ കാണുന്നത് ഈ - റ്റെറസ്സിലാണ്. | പ്രഭാത വ്യായാമത്തിന് വേണ്ടിയുള്ള ഒരുക്കത്തിൽ വെളുത്ത ട്രാക്ക് - ന്യൂട്ടണിഞ്ഞ്.

അവിടെ നിന്നാൽ അതിരുകളില്ലാത്ത വിശാല ഭൂഭാഗം കാണാം. ദൂരെ മെട്രോപൊളിറ്റൻ ക്ലബ്ബും അതിനും ദൂരെ നഗര വെളിച്ചങ്ങളും.

- കോർപ്പറേഷൻ പരിധിയ്ക്ക് വെളിയിലായിരുന്നു പേരുപോലെ തന്നെ - വിശാലമായ ശാന്തിപുരം. - വലിയ മാർക്കറ്റുകളോ ഷോപ്പിംഗ് കോംപ്ലക്സകളോ അധോലോക - കേന്ദ്രങ്ങളോ ഇല്ലാത്ത ആളുകൾ താരതമ്യേന ശാന്തമായി

ജീവിച്ചുപൊയ്ക്കൊണ്ടിരിക്കുന്ന ഒരിടം. -- മെട്രോപോളിറ്റൻ ക്ലബ്ബിൽ നിന്ന് ഏകദേശം രണ്ടു കിലോമീറ്റർ അകലെയാണ് - വ്യവസായ രാജാവായ രാജശേഖര വർമ്മയുടെ വസതി. - നഗരമാലിന്യങ്ങളിൽ നിന്നകന്ന്, പ്രശാന്തമായ ഒരിടത്ത്. - അവിടെനിന്ന് ന് കണ്ണെത്താത്ത - ദൂരത്തോളം . ആയിരക്കണക്കിന് -- ഹെക്റ്ററുകളുള്ള വിശാലമായ ഒരു ഭൂവിഭാഗം അദ്ധേഹത്തിന്റെ എസ്റ്റേറ്റുകളാണ്. ഇന്ത്യയുടെ വ്യവസായ ഭൂപടത്തിൽ ശന്തിപുരത്തിന്റെ സ്ഥാനം -- സ്വർണ്ണാക്ഷരങ്ങൾ കൊണ്ട് എഴുതിച്ചേർത്ത് ദിവ്യ ഗ്രൂപ്പ് ഓഫ് - ഇൻഡസ്ട്രീസിന്റെ ചെയർമാൻ നഗരത്തിൽ ജീവിക്കാൻ ഇഷ്ട്ടപെട്ടില്ല. - നൂറ്റാണ്ടുകളായി രാജഭരണം നടത്തിയിരുന്ന തന്റെ പൂർവ്വികർ ജീവിച്ച പുരാതനമായ കൊട്ടാരത്തിനടുത്ത് കേരളീയ മാതൃകയിൽ പണിയിച്ച തന്റെ

ഇരുനില മാളികയിൽ ഭാര്യയായ ഗായത്രി ദേവിയോടും ഏകമകൾ - ദിവ്യയോടുമൊപ്പം അദ്ധേഹം താമസിക്കുന്നു.

മധ്യകാലഘട്ടത്തിൽ, രാജ്യാതിർത്തി വിസ്തൃതമാക്കാനും അന്യരാജ്യങ്ങളിലെ സമ്പത്ത് കൊള്ളയടിക്കാനും നർമ്മദയുടെ തീരത്തുനിന്നും പട നയിച്ച സൂര്യ വംശത്തിലെ പ്രതാപ വർമ്മ രാജാവിൻറെ ഇങ്ങേയറ്റത്തെ പിൻമുറക്കാരനാണ് രാജശേഖര എന്നാണ് ഐതിഹ്യങ്ങളും ചരിത്ര രേഖകളും പറയുന്നത്. ഇപ്പോഴത്തെ ശാന്തിപുരം ഉൾപ്പെടുന്ന വലിയൊരു പ്രദേശം പ്രതാപ വർമ്മ അദ്ധേഹത്തിൻറെ അധീനതയിലാക്കി. പക്ഷെ അദ്ദേഹം തിരിച്ചുപോയില്ല. സുഗന്ധദ്രവ്യങ്ങളുടെയും മാമാങ്കത്തിൻറെയും നാടിൻറെ സൌന്ദര്യം അദ്ധേഹത്ത പിടിച്ചുനിർത്തി. ശാന്തിപുരത്ത് അദ്ദേഹം ഒരു കൊട്ടാരം പണിതു. എട്ടുപത്തു നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന സംഭവമാണ്. എന്നാലും ആ കൊട്ടാരം ഭാഗികമായ കേടുപാടുകളോടെ ഇപ്പോഴും സംരക്ഷിക്കപ്പെടുന്നു. പുരാതന ഭംഗി നിറഞ്ഞ ആ കൊട്ടാരത്തിനകത്ത് അപൂർവ്വവും വില പിടിച്ചതുമായ ശിൽപ്പങ്ങളും ചിത്രങ്ങളും രേഖകളുമുണ്ട്.

- ദേശ വിദേശ സഞ്ചാരികൾ അതൊക്കെ കാണുന്നതിനും പഠിക്കുന്നതിനും -- അവിടെയെത്തിച്ചേരുന്നു. - ദിവ്യ വരുന്നത് കണ്ട് രാജശേഖര വർമ്മ പ്രശ്നത്തിൽ നിന്ന് ശ്രദ്ധതിരിച്ചു. നിശാവസ്ത്രങ്ങൾ മാറ്റി, വെളുത്ത ട്രാക്ക് സ്യൂട്ട് ധരിച്ച് നടക്കുമ്പോൾ ഇരുവശത്തേക്കും ഇളകുന്ന തലമുടി മാടിയൊതുക്കി അവൾ സമീപിച്ചപ്പോൾ (തന്റെ നെഞ്ച് പിടയുന്നത് അദ്ധേഹം അറിഞ്ഞു, സൂര്യവംശത്തിന്റെ ഐശ്വര്യം. കുടുംബത്തിന്റെ വിളക്ക്. തന്റെ ഓമനമകൾ. ഈശ്വരാ! അദ്ദേഹം അവളെ അലിവോടെ നോക്കി, ദിവ്യ അടുത്തെത്തി, അദ്ധേഹത്തിന്റെ മുമ്പിൽ കുനിഞ്ഞ് പാദങ്ങൾ സ്പർശിച്ചു. അദ്ദേഹം അവളുടെ ശിരസ്സിൻമേൽ കൈത്തലം അമർത്തി. അവളുടെ ദിവസങ്ങൾ ആരംഭിക്കുന്നത് അങ്ങനെയാണ്. മാതാപിതാക്കളുടെ പാദവന്ദനത്തോടെ. ഹോസ്റ്റലിലോ മറ്റെവിടെയെങ്കിലും ദുരെയായിരിക്കുമ്പോഴോ താൻ ഇപ്പോഴും സൂക്ഷിക്കുന്ന അവരുടെ പോർട്രൈറ്റിൽ തൊട്ട് വന്ദിച്ച്.

- തന്നെ കണികണ്ടാണ് ഡാഡി എന്നും ഉണരുന്നതെന്ന് അവൾ അറിഞ്ഞിരുന്നു. അവരുടെ ബെഡ് റൂമിൽ പതിപ്പിച്ചിരുന്ന, മാഗ്നിഫൈ ചെയ്ത തൻറെ ചിത്രം കണ്ട്. "യുവർ ഹൈനെസ്, എന്താണ് രാവിലത്തെ ദുർഭരണം?" - അദ്ധേഹത്തിന് അഭിമുഖമായിരുന്ന് അവൾ ചോദിച്ചു. "കൊട്ടാര നിയമങ്ങൾ ലംഘിക്കുന്ന ഒരു കുറ്റവാളിയെ ശിക്ഷിച്ചിട്ടാവാം ഏതു ഭരണവും - എന്ന് ചിന്തിക്ക്യാരുന്നു." "ആരാണാവോ ആ കുറ്റവാളി?" "ഇത്രയും വർഷത്തെ ഭരണത്തിനിടയിൽ എനിക്ക് തലവേദനയായിട്ട് ഒരു കുറ്റവാളി മാത്രേയുള്ളൂ." അദ്ദേഹം അവളുടെ കുസൃതിക്കണ്ണുകളിലേക്ക് നോക്കി. - "അതെൻറെ സീമന്ത പുത്രി തന്നെയാണ്." “കുറ്റം?" "അത് ഞാൻ പറയാം.” - പിമ്പിൽ നിന്ന് ഗായത്രിദേവിയുടെ ശബ്ദം അവർ

കേട്ടു. - ഒരു ട്രേയിൽ ആവി പറക്കുന്ന ചായക്കപ്പുകളുമായി അവർ വന്നു. "ഇനി രക്ഷയില്ല!" - ല എല്ലാവരും കേൾക്കെ ദിവ്യ ആത്മഗതം ചെയ്തു. ഗായത്രി ദേവി ചായക്കപ്പുകൾ ടീപ്പോയിമേൽ വെച്ചു. -- "രാവിലെ കോലോത്ത് ഇറങ്ങിയാൽ തിരിച്ചെത്തുന്നത് രാത്രി എതെങ്കിലും സമയത്ത്. അവർ ചായക്കപ്പ് രാജശേഖര വർമ്മക്ക് നൽകിക്കൊണ്ട് പറഞ്ഞു. “തെണ്ടിനടക്കൽ മാത്രമല്ല, കൂലിത്തല്ല് വരെയാണ് കുറ്റകൃത്യങ്ങൾ, ഇതുവരെ കിട്ടിയ റിപ്പോർട്ട് അനുസരിച്ച്. നാട്ടിലുള്ള സകല തെമ്മാടികളുടെയും കൂടെയാണ് പെണ്ണിന്റെ ചങ്ങാത്തം. "ശിക്ഷ എന്താണാവോ?" അവരിൽ നിന്ന് ചായക്കപ്പ് സ്വീകരിച്ചുകൊണ്ട് ദിവ്യ ചോദിച്ചു. - "ചന്തി പൊട്ടുന്നത് വരെ ചൂരൽക്കഷായം," അവർ അറിയിച്ചു. "ഈ പോക്ക് പോയാൽ എന്റെ കൈയിൽ നിന്ന് തന്നെ കിട്ടും പെണ്ണിന് വൈകാതെ,"

ഗായത്രി ദേവി മുഖം ഗൌരവമാക്കി. "ചൂരൽക്കഷായോം ജീവപര്യന്തോം ഒക്കെ പിന്നെ,

- സ്വരം മാറ്റി ദിവ്യ പറഞ്ഞു. - "ഇന്നെനിക്ക് രണ്ടുപേരോടും ഒരു കാര്യം ചോദിച്ചറിയാനുണ്ട്." -- അവർ ഇരുവരും അവളെ നോക്കി. - “അതറിയാതെ ഒരു ചുവട് ഞാൻ ഇവിടുന്ന് അനങ്ങില്ല." - അവൾ തുടർന്നു. - “നിങ്ങളെയും അനുവദിക്കില്ല." - ദിവ്യ അവരെ മാറിമാറി നോക്കി. - “ഇത് ഞാൻ മുമ്പും ചോദിച്ചിട്ടുണ്ട്," -- അവൾ തുടർന്നു. - " അന്നൊന്നും എനിക്ക് ഉത്തരം കിട്ടിയിട്ടില്ല. നീ കൊച്ചാണ്, അതറിയാനുള്ള - പ്രായമായിട്ടില്ല, പ്രായമാകുമ്പോൾ അറിഞ്ഞാൽ മതി, എന്നൊക്കെയാണ് മഹാരാജാവും -- മഹാറാണീം ഈ പാവം പ്രജയോട് അന്നൊക്കെ അരുളി ചെയ്തത്. ഓർമ്മയുണ്ടോ?" - ഗായത്രിദേവി നെറ്റി ചുളിച്ചു. - "ഞാനിപ്പോൾ അന്നത്തെ പന്ത്രണ്ട് വയസ്സ് മാത്രം പ്രായമുള്ള, ഉറുമ്പിൻ - കണ്ണിൻറെയത്രയും പോലും വിവരമില്ലാത്ത മൂക്കളച്ചാത്തി പെണ്ണല്ല." - മുഖം കോട്ടിക്കൊണ്ട് അവൾ പറഞ്ഞു. - "അടുത്ത പൌർണ്ണമിയിൽ എനിക്ക് പതിനെട്ട് വയസ്സ് തികയുകയാണ്." - പുതിയൊരു വാർത്ത കേൾക്കുന്ന പോലെ രാജശേഖര വർമ്മയും ഗായത്രി ദേവിയും -- മുഖാമുഖം നോക്കി. -- അദ്ധേഹത്തിൻറെ മുഖത്ത് പറയത്തക്ക ഭാവഭേദങ്ങളില്ലെങ്കിലും ഗായത്രിദേവിയുടെ - മുഖത്ത് ഒരു സംഭ്രമം ദിവ്യ കണ്ടു. - "അതായത് ഭരണഘടന പ്രകാരം ഒരു പെണ്ണ് പ്രായപൂർത്തിയായി എന്ന് തെളിയിക്കുന്ന - പ്രായത്തിലേക്ക് ഞാൻ കടക്കാൻ പോകുന്നു എതാനും ദിവസങ്ങൾക്കകം." - "മോളേ, നീ ..?" - രാജശേഖര വർമ്മ ചോദിച്ചു. - "ഡാഡീം മമ്മീം ചെയ്ത പ്രോമിസ് പാലിക്കാൻ സമയമായി, ഇപ്പോൾ. " -- അവൾ ദൃഡസ്വരത്തിൽ പറഞ്ഞു. - "യൂ മസ്റ്റ് ബീ ടൂത്ത് ഫുൾ റ്റ യുവർ പ്രോമിസ്... രണ്ടു കാര്യങ്ങൾ എനിക്കറിയണം. ഒന്ന് - നാഗത്താൻ മലയിലെ നിധിയുടെ യഥാർത്ഥ കഥ. രണ്ട് ..." -- അവൾ രണ്ടുപേരെയും തറപ്പിച്ചുനോക്കി. - ശക്തമായ ഒരു പ്രതിരോധം പോലെ ഇരുവരും തന്നെ നോട്ടം കൊണ്ട് നേരിടാൻ | ശ്രമിക്കുകയാണ് എന്ന് അവൾക്ക് തോന്നി. - ".....

രണ്ട്, " -- അവൾ തുടർന്നു. - "എൻറെ ജനനത്തിന് പിമ്പിൽ എന്തൊക്കെയോ രഹസ്യമുണ്ട് എന്ന് എനിക്ക് സൂചന - കിട്ടിയിട്ടുണ്ട്. ഡാഡിയും മമ്മിയും ഗ്രാനിയും ഒക്കെ അടക്കത്തിൽ പറയുന്നത് ഞാൻ -- കേട്ടിട്ടുണ്ട്. എന്താണത്?"

ക്ഷാത്ര വീര്യം സ്മരിക്കുന്ന മുഖഭാവം നിലനിർത്താൻ രാജശേഖര വർമ്മ - ശ്രമിക്കുന്നുണ്ടെങ്കിലും ഗായത്രി ദേവിയിൽ ഇപ്പോഴും സംഭ്രമം നിലനിൽക്കുന്നുണ്ട്. - "ഡാഡീം മമ്മീം ഇങ്ങനെ കുന്തം വിഴുങ്ങിയ പോലെ നിൽക്കുന്നതെന്താ?" അസഹിഷ്ണുത നിറഞ്ഞ സ്വരത്തിൽ അവൾ ചോദിച്ചു. - "എന്നോട് പറഞ്ഞാൽ കുഴപ്പമുണ്ടാകുന്ന എന്ത് സബ്ജക്ടാ അത് ? ഞാനറിഞ്ഞാൽ എന്ത് പ്രശ്നങ്ങളാ ഉണ്ടാവാൻ പോകുന്നെ? ഐ വാൺറ്റ് ടൂ നോ ഇറ്റ്. ഡാഡി, യൂ നോ ഹൌ - മച്ച് ഐ..." രാജശേഖര വർമ്മ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു. അദ്ദേഹം അടുത്തു വന്ന് അവളുടെ തോളിൽ പിടിച്ചു. ദിവ്യ എഴുന്നേറ്റ് അദ്ധേഹത്തിനഭിമുഖമായി നിന്നു. - "എന്ത് പറ്റി, ഡാഡി?" അദ്ധേഹത്തിൻറെ ഭാവത്തിൻറെ പ്രത്യേകതയറിഞ്ഞവൾ ചോദിച്ചു. "നാഗത്താൻ മലയിലെ നിധിയെപ്പറ്റി അസാധാരണത്വമൊന്നുമില്ല മോളേ." അദ്ദേഹം പറഞ്ഞു. “അത് മോൾ അറിയുന്നതിൽ ഞങ്ങൾക്ക് ഒരു വിഷമവുമില്ല." - ഒരു നിമിഷം അദ്ധേഹം മൌനിയായി. - “ഇംഗ്ലീഷുകാരുടെ വരവിൻറെ ആദ്യകാലത്താണ് ശാന്തിപുരത്തിൻറെ സമ്പത്ത് -- നാഗത്താൻ മലയിലെത്തുന്നത്." -- ചരിത്രത്തിൻറെ ഓർമ്മകളിലൂടെ അദ്ധേഹം സംസാരിച്ചു. - "സൂര്യ വംശത്തിലെ പൂർവ്വികർ ജീവൻ നൽകിയും രാജ്യത്തിൻറെ സമ്പത്ത് -- നഷ്ട്ടപ്പെടുത്താതിരിക്കാൻ ശ്രമിച്ചു.." - ദിവ്യ ശ്രദ്ധിച്ചു കേട്ടു. - "നമ്മുടെ കൊട്ടാരത്തിലെ ഖജനാവിനെക്കുറിച്ച് ഇംഗ്ലീഷുകാർക്ക് മുമ്പേ തന്നെ അറിവു കിട്ടിയിരുന്നു. അമൂല്യവും അത്യപൂർവ്വവുമായ രത്നങ്ങളും വൈരങ്ങളും അവയിലുണ്ടായിരുന്നു. ഇന്ദ്രനീലവും മരതകവും പുഷ്യരാഗവും പവിഴവും മാണിക്ക്യവുമടക്കം. അത്

കൈവശപ്പെടുത്താൻ അവർ ശ്രമിച്ചു. നാല് തലമുറകൾക്കപ്പുറത്ത് മുമ്പുള്ള നമ്മുടെ പീതാമഹൻ, ഉദയ വർമ്മ മഹാരാജാവ്, ഇംഗ്ലീഷുകാരുടെ ഉദ്ദേശം മനസ്സിലാക്കി. അവരുടെ ആക്രമണ പദ്ധതിയറിഞ്ഞു." ദിവ്യ ആകാംഷയോടെ അദ്ധേഹത്തിന്റെ വിവരണങ്ങൾക്ക് മുമ്പിൽ കാതുകൾ കൂർപ്പിച്ചു. "ബ്രാഹ്മണ വൈദികരെ വിളിച്ച് പ്രത്യേകമായ പൂജാവിധികളോടെ, മാന്ത്രിക കർമ്മങ്ങൾ നടത്തി, ആ സമ്പത്തെല്ലാം ഒരു വലിയ ഇരുമ്പു പേടകത്തിലടച്ചു. രാത്രിയിൽ, പട്ടാളക്കാരുടെ കാവലിൽ നാലു കുതിരകളെ പൂട്ടിയ വണ്ടിയിൽ നിധിപേടകം നാഗത്താൻ മല ലക്ഷ്യമാക്കി നീങ്ങി. മുമ്പിൽ രാജഗുരു. അദ്ദേഹത്തിന് പിന്നിൽ മഹാരാജാവ് ഉദയ വർമ്മൻ. കുതിരവണ്ടിയുടെ ഇരുവശത്തും പ്രത്യേകമായി തെരഞ്ഞെടുത്ത വിശ്വസ്ഥരായ പട്ടാളക്കാർ. മന്ത്രോച്ചാരണങ്ങളോടെ ബ്രാഹ്മണ വൈദികർ നിധിപേടകത്തിനു ചുറ്റും." ദിവ്യയുടെ കണ്ണുകൾ വിടർന്നു. "മുസ്ലീംങ്ങളുടെയും മറ്റ് അന്യമതക്കാരുടെയും ശ്മശാനമായി ഉദയവർമ്മ മഹാരാജാവ് അനുവദിച്ച പ്രദേശമായിരുന്നു ഇന്ന് കോബ്രാഹിൽസ്

എന്നറിയപ്പെടുന്ന നാഗത്താൻ മല." അദ്ദേഹം തുടർന്നു. "കുതിര വണ്ടിയും സംഘവും അർദ്ധരാത്രിയോടെ അവിടെയെത്തിച്ചേർന്നു. അവിടെ, ഒരു ഗുഹയിലെ രഹസ്യ അറയിൽ. ഗുഹയ്ക്കുള്ളിലെ രഹസ്യ അറയുടെ മധ്യത്തിൽ അവർ നിധിയടങ്ങിയ ഇരുമ്പുപേടകം വെച്ചു. പിന്നെ ഗുഹയിലെത്തിച്ചേരാൻ അനന്തര തലമുറയെ സഹായിക്കുന്ന രണ്ടു മാപ്പുകൾ രാജ പുരോഹിതൻ ചുവന്ന പട്ടിൽ വരച്ചുണ്ടാക്കി.

യാകണമുണ്ടാക്കപ്പെട്ടു. പുരോഹിതർ യജ്ഞകുണ്ഡത്തിനു ചുറ്റുമിരുന്നു. നാഗമന്ത്രം ജപിച്ച് രാജ് പുരോഹിതൻ യൗണ്ഡത്തിലേക്ക് ഹവിസ് ആഹുതി ചെയ്തു. യമത്തിൻറെ തീവ്രതരമായ ഒരു ഘട്ടത്തിൽ നാഗത്താൻ മലയിൽ, എവിടെയോ ഒരിട ത്തുനിന്ന് അതിവേഗത്തിൽ ഒരു രാജവെമ്പാല ഗുഹയെ ലക്ഷ്യമാക്കി ഇഴഞ്ഞുനീങ്ങി. മത്രോച്ചാരണം നിലക്കുന്നതിനു മുമ്പ് രാജവെമ്പാല യജ്ഞകുണ്ഡത്തിന് മുമ്പിലേക്ക് - വന്നു."

ദിവ്യയുടെ മിഴികൾ വിനയത്താൽ വിടർന്നു. "പുരോഹിതന്മാർ എഴുന്നേറ്റ് നിന്നു, " രാജശേഖര വർമ തുടർന്നു. “രാജപുരോഹിതൻ നിധിപേടകത്തിന്റെ മുമ്പിലേക്ക് വിരൽ ചൂണ്ടി. രാജവെമ്പാല പേടകത്തിൻറെ മുകളിലേക്ക് കയറി ഫണം വിടർത്തിയിരുന്നു." ദിവ്യ വിസ്മയ നിശ്ചലയായി കഥയ്ക്ക് കാതോർത്തു. "പുരോഹിത സംഘവും പട്ടാളക്കാരും ഉദയവർമ്മ മഹാരാജാവും പുറത്തേക്ക് നടന്നു. പിറ്റേ ദിവസം ഇംഗ്ലീഷുകാർ കൊട്ടാരം വളഞ്ഞു. ഘോരയുദ്ധമുണ്ടായി.

അതിസമർത്ഥമായി ചെറുത്തു നിന്നെങ്കിലും ഉദയവർമ്മ മഹാരാജാവ് യുദ്ധത്തിൽ വീണു. അദ്ദേഹം വീരഗതി പ്രാപിച്ചു."

അദ്ധേഹത്തിന്റെ സ്വരം പതറുന്നത് ദിവ്യ ശ്രദ്ധിച്ചു. ഗായത്രിദേവിയുടെ മുഖം ദൈന്യമായി. "ഖജനാവിലെ സമ്പത്ത് നീക്കം ചെയ്യപ്പെട്ടിരിക്കുന്നത് ഇംഗ്ലീഷുകാർ അറിഞ്ഞു." അദ്ദേഹം തുടർന്നു. "ഒരു പട്ടാളക്കാരനെ ഭീഷണിപ്പെടുത്തി നാഗത്താൻ മലയിലേക്കാണ് അത് മാറ്റിയിരിക്കുന്നതെന്ന് അവർ അറിഞ്ഞു. വെള്ളപ്പട്ടാളം നാഗത്താൻ മലയിലേക്ക് കുതിച്ചു: വിവരിക്കപ്പെടുന്ന സംഭവങ്ങൾ തന്റെ മുമ്പിൽ പുനർദൃശ്യമാക്കപ്പെടുന്നത് പോലെ ദിവ്യക്ക് തോന്നി. "പിറ്റേ ദിവസം നൂറുകണക്കിന് ഇംഗ്ലീഷ് പട്ടാളക്കാരുടെ ശവങ്ങൾ നാഗത്താൻ മലയിൽക്കിടന്നു. ദിവ്യയെ സംതൃപ്തമാക്കിക്കൊണ്ട് അദ്ധേഹത്തിൽ നിന്ന് വാക്കുകൾ അടർന്നു.

"രാജവെമ്പാലയുടെ മാരക വിഷദംശനമാണതിന്റെ കാരണമെന്ന് വൈദ്യന്മാർ സാക്ഷ്യപ്പെടുത്തി."

അദ്ധേഹത്തിൽ നിന്ന് ഒരു ദീർഘനിശ്വാസം പുറത്തുവന്നു. -- "കാലം കുറെക്കടന്നു,"

രാജശേഖര വർമ്മ തുടർന്നു. -- "കൊട്ടാരത്തിലെ ഗ്രന്ഥപ്പുരയിൽ ചില രേഖകളുണ്ട്. അതൊക്കെ പരിശോധിച്ചാൽ മനസ്സിലാകും, പല കാലഘട്ടത്തിലും പലരും നാഗത്താൻ മലയിൽ നിധി അന്വേഷിച്ച് പോയിട്ടുണ്ടെന്നും അവരുടെയൊക്കെ ജീവൻ അവിടംകൊണ്ട് ഒടുങ്ങിയിട്ടുണ്ടെന്നും." വിവരണത്തിനിടയിൽ അദ്ദേഹം ദിവ്യയെ ശ്രദ്ധിച്ചു. അവൾ കഥയുടെ ആത്മാവിൽ നിറഞ്ഞിരിക്കുകയാണ് . "തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട് ആ മാപ്പകൾ എൻറെ കൈയിലെത്തി." അദ്ദേഹം തുടർന്നു. "എവിടെയാണ് അവ സൂക്ഷിച്ചിരിക്കുന്നതെന്ന് ഞാൻ ആരോടും പറഞ്ഞില്ല. ഒരാളോടോഴിച്ച് ഒരാളെ മാത്രം ഞാൻ വിശ്വസിച്ചു. രോഹിതിനെ. ഇ കഥകളൊക്കെപ്പറയുക മാത്രമല്ല, ആ മാപ്പുകൾ ഞാൻ അവനെ കാണിച്ചുകൊടുക്കുക പോലും ചെയ്തു. പക്ഷെ..." അദ്ധേഹത്തിൻറെ സ്വരം പതറി. '. പക്ഷെ നാഗത്താൻ മലയിലെ നിധി അവനെയും പ്രലോഭിപ്പിച്ചു. വിശ്വാസവഞ്ചനയ്ക്ക് അവനെ പ്രേരിപ്പിച്ചു. നിധിയുടെ കഥ മാത്രമേ അവൻ വിശ്വസിച്ചുള്ളൂ. രാജവെമ്പാലയുടെ കഥ അവൻ അവിശ്വസിച്ചു. മാപ്പകൾ മോഷ്ടിച്ച്, അവ വിശദമായി പഠിച്ച്, അവൻ നാഗത്താൻ മലയിലെത്തി. ബാക്കി കഥകൾ ലോകത്തിന് മുഴുവൻ അറിയാം." തൻറെ ഹൃദയം മിടിക്കുന്നത് ദിവ്യ അറിഞ്ഞു. "രോഹിത് അതിനുമുമ്പ് ഒരാളെക്കൂടി സംഘടിപ്പിച്ചിരുന്നു. അയാളെക്കൂടി നിധി അന്വേഷിക്കുന്നതിന് വേണ്ടി ചുമതലപ്പെടുത്തിയിരുന്നു." "ഹൌ ഡു യൂ നോ ഇറ്റ്?" അവൾ ചോദിച്ചു. - "കാരണം മോഷ്ടിക്കപെട്ട് രണ്ടു മാപ്പുകളിൽ ഒരെണ്ണം മാത്രമേ -- കൊല്ലപ്പെട്ടുകിടന്ന രോഹിതിന്റെ പോക്കറ്റിൽ - ഉണ്ടായിരുന്നുള്ളൂ. അപ്രധാനമായ ഒരു മാപ്പ്. പ്രധാനപ്പെട്ട ഒരു മാപ്പ് അവൻ മറ്റാർക്കെങ്കിലും വിറ്റിട്ടുണ്ടാവും." രാജശേഖര വർമ്മ ഒരിറക്ക് ചായ കുടിച്ചു. "ഒന്നുറപ്പാണ്." അദ്ദേഹം തുടർന്നു. "ഇനിയും കുറെ ജീവിതങ്ങൾ നാഗത്താൻ മലയിൽ പൊലിയും. പ്രധാനപ്പെട്ട ആ മാപ്പ് കണ്ടെത്താൻ ഒരുപാട് ശ്രമങ്ങൾ നടത്തിയെങ്കിലും ഒന്നും പ്രയോജനപ്പെട്ടില്ല. രോഹിതിനെ ക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശങ്ങൾ അവൾക്ക് സഹിക്കാനായില്ല. പക്ഷെ അത് അവൾ അത് പുറത്ത് കാണിച്ചില്ല. "ഇതാണ് നാഗത്താൻ മലയിലെ നിധിയുടെ കഥ," ഗായത്രിദേവി ദിവ്യയോട് പറഞ്ഞു. "ഇപ്പൊ മനസ്സമാധാനമായില്ലേ പെണ്ണിന് ?" "ഇല്ല " അവൾ ഗായത്രിദേവിയെ തറപ്പിച്ചുനോക്കി.

"നിധിയുടെ കഥയറിയാൻ എനിക്കത്ര ടെൻഷനൊന്നുമുണ്ടായിരുന്നില്ല. ഈ കഥ ഞാൻ നേരത്തെയറിഞ്ഞാൽ എന്തായിരുന്നു കൊഴപ്പം? എനിക്കെൻറെ രണ്ടാമത്തെ ചോദ്യത്തിൻറെ ഉത്തരം കിട്ടിയില്ല. എൻറെ ജനനത്തെപ്പറ്റി. അത് കൂടി കേട്ടിട്ട് ഞാൻ പറയാം എനിക്ക് സമാധാനമായോ ഇല്ലയോ എന്ന്. കമോൺ ഡാഡി "അത് മോൾടെ മമ്മി പറയും." "ഞാനെങ്ങും അത് പറയില്ല. " അവർ പെട്ടെന്ന് പറഞ്ഞു. "നീ അമ്മയെയും കൂട്ടി എന്നും ഒരു എഴുന്നള്ളത്ത് നടത്താറില്ലേ? പൊഴക്കരേൽ? അന്നേരം ചോദിച്ചാൽ മതി." ദിവ്യ എന്തോ പറയാൻ തുടങ്ങുന്നതിന് മുമ്പ് വാതിൽക്കൽ ഒരു പരിചാരിക പ്രത്യക്ഷപ്പെട്ടു. - "വിനോദ് സാർ താഴെ നിൽപ്പുണ്ട്,"

അവൾ അറിയിച്ചു. രാജശേഖര വർമ്മ എഴുന്നേറ്റു. അദ്ദേഹം താഴേക്ക് പോയി. "മമ്മീ ഒരു മിനിറ്റ്"," അദ്ധേഹത്തോടൊപ്പം താഴേക്കിറങ്ങാൻ ഭാവിച്ച ഗായത്രിദേവിയെ ദിവ്യ തടഞ്ഞു. അവർ ചോദ്യരൂപത്തിൽ മകളെ നോക്കി. "പ്രതീക്ഷിച്ച വെടിക്കെട്ട് ക്ലൈമാക്സ് കഥയിലുണ്ടായിരുന്നു," ദിവ്യ പറഞ്ഞു. "നല്ലൊരു ഹൊറർ സ്റ്റോറിയാണ് ഡാഡി പറഞ്ഞത്. ഞാനത് ശരിക്കും എന്റെ ജോയ് ചെയ്തു. പക്ഷെ മമ്മി, ഈ കഥ ഞാൻ നേരത്തെയറിഞ്ഞിരുന്നെങ്കിൽ എന്താകുമായിരുന്നു കുഴപ്പം ?" ഗായത്രിദേവിയുടെ മുഖത്ത് ഒരു മന്ദഹാസം വിടർന്നു. "നീ വിശ്വസിക്കില്ലാന്ന് എനിക്കറിയാം," അവർ മകളുടെ തോളിൽ കൈ ചേർത്തു, "പക്ഷെ മോളെ, നിധി കാക്കുന്ന ആ നാഗം ശാപം കിട്ടിയ ഒരു ഗന്ധർവ്വനാണ്. ഭർതൃമതിയല്ലാത്ത പെണ്ണിനെക്കണ്ടാൽ നാഗം ദംശിക്കും." - ദിവ്യ പുഞ്ചിരിച്ചു. "ഈ കഥയൊക്കെ കേട്ട് ത്രില്ലടിച്ച് നീ നാഗത്താൻ മലയിലെങ്ങാനും കറങ്ങിനടക്കാതിരിക്കാനാ നേരത്തെ ഇതൊന്നും പറയാതിരുന്നത്. ദിവ്യയും ഗായത്രിദേവിയും ഇറങ്ങിച്ചെല്ലുമ്പോൾ താഴെ ഗൌരവമായ ചർച്ചയിലാണ് വിനോദ് മേനോനും രാജശേഖര വർമ്മയും. "ഗുഡ് മോണിംഗ് മാഡം" - വിനോദ് എഴുന്നേറ്റ് ഗായത്രിദേവിയെ വന്ദിച്ചു. പിന്നെ അയാൾ ദിവ്യയുടെ നേരെ തിരിഞ്ഞു. "ഗുഡ് മോണിംഗ് ദിവ്യാ." അവർ പ്രത്യഭിവാദ്യം ചെയ്തു. ആകർഷകമായ സ്യൂട്ടിനുമേൽ അയാൾ ടൈയും കൊട്ടും ധരിച്ചിരുന്നു. ഗായത്രിദേവിയും ദിവ്യയും അവർക്കരികിൽ ഇരുന്നു. "വിനോദ്," രാജശേഖര വർമ്മ വിനോദിനെ നോക്കി. "നമ്മുടെ ഷെയർ സെക്യൂരിറ്റി ഡിപ്പാർട്ട് മെൻറ്റിലെ പുതിയ കുറെ ഡോക്യുമെൻറ്റ്സ് ഞാൻ ഇന്നലെ പഠിച്ചു. ചെറുതാണെങ്കിലും അതിൽ കുറച്ച് എറ്ററെഴുണ്ട്. ഞാൻ മാർക്ക് ചെയ്തിട്ടുണ്ട്. അത് അക്കൌണ്ട് ഡിവിഷനിൽ ഏൽപ്പിച്ച് തിരുത്താൻ പറയണം." - "സാർ." "പിന്നെ വിപ്രോയിൽ നിന്ന് മിസ്റ്റർ അഗർവാളുമായി ഒരു അപ്പോയിന്റ്മെൻറ്റ് ഫിക്സ് ചെയ്തിട്ടുണ്ട്. യൂ ആർ അസൈൻഡ് ഫോർ മീറ്റിംഗ് ഹീം." "താങ്ക് യൂ, സാർ, " വിനോദ് അദ്ഭുതവും സന്തോഷവും പ്രകടിപ്പിച്ചു. അയാൾ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റു. "വിനോദ് ഇരിക്കൂ," രാജശേഖര വർമ്മ എഴുന്നേറ്റു. "ഞാൻ ആ ഡോക്യുമെൻറ്റ്സ് എടുത്തുകൊണ്ട് വരാം." അദ്ദേഹം മുകളിലേക്ക് കയറിപ്പോയി. "സുഖമാണോ വിനോദ് ?" ഗായത്രിദേവി ചോദിച്ചു. "രണ്ടു ദിവസമായി കാണാനേയില്ലല്ലോ." "തിരക്കായിരുന്നു, മാഡം," അയാൾ ചിരിച്ചു. "അറിയാമോ, ഒക്ടോബർ നവംബറിലെ നമ്മുടെ ഇമ്പ്രസ്സീവ് പെർഫോർമൻസ് കാരണം ഏപ്രിലിലെ എക്സ് പോർട്ട് ടൽവ് പോയിൻറ്റ് സെവൻ ടൂ പെർസെൻടേജ് വർദ്ധിച്ചു. അതായത് ടൂ തൌസണ്ട് കോർ അധികം. ആൻഡ് വീ എക്സ് പെക്സ് .." "സോറി വിനോദ്," അവർ പറഞ്ഞു. "എനിക്കീ സ്റ്റാറ്റിസ്റ്റിക്സ് ഒന്നും മനസ്സിലാവില്ല." രാജശേഖര വർമ്മ ഒരു ബ്രീഫ് കേയ്സുമായി മുകളിൽ നിന്ന് ഇറങ്ങിവന്നു. അദ്ദേഹം അത് വിനോദിന് കൈമാറി. "ഇതിലുണ്ട് ആ ഡോക്യുമെൻറ്റ്സ്." "ശരി, " വിനോദ് എഴുന്നേറ്റു. "ഞാൻ ഇറങ്ങുന്നു. ഹാവ് എ ഗുഡ് ഡേ, സാർ." വിനോദ് പ്രസരിപ്പോടെ പുറത്തേക്ക് നടന്നു. "ഇത് പോലെ ഹാർഡ് വർക്കിംഗ് ആയ ഒരു

എക്സിക്യൂട്ടീവ്.. ആരുമില്ല ഇവനെപ്പോലെ, " വിനോദിൻറെ ഹ്യുണ്ടായി ആക്റ്റൻറ്റ് ദൃശ്യത്തിൽ നിന്ന് അകന്നുപോകുന്നത് നോക്കി രാജശേഖരവർമ്മ അഭിപ്രായപ്പെട്ടു. “രോഹിതിനെക്കുറിച്ചും ദിവ്യേടച്ചൻ ഇതേ അഭിപ്രായം പറഞ്ഞിരുന്നു." അൽപ്പം അരോചകഭാവത്തിൽ ഗായത്രിദേവി അദ്ധേഹത്തെ ഓർമ്മപ്പെടുത്തി. രാജശേഖരവർമ്മയുടെ മുഖത്തുനിന്നും പ്രസന്നത മറഞ്ഞു. - "ങ്ഹാ, ഞാൻ പറഞ്ഞിരുന്നു," അസന്തുഷ്ട്ടിയോടെ അദ്ദേഹം പ്രതിവചിച്ചു. "അവനെ ഞാൻ വിശ്വസിച്ചിരുന്നപ്പോൾ. വിശ്വസിക്കാൻ കൊള്ളാവുന്നവനാണ് എന്ന് അവൻ എന്നെ വിശ്വസ്സിപ്പിച്ച കാലത്ത് ." അദ്ധേഹത്തിൻറെ മനസ്സ് നിറയെ രോഹിതിനോടുള്ള വിദ്വേഷം നിറഞ്ഞിരിക്കുകയാണെന്ന് ദിവ്യ അറിഞ്ഞു. "രോഹിത് അങ്കിൾ അത് ചെയ്തു എന്ന് ഞാനിപ്പോഴും വിശ്വസിക്കുന്നില്ല ഡാഡി'

അവൾ വിഷാദം നിറഞ്ഞ സ്വരത്തിൽ പറഞ്ഞു. "അവൻ കോബ്രാഹിൽസിൽ മരിച്ചുകിടക്കുന്നത് മോൾ കണ്ടതല്ലേ?" സ്വരത്തിൽ ദേഷ്യം കലർത്തി അദ്ദേഹം ദിവ്യയോട് ചോദിച്ചു. "അവന്റെ പോക്കറ്റിൽ നിന്ന് നമുക്ക് ആ മാപ്പ് കിട്ടിയില്ലേ? വിശ്വസിക്കാൻ മോൾക്ക് എന്ത് തെളിവാണ് വേണ്ടത്? കോബ്രാഹിൽസിലെ നിധി കൈക്കലാക്കാൻ അവൻ ആഗ്രഹിച്ചു. അതിന് വേണ്ടിയാണ് അവൻ നമ്മുടെ കമ്പനിയിൽ എപ്പോയിയായി ചേർന്നതുതന്നെ. അവനും അവന്റെ കൂട്ടുകാരനും ചേർന്ന് കൊട്ടാരം ലൈബ്രറിയിൽ നിന്ന് മാപ്പുകൾ മോഷ്ടിച്ചു. കൂട്ടുകാരന് പ്രധാനപ്പെട്ട മാപ്പ് സമ്മാനിച്ചു അല്ലെങ്കിൽ വിറ്റു. എന്നിട്ട് ഒറ്റയ്ക്ക് കോബ്രാഹിൽസിൽ പോയി. രാജവെമ്പാലയുടെ വിഷമേറ്റ് മരിച്ചു." ദിവ്യ അദ്ദേഹത്തിൽ നിന്ന് നോട്ടം മാറ്റി പുറത്തേക്ക് ശ്രദ്ധിച്ചു. "അവനൊരു വില്ലനും വഞ്ചകനും ആട്ടിൻതോലണിഞ്ഞ ചെന്നായയുമാണെന്ന് വിശ്വസിക്കാൻ ഇനിയും എന്ത് തെളിവാണ് മോൾക്ക് വേണ്ടത് ? ദിവ്യയുടെ കണ്ണുകൾ നിറയുന്നത് ഗായത്രിദേവി കണ്ടു. അവർ കണ്ണുകൾ കൊണ്ട് അദ്ധേഹത്തിന് ആംഗ്യത്തിലൂടെ അത് കാണിച്ചുകൊടുത്തു. രാജശേഖരവർമ്മ ചിരിച്ചുകൊണ്ട്, തോളിൽപ്പിടിച്ച് അവളെ തന്നോട് ചേർത്തു നിർത്തി. "മോള് ചോദിച്ചതിനൊക്കെ ഉത്തരം പറഞ്ഞതല്ലെയുള്ളൂ ഞാൻ?" അദ്ദേഹം ചോദിച്ചു. എന്നിട്ടും അവൾ പ്രസന്നയായില്ല. "ഐം സോറി, മഹാരാജാവീതാ ആയുധം വെച്ച് കീഴടങ്ങിയിരിക്കുന്നു. ഒരു തൊട്ടാവാടി രാജകുമാരിയുടെ മുമ്പിൽ." അദ്ദേഹം കൈകൾ ഉയർത്തി വിടർത്തി പരാജിതൻറെ ഭാവത്തിൽ നിന്നു. കണ്ണുകളിലെ നനവുകൾക്കിടയിലും ദിവ്യ ചിരിച്ചു. "ചിരിയൊക്കെ അവിടെ നിക്കട്ടെ, " അദ്ദേഹം വീണ്ടും ഗൌരവപൂർണ്ണനായി. “എനിക്ക് മോളോട് വേറെ ഒരു കാര്യം ചോദിക്കാനുണ്ട്." അദേഹത്തിൻറെ കണ്ണുകളിൽ വീണ്ടും കുസൃതി നിറയുന്നത് അവർ കണ്ടു. “മോളും മോൾടെ കൂട്ടുകാരും ആ ജയകൃഷ്ണനുമായി വഴക്കിട്ടതെന്തിനാ? “അവൻ പറഞ്ഞു, അവനെന്നെ കല്യാണം കഴിക്കണെന്ന്." "ഓഹോ !" അദ്ദേഹം അദ്ഭുതപ്പെട്ടു. "അതിന് ? അതിന് മോൾ മോൾടെ കൂട്ടുകാരോട് അവനെ തല്ലാൻ പറഞ്ഞു?" “പക്ഷെ ഡാഡി, ഞാൻ നോ പറഞ്ഞപ്പം

അവൻ മൈൻഡ് ചെയ്തില്ല." "ഇതേ കാര്യം അവൻറെ അച്ചൻ കഴിഞ്ഞാഴ്ച കുവൈറ്റീന്നു വിളിച്ച് എന്നോട് പറഞ്ഞിരുന്നു." "ങ് ഹേ?" ദിവ്യ അദ്ഭുതം ഭാവിച്ചു. "അപ്പോൾ അവൻറെ അച്ഛനും എന്നെ കല്യാണം കഴിക്കണെന്നോ? നെവർ ഒരിക്കലും ഞാൻ സമ്മതിക്കില്ല!" "പെണ്ണിൻറെ വാക് സാമർത്ഥ്യം കൂടുന്നു!" ഗായത്രിദേവി ഇടപെട്ടു. "എന്നിട്ട് ഡാഡി എന്തു പറഞ്ഞു?" "ഞാൻ പറഞ്ഞു. ഇപ്പോൾ മോൾക്ക് പതിനേഴ് വയസ്സല്ലേയായുള്ളൂ. കുട്ടിയല്ലേ. അതൊക്കെ പിന്നത്തെ കാര്യമല്ലേ എന്ന്." "ഹും !" ദിവ്യ ഒച്ചയിട്ടു. "പതിനേഴ് വയസ്സല്ലേയായുള്ളൂ! കെട്ടിച്ചയച്ച് ഉടനേ എന്റെ പ്രോബ്ലം തീർക്കണം; അല്ലേ?" "ഷിറ്റ് അദ്ദേഹം മുഖം ചുളിച്ചു. "ഓക്കെ, മോൾ കല്യാണം കഴിക്കണ്ട. ഡാഡിടേം മമ്മീടെം കൂടെ എന്നും കഴിഞ്ഞാ. തീർന്നില്ലേ പ്രശ്നം? "തീർന്നില്ല പ്രശ്നം ." അദ്ധേഹത്തെ കൈയിൽ പിടിച്ചുവലിച്ചുകൊണ്ട് ദിവ്യ പറഞ്ഞു. “ജോഗിംഗ് ബാക്കിയുണ്ട്. മടിയൻ! വേഗം വാ." "ങ്ഹാ , വാ," അദ്ദേഹം അവളുടെ പിന്നാലെ ചെന്നു. ദിവ്യയും രാജശേഖരവർമ്മയും ഗേറ്റിന് പുറത്തേക്ക് നടന്നു. നിരത്തിലേക്ക്. പ്രഭാതവ്യായാമത്തിന്റെ സുഖനിമിഷങ്ങളിലൂടെ..

"സമയം നാല് കഴിഞ്ഞല്ലോ, അവരെന്താ വരാത്തേ?"

മനോജ് ആത്മഗതമായി ചോദിച്ചു.

കോബ്രാഹിൽസിന്റെ അടിവാരത്ത്, നദീ തീരത്തെ തകർന്ന് തുടങ്ങിയ ക്ഷേത്രാവഷിഷ്ടങ്ങൾക്കടുത്തിരിക്കുകയായിരുന്നു ലത്തീഫും മനോജും.

'കഴിഞ്ഞ പ്രാവശ്യം നാല് പി എമ്മിന്റെ സ്ഥാനത്ത് നാല് എ എം എന്നാ നീ എഴുതീത്."

ലത്തീഫ് നീരസം കലർത്തി പറഞ്ഞു.

"ഏതായാലും കാത്തിരിക്കാം."

കോബ്രാ ഗ്യാങ്ങിന്റെ ഒരടിയന്തിര മീറ്റിംഗ് വിളിച്ചുകൂട്ടിയതായിരുന്നു ലത്തീഫ്.

മീറ്റിംഗ് സമയം നാലുമണിയെന്നറിയിച്ചിട്ടും സംഘാംഗങ്ങളെ കാണാത്തതിനാൽ അവൻ അക്ഷമനായി.

മനോജും ആകാംക്ഷയോടെ പരിസരങ്ങളിലെക്ക് കണ്ണോടിച്ചു.

രാജശേഖര വർമ്മയുടെ എസ്റ്റേറ്റ് പരിധിയിലാണ് കോബ്രാഹിൽസ്.

മേഘങ്ങൾ ചൂടിനിൽക്കുന്ന ആ കൊടുമുടികൾ അതിഗഹനമായ വനമേഖലയാണ്.

അത്യപൂർവ്വവും അതിപ്രാചീനവുമായ മരങ്ങൾ നിറഞ്ഞ കോബ്രാഹിൽസിന്റെ, ചില ഭാഗങ്ങളിൽ, ഉള്ളിൽ, സൂര്യപ്രകാശം കടന്നുചെല്ലാറില്ല.

പുരാതനകാലത്ത് കോബ്രാഹിൽസ് ശ്മശാന ഭൂമിയായിരുന്നു.

മലനിരകളിലെവിടെയോ. ഒരജ്ഞാത ഭൂഗർഭത്തിലെ നിധിയുടെ കാവൽക്കാരനെന്ന് വിശ്വസിക്കപ്പെടുന്ന രാജവെമ്പാലയുടെ ആസ്ഥാനമാണ് കോബ്രാഹിൽസ് എന്നും ആളുകൾ കരുതുന്നു.

ഇക്കാരണത്താൽ മനുഷ്യരാരും നിഗൂഢവും വിസ്മയാവഹവുമായ ആ ആരണ്യസൌന്ദര്യത്തിലേക്ക് കടന്ന് ചെല്ലാറില്ല.

കോബ്രാഹിൽസിന്റെ മരതകപ്പച്ചയെ രണ്ടായി ഭാഗിച്ചുകൊണ്ട് ശന്തിപുരം പുഴ ഒഴുകുന്നു.

ദൂരെ മലഞ്ചെരിവിലെ ഒറ്റയടിപ്പാതയിലൂടെ മോട്ടോർ ബൈക്കുകളുടെ ശബ്ദം കേട്ടു തുടങ്ങി.

"അവരാ വരുന്നേന്ന് തോന്നുന്നു,"

സമീപത്തേക്ക് ഓടിയടുത്തുകൊണ്ടിരിക്കുന്ന മോട്ടോർബൈക്കുകളിലെ ആളുകളെ നോക്കി മനോജ് പറഞ്ഞു.

"പക്ഷെ അവരെന്തിനാ ഇതിലെ വരുന്നെ?"

ലത്തീഫും അവരെ ശ്രദ്ധിച്ചു.

"ലത്തീഫ് ദാദാ..!"

അവരെ സൂക്ഷിച്ചുനോക്കിക്കൊണ്ട് സംഭ്രമത്തോ

ടെ മനോജ് വിളിച്ചു.

"അത്..അത് ജയകൃഷ്ണനും അവന്റെ ഫുൾ ഗ്യാങ്ങുമാ ...അന്ന് നമ്മൾ അവനെ തല്ലീല്ലേ? ഇന്നവൻ ഫുൾ ഗ്യാങ്ങുമായി വരുവാ. മറുപടി പറയാൻ.."

"ഗോഡ്!"

ലതീഫിന്റെയും മുഖത്ത് പരിഭ്രമം ദൃശ്യമായി.

"നമ്മൾ രണ്ടുപേര്! അവമ്മാർ പത്തിരുപത് പേരുണ്ട്!"

ജയകൃഷ്ണനും കൂട്ടരും അവരുടെയടുത്തെത്തി.

മോട്ടോർ ബൈക്കുകൾ കൊണ്ട് അവർ ലതീഫിനും മനോജിനും ചുറ്റും ഒരു വലയം തീർത്തു.

പിന്നെ ഓരോരുത്തർ ചാടിയിറങ്ങി.

കൂട്ടുകാരുടെ മുമ്പിൽ നേതാവിന്റെ ഭാവത്തിൽ ജയകൃഷ്ണൻ അവരെ സമീപിച്ചു.

തന്നെ സമീപിച്ച ജയകൃഷ്ണനെ ലത്തീഫ് അക്ഷോഭ്യനായി അഭിമുഖീകരിച്ചു.

ജയകൃഷ്ണൻ അവന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചുനോക്കി.

"നീയെന്താ വിചാരിച്ചെ, നായിന്റെ മോനേ?"

ജയകൃഷ്ണൻ തന്റെ ചൂണ്ടുവിരൽ ലത്തീഫിന്റെ കണ്ണുകൾക്ക് മുമ്പിൽ ഉയർത്തി.

"ഞാനിനി മേലാൽ നിന്റെ മുമ്പി വരില്ലെന്നോ? ഇതാ ഇപ്പൊ സർവ്വ സന്നാഹോം കൂടെയുണ്ട്. നിന്നെ പച്ചക്ക് തിന്നാൻ."

"ഏതായാലും തിന്നുവല്ലേ, പച്ചയ്ക്ക് വേണ്ട. കുറച്ച് ഉപ്പും മൊളകും കൂടികൂട്ടെടാ."

ലത്തീഫ് പറഞ്ഞു.

"നീ ഇത് കണ്ടോ?"

ലതീഫിന്റെ പരാമർശത്തെ അവഗണിച്ച്, ജയകൃഷ്ണൻ വായ തുറന്ന്, തന്റെ മുൻഭാഗത്തെ മേൽവരിയിലെ പൊട്ടിയ ഒരു പല്ല് വിരൽ കൊണ്ട് തൊട്ടുകാണിച്ചു.

"അന്ന് നീ അടിച്ചു പൊട്ടിച്ച പല്ലാണിത്. നാളെ ഞാൻ സിറ്റീലെ സകല തെരുവിലൂടെം ഒരു തലയോടു തട്ടിക്കളിക്കും. നായിന്റെ മോനേ, എന്നിട്ട് കളികാണുന്ന ഓരോരുത്തരോടും ഞാൻ പറയും ഇത് ലത്തീഫ് എന്ന പന്നീടെ മോന്റെ തലയാരുന്നൂന്ന്."

"എന്താ ഡയലോഗ്!"

മനോജ് പരിഹാസത്തോടെ പറഞ്ഞു.

"ഇന്നലെ കുത്തിയിരുന്ന് കാണാതെ പഠിച്ചതാ? നീയെന്നാ രൺജിപണിക്കർക്ക് പഠിക്ക്യാണോ?"

"ജയകൃഷ്ണാ,"

ലത്തീഫ് ശബ്ദമുയർത്തി.

"അന്നത്തെ വഴക്കിന് കാരണമുണ്ടാരുന്നു. നീയന്ന് ദിവ്യേടെ കൈയിൽ കയറിപ്പിടിച്ചില്ലേ?"

"അവളെ, നായിന്റെ മോനേ, ഞാൻ കെട്ടാൻ പോകുന്ന പെണ്ണാ."

"ഗൂഹ്ഹ്ഹ്ഹ"

മനോജ് വായപൊത്തി ചിരിച്ചു.

"അതിനു അവൾ നിന്നെ പട്ടി ..അല്ല പട്ടിയല്ല ...വെറും പട്ടിക്കാട്ടം ആയിട്ടാണല്ലോ കാണുന്നെ!"

"ഫ! ചെറ്റേ!"

ജയകൃഷ്ണൻ കുപിതനായി അലറി.

പിന്നെ പിമ്പിൽ നിൽക്കുന്ന കൂട്ടുകാരെ നോക്കി.

"എന്താടാ നോക്കി നിക്കുന്നേ? അടിച്ചുപൊട്ടിക്കെടാ രണ്ടിന്റെയും തലമണ്ട!"

തങ്ങളുടെ നേരെ ഇരച്ചെത്തിയവരുടെ നേരെ ലത്തീഫ് ചുരുട്ടിയ മുഷ്ടിയുയർത്തി.

"അടിച്ചുപൊട്ടിക്കാൻ ഇത് നിന്റെ തന്തക്കഴുവേറീടെ ഒണക്കത്തലയല്ല!"

തണുത്തതെങ്കിലും ദൃഡസ്വരത്തിൽ ലത്തീഫ് പറഞ്ഞു.

അവരുടെ കൈയിൽ കഠാരകളും സൈക്കിൾ ചെയിനുകളും പ്രത്യക്ഷപ്പെടുന്നത് മനോജും ലത്തീഫും കണ്ടു.

ആക്രമണോത്സുകമായ ഭാവത്തോടെ അവർ വീണ്ടും ഇരുവർക്കും നേരെയടുത്തു.

"അടുത്തേക്ക് വരരുത്!"

ഭയപ്പെട്ടെങ്കിലും ഉച്ചത്തിൽ മനോജ് വിളിച്ചുപറഞ്ഞു.

"ഞങ്ങളുടെ കയിലുമുണ്ട് ആയുധങ്ങൾ. നിന്റെ മാതിരി തീട്ടം പോലും മുറിക്കാൻ കൊള്ളൂലാത്ത തുരുമ്പിച്ച കൊച്ചുപിച്ചാത്തിയല്ല അത്..ങ്ഹ്ഹാ..."

"നിന്റെ കൈയിൽ എന്താടാ പന്നീടെ മോനേ ഉള്ളത്? ആറ്റംബോംബാ?"

ജയകൃഷ്ണൻ ചോദിച്ചു.

"എന്നെ വിഡ്ഢിയാക്കാൻ ശ്രമിക്ക്യാണോ?"

"ശ്രമിക്കേണ്ട ആവശ്യമില്ല."

"അടിച്ച് തകർക്കെടാ,"

ജയകൃഷ്ണൻ കൂട്ടാളികളെ നോക്കി അലറി.

അവർ വീണ്ടും ആയുധങ്ങളുമായി മുമ്പോട്ടടുത്തു.

"അടുക്കരുത്!"

രണ്ടു ചുവട് പിമ്പോട്ടുമാറിക്കൊണ്ട് മനോജ് പറഞ്ഞു.

"എന്തു ചെയ്യും നീ?"

"നോക്കെടാ പട്ടീ, എന്നാ ചെയ്യാനാ പോകുന്നെന്ന്!"

പറഞ്ഞുതീർന്നതും ലത്തീഫിന്റെ കൈയിൽപ്പിടിച്ച് മനോജ് അതിവേഗത്തിൽ തിരിഞ്ഞോടി.

മനോജിന്റെ തന്ത്രം മനസ്സിലാക്കിയിരുന്നതിനാൽ ലത്തീഫും അവന്റെയൊപ്പം ഓടി.

പെട്ടെന്നുള്ള ആ പ്രതികരണത്തിൽ ഒരു നിമിഷം ജയകൃഷ്ണൻ ഇതികർത്തവ്യതാമൂഢനായി നിന്നു.

പക്ഷെ പെട്ടെന്ന് തന്നെ സമനില വീണ്ടെടുത്തു.

"നോക്കി നിൽക്കാതെ രണ്ടിനേം പിടിക്കെടാ."

അവൻ കൂട്ടുകാരോട് കൽപ്പിച്ചു.

അവർ ലത്തീഫും മനോജും ഓടിയ വഴിയെ കുതിച്ചു.

അവർ അൽപ്പദൂരം എത്തിക്കഴിഞ്ഞിരുന്നു.

കോബ്രാഹിൽസിലേക്കുള്ള വഴിയിലൂടെ ഓടി അവർ കാട്ടിനുള്ളിലെത്തി.

"വിടരുതെടാ!"

ലത്തീഫും മനോജും ദൂരെ മറഞ്ഞത് കണ്ട്, കൂട്ടുകാരോടൊപ്പം ഓടിക്കൊണ്ട് ജയകൃഷ്ണൻ വിളിച്ചു പറഞ്ഞു.

"കൊന്ന് കൊടല് കീറണം."

കുറെ ഓടിയപ്പോൾ പ്രകാശം കുറഞ്ഞുവന്നു.

കാടിന്റെ ഗഹനതയേറുന്തോറും ഇരുട്ടുകൂടി.

മനോജിനും ലതീഫിനും ആ കാട്ടുപാത നല്ല നിശ്ചയമായിരുന്നു.

വളരെ ദൂരെത്തെത്തിയെങ്കിലും ജയകൃഷ്ണനും സംഘവും പിന്നാലെതന്നെയുണ്ടെന്ന് അവർ അറിഞ്ഞിരുന്നു.

മുമ്പിലുള്ള കാട്ടുവള്ളികളുടേയും പാറക്കൂട്ടങ്ങളുടെയും തടസ്സങ്ങൾ തരണം ചെയ്ത് കരിയിലകൾ നിറഞ്ഞ കാട്ടുപാതയിലൂടെ അവർ അതിവേഗം ഓടി.

മനോജിന്റെ വേഗം കുറയുന്നത് ലത്തീഫ് കണ്ടു.

തടിമാടനാണ് മനോജ്.

വലിയ തുടുത്ത കവിളുകളുള്ള, ഓമനത്തമുള്ള മുഖമുള്ളവൻ.

"റൺ ഫാസ്റ്റ്!"

അവന്റെ കൈയിൽ പിടിച്ചുവലിച്ച് ലത്തീഫ് പറഞ്ഞു.

"അവര് പിന്നാലെ തന്നെയുണ്ട്. കഴിക്ക്! അല്ലേൽ വെച്ചേക്കില്ല നമ്മളെ!"

"എനിക്ക് വയ്യ,"

കിതച്ചുകൊണ്ട് മനോജ് പറഞ്ഞു.

അവൻ പതിയെ നിന്നു.

"ഞാൻ മടുത്തു,"

അവൻ തലയിൽ കൈവെച്ചു.

"എന്റെമ്മേ! ഞാനിപ്പം വീഴും! ഹാവൂ!"

"ഷട്ടപ്!"

ലത്തീഫ് അവന്റെ കൈയിൽ പിടിച്ചുവലിച്ചു.

"വേഗം വാടാ തടിയാ! അല്ലേൽ നിന്നേ മാന്തിക്കീറും അവന്മാര്!"

മനോജ് ഓടാൻ കൂട്ടാക്കിയില്ല.

അവൻ ചുറ്റും നോക്കി.

"ലത്തീഫ് ദാദാ! ഒരു മിനിറ്റ്. ആൻ ഐഡിയാ! നോക്ക്!"

അവൻ നിലത്ത് സമൃദ്ധമായിക്കിടന്ന കരിയിലകൾ വാരിക്കൂട്ടുവാൻ തുടങ്ങി.

കാട്ടുപാത നിറയെ കനത്തിൽ കരിയിലകൾ കൂടിക്കിടന്നിരുന്നു.

"ഈ കരിയിലകൾ കൊണ്ട് നമുക്ക് ഒരു കളി കളിക്കാം!'

കരിയിലകൾ വാരി കൂമ്പാരമാക്കുന്നതിനിടയിൽ മനോജ് പറഞ്ഞു.

"ഫ! വിഡ്ഢി!"

ലത്തീഫ് വീണ്ടും മനോജിന്റെ കൈയിൽ പിടിച്ചു വലിച്ചു.

"അവരിതാ എത്തി! നമ്മളെ കാണും. അതിന് മുമ്പേ വിടണം. കമോൺ!"

"ഞാൻ പറയുന്നത് കേക്ക് ലത്തീഫ് ദാദാ,"

ലതീഫിന്റെ പിടിവിടുവിച്ചുകൊണ്ട് അവൻ പറഞ്ഞു.

അവൻ കരിയിലകൾ പിന്നെയും കൂട്ടി.

അരയാൽ ഉയരത്തിൽ ഇപ്പോൾ കരിയില കൂമ്പാരമായി.

"നമുക്ക് ഇതിനകത്ത് ഒളിക്കാം."

പിന്നെയും കരിയിലകൾ കൂട്ടുന്നതിനിടയിൽ ലത്തീഫ് പറഞ്ഞു.

ലത്തീഫ് വേവലാതിയോടെ പാതയുടെ അങ്ങേയറ്റത്തേക്ക് നോക്കി.

ജയകൃഷ്ണനും കൂട്ടുകാരും അടുക്കുന്നത് അവൻ കണ്ടു.

"എടാ മൊണ്ണേ!"

ലത്തീഫ് വീണ്ടും മനോജിന്റെ കൈയിൽ പിടിച്ച് ഓടാൻ ശ്രമിച്ചു.

"നിന്റെ മാതിരി അവന്മാരുടെ തലക്കാത്ത് ഒണക്ക ചാണകവല്ല. അവര് കണ്ടുപിടിക്കും നമ്മളെ..വാ കമോൺ!"

മനോജ് വീണ്ടും ലതീഫിന്റെ പിടി വിടുവിച്ചു.

കാട്ടുപാതയിലേക്ക് അവൻ സംഭ്രമത്തോടെ നോക്കി.

അടുത്തുകൊണ്ടിരിക്കുന്ന ശത്രുക്കളുടെ ആരവം അവൻ കേട്ടു.

"ലത്തീഫ് ദാദാ!"

അവൻ സംഭ്രമത്തോടെ വിളിച്ചു.

പിന്നെ ലത്തീഫിന്റെ കൈയിൽ പിടിച്ച് ശക്തിയായി വലിച്ചു.

"കമോൺ!"

മനോജ് അടക്കിയ സ്വരത്തിൽ പറഞ്ഞു.

വലിയുടെ ആഘാതത്തിൽ ലത്തീഫ് കരിയില കൂമ്പാരത്തിനകത്തേക്ക് വീണു.

മനോജ് കരിയിലകൊണ്ട് ലത്തീഫിനെ മൂടി.

പിന്നീവനും കൂമ്പാരതിനകത്തെക്ക് കയറി.

കരിയിലകൾ കൊണ്ട് സ്വയം മൂടി.

"കരിയിലകൾ കൊണ്ടുള്ള ഈ പിരമിഡിന്റെയകത്ത് നമുക്ക് ജീവനുള്ള മമ്മികളാവാം."

"മിണ്ടരുത്!"

ലത്തീഫ് മന്ത്രിച്ചു.

"ജയകൃഷ്ണന്റെ കത്തിമുനക്ക് നീയിപ്പം ശരിക്കും മമ്മിയാകും."

അൽപ്പം കഴിഞ്ഞ് ജയകൃഷ്ണനും സംഘവും ഓടിയടുക്കുന്ന ശബ്ദം അവർ കേട്ടു.

മിടിക്കുന്ന ഹൃദയത്തോടെ അവർ കരിയിലക്കൂട്ടത്തിനകത്ത് ശ്വാസമടക്കിപ്പിടിച്ചിരുന്നു.

ചെറിയൊരു ചലനമുണ്ടായാൽ, തുമ്മിപ്പോയാൽ. ജയകൃഷ്ണന്റെയും കൂട്ടാളികളുടെയും കത്തിമുനകൾ തങ്ങളുടെ നെഞ്ചിലേക്ക് താഴ്ന്നുവരുമെന്ന അവർ ഭയത്തോടെയറിഞ്ഞിരുന്നു.

അവർ ഓടിയടുത്തെന്നുന്നത് മനോജും ലത്തീഫും അറിഞ്ഞു.

"ഈശ്വരാ!"

മനോജ് കണ്ണുകൾ ഇറുക്കിയടച്ചു.

പതിയെ പാതയെ അവരുടെ പാദപതന ശബ്ദം അകന്നകന്ന് പോകുന്നത് ആശ്വാസത്തോടെ അവർ കേട്ടു.

ജയകൃഷ്ണനും കൂട്ടരും കരിയിലക്കൂമ്പാരം പിന്നിട്ട് ഓടിപ്പോയി എന്ന് അവർ മനസ്സിലാക്കി.

"ഹാവൂ,"

അവർ വളരെയേറെയകലെ എത്തിക്കഴിഞ്ഞു എന്ന് ഉറപ്പായപ്പോൾ മനോജ് മന്ത്രിച്ചു.

"ലത്തീഫ് ദാദാ, വാ ഇനി പുറത്ത് കടക്കാം. അവര് പോയീന്ന് തോന്നുന്നു."

"ആയില്ല,"

ലത്തീഫ് പതിയെപ്പറഞ്ഞു.

"അൽപ്പം കൂടിക്കഴിയട്ടെ. അവമ്മാര് അടുത്ത് എവിടെയേലും കാണും. ചെലപ്പം തിരിച്ച് ഇതിലേ തന്നെ വരും."

അൽപ്പനിമിഷങ്ങൾ കൂടി കടന്നുപോയി.

തന്റെ ദേഹത്തുകൂടി എന്തൊക്കെയോ പരതിനടക്കുന്നതുപോലെ മനോജിന് തോന്നി.

ചെവിയിലൂടെയും മൂക്കിലൂടെയും പ്രാണികളോ പുഴുക്കളോ അരിച്ചു നടക്കുന്നത് അവന് അനുഭവപ്പെട്ടു.

"നമുക്ക് പുറത്ത് കടക്കാം,"

ചൊറിയാതിരിക്കാൻ പരമാവധി ശ്രമിച്ചുകൊണ്ട് അവൻ മന്ത്രിച്ചു.

"അവര് പോയി,"

"ഒച്ചയുണ്ടാക്കല്ലേ,"

"ലത്തീഫ് അടക്കിയ സ്വരത്തിൽ പറഞ്ഞു.

"ആരോ വരുന്നത് പോലെ,"

പാദപതനത്തിൽ നിന്ന് അത് ഒന്നിലേറെയാളുകൾ ആണെന്ന് അവൻ അനുമാനിച്ചു.

ചിലപ്പോൾ ജയകൃഷ്ണനും കൂട്ടരും തിരിച്ചു വരുന്നതായിരിക്കാം.

എങ്കിൽ...!

തന്റെ കാൽപ്പാദത്തിൽ പഴുതാരയോ തേളോ കടിച്ചതുപോലെ മനോജിന് തോന്നി.

"എനിക്ക് പുറത്ത് കടക്കണം ലത്തീഫ് ദാദാ,"

അസഹ്യമായി അവൻ മുരണ്ടു.

"എന്നെ എന്തോ കടിച്ചു."

"ഒരക്ഷരം മിണ്ടരുത്!"

കർക്കശ സ്വരത്തിൽ ലത്തീഫ് മന്ത്രിച്ചു.

"ആരാ നിർബന്ധിച്ചേ? എന്നാ ഒരു ഉത്സാഹവരുന്നു നെനക്ക്! ശ് ! അനങ്ങല്ലേ. ആരോ വരുന്നു!"

"ആ... വൂ,"

സഹിക്കാനാവാതെ മനോജ് മുരണ്ടു.

വിനോദ് മേനോൻ ആയിരുന്നു അത്.

കൈയിൽ തോക്കുണ്ട്.

ജാക്കറ്റ് ധരിച്ചിട്ടുണ്ട്.

വേട്ടയ്ക്കിറങ്ങിയതാണെന്ന് വ്യക്തം.

"എന്തൊരു തണുപ്പ്!"

അയാൾ സ്വയം പറഞ്ഞു.

"എല്ല് തുളക്കുന്ന തണുപ്പ്! തീ കത്തിച്ചാലോ?"

വിനോദ് മേനോൻ ചുറ്റുപാടും സസൂക്ഷ്മം വീക്ഷിച്ചു.

പെട്ടന്നയാൾ താൻ നിൽക്കുന്നതിന് അൽപ്പം മുമ്പിൽ ഒരു കരിയിലക്കൂമ്പാരം കണ്ടു.

അയാൾ അതിനടുത്തേക്ക് നടന്നു.

അടുത്തെത്തിക്കഴിഞ്ഞ് അയാൾ അൽപ്പം കൂടി കരിയിലകൾ വാരിക്കൂട്ടി.

പിന്നെ അയാൾ ലൈറ്റർ തെളിച്ച് കരിയിലകൾക്ക് തീ കൊടുത്തു.

തീ കത്താൻ തുടങ്ങി.

കത്തുന്ന കരിയിലകളിലേക്ക് അയാൾ വീണ്ടും കൂമ്പാരം കൂട്ടി.

"ഹാവൂ!"

അയാൾ ആശ്വാസത്തോടെ പറഞ്ഞു.

വിനോദ് മേനോൻ തീയ്ക്ക് മേലേ കൈകൾ വിടർത്തി ചൂട് സ്വീകരിച്ചു.

"എന്തൊരാശ്വാസം!'

തീയും പുകയും ഉയർന്നു.

പരിസരം വെളിച്ചത്തിൽ നിറഞ്ഞു.

പെട്ടെന്ന് കരിയിലക്കൂമ്പാരമനങ്ങി.

വിനോദ് മേനോൻ ഞെട്ടിത്തരിച്ചുപോയി.

കത്തിക്കൊണ്ടിരിക്കുന്ന കരിയിലക്കൂമ്പാരത്തിനകത്തുനിന്ന് കരിയിലകൾ നിറഞ്ഞ രണ്ടു രൂപങ്ങൾ തീയ്ക്കും പുകയ്ക്കുമിടയിലൂടെ ഉയർന്നുവന്നു.

രക്തം കട്ടപിടിക്കുന്നതുപോലെ അയാൾക്കു തോന്നി.

ഒരു ശ്മാശാന ഭൂമിയിലാണ് താൻ നിൽക്കുന്നതെന്ന് അയാൾ നടുക്കത്തോടെ തിരിച്ചറിഞ്ഞു.

ഭയപ്പെട്ട്, അരണ്ട് നിലവിളിച്ച് അയാൾ പിന്തിരിഞ്ഞോടി.

അതേ സമയം നദീതീരത്തെ ക്ഷേത്ര പരിസരത്ത് ലതീഫിനെയും മനോജിനെയും കാത്തിരിക്കുകയായിരുന്നു ദിവ്യയും മറ്റുള്ളവരും.

അപ്പോഴാണ് പേടിച്ച് നിലവിളിച്ച് വിനോദ് കാട്ടിനുള്ളിൽ നിന്നും ഇറങ്ങിയോടി വരുന്നത് അവർ കണ്ടത്.

"അയ്യോ..പ്രേതം ...പിശാച് ..അവിടെ ...കാട്ടിൽ ...!!"

ദിവ്യയെയും കൂട്ടുകാരെയും കണ്ട് അവരുടെയടുത്തേക്ക് ഓടിവന്ന് വിനോദ് പറഞ്ഞു.

"വട്ടടിച്ചോ?"

പ്രിയങ്ക ചോദിച്ചു.

"എന്താ അങ്കിൾ, എന്താ ഉണ്ടായേ?"

ദിവ്യ വിനോദിനോട് തിരക്കി.

വിനോദ് ഉണ്ടായ സംഭവം കിതപ്പിനിടയിൽ, ബുദ്ധിമുട്ടി, ഒരു വിധത്തിൽ പറഞ്ഞു.

അതിനിടയിൽ ജയകൃഷ്ണനും സംഘവും കാടിനുള്ളിൽ നിന്ന് ഓടിവരുന്നത് ദിവ്യ കണ്ടു.

"അങ്കിൾ പൊയ്ക്കോ,"

ജയകൃഷ്ണനെ കണ്ട് മുഷ്ടി ചുരുട്ടിക്കൊണ്ട് ദിവ്യ പറഞ്ഞു.

'അങ്കിൾ കണ്ട പിശാചും പ്രേതവും ഒക്കെ ആരാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. ഞങ്ങൾ അവരെ ആവാഹിച്ച് ഒഴിപ്പിക്കാൻ പോകാണ്."

"ദിവ്യേ,"

അൽപ്പം പരിഭ്രമത്തോടെ വിനോദ് വിളിച്ചു.

"അവരുമായി വഴക്കൊണ്ടാക്കാൻ പോകാണോ?"

"നെവർ മൈൻഡ്!"

ഓടിവരുന്ന ജയകൃഷ്ണനെയും സംഘത്തെയും നോക്കി ദിവ്യ പറഞ്ഞു.

"വിനോദ് അങ്കിൾ പൊക്കോ,"

വിസമ്മതത്തോടെയാണെങ്കിലും വിനോദ് അവിടെ നിന്നും പോയി.

"നമ്മുടെ കൈയിൽ വേണ്ടതൊക്കെയില്ലേ?"

ദിവ്യ കൂട്ടുകാരോട് ചോദിച്ചു.

"വേണ്ടതിലേറെയുണ്ട്. പഠിപ്പിച്ചുകൊടുക്കാം മൊത്തം സബ്ജക്റ്റും. കെമിസ്ട്രിയേത്തൊടങ്ങി, ഫിസിക്സും പിന്നെ ബയോളജീം. അവസാനം കണക്കാ."

രാജു പറഞ്ഞു.

കുറെനേരം വ്യർത്ഥമായി ഓടിയതിന്റെ കിതപ്പും ക്ഷീണവും ജയകൃഷ്ണന്റെയും കൂട്ടരുടെയും നടപ്പിലും ഭാവത്തിലുമുണ്ട്.

അവൻ ദിവ്യയുടെ അടുത്തേക്ക് വന്നു.

"കാത്തിരുന്ന് മടുത്തോ എന്റെ മോളേ?"

"പിന്നില്ലേ?"

ദിവ്യ അതെ ഈണത്തിൽ മറുപടി പറഞ്ഞു.

"കാത്തിരുന്ന് കാത്തിരുന്ന് ...എന്താ പറയ്യാ ...ഇപ്പഴെങ്കിലും വന്നില്ലേൽ ഞാൻ കരഞ്ഞുബോധം കെട്ടേനെ."

"ഓഹോ, അങ്ങനെയാണോ?"

പരിഹാസ സ്വരത്തിൽ ജയകൃഷ്ണൻ ചോദിച്ചു.

"പിന്നില്ലേ, മൈക്കേൽ ജാക്സണും ജാക്കിചാനും ജാക്കി ഷ്രോഫും ലജ്ജിച്ചുപോകുന്ന അങ്ങയുടെ കോമള ശരീരം പച്ചയ്ക്ക് വെട്ടിനുറുക്കി ഉപ്പും മുളകും ചേർത്ത് ഫ്രൈ വെച്ചു തരാന്ന് ഞാനീ പൊഴേലെ മീനുകളോട് പ്രോമിസ് ചെയ്താരുന്നു."

"യൂ ബ്ലഡി.."

അവൻ ദിവ്യയുടെ നേർക്കടുത്തു.

പറഞ്ഞ തെറിവാക്കുമുഴുമിക്കുന്നതിന് മുമ്പ് ജയകൃഷ്ണൻ നിലം പൊത്തി.

എന്താണ് സംഭവിച്ചതെന്നറിയാൻ മുകളിലേക്ക് നോക്കിയ ജയകൃഷ്ണൻ കണ്ടത് ചുരുട്ടിയുയർത്തിയ മുഷ്ടിയുമായി തന്നെ നോക്കുന്ന ഫെലിക്സിനെയാണ്.

"ഫ!"

അവൻ മുരണ്ടു.

"ഇംഗ്ലീഷിൽ തെറി പറയാൻ നീയാര്? ഓക്സ്ഫോർഡിലെ വാധ്യാരോ?"

ജയകൃഷ്ണൻ പിടഞ്ഞെണീക്കാൻ ശ്രമിച്ചു.

അടുത്ത നിമിഷം വീണ്ടും ഫെലിക്സിന്റെ വലത് ബൂട്ട് അവന്റെ കീഴ്ത്താടിയിൽ പതിച്ചു.

ഞരക്കത്തോടെ ജയകൃഷ്ണൻ പുഴയിൽ വീണു.

നേതാവ് വെള്ളം കുടിക്കുന്ന രംഗം അനുയായികളിൽ പരിഭ്രാന്തി സൃഷ്ടിച്ചു.

ആ നിമിഷം ദിവ്യയും കൂട്ടുകാരും അവരുടെ മേൽ ചാടിവീണു.

സംഘട്ടനത്തിന്റെ വെടിക്കെട്ട് കണ്ടാണ് ലത്തീഫും മനോജും കാടിനുള്ളിൽ നിന്നും ഇറങ്ങി വന്നത്.

അവരുടെ വരവിൽ ജയകൃഷ്ണന്റെ കൂട്ടുകാർ പിന്തിരിഞ്ഞോടി.

ഇതിനിടെ പുഴയിൽ വീണ ജയകൃഷ്ണനെ സതീഷ് കോളറിൽ പിടിച്ച് വലിച്ചുകൊണ്ടു വന്നു.

ലത്തീഫിന്റെ മുമ്പിലേക്ക് സതീഷ് ജയകൃഷ്ണനെ ആഞ്ഞ് തള്ളി.

അവൻ ലത്തീഫിന്റെ കാൽച്ചുവട്ടിൽ വീണു.

"നായിന്റെ മോനേ,"

ലത്തീഫ് ജയകൃഷ്ണനെ പിടിച്ചുയർത്തി.

"കൈയിൽ കിട്ടുമ്പം വെറുതെ വിടുക വെറുതെ വിടുക എന്ന ഞങ്ങടെ ദാക്ഷിണ്യം നീ ശരിക്കും മൊതലാക്കുന്നുണ്ട്. മോനേ പരാജയകൃഷ്ണ, ദാക്ഷിണ്യത്തിന്റെ എക്സ്പയറി ഡേറ്റ് ഇന്നത്തോടെ കഴിഞ്ഞു. ഡയലോഗ് അല്ല, മുത്തേ. അത് നീ അറിയണമെങ്കിൽ ഒന്നുകൂടി ഞങ്ങടെ കയ്ക്ക് നീ പണിയോണ്ടാക്ക്. അപ്പോ കാണാം."

"മുത്തേ,"

ദിവ്യ മുമ്പോട്ട് വന്ന് കുനിഞ്ഞ അവന്റെ മുഖം പിടിച്ചുയർത്തി.

"ദിവ്യയാണ് ഞാൻ. ദിവ്യാ വർമ്മ. ഒത്തിരിയൊത്തിരി ദേവകുമാരന്മാര് ബിവറേജസിന്റെ മുമ്പിൽ ക്യൂ നിക്കുന്നത് പോലെ, അതിനെക്കാൾ ശുഷ്ക്കാന്തിയോടെ ദിവ്യേടെ മുമ്പി ക്യൂ നിന്നിട്ടുണ്ട്. അന്നേരം പ്രസാദിക്കാത്ത എന്റെ മുഖം എങ്ങനെയാടാ തീട്ടപ്പന്നിപോലും അറയ്ക്കുന്ന നിന്നെപ്പോലെ ഒരു വൃത്തികെട്ടവന്റെ മുമ്പി തെളിയുന്നെ? മോനേ പോ. വെറുതെ എന്നെക്കൊണ്ട് ലാലേട്ടന്റെ ഡയലോഗ് പറയിപ്പിക്കല്ലേ."

"അവനെ വിട്ടേര് ദിവ്യേ,"

ലത്തീഫ് പറഞ്ഞു.

ജയകൃഷ്ണൻ ആശ്വാസത്തോടെ എന്തി വലിഞ്ഞ് നടന്നു.

"ബൈ ദ വേ,"

ജയകൃഷ്ണൻ നടന്ന് മറയുന്നത് നോക്കി ലത്തീഫ് പറഞ്ഞു.

"ആൻ ഇമ്പോർട്ടന്റ് മാറ്റർ ഈസ് റ്റു ബി ഡിസ്ക്കസ്ഡ്."

എല്ലാവരും ലത്തീഫിനെ ആകാംക്ഷയോടെ നോക്കി.

നദീ തീരത്തെ ക്ഷേത്ര പരിസരത്ത് അടിയന്തിര മീറ്റിംഗ് വിളിച്ചുകൂട്ടിയപ്പോൾ തന്നെ എല്ലാവരും അനുമാനിച്ചിരുന്നു, ചർച്ച ചെയ്യപ്പെടാൻ പോകുന്ന വിഷയം ഗുരുതരമായിരിക്കുമെന്ന്.

"കോബ്രാഹിൽസിലെ നിധിയന്വേഷിച്ചു പുതുതായി ആരൊക്കെയോ എത്തിയിട്ടുണ്ട്."

ക്ഷേത്രത്തറയിൽ ഇരുന്ന് മറ്റുള്ളവരോട് ഇരിക്കാൻ ആംഗ്യം കാണിച്ച് ലത്തീഫ് പറഞ്ഞു.

അവിശ്വസനീയതോടെയാണ് സംഘാംഗങ്ങൾ ആ വാർത്ത സ്വീകരിച്ചത്.

"ലത്തീഫ് ദാദാ ... എങ്ങിനെയറിഞ്ഞു അത്?"

ഷെറിൻ ചോദിച്ചു.

ലത്തീഫ് മനോജിനെ നോക്കി.

പിന്നെ അവന്റെ തോളത്ത് കൈവെച്ചുകൊണ്ട് പറഞ്ഞു.

"ഇവൻ, ഇവൻ കണ്ടു."

കൂട്ടുകാർ അദ്ഭുത വസ്തുവിനെയെന്നപോലെ മനോജിനെ നോക്കി.

"അതൊന്നു കൂടിപ്പറ,"

ലത്തീഫ് മനോജിനോട് ആവശ്യപ്പെട്ടു.

ഒരു പ്രസംഗത്തിനുള്ള ഒരുക്കം പോലെ മനോജ് കൺഠശുദ്ധി വരുത്തി.

ക്ഷേത്രപ്പടവിൽ അവൻ എഴുന്നേറ്റ് നിന്നു.

"പറയാം,"

എല്ലാവരെയും നോക്കി ആംഗ്യവിക്ഷേപങ്ങളോടെ മനോജ് പറഞ്ഞുതുടങ്ങി.

" പക്ഷിനിരീക്ഷണത്തിൽ എന്റെ താൽപ്പര്യം കോബ്രാ ഗ്യാങ്ങിന് അറിവുള്ളതാണല്ലോ...ഇന്നലെ ഒരു യൂഹിനോ പക്ഷിയെ പിന്തുടർന്ന് പിന്തുടർന്ന് ചെന്നെത്തിയത് കോബ്രാ ഹിൽസിന്റെ സെക്കൻഡ് റേഞ്ചിൽ. .."

"വാചകമടിക്കാതെ കാര്യം പറ പക്ഷിപിടുത്തക്കാരാ."

ഷെറിൻ ഇടയ്ക്ക് കയറി.

"ഞാനെന്റെ റ്റെലസ്ക്കോപ്പുമായി നടക്കുമ്പോൾ..."

"പുളുവടി തൊടങ്ങി,"

പ്രിയങ്ക ആബിദിന്റെ കാതിൽ മന്ത്രിച്ചു.

"അപകടം പിടിച്ച യാത്ര ആ റേഞ്ചിന്റെ തുഞ്ചത്ത് വരെ തുടർന്നു ..."

"എന്നിട്ട് എഴുത്തച്ഛനെ കണ്ടുകാണും.'

പ്രിയങ്ക വീണ്ടും മന്ത്രിച്ചു.

"അന്തരീക്ഷം നിറയെ പൈശാചിക ഭാവം! കുറ്റാക്കുറ്റിരുട്ട്! കൊടുങ്കാറ്റിലുലയുന്ന വൃക്ഷശിഖരങ്ങൾ! അപ്പോൾ ഞാൻ നിലാവിലൂടെ കണ്ടു...!"

"കുറ്റാക്കുറ്റിരുട്ടും നിലാവും..!! നല്ല കൊമ്പിനേഷൻ!"

പ്രിയങ്ക കമന്റ്റ് തുടർന്നു.

"പെട്ടെന്ന്..."

മനോജ് വിവരണം തുടന്നു.

"പെട്ടെന്നാണ് ഞാൻ നിൽക്കുന്നതിന്റെ ചരിവിൽ, താഴെ, രണ്ടാളുകൾ നിൽക്കുന്നു. അവർ കറുത്ത തുണികൊണ്ട് മുഖം മറച്ചിരുന്നു. കറുത്ത വേഷമായിരുന്നു. ഞാൻ ഒരു മരത്തിന്റെ പിമ്പിൽ മറഞ്ഞു."

"എന്നിട്ട് മൂത്രമൊഴിച്ചുകാണും,"

പ്രിയങ്ക വീണ്ടും മന്ത്രിച്ചു.

സംഘാംഗങ്ങളുടെ മുഖത്ത് ആകാംക്ഷ നിറയുന്നത് ലത്തീഫ് കണ്ടു.

"എന്നിട്ട്?"

രാജേഷ് ഉദ്വേഗത്തോടെ ചോദിച്ചു.

"ഒരുത്തൻ പിക് ആക്സ് കൊണ്ട് നിലം കുഴിക്കുന്നു."

"റിയലി?"

ദിവ്യ പെട്ടെന്ന് ചോദിച്ചു.

"ങ്ഹാ,"

"മറ്റവനോ?"

രാജു തിരക്കി.

"അയാൾ നിലത്ത് ഇരിക്കുന്നു. ചുറ്റുപാടും നോക്കുന്നു. കൈയിൽ ഗൺ ഉണ്ട്. ഹണ്ടിംഗ് ഗൺ അല്ല. ഹൈലി സോഫിസ്റ്റിക്കേറ്റഡ് ആയ ഗൺ. പിന്നെ അയാൾ കൈയിൽ എന്തോ വിടർത്തിപ്പിടിച്ചിരിക്കുന്നു."

"ലത്തീഫ് ദാദാ, അതാ മാപ്പ് ആയിരിക്കും,"

ആബിദ് അഭിപ്രായപ്പെട്ടു.

"നീ അവരെ ഇതിനു മുമ്പ് ഒരിടത്തും കണ്ടിട്ടില്ലേ?"

ഫെലിക്സ് ചോദിച്ചു.

"ഹ! അതെങ്ങനെയാ? ഞാനാദ്യം പറഞ്ഞില്ലേ, അവമ്മാര് കറുത്ത തുണികൊണ്ട് മൊഖം മറച്ചിരുന്നൂന്ന്?"

"അപ്പിയറൻസെങ്ങനെ?"

റോസ്‌ലിൻ ചോദിച്ചു.

'രണ്ടാൾക്കും നല്ല ഉയരമുണ്ട്. നെലത്തിരുന്നയാൾക്ക് നല്ല തടിയും."

കൂട്ടുകാർക്കിടയിൽ ആഴമുള്ള ഒരു മൌനം വീണു.

ലത്തീഫ് ദൂരെ മലനിരകളിലേക്ക് നോക്കി.

അപരാഹ്നത്തിന്റെ തീവ്ര നിശബ്ദതയിലാണ് കോബ്രാഹിൽസ്.

"അവർക്ക് എന്തോ സംശയം തോന്നിയതുപോലെ തോന്നി,"

മനോജ് തുടർന്നു.

"പെട്ടെന്ന് തന്നെ അവർ പണി നിർത്തി. മുമ്പിൽ കൊറേ പാറക്കൂട്ടങ്ങൾ ഉണ്ടാരുന്നു. അതിനിടെക്കൊടെ അവര് നടന്ന് മറഞ്ഞു. വടക്കോട്ട്. അവർക്ക് മാത്രം അറിയാവുന്ന ഒരു മാർഗ്ഗത്തിക്കൊടെ. മറ്റു വഴിയൊന്നും ഇല്ലാത്ത കൊണ്ട് ഞാൻ തിരിച്ച് പോന്നു."

സംഘാംഗങ്ങൾ ആകാംക്ഷയോടെ ലതീഫിനെ നോക്കി.

അവന്റെ കണ്ണുകൾ ഇപ്പോഴും കോബ്രാഹിൽസിലാണ്.

"കഴിഞ്ഞ വർഷമാണ് നമ്മൾ ഒരു ഉത്തരേന്ത്യക്കാരന്റെ കാലുകൾ തല്ലിയൊടിച്ചത്,"

ലത്തീഫിന്റെ ദൃഡതയുള്ള സ്വരം ഉയർന്നു.

"ഒരു ബീഹാറി. പത്രപ്രവർത്തകന്റെ വെഷം കെട്ടി അവൻ കൊറേ നാൾ ഇവിടെ താമസിച്ചു. നമ്മൾ അവനെ നിരീക്ഷിച്ചു. അവന്റെ ഓരോ നീക്കവും പിന്തുടർന്നു. പിന്നീട് ഒരു രാത്രിയിൽ കാടിനുള്ളിൽ വെച്ച് നമ്മൾ അവനെ പിടിച്ചു. കരഞ്ഞ് കാല് പിടിച്ചത്കൊണ്ട് നാം അവനെ കൊല്ലാതെ വിട്ടു."

ലത്തീഫിന്റെ കണ്ണുകൾ കോബ്രാഹിൽസിലേക്ക് വീണ്ടും നീണ്ടു.

കൂട്ടുകാർ ആകാംക്ഷയോടെ അവന്റെ അടുത്ത വാക്കുകൾക്ക് കാതോർത്തു.

"ഒരു വര്ഷത്തിന് ശേഷം ആ മഹത്തായ ഉത്തരവാദിത്തം നമ്മുടെ കൈകളിലേക്ക് വീണ്ടും വന്നിരിക്കുകയാണ്,"

കൂട്ടുകാർ ലത്തീഫിന്റെ ആവേശം തുളുമ്പുന്ന വാക്കുകൾ വീണ്ടും കേട്ടു.

"ചരിത്ര പുസ്തകങ്ങൾ പറയുന്നത് സൂര്യ വംശത്തിലെ രാജാക്കന്മാർ രാജ്യത്തിന്റെ സമ്പത്ത് ഒരിക്കലും ദുർവിനിയോഗം ചെയ്തിരുനില്ല എന്നാണ്. മറിച്ച് അതിന്റെ വിശ്വസ്തരായ കാവൽ സേനയായി അവർ നിലകൊണ്ടു എന്നാണ്. ആ സമ്പത്ത് സുരക്ഷിതമായി ശാന്തിപുരത് നിലനിർത്തുക എന്നതാണ് നമ്മുടെ സംഘത്തിന്റെ പ്രധാന ചുമതല."

ലത്തീഫ് എഴുന്നേറ്റു.

അവൻ മുഷ്ട്ടിചുരുട്ടി.

"നാടിന്റെ സമ്പത്ത് കൊള്ളയടിക്കാൻ വരുന്ന ഏതൊരു ശത്രുവിനെയും നേരിടുക! വീ ഹാവ് ആൻ ആക്ഷൻ! ആൻ ആക്ഷൻ ഓഫ് റെസിസ്റ്റൻസ്. റ്റു ആൾ ദ ഇമ്പേഷൻസ് റ്റു ഔർ അഫയേഴ്‌സ്!'"

"യെസ്, യെസ്!!"

സംഘാംഗങ്ങൾ ആവേശഭരിതരായി മുഷ്ട്ടിചുരുട്ടി.

ലത്തീഫ് വീണ്ടും സംസാരിക്കാൻ തുടങ്ങുന്നത് കണ്ട് അവർ വീണ്ടും നിശബ്ദരായി.

"മനോജ് ഇന്നലെ കണ്ടത് കൊട്ടാരത്തിൽ നിന്ന് മോഷ്ട്ടിക്കപ്പെട്ട മാപ്പുകളിലൊന്നാണ്."

ലത്തീഫ് തുടർന്നു.

"ദിവ്യേ നീ ഇനിയെങ്കിലും വിശ്വസിക്കണം. നിന്റെ ഡാഡിയെ ചതിച്ചവനാണ് രോഹിത്."

എല്ലാവരും ദിവ്യയെ നിശബ്ദരായി നോക്കി.

അവൾക്ക് രോഹിതിനോടുള്ള ബന്ധത്തിന്റെ തീവ്രത എല്ലാവര്ക്കും അറിവുള്ളതാണ്."

പൊതുജനങ്ങൾ പോലും അയാളെ ചതിയനായി കാണുന്നുണ്ടെങ്കിലും അവൾ അയാളെ അവിശ്വസിക്കുന്നില്ല എന്ന് എല്ലാവരും അറിഞ്ഞിരുന്നു.

"നമ്മളെല്ലാവരും കണ്ടതല്ലേ, അയാൾ കോബ്രാഹിൽസിൽ മരിച്ചുകിടന്നത്,"

സതീഷ് ഓർമ്മപ്പെടുത്തി.

"ഞാനാ അയാടെ പോക്കറ്റിൽ ആ മാപ്പ് ആദ്യം കണ്ടെ,"

ആബിദ് ദിവ്യയെ നോക്കി പറഞ്ഞു.

"അറിയോ നിനക്ക്, നിന്റെ ഡാഡിയുടെ ലൈബ്രറിയിൽ നിന്ന് മോഷ്ടിക്കപ്പെട്ട മാപ്പുകൾ,"

വിൻസെന്റും തന്റെ അഭിപ്രായം മറച്ചുവെച്ചില്ല.

ദിവ്യ അവരുടെ അഭിപ്രായങ്ങൾ നിശബ്ദതയോടെ കേട്ടു.

"രോഹിത് അങ്കിൾ അങ്ങിനെ ചെയ്യുന്നു ഞാൻ ഒരിക്കലും വിശ്വസിക്കില്ല,"

അല്പ്പനിമിഷങ്ങൾക്ക് ദിവ്യ പറഞ്ഞു.

"പക്ഷെ ദിവ്യാ..."

"സമ്മതിച്ചു,"

സതീഷിനെ തുടരാൻ അനുവദിക്കാതെ ദിവ്യ ദിവ്യ തുടർന്നു.

"രോഹിത് അങ്കിൾ കോബ്രാഹിൽസിൽ മരിച്ചു കിടക്കുന്നത് നിങ്ങൾ കണ്ടതാണ്. ഞാനും കണ്ടതാ. പക്ഷെ എന്റെ ഉള്ളിന്റെയുള്ളിൽ എനിക്കിപ്പോഴും വിശ്വാസമാ. എനിക്കങ്കിളിനെ നന്നായി അറിയാം. അദ്ദേഹം എന്റെ ഡാഡിയെ ഒരിക്കലും ചതിക്കില്ല."

അവളുടെ സ്വരത്തിലെ വിശ്വാസതീവ്രത അവരെ നിശബ്ദരാക്കി.

അവരെ സംബന്ധിച്ച് ദിവ്യയുടെ വാദങ്ങൾ അസ്വീകാര്യമായിരുന്നെങ്കിലും.

"അത് പോട്ടെ,"

ഷെറിൻ ലത്തീഫിനെ നോക്കി.

"നമ്മുടെ പ്ലാൻ എന്താ?"

"വെയിറ്റ് ആൻഡ് ഒബ്സേർവ്,"

ലത്തീഫ് പറഞ്ഞു.

"മനോജ് ഇന്നലെ രാത്രിയിൽ കണ്ടില്ലേ, അവരെ നമ്മൾ നിരീക്ഷിക്കും. അവരെക്കുറിച്ചുള്ള എല്ലാ ഡീറ്റയിൽസും കളക്റ്റ് ചെയ്യും. ദെൻ വീ വിൽ ബിഗിൻ ദ ആക്ഷൻ!"

ഗ്രാനീ, ഒരു കഥകൂടി,"

ദിവ്യ മുത്തശ്ശിയോട് പറഞ്ഞു.

നിലാവെളിച്ചത്തിൽ അവർ ദിവ്യയുടെ അനന്യ സൌന്ദര്യത്തിലേക്ക് ഒരു നിമിഷം നോക്കി.

കോബ്രാഹിൽസിനപ്പുറത്ത് നിന്ന് കാറ്റിളകി നദീതീരത്തെക്ക് വന്നു.

ദിവ്യയുടെ മുടിയിഴകളെ കാറ്റുലച്ചു.

ചുവന്ന ടോപ്പിൽ, കടും നീല ജീൻസിൽ ആസക്തികളിളകി മറിയുന്ന അവളുടെ സൌന്ദര്യത്തിന്റെ ലാവണ്യത്തെ കാറ്റ് പുൽകിപ്പുണർന്നു.

"ഒന്നിലേറെ കഥകേൾക്കാൻ നീയിപ്പം കൊച്ചുകുട്ടിയോന്നുമല്ല,"

മുത്തശ്ശി പറഞ്ഞു.

"മാത്രമല്ല എന്റെ കളക്ഷൻസൊക്കെ എന്നോ തീർന്നു. കഥാസരിത് സാഗരവും വിക്രമാദിത്യൻ കഥകളും എത്രയോ തവണ പറഞ്ഞു കഴിഞ്ഞു."

"ഓ, എന്തായിത് ഗ്രാനീ, ഒന്നു കൂടി,"

അവൾ പിമ്പിലൂടെ മുത്തശ്ശിയെ ആലിംഗനം ചെയ്ത് കവിൾ അവരുടെ പിൻകഴുത്തിൽ അമർത്തി.

"വലുതായി നീ,"

മുത്തശ്ശി തുടർന്നു.

"കഥകളൊക്കെ കഴിഞ്ഞു. ഇനി നിന്റെയീ പ്രായത്തിൽ കാര്യമാണ് നടക്കേണ്ടത്."

"കാര്യമോ? എന്ത് കാര്യം?"

"ഞാൻ പറയാറുള്ള കഥകളിലെ രാജകുമാരിയോടൊത്ത് ഒരു രാജകുമാരനെ ഇപ്പോഴും കാണില്ലേ?"

അവർ ദുവ്യയുടെ നേരെ തിരിഞ്ഞ് അവളുടെ മുഖം തന്റെ കൈകളിലെടുത്തു.

"സുന്ദരൻ, കരുത്തൻ, തേജസ്വി, ആരെയും മോഹിപ്പിക്കുന്നവൻ, ധീരൻ. കഥകളിലെ ഈ രാജകുമാരനെ എന്റെ മോൾടെ കൂടെക്കാണാനാണ് എന്റെ ആഗ്രഹം."

"കഥയിലേത് പോലെ ഗുണങ്ങളുള്ളോരൊന്നും ലോകത്തില്ല എന്റെ ഗ്രാനീ, റിയൽ ലൈഫിൽ."

"ആരുപറഞ്ഞു?"

മുത്തശ്ശി ചോദിച്ചു.

"നിന്നെപ്പോലെ ഒരു അപ്സരസുന്ദരിയുണ്ടെങ്കിൽ, സൽഗുണങ്ങളുള്ള ഒരു പെണ്ണുണ്ടെങ്കിൽ, ലോകത്തെവിടെയെങ്കിലും കാണും കുട്ടീ, ഈ ഗുണങ്ങൾക്കൊക്കെ അനുരൂപനായ ഒരു രാജകുമാരൻ."

"ഉം...മമ്മിയോട് ചോദിച്ചാലറിയാം ഗ്രാനീടെ രാജകുമാരീടെ സൽഗുണങ്ങൾ!"

ദിവ്യ ചിരിച്ചു.

"മമ്മിയെന്നെ ഹിറ്റ്ലിസ്റ്റിൽ ഇട്ടേക്കുവാ. സൽഗുണങ്ങളുടെ കൂടുതൽ കൊണ്ട്."

"ഇക്കാലത്തെ പെൺകുട്ടികളങ്ങനൊക്ക്യാ,"

മുത്തശ്ശി പറഞ്ഞു.

"കൊറച്ചൊക്കെ നെഷേധോം വെളച്ചിലും ഒക്കെ വേണം. അതാ അതിന്റെ ഒര് ചന്തം. അല്ലാതെപിന്നെ ഈ പ്രായത്തില് ഗംഗോത്രീലോ ഋഷികേശിലോ പോയി തപസ്സിരിക്കയാ വേണ്ടേ? നല്ല കാര്യായി."

സന്ധ്യ തുടങ്ങുകയായി.

നിലാവുദിച്ചു കഴിഞ്ഞു.

നദീതീരത്തെ വലിയ പാറക്കെട്ടുകളുടെ ചുവട്ടിൽ, മണൽപ്പുറത്ത്, മുത്തശ്ശിയോടോപ്പമിരുന്നു കഥകേൾക്കുകയായിരുന്നു ദിവ്യ.

എല്ലാ സായാഹ്നങ്ങളിലെയും പോലെ.

നദീതീരത്തിനപ്പുറത്ത് നാഗത്താൻ മലകളുടെ ശിഖരങ്ങൾ നിലാവിന്റെ നിറവിൽ.

മണൽപ്പുറത്തിന്റെ വിശാലതയിൽ, അവരുടെയടുത്ത് ഒരു ഓപൽ ആസ്ട്രാ പാർക്ക് ചെയ്തിരുന്നു.

നേർത്ത കാറ്റ് വീശുന്നുണ്ടായിരുന്നു.

മുത്തശ്ശി ഷാൾ കൊണ്ട് ചെവിയും മുടിയും മൂടി.

ദിവ്യ അവരുടെ മടിയിൽ കിടക്കുകയായിരുന്നു.

മുത്തശ്ശി അവളുടെ ഇടതൂർന്ന മുടികളിൽ വിരലോടിച്ചു.

അവളുടെ കവിളുകൾ പതിയെ തലോടി.

"ഗ്രാനിക്കേതായാലും ഒരു കഥ കൂടി എന്നോട് പറയേണ്ടിവരും,"

ദിവ്യ പറഞ്ഞു.

ആ കഥ ഗ്രാനിയിൽ നിന്ന് കേട്ടിട്ടേ ഉറങ്ങൂ എന്ന് തീർച്ചപ്പെടുത്തിയിട്ടാണ് ഞാനിന്ന് വന്നത് തന്നെ."

"ഏതു കഥയാ മോളെ?"

ദിവ്യ മുത്തശ്ശിയുടെ മടിയിൽ നിന്നെഴുന്നേറ്റു.

ക്ഷാത്രതേജസ്സുള്ള അവരുടെ വശ്യമായ മുഖത്തേക്ക് അവൾ പുഞ്ചിരിയോടെ നോക്കി.

പുഞ്ചിരി ക്ഷണം കൊണ്ട് മാറി.

കണ്ണുകൾ ഗൌരവമായി.

ദിവ്യ അവരുടെ കണ്ണുകളിലേക്ക് നോക്കി.

എന്നിട്ട് പറഞ്ഞു.

"എന്റെ കഥ,"

അവരുടെ മുഖത്ത് തീവ്രമായ ഒരു വികാരം നിറഞ്ഞു.

മാറിയ ഒരു ഭാവത്തോടെ അവർ ദിവ്യയെ നോക്കി.

"എന്താ ഗ്രാനീ ഇത്?"

അവൾ വിഷാദത്തോടെ ചോദിച്ചു.

"എല്ലാവരും എന്താ എന്നിൽ നിന്നും ഒളിക്കുന്നെ? ഡാഡീം മമ്മീം പറഞ്ഞു, ഗ്രാനിയോട് ചോദിച്ചാൽ പറഞ്ഞ് തരൂന്ന്. ഗ്രാനി എന്തായാലും ഇന്നത് പറഞ്ഞേ തീരൂ."

മുത്തശ്ശി അവളുടെ മുഖത്ത് നിന്ന് സ്ഫടികപ്പരപ്പിലേക്ക് മുഖം തിരിച്ചു.

നിലാവിൽ, പുഴയുടെ സ്വർണ്ണപ്പരപ്പിൽ അവർ ആരെയോ തേടുന്ന പോലെ ദിവ്യക്ക് തോന്നി.

പുഴയുടെ ആഴത്തിൽ നിന്ന് ആരെങ്കിലും വരുന്നുണ്ടോ?

അവർ പിന്നെ ദിവ്യയെ നോക്കി.

"നിനക്ക് ഞാൻ ഇന്നാ കഥ പറഞ്ഞു തരാം."

പുഴയുടെ മർമ്മരങ്ങൾക്കും മീതെ, നാഗത്താൻ മലയിൽനിന്നുള്ള സുഗന്ധിയായ കാറ്റിനും മീതെ, ഗ്രാനിയുടെ ശബ്ദത്തിന്റെ വികാര തീവ്രത ദിവ്യയെ സ്പർശിച്ചു.

"നിന്റെ കഥ,"

ഒരു നിമിഷം ആഴമേറിയ ഓർമ്മകളിലേക്ക് മുത്തശ്ശി പിൻവാങ്ങി.

അവരുടെ കണ്ണുകൾ ഓർമ്മയുടെ നുലിഴകളിൽ കുരുങ്ങുന്നത് ദിവ്യ കണ്ടു.

"ഒത്തിരി മുമ്പാണ്...നൂറ്റാണ്ടുകൾക്കും മുമ്പ്,"

കാറ്റ് ശാന്തമാകുന്നത് ദിവ്യ കണ്ടു.

കോബ്രാഹിൽസിന്റെ മലമുടികൾ നിശ്ചലമാകുന്നതും.

ഇപ്പോൾ കോബ്രാഹിൽസിന്റെ കൊടുമുടികളിൽ ആകാശം ചൂഴ്ന്നു നിൽക്കുന്ന മരങ്ങൾ ഉലയുന്നില്ല.

"നമ്മുടെ കോലോത്ത് ഒരു രാജകുമാരിയുണ്ടായിരുന്നു,"

ഏകാന്തതയുടെ സ്ഫാടികപ്പരപ്പിലേക്ക് ശബ്ദരേഖ വീണു.

"അവളുടെ പേര് കേൾക്കണോ മോൾക്ക്? ഋതുപർണ്ണ . അസ്സൽ ദേവസുന്ദരി. നിന്നെപ്പോലെ തന്നെ."

അവർ വീണ്ടും അവളുടെ മുഖം കൈകളിലെടുത്തു.

"കമ്പാരറ്റീവ് സ്റ്റഡിയൊക്കെ പിന്നെ. ഗ്രാനി കഥ തുടര്,"

"ഒരു യുവസന്ന്യാസിയും അദ്ധേഹത്തിന്റെ മഹാ തപസ്വിയായ അദ്ധേഹത്തിന്റെയച്ചനും നമ്മുടെ കൊട്ടാരത്തിൽ വന്നു. ഋതുപർണ്ണയുടെ അച്ചൻ തമ്പുരാൻ സന്യാസിയെയും അദ്ധേഹത്തിന്റെ മകനേയും യഥാവിധി ഉപചാരപൂർവ്വം കൊട്ടാരത്തിൽ താമസിപ്പിച്ചു."

ദിവ്യയുടെ കണ്ണുകളിലെ പ്രകാശം വർദ്ധിക്കുന്നത് മുത്തശ്ശി കണ്ടു.

"അതി സുന്ദരനായിരുന്നു യുവസന്ന്യാസി. തപോശക്തിയിൽ വസിഷ്ഠനും. പക്ഷെ കമ്പികുട്ടൻ.നെറ്റ്പറഞ്ഞിട്ടെന്താ? ഋതുപർണ്ണ അവനെ മോഹിച്ചു."

നിലാവും നക്ഷത്രങ്ങളും ലയിച്ചുചേർന്ന പുഴയുടെ സ്വർണ്ണപ്പരപ്പിൽ ദിവ്യയുടെ മുഖം വിവർണ്ണമാകുന്നത് മുത്തശ്ശി കണ്ടു.

"സ്വന്തം ജീവനെക്കാളേറെ അവൾ അവനെ സ്നേഹിച്ചു. അവൾ എല്ലായ്പ്പോഴും അവനെ പിന്തുടർന്നു. തന്റെ ഹൃദയരഹസ്യം അവൾ ധൈര്യപൂർവ്വം അവൾ അവനെ അറിയിച്ചു."

മുത്തശ്ശി പറയുന്ന കഥയിലെ സന്ദർഭങ്ങളും പാശ്ചാത്തലവും തന്റെ ഓർമ്മുടെ അതിരിൽ തെളിയുന്നതുപോലെ ദിവ്യക്ക് തോന്നി.

"മഹർഷികുമാരൻ അവളുടെ പ്രണയത്തെ ബാലിശമായ ഒരു മതിഭ്രമമായി കണ്ടു.ഋതുപർണ്ണയുമായുള്ള സമ്പർക്കം അവൻ മനപ്പൂർവ്വം ഒഴിവാക്കി. തിരസ്ക്കാരം പക്ഷെ ഋതുപർണ്ണയെ പിന്തിരിപ്പിച്ചില്ല. അവൾ കഠിനമായ വ്രതങ്ങൾ അനുഷ്ട്ടിക്കാൻ തുടങ്ങി. മഞ്ഞുറയുന്ന പ്രഭാതങ്ങളിലും ഗ്രീഷ്മ താപത്തിന്റെ കാഠിന്യത്തിലും ആഹാരവും ഉറക്കവും വെടിഞ്ഞ് അവൾ കഠിനവ്രതങ്ങളെടുത്തു."

കാലത്തിന്റെ ചില്ലുജാലകങ്ങൽക്കപ്പുറത്ത് ആ ദൃശ്യത്തിന്റെ നിഴലനക്കങ്ങൾ ദിവ്യ കണ്ടു.

മഹർഷി കുമാരന്റെ തപോവനം.

തണുത്തുറഞ്ഞ നദീജലത്തിൽ, ദീർഘവ്രതത്തിന്റെ തേജസ്സിൽ ഋതുപർണ്ണ.

"അവൻ തപോബലത്തിൽ വസിഷ്ഠനെ വെല്ലുന്നവൻ എതിർത്തു."

ദിവ്യയുടെ ഭാതീവ്രതയിലേക്ക് മുത്തശ്ശിയുടെ വാക്കുകൾ അടർന്നുവീണു.

"അതിനനുസരിച്ച് അവളുടെ വ്രതത്തിന്റെ കാഠിന്യമേറി. തന്റെ തപോമണ്ഡലത്തിന്റെ കോട്ടകൾ ദുർബ്ബലമാകുന്നത്പോലെ മഹർഷികുമാരന് തോന്നി. ഏകാഗ്രത നഷ്ട്ടപ്പെട്ട ഒരു നിമിഷത്തിൽ, ഇന്ദ്രശാപത്താൽ രാജവെമ്പാലയായി മാറിയ, നാഗത്താൻ മലയിലെ ഗന്ധർവ്വൻ അവന്റെ തപോവനത്തിലെത്തി. രാജവെമ്പാല മഹർഷികുമാരനെ ദംശിച്ചു. അവൻ പ്രജ്ഞയറ്റ് വീണു. ചികിത്സാവിധികളോ, മാന്ത്രിക താന്ത്രിക വിധികളോ മുനികുമാരന്റെ പ്രജ്ഞയെ തിരികെ കൊണ്ടുവന്നില്ല. ധനവും ഭൂമിയും വാഗ്ദാനം ചെയ്തെങ്കിലും കൊട്ടാരത്തിലെ ഭിഷഗ്വരർ അടക്കമുള്ള വൈദ്യന്മാർ പരാജയപ്പെട്ടു."

"ഗ്രാനീ, ഒര് മിനിറ്റ്,"

ദിവ്യ ഇടക്ക് കയറി.

"കൊട്ടാരത്തിലെ ലൈബ്രറീൽ ഋതുപർണ്ണ സംഹിത എന്ന ഗ്രന്ഥമെഴുതീതും ഈ രാജകുമാരി തന്നെയല്ലേ?"

"അതെ മോളെ,"

മുത്തശ്ശി പറഞ്ഞു.

"നീ കേൾക്ക്. സന്യാസിയായ പിതാവും രാജ പരിവാരങ്ങളും പൌരമുഖ്യൻമാരും മുനികുമാരന്റെ ശരീരത്തിന് മുമ്പിൽ ഉത്ക്കണ്ഠയോടെ കാത്തിരിക്കുമ്പോൾ, ഋതുപർണ്ണ നാഗത്താൻമലയിൽ പോയിരിക്കയായിരുന്നു. മുനികുമാരന്റെ മരണം കാത്ത് ഭയപ്പെട്ട് നിന്നിരുന്ന ആളുകളുടെ മദ്ധ്യത്തിലേക്ക് അവൾ കടന്ന് വന്നു. ആളുകൾ ഭയപ്പെട്ടു നോക്കുമ്പോൾ അവൾ നാഗമന്ത്രവും മൃത്യുഞ്ജയമന്ത്രവുമുപാസിച്ചു. അവൾ തലമുടിയിളക്കി, കണ്ണുകളിലേക്ക് വ്രതതീവ്രതയാവാഹിച്ച് പ്രാർഥിച്ചു. പെട്ടെന്ന് ദിക്കുകൾ ഇളകി. നാഗത്താൻ മലയിൽ നിന്നും കൊടുങ്കാറ്റുയർന്നു. കൊട്ടാരഭിത്തികളിലേക്ക് കൊടുങ്കാറ്റ് ഇരച്ചെത്തുമ്പോൾ ഭയന്ന് വിറച്ച കൊട്ടാരവാസികൾക്കിടയിലൂടെ രാജവെമ്പാല പ്രവേശിച്ചു. അവൻ ഋതുപർണ്ണയുടെയടുത്തെത്തി. ആജ്ഞ കാത്തിട്ടെന്നപോലെ അവൾക്ക് മുമ്പിൽ ഫണം വിടർത്തിനിന്നു."

മുത്തശ്ശിയുടെ വിവരണങ്ങളിൽ ധ്യാനലീനയായിരിക്കുകയാണ് ദിവ്യ.

കോബ്രാഹിൽസിന്റെ ഏകാന്തതയുടെയും ശാന്തതയുടെയും നിശ്ചലതയുടെയും ആഴം വർദ്ധിച്ചു.

പ്രപഞ്ചം മുഴുവനും ശ്വാസരഹിതമായെന്ന് ദിവ്യക്ക് തോന്നി.

"മഹർഷികുമാരനിൽ നിന്ന് വിഷം തിരികെയെടുക്കൂ..."

ഋതുപർണ്ണ ക്ഷാത്ര വീര്യത്തോടെ ആജ്ഞാപിച്ചു.

"രക്തത്തിൽ നിന്ന്, ധമനികളിൽ നിന്ന്, മജ്ജയിൽ നിന്ന്, വിഷത്തിന്റെ സൂക്ഷ്മ സാന്നിധ്യം പോലും നിർവ്വീര്യമാക്കൂ,"

രാജവെമ്പാല താൻ ദംശിച്ച ഭാഗത്ത്, മുനികുമാരന്റെ കണങ്കാലിൽ ഫണം ചേർത്തു. നിമിഷങ്ങൾ കഴിഞ്ഞപ്പോൾ, രാജപരിവാരങ്ങളും സന്യാസിയായ അച്ഛനും പൌരമുഖ്യൻമാരും നോക്കിനിൽക്കുമ്പോൾ, മഹർഷികുമാരൻ പതിയെ പതിയെ അനങ്ങുവാൻ തുടങ്ങി. കന്നിമകളും കൈവിരലുകളും. പിന്നെയും അൽപ്പ നിമിഷങ്ങൾ കഴിഞ്ഞ് അവൻ കണ്ണുകൾ തുറന്ന് എല്ലാവരെയും നോക്കി..."

ദിവ്യയുടെ മുഖത്ത് ദീപ്തമായ ഒരനുഭൂതി നിറഞ്ഞു.

അവൾ മുത്തശ്ശിയുടെ മുഖത്തുനിന്നും നോട്ടം പിൻവലിച്ചു.

പുഴയുടെ നിശ്ചലനിശബ്ദതയിലേക്കും നിധികാക്കുന്ന രാജവെമ്പാലയുടെ സാമ്രാജ്യമായ കോബ്രാഹിൽസിലേക്കും അവൾ നോക്കി.

നിലാവിന്റെ കാന്തികതയേറി.

മണൽപ്പുറം സ്വർണ്ണനിറം കൊണ്ട് ദീപ്തമായി.

കാഴ്ച്ചയുടെ അതിരുകൾ നിറയെ തീവ്രനിശ്ചലത വീണ്ടും തളംകെട്ടി.

"അത് പുതിയ ഒരു സംഭവത്തിന്റെ തുടക്കമായിരുന്നു. ഋതുപർണ്ണയുടെ വിജയത്തിന്റെ. അവളുടെ കാമമോഹിതമായ രൂപത്തിൽ, അവളുടെ പാതിവ്രത്യത്തിൽ, അവളുടെ വ്രതശുദ്ധിയിൽ അവന്റെ ഇന്ദ്രിയങ്ങൾ നിറഞ്ഞു. ഈ പുഴയുടെ മണൽത്തിട്ടിൽ, നഗത്താൻമലയുടെ ഒതുക്കുകളിൽ, രാജവെമ്പാലയുടെ ചൂര് നിറഞ്ഞ കാനന ഭംഗിയിൽ ഒരാത്മാവും ഹൃദയവും ശരീരവുമായി അവർ സ്നേഹിച്ചു..."

ദിവ്യയുടെ നീൾമിഴികൾ വിവരണത്തിന്റെ മാന്ത്രികഭംഗിയിൽ തരളമായി.

തന്റെ മുലക്കണ്ണുകൾ തുടിച്ചുയർന്നോ?

ദേഹമാസകലം പ്രണയോന്മാദം തപിക്കുന്നോ?

മണൽപ്പുറത്തിന്റെ വിശാലതയിലേക്കവൾ നോക്കി.

ഋതുപർണ്ണയുടെ ചിലമ്പോലിക്ക് അവൾ കാതോർത്തു.

"ഇന്ന് ക്രിസ്ത്യാനികളുടെ പള്ളിയിരിക്കുന്ന സ്ഥലമില്ലേ? നിന്റെ മുത്തച്ഛൻ തമ്പുരാൻ ദാനമായി നല്കിയതാണത്. അവിടെയായിരുന്നു മഹർഷികുമാരന്റെ തപോവനവും ആശ്രമവും. കുമാരന്റെ ആകാൻ നാഗത്താൻമലയുടെ ഏതോ കാനനദുർഗ്ഗത്തിൽ തപസ്സനുഷ്ഠിച്ചുപോന്നു. രാജകുമാരി എന്നും തപോവനത്തിലെത്തുമായിരുന്നു. അവന് വേണ്ടി പുതുപുഷ്പങ്ങളും പഴങ്ങളും തേനും കൊണ്ട്. മഹർഷികുമാരന്റെ ഏറ്റവും ചെറിയ കാര്യങ്ങളിൽപ്പോലും അവൾ ശ്രദ്ധകൊടുത്തിരുന്നു. ഋതുപർണ്ണയുടെ മനസ്സിൽ അവൻ മാത്രമേയുണ്ടായിരുന്നുള്ളൂ...പക്ഷെ.."

ഒരു ദുരന്തം മുമ്പിൽ കണ്ടിട്ടെന്നപോലെ മുത്തശ്ശിയുടെ ഭാവം മാറി.

സ്വരവും.

ഒരു നിമിഷം അവർ ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കി.

നിർന്നിമേഷയായി നിമിഷങ്ങളോളം അവർ നക്ഷത്രങ്ങളെ തിരഞ്ഞു.

"പക്ഷേ...?"

ദിവ്യ ചോദിച്ചു.

അവളിൽ ആകാംക്ഷയേറി.

"എന്താ ഗ്രാനീ?"

തങ്ങളുടെ ബന്ധം രഹസ്യമായിവെക്കാനാവില്ലന്ന് ഋഷികുമാരൻ മനസ്സിലാക്കി.

മുത്തശ്ശി തുടർന്നു.

"ഋതുപർണ്ണയുടെ അച്ഛൻതമ്പുരാനോട് തങ്ങളുടെ ബന്ധത്തെപ്പറ്റി തുറന്നുപറയാൻ അവൻ തീരുമാനിച്ചു."

മുത്തശ്ശി വീണ്ടും ദീർഘ മൌനത്തിലേക്ക്.

വേദനയും ദുഖവും സമ്മിശ്രമാക്കിയ അവരുടെ മുഖത്തേക്ക് ദിവ്യ ഉറ്റുനോക്കി.

"എന്നിട്ട്? എന്നിട്ട് എന്ത് പറ്റി ഗ്രാനീ?"

"അച്ഛൻ തമ്പുരാൻ വിവരമറിഞ്ഞു. പിറ്റേ ദിവസം, ദാ അവിടെ..."

മുത്തശ്ശി പുഴയുടെ മരുതീരത്തേക്ക് വിരൽ ചൂണ്ടി.

അവിടെ, ആകാശത്തിന്റെ ഒരു കോണിലെ എകാന്തയായ നക്ഷത്രം പ്രതിഫലിച്ചിരുന്നു.

"അവിടെ മുനികുമാരന്റെ കഴുത്ത് പിളർന്ന ശരീരം കാണപ്പെട്ടു."

തന്റെ ഉള്ള് വിറയ്ക്കുന്നത് ദിവ്യ അറിഞ്ഞു.

"വെള്ളത്തിൽ... മുനികുമാരന്റെ നിലവിളിയിൽ തപസ്സുണർന്ന മഹർഷി പിതാവ് ആരണ്യദുർഗ്ഗത്തിൽ നിന്ന് കുതിച്ചെത്തി. ചോരയിൽ പൊതിഞ്ഞ മകന്റെ ശരീരം കെട്ടിപ്പിടിച്ച്, ഹൃദയം നൊന്ത് വിലപിച്ചു, അദ്ധേഹം. മൃതശരീരം കയ്യിലെടുത്തു. ഋതുപർണ്ണയുടെ അച്ഛന്റെ മുമ്പിലെത്തി. ശാപാഗ്നിയുടെ വാക്കുകളോടെ അദ്ധേഹം അലറി:

"നിന്റെ വംശത്തിൽ ഒരു പെൺകുട്ടി പിറക്കാതെ പോകട്ടെ! എന്റെ ശാപത്തെ ഭേദിച്ച് ഈ വംശത്തിൽ ഒരു പെൺകുട്ടി പിറന്നാൽ അവളെ വേൾക്കാൻ ഉയിരെടുത്ത് എന്റെ മകൻ തിരിച്ചുവരും!"

അൽപ്പ സമയത്തേക്ക് മുത്തശ്ശി നിശബ്ദയായി.

'ഗ്രാനീ, ഋതുപർണ്ണയ്ക്കെന്തു പറ്റി?"

കഥയുടെ താപം സ്വരത്തിലലിയിച്ച് ദിവ്യ ചോദിച്ചു.

"അന്ന് രാത്രി..."

മുത്തശ്ശി വിവരണത്തിലേക്ക് മടങ്ങിയെത്തി.

"അന്ന് രാത്രി കൊട്ടാരത്തിന്റെ തടവ് ഭേദിച്ച് അവൾ ഈ നദിക്കരയിലേക്ക് ഓടിവന്നു. തന്റെ ഹൃദയവും രക്തവും പ്രാണനും നദിയുടെ ആഴത്തിലേക്കെറിഞ്ഞുകൊടുത്ത് അവൾ ഇറങ്ങിപ്പോയി. താഴേക്ക് ...താഴേക്ക്..."

ദിവ്യ വീണ്ടും മരുതീരത്തേക്ക് നോക്കി.

മഹർഷികുമാരൻ രാജകൊപത്തിനിരയായി പ്രാണൻ പൊളിഞ്ഞ സ്ഥലം.

സ്വർഗ്ഗത്തിലെ തപോവനത്തിൽ, തന്നെ കാത്തിരിക്കുന്ന പ്രണയഭാജനത്തിനു വേണ്ടി നവനീതങ്ങളുമായി ഋതുപർണ്ണ നടന്നു പോയ സ്ഥലം.

തന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയത് ദിവ്യ അറിഞ്ഞു.

"നിലാവെളിച്ചത്തിൽ ഓളങ്ങൾ വെട്ടിത്തിളങ്ങുമ്പോൾ സംഭ്രമിച്ചോടിയെത്തിയവരുടെ മുമ്പിൽ ഋതുപർണ്ണയുടെ ജഡം ആകാശത്തിലെ ഒരു ഒറ്റ നക്ഷത്രത്തെ നോക്കിക്കിടന്നു."

"എന്റെ ഗ്രാനീ,"

പെട്ടെന്നുണ്ടായ ഒരു വികാരത്തള്ളിച്ചയിൽ അവൾ മുത്തശ്ശിയെ വിളിച്ചു.

പിന്നെ മുഖം അവരുടെ മാറോടു ചേർത്തു.

മുത്തശ്ശിയ്ക്ക് അദ്ഭുതം തോന്നി.

അവർ അവളുടെ മുഖം പിടിച്ചുയർത്തി.

അവളുടെ കണ്ണുകൾ നിരഞ്ഞിരിക്കുന്നതും ചുണ്ടുകൾ വിതുമ്പുന്നതും അവർ കണ്ടു.

"ഈ കുട്ടി എന്ത് ഭ്രാന്താ ഈ കാണിക്കണേ?"

അവർ ചോദിച്ചു.

"ഒര് കഥയല്ലേ മോളെ അത്? അത്ന് കരയ്യാ വേണ്ടേ?"

"പിന്നെന്താ ഉണ്ടായേ? ഗ്രാനി അത് പറയു,"

ഗൌരവമായ ഒരു നിശബ്ദതയായിരുന്നു മുത്തശ്ശിയുടെ പ്രതികരണം, നിമിഷങ്ങളോളം.

'പിന്നെ സൂര്യ വംശത്തിൽ ഒരു പെൺകുട്ടിയുണ്ടായില്ല,"

മുത്തശ്ശി നിശബ്ദത കൈവെടിഞ്ഞു.

"വംശോല്പ്പത്തി മുതൽ നമ്മൾ നടത്തുന്ന ഒരു യാഗമുണ്ട്. പന്ത്രണ്ട് വർഷത്തിലൊരിക്കൽ നടത്തപ്പെടുന്നത്. ഒരു മഹാ ഉത്സവം പോലെ ആഘോഷിക്കപ്പെടുന്നത്ക;മ്പി'കു;ട്ട'ൻ;നെ;റ്റ്വംശത്തിലെ കന്യകയായ രാജകുമാരിയെ ശക്തിസ്വരൂപിണിയായി അവരോധിച്ചാണ് ആ യാഗം

നടത്തപ്പെടുക. എന്ന് വെച്ചാൽ പെൺകുട്ടിയാണ് സൂര്യവംശത്തിന്റെ ഐശ്വര്യം. ഋതുപർണ്ണയുടെ മരണത്തോടെ ആ യാഗം തടസ്സപ്പെട്ടു. പിന്നെ..."

മുത്തശ്ശി അവളുടെ കണ്ണുകളിലേക്ക് നോക്കി.

"പിന്നെ നൂറ്റാണ്ടുകൾക്ക് ശേഷം ആ യാഗം പുനരാരംഭിച്ചത് പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പാണ്. മോൾക്ക് അഞ്ചു വയസ്സുള്ളപ്പോൾ."

"ഗ്രാനീ ....??"

ദിവ്യ അവിശ്വസനീയതയോടെ മുത്തശ്ശിയെ നോക്കി.

"അതെ മോളെ..."

അവർ വീണ്ടും അവളുടെ മുഖം കൈയിലെടുത്തു.

"ഋതുപർണ്ണയ്ക്ക് ശേഷം നമ്മുടെ വംശത്തിൽപ്പിറന്ന ആദ്യത്തെ പെൺകുട്ടി നീയാണ്!"

"ഞാൻ!!!"

അദ്ഭുതത്തേക്കാളേറെ സംഭ്രമമാണ് അവളുടെ വിളിയിൽ നിറഞ്ഞുനിന്നത്.

അത് മുത്തശ്ശി ശ്രദ്ധിച്ചു.

"ഈശ്വരാ..."

അവൾ മന്ത്രിക്കുന്നത് അവർ കേട്ടു.

പെട്ടെന്ന് ഒരു കുസൃതിയും കൌതുകവും അവളുടെ മുഖത്ത് ഓളം വെട്ടുന്നത് അവർ കണ്ടു.

"ഇതൊക്കെ വെറും കഥകൾ മാത്രാന്നല്ലേ ഗ്രാനി പറഞ്ഞെ?"

"അങ്ങനെ ചോദിച്ചാൽ...അതെ ഞാൻ തന്നെയാണ് മോളോട് അത് പറഞ്ഞത് ...മോൾ മുമ്പേ കരഞ്ഞപ്പോൾ...പക്ഷെ ..."

അവർ ഒരു നിമിഷം നിർത്തി.

കോബ്രാഹിൽസിലേക്ക് നോക്കി.

"കൊട്ടാരത്തില് ഗ്രന്ഥപ്പൊരേല് നിറം മങ്ങാത്ത താളിയോലക്കെട്ടുകൾ അനവധിണ്ട്.."

അവർ തുടർന്നു.

"സംസ്കൃതത്തിലും ചെന്തമിഴിലും എഴുതീത്. ഒന്നെടുത്ത് മറിച്ച് നോക്കൂ. വംശാവലിപ്പട്ടിക കാണാം മോൾക്കതിൽ. പക്ഷെ ഋതുപർണ്ണയ്ക്ക് ശേഷം മറ്റൊരു പെൺകുട്ടിയുടെ പേര് മോൾക്കതിൽ കാണാൻ കഴിയില്ല."

മുത്തശ്ശി ഓരോ വക്കുച്ചരിക്കുമ്പോഴും തന്നിൽ അകാരണമായ ഒരു ഭയം നിറയുന്നത് ദിവ്യ അറിഞ്ഞു.

എങ്കിലും അവൾ സ്വയം ശാസിച്ചു.

ബീ ബോൾഡ്. ഇതെല്ലം കെട്ടുകഥ. ഋതുപർണ്ണ പുനർജ്ജനിക്കും പോലും!

അസംബന്ധം! ഹും!

"ആശ്വിന മാസത്തിലെ പൌർണ്ണമിയിലാണ് ഋതുപർണ്ണയും ഋഷികുമാരനും മരിച്ചത്. അന്നവൾക്ക് പതിനെട്ട് തികഞ്ഞ ദിവസായിരുന്നു. ഇത് ആശ്വിനമാസം. ഇന്ന് തുടങ്ങി മൂന്നാമത്തെ ദിവസം പൌർണ്ണമിയാണ്."

ദിവ്യയുടെ സംഭ്രമത്തിലേക്ക് മുത്തശ്ശിയുടെ വാക്കുകൾ ചിതറിവീണു.

"അന്ന് നിന്റെ പിറന്നാളാണ്. പതിനെട്ടാം പിറന്നാൾ!"

വിസ്മയവും സംഭ്രമവും ഉച്ചസ്ഥായിയിലേക്ക് കുതിക്കുന്നത് അവൾ അറിഞ്ഞു.

താരതമ്യങ്ങളൊക്കെ ഒന്നിനൊന്ന് പൊരുത്തപ്പെട്ടു വരികയാണ്.

അതിനർഥം ഇനിയും ചില പൊരുത്തങ്ങൾ സംഭവിക്കുമെന്നോ?

നെവർ!

അവൾ വീണ്ടും സ്വയം ശാസിച്ചു.

തലമുറകളിലൂടെ പാതിപ്പതിഞ്ഞ പുരാവൃത്തത്തിന്റെ നിഴലല്ല താൻ!

"നാളെ കഴിഞ്ഞ് പൌർണ്ണമി രാത്രീൽ ആ മഹർഷികുമാരൻ വീണ്ടും വരൂന്ന് ഗ്രാനി കരുതുന്നുണ്ടോ?"

ദിവ്യ മന്ദഹാസത്തോടെ ചോദിച്ചു.

"അതൊക്കെ ഈശ്വരന്മാരുടെ കൈയിലിരിക്കണ കാര്യങ്ങളാ കുട്ട്യേ,"

മുത്തശ്ശി പറഞ്ഞു.

"ഈശ്വരൻ അറിയാതെ ആരും വരില്ല, പൂവും ചെയ്യില്ല്യ,"

"ഏതായാലും നാളെ കഴിഞ്ഞ് വരണം ഇവിടെ,"

ദിവ്യ പറഞ്ഞു.

തന്റെ സ്വരത്തിൽ ഒരു വെല്ലുവിളിയടങ്ങിയിട്ടുണ്ടോ എന്ന് അവൾ സംശയിച്ചു.

"ഋഷികുമാരനെ കാണാൻ തിടുക്കായീ, അല്ലേ?"

മുത്തശ്ശി ചിരിച്ചു.

"പിന്നില്ല്യേ,"

ദിവ്യയും ചിരിച്ചു.

"കമണ്ഡലൂം ചൊമന്ന്, കഞ്ചാവും വലിച്ച്, മെതിയടി ധരിച്ച്, ഉണ്ണിക്കുടവയറും താങ്ങി മാന്യശ്രീ വിശ്വാമിത്രൻ പുഷ്പകവിമാനമിറങ്ങുമ്പോൾത്തന്നെ എതിരേൽക്കണം നമ്മൾ. പറ്റൂങ്കിൽ ആചാരവെടീം ഒരുക്കണം. എന്റെ ഈശ്വരാ, ദിഗംബരനാകാതിരുന്നാ മതിയേരുന്ന്. കാര്യം രാജകുമാരിയാണേലും അതൊന്നും കാണാനുള്ള ധൈര്യമൊന്നും ഈയുള്ളോൾക്കില്ലേ!"

വിശ്വസിക്കാൻ ദിവ്യയുടെ മനസ്സ് വിസമ്മതിച്ചെങ്കിലും മുത്തശ്ശി വിവരിച്ച സംഭവങ്ങൾ അവളുടെ മനസ്സിനെ ആഴത്തിൽ സ്വാധീനിക്കുക തന്നെ ചെയ്തു.

ഇതിലും വിചിത്രവും അസാധാരണവുമായ സംഭവങ്ങൾ തങ്ങളുടെ കുടുംബത്തിൽ നടന്നിട്ടുള്ളത് അവൾ ഓർത്തു.

അവയൊക്കെ വിവരിക്കപ്പെട്ടപ്പോൾ കേട്ട് ആസ്വദിച്ചതല്ലാതെ ഒരനുഭൂതിയായി, അനുഭവമായി, മനസ്സിനെ തോട്ടിരുന്നില്ല.

എന്നാൽ ഈ കഥ അങ്ങനെയല്ല.

ഇത് തന്റെ ഇന്ദ്രിയങ്ങളിൽ മാത്രമല്ല, ബോധത്തിൽ കൂടി നിറഞ്ഞിരിക്കുന്നു.

സമീപത്തു തന്നെ ഋതുപർണ്ണ നിൽക്കുന്നതുപോലെ തോന്നുന്നു.

ദൂരെ കോബ്രാഹിൽസിൽ നിന്ന് മഹർഷി പിതാവ് ഇറങ്ങി വരുന്നതുപോലെ.

വിഷം തിരികെയെടുക്കാൻ രാജവെമ്പാല കാട്ടുപാതയുടെ നിഴലുകളിൽ നിന്ന് പുറപ്പെടുന്നു.

പ്രണയത്തിന്റെ പ്രതിരോധത്തിന് മുമ്പിൽ മാന്ത്രിക ശക്തിയുള്ള കണ്ണുകളോടെ യുവതപസ്വി ഋതുപർണ്ണയെ നോക്കുന്നു.

"ഗ്രാനീ, ആ മുനികുമാരന്റെ പേരെന്തായിരുന്നു?"

കോബ്രാഹിൽസിൽത്തന്നെ മിഴികലുറപ്പിച്ച് അവൾ ചോദിച്ചു.

മുത്തശ്ശിയിൽ നിന്ന് മറുപടി കിട്ടാതെ വന്നപ്പോൾ അവൾ അവരെ നോക്കി.

"പാറയൊതുക്കിൽ ചാരിയിരിക്കയായിരുന്ന മുത്തശ്ശി ഉറങ്ങാൻ തുടങ്ങി എന്ന് ദിവ്യ കണ്ടു.

അവളും അവരുടെ മാറിടത്തിൽ മുഖമമർത്തി ചാരിക്കിടന്നു.

ഋതുപർണ്ണയേയും ഋഷികുമാരനേയും അവരുടെ ദുരന്തത്തേയും ഓർത്തോർത്ത് അവളും അവസാനം ഉറങ്ങി.

* * * * * * * * * *

പതിനൊന്ന് മണിക്ക് മുമ്പ് രാജശേഖരവർമ്മ ഒരിക്കലും ഉറങ്ങാറില്ല.

അത്താഴത്തിന് ശേഷമുള്ള പ്രധാന പരിപാടി വായനയാണ്.

തന്റെ പൂർവ്വികർ തദ്ദേശ സാഹിത്യവും കലകളും വളർത്തുന്നതിൽ അതീവ ശ്രദ്ധാലുക്കളായിരുന്നുവെന്ന് അദ്ധേഹത്തിനറിയാമായിരുന്നു.

താൻ സ്വയം തന്നെ നല്ല ഒരു കലാസ്വാദകനും സാഹിത്യപ്രേമിയുമായിരുന്നു.

അവയൊക്കെ ഇപ്പോൾ വായനയിൽ മാത്രം ഒതുങ്ങിയിരിക്കുന്നു.

അതിന് പോലും സമയം കിട്ടാറില്ലെന്നതാണ് വാസ്തവം.

നിശാവസ്ത്രത്തിൽ, കിടക്കയിൽ ചാരിക്കിടന്ന്, വായനയുടെ ആഴത്തിൽ പരിസരം മറന്നിരിക്കയായിരുന്ന ഭർത്താവിനെ ഗായത്രിദേവി നോക്കി.

അവർ അദ്ധേഹത്തിന്റെയടുത്തു വന്നു.

രാജശേഖരവർമ്മ കണ്ണുകൾ പറിച്ച് ചോദ്യരൂപത്തിൽ അവരെ നോക്കി.

"മതി വായിച്ചത്,"

അദ്ധേഹത്തിന്റെ കൈയിൽ നിന്ന് പുസ്തകം വാങ്ങി മേശപ്പുറത്ത് വെച്ചു.

അദ്ദേഹം വാത്സല്യപൂർവ്വം അവരെ തന്നിലേക്കടുപ്പിച്ചു.

ഗായത്രിദേവി തന്റെ മുഖം അദ്ധേഹത്തിന്റെ നെഞ്ചിലമർത്തി.

നൈറ്റ് ഗൌണിനുള്ളിലെ മാർദവമുള്ള തന്റെ ശരീരം അദ്ധേഹത്തോട് ചേർത്ത് പറ്റിക്കിടന്നു.

"എന്തായിരുന്നു, മഹാറാണിയുടെ ആലോചന? വായനക്കിടെലും ഞാനത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു,"

"എനിക്ക്..."

അദ്ധേഹത്തിന്റെ നെഞ്ചിൽ അമർന്നിരുന്ന മുഖം ഉയർത്തി അദ്ധേഹത്തിന് അഭിമുഖമായി ഇരുന്നുകൊണ്ട് അവർ പറഞ്ഞു.

"...എനിക്ക് ഭയം തോന്നുന്നു,""എന്തിനാണാവോ?"

"മോളെ ഓർത്ത്."

"അതെന്താ ഇപ്പോ മോളെ ഓർത്ത് ഒര് ഭയം?"

"അവൾക്കിപ്പോ പതിനേഴ് വയസ്സ് പൂർത്തിയാകുന്നു. തപസ്വിയുടെ ശാപത്തിന് ശേഷമുണ്ടായ ആദ്യത്തെ പെണ്ണ്. അതിപ്പോ ...."

"എന്റെ ഗായത്രി ..."

അദ്ദേഹം കിടക്കയിൽ നിന്നും എഴുന്നേറ്റു.

"ഗ്രന്ഥപ്പൊരേലെ താളിയോലകളിൽ അങ്ങനെ ചെലതൊക്കെ ഞാനും വായിച്ചിട്ടുണ്ട്. അതൊക്കെ ഒരു കഥയായി അങ്ങ് കരുത്ക. പഠിപ്പും അറിവും ഒക്കെ ഇല്ലേ, നെനക്ക്?"

"ഈശ്വര നിശ്ചയത്തിനപ്പുറത്ത് വരൂല്ലല്ലോ പഠിപ്പും അറിവും ഒക്കെ?"

ഗായത്രിദേവി ചോദിച്ചു.

രാജശേഖരവർമ്മ മന്ദഹസിക്കാൻ ശ്രമിച്ചു.

ഏതാനും നിമിഷങ്ങളുടെ നിശബ്ദത അവർക്കിടയിൽ നിറഞ്ഞു.

"വേറെ ചെലത് കൂടി മനസ്സിലുണ്ട് എന്ന് തോന്നണു,"

അവരുടെ നിശബ്ദത ശ്രദ്ധിച്ച് അദ്ധേഹം പറഞ്ഞു.

അവർ അദ്ധേഹത്തെ സംശയത്തോടെ നോക്കി.

"എനിക്കൊരു കാര്യം കൂടി പായാനൊണ്ടാരുന്നു. കൊറേ നാളുകളായി ആലോചിക്കുന്നതാണ്,"

അദ്ധേഹം അവരുടെ അടുത്ത് വന്നിരുന്നു.

തോളിൽ കൈത്തലമമർത്തി.

"പറയു,"

"മഹാമൃത്യുഞ്ജയ യാഗം നടത്തണം,"

തന്റെ തോളിൽ അമർന്നിരുന്ന കൈത്തലത്തിൽ പിടിച്ചുകൊണ്ട് അവർ പറഞ്ഞു.

"ഇപ്രാവശ്യം അത് ഇത് വരെ നടന്നിട്ടുള്ളതിൽ വെച്ച് ഏറ്റവും ഭംഗിയായി നടത്തണം."

"ഞാനും ആലോചിക്കായ്കയല്ല ഗായത്രീ,"

അദ്ധേഹം പറഞ്ഞു.

"എന്തൊക്കെയോ അരുതായ്മകൾ ഈയിടെയായി എനിക്കും തോന്നാറുണ്ട്. രോഹിത് നമ്മളെ ചതിച്ചു. കോബ്രാഹിൽസിൽ വെച്ച് അവൻ കൊല്ലപ്പെട്ടു. നാലഞ്ച് പ്രാവശ്യം മോൾക്ക് ആക്സിഡന്റ് ഉണ്ടായി. ഇതൊക്കെ എന്നെയും ചഞ്ചലപ്പെടുത്താറുണ്ട്."

ഗായത്രിദേവിയുടെ മുഖത്ത് നേരിയ സംഭ്രമം പടർന്നു.

"നാളെത്തന്നെ ഉജ്ജയിനിയിൽ പോകണം."

അവർ പറഞ്ഞു.

"ഗുരുജി ദേവനാരായണനെ കാണണം. യാഗത്തിന്റെ മുഹൂർത്തവും മറ്റും നിശ്ചയിച്ചിട്ട് വരണം."

അവർ വീണ്ടും അസ്വസ്ഥമായ ചിന്തകളോടെ ഭർത്താവിനെ നോക്കി.

"എനിക്കൊരു സ്വസ്ഥതേം ഇല്ല."

അവർ പറഞ്ഞു.

"മോളെ ഞാൻ ഇടയ്ക്കിടെ സ്വപ്നം കാണുന്നു. അവളുടെ പിറകെ ആപത്തുകൾ ഉണ്ട്. പകല് മുഴുവൻ അവൾ അവിടെയും ഇവിടെയും അലഞ്ഞ് നടക്കുമ്പം എനിക്ക് ആധിയാണ്. കോലോത്ത് മോൾ തിരിച്ചെത്തുമ്പോൾ ആണ് ഒര് സമാധാനമുണ്ടാകുന്നത്. മോൾക്കെന്തെങ്കിലും സംഭവിച്ചാൽ പിന്നെ ഞാൻ..."

കണ്ണുകൾ നിറഞ്ഞൊഴുകുവാൻ തുടങ്ങിയപ്പോൾ അവർ നിർത്തി.

അത് കണ്ട് അദ്ധേഹവും വികാരഭരിതനായി.

അവരുടെ മുഖം അദ്ധേഹം കൈയിലെടുത്തു.

"എന്തായിത് ഗായത്രീ?"

അദ്ദേഹം ചോദിച്ചു.

"മോൾക്ക് ഒന്നും സംഭവിക്കില്ല. നിന്റെ പ്രാർത്ഥനയ്ക്കും വ്യതത്തിനും ഒന്നും ഒരു വിലേമില്ലേ? സമാധാനിക്ക് ഞാൻ നാളെത്തന്നെ ഉജ്ജയിനിയ്ക്ക് തിരിക്യാണ്"

നാലാമത്തെ അദ്ധ്യായം കഴിഞ്ഞയുടൻ തയ്യാറാക്കിയതാണ് ഇത്. ഏകദേശം രണ്ടാഴ്ചമുമ്പ് തന്നെ. ഇത് വരെയും അയക്കാതിരുന്നതിന് ഒരു കാരണമുണ്ട്. കോബ്രാഹിൽസിന്റെ "യമുന" എന്ന വായനക്കാരി നാലാം അധ്യായത്തിന് ഒരു കമന്റ്റ് എഴുതി. ഹരികൃഷ്ണൻ പി ടി ആർ എന്നയാൾ അയാളുടെ ഫെയ്സ് ബുക്ക് പെയ്ജിൽ ഈ കഥ അയാളുടെയാണ് എന്ന പേരിൽ ഇട്ടിരിക്കുന്നു.
പോൺ അയാലും അല്ലെങ്കിലും ഒരു കഥയെഴുതുന്നതിന്റെ വിഷമം എല്ലാവർക്കും അറിയാം. എഴുതുന്നയാൾക്കും വായിക്കുന്നയാൾക്കും. അത് ഒരു ഉളുപ്പുമില്ലാതെ മറ്റൊരാൾ അയാളുടെ കഥയാണ് എന്ന മട്ടിൽ മോഷ്ടിച്ചിടുമ്പോൾ, തീർച്ചയായും മനപ്രയാസമുണ്ടാക്കുന്ന കാര്യമാണ്. ഈ അദ്ധ്യായം ഇടാൻ കാരണം അർജ്ജുൻ അടക്കമുള്ള പല സുഹൃത്തുക്കളും ആവേശപൂർണ്ണമായ ഒരു വരവേൽപ്പ് തന്നത് കൊണ്ടാണ്. അവരുടെ കാത്തിരിപ്പിനെ പരിഹസിക്കാൻ ഇഷ്ടമല്ല.
അഡ്മിൻ - എഡിറ്റെഴ്സിനോട് ഒരു അപേക്ഷ. യമുന ആ ഐ ഡി ആരുടെതെന്ന് വെളിപ്പെടുത്തിയോ? അതിനെക്കുറിച്ച് എന്തെങ്കിലും വിവരം കിട്ടുകയുണ്ടായോ?

* * * * * *

ഷിപ്രാ നദീതീരത്താണ് പുണ്യനഗരമായ ഉജ്ജയിനി സ്ഥിതി ചെയ്യുന്നത്.
മൌര്യ ഗുപ്ത രാജവംശങ്ങളുടെ ചരിത്രവുമായി ബന്ധപെട്ട ഉജ്ജയിനിയുടെ ഏറ്റവും പ്രധാന ആകർഷണങ്ങളിലിലൊന്ന് മഹാകാളെശ്വര ക്ഷേത്രമാണ്.
മഹാകാളേശ്വര ക്ഷേത്രത്തിന്റെ സമീപത്താണ് രാജ്യാന്തരപ്രശസ്തി നേടിയ അഖണ്ഡജ്യോതി ആശ്രമം സ്ഥിതി ചെയ്യുന്നത്.
ഗോശാലകളും വൃദ്ധമന്ദിരങ്ങളും അനാഥശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നിറഞ്ഞ വിവിധ സംരംഭങ്ങളുടെ കേന്ദ്രം കൂടിയായിരുന്നു ആഖണ്ഡജ്യോതി ആശ്രമം.
മഹർഷി ദേവനാരായണനായിരുന്നു ആശ്രമത്തിന്റെയധിപൻ.
ആത്മീയ പ്രഭാഷണങ്ങളും സാമൂഹ്യപ്രവർത്തനങ്ങളും മഹർഷി ദേവനാരായണനെ തിരക്കുള്ള ഒരു ആത്മീയാചാര്യനാക്കിയിരുന്നു.
എങ്കിലും എത്ര തിരക്കിനിടയിലും അദ്ധേഹം സന്ദർശകരെ മുഷിപ്പിക്കാരില്ല.
അവരുടെ ആത്മീയാവശ്യങ്ങൾ പരിഹരിക്കുന്നതിൽ അദ്ധേഹം ഇപ്പോഴും തീവ്രശുഷ്ക്കാന്തി കാണിച്ചിരുന്നു.
അന്നും അദ്ധേഹത്തിന് ഒരു വിശിഷ്ഠവ്യക്തി സന്ദർശകനായുണ്ടായിരുന്നു.
കേരളീയനായ വ്യവസായി രാജശേഖരവർമ്മ.
കൂടിക്കാഴ്ച്ച അദ്ധേഹത്തിന്റെ ആശ്രമത്തിലെ ലൈബ്രറിയിൽ വെച്ചായിരുന്നു.

രാജശേഖരവർമ്മ മഹർഷി ദേവനാരായണന്റെ മുഖത്തേക്ക് ഉറ്റുനോക്കി.
അദ്ധേഹം ഗാഢമായ ആലോചനയിലാണ്.
താൻ അവതരിപ്പിച്ച വിഷയം അദ്ധേഹം ഗൌരവമായിത്തന്നെ എടുത്തിരിക്കുന്നു എന്ന് അദ്ധേഹത്തിന് ബോധ്യമായി.
രണ്ട് വർഷങ്ങൾക്ക് മുമ്പാണ് താൻ അദ്ധേഹത്തെ അവസാനമായി കണ്ടതെന്ന് രാജശേഖരവർമ്മ ഓർത്തു.
ഗായത്രിദേവിയോടും ദിവ്യയോടുമൊപ്പും ഇതേ ആശ്രമത്തിൽ വെച്ചായിരുന്നു അത്.

അന്നത്തേക്കാൾ തേജസ്സും ഗാംഭീര്യവും ഏറിയിരിക്കുന്നു.
കണ്ണുകളിലെ പ്രകാശവും.
നീണ്ട താടിരോമങ്ങളും തലമുടിയും ചുവന്ന സന്യാസവസ്ത്രവും ധരിച്ച അദ്ധേഹത്തിന് എഴുപത് വയസ്സ് കഴിഞ്ഞിരുന്നു.
"അങ്ങേയ്ക്കറിയാമല്ലോ, ഇതിപ്പോൾ പന്ത്രണ്ടാമത്തെ വർഷമാണ്,"
രാജശേഖരവർമ്മ പറഞ്ഞു.
"അങ്ങ് തന്നെ ഇപ്രാവശ്യവും യാഗത്തിന് കാർമ്മികനാവനം."
അദ്ധേഹത്തിന്റെ മുഖത്ത് പലവിധ സന്ദേഹങ്ങളും വിയോജിപ്പുകളും നിറയുന്നത് വർമ്മ കണ്ടു.

മഹർഷി ദേവനാരായണന്റെ മുഖത്ത് ചുളിവുകൾ വീണു.
അദ്ധേഹത്തിന്റെ മുഖത്ത് പലവിധ സന്ദേഹങ്ങളും വിയോജിപ്പുകളും നിറയുന്നത് വർമ്മ കണ്ടു.
അദ്ധേഹം ജാലകത്തിലൂടെ, ആകാശത്ത് ഉയർന്ന് നിൽക്കുന്ന മഹാകാളെശ്വര ക്ഷേത്രത്തിന്റെ ഗോപുരത്തിന്റെ ചുറ്റും പറക്കുന്ന പ്രാവുകളെ നോക്കി.
ദാർശനികനും ഋഷിയുമായിരുന്ന ഭർതൃഹരിയുടെ ആശ്രമത്തിനടുത്ത് ആഖണ്ഡജ്യോതി ആശ്രമം എന്ന് പേരിട്ടിരിക്കുന്ന ആ തപോവനത്തിൽ മഹർഷി ദേവനാരായണൻ എന്ന സാത്വിക ഗുരുവിന്റെ പർണ്ണശാലയിൽ, അദ്ധേഹത്തിന്റെ ലൈബ്രറിയിൽ അഭിമുഖമായി ഇരിക്കുമ്പോൾ, രാജശേഖരവർമ്മ ഉത്തരത്തിന് കാതോർത്തു.
"ഈ പന്തണ്ട് വർഷങ്ങൾക്കിടയിലുണ്ടായ പ്രധാന സംഭവങ്ങൾ പറയു,"
"സംഭവങ്ങൾ എല്ലാം കഴിഞ്ഞ വർഷം മുതൽക്കാണ്,"
രാജശേഖരവർമ്മ പറഞ്ഞു.
"തലമുറകളായി രഹസ്യമായി സൂക്ഷിക്കപ്പെട്ടിരുന്ന, നാഗത്താൻ മലയിലെ നിധിയെക്കുറിച്ചുള്ള മാപ്പുകൾ കൊട്ടാരത്തിലെ ഗ്രന്ഥപ്പുരയിൽ നിന്ന് മോഷ്ടിക്കപ്പെട്ടു. അതീവ രഹസ്യമായി സൂക്ഷിക്കപ്പെട്ടതായിരുന്നു ആ രണ്ടു മാപ്പുകളും. വിശ്വസ്തനെന്ന് ഞാൻ കരുതിയിരുന്ന എന്റെ എസ്റ്റേറ്റ് കാര്യങ്ങളുടെ ജനറൽ മാനേജർ രോഹിത് നാഗത്താൻ മലയിൽ കൊല്ലപ്പെട്ടു. അയാളുടെ വസ്ത്രത്തിൽ നിന്ന് മാപ്പുകളിലൊരെണ്ണം കണ്ടെടുക്കപ്പെട്ടു. അയാൾ എന്നെ ചതിക്കയായിരുന്നു."
മഹർഷി വിവരണം ശ്രദ്ധയോടെ കേട്ടു.
രാജശേഖരവർമ്മയുടെ ചിന്തകൾ മറ്റൊരു വഴിക്ക് തിരയുന്നത് അദ്ദേഹം കണ്ടു.
"പിന്നെ?"
"പിന്നെ--"
അദ്ധേഹത്തിന്റെ വാക്കുകളിൽ ഇതുവരെ കാണാത്ത ഭയവും വിഷാദവും മഹർഷി ശ്രദ്ധച്ചു.
"പിന്നെ ദിവ്യക്ക് നാലഞ്ച് പ്രാവശ്യം ദുരൂഹമായ സാഹചര്യങ്ങളിൽ ആക്സിഡന്റ്റ് ഉണ്ടായി. ഭക്ഷണത്തിൽ വിഷം ചെന്നാണ് ഒരു തവണ. മറ്റൊരു തവണ കൂട്ടുകാരോടൊപ്പം പിക്നിക്കിനു പോയപ്പോൾ ബോട്ടിന് തകരാറ് പറ്റി. വെള്ളത്തിൽ വീണു. അപ്പോഴൊക്കെ കൂട്ടുകാരാണ് അവളെ രക്ഷപ്പെടുത്തിയത്. ഇപ്പോഴും കൂട്ടുകാരാണ് അവളുടെ രക്ഷാകർതൃത്തം ഏറ്റെടുത്തിരിക്കുന്നത്."

മഹർഷിയുടെ മുഖം ഗൌരവപൂർണ്ണമായി.
"പിന്നെ ബ്രഹ്മഹത്യയുടെ ശാപം... നാളെ ദിവ്യക്ക് പതിനെട്ട് വയസ്സ് തുടങ്ങുകയാണ്. പഴയ ശാപമനുസരിച്ച് ...!"
മഹർഷി ദേവനാരായണൻ രാജശേഖരവർമ്മയുടെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുകയായിരുന്നു.

സൂര്യവംശത്തിലെ ചരിത്ര സംഭവങ്ങൾ അദ്ധേഹത്തിന് മനപാഠമാണ്.
മാത്രമല്ല പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് രാജശേഖരവർമ്മയുടെ കൊട്ടാരത്തിൽ വെച്ചുനടന്ന മഹാമൃത്യുഞ്ജയഹോമത്തിന്റെ മുഖ്യവൈദികനും അദ്ധേഹമായിരുന്നു.
"ഗുരുജീ വൈകാതെ തന്നെ ആ യാഗം നടക്കണം."
"നടക്കണം, പക്ഷെ,"
ഒരു തരാം അസ്വസ്ഥത മഹർഷിയുടെ മുഖത്ത് തെളിഞ്ഞു.
അത് രാജശേഖരവർമ്മയെ കുഴക്കി.
എന്താണ് കുഴപ്പം?
എന്ത് പ്രതിബന്ധമാണ് അദ്ധേഹം തന്റെ ജ്ഞാനദൃഷ്ടിയിൽ കാണുന്നത്?
"ഗുരുജീ, എന്തെങ്കിലും തടസ്സം?"
മഹർഷി അദ്ധേഹത്തിന്റെ മുഖത്തേക്ക് സംശയത്തോടെ നോക്കി.
അദ്ദേഹം ഉത്തരം പറയാൻ വിഷമിക്കുന്നത് രാജശേഖരവർമ്മ കണ്ടു.
"യാഗം വിധിപോലെ നടക്കണം,"
മഹർഷി പറഞ്ഞു.
"വൈദിക വിധിയിൽ പിഴവ് പറ്റാത്തവനായിരിക്കണം പുരോഹിതൻ. തപോബലത്താൽ ആത്മജ്ഞാനവും ഉഗ്രബ്രഹ്മചര്യവും ജിതെന്ദ്രിയത്വവും സിദ്ധിച്ചവനാകണം വൈദികൻ. അതാണ് ശാസ്ത്രം. "
മഹർഷിയുടെ വാക്കുകളിലെ ഗൌരവം അദ്ധേഹം ശ്രദ്ധയോടെ കേട്ടു.
"കൊട്ടാരത്തിൽ നടത്തപ്പെട്ടിട്ടുള്ള മഹാമൃത്യുഞ്ജയ യാഗങ്ങളുടെ ചരിത്രം പഠിച്ചാൽ കാർമ്മികരായിട്ടുള്ള വൈദികരെല്ലാം ഈ ഗുണങ്ങൾ കൊണ്ട് യോഗ്യരായിരുന്നു എന്ന് കാണാം."
"ഈ ഗുണങ്ങൾ എല്ലാം അങ്ങേക്കും....."
"എനിക്കാവും..."
രാജശേഖരവർമ്മയെ തുടരാനനുവദിക്കാതെ അദ്ധേഹം പറഞ്ഞു.
"നാം നടത്തുന്നത് ഒരു അസാധാരണ യാഗമാണ്. ശാസ്ത്രത്തിന്റെ കൽപ്പനപ്രകാരം മുഖ്യ വൈദികൻ ഒന്നിൽക്കൂടുതൽ മഹാമൃത്യുഞ്ജയഹോമത്തിന് കർമ്മികനായിരികാൻ പാടില്ല. യാഗത്തിന് കൂടുതൽ ഫല സിദ്ധിയുണ്ടാവുന്നത് കാർമ്മികൻ യുവാവായിരിക്കുമ്പോൾ ആണ്. രാജകുമാരിയുടെ മേൽ പതിച്ചിരിക്കുന്ന ശാപം ഫലിക്കാൻ സാധ്യതയുള്ള വർഷം ഇതായതുകൊണ്ട് ഉഗ്രതപസ്വിയായ ഒരു യുവവൈദികനെയാണ് വേണ്ടത്."
"പക്ഷെ..."
ആകാംക്ഷ നിറഞ്ഞ സ്വരത്തിൽ രാജശേഖരവർമ്മ ചോദിച്ചു.

"വേദ പരിജ്ഞാനവും വേദാന്ത ജ്ഞാനവും ശാസ്ത്രങ്ങളിലും സ്മൃതികളിലുമുള്ള പാണ്ഡിത്യവും താന്ത്രികാചാരങ്ങളിൽ അനുഭവപരിജ്ഞാനവുമുള്ള ഒരു യുവമഹർഷിയെ ഇക്കാലത്ത് കണ്ടുകിട്ടുമോ?"

മഹർഷി ദേവനാരായണൻ കണ്ണുകളടച്ചു.
അദ്ധേഹത്തിന്റെ മുഖം പുഞ്ചിരിയാൽ വീണ്ടും പ്രകാശിക്കുന്നത് വർമ്മ കണ്ടു.
ധ്യാനതീക്ഷ്ണമായ ചില നിമിഷങ്ങൾ കഴിഞ്ഞുപോയി.
പിന്നെ കണ്ണുകൾ തുറന്ന് അദ്ധേഹം വർമ്മയെ നോക്കി.
"ഒരാളുണ്ട്,"
"ആരാ അത് ഗുരുജീ?"
അത്യാഹ്ലാദത്തോടെ അദ്ധേഹം ചോദിച്ചു.
"ഒരാൾ,"
ജാലകത്തിലൂടെ പ്രാവുകൾ വട്ടമിട്ടുപറക്കുന്ന മഹാകാളെശ്വര ക്ഷേത്രത്തിന്റെ ഗോപുരത്തിലേക്ക് നോക്കി അദ്ധേഹം പറഞ്ഞു.
"നിങ്ങൾ പറഞ്ഞ ഗുണങ്ങൾ എല്ലാമുള്ള ഒരാൾ. വേദപരിജ്ഞാനി. വേദാന്ത ജ്ഞാനി. ശാസ്ത്രങ്ങളെയും സ്മൃതികളെയും പ്രാണവായുപോലെ ശ്വസിക്കുന്നവൻ. താന്ത്രികജ്ഞാനത്തെ ലഹരിയെന്ന പോലെ കർമ്മാധീനമാക്കുന്നവൻ."
മഹർഷിയുടെ ശബ്ദത്തിൽ തീജ്ജ്വാലയുടെ പ്രഭ അദ്ധേഹം കണ്ടു.
"തീർന്നില്ല ഗുണങ്ങൾ,"
ഉത്സാഹഭരിതമായ ശബ്ദം വീണ്ടും മുഴങ്ങി.
"തപോബലത്താൽ അന്യന്റെ അന്തരാത്മാവിലെ രഹസ്യങ്ങൾ വിവേചിക്കുന്നവൻ. എല്ലാ സ്ത്രീകളെയും മാതൃതുല്യരായി കാണുന്ന കഠിന ബ്രഹ്മചാരി."
മഹർഷി ദേവനാരായണൻ വസ്തുതകളെ വലുതാക്കി കാണിക്കാറില്ല. പക്ഷെ ഇത്ര തപോഗുണങ്ങളുള്ളയാൾ അപ്രസിദ്ധനായി തുടരുന്നതിന്റെ കാരണമെന്ത്?
അദ്ധേഹത്തിന് മനസ്സിലായില്ല.
"അദ്ധേഹം ഇപ്പോൾ എവിടെയുണ്ട് ഗുരുജീ?"
"അവൻ ഇപ്പോൾ ആശ്രമത്തിലില്ല,"
"അങ്ങയുടെ കൂടെ ഈ ആശ്രമത്തിൽ തന്നെയാണോ അദ്ധേഹവും?"
"അവന് ഈ ആശ്രമം ലോകമാകെയാണ്. അനികേത്. നികേതങ്ങളില്ലാത്തവൻ. ലോകത്തിലെ ഒരു ഭവനവും സ്വന്തമായി സ്വീകരിക്കാത്തവൻ. അല്ലെങ്കിൽ ലോകത്തെ മുഴുവനും സ്വന്തം ഭവനമായി സ്വീകരിച്ചവൻ. ലോകം മുഴുവനും അവന്റെ ആശ്രമമാണ്. ചിലപ്പോൾ കൊടും കാടുകളിൽ. ഗുഹാന്തരങ്ങളിൽ. പർവ്വതശിഖരങ്ങളിൽ. നദീതീരങ്ങളിൽ. ചേരിപ്രദേശങ്ങളിൽ ....എല്ലായിടവും അവന് ആശ്രമമാണ്. ഇപ്പോൾ എവിടെയാണാവോ?"
മഹർഷി ദേവനാരായണൻ തന്റെ സാത്വികശോഭയുള്ള കണ്ണുകൾ വീണ്ടും അടച്ചു.
രാജശേഖര വർമ്മയുടെ സംശയവും ആകാംക്ഷയും നീങ്ങി.
ഇത്തവണ മഹാമൃത്യുന്ജയ യാഗം ഏറ്റവും ഫലസിദ്ധിയുള്ളതായിരിക്കുമെന്ന് അദ്ധേഹം ഉറപ്പിച്ചു.
യുവ വൈദികനാണ് മുഖ്യ കാർമ്മികത്വത്തിന് ഏറ്റവും അനുയോജ്യം എന്ന് അദ്ധേഹം അറിഞ്ഞിരുന്നു.

നൂറ്റാണ്ടുകളായി നടത്തപ്പെടുന്ന മഹാമൃത്യുന്ജയ യാഗത്തിന് അപൂർവ്വമായി മാത്രമേ അസാധാരണ തപ സിദ്ധിയുള്ള യുവപുരോഹിതൻമാരെ ലഭിച്ചിട്ടുള്ളൂ.

"ഒരു പ്രത്യേക തരാം ആണ്,"
മഹർഷി പറഞ്ഞു.
"ഒരു തരത്തിലുമുള്ള പ്രത്യേക വിശേഷണങ്ങളുടെ പരിധിയിൽ ഒതുങ്ങില്ല അവൻ,"
പുണ്യ നഗരമായ ഉജ്ജയിനിയിൽ, മഹാകാലേശ്വര ക്ഷേത്രത്തിനടുത്തുള്ള തന്റെ ആശ്രമത്തിൽ യോഗിയായ ആ സന്യാസി തന്റെ ശിഷ്യ ശ്രേഷ്ഠന്റെ ഗുണവർണ്ണനകൾ തുടർന്നു.
"ഇഷ്ടമുള്ളപ്പോൾ വരും, ഇഷ്ടമുല്ലപ്പോൾ പോകും."
ആശ്രമത്തിന് മുമ്പിലുള്ള ഉദ്യാനത്തിലേക്ക് നോക്കി അദ്ദേഹം തുടർന്നു.
"ഒരു മഹർഷിക്ക് ഹിതമല്ലാത്ത ആഗ്രഹങ്ങൾ പാടില്ല എന്ന് എനിക്കറിയാം. എന്നാലും ചിലപ്പോഴൊക്കെ ഞാൻ ആഗ്രഹിക്കാറുണ്ട്, അവൻ എന്റെ മകൻ ആയിരുന്നെങ്കിൽ എന്ന്."
മഹർഷി രാജശേഖരവർമ്മയെ നോക്കി.
"അവൻ ധാരാളം മതി,"
ഗുരുജി തുടർന്നു.
"അവനെക്കാൾ ശ്രേഷ്ഠനായ ഒരു പുരോഹിതനെ ഇത്ര ഗൌരവമേറിയ ചടങ്ങിന് കിട്ടുകയില്ല. അവൻ വരട്ടെ. ഞങ്ങൾ ഒരുമിച്ച് കൊട്ടാരത്തിലേക്ക് വരാം. ബാക്കി തീരുമാനങ്ങൾ പിന്നീട്."
"ഗുരുജീ, അദ്ധേഹത്തിന്റെ ചിത്രങ്ങൾ എന്തെങ്കിലും..ഫോട്ടോയൊ മറ്റോ...?"
"അതിനെന്താ?"
മഹർഷി തനിക്കുപിമ്പിലെ ഇരുമ്പ് ഷെൽഫിനു നേരെ തിരിഞ്ഞു.
അതിൽ നിന്ന് നീല പുറം ചട്ടയുള്ള ഒരു പുസ്തകമെടുത്ത് അദ്ദേഹം രാജശേഖരവർമ്മക്ക് കൈമാറി.
"അത് ആശ്രമം സന്ദർശിച്ച ഒരു ഇറ്റാലിയൻ പുരോഹിതൻ എഴുതിയതാണ്."
രാജശേഖരവർമ്മ പുസ്തകത്തിന്റെ പേജുകൾ മറിക്കുമ്പോൾ മഹർഷി പറഞ്ഞു.
"ആശ്രമത്തെക്കുറിച്ചും ശാഖോപശാഖകളായി പന്തലിച്ചു കിടക്കുന്ന അതിന്റെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും പഠിക്കാൻ വന്ന സംഗീതജ്ഞനായ ആ പുരോഹിതനെഴുതിയ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയാണത്. കൊണ്ടുപൊയ്ക്കോളൂ.അതിൽ അവന്റെ ചിത്രങ്ങളുണ്ട്."
രാജശേഖരവർമ്മ താളുകൾ മറിച്ചുകൊണ്ടിരുന്നു.
അതിൽ അതി സുഭഗനായ ഒരു യുവാവിന്റെ ചിത്രം അദ്ദേഹം കണ്ടു.
ആ യുവാവിന്റെ മനോഹാരിത അദ്ധേഹത്തെ അദ്ഭുതപ്പെടുത്തി.
പല രാജ്യങ്ങളും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന തനിക്ക് ഇത്ര സൌന്ദര്യമുള്ള മറ്റൊരാളെ കണ്ടതായി ഓർക്കാൻ കഴിയുന്നില്ല.

യൌവ്വനകാന്തികയോടൊപ്പം ആത്മീയതീക്ഷണതയും ആ യുവാവിന്റെ കണ്ണുകളിൽ എറിയുന്നത് അദ്ധേഹം കണ്ടു.
"ഇത്?"
സംശയം നിറഞ്ഞ കണ്ണുകളോടെ രാജശേഖരവർമ്മ അ പേജ് മഹർഷിയുടെ മുമ്പിൽ ഉയർത്തി കാണിച്ചു.
"മഹാമൃത്യുജ്ഞയ യാഗത്തിന്റെ മുഖ്യ വൈദികൻ, സ്വാമി സത്യനാഥ്."
രാജശേഖരവർമ്മ വിസ്മയത്തോടെ വീണ്ടും പേജുകൾ മറിച്ചു.
അടുത്തൊരു പേജിൽ അതെ യുവാവിന്റെയും അദ്ധേഹത്തിന്റെ മുമ്പിൽ കൂപ്പുകൈകളോടെ മുട്ടുകുത്തിയിരിക്കുന്ന അതി സുന്ദരിയായ ഒരു യൂറോപ്പ്യൻ യുവതിയേയും അദ്ധേഹം കണ്ടു.

അദ്ധേഹം ആ യുവതിയുടെ ചിത്രത്തിലേക്ക് സൂക്ഷിച്ചുനോക്കി.
"ഗുരുജീ, ഈ ലേഡി?"
രാജശേഖരവർമ്മ മഹർഷിയുടെ നേരെ ആ ചിത്രം കാണിച്ചുകൊണ്ട് സംശയത്തോടെ ചോദിച്ചു.
"ഇവരെ..ഇവരെ..ഞാൻ കണ്ടിട്ടുണ്ട്..."
"പ്രിൻസെസ്സ് എയ്ഞ്ചൽ,"
മഹർഷി പറഞ്ഞു.
"എയ്ഞ്ചൽ രാജകുമാരി. ബക്കിംഗ്ഹാം പാലസിലെ..."
"അതെ! അതെ!! അദ്ധേഹം തിടുക്കത്തിൽ പറഞ്ഞു.
"മദർ തെരേസയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിലും ഇവർ ബന്ധപ്പെടുന്നുണ്ട്. യൂറോപ്പിലെ ഏറ്റവും പ്രതാപം നിറഞ്ഞ രാജകുടുംബത്തിൽ ജനിച്ചവൾ! അങ്ങയുടെ ആശ്രമത്തിൽ ഇവരെങ്ങനെ...?"
"കേംബ്രിഡ്ജിൽ സത്യനാഥ് ഒരു പേപ്പർ അവതരിപ്പിച്ചിരുന്നു. പൌരസ്ത്യദർശനത്തെക്കുറിച്ച്. എയ്ഞ്ചൽ രാജകുമാരിയും ആ സദസ്സിലുണ്ടായിരുന്നു. അവന്റെ പേപ്പർ രാജകുമാരിയെ അദ്ഭുതപ്പെടുത്തി. പിറ്റേ ദിവസം അവന്റെ കൂടെ ആശ്രമത്തിലെത്തി അവർ. ഭാരതത്തെക്കുറിച്ചും പൌരസ്ത്യദർശനങ്ങളെക്കുറിച്ചും കൂടുതൽ അറിയുവാനും പഠിക്കുവാനും. അവർ സത്യനാഥിന്റെ കീഴിൽ യോഗധ്യാനം പരിശീലിച്ചിരുന്നു. അപ്പോൾ എടുത്ത ചിത്രമാണ്."
അദ്ദേഹം വീണ്ടും പേജുകൾ മറിച്ചു.
സത്യനാഥ് എന്ന യുവസന്യാസിയുടെ ചിത്രങ്ങൾ വീണ്ടുമുണ്ടായിരുന്നു.
ലോകം ആദരവോടെ കാണുന്ന ഉന്നതരായ വ്യക്തികളോടൊപ്പം.
ഭരണാധികാരികൾ, കലാകാരന്മാർ, എഴുത്തുകാർ, സാംസ്ക്കാരിക പ്രവർത്തകർ, മതനേതാക്കൻമാർ.
പിന്നെ സാധാരണക്കാരിൽ സാധാരണക്കാരോടൊപ്പവും.

കർഷകർ, ആദിവാസികൾ, തൊഴിലാളികൾ, തെരുവുനർത്തകർ, പാമ്പാട്ടികൾ, റിക്ഷാ വലിക്കുന്നവർ...
"ഇത്രയൊക്കെ യാത്രാനുഭവങ്ങളും ബന്ധങ്ങളുമുണ്ടായിട്ടും എനിക്കദ്ഭുദം തോന്നുന്നു, ഞാൻ ഇദ്ദേഹത്തെക്കുറിച്ച് അറിഞ്ഞില്ലല്ലോ എന്നോർത്ത്. കഴിഞ്ഞ തവണ ഞാൻ വന്നപ്പോൾ അങ്ങ് ഇദ്ദേഹത്തെക്കുറിച്ച് ഒരു സൂചനയും തന്നിരുന്നില്ല."
"അന്ന് അവൻ ദില്ലിയിലായിരുന്നു,"
"ദില്ലിയിൽ?"
"ങ്ഹാ,"
അദ്ധേഹം തുടർന്നു.
"ജെ എൻ യൂവിൽ വിദ്യാർഥിയായിരുന്നു. എം എസ് സി ഫിസിക്സ്. സ്വർണ്ണമെഡലോടെയാണ് പോസ്റ്റ് ഗ്രാജുവേഷൻ കംപ്ളീറ്റ് ചെയ്തത്."
"ഇത്രയ്ക്കും അക്കാദമിക് ബ്രില്ലിയൻസുള്ള ഒരാൾ!"
രാജശേഖരവർമ്മ തന്റെ അദ്ഭുതം മറച്ചുവെച്ചില്ല.
ആശ്രമത്തിൽനിന്ന് മടങ്ങുമ്പോൾ അദ്ദേഹം പൂർണ്ണ സംതൃപ്തനായിരുന്നു.
മഹാമൃത്യുജ്ഞയ യാഗം പൂർണ്ണവിജയമായിരിക്കുമെന്ന് അദ്ധേഹത്തിന് നിശ്ചയമായി.
കുടുംബത്തിന് മേൽ വീശിയടിച്ചുകൊണ്ടിരിക്കുന്ന കരിനിഴലുകളും കാർമേഘങ്ങളും മാഞ്ഞുപോകാൻ തുടങ്ങുകയാണ്.
ശാപങ്ങളും.

* * * * * *
നദീതീരം.
എന്നും ഇരിക്കാറുള്ള പാറയുടെ ചുവട്ടിൽ, മുത്തശിയുടെ മടിയിൽ തലവെച്ച് കിടന്ന് കഥകൾ കേൾക്കുകയായിരുന്നു, ദിവ്യ.
"അത്രയ്ക്ക് അടക്കാനാവാത്തതാണോ ഗ്രാനീ മനുഷ്യന്റെ ആഗ്രഹങ്ങള്?"
ഓർഫ്യൂസിന്റെയും യൂറിഡൈസിന്റെയും കഥ കേട്ടുകഴിഞ്ഞ് ദിവ്യ ചോദിച്ചു.
"നിയന്ത്രണാതീതമായി എന്തെങ്കിലും ഉണ്ടെങ്കിൽ മനസ്സും അതിന്റെ ആഗ്രഹങ്ങളും മാത്രമാണ് കുട്ട്യേ,"

പുഴയുടെ നിശ്ചല വിതാനത്തിന് മേൽ പൂർണ്ണചന്ദ്രൻ ഇളകിക്കൊണ്ടിരുന്നു.
മണൽത്തിട്ട് ഇപ്പോൾ സ്വർണ്ണ വെളിച്ചത്തിൽ നിറഞ്ഞുകിടക്കുന്നു.
ദൂരെ നിലാവിന്റെ സുതാര്യതയിൽ കുളിച്ച്നിൽക്കുകയാണ് കോബ്രാഹിൽസിന്റെ ശിഖരങ്ങൾ.
ആകാശം നിറയെ നക്ഷത്രങ്ങൾ.
മധ്യത്തിൽ പൂർണ്ണചന്ദ്രൻ.
"ഗ്രാനീ ഇന്നെന്താ കാറ്റിന് നിശാഗന്ധിയുടെ മണം?"
നക്ഷത്രങ്ങളിലേക്ക് കണ്ണുകൾ നട്ട് ദിവ്യ ചോദിച്ചു.

വിദൂരതയിൽ നിന്ന് കണ്ണുകൾ മാറ്റി മുത്തശി ദിവ്യയെ നോക്കി.
"ഇന്ന് പൌർണ്ണമിയാണ് കുട്ടീ,"
"ഓ! ഞാനത് മറന്നു,"
ദിവ്യ പെട്ടെന്ന് പറഞ്ഞു.
അവൾ മുത്തശിയുടെ മടിയിൽ നിന്നുമെഴുന്നേറ്റു.
പുഴയുടെ സ്വർണ്ണവിതാനത്തിലേക്കും മണൽത്തിട്ടിന്റെ വിദൂരതയിലേക്കും അവൾ നോക്കി.
പിന്നെ കോബ്രാഹിൽസിന്റെ ശിഖരങ്ങളിലേക്കും.
"നാളെയാണ് എന്റെ ജന്മദിനം!"
അവൾ കോബ്രാഹിൽസിന്റെ കൊടുമുടികളിൽ നിന്ന് നോട്ടം പിൻവലിച്ചു.
"ഇന്ന് ശാന്തിദേവ് എന്ന പൂച്ചസന്യാസി തന്റെ സ്വീറ്റ് ഹാർട്ട് ഋതുപർണ്ണയെ രണ്ടാംജന്മത്തിൽ കണ്ടുമുട്ടുന്ന ദിനം ഇന്നാണല്ലോ. ഈ പൌർണ്ണമിയിൽ..."
ദിവ്യ ചിരിച്ചു.
മുത്തശി ഒന്നും പറഞ്ഞില്ല.
പെട്ടെന്ന് ദിവ്യയുടെ കണ്ണുകൾ പ്രകാശിക്കുന്നത് അവർ കണ്ടു.
അവളുടെ മുഖത്ത് ഒരുന്മാദഭാവം പ്രത്യക്ഷപ്പെടുന്നു.
ആഴമേറിയ ഒരോർമ്മയിൽ നിന്ന് അവൾ ഉണരുന്നത് പോലെ.
"ഐ ഫീൽ പോയെറ്റിക് ഗ്രാനീ... "
അവൾ നാടകീയ സ്വരത്തിൽ പറഞ്ഞു.
"എന്റെ ശാന്തിദേവ് എന്നെത്തേടി ഇന്ന് വരും ഗ്രാനീ....കാറ്റിന്റെ സുതാര്യതയിൽ നിന്ന് ....പൂക്കളിലെ തേൻകണങ്ങളിൽ നിന്ന് .... അരയന്നങ്ങളുടെ തൂവലുകളിൽ നിന്ന് .... മേഘബാഷ്പ്പങ്ങളിൽ നിന്ന് ....ആകാശത്തിന്റെ ഉയരങ്ങളിൽ നിന്നും സമുദ്രങ്ങളുടെ ആഴങ്ങളിൽ നിന്നും കാലത്തിന്റെ ഗർത്തത്തിൽ നിന്നും ജനിമൃതിയുടെ ജാലകങ്ങളിൽ നിന്നും ...എന്റെയടുത്തേക്ക് ...എന്റെ ഗ്രാനീ..."
മുത്തശി അവളുടെ വാക്കുകൾ കേട്ട് പരിഭ്രമിച്ചു.
ദിവ്യക്കുണ്ടായ ഭാവപ്പകർച്ചയുടെ കാരണം അവർക്ക് മനസ്സിലായില്ല.
"ഈശ്വരാ!"
താൻ ഭയപ്പെടുന്നത് അവർ അറിഞ്ഞു.
"എന്ത് പറ്റി എന്റെ കുട്ടിക്ക്? ദിവ്യാ!"
അവൾ ആ വിളി കേട്ടില്ല എന്ന് തോന്നി.
"എന്താ മോളെ നിനക്ക് പറ്റീത്?"
അവർ അവളുടെ തോളിൽ പിടിച്ചു.
പെട്ടെന്ന് കോബ്രാഹിൽസിൽ നിന്ന് ഒരു കാറ്റുണരുന്നത് മുത്തശി കണ്ടു.
കൊടുമുടികളിൽ കാറ്റിളകി വൃക്ഷശിഖരങ്ങളെ ഇളക്കി.
തെയ്യക്കോളങ്ങൾ വൃക്ഷരൂപം പൂണ്ട് താണ്ഡവം തുടങ്ങി.
ബഹുരൂപികളായ അഭൌമശരീരികൾ നാഗത്താൻ മലമുടികളിറങ്ങി വരികയാണ്.

ദിവ്യ മണൽപ്പുറത്ത് എഴുന്നേറ്റ് നിന്നു.
അവൾക്കുച്ചുറ്റും പ്രകൃതി സംഹാരരൂപിണിയായി വൃത്തചലനം നടത്തുന്നത് മുത്തശി കണ്ടു.
പുഴയുടെ നിലാവെളിച്ചത്തിലേക്ക് ദിവ്യ തറച്ചുനോക്കുന്നത് അവർ കണ്ടു.
"ദിവ്യേ, മോളേ...!"
അവർ വീണ്ടും വിളിച്ചു.
മുത്തശി എഴുന്നേറ്റു അവളെ സമീപിച്ചു.
അവളുടെ തോളത്ത് അവർ പിടിച്ചു.

"വല്ലാത്ത തലവേദന തോന്നുന്നു, ഗ്രാനീ,"
അവൾ നോട്ടം മാറ്റാതെ പറഞ്ഞു.
"എനിക്ക് ഗ്രാനീടെ മടീൽ കെടക്കണം,"
അവർ വീണ്ടും മണൽത്തിട്ടിൽ ഇരുന്നു.
ദിവ്യ അവരുടെ മടിയിൽ തലവെച്ചു കിടന്നു.
കണ്ണുകളടച്ചു.
പെട്ടെന്ന് നിലാവ് മങ്ങി.
കൊടുങ്കാറ്റിന്റെ രൗദ്രഭാവം തീവ്രമായി.
ദൂരെ വൃക്ഷശിഖരങ്ങൾ ഒടിഞ്ഞുവീഴുന്ന ശബ്ദം കേൾക്കാൻ തുടങ്ങി.
മുത്തശിയുടെ ഭയം വർദ്ധിച്ചു.
"എന്റെ ഭഗവതീ,"
അവർ വിറയാർന്ന സ്വരത്തിൽ മന്ത്രിച്ചു.
അവർ ദിവ്യയെ നോക്കി.
അവൾ ഗാഢനിദ്രയിലായിക്കഴിഞ്ഞു എന്ന് അവർ കണ്ടു.
കാറ്റിന്റെ താളം വീണ്ടും മുറുകി.
മണൽത്തരികൾ പാറിപ്പറക്കുന്ന നദീ തീരത്ത് മുത്തശിക്ക് ശ്വാസം മുട്ടി.
കനത്ത ഇരുട്ട് മുമ്പിലുള്ള ദൃശ്യങ്ങളെ വിഴുങ്ങിക്കളഞ്ഞു.
ചുറ്റും ഗാഢമായ ഇരുട്ടിന്റെ പ്രളയം.
തന്റെ ശിരസ്സ് മരയ്ക്കുന്നത് പോലെ മുത്തശിയ്ക്ക് തോന്നി.
അവർ ദിവ്യയെ ചേർത്തുപിടിച്ചു.
കൊടുങ്കാറ്റിന്റെ ഹുങ്കാരം ഒന്നിനൊന്ന് വർദ്ധിച്ചുവന്നു.
അപ്പോൾ തങ്ങളിരിക്കുന്നതിന്റെ തൊട്ടു മുമ്പിൽ പുഴയിൽ നിന്ന് വല്ലാത്തൊരു ശബ്ദം അവർ കേട്ടു.
പെട്ടെന്ന് കൊടുങ്കാറ്റിന്റെ രൌദ്രശബ്ദം ദുർബ്ബലമാകുന്നത് മുത്തശിയറിഞ്ഞു.
നിലാവ് പതിയെ പരക്കാൻ തുടങ്ങി.
കാറ്റ് ക്രമേണ നിശ്ചലമായി.
ആകാശത്ത് നക്ഷത്രങ്ങളും ചന്ദ്രനും തെളിഞ്ഞു.
നിലാവിന്റെ കാന്തികത പരിസരങ്ങളെ വീണ്ടും മുഗ്ധമാക്കി.

മുത്തശ്ശി കണ്ണുകൾ തുറന്നു.
ഒരു നിമിഷം അവർ വിസ്മയ നിശ്ചലയായി.
മുമ്പിൽ ഒരാൾ നിൽക്കുന്നു.
ഒരു യുവാവ്.
ജീൻസും സ്ലാക്ക് ഷർട്ടും കണ്ണടയും ധരിച്ചിരിക്കുന്നു.
തോളിൽ ഒരു റീബക്ക് ബാക്ക്പാക്കർ.
കാലിൽ വിലയേറിയ പാദരക്ഷകൾ.
ദേഹം നനഞ്ഞിരിക്കുന്നു.
അയാൾ അവരെ സൂക്ഷ്മമായി നിരീക്ഷിച്ചു.
"ക്ഷമിക്കണം,"
അയാൾ പറഞ്ഞു.
"ഇരുട്ടായത് കൊണ്ട് വഴിയറിഞ്ഞില്ല. വഴിതെറ്റി പുഴയിൽ വീണു,"
"മോൻ ഈ നാട്ടുകാരൻ അല്ലന്ന് തോന്നുന്നു..."
"അല്ല"
അയാൾ പുഞ്ചിരിക്കുന്നത് അവർ കണ്ടു.
"ദൂരേന്നാ,"
"ഇവിടെ എങ്ങോട്ട് പോകുന്നു?"
"ഞാൻ ഇവിടുത്തെ സെയിന്റ്റ് മേരീസ് കോളേജിൽ ജോയിൻ ചെയ്യാൻ വന്ന പുതിയ അധ്യാപകനാണ്,"
അയാൾ പറഞ്ഞു.
"ങ്ഹാ, അമ്മേ,"

അയാൾ വിളിച്ചു.
"ഈ ചർച്ചിലേക്ക്, ഐ മീൻ ഇവിടുത്തെ ഒരു സെയിന്റ്റ് മേരീസ് കത്തോലിക്കാ ചർച്ചിലേക്ക്, എതിലെയാ പോകേണ്ടത്?"
"ദാ, അതിലെ,'
മുത്തശി അയാൾക്ക് പിമ്പിലെക്ക് വിരൽ ചൂണ്ടി.
"അഞ്ച് മിനിറ്റ് നടന്നാൽ ഒരു പാലം കാണാം. അത് കടക്കണം. പാലം കഴിഞ്ഞ് പിന്നെയും ഒരഞ്ചു മിനിറ്റ് നടക്കണം. അപ്പോൾ ഒരാല് കാണാം. ആലിന്റെയടുത്തുന്ന് വലതുവശത്തേക്ക് തിരിയുന്ന വഴിയിലൂടെ വീണ്ടും ഒരഞ്ചു മിനിറ്റ് നടന്നാൽ പള്ളിയായി. മോന് മനസ്സിലായോ?"
അയാൾ തലകുലുക്കി.
"അഞ്ചു മിനിറ്റ് പാലം. വീണ്ടും അഞ്ചു മിനിറ്റ് ആൽ. വലതു വശത്തുകൂടി വീണ്ടും ഒരഞ്ചു മിനിറ്റ് പള്ളി. അല്ലേ?"
"ങ്ഹാ, അത് തന്നെ,"
"അമ്മയുടെ വീടെവിടെയാ?"
"ഇവിടെ അടുത്ത് തന്ന്യാ കുട്ട്യേ,"

അവർ പറഞ്ഞു.
"ഇതെന്റെ പേരക്കുട്ട്യാ,"
മടിയിൽ ഉറങ്ങുന്ന ദിവ്യയെ നോക്കി അവർ പറഞ്ഞു.
"ഞങ്ങൾ ഇവിടെ നിലാവത്ത് ഇരിക്ക്യാരുന്നു. പെട്ടെന്ന് കുട്ടിയ്ക്ക് ഒരു തലവേദന."
അയാളുടെ കണ്ണുകൾ അവളുടെ മുഖത്ത് പതിഞ്ഞു.
"രാത്രി ഇത്രയായില്ലേ, ഞാൻ കൊണ്ടാക്കണോ?"
അയാൾ അവളുടെ മുഖത്തുനിന്ന് മിഴികൾ പിൻവലിക്കാതെ ചോദിച്ചു.
"ഇല്ല, ഞങ്ങൾക്കിത് പതിവാ. ഇതിപ്പംമോൾക്ക് തലവേദന വന്നത് കൊണ്ട് താമസിച്ചതാ. മോൾ ഏറ്റാൽ ദാ പോക്കായി..."
"ന്നാൽ അമ്മേ, ഞാൻ..."
അയാൾ പോകാൻ തിരിഞ്ഞു.
"മുത്തശി തലകുലുക്കി.
"ശരി,"
അയാൾ പിന്തിരിഞ്ഞു.
ദിവ്യ പതിയെ കണ്ണുകൾ തുറക്കുന്നത് അവർ കണ്ടു.
അവൾ കണ്ണുകൾ തുറന്ന് മുത്തശിയേയും ചുറ്റുപാടും നോക്കി.
"ഇപ്പൊ എങ്ങനെയുണ്ട് മോളേ?"
മുത്തശിയുടെ മുഖത്തും ആകാശത്തും ചുറ്റുപാടും അവളുടെ കണ്ണുകൾ വീണ്ടും പറ്റിക്കിടന്നു.
"ഗ്രാനീ ഞാൻ..?"
പതിയെ എഴുന്നെൽക്കവേ അവൾ ചോദിച്ചു.
"എന്താ പെട്ടെന്നിങ്ങനെ ഒര് തലവേദന?"
"ഒര് പിടീല്ല്യ ഗ്രാനീ,"
അവൾ പറഞ്ഞു.
"പെട്ടെന്നങ്ങനെ വന്നു. പിന്നെ ഒന്നും അങ്ങട്ട് ഓർമ്മയില്ല്യാ,"
ദൂരെ ഒരാൾ രൂപം നിലാവിലൂടെ മറയുന്നത് ദിവ്യ കണ്ടു.
"ആരാ ഗ്രാനീ, അത്?"
"പേരൊന്നും എനിക്ക്യറിയില്ല്യ,"
മുത്തശി പറഞ്ഞു.
"പള്ളീലേക്കുള്ള വഴി ചോദിച്ചു. ഇവിടുത്തെ കോളേജിൽ പഠിപ്പികാൻ വന്ന പുതിയ അധ്യാപകനാന്ന് പറഞ്ഞു. നല്ല ശ്രീത്വമുള്ള തേജസ്സുള്ള ചെറുപ്പക്കാരൻ."
അവൾ മുത്തശിയുടെ മുഖത്ത് നോക്കി.
"ചെലപ്പോ അയാൾ ആയിരിക്കാം ഗ്രാനീ,"
അവൾ ചിരിച്ചു.
"പ്രവചന പ്രകാരം ആശ്വിനമാസത്തിലെ ഇന്നത്തെ പൌർണ്ണമിയിൽ എന്നെത്തേടി വരേണ്ട ശാന്തിദേവ് എന്ന മഹർഷിപുത്രന്റെ രണ്ടാം ജന്മം."
"മുത്തശ്ശി അവളെ നോക്കി.

"പക്ഷെ പുള്ളി കൺവേർട്ട് ചെയ്യപ്പെട്ടു എന്നാ തോന്നുന്നേ,"
അവൾ വീണ്ടും ചിരിച്ചു.
"പോയത് പള്ളിയിലേക്കല്ലേ? ഇനി ഒരൊറ്റ മാർഗ്ഗമേ അവശേഷിക്കുന്നുള്ളൂ. ഞാനൊരു കന്യാസ്ത്രീയാകാം."
ഷാർമ്മിലിയുടെ വീടിന്റെ ഗേറ്റിലൂടെ സൈക്കിൾ കടത്തിക്കൊണ്ട് മുറ്റത്തേക്ക് പ്രവേശിക്കുമ്പോൾ ദിവ്യ ഗാരേജിലേക്ക് നോക്കി.
കാർ കിടപ്പുണ്ട്.
ഷാർമ്മിലി ചേച്ചി പുറത്തുപോയിട്ടില്ല.
അവൾ തീർച്ചപ്പെടുത്തി.
രണ്ടു സ്ഥലങ്ങളിൽ മാത്രമേ ഷാർമ്മിലി ചേച്ചി പോകാറുള്ളൂ.
ഒന്ന്, ശനിയും ഞായറും ഒഴികെയുള്ള ദിവസങ്ങളിൽ സെയിന്റ്റ്സ് മേരീസ് കോളെജിലേക്ക്.
അവിടുത്തെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ്റിലേ ജ്യൂനിയർ ലക്ച്ചറർ ആണ് ഷാർമ്മിലി അലക്സ്.
പിന്നെ ഞായറാഴ്ചകളിൽ പള്ളിയിലും.
സൈക്കിൾ ഗാരേജിൽ വെച്ചിട്ട് അവൾ സിറ്റ് ഔട്ടിലേക്ക് നടന്നു.
അവിടെ അലക്സാണ്ടർ പത്രം വായിച്ചിരിക്കുന്നത് ദിവ്യ കണ്ടു.
ഷാർമ്മിലിയുടെ പാപ്പാ ആണ് അലക്സാണ്ടർ.
ഡാഡിയുടെ അടുത്ത സുഹൃത്തുക്കളിലൊരാളും.
നഗരത്തിൽ ഒരു ജനറൽ സ്റ്റോർ നടത്തുകയാണ് അദ്ധേഹം.
അമ്പതിനടുത്ത് പ്രായമുണ്ട്.
എന്നാലും ഒരു റിട്ടയേഡ് കായിക താരത്തിന്റെ ശാരീരിക ഭംഗിയും പ്രസാദാത്മകമായ മുഖഭാവവുമുണ്ടായിരുന്നു അദ്ധേഹത്തിന്.
"ഗുഡ് മോണിംഗ്, അങ്കിൾ,"
"ങ്ഹാ, മോളോ, വരൂ,"
അദ്ധേഹം എഴുന്നേറ്റു.
"ഇന്ന് രാവിലെ അങ്കിളിനേം ഷാർമ്മിലി ചേച്ചീനേം ഒന്നും പള്ളീൽ കണ്ടില്ലല്ലോ,"
സിറ്റ് ഔട്ടിലേക്ക് കയറിക്കൊണ്ട് അവൾ ചോദിച്ചു.
"വൈകുന്നേരം പോകാമെന്ന് കരുതി മോളെ,'
"എവിടെ ഷാർമ്മിലി ചേച്ചി?"
"മുകളിലുണ്ട്,"
അവൾ സ്റ്റെയർകേസ് കയറി മുകളിലേക്ക് പോയി.
ഷാർമ്മിലിയുടെ കിടപ്പുമുറി തുറന്നു കിടന്നിരുന്നു.
ഷാർമ്മിലി ബാത്ത്റൂമിലാണെന്ന് ദിവ്യക്ക് തോന്നി.
ടാപ്പിൽ നിന്ന് വെള്ളം വീഴുന്ന ശബ്ദം കേൾക്കുന്നു.
ദിവ്യ ഷാർമ്മിലിയുടെ ബെഡ്റൂമിൽ കയറി.

അവളുടെ കിടക്കയ്ക്കും പുസ്തകഷെൽഫിനുമിടയ്ക്കുള്ള മേശപ്പുറത്ത് ഫ്രെയിം ചെയ്ത അലങ്കരിച്ച രോഹിതിന്റെ ഫോട്ടോ ദിവ്യ കണ്ടു.
ഷാർമ്മിലി ചേച്ചിയുടെ ഹൃദയം കവർന്ന തന്റെ രോഹിത് അങ്കിൾ.
ഷാർമ്മിലിചേച്ചിയുടെ മനസ്സിന്റെ കാൻവാസ്സിലേക്ക് പ്രണയവർണ്ണങ്ങൾ കോരിയൊഴിച്ച രോഹിത് അങ്കിൾ.

പക്ഷെ മഴവില്ലിനേക്കാളും മനോഹരമായ ആ ബന്ധം അസ്ത്രവേഗത്തിൽ പൊലിഞ്ഞുപോയി.
പ്രണയ ലഹരിയുടെ ആദ്യനാളുകളിൽത്തന്നെ രോഹിത് അങ്കിൾ ഷാർമ്മിലി ചേച്ചിയെ വിട്ടുപോയി.
ആരിലും അസൂയയുണർത്തിയിരുന്ന ആ ബന്ധത്തിന്റെ തുടക്കം മുതലുള്ള ദൃക്സാക്ഷി താനാണ്.
ഇപ്പോഴും രോഹിത് അങ്കിളിന്റെ മരണം ഷാർമ്മിലി ചേച്ചിയ്ക്ക് ഉൾക്കൊള്ളാൻ പറ്റിയിട്ടില്ല.
അദ്ദേഹം കൊല്ലപ്പെട്ടിട്ട് ഇപ്പോൾ ഒരു വർഷമാകുന്നു.
അദ്ധേഹത്തെക്കുറിച്ചുള്ള അപവാദങ്ങൾ ഇപ്പോഴും അവസാനിച്ചിട്ടില്ല.
ചതിയനും മോഷ്ട്ടാവുമാണെന്നുള്ള അപവാദങ്ങൾ.
എന്നിട്ടും ദിവ്യയെപ്പോലെ ഷാർമ്മിലിയും കാത്തിരിക്കുന്നു.
ഒരു ദിവസം വരും.
അന്ന് എല്ലാവരും പറയും തന്റെ രോഹിത് അങ്കിൾ നല്ലവനായിരുന്നെന്ന്.
ഹൃദയം നിറഞ്ഞ പുഞ്ചിരിയോടെ രോഹിത് അങ്കിൾ ആ ഫോട്ടോയിൽ നിന്ന് തന്നെ നോക്കുകയാണ്.
കുറച്ചു നിമിഷങ്ങൾ അവൾ ഓർമ്മകളിൽ നഷ്ട്ടപ്പെട്ടു.
അൽപ്പം കഴിഞ്ഞാണ് ദിവ്യ അറിയുന്നത്, ഷാർമ്മിലി പിമ്പിൽ നിൽക്കുന്നു.
ഫോട്ടോയിൽ കഥകൾ.കോംനിന്ന് നോട്ടം മാറ്റി ദിവ്യ ഷാർമ്മിലിയെ നോക്കി.
അവളുടെ കണ്ണുകളിൽ നനവ് പടർന്നിരിക്കുന്നത് ദിവ്യ കണ്ടു.
"എന്തായിത് ഷാർമ്മിലി ചേച്ചി?"
ദിവ്യ അവളുടെ തോളിൽ പിടിച്ചു.
"അതാ എനിക്കും ചോദിക്കാനുള്ളത്,"
തന്റെ കണ്ണുകൾ തുടച്ചുകൊണ്ട് നനവ് പടർന്ന അവളുടെ കണ്ണുകളിലേക്ക് നോക്കി ഷാർമ്മിലി ചോദിച്ചു.
"എന്തായിത് ദിവ്യ ചേച്ചി?"
കണ്ണുനീരിനിടയിലൂടെ ദിവ്യ പുഞ്ചിരിച്ചു.
അവരിരുവരും കിടക്കയിലിരുന്നു.
"രാജകുമാരിയെന്താ രാവിലെ തന്നെ?"
"തോഴിയെ രാവിലെ പള്ളിയിൽ കണ്ടില്ല,"
ദിവ്യ പറഞ്ഞു.

"എന്തു പറ്റി?"
"ഇന്നലെ ഉറങ്ങിയപ്പോൾ കുറെ ലേറ്റ് ആയി. അതുകൊണ്ട് രാവിലെ ഉറക്കമുണർന്നപ്പോൾ അതിനേക്കാൾ ലേറ്റ് ആയി."
അൽപ്പനേരം അവർ നിശബ്ദരായി പരസ്പരം നോക്കിയിരുന്നു.
"പിന്നെ മറ്റൊരു കാര്യം,"
ദിവ്യ പറഞ്ഞു.
"...ഞാൻ നാളെ പോവ്വാണ്. ഡെല്ലീൽ. സെയിന്റ്റ് സ്റ്റീഫൻസിൽ,"
ഷാർമ്മിലിയുടെ മുഖത്തിന്റെ ശോഭ അൽപ്പം കെട്ടു.
"എന്താ സബ്ജക്റ്റ്?"
ഉത്സാഹം വരുത്തി അവൾ ചോദിച്ചു.
"ബയോ റ്റെക്നോളജി,"
"അപ്പോൾ ദിവ്യയല്ലേ മുമ്പ് പറഞ്ഞത് ബിസിനസ് അഡ്മിനിസ്ട്രേഷനിലാണ് ഇന്റ്ററസ്റ്റ് എന്ന്?"
"ആക്ചുവലി, ഷാർമ്മിലി ചേച്ചി..."
ദിവ്യ വിഷമത്തോടെ പറഞ്ഞു തുടങ്ങി.

"ഡാഡിയ്ക്കും മമ്മിയ്ക്കും എന്നെ കുറച്ചു നാളത്തേക്ക് ഇവിടെ നിന്നും മാറ്റി നിർത്തണം. ഓരോ കഥകള് കേട്ടിട്ടില്ലേ? കോബ്രാഹിൽസിലെ നിധി? പിന്നെ പണ്ടെപ്പോഴോ മരിച്ചുപോയ ഒരു തമ്പുരാട്ടിക്കുട്ടീടെ കഥ? അതൊക്കെ റിയാലാകൂന്നാ ഡാഡീടേം മമ്മീടേം പേടി. പിന്നെ മമ്മിക്ക് ഉപഗ്രഹങ്ങളായിട്ട് കൊറെ ജ്യോത്സന്മാരുണ്ട്. അവരൊക്കെ ജ്ഞാനദൃഷ്ടീൽ കണ്ടത്രെ, എനിക്ക് നാലഞ്ചുമാസത്തേക്ക് ശനിയുടെയോ രാഹുവിന്റെയോ കേതുവിന്റെയോ ബുധന്റെയോ ഉപദ്രവമുണ്ടെന്ന്! കേട്ടാൽ തൊന്നും സ്പേസിലേ സകല നക്ഷത്രങ്ങളും ഗ്രഹങ്ങളും അവരുടെ ഭ്രമണോം പരിക്രമണോം മാറ്റിവെച്ച് എന്റെ പിന്നാലെ കൂടിയിരിക്ക്യാണെന്ന്!"
ഷാർമിലി അവളുടെ സംസാരം കേട്ടിരുന്നു.
"ഡാഡിയ്ക്കും മമ്മിയ്ക്കും ഒട്ടും ഇഷ്ട്ടവൊണ്ടായിട്ടല്ല. എനിക്കും അശേഷം താൽപ്പര്യമില്ല ഇവിടെ നിന്നും മാറിനിൽക്കാൻ. ഡാഡിയോടും മമ്മിയോടും തർക്കിക്കാനും വാദിക്കാനുമൊന്നും എനിക്ക് താൽപ്പര്യമില്ല്യ. ഞാനൊറ്റയാളല്ലേ? അപ്പൊ അവരുടെ റ്റെൻഷനും വെഷമോം ഞാനും കൊറച്ചൊക്കെ മനസ്സിലാക്കണ്ടേ? അങ്ങനെ ഞാനും സമ്മതിച്ചു, സ്റ്റീഫൻസിൽ ചേരാമെന്ന്."
അവളുടെ സ്വരത്തിൽ ഒരു വിഷാദച്ഛായ ഷാർമ്മിലി ശ്രദ്ധിച്ചു.
"പിന്നെ ഞാൻ സിലബസ് ചാർട്ട് കണ്ടു. ഹെർബൽ ചികിത്സയെക്കുറിച്ചൊക്കെ കൂടുതൽ അറിയാനും പറ്റും,"
ദിവ്യ തുടർന്നു.
വിഷ ചികിത്സക എന്ന പേരിലും ദിവ്യ അറിയപ്പെട്ടിരുന്നു.

കൊട്ടാരം ലൈബ്രറിയിലെ പ്രാചീനമായ താളിയോലക്കെട്ടുകളിലൊന്നിലെ പ്രതിപാദ്യവിഷയം വിഷചികിത്സയായിരുന്നു.
സർപ്പവിഷബാധിതരായ മനുഷ്യരെയും മൃഗങ്ങളെയും അപൂർവ്വവും അറിയപ്പെടാത്തതുമായകഥകൾ.കോം ഔഷധസസ്യങ്ങളുടെ ഇലകളും പൂവുകളും കായ്കളും തോലും വേരുകളും കൊണ്ട് ചികിത്സിച്ച് ഭേദമാക്കുന്ന രീതികൾ അതിൽ വിവരിച്ചിരുന്നു.
ആകസ്മികമായ ഒരു സന്ദർഭത്തിൽ വളരെ ചെറുപ്പത്തിൽത്തന്നെ ദിവ്യ അതിൽ താൽപ്പര്യം കാണിച്ചു.
അതി കഠിനമായിരുന്നെങ്കിലും ദുർഗ്രഹമായ ചികിത്സാ പാഠങ്ങൾ അവൾ ഹൃദിസ്ഥമാക്കി.
അപൂർവ്വവും അറിയപ്പെടാത്തതുമായ സസ്യങ്ങളെ അവൾ കണ്ടെത്തുകതന്നെ ചെയ്തു.
"ലോകത്തുള്ള സകല പാമ്പുകളും യൂണിയനുണ്ടാക്കി വിഷഡോക്റ്ററെ അന്വേഷിച്ചുവരും. പരീക്ഷിത്ത് രാജാവിനെപ്പോലെ ഗോപുരത്തിൽ ഏകാന്തവാസം നടത്തേണ്ടിവരും ദിവ്യക്ക്,'
മഹാഭാരതത്തിലെ ഒരു സന്ദർഭം ഓർമ്മിച്ച് ഷാർമ്മിലി പറഞ്ഞു.
"ഇവിടുന്ന് മാറിനിൽക്കാൻ ഇഷ്ട്ടമില്ലാത്തത് ആ ഋഷികുമാരൻ വരുന്നുള്ള പ്രതീക്ഷകൊണ്ടാണോ?"
ഷാർമ്മിലി തുടർന്ന് ചിരിച്ചുകൊണ്ട് ചോദിച്ചു.
"നല്ല കഥയായി,"
ദിവ്യയും ചിരിച്ചു.
"ഞാനത്രയ്ക്ക് ബുദ്ധിജീവിയൊന്നുമല്ല ഇതൊക്കെ വിശ്വസിക്കാൻ. അതിരിക്കട്ടെ, ചേച്ചിയ്ക്ക് കഥേടെ ഡീറ്റയിൽസൊക്കെ എവിടുന്ന് കിട്ടി?"
"നിന്റെ രോഹിത് അങ്കിൾ പറഞ്ഞുതന്നിരുന്നു."
രോഹിതിന്റെ ഫോട്ടോയിലേക്ക് നോക്കി ഷാർമ്മിലി പറഞ്ഞു.
"എന്നെക്കുറിച്ച് ഏറ്റവും അവസാനം അറിയുന്ന ആൾ ഞാൻ തന്നെയാണ് അപ്പോൾ,"
ദിവ്യ ചിരിച്ചു.
"പ്രവചനമാനുസരിച്ച് മഹർഷി ഇന്നലെ വരേണ്ടതാണ് ഷാർമ്മിലി ചേച്ചി,"
ദിവ്യ തുടർന്നു.

"ഇന്നലെയായിരുന്നു ആശ്വിനമാസത്തിലെ പൌർണ്ണമി രാത്രി. കാണിച്ചുതരാൻ ഗ്രാനി എന്നെയും കൂട്ടി പുഴക്കരേൽ വരികയും ചെയ്തു. പക്ഷെ ജടയും മുടിയും മരവുരിയും കമണ്ഡലുവും ധരിച്ച് മഹർഷി കുമാരൻ വന്നില്ല. പകരം ഏതോ സത്യക്രിസ്ത്യാനി പള്ളീലേക്കുള്ള വഴീം ചോദിച്ചു വന്നു."
"ആളേ കണ്ടോ ദിവ്യ?"
ഷാർമ്മിലി ആകാംക്ഷയോടെ തിരക്കി.

"ഇല്ല, പകരം ഗ്രാനി കണ്ടു,"
ഷാർമ്മിലി വീണ്ടും രോഹിതിന്റെ ഫോട്ടോയിലേക്ക് നോക്കി.
"ചേച്ചീ ..."
ഷാർമ്മിലി നോട്ടം തുടർന്നപ്പോൾ ദിവ്യ വിളിച്ചു.
അവൾ ഷാർമ്മിലിയുടെ കൈയിൽ പിടിച്ചു.
"ഞാൻ ചേച്ചിയോട് ഒരു കാര്യം തുറന്ന് ചോദിക്കട്ടെ?"
"ചോദിക്കൂ,"
"രോഹിത് അങ്കിൾ പോയിട്ട് ഇപ്പോൾ ഒരു വർഷമാകുന്നു,"
ദിവ്യ പറഞ്ഞു.
"ചേച്ചീടെ വെഷമം ഇതുവരേം...?"
ഷാർമ്മിലി ജാലകത്തിലൂടെ പുറത്തേക്ക് നോക്കി.ദൂരെ മലനിരകളുടെ അഗാധനീലിമയിൽ അവളുടെ മിഴികൾ സ്പർശിച്ചു.
ഏതോ ഒരു മലമുടിയിൽ നിന്ന് അദൃശ്യമായ ഒരു നോവ് അവൾ ഉൾക്കൊണ്ടു.
"എനിക്ക് വിഷമം ഒന്നും ഇല്ല ദിവ്യാ,"
ജാലകദൃശ്യങ്ങളിൽത്തന്നെ മിഴികളുറപ്പിച്ച് അവൾ പറഞ്ഞു.
"ദുഃഖം മാറ്റാൻ ഒരു എളുപ്പവഴിയുണ്ട്. ദുഃഖത്തിൽ സ്വയം ആനന്ദിക്കുക. ദുഖത്തെയോ ദുഃഖകാരണത്തെയോ വെറുക്കാതിരിക്കുക. ഞാൻ ആ ആനന്ദം അറിയുന്നു ദിവ്യാ,"
നനവ് പടർന്ന അവളുടെ സ്വരം ദിവ്യയെ സ്പർശിച്ചു.
"എന്റെയും രോഹിതിന്റെയും ഇടയിൽ ശാരീരികമായ അകൽച്ചയേ സംഭവിച്ചിട്ടുള്ളൂ ദിവ്യ,"
ജാലക ദൃശ്യങ്ങളിൽ നിന്ന് തിരികെ വന്ന് ഷാർമ്മിലി പറഞ്ഞു.
"എനിക്കവനെ കാണണമെന്ന് തോന്നുമ്പോൾ എന്റെ കണ്ണുകൾ ഞാൻ പതിയെ അടയ്ക്കും. അപ്പോൾ എനിക്കവന്റെ ഗന്ധം അറിയാം. അവൻ വിദൂരതയിൽ നിന്ന് നടന്നു വരുന്നത് എനിക്ക് അനുഭവിക്കാം. അവന്റെ ശബ്ദം കേൾക്കാം. അവന്റെ രൂപം കാണാം. അവന്റെ ഉണ്മ ഒരു സമുദ്രത്തിന്റെ സാന്നിധ്യം പോലെ എനിക്കറിയാം. പൂർണ്ണമായി ഞാൻ അതിൽ മുഴുകുന്നു..."
ഉന്മാദം നിറഞ്ഞ അവളുടെ ശബ്ദത്തിൽ രോഹിതിന്റെ സാന്നിധ്യം ദിവ്യ അറിഞ്ഞു.
"മറ്റൊരു കാര്യം കൂടി ഞാൻ പറയാം."
ഷാർമ്മിലി തുടർന്നു.
"മരണഭയം തീരെ ഇല്ല ഇപ്പോൾ. തീർച്ചയായും നേരത്തെ പോലെ സ്വയം ജീവനെടുക്കുന്ന യാതൊന്നും ഞാൻ ഇനി ചെയ്യില്ല. എന്റെ രോഹിതിനും ദൈവത്തിനും അതൊരിക്കലും ഇഷ്ടമാവില്ല. പിന്നെ, കുറച്ചുകാലം കൂടി ജീവിച്ചിരിക്കേണ്ടത് എന്റെ കൂടി ആവശ്യമാണ്. രോഹിത് നല്ലവനായിരുന്നു, വിശ്വസ്ഥനായിരുന്നു എന്ന് ഓരോ ആളും തിരുത്തിപ്പറയുന്നത് എനിക്ക് കേൾക്കണം. ആരാണ് എന്റെ രോഹിതിനെ എന്നിൽ നിന്നും പറിച്ചുകളഞ്ഞതെന്ന് എനിക്കറിയണം. എന്തിനായിരുന്നു അതെന്നും."

ഷാർമ്മിലിയുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു.
ദിവ്യയുടെതും.
"ങ്ഹാ, പിന്നെ എനിക്ക് മറ്റൊരു കാര്യംകൂടി അറിയാനുണ്ട്,"
ഷാർമ്മിലിയുടെ ഭാവമാറ്റം കണ്ടു വിഷയം മാറ്റിക്കൊണ്ട് ദിവ്യ പറഞ്ഞു.
"എന്താ?"

ഷാർമ്മിലി അവളെ നോക്കി.
:ജ്യൂനിയർ ലക്ച്ചററുടെ പിന്നാലെ ഒരാൾ കൂടിയിട്ടില്ലേ?"
ഷാർമ്മിലി ആലോചിച്ചു.
പെട്ടെന്നവൾക്ക് കാര്യം പിടികിട്ടി.
"ഓ!"
താൽപ്പര്യം കാണിക്കാതെ ഷാർമ്മിലി ചോദിച്ചു.
"വിനോദ് മേനോന്റെ കാര്യമല്ലേ? സില്ലി ..."
"കക്ഷീടെ ചുറ്റിക്കളി തുടങ്ങീട്ട് എത്രനാൾ ആയി?"
"ഒരു മാസമായി,"
അവൾ പറഞ്ഞു.
"ഒരു ദിവസം ഷേക്ക്സ്പിയറിന്റെ റോമിയോ ആൻഡ് ജ്യൂലിയറ്റുമായി എന്റെയടുത്ത് വന്നു. ഇവിടെ ഈ വീട്ടിൽ. ആ ഡ്രാമയെക്കുറിച്ച് കേട്ടിട്ടുണ്ട്, ഒത്തിരി ഇഷ്ടമായി, ഡീപ്പ് ആയിട്ട് പഠിക്കാൻ ആഗ്രഹിക്കുന്നു, ദിവസവും ഓരോ മണിക്കൂർ ഹോം ട്യൂഷൻ...അങ്ങനെ പോയി കക്ഷീടെ ഡയലോഗ്. ദിവ്യ ഗ്രൂപ്പ് ഓഫ് ഇൻഡസ്ട്രീസിലേ ആ ജെന്റിൽമാന്റെ എക്സിക്യൂട്ടീവ് ബുദ്ധിമനസ്സിലാക്കാൻ ആനേടെം കുതിരേടെം അദ്ധ്വാനമൊന്നും വേണ്ട,"
"എന്നിട്ട് ഷാർമ്മിലി ചേച്ചിയെന്തു പറഞ്ഞു?"
"സമയമുണ്ടാവില്ല എന്ന് പറഞ്ഞ് ഫസ്റ്റ് പേജിന് മുമ്പ് ചാപ്റ്റർ ക്ലോസ് ചെയ്തു,"
ഷാർമ്മി ലി ചിരിച്ചു.
"പക്ഷെ എന്തെങ്കിലും കാരണം പറഞ്ഞ് ഏതെങ്കിലും ഒരിടത്ത് വെച്ച് ദിവസവും അയാൾ എന്നെക്കാണാൻ ശ്രമിക്കുന്നുണ്ട്. ഓവ്ക്വേടാ ദിവ്യേ അയാളുടെ രീതികളൊക്കെ. ഐ പിറ്റി ഓൺ ഹിം,"
ദിവ്യയും ചിരിച്ചു.
ഷാർമ്മിലിയുടെ മിഴികൾ ജാലകങ്ങൾക്കപ്പുറത്തെ മലമുടികളിലേക്ക് പിൻവാങ്ങി.
കോബ്രാഹിൽസിൽ നിന്ന് പിറവിയെടുത്ത ഒരു കാറ്റ് അവളുടെ മുടിയിഴകളെ പതിയെ ഉലച്ചു.
കാറ്റിന്റെ സാമീപ്യത്തിൽ, പനിനീർപ്പൂക്കളാൽ സ്പർശിക്കപ്പെടുന്നതുപോലെ അവൾ കണ്ണുകൾ പതിയെ അടച്ചു.

"ദേവദാരുക്കൾ നിറഞ്ഞ ആ മലഞ്ചെരിവിൽ, ആ വസന്ത ഋതുവിൽ രോഹിതിനോടൊപ്പം ഞാൻ പങ്കിട്ട ദിവസങ്ങളുടെ നിറസൗന്ദര്യം ഒരിക്കലും പോവില്ല, ദിവ്യേ, എന്റെ മനസ്സിൽ നിന്ന്,"
കാവ്യാത്മകമായ വാക്കുകൾ ദിവ്യ വീണ്ടും കേട്ടു.
ഷാർമ്മിലിയുടെ ശബ്ദത്തിൽ മുമ്പൊന്നും കേൾക്കാത്ത ഒരു ലഹരി അവൾക്ക് അനുഭവപ്പെട്ടു.
"അന്ന് ഹാംലെറ്റും റോമിയോയും ജ്യൂലിയറ്റും ഷെല്ലിയുടെ വെസ്റ്റ് വിൻഡും കീറ്റ്സിന്റെ ഗ്രേഷ്യൻ ഏണുമൊക്കെ പുതിയ പുതിയ അർത്ഥങ്ങളിലും വ്യാഖ്യാനങ്ങളിലും മനസ്സിലാക്കിത്തന്ന്, എന്നെ പഠിപ്പിച്ച്....അതിൽ മറഞ്ഞു കിടന്ന സ്വപ്നങ്ങളെ എടുത്തുകാണിച്ച്...
ഷാർമ്മിലിയുടെ വാക്കുകൾ കണ്ണീർപ്രവാഹത്തിൽ മുറിഞ്ഞു.
"എം ഫിൽ എന്ന അഡീഷണൽ ക്വാളിഫിക്കേഷന്റെ ജാഡയൊക്കെ ഉണ്ടായിരുന്നിട്ടും ഇംഗ്ലീഷ് സാഹിത്യത്തിന്റെ ഡെപ്ത് അറിയുന്ന കാര്യത്തിൽ ഞാൻ വെറും മണ്ണാങ്കട്ടയായിരുന്നു."
കണ്ണീർ തുടച്ച് ഷാർമ്മിലി തുടർന്നു.
"ഇന്നും ക്ലാസ്സെടുക്കുമ്പോൾ എന്റെ രോഹിതാണ് എന്നിലൂടെ സംസാരിക്കുന്നത്. എന്റെ രോഹിതിന്റെ സംഗീതമാണ് ഞാൻ എന്റെ കുട്ടികൾക്ക് കൊടുക്കുന്നത്. നീ വിശ്വസിക്കില്ല, മോളേ, ഇപ്പോഴും ഏതെങ്കിലും ഭാഗം വരുമ്പോൾ ഞാൻ അവനെ ഓർക്കും. അവൻ പഠിപ്പിക്കുന്നത് അപ്പോൾ ഞാൻ അറിയും. ഇറ്റ് മേ ബി ഇൻസ്ക്രൂട്ടബിൾ ഫോർ യൂ ടു ബിലീവ്. ബട്ട്..."
"ഇല്ല, ചേച്ചീ..."
ഷാർമ്മിലിയുടെ കണ്ണുകൾ വീണ്ടും നിറഞ്ഞപ്പോൾ ദിവ്യ അവളെ ചേർത്തുപിടിച്ചു.
"എനിക്ക് മനസ്സിലാക്കാൻ പറ്റും..."

അവൾ ഷാർമ്മിലിയുടെ കവിളിൽ ചുംബിച്ചു.
".....എനിക്കല്ലാതെ മറ്റാർക്കാ എന്റെ രോഹിത് അങ്കിളിന്റെ ഷാർമ്മിലി ചേച്ചിയെ മനസ്സിലാക്കാൻ പറ്റ്വാ?"
തന്റെയും മിഴികൾ നിറഞ്ഞൊഴുകുന്നത് ദിവ്യ അറിഞ്ഞു.
"വിനോദ് മേനോനറിയില്ല, രോഹിതിനെക്കുറിച്ചുള്ള ഓർമ്മകളാണ് ഷാർമ്മിലിയെ നിലനിർത്തുന്നതെന്ന്. ഈ ജന്മം മാത്രമല്ല, ഇനിയുള്ള എല്ലാ ജന്മങ്ങളിലും ആ ഓർമ്മകളെ പ്രണയിച്ചു ജീവിക്കാനാണ് ഇവൾക്ക് ഇഷ്ടമെന്നും...."

ഷാർമ്മിലിയുടെ വീട്ടിൽ നിന്ന് മടങ്ങി വരുമ്പോൾ എതിരെ മോട്ടോർ ബൈക്കിൽ വിനോദ് വരുന്നത് ദിവ്യ കണ്ടു.

ആലിൻ ചുവട്ടിലെ ഭഗവതിയുടെ അടുത്തെത്തിയപ്പോൾ അവൾ സൈക്കിൾ നിർത്തി.
വിനോദും.
"വിനോദങ്കിൾ എങ്ങോട്ടാ?"
"വാരാന്ത്യം ഇങ്ങനെ ചുറ്റിക്കറങ്ങി ആസ്വദിക്കുന്നു,"
അയാൾ ചിരിച്ചു.
വിനോദങ്കിളിനു മാത്രം ഞായറാഴ്ച്ചയായിരിക്കും ആഴ്ചയുടെ അവസാന ദിവസം.
"ബാൻഡിറ്റ് ക്വീൻ എവിടുന്ന് വരുന്നു?"
"ബാൻഡിറ്റ് ക്വീനോ?"
"ങ്ഹാ,"
അയാൾ ചിരിച്ചു.
"ഈ പ്രദേശം മുഴുവൻ അടക്കി വാഴുന്ന ഒരു ഗ്യാങ്ങിന്റെ ലീഡർ അല്ലേ? അതുകൊണ്ട് രാജകുമാരിനെ ഏതായാലും മദർ തെരേസ എന്ന് ഞാൻ വിളിക്കില്ല."
ദിവ്യയും ചിരിച്ചു.
"അതിരിക്കട്ടെ, എന്താ ഒറ്റയ്ക്ക്? എവിടെ അനുചരന്മാരും കിങ്കരന്മാരും?"
"എന്റെ വിനോദങ്കിൾ, ഞാൻ ഷാർമ്മിലി ചേച്ചീടെ വീടുവരെപ്പോയതാ,"
വിനോദിന്റെ ഭാവമാറ്റം അവൾ ശ്രദ്ധിച്ചു.
"എന്താ ഷാർമ്മിലി ചെച്ചീന്ന് കേട്ടപ്പം ഒരു കുലുക്കം?"
"ഏയ്, എന്ത് കുലുക്കം? നതിംഗ്."
അയാളും ചിരിക്കാൻ ഒരു ശ്രമം നടത്തി.
ഒരു റൊമാന്റ്റിക് ഭൂമികുലുക്കം, ചെറിയൊരു ഇമോഷണൽ സുനാമി?"
അയാളുടെ മുഖം വിവർണ്ണമാകുന്നത് അവൾ കണ്ടു.
"ഉം...ഉം..."
അവൾ അമർത്തിമൂളി.
"ഞാനെല്ലാം അറിയുന്നുണ്ട്, ഷാർമ്മിലി ചേച്ചീടെയടുത്ത് വിനോദങ്കിളിന്റെ തിരിഞ്ഞുകളികളൊക്കെ..."
"ഷാർമ്മിലി ചേച്ചി? തിരിഞ്ഞുകളി? ദിവ്യയെന്തോക്കെയാ ഇപ്പറയുന്നെ?"
"ഇത്ര ശക്തിയുക്തം, തറപ്പിച്ച്, ഊന്നിപ്പറഞ്ഞു നിഷേധിക്കണമെങ്കിൽ സംതിങ്ങുണ്ടല്ലോ. എന്നോട് പറ അങ്കിൾ. ഞാനാരോടും പറയില്ല."
വിനോദ് അവളെ നോക്കി.
"വിനോദങ്കിൾ ഇപ്പോ ഷാർമ്മിലി ചേച്ചിയുടെ വീട്ടിലെക്കല്ലേ പോകുന്നെ?"
അയാൾ പുഞ്ചിരിച്ചു.
"അതേ,"
"യൂ ആർ ഇൻ ലവ്?"
അവൾ പെട്ടെന്ന് ചോദിച്ചു.
അപ്രതീക്ഷിതമായ ആ ചോദ്യത്തിൽ വിനോദ് അമ്പരന്നു.

"ഷാർമ്മിലി എന്നെപ്പറ്റി വല്ലതും ചോദിച്ചോ?"
"കണ്ടോ കണ്ടോ, എന്തോരാകാംക്ഷ!"
അവൾ ചിരിച്ചു.
"എ പ്രിസൈസ് ഇൻഡിക്കേഷൻ ഓഫ് മൈ ഇൻഫാലിബിൾ സപ്പോസിഷൻ! എന്ന് മുതല് തുടങ്ങി ഇത്? എന്നിട്ട് പ്രണയ സന്ദേശം ഷാർമ്മിലി ചേച്ചിയെ അറിയിച്ചില്ലേ?"
"ഇല്ല, ദിവ്യേ,"
അയാൾ ബൈക്കിൽ നിന്നിറങ്ങി.

പാതയോരത്തിന്റെ ഒരു വശം പച്ചപുതച്ച കോബ്രാഹിൽസ് മലനിരകളാണ്.
മറുവശം പുഴയിലേക്കിറങ്ങിപ്പോകുന്ന താഴ്‌വാരം.
സൂര്യവെളിച്ചത്തിന്റെ നിറവ് പരിസരങ്ങളെ വിലോഭാനീയമാക്കി.
"അങ്കിൾ ശരിക്കും സീരിയസ് ആണോ?"
"സീരിയസ് ആണോന്ന്!!"
അയാളുടെ ശബ്ദം മാറി.
"മനുഷ്യരെപ്പോലെ ശരിയ്ക്കുറങ്ങിയിട്ട്, ഭക്ഷണം കഴിച്ചിട്ട്, കൃത്യമായി ജോലി ചെയ്തിട്ട് ദിവസങ്ങളായി. എന്റെയീ പ്രായത്തിൽ ഒരു പെണ്ണിനോട് പ്രേമം തോന്നിയാൽ അതൊരു കോളേജ് ടൈപ്പോ പപ്പി ലവ്വോ അല്ല എന്ന് ദിവ്യക്ക് മനസ്സിലാക്കാൻ പറ്റുന്നില്ലേ?"
"പക്ഷെ വിനോദങ്കിൾ..."
അവൾ സംശയത്തോടെ ചോദിച്ചു.
"ഷാർമ്മിലി ചേച്ചിയെപ്പറ്റി അങ്കിളിന് എന്തറിയാം?"
അവൾ മന്ദഹാസത്തോടെ അയാളെ നോക്കി.
"ഷാർമ്മിലി ദിവ്യേടെ രോഹിത് അങ്കിളിനെ സ്നേഹിച്ചിരുന്നു എന്ന് എനിക്കറിയാം. അവളുടെ മനസ്സ് നിറയെ അയാൾ മാത്രമാണെന്നും എനിക്കറിയാം."
ദിവ്യ അദ്ഭുതത്തോടെ അയാളെ നോക്കി.
"ആ മനസ്സാണ് എന്നെ ആകർഷിക്കുന്നത് ദിവ്യേ. സ്നേഹിച്ച പുരുഷനെ, അയാൾ ഈ ഭൂമിയിൽ ജീവിച്ചിരുപ്പില്ല എന്നറിഞ്ഞിട്ടും ഇത്ര മനോഹരമായി സ്നേഹിക്കുന്ന അത്തരം മനസ്സുള്ള ഒരു പെണ്ണിനെയാണ് ഞാൻ അന്വേഷിക്കുന്നതും."
ദിവ്യയുടെ അദ്ഭുതം വർദ്ധിച്ചു.
അക്കങ്ങളും സ്റ്റാറ്റിറ്റിക്സും ലാഭനഷ്ടങ്ങളും ബിസിനസ് അഡ്മിനിസ്ട്രേഷനും മാത്രമേയറിയൂ എന്ന് താൻ കരുതിയിരുന്ന ഈ മനുഷ്യൻ എത്ര തരള ഹൃദയനാണ് എന്ന് അവൾ ഓർത്തു.
"സ്നേഹമാണ് ബേസ് എങ്കിൽപ്പോലും ചില ഒബ്സേഷൻസ് മാനസിക രോഗമാണ്," വിനോദ് തുടർന്നു.

"ഷാർമ്മിലിയെപ്പോലെ ഒരു സ്ത്രീ ഒരു മാനസികരോഗിയായിത്തീരാൻ പാടില്ല. എനിക്കവളെ വേണം ദിവ്യേ..."
അയാളുടെ വാക്കുകൾ കേട്ട് അവൾ പുഞ്ചിരിച്ചു.
"ഇതവളെ എന്ന് ഞാൻ അറിയിക്കും,"
ബൈക്ക് സ്റ്റാർട്ട് ചെയ്തുകൊണ്ട് അയാൾ പറഞ്ഞു.
"റെസ്പോൺസ് പോസിറ്റീവായാലും നെഗറ്റീവായാലും,"
യാത്ര തുടങ്ങും മുമ്പ് അയാൾ വീണ്ടും ദിവ്യയെ നോക്കി.
"പ്രാർത്ഥന മുടക്കേണ്ട,'
ആലിൻ ചുവട്ടിലെ ഭഗവതിയുടെ വിഗ്രഹത്തെ നോക്കി അയാൾ പറഞ്ഞു.
"ഈയൊരു കാര്യം കൂടി ഭഗവതിയെ അറിയിക്കൂ,"
അയാൾ ബൈക്ക് ഓടിച്ചുപോയി.
വിനോദ് അങ്കിളിനെ വിലക്കാൻ തനിക്ക് കഴിയുമായിരുന്നില്ല.
മനസ്സ് നിറയെ ഇപ്പോൾ പ്രേമം മാത്രമാണ് അയാൾക്ക്.
അപ്പോൾ എന്ത് പറഞ്ഞാലും മനസ്സിലാവില്ല.

ഷാർമ്മിലിയുടെ വീടിനടുത്തെത്തിയപ്പോൾ വിനോദ് മേനോൻ പെട്ടെന്ന് ബൈക്ക് നിർത്തി.
ഉദ്യാനത്തിന് മുമ്പിൽ അവൾ ഒരു ചെറുപ്പക്കാരനോടൊപ്പം ഇരിക്കുന്നത് അയാൾ കണ്ടു.
റോഡരികിൽ പാർക്ക് ചെയ്ത് മിടിക്കുന്ന ഹൃദയത്തോടെ വിനോദ് ഗേറ്റിലൂടെ അവരെ നോക്കി.
ചെറുപ്പക്കാരൻ ആംഗ്യവിക്ഷേപങ്ങളോടെ എന്തൊക്കെയോ സംസാരിക്കുന്നു.
ഷാർമ്മിലി അയാളുടെ മുമ്പിൽ ഭവ്യതയോടെയാണ് ഇരിക്കുന്നത്.
അവൾ കരയുന്നുണ്ടോ?
വിനോദ് നെറ്റിചുളിച്ചുകൊണ്ട് സൂക്ഷിച്ചുനോക്കി.
അയാൾ വെളുത്ത കുർത്തയും പൈജാമയുമാണ് ധരിച്ചിരിക്കുന്നത്.
ഒരു സിനിമാതാരമാണോ അയാൾ?

വിനോദ് സംശയിച്ചു.
അത്ര സൌന്ദര്യം!
കണ്ണട ധരിച്ചിട്ടുണ്ട്.
ആകർഷകമായ ഹെയർസ്റ്റൈൽ.
ക്ലീൻ ഷേവ്.
പരമാവധി ഇരുപത്തഞ്ച് വയസ്സ്.
അതിൽക്കൂടുതൽ പോവുകയില്ല.
ആരാണയാൾ?
മുമ്പ് എവിടെയും കണ്ടതായി ഓർമ്മയില്ല.

അയാൾക്ക് ഷാർമ്മിലിയുടെ വീട്ടിൽ എന്താണ് കാര്യം?
ചിലപ്പോൾ വിദേശത്തോ മറ്റോ ഉള്ള ഒരു ബന്ധുവായിരിക്കാം.
ഇന്നിനി ഷാർമ്മിലിയെ കാണാൻ പറ്റുമെന്ന് തോന്നുന്നില്ല.
അയാൾ ബൈക്കിനടുത്തേക്ക് നടക്കാൻ ഭാവിച്ചു.
അപ്പോഴാണ് പൊട്ടിക്കരഞ്ഞുകൊണ്ട് ഷാർമ്മിലി എഴുന്നേൽക്കുന്നത് അയാൾ കണ്ടത്.
ചെറുപ്പക്കാരൻ അദ്ഭുതപ്പെടുന്നത് വിനോദ് കണ്ടു.
അയാളും എഴുന്നേറ്റു.
വീടിന്റെ നേരെ തിരിയാൻ തുടങ്ങിയ ഷാർമ്മിലിയെ അയാൾ കൈക്കുപിടിച്ചു നിർത്തി.
അയാൾ വീണ്ടും അവളെ കസേരയിൽ ഇരുത്തി.
എന്തൊക്കെയോ പറഞ്ഞു ധരിപ്പിക്കുന്നതും അവസാനം ഷാർമ്മിലി ശാന്തയാകുന്നതും വിനോദ് കണ്ടു.
അവസാനം ആ ചെറുപ്പക്കാരൻ എഴുന്നേറ്റു.
ഗേറ്റിനടുത്തേക്ക് നടക്കാൻ ഭാവിച്ചു.
തിരിഞ്ഞ് ഷാർമ്മിലിയെ കൈവീശിക്കാണിച്ചു.
അവൾ തിരിച്ചും.
അയാൾ ഗേറ്റിനടുത്ത് എത്തിയപ്പോൾ വിനോദ് തന്റെ ബൈക്കിനടുത്തേക്ക് പോയി.
അയാൾ ഗേറ്റ് തുറന്ന് പുറത്തുവന്നപ്പോൾ, ബൈക്കിന്മേൽ എന്തൊക്കെയോ റിപ്പയർ ചെയ്യുന്നത് ഭാവിച്ച്കൊണ്ട് അയാൾ കുനിഞ്ഞ് നിന്നു.
"ഹലോ, എനി ട്രബിൾ?"
ആ ചെറുപ്പക്കാരൻ തന്നോട് ചോദിക്കുന്നത് വിനോദ് കേട്ടു.
അയാൾ മുഖമുയർത്തിനോക്കി.
അയാൾ വിനോദിന്റെയടുത്തെക്ക് വരികയാണ്.
"ഇവിടെയെത്തിയപ്പോൾ പെട്ടെന്ന് ഓഫായി,"
വിനോദ് പറഞ്ഞു.
"സാരമില്ല, ശരിയായി,"
"ഇതൊരു പതിവാണോ?"
അകത്തേക്ക് നോക്കി പുഞ്ചിരിച്ചുകൊണ്ട് ചെറുപ്പക്കാരൻ ചോദിച്ചു.
ഉദ്യാനത്തിന് മുമ്പിൽ ഷാർമ്മിലി നിൽക്കുന്നത് വിനോദ് കണ്ടു.
"ഏത്?"
അയാളുടെ ചോദ്യം ഇഷ്ടട്പ്പെടാതെ വിനോദ് ചോദിച്ചു.
"ഈ വീടിന്റെ ഗേറ്റിന് മുമ്പിലൂടെ പോകുമ്പം ബൈക്ക് പെട്ടെന്ന് ഓഫായി പോകുന്നത്?"
അയാളുടെ മുഖത്ത് ഇപ്പോഴും പുഞ്ചിരിയാണ്.
വിനോദ് അയാളെ ദേഷ്യത്തോടെ നോക്കി.

പക്ഷെ അയാളുടെ കണ്ണുകളിൽ ഒരു വല്ലാത്ത തീക്ഷണത എരിയുന്നത് വിനോട്ദ് കണ്ടു.
തനിക്കയാളെ അഭിമുഖീകരിക്കാൻ സാധിക്കുന്നില്ല എന്നും.
"ഹീറോ ഹോണ്ടാ സ്പ്ലെൻഡർ,"
അയാളുടെ ബൈക്കിനുമേൽ തലോടിക്കൊണ്ട് ചെറുപ്പക്കാരൻ പറഞ്ഞു.
"പുത്തൻ വണ്ടി. വാങ്ങിച്ചിട്ട് ഒരു മാസമായിക്കാണും. അപ്പോൾ പെട്ടന്നങ്ങ് ഓഫാകാൻ ഒരു കാരണവുമില്ല..."
അയാൾ വിനോദിനെ നോക്കി.
"ചേട്ടനെ കണ്ടാൽത്തന്നെയറിയാം, ഒരെക്സ്പേർട്ട് ഡ്രൈവർ ആണെന്ന്. ഗിയറും സ്റ്റിയറിങ്ങും ഹോണുമൊക്കെ വർഷങ്ങളായി പിടിക്കുന്ന കൈകളാണെന്നറിയാൻ ഒറ്റ നോട്ടം മതി. പിന്നെങ്ങിനെ ഈ ഗേറ്റിനു മുമ്പിലെത്തിയപ്പോൾ പെട്ടന്നങ്ങ് ഓഫായി?"

ഉള്ളിൽ ദേഷ്യം പതയുന്നുണ്ടെങ്കിലും തനിക്ക് ശബ്ദിക്കാൻ കഴിയുന്നില്ല എന്ന് അദ്ഭുതത്തോടെ വിനോദ് അറിഞ്ഞു.
"പിന്നേ, ആയമ്മ എന്റെ വേണ്ടപ്പെട്ടയാളാണ്.."
അകത്ത് ഗാർഡനഭിമുഖമായിരിക്കുന്ന ഷാർമ്മിലിയെ ചൂണ്ടിക്കാട്ടി അയാൾ പറഞ്ഞു.
"നിങ്ങളുടെ ഡയറക്ഷൻ ആ വഴിക്കാണെന്ന് തോന്നി. ഓക്കെ, പൊയ്ക്കോളൂ, ഹാവ് എ നൈസ് ഡേ,"
അയാൾ നടന്ന് പോയി.
ദേഷ്യം കത്തുന്ന കണ്ണുകളോടെ വിനോദ് അയാളുടെ പോക്ക് നോക്കി നിന്നു.
പിന്നെ പെട്ടെന്ന് തിരിഞ്ഞുനോക്കുമ്പോൾ കാണുന്നത് ഗേറ്റിലേക്ക് വരുന്ന ഷാർമ്മിലിയേയാണ്.
"ആരാ ഷാർമ്മിലീ അത്?"
തന്റെ ചോദ്യത്തിലെ അധികാരസ്വരം കേട്ട് അവൾ തന്നെ നെറ്റിചുളിച്ചു നോക്കുന്നത് വിനോദ് കണ്ടു.
അവൾ ഉത്തരം പറയാതെ പാതയുടെ അങ്ങേയറ്റത്ത്, നടന്നുമറയുന്ന, ചെറുപ്പക്കാരനെ നോക്കി നിന്നു.
"അത് രാഹുൽ, രാഹുൽ നാരായണൻ."
അയാളുടെ രൂപം കണ്മുമ്പിൽ നിന്ന് പൂർണ്ണമായും മറഞ്ഞപ്പോൾ ഷാർമ്മിലി പറഞ്ഞു.
"സെയിന്റ്റ് മേരീസ് കോളേജിൽ പുതുതായി ജോയിൻ ചെയ്ത ജ്യൂനിയർ ലക്ചറർ. ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്,"
അവളുടെ സ്വരത്തിലെ ഉത്സാഹം കണ്ട് വിനോദ് നെറ്റിചുളിച്ചു.
"അയാളെന്തിനാ ഇവിടെ വന്നത്?"
"നിങ്ങളെന്തിന് ഇവിടെ വന്നു?"

ആ ചോദ്യം വിനോദ് പ്രതീക്ഷിച്ചില്ല.
അയാൾ അൽപ്പം ജാള്യതയോടെ അവളെ നോക്കി.
"ബിക്കോസ് ...ബിക്കോസ്..."
"അധികം ബിക്കോസടിച്ചു കഷ്ട്ടപ്പെടണ്ട,"
ഷാർമ്മിലി പറഞ്ഞു.
"കാണാപാഠം എത്ര പ്രാവശ്യം പറഞ്ഞു പഠിച്ചാലും സമയമാകുമ്പോൾ, മുഖത്ത് നോക്കിപ്പറയേണ്ട സമയമാകുമ്പോൾ, ബിക്കോസ് മാത്രമേ ഉണ്ടാവൂ. ബിക്കോസ് ഐ ലൈക് യൂ, ബിക്കോസ് ഐ ലവ് യൂ, ബിക്കോസ് ഐ വുഡ് ലൈക് ടു മാരി യൂ...ഇതൊക്കെയല്ലേ ബിക്കോസ് കഴിഞ്ഞുള്ള ബ്ലാങ്കിൽ ഫിൽ ചെയ്യേണ്ട വാക്കുകൾ?"
"ഷാർമ്മിലീ, ഞാൻ..!"
"മിസ്റ്റർ വിനോദ് മേനോൻ !"
അവളുടെ ശബ്ദം ദൃഢമായി.
"നിങ്ങൾ പ്രായപൂർത്തിയായ മാന്യനായ ചെറുപ്പക്കാരനാണ്. ഒരു പെണ്ണിനെ കണ്ടാൽ, അവളോട് ഇഷ്ട്ടം തോന്നിയാൽ അവളെ ആഗ്രഹിക്കുന്നത് നാച്ചുറൽ. ആൻഡ് ദാറ്റ് ഈസ് യുവർ റൈറ്റ്. അത്രയ്ക്ക് നാച്ചുറൽ ആണ്, റൈറ്റ്ഫുൾ ആണ്, ഞാനത് തിരസ്ക്കരിക്കുന്നു എന്നുള്ളതും,"
തന്റെ ജാള്യത വർധിക്കുന്നത് ആയാൾ അറിഞ്ഞു.
"ഷാർമ്മിലി എന്നെ വെറുക്കാൻ മാത്രം..."
അവൾ പതിയെ ചിരിച്ചു.
അൽപ്പം കഴിഞ്ഞ് അവളുടെ മുഖം വീണ്ടും ഗൌരവപൂർണ്ണമാകുന്നത് അയാൾ കണ്ടു.
"ഞാൻ നിങ്ങളെ വെറുക്കുന്നില്ല വിനോദ് മേനോൻ,"
അവൾ സാവധാനം പറഞ്ഞു.
"പക്ഷെ ഞാനൊരാളെ സ്നേഹിക്കുന്നു. അയാൾ എന്നെയും. എനിക്ക് അവിശ്വസ്തയാകാൻ കഴിയില്ല."
"അയാൾ പക്ഷേ ...ഇപ്പോൾ ..."
പറഞ്ഞു മുഴുമിപ്പിക്കുന്നതിനു മുമ്പ് അവൾ ചൂണ്ടുവിരലുയർത്തി അയാളെ വിലക്കി.
"നോ മോർ വേഡ് ..! നോ മോർ വേഡ്..!!
അവളുടെ കണ്ണുകളിൽ ഒരഗ്നിയെരിയുന്നത് വിനോദ് കണ്ടു.

"നിങ്ങൾക്ക് എന്നെ കാണാം. ഇവിടെ വരാം. സംസാരിക്കാം. ആസെ ഫ്രണ്ട്, ആസ് എ ബ്രദർ, അസെ ഫെലോ സിറ്റിസൺ. മറ്റൊരാളുടെ ഭാര്യയെ തട്ടിയെടുക്കാൻ വരുന്ന ജാരനായല്ല."
വാക്കുകളില്ലാതെ വിനോദ് മേനോൻ നിന്നു.
"നിങ്ങൾ വരുന്നില്ലെങ്കിൽ ഞാൻ ഈ ഗേറ്റ് അടയ്ക്കാൻ പോവുകയാണ്,"

അയാൾ ഇല്ല എന്ന അർത്ഥത്തിൽ തലയനക്കി.
അൽപ്പം കഴിഞ്ഞ് നോക്കുമ്പോൾ വീടിനു നേരെ നടക്കുന്ന ഷാർമിലിയെ കണ്ടു.

* * * * * *

ഡൈനിംഗ് ടേബിളിന് മുമ്പിൽ ദിവ്യ വിനോദിനഭിമുഖമായി ഇരുന്നു.
ഗായത്രിദേവിയും രാജശേഖരവർമ്മയും ഇനിയും എത്തിയിട്ടില്ല.
"ഡാഡീ, മമ്മീ ബി ക്വിക്! എനിക്ക് വിശക്കുന്നു!"
"വരുന്നു മോളെ,"
അകത്തുനിന്ന് രാജശേഖരവർമ്മ വിളിച്ചു പറഞ്ഞു.
"എന്താ മൂഡോഫ്?"
അവൾ വിനോദിനോട് ചോദിച്ചു.
വിനോദ് തോളുകൾ കുലുക്കി കാണിച്ചു.
അയാൾ ഷാർമ്മിലിയോട് കാര്യം തുറന്ന് പറഞ്ഞുവെന്നും ഷാർമ്മിലിയത് മറ്റൊരു കണ്ടുമുട്ടലിന് ഇട നൽകാത്ത വിധത്തിൽ തിരസ്ക്കരിച്ചുവെന്നും അനുമാനിച്ചു.
അൽപ്പം കഴിഞ്ഞ് ഗായത്രിദേവിയും രാജശേഖരവർമ്മയും എത്തിചേർന്നു.
അപ്പോഴേക്കും ദിവ്യ എല്ലാവർക്കും ഭക്ഷണം വിളമ്പിവെച്ചു കഴിഞ്ഞിരുന്നു.
വിനോദിനെ ഇടയ്ക്കൊക്കെ അവർ ഭക്ഷണത്തിന് വിളിക്കാറുണ്ട്.
ഭക്ഷണത്തിനിടയിൽ വിനോദ് രാഹുലിന്റെ കാര്യം പറഞ്ഞു.
ഷാർമ്മിലിയുടെ വീടിന്റെ മുമ്പിലെ സുഖകരമല്ലാത്ത കൂടിക്കാഴ്ച്ചയുടെ വിശദാംശങ്ങൾ യാതൊന്നും തന്നെ അയാൾ വെളിപ്പെടുത്തിയില്ല.
"അയാളെക്കുറിച്ച് ഞാനും കേട്ടു,"
രാജശേഖരവർമ്മ പറഞ്ഞു.
"നമ്മുടെ ഷെയർ സെക്യൂരിറ്റി ഡിവിഷനിലെ വില്യംസ് ആണ് പറഞ്ഞത്. ഞാൻ ഉജ്ജയിനിയിൽ ഗുരുജിയെ കാണാൻ പോയ അന്ന് ഈ രാഹുൽ നാരായണൻ അയാളുടെ നാലോ അഞ്ചോ വയസ്സ് മാത്രമുള്ള കുഞ്ഞിനെ തീയിൽ നിന്നും രക്ഷപ്പെടുത്തി."
"പിന്നെ, നരിമറ്റം അങ്കിളിനെ വീട്ടിൽ കയറിച്ചെന്ന് അടിച്ചു,'
ദിവ്യ പറഞ്ഞു.
"ആ സ്പിരിറ്റ് കള്ളക്കടത്തുകാരനെയോ? അത് മോളെങ്ങനെ അറിഞ്ഞു?"
"മോള്ക്കെങ്ങനെയാ അറിഞ്ഞുകൂടാത്തത്?"
ഗായത്രിദേവി നീരസത്തോടെ ചോദിച്ചു.
"നാട്ടുവിശേഷങ്ങൾ ഇത്ര കറക്റ്റ് ആയി കവറേജ് ചെയ്യുന്ന ഒരു വാർത്താ ഏജൻസി അങ്ങയുടെ ഈ സല്പ്പുത്രി കഴിഞ്ഞേയുള്ളൂ,"
നഗരത്തിലെ അധോലോകത്തെ നിയന്ത്രിക്കുന്നത് നരിമറ്റം വർക്കിയാണ്.
ജില്ലയിലെ മിക്ക മദ്യ ഷാപ്പുകളും ചൂതാട്ട കേന്ദ്രങ്ങളും അയാളുടെ അധീനതയിലാണ്.
ജയകൃഷ്ണൻ അയാളുടെ അജ്ഞാനുവർത്തിയാണെന്ന് ദിവ്യ അറിഞ്ഞിരുന്നു.

"എന്താ സംഗതി?'
വിനോദ് തിരക്കി.
"അയാളാ വില്യംസ് അങ്കിളിന്റെ വീടിന് തീവെച്ചത്,"
ദിവ്യ തുടർന്നു.
"പുതിയ സർക്കിൾ ഇൻസ്പെക്ട്ടർ ഒരു അബ്രഹാം സാർ നരിമറ്റം അങ്കിളിനെ എങ്ങനെയും കുടുക്കാൻ നടക്കുവല്ലേ? വില്യംസ് അങ്കിളിന്റെ മോൻ സി ഐക്ക് നരിമറ്റം അങ്കിളിന്റെ സ്മഗിൾഡ്സാധനങ്ങൾ സൂക്ഷിക്കുന്ന സ്ഥലം കാണിച്ചുകൊടുത്തു. അതിനാ അയാള് അങ്കിളിന്റെ വീടിന് തീവെച്ചത്,"
അവർ സംഭ്രമത്തോടെ ആ വാർത്ത കേട്ടു.
"വീട് നിന്ന് കത്തിക്കോണ്ടിരിക്കുമ്പം ആളുകള് നോക്കി നിക്കുവാ. ഒരാളും ഒന്നും ചെയ്യുന്നില്ല. എങ്ങനെ എന്ത് ചെയ്യാൻ പറ്റും? അത്രയ്ക്കങ്ങ് തീയാ. അന്നേരം ആൾക്കൂട്ടത്തീന്ന് ഒരാള് തീയിലേക്ക് ഓടിക്കയറി. നിമിഷങ്ങൾക്കുള്ളിൽ അയാൾ കുഞ്ഞിനേം നെഞ്ചത്തടക്കിപ്പിടിച്ചോണ്ട് ഓടി വന്നു."
"നീ കഴിച്ച് കൊണ്ട് സംസാരിക്ക്,"
ഗായത്രിദേവി അവളെ ഓർമ്മപ്പെടുത്തി.
"കുഞ്ഞിനെ രക്ഷപെടുത്തിയവൻ ആരായാലും കൊല്ലുമെന്ന് നരിമറ്റം അങ്കിൾ പ്രഖ്യാപിച്ചു,'
കഴിക്കുന്നതിനിടയിൽ ദിവ്യ പറഞ്ഞു.

"അത് ഈ രാഹുൽ നാരായണൻ അറിഞ്ഞു. അയാൾ ആറാംതമ്പുരാൻ സ്റ്റൈലിൽ നരിമറ്റം അങ്കിളിന്റെ വീട്ടിലേക്ക് നേരെയങ്ങ് കേറിച്ചെന്നു. ഒടുവിൽ കിട്ടിയ ന്യൂസ് അനുസരിച്ചു നരിമറ്റം അങ്കിൾ ഇപ്പോൾ സിറ്റി ഹോസ്പിറ്റലിൽ ആണ്,"
"എന്റെ അറിവിൽ നരിമറ്റത്തിന് കിട്ടുന്ന ആദ്യത്തെ അടിയാണിത്,"
രാജശേഖരവർമ്മ പറഞ്ഞു.
"സെയിന്റ്റ് മേരീസ് കോളേജിലെ പുതിയ ലക്ചററാണ് കഥാനായകൻ,"
വിനോദ് പറഞ്ഞു.
"ആ ചെറുപ്പക്കാരൻ ഏതായാലും സാധാരണക്കാരനല്ല. എന്താ അയാൾടെ സബ്ജക്റ്റ്"
ഗായത്രിദേവി ചോദിച്ചു.
"കോളേജിൽ പുതുതായി കരാട്ടെ ഡിപ്പാർട്ട്മെന്റ് തുടങ്ങിക്കാണും. അതിന്റെ ഹെഡ് ആകാനാണ് കൂടുതൽ സാധ്യത."
ദിവ്യ ചിരിച്ചുകൊണ്ട് പറഞ്ഞു.
"ഈ സംഭവങ്ങൾ ഒക്കെ നടക്കുമ്പോൾ നീ തീയുടെ മുമ്പിലുണ്ടായിരുന്നോ?"
ഗായത്രിദേവി തിരക്കി.
"ഇല്ല, ഉണ്ടായിരുന്നെങ്കിൽ രാഹുൽ നാരായണന് സാഹസികം കാണിക്കേണ്ടി വരുമായിരുന്നില്ല. കോബ്രാഗാങ്ങ് ധാരാളം മതി, അതിന്..."
മറ്റ് നാട്ടുവിശേഷങ്ങളുടെ അകമ്പടിയോടെ അവർ ഭക്ഷണം കഴിക്കൽ തുടർന്നു.

"ബൈ ദ വേ,"
ഊണ് കഴിഞ്ഞ് ഒരു കദളിപ്പഴമെടുത്ത്കൊണ്ട് രാജശേഖരവർമ്മ വിനോദിനെ നോക്കി.
"ഷാർമ്മിലിയുടെ വീട്ടിൽ പോയിട്ടെന്തായി?"
അദ്ധേഹത്തിന്റെ പെട്ടെന്നുള്ള ചോദ്യത്തിൽ വിനോദ് ഒന്ന് പതറി.
അയാൾ ദിവ്യയേയും ദിവ്യ പക്ഷെ താനൊന്നും അറിഞ്ഞില്ല എന്ന ഭാവത്തിൽ പുറത്തേക്കും നോക്കി.
"ഏയ്, മാൻ!"
അദ്ദേഹം ശബ്ദമുയർത്തി.
"വിവരങ്ങളൊക്കെ അതാത് സമയത്ത് ഞാനറിയുന്നുണ്ട്. എന്തായി തന്റെ ലവ് ലൈൻ? എന്തെങ്കിലും ഡവലപ്മെന്റ് ഉണ്ടോ?"
ഇനി അക്കാര്യം അവരിൽനിന്ന് മറച്ചുവെച്ചിട്ട് കാര്യമില്ല എന്ന് വിനോദിന് തോന്നി.
ദിവ്യ എല്ലാക്കാര്യങ്ങളും അദ്ധേഹത്തെയും ഗായത്രിദേവിയെയും അറിയിച്ചിരിക്കുന്നു.
അവർ ചിലപ്പോൾ നിരുത്സാഹപ്പെടുത്തിയേക്കുമെന്ന് അയാൾക്ക് ആശങ്കയുണ്ടായിരുന്നു.
"ആ കുട്ടി ഇപ്പോഴും ഒത്തിരി വിഷമത്തിലല്ലേ, വിനോദ്?"
ഗായത്രിദേവി ചോദിച്ചു.
"കഴിഞ്ഞൊരു ദിവസം കണ്ടപ്പോൾക്കൂടി കരച്ചിൽ തന്നെയായിരുന്നു,"
"വിഷമവും കരച്ചിലുമൊന്നും കാര്യാക്കണ്ട,"
രാജശേഖരവർമ്മ പറഞ്ഞു.
"നിന്റെ ഈ ബന്ധം എന്റെ ഫസ്റ്റ് റെസ്പോൺസ് വേണ്ട എന്നാണ്,"
ദിവ്യയും ഗായത്രിദേവിയും അദ്ധേഹത്തെ നോക്കി.
"പേടിക്കണ്ട,"
വിനോദിന്റെ ഭാവമാറ്റം കണ്ട് അദ്ദേഹം ചിരിച്ചു.
'ഇതെന്റെ പെഴ്സണൽ അഭിപ്രായം. വിനോദിന് ഇഷ്ടമാണെങ്കിൽ നടക്കട്ടെ. ആ കുട്ടിയെ എനിക്കറിയാം. തറവാടിയാണ് അവളുടെയച്ഛൻ അലക്സാണ്ടർ. എന്റെ സതീർത്ഥ്യൻ ആണ്."
വിനോദ് ആശ്വാസം കൊണ്ടു.
"നീ ചെയ്യുന്നതൊരു നല്ല കാര്യമാണ് വിനോദ്,"
അദ്ദേഹം തുടർന്നു.
"എല്ലാം അറിഞ്ഞുകൊണ്ട് ഒരു പെൺകുട്ടിയ്ക്ക് ജീവിതം കൊടുക്കാൻ നീ തയാറായി. ഐ അപ്രീഷിയേറ്റ് യുവർ കറേജ്. ഐം ഇമ്പ്രസ്സ്ഡ്."
അവർ ഭക്ഷണം കഴിച്ച് എഴുന്നേറ്റു.
കൈ കഴുകിത്തുടയ്ക്കുമ്പോഴാണ് ഗേറ്റിനടുത്തുനിന്ന് അവർ ഒരു ബഹളം കേൾക്കുന്നത്.

അവർ ഗേറ്റിലേക്ക് നോക്കി.

ഗെയ്റ്റ് കീപ്പർ റോബർട്ടിന്റെ മുമ്പിൽ നാലഞ്ചാളുകൾ ഉണ്ട്. ഗേറ്റിനടുത്ത് ഒരു ജീപ്പ് നിർത്തിയിട്ടിരിക്കുന്നു.
ആളുകൾ ഉച്ചത്തിൽ കയർത്ത് റോബർട്ടിനോട് സംസാരിക്കുന്നു.
"നരിമറ്റം വർക്കിയുടെ അനിയനാണത്,"
ഗെയ്റ്റ് കീപ്പറോട് സംസാരിക്കുന്നതിൽ നേതാവെന്ന് തോന്നിച്ചയാളെ ഉദ്ദേശിച്ച് വിനോദ് പറഞ്ഞു.
"നരിമറ്റം മാത്തച്ചൻ. റിട്ടയേഡ് മേയ്ജർ മാത്യു വർഗ്ഗീസ്."
"ഇയാളെ ഇതിന് മുമ്പ് കണ്ടിട്ടില്ലല്ലോ,"
വിനോദ് കാണിച്ചു തന്നയാളെ സൂക്ഷിച്ചുനോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു.
"ബാംഗ്ലൂരോ ബോംബേയിലോ ആയിരുന്നെന്നാണ് ജന സംസാരം,"
വിനോദ് തുടർന്നു.
"അനിയനാണെങ്കിലും ക്രിമിനൽ റിക്കോർഡിന്റെ കാര്യത്തിൽ വർക്കിയുടെ ചേട്ടനാണ് മാത്തച്ചൻ,"
"അയാളെന്തിനാ റോബർട്ടുമായി വഴകുണ്ടാക്കുന്നത്?"
ഗായത്രിദേവി ചോദിച്ചു.
"എന്താണെന്ന് നോക്കട്ടെ,"
രാജശേഖരവർമ്മ പുറത്തേക്ക് നടന്നു.
കൂടെ വിനോദും.
നരിമറ്റം മാത്തച്ചൻ റോബർട്ടിനോട് ഉറഞ്ഞുതുള്ളുകയാണ്.
അയാൾ ഗേറ്റ് അതിക്രമിച്ചു കടക്കാൻ തുടങ്ങുമ്പോൾ റോബർട്ട് അയാളെ പിടിച്ചു മാറ്റുന്നു.
രാജശേഖരവർമ്മയും വിനോദും പെട്ടെന്ന് അയാളുടെയടുത്തെത്തി.
"ഓഹോ, മഹാരാജാവ് വരുന്നുണ്ടല്ലോ,"
നരിമറ്റം മാത്തച്ചൻ പരിഹാസപൂർവ്വം തൊഴുകൈയ്യോടെ പറഞ്ഞു.
"അകമ്പടിക്ക് ഒരാള് മാത്രേ ഒള്ളോ? ഓ മറന്നു. ചെങ്കോലും കിരീടോം നഷ്ടപ്പെട്ടിട്ട് കാലം ഒരുപാട് ആയല്ലോ, അല്ലേ?"
"നിങ്ങൾക്ക് എന്ത് വേണം?"
അദ്ദേഹം ചോദിച്ചു.
അയാളിൽ നിന്ന് മദ്യത്തിന്റെ മണം പുറത്തേക്ക് വന്നു.
"ഞാൻ നരിമറ്റം മാത്തച്ചൻ,"
ഒരു പ്രഖ്യാപനം നടത്തുന്ന പോലെ അയാൾ പറഞ്ഞു.
"നിന്റെയൊക്കെ ഗുണ്ടകൾ ചേർന്ന് എന്റെ ചേട്ടായീടെ കയ്യും കാലും തല്ലിയൊടിച്ചു."
"മിസ്റ്റർ! അനാവശ്യം പറയരുത്!"
വിനോദ് വിരൽ ചൂണ്ടി.
"എന്തോന്ന് അനാവശ്യം?"

അയാൾ വിനോദിന്റെ നേരെ തിരിഞ്ഞു.
"എന്റെ ചെട്ടായിനെ ഒതുക്കാൻ നീയൊക്കെ എവിടുന്നോ ഒരു ഗുണ്ടേനെ എറക്കുമതി ചെയ്തില്ലേ? ഒരു രാഹുവോ കേതുവോ എന്തോന്നാടാ അവന്റെ പേര്?"
അയാൾ തന്റെ കൂട്ടത്തിലുള്ളവരോട് ചോദിച്ചു.
"രാഹുൽ,"
കൂട്ടത്തിലുള്ള ഒരുവൻ പറഞ്ഞു.
"രാഹുൽ നാരായണൻ,"
"ആ...അവൻ .."
നരിമറ്റം മാത്തച്ചൻ രാജശേഖരവർമ്മയുടെ നേരെ തിരിഞ്ഞു.
"നാളെ സൂര്യോദയത്തിനു മുമ്പ് ഒന്നുകിൽ അവനെ കെട്ടുകെട്ടിച്ചോണം. അല്ലെങ്കി ഞങ്ങക്ക് വിട്ട് തന്നേക്കണം. കേട്ടോടാ പെറുക്കി എമ്പോക്കി തമ്പുരാനെ.."
"യൂ!!"
വിനോദ് അയാളുടെ കോളറിൽ പിടിച്ച് വലതുമുഷ്ട്ടിയുയർത്തി.
"ഫ! മുലപ്പാലിന്റെ മണം മാറാത്ത പീറച്ചെക്കാ.."
തന്റെ കോളറിൽ പിടിച്ച വിനോദിന്റെ കൈ വിടുവിച്ച് അയാളെ നരിമറ്റം മാത്തച്ചൻ ആഞ്ഞ് തള്ളി.
"നീ നരിമറ്റം മാത്തച്ചന്റെ ദേഹത്ത് തൊടാൻ വളർന്നോ?"
വിനോദ് പിമ്പോട്ട് വേച്ചുപോയി രാജശേഖരവർമ്മയുടെ ദേഹത്ത് തട്ടി നിന്നു.
"തമ്പുരാനെ,"

അയാൾ പരിഹാസ സ്വരത്തിൽ വീണ്ടും വിളിച്ചു.
ഇന്ത്യൻ ആർമ്മിയിലെ ഒരു പഴയ പടക്കുറുപ്പാ വിളിക്കുന്നെ. മേയ്ജർ മാത്യു വർഗ്ഗീസ്. കാലാൾപ്പടയെ മുമ്പിൽ നിർത്തിക്കളിക്കാതെ നേരിട്ട് പടയ്ക്ക് വാ. ആണു..."
പറഞ്ഞുമുഴുമിയ്ക്കുന്നതിന് മുമ്പ് രാജശേഖരവർമ്മയുടെ കൈപ്പടം നരിമറ്റം വർക്കിയുടെ മുഖമടച്ച് വീണു.
ഒരു മലയിടിഞ്ഞ് തന്റെ മുഖത്തേക്ക് വീണതുപോലെ അയാൾക്ക് തോന്നി.
തലകുടഞ്ഞ്, കണ്ണു തുറന്ന് നോക്കുമ്പോൾ താൻ നിലത്ത് വീണുകിടക്കുകയാണ്.
വായിൽ ചോരയുടെ മണം അനുഭവപ്പെട്ടു.
വേദനിക്കുന്ന ഭാഗം തടവിയപ്പോൾ അയാൾ അറിഞ്ഞു, മുൻ വരിയിലെ ഒരു പല്ല് ഒടിഞ്ഞ് വായിൽക്കിടക്കുന്നു.
"ചുമന്ന് കെട്ടിക്കൊണ്ട് പോടാ ഇയാളെ!"
രാജശേഖരവർമ്മ നരിമറ്റം മാത്തച്ചന്റെ അനുചരൻമാരോട് പറഞ്ഞു.
പകച്ചുനിൽക്കുകയാണവർ.
"നിന്നെയൊക്കെ നിലക്ക് നിർത്താൻ പോലീസിനും സർക്കാരിനും ഭയമായിരിക്കും. പക്ഷെ എന്റെ വീട്ടിൽ കയറിവന്ന് എന്നെ വെല്ലുവിളിക്കാൻ മേയ്ജറന്നല്ല, ഏതു

സുപ്രീം കമാൻഡന്റ്റായാലും വെറുതെ വിടില്ല ഞാൻ! അതിനെനിക്ക് ചെങ്കോലിന്റെയും കിരീടത്തിന്റെയും പിൻബലവും വേണ്ട. ഈസ് ദാറ്റ് ക്ലിയർ?"
നരിമറ്റം മാത്തച്ചൻ വേച്ചുവേച്ച് എഴുന്നേറ്റു.
എന്നിട്ട് അനുചരൻമാരോടൊപ്പം ജീപ്പിൽ കയറിപ്പോയി.
"അപ്പോൾ കാര്യങ്ങൾ അങ്ങനെയാണ്"
വിനോദ് പറഞ്ഞു.
"ആ രാഹുൽ നമ്മടെ ആളാണെന്നാണ് നരിമറ്റത്തിന്റെ വിചാരം!"
"അത് കാര്യമാക്കണ്ട,"
രാജശേഖരവർമ്മ പറഞ്ഞു.
"ഒരു നേരത്തെ അത്താഴം പോലും മുടക്കാൻ കെൽപ്പില്ലാത്ത നീർക്കോലി മാത്രമാണവൻ."
അതിനിടയിൽ ദിവ്യയും ഗായത്രിദേവിയും അങ്ങോട്ട് ഓടി വന്നു.
"എന്താ ഡാഡീ ഉണ്ടായേ?'
ദിവ്യയിൽ ഒരു നേരിയ പരിഭ്രമം കാണപ്പെട്ടു.
"ഒന്നുമില്ല മോളേ,"
അദ്ദേഹം അവളെ ചേർത്തുപിടിച്ചു.
"വിനോദ് സംഭവം വിവരിച്ചു.
"മോളെ എന്തിന് കുറ്റം പറയുന്നു?"
വിനോദിന്റെ വിവരണം കഴിഞ്ഞ് ഗായത്രിദേവി പറഞ്ഞു.
"അവടച്ചന്റെ സ്വഭാവം ഇതല്ലേ? വാക്കുകൊണ്ട് തീർക്കാൻ അറിയില്ല. ഇപ്പോഴും വാളെടുക്കുന്ന സ്വഭാവം!!"
"ഗായത്രി, ഞാനതിന്..."
അദ്ധേഹം വിശദീകരിക്കാൻ ശ്രമിച്ചു.
അവർ മുഖംപൊത്തിക്കൊണ്ട് അകത്തേക്ക് പോയി.
"മമ്മി കരയാന്നു തോന്നണൂ,"
അദ്ധേഹത്തിന്റെ തോളിൽ പിടിച്ച് ദിവ്യ പറഞ്ഞു.
"ഡാഡി ചെന്ന് നേരെയാക്ക്,'
"അതിന് ഞാൻ..."
"പോ, ഡാഡീ,"
അവൾ അദ്ധേഹത്തെ തള്ളിവിട്ടു.
ഗായത്രിദേവി ഹാളിൽ ഒരു സെറ്റിയിൽ ഇരിക്കുകയായിരുന്നു.
കൈകൾക്കുള്ളിൽ മുഖം താങ്ങി.
"ഗായത്രീ,"
പിമ്പിലൂടെയെത്തി അദ്ദേഹം അവരുടെ തോളിൽ പിടിച്ചു.
പിന്നെ മുമ്പിലേക്ക് വന്ന് അവരുടെ മുഖം പിടിച്ചുയർത്തി.
അവരുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് അദ്ദേഹം കണ്ടു.
"എന്താ ഗായത്രി ഇത്?"

അദ്ദേഹം വല്ലായ്മയോടെ ചോദിച്ചു.
അവർ മുഖം തുടച്ചു.
"വീട്ടിൽ കയറി വന്ന് മുഖത്ത് നോക്കി അനാവശ്യം പറയുക, വെല്ലുവിളിക്കുക, അങ്ങനെയൊക്കെ ചെയ്യുമ്പം എങ്ങനെയാ ഗായത്രീ നോക്കി നിക്കണത്?'
എന്നിട്ടും അവർ ഒന്നും മിണ്ടിയില്ല.
"ഓക്കെ, സോറി,"
അദ്ദേഹം പുഞ്ചിരിച്ചു.
"ഇനി അങ്ങനെയൊന്നും ഉണ്ടാവില്ല,"
"ഈ വർഷത്തിന്റെ പ്രാധാന്യം മറന്നൂന്ന് തോന്നുന്നു മോള്ടച്ചൻ,"
അവർ പറഞ്ഞു.
"വ്രതവർഷമാണ്, മൃത്യുഞ്ജയയാഗം ...അതൊക്കെ മറന്നൂല്ലോപെട്ടെന്ന്,"
അദ്ധേഹത്തിനും തോന്നി.
ശരിയാണ്.
വാക്കിലും നോക്കിലും ചിന്തയിൽപ്പോലും സാത്വികഭാവം വേണ്ട സമയമാണ്.
എന്നിട്ടാണ് ഒരാളെ കരണത്തടിച്ചു നിലത്തിട്ടത്.
"അവിവേകം പറയ്യാന്ന് തോന്നരുത്,"
അവർ പറഞ്ഞു.
"അതിനൊന്നും ഞാൻ അർഹയല്ലന്നും അറിയാം. എന്നാലും ..."
"എന്താ ഗായത്രീ ഇത്?"
അവരെ തന്നിലേക്കടുപ്പിച്ചു നിർത്തിയിട്ട് അദ്ദേഹം പറഞ്ഞു.
"എന്നെ ഉപദേശിക്കാനും തിരുത്താനുമൊക്കെ നിനക്കുള്ളത്പോലെ അർഹത മറ്റാർക്കാ പിന്നെ?"
തന്റെ മുഖം അവരുടെതിന് വളരെയടുപ്പിച്ചുകൊണ്ട് അദ്ദേഹം അവരെ ചേർത്തുപിടിച്ചു.
"അത് ശരി!"
പിമ്പിൽ നിന്ന് ദിവ്യയുടെ സ്വരം അവർ കേട്ടു.
"ശ്യോ, മോള്!"
ഗായത്രിദേവി പെട്ടെന്ന് ലജ്ജയോടെ മുഖം മറച്ചുപിടിച്ചുകൊണ്ട് തെന്നിമാറി.
"അങ്കം തീർക്കാൻ പറഞ്ഞുവിട്ടിട്ട് ഇവിടിപ്പോൾ ഡാഡീം മമ്മീം രണ്ടാം ഹണിമൂണാണോ?"
റെയിൽവേ സ്റ്റേഷൻ
കേരള എക്സ്പ്രസ്സ് എത്തിച്ചേരാൻ ഇനിയും പതിനഞ്ച് മിനിറ്റ് കൂടിയുണ്ട്.
ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽ, റെയിൽവേ കാര്യാലയത്തിന് മുമ്പിൽ കോബ്രാ ഗാങ്ങ് സംഘാംഗങ്ങൾ നിന്നു.
മികവരുടെയും മുഖം മ്ലാനമാണ്.
ദിവ്യയുടെ ഡെൽഹി യാത്രയാണ് അതിന് കാരണം.

സെയിന്റ് സ്റ്റീഫൻസിലെ അവളുടെ ക്ലാസ് മൂന്ന് ദിവസങ്ങൾക്കകം ആരംഭിക്കുകയാണ്.
ഇനി മാസങ്ങൾക്ക് ശേഷമേ അവളെ കാണാൻ സാധിക്കുകയുള്ളൂ എന്ന് അവർക്ക് അറിയാമായിരുന്നു.
സംഘനേതാവ് ലത്തീഫ് സമചിത്തതയോടെ ഓരോരുത്തരോടും സംസാരിക്കുന്നുണ്ട്.
"ആ ജ്യോത്സനെ എന്റെ കൈയിൽ കിട്ടിയിരുന്നെങ്കിൽ!"
ദിവ്യ കലിതുള്ളിക്കൊണ്ട് പറഞ്ഞു.
"അയാൾടെ മൊട്ടത്തലയടിച്ചു ഞാൻ പൊട്ടിച്ചേനെ!"
"നാടുകടത്തൽ കാലാവധി എത്രയാ?"
ആബിദ് ചോദിച്ചു.
"മിനിമം ആറുമാസം,"
ദിവ്യ പറഞ്ഞു.
"ആറുമാസത്തേക്ക് പ്രപഞ്ചം നിശ്ചലം! സൂര്യ ചന്ദ്രന്മാരും ഗ്രഹങ്ങളും ധൂമകേതുക്കളും ഗ്യാലക്സിയുമൊക്കെ ഞാനുമായി മൂന്നാം ലോകയുദ്ധത്തിലേർപ്പെടുന്നു! അതിനാൽ ആറുമാസത്തേക്ക് ദിനരാത്രങ്ങളോ ഋതുഭേദങ്ങളോ ഉണ്ടായിരിക്കുന്നതല്ല."
"ഇവളെന്തായീ പറയുന്നെ?"
ഷെറിന് ഒന്നും മനസ്സിലായില്ല.
"എടീ മുസ്ലീം ഫണ്ടമെന്റ്റലിസ്റ്റെ,"
ദിവ്യ വിശദീകരിച്ചു.
"നിനക്കീ ഹൈന്ദവ അനാചാരങ്ങൾ ഒന്നും മനസ്സിലാവില്ല. എനിക്ക് നക്ഷത്രവശാൽ ആറുമാസത്തേക്ക് മരണമോ അതിനു തുല്യമോ ആയ ഒരു ദോഷം വരാൻ പോകുന്നു."
"ആര് പറഞ്ഞു?"
"കൊട്ടാരം ജ്യോത്സൻ. കോട്ടപ്പുറം ബ്രഹ്മദത്തൻ നമ്പൂതിരി,"
"അയ്യോ അങ്ങനെയാണെങ്കിൽ ട്രെയിൻ യാത്ര ചെയ്യാൻ പറ്റത്തില്ല. അപകടമുണ്ടാവും. ഇല്ലിയോ?".........

ടോമി ഭയപ്പെട്ടു ചോദിച്ചു.
"മണ്ടൂസൻ മാപ്പിളെ!"
ദിവ്യ അവനോടു പറഞ്ഞു.
"ആപത്തുണ്ടാവുന്നത് ഇവിടെ നിക്കുമ്പോഴാണ്; ശാന്തിപുരത്ത്,"
"അങ്ങനെയാണേൽ ജ്യോത്സനോട് പോകാൻ പറ. ശാന്തിപുരത്തിന്റെ ഏക ആപത്ത് നമ്മളാ. കുട്ടിച്ചാത്തന്റെ ദേഹത്ത് ഏലസ്സ് കേറ്റാൻ ധൈര്യം ആർക്കാ? ദിവ്യയ്ക്ക് എന്തായാലും നമ്മളിൽ നിന്ന് ഒരാപത്തും വരില്ല,"
സതീഷ് അഭിപ്രായപ്പെട്ടു.

"ജ്യോത്സനോടതൊന്നും പറഞ്ഞാൽ മനസ്സിലാവില്ല,"
ദിവ്യ കലിയടങ്ങാതെ പറഞ്ഞു.
"അങ്ങേര് പറയുന്നത് എനിക്കാപത്ത് വരാത്ത ഏകസ്ഥലം നോർത്ത് ഇന്ത്യയാണെന്നാണ്. അതൊക്കെ വിശ്വസിക്കാൻ ഒരുങ്ങി ഡാഡീം മമ്മീം. നോർത്ത് ഇന്ത്യ മൊത്തം ഫൂലൻ ദേവിമാരാണെന്നവർക്കറീത്തില്ല,"
പെട്ടെന്ന് ദിവ്യയുടെ മൊബൈൽ ഫോൺ ശബ്ദിച്ചു.
അവൾ ഫോണിലൂടെ സംസാരിക്കവേ ലതീഫിന്റെ സൂക്ഷ്മ ദൃഷ്ടികൾ പ്ലാറ്റ്ഫോമിലെ ആൾക്കൂട്ടത്തിനിടയിൽ നിൽക്കുന്ന സിദ്ധാർത്ഥൻ ദാമോദരനെ കണ്ടെത്തി.
ഇവനെന്താണ് ഇപ്പോൾ ഇവിടെ കാര്യം?
ലത്തീഫ് പുരികം ചുളിച്ചു.
അവൻ ഫെലിക്സിനെ തോണ്ടി വിളിച്ചു.
"എന്താ ലത്തീഫ് ദാദാ?"
ഫെലിക്സ് അടക്കിയ സ്വരത്തിൽ ചോദിച്ചു.
"അവന്റെ ദേഹത്ത് ഒരു കണ്ണ് വേണം,"
സിദ്ധാർത്ഥന്റെ നേരെ കണ്ണു കാണിച്ച് ലത്തീഫ് പറഞ്ഞു.
"അവനെ മിസ് ചെയ്യരുത്,"
പിന്നെ അവൻ ദിവ്യയെ നോക്കി.
"വീട്ടീന്നാ ലത്തീഫ് ദാദാ,"
ഫോണിലൂടെയുള്ള സംസാരം കഴിഞ്ഞ് ദിവ്യ പറഞ്ഞു.
"ട്രെയിനെപ്പഴാ വരാന്ന്. പാവം മമ്മി. ആകെ ടെൻഷനാ മമ്മിക്ക്,"
ട്രെയിൻ എത്തിച്ചേരുന്നതിനുള്ള അറിയിപ്പ് മുഴങ്ങി.
തുടർന്ന് ഏതാനും നിമിഷങ്ങൾക്കുള്ളിൽ ചൂളം വിളിയും.
"ഞാൻ പൂവ്വാണ് ലത്തീഫ് ദാദാ,"
ദിവ്യ ലതീഫിന്റെ തോളിൽ പിടിച്ചു.
അവളുടെ കണ്ണുകൾ നിറഞ്ഞു തുടങ്ങി.
ലത്തീഫ് അവളെ ആലിംഗനം ചെയ്തു.
പിന്നെ കൂട്ടുകാർ ഓരോരുത്തരും.
അവരും വികാരഭരിതരായി.
മിക്കവരും കണ്ണുനീരൊപ്പി.
ലത്തീഫ് മാത്രം പുഞ്ചിരിയോടെ നിലകൊണ്ടു.
"നീ പോയിട്ട് ഡെൽഹിയൊക്കെ ഒന്നിളക്കി മറിക്ക് ദിവ്യേ,"
അവൻ പറഞ്ഞു.
"നമ്മുടെ രാമനാഥ് കോവിന്ദയോടും മോദിജിയോടും നമ്മുടെ ഗാങ്ങിന്റെ കാര്യം ഒക്കെപ്പറഞ്ഞേരെ,"
ദിവ്യ വീണ്ടും കൂട്ടുകാരെ ചേർത്തുപിടിച്ചു.
"ആൾ ദ ബെസ്റ്റ് ദിവ്യാ,"

ലത്തീഫ് പറഞ്ഞു.
ട്രെയിൻ പതിയെ നീങ്ങാൻ തുടങ്ങി.

അവൾ പടികളിലേക്ക് കയറി.
"ലത്തീഫ് ദാദാ, ഫെലിക്സ്, സതീഷ്...."
അവൾ കൂട്ടുകാരുടെ കൈകളിൽ പിടിച്ച് ഓരോരുത്തരുടേയും പേർ ചൊല്ലിവിളിച്ചു.
"എനിക്ക് വയ്യ..നിങ്ങളെയൊക്കെ വിട്ടിട്ട്...എനിക്ക് പോകാൻ വയ്യ..ഞാൻ ഇറങ്ങാണ്..."
അവളുടെ മിഴികൾ നിറഞ്ഞു തുളുമ്പി.
"ഡോണ്ട് ദിവ്യ."
ലത്തീഫ് വിളിച്ച് പറഞ്ഞു.
"യൂ ആർ എ കോബ്രാ ഗാങ്ങ് ഗേൾ. വീ വിൽ മീറ്റ് എഗൈൻ...ബൈ,"
വിഷാദമുഖരായ കൂട്ടുകാരുടെ മുമ്പിൽ നിന്ന് ദിവ്യയേയും കൊണ്ട് ട്രെയിൻ അകന്ന് മറഞ്ഞു.
കൂട്ടുകാരുടെ കണ്ണീർ അടങ്ങിയിട്ടില്ല എന്ന് ലത്തീഫ് കണ്ടു.
വിഷമം തനിക്കുമുണ്ട്.
പക്ഷെ തനിക്കതോന്നും പ്രകടിപ്പിച്ചുകൂടാ.
കൂട്ടുകാർ തളരുമ്പോഴും വിഷമിക്കുമ്പോഴും അവരെ നിയന്ത്രിക്കേണ്ടത് താനാണ്.
"നമുക്ക് ഇപ്പോൾ ഒരു ആക്ഷൻ ഉണ്ട്,"
ലത്തീഫ് കൂട്ടുകാരോട് പറഞ്ഞു.അവർ ആകാംക്ഷയോടെ അവനെ നോക്കി.
"അങ്ങോട്ട് നോക്ക്,"
റെയിൽവേ കാര്യാലയത്തിന്റെ പ്രവേശനകവാടത്തിലൂടെ വെളിയിലേക്ക് നടക്കുന്ന സിദ്ധാർത്ഥനെ അവൻ അവർക്ക് കാണിച്ചുകൊടുത്തു.
റോസ്‌ലിന്റെ മുഖം ചുവന്നു.
അവളുടെ കണ്ണുകളിൽ ദേഷ്യം പതഞ്ഞുയർന്നു.
ഇന്നലെ മ്യൂസിക് റിഹേഴ്സൽ കഴിഞ്ഞ് മെട്രോപോളിറ്റൻ ക്ലബ്ബിൽ നിന്ന് അവൾ തിരികെ വരികയായിരുന്നു.
കൂട്ടുകാരോട് യാത്ര പറഞ്ഞ് തന്റെ വീട്ടിലേക്കുള്ള ഇടവഴിയിലേക്ക് തിരിയുമ്പോൾ ആണ് മുമ്പിൽ സിദ്ധാർത്ഥൻ നിൽക്കുന്നത് അവൾ കണ്ടത്.
യാതൊരു പ്രകോപനവും കൂടാതെ അവൻ റോസ്‌ലിനെ കയറിപ്പിടിച്ചു.
ഒരു വിധത്തിൽ അവന്റെ പിടിവിടുവിച്ച് അവൾ ഓടി രക്ഷപ്പെടുകയായിരുന്നു.
റെയിൽവേ സ്റ്റേഷൻ കഴിഞ്ഞ് മെയിൻ റോഡിലെത്തും വരെ താൻ പിന്തുടരപ്പെടുകയാണ് എന്ന് സിദ്ധാർത്ഥൻ അറിഞ്ഞിരുന്നില്ല.
പെട്ടെന്ന് സംശയം തോന്നി തിരിഞ്ഞുനോക്കിയപ്പോൾ ആണ് ലത്തീഫും സംഘവും തന്റെ പിന്നാലെയുണ്ടന്ന് അവൻ അറിയുന്നത്.
സിദ്ധാർത്ഥൻ വേഗത്തിൽ നടക്കാൻ തുടങ്ങി.

പിന്നെ അത് ഓട്ടമായി.
പിന്നാലെ ഓടിയെത്തിയ ലത്തീഫും സംഘവും അവനെ പിമ്പിൽ നിന്ന് ആഞ്ഞു ചവിട്ടി.
സിദ്ധാർത്ഥൻ നിലത്ത് വീണു.
വീഴ്ചയിൽ നിന്ന് എഴുന്നേൽക്കാൻ തുടങ്ങുന്നതിന് മുമ്പ് ലത്തീഫും സംഘവും തന്നെ വളഞ്ഞിരിക്കുന്നത് അവൻ കണ്ടു.
"എടാ,"
സതീഷ് കോളറിൽപ്പിടിച്ച് അവനെ എഴുന്നേൽപ്പിച്ചു.
"നെനക്ക് റെയിൽവേ സ്റ്റേഷനിൽ എന്താടാ കാര്യം?'
"ഞാൻ വെറുതെ..."
സിദ്ധാർത്ഥൻ വിറച്ചുകൊണ്ട് പറഞ്ഞു.
"ഫ! നായിന്റെ മോനേ!"
ചെകിടടച്ച് സതീഷിന്റെ അടിവീണു.ഒന്ന് കറങ്ങി സിദ്ധാർത്ഥൻ ലതീഫിന്റെ കൈയിലെത്തി.
"തീവണ്ടി കയറാൻ വരുന്ന ആളുകളുടെ എണ്ണമെടുക്കാൻ വന്നതാണോ നീ?"
ലത്തീഫ് ശാന്തനായി ചോദിച്ചു.
"പറ സിദ്ധാർത്ഥ, നീയെന്തിനാ ഇവിടെ വന്നേ?'

"ജയകൃഷ്ണൻ പറഞ്ഞിട്ട്.
അവർ പരസ്പരം നോക്കി."
"എന്ത് പറഞ്ഞു, അവൻ?"
സിദ്ധാർത്ഥൻ ആ ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല.
"ലത്തീഫ് ദാദാ," രാജേഷ് മുമ്പോട്ട് വന്നു.
"മര്യാദയുടെ ഭാഷ ഇവനറിയില്ല. സിദ്ധാർത്ഥ ഗൌതമ ബുദ്ധാ,"
രാജേഷ് അവന്റെ നേരെ വിരൽ ചൂണ്ടി.
"പെരുവഴിയിൽക്കിടന്ന് വികലാംഗനാകേണ്ട ഗതി വരണ്ട എങ്കിൽ മര്യാദക്ക് ഉത്തരം പറയെടാ പട്ടി, നിന്നോടെന്താ ജയകൃഷ്ണൻ പറഞ്ഞെ?"
സിദ്ധാർത്ഥൻ റെയിൽവേ സ്റ്റേഷനിൽ വന്നതിനു പിമ്പിൽ തക്കതായ കാരണമെന്തെങ്കിലും ഉണ്ടായിരിക്കണം എന്ന് ലത്തീഫ് അനുമാനിച്ചു.
ജയകൃഷ്ണൻ പറഞ്ഞുവിട്ടതാണെങ്കിൽ അതിൽ അപകടമുണ്ട്. അതും ദിവ്യ ഇന്ന് ഡൽഹിക്ക് ട്രയിൻ കയറിയ ദിവസം.
"പ്രിയങ്കാ,"
ലത്തീഫ് തിടുക്കത്തിൽ പറഞ്ഞു.
"ദിവ്യക്ക് ഡയൽ ചെയ്യ്, ക്യുക്ക്!!"
പ്രിയങ്ക തന്റെ മൊബൈൽഫോണിൽ ദിവ്യക്ക് ഡയൽ ചെയ്തു.
പിന്നെ ഫോൺ ലത്തീഫിന് കൈമാറി.

"ങ്ഹാ! പ്രിയങ്കയല്ല, ലത്തീഫ്. പിന്നെ നിന്റെ കമ്പാർട്ട്മെന്റിൽ വേറെ ആരാ ഉള്ളത്? മ്യൂസിക്ക് ഒക്കെയോ? ലേഡീസ്? ഒന്നുമില്ല. വെറുതെ വിളിച്ചെന്നെയുള്ളൂ. എനി വേ, ബീ കെയർഫുൾ! വി വിൽ കാൾ യൂ ലേറ്റർ!"
പെട്ടെന്ന് രാജേഷിന്റെ ചവിട്ടേറ്റ് സിദ്ധാർത്ഥൻ ഒരു മുരൾച്ചയോടെ നിലം പതിച്ചു.
കണ്ണുകൾ തുറന്നപ്പോൾ ബൂട്ടിട്ട ഒരു കാൽപ്പാദം തന്റെ മുഖത്തിന് നേരെ നീണ്ടുവരുന്നത് അവൻ കണ്ടു.
"ഞാൻ പറയാം!"
സിദ്ധാർത്ഥൻ ഭയാക്രാന്തനായി പറഞ്ഞു.
"ഒരു ഡ്രഗ് എജന്റ്റിനെ മീറ്റ് ചെയ്യാൻ പറഞ്ഞുവിട്ടതാ എന്നെ ജയകൃഷ്ണൻ!"
"ഡ്രഗ്സ്!!"
അവർ ഭയത്തോടെ പരസ്പരം നോക്കി.
"എന്നിട്ട്? എന്നിട്ട് സാധനമെവിടെ?"ലത്തീഫ് ചോദിച്ചു.
"അയാൾ വന്നില്ല"
സിദ്ധാർത്ഥൻ പറഞ്ഞു.
"കേരള എക്സ്പ്രസ്സിന് അയാൾ ഇവിടെ എറങ്ങൂന്നും എന്നെ കാണൂന്നും ആണ് ജയകൃഷ്ണൻ പറഞ്ഞെ,"
"എവിടെ ഏതൊക്കെ സ്ഥലത്താണ് സാധനത്തിന്റെ വിൽപ്പന?"
"അതൊന്നും എനിക്കറീത്തില്ല. ജയകൃഷ്ണനെ സാധനം ഏൽപ്പിക്കുന്നത് മാത്രമാണ് എന്റെ ജോലി,"
"ജയകൃഷ്ണന് സാധനം ഡിസ്ട്രിബ്യൂഷൻ നടത്തുന്നതാരാ?"
"അതും എനിക്കറിയില്ല,"
"പിന്നെ ഇവിടെ ട്രെയിൽ ഇറങ്ങുന്നയാലെ നീ എങ്ങനെ തിരിച്ചറിയും?"
"റിസർവേഷൻ കൌണ്ടറിനടുത്ത് ഈ അടയാളവും കൊണ്ട് ഞാൻ നിൽക്കും,"
സിദ്ധാർത്ഥൻ തന്റെ ക്യാപ്പിൽ "Z" എന്ന് എഴുതിയിരിക്കുന്നത് അവരെ കാണിച്ചു.
"അയാടെ ക്യാപിലും "Z" എന്ന അക്ഷരമുണ്ടാവും,"
സിദ്ധാർത്ഥൻ പറയുന്നതിൽ കാര്യമുണ്ട് എന്ന് ലത്തീഫിന് തോന്നി.
ഒന്നിനൊന്ന് പൊരുത്തമുള്ള കാര്യങ്ങളാണ് ഇവൻ പറയുന്നത്.
"അതുപോട്ടെ സിദ്ധാർത്ഥ,"

ലത്തീഫ് സ്വരം മാറ്റി.
"ഇന്ന് നെനക്കൊരു വിശിഷ്ഠ അതിഥി ചെറിയൊരു വിരുന്ന് തരുന്നുണ്ട്,"
ലത്തീഫ് കൂട്ടുകാരെ നോക്കി.
അവസാനം അവന്റെ കണ്ണുകൾ റോസലിനിൽ പതിഞ്ഞു.
"റോസ്‌ലിൻ, കം ഫോർവേഡ്!"
തീ പാറുന്ന കണ്ണുകളോടെ അവൾ സിദ്ധാർത്ഥനെ സമീപിച്ചു.
"നൌ, ബിഗിൻ!"
ലതീഫിന്റെ ശബ്ദം അവൾ കേട്ടു.

ആ നിമിഷം തന്നെ അവളുടെ കൈപ്പടം അവന്റെ മുഖത്തിന്റെ ഇരുവശത്തും മാറി മാറിപ്പതിച്ചു.
അടിയുടെ ആഘാതത്തിൽ വീണ്ടും സിദ്ധാർത്ഥൻ നിലത്ത് വീണു.
"ഇവന് എല്ലാവരേക്കാളും ഭൂഗുരുത്വ ബലം കൂടുതലാണ് എന്ന് തോന്നുന്നു."
ആബിദ് ചിരിച്ചു.
"ഇതിപ്പോൾ പത്തോ പന്ത്രണ്ടാമത്തെയോ തവണയാണ് ഇവൻ ഇങ്ങനെ കണ്ടിന്യൂസ് ആയി വീഴുന്നെ,"
"അവന്റെ കൈ രണ്ടും തല്ലിയൊടിച്ചേ ക്ക്!"
ലത്തീഫ് പറഞ്ഞു.
"ഇനി മേലിൽ ഇവൻ പെൺകുട്ടികളെ കയറിപ്പിടിക്കരുത്,"
വിശന്നു വലഞ്ഞ ചെന്നായ്ക്കളെപ്പോലെ സംഘം സിദ്ധാർത്ഥന്റെ മേൽ ചാടി വീണു.
"നിന്നെപ്പോലെയുള്ള ഹറാംപിറന്ന പന്നികളുടെയടുത്ത് കാട്ടുനീതി മാത്രമേ രക്ഷയുള്ളൂ സിദ്ധാർത്ഥ!"
സംഘാംഗങ്ങളുടെ കൈക്കരുത്തിൽ പുളയുന്ന സിദ്ധാർത്ഥനെ നോക്കി ലത്തീഫ് പറഞ്ഞു.
"ഓം! ശാന്തി!!"
ഘനഗാംഭീര്യമുള്ള ഒരു ശബ്ദം കേട്ട് എല്ലാവരും നിശ്ചലരായി.
അവരുടെ മുമ്പിൽ ഒരു എന്ഫീല്ഡ് ബുള്ളറ്റ് വന്നുനിന്നു.
അതിൽ നിന്ന് സുഭഗനായ ഒരു യുവാവ് ഇറങ്ങി.
സംഘർഷഭരിതമായ ആ അന്തരീക്ഷത്തിലും അയാളുടെ രൂപലാവണ്യം കണ്ട് പെൺകുട്ടികൾ വിസ്മയഭരിതരായി.
"രാഹുൽ നാരായണൻ!"
ലത്തീഫ് മന്ത്രിച്ചു.
കടും ചുവപ്പ് നിറത്തിലുള്ള മുണ്ടും കറുത്ത കുർത്തയും അയാൾ ധരിച്ചിരുന്നു.
"ലത്തീഫ് ദാദാ, അത്,"
ആബിദ് അയാൾ ധരിച്ചിരുന്ന ക്യാപ്പിലേക്ക് വിരൽ ചൂണ്ടി.
അതിൽ "Z" എന്ന് എഴുതിയിരുന്നു.
"എന്താ കുട്ടികളേ, ഇത്? ങ്ഹേ?"
നിലത്തുവീണ സിദ്ധാർത്ഥനെ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചുകൊണ്ട് രാഹുൽ അവരോട് ചോദിച്ചു.
"നിങ്ങളുടെ അതെ പ്രായമുള്ള, അതെ ഹൈറ്റും വെയിറ്റുമുള്ള, നിങ്ങളെപ്പോലെ തന്നെ സുന്ദരക്കുട്ടപ്പനായ ഇവനെ ഇങ്ങനെ തല്ലുന്നതെന്തിനാ?"
"ഹേയ്!!"

ലത്തീഫ് വിരൽ ചൂണ്ടി ഗർജ്ജിച്ചു.
"തൊട്ടുപോകരുതവനെ!"
"ഓ!"

ഭയന്നതുപോലെ രാഹുൽ ലത്തീഫിനെ നോക്കി ഒരു ചുവട് പിമ്പോട്ടുവെച്ചു.
"ശരി, ഞാൻ ഇവനെ എഴുന്നെൽപ്പിക്കുന്നില്ല. തൊടുന്നുപോലുമില്ല. നിങ്ങളിലൊരാൾ വന്നു ഇവനെ എഴുന്നെല്പ്പിച്ചാൽ മതി. ആരാ അതിന് പറ്റീത്?"
രാഹുൽ ചുറ്റും നിൽക്കുന്നവരെ സൂക്ഷ്മമായി നിരീക്ഷിച്ചു.അവസാനം അയാളുടെ നോട്ടം റോസ്‌ലിനിൽ എത്തി.
"കം!"
രാഹുൽ വിരലുയർത്തി അവളെ നോക്കി വിളിച്ചു.
"മോളാ സ്യൂട്ട്. കമോൺ! വന്ന് എഴുന്നേറ്റ് നിൽക്കാൻ ഈ പാവത്തിനെ ഒന്ന് സഹായിക്ക്!"
റോസ്‌ലിൻ അനങ്ങിയില്ല.
"നിന്നോടല്ലേടീ പറഞ്ഞത്?"
രാഹുൽ ശബ്ദമുയർത്തി.
റോസ്‌ലിൻ വിറച്ചുപോയി.
"അനുസരണക്കേട് കാണിക്കുന്നോ? തന്തേടേം തള്ളേടെം ചുട്ട അടി നിന്റെ ചന്തിക്കിട്ട് കിട്ടാത്തെന്റെ കുറവാ, ഇവടെ വാടീ,"
അയാളുടെ ആജ്ഞയ്ക്ക് മുമ്പിൽ റോസ്‌ലിൻ പരിഭ്രാന്തയായി.
"ഫ! ഹറാംപിറന്ന പന്നീ!!"
ലത്തീഫ് മുമ്പോട്ട് വന്നു.
"നീയാരാടാ ഞങ്ങളുടെ കാര്യത്തിൽ ഇടപെടാൻ? ഞങ്ങൾ ഇവനെ തല്ലും. കൈവെട്ടും. വേണ്ടി വന്നാൽ പച്ചയ്ക്ക് വെട്ടിയരിഞ്ഞു തിന്നും. അത് ചോദിക്കാൻ നീയാരാ?"
'പൊയ്ത്തുംകടവിൽ സയ്യദ് അഹമ്മദ് അലി ഹാജിയുടെ മകൻ സയ്യദ് അബ്ദുൽ ലതീഫേ,"
ലതീഫിന്റെ കണ്ണുകളിലേക്ക് നോക്കി ചിരിയോടെ രാഹുൽ പറഞ്ഞു.
"ഞാൻ ആരാണെന്ന് നിനക്കറിയില്ലെങ്കിൽ നിന്റെ കൂട്ടത്തിൽ നിൽക്കുന്ന എന്റെ കുട്ടികൾ പറഞ്ഞു തരും,"
"നിന്റെ കുട്ടികളോ?"
"അ്ഹാ, എന്റെ കുട്ടികൾ!!"
രാഹുൽ മുമ്പോട്ട് വന്ന് ഓരോരുത്തരുടേയും തോളിൽ കൈ വെച്ചു.
"ഇത് സതീഷ്, ഫസ്റ്റ് ഇയർ കെമിസ്ട്രി. രാജേഷ് കുമാർ ഫസ്റ്റ് ഇയർ കെമിസ്ട്രി. സൈനുൽ ആബിദ് ഫസ്റ്റ് ഇയർ കെമിസ്ട്രി. ജോസഫ് അലക്സ് എന്ന ടോമി ഫസ്റ്റ് ഇയർ കെമിസ്ട്രിയല്ല, ഫിസിക്സ്. എന്റെ സ്വന്തം ഡിപ്പാർട്ട്മെന്റ്. രാജു സെക്കൻഡിയർ സുവോളജി. പ്രിയങ്കാ വിശ്വനാഥ് സെക്കൻഡിയർ ഇംഗ്ലീഷ്...ഇങ്ങനെ എല്ലാ പേരുകളും കോഴ്സുകളും എനിക്കറിയാം മോനേ ലതീഫേ. സ്മിത കംബിക്കുട്ടൻ സൈറ്റിലെഴുതിയ കഥ. ഇവരുടെയൊക്കെ പേരുകൾ സെയിന്റ് മേരീസ് കോളേജ് ശാന്തിപുരത്തിന്റെ അറ്റണ്ടൻസ് രജിസ്റ്ററിൽ ഉണ്ട്. അതായത് ഞാൻ പഠിപ്പിക്കുന്ന എന്റെ കുട്ടികൾ. ഞാൻ അവരുടെ അദ്ധ്യാപകൻ.

ടീച്ചർ. ലക്ചറർ. ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്. അതുകൊണ്ട് അധ്യാപകനെ ശിഷ്യ അനുസരിക്കും!"

രാഹുൽ വീണ്ടും റോസ്‌ലിനെ നോക്കി.
"മോള് വന്ന് ഇവനെ പിടിച്ചെഴുന്നേൽപ്പിക്ക്,"
"ഞാൻ സെയിന്റ് മേരീസ് കോളേജിലെ സ്റ്റുഡന്റ് അല്ല,"
ലത്തീഫ് പറഞ്ഞു.
"നീ എന്റെ അധ്യാപകനുമല്ല,"
"എന്തായിത് ലതീഫേ? ങ്ഹേ? അദ്ധ്യാപകൻ ആരാണ് എന്നാ നിന്റെ വിചാരം?"
രാഹുൽ ലത്തീഫിന്റെയടുത്തേക്ക് അൽപ്പം കൂടി നീങ്ങിനിന്നു.
"ഗുരു സാക്ഷാത് പരബ്രഹ്മം എന്നൊക്കെയല്ലേ നമ്മൾ ഭാരതീയർ ആചാര്യന്മാരെ സംബോധന ചെയ്യാറ്? അധ്യാപകനെ നീ എന്നൊക്കെയാ വിളിക്ക്യ?"
രാഹുൽ കോപം കൊണ്ട് തിളച്ചുമറിയുന്ന ലത്തീഫിന്റെ മുഖത്തേക്ക് നോക്കി പുഞ്ചിരിച്ചു.
"പിന്നെ നീ സെയിന്റ് മേരീസിലെ സ്റ്റുഡന്റ് അല്ല എന്ന് എനിക്കറിയാം. നിനക്ക് അവിടുത്തെ സ്റ്റുഡന്റ് ആകാൻ സാധിക്കില്ല. കാരണം അവിടെ വയോജന വിദ്യാഭ്യാസമോ സാക്ഷരതാ മിഷനോ ഒന്നുമില്ല,"
രാഹുൽ ലത്തീഫിന്റെ തോളത്ത് തട്ടി.
ലത്തീഫ് ആ കൈ പിടിച്ചു മാറ്റി.
"ങ്ഹാ അതുപോട്ടെ,"
രാഹുൽ ലത്തീഫിന്റെ കൂട്ടുകാരെ നോക്കി.
"നിങ്ങളെന്തിനാ ഈ മിണ്ടാപ്രാണിയെ തല്ലിച്ചതച്ചേ?"
"ഇവൻ മിണ്ടാപ്രാണിയൊന്നുമല്ല,"
നിലത്ത് അപ്പോഴും വീണുകിടക്കുന്ന സിദ്ധാർത്ഥനെ നോക്കി ആബിദ് പറഞ്ഞു.
"ഇവൻ ഇന്നലെ റോസ്‌ലിനെ കയറിപ്പിടിച്ചു,"
"അതേയോ?"
രാഹുൽ അദ്‌ഭുതപ്പെട്ടു.
"അതേതായാലും ശരിയായില്ല. പക്ഷെ നമ്മുടെ ശാന്തിപുരത്ത് അൽ അമീൻ ഇരുമ്പുകടയുടെ എതിർവശത്ത് ഒന്നാന്തരമൊരു സർക്കിൾ ഓഫീസുണ്ട്. വിശിഷ്ട സേവനത്തിന് രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ വാങ്ങിയ ഒരു എബ്രഹാം ആണ് അവിടുത്തെ സർക്കിൾ. സ്മിത കമ്പിക്കുട്ടനിൽ എഴുതിയ കഥ ബോൾഡ് ആൻഡ് അൺകറപ്റ്റഡ്. അപ്പോൾ എന്റെ കൈക്ക് പണിയുണ്ടാക്കുന്ന ഇപ്പണി നിങ്ങൾ ചെയ്യേണ്ടിയിരുന്നില്ല,"
"ചെയ്താൽ താനെന്ത് ചെയ്യും?"
"എന്ത് ചെയ്യുമെന്നൊക്കെ ചോദിച്ചാൽ...ലത്തീഫ് പറ...എന്ത് ചെയ്യണം?"
"ഇപ്പോൾ തൽക്കാലം ഒന്നും ചെയ്യേണ്ട. സ്ഥലം വിടാൻ നോക്ക്,"

"ഷുവർ, സ്ഥലം വിടാം ഞാൻ. പക്ഷെ അതിനു മുമ്പ് ആ മോളോട് ഗ്യാങ്ങു ലീഡർ ആയ നിങ്ങൾ തന്നെ ഈ പാവം സിദ്ധാർത്ഥൻ കേ ദാമോദരനെ പിടിച്ചെഴുന്നേൽപ്പിക്കാൻ ഉത്തരവ് കൊടുക്കണം,"

"ഫ, പട്ടീ,"
ലത്തീഫിന്റെ ബലിഷ്ഠകരങ്ങൾ അന്തരീകഷത്തിൽ ഉയർന്നു.
"കുറച്ചുനേരമായി നീ നിന്ന് കുരയ്ക്കുന്നു!"
"ഓം! ശാന്തി!!"
തന്റെ മൂക്കിനു നേരെ താഴ്ന്നു വന്ന ലത്തീഫിന്റെ മുഷ്ടി രാഹുൽ പിടിച്ചു നിർത്തി.
"സാമം വേദം സന്ധിസംഭാഷണം എല്ലാം പരാജയപ്പെട്ട സ്ഥിതിക്ക് ഇനി ഇത് മാത്രമേ ബാക്കിയുള്ളൂ. വേറെ രക്ഷയോന്നുമില്ലേൽ ഞാൻ റെഡി ഗാങ്ങ് ലീഡറേ...കണ്ണിനു പകരം കണ്ണ് ...പല്ലിനു പകരം പല്ല്..."
സംഘാംഗങ്ങൾ മുമ്പോട്ടാഞ്ഞു.
"വേണ്ട,"
ലത്തീഫ് അവരുടെ നേരെ വലത് കൈ ഉയർത്തി വിലക്കി.
"ഗുരുനാഥനെ തല്ലിയ ശിഷ്യന്മാർ എന്ന ചീത്തപ്പേര് തൽക്കാലം നിങ്ങൾക്ക് വേണ്ട. ഞാൻ ഇയാടെ ശിഷ്യനല്ല. ഇയാൾ എന്റെ വാധ്യാരുമല്ല. സ്മിത കംബികുട്ടനിൽ എഴുതിയ കഥ ഈ അങ്കം ഞങ്ങൾ തമ്മിൽ. എന്ത് സംഭവിച്ചാലും എന്റെ ശവം വീണാലും ആരും അടുക്കരുത്. ഇറ്റ്സ് ആൻ ഓർഡർ. ഈസ് ദാറ്റ് ക്ലിയർ?"
കൂട്ടുകാർ നിസ്സഹായരായി.
"കമോൺ പ്രോഫസ്സറേ, പ്രൂവ് യുവേഴ്സെൽഫ്!"
ലതീഫിന്റെ പ്രഹരമേറ്റ് രാഹുൽ മുഖമടച്ച് നിലത്തവീണു.
തന്റെ ദേഹത്തേക്ക് ലത്തീഫ് ചാടി വീഴുന്നതിന് മുമ്പ് രാഹുൽ ഒഴിഞ്ഞുമാറി.
പിന്നെ എഴുന്നേറ്റ് ലതീഫിന്റെ ആക്രമണത്തെ നേരിട്ടു.
"ഓം! ശാന്തി!!'
വളരെ നേരത്തെ പ്രതിരോധത്തിന് ശേഷം രാഹുൽ അന്തരീക്ഷത്തിലേക്കുയർന്ന് പൊങ്ങി കാലുമടക്കി ലത്തീഫിന്റെ നടുവിന് നേരെ ആഞ്ഞടിച്ചു.
"ഊഹു..."
ഒരു മുരൾച്ചയോടെ ലത്തീഫ് നിലംപതിച്ചു.
രാഹുൽ പിന്നെ ലത്തീഫിന്റെ കൂട്ടുകാരെ നോക്കി.
"താന്തോന്നിത്തരത്തിനും തോന്ന്യാസത്തിനും അനുസരണക്കേടിനും ശിഷ്യന്മാർക്ക് മുടങ്ങാതെ ചൂരൽക്കഷായം പ്രിസ്ക്രൈബ് ചെയ്യുമായിരുന്ന പണ്ടത്തെ ടിപ്പിക്കൽ വാധ്യാരൊന്നുമാകണ്ട, ഫ്രാങ്ക് ആൻഡ് ഫ്രന്റ്‌ലിയായ ഒരു ഹൈടെക് മാഷായാൽ മതി എന്ന് ഞാൻ തീരുമാനിച്ചതൊക്കെ വെറുതെയാകുല്ലോ എന്റെ ഈശ്വരന്മാരേ!!"
പിന്നെ അയാൾ നിലത്തുനിന്ന് എഴുന്നേൽക്കാൻ ശ്രമിക്കുന്ന ലത്തീഫിന്റെ നേരെ നോക്കി.

"ഞാൻ ഉദ്ദേശിച്ചതല്ലെങ്കിലും എന്റെ ഒരിടി നിന്റെ ഡേയിഞ്ചറസ് മർമ്മാത്താ കൊണ്ടത്. ഇവിടെ ഒരു വൈദ്യനില്ലേ? പത്രോസ് വൈദ്യൻ?അങ്ങേരുടെ മുൻ തലമുറയിലെ അപ്പനപ്പൂപ്പൻമാർ ഇവിടുത്തെ ഒരു കൊട്ടാരവില്ലേ. സ്മിത കമ്പിക്കുട്ടൻ സൈറ്റിൽ എഴുതിയ കഥ അവിടുത്തെ റോയൽ ഫിസിഷ്യൻമാരായിരുന്നു. കൊട്ടാര വൈദ്യന്മാർ.തനി നമ്പൂതിരി വംശം തന്നെ. ഇടക്കാലം കൊണ്ട് നസ്രാണികളുടെ വേദത്തിൽ ചേർന്നു. ധർമ്മാന്തരൺ പാപ് ഹേ എന്നൊക്കെ പറയാൻ അന്ന് രാഷ്ട്രീയക്കാർ ഒന്നും ഇല്ലായിരുന്നു.ലീഡർ തൽക്കാലം ആ വൈദ്യനെ ഒന്ന് കാണ്. ചെലപ്പം മൂന്ന് നാല് ദിവസംകൊണ്ട് എണീറ്റ് നടക്കാൻ കഴിഞ്ഞേക്കും. അല്ലെങ്കിൽ...ടോയിലറ്റ് സീറ്റിൽ ഇരിക്കാൻ പോലും കഴിയാതെ നീ ചാകും,"

അവർ രാഹുലിനെ മിഴിച്ചുനോക്കി.

അയാൾ പിന്നെ റോസ്‌ലിനെ നോക്കി.

"നിന്നോട് കൊറേ നേരവായി ഞാൻ ഒരു കാര്യം ചെയ്യാൻ പറഞ്ഞിട്ട്. വാടീ ഇവടെ!"

റോസ്‌ലിൻ ഭയന്ന് രാഹുലിനെയും ലത്തീഫിനെയും മാറി മാറി നോക്കി.

"അവനെ നോക്കാനല്ല പറഞ്ഞത്! ഇവനെ നോക്ക്. എന്നിട്ട് എഴുന്നെല്പ്പിക്ക്!"

റോസ്‌ലിൻ കുനിഞ്ഞ് സിദ്ധാർത്ഥന്റെ കൈയ്യിൽ പിടിച്ചു.

അവനെ വലിച്ചുയർത്താൻ ശ്രമിച്ചു.

"ഇവള് നിന്നെ മൊത്തം ചൊമന്നോളും എന്ന് കരുതി സുഖിച്ച് നിന്ന് കൊടുക്കേണ്ട,"

രാഹുൽ അവശത കാണിച്ച സിദ്ധാർത്ഥനോട് പറഞ്ഞു.

"എഴുന്നേറ്റ് നിവർന്ന് നിക്കെടാ!!"

സിദ്ധാർത്ഥൻ എഴുന്നേറ്റ് നിന്നു.

രാഹുൽ സിദ്ധാർത്ഥന്റെ നേരെ ചൂണ്ടുവിരൽ ഉയർത്തി.

"ഇനി മേലാൽ ഇവളുടെ ദേഹത്ത് കൈ വെച്ചാൽ ലതീഫായിരിക്കില്ല നിന്റെ അന്തകൻ! സകല ലത്തീഫുമാരുടെയും അന്തകനായ ഞാൻ ആയിരിക്കും അത്. മനസ്സിലായോടാ?"

സിദ്ധാർത്ഥൻ തല കുലുക്കി.

"പിന്നെ നിന്നോടും ഒരു കാര്യം പറയാനുണ്ട്,"

രാഹുൽ റോസ്‌ലിനെ നോക്കി.

"നല്ല അമ്പോറ്റി പോലത്തെ ചെറുക്കനെയാണല്ലോടീ നീ ഇങ്ങനെ കണ്ണിൽച്ചോരയില്ലാതെ അടിച്ചു നാശമാക്കിയത്! മേലാൽ അങ്ങനെഎന്തെങ്കിലുമുണ്ടായാൽ നിന്റെ ചന്തി നോക്കി ഞാൻ പെടയ്ക്കും. മനസ്സിലായോടീ?"

അവളും തലകുലുക്കി.

"ആർക്കറിയാം, നാളെ നെനക്ക് ചെലവിന് തരുന്നത് ചെലപ്പം ഇവനായിരിക്കില്ലന്ന്? ങ്ഹേ? ഏത്?"

രാഹുൽ റോസ്‌ലിന്റെ നേരെ നോക്കി കണ്ണിറുക്കി.

"നീ കേറ്,"
ബൈക്ക് സ്റ്റാർട്ട് ചെയ്തുകൊണ്ട് രാഹുൽ സിദ്ധാർത്ഥനോട് പറഞ്ഞു.
"കാര്യം പ്രശ്നം ഞാൻ കോമ്പ്രമൈസ് ആക്കിയെങ്കിലും നിന്നെ എവിടെ ഏതായാലും ഞാൻ തനിച്ചു വിടുന്നില്ല,"
സിദ്ധാർത്ഥൻ രാഹുലിന്റെ പിമ്പിൽ കയറി.
"ലതീഫേ,"
ബൈക്ക് പതിയെ ഓടിക്കുന്നതിനിടയിൽ രാഹുൽ പറഞ്ഞു.
"നീ കൂടോത്രം ചെയ്ത് മയക്കിയ എന്റെ പിള്ളേരെ നാളെ മൊതൽ പള്ളിക്കൂടത്തിലേക്ക് പറഞ്ഞ് വിട്ടേക്കണം. അവർക്കൊള്ളത് ഞാൻ അവിടെ കൊടുത്തോളാം. ചൂരൽക്കഷായം!"

************************************

അന്ന് വൈകുന്നേരം മെട്രോപോളിറ്റൻ ക്ലബ്ബിലിരിക്കുകയായിരുന്നു കോബ്രാ ഗാങ്ങ്.
ലത്തീഫിന്റെ മൂക്കിനടുത്ത് ഒരു ബാൻഡ് എയ്ഡ് ഉണ്ട്.
"ലത്തീഫ് ദാദാ ആദ്യം വെലക്കിയത് കൊണ്ടാ,"മൗനം അസഹ്യമായപ്പോൾ ടോമി പറഞ്ഞു.
"ആദ്യം തന്നെ നമുക്കൊരുമിച്ച് അവനോട് ഏറ്റുമുട്ടിയാരുന്നെ അവന്റെ വൺ മാൻ ഷോ കളി ഇന്നത്തോടെ തീർത്തേനെ നമ്മള്!"
"അവൻ ആളു നിസ്സാരക്കാരനല്ല ടോമി,"
ലത്തീഫ് പറഞ്ഞു.
"നമ്മൾ ഇതുവരെ കണ്ടിട്ടുള്ളവരിൽ വെച്ച് ഏറ്റവും ഡയിഞ്ചറസ്! ഈ സ്ഥലത്തിന്റെ ചരിത്രോം ഭൂമിശാസ്ത്രോം അവന്റെ കൈവെള്ളേ ലൊണ്ട്!"
"ഏതായാലും ആ ബീഹാറീടെ അത്രേം വരില്ലല്ലോ!"
വിൻസെന്റ് പറഞ്ഞു.
"സൈസ് കൊണ്ട് ഈ രാഹുലിന്റെ എരട്ടി വരും അവൻ. കാട്ടുപന്നിയെപ്പോലെ. അവനെ നമ്മൾ തല്ലിയോടിച്ചില്ലേ?"
"കൊറച്ച് കാലത്തേക്ക് ഇനി ഒരാക്ഷനുമില്ല,'
ലത്തീഫ് അറിയിച്ചു.
"നമുക്ക് നന്നായി പ്രിപ്പയർ ചെയ്യണം. ഫുൾ പ്രിപ്പരേഷനോടെയാണ് അവൻ ഇവിടെ കളിക്കുന്നെ. ഇവിടെ അവൻ ഒറ്റയ്ക്കല്ല എന്ന് ഒറപ്പാണ്.
അവർ ആരൊക്കെയാണ് എന്ന് മനസ്സിലാക്കുകയാണ് ആദ്യത്തെ പണി."
"അതിത്ര മനസ്സിലാക്കാനോന്നുമില്ല,"
രാജു പറഞ്ഞു.
"ജയകൃഷ്ണൻ തന്നെ സംശയമില്ല,"
"അങ്ങനെ തീർച്ചയാക്കാൻ കഴിയില്ല,"
ലത്തീഫ് പറഞ്ഞു.

"ജയകൃഷ്ണന്റെ ബോസ്സാണ് നരിമറ്റം വർക്കി. ഈ രാഹുൽ അയാളെ വീട്ടിൽ കയറി തല്ലി. കയ്യും കാലുമൊടിഞ്ഞു സിറ്റി ഹോസ്‌പിറ്റലിലുണ്ട് നരിമറ്റം വർക്കി,"
"സിദ്ധാർത്ഥൻ പറഞ്ഞ അടയാളങ്ങൾ വെച്ച് നോക്കുമ്പോൾ ഡ്രഗ് എജന്റ് ഈ രാഹുൽ തന്നെയാണ്. ജയകൃഷ്ണന്റെ ഗാങ്ങിലേ ഏറ്റവും അടുത്തയാൾ ആണ് സിദ്ധാർത്ഥൻ. ജയകൃഷ്ണന് ഡ്രഗ് സപ്ലൈ ചെയ്യുന്നതും സിദ്ധാർത്ഥനെ നമ്മളിൽ നിന്ന് രക്ഷപെടുത്തിക്കൊണ്ടുപോയതും രാഹുൽ എന്ന ഒരാൾ തന്നെയാണ്. സോ ദ കണക്ഷൻ ഈസ് വെരി ക്ലിയർ,"
രാജേഷ് പറഞ്ഞു.
"നീ പറഞ്ഞ കാര്യങ്ങൾക്കുള്ള ഏക തെളിവ് സിദ്ധാർത്ഥന്റെ വാക്കുകൾ മാത്രവാ. നമുക്കത് ഫുൾ ആയിട്ട് സ്വീകരിക്കാൻ പറ്റില്ല. ഇറ്റ് മെയ് ബി അ ട്രാപ്!"
അല്പ്പസമയത്തെ ആലോചനക്ക് ശേഷം ലത്തീഫ് പറഞ്ഞു.
"കോബ്രാ ഹിൽസിലെ നിധി തേടി വന്നവൻ! കോളേജ് അദ്ധ്യാപകൻ! ഡ്രഗ് എജന്റ്! തെരുവ് ഗുണ്ട! ഇതിലേതാ സത്യം?"
ആബിദ് സ്വയം ചോദിച്ചു.
എല്ലാവരും ലത്തീഫിനെ നോക്കി.
"അവൻ ഒരു അധ്യാപകനാണെങ്കിൽ അത് നമുക്ക് പ്രശ്നമില്ല. ഡ്രഗ് എജന്റാണെങ്കിൽ അതും നമ്മൾ അത്ര കാര്യമാക്കില്ല. തെരുവ് ഗുണ്ടയോ മറ്റെന്തെങ്കിലും ആകട്ടെ. അതൊന്നും നമ്മളെ സംബന്ധിച്ച് പ്രശ്നമല്ല....പക്ഷെ..."
ലത്തീഫിന്റെ കണ്ണുകൾ നഗത്താൻ മലമുടികളെ സ്‌പർശിച്ചു.
കൂട്ടുകാർ ആകാംക്ഷയോടെ അയാളെ നോക്കി.
"പക്ഷെ അവന്റെ ഉദ്ദേശം കോബ്രാഹിൽസിലെ നിധിയാണേൽ അവന്റെ പ്രിപ്പറേഷൻസും പിൻബലവും എത്രവലുതാണെങ്കിലും അവനിവിടെ നിന്ന് വന്നതുപോലെ പോകില്ല. വിലകാംഗപ്പെന്ഷൻ പറ്റുന്ന ഒരാളെക്കൂടി കിട്ടും സർക്കാറിന്..."
പ്രഭാതത്തിൽ ഗായത്രീദേവിയോടൊപ്പം ടെറസ്സിൽ ചായയും പത്രവാർത്തകളും ആസ്വദിക്കുമ്പോൾ ആണ് നരിമറ്റം മാത്തച്ചന്റെ ജീപ്പ് ഗേറ്റിനു വെളിയിൽ വന്നു നിൽക്കുന്നത് രാജശേഖരവർമ്മ കാണുന്നത്.
"രാവിലെ തന്നെ പടപ്പുറപ്പാട് വേണമെന്നാണ് തോന്നുന്നത്!'
റോബർട്ട് അയാൾക്ക് ഗെയിറ്റ് തുറന്നുകൊടുക്കുന്നത് കണ്ട് അദ്ദേഹം പറഞ്ഞു.
പെട്ടെന്ന് അദ്ദേഹം ഗായത്രിദേവിയെ നോക്കി.
"വാളെടുത്തുള്ള യുദ്ധമല്ല, വാക് പയറ്റ്,"
കറുത്ത വേഷമായിരുന്നു നരിമറ്റം മാത്തച്ചന് .
അയാൾ ഒരു കറുത്ത സ്വെറ്ററിന് മുകളിൽ ഷാൾ പുതച്ചിരുന്നു.
ഒരു കൌബോയ് തൊപ്പിയും.
"ആ സ്യൂട്ട് കേസ്? അത് നമ്മുടെയല്ലേ?"
നരിമറ്റം മാത്തച്ചൻ കയ്യിൽ തൂക്കിപ്പിടിച്ചിരുന്ന സ്യൂട്ട് കേസിലേക്ക് നോക്കി ഗായത്രിദേവി ചോദിച്ചു.

"അതെങ്ങനെ അയാളുടെ കയ്യിലെത്തി?"
രാജശേഖര വർമ്മയും അമ്പരന്നു.
ഇന്നലെ നഗരത്തിലെ ഒരു സ്റ്റാർ ഹോട്ടലിൽ, ഒരു ബിസിനെസ് പാർട്ടിയിൽ പങ്കെടുക്കാൻ നേരം കൊണ്ടുപോയതാണ് ആ സ്യൂട്ട് കേയ്സ്.
തന്നോടൊപ്പം വിനോദും പെഴ്സണൽ സെക്രട്ടറി ഷേർലിയുമുണ്ടായിരുന്നു.
സാധനങ്ങൾ ഒക്കെ കൃത്യമായി കാറിൽ വെച്ച്, തിരികെ ഓഫീസിലെ ക്യാബിനിൽ എത്തിച്ചുവെന്നാണ് അവൾ പറഞ്ഞത്.
പിന്നെങ്ങിനെ ഈ പെട്ടി ഇയാളുടെ കൈയിലെത്തി.
"കം,"
അദ്ദേഹം തിടുക്കത്തിൽ ഗായത്രിദേവിയോട് പറഞ്ഞു.
"ലറ്റ് അസ് ഗോ ഡൌൺസ്റ്റെയെഴ്സ്,"
അവർ ഡൌൺഫ്ലോറിലെത്തിയപ്പോഴേക്കും പുറത്ത് കാളിംഗ് ബെൽ മുഴങ്ങി.
പരിചാരകൻ വാതിൽ തുറന്നു.
പുറത്ത് നരിമറ്റം മാത്തച്ചൻ നിൽക്കുന്നത്തവർ കണ്ടു.
"മേ ഐ കമിൻ?"
അയാൾ ചോദിച്ചു.
"വരൂ,"
രാജശേഖര വർമ്മ പറഞ്ഞു.
"ഗുഡ് മോണിംഗ്,"
അകത്തു കയറിക്കൊണ്ട് അയാൾ പറഞ്ഞു.
"ഗുഡ് മോണിംഗ്, ഇരിക്കൂ,'
അയാൾ ഒരു സെറ്റിയിൽ ഇരുന്നു.
എതിരെ രാജശേഖര വർമ്മയും ഗായത്രിദേവിയും.
"നിങ്ങളുടെ സ്യൂട്ട് കേസ് അല്ലേ ഇത്?"
"അതേ...ഇതെങ്ങനെ...?
"ഇന്നലെ ഞാൻ ഹോട്ടെൽ മഹാറാണിയുടെ റെസ്റ്റാറന്റ്റ് ഹാളിൽ ഉണ്ടായിരുന്നു,"
സ്യൂട്ട്കേസ് രാജശേഖര വർമ്മയ്ക്ക് കൈമാറിക്കൊണ്ട് നരിമറ്റം മാത്തച്ഛൻ പറഞ്ഞു.
"ഞങ്ങൾ റിട്ടയേർഡ് പട്ടാളക്കാരുടെ ആഹ്ലാദമൊക്കെ ബാറിലും വെടിപറച്ചിലിലുമൊക്കെയല്ലേ? രാത്രി ഒരുമണിവരെ ഞാനവിടെയുണ്ടായിരുന്നു. അപ്പോഴാണ് റിസപ്ഷനിലെ ഒരു ....എന്താ അവന്റെ പേര്?"
അയാൾ ഒരു നിമിഷം തല ചൊറിഞ്ഞു.
"ങ്ഹാ!"
പെട്ടെന്ന് ഓർമ്മിച്ച് നരിമറ്റം മാത്തച്ചൻ തുടർന്നു.

"....ഒരു ശ്രീനിവാസൻ എന്നെ വിളിച്ചത്. അന്നൊരു ബിസിനസ് പാർട്ടി ഒണ്ടാരുന്നെന്നും അതിൽ പങ്കെടുത്ത ആരുടെയോ സ്യൂട്ട്കേസണെന്നും അവൻ

പറഞ്ഞു. ഒറ്റനോട്ടത്തി തന്നെ നിങ്ങളുടെതാണ് ഇതെന്ന് എനിക്ക് മനസ്സിലായി. നിങ്ങൾക്ക് ഞാൻ കൊടുത്തോളാന്നും പറഞ്ഞ് ഇതും വാങ്ങി ഞാൻ പോന്നു. രാത്രി വളരെ വൈകിയിരുന്നു. അതാ ഇപ്പം വന്നത്,"
"വളരെ നന്ദി,"
മാത്തച്ചൻ അൽപ്പം തലകുനിച്ചു.
പിന്നെ അവർ ഇരുവരെയും നോക്കി.
"പിന്നെ..."
അയാൾ തുടർന്നു.
"പിന്നെ ഇത് തുറന്ന് നോക്കി ഇതിൽ നിങ്ങൾ സൂക്ഷിച്ചിരിക്കുന്ന പണമോ ഇമ്പോർട്ടന്റ്റ് പേപ്പെഴ്സോ ഉണ്ടോ എന്ന് ഉറപ്പ് വരുത്താനൊന്നും ഞാൻ പറയില്ല. കാരണം റിസപ്ഷനിസ്റ്റാണ് എന്നെ ഇതേൽപ്പിച്ചത്. അവൻ വല്ലതും...."
രാജശേഖര വർമ്മ സ്യൂട്ട്കേസ് തുറന്നു.
അതിൽ കുറെ ഫയലുകൾ ഉണ്ടായിരുന്നു.
"ഇല്ല, ഒന്നും നഷ്ട്ടപ്പെട്ടിട്ടില്ല,"
രാജശേഖര വർമ്മ പറഞ്ഞു.കമ്പികുട്ടൻ.നെറ്റ്"എല്ലാം വളരെ പ്രധാനപ്പെട്ട ഫയലുകലായിരുന്നു. താങ്ക് യൂ വെരി മച്ച്,"
"എന്നാൽ ഞാൻ,'
അയാൾ എഴുന്നേറ്റു.
"തിരക്കില്ലെങ്കിൽ ഇരിക്കൂ,"
വർമ്മ പറഞ്ഞു.
"തിരക്കോ?"
നരിമറ്റം മാത്തച്ചൻ ചിരിച്ചു.
"എനിക്ക് ജീവിതത്തിൽ ഒരിക്കലും തിരക്കുണ്ടായിട്ടില്ല. ഐം ആൾവേയ്സ് റിലാക്സ്ഡ്,"
"എങ്കിൽ ഇരിക്കൂ,"
അയാൾ തിരികെ തന്റെ ഇരിപ്പിടത്തിൽ ഇരുന്നു.
അതിനിടയിൽ ഒരു പരിചാരിക ഒരു ട്രേയിൽ ചായയും ബിസ്ക്കറ്റുകളുമായി വന്നു.
ഗായത്രിദേവി അവളുടെ കൈയിൽ നിന്ന് ട്രേ വാങ്ങി.
"കഴിക്കൂ,"
അവർ ട്രേ അയാളുടെ നേരെ നീട്ടി.
"താങ്ക് യൂ,"
ട്രേയിൽ നിന്ന് ചായക്കപ്പ് എടുത്തുകൊണ്ട് അയാൾ പറഞ്ഞു.
"എനിക്ക് സ്യൂട്ടബിളായ സാധനം തന്നെയാണ് കൊണ്ടുവന്നിരിക്കുന്നത്. ബിസ്ക്കറ്റ്. അധികം കടുപ്പമുള്ള സാധനങ്ങളൊന്നും കഴിച്ചുകൂടാ,"
അയാൾ ചായ കുടിക്കുന്നതിനിടയിൽ ചിരിച്ചുകൊണ്ട് പറഞ്ഞു.
"അതെന്ത് പറ്റി?"

വർമ്മ ചോദിച്ചു.
അയാൾ അദ്ധേഹത്തിന്റെ മുഖത്ത് കുസൃതിയോടെ നോക്കി.
പിന്നെ ഗൌരവാന്വിതനായി.
"ഞാൻ അർമ്മിയിൽ ചേർന്നതിനു ശേഷം രണ്ട് യുദ്ധങ്ങളിലുണ്ടായിരുന്നു. ബംഗ്ലാദേശ് ഫോർമേഷന്റെ വാറിലും പിന്നെ യു എൻന്റെ സോമാലിയൻ ട്രിപ്പിലും. പട്ടാളക്കാരുടെ അൺഅവോയിഡബിൾ റുട്ടീനിലൊന്നായ വെടിപറച്ചിലായി ഇതിനെ കാണണ്ട. അപ്പോഴൊന്നും എന്റെ ഒരു തലമുടി നാരിഴയ്ക്ക് പോലും കേടുപറ്റിയിട്ടില്ല. എന്നാൽ നാലഞ്ച് ദിവസങ്ങൾക്ക് മുമ്പ്..."
അയാൾ ചിരിയോടെ രാജശേഖര വർമ്മയെ നോക്കി.
"....നാലഞ്ച് ദിവസങ്ങൾക്ക് മുമ്പ് ഒരു യുദ്ധമുണ്ടായി,"
നരിമറ്റം മാത്തച്ചൻ തുടർന്നു.
"ഒരു കമാണ്ടർ ഇൻ ചീഫ്, ഒരു ക്ഷത്രിയൻ, എന്റെ ചെകിടിനിട്ട് ഒരു കൈബോംബ് പൊട്ടിച്ചു. അതിൽപ്പിന്നെ ഇതുവരെ കടുപ്പമുള്ളതൊന്നും കഴിക്കാൻ സാധിച്ചിട്ടില്ല,"
ഗായത്രിദേവി കുറ്റപ്പെടുത്തുന്ന രീതിയിൽ വർമ്മയെ നോക്കി.
അദ്ധേഹത്തിന് സഹതാപവും കുറ്റബോധവും തോന്നി.

"അപ്പോഴത്തെ ഒരു പ്രത്യേക സിറ്റുവേഷൻ...അതിൽ..."
"ഇറ്റ്സാൾ റൈറ്റ്,"
അയാൾ പിന്നെയും ചിരിച്ചു.
"ഞാനതിന്റെ ഇമോഷണൽ സൈഡ് അപ്പോൾത്തന്നെ മറന്നു. കൊടുക്കൽ വാങ്ങലാണ് ജീവിതമെന്ന് ആരോ മുമ്പ് പറഞ്ഞിട്ടുണ്ട്. ആ കൂട്ടത്തിൽ ഇതും ഉൾപ്പെടുത്തി. ആ സിറ്റുവേഷനിൽ അതിൽക്കുറഞ്ഞതൊന്നും നിങ്ങൾക്ക് ചെയ്യാൻ കഴിയില്ല,"
അയാൾ അൽപ്പസമയം ചിന്താമഗ്നനായി.
"ഞങ്ങൾ ആറു സഹോദരങ്ങളാണ്,"
അയാൾ തുടർന്നു.
"നാല് ആണും രണ്ടു പെണ്ണും. വർക്കി ചേട്ടായി ആണ് ഏറ്റവും മൂത്തത്. വളരെ ചെറുപ്പത്തിൽ ഞങ്ങടെ അപ്പൻ മരിച്ചുപോയി. പിന്നെ അപ്പന്റെ സ്ഥാനത് ഞങ്ങടെ വിദ്യാഭ്യാസവും തൊഴിൽക്കാര്യങ്ങളും ഒക്കെ നിശ്ചയിച്ചതും നിയന്ത്രിച്ചതും ചേട്ടായി ആരുന്നു."
രാജസ്ഗേഖര വർമ്മയും ഗായത്രിദേവിയും താൽപ്പര്യത്തോടെ കേട്ടു.
"ചേട്ടായിയുടെ ബിസിനസ്സിൽ പകുതിയും ഇല്ലീഗൽ ആണെന്നറിയാഞ്ഞിട്ടല്ല,"
അയാൾ തുടർന്നു.
ഉപദേശിക്കാനോ തിരുത്താനോ ഒന്നും എനിക്ക് കഴിയില്ല. കാരണം ആ ബിസിനസ്സിന്റെ തണലിൽ ആണ് ഞാൻ വിദ്യാഭ്യാസം പൂർത്തിയാക്കിയതും പട്ടാള

ഓഫീസറായതും. ചേട്ടായീടെ ബിസിനസ്സിലൊള്ള താല്പ്പര്യക്കൊറവ് കൊണ്ടാണ് പത്തിരുപത്തഞ്ച് കൊല്ലങ്ങളായി ഞാനീ നാട്ടിലേക്ക് വരാതിരുന്നത്,"
"ഇതിന് മുമ്പ്?"
വർമ്മ തിരക്കി.
അയാളുടെ കണ്ണുകൾ വിദൂരതയിലേക്ക് നീണ്ടു.
ഓർമ്മകൾക്കപ്പുറത്ത് എവിടെയോ...
"ആർമ്മി ക്വാർട്ടേഴ്‌സുകളിൽ ....അതിർത്തി പ്രദേശങ്ങളിലെ പട്ടാള ക്യാമ്പുകളിൽ ...കാടുകളിൽ ....കാശ്മീരിലെയും ആസാമിലെയും സോമാലിയയിലെയും മഞ്ഞിലും മഴയിലും കത്തുന്ന വെയിലിലും ...ഐ വാസ് ലിവിംഗ് ദ ലൈഫ് ഓഫ് എ ഡോഗ് ...ഹണ്ട്ടിംഗ് ...ആൻഡ് ബീയിംഗ് ഹണ്ട്ടഡ്...ഞാൻ മേജർ മാത്യു വർഗ്ഗീസ്..."
സുഖകരമല്ലാത്ത ഒരോർമ്മയിൽ അയാളുടെ ശബ്ദം ചിതറുന്നത് വർമ്മയും ഗായത്രി ദേവിയും കേട്ടു.
"കുടുംബം?"
ഓർമ്മയിൽ നിന്ന് ഉണർന്ന് നരിമറ്റം മാത്തച്ചൻ അവരെ നോക്കി.
മുഖത്ത് നേരിയ ഒരു വിഷാദച്ഛായ അവർ കണ്ടു.
"ഒരു വർഷം മുമ്പ് ഭാര്യ മരിച്ചു,"
അയാൾ പതിയെ തുടർന്നു.
"സെറിബ്രൽ ഹേമറേജ് ആയിരുന്നു. രണ്ടു മാസത്തിന് ശേഷം രണ്ടാമത്തെ ഷോക്ക് ഉണ്ടായി. രണ്ടുമക്കളിൽ മൂത്തവനും ഇതേ അസുഖം മൂലം മരിച്ചു. ഇളയവൻ ക്യാനഡയിൽ ...മാരിയറ്റ് ഹോട്ടൽ ഗ്രൂപ്പിൽ,"
അയാൾ അൽപ്പ സമയം നിശബ്ദനായി.
"ഞാൻ റിയലി ഒറ്റയ്ക്കാണ് മിസ്റ്റർ വർമ്മ,"
അയാൾ വീണ്ടും പറഞ്ഞു.
"ലോൺലീ...ഇത്ര ഭീകരമാണ് ഏകാന്തത എന്ന് ഞാൻ അറിഞ്ഞിരുന്നില്ല,"
അയാൾ വികാരഭരിതനാകുന്നത് രാജശേഖര വർമ്മയും ഗായത്രിദേവിയും കണ്ടു. അതവരെയും വിഷമിപ്പിച്ചു.
"ഐം സോറി,"
അയാൾ എഴുന്നേറ്റു.
"ഞാൻ നിങ്ങളെ നന്നായി മുഷിപ്പിച്ചു. വെറുതെയല്ല ഈ പട്ടാളക്കാരെ മനുഷ്യർ അടുത്തടുപ്പിക്കാത്തത്,"
അയാൾ ചിരിച്ചു.
വർമ്മയും ഗായത്രിദേവിയും എഴുന്നേറ്റു.
"ഞാൻ എന്റെ മോണോ ആക്റ്റ് ഭംഗിയായി കമ്പ്ലീറ്റ് ചെയ്തു."
നരിമറ്റം മാത്തച്ചൻ ചിരിക്കിടയിൽ തുടർന്നു.
"നിങ്ങളെക്കുറിച്ച് ഒന്നും ചോദിച്ചില്ല. സുഖമാണോ എന്ന് ഫോർമാലിറ്റിയ്ക്ക് വേണ്ടിക്കൂടി ചോദിച്ചില്ല,"

അവരും ചിരിച്ചു.
"ഒരർത്ഥത്തിൽ അതിന്റെ ആവശ്യമില്ല"
മാത്തച്ചൻ തുടർന്നു.
"സ്കൂളിൽ ചരിത്ര പുസ്തകങ്ങളിൽ നിങ്ങളെക്കുറിച്ച് വേണ്ടുവോളം പഠിക്കുകയും അറിയുകയും ചെയ്തിട്ടുണ്ട്. പിന്നെ പത്ര മാസികകളിൽനിന്നും,"
അവർ പുഞ്ചിരിച്ചു.
"നമുക്കിന്ന് ബ്രേക്ക് ഫാസ്റ്റ് ഇവിടെ..."
വർമ്മ പറഞ്ഞു.

"താങ്ക് യൂ,"
മാത്തച്ചൻ നിരസിച്ചു.
"ഇറ്റ്സ് വെരി കൈൻഡ് ഓഫ് യൂ. പക്ഷെ അത് മറ്റൊരിക്കലാവാം,"
അയാൾ പുറത്തേക്കിറങ്ങി.
"ഓ! ഒരു കാര്യം ചോദിക്കാൻ മറന്നുപോയി,"
നരിമറ്റം മാത്തച്ചൻ തിരിഞ്ഞു നിന്നു.
അവർ അയാളെ ആകാംക്ഷയോടെ നോക്കി.
"ദിവ്യ രാജകുമാരിയെവിടെ? കണ്ടില്ലല്ലോ,"
"മോള് ഡെൽഹിയിലാണ്. അവിടെ സെയിന്റ് സ്റ്റീഫൻസിൽ,"
ഗായത്രിദേവി പറഞ്ഞു.
"ഓ!"
അയാൾ നിരാശനാകുന്നത് അവർ കണ്ടു.
"രാജകുമാരിയേക്കൂടി ഒന്ന് കാണണമെന്ന് കരുതിയാണ് ഞാൻ വന്നേ. കഴിഞ്ഞ സണ്ടേ ദ ഹിന്ദു ന്യൂസ് പേപ്പറിന്റെ സപ്പ്ളിമെന്റിൽ നിങ്ങളുടെ ഫാമിലിയെപ്പറ്റിയും ദിവ്യാ രാജകുമാരിയെപ്പറ്റി പ്രത്യേകിച്ചും ഒരു നീണ്ട ലേഖനമുണ്ടായിരുന്നല്ലോ. ഈ നാട്ടിലെ ആളുകൾ പറയാറുണ്ടല്ലോ രാജകുമാരിക്ക് ദിവ്യത്വമുണ്ട്, ഈശ്വര തുല്യമായ ദിവ്യത്വമുണ്ട് എന്നൊക്കെ. അതിൽ വാസ്തവമുണ്ട് എന്ന് ഞാനും വിശ്വസിച്ചത് ആ ലേഖനം വായിച്ചതിന് ശേഷമാണ്."
അവരുടെ മുഖം സന്തോഷഭരിതമായി.
"മോള്ക്കങ്ങനെ ഒരു പ്രത്യേക സിദ്ധിയുണ്ട്,"
വർമ്മ പറഞ്ഞു.
"അതിൽ മെറ്റാഫിസിക്കൽ എലമെന്റ്റ്സിനെക്കാളേറെ ഒബ്സർവേഷനും വ്രതങ്ങളുമൊക്കെയാണ് കൂടുതൽ. ചില റെയർ ആയ മെഡിസിനൽ പ്ലാന്റ്റുകൾ മോൾ പെട്ടെന്ന് തിരിച്ചറിയും. മോൾക്ക് മാത്രം അറിയാവുന്ന ചില രാസപ്രവർത്തനങ്ങളിലൂടെ മരുന്നുകൾ സ്വയം ഉണ്ടാക്കും. സർപ്പദംശനമേറ്റ് മരണതുല്യമായ കണ്ടീഷനിൽ ഇവിടെ എത്തിയിട്ടുള്ള ഒരാൾ പോലും രക്ഷപ്പെടാതിരുന്നിട്ടില്ല. മൃഗചികിത്സയും വിഷചികിത്സയും മോൾ ചെയ്യാറുണ്ട്.

ഞങ്ങളുടെ കുറെ തലമുറകൾക്ക് മുമ്പ് ജീവിച്ചിരുന്ന മറ്റൊരു രാജകുമാരിയുണ്ടായിരുന്നു, ഋതുപർണ്ണ. അവർക്കും ഈ സിദ്ധിയുണ്ടായിരുന്നു,"
"ഉവ്വ്, അതെല്ലാം ആ ലേഖനത്തിൽ വിശദമായി ഉണ്ടായിരുന്നു. ചികിത്സയുടെ സമയത്ത് ദിവസങ്ങളോളം ജലപാനം പോലുമില്ലാതെ ...അല്ലേ?"
"അതെ, "
വർമ്മ പറഞ്ഞു.
"ഞങ്ങൾക്ക് വിഷമം വരും. പിന്നെ എല്ലാം ഈശ്വര നിശ്ചയമല്ലേ എന്ന് വെക്കും."
ഗായത്രിദേവി പറഞ്ഞു.
"രാജകുമാരി ഇനി എപ്പോൾ വരും?"
"നാലഞ്ചു മാസം ഏതായാലും കഴിയും."
"ശരി, എങ്കിൽ ഞാനിറങ്ങട്ടേ,"
അവർ തലകുലുക്കി.
നരിമറ്റം മാത്തച്ചൻ പുറത്തേക്കിറങ്ങി.
"വല്ലാത്ത ഒരു മനുഷ്യൻ, അല്ലേ?"
അയാൾ ഗേറ്റ് തുറന്ന് കടന്ന് പോകുന്നത് നോക്കി അദ്ദേഹം ഭാര്യയോട് പറഞ്ഞു.

*************************************

"മിഷൻ ഇമ്പോസ്സിബിൾ" എന്ന ഇംഗ്ലീഷ് സിനിമയിൽ ടോം ക്രൂയ്സ് ഉത്തുംഗമായ ഒരു പാറയുടെ മുകളിലെത്താൻ ശ്രമിക്കുന്നത് ഉദ്വേഗത്തോടെ നോക്കിക്കാണുകയായിരുന്നു, ജയകൃഷ്ണൻ എച്ച് ബി ഓ ചാനലിൽ.
അതേ മുറിയിൽത്തന്നെ അവന്റെ സംഘം ശീട്ട് കളിയിലാണ്.
രാമകൃഷ്ണനും ക്രിസ്റ്റ ഫറും ഷാജഹാനും സിദ്ധാർത്ഥനും അടങ്ങിയ ജയകൃഷ്ണന്റെ ഏറ്റവും വിശ്വസ്ഥരായ നാൽവർ സംഘം എപ്പോഴും അവനോടൊപ്പം ഒരുമിച്ചാണ്.
അവനുവേണ്ടി തല്ലാനും ചാകാനും വരെ ഒരുക്കമാണ് ആ നാലുപേരും.
ജയകൃഷ്ണന്റെ എല്ലാ തെമ്മാടിത്തരങ്ങളുടെയും കൂട്ടാളികളാണ് അവർ.

ദുബായിൽ ഒരു ബഹുരാഷ്ട്ര കമ്പനിയിൽ എക്സിക്യൂട്ടീവ് ആണ് അവന്റെ അച്ചൻ. രണ്ടു ജ്യേഷ്ഠൻമാരും ദുബായിൽത്തന്നെ സ്വന്തം ബിസിനെസ് സ്ഥാപനങ്ങൾ നടത്തുന്നു.
ഏറ്റവും ഇളയവാനായ ജയകൃഷ്ണനും അമ്മയും തനിച്ചാണ് ആ വലിയ വീട്ടിൽ.
,മാതാപിതാക്കളിൽ നിന്നും ജ്യേഷ്ഠസഹോദരൻമാരിൽ നിന്നുമുള്ള അമിത ലാളനയും നിയന്ത്രണമില്ലായ്മയും അവനെ നിഷേധിയും അഹങ്കാരിയും ഏതു ദുഷ്പ്രവർത്തിയും ചെയ്യുന്നവനുമാക്കി.
നഗരത്തിലെ അധോലോക നേതാവായ നരിമറ്റം വർക്കിയുമായുള്ള അടുപ്പവും സൌഹൃദവും അവന്റെ കുറ്റകൃത്യ സ്വഭാവത്തെ പ്രോത്സാഹിപ്പിച്ചു.

ടോം ക്രൂയ്സ് പാറയുടെ മുകളിൽ എത്തിച്ചേർന്നപ്പോൾ ജയകൃഷ്ണൻ ആശ്വാസത്തോടെ പിമ്പോട്ടു ചാരിയിരുന്നു.
അപ്പോഴാണ് പുറത്ത് ഒരു ജീപ്പ് വന്നുനിൽക്കുന്ന ശബ്ദം അവർ കേട്ടത്.
"നാശം!"
അവൻ പിറുപിറുത്തു.
"ആരാന്ന് നോക്കിക്കേടാ സിദ്ധൂ,"
സിദ്ധാർത്ഥൻ പുറത്തേക്ക് പോയി.
അൽപ്പം കഴിഞ്ഞപ്പോൾ ബഹളം വെച്ച് ശീട്ട്കളിച്ചുകൊണ്ടിരുന്ന തന്റെ സുഹൃത്തുക്കൾ പെട്ടെന്ന് നിശബ്ദരായത്ജയകൃഷ്ണൻ അറിഞ്ഞു.
തന്റെ പിമ്പിൽ ഒരു പാദപതന സ്വരം അവൻ കേട്ടു.
ടെലിവിഷൻ സ്ക്രീനിലെ ഉദ്വേഗരംഗങ്ങളിൽ നിന്ന് ദൃഷ്ടിമാറ്റി ജയകൃഷ്ണൻ പിമ്പോട്ട് നോക്കി.
ഇൻസ്പെക്ടർ അബ്രഹാം തന്റെ പിമ്പിൽ നിൽക്കുന്നത് അവൻ കണ്ടു.
കൂടെ മൂന്നു നാല് കോൺസ്റ്റബിൾമാരും.
"ഹാ!"
ജയകൃഷ്ണൻ ചിരിച്ചുകൊണ്ട് ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു.
"സാറെന്താ ഈ വഴിക്കൊക്കെ?"
"നിന്റെ കുഞ്ഞമ്മേടെ സുഖവിവരങ്ങൾ തെരക്കാൻ വന്നതാ,"
കാർക്കശ്യം നിറഞ്ഞ സ്വരത്തിൽ അദ്ദേഹം പറഞ്ഞു.
പിന്നെ ജയകൃഷ്ണനെയും സംഘാങ്ങങ്ങളെയും നോക്കി.
മേശപ്പുറത്ത് പകുതിയായ മദ്യക്കുപ്പിയും ഗ്ലാസുകളും ഭക്ഷണ വസ്തുക്കളും.
ആഷ്ട്രേ നിറച്ചും സിഗരെറ്റ് കുറ്റികൾ.
അവസാനം അദ്ധേഹത്തിന്റെ നോട്ടം വീണ്ടും ജയകൃഷ്ണനിലെത്തി.
പോക്കറ്റിൽ നിന്ന് ഒരു പേപ്പർ എടുത്ത് അദ്ദേഹം അവന്റെ മുഖത്തിന് നേരെ നിവർത്തി.
"സർച്ച് വാറണ്ട്!"
അദ്ദേഹം പറഞ്ഞു.
ജയകൃഷ്ണന്റെ മുഖം പെട്ടെന്ന് ഭയാക്രാന്തമായി.
പക്ഷെ പെട്ടെന്ന് തന്നെ അവൻ മനോനില വീണ്ടെടുത്തു.
"എന്ത് സർച്ച്?"
അവൻ അവിശ്വസനീയതയോടെ ചോദിച്ചു.
"നിന്റെയീ വീട്ടിൽ ലക്ഷക്കണക്കിന് രൂപയുടെ ഹെറോയിനും ഹഷീഷും സൂക്ഷിച്ചിരിക്കുന്നു എന്ന് ഇൻഫോർമേഷനുണ്ട്!"
പിന്നെ അദ്ദേഹം കോൺസ്റ്റബിൾമാരെ നോക്കി.
"ബിഗിൻ ദ സർച്ച്!"
അദ്ദേഹം ഉത്തരവിട്ടു.

"ഹേയ് ഇൻസ്പെക്ടർ!"
ജയകൃഷ്ണൻ അലറി.
അകത്തേക്ക് കുതിച്ച കോൺസ്റ്റബിൾമാർ പെട്ടെന്ന് നിന്നു.
ജയകൃഷ്ണനും കൂട്ടരും ഇൻസ്പെക്ടർ അബ്രാഹാമിനെയും കോൺസ്റ്റബിൾമാരെയും വളഞ്ഞു.
"എന്റെ വീടിനകത്ത് കാലുകുത്താൻ ഒരു പെറുക്കിപ്പോലീസിനെയും ഞാനനുവദിക്കില്ല,"
ജയകൃഷ്ണൻ ഇൻസ്പെക്ടർ അബ്രഹാമിനെ നോക്കിപ്പറഞ്ഞു.
"കുറച്ചു നാൾ കൂടി സർക്കാരിന്റെ തുട്ടുവാങ്ങി പുട്ടടിക്കണവെങ്കി വന്ന വഴിയെതന്നെ തിരിച്ചുപോയാട്ടെ ഇൻസ്പെക്ടർ ഏമ്മാനും മക്കളും,"
"ഫ! റാസ്കൽ!"
ഇൻസ്പെക്ടറുടെ വലതു കൈ ജയകൃഷ്ണന്റെ കരണത്ത് ആഞ്ഞുപതിച്ചു.
അവൻ പിമ്പിലെക്ക് വേച്ചുപോയി ഭിത്തിയിലിടിച്ചു നിന്നു.
"രാഷ്ട്രപതീടെ കയ്യീന്ന് അവാർഡ് മേടിച്ച കൈയ്യാ നിന്നെപ്പോലെത്തെ തീട്ടപ്പന്നീനെയൊക്കെ തൊട്ട് കൈ വൃത്തികേടാക്കണ്ട വൃത്തികേടാക്കണ്ട എന്ന് വെച്ചാ മൈരേ നീയൊന്നും സമ്മതിക്കുവേല അല്ലേ?"
പിന്നെ അദ്ദേഹം കോൺസ്റ്റബിൾമാരെ നോക്കി ഗർജ്ജിച്ചു.കമ്പികുട്ടൻ.നെറ്റ്
"എന്നാ നോക്കിനിക്കുവാടാ, സേർച്ച്! സേർച്ച് എവരി നൂക് ആൻഡ് കോർണർ!"
പക്ഷെ ക്രിക്കറ്റ് ബാറ്റുകൊണ്ട് ഷാജഹാൻ പിമ്പിൽ നിന്ന് അദ്ധേഹത്തിന്റെ തലക്കടിച്ചു.
ഒരു മുരൾച്ചയോടെ, അടിയേറ്റ ഭാഗം പൊത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹം നിലത്തുവീണു.
"ഇതെന്റെ അപ്പൻ പണിത വീടാണ്."
അദ്ധേഹത്തെ നോക്കി ജയകൃഷ്ണൻ പറഞ്ഞു.
"ഇതിനകത്ത് എന്തൊക്ക സൂക്ഷിക്കണം എന്തൊക്കെ നടത്തണം എന്ന് ഞാൻ തീരുമാനിക്കും. അതൊക്കെ അറിയാനും അന്വേഷിക്കാനും തടയാനും വന്നാൽ നായിന്റെ മോനേ, ഒരു വാറണ്ട് ഞാനും ഉണ്ടാക്കും. നിന്റെ മരണ വാറന്റ്!!"
"യൂ ബ്ലഡി!!
ഇൻസ്പെക്ടർ ചാടിയെഴുന്നേറ്റു.
"ഓം ശാന്തി!"
വാതിൽക്കൽ നിന്ന് മുഴക്കമുള്ള ശബ്ദം കേട്ട് എല്ലാവരും തിരിഞ്ഞു നോക്കി.
ചുവന്ന കുർത്തയും കറുത്ത പൈജാമയും ധരിച്ച് തലയിൽ ഒരു കൌ ബോയി തൊപ്പിയുമണിഞ്ഞ് സുന്ദരനായ ഒരു യുവാവ്!
"രാഹുൽ നാരായണൻ!"
ഇൻസ്പെക്ടർ മന്ത്രിച്ചു.
"നിന്റെ അപ്പൻ പണിത വീട്ടിലേക്ക് ഒരഥിതി കൂടിയുണ്ട് ജയകൃഷ്ണാ,"
അവരുടെ നേരെ നടന്നടുത്തുകൊണ്ട് രാഹുൽ പറഞ്ഞു.

ജയകൃഷ്ണന്റെ കൂട്ടുകാർ പകുതി കുടിച്ച മദ്യക്കുപ്പി രാഹുൽ കൈയ്യിലെടുത്തു. തന്റെ കണ്ണിനു നേരെ പിടിച്ച് അതിലെ പാനീയത്തിലേക്ക് അയാൾ നോക്കി.
"സ്മിർനോഫ്!"

രാഹുൽ മദ്യക്കുപ്പിയുടെ ലേബൽ വായിച്ചു.
"വോഡ്ക,"
പിന്നെ അയാൾ ജയകൃഷ്ണനെ നോക്കി ചിരിച്ചു.
"രാഷ്ട്ര നിർമ്മാണത്തിന് വംശഹത്യ മാർഗ്ഗമാക്കിയ, ചരിത്രത്തിലെ ഏറ്റവും നിഷ്ടൂരനായ സ്വേച്ഛാധിപതിയുടെ നട്ടെല്ല് തകർക്കാൻ മഹത്തായ റഷ്യൻ ജനതയ്ക്ക് ഉണർവ്വേകിയ വിശിഷ്ടപാനീയം!"
രാഹുൽ പറഞ്ഞു.
പിന്നെ അയാൾ ജയകൃഷ്ണന്റെ കൂട്ടുകാരെ നോക്കി.
"നിന്റെയോക്കെ മൃതദേഹത്തിന് ഈ ഔഷധ രസം എങ്ങനെ സ്യൂട്ടായി?"
രാഹുലിന്റെ കണ്ണുകളിലെ ആജ്ഞാശക്തിക്ക് മുമ്പിൽ ജയകൃഷ്ണൻ നിശ്ചലം നിന്നു.
രാഹുൽ ചുറ്റും നോക്കി.
കൂട്ടുകാർക്കിടയിൽ നിൽക്കുന്ന സിദ്ധാർത്ഥനെ കണ്ടു.
"ഇങ്ങ് വാടാ!"
രാഹുൽ അവനെ കൈ കൈകാണിച്ചു വിളിച്ചു.
"നിന്നെയല്ലേ കഴിഞ്ഞ ദിവസം ഒരു പെണ്ണ് പെരുവഴീലിട്ടു തല്ലുന്നത് കണ്ടത്? നീ ആളു കൊള്ളാല്ലോ! മൊട്ടേന്നു വിരിഞ്ഞതെയുള്ളൂ. അതിനു മുമ്പ് തന്നെ ബലാത്സംഘം! ചൂതുകളി! മയക്കുമരുന്ന് ബിസിനെസ്! കൊള്ളാം!"
രാഹുലിന്റെ കൈ സിദ്ധാർത്ഥന്റെ തോളിലമർന്നു.
"അന്ന് ഞാൻ നിന്നെ ആ ലത്തീഫിന്റെ കയീന്നു രക്ഷപ്പെടുത്തിയില്ലേ? അതിനു പ്രത്യുപകാരം ചെയ്യാൻ ഞാൻ ഒരു സുവർണ്ണാവസരം തരാം,"
അയാൾ തന്നെ നോക്കി പുഞ്ചിരിക്കുന്ന ഇൻസ്പെക്ടർ അബ്രാഹാമിനെ നോക്കി.
"ഈ ഇൻസ്പെക്ടർ സാറിനും കോൺസ്റ്റബിൾ സാറമ്മാർക്കും നിന്റെ കൂട്ടുകാരന്റെ ബെഡ് റൂം ഒന്ന് കാണിച്ചുകൊടുത്തേ,"
രാഹുൽ സിദ്ധാർത്ഥനോട് പറഞ്ഞു.
ജയകൃഷ്ണന്റെ മുഖം വിവർണ്ണമായി.
"ഏത് കൂട്ടുകാരന്റെ?"
സിദ്ധാർത്ഥൻ ചോദിച്ചു.
"ഓഹോ?"
ഒരു പ്രത്യേക ഭാവത്തിൽ രാഹുൽ അവനെ നോക്കി.
"നിന്റെ കൂട്ടുകാര് റോമിലെ ഫ്രാൻസീസ് പാപ്പയും ദലൈലാമയും പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ ...അങ്ങനെ ഒന്നുവല്ലല്ലോ? പോയി നിന്റെ കൂട്ടുകാരൻ ഈ ജയകൃഷ്ണന്റെ ബെഡ് റൂം കാണിച്ചുകൊടുക്കെടാ വഴീത്തൂറിച്ചെക്കാ!"

രാഹുൽ പിന്നെ ഇൻസ്പെക്ടർ അബ്രഹാമിനെ നോക്കി.
"സാറിവന്റെ കൂടത്തിൽ ചെല്ല്. ഇവൻ ഈ ജയകൃഷ്ണന്റെ ബെഡ് റൂം കാണിച്ചു തരും. ഇവന്റെ കിംഗ് സൈസ് കിടക്കയുടെ അടിയിൽ അനന്തശയനം നടത്തുന്നുണ്ട് സാധനം,"
രാഹുൽ സിദ്ധാർത്ഥന്റെ ചന്തിക്ക് ചവിട്ടി അകത്തേക്ക് തള്ളിവിട്ടു.
"ഹേയ്!!"

ജയകൃഷ്ണൻ ഇൻസ്പെക്ടറുടെ നേരെ കുതിച്ച് വീണ്ടും അലറി.
"നീയെന്താ മുനിസിപ്പാലിറ്റി സൈറൻ ആണോ?"
ജയകൃഷ്ണന്റെ വഴി മുടക്കിക്കൊണ്ട് രാഹുൽ ചോദിച്ചു.
"ഈ ഹിന്ദി സിനിമയിലെ അമരീഷ് പുരിയേപ്പോലെ "ഹേയ് ഹേയ് " എന്നലറാൻ?"
"നിർത്തെടാ!"
ജയകൃഷ്ണൻ ചുരുട്ടിയ മുഷ്ടിയുയർത്തി.
രാഹുൽ അവന്റെ കൈയ്യുടെ കുഴയ്ക്ക് പിടിച്ച് തിരിച്ചു.
"ഈ വാനരപ്പടയെ ഞാൻ നേരിട്ടോളാം. സാർ ധൈര്യമായി പള്ളിവേട്ട തുടങ്ങിക്കോളൂ,"
രാഹുൽ ഇൻസ്പെക്ടറെ നോക്കി പറഞ്ഞു.കമ്പികുട്ടൻ.നെറ്റ്
അദ്ധേഹവും കോൺസ്റ്റബിൾമാരും അകത്തുകടന്നു.
സിദ്ധാർത്ഥനെയും കൊണ്ട് അവർ ജയകൃഷ്ണന്റെ ബെഡ് റൂമിലെത്തി.
അവർക്ക് അധികം മെനക്കെടേണ്ടി വന്നില്ല.
ജയകൃഷ്ണന്റെ കട്ടിലിനടിയിൽ മയക്ക് മരുന്ന് നിറച്ച കാർഡ്ബോഡ് പെട്ടികൾ അവർ കണ്ടെത്തി.
സിദ്ധാർത്ഥനെക്കൊണ്ട് ഇൻസ്പെക്ടർ അബ്രാഹം ഒരു ബോക്സ് തുറപ്പിച്ചു.
അതിൽ നിറയെ വെളുത്ത നിറത്തിൽ ചെറിയ പ്ലാസ്റ്റിക് കവറുകളിൽ അടക്കം ചെയ്ത മയക്കുമരുന്നുകൾ കണ്ടെത്തി.
"മൈ ഗോഡ്!?"
ഇൻസ്പെക്ടർ വിസ്മയാധീനനായി കോൺസ്റ്റബിൾമാരെ നോക്കി.
"മറ്റുള്ള പെട്ടികളിലും ഇത് തന്നെയാണോ സാധനം?"
സിദ്ധാർത്ഥനെ കോളറിൽപ്പിടിച്ച് ഉയർത്തിക്കൊണ്ട് അദ്ധേഹം ചോദിച്ചു.
"അതെ സാർ,"
ഭയാക്രാന്തനായി ആണ് അവൻ പറഞ്ഞത്.
സിദ്ധാർത്ഥനോടൊപ്പം പോലീസ് സംഘം മയക്കു മരുന്ന് നിറച്ച കാർഡ് ബോഡ് പെട്ടികളുമായി പുറത്തേക്ക് വന്നു.
ജയകൃഷ്ണനും കൂട്ടരുമായി അതിഘോരയുദ്ധത്തിലെർപ്പെടുന്ന രാഹുലിനെ പ്രതീക്ഷിച്ച് പുറത്തേക്ക് വന്ന ഇൻസ്പെക്ടർ അബ്രാഹം അദ്ഭുതപ്പെട്ടുപോയി.
അവിടം ശൂന്യമായിരുന്നു.
അദ്ദേഹം ചുറ്റും നോക്കി.

"പേടിക്കേണ്ട, ഞാനിവിടെത്തന്നെയുണ്ട്,"
ഒരു സ്ക്രീനിന്റെ മറവിൽ നിന്ന് അദ്ദേഹം രാഹുലിന്റെ ശബ്ദം കേട്ടു.
അദ്ദേഹം ഉടനേ അങ്ങോട്ടു ചെന്നു.
രാഹുൽ ഒരു കസേരയിൽ ഇരിക്കുന്നു.
അയാളുടെ കാൽച്ചുവട്ടിൽ ജയകൃഷ്ണൻ കിടക്കുന്നു.
രാഹുലിന്റെ ഒരു കാൽപ്പാദം അവന്റെ നെഞ്ചിലായിരുന്നു.
ജയകൃഷ്ണന്റെ മറ്റു കൂട്ടുകാർ പലയിടത്തായി കിടപ്പുണ്ട്.മിക്കവാറും ഞരങ്ങുകയും മൂളുകയും ചെയ്യുന്നുണ്ട്.
"നല്ലൊരു കൊയ്ത്ത് കഴിഞ്ഞത് പോലുണ്ടല്ലോ സാർ,"
രാഹുൽ ചിരിച്ചുകൊണ്ട് ചോദിച്ചു.
"ഇറ്റ് ഈസ് റ്റെറിഫിക്!"
ഇൻസ്പെക്ടർ പറഞ്ഞു.
"വിവരമറിഞ്ഞപ്പോൾ ഇതിന്റെ പത്തിലൊന്ന് പോലും ഞാൻ പ്രതീക്ഷിച്ചില്ല. ഇതിപ്പോൾ ഒരു നാലഞ്ചുകോടിയുടെ മുതലുണ്ട്,"

പോലീസുകാർ ജയകൃഷ്ണന്റെയും കൂട്ടുകാരുടെയും കൈകളിൽ വിലങ്ങണിയിച്ചു.
"പിന്നെ, മിസ്റ്റർ രാഹുൽ,"
ഇൻസ്പെക്ടർ രാഹുലിന്റെ നേരെ തിരിഞ്ഞു.
"നമ്മൾ പരിചയപ്പെട്ടിട്ടിപ്പോൾ ഒന്ന് രണ്ടാഴ്ചയായി. സ്റ്റിൽ ഐ ഫൈൻഡ് യൂ ആർ മിസ്റ്റീരിയസ്. പറയൂ, നിങ്ങൾക്ക് എങ്ങനെയാണ് ഇവന്റെ ഡ്രഗ് കണക്ഷനേക്കുറിച്ച് അറിവ് കിട്ടിയത്?"
രാഹുൽ പുഞ്ചിരിച്ചു.
"ക്ഷമിക്കണം സർ,"
അയാൾ പറഞ്ഞു.
"ആഗ്രഹമുണ്ടെങ്കിലും ഈ ചോദ്യത്തിന് ഇപ്പോൾ ഉത്തരം തരാൻ എനിക്ക് കഴിയില്ല. പക്ഷെ ഒരിക്കൽ, തീർച്ചയായും ഒരിക്കൽ, ഞാൻ ഞാൻ പറഞ്ഞിരിക്കും,"
മനസ്സില്ലാമനസ്സോടെ ഇൻസ്പെക്ടർ അബ്രാഹം തലകുലുക്കി.
"ഇവന്മാര് എന്നെ കൊണ്ടുപോയി അങ്ങ് കഴുവേറ്റും എന്നൊന്നും നീ കരുതണ്ട!"
വിലങ്ങു വീണ കൈകളോടെ പോലീസുകാരോടൊപ്പം പുറത്തേക്ക് നടക്കുന്നതിനിടയിൽ ജയകൃഷ്ണൻ രാഹുലിനെ നോക്കി ഭീഷണ സ്വരത്തിൽ പറഞ്ഞു.
"കൊന്നു കെട്ടിത്തൂക്കും ഞാൻ! എന്നിട്ട് ഇവന്മാരെക്കൊണ്ട് തന്നെ മഹസ്സറുമെഴുതിക്കും!"
"മോനേ, പരാജയകൃഷ്ണാ,"
രാഹുൽ ചിരിച്ചു.

"നീ കോളേജ് വാദ്ധ്യാരെ എ ബി സി ഡി പഠിപ്പിക്കാൻ വരല്ലേ. ഇനിയും ഞാൻ തൊടാത്ത കുറച്ചു മർമ്മങ്ങൾ കൂടി നിന്റെ മൃതദേഹത്തുണ്ട്. അവിടെക്കൂടി കേറ്റണോ ഞാൻ. കേറ്റിയാ ജയകൃഷ്ണാ, പുന്നാരേ, മുള്ളാനും തൂറാനും വേറെ അവയവങ്ങൾ വേണ്ടി വരും നെനക്ക്. കേട്ടോടാ പാ പൂ പീ മോനേ..."
രാഹുൽ ഒരു പ്രത്യേക രീതിയിൽ അവന്റെ നേരെ വിരലുകൾ ചൂണ്ടി.

****************************************

മെട്രോപോലിറ്റൻ ക്ലബ്ബിൽ മ്യൂസിക് റിഹേഴ്സലിനു വേണ്ടി കോബ്രാ ഗാങ്ങിലെ അംഗങ്ങൾ ഓരോരുത്തരായി എത്തിത്തുടങ്ങി. അവസാനം എത്തിചേർന്നത് പ്രിയങ്കയാണ്.
തന്റെ സൈക്കിൾ പുറത്ത് പാർക്ക് ചെയ്തതിനു ശേഷം കൈയിലൊരു പത്രവും ഉയർത്തിപ്പിടിച്ച്, ഓടിക്കിതച്ചാണ് അവൾ കൂട്ടുകാരുടെ മുമ്പിലേക്ക് വന്നത്.
"ലത്തീഫ് ദാദാ, ഇത്!"കമ്പികുട്ടൻ.നെറ്റ്
അവൾ കൈയിലുണ്ടായിരുന്ന പത്രത്തിന്റെ പ്രാദേശികകോളം ലത്തീഫിന്റെ മുമ്പിൽ വിടർത്തിക്കാണിച്ചു.
കൂട്ടുകാർ തങ്ങളുടെ സംഗീത ഉപകരണങ്ങളുടെ മുമ്പിൽ നിന്നും ലത്തീഫിന്റെയും പ്രിയങ്കയുടെയും അടുത്തേക്ക് ഓടിവന്ന് അവർക്ക് ചുറ്റും നിന്നു.
"അഞ്ചുകോടിയുടെ മയക്ക് മരുന്ന് വേട്ട, യുവാക്കൾ പിടിയിൽ" എന്ന തലക്കെട്ടോടെ നാലുകോളം വാർത്തയായിരുന്നു അത്.
"ജയകൃഷ്ണനും ടീമുമാണ് ഇതിലെ യുവാക്കൾ!"
പ്രിയങ്ക ആവേശത്തോടെയറിയിച്ചു.
"ഗോഡ് !!"

ലത്തീഫ് തലയിൽ കൈവെച്ചു.
അവിശ്വസനീയതയോടെ അവൻ കൂട്ടുകാരെ നോക്കി.
അവരും വിസ്മയഭരിതരായിരുന്നു.
"അവസാനം ജയകൃഷ്ണൻ അഴിയെണ്ണാൻ പോകുന്നു!"
ആബിദ് പറഞ്ഞു.
"മറ്റൊരു ദാവൂദ് ഇബ്രാഹിമിനോ ചോട്ടാ രാജനോ ജന്മം കൊടുക്കാൻ നമ്മുടെ ശാന്തിപുരം തന്നെ വേണ്ടി വന്നല്ലോ!"
മനോജ് പറഞ്ഞു.
"കൂട്ടത്തിൽ നമ്മുടെ വാധ്യാരും കാണും. ഒന്ന് വായിച്ചേ"
ഫെലിക്സ് പറഞ്ഞു.
"തീർച്ചയായും വാധ്യാരുടെ പേരുമുണ്ട്,"
പ്രിയങ്ക ചിരിച്ചു.
കൂട്ടുകാർ ആവേശത്തോടെ ഒച്ചയിട്ടു.
"പക്ഷെ പ്രതികളുടെ കൂട്ടത്തിലല്ല,"

"പിന്നെ ജഡ്ജിമാരുടെ കൂട്ടത്തിലായിരിക്കും!"
സതീഷ് പുച്ഛത്തോടെ ചിരിച്ചു.
"ജഡ്ജിമാരുടെ കൂട്ടത്തിലുമല്ല,"
"നിന്നോടല്ലേ ആ ന്യൂസ് ഒന്ന് വായിക്കാൻ പറഞ്ഞത്!"
ഫെലിക്സ് ഒച്ചയിട്ടു.
"ഖാമോഷ്!"
പ്രിയങ്ക അവനെനോക്കി ചുണ്ടത്ത് വിരൽ വെച്ചു.
"ശരി നിരക്ഷരരായ നിങ്ങൾക്ക് വേണ്ടി സമ്പൂർണ്ണ സാക്ഷരയായ ഞാൻ ന്യൂസ് വായിക്കാൻ പോകുന്നു, ശ്രദ്ധിച്ച് കേൾക്ക്,'
പ്രയങ്ക ആ പത്രവാർത്ത എല്ലാവരെയും വായിച്ചുകേൾപ്പിച്ചു.
ജയകൃഷ്ണന്റെ വീട്ടിൽ നടന്ന പോലീസ് റെയിഡിന്റെ വിശദാംശങ്ങൾ അതിലുണ്ടായിരുന്നു.
വാർത്തേകട്ട് ലത്തീഫും കൂട്ടുകാരും അദ്ഭുതാധീനനരായി.
ജയകൃഷ്ണന്റെ കൈവശം മയക്കുമരുന്നുണ്ടെന്ന് പോലീസിനു വിവരം നല്കിയതും തുടർന്ന് ജയകൃഷ്ണന്റെ വീട്ടിൽ നടന്ന റെയിഡിൽ പ്രതികളുടെ ആക്രമണത്തിൽ നിന്നും പോലീസ് സംഘത്തെ രക്ഷപെടാൻ സഹായിച്ചതും രാഹുൽ നാരായണൻ എന്ന, സെയിന്റ് മേരീസ് കോളേജിലെ അദ്ധ്യാപകൻ ആണ് എന്നും വാർത്തയുണ്ടായിരുന്നു.
സംഘാംഗങ്ങൾ നിശബ്ദരായി ലത്തീഫിനെ നോക്കി.
അവന്റെ മുഖത്ത് ഗാഢമായ ആലോചനയുടെ നിഴലുകൾ അവർ കണ്ടു.
അവർ സംശയത്തോടെ പരസ്പരം നോക്കി.
ഈ ദിവസങ്ങളിൽ ലത്തീഫ് അത്യധികം ചിന്താവിഷ്ടനാണ് എന്ന് അവർ അറിഞ്ഞു.
അവന്റെ തലച്ചോറിന്റെ ഊർജ്ജം മുഴുവനും കോബ്രാഹിൽസിലെ നിധിയേയും രാഹുൽ നാരായണനേയും ചുറ്റിപ്പറ്റിയാണെന്നും അവർ അറിഞ്ഞിരുന്നു.
"ലത്തീഫ് ദാദാ,"
വിൻസെന്റ് പതിയെ വിളിച്ചു.
ലത്തീഫ് മുഖമുയർത്തി എല്ലാവരെയും നോക്കി.

അവന്റെ സൂക്ഷ്മ ദൃഷ്ടികളിൽ ഒരു നിഗൂഢഭാവം പ്രത്യക്ഷമാവുന്നത് അവർ കണ്ടു.
"പ്ലോട്ട് തിക്കെൻസ്!"
അവസാനം അവൻ പറഞ്ഞു.
"ഷെർലക്ഹോംസ് പറഞ്ഞത് പോലെ,"
"എന്ന് വെച്ചാൽ?"
രാജു ആരാഞ്ഞു.
"വെയിറ്റ് ആൻഡ് വാച്ച് ആണ് ഇനിയത്തെ ഗെയിം,"
ലത്തീഫ് പറഞ്ഞു.

"വ്യക്തമായ സൂചനകൾ കിട്ടാതെ ഒരു തീർപ്പിനും നാം മുതിരുന്നില്ല,"
"എന്ന് വെച്ചാൽ ഈ രാഹുൽ നാരായണനെതിരെ ആക്ഷൻ ഇല്ല എന്നാണോ?"
വിൻസെന്റ് ചോദിച്ചു.
"നിരീക്ഷണം മാത്രം,"
ലത്തീഫ് വീണ്ടും പറഞ്ഞു.
"ലഭ്യമായ വിവരങ്ങൾ വെച്ച് അവൻ ഇന്നലെ രാത്രി വരെ കോബ്രാഹില്സിൽ കയറിയിട്ടില്ല. രാത്രി ഒൻപത് മണിമുതൽ വെളുപ്പിന് മൂന്നുമണിവരെ നമ്മൾ കോബ്രാ ഹില്സിൽ നിരീക്ഷണം ആരംഭിക്കുകയാണ് ഇന്നുമുതൽ. പകൽ നിരീക്ഷണത്തിന് പുറമേ. ഇന്ന് വരെ നമ്മൾകമ്പികുട്ടൻ.നെറ്റ് പോയിട്ടില്ലാത്ത, കിംഗ് കൊബ്രയെ കാണാൻ സാധ്യതയുണ്ടെണ്ണ് വിശ്വസിക്കപ്പെടുന്ന ഹനുമാൻകുന്ന് എന്ന മോസ്റ്റ് ഡെയിഞ്ചറസ് ആയ കൊടുമുടി വരെ നമ്മൾ പോകും. ഒൻപത് മണിക്ക് ആവിടെ എത്തിച്ചേരത്തക്ക വിധത്തിൽ നാം എന്റെ ജീപ്പിൽ ഇവിടെ നിന്ന് പുറപ്പെടും. റോസ്‌ലിനും പ്രിയങ്കയും ഷെറിനും ആക്ഷനിൽ പങ്കെടുക്കേണ്ടതില്ല,"
"ശ്യോ, അതെന്നാ ലത്തീഫ് ദാദാ?"
നിരാശയോടെ ഷെറിൻ ചോദിച്ചു.
പെൺകുട്ടികളുടെ നിരാശ പങ്കുവെക്കുകയായിരുന്നു അവൾ.
എങ്കിലും പുതിയ സാഹസികയാത്രക്ക് വേണ്ടിയുള്ള ആൺകുട്ടികളുടെ ഉത്സാഹം അവരും പങ്കുവെച്ചു.
നദീ തീരത്തെ പഴയ ക്ഷേത്രത്തിൻറെ പടവുകളിൽ കോബാ ഗാങ്ങ് - സംഘാംഗങ്ങൾ ഓരോരുത്തരായി എത്തിച്ചേർന്നു. - കൂട്ടുകാരുടെ സംസാരവും ചർച്ചകളും ശ്രദ്ധിച്ച് ഗൌരവപൂർണ്ണമായ ചിന്തകളോടെ - ലത്തീഫ് ഏറ്റവും മുകളിലത്തെ പടവിലിരുന്നു. -- അവസാനം വിൻസെൻറ്റും എത്തിച്ചേർന്നു. - 'കം, ലെറ്റ്- അസ് ബിഗിൻ, ?? - കൂട്ടുകാർ ലത്തീഫിൻറെ ശബ്ദം കേട്ടു. - അവർ സംസാരം നിർത്തി അവനെ നോക്കി. - "അതീവ പ്രാധാന്യമുള്ള ഒരു കാര്യം ചർച്ച ചെയ്യാനാണ് ഇന്നത്തെ മീറ്റിംഗ്, - ലത്തീഫ് പറഞ്ഞു. - അത് അവർ അറിഞ്ഞിരുന്നു. - രഹസ്യ സ്വഭാവമുള്ളതും അത്യന്തം പ്രാധാന്യം നിറഞ്ഞതുമായ വിഷയങ്ങൾ ചർച്ച - ചെയ്യുവാൻ അവൻ ഇപ്പോഴും തെരഞ്ഞെടുക്കുന്നത് നദീതീരത്തെ ക്ഷേത - പരിസരമായിരുന്നു.
ഭ'ജയകൃഷ്ണൻ നമ്മോട് സൗഹൃദം ആഗ്രഹിക്കുന്നു," - കൂടുകാർ അദ്ഭുതത്തോടെ പരസ്പരം നോക്കി. - ""ഇന്ന് രാവിലെയാണ് അവനെന്നെ മൊബൈലിൽ വിളിച്ചത്," - ലത്തീഫ് തുടർന്നു. - "വൈകിട്ട് നാലുമണിക്ക് നമ്മളെ ഇവിടെ, ഈ അമ്പലത്തിൻറെ പരിസരത്ത് കാണാൻ ആഗ്രഹിക്കുന്നെന്നും നമ്മോട് സൗഹൃദം സ്ഥാപിക്കുകയാണ് അവൻറെ ലക്ഷ്യമെന്നും," - അത് പറഞ്ഞു കഴിഞ്ഞ് അവൻ കൂട്ടുകാരെ മൊത്തത്തിൽ ഒന്ന് നോക്കി. - " അവനെ പോലീസ് പിടിച്ചോണ്ട് പോയില്ലേ??? - വിൻസെൻറ്റ് വെറുപ്പോടെ ചോദിച്ചു. - ""ജാമ്യത്തിലിറങ്ങി,"?' -

ലത്തീഫ് പറഞ്ഞു. - 'ജയകൃഷ്ണന്റെ പെട്ടെന്നുള്ള ഈ ബോധോദയത്തിൻറെ കാരണം എന്താണ് - എന്നാണ് നിങ്ങൾ കരുതുന്നത്?'

'അവനു ജീവിക്കാൻ കൊതിയായിക്കാണും, മനുഷ്യരെപ്പോലെ, - ഷെറിൻ പറഞ്ഞു. - "എനിക്ക് തോന്നുന്നത് അതല്ല. ക | പ്രിയങ്ക ലത്തീഫിനെ നോക്കി. - "'അവൻ ഇപ്പോൾ ശരിക്കും ഒരു ക്രിമിനൽ ആയില്ലേ? മയക്കുമരുന്ന് ബിസിനസ് - അല്ലേ ഐറ്റം നമ്പർ വൺ? മറ്റെന്തെല്ലാം വൃത്തികേടുകൾ കൂടിയുണ്ടെന്ന്

ആരറിഞ്ഞു? നമ്മുടെ കൂടെക്കൂടി നമ്മുടെ റെപ്യൂട്ടേഷൻറെ മറവിൽ ആ - വൃത്തികേടുകൾ ധൈര്യപൂർവ്വം ചെയ്യാമെന്ന് അവൻ കരുതുന്നുണ്ടാവണം," - ലത്തീഫ് കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് അവളുടെ പരാമർശം ശ്രദ്ധിച്ചു. - "രാഹുൽ നാരായണൻ ആണ് ജയകൃഷ്ണന്റെ പ്രശ്നം," - ആബിദ് തൻറെ അഭിപ്രായം പറഞ്ഞു. - ""ഇത് വരെ അവൻറെ തട്ടിപ്പുകൾ ഒന്നും തന്നെ പോലീസിൻറെ പിടിയിൽ - വന്നിട്ടില്ല. രാഹുൽ നാരായണന് ഒരു ഇൻഫോർമേഷൻ നെറ്റ്വർക്കുണ്ട് എന്ന് -- അവൻ സംശയിക്കുന്നുണ്ടാവണം. അല്ലെങ്കിൽ രാഹുൽ നാരായണൻ എങ്ങനെ

ഇത് കൃത്യമായി അറിഞ്ഞു ജയകൃഷ്ണന്റെ വീട്ടിൽ മയക്ക് മരുന്നുണ്ടെന്ന്? - അയാളെ ഒതുക്കാൻ അവനു നമ്മുടെ സഹായം വേണം," - ലത്തീഫ് ആ അഭിപ്രായവും ശ്രദ്ധയോടെ കേട്ടു. - "ഈ അഭിപ്രായങ്ങളൊന്നും ഞാൻ തള്ളിക്കളയുന്നില്ല, ലത്തീഫ് അൽപ്പം - കഴിഞ്ഞ് പറഞ്ഞു.

""എന്നാൽ ഇതൊന്നുമല്ല ജയകൃഷ്ണന്റെ ആത്യന്തിക ലക്ഷ്യം . അത് മറ്റെന്തോ - ആണെന്നാണ് എനിക്ക് തോന്നുന്നത്. " -- അവൻറെ കണ്ണുകൾ കോബാ ഹിൽസിൻറെ അഗാധനീലിമയെ സ്പർശിച്ചു.

ഭ"സംതിംഗ് ഡേയിഞ്ചറസ് "" - കോബാ ഹിലിൽ നിന്ന് സൃഷ്ട്ടികൾ മാറ്റാതെ അവൻ തുടർന്നു. - "ഞാനാദ്യം കരുതിയത് ഈ രാഹുൽ നാരായണനെ ശാന്തിപുരത്ത് - അവതരിപ്പിച്ചത് ജയകൃഷ്ണനും അവൻറെ ബോസ്സ് നരിമറ്റം - വർക്കിയുമാണെന്നായിരുന്നു. നമ്മുടെയും നാട്ടുകാരുടെയും മുമ്പിൽ - ശ്രതുക്കളായി നടിച്ചുകൊണ്ടുള്ള നാടകം. പക്ഷെ കോടികൾ ഒരു നാടകത്തിനു - വേണ്ടി ചെലവാക്കാൻ മാതം മണ്ടത്തരമൊന്നും ജയകൃഷ്ണനോ നരിമറ്റമോ കാണിക്കാൻ സാധ്യതയില്ല,' - ലത്തീഫ് തുടർന്നു. - 'ജയകൃഷ്ണന് മറ്റെന്തോ നിഗൂഡമായ ഉദ്ദേശങ്ങളുണ്ട്. അവനെപ്പോലെ ഒരു - ബോൺ ക്രിമിനൽ നമ്മോട് സൌഹൃദത്തിന് ശ്രമിക്കുന്നുണ്ടെങ്കിൽ ഐ ടെൽ യൂ - ഇറ്റ് ഈസ് സംതിംഗ് ഡെയിഞ്ചറസ്! ' - അപ്പോഴേക്കും മലഞ്ചെരിവിലൂടെ മോട്ടോർ ബൈക്കുകളുടെ ശബ്ദം കേട്ടുതുടങ്ങി. - ' വരുന്നുണ്ട്, അവമ്മാര്!??? - രൂക്ഷമായ അനിഷ്ട്ടതോടെ സതീഷ്- പറഞ്ഞു. - "'ലത്തീഫ് ദാദാ, നമ്മടെ ആറ്റിറ്റ്യൂഡ് എന്താ? അവമ്മാര് കാര്യം കാണാൻ വേണ്ടി - ഫ്രണ്ട്ഷിപ്പെന്നും കോപ്പറേഷനെന്നും പറഞ്ഞു വരും." - മനോജ് ചോദിച്ചു. - ""ആദ്യം അവർക്കെന്തോ പറയാനുള്ളന്ന് കേക്കട്ടെ," ലത്തീഫ് പറഞ്ഞു. അപ്പോഴേക്കും ജയകൃഷ്ണനും സംഘവും അവരുടെയടുത്തെത്തി. അവനോടൊപ്പം ഏകദേശം പത്തോളം അനുചരൻമാരും ഉണ്ടായിരുന്നു. -

ലത്തീഫും സംഘവും എഴുന്നേറ്റു. - ബൈക്കുകൾ നിർത്തി ജയകൃഷ്ണനും സംഘവും അവരുടെ നേർക്ക് - നടന്നടുത്തു. അവൻറെ മുഖത്ത് പുഞ്ചിരിയുണ്ടായിരുന്നു. ജയകൃഷ്ണൻ ലത്തീഫിൻറെ മുമ്പിൽ വന്നുനിന്നു.

'ഹലോ, ലത്തീഫ്, - പുഞ്ചിരിയോടെ അവൻ വലതു കരം ലത്തീഫിൻറെ നേരെ നീട്ടി. ലത്തീഫ് ഗൌരവം നിലനിർത്തി തൻറെ വലതുകരം അവൻറെ നേരെ നീട്ടി. ഇരു സംഘവും പരസ്പരം പുഞ്ചിരി കൈമാറി. ഹസ്തദാനം ചെയ്തു. പിന്നെ ക്ഷേത്ര പരിസരത്ത്, പുൽപ്പുറത്ത്, നദിക്കഭിമുഖമായി ഇരുന്നു. - ജയകൃഷ്ണൻ ജാക്കറ്റിൻറെ സിബ്ബ് താഴ്ത്തി പോക്കറ്റിൽ നിന്ന് കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് ഒരു മാൾബോറോ സിഗരെറ്റ്- പാക്കറ്റ് എടുത്ത് തുറന്ന് - ലത്തീഫിൻറെ നേരെ നീട്ടി. - “പ്ലീസ്, ഹാവ് വൺ,? - "നോ!???? - ലത്തീഫ് വലതു കൈ ഉയർത്തി വിലക്കി.

'ഐ ഡോണ്ട് മോക്ക്-. നൺ ഓഫ് മൈ ഫ്രണ്ട്സ് ടൂ . മാത്രമല്ല, ഇതൊരു - ക്ഷേത്ര പരിസരവുമാണ്,

'ഓ, ഐം സോറി!" - ക്ഷേത്രത്തിലേക്ക് നോക്കി ജയകൃഷ്ണൻ പറഞ്ഞു. - പിന്നെ അവൻ പോക്കറ്റിലേക്ക് തന്നെ സിഗരെറ്റ്- പാക്കറ്റ് നിക്ഷേപിച്ചു. - ' ബൈ ദ വേ,?? - ലത്തീഫ് അവനെ നോക്കി. - 'ജയകൃഷ്ണൻ കാണണം എന്ന് പറഞ്ഞത്?' - "യാ യാ!" - - അവൻ തിടുക്കത്തിൽ പറഞ്ഞു.

ഭ'ഐം കമിംഗ് ടു ദാറ്റ്, ' -- അവൻ ഒരു നിമിഷം ആലോച്ചനാമാഗനായി. പിന്നെ തൻറെ കൂട്ടുകാരെ നോക്കി. അവസാനം ലത്തീഫിനെയും. - ടു ബീ ഫാത്..." -- അവൻ തുടങ്ങി. - 'എനിക്ക് നിങ്ങടെ ഫ്രണ്ട്ഷിപ്പ് വേണം. നിങ്ങളുടെ കമ്പനി. നിങ്ങളുടെ - ഹെൽപിംഗ് ഹാൻഡ്. നമ്മുടെ ശ്രതുത അനാവശ്യമാണ്. ഐ എഗ്രീ ലത്തീഫ് ഐ - എഗ്രീ എനിക്ക് ഫാൾട്ട് പറ്റിയിട്ടുണ്ട്. എൻറെ ഭാഗത്ത് വീഴ്ച ഉണ്ട്. യൂ നോ ഐം - റെഡി ടു ചെയ്ഞ്ച്. യെസ്! നിങ്ങൾ പറയുന്ന എന്തിനും ഞാനൊരുക്കമാണ്. - കണ്ടീഷൻസ് നിങ്ങൾ തന്നെ വെച്ചോളു. എന്ത് കൊമ്പോമൈസിനും ഞാൻ - റെഡി . "" - ജയകൃഷ്ണൻ നിർത്തി ലതീഫിനെയും കൂട്ടുകാരെയും നോക്കി. - ലത്തീഫിൻറെ മറുപടിക്ക് അവൻ കാത്തു. - 'പെട്ടെന്നിങ്ങനെ ഒരു തീരുമാനം...വൈ? വാട്ട് പ്രോംറ്റ്- യൂ? എന്താ കാരണം???? - ലത്തീഫ് പെട്ടെന്ന് ചോദിച്ചു. - 'അതിപ്പോൾ... ?? - ഒരു നിമിഷത്തെ ആലോചനക്ക് ശേഷം ജയകൃഷ്ണൻ തുടർന്നു. - ലത്തീഫ് .പെഴ്സനലി .ഐം വെരി ബാഡ്.ഐ മോക്ക്- ഐ ഡിങ്ക്. - ഐം ലേസി യാ ... ആരും കമ്പനിക്ക് ആഗ്രഹിക്കില്ല എന്നെ. ഐം നോട്ട് - അപ്പോച്ച്ഡ് ബൈ ഗുഡ് പീപ്പിൾ. ഐം ടോട്ടലി' ബാഡ്. ...പക്ഷെ എനികെന്റെ -- നാടിനെ ഇഷ്ടമാണ്. ശാന്തിപുരത്തിൻറെ എല്ലാം... ഐ ലൈക് ശാന്തിപുരം... നമ്മുടെ ശ്രതുത നമ്മുടെ നാടിനെ നശിപ്പിക്കുന്നു. നമ്മുടെ ശ്രതുത പലരും - മുതലെടുക്കുന്നു. നമ്മുടെ വഴക്കും അടിയും മുതലെടുത്തുകൊണ്ടു - പുറത്തുനിന്നുള്ളവർ നമ്മുടെ ശാന്തിപുരം നശിപ്പിക്കുന്നു,

'നമ്മുടെ ശ്രതുത ആര് മുതലെടുക്കുന്നു എന്നാണ് ജയകൃഷ്ണന്റെ - കണ്ടെത്തൽ???? - "ആസ്ക് മീ ഹൂ??? - ജയകൃഷ്ണൻ പെട്ടെന്ന് ചോദിച്ചു. - 'ഐ നോ ഹിം. യൂ നോ

ഹിം. എവി വൺ നോസ് ഹിം. ലത്തീഫ് - നിങ്ങൾക്കറിയാം അവൻ ആരാണെന്ന്. പോട്ടെ, നിങ്ങൾക്കറിയില്ലെങ്കിൽ ഞാൻ
പറയാം. ഹീയീസ് രാഹുൽ. ഹീയീസ് രാഹുൽ നാരായണൻ. ഹീയീസേ ലക്ചറർ - ഹീയീസ് ഹിയർ. ആൻഡ് ഹീയീസാൻ ഔട്ട്സെഡർ. അതെ അവൻ രാഹുൽ ... അവൻ രാഹുൽ നാരായണൻ. ...ശാന്തിപുറം പുഴ കടന്ന് ....കോബാ ഹിൽസ്മലകൾക്കപ്പുറത്ത് നിന്ന് അവൻ വന്നു. എന്തിന് വന്നു?നമ്മുടെ നാടു - കുളമാക്കാൻ. 1913 - "'ജയകൃഷ്ണൻ, കമ്പികുട്ടൻ.നെറ്റ്
- കമ്പികുട്ടൻ.നെറ്റ് കം ടു ദ പോയിൻറ്റ് ലത്തീഫ് അക്ഷമയോടെ പറഞ്ഞു. - "യാ ??? - ജയകൃഷ്ണൻ തുടർന്നു. - ഭ'യൂ നോ ലത്തീഫ്, അവനെന്നെ ചതിച്ചു. അനനെന്നെ അടിച്ചു. എൻറെ - ഫ്രണ്ട്സിനെ അടിച്ചു. യൂ നോ, നമ്മൾ കീരിയും പാമ്പും പോലെ തമ്മിലടിച്ചിട്ടുണ്ട്. - ഉരുണ്ട് മറിഞ്ഞ് ചോരയൊഴുക്കിയിട്ടുണ്ട്. ലത്തീഫ് നിങ്ങൾ എന്നെ അടിച്ചിട്ടുണ്ട്. അന്നേരത്തെ വേദന അന്നേരം കൊണ്ടു തീരുമായിരുന്നു. കരണം യൂ ആർ മൈ - ഫെലോ നേറ്റീവ് ഇൻ ശാന്തിപുരം. അതിൽ എനിക്ക് നാണിക്കാനോന്നുമില്ലായിരുന്നു. അഭിമാനം കെടാൻ ഒന്നുമില്ലായിരുന്നു. സ്വന്തം നാട്ടുകാരനിൽ ഇന്ന് അടി കൊല്ലുമ്പോൾ അതിൽ വേദനെയെ ഉള്ളൂ. അഭിമാനക്ഷതമില്ല. പക്ഷെ ആ ബ്ലഡി ഔട്ട് സെഡർ.. ആ വർത്തൻ പട്ടി എന്നെ - അടിച്ചത്- എൻറെ അഭിമാനത്തിലാണ്. ആ അഭിമാനം നിങ്ങളുടെ അഭിമാനം - കൂടിയാണ് ലത്തീഫ്, - 'ഓക്കേ ഓക്കേ,"" - ലത്തീഫ് പറഞ്ഞു. - 'അയാൾ നിങ്ങളെ അടിക്കാൻ കാരണമെന്താണ്?"
ജയകൃഷ്ണൻ കൂട്ടുകാരെ നോക്കി. - "അവനും ആ ഇൻസ്പെക്ടറും ചേർന്ന് പ്ലാൻ ഉണ്ടാക്കി. - ജയകൃഷ്ണൻ തുടർന്നു. - "'എന്നെ ഒതുക്കാൻ. എൻറെ വീട്ടിൽ ഞാനറിയാതെ കയറി. ഞാനറിയാതെ - എൻറെ ബെഡ്റൂമിൽക്കയറി. എൻറെ കട്ടിലിനടിയിൽ മയക്ക് മരുന്ന് ഒളിപ്പിച്ചു. - എന്നിട്ടെൻറെ വീട്ടിൽ റെയിഡ് നടത്തി. യൂ നോ, ഇതുവരെ കാക്കിയുടുപ്പിട്ട - ആരും.... ആരും തന്നെ എൻറെ വീടിനകം കണ്ടിട്ടില്ല. എല്ലാം ആ വരത്തൻ പട്ടി - കാരണം. എന്നിട്ടെന്നെ കള്ളക്കേസിൽ കുടുക്കി എന്നെ ജയിലിലാക്കാൻ | ശ്രമിക്കുന്നു." - 'ജയകൃഷ്ണാ , - ലത്തീഫ് ഇടയ്ക്ക് കയറി. - "'നിങ്ങളുടെ പിമ്പിൽത്തന്നെ സിദ്ധാർത്ഥൻ നിൽപ്പുണ്ട്. കഴിഞ്ഞാഴ്ച്ച ഞങ്ങളോട് - സംസാരിച്ച അതേ നാക്കാണ് അവൻറെ വായിലിപ്പോഴും ഉള്ളതെങ്കിൽ, അവൻ - പറയട്ടെ, ഡ്രഗ്സ് നിങ്ങളുടെ വീട്ടിൽ രാഹുൽ നാരായണനും ഇൻസ്പെക്ടറും - ചേർന്ന് കൊണ്ടുവെച്ചതാണോ എന്ന്?" ജയകൃഷ്ണൻ ഒരു നിമിഷം പതറി. അവൻ ശിരസ്സ് കുനിച്ചു. - അവൻറെ പിമ്പിൽ നിന്നിരുന്ന കൂട്ടുകാരും.
"നിങ്ങൾ പറഞ്ഞിട്ടാണ് സിദ്ധാർത്ഥൻ റെയിൽവേ സ്റ്റേഷനിൽ പോയത്. നിങ്ങൾ - പറഞ്ഞിട്ടാണ് സിദ്ധാർത്ഥൻ നിങ്ങൾക്ക് മാത്രം അറിയാവുന്ന ആ ഡഗ് - ഏജൻറ്റിനെ കാത്തുനിന്നത്. ഇവിടം വരെ നിങ്ങളും സിദ്ധാർത്ഥനുമുണ്ട്. ടെൻ - ഹൌ ഡിഡ് രാഹുൽ ആൻഡ്- ദ പോലീസ് കം ടു ദിസ് സ്റ്റോറി?" - " ലത്തീഫ് ...അത് ..?? - ' നോ!" ലത്തീഫ് കൈയ്യുയർത്തി വിലക്കി. - "സ്വയം വെള്ള പൂശണ്ട്. ദിവ്യയെ

ഒന്നിലേറെത്തവണ കേറിപ്പിടിച്ചവനാണ് - നിങ്ങൾ നിങ്ങളുടെ ശിങ്കിടി സിദ്ധാർത്ഥൻ ഈ റോസ്-ലിനെയും - കയറിപ്പിടിച്ചതാണ്. വി നോ യൂ ടു ദ ബോട്ടം. അതുകൊണ്ടു തന്നെ നിങ്ങളുടെ | ഡഗ് കണക്ഷൻ എനിക്കൊരു വാർത്തയെയല്ല," ജയകൃഷ്ണൻ അവൻറെ വാക്കുകൾ ജാഗ്രതയോടെ കേട്ടു. "ഈ നഗരത്തിലെ അധോലോകനേതാവ് നരിമറ്റം വർക്കിയുടെ കൈയ്യിലെ ഉപകരണങ്ങളാണ് - കമ്പികുട്ടൻ.നെറ്റ്
- കമ്പികുട്ടൻ.നെറ്റ് നിങ്ങൾ. ഭ - ലത്തീഫ് തുടർന്നു.
'എനിക്കും എൻറെ സുഹൃത്തുക്കൾക്കും നിങ്ങളെപ്പോലെ ക്രിമിനൽ റെക്കോഡ് - ഉള്ള ഒരു ഗ്രൂപ്പുമായി ഒന്നിച്ചു നിൽക്കാൻ സാധ്യമല്ല. പിന്നെ പുറത്ത് നിന്നുളവർ നമ്മുടെ നാടിനെ നശിപ്പിക്കാൻ ശ്രമിക്കുന്ന കാര്യം. അത് ഞങ്ങൾ സ്വയം മാനേജ് - ചെയ്തോളാം. പുറത്തുള്ളവരാണോ അതോ അകത്തുള്ളവർ തന്നെയാണോ നാടിൻറെ യതാർത്ഥ ശ്രതുക്കൾ എന്നും ഞങ്ങൾക്ക് സംശയമുണ്ട്. അതുകൊണ്ട്..."" ലത്തീഫ് ജയകൃഷ്ണനെ നോക്കി. - "പക്ഷെ, ലത്തീഫ്. രാഹുൽ നാരായണൻ...??? - "'ഒരു പക്ഷയുമില്ല ജയകൃഷ്ണൻ!"" - ലത്തീഫ് ഉറച്ച ശബ്ദത്തിൽ അവനെ വിലക്കി. - "'അൽപ്പം മുമ്പ് നിങ്ങൾ പറഞ്ഞല്ലോ ഞങ്ങൾ പറയുന്ന ഏത് കണ്ടീഷനും - നിങ്ങൾക്ക് സ്വീകാര്യമാണെന്ന്. ആ പറഞ്ഞതിൽ നിങ്ങൾ ഉറച്ചു - നിൽക്കുകയാണെങ്കിൽ ഞങ്ങൾ ചില കണ്ടീഷൻസ് വെക്കുകയാണ്. ആ - കണ്ടീഷൻസ് നിങ്ങൾ അംഗീകരിക്കുകയാണെങ്കിൽ....എങ്കിൽ മാത്രം ഒരുമിച്ചു - നിൽക്കുന്ന കാര്യം ...ഫാണ്ട്ഷിപ്പിൻറെയും കോപ്പറേഷൻറെയും മാർഗ്ഗം ഞങ്ങളും സ്വീകരിക്കാം," - ജയകൃഷ്ണന്റെ മുഖത്ത് ചിന്തകൾ നിറഞ്ഞു. അവൻ കൂട്ടുകാരെ നോക്കി. - പിന്നെ ലത്തീഫിൻറെ മുഖത്തേക്കും.
"എന്താണ് നിങ്ങളുടെ കണ്ടീഷൻസ്???' - ലത്തീഫ് ചൂണ്ടുവിരൽ ഉയർത്തി. - "നരിമറ്റം വർക്കിയുമായുള്ള എല്ലാ കണക്ഷൻസും നിങ്ങൾ അവസാനിപ്പിക്കണം," അവൻ പിന്നെ മോതിര വിരൽ കൂടി ഉയർത്തി. "" പിന്നെ ഇല്ലീഗൽ ആയ എല്ലാ ആക്റ്റിവിറ്റീസും നിർത്തണം. ഡ്രഗ്സ് , സ്മഗ്ലിംഗ് അങ്ങനെ നിയമവിരുദ്ധമായി ഏതൊക്കെ പ്രവർത്തനങ്ങളിൽ നിങ്ങൾ ഇൻവോൾവ്ഡ് ആണോ അതെല്ലാം നിർത്തണം. - ലത്തീഫ് അവൻറെ കണ്ണുകളിലേക്ക് നോക്കി. - "ആർ യൂ റെഡി ഫോർ ദാറ്റ്?? - അവൻറെ നോട്ടത്തെ നേരിടാതെ ജയകൃഷ്ണൻ പിമ്പിൽ നിനിരുന്ന അനുചരൻമാരെ നോക്കി. - ""ലത്തീഫ് അത് .." - ജയകൃഷ്ണൻ പരുങ്ങി. - 'കൃത്യമായും വ്യക്തമായും ഞങ്ങൾക്ക് ഉത്തരം കിട്ടണം. ആർ യൂ റെഡി ഫോർ
- ദാറ്റ്?"
- ജയകൃഷ്ണൻ വീണ്ടും പിമ്പിലേക്ക്, കൂട്ടുകാരുടെ മുഖങ്ങളിലേക്ക് നോക്കി. - 'എനിക്കൊന്നാലോചിക്കണം, - ശരു വിരോധവുമില്ല." - ലത്തീഫ് പറഞ്ഞു. - "തീരുമാനം എപ്പോൾ അറിയിക്കും?" - കവിതിൻ ടെൻറ്റി ഫോർ അവേഴ്സ്, ലത്തീഫ് പിന്നെ തന്നെ ആവേശത്തോടെ നോക്കിക്കൊണ്ടിരുന്ന സുഹൃത്തുക്കളെ - നോക്കി.

"എങ്കിൽ ...' - അവൻ ജയകൃഷ്ണനോട് പറഞ്ഞു. - "..എങ്കിൽ നിങ്ങൾ എടുക്കുന്ന തീരുമാനം ഞങ്ങളുടെ ആഗ്രഹത്തിനും - പദ്ധതികൾക്കും അനുസൃതമാണെങ്കിൽ ഫാണ്ട്ഷിപ്പിൻറെയും കോപ്പറേഷൻറെയും
വാതിൽ ഞങ്ങൾ തുറന്നിടും," - പിന്നീട് പ്രസക്തമായ സംസാരമോ ചർച്ചകളോ ഉണ്ടായില്ല. - അൽപ്പസമയം കൂടി ക്ഷേത്രപരിസരത്ത് സമയം ചെലവഴിച്ചശേഷം - ജയകൃഷ്ണനും സംഘവും യാത്ര പറഞ്ഞു പോയി. - ലത്തീഫ് ദാദാ ...ഈ രാഹുൽ ഒരു കടംകഥയാണല്ലോ," - ആബിദ് കമ്പികുട്ടൻ.നെറ്റ്
- കമ്പികുട്ടൻ.നെറ്റ് തല ചൊറിഞ്ഞുകൊണ്ടു പറഞ്ഞു. - "ഇപ്പോൾ ആരെക്കുറിച്ചും ഒന്നിനെക്കുറിച്ചും നമ്മൾ ഒരു തീർപ്പിലും - എത്തുന്നില്ല," - ലത്തീഫ് പറഞ്ഞു. - വിവരങ്ങൾ ശേഖരിക്കൽ. അത്രമാത്രം," - കൂട്ടുകാർ തലകുലുക്കി. - പിന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാൻ വിട്ടുപോയി," കൂട്ടുകാർ - ആകാംക്ഷയോടെ അവനെ നോക്കി. - ദിവ്യ ഡെൽഹിയിൽ നിന്ന് പുറപ്പെട്ടിട്ടുണ്ട്," - കൂട്ടുകാർ സന്തോഷം നിറഞ്ഞ ആരവത്തോടെ ആ വാർത്ത സ്വീകരിച്ചു. അവരുടെ മുഖങ്ങളിൽ അവിശ്വസനീയമായ ഒരാഹ്ലാദം നിറയുന്നത് - ലത്തീഫ് കണ്ടു. ഭ'സെക്യൂരിറ്റി ഇഷ്യൂസ് ഉള്ളതുകൊണ്ട് ഞാൻ പറഞ്ഞിട്ടാണ് അവൾ നിങ്ങളെ -- എല്ലാവരെയും വിളിക്കാതിരുന്നത്. നമ്മുടെ വാട്സപ്പ് ഗ്രൂപ്പിൽ ഈ ന്യൂസ് - ഞാൻ ഷെയർ ചെയ്യാതിരുന്നതും," - 'ഒരു മാസം പോലുമായില്ല. | പ്രിയങ്ക പറഞ്ഞു.
""എന്താ ഇത്ര പെട്ടെന്ന്?" - "അതേക്കുറിച്ചൊന്നും ദിവ്യ പറഞ്ഞില്ല." - "ഇങ്ങോട്ട് വരാൻ വേണ്ടി കാരണമുണ്ടാക്കാൻ അവളെന്തെങ്കിലും കുഴപ്പം ഒപ്പിച്ചു
കാണും. പ്രിൻസിപ്പാൾ ടീ സി കൊടുത്ത് പറഞ്ഞു വിടുന്നതായിരിക്കാം,"" - വിൻസെൻറ്റ് ചിരിച്ചു.
ഭ'ജ്യോത്സൻറെ പുതിയ കണ്ടുപിടുത്തമനുസരിച്ച് ശ്രതുദോഷം ഇപ്പോൾ - വടക്കാണത്രേ. ആൻറി വർമ്മയങ്കിളിൽ സ്വാധീനം ചെലുത്തി നിർബന്ധിച്ച് കൊണ്ടു - വരുന്നതാണ്," - ലത്തീഫ് വിശദീകരിച്ചു.
- ജയകൃഷ്ണൻറെ ഏറ്റവും വിശ്വസ്ഥരായ നാല് അനുചരൻമാരാണ് സിദ്ധാർത്ഥൻ, - രാമകൃഷ്ണൻ, ഷാജഹാൻ, ക്രിസ്റ്റഫർ ഇതുവരെയുള്ള അപകടകരവും കരിമണൽ സ്വഭാവവുമുള്ള എല്ലാ പ്രവർത്തനങ്ങളും അവൻറെ നിഴലായി കൂടി നിന്നവരാണിവർ. - പുഴയുടെ തീരത്ത് തീർത്തും വിജനമായ ഒരിടത്ത് ആളൊഴിഞ്ഞ ഒരു വീട്ടിലാണ് അവർ സമ്മേളിക്കുന്നത്. രാജശേഖരവർമ്മയുടെ മുൻ ജനറൽ മാനേജരായിരുന്ന രോഹിത് താമസിച്ചിരുന്നത് അവിടെയായിരുന്നു. അയാളുടെ മരണത്തിനു ശേഷം ആരും അവിടെ പോകാറില്ല. - വല്ലപ്പോഴും പകൽ നേരങ്ങളിൽ ദിവ്യയൊ ഷാർജിലിയോ അതിൻറെ - പരിസരങ്ങളിൽ അൽപ്പനേരം ചുറ്റിക്കറങ്ങും.
അയാളെക്കുറിച്ചുള്ള സ്നേഹസ്മരണകളിൽ നിറഞ്ഞ് അവർ ആ വീടിൻറെ - മുറികളിൽ കയറിയിറങ്ങും. - നദീ തീരത്തെ ഒരു ചെറിയ കുന്നിൻ മുകളിൽ, കോബാഹിൽസ്- തുടങ്ങുന്നിടത്ത് ആകാശത്ത് ഒരു ദ്വാരം തീർത്ത് ആ വീട്

നിൽക്കുന്നു. - അതിൻറെ സിറ്റൌട്ടിലാണ് രാത്രികാലങ്ങളിൽ ജയകൃഷ്ണനും അവൻറെ വിശ്വസ്ഥ
അനുചരന്മാരും മദ്യപാനവും രഹസ്യ ആലോചനകളുമായി സമയം - ചെലവിടുന്നത്.
കോബ്രാ ഗാങ്ങുമായുള്ള അഭിമുഖത്തിനു ശേഷം അന്നുരാത്രി അവർ ആ വീട്ടിൽ സമ്മേളിക്കുകയായിരുന്നു. കോബ്രാഹിൽസിന് മുകളിൽ ചന്ദ്രൻ പ്രകാശിച്ചു നിന്നു. നിലത്ത് മദ്യക്കുപ്പികൾ. മാംസവിഭവങ്ങൾ. ചുറ്റും സിഗരെറ്റ്- പുക നിറഞ്ഞുനിന്നു. അഞ്ചുപേരും ഏതാണ്ട് മദ്യലഹരിയിലായി - "ആ രാഹുൽ കമ്പികുട്ടൻ.നെറ്റ്
- കമ്പികുട്ടൻ.നെറ്റ് എന്ന തന്തയില്ലാത്തവനെ ഒതുക്കാൻ നായിൻറെ മോൻ ലത്തീഫിൻറെ സഹായം കിട്ടില്ലാന്ന് ഒറപ്പായി," - ജയകൃഷ്ണൻ പറഞ്ഞു. - പെട്ടെന്ന് അവൻറെ മൊബൈൽ ഫോൺ ശബ്ദിച്ചു. - 'യെസ്.ജയകൃഷ്ണൻ..???? അവൻ ഫോണിലൂടെ സംസാരിച്ചു.
"എന്ത് ദിവ്യ നാളെ എത്തിചേരുമെന്നോ?.....ഫൻറാസ്റ്റിക്ക്... ഷൂട്ടിംഗ്....? ... - വേണ്ടേ?....പിന്നെ? കോബ്രാ? കിംഗ്- കോബ്രാ? ....യെസ് - യെസ്...കോബ്രാഹിൽസ്-? ഉഗ്രൻ ഐഡിയാ...ഡൺ" - ഫോൺ തിരികെ നിലത്ത് വെച്ച് ജയകൃഷ്ണൻ സംതൃപ്തിയോടെ പുഞ്ചിരിച്ചു. - ""ആരാ വിളിച്ചേ?" - ഷാജഹാൻ ചോദിച്ചു. - "ആരാ ഇപ്പം വിളിച്ചേ?" - ക്രിസ്റ്റഫറും തിരക്കി. - ജയകൃഷ്ണൻ ഒരു പ്രത്യേകഭാവത്തിൽ അവരെ നോക്കി.
"എനിക്കും നെനക്കുമൊക്കെ ചെലവിന് തരുന്ന മാഫിയ മിശിഹ!""" - ജയകൃഷ്ണൻ ചിരിച്ചു. - " അയാൾക്ക് പേരുണ്ട്, അഡ്രസ്സ് ഉണ്ട്, നമ്പരുണ്ട്, മെയിൽ ഐ ഡിയുണ്ട്. പക്ഷെ - അതൊന്നും എനിക്ക് നിങ്ങടെ മുമ്പി വെളമ്പാൻ പറ്റത്തില്ല," - "ദിവ്യയെക്കുറിച്ച് ആണല്ലോ പറഞ്ഞത്. " - രാമകൃഷ്ണൻ ചോദിച്ചു. - 'അതെ ദിവ്യയെക്കുറിച്ച് തന്നെ. - ജയകൃഷ്ണൻ സിഗരെറ്റ്- പുകയൂതിപ്പറത്തി.
ഭ'ദിവ്യാ വർമ്മയെക്കുറിച്ച്... ആ സർപ്പസുന്ദരിയെക്കുറിച്ച്... ഏത് ഗന്ധർവ്വനും - എത്ര ആയിരത്താണ്ടുകൾ തപസ്സിരുന്നും നേടാനാഗ്രഹിക്കുന്ന ആ - മാദകത്തിടമ്പിനെകുറിച്ച്. യെസ് ... ഉർവ്വശിയും രംഭയും ഹെലനും വീനസും - ക്ലിയോപാടയും എന്തിന് നമ്മുടെ ക്രതീന കൈഫുപോലും സുല്ലിട്ട്- നാണിച്ച്
തലതാഴ്ത്തുന്ന ആ ബ്യൂട്ടി ഓഫ് സൂപ്പർലേറ്റീവ്സ്. അവളെക്കുറിച്ച് തന്നെയാ -- മക്കളെ ഞങ്ങളിപ്പോ സംസാരിച്ചേ...?
അരക്കെട്ടിൽ വീർത്തുവരുന്ന മുഴയെ അമർത്തി ഞെരിച്ചുകൊണ്ട് ജയകൃഷ്ണൻ - പറഞ്ഞു. - "'മെര്. അവളെപ്പറ്റി ഓർത്തതും കമ്പിയായി..." - അവൻ പറഞ്ഞു. - "ഷൂട്ടിങ്ങോ കോബ്രാഹിൽസെന്നോ ഒക്കെ കേട്ടല്ലോ... എന്താ ഫിലിം - ഷൂട്ടിങ്ങാണോ???? - ക്രിസ്റ്റഫർ ചോദിച്ചു. - "അതെ ...അതെ ..???? - ജയകൃഷ്ണൻ തൻറെ ഗ്ലാസ് കാലിയാക്കി. - "ഒരു ഹിച്ച്കോക്ക് ഫിലിം! ഫുൾ ഓഫ് ഹൊററർ! ഫുൾ ഓഫ് കോൺസ്പിരസി - ബ്ലഡ് ഷെഡ്... ആൻഡ് ..'''' -- അവൻ കൂട്ടുകാരുടെ കണ്ണുകളിലേക്ക് നോക്കി.

"....ആൻഡ്- മർഡർ...! - രസകരമായ ഒരു ദൃശ്യം മുമ്പിൽ കണ്ടത് പോലെ ജയകൃഷ്ണൻ ഉച്ചത്തിൽ
ചിരിച്ചു. - ""ഫിലിമിൻറെ മൊത്തം നിർമ്മാണചെലവ് അൻപത് ലക്ഷം രൂപ - സംവിധായകാനായ എനിക്ക് ഇരുപത്താറു ലക്ഷം രൂപ. കൂടെ നിക്കുന്ന നിങ്ങക്ക് ആറു ലക്ഷം വീതവും."" കൂട്ടുകാർ പരസ്പരം മാറിമാറി നോക്കി. ഭ'ജയകൃഷ്ണനെന്താ ഇപ്പറയുന്നെ?" - ഗ്ലാസ്സുകളിൽ വീണ്ടും മദ്യം പകരുന്നതിനിടയിൽ സിദ്ധാർത്ഥൻ ചോദിച്ചു.
""പറയാടാ പട്ടരെ," - പുകച്ചുരുളുകൾ ഊതിപ്പറത്തി ജയകൃഷ്ണൻ വീണ്ടും ചിരിച്ചു. - 'ദിവ്യ ഗ്രൂപ്പ് ഇൻഡസ്ട്രീസിൻറെ കമ്പികുട്ടൻ.നെറ്റ്
- കമ്പികുട്ടൻ.നെറ്റ് ചെയർമാൻ മഹാരാജാവ് രാജശേഖര വർമ്മയുടെ ഏകസന്താനം - ദിവ്യയില്ലേ? ദിവ്യാ രാജകുമാരി? അവടെ മൊലേം കുണ്ടീം ചുണ്ടും എന്തിന് ആ
സൊയമ്പൻ വിരല് പോലും ഓർത്തല്ലേ നീയും ഞാനുമൊക്കെ ദിവസോം വാണവടിക്കുന്നെ? ആ മാദകസുന്ദരി.നിന്റെം എന്റേം ഒറക്കം കെടുത്തുന്ന ആ - കാമദേവത? ... അവളെ നമ്മൾ കൊല്ലുന്നു." - 45 നോ 39
- സിദ്ധാർത്ഥൻ പെട്ടെന്ന് ചാടിയെഴുന്നേറ്റു.
""എന്താടാ?" - സിദ്ധാർത്ഥൻറെ പെട്ടെന്നുള്ള ഭാവമാറ്റം കണ്ട്- ജയകൃഷ്ണൻ അമ്പരന്നു. - "ജയകൃഷ്ണാ ...! നീ ..! നീ സീരിയസ്സായാണോ ഇപ്പറയുന്നെ?" - "'അല്ലടാ..." - ജയകൃഷ്ണൻ പരിഹാസത്തോടെ മുഖവും ശബ്ദവും മാറ്റി. - "ഞാൻ ഫലിതബിന്ദുക്കളിലെ ... അല്ല ടിൻറ്റുമോൻ ജോക്കിലെ ഒരു ഐറ്റം - വായിച്ചതാടാ. അല്ലെങ്കി കോമിക് ബുക്കിലെ ഒരു ചിത്ര കഥ വായിച്ചതാടാ. - കേട്ടിട്ടില്ലേ. ഡിങ്കൻ? ദാറ്റ് ചഡ്ഡി ക്ലാഡ് ഡിങ്കൻ? പാന്റ് റ്സിന് മേലേ - ഷഡ്ഢിയുമിട്ട്?...ശക്തരിൽ ശക്തൻ എതിരാളിക്കൊരു പോരാളി... അതുപോലെ
അവൻറെ ഭാവമാറ്റവും ശബ്ദവും കൂട്ടുകാരെ അദ്ഭുതപ്പെടുത്തി. - "'ഇരിക്കെടാ പട്ടീ അവിടെ!"
ജയകൃഷ്ണൻ സിദ്ധാർത്ഥനെ നോക്കി അലറി. - മറ്റുള്ളവർ ഞെട്ടിപ്പോയി.
എന്നിട്ട് ശ്രദ്ധിച്ചു കേൾക്ക്." - സിദ്ധാർത്ഥൻ ഇരുന്നു.
“എടാ സിദ്ധ, - മദ്യം ഒരിറക്ക് കുടിച്ചിട്ട് ജയകൃഷ്ണൻ തുടർന്നു. - "'ലാവിഷായിട്ട് ജീവിക്കണേൽ കൈയ്യിൽ തുട്ട് വേണം. തട്ടുകടയിലെ ജങ്കടിച്ചു മാത്രം കഴിഞ്ഞാൽ മതിയെങ്കിൽ, ഓക്കേ നിന്റെം എന്റേം കാർന്നോമ്മാര് പാകി - നേർന്ന് തരുന്ന പോക്കറ്റ് മണി ധാരാളം. പക്ഷെ സ്റ്റാർ ഹോട്ടലുകൾ.പാരീസ് ... - സ്വിറ്റ്സർലൻഡ് .ആംസ്റ്റർഡാം .... വിരുന്നൊരുക്കി കിടക്ക വിരിച്ച് കൈയിൽ മധുചഷകവുമായി കാത്തിരിക്കുന്ന വിശ്വസുന്ദരികൾ ... നിൻറെയും എൻറെയും ഞരമ്പുകളിൽ തീ നിറച്ചുകൊണ്ട് പടർന്ന് കയറുന്ന വെണ്ണതോൽക്കുന്ന - നഗ്നമേനികൾ ...പടച്ചതമ്പുരാൻ സുന്ദരമായി സൃഷ്ടിച്ചിട്ടുള്ള ഈ - ഐറ്റംസൊക്കെ സുഖിച്ചനുഭവിക്കണമെങ്കിൽ പണം വേണം പട്ടരെ ... ആകാശത്തിലെ നക്ഷത്രങ്ങളുടെ എണ്ണത്തേക്കാളും ... കടൽത്തീരത്തെ - മണൽത്തരികളുടെ

അളവിനെക്കാളും പണം...എങ്ങനെയുണ്ടാവും അത്രയും പണം? നീയോ ഞാനോ കലക്ടറല്ല ... ഡോക്ടറല്ല... ദിവ്യാ ഗ്രൂപ്പ് ഓഫ് ഇൻഡസ്ട്രീസിലേ എക്സിക്യൂട്ടീവല്ല...ഈ തിരുമോന്തയും വെച്ച് നിനക്കും - എനിക്കുമൊന്നും ഹിന്ദിയിലോ ഹോളിവുഡിലോ സ്റ്റാറാകാനും കഴിയില്ല. ദെൻ - ഹൌ? പിന്നെങ്ങനെ പണമുണ്ടാക്കും? പണം വരാൻ ഒറ്റവഴിയെ ഞാൻ കാണുന്നുള്ളൂ.. ആ വഴിയാണത്. നോക്ക്..." ജയകൃഷ്ണൻ ജാക്കറ്റിൻറെയുള്ളിൽ നിന്നും ഒരു റിവോൾവർ എടുത്ത് സിദ്ധാർത്ഥൻറെ നേരെ ചൂണ്ടി. കൂട്ടുകാർ അവൻറെ ഭാവം കണ്ട് അമ്പരന്നു. - അവൻറെ വിരലുകൾ ടിഗറിൽ മുറുകുന്നത് അവർ കണ്ടു. - "'ങ്ഹാ, അത് തന്നെ!" - റിവോൾവറിലേക്ക് സൂക്ഷിച്ചുനോക്കുന്ന കമ്പികുട്ടൻ.നെറ്റ് - കമ്പികുട്ടൻ.നെറ്റ് സിദ്ധാർത്ഥനോട് ജയകൃഷ്ണൻ പറഞ്ഞു. - "'ബോഫോഴ്സ് കമ്പനി. സ്വീഡീഷ്-... സ്മഗിൾഡ്. പണ്ട് ഇവൻറെയൊരു വലേട്ടൻ ...പീരങ്കി നമ്മുടെ ഇന്ത്യയിലെത്തി... അന്നുണ്ടായ വെടിയും പുകയുമൊന്നും ഇതുവരെ തീർന്നിട്ടില്ല." -- രാമകൃഷ്ണൻ വീണ്ടും ഗ്ലാസ്സുകളിലെക്ക് മദ്യം പകർന്നു. - "'ഇതിലെ ഒരു ബുള്ളറ്റ്... എയർപ്രഷറിനെ തള്ളി നീക്കി റിവോൾവ് ചെയ്ത് - കുതിക്കുന്ന അതിൻറെ സ്ലോമോഷൻ ദൃശ്യം..നിൻറെയും എൻറെയും - സിരകളിലെ ചോരക്ക് തീപിടിപ്പിക്കുന്ന ദിവ്യയുടെ മുഴുത്ത മൊലയിലേക്ക് - തുളഞ്ഞുകയറാൻ ദാഹിച്ചു നീങ്ങുന്ന അതിൻറെ മൂവ്മെൻറ് ... സങ്കൽപ്പിച്ചു - നോക്കെടാ സിദ്ധ..." - "' എന്ന് വെച്ചാൽ നമ്മൾ ദിവ്യയെ റിയലായും കൊല്ലുന്നു?" - ക്രിസ്റ്റഫർ ചോദിച്ചു. - ഭകറക്റ്റ്!??? ജയകൃഷ്ണൻ അവനെ അഭിനന്ദിക്കുന്ന സ്വരത്തിൽ പറഞ്ഞു. - "'വയറ് നെറച്ചും കള്ളാണെങ്കിലും നെനക്ക് വെളിവൊണ്ട്!" - "എപ്പം?"
ഷാജഹാൻ ചോദിച്ചു. - "വിഥിൻ വൺ വീക്ക്,"" - "എന്നിട്ട്????
"എന്നിട്ടവളെ കോബാഹിൽസി കൊണ്ടുപോയി കെടത്തും. കോബ്രാ കടിച്ചതാണ് - ആളുകൾ വിശ്വസിക്കും. പണം നല്ലം കീശേലാക്കും!" - അൽപ്പ നിമിഷത്തെ നിശബ്ദത അവർക്കിടയിൽ നിറഞ്ഞു. - "ആർക്ക് വേണ്ടിയാ നമ്മളിത് ചെയ്യുന്നേ?? - സിദ്ധാർത്ഥൻ ചോദിച്ചു. - ജയകൃഷ്ണൻ ഉച്ചത്തിൽ ചിരിച്ചു.
" പട്ടരേ..." - ചിരിക്കിടയിൽ അവ പറഞ്ഞു. - "നീ എൻറെ അണ്ടിക്കിട്ടു പൂണൂല് കെട്ടാൻ വരല്ല്!" - ജയകൃഷ്ണൻ പിന്നെ എല്ലാവരെയും നോക്കി. - "ഞാൻ പറഞ്ഞില്ലേ ദിവ്യയെ കൊല്ലാൻ നമുക്ക് പണം തരുന്ന ആളുടെ പേരോ നാളോ നക്ഷത്രമോ ഒന്നും തെർക്കേണ്ട ആവശ്യം നിങ്ങക്കില്ല. തുട്ട് എണ്ണിത്തരും. ചുമ്മാ കൂടെ നിക്കുന്നതിന്. മക്കള് അപ്പം തിന്നാ മതി. അത് അരിമാവാണോ
ഗോതമ്പ് മാവാണോ എന്ന് തെരക്കണ്ട, - സിദ്ധാർത്ഥൻ ജയകൃഷ്ണനെ അസന്തുഷ്ടിയോടെ നോക്കി. - ""പക്ഷെ ഒരു കിംഗ്- കൊബയ്ക്ക് ബുള്ളറ്റിൻറെ രൂപത്തിൽ വിഷമുണ്ടെന്ന് - പബ്ലിക്കോ പോസ്റ്റ്മോർട്ടം ചെയ്യുന്ന പോലീസോ വിശ്വസിക്കില്ല," - സിദ്ധാർത്ഥൻ പറഞ്ഞു. - "തോക്കുകൊണ്ട് ഞാൻ അവളെ കൊല്ലില്ല, - മദ്യം സിപ് ചെയ്ത് ജയകൃഷ്ണൻ പറഞ്ഞു. - "അവളെ നോക്കി ആസ്വദിച്ച് ... അവളുടെ സ്വരം കേട്ടാസ്വദിച്ച് ... അവളുടെ - സ്വർണ്ണം തുളുമ്പുന്ന മേനിയഴക് തൊട്ടാസ്വദിച്ച് ... അങ്ങനെ... അസ്വാദനത്തിൻറെ അവസാനം തീരെ

പ്രതീക്ഷിക്കാത്ത ഒരു മോമെൻറ്... അപ്പോൾ ഞാൻ അവളുടെ - പ്രാണനെടുക്കും... ബസീഗറിൽ ഷാരൂഖ് ഖാൻ ശിൽപ്പാ ഷെട്ടിയെ കൊല്ലുന്നത് - പോലെ... എ മർഡർ ഇൻ കോൾഡ് ബ്ലഡ്!" - രാതിയുടെ മൃതനിശബ്ദതയെ വിറങ്ങലിപ്പിച്ചുകൊണ്ട് ജയകൃഷ്ണൻ ആസ്വദിച്ചു
ചിരിച്ചു. - കോബ്രാ ഹില്സിനു മേലേ കാറ്റിരമ്പുന്നത് അവർ കേട്ടു. - മണൽത്തിട്ടിനപ്പുറത്ത് ദേവദാരുക്കളുടെ ഇലകൾ ഉലഞ്ഞു. - "പക്ഷെ ജയകൃഷ്ണാ ," - സിദ്ധാർത്ഥൻ കമ്പികുട്ടൻ.നെറ്റ്
- കമ്പികുട്ടൻ.നെറ്റ് വീണ്ടും പറഞ്ഞു. - "ഈ സിറ്റീലോ സ്റ്റേറ്റിലോ മാതവല്ല, രാജ്യം മുഴുവൻ പേര് കേട്ടതാണ് ദിവ്യേടെ ഫാമിലി. ദേ ഹാവെ റെപ്യൂട്ടേഷൻ ആൻഡ് ദ പബ്ലിക്ക് റെസ്പെക്റ്റ്- ദേ.. ദേ ഹാവ് ദ മീഡിയ അറ്റെൻഷൻ ആൾസോ. യൂ നോ, ദിവ്യ കൊല്ലപ്പെട്ടു എന്നറിഞ്ഞാൽ പം സ്പെക്റ്റ് നമ്മൾ തന്നെയാരിക്കും. ഈ രാജ്യത്തെ ഏറ്റവും സമർത്ഥരായ പോലീസ് ഓഫീസേഴ്സ് കേസന്വേഷിക്കും. നമ്മൾ തൂങ്ങും ? സംഘാംഗങ്ങൾ പരസ്പരം നോക്കി. - പിന്നെ ജയകൃഷ്ണനെയും - ""ആര് തൂങ്ങിയാലും നിങ്ങൾ തൂങ്ങില്ല. ഞാൻ ഒറപ്പ് തരാം," - ജയകൃഷ്ണൻ ദൃഡസ്വരത്തിൽ പറഞ്ഞു. - ""മറിച്ച് ലാഭം മാത്രമേയുള്ളൂ. കൈ നിറയെ പണം, നമ്മളാണ് കൊന്നതെന്ന് ഈ - ഭൂമിയിൽ ഒരു കുഞ്ഞുപോലും അറിയില്ല. അങ്ങിനെയാണ് അതിൻറെ പ്ലാൻ," - സിദ്ധാർത്ഥൻ ഒഴികെയുള്ളവർ പ്രസന്നരായി. അവൻ വീണ്ടും എഴുന്നേറ്റു. ""എന്ത് പറ്റീടാ സിദ്ധ?""" ജയകൃഷ്ണൻ ചോദിച്ചു. - ജയകൃഷ്ണാ , ഇത് വേണ്ട, 'ഇതോ? ഏത്?" "നിൻറെ ഈ പ്ലാൻ" - 'ഏത് പ്ലാൻ?" - ""ദിവ്യയെ കൊല്ലുക എന്ന പ്ലാൻ," - സംഘാംഗങ്ങൾ അമ്പരപ്പോടെ സിദ്ധാർത്ഥനെ നോക്കി. - ജയകൃഷ്ണൻ ആസൂത്രണം ചെയ്ത പരിപാടിക്കെതിരെ ആദ്യമുയരുന്ന - എതിർപ്പാണിത്. - "സ്ട്രീറ്റ് ഫൈറ്റ് .ഡഗ്സ് ...അവിടം വരെ ഓക്കേ..പക്ഷെ ഒരാളെ കൊല്ലുക - എന്നൊക്കെപ്പറയുമ്പോൾ... ജയകൃഷ്ണാ അതിനു മാത്രം ക്രൂരൻമാരൊന്നുമല്ല. - നമ്മൾ. അതുകൊണ്ട്.' - "ഫ പട്ടി - ജയകൃഷ്ണൻ അലറിക്കൊണ്ട് ചാടിയെഴുന്നേറ്റു. - 'നിർത്തെടാ നിൻറെ ഗിരിപ്രഭാഷണം! നെനക്ക് വയ്യെങ്കി എറങ്ങിപ്പോടാ - പേടിത്തൂറീ! അവൻ ജയകൃഷ്ണനെ വേദപാഠം പഠിപ്പിക്കാൻ വന്നേക്കുന്നു!" മൂവരും സിദ്ധാർത്ഥനെയും ജയകൃഷ്ണനെയും മാറി മാറി നോക്കി. ജയകൃഷ്ണന്റെ കണ്ണുകളിൽ ദേഷ്യം പറയുന്നുണ്ട്. അവൻ പല്ലിറുമ്മുന്നത് അവർ കേട്ടു. 'ഞാൻ പോവ്വാണ്,"" അവസാനം സിദ്ധാർത്ഥൻ പറഞ്ഞു. - അവൻ വെളിയിലേക്കിറങ്ങി " പക്ഷെ പോകുന്നേന് മുമ്പ് ഒരു വാക്ക് ഉപദേശമോ താക്കീതോ ഒന്നുവല്ല. ഇത്രനാളുമുണ്ടാരുന്ന ഫ്രണ്ട്ഷിപ്പിൻറെ പേരിലുണ്ടാരുന്ന ഒരു കൺസേൺ. അങ്ങനെ കണ്ടാ മതി. ഭ രാതിയുടെ ആഴമേറിയ നിശബ്ദതയിലേക്ക് സിദ്ധാർത്ഥൻറെ വാക്കുകൾ - അടർന്നുവീണു.
'ആരുടേയും പ്രാണനെടുക്കുന്നേനു മുമ്പ് മൂന്ന് വട്ടം ആലോചിക്കുക." - അവൻ തുടർന്നു. - "'. എടുത്തതിന് ശേഷം തിരിച്ചുകൊടുക്കാനാവാത്ത ഒന്നാണ് പ്രാണൻ. അല്ലെങ്കി - പിന്നീട് ...: - ""ഫ! നിർത്തെടാ? ജയകിഷൻ വീണ്ടും അലറിക്കൊണ്ട് ചാടി എഴുന്നേറ്റു. അവൻ റിവോൾവർ സിദ്ധാർത്ഥൻറെ നേരെ ചൂണ്ടി. - മറ്റു മൂന്ന്

പേരും വിരണ്ടുപോയെങ്കിലും സിദ്ധാർത്ഥൻ അക്ഷോഭ്യനായി - നിലകൊണ്ടു. - 'ഇനിയും നിന്ന് കൊരച്ചാ പൂറി മോനേ നിൻറെ തലമണ്ട ഞാൻ ചകിരി നാര് - പോലെയാക്കും! കമ്പികുട്ടൻ.നെറ്റ്
- കമ്പികുട്ടൻ.നെറ്റ് നിൻറെ ചങ്ക് തൊരന്ന് ഞാനെഴുതും കൊലപാതകത്തിൻറെ ഹരിശ്രീ!"" - ഒരോരുത്തരെയും മാറി മാറി നോക്കിയശേഷം സിദ്ധാർത്ഥൻ രാതിയുടെ - നിലാവെളിച്ചത്തിലേക്ക് ഇറങ്ങിപ്പോയി. - "'അവനിനി നമ്മുടെ ഗാങ്ങിന് വെളിയിൽ!"" - അൽപ്പം കഴിഞ്ഞ് ജയകൃഷ്ണൻ പ്രഖ്യാപിച്ചു. - "'പൊറത്ത് പോയത് നന്നായീന്ന് കരുതിയാ മതി. അവൻറെ പൈസാ നിങ്ങൾ - മൂന്നും വീതം വെച്ചോ " - 'ജയകൃഷ്ണാ .. പോലീസ് കേസ് . - ക്രിസ്റ്റഫർ തൻറെ ഉത്ക്കണ്ട് പ്രകടിപ്പിച്ചു. - "അങ്ങനെ എന്തെങ്കിലും ഒണ്ടായാ എന്നാ ചെയ്യും?നെനക്കൊന്നും തോന്നല് - ഞാൻ ആദ്യാട്ടാ ഒരാളെ കൊല്ലുന്ന കാര്യത്തിന് സഹകരിക്കുന്നെ" - "ആദ്യവായിട്ട്!" ജയകൃഷ്ണൻ പുച്ഛത്തിൽ ചരിച്ചു. ഭ' എന്ന് വെച്ചാ കൊലത്തൊഴിലായിട്ടു ഞാനിത് സ്ഥിരം ചെയ്യുന്നതല്ലേ? എടാ - നസാണീ, ഒരു പോലീസ് കേയ്സും ഒണ്ടാകത്തില്ല. കോബാഹിൽസി കെടക്കുന്ന - ഏത് ശവവും രാജവെമ്പാല കൊത്തിയതാന്നെ ആരും വിശ്വസിക്കൂ. മാതവല്ല -- ഡോക്ടറുടെ റിപ്പോർട്ടിലും അത് തന്നെയേ കാണൂ, - "പക്ഷേ ഡോക്റ്റർ നമുക്ക് വേണ്ടി അങ്ങനെ എഴുതീല്ലെങ്കിലോ?"" ഷാജഹാൻ ചോദിച്ചു. "എടാ നമ്മൾ ഡോക്ടറെ കൊണ്ട് അങ്ങനെ എഴുതിക്കുന്നതല്ല. ദിവ്യ - രാജകുമാരിയെ കൊല്ലുന്നത് കത്തികൊണ്ടോ തോക്കുകൊണ്ടോ ഒന്നുവല്ല. നല്ല - അസ്സൽ രാജവെമ്പാലയുടെ കൊത്തേറ്റു തന്നെയാ,"
"ഞങ്ങൾക്കൊന്നും മനസ്സിലാകുന്നില്ല ജയകൃഷ്ണാ , -- രാമകൃഷ്ണൻ തൻറെ ഉത്ക്കണ്ട് മറച്ചുവെച്ചില്ല. - "നീ വളച്ചുകെട്ടാതെ കാര്യം പറ, - "ശരി,""
ജയകൃഷ്ണൻ ചിരിച്ചു. - നിലാവിനും നേർത്ത ഇരുളിനുമിടയിൽ കോബാഹിൽസ്- കാറ്റിലിളകുന്നു. - നിലാവിൻറെ കാന്തികതയിൽ പൂത്തുലഞ്ഞ് പുഴ - "ദിവ്യാ രാജകുമാരിയെ നമ്മൾ പൊക്കും,' - പുറത്തുനിന്നും നോട്ടം മാറ്റി കൂട്ടുകാരെ ശ്രദ്ധിച്ച് ജയകൃഷ്ണൻ വിശദീകരിച്ചു. - "ലത്തീഫ് അടക്കമുള്ള അവളുടെ കൂട്ടുകാരുടെ ലക്ഷ്മണ രേഖ നമ്മൾ - തകർക്കും. അതും കൂടി മനസ്സിൽ കണ്ടാണ്- ആ മൈരൻ ലത്തീഫിനെ നമ്മൾ - കണ്ടത് തന്നെ - "'ങ്ഹാ, എന്നിട്ട്? ദിവ്യയെ പോക്കിയിട്ടോ?"" - രാമകൃഷ്ണൻ ഇടക്ക് കയറി. - ""എന്നിട്ട് ദേഹത്ത് പാട് വീഴാത്ത രീതിയിൽ അവളെ വല്ല തൂണിലോ കസേരേലോ - ചേർത്ത് കെട്ടും. പിന്നെ ഏതോ ഒരു പാമ്പാട്ടീടെ കൂടേൽ സുഖിച്ച് കഴിയുന്ന ഒരു രാജവേമ്പാലെനെ നമ്മള് പൊറത്തെറിക്കും. അവൻ രാജകുമാരീനെ കൊത്തും. നല്ല റിത്മിക്കായി. ചിമ് .ചിമ് ..ചിമ്ബ് എന്ന് ... മിനിറ്റുകൾക്കുള്ളിൽ രാജകുമാരി - ഹെർ ഹൈനെസ് ദിവ്യാ വർമ്മ ക്ലോസ്! പിന്നെ നമ്മൾ നാലുപേരും ദിവ്യേനേം - കൊണ്ട് മലമുകളി എത്തും. അപ് ഓൺ ദ കോബാഹിൽസ്-! അവിടെക്കിടത്തും. - ദാറ്റ്സ് ആൾ!"?? - 'ഈ പാമ്പാട്ടീനേം പാമ്പിനേം അറേഞ്ച് ചെയ്ത് നിർത്തീട്ടൊണ്ടാ?" - രാമകൃഷ്ണൻ ചോദിച്ചു.

എവെരിതിംഗ് ഈസ് അറേഞ്ച്ഡ്, 197 - ജയകൃഷ്ണൻ പറഞ്ഞു. - "ഇനി കമ്പികുട്ടൻ.നെറ്റ്
കമ്പികുട്ടൻ.നെറ്റ് അവളൊന്ന് വന്നുകിട്ടിയാ മതി. ഇനിപ്പറ, ഏത് രീതിയിലാ നമ്മളെ - പോലീസ് പിടിക്കുന്നെ? നമ്മടെ ഫിൻഗർ പ്രിന്റ് റോ മറ്റോ ഒന്നും അവൾടെ - ദേഹത്ത് ഒണ്ടാവില്ല. മറ്റുയാതൊന്നും ഒണ്ടാവില്ല, - "ദെൻ ഇറ്റ് ഈസ് ഓക്കേ,""" - ക്രിസ്റ്റഫർ പറഞ്ഞു. - കൂട്ടുകാരുടെ മുഖം പ്രസന്നമായി,
പക്ഷെ," - രാമകൃഷ്ണൻറെ മുഖത്ത് വീണ്ടും സംശയം പരന്നു. - ""ഈ ദിവ്യേനെ എങ്ങനെ പൊക്കും? അവൾ ഫുൾ ടൈം ലതീഫിന്റേം അവമ്മാരുടേം കൂടെയല്ലേ?" - "'അവമ്മാരുടെ സംഘത്തി കേറിക്കൂടി. ഇക്കാര്യം സാധിക്കാനാ ആ ഡ്രാമ
മൊത്തം കളിച്ചേ. പിന്നെ ആ പന്നി രാഹുലിനെ ഒതുക്കാനും.പക്ഷെ...ങ്ഹാ എ - ന്തലും വഴിയൊണ്ടാക്കാം,"?? ഭ' പക്ഷെ ജയകൃഷ്ണാ . പുതിയ ഒരു ഭീതി കീഴടക്കിയപോലെ ഷാജഹാൻ വിളിച്ചു. - മൂവരും ആകാംക്ഷയോടെ അവനെ നോക്കി. - "സിഡു.. അവൻ നമ്മളെ ചതിക്കും' - ഷാജഹാൻറെ ഭയം മറ്റുള്ളവരിലേക്കും പകർന്നത് ജയകൃഷ്ണൻ ശ്രദ്ധിച്ചു. - "" അതിനുള്ള ധൈര്യം അവന് ഉണ്ടാവില്ല, ജയകൃഷ്ണൻ ദൃഢസ്വരത്തിൽ പറഞ്ഞു "തീർച്ചപ്പെടുത്താറായില്ല," - ഷാജഹാനെ അപ്പോഴും ഭയം വിട്ടുമാറിയില്ല.
' അവൻ പോലീസിനോട് പറയും! ദിവ്യ കൊല്ലപ്പെട്ടുകഴിയുമ്പോൾ ജയകൃഷ്ണാ , അവനറിയാം നമ്മളാണ് അത് ചെയ്തതെന്ന്. ജയകൃഷ്ണാ നീ കരുതുന്ന - പോലെയല്ല. അവൻ നമുക്കൊരു പ്രശ്നമാകും!" - "ഒരു പ്രശ്നവുമില്ല" - നിശ്ചയദാർഢ്യത്തോടെ ജയകൃഷ്ണൻ പറഞ്ഞു.
അവൻ എഴുന്നേറ്റു. - നിലത്ത് നിന്ന് തോക്ക് എടുത്തു. - "കമോൺട - അവൻ മൂവരെയും നോക്കി പറഞ്ഞു. - "നമുക്കാ പ്രശ്നം എന്നോടെ തീർക്കാം. ഒരുമിച്ച്, നിഴൽ പോലെ കൂടെ - നടന്നവനെത്തന്നെ ആദ്യം കൊല്ലണമെന്നായിരിക്കാം മുകളിരിക്കുന്നവൻറെ - തീരുമാനം,""'
അവരും നിശ്ചയിച്ചുറച്ചതുപോലെ എഴുന്നേറ്റു. - "'ഇപ്പം തട്ടിയാ ആ മൈരൻ ലത്തീഫിൻറെ പിടലിയിൽ ഇരുന്നോളും സിദ്ധൻറെ - സ്റ്റോറി. അവനെ പട്ടിനെ പോലെ നടുറോട്ടിലിട്ട് അവമ്മാർ തല്ലീത് കണ്ടോരുണ്ട്," - ജയകൃഷ്ണന് പിന്നാലെ മൂവരും പുറത്തേ ഇരുട്ടിലൂടെ നടന്നു.
കതകിൽ ആരോ തുടർച്ചയായി മുട്ടുന്ന ശബ്ദം കേട്ടാണ് റോസ്‌ലിൻ ഉറക്കമുണർന്നത്.
ആദ്യം അതൊരു തോന്നലാണെന്ന് അവൾ അനുമാനിച്ചു.
എന്നാൽ വീണ്ടും ശക്തിയായി മുട്ടുന്ന ശബ്ദം തുടർന്നപ്പോൾ അവൾ കൈയെത്തിച്ചു ബെഡ് ലാമ്പ് ഓൺ ചെയ്തു.
പിന്നെ ഭിത്തിയിലെ ക്ലോക്കിലേക്ക് നോക്കി.
രണ്ടു മണി!
അവളുടെ നെറ്റിയിൽ ചുളിവുകൾ വീണു.
അവൾ സംശയത്തോടെ പതിയെ എഴുന്നേറ്റു.

പിന്നെ സ്വിച്ചിട്ടു.
ആരായിരിക്കാം ഈ സമയത്ത്?
അവൾ ജാലകതിനടുത്തേക്ക് പോയി.
ശബ്ദം കേൾപ്പിക്കാതെ അതിന്റെ ഒരു പാളി തുറന്നു.
പിന്നെ അതിലൂടെ കതകിന്റെ ഭാഗത്തേക്ക് നോക്കി.
"ഈശോയേ!"
അവൾ സംഭ്രമത്തോടെ മന്ത്രിച്ചു.
മുറ്റത്തെ നിലാവിൽ , ചോരയും അഴുക്കും നിറഞ്ഞ വസ്ത്രങ്ങളോടെ ഒരാൾ കതകിൽ ചാരി നിൽക്കുന്നത് അവൾ കണ്ടു.
അയാൾ കിതയ്ക്കുന്ന ശബ്ദം തനിക്ക് കേൾക്കാം.
ഒരു നിമിഷം തന്റെ ഹൃദയത്തിൽ ഒരു മിന്നൽപ്പിണർ കടന്നുപോകുന്നത് അവൾ അറിഞ്ഞു.
തന്റെ കൂട്ടുകാരിൽ ആർക്കോ പരിക്ക് പറ്റിയിരിക്കുന്നു!
അവൾ തിടുക്കത്തിൽ കതകിനടുത്തേക്ക് നീങ്ങി.
ധൃതിയിൽ അവൾ കതക് തുറന്നു.
തുറന്നു വന്ന കതക് പാളികൾക്കപ്പുറത്തു നിൽക്കുന്നയാളെക്കണ്ട് ഒരു നിമിഷം അവൾ ഭയന്നു.
സിദ്ധാർത്ഥൻ!
ചോരയിൽ നനഞ്ഞുകുതിർന്ന ഷർട്ടും പാന്റസും.
മുഖത്തും ദേഹം നിറയെയും മുറിവുകൾ.
അവൻ ശ്വാസം കഴിക്കാൻ വിഷമിക്കുന്നുണ്ടെന്നു അവൾക്ക് തോന്നി.
റോസ്‌ലിൻ നിഴൽ വീണുകിടക്കുന്ന പരിസരങ്ങളിലേക്ക് നോക്കി.
"സിദ്ധൂ! എന്തായിത്?"
അവൾ അവന്റെ കൈയ്യിൽ പിടിച്ചു.
"ദിവ്യ ...ദിവ്യയെ...ജയകൃഷ്ണൻ..."
റോസ്‌ലിന്റെ കണ്ണുകൾ ഭയത്താൽ വിടർന്നു.
അവൻ വീഴാൻ തുടങ്ങുന്നപോലെ അവൾക്ക് തോന്നി.
അവൾ അവനെ താങ്ങിപ്പിടിച്ചു.
പിന്നെ അവൾ അവനെ അകത്തേക്ക് നടത്തിച്ചു.
വീണുപോകാൻ അവൻ പലതവണ തുടങ്ങിയെങ്കിലും റോസ്‌ലിൻ അവനെ ചേർത്തുപിടിച്ച് കിടക്കയുടെ അരികിലേക്ക് നടത്തി.
"റോസ്...വേഗം...വേഗം..ലത്തീഫിനെ വിളിക്ക്..."
നടക്കുന്നതിനിടയിൽ അവൻ ആയാസപ്പെട്ട് പറഞ്ഞു.
അവൾ അവനെ തന്റെ കിടക്കയിൽ കിടത്തി.
"എന്റെ...!"
അവന്റെ രൂപം കണ്ടു റോസ്‌ലിന്റെ കണ്ണുകൾ നിറഞ്ഞു.
"എന്റെ സിദ്ധൂ! നിന്നെ ആരാ ഇങ്ങനെ...?"

തന്റെ കരൾ പിളരുന്നത് പോലെ അവൾക്ക് തോന്നി.
"ഹാ...അതൊക്കെ...അതൊക്കെ...ഞാൻ പിന്നെ ...പറയാം ...നീ ...നീയാദ്യം ലത്തീഫിനെ ...വിളിക്ക്. അല്ലേൽ ...റോസ് അല്ലേൽ ജയകൃഷ്ണൻ...അവൻ ദിവ്യേനെ...ദിവ്യേനെ..."
അത് പറഞ്ഞ് തീരുന്നതിന് മുമ്പ് സിദ്ധാർത്ഥൻ കിടക്കയിലേക്ക് മറിഞ്ഞു.
"ജീസസ്!!"
റോസ്‌ലിന്റെ ഹൃദയം പിടച്ചു.
അവൾ ആ നിമിഷം തന്നെ തന്റെ കാതുകൾ അവന്റെ നെഞ്ചിലേക്ക് ചേർത്തു.
ഹൃദയം മിടിക്കുന്നുണ്ട്!
അവൾ മൊബൈലിന് മേശമേൽ പരതി.
നാശം! അത് മെട്രോപോളിറ്റൻ ക്ലബ്ബിൽ മറന്നുവെച്ചിരിക്കുകയാണ്.
അവൾ സിദ്ധാർത്ഥന്റെ പോക്കറ്റുകളിലും പരതി.
അവിടവും ശൂന്യം.
പിന്നെ അവൾ മറ്റൊന്നും ആലോചിക്കാതെ പുറത്തുകടന്നു.
കതക് പുറത്തുനിന്നും അടച്ചു.
പിന്നെ നിശാവസ്ത്രത്തിൽ തന്നെ അവൾ ഗാരെയ്ജിലേക്ക് നീങ്ങി.
അവിടെ നിന്ന് സൈക്കിളെടുത്ത് ഗെയിറ്റിന് പുറത്തു കടന്നു.
അവിടെ നിന്ന് പത്തുമിനിറ്റ് നടന്നെത്താവുന്ന ദൂരത്തിലാണ് ലത്തീഫിന്റെ വീട്.
ബോധരഹിതനായിക്കിടന്ന സിദ്ധാർത്ഥന്റെ രൂപവും അവൻ അറിയിച്ച ഭീകരമായ സന്ദേശവും അവളുടെ കാലുകളുടെ വേഗം കൂട്ടി.
വിജനമായ ഇടവഴിയിലൂടെ, നിലാവും മഞ്ഞും നിറഞ്ഞ മരങ്ങൾക്കിടയിലൂടെ അസാധാരണ വേഗത്തിൽ അവൾ സൈക്കിളോടിച്ചു.
"ഈശോയേ..അവന് ആപത്തൊന്നും വരുത്തരുതേ...!!"
അവൾ ഹൃദയം നൊന്ത് ഉരുവിട്ടു.
മിനിറ്റുകൾക്കുള്ളിൽ അവൾ ലത്തീഫിന്റെ വീട്ടുമുറ്റത്തെത്തി.
വീടിന്റെ തെക്ക്ഭാഗത്തേക്ക് അവൾ സൈക്കിളോടിച്ചു.
അവിടെയാണ് ലത്തീഫിന്റെ മുറി.
ബെല്ലടിച്ചു മറ്റാളുകളെ അറിയിക്കേണ്ടന്ന് അവൾ തീരുമാനിച്ചു.
റോസ്‌ലിൻ തിടുക്കത്തിൽ കതകിൽ മുട്ടി.
നിമിഷങ്ങൾക്കുള്ളിൽ മുറിയിൽ പ്രകാശം പരക്കുന്നത് അവൾ ജനാലയിലൂടെ കണ്ടു.
പിന്നെ, തുറന്നുവരുന്ന കതകിൻ പാളികൾക്ക് പിമ്പിൽ, ഉറക്കച്ചടവോടെയുള്ള ലത്തീഫിന്റെ മുഖവും.
"റോസ്!"
അവളെക്കണ്ട് അവൻ അമ്പരന്നു.
"നീയെന്തിനാ ഈ സമയത്ത്..! ഇത്ര ..എന്ത് പ..."

ആ നിൽപ്പിൽത്തന്നെ റോസ്‌ലിൻ, സിദ്ധാർത്ഥന്റെ ശാരീരിക സ്ഥിതിയും അവൻ അറിയിച്ച കാര്യവും അവനോടു വിവരിച്ചു.
"ഗോഡ്!!"
ലത്തീഫ് അത് കേട്ടതും മുറി ചാരിയിട്ട് പുറത്തുകടന്നു.
"ദെൻ കമോൺ!!"
വിവരണം പൂർത്തിയാക്കുന്നതിനു മുമ്പ് അവളുടെ കൈക്ക് പിടിച്ചു വലിച്ചുകൊണ്ട് ലത്തീഫ് മുറ്റത്ത് നിർത്തിയിട്ടിരുന്ന ജീപ്പിനടുത്തേക്ക് നീങ്ങി.
ധൃതഗതിയിൽ അവൻ ഡ്രൈവിംഗ് സീറ്റിൽ കയറി.
"കമിക്ക്...!!"
അവൻ റോസ്‌ലിനോട് പറഞ്ഞു.
നിമിഷങ്ങൾക്കുള്ളിൽ അവർ റോസ്‌ലിന്റെ ഗെയിറ്റിന്റെ മുമ്പിൽ എത്തി.
"പെട്ടെന്ന് വാ!"
ഡ്രൈവിംഗ് സീറ്റിൽ നിന്ന് ചാടിയിറങ്ങിക്കൊണ്ട് ലത്തീഫ് പറഞ്ഞു.
ജീപ്പ് ഗെയിറ്റിനുള്ളിലേക്ക് കടത്തി വീട്ടുകാരെ ഉണർത്താൻ അവൻ ആഗ്രഹിച്ചില്ല.
ലത്തീഫ് കതക് തുറന്നു.
കിടക്കയിൽ അപ്പോഴും ബോധരഹിതനായി കിടക്കുന്ന സിദ്ധാർത്ഥനെ അവൻ കണ്ടു.
"യാ, അല്ലാഹ്...!!"
ദേഹം നിറയെ മുറിവുകളോടെ ചോരയിൽ പുതഞ്ഞ അവന്റെ രൂപം കണ്ടു ലത്തീഫ് പരിഭ്രമിച്ചു.
അവൻ സിദ്ധാർത്ഥന്റെ കൈത്തണ്ട പിടിച്ചമർത്തി.
"റോസ്‌ലിൻ, വേഗം!!"
സിദ്ധാർത്ഥന്റെ കൈകളിൽ പിടിച്ച് എടുത്തുയർത്താൻ ശ്രമിച്ചുകൊണ്ട് ലത്തീഫ് പറഞ്ഞു.
അവളും ചേർന്ന് അവനെ താങ്ങിപ്പിടിച്ചു.
പുറത്തേ ജീപ്പിനടുത്തെക്ക് അവർ തിടുക്കത്തിൽ സിദ്ധാർത്ഥനെയും കൊണ്ട് നീങ്ങി.
മുൻസീറ്റിൽ അവർ സിദ്ധാർത്ഥനെ കിടത്തി.
"ഞാനിവനെ സിറ്റി ഹോസ്പ്പിറ്റലിൽ എത്തിച്ചിട്ട് വിവരമറിയിക്കാം,"
ധൃതിയിൽ ഡ്രൈവിംഗ് സീറ്റിലിരുന്നുകൊണ്ട് ലത്തീഫ് പറഞ്ഞു.
"ഞാനും കൂടി വരാം ലത്തീഫ് ദാദാ..."
റോസ്‌ലിൻ ഇരുന്നു.
പിന്നെ സിദ്ധാർത്ഥന്റെ തലയെടുത്ത് തന്റെ മടിയിൽ വെച്ചു.
"അല്ലെങ്കി ഷേക് ചെയ്ത് ബോഡി ഒത്തിരി ടയേഡ് ആകും,'
അവൾ ലത്തീഫിനോട് പറഞ്ഞു.
"ശരി,"
ലത്തീഫ് ജീപ്പ് സ്റ്റാർട്ട് ചെയ്തു.
************************************

റെയിൽ വേ സ്റ്റേഷൻ.
മംഗളാ എക്സ്പ്രെസിന്റെ ബി വൺ കമ്പാർട്ട്മെന്റിൽ നിന്ന് പുറത്തേക്കിറങ്ങിയ ദിവ്യ അദ്ഭുതപ്പെട്ടു.
ലത്തീഫ് ദാദയും കൂട്ടുകാരും തന്നെ കാത്ത് പ്ലാറ്റ്ഫോമിൽ നിൽക്കുന്നു!
അവർ ആഹ്ലാദത്തോടെ അവരെ കൈവീശിക്കാണിച്ചു.
അവർ തിരിച്ചും.
നിറഞ്ഞ പുഞ്ചിരിയോടെ അവൾ അവരെ സമീപിച്ചു.
കൂട്ടുകാർ കണ്ണുകൾ മാറ്റാതെ അവളുടെ വിസ്മിത സൌന്ദര്യം നോക്കി നിന്നു.
'ഇതെന്ത് പറ്റി, ലത്തീഫ് ദാദാ?"
അവൾ ചോദിച്ചു.
"ഞാനെന്നാ മോദിജിയാണോ, ഇത് പോലെ സ്വീകരിക്കാൻ?"
"അതൊക്കെ പറയാം നീ വാ,"
ലത്തീഫ് ഗൌരവത്തിൽ പറഞ്ഞു.
അവർ പുറത്തേക്ക് നടന്നു.
വെളിയിൽ ലതീഫിന്റെ സ്കോർപ്പിയോ പാർക്ക് ചെയ്തിരുന്നു.
അവർ ജീപ്പിനുള്ളിൽ കയറി.
"എവിടെ റോസും മറ്റ് മൂന്ന് തടിയൻമാരും?"
ദിവ്യ ചോദിച്ചു.
ഫെലിക്സിനെയും സതീഷിനെയും മനോജിനെയുമാണ് അവൾ ഉദ്ദേശിച്ചത്.
കൂട്ടത്തിൽ ഏറ്റവും കായിക ക്ഷമതയും കരാട്ടെ ടൂർണ്ണമെന്റ്കളിൽ എപ്പോഴും വിജയിക്കുകയും ചെയ്യുന്ന അവരെയാണ് ലത്തീഫ് സിദ്ധാർത്ഥന്റെ സംരക്ഷണത്തിനായി ആശുപത്രിയിൽ നിയോഗിച്ചിരുന്നത്.
സിദ്ധാർത്ഥൻ കൊല്ലപ്പെട്ടിട്ടില്ല എന്നറിയുമ്പോൾ രണ്ടാമതൊരു ആക്രമണത്തിന് ജയക്രിഷ്ണൻ മുതിരുമെന്ന് അവർ അറിഞ്ഞിരുന്നു.
"റോസ് റോസിന്റെ വുഡ് ബീയെ ശുശ്രൂഷിക്കുന്നു. ഫെലിക്സും മനോജും സതീഷും റോസിനെയും വുഡ് ബീയെയും ഗാർഡ് ചെയ്യുന്നു. സിറ്റി ഹോസ്പിറ്റലിൽ."
ഷെറിൻ പറഞ്ഞു.
ദിവ്യയുടെ മുഖത്ത് ചുളിവുകൾ വീണു.
"വുഡ് ബീ? സിറ്റീ ഹോസ്പിറ്റൽ ? എന്തൊക്കെയാ നിങ്ങളീപ്പറയുന്നെ?"
അവൾ അസഹ്യതയോടെ ചോദിച്ചു.
അവർ ദിവ്യയോട് സംഭവങ്ങളുടെ രത്നച്ചുരുക്കമറിയിച്ചു.
രോഹിതിന്റെ വീട്ടിൽ ജയകൃഷ്ണനും കൂട്ടുകാരും ഒരുമിച്ചു കൂടിയതും ദിവ്യയെ വകവരുത്താനുള്ള പദ്ധതി ജയകൃഷ്ണൻ ആവിഷ്ക്കരിച്ചതും അജ്ഞാതന്റെ ടെലിഫോൺ സന്ദേശവും ജയകൃഷ്ണന്റെ പദ്ധതിയെ സിദ്ധാർത്ഥൻ എതിർത്തതും അനന്തരം കൊന്നുകളയുക എന്ന ഉദ്ദേശത്തോടെ ജയകൃഷ്ണനും രാമകൃഷ്ണനും ക്രിസ്റ്റഫറും ഷാജഹാനും സിദ്ധാർത്ഥനെ ആക്രമിച്ചതും മരിച്ചു എന്ന് കരുതി മൃതപ്രായനായ സിദ്ധാർത്ഥൻ ഉപേക്ഷിക്കപ്പെട്ടതും രാത്രിയിൽ

റോസ്‌ലിന്റെയടുത്തെത്തി സിദ്ധാർത്ഥൻ ജയകൃഷ്ണന്റെ പദ്ധതിയെപ്പറ്റി വിവരം തന്നതുമൊക്കെ അവർ വിവരിച്ചു.
"ലത്തീഫ് ദാദാ,"
എല്ലാം കേട്ടുകഴിഞ്ഞ് പരിഭ്രാന്തിയോടെ ദിവ്യ വിളിച്ചു.
"എങ്കിൽ വണ്ടി സിറ്റി ഹോസ്പ്പിറ്റലിലേക്ക് തിരിച്ച് വിട്,"
"നിന്നെ ആദ്യം വീട്ടിലെത്തിച്ചിട്ട്,"
ലത്തീഫ് വിയോജിച്ചു.
"അതല്ല, ലത്തീഫ് ദാദാ,'
അവൾ വിശദീകരിച്ചു.
"നമ്മുടെ മുഴുവൻ ശ്രദ്ധയും ഇപ്പൊ സിദ്ധാർത്ഥനാണ് വേണ്ടത്. നമ്മളില്ലാത്തപ്പൊ സിദ്ധാർത്ഥന് എന്തേലും പറ്റിയാ ജീവിതകാലം മുഴുവനും വെഷമിക്കേണ്ടി വരും നമുക്ക്. സോ ലെറ്റ്സ് ഫസ്റ്റ് മൂവ് ടു ഹിം,'
ദിവ്യയുടെ നിർബന്ധത്തിന് വഴങ്ങി ലത്തീഫ് വണ്ടി തിരിച്ചു.
"ആട്ടെ, എങ്ങനുണ്ട് ഇപ്പൊ സിദ്ധാർത്ഥന്?"
യാത്രാമദ്ധ്യേ ദിവ്യ ആകാംക്ഷയോടെ തിരക്കി.
"കൃത്യസമയത്ത് ഹോസ്പ്പിറ്റലിൽ എതിച്ചില്ലാരുന്നേൽ പറമ്പീന്ന് മാന്തടി ഒരെണ്ണം വെട്ടാരുന്നു,"
ടോമി പറഞ്ഞു.
"പക്ഷെ ഇപ്പം രണ്ടു ജന്മം സുഖമായി ജീവിക്കാനുള്ള ആയുസ് ഉണ്ട്."
ഷെറിൻ ചിരിച്ചു.
"അതിന്റെ മുഴുവൻ ക്രെഡിറ്റ് വൈദ്യശാസ്ത്രത്തിനു മാത്രം അവകാശപ്പെട്ടതല്ല. രണ്ടു കാരണം. ഒന്ന് നമ്മുടെ ലീഡർ ഹിസ് ഹൈനെസ് ലത്തീഫ് ദാദ. രണ്ടാമത്തെ, ആസ് യൂ നോ, മദർ തെരേസ പോലും നാണിച്ച് സുല്ലിടുന്ന തകർപ്പൻ പ്രകടനമാണ് റോസ്‌ലിൻ ജോസഫ് എന്ന ശാന്തിപുരം ഫ്ലോറൻസ് നൈറ്റിംഗേൽ കാഴ്ച്ചവെച്ചുകൊണ്ടിരിക്കുന്നത്!"
*******************************************
ഒരാഴ്ച ക്ക് ശേഷം സിദ്ധാർത്ഥനെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തു.
പരിക്ക് ഗുരുതരമായിരുന്നെങ്കിലും കൃത്യസമയത്ത് വൈദ്യ സഹായം ലഭിച്ചതുകൊണ്ടും കൂട്ടുകാരുടെ പ്രത്യേകിച്ചും റോസ്‌ലിന്റെ ശ്രദ്ധാപൂർവ്വമായ പരിചരണം കൊണ്ടും സിദ്ധാർത്ഥൻ അപകടനില തരണം ചെയ്തു.
ലത്തീഫിന്റെയും കൂട്ടുകാരുടെയും സഹായത്തോടെ സിദ്ധാർത്ഥനെ വീട്ടിലെത്തിച്ചു.
കാര്യങ്ങൾ മുഴുവൻ അറിഞ്ഞു കഴിഞ്ഞപ്പോൾ അവന്റെ കുടുംബാംഗങ്ങൾ ഭയവിഹ്വലരായി.
മലമുകളിൽ നിന്ന് വീണതാണ് എന്നാണ് ആദ്യം അവരെ ധരിപ്പിച്ചിരുന്നത്.

ദുസ്വഭാവിയാണെന്നറിഞ്ഞിരുന്നെങ്കിലും ജയകൃഷ്ണന്റെ കുറ്റകൃത്യങ്ങളുടെ പട്ടികയിൽ മയക്ക് മരുന്ന് ബിസിനസ്സും കൊലപാതകവുമൊക്കെ ഉണ്ടായിരുന്നെന്ന് അവർ കരുതിയേയില്ല.

"ഇനി ആരുമായും നെനക്ക് യാതൊരു ചങ്ങാത്തോം വേണ്ട!"

സിദ്ധാർത്ഥന്റെ അച്ഛൻ ദാമോദരയ്യർ പ്രഖ്യാപിച്ചു.

ലത്തീഫും കൂട്ടുകാരും ലത്തീഫിനെ നോക്കി.

"അഥവാ വേണമെങ്കിൽ ഇവരുടെ കൂടെ!"

അത് കേട്ട് റോസ്‌ലിൻ പുഞ്ചിരിച്ചു.

അൽപ്പം കഴിഞ്ഞ് സിദ്ധാർത്ഥന്റെ അച്ഛനുമമ്മയും അനിയത്തിയും അകത്തേക്ക് പോയി.

"കുറെ കാര്യങ്ങൾ തീരുമാനിക്കാനുണ്ട്,"

കൂട്ടുകാർ ആകാംക്ഷയോടെ ലത്തീഫിനെ നോക്കി.

ഒരു സോഫയിൽ ചാരിക്കിടക്കുകയായിരുന്ന സിദ്ധാർത്ഥനും കാതുകൾ കൂർപ്പിച്ചു.

"ശത്രു പടയൊരുക്കം ഏതാണ്ട് പൂർത്തിയാക്കി കഴിഞ്ഞു,"

തന്നെ ആകാംക്ഷയോടെ നോക്കുന്ന കൂട്ടുകാരുടെ മുഖങ്ങളിലേക്ക് നോക്കി ലത്തീഫ് പറഞ്ഞു.

"ഏറ്റവും സ്യൂട്ടബിളായ ഒരു ചാൻസിന് നോക്കിയിരിക്കയാണ് ശത്രു. ആഞ്ഞടിക്കാൻ. അവന്റെ ഉന്നം ദിവ്യയാണ്,"

നിശബ്ദതയുടെ ഒന്നു രണ്ടു നിമിഷങ്ങൾ കഴിഞ്ഞുപോയി.

"ദിവ്യയുടെ ഒരു മുടിനാരിഴയെങ്കിലും ശത്രുവിന് തോടണമെങ്കിൽ ആദ്യം നമ്മുടെ ശ്വാസം തീരണം!"

നിശബ്ദതയിലേക്ക് വിൻസെന്റിന്റെ വാക്കുകൾ അഗ്നിയിരമ്പലായി ചിതറി വീണു.

"ജയക്രിഷ്ണനല്ല, അവന്റെ അപ്പൻ മുത്തുപ്പട്ടരു വന്നാപ്പോലും വിട്ടുകൊടുക്കില്ല നമ്മൾ ഇവളെ!"

വിൻസെന്റ് ദിവ്യയുടെ തോളിൽ പിടിച്ചു.

തന്റെ തോളിൽ അമർന്ന അവന്റെ കൈയുടെ ദൃഢതയിൽ അവളും.

"ആവേശത്തിന്റെ ഊർജ്ജം സംസാരത്തിലൂടെ കളയരുത്!"

ലത്തീഫ് എല്ലാവരോടുമായി പറഞ്ഞു.

"ഇന്ന് മുതൽ എല്ലാവരും എക്സ്ട്രാ ചാർജ്ഡ് ആയിരിക്കുക! ദിവ്യക്ക് ചുറ്റും ഒരു പത്മവ്യൂഹം. ഭേദിക്കാനാവാത്ത ഒരു കവചം. അങ്ങനെ ആവുക എല്ലാവരും! ലൈക് എ സൂയിസൈഡ് സ്ക്വാഡ്! നമ്മുടെ നാടിന്റെ വിളക്കാണിവൾ..."

ദിവ്യയുടെ കണ്ണുകൾ നിറയുന്നത് അവർ കണ്ടു.

"കാറ്റ് ആഞ്ഞു വീശും ഈ വിളക്ക് അണയ്ക്കാൻ,"

അവളുടെ മുഖത്ത് നിന്ന് മിഴിനീരൊപ്പി ലത്തീഫ് തുടർന്നു.

"പക്ഷെ നമ്മുടെ കൈകളിൽ സുരക്ഷിതമാണ് ഈ ദീപ നാളം,"

അവൻ അവളെ ചേർത്തുപിടിച്ചു .

അവന്റെ തോളിൽ മുഖം അമർത്തി അവളും.

ദിവ്യയുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു.
വാക്കുകളിലൂടെ അവരുടെ സ്നേഹത്തിന് നന്ദി പ്രകടിപ്പിക്കുവാൻ അവൾ ആഗ്രഹിച്ചു.
പക്ഷെ വാക്കുകൾ തൊണ്ടയിൽ കുരുങ്ങുകയാണ്.
പകരം കണ്ണിണകളാണ് സംസാരിക്കുന്നത്.
കണ്ണുനീരിന്റെ രൂപത്തിൽ.
കൃതജ്ഞതയുടെ ഭാഷ.
"അതുപോലെ പ്രധാനപ്പെട്ട മറ്റൊരു കാര്യം സിദ്ധാർത്ഥന്റെ സുരക്ഷയാണ്,"
ലത്തീഫ് തുടർന്നു.
"സിദ്ധാർത്ഥൻ ജീവനോടെയിരിക്കുന്നത് ജയകൃഷ്ണനെ ഭ്രാന്ത് പിടിപ്പിക്കും. അവന്റെയും ദിവ്യയെ വക വരുത്താൻ അവനെ ഏൽപ്പിച്ച അവന്റെ ബോസിന്റെയും നിലനിൽപ്പിന് സിദ്ധാർത്ഥൻ ജീവനോടെയിരിക്കുന്നത് ഭീഷണിയാണ്. പോലീസിനെ ഈ ഘട്ടത്തിൽ വിവരമറിയിക്കുന്നത് ബുദ്ധിയല്ല. അതിൽ പല കുഴപ്പങ്ങളുമുണ്ട്. അതാണ് അയ്യരങ്കിളിനെ ഞാൻ വിലക്കിയത്,"
സിദ്ധാർത്ഥന്റെ അച്ഛനെ ഉദ്ദേശിച്ച് ലത്തീഫ് പറഞ്ഞു.
"സിദ്ധാർത്ഥന്റെ സുരക്ഷക്ക് ഞാൻ ആലോചിച്ചിട്ട് ഒരു മാർഗ്ഗമേ കാണുന്നുള്ളൂ,"
കൂട്ടുകാരുടെ ആകാംക്ഷ വർദ്ധിച്ചു.
പ്രത്യേകിച്ച് റോസ്‌ലിന്റെ.
"ആ മാർഗ്ഗം പ്രയോജനപ്പെടുത്താൻ നമുക്ക് സിദ്ധാർത്ഥന്റെ അനുവാദം വേണം,"
കൂട്ടുകാർക്ക് ഒന്നും മനസ്സിലായില്ല.
അവർ അവന്റെ അടുത്ത വാക്കുകൾക്ക് കാതോർത്തു.
"എന്താ ലത്തീഫ് ദാദാ, അത്,"
ആ ചോദ്യം സിദ്ധാർത്ഥനിൽ നിന്നായിരുന്നു.
കൂട്ടുകാർ അന്തം വിട്ട് സിദ്ധാർത്ഥനെയും ലത്തീഫിനെയും മാറി മാറി നോക്കി.
സിദ്ധാർത്ഥൻ ആദ്യമായി ലത്തീഫിനെ 'ലത്തീഫ് ദാദ' എന്ന് സംബോധന ചെയ്തിരിക്കുന്നു!
ലത്തീഫ് ഒരു പ്രത്യേക ഭാവത്തിൽ സിദ്ധാർത്ഥനെ നോക്കി.
"ആ മാർഗ്ഗമേതാണെന്നു ഞാൻ പറയട്ടെ ലത്തീഫ് ദാദാ,"
വിൻസെന്റ് പുഞ്ചിരിയോടെ ചോദിച്ചു.
"പറയൂ' എന്ന അർത്ഥതിൽ ലത്തീഫ് തലകുലുക്കി.
"ലത്തീഫ് ദാദ എന്ന പേര് സിദ്ധാർത്ഥൻ തുടർന്നും ഉപയോഗിക്കുക,"
റോസ്‌ലിന്റെ മുഖം പ്രകാശപൂർണ്ണമായി.
കൂട്ടുകാരിലും അത് ആഹ്ലാദം നിറച്ചു.
"എന്ന് വെച്ചാൽ സിദ്ധാർത്ഥൻ നമ്മുടെ ഗ്രൂപ്പിൽ ചേരണമെന്ന്, അല്ലേ?"
ഷെറിൻ ചോദിച്ചു.
"അതിന് സമ്മതമാണോ സിദ്ധാർത്ഥന്?"
ലത്തീഫ് സിദ്ധാർത്ഥനെ നോക്കി .

കൂട്ടുകാരെ അദ്ഭുതപ്പെടുത്തിക്കൊണ്ട് സിദ്ധാർത്ഥന്റെ കണ്ണുകൾ നിറഞ്ഞു.
"എന്താ സിദ്ധൂ?"
റോസ്‌ലിൻ സാവധാനം ചോദിച്ചു.
"ഞാൻ ..."
ഇടറിയ സ്വരത്തിൽ അവൻ പറയാൻ ശ്രമിച്ചു.
"നിങ്ങളെ ...നിങ്ങളെയൊക്കെ ..ഒരുപാട് ..ദ്രോഹിച്ച ഞാൻ ...ദിവ്യേനെ കൊല്ലാൻ നടക്കുന്ന ജയകൃഷ്ണന്റെ കൂട്ടത്തിൽ...എന്നിട്ട് ...ആ എന്നെ ...ഇപ്പോൾ ....കൂട്ടുകാരനാക്കാൻ ...ഞാൻ..."
അവന്റെ സ്വരം മുറിഞ്ഞു.
കണ്ണീർ പ്രവാഹം വർദ്ധിച്ചു.
"ശ്യെ, എന്തായിത്? കൊച്ചുകുട്ടികളേപ്പോലെ?"
ദിവ്യ അവന്റെ യടുത്തെക്ക് വന്നു.സ്നേഹപൂർവ്വം പുഞ്ചിരിച്ചുകൊണ്ടു അവൾ അവന്റെ ഇരുതോളുകളിലും പിടിച്ചു.
"എന്നെ രക്ഷപ്പെടുത്താൻ വേണ്ടി, എന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി മരിക്കാൻ പോലും ഒരുങ്ങീട്ട്...എന്നിട്ടാണ് ...എന്നെ ദ്രോഹിച്ചെന്ന് ..."
ദിവ്യുടെ മിഴികളും നനഞ്ഞു.
"സിദ്ധാർത്ഥന്റെ രണ്ടുതുള്ളിക്കണ്ണീർ കണ്ട് ആശ്വസിപ്പിക്കാൻ ചെന്നതാ ദിവ്യ. എന്നിട്ടിപ്പോൾ ബക്കറ്റ് കണക്കിനാ കണ്ണീർ പ്രോഡക്ഷൻ..."
ആബിദ് കളിയാക്കി.
ദിവ്യ കണ്ണുകൾ തുടച്ചു.
സിദ്ധാർത്ഥനും.
കൂട്ടുകാർ ലത്തീഫിനെ നോക്കി.
"നാല് ഉത്തരവാദിത്തങ്ങൾ ഉണ്ട് നമ്മുടെ ചുമലിൽ, ഇപ്പോൾ."
ലത്തീഫ് തുടർന്നു.
"ഒന്ന് ദിവ്യയുടെ സുരക്ഷ, രണ്ട് സിദ്ധാർത്ഥന്റെ സംരക്ഷണം, മൂന്ന് ജയകൃഷ്ണനെ തിരയൽ, നാല് കോബ്രാ ഹിൽസ് നിരീക്ഷണം,"
ലത്തീഫ് ഒരു സെക്കൻഡ് കൂട്ടുകാരെ നോക്കി.
"കോബ്രാഹിൽസിന്റെ നിരീക്ഷണത്തിന് ഇനി നമ്മൾ ചുമതലപ്പെടുത്തുന്നത് ആബിദിനെയും മനോജിനെയുമാണ്. പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ആ ജോലി ഇവർ പൂർത്തിയാക്കും. രാജുവും സതീഷും റോസ്‌ലിനും ജയകൃഷ്ണനെ തിരയും. സിറ്റിയിലെ സകല ഒളിത്താവളങ്ങളും അരിച്ചു പെറുക്കുക. സകല തെരുവുകളും ചേരികളും. അതിനു സാധ്യമായ മാർഗ്ഗങ്ങളൊക്കെ ഉപയോഗിക്കുക. അവൻ ഏത് മടയിൽ ഒളിച്ചാലും പുകച്ചു പുറത്തു ചാടിക്കുക. ഇനി സിദ്ധാർത്ഥന്റെ സംരക്ഷണം. അതിന്റെ ചുമതല വിൻസെന്റിനും ടോമിനുമാണ്. സിദ്ധാർത്ഥൻ പൂർണ്ണ ആരോഗ്യം പ്രാപിക്കുന്നത് വരെ നിങ്ങൾ ഇവനോടൊപ്പം കഴിയണം. ദിവ്യയുടെ സംരക്ഷണം ഫെലിക്സിനും രാജേഷിനും പ്രിയങ്കയ്ക്കും ഷെറിനുമാണ്...."

അവൻ കൂട്ടുകാരെ നോക്കി.
അവർ ആവേശഭരിതരാണ്.
"പഠിച്ച എല്ലാ പാഠങ്ങളുടെയും മറ്റൊരു അരങ്ങേറ്റത്തിനു തയ്യാറെടുക്കുക! സംശയകരമായി ദിവ്യയുടെയോ സിദ്ധാർത്ഥന്റെയോ അടുത്ത് ആരെക്കണ്ടാലും ചെയ്യേണ്ടത് ഒരു കാര്യം മാത്രം,"
കൂട്ടുകാർ ആകാംക്ഷയോടെ ലത്തീഫിനെ നോക്കി.
"കൊല്ലുക!!"
ലത്തീഫിന്റെ വികാരം ജ്വലിക്കുന്ന വാക്കുകൾ അഗ്നിയായി കൂട്ടുകാരിൽ കത്തിപ്പടർന്നു.
"കൈവിറയ്ക്കണ്ട! മനസ്സ് പതറണ്ട!! ഒരു പേപ്പട്ടിയെ കൊല്ലുന്ന ലാഘവത്തോടെ! കാൻസർ ബാധിച്ച ശരീര ഭാഗത്തെ അറുത്തുകളയുന്ന നിർവ്വികാരതയോടെ!! ഒരു വിശുദ്ധയുദ്ധത്തിൽ പങ്കാളികളാവുന്നു എന്ന ചാരിതാർത്ഥ്യത്തോടെ!! നമ്മുടെ കൈക്കരുത്തിൽ ഇറ്റു വീഴുന്ന ഓരോ ചോരത്തുള്ളിയും സമൂഹത്തെ കഴുകിത്തുടയ്ക്കുന്ന ഔഷധത്തുള്ളിയായിരിക്കും എന്ന പ്രാർത്ഥനയോടെ....!!"
ലത്തീഫിന്റെ തീക്ഷണമായ കണ്ണുകൾ ആവേശഭരിതരായി തന്നെ നോക്കുന്ന കൂട്ടുകാരെ പൊതിഞ്ഞു.
"ആർ യൂ പ്രിപ്പയേഡ്?"
"യെസ്!"
അവർ ഒന്നടങ്കം പറഞ്ഞു.
"ഫോർ ആൺ ആക്ഷൻ ? ഫോർ ബ്ലഡ് ഷെഡ്?"
"യെസ് ! യെസ് !!"
"ഫോർ അവർ സർവൈവൽ?ആൻഡ് ദ വിക്റ്ററി?"
"യെസ് ! യെസ്!! യെസ് !!!"
"ദെൻ വാച് ഔട്ട് ! ബീ അലർട്ട് !! ബി ചാർജ്ഡ് വിത്ത് എ ഡെഡ്ലി സ്പിരിറ്റ് !!! ഓക്കേ?"
"ഓക്കേ!!!"
കൂട്ടുകാർ ആർപ്പുവിളിച്ചു.
ആരവമടങ്ങിയപ്പോൾ കൂടുകാർ കണ്ടത് ലത്തീഫ് ദിവ്യയെ നോക്കി ഗാഢമായ ഒരാലോചനയ്ക്ക് കീഴടങ്ങി നിൽക്കുന്നതാണ്,"
"എന്താ ലത്തീഫ് ദാദാ?"
അവന്റെ ആലോചനയുടെ ഗൌരവം കണ്ട് ദിവ്യ ചോദിച്ചു.
ലത്തീഫ് ഒന്നും പറയാതെ നോട്ടം തുടർന്നു.
ദിവ്യുടെ ചോദ്യം അവൻ കേട്ടില്ല എന്ന് തോന്നി.
കൂട്ടുകാർ അദ്ഭുതപ്പെട്ടു.
"കമോൺ, ലത്തീഫ് ദാദാ!"
ദിവ്യ വീണ്ടും പറഞ്ഞു.
ഓർമ്മയിൽ നിന്ന് ലത്തീഫ് ഞെട്ടിയുണരുന്നത് അവർ കണ്ടു.

അവൻ വാക്കുകൾ പരതുന്നതും.
"സുഹൃത്തുക്കളേ..."
അവൻ വീണ്ടും കൂട്ടുകാരെ നോക്കി.
"നമുക്കിടയിൽ രഹസ്യങ്ങളില്ല. എന്നാൽ ഇന്ന് ഹൈലീ സെൻസിറ്റീവ് ആയ ഒരു കാര്യം ദിവ്യയോട് എനിക്ക് ചോദിക്കാനുണ്ട്. രഹസ്യമായി. തികച്ചും സ്വകാര്യമായി. അതിന് എനിക്ക് നിങ്ങളുടെ അനുവാദം വേണം,"
കൂട്ടുകാർ പരസ്പരം നോക്കി.
"എന്താ ലത്തീഫ് ദാദാ, ഇത്?"
പ്രിയങ്ക ചോദിച്ചു.
"ഞങ്ങളോട് എന്തിനാ ലത്തീഫ് ദാദാഅനുവാദം ചോദിക്കുന്നെ? യൂ ആർ അവർ ലീഡർ. അവർ ഗാർഡിയൻ,"
"പരസ്യമായി എനിക്കത് ദിവ്യയോട് ചോദിക്കാൻ കഴിയില്ല. പ്രിയങ്കാ, ഇറ്റ് മേ സംടൈംസ് ഇൻസൽറ്റ് ഹെർ,"
"ലത്തീഫ് ദാദാ,"
ദിവ്യ വിളിച്ചു.
"ലത്തീഫ് ദാദയ്ക്ക് എന്നോട് എന്ത് കാര്യവും ചോദിക്കാം. പരസ്യമായി. ഇവരുടെ മുമ്പിൽ വെച്ച്,"
"ദിവ്യേ, ഇത് സാധാരണ ഒരു കാര്യമല്ല,"
"ഐ ഡോണ്ട് മൈൻഡ്,"
"ഇത് വളരെ സെൻസിറ്റീവ് ആണ്,"
"ഐ ഡോണ്ട് കേയർ,"
"ഹൈലി പ്രോവോക്കിംഗ് ആണ്,"
"വാട്ട് എവെർ ഇറ്റ് ഈസ്,"
"ശരി,"
ലത്തീഫ് വീണ്ടും ഗൌരവം പൂണ്ടു.
കൂട്ടുകാർ നിശബ്ദരായി.
കേൾക്കാൻ പോകുന്ന വിവരം എന്തെന്നറിയാനുള്ള ആകാംക്ഷ അവരുടെ മുഖങ്ങളിൽ കനത്തു.
"ഈ കാര്യം എന്നെ അസ്വസ്ഥനാക്കാൻ തുടങ്ങിയിട്ട് ഒരു കൊല്ലമായി. ദിവ്യയ്ക്കുണ്ടായ ആദ്യത്തെ ആക്സിഡന്റ്റിന് ശേഷം..."
അവൻ ഒരു നിമിഷം കോബ്രാഹിലസിലെക്ക് നോക്കി.
"ദിവ്യയുടെ രക്തത്തിന് വേണ്ടി ദാഹിക്കുന്ന ഒരജ്ഞാതനുണ്ട്....നമ്മൾ കാണാത്ത, അറിയാത്ത ഒരാൾ. എന്താണ് അയാളുടെ ഉദ്ദേശം? പണം! സമ്പത്ത്! വിലതീരാത്ത കൊട്ടാരം! അതിലെ വസ്തുക്കൾ! അതിരുകളില്ലാത്ത എസ്റ്റേയ്റ്റ്! ദിവ്യ ഗ്രൂപ്പ് ഇൻഡസ്ട്രീസ് എന്ന വ്യവസായ സാമ്രാജ്യം! കോബ്രാഹിൽസിലെ നിധി! കൊലയാളികളുടെ കണ്ണുകൾ ഈ അതിരില്ലാത്ത സമ്പത്തിലാണ്!!"
കൂട്ടുകാർ കാതോർത്തു.

"പക്ഷെ..."
കോബ്രാഹില്സിൽ നിന്ന് കണ്ണുകൾ പിൻവലിച്ചു അവൻ ദിവ്യയുടെ കണ്ണുകളിലേക്ക് നോക്കി.
"പക്ഷെ ദിവ്യയെ വകവരുത്തിയത്കൊണ്ട് അയാൾക്ക് ഈ സമ്പത്ത് എങ്ങനെ ലഭിക്കും? അല്ലെങ്കിൽ ദിവ്യ കൊല്ലപ്പെട്ടാൽ ഒരാൾക്ക് ഈ സമ്പത്ത് കിട്ടണമെങ്കിൽ അയാൾ ആരായിരിക്കണം ?"
"ദിവ്യുടെ ബന്ധു!"
വിൻസെന്റ് പെട്ടെന്ന് പറഞ്ഞു.
"മൈ ഗോഡ്!!"
കൂട്ടുകാർക്കിടയിൽ നിന്ന് ഭയം നിറഞ്ഞ ഒരാത്മഗതമുയർന്നു.
"നമ്മ ആരും കാണാത്ത അറിയാത്ത ഒരു സഹോദരനുണ്ട് ദിവ്യക്ക്!"
ഭയസംഭീതമായ കണ്ണുകൾ ലത്തീഫിന്റെ മുഖത്ത് കേന്ദ്രീകരിച്ചു.
"ദിവ്യയുടെ ഡാഡിയ്ക്ക് രഹസ്യബന്ധത്തിലുണ്ടായ ഒരു മകൻ!"
ഒരു നിമിഷം ദിവ്യയുടെ ഭാവം മാറി.
രൌദ്രത്തിന്റെ ഒരു മിന്നലാട്ടം.
ഒരു ക്ഷത്രിയ വനിതയുടെ രൌദ്രം.
എന്നാൽ അടുത്ത ക്ഷണം അവൾ പൂർവ്വനില കൈവരിച്ചു.
ഒരു പൊട്ടിത്തെറി കൂട്ടുകാർ പ്രതീക്ഷിച്ചിരുന്നു.
എന്നാൽ ക്രമേണ അവളിൽ മന്ദഹാസം വിടരുന്നത് അവർ കണ്ടു.
"ലത്തീഫ് ദാദാ,"
അവൾ ശാന്തയായി വിളിച്ചു.
"ഇത്തരം ഒരു തിയറി രൂപപ്പെടുത്താൻ ലത്തീഫ് ദാദയെ പ്രേരിപ്പിച്ച ഇന്റ്റെൻഷൻ എനിക്ക് മനസ്സിലാകും. പക്ഷെ വിശ്വസിക്ക് ലത്തീഫ് ദാദാ. എന്റെ കൂട്ടുകാരെ...എന്റെ ഡാഡി നൂറു ശതമാനവും ജെന്റിൽമാൻ ആണ്. ഞാൻ ഉറപ്പിച്ചു പറയുന്നു, ഡാഡിയുടെ ലൈഫിൽ മമ്മിയല്ലാതെ മറ്റൊരു സ്ത്രീയില്ല,"
********************************************
രണ്ടാഴ്ചകൊണ്ട് സിദ്ധാർത്ഥൻ പൂർണ്ണമായും സുഖം പ്രാപിച്ചു.
ആ ദിവസങ്ങളത്രയും വിൻസെന്റും ടോമിയും അവന് കാവൽ നിന്നു.
അവർ അവനോടൊപ്പം ഉറങ്ങി.
എങ്കിലും ജയകൃഷ്ണന്റെ ഭാഗത്തുനിന്ന് യാതൊരു നീക്കവുമുണ്ടായില്ല.

രണ്ടാഴ്ചയ്ക്ക് ശേഷമുള്ള മധ്യാഹ്നം.
റോസ്‌ലിൻ സിദ്ധാർത്ഥന്റെ വീട്ടിലേക്ക് വരികയായിരുന്നു.
ഗേറ്റിലെത്തിയപ്പോൾത്തന്നെ അവൾ സിദ്ധാർത്ഥനെ കണ്ടു.
സൈക്കിളിൽ നിന്നിറങ്ങി അവൾ അവനെ നോക്കി പുഞ്ചിരിച്ചു.
ആ വശ്യതയിലേക്ക് കണ്ണുകൾ മാറ്റാതെ അവനും.
"എവിടെ ടോമിയും വിനുവും?"

വരാന്തയിലേക്ക് കയറി അവൾ ചോദിച്ചു.
"അവര് ദാ..അവിടെ...റോഡിൽ നിൽപ്പുണ്ട്,"
അവൻ പുറത്തേക്ക് വിരൽ ചൂണ്ടി പറഞ്ഞു.
അവൾ അവന് അഭിമുഖമായി ഒരു കസേരയിൽ ഇരുന്നു.
"എവിടെ ലത്തീഫ് ദാദായും ദിവ്യയും ഒക്കെ?"
അവൻ ചോദിച്ചു.
"അവരൊക്കെ കുറച്ചു കഴിഞ്ഞ് വരും. ലത്തീഫ് ദാദായെ ഇന്ഫോം ചെയ്തിട്ട് ഞാൻ നേരത്തെ പോന്നു,"
അവളുടെ വശ്യമായ പുഞ്ചിരിയിലെക്ക് സിദ്ധാർത്ഥൻ വീണ്ടും കണ്ണുകൾ നട്ടു.
കാറ്റിൽ ഇളകുന്ന ഭംഗിയുള്ള ഇടതൂർന്ന മുടിയിഴകൾ.
നീൾമിഴികളിൽ കത്തുന്ന പ്രണയ രഹസ്യം.
യൌവ്വനാരംഭത്തിലെ കാമസുഗന്ധം നിറം കൊടുത്ത ശോണിമമായ അധരങ്ങൾ.
ഭംഗിയുള്ള കഴുത്തിൽ ഒന്ന് രണ്ടു വിയർപ്പ് ബിന്ദുക്കൾ.
ചുവന്ന ടോപ്പിനകത്ത് ശ്വാസഗതിയിൽ പൊങ്ങിയുയരുന്ന മാറിടം.
സിദ്ധാർത്ഥന്റെ നോട്ടത്തിൽ തന്റെ ദേഹം മുഴുവൻ വസന്തനൃത്തമാടുന്നത് അവൾ അറിഞ്ഞു.
പുറത്ത് ദേവദാരുവിന്റെ ശിഖരത്തിൽ ഒരു കുയിൽ കുറുകുന്നത് അവൾ അറിഞ്ഞു.
ശരീരത്തിന്റെ വിസ്മയ കേന്ദ്രങ്ങളിൽ ചൂടും നനവും പടവെട്ടുന്നു.
അവർ പരസ്പരം കണ്ണുകൾ മാറ്റാതെ നോക്കി.
ഈശോയേ...ഞാൻ എന്താ ഇങ്ങനെ...എനിക്ക് ഇവന്റെ കണ്ണുകളിൽ നിന്ന് എന്റെ കണ്ണുകളും മനസ്സും പറിച്ചുമാറ്റാൻ കഴിയുന്നില്ലല്ലോ. എന്റെ അധരം വിതുമ്പുന്നുണ്ടോ? ഞാൻ അധരം കടിച്ചോ?
"എവിടെ സിദ്ധൂന്റെ അച്ഛനുമമ്മയും?"
പരസരത്തിലേക്ക് മടങ്ങിവന്ന് റോസ്‌ലിൻ ചോദിച്ചു.
അവൾ അകത്തേക്ക് നോക്കി.
"അച്ചൻ ഓഫീസിൽ പോയി. അമ്മേം നളിനീം അമ്പലത്തിൽ,"
സിദ്ധാർത്ഥന്റെ അനുജത്തിയാണ് നളിനി.
"സിദ്ധൂന് അമ്പലത്തിലും പ്രാർത്ഥനേലുമൊന്നും വിശ്വാസമില്ലേ?"
സിദ്ധാർത്ഥൻ അവളെ സാകൂതം നോക്കി.
"ഒരു ദേവിയിൽ എനിക്ക് വിശ്വാസമുണ്ടായിരുന്നു,"
സിദ്ധാർത്ഥൻ സാവധാനം പറഞ്ഞു.
"പക്ഷെ എത്ര പ്രാർഥിച്ചിട്ടും ആ ദേവി എന്റെ പ്രാർത്ഥന കേട്ടില്ല. അത് കൊണ്ട് ഞാൻ പ്രാർത്ഥന ഉപേക്ഷിച്ചു,"
"അതുശരി!"
റോസ്‌ലിൻ ചിരിച്ചു.

"ഉധേശിച്ച കാര്യം നടന്നില്ലാന്നു വെച്ച് പ്രാർത്ഥനേം വിശ്വാസോം ഉപേക്ഷിക്യാ വേണ്ടേ? പ്രാർഥിക്കണം. തുടർച്ചേ, നിർത്താതെ പ്രാർഥിക്കണം. അന്നേരം ഉദ്ധേശിച്ച കാര്യങ്ങൾ എന്തായാലും നടക്കും."
"തീർച്ചയാണോ?"
"തീർച്ച ! ഒന്ന് പരീക്ഷിച്ചു നോക്കൂ,"
"ശരി!"
സിദ്ധാർത്ഥൻ കണ്ണുകൾ അടച്ച് കൈകൾ കൂപ്പി.
റോസ്‌ലിൻ അദ്ഭുതപ്പെട്ടു.
"ഞാൻ ഇപ്പം ചെയ്യാൻ അല്ല പറഞ്ഞെ. ഇത്ര പെട്ടെന്നൊരു മാനസാന്തരമോ? വണ്ടർഫുൾ!"
അവൾ പറഞ്ഞു.
"എന്റെ ദേവി..."
അവൻ പ്രാർഥിക്കാൻ തുടങ്ങി.
"എത്ര തവണ ഞാൻ പ്രാർഥിച്ചു! ആയിരം ...ലക്ഷം ...കോടി തവണ...പക്ഷെ ഒരിക്കൽപ്പോലും നീ എന്റെ പ്രാർത്ഥന കേട്ടില്ല. നിന്നെ ഇഷ്ടപ്പെടുന്നു, നിന്നെ സ്നേഹിക്കുന്നു എന്ന് ഞാൻ നെഞ്ചുരുക്കി വിളിച്ചുപറഞ്ഞു. എന്നിട്ടും നീയെന്നെ ഇഷ്ടപ്പെട്ടില്ല ...സ്നേഹിച്ചില്ല ...അപ്പോൾ ഞാൻ കരുതി നീ ഒത്തിരി അകലെ ആയിരിക്കുന്നത് കൊണ്ടാണെന്ന്...എന്റെ ശബ്ദം നിന്റെ സമീപത്ത് എത്താൻ പാടില്ലാത്ത അകലത്തിൽ ...എന്നാൽ നീ ഇപ്പോൾ എന്റെ അടുത്തുണ്ട് ...എന്റെ വീട്ടിലുണ്ട് ...എന്നിട്ടും നീയെന്റെ പ്രാർത്ഥന കേൾക്കാത്തതെന്ത്? നിന്നേ ഞാൻ സ്നേഹിക്കുന്നു ...ഭ്രാന്തമായി..."
റോസ്‌ലിന്റെ ഹൃദയം വിറയ്ക്കാൻ തുടങ്ങി.
സിദ്ധാർത്ഥൻ ഉദ്ദേശിക്കുന്നതെന്താണ്?
അവൻ കണ്ണുകൾ തുറന്നു.
അവളെ നിർവ്വികാരതയോടെ നോക്കി.
"ഇതാ ഞാൻ പ്രാർത്ഥനേം വിശ്വാസോം നിർത്തീത്!"
അവൻ പറഞ്ഞു.
"എന്റെ പ്രാർത്ഥനയ്ക്ക് നീ ഉത്തരം തന്നില്ലല്ലോ,"
"സിദ്ധൂ!"
അവൾ അൽപ്പം കൂടി അവനോടു ചേർന്നിരുന്നു.
"നീ ..."
സിദ്ധാർത്ഥൻ അവളെ കണ്ണിമയ്ക്കാതെ നോക്കി.
അവന്റെ കണ്ണുകളിൽ ഒരായിരം ദാഹപുഷ്പ്പങ്ങൾ വിരിയുന്നത് അവൾ കണ്ടു.
"നീയാണ് ..."
അവൻ സാവധാനം പറഞ്ഞു.
"നീയാണ് റോസ് ...ആ ദേവി..."
"എന്റെ സിദ്ധൂ,"

നിയന്ത്രിക്കാനാവാത്ത വികാരത്തള്ളിച്ചയിൽ റോസ്‌ലിൻ അവനെ ഇറുകെപ്പുണർന്നു.
"നീയറിഞ്ഞില്ലല്ലോ എന്റെ വിഷമം..."
അവന്റെ നെഞ്ചിലേക്ക് തന്റെ മാറിടത്തിന്റെ ഉത്തുംഗതയും അതിന്റെ വിസ്മിതമായ മൃദുത്വവും അമർത്തിക്കൊണ്ട് അവൾ പറഞ്ഞു.
"നിനക്ക് വേണ്ടി ഞാനെന്തോരം ഉരുകീന്ന്...എന്തേരെ വിഷമിച്ചെന്ന്..എന്തോരെ പ്രാർഥിച്ചെന്ന് ....എന്നിട്ട്...!"
കണ്ണുനീരിനിടയിൽ അവൾ പറഞ്ഞു.
സിദ്ധാർത്ഥന്റെ കൈകളും അവളെ വലയം ചെയ്തു.
തന്റെ നെഞ്ചിൽ അമരുന്ന അവളുടെ മുലകൾ തരുന്ന സുഖം സിദ്ധാർത്ഥനെ ആവേശത്തിലാക്കി.
ഇതുവരെ അറിയാത്ത ഒരു ഉണർവ്വ്...
ശരീരത്തിന്റെ സകല തന്മാത്രകളും പിടഞ്ഞെഴുന്നേൽക്കുന്നു.
ബഹിരാകാശത്തിലേക്കെന്നപോലെ മുമ്പോട്ട് കുതിക്കുന്നു.
റോസ്‌ലിന്റെ ആലിംഗനത്തിന്റെ ശക്തി കൂടി.
അവരുടെ അധരങ്ങൾ പരസ്പരം അടുത്തു.
ദിവ്യമെന്ന് തോന്നിയ ഒരു സുവർണ്ണമുഹൂർത്തത്തിൽ അവ പരസ്പരം സ്പർശിച്ചു.
അമർന്നു.
പാദം മുതൽ ശിരസ്സ്‌വരെ തീ ചിതറുന്ന ഒരനുഭവം റോസ്‌ലിൻ അറിഞ്ഞു.
അധരങ്ങൾ പരസ്പരം അമർന്നുരഞ്ഞു.
നനഞ്ഞു.
പിന്നെ അവന്റെ പല്ലുകൾ തന്റെ അധരത്തെ കൊത്തിവേദനിപ്പിക്കുന്നത് അവൾ അറിഞ്ഞു.
ആ സുഖത്തിൽ, അതിന്റെ പാരമ്യത്തിൽ അവൾ മുലകൾ വീണ്ടും ശക്തിയായി അവന്റെ നെഞ്ചിൽ അമർത്തി.
പെട്ടെന്ന് പുറത്തുനിന്ന് ബൈക്കുകളുടെ ശബ്ദം കേട്ടുതുടങ്ങി.
"അയ്യോ..ലത്തീഫ് ദാദായൊക്കെ വരുന്നുണ്ട്!"
അവൾ ചാടിയെഴുന്നേറ്റു.
തലമുടി മാടിയൊതുക്കി.
ഭിത്തിയിലെ കണ്ണാടിയിൽ മുഖം നോക്കി.
നിമിഷങ്ങൾക്കുള്ളി ലത്തീഫും സംഘവും മുറ്റത്ത് വന്നു.
സിദ്ധാർത്ഥനും എഴുന്നേറ്റു.
"റോസ്! സിദ്ധൂ! കമോൺ !!"
വിൻസെന്റ് വിളിച്ചുപറഞ്ഞു.
"എന്തോ കാര്യമുണ്ട്!"
റോസ്‌ലിൻ മന്ത്രിച്ചു.

സിദ്ധാർത്ഥനും റോസ്‌ലിനും മുറ്റത്തേക്ക് ഇറങ്ങി അവരുടെയടുത്തെക്ക് ചെന്നു.
"വാ, നമുക്കൊരിടം വരെ പോകണം!"
രാജു പറഞ്ഞു.
റോസ്‌ലിൻ ഷെറിന്റെ ബൈക്കിലും സിദ്ധാർത്ഥൻ ലത്തീഫിന്റെ ബൈക്കിലും കയറി.
സംഘം നദീതീരത്തേക്ക് പാഞ്ഞു.
ക്ഷേത്രപ്പടവിൽ അവർ എത്തിച്ചേർന്നു.
സംഘം പുൽപ്പരപ്പിലും പടവിലും ഇരുന്നു.
"സെയിന്റ് മേരീസിലെ പുതിയ ലക്ചറർ രാഹുൽ നാരായണനെ നമ്മൾ പലതവണ കോബ്രാഹിൽസിൽ കണ്ടു. രാത്രിയും പകലും..."
ലത്തീഫ് പറഞ്ഞു.
"അത് ഒരു കാര്യം ഉറപ്പിക്കുന്നു. അയാൾ വന്നത് നിധി ലക്ഷ്യമാക്കിയാണ്. അത്തരക്കാർക്ക് നാം നൽകിയിട്ടുള്ള ശിക്ഷ ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്,"
സംഘാംഗങ്ങൾ ആവെശോജ്ജ്വലരായി.
"അയാൾ ഇപ്പോൾ മെട്രോപ്പോളിറ്റൻ ക്ലബ്ബിൽ ഉണ്ട്,"
"എന്താ പ്ലാൻ?"
ആബിദ് ചോദിച്ചു.
"നമ്മൾ ഇപ്പോൾ ക്ലബ്ബിലേക്ക് പോകുന്നു,"
ദിവ്യ പറഞ്ഞു.
"അയാളെ പുറത്തേക്ക് വിളിപ്പിക്കുന്നു. ആദ്യം ഗാന്ധിജിയുടെ അഹിംസ. എന്ന് വെച്ചാൽ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി ഇന്ന് തന്നെ സ്ഥലം കാലിയാക്കാൻ നമ്മൾ ആവശ്യപ്പെടുന്നു. അതിനയാൾ വഴങ്ങിയില്ലെങ്കിൽ പിന്നെ ചേ ഗുവേരയുടെ സായുധവിപ്ലവം. സർക്കാരിന്റെ വികലാംഗപ്പെൻഷൻ പട്ടികയിൽ അയാളുടെ പേരുകൂടി സ്ഥാനം പിടിക്കുന്നു,"
കൂട്ടുകാർ ആരവത്തോടെ മുഷ്ടിചുരുട്ടി അവളുടെ വാക്കുകൾക്ക് പിന്തുണയേകി.
"ഇനി കോബ്രാഹിലസിലെക്ക് സഞ്ചരിക്കാൻ അയാൾക്ക് കാലുകൾ ഉണ്ടാകരുത്!"
അവൾ തുടർന്നു.
"ലത്തീഫ് ദാദയുടെ ദേഹത്ത് കൈവെച്ചിട്ടു ഞെളിഞ്ഞു നടക്കുന്ന ആ മാന്യദേഹത്തിന്റെ തിരുസ്വരൂപം എനിക്കൊന്ന് കാണണം!"
അവളുടെ കണ്ണുകളിൽ ദേഷ്യം ചിതറി.
"എന്നിട്ട് അടിച്ചു പരത്തണം അയാൾടെ മോന്തായം! ജനിപ്പിച്ച തള്ളയ്ക്ക് പോലും തിരിച്ചറിയാൻ പറ്റാത്ത രീതിയിൽ!"
ടോമി പറഞ്ഞു.
"ചിലപ്പോൾ അയാളുടെ കൂടെ ഒരു ഫോഴ്‌സ് തന്നെ കണ്ടേക്കാം. അതുകൊണ്ട് എക്സ്പെക്റ്റ് ദ വഴ്സ്റ്റ്!!"
ലത്തീഫ് ഓർമ്മിപ്പിച്ചു.
പിന്നെ അവർ ബൈക്കുകളിൽ കയറി.

തീവ്രമായ ആക്രമണ വീര്യത്തോടെ അവർ മെട്രോപോളിറ്റൻ ക്ലബ്ബിലെത്തിച്ചേർന്നു.
ബൈക്കുകളിൽ നിന്നും ചാടിയിറങ്ങി അകത്തേക്ക് കുതിക്കുന്ന ലത്തീഫിനെയും സംഘത്തെയും കണ്ട് ആളുകൾ അമ്പരന്നു.
"നാഗത്താൻ മലേൽ നിധിതേടി ആരോ എത്തീട്ടോണ്ട്,"
ഒരാൾ പറയുന്നതവർ കേട്ടു.
"ആ എന്നാ ഇന്നൊരു ശവമടക്ക് കൂടാം!"
മറ്റൊരാൾ അതിനോട് പ്രതികരിച്ചു.
അവർ ക്ലബ്ബിനുള്ളിലേക്ക് കടന്നു.
കോറിഡോറുകൾ പിന്നിട്ട് അവർ ഹാളിനുള്ളിലേക്ക് കുതിച്ചു.
ഹാൾ ഏകദേശം നിറഞ്ഞിരുന്നു.
ഒരു ഇംഗ്ലീഷ് ആൽബത്തിൽ നിന്നുള്ള പതിഞ്ഞ പാട്ട് .
അന്തരീക്ഷത്തിൽ സിഗരെറ്റ് പുക.
മദ്യപിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നവർ ഉച്ചത്തിൽ പൊട്ടിച്ചിരിക്കുകയും വർത്തമാനം പറയുകയും ചെയ്തുകൊണ്ടിരുന്നു.
ലത്തീഫിന്റെയും ദിവ്യയുടെയും നേതൃത്വത്തിൽ അവർ ഹാളിനുള്ളിലേക്ക് കയറി.
ദിവ്യ ഒരു നീല ജീൻസും ചുവന്ന ടീ ഷർട്ടും മഞ്ഞ നിറത്തിലുള്ള ജാക്കറ്റും ധരിച്ചിരുന്നു.
മുഖത്ത് സൺഗ്ലാസ്.
തലയിൽ ഒരു കൌബോയ് ഹാറ്റ്.
അവരെക്കണ്ടു ഹാൾ നിശബ്ദമായി.
ഒരു ആപത്ത് മുമ്പിൽ കണ്ടത് പോലെ അവർ ആ സംഘത്തെ വീക്ഷിച്ചു.
ലത്തീഫും ദിവ്യയും സംഘവും ഹാളിന്റെ മദ്ധ്യത്തിലേക്ക് പ്രവേശിച്ചു.
തന്നെ അദ്ഭുതത്തോടെ നോക്കുന്ന ഒരാളുടെ മേശക്കരികിൽ എത്തിയപ്പോൾ ദിവ്യ നിന്നു.
"മേനോൻ അങ്കിൾ!"
ദിവ്യ അയാളോട് ചോദിച്ചു.
"ഈ രാഹുൽ നാരായണൻ എവിടെ?"
അയാൾ അവരെ സംശയതോടെയും സംഭ്രമത്തോടെയും നോക്കി.
പിന്നെ അയാൾ മുമ്പിലേക്ക് വിരൽ ചൂണ്ടി.
"അതാ,"
അയാൾ ചൂണ്ടിക്കാണിച്ചിടത്തേക്ക് ലത്തീഫും കൂട്ടുകാരും ഒരുമിച്ച് നോക്കി.
അവിടെ ഒരു മേശയ്ക്ക് മുമ്പിൽ ഒരാൾ പുറം തിരിഞ്ഞിരിക്കുന്നു.
"എന്താ മോളെ ?"
മേനോൻ ദിവ്യയോട് ചോദിച്ചു.
ദിവ്യ അത് കേട്ടില്ല.
അവൾ സാവധാനം അയാളെ സമീപിച്ചു.
സംഘം അവളുടെ പിന്നാലെ നീങ്ങി.

ഹാളിലെ ജനക്കൂട്ടം നിശബ്ദതയോടെയും ഭീതിയോടെയും അടുത്തനിമിഷത്തിന് കാതോർത്തു.
"മിസ്റ്റർ രാഹുൽ നാരായണൻ!"
പുറം തിരിഞ്ഞിരിക്കുന്നയാളുടെയടുത്തെത്തി ദിവ്യ കാർക്കശ്യത്തോടെ വിളിച്ചു.
അയാൾ സാവധാനം തലതിരിച്ചു.
ദിവ്യ ഗൌരവത്തിൽ അയാളെ നോക്കി.
അയാൾ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ്, പ്രകാശത്തിൽ നിന്ന്, അവളെ നോക്കി.
"മൈ ഗോഡ്!!"
അയാളെക്കണ്ട് ദിവ്യ മന്ത്രിച്ചു.
ശരീരമാസകലം ഒരു മിന്നൽപ്രവാഹം അവൾ അറിഞ്ഞു.
തന്റെ ശ്വാസം നിലക്കുന്നതു പോലെ അവൾക്ക് തോന്നി.
തന്റെ ബോധത്തിന്റെയും ഓർമ്മകളുടെയും നിശ്ചല അഗാധതയിലേക്ക് ഒരു മഞ്ഞുമല വീണടിയുന്നത് അവൾ അറിഞ്ഞു.
ഹൃദയത്തിൽ നിന്ന് മിന്നൽപ്പിണർ പായുന്നതും.
"ഈശ്വരാ!"
അവൾ വീണ്ടും മന്ത്രിച്ചു.
ദിവ്യ സൺ ഗ്ലാസ് മുഖത്ത് നിന്നും മാറ്റി.
അയാളുടെ കണ്ണുകളിലേക്ക് നോക്കി.
അയാളും തന്റെ കണ്ണുകളിലെ ഭാഷതിരയുകയാണെന്ന് അവൾ അറിഞ്ഞു.
"യെസ്,"
അൽപ്പ നിമിഷങ്ങൾക്ക് ശേഷം അയാൾ പറഞ്ഞു.
"ഐം രാഹുൽ നാരായണൻ!"
ദിവ്യ തന്റെ ശിരസ്സിൽ നിന്ന് കൌബോയ് ഹാറ്റ് എടുത്തു. ഗ്ലാസ്സും ഹാറ്റും പിമ്പിൽ നിന്നിരുന്ന വിന്സെന്റിന്റെ കൈയിൽ അവൾ കൊടുത്തു.
പിന്നെ അവൾ അൽപ്പംകൂടി അയാളോടടുത്തു.
അയാളുടെ കണ്ണുകളിലേക്ക് നോക്കി അവൾ കൈകൾ കൂപ്പി.
തുടർന്ന്, കുനിഞ്ഞ്, തന്റെ രണ്ടു കൈത്തലങ്ങളും അയാളുടെ പാദത്തിൽ അർപ്പിച്ചു.
ലത്തീഫും സംഘവും വായ് തുറന്ന് കണ്ണുകൾ പിളർത്തി ആ കാഴ്ച നോക്കി നിന്നു.
പിന്നെ ദിവ്യ നിവർന്ന്, അയാളെ നോക്കി, തൊഴുകൈകളോടെ പിന്തിരിഞ്ഞു.
സ്തംഭിച്ചുനിൽക്കുന്ന തന്റെ കൂട്ടുകാരുടെയും ജനക്കൂട്ടത്തിന്റെയും ഇടയിലൂടെ പുറത്തേക്ക് നടന്നു.
"ദിവ്യേ!!"
ലത്തീഫ് ഉച്ചത്തിൽ വിളിച്ചു.
ദിവ്യ അത് കേട്ടില്ല.
ഈശ്വരാ, ഡാഡി കോലോത്ത് തന്നെ കാണണെ,"
അതിവേഗം ബൈക്ക് ഓടിച്ചുപോകവേ ദിവ്യ പ്രാർഥിച്ചു.

അവളുടെ മനസ്സ് നിറയെ രാഹുൽ നാരായണൻ ആയിരുന്നു.
അയാളുടെ രൂപം.
അയാളുടെ നോട്ടം.
അയാളുടെ ശബ്ദം.
ക്ലബ്ബിലെ സംഗീതത്തിലും മദിപ്പിക്കുന്ന അന്തരീക്ഷത്തിലും താൻ ആദ്യമായി കണ്ട അയാളുടെ രൂപം തന്റെ കണ്മുൻപിൽ നിന്ന് മായാതെ നിൽക്കുന്നതായി അവൾക്ക് തോന്നി.
വഴിയിൽ പലരെയും കണ്ടെങ്കിലും പലരും കൈവീശിക്കാനിച്ചെങ്കിലും ദിവ്യ അതൊന്നും കാണുകയോ അറിയുകയോ ചെയ്യുന്നുണ്ടായിരുന്നില്ല.
സഞ്ചരിക്കുന്ന നിരത്തും പച്ചപ്പുനിറഞ്ഞ ചുറ്റുപാടുകൾ കൂടിയും നിത്യമായി അപ്രതക്ഷ്യമായതായി അവൾക്ക് തോന്നി.
"ഡാഡിയുണ്ടോ റോബർട്ട് അങ്കിൾ?"
തുറന്നു വന്ന ഗേറ്റിലൂടെ അകത്തേക്ക് ബൈക്ക് ഓടിച്ചുകൊണ്ട് അവൾ ഗേറ്റ് കീപ്പറോട് ചോദിച്ചു.
"ഉണ്ട്, മോളെ,"
അയാൾ പറഞ്ഞു.
"എന്താ കാര്യം, മോളെ?"
അവളുടെ ആകാംക്ഷയും മുഖഭാവവും കണ്ട് അയാൾ തിരക്കി.
"അദ്ദേഹം വന്നു, റോബർട്ട് അങ്കിൾ!"
ഗാരേജിൽ ബൈക്ക് നിർത്തി അവൾ പറഞ്ഞു.
"അദ്ധേഹമോ? ആര് ?"
ഉത്തരം കൊടുക്കാതെ അവൾ തിടുക്കത്തിൽ അകത്തേക്ക് കയറിപ്പോയി.
"ഡാഡീ, ഡാഡീ!!"
ഹാളിലെത്തിയപ്പോൾ അവൾ തിടുക്കത്തിൽ വിളിച്ചു.
അവിടെ ആരുമുണ്ടായിരുന്നില്ല.
"ഈ ഡാഡീം മമ്മീം ഒക്കെ എവിടെപ്പോയി?"
അവൾ തിടുക്കത്തിൽ സ്റ്റെയർകെയ്സ് കയറി മുകളിലേക്ക് പോയി.
"ഇത്രേം സെൻസേഷണലായി ഒരു ന്യൂസ് വന്നപ്പം ആരും കേൾക്കാനില്ലേ?"
അവൾ പിറുപിറുത്തു.
എംബ്രോയിഡറി ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ പുറത്തേക്ക് വരികയായിരുന്നു ഗായത്രി ദേവി.
മുകളിലേക്ക് തിടുക്കത്തിൽ കയറിവരുന്ന ദിവ്യയെക്കണ്ട് അവർ അദ്‌ഭുതപ്പെട്ടു.
"നീയെന്തിനാ ഇങ്ങനെ ഓടുന്നത്, ദിവ്യേ?"
"മമ്മീ!!"
അവൾ കിതച്ചുകൊണ്ട് വിളിച്ചു.
"ഡാഡി? ഡാഡിയെവിടെ?"
"എന്താ കാര്യം?"

"മമ്മീ അദ്ദേഹം വന്നു!"
കിതപ്പ് മാറാതെ ദിവ്യ പറഞ്ഞു.
"അദ്ധേഹമോ? ആര്?'
ഗായത്രിദേവി സംശയത്തോടെ അവളെ നോക്കി.
പിന്നെ താഴേക്ക്, ഹാളിലേക്കും.
രാജശേഖരവർമ്മ ഇടനാഴിയിലൂടെ കടന്നുവരുന്നത് അവൾ കണ്ടു.
"മോള് ആരുവന്നെന്നാ ഇപ്പറയുന്നെ?"
അദ്ദേഹം ചോദിച്ചുകൊണ്ട് അടുത്തക്ക് വന്നു.
"ഓ, എന്റെ ഡാഡീ!"
അവൾ അദ്ദേഹത്തിന്റെയടുത്തെക്ക് ഓടിച്ചെന്നു.
അദ്ധേഹത്തിന്റെ ഇരുകൈകളും അവൾ കൂട്ടിപ്പിടിച്ചു.
"പിന്നെ ആവേശത്തോടെ പറഞ്ഞു,"
"ആരാണെന്ന് പറയു,"
അദ്ദേഹവും ഗായത്രിദേവിയും ദിവ്യയെ ഉറ്റുനോക്കി.
"ഡാഡി ഉജ്ജയിനിയിൽ പോയില്ലേ? ഗുരുജീടെ അടുത്ത്?ഗുരുജി ഒരാളെ അയക്കൂന്നു പറഞ്ഞില്ലേ, യാഗം നടത്താൻ? അദ്ദേഹം!"
"ഉവ്വോ?"
വിസ്മയത്താൽ ഗായത്രിദേവിയുടെ കണ്ണുകൾ വിടർന്നു.
രാജശേഖരവർമ്മയും അദ്ഭുതപരതന്ത്രനായി.
ഗായത്രിദേവി തിടുക്കത്തിൽ സ്റ്റെയർകേസിലൂടെ ഹാളിലേക്ക് പോകാൻ ഭാവിച്ചു.
"ഇവിടെ വന്നിട്ടില്ല, മമ്മി,"
അവരെ തടഞ്ഞുകൊണ്ട് ദിവ്യ പറഞ്ഞു.
"നമ്മുടെ വീട്ടിലല്ല,"
"പിന്നെയെവിടെ? ഈശ്വരാ, നേരാണോ? എന്നിട്ടെവിടെ മോളെ അദ്ദേഹം?"
"ഇവിടെ? ശാന്തിപുരത്ത്?"
രാജശേഖരവർമ്മയും ചോദിച്ചു.
"മോളെങ്ങനെയറിഞ്ഞു? മോളെങ്ങനെ അദ്ധേഹത്തെ തിരിച്ചറിഞ്ഞു? അദ്ദേഹം പറഞ്ഞോ?"
തിടുക്കം കൂട്ടാതെ എന്ന അർത്ഥത്തിൽ ദിവ്യ അദ്ധേഹത്തെ കൈകൾ ഉയർത്തി വിലക്കി.
"ഡാഡി ഉജ്ജയിനീന്നു അദ്ധേഹത്തിന്റെ ഫോട്ടോഗ്രാഫ്സ് ഉള്ള ഒരു പുസ്തകം കൊണ്ടുവന്നില്ലേ? അതേയാൾ ഇവിടെയുണ്ട്. അദ്ധേഹത്തെ തന്നെയാണ് ഞാൻ കണ്ടത്,"
"അത് മറ്റാരെങ്കിലുമായിരിക്കും,"
അദ്ദേഹം താൽപ്പര്യം കാണിക്കാതെ പറഞ്ഞു.
"മോൾ എവിടെ വെച്ചാ അദ്ധേഹത്തെ കണ്ടെ? സന്യാസ വസ്ത്രമല്ലേ?"
"അദ്ദേഹം ക്ലബ്ബിലുണ്ട് മമ്മീ,"

"ക്ലബ്ബിലോ!"
അവർ മുഖം ചുളിച്ചു.
"ഹാ മമ്മീ,"
അവൾ ആവേശത്തോടെ വിവരിച്ചു.
"ക്ലബ്ബിൽ. അദ്ധേഹത്തെ എല്ലാരും അറിയും. സെയിന്റ് മേരീസിലെ പുതിയ ലക്ചറർ. വില്യംസ് അങ്കിളിന്റെ മോനേ തീയിൽ നിന്ന് രക്ഷപ്പെടുത്തിയ ആൾ. നരിമറ്റം അങ്കിളിനെ വീട്ടിൽ കേറി ഡിഷ്യൂം ഡിഷ്യൂം കൈയും കാലും തല്ലിയൊടിച്ചയാൾ. വിനോദ് അങ്കിളിനോട് വഴക്കുണ്ടാക്കിയയാൾ. രാഹുൽ സാർ. രാഹുൽ നാരായണൻ."
"റബ്ബിഷ്!"
രാജശേഖര വർമ്മ പറഞ്ഞു.
അദ്ദേഹം അകത്തേക്ക് പോയി.
പിന്നാലെ ദിവ്യയും ഗായത്രിദേവിയും .
തന്റെ ലൈബ്രറിമുറിയിൽ കയറിയ അദ്ദേഹം ഷെൽഫിലേ പുസ്തകങ്ങളുടെ ഇടയിൽ നിന്ന് നീലപുറം ചട്ടയുള്ള ഒരു പുസ്തകമെടുത്തു.
പേജുകൾ മറിച്ച് സാത്വികശോഭയുള്ള ഒരു യുവാവിന്റെ ക്ലോസ് അപ് ചിത്രമുള്ള ഒരു പേജ് എടുത്തു.
"ഇതാണ് ആ യുവപുരോഹിതൻ,"
ആ പേജ് ദിവ്യയുടെ മുഖത്തിന് നേരെ വിടർത്തിപ്പി ടിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു.
"ഇദ്ദേഹം ഒരു മഹാതപസ്വിയാണ്, വേദജ്ഞാനിയാണ്, യോഗാചാര്യനാണ്, ത്രികാലജ്ഞാനിയും,"
"മനസ്സിലായി, മനസ്സിലായി,"
ദിവ്യ ചിരിച്ചുകൊണ്ട് അദ്ധേഹത്തിന്റെ കൈയിൽ നിന്ന് പുസ്തകം വാങ്ങി.
"ഡാഡി ബാക്കി പറയാൻ പോകുന്നതെന്താണ് എന്നെനിക്കറിയാം,"
അവൾ തുടർന്നു.
"ഈ രാജ്യത്ത് മാത്രമല്ല, യൂറോപ്പിലും അമേരിക്കയിലും ഇദ്ദേഹം പ്രസിദ്ധനാണ്, തെരുവിൽ വഴക്കിട്ട് സമ്പാദിച്ച കുപ്രസിദ്ധിയല്ല, പിന്നെ ഇദ്ദേഹത്തിന്റെ പേര് രാഹുൽ നാരായണൻ അല്ല, സത്യാനന്ദ് എന്നാണ് എന്നൊക്കെയല്ലേ? ഇതൊക്കെ എനിക്കും അറിയാം ഡാഡി. ഡാഡി ഈ പുസ്തകം കൊണ്ടുവന്ന അതേ ദിവസം വിഥിൻ ട്വന്റി ഫോറവേഴ്സ് ഞാൻ ഫിനിഷ് ചെയ്തതല്ലേ ഈ പുസ്തകം?"
"ദെൻ ഹൌ...?"
"അതൊന്നും എനിക്കറിയില്ല,"
ദിവ്യ തുടർന്നു.
"സംശയം നമുക്ക് ഇപ്പോൾ തീർക്കാം. ഈ പുസ്തകത്തിലെ അതെ സത്യാനന്ദ് തന്നെയാണ് ഞാനൽപ്പം മുമ്പ് കണ്ട രാഹുൽ നാരായണൻ എന്ന് ഞാൻ ഡാഡിയെ ബോധ്യപ്പെടുത്താം. കം ഡാഡി. ഹലോ ഗായത്രിദേവി തമ്പുരാട്ടി...നമുക്ക്

അദ്ധേഹത്തെ ഇപ്പോൾ തന്നെ കാണാം. അദ്ദേഹം ക്ലബിൽ തന്നെയുണ്ടാവും. അല്ലെങ്കിൽ ഗബ്രിയേൽ അച്ചന്റെ കൂടെ ചർച്ചിൽ കാണും,"
"ശരി,"
അദ്ദേഹം അവളോടൊപ്പം താഴേക്കിറങ്ങി.
"നല്ല കഥ!"
അൽപ്പം സംഭ്രമത്തോടെ ഗായത്രിദേവി പറഞ്ഞു.
"യാഗം നടത്തേണ്ട വൈദികൻ ക്ലബ്ബിൽ! ഇയാൾ തന്നെയല്ലേ ആ കള്ളക്കടത്തുകാരനുമായി തല്ലുപിടിച്ചത്?"
"സന്യാസം ഒക്കെ ഇപ്പൊ പുരോഗമിച്ചു മമ്മീ,"
അവരോടൊപ്പം താഴെക്കിറങ്ങവേ ദിവ്യ പറഞ്ഞു.
"ഇപ്പോൾ കംപ്ളീറ്റും ജനകീയമായി സന്യാസം. ഹൈടെക്. ഡിജിറ്റൽ. മാത്രമല്ല പർണ്ണാശ്രമമൊക്കെക്കെട്ടി ഏകാന്ത ധ്യാനം നടത്താൻ ഈ പ്ലാനെറ്റിൽ എവിടെയാ മമ്മി മരങ്ങളും വനവുമൊക്കെ?"
സ്റ്റെയർകേസ് ഇറങ്ങി പുറത്തു കടന്നപ്പോൾ വിനോദിന്റെ കാർ ഗേറ്റ് തുറന്ന് കടന്നു വന്നു.
"ആഹാ! വിനോദങ്കിളും എത്തിയല്ലോ!"
"താങ്ക് ഗോഡ്!"
ഡോർ തുറന്ന് പുറത്തിറങ്ങി ദിവ്യയെ നോക്കി വിനോദ് മേനോൻ പറഞ്ഞു.
"ദിവ്യ ഇപ്പം വന്നു ഇവിടെ?
"എന്താ വിനോദ്?"
സ്വരത്തിലെ പന്തികേട് തിരിച്ചറിഞ്ഞ് ഗായത്രിദേവി ചോദിച്ചു.
"അല്ല, അത്..."
തന്നെ ഭീഷണിപ്പെടുത്തി നോക്കുന്ന ദിവ്യയെ നോക്കി വിനോദ് പറഞ്ഞു.
"ക്ലബ്ബിൽ ദിവ്യേം കൂട്ടുകാരും ആ രാഹുൽ നാരായണനുമായി വഴക്കുണ്ടാക്കുകയാണെന്നറിഞ്ഞു ഓടി വന്നതാ ഞാൻ!"
"വഴക്കോ? ക്ലബ്ബിലോ? ഞാനോ?"
രാജശേഖരവർമ്മയും ഗായത്രിദേവിയും ഒരുമിച്ച് അവളെ നോക്കി.
"നോ, ഡാഡ, വി ജസ്റ്റ്... വഴക്കുണ്ടാകാൻ ആണേൽ ഓടി വന്ന് ഞാൻ അദ്ധേഹത്തെ കുറിച്ച് ഇങ്ങനെ..."
"ഉം..വേണ്ട വേണ്ട...!"
രാജശേഖര വർമ്മ പറഞ്ഞു.
"വിശദീകരിച്ച് സമയം കളയേണ്ട! മോൾടെ കാര്യങ്ങളിൽ ഒരു മിനിമം ധാരണ ഒക്കെയുള്ള ഒരച്ചനാണ് ഞാൻ,"
"കം, വിനോദ്,"
അദ്ധേഹം പറഞ്ഞു.
"നമുക്ക് ഒരിടം വരെ പോണം,'
തന്റെ മേഴ്സിഡസ് ബെൻസിന്റെ ഡോർ തുറന്ന് അദ്ധേഹം പറഞ്ഞു.

ഡ്രൈവർ ഓടി വന്നു.
"പ്രസാദ് വരണ്ട,"
ഡ്രൈവറോട് അദ്ദേഹം പറഞ്ഞു.
"ഞങ്ങൾ ഇവിടെ അടുത്ത് വരെയേ ഉള്ളൂ. ഞാൻ തന്നെ ഡ്രൈവ് ചെയ്തോളാം,"
പ്രസാദ് ഭവ്യതയോടെ മാറിനിന്നു.
ദിവ്യയും ഗായത്രിദേവിയും കാറിന്റെ പിമ്പിൽ കയറി.
രാജശേഖരവർമ്മ ഡ്രൈവിംഗ് സീറ്റിലും.
"എവിടേക്കാണ് സാർ?"
ഫ്രണ്ട് ഡോർ തുറന്ന്, ഇരുന്നുകൊണ്ട് വിനോദ് ചോദിച്ചു.
"ഒരു സന്യാസിയെ കാണാൻ,"
അദ്ദേഹം പറഞ്ഞു.
"ഒരു കോളേജ് അധ്യാപകനെയും കാണാൻ,"
"എവിടെയുണ്ട് ഈ രണ്ടു പേരും?"
"മെട്രോപ്പോലിറ്റൻ ക്ലബ്ബിൽ. അല്ലെങ്കിൽ സെയിന്റ് മേരീസ് ചർച്ചിൽ,"
വിനോദിന് ഒന്നും മനസ്സിലായില്ല.
അയാൾ പിമ്പിലെക്ക് നോക്കി.
"എന്താ കാര്യം?" എന്ന അർത്ഥത്തിൽ അയാൾ ദിവ്യയുടെ നേരെ കൈ കൊണ്ട് ആംഗ്യം കാണിച്ചു.
"രാഹുൽ നാരായണൻ"
അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.
* * * *
"ഏതാനും മാസങ്ങൾക്ക് മുമ്പ് വരെ മരണം ഒരു നിത്യസംഭവമായിരുന്നു കോബ്രാഹില്സിൽ,"
ജാലകത്തിലൂടെ, ദൂരെ കോബ്രാഹിൽസിലേക്ക് നോക്കി, കാൾ മാർക്സിന്റേതുപോലെയുള്ള തന്റെ ഇടതൂർന്ന നരച്ച താടിരോമങ്ങൾ തലോടിക്കൊണ്ട് ഫാദർ ഗബ്രിയേൽ പറഞ്ഞു.
രാഹുൽ അദ്ധേഹത്തിന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ടു.
"നിങ്ങൾ ചോദിച്ച രോഹിതിന്റെ ബോഡിയാണ് അവിടെ അവസാനം കാണപ്പെട്ടത്,"
മേഘങ്ങളുടെ ശുഭ്രവെൺമയ്ക്ക് താഴെ കോബ്രാഹിൽസിന്റെ ഗാഢമായ നീല നിറം കാറ്റിലിളകി.
"ഈ രോഹിത് ഇവിടുത്തെ ഇൻഡസ്ട്രിയലിസ്റ്റ് രാജശേഖരവർമ്മയുടെ എമ്പ്ലോയി ആയിരുന്നില്ലേ?"
പുരോഹിതൻ അയാളെ പുഞ്ചിരിയോടെ നോക്കി.
"അദ്ധേഹത്തിന്റെ ജനറൽ മാനേജരായിരുന്നു രോഹിത്. ഞാനറിയും അയാളെ. ഹി വാസ് റിയലി എക്സ്ട്രാ ഓർഡിനറി! എ ജീനിയസ്! സ്ട്രെയിറ്റ്. എബവ് ആൾ ഹോണസ്റ്റ്!"
"പക്ഷെ ഫാദർ..."

രാഹുൽ സംശയത്തോടെ പറഞ്ഞു.
"ഇപ്പോഴത്തെ സ്റ്റോറി അതല്ലല്ലോ. ഇവുടുത്തെ ആളുകൾ പറയുന്നു; ഇന്നും കൂടി ക്ലബ്ബിൽ ഞാൻ കേട്ടു, വർമ്മയെ അയാൾ കൂടെ നിന്ന് ചതിക്കയായിരുന്നു. അയാളുടെ ചില ഡോക്യുമെന്റ്സ്...എന്തോ ചില മാപ്പുകൾ മോഷ്ടിച്ചു, കോബ്രാഹിൽസിലേ നിധി കരസ്ഥമാക്കാൻ ശ്രമിച്ചു. കൊബ്രയുടെ കടിയേറ്റ് മരിച്ചു. എന്നൊക്കെ. ദെൻ ഹൌ കുഡ് ഹി ബി സ്ട്രെയിറ്റ്?"
ഫാദർ ഗബ്രിയേൽ കുറച്ചുനേരം ഓർമ്മകളിൽ നഷ്ടപ്പെട്ടു.
പിന്നെ തനിക്ക് അഭിമുഖമായി ഭിത്തിയിൽ തൂങ്ങിയ കലണ്ടറിലെ സെയിന്റ് ഫ്രാൻസീസ് ഓഫ് അസ്സീസിയിലെ പ്രാർഥനകളിലേക്ക് നോക്കി.
"അയാളെക്കുറിച്ച് കേൾക്കുന്ന കഥകളൊക്കെ ഞാനും അറിയുന്നുണ്ട്,"
അൽപ്പം കഴിഞ്ഞ് അദ്ദേഹം തുടർന്നു.
"പക്ഷെ, രാഹുൽ, അങ്ങനെയോന്നുമായിരുന്നില്ല ഞാൻ അറിയുന്ന രോഹിത്,"
ഫാദർ ഗബ്രിയേൽ അയാളെ നോക്കി.
രാഹുൽ അദ്ധേഹത്തെയും.
"ഒരു സംഭവത്തിനും ആ സംഭവത്തെക്കുറിച്ച് നാം പിന്നീട് കേൾക്കുന്നതിനും ഇടയിൽ ഒരു പാട് അന്തരമുണ്ട്,"
രാഹുൽ മൌനമാചരിച്ചു.
"എന്നെപ്പോലെ ഒന്നുരണ്ടുപേർ രോഹിതിൽ വിശ്വസ്സിക്കുന്നുണ്ട്. നമ്മുടെ കോളേജിലെ ലക്ചറർ ഷാർമ്മിലി. പിന്നെ ഇതേ ഇൻഡസ്ട്രിയലിസ്റ്റ് രാജശേഖരവർമ്മയുടെ മകൾ ദിവ്യ. ദിവ്യ രാജകുമാരി,"
രാഹുൽ താൽപ്പര്യത്തോടെ അദ്ധേഹത്തെ നോക്കി.
"രാഹുൽ ഒരു പക്ഷെ ദിവ്യയെക്കുറിച്ച് കേട്ടിട്ടുണ്ടാവും,"
അദ്ദേഹം തുടർന്നു.
"അവളെക്കുറിച്ച് ആദ്യമുണ്ടാവുന്ന ഇമ്പ്രഷൻ അതാ പോസിറ്റീവ് അല്ല. ഒരു സ്വയം പ്രഖ്യാപിത മോറൽ പോലീസ് ഉണ്ട്, ഇവിടെ. ഒരു ഗാങ്ങ്. സ്ട്രീറ്റ് ഫൈറ്റ് ആണ് മുഖ്യ ഇനം. പക്ഷെ എനിക്കാ കുട്ടികളെ ഒരുപാട് ഇഷ്ടമാണ്. ഓരോരുത്തരും ഹൈലീ റ്റാലന്റഡ് ആണ്. അതിലെ മിക്കവരും നമ്മുടെ കോളേജിലെ കുട്ടികളുമാണ്. ആ ഗാങ്ങിലെ ഒരു സുപ്രധാന അംഗമാണ് പത്ര മാസികകൾ ഒരു ദേവതാ പരിവേഷത്തോടെ അവതരിപ്പിക്കുന്ന ഈ ദിവ്യ,"
"പത്ര മാസികകളോ?"
രാഹുൽ അദ്ഭുതത്തോടെ, സംശയത്തോടെ ചോദിച്ചു.
"അതേ...ഉദാഹരണത്തിന് ...."
ഫാദർ ഗബ്രിയേൽ താനിരിക്കുന്നതിന് പിമ്പിലുണ്ടായിർന്ന ഷെൽഫിന്റെ ഒരു അറയിൽ നിന്ന് തീരെ പഴയതല്ലാത്ത ഒരു പത്രമെടുത്തു.
"ഇത് ഒരു മാസം മുമ്പുള്ള 'ദി ഹിന്ദു'വിന്റെ സണ്ടേ മാഗസിനാണ്,"
അതിന്റെ പേയ്ജുകൾ വിടർത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു.

വിടർത്തിയ ഒരു പേയ്ജ് അദ്ദേഹം രാഹുലിന്റെ കണ്ണുകൾക്ക് അഭിമുഖമായി പിടിച്ചു.
അതിസുന്ദരിയായ ഒരു യുവതിയുടെ ചിത്രത്തിൽ രാഹുലിന്റെ കണ്ണുകൾ തറഞ്ഞു. ആ പേജിലെ മുഖ്യതലക്കെട്ട് അയാൾ വായിച്ചു.
"ദ പ്രിൻസസ് വിത്ത് എ ഹീലിംഗ് ടച്ച്"
സ്പർശനത്തിലൂടെ രോഗസൌഖ്യം നൽകുന്ന രാജകുമാരി!
രാഹുൽ പത്രം അദ്ധേഹത്തിന്റെ കൈയിൽ നിന്നും വാങ്ങി.
"മെഡിക്കൽ കോളേജിലെ വിദഗ്ദ ഡോക്റ്റർമാർ പോലും കൈയൊഴിഞ്ഞ പല കേസുകളും ദിവ്യാ രാജകുമാരി അദ്ഭുതകരമായി വിജയിപ്പിച്ചിട്ടുണ്ട്. അപൂർവ്വ ഇനം ഔഷധ സസ്യങ്ങളുടെ ഇലകൾ, പൂവുകൾ, തണ്ടുകൾ, തോൽ, വേരുകൾ, വിത്തുകൾ...ഇവയൊക്കെ തന്റേതായ ചില പ്രത്യേക രീതികളിലൂടെ അവൾ മന്ത്ര ശക്തിയുള്ള മരുന്നുകളാക്കി മാറ്റുന്നു. രക്തസ്രാവം മുതൽ മസ്തിഷ്ക ജ്വരം വരെയുള്ള മാറാവ്യാധികൾക്ക് അത് മൃത സഞ്ജീവനിയാകുന്നു....അവളെക്കുറിച്ച് പറയുമ്പോൾ സൂപ്പർലേറ്റീവ്സ് മാത്രമേ എന്റെ ഭാഷയിലുള്ളൂ. സൌന്ദര്യത്തിൽ, ആഭിജാത്യത്തിൽ, സ്വഭാവമഹിമയിൽ, ബുദ്ധിശക്തിയിൽ ...ക്ലാസ്സിക് കഥകളിലെ ഒരു ഹീറോയിൻ!"
ഫാദർ ഗബ്രിയേൽ ശാന്തിപുരത്തിന്റെ പുരോഹിതൻ, വാചാലനായി.
"ലെറ്റ്സ് കം റ്റു ദ പോയിന്റ്,"
പെട്ടെന്നോർമ്മിച്ച് അദ്ദേഹം പറഞ്ഞു.
"നമ്മൾ രോഹിതിനെ കുറിച്ചാണ് പറഞ്ഞു കൊണ്ടിരുന്നത്. അവൻ ഈ ഷാർമ്മിലിയുമായി സ്നേഹത്തിലായിരുന്നു. അവരുടെ സ്നേഹത്തിന്റെ തീവ്രതയ്ക്ക് ഞാൻ സാക്ഷിയാണ്. പക്ഷെ രോഹിതിന്റെ മരണത്തിന് ശേഷം ....ഷി വാസ് ഷാറ്റെഡ്. അവനെക്കുറിച്ചുള്ള ഓർമ്മകളാണ് അവളെ മുൻപോട്ടു ജീവിപ്പിക്കുന്നത്. പിന്നെ ദിവ്യാ രാജകുമാരി. അവൾക്കും രോഹിതിന്റെ മരണം ഒരു ഷോക്ക് ആയിരുന്നു. അച്ഛനമ്മമാരേക്കാളും രോഹിതിനോടായിരുന്നു അവൾക്കടുപ്പം. ഇവർ രണ്ടുപേരും രോഹിത് നിരപരാധിയാണ് എന്ന് ഉറച്ചു വിശ്വസിക്കുന്നു,"
ജാലകത്തിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ ഒരു നീല മേഴ്സിഡസ് കാർ വരുന്നത് അദ്ദേഹം കണ്ടു.
"പക്ഷെ തെളിവുകളെല്ലാം ആളുകളുടെ അഭിപ്രായത്തെ ശരിവെക്കുന്നു. ഞാൻ ചിന്തിക്കാറുണ്ട്, പലപ്പോഴും, രോഹിതിന്റെ മരണത്തിനു പിമ്പിലെ രഹസ്യമെന്തായിരിക്കാം എന്ന്,"
അൽപ്പം മുന്പ് കണ്ട മെഴ്സിഡസ് കാർ പള്ളിമുറ്റത്ത് വന്നു നിന്നു.
അതിൽനിന്ന് വിനോദ് മേനോൻ ഇറങ്ങുന്നത് രാഹുൽ കണ്ടു.
അയാൾക്ക് പിമ്പിൽ ദീർഘകായനായ ഒരു മധ്യവയസ്ക്കൻ.
അതിനു ശേഷം സൌന്ദര്യവും കുലീനത്വവുമുള്ള ഒരു സ്ത്രീ.
ഏറ്റവും അവസാനം അതിസുന്ദരിയായ ഒരു യുവതിയും.

"രാഹുൽ...ആ വരുന്നതാണ് ദിവ്യാ ഗ്രൂപ്പ് ഇൻഡസ്ട്രീസിന്റെ ചെയർമാൻ മിസ്റ്റർ രാജശേഖരവർമ്മ. ഹിസ് ഹൈനെസ് രാജശേഖരവർമ്മ,"
ഏറ്റവും മുമ്പിൽ നടന്നു വരുന്ന ദീർഘകായനെ നോക്കി ഫാദർ ഗബ്രിയേൽ പറഞ്ഞു.
അദ്ധേഹത്തിന്റെ കുലീനത്വവും രാജകീയവുമായ ചലനങ്ങൾ രാഹുൽ നോക്കി നിന്നു.
ചരിത്രം നിർമ്മിക്കുകയും നിയന്ത്രിക്കുകയും ചെയ്ത ദേശാഭിമാനികളായ ഭരണാധികാരികളുടെ നീണ്ട ഒരു നിരയാണ് അദ്ധേഹത്തിനു മുമ്പ് കടന്നുപോയതെന്ന് അയാൾ അറിഞ്ഞു.
കസവ് മുണ്ടും ക്രീം നിറത്തിലുള്ള കുർത്തയും അതിന്മേൽ ചാരനിറത്തിൽ രു ഷാളും അദ്ദേഹം അണിഞ്ഞിരുന്നു.
സ്വർണ്ണ ഫ്രെയിമുള്ള കണ്ണടയ്ക്കുള്ളിൽ ആജ്ഞാശക്തിയുള്ള കണ്ണുകൾ രാഹുൽ കണ്ടു.
"അദ്ധേഹത്തിന്റെ പിമ്പിൽ..മഹാറാണി, ഗായത്രിദേവി തമ്പുരാട്ടി,"
ഫാദർ ഗബ്രിയേൽ പറഞ്ഞു.
കസവ് സാരിയും കസവ് ബ്ലൌസുമണിഞ്ഞു, രാജശേഖരവർമ്മയുടെ പിമ്പിൽ നടന്നടുക്കുന്ന ഗായത്രിദേവിയെ രാഹുൽ നോക്കി.
സൌന്ദര്യവും ക്ഷാത്രതേജസ്സും നിറഞ്ഞ രൂപം.
"അവർക്ക് പിമ്പിൽ വിനോദ് മേനോൻ,"
ഫാദർ ഗബ്രിയേൽ തുടർന്നു.
"ദിവ്യാ ഗ്രൂപ്പ് ഇൻഡസ്ട്രീസിന്റെ എക്സിക്യൂട്ടീവ് ടീമിൽ. മിസ്റ്റർ വർമ്മയുടെ അടുത്ത ഫാമിലി ഫ്രണ്ട്,"
ഒരു കമ്പനി എക്സിക്യൂട്ടീവിന്റെ വേഷമായിരുന്നു വിനോദിന്.
"ങ്ഹാ, രാഹുൽ,"
ഫാദർ ഗബ്രിയേൽ ഉത്സാഹത്തോടെ പറഞ്ഞു.
"ഏറ്റവും പിമ്പിൽ ...അതാണ് ദിവ്യാ രാജകുമാരി. സൂര്യവംശത്തിലെ സകല പ്രതാപങ്ങളുടെയും ഏക അവകാശി. ദ പ്രിൻസസ് വിത്ത് എ ഹീലിംഗ് ടച്ച്!"
അവൾ ഒരു നീല ജീൻസും ചുവന്ന ടീ ഷർട്ടും ധരിച്ചിരുന്നു.
ടീ ഷർട്ടിനുമേൽ മഞ്ഞ നിറമുള്ള ഒരു ജാക്കറ്റ്.
ആ വസ്ത്രങ്ങളിൽ അവളുടെ ശരീര വടിവുകളുടെ വശ്യത ദൃശ്യമായിരുന്നു.
സമൃദ്ധമായ മുടി തോളിന്റെ ഇരുവശത്തും കാറ്റിലുലയുന്നു.
നീണ്ടു വിടർന്ന കണ്ണുകളുടെ മനോഹരിതയിൽ താരുണ്യത്തിന്റെ കാന്തികത നിറഞ്ഞിരിക്കുന്നു.
യൌവ്വനാരംഭത്തിലെ ഗ്രീഷ്മ വികാരങ്ങൾ അടക്കിയൊളിപ്പിച്ച, ഏതു ബ്രഹ്മചാരിയുടെ ഉള്ളിലും മോഹമുണർത്തുന്ന അത്യാകർഷകമായ ചുവന്ന ചുണ്ടുകൾ.
നീണ്ട് ഭംഗിയുള്ള മൂക്ക്.

തുടുത്തു വിസ്മിതമായ കവിളിണകൾ.
ശിൽപ്പഭംഗിയുള്ള അരക്കെട്ട്.
മാരവികാരങ്ങൾ ഉണർത്തുന്ന നിതംബം.
നടക്കുമ്പോൾ പതിയെ ഉലയുന്ന നിറമാറ്.
തന്റെ കണ്ണുകൾ അവളിൽ തറഞ്ഞിരിക്കയാണ് എന്ന് വൈകിയാണ് രാഹുൽ മനസ്സിലാക്കിയത്.
"അവരെന്താ ഫാദർ, ഇവിടെ?"
"ഹാ...അതാണിപ്പോൾ എനിക്കും മനസ്സിലാകാത്തത്,"
ഫാദർ ഗബ്രിയേൽ എഴുന്നേറ്റു.
"ഈ ഫാമിലി പരേഡ്! അതും എന്നെ കാണാൻ!"
അവർ വാതിൽക്കൽ എത്തിയപ്പോൾ രാഹുലും എഴുന്നേറ്റു.
"നമസ്ക്കാരം,യുവർ ഹൈനെസ്,"
കൈകൾ കൂപ്പിക്കൊണ്ട് ഫാദർ ഗബ്രിയേൽ പറഞ്ഞു.
"പുഞ്ചിരിയോടെ, കൂപ്പുകൈകളോടെ അവരും അദ്ധേഹത്തിന്റെ സ്വാഗതം സ്വീകരിച്ചു.
"പ്ലീസ്,"
തന്റെ മുമ്പിലെ ഇരിപ്പിടങ്ങൾ ചൂണ്ടിക്കാട്ടി ഫാദർ ഗബ്രിയേൽ പറഞ്ഞു.
"താങ്ക് യൂ, ഫാദർ,"
രാജശേഖരവർമ്മ പറഞ്ഞു.
അദ്ദേഹം ഫാദർ ഗബ്രിയെലിനു അഭുമുഖമായി ഇരുന്നു.
തൊട്ടടുത്ത് ഗായത്രിദേവിയും.
"മിസ്റ്റർ വിനോദ്, താങ്കളും ഇരിക്കൂ,"
ഫാദർ ഗബ്രിയേൽ വിനോദ് മേനോനെ നോക്കി.
അയാൾ രാജശേഖര വർമ്മയുടെ പിമ്പിൽ ഇരുന്നു.
"ദിവ്യേ, മോളും ഇരിക്കൂ,"
രാഹുലിന്റെ മുഖത്തേക്ക് ഇമകളനക്കാതെ നോക്കുകയായിരുന്ന ദിവ്യയോട് അദ്ദേഹം പറഞ്ഞു.
ഒന്ന് മടിച്ച് ദിവ്യ ഗായത്രിദേവിയുടെ അടുത്ത് ഇരുന്നു.
എല്ലാവരുടെയും കണ്ണുകൾ രാഹുലിന്റെ മുഖത്താണെന്നു ഫാദർ ഗബ്രിയേൽ കണ്ടു.
"ഹാ..."
അത് ശ്രദ്ധിച്ച് അദ്ദേഹം പറഞ്ഞു.
"ഇദ്ദേഹത്തെ നിങ്ങൾക്ക് പരിചയമില്ലായിരിക്കാം. രണ്ടാഴ്ച്ചയായി ഇദ്ദേഹം ഇവിടെ വന്നിട്ട്. നമ്മുടെ കോളേജിൽ. ഫിസിക്സ് ഡിപ്പാർട്ട്മെന്റ്. പേര് രാഹുൽ നാരായണൻ,"
രാഹുൽ അവരുടെ നേരെ നോക്കി കൈകൾ കൂപ്പി.
അവർ തിരിച്ചും.
"പിന്നെ, രാഹുൽ..."

അദ്ദേഹം രാഹുലിന്റെ നേരെ തിരിഞ്ഞു.
"ഇവരെ അറിയാമല്ലോ. പാഠപുസ്തകങ്ങളിലൊക്കെ പഠിച്ചിട്ടുണ്ടായിരിക്കും ഇദ്ദേഹത്തിന്റെ ഫാമിലിയെപ്പറ്റി. ഇത് ഹിസ് ഹൈനെസ് രാജശേഖരവർമ്മ,"
അദ്ദേഹം രാഹുലിന്റെ നേരെ കൈകൾ കൂപ്പി.
അത് ഫാദർ ഗബ്രിയേലിനെപ്പോലെ രാഹുലിനെയും അമ്പരപ്പിച്ചു.
"പിന്നെ ഇവർ മഹാറാണി, ഗായത്രിദേവി തമ്പുരാട്ടി,"
അവരും രാഹുലിനെ വണങ്ങി.
"ഇത് ഇവരുടെ ഏകമകൾ,"
അദ്ദേഹം ദിവ്യയെ നോക്കി.
അവൾ മിഴികളുയർത്തി.
വീണ്ടും കൈകൾ കൂപ്പി.
"ദിവ്യ. ഹെർ എക്സലൻസി ദിവ്യാ വർമ്മ,"
ഫാദർ ഗബ്രിയേലിന്റെ സ്വരം അവർ കേട്ടു.
"നോ ...സാർ ...ഞാൻ ..."
രാഹുൽ തന്റെ നേരെ കൈകൾ കൂപ്പാൻ തുടങ്ങിയപ്പോൾ വിലക്കിക്കൊണ്ട് അവൾ പെട്ടെന്ന് പറഞ്ഞു.
അത് വകവെയ്ക്കാതെ അയാൾ അവളെയും വണങ്ങി,"
അവൾ അദ്ഭുതത്തോടെ അയാളെ നോക്കി.
അയാളുടെ കണ്ണുകൾ തന്റെ കണ്ണുകളുടെ ആഴങ്ങളെ സ്പർശിക്കുന്നത് അവൾ അറിഞ്ഞു.
ഫാദർ പിന്നെ വിനോദ് മേനോനെ പരിചയപ്പെടുത്തുകയും അവർ പരസ്പരം വന്ദിക്കുകയും ചെയ്തു.
"ഹാ, പിന്നെ ...'
ഫാദർ ഗബ്രിയേൽ തന്റെ അതിഥികളെ നോക്കി.
"എല്ലാവരെയും ഒരുമിച്ചു സ്വീകരിക്കാൻ കഴിഞ്ഞതിൽ വലിയ സന്തോഷം. എന്ത് സഹായമാണ്, ഞാൻ..."
"ഫാദർ,"
രാഹുലിന്റെ മുഖത്ത് നിന്ന് ദ്രിഷ്ട്ടികൾ മാറ്റി അദ്ദേഹം ചോദിച്ചു.
"ഒഎള സത്യം അറിയാൻ വന്നതാണ് ഞങ്ങൾ,"
അദ്ധേഹതിന്റ്റ് വിചിത്രമായ ആവശ്യം കേട്ട് ഫാദർ ഗബ്രിയേൽ അൽപ്പം അമ്പരന്നു.
"ക്ഷമിക്കണം, എനിക്ക് മനസ്സിലായില്ല,"
പുഞ്ചിരിയോടെ അദ്ധേഹം പറഞ്ഞു.
അവർ എല്ലാവരും രാഹുലിന്റെ മുഖത്തേക്ക് നോക്കിയിരിക്കുകയാണ്.
ഫാദർ ഗബ്രിയേലിനോട്ഇനി എന്താണ് പറയേണ്ടതെന്നറിയാതെ രാജശേഖരവർമ്മ കുഴങ്ങി.
"എങ്ങനെ പറയണം എന്ന് എനിക്കറിയില്ല,"

രാജശേഖരവർമ്മ പറഞ്ഞു.
"ഞങ്ങൾ മെട്രോപ്പോലിറ്റൻ ക്ലബ്ബിൽ പോയ്യുന്നു. അവിടെ അങ്ങ് ഉണ്ടാവുമെന്ന് കരുതി,"
രാഹുലിനെ അദ്ദേഹം 'അങ്ങ്' എന്ന് സംബോധന ചോയ്തത് ഫാദർ ഗബ്രിയേലിനെ അദ്ഭുതപ്പെടുത്തി.
രാഹുലും അതുകേട്ട് ആശ്ചര്യപ്പെടുന്നത് അദ്ദേഹം കണ്ടു.
അതിനിടയിൽ മറ്റൊരു കാര്യം കൂടി ഫാദർ ഗബ്രിയേലിന്റെ ശ്രദ്ധയിൽ പെട്ടു.
ദിവ്യ പരിസരം മറന്ന്, ഒരു സ്വപ്നലോകത്തിലെന്ന പോലെ രാഹുലിന്റെ മുഖത്തേക്ക് നോക്കിയിരിക്കുന്നു.
"അങ്ങയുടെ പേര് രാഹുൽ നാരായണൻ എന്ന് തന്നെയാണോ?"
ഇത്തവണ ചോദ്യം വന്നത് ഗായത്രിദേവിയിൽ നിന്നാണ്.
ഫാദർ ഗബ്രിയേലും രാഹുലും പരസ്പരം നോക്കി.
"അങ്ങ് ക്ഷമിക്കണം എന്റെ ചോദ്യം അങ്ങയെ ..."
ഗായത്രി ദേവി മുഴുമിപ്പിക്കുന്നതിന് മുമ്പ് പുറത്ത് മറ്റൊരു വാഹനം വന്നു നിൽക്കുന്ന ശബ്ദം കേട്ടു.
ഒരു വെളുത്ത സാൻട്രോയുടെ മുൻഭാഗത്തെ ഡോർ തുറക്കപ്പെടുന്നതും അതിൽനിന്ന് സന്ന്യാസ വേഷധാരിയായ ഒരു മധ്യവയസ്ക്കൻ ഇറങ്ങുന്നതും അവർ കണ്ടു.
അയാൾ പിൻഭാഗത്തെ ഡോർ തുറന്നു.
തുറക്കപ്പെട്ട പിൻ ഡോറിൽ നിന്ന് ദീർഘകായനായ ഒരു വൃദ്ധസന്ന്യാസി ഇറങ്ങുന്നത് അവർ കണ്ടു.
"ഗുരുജി ദേവനാരായണൻ!"
രാജശേഖര വർമ്മ മന്ത്രിച്ചു.
ഫാദർ ഗബ്രിയേലും രാഹുലും മറ്റെല്ലാവരും പുറത്തേക്ക് നടന്നു.
ഗായത്രിദേവിയും ദിവ്യയും രാജശേഖരവർമ്മയും തങ്ങളുടെ നേരെ നടന്നടുക്കുന്ന ദീർഘകായനായ ആ ഋഷിവര്യന്റെ നേരെ കൈകൾ കൂപ്പുന്നത് ഫാദർ ഗബ്രിയേൽ കണ്ടു.
എന്നാൽ അദ്ധേഹത്തെ അട്ഭുതപ്പെടുത്തിയത് രാഹുലിന്റെ കണ്ണുകളിൽ വിടർന്ന വിസ്മയമാണ്.
മഹർഷി ദേവനാരായണന്റെ കണ്ണുകൾ രാഹുലിന്റെ മുഖത്താണെന്ന് എല്ലാവരും കണ്ടു .
അവർ അദ്ഭുതപ്പെട്ടു നോക്കി നിൽക്കെ രാഹുൽ തൊഴുകൈകളോടെ അദ്ധേഹത്തെ സമീപിച്ചു. അയാൾ അദ്ധേഹത്തിന്റെ അടുത്തെത്തി.
അയാൾക്ക് അഭിമുഖമായി മഹർഷി ദേവനാരായണൻ നിന്നു.
രാഹുലിന്റെ കൈകൾ അദ്ധേഹത്തിന്റെ പാദങ്ങളെ സമീപിക്കുന്നതും സ്പർശിക്കുന്നതും അവർ കണ്ടു.
മഹർഷി ദേവനാരായണൻ കുനിഞ്ഞ് അയാളെ പിടിച്ച് എഴുന്നേൽപ്പിച്ചു.

പുഞ്ചിരിയോടെ അദ്ദേഹം രാഹുലിനെ നോക്കി.
പിന്നെ വാത്സല്യപൂർവ്വം അയാളെ മാറിലണച്ചു.
"അച്ഛാ, ഞാൻ..."
ആലിംഗനത്തിന്റെ സുഖാനുഭൂതിയിൽ നിറഞ്ഞ് രാഹുൽ മന്ത്രിച്ചു.
ഫാദർ ഗബ്രിയേലിന്റെ മുഖം ചിന്താഗ്രസ്തമായി.
രണ്ടാഴ്ച്ചയിലേറെയായി, തന്നോടൊപ്പം താമസിക്കുകയും സംവേദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അനിതരസാധാരണമായ ബുദ്ധിശക്തിയുള്ള ഈ ചെറുപ്പക്കാരൻ വാസ്തവത്തിൽ ആരാണ്?
കൂടുതൽ ചിന്തിക്കുന്തോറും തന്റെ ഓർമ്മകൾ ഉണരുന്നത് അദ്ദേഹം അറിഞ്ഞു.
അവസാനം തിരിച്ചറിവിന്റെ ഒരു ധന്യമുഹൂർത്തത്തിൽ അദ്ധേഹത്തിന്റെ കണ്ണുകൾ വിടർന്നു.
ദൈവമേ, ഇത്...?
അപ്പോഴും മഹർഷിദേവനാരായണന്റെ കരവലയത്തിലായിരുന്ന രാഹുൽ നാരായണനെ അദ്ദേഹം കണ്ണിമയ്ക്കാതെ നോക്കി.
രാജശേഖരവർമ്മയും ഗായത്രിദേവിയും ദിവ്യയും വിനോദും അതിരില്ലാത്ത അദ്ഭുതത്തോടെ വികാരനിർഭരമായ ആ രംഗത്തിന് സാക്ഷികളായി നിന്നു.
തന്റെ മുമ്പിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് സ്വപ്നതുല്യമായ കാര്യങ്ങളായി ദിവ്യക്ക് തോന്നി.
ക്ലബ്ബിൽ വെച്ച് രാഹുൽ നാരായണനെ ആദ്യമായി കണ്ടപ്പോൾ തന്നെ തന്റെ മനസ്സ് മാന്ത്രികവും അജ്ഞാതവുമായ ഒരു വലയത്തിനകത്തായിക്കഴിഞ്ഞു എന്ന് അവൾ അറിഞ്ഞിരുന്നു.
പക്ഷെ ഇദ്ദേഹം എങ്ങനെ ഒരു സന്യാസിയാകും?
ഗന്ധർവ ഭംഗിയുള്ള ഈ യുവാവിന് ചക്രവർത്തിനിമാരും രാഷ്ട്രത്തലവന്മാരും മുതൽ എഴുത്തുകാരും സാധാരണ ജനങ്ങളും വരെയുള്ള ജനാവലിയെ അഭിസംബോധന ചെയ്യുന്ന ഒരു മഹാഋഷിയായിത്തീരാൻ എങ്ങനെ കഴിയും?
അനുച്ചരന്മാരുടെ രക്ഷാകവചം ഭേദിച്ച് നരിമറ്റം വർക്കിയെ വീട്ടിൽക്കയറി ആക്രമിച്ചയാൾ!
തന്റെ പ്രിയ സുഹൃത്തായ ലത്തീഫ് ദാദയെ ആക്രമിച്ച് കീഴ്പെടുത്തിയവൻ!
തന്റെ മാനത്തെയും ജീവനെയുമപഹരിക്കുവാൻ കരുക്കൾ നീക്കിക്കൊണ്ടിരിക്കുന്ന ജയകൃഷ്ണനെയും അയാളുടെ സംഘത്തെയും നിയമത്തിന്റെ വരുതിയിൽ കൊണ്ടുവന്നവൻ!
കോബ്രാഹിൽസിൽ നിധിതേടിയെത്തിയവരിൽ ഒരാൾ എന്ന് വിശ്വാസിക്കപ്പെടുന്നവൻ!
രാത്രിയുടെ അസാധാരണ സമയങ്ങളിൽ കോബ്രാഹിൽസിന്റെ ശിഖരങ്ങളിൽ ചുറ്റിക്കറങ്ങുന്നവൻ എന്ന് തന്റെ സുഹൃത്തുക്കളാൽ നിരീക്ഷിക്കപ്പെട്ടവൻ!
ഈ വിശേഷണങ്ങളോട് കൂടി ഒരാൾക്ക് സന്യാസിയായി നിലനിൽക്കാൻ സാധ്യമാണോ?

ഇമാകളനക്കാതെ അവൾ അയാളെത്തന്നെ നോക്കിനിന്നു.
പ്രിയങ്കയും ഷെറിനും റോസ്‌ലിനും രാഹുലിനെക്കുറിച്ച് പറഞ്ഞത് ദിവ്യ ഓർത്തു.
വളരെ വാചാലമായി ആണ് അവർ പറഞ്ഞത്.
കണ്ടുകഴിഞ്ഞാൽ കണ്ണുകൾ പറിച്ചെടുക്കാൻ തോന്നില്ലത്രേ.
ഏത് പെണ്ണും സ്വന്തമാക്കാൻ ആഗ്രഹിക്കുമത്രേ.
ശരിയാണ്.
ആത്മാവിനെ സ്പർശിക്കുന്ന കാന്തികശക്തിയാണ് ഈ ഗന്ധർവന്റെ കണ്ണുകൾക്ക്.
അവരുടെ സൌന്ദര്യവീക്ഷണത്തിന്റെ കൃത്യത താൻ ഇപ്പോൾ തിരിച്ചറിയുന്നു.
കണ്ണുകൾ പറിച്ചെടുക്കാൻ കഴിയുന്നില്ല തനിക്ക്.
വെറും നോട്ടം, അതിനു കഴിഞ്ഞിരിക്കുന്നു , തന്റെ ശരീരത്തെ ചൂട്പിടിപ്പിക്കാൻ...
തന്റെ ശരീരത്തിൽ ഉറപൊട്ടുന്ന താപവും ജലാംശവും ദിവ്യ തിരിച്ചറിഞ്ഞു.
ഈശ്വരാ...
താൻ കിതക്കുന്നത് പോലെ അവൾക്ക് തോന്നി.
ദാഹിക്കുന്നത് പോലെയും.
പക്ഷെ ഡാഡിപറഞ്ഞ, പുസ്തകത്തിൽ വായിച്ചറിഞ്ഞ, സത്യാനന്ദിന്റെ ആത്മീയ പരിവേഷവും ഈ നഗരത്തിലെ അധോലോകവീരന്മാരെ വിറപ്പിച്ച രാഹുൽ നാരായണന്റെ ചിത്രവും എങ്ങനെ പൊരുത്തപ്പെടും?
അവളുടെ മനസ്സിലേക്ക് വീണ്ടും സംശയം ഇരച്ചെത്തി.
സന്ന്യാസിക്ക് ഹിംസയോ?
അവൾ സ്വയം ചോദിച്ചു.
"അങ്ങയെ അറിയിക്കാതെയാണ് ..ഞാൻ ഇവിടെ ..."
ദിവ്യ രാഹുലിന്റെ ശബ്ദം കേട്ടു.
അയാൾ മഹർഷി ദേവനാരായണനോട് സംസാരിക്കുകയാണ്. മറ്റുള്ളവർ ആദരവോടെ നിന്ന് അത് ശ്രദ്ധിക്കുന്നു.
"ഒരു ദേശാടനവും എന്നെ ഇതുവരെ അറിയിച്ചിട്ടില്ല,"
മഹർഷി പുഞ്ചിരിച്ചു.
"ഓരോ തവണയും ഞാൻ തേടിപ്പിടിക്കയായിരുന്നു, അല്ലേ?"
രാഹുൽ ഖേദത്തോടെ അദ്ധേഹത്തെ നോക്കി.
"പക്ഷെ നിന്റെ ദേശാടനങ്ങൾ ഒരിക്കലും വ്യർത്ഥങ്ങളായിരുന്നില്ല,"
അദ്ദേഹം തുടർന്നു.
ഓരോ യാത്രയും പുതിയത് ഓരോന്ന് കൊണ്ടുവരുന്നു. പുതിയ അനുഭവങ്ങൾ...അറിവുകൾ ..."
രാഹുൽ പുഞ്ചിരിക്കാൻ ശ്രമിക്കുന്നത് ദിവ്യ കണ്ടു.
"കഴിഞ്ഞ രണ്ടാഴ്ച്ചയോളം ഇവിടെയുണ്ടായിട്ടും ദർശനഭാഗ്യമുണ്ടായത് ഇന്നാണ്,"
രാജശേഖരവർമ്മ പറഞ്ഞു.
അത് കേട്ട് മഹർഷി ദേവനാരായണൻ പുഞ്ചിരിച്ചു.
"മനസ്സിന്റെ ചാഞ്ചല്യവും സന്ദേഹവുമൊക്കെ മാറിയില്ല്യേ ഇപ്പോൾ,"

അദ്ദേഹം രാജശേഖരവർമ്മയോട് ചോദിച്ചു.
"ഈശ്വരൻ തുണച്ചു,"
രാഹുലിനെയും മഹർഷിയെയും നോക്കിക്കൊണ്ട് രാജശേഖരവർമ്മ പറഞ്ഞു.
ഗായത്രിദേവി മുമ്പോട്ട് വന്ന് മഹർഷി ദേവനാരായണന്റെ പാദനമസ്ക്കാരം ചെയ്തു.
"സുഖമാണോ തമ്പുരാട്ടീ?"
അദ്ദേഹം ചോദിച്ചു.
"അവിടുത്തെ അനുഗ്രഹം എപ്പോഴുമുണ്ടായിരുന്നു,"
അവർ പറഞ്ഞു.
അവർ പിന്നെ രാഹുലിനെ സമീപിച്ചു.
"അവിടുന്നും അനുഗ്രഹിക്കണം,"
രാഹുലിന്റെ മുമ്പിൽ തൊഴുകൈകളോടെ, നമ്ര ശിരസ്ക്കയായി നിന്ന് അവർ അപേക്ഷിച്ചു.
രാഹുലിന്റെ കണ്ണുകളിൽ ഒരഗ്നിയിരമ്പുന്നത് പോലെ ദിവ്യക്ക് തോന്നി.
അയാൾ വലത് കരമുയർത്തി അനുഗ്രഹ മുദ്ര കാണിക്കുന്നതും കണ്ണുകൾ പതിയെ അടയ്ക്കുന്നതും അവൾ കണ്ടു.
അവളുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നു.
കീരിക്കാടൻ ജോസ് പോലും സുല്ലിടുന്ന വില്ലത്തരങ്ങൾ കാണിച്ച കൈകൾക്ക് അനുഗ്രഹ മുദ്രയും വഴങ്ങുമോ?
"മോളും ഗുരുജിയുടെ പാദം വന്ദിക്കൂ,"
രാജശേഖരവർമ്മ പറഞ്ഞു.
അവൾ മഹർഷി ദേവനാരായണനെയും രാഹുലിനെയും സമീപിച്ചു.
അവൾ ആദ്യം മഹർഷിക്ക് പാദനമസ്ക്കാരം ചെയ്തു.
അവളെ അദ്ദേഹം തോളിൽപ്പിടിച്ച് എഴുന്നേൽപ്പിച്ചു.
'കുമാരിയ്ക്ക് എന്നെ ഓർമ്മയുണ്ടോ?"
"ഉവ്വ്, ഞാൻ ഗുരുജിയെ കണ്ടിട്ടുണ്ട്. കുറെ മുമ്പ്,"
"അന്ന് കണ്ട അതേ ആവശ്യത്തിനാണ്, അതിനു വേണ്ടിയാണ് ഞങ്ങൾ വീണ്ടും വന്നിരിക്കുന്നത്,"
"അറിയാം, ഗുരുജി...ഈയുള്ളവളുടെ ഭാഗ്യം,"
പിന്നെ അവൾ രാഹുലിനെ നോക്കി.
അൽപ്പം മുമ്പ് താൻ അയാളെ ക്ലബ്ബിൽ വെച്ച് പാദം തൊട്ടുവന്ദിച്ചത് അവൾ ഓർത്തു.
പുഞ്ചിരി നിയന്ത്രിച്ച് അവൾ അയാളുടെ മുമ്പിൽ കുനിഞ്ഞു.
പാദം തൊട്ടുവണങ്ങി.
നിവർന്ന് എഴുന്നേറ്റ് അവൾ അയാളെ പുഞ്ചിരിയോടെ നോക്കി.

മുഴുവൻ രംഗവും അദ്ഭുതത്തോടെയും കൌതുകത്തോടെയും വീക്ഷിക്കുകയായിരുന്ന ഫാദർ ഗബ്രിയേലിനെ മഹർഷി ദേവനാരായണൻ സമീപിച്ചു.
"കൽക്കത്ത സെയിന്റ് സേവിയെഴ്സിലെ മുൻ ആന്ത്രോപ്പോളജി പ്രോഫസ്സർ ഡോക്ടർ ഗബ്രിയേൽ!"
അദ്ദേഹം പുരോഹിതനെ നോക്കി പുഞ്ചിരിയോടെ പറഞ്ഞു.
"കൽക്കത്ത പ്രസിഡെൻസിയിലെ ഭീകരനായ ഫിസിക്സ് പ്രൊഫസർ ഡോക്ടർ ദേവനാരായണൻ!"
പുഞ്ചിരി നിലനിർത്തി ഫാദർ ഗബ്രിയേൽ അദ്ധേഹത്തോട് പറഞ്ഞു.
"അദ്ഭുതപ്പെടുകയൊന്നും വേണ്ട,"
പുതിയ രംഗത്തിന്റെ വിസ്മയമാസ്വദിച്ചുകൊണ്ട് ചുറ്റും നിൽക്കുന്നവരെ നോക്കി മഹർഷി ദേവനാരായണൻ പറഞ്ഞു.
"ഞങ്ങൾ വളരെ വർഷങ്ങളോളം ഒരുമിച്ചുണ്ടായിരുന്നു, കൽക്കത്തയിൽ,"
ദിവ്യ അതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല.
രാഹുലിന്റെ സാമീപ്യം ഇന്ദ്രിയാതീതമായ ഒരു അനുഭൂതിയായി അവൾ അറിയുകയായിരുന്നു.
ചിത്രശലഭം പൂവിന്റെ തേനുറവയിൽ നിറയുന്നതുപോലെ.
നൂറ്റാണ്ടുകൾക്കു മുമ്പ് നിർമ്മിക്കപ്പെട്ടതായിരുന്നെങ്കിലും പൌരാണിക ഭംഗിയോടുകൂടെ സംരക്ഷിക്കപ്പെട്ടിരുന്നു, ശാന്തിപുരം കൊട്ടാരം, - ദേശീയപാതക്കും ശാന്തിപുരം നദിക്കുമിടയിൽ നിലനിൽക്കുന്ന കൊട്ടാരം -- പുരാതന വാസ്തുശിൽപ്പ വൈദഗ്ധ്യത്തിൻറെ ഒരു അസാധാരണ മാതൃകയായി പരിഗണിക്കപ്പെടുന്നു. - കൊട്ടാരത്തിനടുത്തുള്ള ഇരിനില വീട് രാജശേഖര വർമ്മ പണിതതാണ്. എങ്കിലും കുടുംബപരമായ ചടങ്ങുകളും സമ്മേളനങ്ങളും നടത്തപ്പെട്ടിരുന്നത്
കൊട്ടാരത്തിനകത്ത് തന്നെയാണ്. - ലൈബ്രറിയോട് ചേർന്ന ദർബാർ ഹാളിലാണ് അവ നടത്തപ്പെട്ടിരുന്നത്. - ദർബാർ ഹാളിലെ വിശാലമായ സപ്രമഞ്ചത്തിൽ വിശിഷ്ടവ്യക്തികൾ ഇരിപ്പുറപ്പിച്ചു. - മധ്യത്തിൽ മഹർഷി ദേവനാരായണൻ, - അദ്ധേഹത്തിനരികിൽ രാഹുൽ അവർക്ക് പിമ്പിൽ ഉജ്ജയിനിയിൽ നിന്ന് വന്ന സന്ന്യാസിമാർ.അവർക്കഭിമുഖമായി രാജശേഖരവർമ്മ. പിന്നെ ഗായതിദേവി, മുത്തശി,രാജശേഖരവർമ്മയുടെ ബന്ധുക്കൾ, വിനോദ് - മേനോൻ തുടങ്ങിയവരും. 'രാജകുമാരിയെ കൂട്ടിക്കൊണ്ട് വരാൻ ആളെ അയച്ചില്ലേ?" - മഹർഷി ദേവനാരായണൻ രാജശേഖരവർമ്മയോട് ചോദിച്ചു. - “”ഉവ്വ്, ??? - ഭവ്യതയോടെ രാജശേഖരവർമ്മ പറഞ്ഞു. - 'ഉടനെയെത്തും ,
'മഹാമൃത്യുഞ്ജയഹോമത്തിന് വേണ്ടിയുള്ള ചർച്ചകളിലും യാഗം അനുഷ്ഠിക്കപ്പെടുന്ന സമയത്തും രാജകുമാരി നമ്മോടൊത്ത് വേണം, അദ്ധേഹം പറഞ്ഞു. ഹാളിൻറെ അങ്ങേയറ്റത്ത് ദിവ്യയുടെ രൂപം ദൃശ്യമായി. - പിന്നാലെ ഒന്ന് രണ്ടു പരിചാരികമാരും. - എല്ലാവരുടെയും കണ്ണുകൾ അവളുടെ നേരെ തിരിഞ്ഞു.

- തനി കേരളീയരീതിയിൽ കസവ് സാരിയും ബ്ലൗസും അണിഞ്ഞണ് ദിവ്യ വന്നത്. - ആ വേഷത്തിൽ അവളുടെ രൂപലാവണ്യം ഇരട്ടിച്ചു. - സ്വർണ്ണ നിറമുള്ള അഴകാർന്ന ഉടലിൽ അതെ നിറത്തിലുള്ള കസവ് സാരിയും - ബ്ലൌസുമണിഞ്ഞപ്പോൾ അവളുടെ രൂപം വിസ്മയാവഹമായി. - "'ഒരപ്സര കന്യകയെപ്പോലെ," - ബാഗ്ലൂരിൽ നിന്നെത്തിയ രിൽ രാജശേഖരവർമ്മയുടെ സഹോദരിയുടെ മകൾ നിഷ - തൻറെ അടുത്തിരുന്ന മറ്റൊരു ബന്ധുവിൻറെ കാതിൽ മന്ത്രിച്ചു. - "'നീയെത്ര അപ്സരകന്യകമാരെ കണ്ടിട്ടുണ്ട്?"

അവൾ തിരിച്ചു മന്ത്രിച്ചു. - ""ദിവ്യ കേയ്റ്റ് വിൻസ്ലേറ്റിനെ പറിച്ചുവച്ചപോലെയുണ്ട്. ആ നെറോം കണ്ണും - ലിപ്തം ഒക്കെ, - രാജശേഖരവർമ്മ തിരിഞ്ഞു നോക്കി ചുണ്ടിൽ വിരൽ ചേർത്ത് അവരെ - നിശബ്ദരാക്കി. - ദിവ്യ ആദ്യം മഹർഷി ദേവനാരായണനെയും രാഹുലിനെയും ഉജ്ജയിനിയിൽ - നിന്നെത്തിയ സന്യാസിമാരെയും വന്ദിച്ചു. - പിന്നെ തൻറെ മാതാപിതാക്കളെയും മുത്തശിയെയും ബന്ധുക്കളെയും. - "കുമാരി ഇരിക്കൂ," - രാജശേഖരവർമ്മയുടെയും ഗായതിദേവിയുടെയും ഇടയിലേക്ക് വിരൽ ചൂണ്ടി - മഹർഷി ദേവനാരായണൻ പറഞ്ഞു. അവർക്കിടയിൽ രാഹുലിന് അഭിമുഖമായി അവൾ ഇരുന്നു. - ദിവ്യയോടൊപ്പം വന്ന പരിചാരകർ പുറത്തേക്ക് പോയി. - പ്രാർഥനാസങ്കീർത്തനങ്ങളോടെ കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് ആ സമ്മേളനം ആരംഭിച്ചു. - ഭക്തിഭാവം നിറഞ്ഞ സങ്കീർത്തനങ്ങൾക്ക് ശേഷം നിതാന്തനിശബ്ദമായി ഹാൾ. - എല്ലാവരും മഹർഷി ദേവനാരായണനെ നോക്കി. - ""അന്ന് നിങ്ങൾ എന്നെ വന്നുകണ്ടതിന് ശേഷം മഹാമൃത്യുന്ജയ യാഗത്തിനു - വേണ്ടി ഞാൻ മാനസികമായി ഒരുങ്ങുകയായിരുന്നു, " - രാജശേഖരവർമ്മയെ നോക്കി അദ്ധേഹം പറഞ്ഞു. - ""പക്ഷെ അ വിഷയം ധ്യാനിക്കുമ്പോഴും ചിന്തിക്കുമ്പോഴും ദർശനത്തിൽ - കണ്ടതൊക്കെ ദുർനിമിത്തങ്ങളാണ്. രാക്ഷസ ആസുര ശക്തികൾ പല - വേഷത്തിലും ഭാവത്തിലും ഈ കൊട്ടാരത്തെയും പ്രദേശത്തെയും

കീഴടക്കിയിരിക്കുന്നു. അവരുടെ ലക്ഷ്യം രാജകുമാരിയുടെ ജീവനാണ്," - സദസ്സ് പരിഭ്രാന്തമാകുന്നത് അദ്ധേഹം കണ്ടു. - ഗായതിദേവി ഭയവിഹ്വലയായി രാജശേഖരവർമ്മയെ നോക്കി. അവർ അടുത്തിരുന്ന ദിവ്യയുടെ കയ്യിൽ അമർത്തിപ്പിടിച്ചു. "മഹാറാണി പരിഭ്രമിക്കേണ്ട,??? -- മഹർഷി അവരുടെ ഭാവവ്യത്യാസം ശ്രദ്ധിച്ചുകൊണ്ട് പറഞ്ഞു.

""രാജകുമാരിയുടെ ജീവന് ഭീഷണിയുണ്ടെങ്കിലും സുരക്ഷിതയാണ്. - കുമാരിയിലുള്ള ഈശ്വരാംശം സ്വയം ഒരു കവചമായി രക്ഷയ്ക്കുണ്ട്. എങ്കിലും - ഉള്ളിലെ ദൈവികാംശത്തിനു അൽപ്പം ഇളക്കം തട്ടിയിട്ടുണ്ടോ എന്ന്

സംശയമുണ്ട്," - അദ്ദേഹം ഒരു നിമിഷം നിർത്തി ദിവ്യയെ സൂക്ഷിച്ചു നോക്കി. - ദിവ്യ ലജ്ജയോടെ അദ്ധേഹത്തെയും. - ""മറ്റൊരു വെളിപാട് എനിക്ക് കിട്ടിയത് കുമാരി ഉടനേ തന്നെ ഭർത്യമതിയാകാൻ

സാധ്യതയുണ്ട് എന്നാണ്," - "" ഏയ് , നെവർ!???? - പരിസരത്തിൻറെ കാര്യതീവത വിസ്മരിച്ചുകൊണ്ട് അവൾ ഉറക്കെപ്പറഞ്ഞു. - എല്ലാവരും വിസ്മയത്തോടെ ദിവ്യയെ നോക്കി. - "'ഇറ്റ്- ക്യാൻ നെവർ ബീ ടൂ!" - രാജശേഖരവർമ്മയും ഗായതിദേവിയും ഗൌരവത്തിൽ ദിവ്യയെ നോക്കി. അവൾ അബദ്ധം പറ്റിയതുപോലെ ദേവനാരായണനേയും. - "'സോറി, ഗുരുജീ, ഐം റിയലി സോറി." അവൾ ക്ഷമായാചനം ചെയ്തു. അദ്ദേഹം പുഞ്ചിരിച്ചു. "'ദർശനത്തിൽ അങ്ങനെ കാണുന്നു കുമാരി," - അദ്ദേഹം പറഞ്ഞു.

'ഉത്തമ ഗുണസമ്പന്നനായ ഒരു പുരുഷൻ കുമാരിയുടെ ഭർതൃപദമലങ്കരിക്കാൻ - പോകുന്നു," അവളുടെ തരളമിഴികൾ രാഹുലിന് നേരെ നീണ്ടു. അവളുടെ അധരത്തിൽ ലജ്ജയുടെ ചുവപ്പ് പടർന്നു. ആപരാമർശം രാജശേഖരവർമ്മയുടെയും ഗായത്രിദേവിയുടെയും മുഖങ്ങളിൽ പ്രകാശം പരത്തി - മറ്റുള്ളവരും പ്രസന്നരായി

"'നാഗത്താൻ മലയിലെ രാജവെമ്പാല നിധിപേടകത്തിനു പുറത്ത് കടന്ന് - അസ്വസ്ഥനായി അലയാൻ തുടങ്ങിയിരിക്കുന്നു" - മഹർഷി തുടർന്നു. -- കേൾക്കുന്നവരുടെ മുഖങ്ങളിൽ ഭീതി നിറയാൻ തുടങ്ങി. - ""നിധി തേടി പുതുതായി ആരോക്കെയായി നാഗത്താൻ മലയിൽ കടന്നിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങൾ കൊട്ടാരത്തെയും കൊട്ടാരവാസികളെയും ബാധിക്കാൻ - സാധ്യതയുണ്ട്. ഇതൊക്കെ ദർശനങ്ങളിൽ നമുക്ക് അനുഭവപ്പെട്ടതാണ്. പ്രതിക്രിയ - അനുഷ്ടിക്കാനുള്ള സമയമായി എന്നറിയിക്കാനാണ് നാം തിരക്കിട്ട് പുറപ്പെട്ടത്??? - രാജപരിവാരങ്ങൾ കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് മഹർഷിയുടെ വാക്കുകൾക്ക് ശ്രദ്ധയോടെ കാതോർത്തു. - ""ഒരുങ്ങിപ്പുറപ്പെടുമ്പോൾ ആശങ്കയുണ്ടായിരുന്നു" - അദേഹം തുടർന്നു. - "'വൈദിക വിധി നിശ്ചയമുണ്ട്. വൈദിക സാമഗ്രികൾ ആവോളവും. മുഹൂർത്തം - നിശ്ചയിക്കാനും പ്രയാസമില്ല. പക്ഷെ ഒരു വലിയ പ്രശ്നം മുമ്പിൽ കിടക്കുന്നു. - കർമ്മം നടത്തേണ്ട വൈദികനെവിടെ? മനസ്സ് നിറയെ ആശങ്കയായിരുന്നു. പക്ഷെ - ഈശ്വർ നിശ്ചയം, ഈ തപസ്വിയെ ഇങ്ങോട്ട് തന്നെ എത്തിച്ചു. - അദ്ധേഹത്തിൻറെ വലതുകരം രാഹുലിന്റെ തോളിലമർന്നു. ""അവിടുത്തെ കല്പ്പനപോലെ എന്തും ചെയ്യാം,". വികാരം നിയന്ത്രിക്കാനാവാതെ കനുനീരിനിടയ്ക്കൽ ഗായതിദേവിയുടെ വാക്കുകൾ ചിതറി വീണു. അവർ രാഹുലിൻറെ മുഖത്ത് നോക്കി യാചനാസ്വരത്തിൽ പറഞ്ഞു. - ""അവിടുന്ന് എൻറെ മോൾക്ക് ആപത്തുകൾ വരുത്താതെ നോക്കണം, - ""തമ്പുരാട്ടി വിഷമിക്കാതെയിരിക്കൂ," - രാഹുൽ കൈകൾ ഉയർത്തി പറഞ്ഞു. - ""എല്ലാം തമ്പുരാട്ടിയുടെ പ്രാർത്ഥന പോലെ നടന്നു വരുന്നു. യാഗത്തിന്റെ - മുഹൂർത്തം നിശ്ചയിക്കാൻ പോകുന്നു. ഈശ്വരൻ ആപത്തൊന്നും വരുത്തില്ല, ' - തൊഴുകൈകളോടെ ശിരസ്സ് കുനിച്ച് അവർ അയാളുടെ വാക്കുകൾ സ്വീകരിച്ചു. -- മഹർഷി ദേവനാരായണൻ മഹാമൃത്യുഞ്ജയ യാഗത്തെക്കുറിച്ച് ഒരു - പ്രഭാഷണമാരംഭിച്ചു. - ആ ചെറിയ സദസ്സ് അത്യധികം താല്പര്യത്തോടെയും കൌതുകത്തോടെയും അത് - കേൾക്കാൻ

തുടങ്ങി. - എങ്കിലും ദിവ്യ അതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. എത്ര ശ്രമിച്ചിട്ടും രാഹുലിൻറെ മുഖത്ത് നിന്നും തൻറെ മിഴികൾ വേർപെടുത്താൻ - അവൾക്ക് കഴിഞ്ഞില്ല. - എന്ത് താൽപ്പര്യമാണ്. എന്ത് ഇഷ്ടമാണ് ഇനിയും താൻ പൂർണ്ണമായും - മനസ്സിലാക്കിയിട്ടില്ലാത്ത ഈ മനുഷ്യനോട് തനിക്ക് തോന്നുന്നത്? - എന്തിനാണ് ഈ മനുഷ്യൻ കോബാഹിൽസിൽ ചുറ്റിക്കറങ്ങുന്നത്?

അതും രാത്രി സമയങ്ങളിൽ? - എന്തിനാണ് ഇയാൾ ജയകൃഷ്ണനെ ആക്രമിച്ചത്? തൻറെ ആത്മീയ ഗുരുനാഥനോടുപോലും പറയാതെ എന്തിനാണ് ഇവിടെ ഈ - കോളേജിൽ അധ്യാപകനായി ചേർന്നത്? എത്ര ആലോചിച്ചിട്ടും അവൾക്ക് ഉത്തരമൊന്നും കിട്ടിയില്ല. ഇയാളെക്കുറിച്ചുള്ള നിഗൂഢതകൾ അങ്ങനെതന്നെ അവശേഷിക്കുന്നു. പക്ഷെ ഒരു ഗന്ധർവൻറെ മനുഷ്യാവതാരം പോലെയുള്ള എന്റെ രൂപവും

സൌന്ദര്യവും തൻറെ ചോദ്യങ്ങളെ അപ്രധാനമാക്കുന്നു. - വിശാലമായ നെറ്റിത്തടം. ഭംഗിയായി പിമ്പോട്ടു ചീകിവെച്ചിരിക്കുന്ന നീണ്ട മുടി. - നീണ്ടുഭംഗിയുള്ള നാസിക. - ധ്യാനസങ്കീർത്തനത്തിൽ മുഴുകിയിരിക്കുന്നതുപോലെ ചേർന്നിരിക്കുന്ന - മനോഹരമായ ചുണ്ടുകൾ. അയാളുടെ അധരഭംഗിയിലെക്ക് അവൾ ഏറെ നേരം നോക്കി. - ആ കണ്ണുകൾക്ക് എന്തൊരു വശ്യതയാണ്! - അവയിലിരമ്പുന്നത് ആത്മീയ തീവ്രതയാണോ? - അതോ പണയമോ? - ഒരു താരതമ്യത്തിനും തൻറെ മുമ്പിലിരിക്കുന്ന അതിസുഭഗനായ യുവതപസ്വിയുടെ രൂപം വഴങ്ങുന്നില്ല. - ഏത് തപസ്സിലൂടെ നേടിയെടുത്തതാണ് ആ കമ്പികുട്ടൻ.നെറ്റ് - കമ്പികുട്ടൻ.നെറ്റ് കണ്ണുകളിലെ കാന്തശക്തി? - ഏത് താന്ത്രിക വിദ്യയാണ് ഈ തപസ്വിക്ക് ഇത്രയും തേജസ് നൽകിയത്? - നോക്കിക്കൊണ്ടിരിക്കവേ തൻറെ അകതാരിലെവിടെയോ ഉഷം നിറയുന്നത് അവൾ അറിഞ്ഞു.

ദേഹം മുഴുവൻ പൂത്തുലയുന്നു. - ചൂടും നനവും ഒരുമിച്ചു ദേഹത്തെ മൂടുന്നു. - "'ഓ... എൻറെ...??? തൻറെ കണ്ണുകൾ അടയുന്നുവോ? - പെട്ടെന്ന് രാഹുലിൻറെ കണ്ണുകൾ തന്നിലേക്ക് തിരിയുന്നത് അവൾ കണ്ടു. - ആ നോട്ടത്തിൽ ഒരു ഉഗ്രശാസന അവൾ തിരിച്ചറിഞ്ഞു. അവൾ നടുങ്ങിപ്പോയി. - തൻറെ അന്തരാത്മാവിലേക്ക് തറച്ചിറങ്ങുന്ന, അവിടെ നടക്കുന്ന ചിന്താ - വ്യാപാരങ്ങളെ വിവേചിച്ചറിഞ്ഞ നോട്ടം! - തൻറെ മനസ്സ് അദ്ദേഹം വായിച്ചുവോ? ഈശ്വരാ... അവൾക്ക് ജാള്യത തോന്നി. - ദിവ്യ കുറ്റബോധത്തോടെ രാഹുലിനെ നോക്കി. - അതിനിടെ മഹർഷി ദേവനാരായണൻ പ്രഭാഷണം ഉപസംഹരിച്ചിരുന്നു.

"'നാളെ യാഗത്തിന്റെ മുഹൂർത്തം നിശ്ചയിക്കപ്പെടുകയാണ്, - അദ്ദേഹം സദസ്സിനെ നോക്കി.

ഭ'യാഗ മണ്ഡപത്തിൻറെയും യാഗസാമാഗ്രികളുടെയും വിശദാംശങ്ങൾ നാളെ - നിശ്ചയിക്കപ്പെടും. യജ്ഞം തുടങ്ങാൻ ഇനി താമസമില്ല. ഒരു മാസത്തിനുള്ളിൽ തന്നെ തുടങ്ങണം. അതുവരെയുള്ള സമയം തയ്യാറെടുക്കലിനു വേണ്ടിയാണ്. - ഇപ്പോൾ തന്നെ രാക്ഷസ്സ ശക്തികൾ അവരുടെ ഒരുക്കം ഏതാണ്ട് പൂർത്തിയ

ക്കിക്കഴിഞ്ഞു," - സദസ്സിൻറെയുള്ളിൽ ആശങ്കകൾ പിന്നെയും അവശേഷിച്ചു. -- യാഗത്തെക്കുറിച്ചുള്ള അറിയിപ്പ്, അവരുടെ മനസ്സിലെ ഭീതികൾ പൂർണ്ണമായും - അകറ്റിയില്ല.

"'രാജപരിവാരങ്ങൾക്കും പുരോഹിതന്മാർക്കും പോകാം," - അദ്ദേഹം പറഞ്ഞു. - "' കാര്യങ്ങൾ ഞങ്ങൾ വഴിയെ അറിയിക്കാം,""" എല്ലാവരും എഴുന്നേറ്റു. - അവർ മഹർഷി ദേവനാരായണനേയും രാഹുലിനേയും വന്ദിച്ചതിനു ശേഷം

ഹാളിന് പുറത്ത് കടന്നു. - വിശാലമായ ഹാളിൽ രാഹുലും മഹാര്ഷിയും തനിച്ചായി. - അദ്ദേഹം അഭിമുഖമായി നിന്ന് അയാളുടെ കണ്ണുകളിലേക്ക് നോക്കി. - "'മനസ്സിലെ മുറിവ് ഇനിയും ഉണങ്ങിയില്ല, അല്ലേ?" അദ്ദേഹം ചോദിച്ചു. - അയാൾ ഉത്തരമൊന്നും പറയാതെ ജാലകത്തിലൂടെ കോബാഹിൽസിൻറെ - മലമുടികളിലെക്ക് നോക്കി. - "'അച്ഛാ ," - ദീർഘ മൌനത്തിനു ശേഷം അയാൾ പറഞ്ഞു. - "'ഇനി ഒരു വൈദികനാവാൻ എനിക്ക് കഴിയില്ല. അതും മഹാ മൃത്യുഞ്ജയ യാഗം - പോലെ കഠിനമായ ഒരു യജ്ഞത്തിൻറെ, -- മഹർഷി ദേവനാരായണൻ പുഞ്ചിരിച്ചു. - "'വരൂ," - അദ്ദേഹം പറഞ്ഞു. - "'നമുക്ക് പുറത്തേക്ക് നടക്കാം," - ദീർഘമായ കൽത്തൂണുകൾ നിറഞ്ഞ വിശാലമായ ഹാളിലൂടെ അവർ നടന്നു.

'പാഠങ്ങൾ ഒന്നും മറന്നുപോയിട്ടില്ല. യോഗനിഷ്ഠകൾ ഒന്നും തെറ്റിച്ചിട്ടില്ല. - ലൌകിക ജീവിതത്തിലേക്ക് ആകര്ഷിക്കപ്പെട്ടിട്ടുമില്ല. അതൊക്കെ ഞാൻ അങ്ങയുടെ പാദപീഠത്തിൽ നിന്നാണ് പഠിച്ചത്. പഠിച്ചതും അറിഞ്ഞതുമെല്ലാം - അതുകൊണ്ട് നിശ്ചയവുമാണ്. പക്ഷെ..." - "എനിക്കറിയാം," - ഹാളിൽ കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് നിന്ന് പുറത്തേക്കുള്ള പ്രധാനവാതിൽ പിന്നിട്ടുകൊണ്ട് അദ്ദേഹം പറഞ്ഞു. - ""നിന്റെ മനസ് എനിക്കറിയാം. മനസ് ഇപ്പോഴും ദുഃഖപൂർണ്ണമാണ് നിൻറെ - മനസ്സ്. ആ ഇംഗ്ലീഷ് രാജകുമാരിയുടെ മരണമാണ് നിന്നെ..."' - സ്തോഭപൂർണ്ണമായ രാഹുലിൻറെ മുഖം അദ്ധേഹത്തിൻറെ നേരെ തിരിഞ്ഞു. -- മഹർഷി ദേവനാരായണൻ ആ നോട്ടത്തെ പുഞ്ചിരിയോടെ നേരിട്ടെങ്കിലും അദ്ധേഹവും ഭൂതകാലത്തെ, വളരെ പഴയതല്ലാത്ത ആ സംഭവങ്ങൾ - ഓർമ്മിക്കുകയായിരുന്നു. - ലണ്ടനിൽ വെച്ച് ബക്കിങ്ഹാം പാലസിലെ പിൻസെസ്സ് എഞ്ചലുമായി രാഹുൽ

പരിചയപ്പെട്ടത്. അവളെ യോഗധ്യാനം പഠിപ്പിച്ചത്. അവൻറെ വിശിഷ്ഠഗുണങ്ങളിൽ - അവൾ അനുരക്തയായത്. പ്രണയമഭ്യർത്തിച്ചത്. അധ്യാപകനാണ് താൻ, ഗുരു - പിതാവാണ് എന്ന് പറഞ്ഞ് രാഹുൽ അവളുടെ പ്രണയം തിരസ്കരിച്ചത്. അവളെ - വിട്ട് ഹിമാലയത്തിലേക്ക് തപസ്സിനു പോയത്. അവനെ നേടുവാൻ അവൾ - ഇസായേലിലെ വിശുദ്ധനാടുകളിലേക്ക് തീർഥയാത്ര പോയത്. തപസ്സിന്റെ - അവസാനം ഒരു വിമാന അപകടത്തിൽ അവൾ കൊല്ലപ്പെടുന്നത്. അതറിഞ്ഞ് - രാഹുൽ തപസ്സ് നിർത്തുന്നത്. ദുഖഭാരത്താൽ ആശ്രമം ഉപേക്ഷിച്ചത്- .... - ""നീ അന്ന് ചോദിച്ച ചോദ്യങ്ങളൊക്കെ എൻറെ മനസ്സിൽ

ഇപ്പോഴുമുണ്ട്," - ഹാളിൽ നിന്ന് പുറത്തു കടന്ന് നീണ്ട ഇടനാഴിയിലൂടെ നടന്നുകൊണ്ട് അദ്ദേഹം പറഞ്ഞു. - "'എന്തിനാണ് സന്യാസം? എന്താണ് സന്യാസം? തൻറെ മാത്രം വതശുദ്ധി, തൻറെ - മാത്രം ആത്മശുദ്ധി എന്നൊക്കെപ്പറഞ്ഞ് തന്നത്താൻ സംരക്ഷിക്കാൻ - വേണ്ടിമാത്രം ഒരു ദന്തഗോപുരം സൃഷ്ടിച്ച് ഈ പ്രപഞ്ചത്തിൻറെ പ്രശ്നങ്ങളിൽ - നിന്നും ഒരു ഒളിച്ചോട്ടം... അതാണോ സന്യാസം? ഇതൊക്കെ നീ അന്ന് എന്നോട് - ചോദിച്ച ചോദ്യങ്ങളാണ്. സന്യാസിയായിട്ട് നേടിയതെന്താണ്? ഒരു - മനുഷ്യജീവൻറെ കുരുതി. ബ്രഹ്മചര്യവതം കൊണ്ട് സമ്പാദിച്ചതെന്താണ്? ഒരു

പെൺകുട്ടിയുടെ അപമൃത്യു... ഇതൊക്കെ നീ അന്നെന്നോട് പറഞ്ഞതാണ്... - കണ്ണുനിറയെ ദുഖത്തോടെ... നിൻറെ ആ ചോദ്യങ്ങളോ അവയ്ക്ക് കാരണമായ - പശ്ചാത്തലമോ സംഭവങ്ങളോ ഒന്നും ഞാൻ മറന്നിട്ടില്ല. ആ ചോദ്യങ്ങൾ - അർത്ഥരഹിതങ്ങൾ ആണ് എന്നും എനിക്കഭിപ്രായമില്ല.... പക്ഷെ..." അദ്ദേഹം നിന്നു. - രാഹുലും - കോബാഹിൽസിൻറെ ശിഖരങ്ങളിൽ കാറ്റുണരുന്നത് അൽപ്പനേരം അവർ

നോക്കിനിന്നു. - മലയരയൻമാരുടെ ചെണ്ടയുടെ താളം അവിടെനിന്നുയരുന്നത് അവർ കേട്ടു. - മഹർഷി ദേവനാരായണൻ ഇരുകൈകളും രാഹുലിൻറെ തോളിൽ ചേർത്തു.

"" ആ ചോദ്യങ്ങൾ ചോദിക്കാൻ നിന്നെ പ്രേരിപ്പിച്ച സംഭവങ്ങളോ അതിൻറെ - പാശ്ചാത്തലമോ സന്യാസത്തിൻറെ പിഴവല്ല,' - നിമിഷങ്ങളുടെ നിശബ്ദതയിൽ വീണ്ടും രാഹുൽ നഷ്ടപ്പെട്ടു. - "'അച്ചൻ എൻറെ പ്രജ്ഞയിൽ എഴുതിച്ചേർത്ത യോഗചര്യകൾ ആണ് ഞാൻ ഏഞ്ചലിനെ പഠിപ്പിച്ചത്, ' - മൌനത്തിനുശേഷം വീണ്ടും അദ്ധേഹത്തോടൊപ്പം പതിയെ നടന്നുകൊണ്ട് - രാഹുൽ പറഞ്ഞു.

""പക്ഷെ ആ പെൺകുട്ടി എന്നെ കാമിച്ചു. എന്നെ ആഗ്രഹിച്ചു. അവളെ പി - ന്തിരിപ്പിക്കാൻ ഞാൻ കഠിനതപസ്സനുഷ്ഠിച്ചു. കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് പക്ഷേ ... " - രാഹുലിൻറെ ശബ്ദം ഇടറി, - "'... പക്ഷേ ആ തപസ്സിൻറെ അഗ്നിയിൽ അവളുടെ പ്രാണൻ വെന്തുതീർന്നില്ലേ? - പ്രപഞ്ചത്തിലെ ഒരു പുൽനാമ്പിൻറെ പ്രാണനേക്കാൾ ശ്രേഷ്ഠമാണോ ഒരു - തപസ്വിയുടെ ബ്രഹ്മചര്യവതം? ഞാൻ മൂലം ഈശ്വരാ... എൻറെ ബ്രഹ്മചര്യം .... എൻറെ തപസ്സ് ..ഒരു പാവം പെൺകുട്ടിയുടെ ..... പ്രപഞ്ചത്തെയും - മനുഷ്യരെയും പ്രാണൻറെ സ്ഫുലിംഗങ്ങലുള്ള എന്തിനെയും സ്നേഹിച്ച ഒരു പാവം തമ്പുരാട്ടിക്കുട്ടിയുടെ ജീവനെ....എനിക്കറിയില്ല്യാ ..." വികാര വിക്ഷോഭത്താൽ രാഹുലിന് വാക്കുകൾ കിട്ടിയില്ല. - അയാളുടെ മിഴികൾ നിറഞ്ഞു. - മഹർഷി ദേവനാരായണൻ വീണ്ടും നിന്നു. - രാഹുലും - അദ്ദേഹം അയാളെ വീണ്ടും ചേർത്തുപിടിച്ചു. - "'ഈശ്വരൻ എല്ലാം അറിയുന്നു, മോനേ," - അദ്ദേഹം പറഞ്ഞു. - നീ നിന്നെ ഒരുപാട് ശിക്ഷിച്ചു. ഇപ്പോഴും ശിക്ഷിച്ചുകൊണ്ടിരിക്കുന്നു. ആശ്രമത്തിലെ ഒളിച്ചോട്ടത്തിന് ശേഷം ചില കഥകളൊക്കെ ഞാൻ അറിഞ്ഞു. ബീഹാറിൽ ഒരു ജന്മിയെ അടിച്ചു നാശമാക്കിയത്- മുതൽ..."' - രാഹുലിൻറെ മുഖം ലജ്ജാവിവശമായി - ""അച്ഛാ, അത് ... അയാളുടെ

പേരിൽ തെളിയിക്കപ്പെട്ട പല കുറ്റങ്ങളുമുണ്ട്. - കൊലപാതകങ്ങളുടെയും മാനഭംഗം ചെയ്തതിൻറെയും ff"അതേയതെ...??? - അദ്ദേഹം പുഞ്ചിരിച്ചു. - “"പട്ടിക തീർന്നില്ല... ബീഹാറിലെ മൂർഷിദാബാദ് ജില്ലാപ്പോലീസിന് നേട്ടമായിരുന്നു
ആ കാലം. ഒത്തിരി പിടികിട്ടാപ്പുള്ളികൾ പണവും രാഷ്ട്രീയബലവും - സ്വാധീനവുമുള്ള കൊടും കുറ്റവാളികൾ. അവരെയൊക്കെ തുറുങ്കിലടക്കാൻ നീ - പോലീസിനെ സഹായിച്ചു. അതുവരെയുള്ള കാര്യങ്ങളൊക്കെ എനിക്കറിവുണ്ട്. പിന്നീട് എന്തുണ്ടായി?" - രാഹുലിൻറെ മുഖം ഗൌരവപൂർണ്ണമായി. - “"ഒരു വിപ്ലവപ്രസ്ഥാനമുണ്ടാക്കി സമൂഹത്തെ നന്നാക്കണം എന്നൊന്നും ഞാൻ ചി - ന്തിച്ചിട്ടില്ല. ആഗ്രഹിച്ചിട്ടുമില്ല." - രാഹുൽ പറഞ്ഞു. - “"അതിൻറെ അർത്ഥരാഹിത്യവും അപ്രായോഗികതയും നേരത്തെ തന്നെ ഞാൻ - തിരിച്ചറിഞ്ഞതാണ്. അച്ചൻ അറിഞ്ഞ സംഭവങ്ങൾ, ഒളിചോട്ടത്തിനിടയിൽ, അത്തരം ആളുകളുടെയിടയിൽ പെട്ടുപോയതുകൊണ്ട് സംഭവിച്ചതാണ്. അവരുടെ - പ്രശ്നങ്ങൾ, അവരനുഭവിക്കുന്ന ചൂഷണങ്ങൾ, അടിമത്തം, നമ്മളൊക്കെ
വായിച്ചറിയുകയും കേട്ടറിയുകയും ചെയ്തതനേക്കാൾ ഭീകരമാണ് ഇന്ത്യൻ -- യാഥാർത്ഥ്യങ്ങൾ പിന്നീടെനിക്ക് തോന്നി, തപസ്സുകൂടാതെ തന്നെ എനിക്ക് - മറ്റൊരാളുടെ ജീവനെടുക്കേണ്ടി വന്നേക്കാമെന്ന്. ആ മാർഗ്ഗം ഞാൻ ഇഷ്ടപ്പെട്ടില്ല. - ഹിംസയുടെ മാർഗ്ഗം എന്നെത്തേടിയെത്തുന്നതിന് മുമ്പ് ഞാൻ പിന്തിരിഞ്ഞു. അപ്പോഴാണ് ഇന്ത്യാ ടുഡേയിലെ റഫീഖ് ജാവേദ് വഴി സെയിൻറ് മേരീസിൽ, - ഇവിടെ ഒരു ഫിസിക്സ് അധ്യാപകൻറെ ഒഴിവിനെപ്പറ്റി അറിയുന്നത്. വേഗം എത്താൻ പറഞ്ഞു. വന്നു," - കോബാഹിൽസിൻറെ ഇരുളിമയിൽ മലയരുടെ ചെണ്ട് മുറുകി. കാറ്റിൽ - വൃക്ഷശിഖരങ്ങൾ ഭൈരവൻ തെയ്യക്കോലങ്ങളായി. - “"ഇവിടെയും അൽപ്പമൊക്കെ ഹിംസ വേണ്ടിവന്നു, അല്ലേ???? - രാഹുൽ കമ്പികുട്ടൻ.നെറ്റ്
- കമ്പികുട്ടൻ.നെറ്റ് മഹർഷി ദേവനാരായണൻറെ ശബ്ദം കേട്ടു. - രാഹുൽ പുഞ്ചിരികൊണ്ട് മറുപടി പറഞ്ഞു. - "ആ തമാശപോലും ഇനി വേണ്ടു? - ഇടനാഴിയിലൂടെ വീണ്ടും നീങ്ങാൻ തുടങ്ങിക്കൊണ്ട് അദ്ദേഹം തുടർന്നു. - "'ഇവിടെ നീ വൈദികനാണ്. മഹാമൃത്യുന്ജയ യാഗത്തിൻറെ വൈദികൻ. ഒരു - ശാപത്തിൻറെ നിഴലിലാണ് രാജശേഖരവർമ്മയുടെ കുടുംബം. ശ്രഷ്ഠമായ - ഗുണങ്ങളുള്ള ഒരു മനുഷ്യരൂപമാണദ്ധേഹം. ആയിരകണക്കിന് കുടുംബങ്ങൾ - അദ്ധേഹത്തെ നേരിട്ട് മാത്രം ആശ്രയിച്ചു ജീവിക്കുന്നുണ്ട്. വകതകളോന്നും അദ്ധേഹം തൻറെ വ്യാപാരത്തിൽ പോലും പ്രയോഗിച്ചിട്ടില്ല. അതിലുപരിയാണ് - ദിവ്യാരാജകുമാരിയുടെ കാര്യം. രാജ്യത്തെ പലനഗരങ്ങളിലെയും - ജീവകാരുണ്യപ്രവർത്തനങ്ങളുടെ സാമ്പത്തികാടിത്തറയ്ക്ക് രാജകുമാരി വലിയ - സംഭാവനകൾ നൽകുന്നുണ്ട്. എത്രയോ അനാഥ ആശ്രമങ്ങളും വൃദ്ധമന്ദിരങ്ങളും ഇവിടെത്തെ ചർച്ചിൻറെ മേൽനോട്ടത്തിലുള്ള അനാഥ ആശ്രമത്തിൻറെ മുഖ്യ - സാമ്പത്തിക ഉറവിടം പോലും ദിവ്യാരാജകുമാരിയാണ്. ഈ പ്രദേശത്തിലേ -

രാക്ഷസ ശക്തികൾ രാജകുമാരിയുടെ ജീവനെ തകർക്കുവാൻ | ശ്രമിച്ചുകൊണ്ടിരിക്കുന്നു. മോനും അത് തോന്നിയിട്ടുണ്ടാവുമല്ലോ," - രാഹുൽ ഗാഢമൗനത്തിലേക്ക് വീഴുന്നത് അദ്ദേഹം കണ്ടു. - "'ഇവിടെ ഈ കൊട്ടാരത്തിൽ പോലും ഞാൻ അറിയുന്നത് ചോരയുടെ - മണമാണ്. ഇപ്പോൾ ..." - മൗനത്തിൽ നിന്നുണർന്ന് രാഹുൽ പറഞ്ഞു. - ഭ"ഇവിടെയോ?' - അദ്ധേഹത്തിൻറെ സ്വരം വിഹ്വലതയാൽ വിറങ്ങലിച്ചിരുന്നു.

"അതേ'?' - ചുറ്റും നോക്കി രാഹുൽ പറഞ്ഞു. അദ്ധേഹവും ചുറ്റുപാടും നോക്കി, - ഇടനാഴി വിജനമായിരുന്നു. ഇടനാഴിയുടെ ഇരുവശവും നീണ്ടുയർന്ന കൽത്തൂണുകൾ. "'അപമൃത്യുവരിക്കപ്പെട്ടവരുടെയും ഇനിയും ചോരക്കുവേണ്ടി ദാഹിച്ചു നടക്കുന്നവരുടെയും"'. -- മഹർഷി ദേവനാരായണൻറെ കണ്ണുകൾ സംഭീതമാകുന്നത് അയാൾ കണ്ടു. - ""ഈശ്വരാഭ അദ്ദേഹം മന്ത്രിച്ചു. അദ്ദേഹം നെഞ്ചിൽ കൈകൾ ചേർത്തു. - പിന്നെ സംഭ്രമത്തോടെ ചുറ്റുപാടും നോക്കി. ചരിത്ര പുസ്തകങ്ങളിൽ രേഖപ്പെടുത്താത്ത നൃശംസ്യതകൾ അദ്ദേഹം - തിരിച്ചറിഞ്ഞു. - നിലവിളികൾ - കിതപ്പുകൾ - വാളിമുനയിൽ പിടയുന്ന പ്രാണൻറെ രോദനം - "'ഇവിടെ? ഈ കൊട്ടാരത്തിനകത്ത്? ഇനിയും? അങ്ങനെ ആരാണാവോ??? - ഇടനാഴിയുടെ അങ്ങേയറ്റത്തുനിന്ന്, തങ്ങളുടെ പിമ്പിൽ ആരോ വരുന്നത് അദ്ദേഹം കണ്ടു. - നീല വസ്ത്രങ്ങൾ ധരിച്ച ഒരു രൂപം അയാൾ നടന്നടുത്തപ്പോൾ പെട്ടന്നുണ്ടായ ഒരജ്ഞാത ഓർമ്മയിൽ മഹർഷി ദേവനാരായണൻ രാഹുലിൻറെ കയ്യിൽ പിടിച്ച് വലിച്ച് തൻറെ പിമ്പിൽ നിർത്തി. ' മോനേ...അയാൾ... അയാൾ ... നിന്നെ...!" - തങ്ങളുടെ നേരെ നടന്നടുക്കുന്ന ആളെനോക്കി അദ്ദേഹം സംഭീതിയോടെ പറഞ്ഞു. - രാഹുൽ അദ്ഭുതപ്പെട്ടു. - പെട്ടെന്നുണ്ടായ അദ്ധേഹത്തിൻറെ പ്രവർത്തി അയാൾക്ക് വിചിത്രമായി തോന്നി. - "അച്ഛാ, അത് നമ്മുടെ ഒരു സുഹൃത്താണ്," - അയാൾ കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് പറഞ്ഞു. - വിനോദ് മേനോനായിരുന്നു അത്. - അയാൾ പുഞ്ചിരിയോടെ അവരെ അഭിമുഖീകരിച്ചു. - കൈകൾ കൂപ്പി. - പിന്നെ അയാൾ മഹർഷി ദേവനാരായണൻറെ പാദങ്ങൾ തൊട്ടുവന്ദിച്ചു. - രാഹുലിൻറെയും. - "ആളറിയാതെ ഞാൻ അവിവേകം ഒരുപാട് പറയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷമിക്കണം, - രാഹുൽ അയാളെ നോക്കി പുഞ്ചിരിച്ചു. - തൊഴുകൈകളോടെ വിനോദ് മേനോൻ പിൻവാങ്ങി. - അയാൾ നടന്നു മറയുന്നത് ദേവനാരായണൻ നോക്കി നിന്നു.

""ഒന്നുരണ്ടു മാസങ്ങൾക്ക് മുമ്പ് ഞാൻ രാജശേഖരവർമ്മക്ക് കൊടുത്ത ഒരു - വാഗ്ദാനമുണ്ട്," - അദ്ദേഹം തുടർന്നു. - രാഹുൽ അദ്ധേഹത്തെ നോക്കി. - "'മഹാമൃത്യുഞ്ജയഹോമത്തിൻറെ വൈദികൻ നീയായിരിക്കുമെന്ന്. ആ -- യാഗത്തിന് നിന്നെക്കാൾ ശ്രേഷ്ഠനായ ഒരു വൈദികനെ കണ്ടുകിട്ടുകയില്ല. - ഈശ്വരദത്തമായ യാഗം ജനനന്മക്കാണ് മോനേ. ഒരു സന്ന്യാസിയുടെ മുഖ്യമായ - അ കടമ നീ എൻറെ അപേക്ഷക്ക് മുമ്പിൽ നിസ്സാരമാക്കരുത്." - രാഹുൽ അദ്ധേഹത്തിൻറെ കൈകൾ കൂട്ടിപ്പിടിച്ചു. - അയാളുടെ മുഖത്ത് കുറ്റബോധം

നിറഞ്ഞു. ഭ'അങ്ങയുടെ ആജ്ഞയാണ് എൻറെ ആനന്ദം," അയാൾ പറഞ്ഞു. - ""അങ്ങയുടെ ഇഷ്ടം അതാണ്- എങ്കിൽ ഈ മഹായജ്ഞത്തിൻറെ - പുരോഹിതനാകാൻ ഞാൻ ഒരുക്കം; യോഗ്യനല്ലെങ്കിലും അയാൾ അദ്ധേഹത്തിൻറെ മുമ്പിൽ മുട്ടുകുത്തി. "'അതിനു വേണ്ടി അങ്ങ് എന്നെ അനുഗ്രഹിക്കു," - അദ്ധേഹത്തിൻറെ വലത് കരം അയാളുടെ ശിരസ്സിലമർന്നു. പിന്നെ അദ്ധേഹം കണ്ണുകളടച്ചു. - ഇടതുകൈ അന്തരീക്ഷത്തിലുയർന്നു. വിരലുകളിൽ അനുഗ്രഹമുദ്രകൾ വിടർന്നു. - ഒരു അനുഗ്രഹ മന്ത്രധ്വനി രാഹുൽ കേട്ടു.

അതിനു ശേഷം അദ്ദേഹം രാഹുലിനെ തോളിൽപ്പിടിച്ച് എഴുന്നേൽപ്പിച്ചു. - ""എൻറെ ആഹ്ലാദത്തിനിപ്പോൾ അതിരില്ല." അയാളെ ആശ്ലേഷിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. - ""ഈ യജ്ഞം അസാധാരണ ഫലങ്ങൾ സൃഷ്ടിക്കും. ശാപങ്ങൾ പൂർണ്ണമായും - മാറിപ്പോകും.പല ജീവിതങ്ങളും ധന്യമാകും. നിഗൂഢതയുടെ യവനിക മാറ്റി - പൈശാചിക ശക്തികൾ വെളിപ്പെടും. അവർ തകർക്കപ്പെടും. കൂട്ടത്തിൽ..." - അദ്ദേഹം മുഴുമിക്കാതെ ചിന്തയിലാണ്ടു. - രാഹുൽ അദ്ധേഹത്തെ ആകാംക്ഷയോടെ നോക്കി. - ""നിൻറെ ജീവിതത്തിലും ഒരു പക്ഷെ വലിയൊരു മാറ്റം വരാൻ സാധ്യതയുണ്ട്. അതെന്താണെന്ന് മാത്രം അത് തീർച്ച കിട്ടുന്നില്ല," - രാഹുലിൻറെ നെറ്റിയിൽ ചുളിവുകൾ വീഴുന്നത് അദ്ദേഹം കണ്ടു. - ""ഈ യാഗത്തോടെ രാജകുമാരിയുടെ ജീവിതത്തിൽ കരിനിഴൽ

വീഴ്ത്തിക്കൊണ്ടിരുന്ന ആ ശാപവും നിശ്ശേഷം മാറും," - f" ശാപമോ ????? - രാഹുൽ ചോദിച്ചു. - ""എന്താണത്???? - മഹർഷി ദേവനാരായണൻ അയാളെ അദ്ഭുതത്തോടെ നോക്കി. - "'ഇത്രനാളായി ഇവിടെ വന്നിട്ടും മോൻ അതെക്കുറിച്ച് കേട്ടിട്ടില്ലേ?" - അദ്ദേഹം അവിശ്വസനീയതയോടെ ചോദിച്ചു. "' ശരി, കേൾക്കൂ, ഞാൻ കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് പറയാം, - തുടർന്ന് മഹർഷി ദേവനാരായണൻ ആ കഥ പറഞ്ഞു. - ശാന്തിദേവിൻറെയും ഋതുപർണ്ണയുടെയും കഥ. - അവരുടെ പ്രണയത്തിൻറെ - മരണത്തിൻറെ. - ശാപത്തിൻറെ - "പതിനെട്ട് വയസ്സ് ആയി, രാജകുമാരിക്ക്," - കഥ അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. - രാഹുലിന്റെ മനസ്സ് ആ കഥയിൽ നിമഗ്നമാക്കപ്പെട്ടത് അദ്ദേഹം കണ്ടു. - അയാളുടെ കണ്ണുകളിൽ ചിന്താഭാരം നിറയുന്നതും. - അൽപ്പം കഴിഞ്ഞ് അയാൾ അദ്ധേഹത്തെ നോക്കി. - "അച്ഛാ ,"?. - പിന്നെ അയാൾ കോബ്രാഹിൽസിൻറെ ശിഖരങ്ങളിലേക്ക് നോക്കി ചോദിച്ചു. -- മഹർഷി ദേവനാരായണൻ അയാളെ സാകൂതം നോക്കി. - " ശാപത്തെ ഭേദിച്ച് രാജകുമാരി പിറന്നു. അവൾക്ക് പതിനെട്ട് വയസ്സാവുകയും ചെയ്തു. അവളെ വരിക്കാനെത്തുന്ന ശാന്തിദേവിൻറെ പുനർജ്ജനിയെവിടെ?" - ആ ചോദ്യത്തെ അദ്ദേഹം പുഞ്ചിരിയോടെ നേരിട്ടു. - 'ഉടനേയെത്തും , - അദ്ദേഹം പറഞ്ഞു.

'ചിലപ്പോൾ ആരറിഞ്ഞു, ഇപ്പോൾത്തന്നെ എത്തിയിട്ടുണ്ട് എന്ന്!" - ഒരു കടംകഥ കേട്ടതുപോലെ അയാൾ അദ്ധേഹത്തെ നോക്കി. - ""വിലമതിക്കാനാവാത്ത ഒരു നിധിയാണവൾ, " - അദ്ദേഹം തുടർന്നു. - "'അവളുടെ മുഖപ്രസാദം കണികണ്ടാൽ

മതി, അത് മാത്രം മതി - അഷ്ടസൌഭാഗ്യങ്ങൾക്ക് ഇക്കാലമത്രയും പിറക്കാതെപോയ രാജകുമാരിമാരുടെ - രൂപലാവണ്യവും പാതിവ്രത്യശക്തിയും ഈശ്വരയീതയുമുണ്ട് ദിവ്യാരാജകുമാരിക്ക്. - ദൈവികാംശം വേണ്ടുവോളമുണ്ട് അവളിൽ ആ സ്ത്രീരത്നമാണ് നമുക്കൊക്കെ - ദുർജ്ഞയമായ ശക്തികളാൽ ആക്രമിക്കപ്പെടാൻ പോകുന്നത്", ആ സംസാരമത്രയും കൽത്തൂണുകൾക്ക് പിമ്പിൽ നിന്ന് ദിവ്യ കേൾക്കുന്നുണ്ടായിരുന്നു. - ഇടനാഴിയിലൂടെ അവർ സംസാരിച്ചു നീങ്ങുമ്പോൾ ദിവ്യ കൽത്തൂണുകൾക്ക് - മറവിലൂടെ അവരെ പിന്തുടരുന്നുണ്ടായിരുന്നു. അവളുടെ മനസ്സ് വിസ്മയം കൊണ്ടു തുടിച്ചു. ഇതുതന്നെയാണ് ശാന്തിദേവ്. - ഉഗ്രബ്രഹ്മചാരിയായ, ഗന്ധർവഭംഗിയുള്ള, എൻറെ ഋതുപർണ്ണയുടെ ശാന്തിദേവ്. - ലോകത്തിലെ ഏറ്റവും പ്രതാപം നിറഞ്ഞ രാജകുടുംബമായ ലണ്ടനിലെ ബക്കിംഗ്ഹാം പാലസിലെ ഏഞ്ചൽ രാജകുമാരിയുടെ പോലും മനംകവർന്ന എൻറെ ശാന്തിദേവ് അവളുടെ മരണത്തിനു ശേഷം ആർദ്രചിത്തനായി ആശ്രമജീവിതത്തിൽ നിന്ന് പിന്മടങ്ങുകയും, സമൂഹത്തിലെ കഷ്ടപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും - ചെയ്യുന്ന ദരിദ്രരോടും പാവങ്ങളോടുമൊപ്പം ചേർന്ന് മർദകർക്കെതിരെ ഒരു പാട് - യുദ്ധം ചെയ്ത ധീരനും മനുഷ്യസ്നേഹിയും സാഹസികനുമായ എൻറെ ശാ - തിദേവ്.... - അവൻ തൻറെ പ്രണയിനിയെ തേടി വന്നിരിക്കുന്നു. - യുഗങ്ങളുടെ ജാലകവിരികൾ മാറ്റി, തന്നെയോർത്തു പാണനൊടുക്കിയ - ഋതുപർണ്ണയുടെ പുനർജ്ജന്മം തേടിവന്നിരിക്കുന്നു. - എൻറെ പുരുഷൻ... ഈശ്വരാ... എന്നെത്തേടി വന്നിരിക്കുന്ന എൻറെ പുരുഷൻ... അവൾ കോരിത്തരിച്ചു. - ശരീരം നിറയെ പവിഴമണികൾ പൊതിയുകയാണ്. അന്തരാളം നിറയെ പുതുസംഗീതം. - പുതുവർഷം. - അവൾ കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് കണ്ണുകൾ പതിയെ അടച്ചു. - കൽത്തൂണിൽ ചാരിനിന്ന് തൻറെ പുതിയ പരിണാമത്തിൻറെ സുഖാനുഭൂതികൾ - അവൾ അറിഞ്ഞു. - താൻ അടിമുടി പൂത്തുലയുന്നതും ശരീരത്തിൻറെ നിഗൂഢതകളിൽ അജ്ഞാതമായ - ഒരു ഉഷ്ണപ്രവാഹം മൂടുന്നതും അവൾ അറിഞ്ഞു. - എൻറെ മാത്രം.... എൻറെ മാത്രം... - ഞരമ്പുകൾ മുഴുവൻ വലിഞ്ഞുമുറുകി, വികാരപരവശയായി, ദേഹം മുഴുവൻ പഴുത്തുപൊട്ടുന്നത് ദിവ്യ അറിഞ്ഞു. ഓ... ഈശ്വരാ... എന്താ ഇത് ....? - അരക്കെട്ടിൽ വല്ലാതെ തളർച്ച - രഹസ്യഭാഗങ്ങളൊക്കെ നനഞ്ഞ് കുതിർന്നിരിക്കുന്നു. - താൻ കൊട്ടാരത്തിലെ ഇടനാഴികൾക്ക് പിമ്പിലെ കൽത്തൂണുകൾക്ക് - പിമ്പിലാണെന്ന് അവൾ വിസ്മരിച്ചു. - ഒരു പ്രണയപ്രവാഹത്തിൻറെ തീരത്ത് താൻ നിൽക്കുന്നതും സ്വർണ്ണത്തിരകൾക്ക് - മുകളിലൂടെ കുതിരപ്പുറത്തേറി വരുന്ന തൻറെ പുരുഷൻറെ സാന്നിധ്യം അവൾ - അറിഞ്ഞു. - കൊതിപ്പിക്കുന്ന ആ രൂപം കാണാൻ അവൾ കണ്ണുകൾ തുറന്നു. - “”ദിവ്യ, എന്താ ഇവിടെ നിൽക്കുന്നത്?” അയാൾ ചോദിക്കുന്നത് അവൾ കേട്ടു. - അൽപ്പ നിമിഷങ്ങൾ വേണ്ടി വന്നു ദിവ്യക്ക് എല്ലാം മനസ്സിലാകാൻ.

അവൾ ചുറ്റും നോക്കി. - മുമ്പിൽ പണയപ്രവാഹമോ സ്വർണ്ണത്തിരമാലകളോ ഒന്നുമില്ല. കൽത്തൂണുകളുടെ പശ്ചാത്തലത്തിൽ രാഹുൽ നാരായണൻ തനിക്കഭിമുഖമായി നിൽക്കുന്നു! ഈശ്വരാ, ഇദ്ദേഹം എപ്പോഴാണ് ഇങ്ങോട്ട് വന്നത്? - ഗുരുജി എവിടെ? അവൾ വീണ്ടും ചുറ്റും നോക്കി. "ഗുരുജി കുമാരിയുടെ അച്ഛൻ തമ്പുരാനെ കാണാൻ പോയി," അവളുടെ ചിന്തകൾ വായിച്ചിട്ടെന്നോണം രാഹുൽ പറഞ്ഞു. - കുമാരിയോ? രാഹുൽ തന്നെ വിളിക്കാൻ ഉപയോഗിച്ച പദം കേട്ട് ഗൌരവം - നിറഞ്ഞ ആ അന്തരീക്ഷതിലും ചിരിക്കണമെന്ന് അവൾക്ക് തോന്നി, - കുമാരി! ഇതെന്താ ബാലെയോ?

""ഞാൻ കാർട്ടേഴ്സിലെക്ക് മടങ്ങാൻ തുടങ്ങുമ്പോഴാണ് ഇവിടെ ആരോ - നിൽക്കുന്നത് പോലെ തോന്നിയത്. 199 "ഞാൻ...??? അവൾ വാക്കുകൾ പരതി. - *'ക്ഷമിക്കണം, അങ്ങയേയും ഗുരുജിയേയും ഒന്ന് കാണാൻ..." - "വരൂ," - രാഹുൽ പറഞ്ഞു. - "'ഇരുൾ വീഴാൻ പോകുന്നു," - അവർ ഇടനാഴിയിൽ നിന്ന് പുറത്തേക്ക് നടന്നു. - കൊട്ടാരമുറ്റത്തുകൂടി അവർ വീട്ടിലേക്ക് നടന്നു. - "'ഗുരുജിയേയും എന്നെയും കണ്ടിട്ട് എന്താ വിശേഷം? ??? - ഭ'അത്... ഞാൻ..." - അവൾ വീണ്ടും വാക്കുകൾക്ക് വേണ്ടി പരതി. - "'അതിപ്പോൾ ഞാൻ .. വിശേഷിച്ചെങ്കിലും വതങ്ങൾ...?" - രാഹുൽ അവളെ അർത്ഥഗർഭമായി നോക്കി. - അവൾ ജാള്യത മറയ്ക്കാനാവാതെ അയാളെയും

ഭ" അങ്ങനെ വിശേഷിച്ചു വതങ്ങളോന്നുമില്ല," -- നോട്ടത്തിലെ ഭാവം നിലനിർത്തി രാഹുൽ പറഞ്ഞു. - "'... പിന്നെ ബുദ്ധിമുട്ടാവില്ലന്നുണ്ടെങ്കിൽ ഒരു കാര്യം ചെയ്-താൽ കൊള്ളാം,"

"'കൽപ്പിക്കണം," - അവൾ പെട്ടെന്ന് പറഞ്ഞു. - 'എ്യ്-, കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് കൽപ്പനയോന്നുമല്ല," - രാഹുൽ ചിരിച്ചു. - അതിൻറെ മാന്ത്രികഭംഗിയിലെക്ക് അവളുടെ മിഴികളും മനസ്സും പാളി. - ""ഒരു നിർദ്ദേശം. കിങ്കരന്മാരോടോത്തുള്ള ഹിംസ് കുറെയധികമാവുന്നു എന്ന് - വിവരം കിട്ടിയിട്ടുണ്ട്. അതിന് ഒരു ഭേദഗതി വന്നാൽ നന്നായിരുന്നു - ദിവ്യയുടെ മുഖത്ത് വീണ്ടും ജാള്യത നിറഞ്ഞു. തനിക്ക് എന്ത് സംഭവിച്ചു എന്നോർത്ത് അവൾ അദ്ഭുതപ്പെട്ടു. ഉരുളക്കുപ്പേരിപോലെ മറുപടി നൽകുന്ന തൻറെ നാവിപ്പോൾ എന്തുകൊണ്ടാണ് - പ്രവർത്തന രഹിതമായിത്തീരുന്നത്? - "'അത് ഞങ്ങൾ ക്ലബ്ബിൽ വെച്ച് ...അങ്ങയെ മറ്റൊരാളായി തെറ്റിദ്ധരിച്ച്... 1

അവൾ പൂർത്തിയാക്കാനാവാതെ നിർത്തി, - "ഞാനറിഞ്ഞിടത്തോളം അത് തെറ്റിധാരണയൊന്നുമല്ല," - രാഹുൽ പുഞ്ചിരി നിലനിർത്തി പറഞ്ഞു - "'കൃത്യമായി അറിഞ്ഞ്, പ്ലാൻ ചെയ്തത്... എന്നെ ആക്രമിക്കാൻ തന്നെ വന്നതാണ്. - ഞാൻ നിങ്ങൾ കരുതുന്നപോലെ ഒരു പ്രഷർ ഹണ്ടർ ഒന്നുമല്ല. ഒരു പാവം

ഭിക്ഷാംദേഹിയാണ്," - ദിവ്യ മുഖമുയർത്തി അയാളെ നോക്കി. 'ക്ഷമിക്കണം...ഇനി ഇനി അങ്ങനെയൊന്നുമുണ്ടാവില്ല," അവർ ഗേറ്റിനെ സമീപിച്ചു. - "' ശരി എങ്കിൽ കുമാരി പൊയ്ക്കോളൂ. ഞാൻ കാർട്ടേഴ്സിലേക്കാണ്," - വീണ്ടും കുമാരി! - ദിവ്യക്ക് ഉള്ളിൽ ചിരിപൊട്ടി. - രാഹുൽ തിരിഞ്ഞു നടന്നു. - ദിവ്യ മുറ്റം കടന്ന്,

അകത്തു കയറി സ്റ്റെയർകേസ്- കയറി മട്ടുപ്പാവിലേക്ക് പോയി. - ടെറസ്സിൽ കയറി നോക്കിയപ്പോൾ രാജശേഖര വർമ്മ കാറിൽ രാഹുലിനെ ഡ്രവ് - ചെയ്ത് കൊണ്ടുപോകുന്നത് കണ്ടു. - അവൾ കിടപ്പറയിലേക്ക് പോയി. - പതുപതുത്ത മെത്തയിൽ, തലയണയിൽ മാറിടമമർത്തി അവൾ രാഹുലിനെ ഓർത്തുകിടന്നു. - ഓർക്കുന്തോറും തൻറെ ശരീരത്തിൽ നിഗൂഢമായ ഉഷ്ണസാതസ്സുകൾ - ഉറവപൊട്ടുന്നത് അവൾ അറിഞ്ഞു. - അവൾ അരക്കെട്ടും മാറിടവും കിടക്കയിലേക്കമർത്തി. - ഗുരുജി പറഞ്ഞ വാക്കുകൾ അവളുടെ മനസ്സിലേക്ക് കുളിർപരത്തി ഓടിയെത്തി. രൂപലാവണ്യമുള്ള പെണ്ണ് - അഷ്ടസൌഭാഗ്യങ്ങൾ തരുന്നവൾ! - സ്ത്രീരത്നം! - പാതിവ്രത്യശക്തിയുള്ളവൾ! ഈശ്വരാ!

ഞാൻ

കതകിൽ മുട്ടുന്ന ശബ്ദം അൽപ്പം കഴിഞ്ഞാണ് അവൾ കേൾക്കുന്നത്. - അവൾ കിടക്കയിൽ നിന്നെഴുന്നേറ്റു. - കതക് തുറന്നപ്പോൾ മുമ്പിൽ മുത്തശി - “”എന്ത് ചെയ്യാരുന്നു കുട്ടീ, കതകൊക്കെ അടച്ച്-?” അവളോടൊപ്പം കിടക്കയിൽ ഇരുന്ന് മുത്തശി ചോദിച്ചു. 'ഒന്നുമില്ല ഗാനീ, ഒരു യാത്രയിലായിരുന്നു,” അവരുടെ മടിയിൽ തലവെച്ചുകിടന്ന് പുഞ്ചിരിയോടെ ദിവ്യ പറഞ്ഞു. - “”യാതയോ? എന്ത് യാത്ര?" - 'നൂറ്റാണ്ടുകൾക്ക് പിമ്പിലേക്ക് ഒരു യാത്ര!" - അവരുടെ മടിയിൽ നിന്ന് ദിവ്യ എഴുന്നേറ്റു. - അവൾ കിടക്കയിൽ നിന്നിറങ്ങി.

ജാലകത്തിനരികിലേക്ക് പോയി. - ദൂരെ കോബാഹിൽസിൻറെ ശിഖരങ്ങളിലേക്കും പുഴയുടെ ഇളം കമ്പികുട്ടൻ.നെറ്റ്

- കമ്പികുട്ടൻ.നെറ്റ് നീല വിതാനത്തിലേക്കും നോക്കി. “'കൊട്ടാരത്തിൻറെ ഇടനാഴികകളിൽ, കവാടങ്ങളിൽ ആയുധധാരികളായ - പട്ടാളക്കാർ കാവൽ നിന്നിരുന്നു. പടയോട്ടങ്ങളുടെയും പട്ടാളവിജയങ്ങളുടെയും - നടുവിൽ മാഹരാജാവ് വീരരാജവർമ്മ രാജ്യാതിർത്തികൾ തിരുത്തുമ്പോൾ മകൾ - യുവറാണി ഋതുപർണ്ണ തപോവനത്തിലെ ഗന്ധർവകുമാരൻറെ മുമ്പിൽ നൃത്തം ചെയ്യുകയായിരുന്നു. ഉഗ്രതപസ്സിൽനിന്നു മഹർഷികുമാരൻറെ ഗന്ധർവ നേതങ്ങൾ - ഉണരുകയായിരുന്നു. ...തൻറെ തരുന്ന നേതങ്ങൾക്ക് മുമ്പിൽ കാമരൂപിണിയായ - ഋതുപർണ്ണയുടെ ദാഹം കാണുകയായിരുന്നു. ... അങ്ങനെ അങ്ങനെ.." - സ്വപ്നത്തിലെന്നപോലെ ദിവ്യ പറഞ്ഞു. - മുത്തശി അമ്പരപ്പോടെ അവളെ നോക്കി. - “”അതൊന്നുമിപ്പോൾ എൻറെ കുട്ടി ഓർക്കരുത്, - അമ്പരപ്പ് നിലനിർത്തി അവർ പറഞ്ഞു. “”ആ കാലമൊക്കെ പോയില്ലേ?” സ്വപ്നത്തിൽ നിന്ന് ഉണരാത്ത മിഴികളോടെ ദിവ്യ മുത്തശ്ശിയെ നോക്കി. - “'ഇല്ല ഗാനീ... ആ കാലമൊന്നും പോയിട്ടില്ല. ഇപ്പോഴും ഇതാ ... അതെ കൊട്ടാരം . അതെ ഇടനാഴികകൾ ... അതെ മണ്ഡപം. അതെ ഋതുപർണ്ണ... ഇവിടെ ..ഞാൻ

- കോബാ ഹിൽസിൻറെ ശിഖരങ്ങൾ കാറ്റിലിളകി. - കാനനദുർഗ്ഗത്തിൽ നിന്ന് മലയാർയന്മാരുടെ ചെണ്ടകളുടെ താളം മുറുകി, “”പക്ഷെ ആ കഥയിലെ നായകൻ വന്നില്ലല്ലോ, മഹാർഷികുമാരൻ?" - ദിവ്യയുടെ സ്വപ്ന നയനങ്ങളിൽ തിളക്കം നിറഞ്ഞു. - “'ഇവിടെത്തന്നെയുണ്ട് ഗ്രാനീ. നമ്മുടെയടുത്തു തന്നെ ... ഒരു വിളിപ്പാട് -

മാതമകലെ," - മുത്തശ്ശിയുടെ കണ്ണുകൾ വിടർന്നു. - "'എന്തായീപ്പറയുന്ന കുട്ടേ?" - അവളുടെ കണ്ണുകളിൽ താൻ ഇതുവരെ കാണാത്ത ഒരു ദാഹം അവർ കണ്ടു. അധരം കടിക്കുന്നതും.
'ഗാനി എന്നെപ്പറഞ്ഞു കൊതിപ്പിക്കാറുള്ള ആ ഗന്ധർവകുമാരൻ. ആരിലും - മോഹമുണർത്തുന്നവൻ. തേജസ്വി. എൻറെ പുരുഷൻ. ഇവിടെത്തന്നെയുണ്ട്. " മലയരയന്മാരുടെ ചെണ്ടകളുടെ താളം വീണ്ടും മുറുകി. - കോബാഹിൽസിൽ നിന്ന് കാറ്റിളകി ദിവ്യയെ തഴുകി.
"" ആരാ... ആരാ കുട്ടേ അത്?" - നെറ്റി ചുളിച്ച്, ആകാംക്ഷയോടെ മുത്തശ്ശി ചോദിച്ചു . ff"അതേ മഹർഷി കുമാരൻ!" - കോബ്രാഹില്സിൽ നിന്ന് നോട്ടം മാറ്റി അവൾ പറഞ്ഞു.
' ശാന്തിദേവിൻറെ പുനർജ്ജനി, ഈ ജന്മത്തിലെ ഋതുപർണ്ണയെത്തേടിയെത്തിയ - ശാന്തിദേവ്. മഹർഷികുമാരൻ രാഹുൽ രാഹുൽ നാരായണൻ!"", - മുത്തശ്ശി സ്തംഭിച്ചു നിന്നു. - അവരുടെ കണ്ണുകളിൽ ഭയം നിറയുന്നത് അവൾ കണ്ടു. - "'മോളേ... നീ - മുത്തശ്ശിയുടെ ശബ്ദം വിറച്ചു. - "'അരുത്. അങ്ങനെയൊന്നും ചിന്തിച്ചുകൂടാ! ബ്രഹ്മർഷിയാണദ്ധേഹം! വൈദികൻ ഈശ്വര രൂപം!" - ദിവ്യ ചിരിച്ചു. ഉറക്കെയുറക്കെ. - അവളുടെ സ്വരത്തിൽ ഉന്മാദം നിറഞ്ഞിരുന്നു. - അത് ആ മുറിക്ക് പുറത്തുകടന്ന് കോബാഹിൽസിൻറെ മലഞ്ചരിവിലെത്തി - പ്രതിധ്വനിക്കുന്നത് പോലെ അവർക്ക് തോന്നി. - ""നൂറ്റാണ്ടുകൾക്ക് കമ്പികുട്ടൻ.നെറ്റ് - കമ്പികുട്ടൻ.നെറ്റ് മുമ്പ് മറ്റൊരു ഗാനി ഋതുപർണ്ണയോട് പറഞ്ഞ അതേ വാക്കുകൾ - നൂറ്റാണ്ടുകൾക്ക് മുമ്പ് മറ്റൊരു ദിവ്യയുടെ കാതുകളിലെത്തിയ അതേ ഭയം നിറഞ്ഞ വാക്കുകൾ! എല്ലാമിവിടെ പുനർജ്ജനിക്കുകയാണ് ഗ്രാനീ. അതേ പുഴ അതേ - കൊട്ടാരം. അതേ തപോവനം. അന്ത്യം മാത്രം വ്യത്യാസപ്പെടും. അത്രമാത്രം, - "" എങ്ങനെ?" അവർ പെട്ടെന്ന് ചോദിച്ചു. - "'എന്നെ ഒരുപാട് സ്നേഹിക്കുന്ന എൻറെ ഡാഡീം മമ്മീം അങ്കിൾമാരും - ആന്റിമാരും പിന്നെ ഈ സുന്ദരി ഗ്രാനീം എല്ലാരും എന്നെ എൻറെ പുരുഷൻറെ - കൈയിൽ ഏൽപ്പിക്കും. പൂർണ്ണമനസ്സോടെ, അനുഗ്രഹിച്ച് പ്രാർഥിച്ച് അങ്ങനെ - ഒരു വ്യത്യാസം മാത്രം ശാന്തിദേവ് കൺക്ലൂഷൻ എന്ന് പേരിട്ടിരിക്കുന്ന ഈ - സെക്കണ്ട് എഡിഷനിലുണ്ടാവും. ഭ - അവരുടെ മുഖത്ത് ആശങ്ക നിറയുന്നത് ദിവ്യ കണ്ടു. അവൾ അവർക്കഭിമുഖമായി നിന്ന് അവരുടെ തോളുകളിൽ കൈകൾ ചേർത്ത് - ചുറ്റിപ്പിടിച്ചു. - "'ഗാനി പറയാറില്ലേ, ഗ്രാനിടെ രാജകുമാരിക്ക് ഈ പ്രപഞ്ചത്തിലെതന്നെ ഏറ്റവും - യോഗ്യനായ ഒരു രാജകുമാരൻ വരുമെന്ന്?" മുത്തശ്ശിയുടെ കണ്ണുകളിൽ കുസൃതിയോടെ നോക്കി അവൾ ചോദിച്ചു. - "'ഗാനി കണ്ട് ആ യോഗ്യതകൾ എന്താണാവോ? ഈ ഗ്യാലക്സി തന്നെ വിലക്ക് - വാങ്ങാൻ ശേഷിയുള്ള മഹാ ധനികൻ? മുമ്പിലും പിമ്പിലും അകമ്പടിക്കാരുള്ള, - ദിവസവും കാറുകളും വിമാനങ്ങളും വാങ്ങിക്കൂട്ടുന്ന, സ്റ്റാർ ഹോട്ടലുകളിൽ മാത്രം ഭക്ഷണം കഴിക്കുന്ന ഒരസാധാരണ ജീവി?"" - മുത്തശ്ശി മൌനമവലംബിച്ച് അവളെ നോക്കി. - "'ഗാനിടെ ഉത്തരം അല്ല എന്നാണെന്ന് എനിക്കറിയാം," - ദിവ്യ തുടർന്നു.

ഭ' പക്ഷെ മോളേ...' - മൌനത്തിനു ശേഷം അവർ പറഞ്ഞു. - "'അദ്ദേഹം നമ്മുടെ വീട്ടിൽ കർമ്മം നടത്താൻ. മാത്രമല്ല . ഉഗ്രബ്രഹ്മചാരിയുമാണ് ??? - ദിവ്യയുടെ ചുണ്ടുകൾ വിടരുന്നതവർ കണ്ടു. - ദീപ്തമായ മന്ദഹാസത്തോടെ അവൾ അവനെ നോക്കി,

"" അദ്ധേഹത്തിൻറെ മനസ്സിൻറെയും ശരീരത്തിൻറെയും വിശുദ്ധി എനിക്ക് വേണ്ടി - ഈശ്വരൻ സൃഷ്ടിച്ചതാണ് ഗ്രാനീ. എന്നിലേക്കെത്തിച്ചേരാനുള്ള അദ്ധേഹത്തിൻറെ - മാർഗ്ഗമാണ് ആ ബ്രഹ്മചര്യം. അതാണ് - ... അതാണ് എന്നെ

വിസ്മയിപ്പിക്കുന്നത്." - അവളുടെ മിഴികൾ വീണ്ടും സ്വപ്ന തരളിതമായി. - "'ദാറ്റ്സ് മൈ മാൻ യൂസിംഗ് ഹിസ്- സെലിബസി ആസെ മാജിക്കൽ ഓർണമെൻറ് റ്റു സെഡ്യൂസ് ഹിസ്- ഗേൾ... ??

യോഗധ്യാനത്തിന്റെയും യോഗാസനത്തിന്റെയും ക്ലാസ്സുകൾ കൊട്ടാരത്തിന്റെ വിശാലമായ നടുത്തളത്തിലാണ് നടന്നത്.

പണ്ട് പൌരമുഖ്യന്മാരുമായി സമ്മേളിക്കുവാൻ രാജാക്കന്മാർ ഉപയോഗിച്ചതായിരുന്നു ആ നടുത്തളം.

രാജസ്ഥാനി മാർബിൾ പാകിയ അതിന്റെ നാലുവശത്തും മൂന്ന് നിലകളുള്ള കൊട്ടാരക്കെട്ടുകൾ ഉയർന്നുനിന്നു.

ധാരാളം പ്രകാശവും വായുവുമുള്ള ആ സ്ഥലം രാഹുൽ തന്നെയാണ് യോഗ പഠനത്തിനായി നിർദ്ദേശിച്ചത്.

അതിന്റെ വിശാലതയിൽ രാഹുലിന്റെ മുമ്പിലിരുന്ന് അയാൾ ചൊല്ലിത്തരുന്ന മന്ത്രങ്ങൾ ഏറ്റു ചൊല്ലുമ്പോൾ, അയാളുടെ നിർദ്ദേശങ്ങളനുസരിച്ച് യോഗമുറകളഭ്യസിക്കുമ്പോൾ ആദ്യ ദിവസങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അവർ പാടുപെട്ടു.

രാഹുൽ അത് മനസ്സിലാക്കിയിരുന്നതിനാൽ വളരെയേറെ ശാസനയും കിട്ടി അവൾക്ക്.

പക്ഷെ യോഗധ്യാനത്തിന്റെ സ്വാധീനം ഏതാനും ദിവസങ്ങൾക്കുള്ളിൽ അവളിൽ പ്രകടമായി.

മന്ത്രങ്ങളും അവയുടെ അർത്ഥങ്ങളും വളരെ വേഗം അവൾ ഹൃദിസ്ഥമാക്കി.

യോഗാഭ്യാസങ്ങൾ ഒരു നർത്തകിയുടെ മെയ് വഴക്കത്തോടെയും വൈഭവത്തോടെയും അവൾ ചെയ്തുകൊണ്ടിരുന്നു.

പിന്നീട് അവളെ ശാസിക്കാനോ തിരുത്താനോ രാഹുലിന് ഇടവന്നില്ല.

പക്ഷെ "ഹലാസനം" പരിശീലിക്കുമ്പോൾ വീണ്ടും പ്രശ്നങ്ങൾ തുടങ്ങി.

തറയിൽ വിരിച്ചിട്ട ഷീറ്റിൽ കൈകൾ നീട്ടി, ശിരസ്സ് നേരെ വെച്ച്, നീണ്ടു നിവർന്ന്, മലർന്ന് ദിവ്യ കിടന്നു.

അവൾ ഒരു വെളുത്ത ട്രാക്ക് സ്യൂട്ട് ആണ് ധരിച്ചിരുന്നത്.

സമീപത്ത് തവിട്ട് നിറത്തിലുള്ള ഖദർ ഷർട്ടും കാവി നിറമുള്ള മുണ്ടും അണിഞ്ഞ് രാഹുൽ നിന്നു.

"ശ്വാസം അകത്തേക്കെടുക്കുക,"

രാഹുൽ പറഞ്ഞു.
അവൾ ദീർഘമായി ശ്വസിക്കുവാൻ തുടങ്ങി.
"ശ്വസനത്തോടൊപ്പം മുട്ടുകൾ മടക്കാതെ കാലുകൾ മുകളിലേക്കുയർത്തുക,"
ദിവ്യ കാലുകൾ രണ്ടും മുകളിലേക്കുയർത്തി.
"നിർത്തുക,"
കാലുകൾ കൃത്യം ലംബമായി നിന്നപ്പോൾ രാഹുൽ പറഞ്ഞു.
അവൾ കാലുകൾ തൊണ്ണൂറ് ഡിഗ്രിയിൽ നിർത്തി.
"ഇനി അരക്കെട്ടിൽ കൈകൾ താങ്ങൂ,"
അവൾ അപ്രകാരം ചെയ്തു.
"ഇനി കാലുകൾ രണ്ടും ഒരുപോലെ ശിരസ്സിന് മുകളിലേക്ക് കൊണ്ടുവരിക. ശ്വാസം പുറത്തേക്ക് മാത്രമെടുക്കുക,"
ദിവ്യ ആ നിർദ്ദേശം അനുസരിച്ചു.
അവൾക്ക് ആയാസമനുഭവപ്പെട്ടു തുടങ്ങി.
കാലുകൾ താഴേക്ക് വരുന്തോറും അത് കൂടുതലായി.
"പാദങ്ങൾ തറയിൽ സ്പർശിക്കുക,"
അവൾ പാദങ്ങൾ നിലത്ത് മുട്ടിക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല.
ശ്രമം തുടർന്നു.
ആയാസം നിയന്ത്രിക്കാനാവാത്തതുപോലെ അവക്കനുഭവപ്പെട്ടു.
"കരാട്ടേയിലൊക്കെ ഫസ്റ്റ് ആകാറുണ്ട് എന്നൊക്കെപ്പറഞ്ഞിട്ട്?"
രാഹുൽ അസന്തുഷ്ടിയോടെ ചോദിച്ചു.
ശ്രമം തുടർന്നുകൊണ്ടിരിക്കുമ്പോൾ രാഹുൽ അൽപ്പം കൂടി അവളുടെയടുത്ത് വന്നു.
ഇടതുകൈ കൊണ്ട് അവളുടെ കൈയിൽ പിടിച്ചു.
വലത് കൈ അവളുടെ പാദത്തിലും.
ശരീരം മുഴുവൻ വിയർപ്പിൽ പുതഞ്ഞിരുന്നെങ്കിലും തന്നിൽ കുളിർ നിറയുന്നത് അവൾ അറിഞ്ഞു.
ശരീരം ആ സ്പർശനത്തിൽ തുടുത്ത് ഹരം കൊള്ളുന്നതും.
മാറിടത്തിൽ തരിപ്പുയരുന്നു...
"സാവധാനം....പതിയെ.......ങ്ഹാ ....അങ്ങനെ..."
രാഹുൽ പ്രോത്സാഹിപ്പിച്ചുകൊണ്ട് പറഞ്ഞു.
അയാളുടെ ഉച്ഛ്വാസ വായു തന്റെ കവിളിൽ സ്പർശിച്ചത് അവൾ അറിഞ്ഞു.
ദേഹം വീണ്ടും കോരിത്തരിക്കുന്നതും.
"ഗംഭീരം!"
അയാളുടെ സ്വരം അവൾ കേട്ടു.
താൻ പൂർണ്ണമായും ഹലാസനത്തിൽ ഇരിക്കുകയാണെന്ന് അവൾ അറിഞ്ഞു.
രാഹുൽ സ്പർശിച്ച നിമിഷം മുതൽ അവളുടെ മനസ്സാകെ ഇളകി മറിയുകയായിരുന്നു.

ഇളംകാറ്റിലുലയുന്ന പനിനീർപ്പൂവ് പോലെ.
ഉടലാകെ ആരോ തൂവൽകൊണ്ട് തൊടുന്നപോലെ.
ശരീരത്തിന്റെ നിഗൂഢകേന്ദ്രത്തിൽ ഒരു വിദ്യുത്പ്രാവാഹം ഉറ പൊട്ടുന്നു.
രഹസ്യവികാരങ്ങളുടെ ആയിരം മഴവില്ലുകൾ നൃത്തം ചെയ്യുന്ന ഒരാകാശമായി താൻ മാറിയിരിക്കുന്നു എന്ന് അവൾ അറിഞ്ഞു.
ഉടലിനെ പൊതിഞ്ഞ രോമഹർഷം ഇനിയുമടങ്ങിയിട്ടില്ല.
എത്രയോ ആൺകുട്ടികളുമായി താൻ അടുത്ത് ഇടപഴകിയിരിക്കുന്നു.
തൊട്ട്, വഴക്കിട്ട്, നൃത്തം ചെയ്ത്, കെട്ടിപ്പിടിച്ച്....
പക്ഷെ അപ്പോഴൊക്കെ സ്വന്തം ശരീരത്ത് തൊടുന്ന പോലെയേ തോന്നിയിട്ടുള്ളൂ.
എന്നാൽ ഇപ്പോൾ...
എത്ര തരളിതയായിരിക്കുന്നു, താൻ!
ആ സ്പർശനത്തിന്റെ ഉച്ഛ്വാസ വായുവിന്റെ അഗ്നി ശരീരത്തെ സുഖകരമായി ദഹിപ്പിക്കുന്നു.
"എന്താ ഇത്?'
രാഹുലിന്റെ ഘനമുള്ള ശബ്ദം അവളെ അനുഭൂതികളിൽ നിന്നുമുണർത്തി.
"സോറി...സാർ..ഞാൻ,"
അവൾ ജാള്യതയോടെ പറഞ്ഞു.
"ഇന്നിനി മതി,"
രാഹുൽ നിവർന്നു നിന്നു.
"ശരി, സാർ,"
തറയിൽ വിരിച്ച ഷീറ്റിൽ നിന്നും അവൾ എഴുന്നേറ്റു.
"കുമാരി പൊയ്ക്കോള്ളൂ,"
തന്നെ പ്രതീക്ഷിച്ചു നിൽക്കുന്ന ദിവ്യയോട് അയാൾ പറഞ്ഞു.
അയാളെ പ്രണമിച്ചതിന് ശേഷം അവൾ നടുത്തളത്തിൽ നിന്നും പുറത്തേക്ക് നടക്കാൻ തുടങ്ങി.
പെട്ടെന്ന് എന്തോ ഓർത്തിട്ടെന്നപോലെ അവൾ തിരിഞ്ഞുനിന്നു.
"സാർ,"
അയാൾ ചോദ്യഭാവത്തിൽ നോക്കി.
"കോബ്രാഹിൽസിലേക്ക് പോകണമെന്ന് സാർ പറഞ്ഞില്ലായിരുന്നോ?ഇന്ന് ഞായറാഴ്ചയല്ലേ? സാറിന് സൌകര്യമാണേൽ ഇന്ന് പോകാം. സമയമിപ്പോൾ പത്ത് മണി കഴിഞ്ഞതല്ലേയുള്ളൂ?"
"ശരി,"
തെല്ലു നേരത്തെ ആലോചനക്ക് ശേഷം രാഹുൽ പറഞ്ഞു.
"പോകുന്നതിനു മുമ്പ് അച്ഛനോടും അമ്മയോടും പറഞ്ഞിരിക്കണം,"
"ശരി, സാർ,"
അവൾ പറഞ്ഞു.
രാജശേഖര വർമ്മ ഒരു ടൂറിലായിരുന്നു.

രണ്ടുദിവസം കഴിഞ്ഞു മാത്രമേ തിരികെ വരികയുള്ളൂ.
******************************
"എന്തിനാ മമ്മി, സാറ് കോബ്രാഹിൽസിൽ പോകുന്നെ?"
ദിവ്യ ഗായത്രി ദേവിയോട് ചോദിച്ചു.
അയാൾ മലമുകളിലേക്ക് പോകുന്നു എന്നറിഞ്ഞ് അവർ തിടുക്കത്തിൽ ചില പലഹാരങ്ങളൊക്കെയുണ്ടാക്കി പായ്ക്ക് ചെയ്തു.
കൂട്ടത്തിൽ ഏറ്റവും നല്ല പഴങ്ങളും.
"മമ്മീ, ഞങ്ങള് നാലഞ്ചു ദിവസത്തെ പ്ലഷർ ട്രിപ്പിനുമൊന്നുമല്ല പോകുന്നെ,"
ഗായത്രിദേവിയുടെ ഒരുക്കങ്ങൾ കണ്ട് ദിവ്യ പറഞ്ഞു.
"ഇതൊക്കെയെടുത്ത് കോബ്രാ ഹിൽസിലെത്തിക്കാൻ വേറെ ആരെയേലും കൂട്ടേണ്ടി വരും,"
"ഇതൊന്നും നിനക്കല്ല,"
അവർ പറഞ്ഞു.
"തപസ്വിയാണദ്ദേഹം. നിർമ്മല മനസുള്ള പുരോഹിതൻ. അദ്ധേഹത്തിന് ആവശ്യമുണ്ടോ ഇല്ലയോ എന്നൊന്നും നമ്മൾ തിരക്കേണ്ട. നമ്മൾ കൊടുക്കുക മാത്രം ചെയ്യുക,"
"മമ്മീടെ നിർമ്മല മനസ്സുള്ള പുരോഹിതനാണ് നരിമറ്റം അങ്കിളിനേം ഞങ്ങടെ ലത്തീഫ് ദാദാനേം പിന്നെ ജയകൃഷ്ണനേം ഒക്കെ അടിച്ച് തറപറ്റിച്ചത്,"
"മഹാ ഋഷിമാര് അങ്ങനെ ചെയ്തിട്ടുണ്ട്,"
ഗായത്രി ദേവി ന്യായീകരിച്ചു.
"ദുഷ്ടന്മാരെ നിഗ്രഹിക്കാൻ ഭഗവാൻ തന്നെ എത്ര പ്രാവശ്യം അവതാരമെടുത്തു?"
"ഓക്കേ, ഓക്കേ. മമ്മി അത് പറഞ്ഞില്ലല്ലോ.സാറെന്തിനാ കോബ്രാഹിൽസിൽ പോകുന്നെ?"
"തപസ്വികളുടെ ഇഷ്ടങ്ങൾ അങ്ങനെയൊക്കെയാണ്, മോളെ, കാനനങ്ങളും ഗുഹാന്തർഭാഗങ്ങളും നദീ തീരങ്ങളുമൊക്കെയാണ് അവരുടെ പ്രിയപ്പെട്ട ഇടങ്ങൾ,"
പഴങ്ങളും പലഹാരങ്ങളും നിറച്ച പ്ലാസ്റ്റിക് ബാസ്ക്കറ്റ് അവർ ദിവ്യയുടെ കൈയ്യിൽ കൊടുത്തു.
"ഇതെല്ലാം മമ്മി സാറിന് വേണ്ടി പ്രത്യേകം ഉണ്ടാക്കിയതാണ് എന്ന് ഞാൻ പറയാം,"
ഗായത്രി ദേവിയോടൊപ്പം പുറത്തേക്ക് ഗാരേജിലെക്ക് നടന്നുകൊണ്ട് അവൾ പറഞ്ഞു.
"മഹാറാണി സ്വന്തം കൈകൾകൊണ്ട് ഉണ്ടാക്കിയതാന്ന് അറിയുമ്പോ ബ്രൂസ്‌ലി സന്ന്യാസി കഴിക്കാതിരിക്കില്ല,"
"ബ്രൂസ്‌ലി സന്യാസിയോ?"
"പിന്നെ തല്ലും പിടീം ഉണ്ടാക്കുന്ന ആളെ സ്വാമി വിവേകാനന്ദൻ എന്ന് വിളിക്കാൻ പറ്റുമോ?"

ഓപ്പൽ ആസ്ട്രായുടെ ഫ്രണ്ട് ഡോർ തുറന്ന് ബാസ്ക്കറ്റ് സീറ്റിൽ വച്ചിട്ട് ദിവ്യ പറഞ്ഞു.
ഡ്രസ്സിംഗ് റൂമിൽ കയറി അവൾ കുറച്ച് നേരം ആലോചിച്ചു.
എന്ത് ധരിക്കണം?
ജീൻസ് -ടീ ഷർട്ട്? ചുരിദാർ? സ്കർട്ട് -ടോപ് ?
അവസാനം അവൾ ചുവന്ന ഒരു ചുരിദാർ അണിഞ്ഞു.
സാറിനോടോപ്പമുള്ള എന്റെ ആദ്യത്തെ യാത്രയാണ്. അൽപ്പം കളറായാൽ കുഴപ്പമൊന്നുമില്ല.
പിന്നെയവൾ കണ്ണാടിയുടെ മുമ്പിൽ നിന്ന് തലമുടി ചീകിയൊതുക്കി.
സാർ എന്നെ നോക്കുമോ? എന്റെ ശരീരത്തിന്റെ സ്ട്രക്ചർ സാറിന് ഇഷ്ടമാകുമോ?
എന്റെ കണ്ണുകൾ, കവിളുകൾ ചുണ്ട് ഒക്കെ സാർ ശ്രദ്ധിക്കുമോ?
അവൾ മാറിലേക്ക് നോക്കി.
ചാഞ്ഞും ചരിഞ്ഞും അവൾ കണ്ണാടിയിൽ തന്റെ മാറിലേക്കും അരക്കെട്ടിലേക്കും നിതംബങ്ങളിലേക്കും നോക്കി.
ഭംഗിയുണ്ടോ?
ഇവിടെയൊക്കെ സാർ നോക്കുമോ?
അറിയാതെയെങ്കിലും ഇവിടെയൊക്കെ ഒന്ന് മുട്ടുമോ?
താൻ സാറിന് ഇഷ്ടപ്പെടാൻ മാത്രം സുന്ദരിയാണോ?
ദേഹം വീണ്ടും കുളിരണിയുകയാണ്.
ഞരമ്പുകൾ വലിഞ്ഞ് മുറുകുന്നു.
നീരുറവയുടെ ചൂട് ദേഹത്ത് പടരുന്നു.
ഈശ്വരാ...
"ഒരുക്കമോന്നും കഴിഞ്ഞില്ലേ മോളെ?"
ഗായത്രി ദേവി വിളിച്ചു ചോദിച്ചു.
"വരുന്നു, മമ്മീ,"
അവൾ വീണ്ടും കണ്ണാടിയിൽ നോക്കി.
അധികം മേക്കപ്പൊന്നും വേണ്ട.
"അദ്ധേഹത്തിന് അനിഷ്ടമൊന്നും തോന്നിപ്പിക്കരുത്, കേട്ടോ മോളെ,"
ഡ്രസ്സിംഗ് റൂമിൽ നിന്ന് പുറത്ത് കടന്ന് ഗാരേജിലേക്ക് നടക്കവേ ഗായത്രി ദേവി വീണ്ടും ഓർമ്മിപ്പിച്ചു.
ദിവ്യ കാർ സ്റ്റാർട്ട് ചെയ്തു.
"ഒഫ് കോഴ്സ്, മമ്മീ,"
ഒരു കുസൃതിച്ചിരിയോടെ അവൾ പറഞ്ഞു.
"എന്നാൽ പോട്ടെ...സ്പിരിച്വൽ ഹണിമൂണിന്?"
ഗായത്രി ദേവി തലയിൽ കൈവെച്ചു.
ഈ പെണ്ണ് ഇതെന്താണീ പറയുന്നത്?

അവരുടെ മുഖത്തെ ആശ്ചര്യഭാവത്തിലേക്ക് ഒരു കുസൃതിച്ചിരിയെറിഞ്ഞ് ദിവ്യ ഡ്രൈവ് ചെയ്ത് നീങ്ങി, സെയ്ന്റ് മേരീസ് ചർച്ചിലേക്ക്.
പകുതി വഴിയെത്തിയപ്പോൾ പാതയുടെ അങ്ങേയറ്റത്ത് രാഹുലിന്റെ രൂപം അവൾ കണ്ടു.
വഴിയരികിലെ ദേവദാരുക്കളുടെ ഇലച്ചാർത്തിന്റെ പാശ്ചാത്തലത്തിൽ.
അയാൾ നടന്ന് വരികയാണ്.എത്ര വിമോഹനമാണ് അയാളുടെ ചലനങ്ങൾ!
കറുപ്പ് നിറമുള്ള ഇറക്കംകൂടിയ കുർത്തയും കാവിമുണ്ടും അണിഞ്ഞിരിക്കുന്നു.
ഇദ്ദേഹത്തിന് രണ്ടു പ്രൊഫഷനേ ഇണങ്ങൂ.
ഒരു കുസൃതിച്ചിരിയോടെ അവൾ ഓർത്തു.
ഒന്ന് തീർച്ചയായും ഈ സന്ന്യാസ വേഷം.
അല്ലെങ്കിൽ ഗോപികമാരുടെ ഹൃദയം കവർന്ന മണിവർണ്ണന്റെ...
ഇന്നലെ ഷെറിൻ ആണ് പറഞ്ഞത്.
"രാഹുൽ സാറ് അടുത്തിരുന്ന് യോഗധ്യാനം പഠിപ്പിക്കുമ്പോൾ കോൺസെൻട്രേഷൻ നഷ്ടപ്പെടാതെ പിടിച്ച് നിൽക്കാൻ നിനക്കെങ്ങനെ കഴിയുന്നു, ദിവ്യേ?"
താൻ അപ്പോൾ പുഞ്ചിരിക്കുകയാണുണ്ടായത്.
"നിന്റെ സ്ഥാനത്ത് ഞാനാരുന്നെങ്കിൽ ഒരക്ഷരം പഠിക്കില്ല. സാറിന്റെ മുഖത്ത് നിന്ന് കണ്ണു പറിച്ചിട്ടുവേണ്ടേ എന്തെങ്കിലും പഠിക്കാൻ?"
"എനിക്ക് രാഹുൽ സാറിനെ ഓർത്താണ് അദ്‌ഭുതം,"
പ്രിയങ്കയുടെ ചുണ്ടിൽ ഒരു ഒരു കുസൃതിപ്പുഞ്ചിരി വിടർന്നു .
"സാറ് ശരിക്കും സന്ന്യാസി തന്നെ. അല്ലേൽ നിന്നെപ്പോലെ ഒരു ചുന്ദരിനെ മണിക്കൂറുകളോളം അടുത്ത് കിട്ടീട്ടും ഇത്രയൊക്കെ നിയന്ത്രണം പാലിക്കണെങ്കി ഹീയീസേ റിയൽ സെയ്ന്റ്,"
രാഹുൽ അടുത്തെത്തിയപ്പോൾ ദിവ്യ കാർ നിർത്തി.
"ഞാൻ താമസിച്ചോ സാർ?"
ഡോർ തുറന്ന് പുറത്തിറങ്ങി ദിവ്യ ചോദിച്ചു.
"ഇല്ല,"
അയാൾ പുഞ്ചിരിച്ചു.
എന്റീശ്വരാ...
അയാളുടെ പുഞ്ചിരിയിലേക്ക് നോക്കി അവൾ പ്രാർഥിച്ചു.
തപസ്സിരുന്നു കിട്ടുന്നത് പോലെ അത്യപൂർവ്വമാണ് മനോഹരമായ ഈ പുഞ്ചിരി.
രാഹുൽ അകത്ത് കയറി.
അയാൾ പിൻപിൽ കയറുമെന്നാണ് അവൾ കരുതിയിരുന്നത്.
മറിച്ചാണ് കൊതിച്ചിരുന്നതെങ്കിലും.
എന്നാൽ അവളെ ആഹ്ലാദിപ്പിച്ചുകൊണ്ട് അയാൾ മുൻസീറ്റിൽ തന്നെയിരുന്നു.
"കോബ്രാഹിൽസ് നടന്നു കാണാനാണ് ഞാൻ ഉദ്ദേശിച്ചത്,"
ദിവ്യ കാർ സ്റ്റാർട്ട് ചെയ്യവേ അയാൾ പറഞ്ഞു.

"നടന്നാൽ നാലഞ്ചു മണിക്കൂറിൽ കുറയില്ല സാർ, മുകളിലെത്താൻ. പോകുന്നതിനിടയിൽ വഴിയിൽത്തന്നെ കാർ നിർത്തി നമുക്ക് നടന്നു കാണാം,"
അവൾ പറഞ്ഞു.
നദീ തീരത്തിന് സമാന്തരമായ പാതയിലൂടെ ഡ്രൈവ് ചെയ്യവേ ദിവ്യ ഓർത്തു: നടന്നു പോകുന്ന പദ്ധതി അപ്പോൾത്തന്നെ അംഗീകരിക്കാമായിരുന്നു.
പുഴയുടെ വിശാല നീലിമ.
തീരം നിറയെ പുൽത്താഴ്‌വാരത്തിന്റെ മരതകപ്പച്ച.
വസന്ത ഋതുവിന്റെ വരവറിയിച്ച് കാറ്റിലുലയുന്ന കാട്ടുപൂക്കൾ.
ചിത്ര ശലഭങ്ങൾ.
ദൂരെ മേഘങ്ങൾ ചൂടിനിൽക്കുന്ന കോബ്രാഹിൽസിൽ നിന്ന് പിറവിയെടുത്ത് അന്തരീക്ഷം നിറയ്ക്കുന്ന സുഗന്ധവാഹിയായ കാറ്റ്.
ഈ ചേതോഹര ദൃശ്യങ്ങളുടെ പാശ്ചാത്തലത്തിൽ, സാറിനോടൊപ്പം, തൊട്ടടുത്ത്, സംസാരിച്ച്, അദ്ദേഹം പറയുന്നതൊക്കെ കേട്ട് നടന്ന് പോകാമായിരുന്നു.
"നിർത്തണോ സർ?"
രാഹുൽ പുഴയിലേക്ക് നോക്കുന്നത് കണ്ട് ദിവ്യ ചോദിച്ചു.
"വേണ്ട, പതിയെ ഡ്രൈവ് ചെയ്താൽ മതി,"
നോട്ടം മാറ്റാതെ അയാൾ പറഞ്ഞു.
"അതെന്താ, ആ ആൽമരം?"
നദിയുടെ മറുകരയിൽ ഒരാൽമരം നിന്നിരുന്നു.
ശാഖോപശാഖകളായി പടർന്ന് പന്തലിച്ച് അത് നിന്നു.
അതിന്റെ ചുവട്ടിൽ നിന്ന് അൽപ്പം മുകളിൽ വരെ ചുവന്ന ചരടുകൾ കെട്ടിയിരുന്നു.
അതിന്റെ ചുവട്ടിൽ പൂക്കൾ ചിതറിക്കിടന്നു .
"സാർ ചിലപ്പോൾ കേട്ടിട്ടുണ്ടാവും ഋതുപർണ്ണയെക്കുറിച്ച്,"
അത് പറയുമ്പോൾ അവളുടെ സ്വരം നിഗൂഢമായ ഒരനുഭൂതിയിൽ നിറഞ്ഞു.
"ഞങ്ങളുടെ ഫാമിലിയിൽ വളരെ മുമ്പ് ജീവിച്ചിരുന്നു,"
കാറ്റിലുലയുന്ന ഇലച്ചാർത്തിലേക്ക് നോക്കി അവൾ പറഞ്ഞു.
"അവൾ ആ ആൽമരത്തിനടുത്ത്, പുഴേൽ വീണ് ആത്മഹത്യ ചെയ്തു. കോബ്രാ ഹിൽസിൽ ഒരു ട്രൈബൽ കമ്യൂണിറ്റിയുണ്ട്. അവര് ഋതുപർണ്ണേനെ ഒരു ദേവിയായിട്ടാ കാണുന്നെ. പാതിവ്രത്യത്തിന്റെ ദേവത. അവളുടെ ആത്മാവ് ആ ആൽമരത്തിലുണ്ടെന്നാ വിശ്വാസം,"
രണ്ട് മൊണാർക്ക് ചിത്ര ശലഭങ്ങൾ കാറിന്റെ ഗ്ലാസ്സിന് മേൽ വന്നിരുന്നു.
രാഹുൽ അപ്പോൾ അൽമരത്തിൽ നിന്ന് കണ്ണുകൾ മാറ്റി തന്നെ നോക്കുന്നത് ദിവ്യ കണ്ടു.
തന്റെ കണ്ണുകളിലേക്കാണ് നോക്കുന്നത്.
ഈശ്വരാ...
അവൾ പ്രാർഥിച്ചു.
കാലം നിശ്ചലമായി നിന്നിരുന്നെങ്കിൽ....!

സമുദ്ര സാന്നിധ്യമായി തന്നെ പൊതിഞ്ഞു പടരുന്ന ഊഷ്മളമായ ആ നോട്ടത്തിനുള്ളിൽ എന്നുമിങ്ങനെ നിൽക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...!
താൻ ശാന്തിദേവിന്റെ പുനര്ജ്ജനിയാണ് എന്ന് സാർ തിരിച്ചറിഞ്ഞു കഴിഞ്ഞോ?
അദ്ധേഹത്തിന് വേണ്ടി കാത്തിരുന്ന് പുനർജ്ജനിച്ച ഋതുപർണ്ണയാണ് താണെന്നും?
ഒരപരാധം ചെയ്തത് പോലെ രാഹുൽ നോട്ടം പിൻവലിച്ചു.
കണ്ണുകൾ വീണ്ടും ആ ആൽമരത്തിലേക്ക് നീണ്ടു.
അതിനെ വളരെ പിന്നിലാക്കി കാർ നീങ്ങിക്കഴിഞ്ഞിരുന്നു അപ്പോൾ.
"ങ്ഹാ, ഞാൻ കേട്ടിട്ടുണ്ട്,"
രാഹുൽ പറഞ്ഞു.
"ആ ലെജൻഡ്. അന്നത്തെ തമ്പുരാന്റെ ബ്രഹ്മഹത്യ, ഋതുപർണ്ണ എന്ന തമ്പുരാട്ടിയെ സ്നേഹിച്ച ഒരു ശാന്തിദേവ്. ഒരു യുവഋഷി....അല്ലേ?"
"അതെ സാർ,"
അവൾ ലജ്ജയിൽ കുതിർന്ന പുഞ്ചിരിയോടെ പറഞ്ഞു.
"ആ ലെജൻഡ് അനുസരിച്ച് ശാന്തിദേവിന്റെ അച്ചൻ അന്നത്തെ തമ്പുരാനെ ശപിച്ചു..."
സുഗന്ധവാഹിയായ കാറ്റിൽ അമർന്നുലയുന്ന വൃക്ഷശിഖരങ്ങൾ നോക്കി ഡ്രൈവ് ചെയ്യവേ ദിവ്യ പറഞ്ഞു.
"വളരെ തപോശക്തിയുള്ള ഒരു മഹർഷിയാരുന്നു അദ്ദേഹം. ഞങ്ങടെ ഫാമിലീൽ ഒരു പെൺകുട്ടി ഇനി ഉണ്ടാവുകയേ ഇല്ല എന്ന് അദ്ദേഹം ശപിച്ചു. അഥവാ ഇനി ഉണ്ടായാ അദ്ധേഹത്തിന്റെ മകൻ പുനർജ്ജനിക്കൂന്നും ആ പെൺകുട്ടിയെ വിവാഹം കഴിക്കൂന്നും..."
മൊണാർക്ക് ചിത്രശലഭങ്ങൾ മുമ്പിൽ പാറിക്കളിക്കുന്നത് രാഹുൽ നോക്കിയിരുന്നു.
"ശാപത്തിന് ശേഷമുണ്ടായ ആദ്യത്തേ പെൺകുട്ടി...അവൾ..ദിവ്യ...ദിവ്യയാണ് അല്ലേ?"
അയാൾ അവളെ നോക്കാതെ ചോദിച്ചു.
ദിവ്യ പക്ഷെ അയാളെ നോക്കി പുഞ്ചിരിച്ചു.
"ഹാ, സാർ...എനിക്ക് മുമ്പ് മറ്റൊരു പെൺകുട്ടി ജനിച്ചിട്ടില്ല, ഋതുപർണ്ണയ്ക്ക് ശേഷം,"
രാഹുൽ ഗാഢമായ ചിന്തയിൽ ആമഗ്നനാവുന്നത് ദിവ്യ കണ്ടു. എന്തായിരിക്കാം അദ്ദേഹം ചിന്തിക്കുന്നത്?
അവൾ ഉദ്വേഗത്തോടെ സ്വയം ചോദിച്ചു.
നദീതീരം പിന്നിട്ട് കാർ കാട്ടുപാതയിലൂടെ സഞ്ചരിക്കാൻ തുടങ്ങി.
കല്ലുകളോ മറ്റു തടസ്സങ്ങളോ ഇല്ലായിരുന്നെങ്കിലും നല്ല വീതിയുണ്ടായിരുന്ന പാത പക്ഷെ കരിയിലകളാൽ നിറഞ്ഞിരുന്നു.
ഇരു വശവും നിബിഡ വനമായിരുന്നു.
നട്ടുച്ചയ്ക്ക് ശേഷം പെട്ടെന്ന് രാത്രി വന്നത് പോലെ തോന്നി രാഹുലിന്.

ഇരുവശത്തും നിന്ന് മരങ്ങളുടെ പടർന്ന് പന്തലിച്ച ശിഖരങ്ങൾ പാതയ്ക്ക് മേൽക്കൂര തീർത്തു.
"എന്തായിത്?"
പ്ലാസ്റ്റിക് ബാഗിലേക്ക് നോക്കി രാഹുൽ ചോദിച്ചു.
ദിവ്യ പുഞ്ചിരിച്ചു.
"മമ്മി ഉണ്ടാക്കിയതാണ്, സാറിന് വേണ്ടി,"
അവൾ പറഞ്ഞു.
പിന്നെ ഇത് ബ്ലാങ്കെറ്റ്സ് ആണ്. കമ്പിളി,"
അടുത്തിരുന്ന മറ്റൊരു പോളിത്തീൻ ബാഗ് ചൂണ്ടിക്കാട്ടി അവൾ പറഞ്ഞു.
"തിരിച്ചിറങ്ങുമ്പോൾ നല്ല തണുപ്പ് തുടങ്ങും,"
"ഇപ്പോൾ തന്നെ തണുപ്പുണ്ട്,"
വാച്ച് നോക്കി രാഹുൽ പറഞ്ഞു.
നിബിഡ വനത്തിനു നടുവിലൂടെ കാർ കയറ്റം കയറിക്കൊണ്ടിരുന്നു.
ഡ്രൈവ് ചെയ്യുന്നതിനിടയിൽ ദിവ്യ വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു.
ശാന്തിപുരത്തിന്റെ ഭൂമിശാസ്ത്രവും ചരിത്രവും വ്യക്തി സ്ഥല വിവരണങ്ങളും അവൾ ഭംഗിയായി, കേൾക്കുന്നവരിൽ താൽപ്പര്യമുണർത്തും വിധം രസകരമായി അവതരിപ്പിച്ചു.
"ഒരു ഗൈഡ് ആകാനുള്ള സർവ്വ ക്വാളിഫിക്കേഷനും ദിവ്യക്കുണ്ട്,"
അവൾ പറഞ്ഞതൊക്കെ താൽപ്പര്യത്തോടെ കേട്ടുകഴിഞ്ഞ് രാഹുൽ പറഞ്ഞു.
"ഓ..സാർ,"
അവൾ ചിരിച്ചു.
അപ്പോൾ രാഹുൽ തന്നെ ശ്രദ്ധിക്കുന്നത് ദിവ്യ കണ്ടു.
തന്റെ ചിരി അദ്ധേഹത്തിന് ഇഷ്ടമായോ?
രോമഹർഷത്തോടെ അവൾ ചിന്തിച്ചു.
സുന്ദരിയാണ് താൻ എന്ന് അദ്ധേഹത്തിന് തോന്നിക്കാണുമോ?
എന്തിനോ വേണ്ടി അധരം വിറകൊള്ളുന്നത് ദിവ്യ അറിഞ്ഞു.
തന്റെ ഇഷ്ടപുരുഷനോടൊപ്പം യാത്ര ചെയ്യുക...!
ഈശ്വരാ..എന്തൊരു ഭാഗ്യം!
സാറിനെ ഒന്ന് തൊടാൻ പറ്റിയെങ്കിൽ!
ആ മുഖത്ത്, വശീകരിക്കുന്ന, തന്റെ നിദ്രയെ അലോസരപ്പെടുത്തുന്ന, തന്റെ സ്വപ്നങ്ങളിൽ നിറങ്ങൾ വാരിയൊഴിക്കുന്ന ആ കണ്ണുകളിൽ , ശരീരത്തെ തപിപ്പിക്കുന്ന ആ ചുണ്ടുകളിൽ ഒന്ന് തൊടാൻ കഴിഞ്ഞെങ്കിൽ ...!
ആ വിരൽ തുമ്പിലെങ്കിലും...!
അവളുടെ ഹൃദയം ശക്തിയായി മിടിച്ചു.
ശ്വാസഗതി ഉയരുന്നത് പോലെ...
"സാറിന് ദാഹിക്കുന്നുണ്ടോ?'
അവൾ അയാളെ നോക്കി ചോദിച്ചു.

"ദാ ഈ ഫ്ലാസ്ക്കിൽ ചൂട് വെള്ളമുണ്ട്. മരുന്നിലകൾ ഒക്കെയിട്ട് തിളപ്പിച്ചതാണ്,'
"ഇപ്പോൾ വേണ്ട,"
അയാൾ പുറത്തേക്ക് നോക്കിപ്പറഞ്ഞു.
വഴിയുടെ ഇരു വശങ്ങളിലും നിന്ന മരങ്ങളുടെ വണ്ണവും ദൈർഘ്യവും അയാളെ അദ്‌ഭുതപ്പെടുത്തി.
ഉൾഭാഗം വ്യക്തമല്ലാത്ത വിധം നിബിഡമായിരുന്നു മിക്കയിടങ്ങളും.
ഇടയ്ക്ക് ഉത്തുംഗമായ പാറക്കെട്ടുകൾ പ്രത്യക്ഷപ്പെട്ടു.
കാട്ടുപാതയ്ക്ക് കുറുകെ പലയിടങ്ങളിലും നീർച്ചാലുകളും.
അൽപ്പം കഴിഞ്ഞപ്പോൾ പാതയുടെ താഴ്ഭാഗത്ത് ഒരു തുറസ്സായ സ്ഥലം കാണപ്പെട്ടു.
അവിടെ മരങ്ങൾ ഉണ്ടായിരുന്നില്ല.
പാതയുടെ താഴെ, പുഴയുടെ തീരത്തിനടുത്ത്, ഏകാന്തമായി ഒരു വീട് സ്ഥിതി ചെയ്യുന്നതതയാൾ കണ്ടു.
"അവിടെ ആൾ താമസമുണ്ടോ?"
ആ വീട്ടിലേക്ക് സാകൂതം നോക്കി അയാൾ ചോദിച്ചു.
ദിവ്യ കാർ നിർത്തി.
"നമുക്കാ വീട് വരെ ഒന്ന് പോകാം സാർ,"
അവൾ ആകാക്ഷയോടെ അയാളുടെ മുഖത്തേക്ക് നോക്കി.
"ശരി,"
ഡോർ തുറന്നുകൊണ്ട് അയാൾ പറഞ്ഞു.
"സാർ, ഒരു മിനിറ്റ്,"
പ്ലാസ്റ്റിക് ബാഗിൽ നിന്ന് ഗായത്രി ദേവി കൊടുത്ത് വിട്ട പലഹാരങ്ങളിൽ നിന്ന് നാലഞ്ചെണ്ണമെടുത്ത് ഒരു പേപ്പർ പ്ലേറ്റിൽ വെച്ച് അവൾ അയാളുടെ നേരെ നീട്ടി.
"കഴിക്കൂ,"
അവൾ പറഞ്ഞു.
അവൾ പറഞ്ഞു.
"കുറെ സമയമായില്ലേ, സർ? മടുത്തിട്ടുണ്ടാവും,"
രാഹുൽ താഴെയുള്ള വീട്ടിലേക്ക് നോക്കി അവളുടെ കൈയ്യിൽ നിന്ന് പലഹാരം വാങ്ങി.
അതിനിടയിൽ ഫ്ലാസ്ക്കിൽ നിന്ന് ഒരു ഗ്ലാസ്സിലേക്ക് അവൾ വെള്ളം പകർന്നു.
"ദിവ്യയും കഴിക്കൂ,"
അയാൾ പറഞ്ഞു.
"സെപ്പറേറ്റ് എടുക്കണമെന്നില്ല. ഇതിൽ നിന്ന് എടുത്തോളൂ,"
അവളുടെ മനസ്സ് നിറയെ വീണ്ടും അനുഭൂതികൾ നിറഞ്ഞു.
ദേഹത്ത് വീണ്ടും കോരിത്തരിപ്പും.
തന്നെ ഇന്ന് സാർ തൊട്ട ദിവസം.
തന്റെ മനസ്സ് കീഴടക്കിയ പുരുഷനോടൊപ്പം ഒരുമിച്ച് യാത്ര ചെയ്യുന്ന ദിവസം.

ഇപ്പോൾ ഇതാ ഒരുമിച്ച്, ഒരേ പത്രത്തിൽ നിന്ന് ഭക്ഷണം കഴിക്കുന്ന ദിവസം.
ആ സുഖാനുഭൂതിയിൽ അവൾ അയാളോടൊപ്പം കഴിച്ചു.
അതിനിടയിൽ അയാൾ വെള്ളം കുടിച്ചു കഴിഞ്ഞ ഗ്ലാസ് അവൾ തിരികെ വാങ്ങി.
അതിന്റെ അടിയിൽ അൽപ്പം വെള്ളം അവശേഷിക്കുന്നു.
അയാളുടെ ശ്രദ്ധ മറിയ സമയം അവൾ അത് കുടിച്ചിറക്കി.
എന്നിട്ട് പുഞ്ചിരിയോടെ അയാളെ നോക്കി.
"വരൂ, സർ,"
ഫ്ലാസ്ക്കും ഗ്ലാസ്സും തിരികെ സീറ്റിൻമേൽ വെച്ച് അവൾ പറഞ്ഞു.
അവർ പാതയുടെ താഴേക്ക് മലഞ്ചെരിവിലൂടെ ഇറങ്ങി.
താഴെ ദേവദാരുക്കൾക്കിടയിൽ പഴയതെങ്കിലും മനോഹരമായ ഒരു വീട് അയാൾ കണ്ടു.
അതിനും കുറച്ച് താഴെ പുഴയൊഴുകുന്നു.
അയാൾക്ക് വഴികാണിച്ച് കൊടുത്ത് ദിവ്യ ആ വീടിന്റെ മുമ്പിലേക്ക് നടന്നു.
ആ വീടിനു ചുറ്റും മരങ്ങളും കാട്ടുവള്ളികളും വളർന്ന് നിന്നു.
ചുറ്റും ചപ്പുചവറുകളും പഴയ കടലാസുകളും നിറഞ്ഞു കിടന്നു.
മാസങ്ങളോളം താമസക്കാരനാൽ ആ വീട് അനാഥമാക്കപ്പെട്ടു കിടക്കുകയാണെന്ന് രാഹുൽ അനുമാനിച്ചു.
"ഒരു പോസ്റ്റ്കാഡ് സീനറി പോലെ...മനോഹരം!"
രാഹുൽ മന്ത്രിച്ചു.
അപ്പോൾ പതിയെ ഒരു കാറ്റിളകി അവരെ തഴുകി.
നിലത്ത് ആരുടെയോ കാൽപ്പാടുകൾ അയാൾ കണ്ടു.
അൽപ്പം മുമ്പ് അവിടേക്ക് വന്ന ആരുടെയോ ആണ് അവയെന്ന് അയാൾക്ക് തോന്നി.
രാഹുൽ സംശയത്തോടെ ആ വീടിനെ നോക്കി.
"ഇതിനുള്ളിൽ ആരോ ഉണ്ട് എന്ന് തോന്നുന്നു,"
ദിവ്യ എന്തോ പറയാൻ ഭാവിക്കുന്നതിനു മുമ്പ് അയാൾ പറഞ്ഞു.
"നോക്കൂ, മുമ്പിലെ കതക് തുറന്നു കിടക്കുന്നു!"
ദിവ്യ വിഹ്വലയായി രാഹുലിനെ നോക്കി.
പെട്ടന്നവൾ എന്തോ ഓർമ്മിച്ച് ആശ്വസിക്കുന്നതും രാഹുൽ കണ്ടു.
"ദിവ്യ എന്റെ പിമ്പിൽ നിൽക്കൂ,"
അവളുടെ മുമ്പിലേക്ക് കയറി വരാന്തയിലേക്ക് നടന്നുകൊണ്ട് രാഹുൽ പറഞ്ഞു.
അയാൾ ജാഗ്രതയോടെ ചുറ്റുപാടുകൾ നിരീക്ഷിച്ചു.
പിന്നെ പകുതി തുറന്നു കിടന്ന കതക് പൂർണ്ണമായും തുറന്നു.
അവരിരുവരും അമ്പരന്നുപോയി.
കതക് തുറന്ന് അകത്തേക്ക് കയറിയ തങ്ങളെക്കണ്ട്, അകത്ത് നിന്ന് ഒരു സ്ത്രീ സംഭ്രമത്തോടെ തല തിരിച്ച് നോക്കുന്നത് അവർ കണ്ടു.
ഒരു നിമിഷം താനും പരിഭ്രമിച്ചത് രാഹുൽ അറിഞ്ഞു.

ഏകാന്തവും വിജനവുമായ ഒരിടത്ത്, കൊടും കാടിനടുത്ത്, ആൾത്താമസമില്ലാത്ത, ഉപേക്ഷിക്കപ്പെട്ട ഒരു വീട്ടിൽ സുന്ദരിയായ ഒരു യുവതി തനിച്ച്...!
"ഷാർമ്മിലി ചേച്ചീ...!"
രാഹുലിന്റെ പിമ്പിൽ നിന്ന്, ആ സ്ത്രീയുടെയടുത്തേക്ക് ഓടിവന്നുകൊണ്ട് ദിവ്യ ആഹ്ലാദത്തോടെ വിളിച്ചു.
"ഓ, മാഡം..."
രാഹുലും അവരെ തിരിച്ചറിഞ്ഞു.
സെയ്ന്റ് മേരീസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിലെ ലക്ചറർ ഷാർമ്മിലി അലക്സ്.
ചുവന്ന സാരിയിൽ, ചുവന്ന ബ്ലൌസ്സിൽ, കാറ്റിലിളകുന്ന ജലനിർജ്ജരിപോലെയുള്ള ഇടതൂർന്ന മുടിയിൽ, ഏകാന്തതയുടെ അപാരതയിലേക്ക് കണ്ണുകൾ നട്ട്, വരില്ലെന്നറിഞ്ഞിട്ടും ആരെയോ കാത്തിരിക്കുന്നവളെപ്പോലെ....
"ഗുഡ് ആഫ്റ്റെർ നൂൺ,"
അവൾ രാഹുലിനെ അഭിവാദ്യം ചെയ്തു.
അയാൾ തിരിച്ചും.
"രാഹുൽ സാറെന്താ ഇവിടെ?"
അവരോടൊപ്പം പുറത്തേക്കിറങ്ങവേ ഷാർമ്മിലി ചോദിച്ചു.
"ഞാൻ സാറിനെ ഈ സ്ഥലങ്ങളൊക്കെ കാണിക്ക്യാരുന്നു ഷാർമ്മിലി ചേച്ചീ,"
ദിവ്യ പറഞ്ഞു.
ഷാർമ്മിലി അവിടെ വന്നതെന്തിനാണ് എന്ന് ചോദിക്കാത്തത് രാഹുൽ ശ്രദ്ധിച്ചു.
"ദിവ്യേ, കുട്ടീടെ കയ്യിൽ രാഹുൽ സാറിനെക്കുറിച്ച് ഒരു പുസ്തകമില്ലേ? അത് മറക്കാതെ നാളെ കൊണ്ടുവരണം കോളേജിൽ,"
ഷാർമ്മിലി പറഞ്ഞു.
രാഹുൽ അതിൽ താൽപ്പര്യം കാണിച്ചില്ല.
"ഷ്വർ ചേച്ചീ,"
ദിവ്യ പറഞ്ഞു.
അൽപ്പ സമയം കൂടി അവർ ആ വീടിന്റെ മുറ്റത്ത് നിന്ന് സംസാരിച്ചു.
പുഴയ്ക്കഭിമുഖമായി, കോബ്രാ ഹിൽസിറങ്ങി വരുന്ന നനുത്ത കാറ്റിന്റെ ചെറുകുളിരിൽ.
അൽപ്പം കഴിഞ്ഞ് ഷാർമ്മിലി അവരെ അവിടെ വിട്ട് യാത്രപറഞ്ഞ് പോയി
"ഷാർമ്മിലി ചേച്ചി ഈ വീട്ടിൽ വന്നതെന്തിനാന്ന് സാറിനറിയോ?"
ദൂരേക്ക് അകന്ന് പോകുന്ന ഷാർമ്മിലിയുടെ രൂപത്തിലേക്ക് നോക്കി ദിവ്യ രാഹുലിനോട് ചോദിച്ചു.
രാഹുൽ കൂടുതൽ വിവരണത്തിനായി അവളെ നോക്കി.
"ഷാർമ്മിലി ചേച്ചി ഒരാളെ സ്നേഹിച്ചിരുന്നു,"

മലഞ്ചെരിവിലെ പാതയ്ക്ക് സമാന്തരമായി ഒഴുകുന്ന പുഴയുടെ മേലേ ദേശാടനപ്പക്ഷികൾ പറക്കുന്നത് നോക്കി ദിവ്യ തുടർന്നു.
അവളുടെ മുഖം വിഷാദപൂർണ്ണമാകുന്നത് അയാൾ കണ്ടു.
"എന്റെ രോഹിത് അങ്കിളിനെ,"
അവളുടെ അടുത്ത വാക്കുകൾക്ക് രാഹുൽ കാതോർത്തു.
"ഡാഡിയ്ക്കും മമ്മിയ്ക്കും ഒപ്പമായിരുന്നു, രോഹിത് അങ്കിളിന് എന്റെ ജീവിതത്തിൽ സ്ഥാനം,"
ദിവ്യ തുടർന്നു.
"എനിക്ക് പന്ത്രണ്ട് വയസ്സുള്ളപ്പോഴാണ് അങ്കിൾ ഇവിടെ വരുന്നത്. എം ബി എ...അതും അഹമ്മദാബാദ് ഐ ഐ എമ്മിൽ നിന്ന് ഗോൾഡ് മെഡലോടെ പാസായ അങ്കിളിനെ ഒരു ഫോറിൻ കമ്പനീന്ന് ഡാഡി പിക് ചെയ്യുവാരുന്നു. ഡാഡീടെ എല്ലാ ബിസിനെസ്സിന്റേം ജനറൽ മാനേജരാരുന്നു രോഹിത് അങ്കിൾ. ഡാഡീടെ പെർമനെന്റ് ഹെഡ് ഏക്കാരുന്ന പല പ്രോബ്ലംസും സിംഗിൾ ഹാൻഡെഡ്ലി സോൾവ്ഡ് ആൻഡ് സിസ്റ്റെമാറ്റിക് ആക്കി അങ്കിൾ. ..."
കാറ്റിലുലയുന്ന പുഴയുടെ വിശാല നീലിമയിലെക്ക് അവൾ ഒരു നിമിഷം മിഴികൾ നട്ടു.
"അങ്കിളിനും ആ ജോലി ഒത്തിരി ഇഷ്ടപ്പെട്ടു,"
കാറ്റിന്റെ താളത്തിനും മേലേ ദിവ്യയുടെ ശബ്ദം അയാൾ കേട്ടു.
"ജോലി മാത്രമല്ല, ഈ സ്ഥലവും കോബ്രാഹിൽസും പുഴയും ഞങ്ങളുടെ വീടും പാലസും എന്നേം ഡാഡിനേം മമ്മീനേം ഒക്കെ. ഞങ്ങൾക്ക് എല്ലാം ഒത്തിരി ഒത്തിരി ഇഷ്ടവാരുന്നു അങ്കിളിനെ. നന്നായി പാടും, ഫിലിം സ്റ്റാഴ്സിനെപ്പോലെ ഡാൻസ് ചെയ്യും, പിയാനോ വായിക്കും, എത്ര സീരിയസ് ആയ ആൾക്കാരേം തമാശകളും വർത്തമാനവും പറഞ്ഞ് ചിരിപ്പിക്കും. വെരി ക്യൂട്ട്. വെരി ഹാൻസം. ..ഷാർമ്മിലി ചേച്ചിയെപ്പോലെ ഒരു സുന്ദരിപ്പെണ്ണിന് ഇഷ്ടമാകണങ്കിൽ...യൂ നോ..."
അവളുടെ സ്വരം സാവധാനമാകുന്നത് അയാൾ ശ്രദ്ധിച്ചു.
"ആ രോഹിത് അങ്കിൾ താമസിച്ച വീടാണിത്,"
വിദൂരതയിൽ നിന്ന് ദൃഷ്ടികൾ മാറ്റി വീടിനെനോക്കി അവൾ തുടർന്നു.
"ബാച്ചിലേഴ്സ് കബി ഹോൾ എന്നൊക്കെപ്പറയുന്നപോലെ ഈ വീട് ഒരിക്കലും അലങ്കോലമായി ഇട്ടിരുന്നില്ല അങ്കിൾ. സാർ, വരൂ,"
അവൾ രാഹുലിനെയും കൂട്ടി വീണ്ടും വരാന്തയിലേക്ക് കയറി.
"ഇവിടെയൊരു ക്യൂട്ട് കാളിംഗ് ബെൽ ഉണ്ടാരുന്നു,"അവൾ ഭിത്തിയുടെ മുകളിൽ തൊട്ടുകൊണ്ട് പറഞ്ഞു.
"ബെല്ലടിക്കുമ്പോൾ ഒരു ഹാഫ് നേക്കഡ് മത്സ്യകന്യക കൈകൾ കൂപ്പും. അങ്കിളിന് ആമേരിക്കയിലുള്ള ഒരു ഫ്രണ്ട് സമ്മാനിച്ചത്..."
അവൾ അകത്ത് കയറി.
പിന്നാലെ അയാളും.
"ഇതായിരുന്നു അങ്കിളിന്റെ ബെഡ്റൂം,"

അകത്തേ മുറിയിൽ കയറി ദിവ്യ പറഞ്ഞു.
"ഇവിടെ ഇങ്ങനെ കിഴക്കോട്ട് തലവെച്ചാണ് അങ്കിൾ കിടക്കാറ്. ജനാല ഒരിക്കലും അടയ്ക്കില്ല. ഉറക്കമുണരുന്നതെ പുഴയും കോബ്രാഹിൽസും കാണാൻ. ഇനി സർ..."
അവൾ അകത്തേ മുറിയിലേക്ക് കയറി.
രാഹുൽ അവളെ അനുഗമിച്ചു.
"ദാ ഇവിടെയാണ് അങ്കിൾ പിയാനോ വെച്ചിരുന്നത്,"
അവൾ അകത്തേ മുറിയുടെ മധ്യത്തിൽ നിന്ന് ആംഗ്യവിക്ഷേപങ്ങളോടെ പറഞ്ഞു.
"ഇവിടെയിരുന്നാണ് ബാക്കും ബിതോവനും മൊസാർട്ടുമൊക്കെ അങ്കിൾ വായിച്ചിരുന്നത്. ഇവിടെ ഞാനിരിക്കും. അങ്കിളിന്റെ പിയാനോ ക്ലാസ് ഞാൻ ഒരിക്കലും മുടക്കിയിരുന്നില്ല,"
അവളുടെ സ്വരം നുറുങ്ങിയത് അയാൾ കേട്ടു.
മിഴികൾ സജലമായി.
"അത്..."
അവൾ തനിക്കഭിമുഖമായ ഭിത്തിയിലേക്ക് വിരൽ ചൂണ്ടി. വൃത്താകൃതിയിൽ, അലങ്കരിച്ച, ഫ്രെയിം ചെയ്ത ഒരു കളർ ഫോട്ടോ.
കാലപ്പഴക്കത്തിൽ അതിന്റെ നിറം മങ്ങിയിരുന്നു.
എങ്കിലും ആ ചിത്രത്തിലേ യുവാവിന്റെ രൂപഭംഗിയ്ക്ക് കുറവ് വന്നിരുന്നില്ല.
"എന്റെ രോഹിത് അങ്കിൾ,"
ചിത്രത്തിലൂടെ അരുമയോടെ കൈത്തലമോടിച്ചു കൊണ്ട് ദിവ്യ പറഞ്ഞു.
"ഇനി പുറത്തേക്കിറങ്ങാം,"
അന്തരീക്ഷത്തിന്റെ ഘനം കുറയ്ക്കുവാൻ രാഹുൽ പറഞ്ഞു.
അവർ പുറത്തേക്കിറങ്ങി.
"ഞാൻ എന്നും ഇവിടെ വരുമായിരുന്നു,"
വീണ്ടും പുറത്ത് നദിയ്ക്കഭിമുഖമായി നിന്നുകൊണ്ട് ദിവ്യ പറഞ്ഞു.
"പുഴക്കരേലും മലഞ്ചെരിവിലും ഒക്കെ ഞാൻ അങ്കിളിന്റെ വിരൽത്തുമ്പ് പിടിച്ച് നടക്കുവാരുന്നു. അങ്കിൾ പറയുന്ന കഥകൾ കേട്ട്. കഥാസരിത് സാഗരം, വിക്രമാദിത്യൻ കഥകൾ, ഫ്രാങ്കെൻസ്റ്റെയിൻ, ക്രിസ്മസ് കരോൾ, ഒലിവർ ട്വിസ്റ്റ്, ഡ്രാക്കുള...ഒക്കെ..ഓരോ വെക്കെഷനിലും ഊട്ടീന്ന് വീട്ടിൽ വരാൻ അന്നൊക്കെ എനിക്ക് എന്തൊരു ഉത്സാഹമായിരുന്നു..."
ദിവ്യയുടെ കണ്ണുകൾ കോബ്രാ ഹിൽസിന്റെ ശിഖരങ്ങളിലേക്ക് നീണ്ടു.
മൊണാർക്ക് ചിത്രശലഭങ്ങൾ അവർക്ക് മുമ്പിൽ പറന്നു.
"ഒരു വർഷം മുമ്പ് ഗുഡ് ഷെപ്പേഡിലേക്ക് വെക്കേഷൻ കഴിഞ്ഞ് തിരിച്ചുപോകുമ്പോൾ ഞാൻ അങ്കിളിനോട് പറഞ്ഞു, "അടുത്ത പ്രാവശ്യം ഞാൻ വരുമ്പം ഷാർമ്മിലി ചേച്ചീം ഒപ്പം കാണണം" ആ വർഷം അവർ ഒരുമിക്കാൻ ഇരിക്കുവാരുന്നു. യൂ നോ സർ, കഥകളിലും സിനിമകളിലുമേ ഇത്രേം മനോഹരമായി സ്നേഹിച്ച ആണിനേം പെണ്ണിനേം ഞാൻ കണ്ടിട്ടുള്ളൂ. ദെയർ ലവ്

വാസ് സംതിംഗ് ഇൻക്രെഡിബിൾ. റ്റൂ ബ്യൂട്ടിഫുൾ റ്റു ബി ട്രൂ. ..പക്ഷെ ഈശ്വരൻ പോലും ...ഐം സോറി സാർ ...ഞാൻ..."
അവളുടെ മിഴികൾ നിറഞ്ഞു തുളുമ്പി.
"വെക്കേഷൻ തുടങ്ങിയ ദിവസം എന്നെ കൂട്ടാൻ ലത്തീഫ് ദാദേം കൂട്ടുകാരും ഊട്ടീൽ വന്നു. ആരും ഹാപ്പി അല്ലാരുന്നു. സംതിംഗ് എന്തോ ട്രബിൾ ഉണ്ടെന്ന് എനിക്ക് തോന്നി. വീട്ടിൽ എത്തുന്നോടം വരെ ഞാൻ വേറെ എന്തൊക്കെയോ സംശയിച്ചു. എന്നാൽ ..."
അവൾ മിഴികൾ തുടച്ചു.
നിശ്ചലമായി നിന്ന കാറ്റിൽ ഒരു നിമിഷം അവൾ കാതോർത്തു.
മൊണാർക്ക് ചിത്രശലഭങ്ങൾ അപ്പോൾ സമീപത്ത് ഇലകളില്ലാത്ത ഒരു മരച്ചില്ലയിൽ ഇരിക്കുന്നത് അവൾ കണ്ടു.
"....എന്നാൽ മമ്മീൽ നിന്ന് ആ വാർത്ത കേൾക്കുന്നത് വരെ എനിക്ക് അങ്കിളിനെപ്പറ്റി...മമ്മി പറഞ്ഞു...രോഹിത് അങ്കിൾ മരിച്ചു. കോബ്രേടെ കടിയേറ്റ്. ...കോബ്രാ ഹിൽസിന് മേലേ അങ്കിളിന്റെ ബോഡി കിടക്കുന്നു..."
അവൻ കൈത്തലം കൊണ്ട് കണ്ണുകൾ മറച്ചു.
"കരഞ്ഞ് നിർബന്ധം പിടിച്ചു എന്നേം കോബ്രാഹിൽസിൽ കൊണ്ടോവാൻ. ഞാൻ തളരൂന്നും ഭ്രാന്ത് പിടിക്കൂന്നും ഒക്കെ മമ്മീം എന്നെ അറിയാവുന്നോരും കരുതി...."
ദിവ്യ വീണ്ടും മലമുടികളിലേക്ക് നോക്കി.
കോബ്രാഹില്സിൽ നിന്ന് കാറ്റിറങ്ങി വന്ന് അവരെ വീണ്ടും തഴുകി.
"പക്ഷെ എന്റെ ലൈഫിലെ ഏറ്റവും ഹാർട്ട് ബ്രേക്കിംഗ് ആയ ആ കാഴ്ച ഞാൻ സമചിത്തതയോടെ കണ്ടു. കാരണം എനിക്ക് എന്റെ അങ്കിളിന്റെ രാജകുമാരിയായിത്തന്നെ ജീവിക്കണാരുന്നു. ഏറ്റവും വലിയ ട്രാജഡിയെപ്പോലും ധൈര്യത്തോടെ നേരിടണമെന്ന് അങ്കിൾ എപ്പോഴും എന്നോട് പറയുമായിരുന്നു. ഞാനത് കീപ് ചെയ്തു. എന്റെ ലൈഫിലേ ഇന്നുവരെയുള്ള ഏറ്റവും വലിയ ട്രാജഡിയുടെ മുമ്പിൽ അങ്കിളിന്റെ ആദർശത്തിന്റെ....എന്താ പറയുക? യെസ്, ആദർശത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഞാൻ നിന്നു. ഐ ലിവ്ഡ് അപ്റ്റു ഹിസ് എക്സ്പെക്റ്റേഷൻ...ബോത്ത് ഇൻ ഹിസ് ലൈഫ് ആൻഡ് ഡെത്ത്..."
കണ്ണുകൾ നിറഞ്ഞ് മുമ്പിലെ ദൃശ്യങ്ങൾ അവ്യക്തമായപ്പോൾ ദിവ്യ ഒരു നിമിഷം നിർത്തി.
"പക്ഷെ ഭ്രാന്തെടുക്കുകയും ബോധം കെടുകയും ആത്മഹത്യചെയ്യാൻ തുടങ്ങുകയും ചെയ്തു, മറ്റൊരാൾ,"
ദിവ്യയിൽ നിന്ന് നനവൂറുന്ന വാക്കുകൾ രാഹുൽ തുടർന്ന് കേട്ടു.
"ജീവിതത്തിലും മരണത്തിലും അങ്കിളിനോടൊപ്പം കൂടെയുണ്ടാവാൻ കൊതിച്ച സാർ...എന്താ പറയ്യാ....വല്ലാതെ സങ്കടം.... അത് പറയാൻ അൽപ്പം സാഹിത്യം യൂസ് ചെയ്താൽ .... ആ വിശുദ്ധ ഭ്രാന്ത് ആണ് സാർ നമ്മൾ അൽപ്പം മുമ്പ് കണ്ടത്. ...അങ്കിൾ താമസിച്ച, പാട്ട് പാടിയ, അങ്കിളിന്റെ നിശ്വാസവും ഗന്ധവും ശബ്ദവും ഇപ്പോഴും മരിച്ചിട്ടില്ലാത്ത ഈ വീട്ടിൽ കയറിയിറങ്ങി, അതൊക്കെ അറിഞ്ഞ്,

അങ്കിളിന്റെ ഫോട്ടോയിലെ പൊടിയൊക്കെ തുടച്ച് വൃത്തിയാക്കി...അതിനെയൊക്കെ ഇപ്പോഴും പഴയതിനേക്കാൾ തീവ്രമായി സ്നേഹിച്ച് പാവം ഷാർമ്മിലി ചേച്ചി...."
രാഹുലിന്റെ കണ്ണുകൾ വിഷാദം ചാലിച്ച ദിവ്യയുടെ മുഖത്ത് തറഞ്ഞു, വളരെ സമയം.
"രണ്ടു മൂന്ന് പ്രാവശ്യം ഷാർമ്മിലി ചേച്ചി ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു. അപ്പോഴൊക്കെ അദ്ഭുതകരമായി രക്ഷപ്പെട്ടു. ഞങ്ങൾ ഒക്കെ കരഞ്ഞ് കാലുപിടിച്ച് പറഞ്ഞു ആത്മഹത്യയെക്കുറിച്ച് ഇനി യൊരിക്കലും ഷാർമ്മിലി ചേച്ചി ചിന്തിക്കരുതെന്ന്...ഒരു ദിവസം ചേച്ചി പറഞ്ഞു, ഇല്ല ദിവ്യേ, എനിക്ക് ജീവിക്കണം. എന്റെ രോഹിത് എങ്ങനെയാണ് മരിച്ചത്, ആരാണ് അതിന്റെ പിമ്പിൽ...അറിയണം ദിവ്യേ എനിക്കത്...അത് വരെയെങ്കിലും എനിക്ക് ജീവിക്കണം...എന്ന്,"
ദിവ്യയുടെ സ്വരം മുഖം വീണ്ടും വിഷാദ മൂകമായി. അതോടൊപ്പം അവളുടെ മുഖത്ത് ഭീതിയും പരന്നു.
"...അത് വരെ ഷാർമ്മിലി ചേച്ചി ജീവിക്കും...ഈ വീട്ടിൽ ..ഇതിന്റെ വരാന്തയിൽ..മുറികളിൽ ...കയറിയിറങ്ങി നടക്കും..."
കോബ്രാ ഹിൽസിന്റെ ശിഖരങ്ങളിൽ കാറ്റുണർന്നു.
മലമുടികൾ ക്രൌര്യത്തോടെ കാറ്റിലുലഞ്ഞു.
മലഞ്ചെരിവാകെ കാറ്റിൽ നിറഞ്ഞു.
കാറ്റിറങ്ങി പുഴയുടെ സ്ഫടിക വിതാനത്തെയാകെ ഇളക്കി മറിച്ചു.
കാറ്റിന്റെ താളത്തിന് മനസ്സിനെ വിട്ട് ദിവ്യ വളരെ സമയം നിന്നു.
"സാറിന് കോബ്രാഹിൽസിലേ ട്രഷറിന്റെ ലജൻഡ് അറിയാമോ?"
"ഞാൻ കേട്ടിട്ടുണ്ട്,"
മല മുകളിലേക്ക് ദൃഷ്ടികളയച്ച് രാഹുൽ പറഞ്ഞു.
"ഗബ്രിയേലച്ചനും ഗുരുജിയും ഒക്കെപ്പറഞ്ഞു ഞാൻ അറിഞ്ഞിട്ടുണ്ട്,"
മുറ്റത്തിന്റെ തെക്കേ ഭാഗത്തെ കോണിലേക്ക് ദിവ്യ അമ്പരപ്പോടെ നോക്കി.
അവൾ അങ്ങോട്ടടുത്തു.
"ഈശ്വരാ..!"
അവൾ പറഞ്ഞു.
"മദ്യക്കുപ്പികളും സിഗരെറ്റ് കുറ്റികളും...കണ്ടിട്ട് കുറെ ദിവസങ്ങൾ ആയെന്നു തോന്നുന്നില്ല,"
അവൾ നിലത്ത് കിടന്ന ഒരു സിഗരെറ്റ് പായ്ക്കറ്റ് എടുത്തു.
"മാൾബോറോ,"
അവൾ വായിച്ചു.
"ഇത് ജയകൃഷ്ണൻ വലിക്കുന്ന സിഗരെറ്റ് ആണ്,"
മുമ്പ് അവന്റെ കൈയ്യിൽ ആ സിഗരെറ്റ് പായ്ക്കറ്റ് കണ്ടത് അവൾ ഓർമ്മിച്ചു.
അപ്പോൾ ജയകൃഷ്ണനും കൂട്ടുകാരും ഈ വീട്ടിൽ സ്ഥിരമായി കൂടാറുണ്ട്.

സിദ്ധാർത്ഥൻ പറഞ്ഞ സംഭവങ്ങൾ അവൾ ഓർത്തു.
"ഓ..!"
അവൾ പെട്ടെന്ന് വാച്ച് നോക്കി.
"നമുക്ക് പോകാം, സാർ,"
"ശരി,"
അവർ ഒറ്റയടിപ്പാതയിലൂടെ മുകളിലേക്ക് നടക്കാൻ തുടങ്ങി.
"എന്റെ രോഹിത് അങ്കിളിന്റെ കഥ പറഞ്ഞ് ഞാൻ സാറിനെ ബോറടിപ്പിച്ചോ?"
പാതയോരത്ത് നിർത്തിയിട്ടിരിക്കുന്ന കാറിനടുത്തേക്ക് നടക്കുന്നതിനിടയിൽ ദിവ്യ ചോദിച്ചു.
"ഹേയ്...നെവർ.."
രാഹുൽ പറഞ്ഞു.
"സാറിന് ഒരു തമാശ കേൾക്കണോ?"
മന്ദഹാസത്തോടെ ദിവ്യ ചോദിച്ചു.
രാഹുൽ താൽപ്പര്യത്തോടെ അവളെ നോക്കി.
"ഒരു ദിവസം അങ്കിൾ പറഞ്ഞു, എനിക്ക് ഒരു രാജകുമാരനെ കണ്ടുവെച്ചിട്ടുണ്ട് എന്ന്. സമയമാകുമ്പോൾ കൂട്ടിക്കൊണ്ടു വരുമെന്ന്,"
രാഹുലിന്റെ ദൃഷ്ടികൾ അവളുടെ കണ്ണിണകളിൽ പതിഞ്ഞു.
"എന്നിട്ടദ്ദേഹം വാക്ക് പാലിച്ചോ?"
അയാൾ മന്ദഹാസത്തോടെ ചോദിച്ചു.
"അതല്ലേ രസം..."
കാറിന്റെ ഡോർ തുറന്ന് അകത്ത് കയറുന്നതിനിടയിൽ ദിവ്യ പറഞ്ഞു.
"എനിക്ക് വേണ്ടി കണ്ടുപിടിച്ച രാജകുമാരനെ ഏതെങ്കിലും യാത്രക്കിടയിൽ വെച്ച് അങ്കിൾ കണ്ടുമുട്ടിയതല്ല. അങ്കിളിന്റെ വീട്ടീന്ന് ദൂരത്തുമല്ല അവൻ. ഗന്ധർവ്വനെപ്പോലെ ഹാൻസം ആണ്, പെർഫെക്റ്റ് ജെന്റ്റിൽമാനാണ്, അരിസ്റ്റോക്രാറ്റിക് ബ്രീഡാണ് എന്നൊക്കെപ്പറഞ്ഞു എന്നെ കൊതിപ്പിച്ച അങ്കിളിന്റെ സെലക്ഷൻ മറ്റാരുമല്ല..."
രാഹുൽ അവളെ വീണ്ടും നോക്കി.
"സ്വന്തം അനുജൻ,"
പുഞ്ചിരിയോടെ അവൾ പറഞ്ഞു.
"ഓഹോ...എന്നിട്ട്?"
രാഹുൽ താല്പ്പര്യത്തോടെ തിരക്കി.
"ഞാനപ്പോൾ തന്നെ യെസ് പറഞ്ഞു,"
വളവു തിരിച്ചുകൊണ്ട് ദിവ്യ പറഞ്ഞു.
"അങ്കിളിന്റെ അനുജനാണെങ്കിൽ എനിക്കാളെ കാണുക പോലും വേണ്ട. ഫോട്ടോ പോലും കാണേണ്ട, എനിക്ക് കല്യാണ പ്രായമെത്തുമ്പോൾ, കല്യാണ മണ്ഡപത്തിൽ വെച്ച് താലി ചാർത്തുന്ന സമയത്ത് മാത്രം എനിക്കാളെ കണ്ടാൽ മതി അത്ര വിശ്വാസമാണ് എന്ന് പറഞ്ഞു, ഞാൻ, അങ്കിളിനോട്,"

"വെൽ..."
രാഹുൽ അവളെ നോക്കി.
"പക്ഷെ പെട്ടെന്നാണ് അങ്കിൾ ഒരു തടസ്സമോർത്തത്,"
കാട്ടു പാതയിലൂടെ കോബ്രാ ഹിൽസിന്റെ കയറ്റം കയറവേ ദിവ്യ പറഞ്ഞു.
"എന്ത് തടസ്സം?"
"പണ്ടത്തെ മഹർഷിയുടെ ശാപമനുസരിച്ച് ഋതുപർണ്ണയുടെ പുനർജ്ജനിയാണ് ഞാൻ.."
ദിവ്യ ശബ്ദത്തിൽ ചിരിച്ചു.
"അപ്പോൾ എന്നെ വിവാഹം കഴിക്കേണ്ടത് പുനർജ്ജനിച്ച് എന്നെത്തേടി വരുന്ന ശാന്തിദേവ് ആണ്. മഹർഷിയുടെ ശാപം എന്തായാലും ഫലിക്കാതിരിക്കില്ല എന്ന് അങ്കിൾ പറഞ്ഞു. അപ്പോൾ അങ്കിളിന്റെ അനുജനെന്ത് ചെയ്യും?"
"അപ്പോൾ സംഗതി പ്രശ്നമായല്ലോ,"
രാഹുൽ ഗൌരവത്തിൽ പറഞ്ഞു.
എന്നിട്ട് അവളെ നോക്കി മന്ദഹസിച്ചു.
അവർ പരസ്പരം പുഞ്ചിരി കൈമാറി.
രാഹുൽ അൽപ്പ സമയം ചിന്തയിലാണ്ടു.
"ചിലപ്പോൾ ദിവ്യയുടെ രോഹിത് അങ്കിൾ ഇക്കാര്യം അനുജനോട് പറഞ്ഞിട്ടുണ്ടാവാം,"
നിശബ്ദതയ്ക്ക് ശേഷം അയാൾ അവളോട് പറഞ്ഞു.
"അതനുസരിച്ച് അയാൾ ദിവ്യയെ തേടി വന്നേക്കാം. ദിവ്യ ഒരുപാട് സ്നേഹിക്കുന്ന രോഹിത് അങ്കിളിന്റെ അനുജനാണെന്ന് പറഞ്ഞുകൊണ്ട്, അവകാശപ്പെട്ടുകൊണ്ട് അയാൾ ദിവ്യയെ സമീപിച്ചേക്കാം. അവകാശവാദങ്ങൾ തെളിയിക്കാൻ റേഷൻ കാർഡ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ് തുടങ്ങി ഇലക്ഷൻ ഐ ഡി, അധാർ കാർഡ് വരെ അയാൾ ദിവ്യയുടെ മുമ്പിൽ ഹാജരാക്കിയിരിക്കാം. എന്നിട്ട് രോഹിത് അങ്കിളിന് ദിവ്യ നൽകിയ പ്രോമിസ് അയാൾ ഓർമ്മിപ്പിക്കാം...."
അയാൾ പുഞ്ചിരിയോടെ അവളെ നോക്കി.
അവൾ തിരിച്ചും.
"അതേ ദിവസം തന്നെ ആ ലെജണ്ടിലെ ശാന്തിദേവ് പുനർജ്ജനിച്ച് ദിവ്യയെ തേടി വരാം..."
അയാൾ വീണ്ടും പുഞ്ചിരിച്ചു.
"എന്റെ ചോദ്യം ഇതാണ്..."
ദിവ്യ അയാളുടെ വാക്കുകൾക്ക് കാത്തു.
"അപ്പോൾ ആരെ സ്വീകരിക്കും ദിവ്യ?"
ക്വാണ്ടം മെക്കാനിക്സിനെക്കുറിച്ച് രാഹുൽ ക്ലാസ്സെടുക്കുമ്പോൾ ദിവ്യ ഫിസിക്സിന്റെ ലോകത്ത് ഒന്നുമായിരുന്നില്ല.
മറ്റു വിദ്യാർഥികൾ ആദരവോടെയും ആരാധനയോടെയും അദ്ഭുതത്തോടെയും അയാളുടെ വാക്കുകൾക്ക് കാതോർത്തിരിക്കുമ്പോൾ ദിവ്യയുടെ ശ്രദ്ധ പക്ഷെ

അയാളുടെ കണ്ണുകളിൽ, അയാളുടെ സംഗീതാത്മകമായ ശബ്ദത്തിൽ, അയാളുടെ വശ്യമായ ചലനങ്ങളിൽ....
കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ രാഹുൽ നാരായണൻ വിദ്യാർഥികളുടെ പ്രിയപ്പെട്ട ശിഷ്യനായി മാറിക്കഴിഞ്ഞിരുന്നു.
അയാളുടെ സന്യാസ പരിവേഷം സഹ അധ്യാപകരിലും ആദരവുണർത്തി.
അയാളുടെ ക്ലാസ്സുകൾ ഒരനുഭവമാണെന്ന് വിദ്യാർഥികൾ അഭിപ്രായപ്പെട്ടു.
ശാസ്ത്രത്തിലും സാഹിത്യത്തിലും കലകളിലും തത്വചിന്തയിലുമുള്ള ആഴമേറിയ അറിവ് അയാളെ പണ്ഡിതനായ ഒരു അധ്യാപകനാക്കിത്തീർത്തു.
"എന്നാ ഇടി വെട്ട് ക്ലാസ്സാ നമ്മടെ സാമീടെ,"
കോളേജിൽ ബാസ്ക്കറ്റ് ബോൾ ഗ്രൌണ്ടിനടുത്ത് പടർന്ന് പന്തലിച്ച ഒരാൽമരത്തിനു കീഴെ നിൽക്കവേ ടോമി കൂട്ടുകാരോട് പറഞ്ഞു.
"സൈക്കഡെലിക്...ഹിപ്നോട്ടിക്...ബീയിംഗ് ഇൻ എ ട്രാൻസ്..."
"സയൻസും ആർട്ട്സുമൊക്കെ അരച്ച് കലക്കിക്കുടിച്ച ശീമത്തമ്പുരാട്ടിമാരെ വരെ ഭ്രാന്ത് പിടിപ്പിച്ച ക്ലാസ്സാ. പിന്നെയാ എ പ്ലസ് ബീ ദ ഹോൾ സ്ക്വയർ പോലും ശരിക്ക് അറിഞ്ഞുകൂടാത്ത നമ്മടെയൊക്കെ കാര്യം,"
ആബിദ് പറഞ്ഞു.
രാജശേഖര വർമ്മ ഉജ്ജയിനിയിൽ നിന്ന് കൊണ്ടുവന്ന, രാഹുലിനെക്കുറിച്ചുള്ള പുസ്തകം ലത്തീഫും കൂട്ടുകാരും ഇതിനോടകം തന്നെ വായിച്ചുകഴിഞ്ഞിരുന്നു.
ദിവ്യ ആ പുസ്തകം സെയിന്റ്സ് മേരീസിലെ ചില അധ്യാപകർക്കും പരിചയപ്പെടുത്തിയിരുന്നു.
മാത്രമല്ല ഫാദർ ഗബ്രിയേലിൽ നിന്നും മിക്കവാറും എല്ലാ അധ്യാപകരും രാഹുലിനെക്കുറിച്ച് അറിഞ്ഞു കഴിഞ്ഞിരുന്നു.
"ശീമത്തമ്പുരാട്ടിമാർക്ക് മാത്രമല്ല ഭ്രാന്ത് പിടിച്ചിരിക്കുന്നത്,"
റോസ്‌ലിൻ പറഞ്ഞു.
"നമ്മുടെ സ്വന്തം രാജകുമാരിക്കും ഭ്രാന്ത് തുടങ്ങിയോന്ന് എനിക്ക് സംശയമുണ്ട്,"
കൂട്ടുകാർ അവിശ്വസനീയതയോടെ റോസ്‌ലിനെ നോക്കി.
ദിവ്യ അപ്പോൾ അവരുടെ കൂടെയില്ലായിരുന്നു.
"എന്നെനിക്ക് തോന്നുന്നില്ല,"
വിൻസെന്റ് പറഞ്ഞു.
"കാര്യം ദിവ്യക്ക് പെർഫെക്റ്റ് മാച്ച് ആണ് രാഹുൽ സർ. പക്ഷെ ദിവ്യേടെ മനസ്സിളക്കാനൊന്നും രാഹുൽ സാറിന് പറ്റൂന്ന് എനിക്ക് തോന്നുന്നില്ല,"
കൂട്ടുകാരും അതുതന്നെ ആലോചിക്കുകയായിരുന്നു.
"ഇനി അത് സത്യമാണെങ്കിൽത്തന്നെ ഞാനും സന്തോഷിക്കും,"
വിൻസെന്റ് തുടർന്നു.
"കാര്യം എന്താന്നു വെച്ചാൽ...ആ ഋതുപർണ്ണേടെ സ്റ്റോറിയില്ലേ...ഈ ജന്മത്തെങ്കിലും ആ തമ്പുരാട്ടിക്കുട്ടീടെ ആത്മാവിന് ശാന്തി കിട്ടട്ടെ,"
***********************************

ലൈബ്രറിയിലേക്ക് കടന്നു വരുമ്പോൾ ഉദാസീനയായിരിക്കുന്ന ദിവ്യയെയാണ് റോസ്‌ലിൻ കാണുന്നത്.
അവൾ അടുത്തെത്തിയതോ പേര് ചൊല്ലി വിളിച്ചതോ ഒന്നും ദിവ്യ അറിയുകയുണ്ടായില്ല.അറിഞ്ഞപ്പോൾ ഞെട്ടിയുണരുകയും ചെയ്തു.
"ഇതെന്ത് പറ്റി ദിവ്യേ?"
അവൾ "ഒന്നുമില്ല" എന്നഅർത്ഥത്തിൽ തോളുകൾ ഉയർത്തിക്കാണിച്ചു.
"വാ,"
അവളുടെ കൈയിൽ പിടിച്ചുകൊണ്ട് റോസ്‌ലിൻ പറഞ്ഞു.
"നാളെ നീ ഐ എ എസ്സിന്റെ പരീക്ഷയൊന്നും എഴുതുന്നില്ലല്ലോ, ലൈബ്രറീൽ ഇരുന്ന് തപസ്സ് ചെയ്യാൻ? നമുക്ക് പുറത്തേക്ക് പോകാം,"
ദിവ്യ പ്പുസ്തകങ്ങളും ഫയലുകളുമെടുത്ത് റോസ്‌ലിനോടൊപ്പം ലൈബ്രറിയുടെ പുറത്തേക്ക് നടന്നു.
"രണ്ടു മൂന്ന് ദിവസങ്ങളായി ഞാൻ നിന്നെ ശ്രദ്ധിക്കുന്നു,"
ലൈബ്രറി ഹാൾ കടന്ന് ഇടനാഴിയിലൂടെ പുറത്തേക്ക് നടക്കവേ റോസ്‌ലിൻ പറഞ്ഞു.
"ഒന്നിലും ഒരുത്സാഹവുമില്ല. എപ്പോഴും ഒരേയിരിപ്പ്...ഒരു തരാം സ്വപ്നലോകത്ത്..."
ദിവ്യ തിരിച്ചൊന്നും പറഞ്ഞില്ല.
"അതിന്റെ കാരണം ഞാൻ ആലോചിച്ചിട്ട് ഒന്ന് മാത്രമേയുള്ളൂ,"
അവൾ റോസ്‌ലിനെ നോക്കി.
തന്റെ ഹൃദയത്തിന്റെ വേഗത്തിലുള്ള താളം ദിവ്യ കേട്ടു.
റോസ്‌ലിൻ പുഞ്ചിരിയോടെ അവളുടെ കണ്ണുകളിലേക്ക് നോക്കി.
പിന്നെ സാവധാനം പറഞ്ഞു.
"യൂ ആർ ഇൻ ലവ്!"
"റോസ്‌ലിൻ!"
പെട്ടെന്ന് ആവേശവിസ്മയം കലർന്ന വാക്കുകളോടെ ദിവ്യ അവളുടെ തോളിൽ പിടിച്ചു.
"അതേടീ,"റോസ്‌ലിൻ തുടർന്നു.
"നിനക്ക് പ്രേമമാണ്! ഭ്രാന്തമായ പ്രേമം ! തിളയ്ക്കുന്ന പ്രേമം! പൊള്ളിപ്പനിക്കുന്നതുപോലെയുള്ള പ്രേമം!"
ദിവ്യയിൽ ഒരു കിതപ്പുണരുന്നത് റോസ്‌ലിൻ കേട്ടു.
ഇടനാഴിയിലൂടെ നടന്ന് അവർ ലൈബ്രറിയുടെ മുറ്റത്ത് എത്തി.
"റോസ്‌ലിൻ, എനിക്ക്.."
ദിവ്യയുടെ ശബ്ദം വിറച്ചു.
"എനിക്ക് ആളെയും അറിയാം,"
റോസ്‌ലിൻ തുടർന്നു.
മിടിക്കുന്ന ഹൃദയത്തോടെ ദിവ്യ അവളുടെ അടുത്ത വാക്കുകൾക്ക് കാതോർത്തു.

ഫിസിക്സ് ലക്ചർ ഹാളിലേക്ക് അവർ നടന്നു.
"ഇതത്ര സീക്രട്ടായ കാര്യമൊന്നുമല്ല. ഷെർലക് ഹോംസിന്റെയും ജെയിംസ് ബോണ്ടിന്റെയും ഡിറ്റക്റ്റീവ് ബുദ്ധിയുടെ ആവശ്യവുമില്ല ഈ റോമാന്റ്റിക് മിസ്റ്ററീടെ പിമ്പിൽ ആരാണെന്നറിയാൻ. ആന്റ് ദാറ്റീസ്..."
വിടർന്ന കണ്ണുകളോടെ ദിവ്യ റോസ്‌ലിനെ നോക്കി.
അവർ അപ്പോഴേക്കും ലക്ചർ ഹാളിലെത്തിയിരുന്നു.
"...ദാറ്റീസ് രാഹുൽ നാരായണൻ!"
ദിവ്യയുടെ കണ്ണുകൾ നിറയുന്നത് കണ്ട് റോസ്‌ലിൻ അമ്പരന്നു.
"എന്റ്റീ ശോയെ..."
അവൾ തലയിൽ കൈവെച്ചു.
"എന്ത് പറ്റീടാ നിനക്ക്?"
റോസ്‌ലിന്റെ കൈത്തലം ദിവ്യുടെ കണ്പോളകളെ തേടിയെത്തി.
റോസ്‌ലിൻ ഒരു കസേരയിൽ ഇരുന്നു.
തനിക്കഭിമുഖമായി ദിവ്യയേയും പിടിച്ചിരുത്തി.
"നീയിങ്ങനെ ഭ്രാന്തെടുക്കേണ്ട ആവശ്യമൊന്നുമില്ല ദിവ്യേ,"
റോസ്‌ലിൻ തുടർന്നു.
രാഹുൽ സാറും നീയും മെയ്ഡ് ഫോർ ഈച്ച് അദർ എന്നാണ് നമ്മുടെ ഗ്രൂപ്പിന്റെ മൊത്തം അഭിപ്രായം. ലത്തീഫ് ദാദേം അങ്ങനെ ചിന്തിക്കുന്നുണ്ടോന്ന് എനിക്ക് സംശയമുണ്ട്,"
ജലകണങ്ങൾ നിറഞ്ഞ കണ്ണുകളോടെ ദിവ്യ അവളെ നോക്കി.
"എനിക്കറിഞ്ഞുകൂടായിരുന്നു റോസ് പ്രണയം ഇത്രയ്ക്ക് സുന്ദരമാണ് എന്ന്,"
ജാലകത്തിലൂടെ പുറത്തു കാറ്റിലുലയുന്ന തണൽ മരങ്ങളെ നോക്കി ദിവ്യ പറഞ്ഞു.
"മനസ്സിനെ ഇത്രയ്ക്കും ഭ്രാന്ത് പിടിപ്പിക്കുമെന്ന്. ഹൃദയത്തെ ഇത്രയ്ക്കും പിടിച്ചുലയ്ക്കുന്ന ഒരു കൊടുങ്കാറ്റാണ് പ്രണയം എന്ന് ഞാൻ അറിഞ്ഞിരുന്നെയില്ല...."
അവളുടെ വാക്കുകളുടെ ചൂട് തട്ടി റോസ്‌ലിൻ റോസ്‌ലിൻ മിഴിച്ചിരുന്നു.
"...തീയ് പോലെ പ്രണയം എന്റെ ആത്മാവിനെ ചുട്ടുപൊള്ളിക്കുകയാണ്. എന്ത് മാന്ത്രികമായ മാറ്റമാണ് അത് മനസ്സിനും പ്രാണനും ആത്മാവിനും നൽകുന്നത്! എനിക്കിനിയും പഴയ ദിവ്യയാകാനാവില്ല...എനിക്ക് റോസ്..."
റോസ്‌ലിൻ മുഖം ഉള്ളം കൈയ്യിൽ താങ്ങി ദിവ്യയെ ആശ്ചര്യത്തോടെ നോക്കി.
"ഗുഡ് ഷെപ്പേഡിൽ പഠിച്ച നിനക്ക് ഇത്രക്കും മലയാളം അറിയാമോ?"
റോസ്‌ലിൻ ചോദിച്ചു.
"എഴുതച്ചനും കുമാരനാശാനും നാളെ മുതൽ നിന്റെടുത്ത് ട്യൂഷന് വരും. ങ്ഹാ, അത് പോട്ടെ, നീയെന്താ അവസാനം നിരാശേടെ ഒരു ട്യൂണിട്ട് നിർത്തിയെ?"
ദിവ്യ റോസ്‌ലിനെ ദയനീയമായി നോക്കി.
"ഈശ്വരനെ സ്നേഹിക്കാം. ആരാധിക്കാം. സ്തുതിക്കാം. പക്ഷെ പ്രേമിക്കാനാവില്ല. എനിക്കറിയാം, അദ്ധേഹത്തിന് എന്നെ സ്വീകരിക്കാനാവില്ല. അദ്ധേഹത്തെ

സമീപിക്കാനുള്ള അർഹത എനിക്കില്ല. പക്ഷെ ഹൃദയം...അത് ഭ്രാന്തമായി കൊതിച്ചുപോകുന്നു. മനസ്സ് എപ്പോഴും ദാഹിക്കുന്നു...റോസ്..ഒന്നും ചെയ്യാനാകുന്നില്ല എനിക്കിപ്പോൾ...പഠിക്കാനോ ഉറങ്ങാനോ ഒന്നും..."

അതിരില്ലാത്ത അദ്ഭുതത്തോടെ, അതിലേറെ സങ്കടത്തോടെ റോസ്‌ലിൻ അവളുടെ വാക്കുകൾ കേട്ടു.

"ഞാൻ..."

ദിവ്യയുടെ ചിതറിയ ശബ്ദം വീണ്ടും അവൾ കേട്ടു.

"...ഞാൻ മരിച്ചു പോകും റോസ്..."

മിഴികളിൽ നിന്ന് വീണ്ടും പ്രവാഹമുണ്ടായി.

റോസ്‌ലിന് എന്താണ് പറയേണ്ടതെന്ന് അറിയിലായിരുന്നു.

"ഞാൻ എന്തും കൊടുക്കാം,"

ദിവ്യ തുടർന്നു.

"എന്റെ മനസ്സും ശരീരവും പ്രാണനും എല്ലാം. എനിക്ക് ഒരു പ്രോമിസ് മാത്രം കിട്ടിയാൽ മതി. ഏതെങ്കിലും ഒരു ജന്മമെങ്കിലും...ഞാൻ കാത്തിരിക്കാം. എത്ര ജന്മങ്ങൾ വേണമെങ്കിലും ...അല്ലെങ്കിൽ..."

അണമുറിയാത്ത കണ്ണീർ പ്രവാഹം വാക്കുകളെ പ്രതിരോധിച്ചു.

"എനിക്ക് നിന്നെ മനസ്സിലാക്കാൻ പറ്റും ദിവ്യേ,"

റോസ്‌ലിൻ അവളുടെ തോളിൽ പിടിച്ചു.

"ഈ വേദന ഞാനും അനുഭവിച്ചിട്ടുണ്ട്. സിദ്ധാർത്ഥന് ഞാൻ മനസ്സ് കൊടുത്ത നാൾ മുതൽ. എല്ലാരുടേം മുമ്പി വെച്ച് ഞാനവനെ തല്ലിയ ദിവസം നിനക്കറിയോ അന്ന് രാത്രി കരഞ്ഞ് കരഞ്ഞ് ഞരമ്പ് മുറിച്ച് ചാകാൻ വരെ ഞാൻ ഒരുങ്ങീതാ. പക്ഷെ ഞാനത് ചെയ്തില്ല. എനിക്കറിയാമാരുന്നു, സിദ്ധാർത്ഥൻ എനിക്ക് വേണ്ടി മാത്രമുള്ളതാന്ന്. എന്റെ പ്രാർത്ഥനകളോ നോയമ്പുകളോ ഒന്നും വ്യഥാവാകില്ലന്ന്...എനിക്കറിയാമായിരുന്നു,"

പെട്ടെന്ന് അദ്ഭുതപ്പെടുത്തുന്ന ഒരു വാർത്ത കേട്ടതുപോലെ ദിവ്യ റോസ്‌ലിനെ നോക്കി.

"...എന്റെ പ്രാർത്ഥനകളോ നോയമ്പുകളോ ഒന്നും വ്യഥാവാകില്ലന്ന്...എനിക്കറിയാമായിരുന്നു....."

റോസ്‌ലിന്റെ വാക്കുകൾ തന്റെ മനസ്സിൽ ഒരായിരം വട്ടം പ്രതിധ്വനിക്കുന്നത് പോലെ ദിവ്യക്ക് തോന്നി.

"എന്ത് പറ്റി?"

അവളുടെ മാറിയ ഭാവത്തിലേക്ക് നോക്കി ദിവ്യ ചോദിച്ചു.

"നിനക്കെങ്ങനെയാ സിദ്ധൂനെ കിട്ടീത്?"

ദിവ്യ ആവേശത്തോടെ ചോദിച്ചു.

"ഞാൻ അവനെ കിട്ടാൻ പ്രാർഥിച്ചു. ഒത്തിരി നോയമ്പുകളെടുത്തു,"

ദിവ്യയുടെ ഭാവമാറ്റത്തിന്റെ കാരണം പൂർണ്ണമായി മനസ്സിലാക്കാതെ റോസ്‌ലിൻ പറഞ്ഞു.

ദിവ്യയുടെ മുഖത്ത് പ്രകാശം നിറയുന്നത് അവൾ കണ്ടു.
നനവ് നിറഞ്ഞ കണ്ണുകൾ തിളങ്ങുന്നതും.
"നീയിപ്പോൾ പറഞ്ഞത് ഞാൻ മറക്കില്ല റോസ്, ഒരു നാളും,"
വാക്കുകളിൽ നക്ഷത്ര പ്രകാശം നിറച്ച് ദിവ്യ പറഞ്ഞു.
*******************************************
നദീ തീരത്തെ ക്ഷേത്രപ്പടവിൽ കോബ്രാ ഗാങ്ങിന്റെ മീറ്റിംഗ് നടക്കുകയായിരുന്നു.
ലത്തീഫ് ഒരു കൽപ്പടവിൽ ചാരിക്കിടന്ന് കോബ്രാഹിൽസിന്റെ ശിഖരങ്ങളിലേക്ക് നോക്കി ഗാഢമായ ആലോചനയിലായിരുന്നു. ക്ഷേത്രപ്പടവുകൾക്കും മറുതീരത്തെ ഇടതൂർന്ന പച്ചപ്പുകൽക്കുമിടയിൽ വിശാലമായ ജലപ്പരപ്പ് കാറ്റിലിളകി.
അതിലേക്ക് നോക്കുമ്പോഴൊക്കെ ലത്തീഫിന് തോന്നാറുണ്ട് ഭൂമിയിലെ ഏറ്റവും മനോഹരമായ പ്രദേശമാണ് ശന്തിപുരം എന്ന്.
നഗരാതിർത്തിയിലെ ഈ പ്രദേശം ഇപ്പോഴും നിത്യഹരിതമാണ്.
ഒരു പോസ്റ്റ് കാർഡ് സീനറിയുടെ ദൃശ്യഭംഗിയുണ്ട് എപ്പോഴും ഇവിടെ.
മറുതീരത്തെ പച്ചപ്പ് ഉയർന്നുപോയി കോബ്രാഹിൽസായി പരിണമിക്കുന്നു.
അത്യപൂർവ്വമായ ഔഷധ സസ്യങ്ങൾ.
നൂറ്റാണ്ടുകളായി വാസമുറപ്പിച്ച മരമുത്തശ്ശൻമാരുടെ വിശാല ശിഖരങ്ങൾ.
അത്യപൂർവ്വമായ പറവകളും പക്ഷികളും.
സുഗന്ധവാഹിയായ കാറ്റ്.
ലത്തീഫ് ക്ഷേത്രപ്പടവിൽ നിവർന്നിരുന്നു.
കൂട്ടുകാർ സംസാരം നിർത്തി അവനെ നോക്കി.
"സുഹൃത്തുക്കളെ,"
അവൻ ആരംഭിച്ചു.
"ഗ്രൂപ്പിന്റെ പൊതു അഭിപ്രായപ്രകാരം ഞാൻ മിസ്റ്റർ രാഹുൽ നാരായണനെ ഇന്നലെ കണ്ടു,"
"കൂട്ടുകാർ ആകാംക്ഷാഭരിതരായി.
ദിവ്യ ജാഗരൂകയായി.
"അദ്ധേഹത്തെക്കുറിച്ച് ഞാൻ നിങ്ങളോടെ പറഞ്ഞിട്ടുള്ളതും നിങ്ങൾ എന്നോട് പറഞ്ഞിട്ടുള്ളതുമായ നെഗറ്റീവായ എല്ലാ കാഴ്ച്ചപ്പാടുകളും ഞാൻ തിരുത്തുകയാണ്,"
"ഈശ്വരാ...!"
ദിവ്യ കണ്ണുകളടച്ച് മന്ത്രിച്ചു.
"അദ്ധേഹത്തെപ്പോലെ ഒരാളുമായി സംസാരിക്കുക എന്നത് ഒരനുഭവം തന്നെയാണ്,"
ലത്തീഫ് തുടർന്നു.
"സന്ന്യാസിമാരെക്കുറിച്ച് നമ്മൾ ധരിച്ചു വച്ചിരിക്കുന്ന നെഗറ്റീവ് ആയ ആയ എല്ലാ കാഴ്ചപ്പാടുകളും മാറും. ഞാൻ അദ്ധേഹത്തോട് എല്ലാ കാര്യങ്ങളും തുറന്നു സംസാരിച്ചു. കോബ്രാഹിൽസിലെ നിധി ...ജയകൃഷ്ണൻ ..എല്ലാം.."

"എന്നിട്ട്?'
ആകാംക്ഷയോടെ ഫെലിക്സ് ചോദിച്ചു.
"താൻ രാത്രികളിൽ, ആ സമയത്ത് കോബ്രാഹിൽസിൽ ചുറ്റിക്കറങ്ങാറുണ്ട് എന്ന് അദ്ദേഹം സമ്മതിച്ചു. അതിനൊക്കെ അദ്ദേഹം പറഞ്ഞ കാരണങ്ങൾ അദ്ദേഹത്തിന്റെ ഭാഗത്ത് നിന്ന് ചിന്തിക്കുമ്പോൾ യുക്തിഭദ്രമാണ്. ദിവ്യ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് എനിക്ക് തോന്നി. അലഞ്ഞു തിരിയലിന്റെയിടയിൽ ഒരു നക്സലൈറ്റ് സ്വഭാവമുള്ള സംഘടനാ പ്രവർത്തനത്തിൽ അദ്ധേഹത്തിന് ഇടപെടേണ്ടി വന്നിട്ടുണ്ട്, വളരെ ഫലപ്രദമായി. ഫാദർ ഗബ്രിയേലിന്റെ പുസ്തകങ്ങളിലുള്ള താൽപ്പര്യമാണ് അദ്ധേഹത്തെ ഇവിടെയെത്തിച്ചത്. കോയെൻസിഡന്റലായി അദ്ധേഹത്തിന്റെ ഗുരുനാഥനും ഇവിടെ വരികയും കൊട്ടാരത്തിൽ നടത്തപ്പെടുന്ന യാഗത്തിന്റെ മുഖ്യപുരോഹിതനായിത്തീരേണ്ടി വരികയും ചെയ്തു...."
കൂട്ടുകാർ ഒരുമിച്ച് ദിവ്യയെ നോക്കി.
"രാഹുൽ നാരായണൻ ഒരു സന്ന്യാസിയോ അധ്യാപകനോ മാത്രമാണ് എന്നത് നാം ഇന്ന് മുതൽ അംഗീകരിക്കുകയാണ്,"
ലത്തീഫ് തുടർന്നു.
"ക്ലബ്ബിലെ ആ സംഭവത്തിന് ശേഷം അദ്ധേഹത്തിന്റെ ശാരീരിക പ്രത്യേകതകളുമായി ഒട്ടും സാദൃശ്യമില്ലാത്ത രണ്ടുപേരെ നാം കോബ്രാ ഹിൽസിൽ കണ്ടു. നാം അവരെ പിടിക്കാൻ ശ്രമിച്ചെങ്കിലും തലനാരിഴയ്ക്ക് അവർ രക്ഷപ്പെട്ടു,"
"ലത്തീഫ് വീണ്ടും കൂട്ടുകാരെ നോക്കി.
"നമ്മുടെ ഊർജ്ജം മുഴുവനും ഇനി ജയകൃഷ്ണന്റെ നേരെയാണ്,"
ലത്തീഫിന്റെ സ്വരം ദൃഡമായി.
"നാം സിറ്റി മുഴുവൻ അരിച്ചുപെറുക്കിത്തിരഞ്ഞു. നരിമറ്റം വർക്കിയുടെ ഗോഡൌണുകളിൽ നമ്മൾ രഹസ്യമായി നുഴഞ്ഞുകയറി. അവനെ കണ്ടുമുട്ടാൻ സാധ്യതയുള്ള അയാളുടെ മറ്റു സ്ഥാപനങ്ങളിലും നമ്മ അന്വേഷണം തുടർന്നെങ്കിലും അതൊന്നും ഫലവത്തായില്ല. അതിന്റെ അർഥം അവൻ ഈ സിറ്റി വിട്ടുപോയി എന്നാണ്. എന്ന് വെച്ചാൽ നമ്മൾ അവന്റെ ട്രാക്കിൽ തന്നെയുണ്ടെന്ന് അവനു ബോധ്യമായി. ഇത് സിദ്ധാർത്ഥൻ പറഞ്ഞ കഥ ശരിവെക്കുന്നു. അതായത് അവൻ മറ്റാർക്കോ വേണ്ടി ദിവ്യയുടെ ജീവനെടുക്കാൻ പ്ലാനിടുന്നു...പക്ഷെ സുഹൃത്തുക്കളെ...."
ലത്തീഫ് തന്റെ സമീപത്തിരുന്ന ദിവ്യയുടെ തോളിൽ പിടിച്ച് അവളെ തന്നിലേക്കടുപ്പിച്ചു.
"നാം നമ്മുടെ ചോരകൊടുത്തും പ്രാണൻ കൊടുത്തും ഇവളെ സംരക്ഷിക്കും! നമ്മുടെ നാടിന്റെ വിളക്കാനിവൾ! നമ്മുടെ നാടിന്റെ ഐശ്വര്യം! രാജ്യം മുഴുവൻ ബഹുമാനിക്കുന്ന ഒരു കുടുംബത്തിൽ പിറന്നിട്ടും പ്രതാപം നിറഞ്ഞ ഒരു

രാജവംശത്തിലെ രാജകുമാരിയായിട്ടും നമ്മെപ്പോലെ സാധാരണക്കാരായ ആളുകളോടൊപ്പം ...."
"ലത്തീഫ് ദാദാ..."
അവന്റെ ചുണ്ടുകൾക്ക് മേൽ വിരൽ ചേർത്ത് ദിവ്യ അവനെ നിശബ്ദമാക്കി.
"ഇങ്ങനെയൊക്കെ പറയല്ലേ...ഒരു കോലോത്തേം രാജകുമാരിയാകണ്ട എനിക്ക്...ലത്തീഫ് ദാദാടേം ....എല്ലാ കൂട്ടുകാരുടെം കളിക്കൂട്ടുകാരിയായാ മതി ...എനിക്ക് ...."
അവളുടെ മിഴികൾ നിറഞ്ഞു തുളുമ്പി.
കഴിഞ്ഞ രക്ഷാബന്ധന് ദിവ്യ കെട്ടിക്കൊടുത്ത ലത്തീഫിന്റെ കൈത്തണ്ടയിലെ ചുവന്ന രാഖിച്ചരട് അവളുടെ മിഴിനീരിൽ കുതിർന്നു.
വികാരത്തള്ളിച്ചയിൽ അവൾ ലത്തീഫിനെയും കൂട്ടുകാരെയും ചേർത്തുപിടിച്ചു.
"എന്തിനാ ഇങ്ങനെയൊക്കെ പറയുന്നെ?"
മിഴിനീരിനിടയിൽ അവൾ ചോദിച്ചു.
കൂട്ടുകാരുടെയും കണ്ണുകൾ ഈറനണിഞ്ഞു.
പൊതുവായ ചില നിർദേശങ്ങൾ കൂടി നൽകിയതിനു ശേഷം ലത്തീഫ് സ്വസ്ഥാനത്തിരുന്നു.
പെട്ടെന്ന് റോസ്‌ലിൻ എഴുന്നേറ്റു.
"ടുഡേയ്സ് ബ്രേക്കിംഗ് ന്യൂസ്..."
എല്ലാവരും അവളെ നോക്കി. ഗൌരവത്തിലിരുന്ന ലത്തീഫും.
"എന്താടീ?"
വിൻസെന്റ് ചോദിച്ചു?"
"ദിവ്യ ഈസ് ഇൻ ലവ്!"
റോസ്‌ലിൻ വിളിച്ചു കൂവി.
ലത്തീഫ് കൂട്ടുകാരിൽ നിന്നും ശ്രദ്ധതിരിച്ച് വീണ്ടും ഗൌരവമായ ആലോചനകളിൽ മുഴുകി.
"ഹൂയീസ് ദ മാൻ?"
ആബിദ് ചോദിച്ചു.
"ഹൂയീസ് ദ മാൻ? ഹൂയീസ് ദ മാൻ?
ആൺകുട്ടികൾ കൂട്ടമായി ചോദിച്ചു.
"അങ്ങനെ പറയില്ല...ആ ജെയിംസ് ബോണ്ടിന്റെ ടൈറ്റിൽ മ്യൂസിക് ഇട്..അതിന്റെ ബാക്ക് ഗ്രൗണ്ടിൽ പറയാം..."
"ടൺ ...ടണൻ..ടണൻ..ടണൻ...."
കൂട്ടുകാർ ജെയിംസ് ബോണ്ട് സിനിമകളിലെ ടൈറ്റിൽ മ്യൂസിക് അനുകരിച്ചു.
"രാഹുൽ സാർ..രാഹുൽ നാരായണൻ..."
റോസ്‌ലിൻ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു.
"രാഹുൽ സാർ??"
ചിലർ അവിശ്വസനീയതയോടെ ചോദിച്ചു.

ദിവ്യ തന്റെ ലജ്ജാഭാവം തുടർന്നു.
"ഇപ്പം രാഹുൽ സാർ കാണണം ഇവളെ...."
ഷെറിൻ ദിവ്യയുടെ അധരത്തിൽ പിടിച്ചു നുള്ളി.
"തപസ്സൊക്കെ പോയി ..ഇപ്പം ഇവളെ .....നീ ഇങ്ങനെ നാണിച്ചുനിക്കുമ്പം എന്നാ ഒരു സൌന്ദര്യവാടീ....യാ അല്ലാഹ്...ഹൂറി ..അസ്സൽ ഹൂറി....കണ്ണുവെച്ചു കണ്ണുവെച്ച് നിന്നെക്കൊല്ലും ഞാൻ..."
"അതെങ്ങനെ ശരിയാകും?"
ഫെലിക്സ് ചോദിച്ചു.
"രാഹുൽ സാർ സന്ന്യാസിയല്ലേ? സന്ന്യാസി മാരൊക്കെ ബ്രഹ്മചാരികളല്ലേ?"
ആ പരാമർശം അവർക്കിടയിൽ നിശബ്ദത പരത്തി.
"അദ്ധേഹത്തിന് ..എന്റെ ..എന്റെ ഇഷ്ടം ...അത് ..അറിയില്ല..."
അൽപ്പം കഴിഞ്ഞ് ദിവ്യ പറഞ്ഞു.
"അദ്ധേഹത്തിന് ..ഒന്നും അറിയില്ല...എന്റെ ഇഷ്ടം ...സ്നേഹം ...മനസ്...ആഗ്രഹം ....എന്നെ ഇഷ്ടപ്പെടുമോ..സീകരിക്കുമോ ...അതൊന്നും എനിക്കറിയില്ല...ബട്ട് ...ബട്ട് ....ഐ ലവ് ഹിം... എനിക്ക്..."
ദിവ്യ ബാക്കി പറഞ്ഞില്ല.
അവളുടെ കണ്ണുകൾ നിറയുന്നത് അവർ കണ്ടു.
"ഇതെന്നാ എടപാടാ?"
വിൻസേന്റ്റ് അവളുടെ നേരെ നോക്കി ഒച്ചയിട്ടു.
"എനിക്കറിയാമ്മേലാഞ്ഞിട്ട് ചോദിക്ക്യാ, ഇവളെന്തിനാ ഇങ്ങനെ കണ്ണീരൊഴുക്കുന്നെ? രാഹുൽ സാറെന്താ ആകാശത്തെ അമ്പിളി യമ്മാവനാണോ ദിവ്യ ആഗ്രഹിച്ചാൽ കിട്ടാതിരിക്കാൻ. അല്ലല്ലോ? ഇനി ആണെത്തന്നെ എറിഞ്ഞ് നെലത്തിടാൻ കെൽപ്പുള്ള കൂട്ടുകാരാ ഞങ്ങള് ദിവ്യേ,"
ലത്തീഫ് ആ സംസാരത്തിൽ പങ്കെടുക്കാതെ കോബ്രാഹിൽസിലേക്ക് തന്നെ നോക്കിയിരിയ്ക്കുകയാണ്.
വിൻസെന്റ്റ് അസ്പഷ്ടമായി എന്തൊക്കെയോ പിറുപിറുത്തു.
പിന്നെ അവൻ ദിവ്യയുടെയടുത്തെത്തി.
അവളെ നോക്കി.
അവന്റെ കൈകൾ അവളുടെ തോളിലമർന്നു.
"നീ ഇങ്ങനെ കരയുമ്പം ഞങ്ങടെ ചങ്കാ ദിവ്യേ പൊട്ടുന്നേ,"
വിൻസെന്റ്റിന്റെ കണ്ണുകളും ഈറനണിഞ്ഞു.
"ഐം സോറി,"
വിൻസേന്റ്റിന്റെ കൈത്തലം തന്റെ കണ്പോളകളെ തഴുകിയപ്പോൾ ദിവ്യ പറഞ്ഞു.
അവൾ പുഞ്ചിരിച്ചു.
അവനും.
"ഇനി കണ്ണീർ സീരിയലുകൾ വേണ്ട!"

വിൻസെന്റ് കൂട്ടുകാരെ നോക്കി.
"ഇനി ആക്ഷൻ പായ്ക്ക്ഡ് ത്രില്ലറുകളാണ്. എടീ സന്ന്യാസിയായ രാഹുൽ സാർ കറക്റ്റ് ഈ ശാന്തിപുരത്ത് തന്നെ വരണമെങ്കിൽ അതിന്റെ കാരണമെന്താന്നാ നിന്റെ വിചാരം? നിന്നെത്തേടി വന്നതാണ് അദ്ധേഹം. ശാന്തിദേവിന്റെ അച്ചൻ പറഞ്ഞത് നെനക്ക് പതിനെട്ട് വയസ്സാവുമ്പോ തന്റെ പുന്നാരമോൻ പുനർജ്ജനിച്ച് വരൂന്നാ. എങ്ങനെ വരൂന്നാ ശാന്തിദേവിന്റെ ഡാഡി പറഞ്ഞെ? പാമ്പുപിടുത്തക്കാരനായിട്ടോ മരപ്പട്ടിയായിട്ടോ കളക്റ്ററായിട്ടോ കച്ചവടക്കാരനായിട്ടോ കള്ളുചെത്തുകാരനായിട്ടോ മറ്റേതെങ്കിലുമൊരു ഈനാംപേച്ചിയായിട്ടോ അല്ല. സന്ന്യാസിയായിട്ട്. വന്നു. യുവസന്ന്യാസി. ശാന്തിദേവിനെപ്പോലെ. സുന്ദരൻ. ഋത്വിക് റോഷൻ പോലും നാണിച്ച് മൂക്കുകൊണ്ട് ട്ട, ണ്ട, ണ്ണ വരക്കുന്നത്ര സൂപ്പർ സെക്സി. എന്റെ ദിവ്യേ, ആ ഋഷികുമാരൻ ഇപ്പോൾ ഇങ്ങോട്ട് വന്നത് മാരാമൺ കൺവെൻഷൻ കൂടാനല്ല. പിന്നെ എന്തിന് വന്നു?"
അവൻ ദിവ്യയുടെ കണ്ണുകളിലേക്ക് ചൂഴ്ന്ന് നോക്കി.
"നിന്നെക്കാണാൻ. പ്രണയിക്കാൻ. പരിണയിക്കാൻ,"
വിൻസെന്റിന്റെ വാക്കുകൾ ദിവ്യയെ ഉണർത്തി.
കൂട്ടുകാരിലും ആ ഉണർവ്വ് പടർന്നു.
ലത്തീഫ് മാത്രം കോബ്രാ ഹിൽസിലേക്കുള്ള നോട്ടം തുടർന്നു.
"ഇതൊന്നും ടപ്പേന്ന് നടക്കില്ല,"
അവൻ തുടർന്നു.
"ഇറ്റ് ടേയ്ക്സ് ടൈം. നീ അദ്ധേഹത്തോടൊപ്പം ഒറ്റക്ക് സമയം ചെലവഴിക്കണം. അദ്ധേഹം നിന്നെ കണ്മുമ്പിൽ കണ്ടുകൊണ്ടിരിക്കണം. നിന്റെ മുടിയിഴകളുടെ, ശരീരത്തിന്റെ, ശ്വാസത്തിന്റെ ഗന്ധം അദ്ദേഹം ശ്വസിക്കണം. നിന്റെ കണ്ണുകളിലെ പ്രണയത്തിന്റെ ഒലിവ് പൂക്കൾ, നിന്റെ നൃത്തസമാനമായ ചുവടുകൾ, നിന്റെ ദേഹകാന്തികതയുടെ മാസ്മരികത അദ്ധേഹത്തിന്റെ കണ്ണുകൾക്ക് മുമ്പിൽ നിറയണം. നിന്റെ പ്രണയം തുളുമ്പുന്ന മൊഴിമുത്തുകൾ അദ്ദേഹം കേൾക്കണം. സ്ത്രീയെ അറിയാത്ത, മരുഭൂമിപോലെ ഉണങ്ങി വരണ്ട അദ്ധേഹത്തിന്റെ ദേഹത്ത് ഒരു മഴനീർത്തുള്ളിയുടെ സ്പർശമായി നീ മാറണം. അദ്ധേഹത്തിന്റെ ഇന്ദ്രിയങ്ങൾ നിറയെ നീ പൂത്ത് തളിർത്ത് വിടരണം...."
"ഇവനാര്! ജ്യൂനിയർ വത്സ്യായനനോ?"
ഷെറിൻ തലയിൽ കൈവെച്ചു.
"നീ ആളു കൊള്ളാല്ലോടാ വിൻസെന്റെ,"
ആബിദിനും തന്റെ ആശ്ചര്യം നിയന്ത്രിക്കാനായില്ല.
"എന്നാ സാഹിത്യം! എന്നാ മലയാളം!!"
"അവനു ടാഗോറിന്റെ പ്രേതം കൂടീന്നാ തോന്നുന്നേ,"
റോസ്‌ലിൻ പറഞ്ഞു.
അവർ പിന്നെ ദിവ്യയെ നോക്കി.

വിൻസെന്റ്റിന്റെ വാക്കുകൾ സൃഷ്ട്ടിച്ച വികാരതരംഗത്തിൽ ഓളം വെട്ടുകയായിരുന്നു ദിവ്യ.
മിഴികളിൽ നിറയെ സ്വപ്നങ്ങളും ദാഹവും നിറച്ച്.
"ഷട്ട് അപ്!"
വിൻസെന്റ്റ് ഒച്ചയിട്ടു.
"പ്രണയം പുഷ്പ്പിക്കുന്ന വഴികളാണ് ഞാൻ പറഞ്ഞു വരുന്നത്. സാറിന്റെയടുത്ത്, തൊട്ടടുത്ത്, തൊടാവുന്ന അകലത്തിൽ, ദിവസവും ഒന്ന് രണ്ടു മണിക്കൂർ ചെലവിടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ ദിവ്യക്ക്?"
"ഐഡിയാ....!!"
രാജേഷ് വിളിച്ചുകൂവി.
എല്ലാവരും അവനെ നോക്കി.
"ട്യൂഷൻ! ട്യൂഷന് ചേർന്നാൽ മതി, ദിവ്യ,"
"മണ്ടത്തരം പറയാതെ,"
വിൻസെന്റ്റ് ആ ആശയം നിരാകരിച്ചു.
"ക്ലാസ്സിൽ മണിമണി പോലെ ആൻസർ പറയുന്ന ദിവ്യ ട്യൂഷന് അപ്രോച് ചെയ്താൽ അതെന്തിനാന്ന് ഒരു സന്ന്യാസിയുടെ അതിന്ദ്രീയ ജ്ഞാനം കൂടാതെ തന്നെ രാഹുൽ സാർ കണ്ടുപിടിക്കും. എന്തെങ്കിലും സ്പിരിച്വൽ കാരണം വേണം,"
"ഒരു മാർഗ്ഗമുണ്ട്,"
സതീഷ് പറഞ്ഞു.
കൂട്ടുകാർ അവനെ താൽപ്പര്യത്തോടെ നോക്കി.
"സാറിന്റെയടുത്ത് രാമായണത്തിലേയോ ഗീതയിലേയോ സംശയങ്ങളുമായി ചെന്നാൽ മതി.,"
അസ്വീകാര്യമായ ഭാവത്തോടെ വിൻസെന്റ്റ് അവനെ നോക്കി.
"പോരാ, പോരാ,"
വിൻസെന്റ്റ് തല ചൊറിഞ്ഞു.
"അൽപ്പം കൂടി എഫക്റ്റീവ് ആയ ഒരു റീസൺ. കുറച്ചു കൂടി ഗുമ്മുള്ള ഒരു കാരണം...യാ ...യാ..ഐ ഗോട്ട് ഇറ്റ് ..ഐ ..ഗോട്ട് ഇറ്റ്..യൂറേക്കാ..യൂറേക്കാ..."
വിൻസെന്റ്റിന്റെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് അലോസരം നിറഞ്ഞ ശബ്ദത്തിൽ ലത്തീഫ് വിളിച്ചു ചോദിച്ചു.
"യോഗധ്യനം...! യോഗാഭ്യാസം...!
വിൻസെന്റ്റ് പറഞ്ഞു.
"ദിവ്യ രാഹുൽ സാറിനെ കാണുന്നു. യോഗധ്യാനം പഠിപ്പിക്കാൻ അപേക്ഷിക്കുന്നു. കമിതാക്കൾക്ക് ഇത്രയും ഇഴുകിച്ചേർന്ന്, മണമടിച്ച്, തൊട്ടുപിടിച്ച്, ഉരുമ്മിചേർന്ന്, പ്രണയത്തിൽ മുഴുകാൻ ഇതല്ലാതെ വേറെ ഒരു കോഴ്സ് ഇല്ല. ആ...പിന്നെ വേറെ ഒരു കോഴ്സ് കൂടിയുണ്ട്. അതെനിക്ക് പറയാൻ പറ്റില്ലല്ലോ ഇവിടെ..."
"പന്നീ...നിന്നെ ഞാൻ...'

ദിവ്യ വിൻസെന്റിന്റെ നേരെ കൈയ്യോങ്ങി.
അവൻ ഓടി മാറി.
അവൾ അവന്റെ പിന്നാലെ ഓടി.
"അതെന്ത് കോഴ്സാ?"
മനോജ് സംശയത്തോടെ ആബിദിനെ നോക്കി.
"നീയതൊന്നും അറിയണ്ട. നീ കൊച്ചല്ലേ,"
"ഹ! എന്നാലും ഒന്ന് പറ!"
മനോജ് അക്ഷമ കാണിച്ചു.
"അതത്ര നിസ്സാര കോഴ്സാണേൽ ദിവ്യയെന്തിനാ വിനൂനെ ഇങ്ങനെ ഓടിക്കുന്നെ?"
"ശരി!"
ആബിദ് ഗൌരവത്തോടെ പറഞ്ഞു.
"നീ ബോധം കെടില്ലെങ്കിൽ പറയാം. ഇന്ററർകോഴ്സ്!"
"ച്ചേ!!"
"അതാ പറഞ്ഞെ, ഇത് പിള്ളേര് കേൾക്കാനുള്ളതല്ലെന്ന്,"
അതിനിടയിൽ ദിവ്യ വിൻസെന്റിന്റെ കോളറിൽ പിടിച്ചു കഴിഞ്ഞിരുന്നു.
"ദിവ്യേ, തമാശ നിർത്താം,"
അവളുടെ പിടിയിൽ നിന്ന് കുതറിക്കൊണ്ട് അവൻ പറഞ്ഞു.
"നമുക്ക് യോഗധ്യാനതിന് അഡ്മിഷൻ കിട്ടാൻ സെൻ മാസ്റ്റർ രാഹുൽ നാരായണനെ എങ്ങനെ പ്രേരിപ്പിക്കാമെന്നതിനെക്കുറിച്ച് ചിന്തിക്കാം,"
***************************************************
പിറ്റേ ദിവസം മദ്ധ്യാഹ്നം.
ദിവ്യയുടെ വീട്.
ദിവ്യയുടെ ഒരു ടോപ്പിന് മേൽ എംബ്രോയിഡറി വർക്ക് നടത്തുകയായിരുന്നു ഗായത്രിദേവി.
ഒരു ചെറിയ സൂര്യകാന്തിപ്പൂവ്.
പൂർത്തിയായിക്കഴിഞ്ഞ്, തന്റെ കണ്ണുകൾക്ക് മുമ്പിൽ ടോപ്പ് വിടർത്തിപ്പിടിച്ച് സംതൃപ്തിയോടെ അവർ മന്ദഹസിച്ചു.
അപ്പോൾ പിമ്പിൽ ആരുടെയോ കാൽപ്പെരുമാറ്റം കേട്ടു.
അവർ തിരിഞ്ഞു നോക്കി.
റോസ്‌ലിൻ തിടുക്കത്തിൽ നടന്നുവരുന്നു.
മുഖത്ത് ദേഷ്യമാണ്.
സ്വയം എന്തൊക്കയോ പറഞ്ഞുകൊണ്ടാണ് വരുന്നത്.
"എന്താ മോളെ? എന്ത് പറ്റി?"
"പെൺകുട്ടികൾക്ക് ഇത്ര അഹമ്മതി പാടില്ല!"
റോസ്‌ലിൻ ദേഷ്യത്തോടെ പിറുപിറുത്തു.
എന്നിട്ട് അവൾ ഗായത്രിദേവിയുടെ മുമ്പിൽ, സോഫയിൽ ഇരുന്നു.
"എന്ത് പറ്റീന്ന് പറയൂ,"

ഗായത്രിദേവി പുഞ്ചിരിയോടെ ചോദിച്ചു.
"അല്ല ആന്റി, ഒന്ന് രണ്ട് മാസം കഴിഞ്ഞാൽ യാഗം തുടങ്ങും. അതിനു കുറച്ച് വ്രതങ്ങളും പ്രാർത്ഥനേം ഒക്കെ വേണം മനസ്സൊരുക്കം വേണം മനസ്സോരുക്കത്തിനു യോഗധ്യാനം പഠിക്കണം എന്ന് ഗുരുജി ഐ മീൻ വലിയ ഗുരുജി ഞങ്ങടെ മുമ്പി വെച്ചാ ദിവ്യയെ ഉപദേശിച്ചേ. അവൾ സമ്മതിച്ചില്ല,"
"ങ്ഹേ?"
ഗായത്രി ദേവി അവിശ്വസനീയതയോടെ റോസ്‌ലിനെ നോക്കി.
"സമ്മതിച്ചില്ലേ? ഈശ്വരാ!...ഗുരുജിയോടവൾ തർക്കുത്തരവും പറഞ്ഞോ? അവളെ ഞാൻ...!!"
"ഹേയ് ...ആന്റീ...തർക്കുത്തരമൊന്നും പറഞ്ഞില്ല..."
അനുനയ സ്വരത്തിൽ റോസ്‌ലിൻ പറഞ്ഞു.
"ആദ്യം അവൾ സമ്മതിച്ചില്ല. പിന്നെ പറഞ്ഞു പഠിക്കാം. സിറ്റീൽ നല്ല യോഗാ ക്ലാസ്സുകളുണ്ടല്ലോ. അവിടെ ചേർന്ന് പഠിക്കാന്ന് പറഞ്ഞു,"
"ഓ..ദേവീ...രക്ഷപ്പെട്ടു,"
ഗായത്രിദേവി ദീർഘമായി നിശ്വസിച്ചു.
"ഞങ്ങളും അങ്ങനെയാ കരുതീത്,"
റോസ്‌ലിൻ തുടർന്നു.
"പക്ഷെ ഗുരുജി, ഐ മീൻ വലിയ ഗുരുജി, പറഞ്ഞു, സിറ്റീലേ യോഗാ സെന്ററുകൾ ഒന്നും ശരിയല്ല. അതൊക്കെ ബിസിനെസ്സ് ആണ്, അവിടെയൊന്നും പ്രോപ്പറായി യോഗധ്യാനം പഠിക്ക്യാൻ കഴിയില്ല. അതുകൊണ്ട് രാഹുൽ സാർ പഠിപ്പിക്കും. രാഹുൽ സാറിന്റെ അടുത്ത് പഠിച്ചാൽ മതി എന്ന് പറഞ്ഞു. .."
"എന്നിട്ട്? എന്നിട്ട് ദിവ്യ എന്ത് പറഞ്ഞു?"
ഗായത്രി ദേവി ആകാംക്ഷയോടെ ചോദിച്ചു.
"അതല്ലേ അഹമ്മതി എന്ന് പറഞ്ഞത്! രാഹുൽ സാറിന്റെ പേര് കേട്ടതും അവൾ അമ്പിനും വില്ലിനും അടുക്കുന്നില്ല. സിറ്റീൽ പോയി പഠിച്ചോളാം എന്ന് ഒറ്റ വാശി. അവസാനം ഗുരുജിക്ക്, ഐ മീൻ വലിയ ഗുരുജിക്ക് നീരസം പോലും ഉണ്ടായി,"
"എന്റെ ഭഗവതീ!!"
അവർ തലയിൽ കൈവെച്ചു.
"ഗുരുജിയെ നീരസപ്പെടുത്തിയോ അവൾ? എവിടെ അവൾ? ദിവ്യേ!!"
അവർ ഉച്ചത്തിൽ വിളിച്ചു.
"താഴെയുണ്ട്. പാലസിൽ. ലൈബ്രറീൽ,"
റോസ്‌ലിൻ താഴേക്ക് നോക്കി.
ഗായത്രി ദേവി മുമ്പിലെ മേശമേലിരുന്ന മൊബൈലെടുത്ത് ഡയൽ ചെയ്തു.
ദിവ്യയോട് തന്റെയടുത്തേക്ക് വരാൻ ആവശ്യപ്പെട്ടു.
"പ്രിയങ്കേം ഷെറിനും വിൻസെന്റും ഒക്കെ താഴെയുണ്ട്,"
റോസ്‌ലിൻ പറഞ്ഞു.

"വിൻസെന്റിന് പോലും വിഷമമായി. ദിവ്യേന്ന് വെച്ചാ അവനാ ഏറ്റോം ജീവൻ. എന്നിട്ടും അവൻ പോലും വഴക്ക് പറഞ്ഞു,"
അപ്പോൾ ദിവ്യ അവരുടെയടുത്തേക്ക് വന്നു .
പിന്നാലെ പ്രിയങ്ക, ഷെറിൻ, വിൻസെന്റ്....
"എന്താ മമ്മീ?"
അവൾ ആകാംക്ഷയോടെ ചോദിച്ചു.
"നീയെന്താ ഗുരുജിയോട് പറഞ്ഞെ?"
ഗായത്രിദേവി ദേഷ്യത്തോടെ ചോദിച്ചു.
"ഓ...അതാണോ?"
നിസ്സാര കാര്യംപോലെ ദിവ്യ പറഞ്ഞു.
"മമ്മീടെ വിളി കേട്ടപ്പം ഞാൻ കരുതി വല്ല അത്യാഹിതോം നടന്നോന്ന്! കൃത്യമായിത്തന്നെ അത് മമ്മീടെ ചെവീൽ എത്തിച്ചു അല്ലേ?"
റോസ്‌ലിനെ നോക്കി ദിവ്യ ചോദിച്ചു.
"നിന്നോടാ ചോദിച്ചേ. നീയെന്താ ഗുരുജിയോട് പറഞ്ഞെ?"
ഗായത്രിദേവിയുടെ സ്വരം ഉയർന്നു.
"എന്റെ മമ്മി, മമ്മിയിങ്ങനെ പ്രഷറു കൂട്ടാതെ. ഗുരുജിയെ അനുസരിക്കാൻ ഞാൻ ഒരുക്കമാ. പക്ഷെ എനിക്ക് രാഹുൽ സാറിന്റെയടുത്ത്ന്ന് മാത്രം പഠിക്കാൻ വയ്യ,"
"അതിനെന്താ കൊഴപ്പം?"
സ്വരത്തിലെ പരുഷത വിടാതെ അവർ ചോദിച്ചു.
"എന്താ കൊഴപ്പം എന്നോ?"
ദിവ്യയും സ്വരമുയർത്തി.
"ഒരു ശ്ലോകമെങ്ങാനും തെറ്റിപ്പോയാൽ ആയിരം പ്രാവശ്യം ഇമ്പോസിഷൻ എഴുതുന്നതോ ചന്തിക്കിട്ട് രണ്ടെണ്ണം കിട്ടുന്നതോ ആരുന്നേൽ കുഴപ്പം ഇല്ലാരുന്നു. രാഹുൽ സാറ് ആരാന്നാ മമ്മീടെ വിചാരം? ദേഷ്യം വന്ന് മൂന്നാം കണ്ണെങ്ങാനും തുറന്നാൽ ഞാൻ ഭസ്മമായി...."
"അത്രയ്ക്ക് വേണ്ട..."
ആരും കേൾക്കാതെ റോസ്‌ലിൻ ദിവ്യയോട് മന്ത്രിച്ചു.
"....വളിപ്പാകുന്നുണ്ട്...."
"പെണ്ണിന്റെ വാക്സാമർത്ഥ്യം കൂടുന്നു!!"
ഗായത്രി ദേവി വീണ്ടും ചൊടിച്ചു.
"ശ്ലോകങ്ങളും അഭ്യാസങ്ങളുമോന്നും നീ തെറ്റിക്കില്ല. ഇനി അഥവാ തെറ്റിയാലും ഗുരുജി നിന്നെപ്പിടിച്ചു വിഴുങ്ങത്തൊന്നുമില്ല. ഈശ്വര തുല്യനാണ് അദ്ദേഹം. ദയാലു,"
"മമ്മി എന്ത് പറഞ്ഞാലും രാഹുൽ സാറിന്റെയടുത്ത് ഞാൻ യോഗധ്യാനം പഠിക്കില്ല,"
"കേട്ടോ ആന്റീ,"
വിൻസെന്റ് ക്രുദ്ധനായി.

"നീ ഞാൻ പറയുന്നത് കേൾക്ക് മോളെ. യാഗത്തിന് ഫല സിദ്ധിയുണ്ടാവണം . നമ്മുടെ കുടുംബത്തിനും നാടിനും ഐശ്വര്യമുണ്ടാവണം. അതിനൽപ്പം ത്യാഗം സഹിക്കാൻ നിനക്ക് കഴിയില്ലേ?"
"മമ്മീ, ഞാൻ..."
ഗായത്രിദേവിയുടെ അപേക്ഷാസ്വരത്തിന് മുമ്പിൽ അവൾ പതറി.
"ശരി സമ്മതിച്ചു,"
അവൾ പറഞ്ഞു.
"ഹോ!!"
ഗായത്രിദേവി ആശ്വാസത്തോടെ നിശ്വസിച്ചു.
"പക്ഷെ ഞാൻ സാറിനോട് ചോദിക്കില്ല. മമ്മി തന്നെ ചോദിച്ച് അനുവാദം വാങ്ങണം,"
"അതിനെന്താ, ഞാൻ തന്നെ പോകാം. വരൂ ഇപ്പോൾ തന്നെ നമുക്ക് പോകാം,"
"യ്യോ..ഞാൻ വരില്ല ..!"
ആംഗ്യവിക്ഷേപങ്ങളോടെ ദിവ്യ പറഞ്ഞു.
"മമ്മി രാധ ചേച്ചീടെ കൂടെപ്പോയാൽ മതി,"
പരിചാരികയാണ് രാധ.
"ശരി,"
ഗായത്രിദേവി പുറത്തേക്ക് പോയി.
"ഈയാ..."
അവർ ആഹ്ലാദത്തോടെ തുള്ളിച്ചാടി.
"ങ്ങനെ ഓപ്പറേഷൻ സക്സസ്!"
വിൻസെന്റ് പറഞ്ഞു.
"താങ്ക്യൂ,"
കൃതജ്ഞതയോടെ ദിവ്യ അവരെ നോക്കി.
"ഹും! താങ്ക്യൂ...!"
റോസ്‌ലിൻ നീരസത്തോടെ ദിവ്യയെ നോക്കി.
"പാവം ആന്റിയെ വട്ട് കളിപ്പിച്ചിട്ട്! കഷ്ടമുണ്ട്!"
അതൊന്നും സാരമില്ലെടീ,"
വിൻസെന്റ് റോസ്‌ലിനോട് പറഞ്ഞു.
"ഈയൊരു കാര്യത്തിന് പിന്നെ വേറെ ഏതാ ഒരു മാർഗ്ഗം?"
"ങ്ഹാ, ദിവ്യേ..."
പെട്ടെന്ന് എന്തോ ഓർമ്മിച്ച് ഷെറിൻ പറഞ്ഞു.
"ഞങ്ങൾ ഇപ്പം പോകുവാ. റിഹെഴ്സലിന്റെ പെർകഷൻ വർക്ക് കുറച്ച് ബാക്കിയില്ലേ? നീ ആന്റി വന്നിട്ട് വന്നാ മതി,"
"ശരി,"
റോസ്‌ലിനും സംഘവും പോയിക്കഴിഞ്ഞ് ദിവ്യ ഡൌൺഫ്ലോറിലേക്ക് പോയി.
അവിടെ ഗുരുജി ദേവനാരായണൻ നിൽക്കുന്നത് അവൾ കണ്ടു.

ആദ്യമൊന്ന് സംഭ്രമിച്ചെങ്കിലും അവൾ പെട്ടെന്ന് മനോനില വീണ്ടെടുത്തു.
അദ്ധേഹത്തിന്റെയടുത്തേക്ക് അവൾ ചെന്നു.
അർത്ഥഗർഭമായ മൌനവും പുഞ്ചിരിയും അദ്ധേഹത്തിന്റെ മുഖത്ത് ദിവ്യ കണ്ടു.
"എന്റെ പേര് പറഞ്ഞ് പാവം അമ്മയെ കളിപ്പിച്ചു; അല്ലേ?"
ദിവ്യ ഞെട്ടിത്തരിച്ചു.
"ഗുരുജീ..!"
പരിഭ്രമത്തോടെ അവൾ വിളിച്ചു.
കൈകൾ കൂപ്പി.
"ഗുരുജീ...ഞാൻ..."
അവളുടെ കണ്ണുകൾ ഈറനണിഞ്ഞു.
"പൊറുക്കണം എന്നോട് ...ഞാൻ ..."
അവൾ അദ്ധേഹത്തിന്റെ പാദങ്ങൾ സ്പർശിച്ചു.
അവയെ അവൾ അമർത്തിപ്പിടിച്ചു.
തന്റെ പാദങ്ങൾ നനയുന്നത് അദ്ധേഹമറിഞ്ഞു.
അവളുടെ തോളിൽ അദ്ധേഹത്തിന്റെ കൈത്തലങ്ങൾ അമർന്നു.
അദ്ദേഹം അവളെ പതിയെ എഴുന്നേൽപ്പിച്ചു.
അവൾ മിഴിനീരിലൂടെ, എന്നാൽ ദൃഡനിശ്ചയത്തോടെ അദ്ധേഹത്തെ നോക്കി.
"എനിക്ക് അദ്ധേഹത്തെ വേണം ഗുരുജീ...എനിക്ക് ..എനിക്ക് താങ്ങാനാവുന്നില്ല....എത്ര നൂറ്റാണ്ടുകൾ...എത്ര യുഗങ്ങൾ ഞാനീ വേദന തിന്നുന്നു...! ഇനിയെനിക്ക്...."
അസാധാരണമായവിധം ശാന്തമായ അദ്ധേഹത്തിന്റെ കണ്ണുകളിലേക്ക് അവൾ യാചനയോടെ നോക്കി.
"അനന്തര ഫലങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ? അതൊക്കെ നേരിടാൻ തയ്യാറാണോ?"
ശാന്തമായ സ്വരം അവളെ പൊതിഞ്ഞു.
"തയ്യാറാണ്...!"
ദിവ്യ ദൃഡമായി പറഞ്ഞു.
അവളുടെ കണ്ണുകളിലെരിയുന്ന ദൃഡനിശ്ചയത്തിന്റെ താപം അദ്ധേഹത്തെ തൊട്ടു.
"അദ്ധേഹത്തിന്റെ ക്രോധാഗ്നിയിൽ ഭസ്മമായും പുഴുവായും ആ ശാപാഗ്നിയിൽ ശിലയായും തീരാൻ ഒരുക്കമാണിവൾ....!"
അവൾ അദ്ധേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി.
കൈകൾ കൂപ്പി.
കണ്ണുകളടച്ചു.
തന്റെ ശിരസ്സിനുമേൽ അദ്ധേഹത്തിന്റെ കരതലം അനുഗ്രഹസ്പർശമായി അമരുന്നത് അവൾ അറിഞ്ഞു.
രാഹുലിന്റെ ചോദ്യത്തെ അവൾ പുഞ്ചിരിയോടെ നേരിട്ടു.
മലകയറ്റം അസാമാന്യ വേഗത്തിൽ തന്നെ അവൾ നിർവ്വഹിച്ചു.

സംസാരം വീണ്ടും ദിവ്യയുടെ കൈകളിൽത്തന്നെയെത്തി.
ഊട്ടിയിലെ ഗുഡ് ഷെപ്പേഡിലേ അവളുടെ സ്കൂൾ ജീവിതം, ലത്തീഫിനോടും മറ്റു കൂട്ടുകാരോടുള്ള സൗഹൃദം, സെയിന്റ്സ് സ്റ്റീഫൻസിലെ ദിനങ്ങൾ തുടങ്ങി സംസാരം യാഗത്തിലും സന്ന്യാസത്തിലുമെത്തി.
"സാർ,"
അവൾ പുഞ്ചിരിയോടെ എന്നാൽ സംശയത്തോടെ രാഹുലിനെ നോക്കി.
"ഞാൻ ഫ്രാങ്ക് ആയി ഒരു ചോദ്യം ചോദിക്കട്ടെ?"
"എന്തും ചോദിച്ചോളൂ,"
"പുരാണങ്ങളിലൊക്കെ വലിയ വലിയ മഹർഷീശ്വരന്മാർ...അവരൊക്കെ ഗൃഹസ്ഥാശ്രമികളായിരുന്നല്ലോ. അതായത് ജമദഗ്നി മഹർഷിയുടെ ഭാര്യയായിരുന്നു രേണുക, വിശ്വാമിത്ര മഹർഷിക്ക് മേനക എന്ന അപ്സ്സരസ്സിൽ ജനിച്ച കുട്ടിയായിരുന്നു ശാകുന്തള എന്നൊക്കെ..."
താൻ പറയുന്നത് അയാൾ ശ്രദ്ധയോടെ കേൾക്കുന്നുണ്ട് എന്ന് അവൾക്ക് മനസ്സിലായി.
"സാറിന്റെ സന്ന്യാസം...അത് പൂർണ്ണമായും ബ്രഹ്മചര്യമാണോ?"
ഒന്ന് സംശയിച്ചാണ് അവൾ ആചോദ്യം ചോദിച്ചത്.
"അതെ,"
അയാൾ പെട്ടെന്ന് ഉത്തരം പറഞ്ഞു.
അവൾ പെട്ടെന്ന് എന്തോ ചോദിയ്ക്കാൻ തുടങ്ങി.
പക്ഷെ പെട്ടെന്ന് നിർത്തി.
അയാളെ നോക്കി വെറുതെ പുഞ്ചിരിക്കുക മാത്രം ചെയ്തു.
"ചോദിക്കൂ,"
അവളുടെ മനസ്സ് വായിച്ചെന്നപോലെ അയാൾ പറഞ്ഞു.
"ഒരു ചോദ്യമായിരുന്നു. പക്ഷെ അതിന്റെ ഉത്തരം അറിയാവുന്നത് കൊണ്ട് ചോദിക്കേണ്ട എന്ന് വെച്ചു,"
അവൾ പറഞ്ഞു.
"എന്നെക്കുറിച്ചുള്ള ചോദ്യമാണോ?"
"അതെ,"
"എന്തായിരുന്നു അത്? ഞാനൊന്ന് കേൾക്കട്ടെ,"
"അത്...തപസ്സിനും ധ്യാനത്തിനും സർ വനങ്ങളിലും മലകളിലും ഒക്കെ പോയിട്ടുണ്ടോ എന്നായിരുന്നു,"
"എന്നിട്ട് എന്താ ഉത്തരം? എങ്ങനെ കിട്ടി അത്?"
"ഉത്തരം യെസ് എന്നാണ്,"
അവൾ ചിരിച്ചു.
"എങ്ങനെ എന്ന് ചോദിച്ചാൽ ആ പുസ്തകത്തിൽ ഉണ്ടല്ലോ എല്ലാം. ഹിമാലയത്തിൽ, മാനസരോവരത്തിൽ, ഋഷികേശിൽ,

ബദരീനാഥ്..കുടജാദ്രി...അവിടെയൊക്കെ...നീണ്ട കൊടും തപസ്സിന്റെ കഥകളൊക്കെ ആ പുസ്തകത്തിലുണ്ട്,"

അയാൾ പുഞ്ചിരി നിലനിർത്തി.

ഇരുണ്ട വനാന്തരത്തിലൂടെ അവരുടെ വാഹനം മുന്നേറി.

കാടിന്റെ ഗന്ധവും താളവും നിഗൂഢതയും അവർക്കെതിരെ കനത്തു.

പെട്ടെന്ന് ആകാശത്തെ മറച്ച വൃക്ഷശിഖരങ്ങൾക്കിടയിലൂടെ, നിബിഡ വനത്തിലൊരിടത്ത് ഒരു വെള്ളച്ചാട്ടം പ്രത്യക്ഷപ്പെട്ടു.

ഉത്തുംഗമായ പാറക്കെട്ടുകൾക്കിടയിൽ അനാദിയായ ഒരു സംഗീതംപോലെ അത് തന്റെ ഇന്ദ്രിയങ്ങളിൽ നിറയുന്നത് രാഹുൽ അറിഞ്ഞു.

"ആ വാട്ടർ ഫാളിന്റെയടുത്ത് നിർത്തട്ടെ, സാർ?"

രാഹുൽ പുഞ്ചിരിയോടെ തലകുലുക്കി.

ഉത്തുംഗമായ പാറക്കെട്ടുകൾക്ക് മുകളിലൂടെ താഴേക്ക് കുതിച്ചൊഴുകി, മലയുടെ ഇരുണ്ട നിഗൂഢ ഗർത്തത്തിലേക്ക് പതഞ്ഞൊഴുകിപ്പതിക്കുന്ന ആ വെള്ളച്ചാട്ടത്തിന്റെ മനോഹര ദൃശ്യം കണ്ടപ്പോൾ അദൃശ്യമായ ഒരോർമ്മ തന്നിലുണരുന്നത് രാഹുൽ അറിഞ്ഞു.

ഇതിനു മുമ്പ് കണ്ടിട്ടുണ്ടോ താൻ ഈ ദൃശ്യം?"

അയാൾ സ്വയം ചോദിച്ചു.ആ ദൃശ്യഭംഗി അയാളെ വിസ്മയിപ്പിച്ചു.

മേഘങ്ങൾ നിറഞ്ഞ ആകാശത്തിന്റെ ഒരു വൃത്തത്തിൽ നിന്ന് ഒരു പാൽക്കടൽ മുകളിൽ നിന്ന് കുതിച്ച് ചാടുകയാണ്.

അത്യഗാധമായ ഒരു ഗർത്തത്തിന്റെ മഞ്ഞു മറയിലേക്ക് അത് വീണടിയുന്നു. അവർ അതിനടുത്തേക്ക് നടന്നു.

കാട്ടുപൂക്കളുടെ വിലോഭനീയമായ ഗന്ധം നിറഞ്ഞ കാറ്റ് കാടിന്റെ ഹരിത നിബിഡതയെ ഇളക്കി.

വെള്ളച്ചാട്ടത്തിന്റെ പാൽ നിറത്തിന് കുറുകെ മഞ്ഞ നിറമുള്ള പക്ഷികൾ ചിറകടിച്ച് പറന്നു.

ആ പാശ്ചാത്തലത്തിന്റെ വശ്യതയിൽ ദിവ്യ അയാളുടെ മുഖത്തേക്ക് കണ്ണുകൾ പറിക്കാതെ നോക്കി.

എന്തൊരു ഗന്ധർവ ഭംഗിയാണ് ഈ ബ്രഹ്മചാരിക്ക്!

എത്ര മോഹനമാണ് ഈ രൂപം!

അവർ ഒരു പാറയുടെ താഴെയാണ് നിന്നിരുന്നത്.

അതിന്റെ അങ്ങേയറ്റം വെള്ളച്ചാട്ടത്തിന്റെ തൊട്ടടുത്തേക്ക് നീണ്ടു കിടന്നു.

ദീർഘമായ ഒരു കൊടുമുടിയുടെ മധ്യഭാഗത്ത് നിശ്ചലം നിൽക്കുന്ന മേഘച്ചീന്ത് പോലെ ആ പാറയുടെ അഗ്രം താഴേക്ക് പതിച്ചുകൊണ്ടിരിക്കുന്ന ജലനിർജ്ജരിയുടെ തൊട്ടടുത്തായി നിന്നു.

രാഹുൽ ആ പാറക്കെട്ടിനു മേൽ കയറി.

"സാർ, പ്ലീസ്!"

ദിവ്യ താഴെനിന്നു അയാൾക്ക് നേരെ കൈ നീട്ടി.

രാഹുൽ അവളുടെ കൈ പിടിച്ച് പാറയുടെ മുകളിൽ കയറുവാൻ സഹായിച്ചു.
അതിവിശാലമായ ആ പാറക്കെട്ടിനു മേൽ അവരിരുവരും നിന്നു.
കാറ്റിളകി അവരുടെ തലമുടിയും വസ്ത്രങ്ങളുമുലച്ചു.
രാഹുലിന്റെ കണ്ണുകൾ വെള്ളച്ചാട്ടത്തിന്റെ ഭംഗിയിലായിരുന്നു.
ദിവ്യയുടെ പ്രണയം നിറഞ്ഞ നോട്ടം അയാൾ കണ്ടില്ല.
"എക്സ്ട്രാ സെൻസറിയായൊന്നും കരുതേണ്ട,"
ആർത്തലച്ച് പതിക്കുന്ന വെള്ളച്ചാട്ടത്തിൽ നിന്ന് ദൃഷ്ടികൾ മാറ്റാതെ അയാൾ പറഞ്ഞു.
"ഇവിടിപ്പോൾ നമ്മളെക്കൂടാതെ രണ്ടു പേരുടെ സാന്നിധ്യമുണ്ട്,"
പാറക്കെട്ടിന് താഴെ മരക്കമ്പുകൾ ഞെരിയുന്ന ശബ്ദം അവർ കേട്ടു.
ദിവ്യ നേരിയ സംഭ്രമത്തോടെ തിരിഞ്ഞു നോക്കി.
പെട്ടെന്ന് ഒന്ന് രണ്ട് മനുഷ്യരൂപങ്ങൾ കാടിന്റെ ഇരുളിമയിലേക്ക് തെന്നിമറയുന്നത് പോലെ അവൾക്ക് തോന്നി.
"സാർ!!"
ഭയത്തോടെ അവൾ അയാളുടെ കൈയിൽ പിടിച്ചു.
രാഹുൽ അതൊന്നും ശ്രദ്ധിച്ചില്ല.
അയാളുടെ ദൃഷ്ടികൾ അപ്പോഴും വെള്ളച്ചാട്ടത്തിൻമേലാണ്.
വലിയ ഒരി കിടക്കപോലെ പരന്നുകിടക്കുന്ന പാറയുടെ വിശാലതയിലൂടെ അയാൾ അതിനു നേരെ നടന്നു.
പിന്നാലെ ദിവ്യയും.
"ദിവ്യേ ,"
അയാൾ പെട്ടെന്ന് തിരിഞ്ഞു നിന്നു.
"ഇപ്പോൾ ജീവിച്ചിരിക്കുന്ന രണ്ടുപെരെക്കുറിച്ചല്ല ഞാൻ പറഞ്ഞത്,"
ദിവ്യ ഗഹനമായ ഒരലോചനയിൽ നിറഞ്ഞു.
"മുമ്പെപ്പോഴോ....പണ്ടെങ്ങോ..ഒരാണും പെണ്ണും,"
പെട്ടെന്ന് ഒരു തിരിച്ചറിവിന്റെ പ്രകാശത്തിൽ ദിവ്യ അയാളെ നോക്കി.
"സാർ പറഞ്ഞത്....ആ ആണും പെണ്ണും...അവർ ശാന്തിദേവും ഋതുപർണ്ണയുമാണ്..."
വെള്ളച്ചാട്ടത്തിന്റെ തൊട്ടടുത്താണ് അവർ ഇപ്പോൾ നിൽക്കുന്നത്.
ആ പാറയുടെ അറ്റത്ത് നിന്ന് കൈ നീട്ടിയാൽ മുകളിൽ നിന്ന് കുതിച്ചുചാടി അത്യഗാധതയിലേക്ക് വീണടിയുന്ന അതിന്റെ പാൽനുര വർണ്ണത്തിൽ തൊടാം.
മുകളിലേക്ക് നോക്കിയപ്പോൾ ആകാശത്തിൽ നിന്നും ഭൂമിയിലേക്ക് വരച്ച വെളുത്ത വീതികൂടിയ ഒരു ലംബ രേഖയുടെ മുമ്പിലാണ് തങ്ങൾ നിൽക്കുന്നതെന്ന് രാഹുലിന് തോന്നി.
അയാൾ ദിവ്യയെ നോക്കി.
അവളും ആ ദൃശ്യഭംഗിയുടെ നിറവ് നുകരുകയാണെന്ന് അയാൾ കണ്ടു.

"ഋതുപർണ്ണയും ശാന്തിദേവും ഇവിടെ കണ്ടുമുട്ടുമായിരുന്നു. ഇവിടെ വെച്ചാണ് കാലിൽ വിഷമുള്ളു തറച്ച ശാന്തിദേവിനെ അവൾ സുഖപ്പെടുതിയത്,"
രാഹുലിനെ ഉറ്റുനോക്കി അവൾ പറഞ്ഞു.
"ഋതുവും ദിവ്യയെപ്പോലെ ഒരു ഡോക്റ്റർ ആയിരുന്നോ?"
ദിവ്യയുടെ മുഖം ലജ്ജാഭരിതമായി.
ആ ചേതോഹരദൃശ്യത്തിൽ ഒരു നിമിഷം രാഹുലിന്റെ കണ്ണുകൾ പതിഞ്ഞു.
"ഓ..സാർ!!!"
അവൾ ചിരിച്ചു.
സാർ ഉദ്ദേശിക്കുന്നത് പോലെ ഒരു ഡോക്റ്ററൊന്നുമല്ല, ഞാൻ,"
"ഞാൻ വായിച്ചിട്ടുണ്ട്,"
"പത്രക്കാര് ഓരോന്ന് എക്സാജറേറ്റ് ചെയ്ത് എഴുതുന്നതാണ്,"
അവൾ പറഞ്ഞു.
"പാലസിലെ ലൈബ്രറിൽ ചികിത്സാവിധികളടങ്ങിയ കുറെ താളിയോലകലുണ്ട്. ഋതുപർണ്ണ എഴുതിയതാണത്. ആ തമ്പുരാട്ടിക്ക് ചികിത്സകളെക്കുറിച്ചൊക്കെ ദിവ്യജ്ഞാനങ്ങളുണ്ടായിരുന്നൂന്നാ ഐതിഹ്യം. വിഷചികിത്സ, പശു പക്ഷി ചികിത്സ അങ്ങനെ....ഞാൻ മുമ്പ് പറഞ്ഞ ട്രൈബൽ കമ്മ്യൂണിറ്റിയുടെ ഇടയിൽ ചില പാട്ടുകളുണ്ട്, അതേപ്പറ്റി.."
രാഹുൽ താൽപ്പര്യത്തോടെ ശ്രദ്ധിച്ചു.
"ഞാൻ ആ താളിയോലകളൊക്കെ പഠിച്ചു. ഒരു ഇന്ററസ്റ്റ് തോന്നി. രോഹിത് അങ്കിൾ ഒത്തിരി പ്രോത്സാഹനം തന്നു. അങ്ങനെയാണ് അത്. അല്ലാതെ ഞാൻ സിസ്റ്റമാറ്റിക് ആയി ട്രെയിൻഡ് അല്ല,"
ഋതുപർണ്ണയെക്കുറിച്ചും ശാന്തിദേവിനെക്കുറിച്ചും വിസ്മയഭരിതമായ പുതിയ പുതിയ കഥകൾ ദിവ്യ തുടർന്നു.
പാരപ്പരപ്പിന്റെ വിശാലതയിലൂടെ നടന്നുകൊണ്ട് രാഹുൽ അതൊക്കെ കേട്ടു.
"ഓഹ്...!!"
കഥ കേട്ടുകൊണ്ട് അശ്രദ്ധമായി നടക്കുന്നതിനിടയിൽ രാഹുൽ പിമ്പോട്ട് തെന്നി.
"സാർ...!!"
നിലവിളിച്ചുകൊണ്ട് ദിവ്യ അയാളുടെ കൈയിൽ പിടിച്ചു.
"എന്ത് പറ്റി?'
രാഹുൽ മുണ്ട് അൽപ്പം ഉയർത്തി കാൽപ്പാദം കാണിച്ചു.
വലത് കാലിന്റെ പെരുവിരലിന്റെ അടിയിൽ നീളത്തിലുള്ള ഒരു മുള്ള് പകുതിയോളം തറഞ്ഞുകയറിയിരിക്കുന്നു!
"ഈശ്വരാ.."
ആ മുള്ളിലേക്ക് സൂക്ഷിച്ച് നോക്കിയാ ദിവ്യയുടെ മുഖത്ത് പരിഭ്രമം നിഴലിടുന്നത് അയാൾ കണ്ടു.
"സാർ ഇവിടെയിരിക്കൂ,"
രാഹുൽ പാറപ്പുറത്ത് ഇരുന്നു.

ദിവ്യ പതിയെ മുള്ള് വലിച്ചെടുക്കാൻ ശ്രമിച്ചു.
പതിയെ പതിയെ അവൾ അത് പൂർണ്ണമായും വലിച്ചെടുത്തു.
"വിഷക്കാര എന്ന അപൂർവ്വ ഇനം മരത്തിന്റെ മുള്ളാണിത്,"
അവൾ ഉദ്വേഗത്തോടെ പറഞ്ഞു.
"ഈ മുള്ള് ..ഇപ്പോൾ ഇവിടെ വരാൻ...."
അവൾ ചുറ്റും നോക്കി.
"അടുത്തൊന്നും അതിന്റെ മരവും നില്പ്പില്ല...മാത്രമല്ല ..അ.വളരെ അപൂർവ്വമാണ് ആ മരം ഇപ്പോൾ..."
അവൾ വീണ്ടും അയാളുടെ പാദത്തിലേക്ക് നോക്കി.
"കഠിന വിഷമാണ്, ഇതിന്,"
അവൾ കുനിഞ്ഞ് അയാളുടെ പാദത്തിലേക്ക് മുഖമടുപ്പിച്ചു.
മുള്ള് തറച്ച വിരലിൽ അവൾ ചുണ്ടുകൾ ചേർത്തു.
"ദിവ്യേ...അത്..."
രാഹുൽ അവളെ വിലക്കാൻ നോക്കി.
പക്ഷെ ആ ചുവന്ന പീനപയോധരങ്ങൾ അയാളുടെ വിരലിലമർന്നു.
അവളുടെ ചുണ്ടുകളുടെ മൃദുത്വം അയാളുടെ വേദനക്ക് മേൽ പടർന്നു.
പിന്നെ ഉമിനീരിന്റെ തണുത്ത സ്പർശവും.
രണ്ടു കൈകൾ കൊണ്ടും മുറിഞ്ഞ ഭാഗത്തിന് ചുറ്റും അമർത്തി ഞെക്കിപ്പിടിച്ച് മുറിവിൽ നിന്ന് രക്തവും വിഷവും അവൾ വലിച്ചെടുത്തു.
പിന്നെ അവൾ അത് തുപ്പിക്കളഞ്ഞു.
അതിനിടയിൽ അവൾ അയാളുടെ കണ്ണുകളിലേക്ക് നോക്കി.
"സാർ, ഈ ഭാഗത്ത് നന്നായി അമർത്തിപ്പിടിക്ക്...ഞാൻ ഇപ്പോൾ വരാം,"
അവൾ പാറക്കെട്ടിൽ നിന്ന് താഴേക്ക് ഇറങ്ങി.
മുറിവേറ്റഭാഗം നന്നായി വേദനിക്കുന്നുണ്ടായിരുന്നു.
ദിവ്യ പറഞ്ഞത് പോലെ അയാൾ മുറിവിനു ചുറ്റും വിരലുകളമർത്തിപ്പിടിച്ചിരുന്നു.
അൽപ്പ സമയത്തിനുള്ളിൽ ദിവ്യ മുകളിലേക്ക് കയറിവന്നു.
അവളുടെ കൈകളിൽ ചില ഇലകളും കാട്ടുപൂവുകളുമുണ്ടായിരുന്നു.
അയാളുടെ മുമ്പിലിരുന്ന് അവൾ ഇലകളും പൂവുകളും കൈവെള്ളയിലമർത്തി ഞെരടിത്തിരുമ്മി.
അൽപ്പ സമയത്തിന് ശേഷം അവ ദ്രവ രൂപത്തിലായി.
രാഹുലിന്റെ മുറിവിൽ അവൾ അത് അമർത്തിവെച്ചു.
പിന്നെ മാറിൽ നിന്ന് ചുരിദാറിന്റെ ഷാൾ എടുത്തു.
അനുപമമായ നിറ മാറിന്റെ മുഴുപ്പും തെറിപ്പും ദൃശ്യമായി.
ചേതോഹരമായ മാറിന്റെ ഭംഗിയെ കാറ്റ് തഴുകി.
അവൾ ഷാളിന്റെ കോണിൽ നിന്ന് അൽപ്പം വലിച്ചുകീറിയെടുത്തു.
"ഓ..! അത് നശിപ്പിച്ചു...!"

രാഹുൽ പെട്ടെന്ന് പറഞ്ഞു.
"അത് സാരമില്ല,"
അവൾ ചിരിച്ചു.
അവൾ അയാളുടെ കാലിലെ മുറിവ് കെട്ടി.
"ഞാൻ മുമ്പേ പറഞ്ഞ ട്രൈബൽ കമ്മ്യൂണിറ്റിയിലെ ആളുകൾ പണ്ട് തമ്പുരാക്കന്മാരുടെ സോൾജിയേഴ്സാരുന്നു. അവര് അമ്പുകളിൽ തേച്ചിരുന്ന വിഷം ഈ മരത്തിന്റെ കറയാരുന്നു,"
അവൾ അയാളുടെ മുഖത്തേക്ക് നോക്കി.
"ഇനി സാരമില്ല,"
മുറിവ് കേട്ടിക്കഴിഞ്ഞ് അവൾ പറഞ്ഞു.
"അൽപ്പസമയത്തേക്ക് ഒരു നേരിയ വേദന കാണും. പിന്നെ ഓക്കേയായിക്കോളും,"
"താങ്ക്യൂ പ്രിൻസെസ്,"
അയാൾ പുഞ്ചിരിച്ചു.
"ഫോർ യുവർ ഹീലിംഗ് ടച്ച്..."
മുമ്പൊരിക്കൽ തന്നെക്കുറിച്ച് പ്രസിദ്ധീകരിച്ച ഒരിംഗ്ലീഷ് ലേഖനത്തിന്റെ തലക്കെട്ട് അയാൾ കൃത്യമായി ഓർത്തിരുന്നതിൽ അവൾ വിസ്മയിച്ചു.
"ഇന്നാ ട്രൈബൽ കമ്മ്യൂണിറ്റിയുടെ ഉത്സവ ദിവസമാണ്,"
പാറക്കെട്ടിൽ നിന്നും തിരികെയിറങ്ങി കാറിനടുത്തേക്ക് നടക്കുന്നതിനിടയിൽ അവൾ പറഞ്ഞു.
"അവരുടെ ഒരു ദേവതയെ പ്രീതിപ്പെടുത്താനുള്ള പ്രത്യേക പൂജകളും കർമ്മങ്ങളും ഇന്നുണ്ട്. ആ ദേവത ആരാന്നറിയാമോ സാറിന്?"
അയാൾ അവളെ നോക്കി.
"അതും ആ തമ്പുരാട്ടിക്കുട്ടി തന്നെ, ഋതു..."
അവൾ തുടർന്നു.
"ഋതുവിന്റെ അപ മൃത്യുവിനു ശേഷം അവൾ പലർക്കും പ്രതക്ഷയായത്രേ. പ്രത്യേകിച്ചും പെൺകുട്ടികൾക്ക്. പാതിവ്രത്യത്തിന്റെ ദേവതയായി അവർ ഋതുവിനെ മാറ്റി. അവരുടെ മറ്റു പല ആരാധനമൂർത്തിയോടുമോപ്പം അവർ ഋതുപർണ്ണയേയും ഉപാസിക്കുവാൻ തുടങ്ങി...."
അവർ കാറിനടുത്ത് എത്തിച്ചേർന്നു.
"ഇന്ന് രാത്രി പാട്ടും നൃത്തവും ആഘോഷവും മാത്രമാണവർക്ക്,"
ഡ്രൈവിംഗ് സീറ്റിലിരിക്കവേ ദിവ്യ പറഞ്ഞു.
"ചെറുപ്പത്തിൽ കണ്ടിട്ടുണ്ട്, ഞാനത്...ഡാഡീടേം മമ്മീടേം കൂടെ. അവരുടെ രാജാവിന്റെ ഗസ്റ്റ് ആരുന്നു, ഞങ്ങൾ. യഥാർത്ഥത്തിൽ ഭാര്യാഭർത്താക്കൻമാർക്ക് മാത്രമേ നൃത്തക്കളത്തിൽ പ്രവേശനമുള്ളൂ. ഞാൻ രാജകുമാരിയായത് കൊണ്ടും പിന്നെ ഞാൻ...."
അവൾ പെട്ടെന്ന് അബദ്ധം പറ്റിയത് പോലെ നിർത്തി.

"പിന്നെ ഞാൻ ഒരു കൊച്ചുകുട്ടിയായതു കൊണ്ടും എന്നെയും നൃത്തവും പാട്ടും കാണാൻ അനുവദിച്ചു,"
ഋതുമതിയാകാത്ത പെൺകുട്ടികളെ അവരുടെ നൃത്തം കാണുവാൻ അനുവദിക്കാറുണ്ടായിരുന്നു.
കാർ കയറ്റം കയറാൻ തുടങ്ങി.
"രണ്ട് ഇരിപ്പിടങ്ങൾ ആ നൃത്തക്കളത്തിൽ ഒഴിച്ചിടും,"
ഒരു വളവ് തിരിച്ചുകൊണ്ട് ദിവ്യ പറഞ്ഞു.
"വീണ്ടും പുനർജ്ജനിച്ചെത്തുന്ന ഋതുപർണ്ണയേയും ശാന്തിദേവിനയും സ്വീകരിച്ചിരുത്താനാണെന്നാണ് അവരുടെ വിശ്വാസം. എന്നെങ്കിലുമൊരിക്കൽ അവർ പുനര്ജ്ജനിയിലൂടെ തങ്ങളുടെ ഉത്സവരാത്രിയിലേക്ക് കടന്ന് വന്ന് ആ ഇരിപ്പിടത്തിലിരിക്കുമെന്ന് അവർ വിശ്വസിക്കുന്നു. ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട് ആ ഡാൻസ് നൈറ്റ്...ഇറ്റ് വാസേ സ്പ്ലെൻഡിഡ്, സ്പെക്റ്റാക്കുലർ എക്സ്പീരിയൻസ്..."
ദിവ്യയിലൂടെ ശാന്തിപുരത്തിന്റെ പുരാവൃത്തം വർണ്ണിക്കപ്പെടുന്നതിനിടയിൽ കാർ മലകയറിക്കൊണ്ടിരുന്നു.
രാഹുൽ ഇമകളനക്കാതെ കാടിന്റെ ഗഹനസൌന്ദര്യം കണ്ടുകൊണ്ടിരുന്നു.
മരതക കാന്തിയുടെ വിലോഭനീയമായ രൂപഭേദങ്ങൾ.
പാൽനുരവർണ്ണത്തിൽ പ്രച്ചണ്ഡതാണ്ഡവത്തോടെ കുതിച്ചൊഴുകുന്ന കാട്ടാറുകൾ...
അപകടങ്ങൾ പതിയിരിക്കുന്ന വഴിയിലൂടെയുള്ള യാത്ര..!!
രാഹുൽ വാച്ച് നോക്കി.
സമയം രണ്ടു മണിയാകുവാൻ പോകുന്നു.
"മടുത്തോ, സാർ?"
"നെവർ!!"
അയാൾ ചിരിച്ചു.
കാടിന്റെ സൌന്ദര്യം ഏറ്റവും വശ്യമായി പ്രതക്ഷ്യപ്പെടാൻ തുടങ്ങി.
അതി ദീർഘരൂപികളായ മരങ്ങൾ.
അവയുടെ എണ്ണമറ്റ ശിഖരങ്ങൾ.
പലയിടങ്ങളിലും അവർ മലമ്പാമ്പുകളെ കണ്ടു.
കാടിനുള്ളിലേക്ക് കുതിച്ചു പായുന്ന പലയിനം മൃഗങ്ങളെയും.
അപൂർവ്വമായ പക്ഷികളുടെ മനോഹര ശബ്ദങ്ങൾ.
ചിലപ്പോൾ ശക്തിയായ കാറ്റ് വന്ന് മരങ്ങളെ ഇളക്കി.
കാറ്റിന്റെ ഗന്ധം നിറയെ പൂക്കളുടെ സാന്നിധ്യം കടന്നു വന്നു.
"മലമുകളിലെത്തുവാൻ ഇനി ഏതാനും മിനിറ്റുകൾ കൂടിയേ ബാക്കിയുള്ളൂ,"
ദിവ്യ പറഞ്ഞു.
അവൾ വളരെ ജാഗ്രതയോടെ ഡ്രൈവ് ചെയ്തു.
നേരിയ അശ്രദ്ധ മതി, കാർ ചിലപ്പോൾ കിലോമീറ്ററുകൾ താഴെ, കൊക്കയിലേക്ക് മറിഞ്ഞുവീഴാൻ.

"ഞാൻ തനിച്ച് ഇതുവരെ ഇതുവഴി വന്നിട്ടില്ല,"
ദിവ്യ പറഞ്ഞു.
"ലത്തീഫ് ദാദേടേം കൂട്ടുകാരുടേം കൂടെ മാത്രേ വന്നിട്ടുള്ളൂ. ഈ ഭാഗത്ത് ഒരു ഭയങ്കരൻ കിങ്ങ് കോബ്രായുണ്ട്. ആ ലെജണ്ടിലേ നിധി കാക്കുന്ന രാജവെമ്പാല. പിന്നെ ഇവിടെ നിറയെ ഭൂത പ്രേതാദികളുണ്ടെന്നാ വിശ്വാസം..."
ഡ്രാക്കുളകോട്ടയുടെ അകത്ത് പച്ചനിറമുള്ള ഒരിടനാഴിയിലൂടെയാണ് തങ്ങൾ സഞ്ചരിക്കുന്നതെന്ന് രാഹുലിന് തോന്നി.
"ഇവിടെ പണ്ട് ഒരു ശ്മശാന ഭൂമിയായിരുന്നു,"
പരേതാത്മാക്കളുടെ സ്വരത്തിൽ കാറ്റുമായി ക്രീഡയിലേർപ്പെട്ടിരിക്കുന്ന മരങ്ങളെ നോക്കി ദിവ്യ പറഞ്ഞു.
"പിന്നെ ഈ ഭാഗത്താണ് ആളുകളുടെ ഐ മീൻ ട്രഷർ ഹണ്ടേഴ്സിന്റെ ഡെഡ് ബോഡികൾ കണ്ടെത്തിയിട്ടുള്ളത്. ..ആളുകൾ പ്രേതങ്ങളെ കണ്ടു എന്ന് തെളിയിക്കുന്ന ഒരുപാട് അനുഭവങ്ങളുണ്ട്..."
രാഹുൽ കൌതുകത്തോടെ അവളുടെ വിവരണം കേട്ടിരുന്നു.
കാർ ഉയരങ്ങളിലേക്ക് കയറിപ്പോവുകയാണ്.
"കോബ്രാഹിൽസിലെ ഏറ്റവും ഡെയിഞ്ചറസ് ഏരിയ ആണിത്..."
അവൾ തുടർന്നു.
"ശരിക്ക് പറഞ്ഞാൽ ഇതൊരു പ്രോഹിബിറ്റഡ് ഏരിയ ആണ്. കിങ്ങ് കോബ്രയെ കണ്ടു മുട്ടാൻ ഏറ്റവും സാധ്യതയുള്ള സ്ഥലം. ഈ പരിസരത്ത് എവിടെയൊ ആണ് നിധി ഒളിപ്പിച്ചിരിക്കുന്ന ഗുഹയിലേക്കുള്ള പ്രവേശന കവാടം. ഞങ്ങളുടെ കൂട്ടത്തിൽ ഒരു മനോജ് മാത്രമേ രാത്രിയിൽ തനിച്ചിവിടെ വന്നിട്ടുള്ളൂ. അവൻ കണ്ടിട്ടുണ്ട് നിധി അന്വേഷിച്ചെത്തിയ രണ്ടു പേരെ,"
രാഹുൽ അവളെ നോക്കി.
കൊടുമുടിയുടെ മുകളിൽ കാർ എത്തിച്ചേർന്നു.
ദിവ്യ കാർ നിർത്തി.
ഇനി ഉയരങ്ങളില്ല.
താഴ്ച്ചകൾ മാത്രം.
ലോകത്തിന്റെ ഏറ്റവും ഉയരത്തിലാണ് താൻ നിൽക്കുന്നതെന്ന് രാഹുലിന് തോന്നി.
മരങ്ങൾ അധികമില്ല.
പച്ചപ്പുല്ല് നിറഞ്ഞ ഒരു മൈതാനമാണ് മലമുകൾ.
അത്യാകർഷകമായ പൂക്കൾ കാറ്റിലിളകുന്നു.
കാഴ്ച്ചയുടെ അതിരുകളിൽ ഉയരം കുറഞ്ഞ മരങ്ങളുടെ പശ്ചാത്തലത്തിൽ ഭീമാകാരങ്ങളായ പാറക്കെട്ടുകൾ.
താഴെ നേർത്തമൂടൽ മഞ്ഞിൽ ശാന്തിപുരത്തിന്റെ വിദൂരദൃശ്യങ്ങൾ.
"കൈയുയർത്തിയാൽ ആകാശം തൊടാം,"
രാഹുൽ പറഞ്ഞു.
ദിവ്യ മറ്റെവിടെയോ ശ്രദ്ധിക്കുകയാണ് എന്ന് രാഹുൽ കണ്ടു.

ദൂരെ ഒരു പാറയുടെ സമീപത്ത് ഒരു ദേവദാരു മരം നിൽക്കുന്നുണ്ട്.
ദിവ്യയുടെ ശ്രദ്ധ അവിടെയാണ്.
അങ്ങോട്ടു നോക്കിക്കഴിഞ്ഞാണ് രാഹുൽ അറിയുന്നത്, ദിവ്യ കണ്ണുകൾ തുടയ്ക്കുന്നു.
"എന്ത് പറ്റി?'
അവൾക്ക് ഒന്നും പറയുവാൻ കഴിഞ്ഞില്ല.
രാഹുൽ വേണ്ടും അങ്ങോട്ട് നോക്കി.
"ദിവ്യേ,"
അയാൾ വിളിച്ചു.
"അവിടെയാണ് ദിവ്യയുടെ രോഹിത് അങ്കിൾ....?"
അവൾ കണ്ണുകൾക്ക് മുകളിൽനിന്ന് കൈകൾ മാറ്റാതെ തല കുലുക്കി.
"വരൂ,"
അയാൾ പറഞ്ഞു.
ദിവ്യ അയാളെ അനുഗമിച്ചു.
അവർ ദേവദാരുവിന്റെ സമീപത്തേക്ക് നടന്നു.
കാറ്റിൽ അതിന്റെ ശിഖരങ്ങൾ ഇളകി.
അവർ ആ പാറയുടെ അടുത്തെത്തി.
"ഇവിടെയാണ് അങ്കിൾ കിടന്നത്,"
ദേവദാരുവിന്റെ ചുവട്ടിലേക്ക് നോക്കി ചൂണ്ടി ദിവ്യ പറഞ്ഞു.
രാഹുൽ ആ പരിസരങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചു.
അൽപ്പ സമയം കഴിഞ്ഞ് അയാൾ ദിവ്യയെ നോക്കി.
അവളുടെ മുഖത്തിപ്പോൾ വിഷാദഭാവമില്ല.
പരിസരങ്ങളെ സൂക്ഷ്മനിരീക്ഷണം നടത്തുന്ന തന്നെ കൌതുകത്തോടെ വീക്ഷിക്കുകയാണവൾ.
"തിരികെപ്പോകുമ്പോൾ മറ്റൊരു വഴിയെ പോകാം,"
പുൽപ്പരപ്പിൽ അഭിമുഖമായിരുന്ന് അയാളോടൊപ്പം ഭക്ഷണം കഴിക്കവേ അവൾ പറഞ്ഞു.
"നമ്മൾ വന്ന വഴിയില്ലേ? അതിനേക്കാൾ കൂടുതൽ ഭംഗിയുണ്ട്, ആ വഴിക്ക്,"
സംസാരത്തിന്റെ അകമ്പടിയോടെ അവർ ഭക്ഷണം കഴിച്ചു.
"ക്ഷീണം തോന്നുന്നുണ്ടാവും,"
ഭക്ഷണത്തിന് ശേഷം, അൽപ്പം കഴിഞ്ഞ് അവൾ ചോദിച്ചു.
"ബ്ലാങ്കറ്റിന് നല്ല കട്ടിയുണ്ട്. ഞാൻ വിരിച്ചു തരാം. കിടക്കണോ സാറിന്?"
അത് ചോദിച്ചപ്പോൾ തന്റെ ഹൃദയം മിടിക്കുന്നതും ദേഹത്ത് ചൂട് നിറയുന്നതും ദിവ്യ അറിഞ്ഞു.
"ക്ഷീണമോ? നല്ല കഥ! ഇവടെ ഇങ്ങനെ ഇരിക്കാനാണ് തോന്നുന്നത്,"
പരിസരങ്ങളിൽ നിന്ന് കണ്ണുകൾ മാറ്റാതെ അയാൾ പറഞ്ഞു.
എനിയ്ക്കും.

അവൾ മന്ത്രിച്ചു.
ഇങ്ങനെതന്നെയിരിക്കാൻ.
ഈ രൂപം കണ്ട്.
ഒഴുകിപ്പരക്കുന്ന മേഘങ്ങൾക്കഭിമുഖമായി ദേശാടനപ്പക്ഷികൾ പറക്കുന്നത് കണ്ടപ്പോൾ ദിവ്യ രാഹുലിന്റെ സാന്നിധ്യം വിസ്മരിച്ച് ഒരു പാട്ടിന്റെ ഈണം മൂളി.
താളത്തിൽ...
തലയനക്കി.
രണ്ടു മൂന്ന് മിനിട്ടുകൾ കഴിഞ്ഞാണ് രാഹുൽ തന്നെ ശ്രദ്ധിക്കുന്നുണ്ടെന്നു അവൾ അറിഞ്ഞത്.
അവൾ ജാള്യതയോടെ നിർത്തി.
"നല്ല പാട്ടാണ്..."
അയാൾ പറഞ്ഞു.
"...ഞാനങ്ങനെ..വെറുതെ..."
"സാരമില്ല,"
അയാൾ പ്രോത്സാഹിപ്പിക്കുന്ന സ്വരത്തിൽ പറഞ്ഞു.
"ആ മൂളിക്കൊണ്ടിരുന്ന പാട്ട് ഒന്ന് ശരിക്ക് പാടൂ. മടുപ്പോ ക്ഷീണമോ ഇല്ലെങ്കിൽ,"
അവളുടെ കണ്ണുകൾ നിറഞ്ഞ പ്രകാശത്തോടെ വിടർന്നു.
"നോ..സാർ. മടുത്തിട്ടൊന്നുമില്ല. ആ പാട്ട് പക്ഷെ ഒരു റൊമാന്റ്റിക്..."
ബാക്കി പറയാതെ അവൾ അയാളെ നാണത്തോടെ നോക്കി.
"നോ പ്രോബ്ലം..."
അവൾ ഒരു നിമിഷം ലജ്ജയോടെ മുഖം കുനിച്ചു.
പിന്നെ എഴുന്നേറ്റു.
പിന്നെ ചേതോഹരമായ സ്വരത്തിൽ ലാസ്യ ലാവണ്യ ലഹരി നിറഞ്ഞ ഒരു പ്രണയ ഗാനം അവൾ പാടാൻ തുടങ്ങി.
ഒരു ഇടയയുവാവിനോട് തന്റെ കൊട്ടാരത്തിലെ മട്ടുപ്പാവിലിരുന്ന് ഒരു രാജകുമാരി തന്റെ തന്റെ ഹൃദയ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന രീതിയിലായിരുന്നു അത്.
നിലാവിന്റെ സ്വർണ്ണയവനികയുടെ മറവിൽ നദീ തീരത്ത് ഇടയയുവാവിനോട് സംഗമിക്കുവാൻ ആഗ്രഹിക്കുന്ന രാജകുമാരിയുടെ സ്വപ്നത്തെക്കുറിച്ച് പാടിയപ്പോൾ എത്ര ശ്രമിച്ചിട്ടും അവൾക്ക് രാഹുലിന്റെ കണ്ണുകളിലേക്ക് നോക്കാതിരിക്കാനായില്ല.
പ്രണയം പൂത്ത് തളിർത്ത മിഴികളോടെ അവൾ അയാളെ നോക്കി.
ദേഹം പ്രണയ പാരവശ്യത്താൽ തളരുന്നതും സുഖദീപ്തിയുടെ നനവിൽ താൻ നിറയുന്നതും അവൾ അറിഞ്ഞു.
കണ്ണുകളിൽ ചുട്ടുപഴുത്ത പ്രണയത്തോടെ ദിവ്യ വീണ്ടും അയാളെ നോക്കി.

ആ പാട്ടിൽ നിറഞ്ഞു നിൽക്കുന്ന പ്രണയതീക്ഷണതയും അയാളുടെ പ്രലോഭിപ്പിക്കുന്ന രൂപഭംഗിയും തന്റെ ഹൃദയ വികാരങ്ങളും മിശ്രിതമായപ്പോൾ ശരീരം ചൂടിൽ നിറയുകയാണ്.
രഹസ്യയിടങ്ങൾ ചുട്ടുപഴുക്കുന്നു.
സമുദ്രം ദ്വീപിനെയെന്നപോലെ അവളുടെ പ്രണയ നയനങ്ങൾ അയാളെ പൊതിഞ്ഞു.
അയാൾ പക്ഷെ വിസ്മയ നേത്രനായി ആ പാട്ടിന്റെ ആത്മാവിൽ നിറഞ്ഞു നിൽക്കുകയാണ്.
നാലുമണി വരെ അവൾ മലമുകളിൽ ചിലവഴിച്ചു.
പിന്നെ മടക്കയാത്രയാരംഭിച്ചു.
മലമുകളിൽ നിന്ന് അൽപ്പം താഴെയെത്തിയപ്പോൾ പാറക്കൂട്ടങ്ങൾ നിറഞ്ഞ ഒരിടമെത്തി.
ആകാശം മുട്ടിനിൽക്കുന്ന പാറകളാണ് എങ്ങും.
കണ്ണെത്താത്ത ദൂരത്തോളം ഭീമാകാരങ്ങളായ ശിലകളുടെ സമുദ്രം.
കറുത്തുയർന്ന ഉഗ്രരൂപികളായ ഉറഗങ്ങളെപ്പോലെ അവ ആകാശം നോക്കി നിന്നു.
"ഐതിഹ്യം ഇങ്ങനെയാണ്..."
പാറകൾക്ക് സമാന്തരമായി കറോടിക്കവേ ദിവ്യ പറഞ്ഞു.
"ഋതുപർണ്ണയും ശാന്തിദേവും കാട്ടുതീയിൽ നിന്ന് രക്ഷപെട്ട് അഭയം പ്രാപിച്ചത് ഈ പാറകൾക്കിടയിലുള്ള ഗുഹയിലാണ്,"
അവൾ ആ കഥ പറഞ്ഞു.
ഋതുപർണ്ണയും ശാന്തിദേവും പ്രണയോന്മത്തരായി കാട്ടുചോലകളിൽ നീരാടിയും കാട്ടുപഴങ്ങൾ തിന്നും കാട്ടുതേൻ കുടിച്ചും നടക്കുകയായിരുന്നു.
പെട്ടെന്ന് കാറ്റിരമ്പിയപ്പോൾ കത്തിക്കരിഞ്ഞ ഇലകൾ പാറി വന്നു.
മരങ്ങൾ കത്തുന്നതിന്റെയും മൃഗങ്ങൾ വെന്ത് ദഹിച്ചതിന്റെയും മണവും.
ആകാംക്ഷാഭരിതരായി മുമ്പോട്ട് നോക്കിയപ്പോൾ അവർ കണ്ടത്, ദൂരെ നിന്ന് പുല്ലുകളും ഇലകളും തിന്ന് തങ്ങളുടെ നേരെ മുന്നേറുന്ന തീ നാവുകളെയാണ്.
അത് അവരുടെ തൊട്ടടുത്തെത്തി.
ഭയത്തോടെ തിരിഞ്ഞോടാൻ തുടങ്ങിയ അവർ കണ്ടത് എതിർദിശയിൽ നിന്നും പാഞ്ഞടുക്കുന്ന തീയാണ്.
നാലുവശത്തും തീയ്!
അക്രമോത്സുകതയോടെ, അവരെ ദഹിപ്പിക്കുവാൻ അവ പാഞ്ഞടുത്തുകൊണ്ടിരുന്നു.
ഋതുപർണ്ണയെ കോരിയെടുത്ത്കൊണ്ട് ശാന്തിദേവ് അഗ്നിദേവനെ സ്തുതിച്ചുകൊണ്ട് ഓടി.
തീയ് അവരെ പിന്തുടർന്നു.
അന്ന് ഈ പാരകളെ മറച്ചുകൊണ്ട് നിറയെ മരങ്ങൾ നിന്നിരുന്നു.
ഗുഹകൾക്കകത്ത് പുല്ലുകളും ചെറുസസ്യങ്ങളും വളർന്നിരുന്നു.

ഋതുപർണ്ണയേയും കൊണ്ട് ഒരു വിധത്തിൽ അയാൾ പാറകൾക്കിടയിലുള്ള ഒരു ഗുഹയിലെത്തി.
തീയ് ഗുഹാകവാടത്തിലേക്ക് കുതിക്കാൻ തുടങ്ങുമ്പോഴാണ് അദ്ഭുതപ്പെടുത്തുന്ന ആ സംഭവമുണ്ടാകുന്നത്.
പെട്ടെന്ന് ആകാശത്ത് നിന്ന് മാരിചൊരിയാൻ തുടങ്ങുന്നു!
വസന്തത്തിന്റെ ആരംഭമായിരുന്നിട്ടുകൂടി.
അകത്തേക്ക് കുതിക്കാൻ തുടങ്ങിയ അഗ്നി അണച്ചുകൊണ്ട് അതിവർഷം തുടങ്ങി.
ശക്തിയായ മഴ മണിക്കൂറുകളോളം നിന്നു പെയ്തു.
ആകാശത്ത് കാർമേഘങ്ങൾ ഒഴിയാതെ നിന്നു.
ഈശ്വരന് നന്ദി പറഞ്ഞ് പ്രണയപരവശരായി അവർ പുണർന്ന് കിടന്നു.
ഏറ്റവും ഉയരം കൂടിയ പാറയുടെ മുമ്പിൽ കാർ എത്തിച്ചേർന്നു.
ആകാശത്തെ പൂർണ്ണമായും മറച്ചുകൊണ്ട് അൽപ്പ ദൂരെ അത് നിൽക്കുകയാണ്.
ആ പാറയുടെ വിശാലമായ മുഖത്തിന് താഴെ, നടുഭാഗത്ത്, ഒരു തുരങ്കത്തിന്റെ വായ് പോലെ വലിയ ഒരു ഗുഹ കാണപ്പെട്ടു.
"അതാണ് ആ ഗുഹ, സാർ,"
ദിവ്യ പറഞ്ഞു.
"നമുക്ക് അതിലൊന്ന് കയറാം,"
രാഹുൽ ഗ്ലാസ്സിലൂടെ ഗുഹാമുഖത്തേക്ക് നോക്കിക്കൊണ്ട് പറഞ്ഞു.
"ഓക്കെ, സാർ,"
ആ നിർദ്ദേശം ആഗ്രഹിച്ചിട്ട് കാത്തിരുന്നത് പോലെ, ഉത്സാഹത്തോടെ ദിവ്യ പറഞ്ഞു.
അവൾ കാർ നിർത്തി.
ഭീമാകാരങ്ങളായ കോട്ടകളെപ്പോലെ ഉയർന്നുനിന്ന ആ പാറക്കെട്ടുകളുടെ മുമ്പിൽ കല്ലുകളും ചരലുകളും നിറഞ്ഞ ഭൂവിഭാഗമായിരുന്നു.
"അന്നത്തെ ആ കാട്ടുതീയ്ക്ക് ശേഷം ഈ പരിസരത്ത് യാതൊന്നും കിളിർത്തിട്ടില്ല എന്നാണ് വിശ്വാസം,"
അയാളുടെ പിന്നാലെ നടന്നുകൊണ്ട് ദിവ്യ പറഞ്ഞു.
ഉരുളൻ കല്ലുകളും ചരലുകളും നിറഞ്ഞിരുന്നെങ്കിലും വളരെ അനായാസമായിരുന്നു അയാൾ നടന്നിരുന്നത്.
അതവളെ അദ്ഭുതപ്പെടുത്തി.
ആ പ്രദേശത്ത് പലപ്രാവശ്യം നടന്നിട്ടുള്ള ആളെപ്പോലെ.
'സൂക്ഷിച്ച്...! പതുക്കെ.."
ഒരു വേള ദിവ്യക്ക് കാൽ തെറ്റിയപ്പോൾ അയാൾ പറഞ്ഞു.
"സാറിനീ സ്ഥലങ്ങളൊക്കെ പരിചയമുള്ളത് പോലെ തോന്നുന്നു,"
"അതേ,"
അയാൾ തിരിഞ്ഞു നിന്നു.

"കേൾക്കുമ്പോൾ വിചിത്രമായി തോന്നാം. പക്ഷെ എനിക്ക് തോന്നുന്നു, ഞാനിവിടെ മുമ്പ് വന്നിട്ടുണ്ടെന്ന്. മാത്രമല്ല..."
വിസ്മയത്താൽ വിറയ്ക്കുന്ന ഹൃദയത്തോടെ ദിവ്യ അയാളുടെ വാക്കുകൾ കേട്ടു.
"മുമ്പ് പലപ്പോഴും സ്വപ്നത്തിൽ ഈ സ്ഥലം കടന്നുവന്നിട്ടുണ്ട്, ശാന്തിപുരം പുഴ, ഈ മലനിരകൾ, ഈ പാറക്കെട്ടുകൾ; ഈ ആകാശം ..ഐ തിങ്ക് ഐം ചേസിംഗ് അ ഡ്രീം..."
സ്വപ്നത്തിൽ ഒരു പെൺകുട്ടി ഉണ്ടായിരുന്നോ എന്നും അവൾക്ക് തന്റെ മുഖമായിരുന്നോ എന്നും ചോദിക്കാൻ അവൾ ആഗ്രഹിച്ചു.
അവർ പാറക്കെട്ടുകളുടെ തൊട്ടുമുമ്പിലെത്തി.
ഇപ്പോൾ ആകാശത്തിനും ഭൂമിക്കുമിടയിൽ കറുത്തിരുണ്ട ഒരു വന്മതിൽ പോലെ തോന്നിച്ചു അത്.
"ഇറ്റ് ഈസ് ടെറിഫിക്!"
രാഹുൽ മന്ത്രിക്കുന്നത് അവൾ കേട്ടു.
പാറക്കെട്ടിനെ തുളച്ചുകൊണ്ട് കാണപ്പെട്ട ഗുഹാമുഖത്തിന് നാലഞ്ചു മീറ്റർ വീതിയും ഉയരവുമുണ്ടായിരുന്നു.
രാഹുലും പിന്നാലെ ദിവ്യയും അതിനുള്ളിലേക്ക് കടന്നു.
"പേടിയാകുന്നുണ്ടോ?"
ഗുഹമാർഗ്ഗത്തിലൂടെ മുമ്പോട്ട് നീങ്ങുമ്പോൾ രാഹുൽ ചോദിച്ചു.
"ഞാൻ സാറിന്റെ കൂടെയല്ലേ?"
അവൾ പറഞ്ഞു.
പാദപതനങ്ങൾ പ്രതിധ്വനിച്ചു.
അവരുടെ സംസാരവും.
അൽപ്പം കഴിഞ്ഞപ്പോൾ ഒരു നടുത്തളം പ്രത്യക്ഷമായി.
അവിടെ നിന്നും നാല് ഭാഗത്തേക്കും തുരങ്കമാർഗ്ഗങ്ങൾ തുറക്കപ്പെട്ടു.
"ട്രഷറിലേക്ക് പോകുന്നത് ചിലപ്പോൾ ഇതിലേയായിരിക്കാം,"
ദിവ്യ പറഞ്ഞു.
രാഹുലിന്റെ കണ്ണുകൾ ആ നടുത്തലം വീക്ഷിക്കുകയാണ്.
അയാളുടെ മുഖത്ത് അദ്ഭുതവും സംശയവും സന്നിഗ്ദ്ധതയും നിറയുന്നത് അവൾ കണ്ടു.
"സാർ!!!"
അവൾ അദ്ഭുതം നിറഞ്ഞ ശബ്ദത്തിൽ വിളിച്ചു, ഉച്ചത്തിൽ.
അയാൾ പെട്ടെന്ന് തിരിഞ്ഞു നോക്കി.
"അത്!!"
അവൾ പുറത്തേക്ക് വിരൽ ചൂണ്ടി.
ഗുഹയുടെ പ്രവേശന കവാടത്തിലൂടെ കാണാവുന്ന ആകാശത്തിന്റെ വൃത്തത്തിനകത്ത് നിറയെ കാർമേഘങ്ങൾ മൂടുന്നത് അയാൾ കണ്ടു.
"ക്വയറ്റ് അൺകോമൺ! ഈ സമയത്ത്!!"

"ഇത് വസന്ത ഋതുവിന്റെ ആരംഭകാലമാണ് സാർ. മഴയ്ക്കിപ്പോൾ ഒരു സാധ്യതയുമില്ല. എന്നിട്ടും!!"
നേരിയ ഒരു നടുക്കമോ വിഭ്രാന്തിയോ രാഹുലിന്റെ കണ്ണുകളിൽ നിറയുന്നത് അവൾ കണ്ടു.
അയാൾ ഉടനേ കണ്ണുകൾ അടച്ചു.
ഒന്ന് രണ്ടു മന്ത്രങ്ങൾ പതിയെ ഉരുവിടുന്നത് അവൾ കേട്ടു.
പിന്നെ കണ്ണുകൾ തുറന്നു.
ഇപ്പോൾ അയാളുടെ മുഖം ആദ്യത്തേത് പോലെ പ്രശാന്തമായിരിക്കുന്നത് അവൾ കണ്ടു.
"വരൂ, നമുക്ക് വാതിൽക്കലേക്ക് പോകാം,"
അയാൾക്ക് പിന്നാലെ അവൾ ഗുഹയുടെ വാതിക്കലെക്ക് നടന്നു.
പുറത്ത് മഴ ആർത്തിരമ്പി പെയ്യുവാൻ തുടങ്ങി.
ആകാശത്ത് നിറയെ കാർമേഘങ്ങളുടെ നൃത്തോത്സവം അവർ കണ്ടു.
മഴയുടെ വീതിയുള്ള സ്ഫടിക ലംബരേഖകൾകൊണ്ട് അന്തരീക്ഷം നിറഞ്ഞു.
പാറക്കെട്ടുകളുടെ പാർശ്വങ്ങളിലൂടെ മഴവെള്ളം ആർത്തിരമ്പിയൊഴുകിയിറങ്ങി. വെള്ളച്ചാട്ടം പോലെ.
ദൂരെ ദീർഘരൂപിയായ വൃക്ഷങ്ങളുടെ ശിഖരങ്ങൾക്ക് മേലേ കൊടുങ്കാറ്റ് ആർത്തു.
കാറ്റിന്റെ ക്രൌര്യത്തിന് മേലേ മഴയുടെ ആധിപത്യം തുടർന്നു.
കാലം നിന്ന് പെയ്യുകയാണ് എന്ന് രാഹുലിന് തോന്നി.
"മഴനോക്കിനിൽക്കാൻ എന്ത് ഭംഗി!"
ദിവ്യയുടെ ശബ്ദം അയാൾ കേട്ടു.
"മഴനനയാൻ തോന്നുന്നുണ്ടോ?"
അയാൾ ചോദിച്ചു.
"ഒത്തിരി,"
അവൾ പറഞ്ഞു.
"വൌ!!"
അവൾ കൈകളുയർത്തി വിളിച്ചുകൂവി.
"..ഐ ലൈക് റ്റു ഫീൽ ദ പവർ...പവർ ഓഫ് റെയിൻ..."
പറഞ്ഞു കഴിഞ്ഞാണ് ആരുടെ മുമ്പിലാണ് താൻ നിൽക്കുന്നതെന്ന ബോധം അവൾക്കുണ്ടായത്.
അവൾ ജാള്യതയോടെ അയാളെ നോക്കി.
പക്ഷെ അയാൾ അദ്ഭുതത്തോടെ തന്നെ നോക്കുന്നു.
അയാളുടെ നോട്ടത്തിന് പകരമായി ദിവ്യ അയാൾക്ക് ലജ്ജയിൽ പൊതിഞ്ഞ ഒരു നോട്ടം സമ്മാനിച്ചു.
തണുപ്പ് അരിച്ചെത്തുന്നു.
കാറ്റ് തണുത്ത കൈകളോടെ തങ്ങളെ തൊടുന്നു.
മഴ കണ്ടുകൊണ്ട് നിൽക്കേ അവൾ അയാളെ നോക്കിക്കൊണ്ടേയിരുന്നു.

മഴയുടെ മായിക ഭംഗിയിൽ, അതിന്റെ താളത്തിൽ, സംഗീതത്തിൽ, മനസ്സ് നട്ട്, വല്ലാത്ത വിസ്മയ ഭാവത്തോടെ അയാൾ പുറത്തേക്ക് നോക്കുകയാണ്.
അയാളോടൊപ്പം തൊട്ടടുത്ത് ചേർന്ന് നിന്നപ്പോൾ, ഏതെങ്കിലുമൊരു ദിവ്യനിമിഷം അയാൾ തന്നെ ഒന്ന് തൊട്ടിരുന്നെങ്കിൽ, ചേർത്തുപിടിച്ചിരുന്നെങ്കിൽ എന്ന് അവൾ കൊതിച്ചു.
ആ ചുണ്ടുകളുടെ മൃദുലത തന്റെ ചുണ്ടുകളിൽ ഒന്നമർന്നെങ്കിൽ....
ആ വിരിമാറിൽ എനിക്ക് മാറമർത്തി ഒന്ന് നിൽക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...
"നിന്ന് മടുത്തു എങ്കിൽ ഇവിടെ ഇരിക്കാം സാർ,"
ഗുഹക്കകത്തെ കൽത്തറയിൽ അവർ അഭിമുഖമായി ഇരുന്നു.
തന്റെ ഹൃദയവികാരം കണ്ണുകളിൽ പ്രതിഫലിപ്പിക്കാതിരിക്കാൻ അവൾ ബുദ്ധിമ്മുട്ടി.
അയാളുടെ നോട്ടവുമായി ഇടകലരുമ്പോൾ തന്റെ ശരീരത്തിലേക്ക് ഇരച്ചെത്തി ഒഴുകിപ്പരക്കുന്ന താപത്തിന്റെ സാന്നിധ്യം അയാളെ അറിയിക്കാതിരിക്കാനും.
സകലതും മറന്ന് അയാളുടെ കണ്ണുകളിലേക്ക് തന്നെ നോക്കിയിരുന്നപ്പോൾ ഒരു വേള അയാൾ ചോദിക്കുക കൂടി ചെയ്തു.
"എന്ത് പറ്റി?"
"നതിംഗ് സാർ ...ജസ്റ്റ്..."
ഒരു കാരണത്തിന് അവൾ ബുദ്ധിമ്മുട്ടി.
ആ മഴയുടെ പശ്ചാത്തലത്തിൽ രാഹുൽ തുടർച്ചയായി സംസാരിച്ചു.
തന്റെ ബാല്യം .
സ്കൂൾ -കോളേജ് ദിനങ്ങൾ.
മഹർഷി ദേവനാരായണനെ പരിചയപ്പെടുന്നത്.
സന്ന്യാസത്തിലേക്ക് വഴിതെളിഞ്ഞ സാഹചര്യങ്ങൾ....
"സാർ, പൂർവ്വാശ്രമത്തിലെ അച്ഛനുമമ്മയും? അവരെക്കുറിച്ച്...?"
ആ മുഖത്ത് ശോകം നിറഞ്ഞോ?
വല്ലായ്മയോടെ അവൾ ഉറ്റുനോക്കി.
"ഭൌതികമായ അർത്ഥത്തിൽ ഞാൻ ഒരാനാഥനാണ് ദിവ്യേ. എന്റെ അച്ഛനുമമ്മയും നേരത്തെ മരിച്ചുപോയി. ഒരു ജ്യേഷ്ഠനുണ്ടായിരുന്നു. അദ്ധേഹവും കാലഗതി പ്രാപിച്ചു..."
അൽപ്പ സമയത്തേക്ക് അവർക്കിടയിൽ നിശബ്ദത നിറഞ്ഞു.
"ദിവ്യേ, അസ്തമയം അടുത്തു. ആറുമണി ആകുന്നു, ഇപ്പോൾ..."
വാച്ച് നോക്കി അയാൾ പറഞ്ഞു.
ആറല്ല, അറുപതിനായിരം വർഷങ്ങൾ ഇങ്ങനെ ഇരിക്കാനാണ് എനിക്ക് തോന്നുന്നത്.
അവൾ മന്ത്രിച്ചു.
"പക്ഷെ മഴ നിൽക്കുന്നില്ലല്ലോ സാർ. നോക്ക് ഇടിമിന്നൽ കൂടുന്നു. കാറ്റിന്റെ ശക്തിയും..."

അവർ പുറത്തേക്ക് നോക്കിയിരുന്നു.
"സാർ!!"
അവൾ പെട്ടെന്ന് ചാടിയെഴുന്നേറ്റു.
തുടർച്ചയായ ഇടിമിന്നലിമറെ പ്രകാശത്തിൽ തെളിഞ്ഞുകണ്ട ഗുഹാഭിത്തിയിലെ ശിൽപ്പങ്ങളിലേക്ക് അവൾ വിരൽ ചൂണ്ടി.
ഇത്രനേരവും ഇരുട്ടിൽ മറഞ്ഞിരിക്കുകയായിരുന്നു അവ.
രാഹുലും അത് കണ്ടു.
കൽഭിത്തിയിൽ കൊത്തിയ ശിൽപ്പങ്ങൾ.
"സാർ...ഇത് ശാന്തിദേവ്..ഇത് ഋതുപർണ്ണ...ഇത് ...ഇത് ..."
ആവേശത്തോടെ അവൾ ഓരോ ശിൽപ്പവും തൊട്ടുപറഞ്ഞു.
അതി സുന്ദരിയായ ഒരു പെൺകുട്ടിയുടേയും രൂപഭംഗിയും തേജസ്സുമുള്ള ഒരു യുവാവിന്റെയും ശിൽപ്പങ്ങൾ.
നൃത്തച്ചുവടുകളോടെ പരസ്പരം നോക്കിക്കൊണ്ട്.
അയാൾ ശിൽപ്പത്തിലേക്കും ദിവ്യയുടെ മുഖത്തേക്കും മാറിമാറി നോക്കി.
"എന്താ സാർ?"
അവൾ പതിയെ ചോദിച്ചു.
തന്റെ സ്വരത്തിലെ വിറയൽ അവൾ തിരിച്ചറിഞ്ഞു.
ഹൃദയത്തിലെ വർദ്ധിക്കുന്ന താളവും.
"ഈ ശിൽപ്പത്തിലെ പെൺകുട്ടി ദിവ്യയാണ്,"
"എങ്കിൽ ...എങ്കിൽ..."
തന്റെ ചുണ്ടുകൾ വരളുന്നത് ദിവ്യ അറിഞ്ഞു.
"ഈ ആൺകുട്ടിയ്ക്ക് ..ഇദ്ദേഹം...?"
അവൾ ചോദ്യം പൂർത്തിയാക്കാതെ അയാളെ നോക്കി.
അയാൾ ആ ശിപ്പങ്ങളിലേക്ക് നോക്കിയിരിക്കുകയായിരുന്നു.
അവൾ വീണ്ടും ശാന്തിദേവിന്റെ ശിൽപ്പത്തിലേക്ക് നോക്കി.
രാഹുലിനേയും.
അതേ കണ്ണുകൾ.
അതേ കവിൾത്തടങ്ങൾ.
അതേ ചുണ്ടുകൾ.
അതേ ശരീരഘടന.
ഈശ്വരാ...!!
മഴയുടെ ശക്തി കുറഞ്ഞു തുടങ്ങി.
ഇടിമിന്നലും കുറഞ്ഞു.
കാറ്റും.
"ദിവ്യേ, ഇനി പോകാം. നോക്കൂ, ഇരുൾ വീണുതുടങ്ങി. നിലാവും തുടങ്ങി,"
അവർ പുറത്തേക്ക് നടന്നു.
മഴ തോർന്ന് നിലാവ് പടർന്നിരുന്നു.

മഴവെള്ളം വീണ് പരിസരങ്ങൾ നനഞ്ഞ് കുഴഞ്ഞിരുന്നു.
"ദിവ്യ എന്റെ കൈയിൽ എന്റെ കൈയിൽ പിടിക്കൂ, തെന്നി വീഴും,"
സുഖം മിന്നൽപ്പിണർ പോലെ കരളിനെ തരിപ്പിന്നു, എന്റെ പ്രിയനേ നീ പറയുന്നത് കേൾക്കുമ്പോൾ....
അയാൾ നീട്ടിയ കൈയിൽ അവൾ ദൃഢമായി പിടിച്ചു.
കുളിരിന് മേലേ പ്രണയോഷ്മാവ് ശരീരം നിറയെ പരക്കുന്നത് അവൾ വീണ്ടുമറിഞ്ഞു.
ദേഹം ത്രസിച്ചു മുറുകുന്നു.
എത്ര മായികമാണ് പുരുഷന്റെ സ്പർശനം!
ഈശ്വരാ, കതിർമണ്ഡപത്തിൽ, നിറപറയുടെയും നിലവിളക്കിന്റെയും മുമ്പിൽ, ഈ രംഗത്തിന്റെ ആവർത്തനം അനുഭവിക്കാനുള്ള ഭാഗ്യം എനിക്ക് തരണേ...
അവൾ ഉള്ളുരുകി പ്രാർഥിച്ചു.
കാറിനടുത്ത് എത്തുവോളവും അവൾ പിടി വിട്ടില്ല.
സുരക്ഷിതമായ നടപ്പ് വഴിയിൽ എത്തിയിട്ടും.
നിലാവ് കാടിനെ കൂടുതൽ ചേതോഹരമാക്കി .
കാടിന്റെ മായികഭാവം ഒന്നുകൂടി വളർന്നു.
നിലാവും നിഴലുകളും നിശബ്ദതയും ആരവവും അതിന്റെ നിഗൂഢത വർദ്ധിപ്പിച്ചു.
കാർ സാവധാനം ഇറക്കമിറങ്ങിക്കൊണ്ടിരുന്നു.
അരമണിക്കൂറിനു ശേഷം നിബിഡ വനത്തിന് നടുവിൽ ഒരു വെളിമ്പുറം കാണപ്പെട്ടു.
ഒരു വലിയ മൈതാനത്തിന്റെ നാലതിരിലും നിരനിരയായി കുടിലുകളും.
കൂറ്റൻ പിരമിഡ് ആകൃതിയിൽ അവയുടെ മേൽക്കൂരകൾ ഉയർന്നുനിന്നു.
നിലാവിൽ ആകാശത്തേക്ക് പുക ഉയരുന്നത് അവർ കണ്ടു.
ചെണ്ടകളുടെയും പെരുമ്പറകളുടേയും കാതടപ്പിക്കുന്ന താളാത്മകമായ ശബ്ദം കേൾക്കാൻ തുടങ്ങി.
മൈതാനത്തിന്റെ മധ്യഭാഗത്ത് ഒരഗ്നികുണ്ഡമെരിയുന്നത് അവർ കണ്ടു.
രാഹുൽ അന്വേഷണം നിറഞ്ഞ കണ്ണുകളോടെ അങ്ങോട്ട് നോക്കി.
"അതാണ് ഞാൻ പറഞ്ഞ ട്രൈബൽ സെറ്റിൽമെന്റ്. മലവേടതമ്പുരാന്റെ ജന്മദിനം ആണ് ഉത്സവ ദിവസം. ഒരുക്കങ്ങളാണ്. വസന്തോത്സവം,"
കാർ പതിയെ അങ്ങോട്ട് സഞ്ചരിച്ചു.
"ഇവിടെയൊക്കെ മുമ്പ് വന്നിട്ടുള്ളത് പോലെ,"
അയാൾ പറഞ്ഞു.
മുമ്പ് അനുഭവപ്പെട്ട ആ വിദ്യുത് പ്രവാഹം അവൾ വീണ്ടുമനുഭവിച്ചു.
തന്റെ ഹൃദയത്തിൽ.
കാർ ആ മൈതനതിനടുത്തെത്തി.
അഗ്നികുണ്ഡവും വാദ്യഘോഷങ്ങളും ആർപ്പുവിളികളും നിറഞ്ഞ മൈതാനം അവർക്ക് മുമ്പിൽ നിന്നു.

മൈതാനത്തിന്റെ അതിരിൽ കൂറ്റൻ മരങ്ങളുടെ പശ്ചാത്തലത്തിൽ ഭീമാകാരങ്ങളായ കുടിലുകൾ ഉയർന്നുനിന്നു.
സ്ത്രീകളും പുരുഷന്മാരും ശരീരത്തെ പലതരം നിറങ്ങൾ ചേർത്ത് അലങ്കരിച്ചിരുന്നു.
മുഖത്ത് കറുപ്പും ചുവപ്പും ഇടകലർത്തി ചായം തേച്ചിരുന്നു.
പുരുഷന്മാരും സ്ത്രീകളും ചുവന്ന വസ്ത്രങ്ങൾ ധരിച്ചിരുന്നു.പുരുഷന്മാരുടെ ഉടലുകൾ നഗ്നമായിരുന്നു.
അൽപ്പവസ്ത്രങ്ങൾ സുന്ദരികളായ മലവേടസ്ത്രീകളുടെ വശ്യമാദകത്വം തുറന്നുകാണിച്ചു.
അഗ്നികുണ്ഡത്തതിനു മുമ്പിൽ തൂവൽക്കിരീടം ധരിച്ച ദീർഘകായനായ ഒരാൾ ആസനസ്ഥനായിരുന്നു.
"കുമാർ ഗണപതി,"
അയാളെ നോക്കി ദിവ്യ പറഞ്ഞു.
"അവരുടെ രാജാവ്. മുഖ്യപുരോഹിതനും,"
രാഹുലിന്റെ കണ്ണുകൾ അയാളിൽത്തന്നെ തറഞ്ഞിരിക്കുന്നത് ദിവ്യ കണ്ടു.
"അദ്ധേഹത്തിന്റെ മകൻ സാറിന്റെ സ്റ്റുഡന്റ് ആണ്. എന്റെ ക്ലോസ് ഫ്രണ്ട്, സതീഷ്,"
അഗ്നികുണ്ഡത്തിനു മുമ്പിലെ വലിയ ദേവീ വിഗ്രഹത്തിനടുത്ത് പെരുമ്പറകളടിച്ച് പാട്ട് പാടുന്ന സ്ത്രീകളും പുരുഷന്മാരും.
നിലാവ് നിറഞ്ഞ രാത്രിയിൽ പശ്ചാത്തലത്തിൽ ആ ദൃശ്യം അവിസ്മരണീയമായി ദിവ്യക്ക് തോന്നി.
"അവരിൽ പലരും ഹൈലീ എജ്യൂക്കേറ്റഡ് ആണ്,"
ദിവ്യ തുടർന്നു.
"മിക്കവാറും തന്നെ വലിയ വലിയ ഉദ്യോഗങ്ങളിലൊക്കെ ഏർപ്പെട്ടിരിക്കുന്നവരുമാണ്. സതീഷിമറെ അച്ചൻ ഡാഡീടെ കൂടെയാണ്. പലരുടെയും വീടുകൾ ദൂരെ സിറ്റീൽ ഒക്കെയാണ്. സ്റ്റേറ്റിന് വെളീൽ ഉള്ളവരും ഉണ്ട്. പക്ഷെ ഈ വസന്തോൽസവത്തിൽ അവർ ഒരുമിച്ച് കൂടുന്നു. ഒരു വർഷവും തെറ്റിക്കാത്ത ഒരു ആചാരം,"
മൈതാനം നിറയെ പല വിധ വർണ്ണങ്ങൾ കൊണ്ട് ശരീരം അലങ്കരിച്ച സ്ത്രീകളും പുരുഷന്മാരും നിറഞ്ഞു.
താളവാദ്യങ്ങൾ മുറുകി.
കാറ്റിറങ്ങി അഗ്നികുണ്ഡത്തിലെ തീയുടെ തീവ്രത കൂട്ടി.
രാഹുൽ മുമ്പോട്ട് നടക്കാൻ തുടങ്ങി.
"സാർ, അങ്ങോട്ടു പോകാൻ പാടില്ല,"
അവൾ വിലക്കി.
"കപ്പിൾസിന് മാത്രമേ അങ്ങോട്ടു പ്രവേശനമുള്ളൂ,"
രാഹുൽ പെട്ടെന്ന് നിന്നു.
എങ്കിലും അയാളുടെ കണ്ണുകൾ ആ അഗ്നികുണ്ഡത്തിലായിരുന്നു.

"ഐതിഹ്യമനുസരിച്ച് ശാന്തിദേവും ഋതുപർണ്ണയും ഇവിടെയാണ് രാത്രികാലങ്ങളിൽ കണ്ടുമുട്ടിയിരുന്നത്,"
"അവർ ഗാന്ധർവ വിധിപ്രകാരം വിവാഹിതരായിരുന്നിരിക്കണം,"
അഗ്നികുണ്ഡത്തിൽ നിന്ന് ദൃഷ്ടികൾ മാറ്റാതെ രാഹുൽ പറഞ്ഞു.
"ഐതിഹ്യത്തിൽ അങ്ങനെയുമുണ്ട്. അവരുടെ വിവാഹത്തിന്റെ കാർമ്മികൻ ഇവരുടെ രാജപുരോഹിതനാണ്. സാർ അത് കണ്ടോ..."
അഗ്നികുണ്ഡത്തിനടുത്ത് നിന്നിരുന്ന ദേവി വിഗ്രഹത്തിലേക്ക് നോക്കി ദിവ്യ പറഞ്ഞു.
"ആ കാണുന്ന ദേവിയില്ലേ, അത് ഋതുപർണ്ണ ദേവിയാണ്. പാതിവ്രത്യത്തിന്റെ ദേവത,"
"അതെനിക്ക് മനസ്സിലായി. ആ ദേവിക്ക് ദിവ്യയുടെ മുഖമാണ്,"
ആത്മാവിനെ മദിപ്പിക്കുന്ന വാക്കുകൾ.
ലഹരി കിനിയുന്ന കണ്ണുകളോടെ അവൾ അയാളെ നോക്കി.
"ശാന്തിദേവ് എവിടെ?"
അയാൾ ചോദിച്ചു.
അവൾ ഒരു വല്ലാത്ത വികാരത്തോടെ വീണ്ടും അയാളെ നോക്കി.
"ഋതു ദിവ്യയായി തിരിച്ചു വന്നില്ലേ? എങ്കിൽ അവളുടെ ശാന്തിദേവും തിരിച്ചു വരും,"
പെരുമ്പറയുടെ നാദം നിഴലും നിലാവും നിറഞ്ഞ പരിസരങ്ങളെ ഇളക്കി മറിച്ചു.
ആരവമിളകി.
നാടോടിപ്പാട്ടുകളുടെ ശീലുകളിലകി.
കടും ചായം തേച്ചമുഖങ്ങളിൽ ഗോത്രസ്മരണകളിളകി.
അൽപ്പം കഴിഞ്ഞപ്പോൾ അഗ്നികുണ്ഡത്തിന് മുമ്പിലിരുന്ന പുരുഷന്മാരിലൊരാളോട് രാജാവ് എന്തോ മന്ത്രിക്കുന്നത് കണ്ടു.
അയാൾ എഴുന്നെൽക്കുന്നതും അവർ കണ്ടു.
അയാൾ അവരുടെ നേരെ വരികയാണ്.
"നമ്മുടെ അടുത്തേക്കാണെന്ന് തോന്നുന്നു,"
ദിവ്യ പറഞ്ഞു.
അയാൾ അവരുടെയടുത്തേക്ക് വന്നു.
ദേഹം നിറയെ ചായം തേച്ച അലങ്കരിച്ച ത്രിശൂലം കയ്യിൽ പിടിച്ച അയാൾ അവരുടെയടുത്തെത്തി കൈകൾ കൂപ്പി.
ദിവ്യ തിരിച്ചും.
രാഹുലും.
അയാൾ ഗോത്രഭാഷയിൽ ദിവ്യയോട് സംസാരിക്കുന്നത് രാഹുൽ കേട്ടു.
ദിവ്യയും തരികെ അയാളോട് അതേ ഭാഷയിൽ സംസാരിക്കുന്നതും.
"സർ,"
അവൾ പിന്നെ രാഹുലിനെ നോക്കി.

"ഇദ്ദേഹം അറിയിക്കുന്നു, രാജാവിന്റെ കല്പ്പനയാണ്, നമ്മൾ അങ്ങോട്ടു ചെല്ലണം. അവരുടെ ഉത്സവത്തിൽ പങ്കെടുക്കണം,"
രാഹുൽ അവളെ സംശയത്തോടെ നോക്കി.
"പക്ഷെ, ഇതവരുടെ പ്രത്യേക ഉത്സവമല്ലേ? വിവാഹിതരായ ആളുകൾക്ക് മാത്രമേ അവിടെ...."
"അതേ, സാർ. ഞാനത് ഇദ്ദേഹത്തോട് പറയുകയും ചെയ്തു. പക്ഷെ രാജാവ് പറയുന്നു, അദ്ധേഹത്തിന് നമ്മളെ അറിയാമെന്ന്,"
ഒരു നിമിഷം അവരുടെ കണ്ണുകൾ തമ്മിലിടഞ്ഞു.
"ദെൻ, കമോൺ,"
അയാൾക്ക് പിമ്പിൽ അവൾ ഉത്സവരംഗത്തേക്ക് നടന്നു.
ഇപ്പോൾ പെരുമ്പറയുടെ പ്രകമ്പനമില്ല.
ഗോത്രസ്മൃതികൾ തുടിക്കുന്ന സംഗീതമില്ല.
ആരവവും.
ആളുകളെല്ലാവരും എഴുന്നേറ്റ് നില്ക്കുന്നു.
മുമ്പിൽ രാജാവ്.
ശബ്ദതന്മാത്രകളൊക്കെ ഭൂമിയിൽ നിന്ന് നിഷ്ക്രമിച്ചത്പോലെ രാഹുലിന് തോന്നി.
അവർ മുമ്പിലെത്തിയപ്പോൾ രാജാവ് കൈകൾ കൂപ്പി.
അദ്ധേഹത്തിന്റെ പിമ്പിൽ നിൽക്കുന്നവരും.
രാഹുലും ദിവ്യയും അവരെ തിരിച്ചും പ്രണമിച്ചു.
ദിവ്യ രാജാവിന്റെ പാദങ്ങൾ തൊട്ട് വന്ദിച്ചു.
അദ്ദേഹം അവളെ തോളിൽ പിടിച്ച് എഴുന്നേൽപ്പിച്ചു.
അവളുടെ ശിരസ്സിന്മേൽ അയാളുടെ കൈത്തലമമർന്നു.
പിന്നെ അദ്ദേഹം ഇരുവരേയും ചേർത്തുപിടിച്ചു.
"ഇരിക്കൂ,"
പ്രത്യേകമായി ഒഴിച്ചിട്ടിരുന്ന ഇരിപ്പിടങ്ങളിലേക്ക് ചൂണ്ടി അദ്ദേഹം പറഞ്ഞു.
"ആ സ്ഥലം നിങ്ങൾക്ക് വേണ്ടി ഒരുക്കിയിട്ടിരിക്കുന്നതാണ്,"
ഈശ്വരാ...!!
ദിവ്യയുടെ കണ്ണുകൾ അടഞ്ഞു.
ഋതുപർണ്ണയേയും ശാന്തിദേവിനേയും നേരിൽ കണ്ടിട്ടുള്ള അവരുടെ രാജശിൽപ്പി പ്രത്യേകമായി പണിചെയ്തുണ്ടാക്കിയതാണ് ആ ഇരിപ്പിടങ്ങൾ.
യുഗങ്ങൾക്ക് ശേഷം അവർ പുനര്ജ്ജനിചെത്തുമെന്ന് രാജപുരോഹിതന് വെളിപാട് ലഭിച്ചിരുന്നത് കൊണ്ട്, അദ്ധേഹത്തിന്റെ പ്രത്യേക കൽപ്പന പ്രകാരം.
അത് പ്രകാരം മലവേടന്മാരുടെ ഈ ഗോത്ര സമൂഹം തലമുറകൾ തോറും കാത്തിരിക്കുന്നു അവരെ സ്വീകരിക്കുവാൻ.
ഇന്നുവരെ ആരും അവയിൽ ഇരുന്നിട്ടില്ല.
എന്നാൽ ഇന്ന്!

ദിവ്യയ്ക്ക് താൻ വേറെ അഭൌമമായ ഏതോ ലോകത്ത് എത്തിച്ചേർന്നതുപോലെ തോന്നി.
ആളുകൾക്കിടയിൽ നിന്ന് വീണ്ടും ആരവമുയർന്നു.
ഗോത്രശക്തിയുടെ സംഗീതമുയർന്നു.
രക്തധമനികളെ തീപിടിപ്പിക്കുന്ന പെരുമ്പറയുടെ താളമുയർന്നു.
ആളുകളുടെ നോട്ടം തങ്ങളെ കേന്ദ്രീകരിക്കുന്നത് അവർ കണ്ടു.
ആ നോട്ടത്തിൽ ആവേശവും ആകാംക്ഷയും നിറഞ്ഞിരിക്കുന്നതും.
രാഹുൽ ആ കസേരയിൽ ഇരിക്കുന്നത് ദിവ്യ വിസ്മയത്തോടെ കണ്ടു.
മറ്റേതോ ലോകത്ത് എത്തിച്ചേർന്ന പ്രതീതിയാണ് അയാളുടെ മുഖത്ത്.
തന്റെ ദേഹം മുഴുവൻ കുളിരണിയുന്നത് അവളറിഞ്ഞു.
പിന്നെ പ്രാർഥനയോടെ അവളും അയാളുടെ സമീപത്തിരുന്നു.
പ്രാർഥനയിൽ നിന്നുണർന്ന് അവൾ രാഹുലിനെ നോക്കിയപ്പോൾ അയാൾ തന്നെ നോക്കുന്നതാണ് അവൾ കണ്ടത്.
അയാളുടെ കണ്ണുകളിൽ നിറഞ്ഞിരിക്കുന്നത് ഏത് വികാരമാണ്?
ഈശ്വരാ...!
ഈ കണ്ണുകളുടെ ഗന്ധർവ ഭംഗിയിപ്പോൾ തന്റെ ഹൃദയത്തിലാണ് തൊടുന്നത്!
തന്റെ അധരം വിതുമ്പുന്നത് അവൾ അറിഞ്ഞു.
ഗോത്രസമൂഹത്തിന്റെ രാജാവ് ഋതുപർണ്ണദേവിയുടെ മുമ്പിൽ മുട്ടുകുത്തി മന്ത്രങ്ങൾ ഉരുവിടുന്നത് അവർ കണ്ടു.
മഹാപുരോഹിതനായ രാജാവിനോടൊപ്പം മറ്റംഗങ്ങളും മന്ത്രങ്ങൾ ഏറ്റുചൊല്ലി.
ദേവിയുടെ മുമ്പിൽ വലിയ മൺകുടങ്ങൾ വെച്ചിരുന്നു.
പൂജയ്ക്ക് ശേഷം രാജാവിന്റെ സമീപത്ത് നിന്നിരുന്ന അനുചരന്മാർ മൺകുടങ്ങളുടെ മൂടികൾ തുറന്നു.
രാജാവിന്റെ നിർദേശപ്രകാരം അവർ മൺകോപ്പകളിലേക്ക് കുടങ്ങളിൽ നിന്ന് വെളുത്ത ദ്രാവകം പകർന്നു.
രഹുളിനേയും ദിവ്യയേയും ചൂണ്ടി രാജാവ് അനുചരന്മാരോട് ഗോത്രഭാഷയിൽ എന്തോ പറഞ്ഞു.
ഒരാൾ രണ്ട് മൺകോപ്പകളിൽ പാനീയം നിറച്ച് അവരെ സമീപിച്ചു.
"ദേവിയുടെ നിവേദ്യമാണ്,"
രാഹുൽ അയാളിൽ നിന്ന് പാനീയം സ്വീകരിക്കവേ ദിവ്യ പറഞ്ഞു.
"തെങ്ങിൻ കള്ളിൽ ചില വിശേഷ ഔഷധങ്ങൾ ചേർത്ത് പ്രത്യേകമായി ഉണ്ടാക്കിയതാണ്,"
അത് കേട്ട് രാഹുൽ ഒരു നിമിഷം സംശയിച്ചു.
"നിവേദ്യമല്ലേ, സാർ?"
അവൾ പുഞ്ചിരിയോടെ പറഞ്ഞു.
തുടർന്ന് ദിവ്യയും പാനീയം നിറച്ച മൺകോപ്പ സ്വീകരിച്ചു.
പ്രാർഥനയോടെ അവൾ അത് പതിയെ കുടിച്ചു.

ഭാര്യാഭർത്താക്കൻമാർക്കോ വിവാഹ നിശ്ചയം കഴിഞ്ഞ സ്ത്രീപുരുഷന്മാർക്കോ മാത്രമേ അവർ ആ പാനീയ നിവേദ്യം നൽകിയിരുന്നുള്ളൂ എന്ന് ഒരു കോരിത്തരിപ്പോടെ ദിവ്യ ഓർത്തു.

"ഈ നിവേദ്യത്തിന് നല്ല ലഹരിയുണ്ട് എന്ന് തോന്നുന്നു, ദിവ്യേ,"

സാമാന്യം വലിപ്പമുള്ള ആ കോപ്പയിൽ നിന്ന് കുടിച്ചുകൊണ്ടിരിക്കുമ്പോൾ രാഹുൽ പറഞ്ഞു.

"പക്ഷെ അൽപ്പം പോലും ബാക്കി വെക്കരുതെന്നാ നിയമം,"

രാഹുൽ അത് മുഴുവനും കുടിച്ചു.

ദിവ്യയും.

തന്റെ കണ്ണുകൾക്ക് മുമ്പിൽ പുതിയ ദ്രിശ്യസങ്കീർണ്ണതകൾ പ്രത്യക്ഷമാവുന്നതും ശരീരത്തിന് ഭാരമില്ലായ്മ അനുഭവപ്പെടുന്നതും അവൾ അറിഞ്ഞു.

രാഹുൽ തല കുടയുന്നത് അവൾ കണ്ടു.

"സാർ,"

തന്റെ നാവു കുഴയാതിരിക്കാൻ പരമാവധി ശ്രമിച്ചുകൊണ്ട് അവൾ ചോദിച്ചു.

"എനി...എനി ....എനി കൈൻഡ് ഓഫ് ട്രബിൾ? ബുദ്ധിമുട്ട്..എന്തെങ്കിലും?"

"ഒന്നുമില്ല,"

അയാൾ പുഞ്ചിരിച്ചു.

"ഒരു സ്മൂത്ത്നെസ് തോന്നുന്നു....എ പ്ലസന്റ് സ്മൂത്ത്നെസ്....എ മിസ്റ്റീരിയസ് ഫീലിംഗ് ഓഫ് ബീയിംഗ് ഫ്ലോറ്റെഡ്...."

"ഇതിന് മുമ്പ്....സാർ ഇതിന് മുൻപ് കുടിച്ചിട്ടുണ്ടോ? ഇത് പോലെ ....ഐ മീൻ കള്ളുപോലെ...?"

"ഇല്ല..ഇതാദ്യമാണ്...യൂ...?"

"യെസ് ...ആദ്യമോന്നുമല്ല...നല്ല തെങ്ങിൻ കള്ള്...പനംകള്ള്... "

രാഹുൽ അവളെ നോക്കി പുഞ്ചിരിച്ചു.

അയാളുടെ കണ്ണുകൾ ലഹരികൊണ്ട് തുടുത്തത് അവൾ കണ്ടു.

"ഇനി നൃത്തം തുടങ്ങട്ടെ,"

രാജപുരോഹിതന്റെ ശബ്ദം അവർ കേട്ടു.

നക്ഷത്ര രത്നങ്ങൾ പതിച്ച ആകാശപ്പന്തലിനു താഴെ, നിലാവിന്റെ സ്വർണ്ണ യവനികയ്ക്കും താഴെ ഉത്സവത്തിന്റെ മഹാസമുദ്രമിളകി.

വാദ്യഘോഷങ്ങൾ മുഴങ്ങി.

പെരുമ്പറയുടെ കാതടപ്പിക്കുന്ന ശബ്ദം.

കാടിന്റെ താളവും ലഹരിയും നിറഞ്ഞ സംഗീതം.

സൌന്ദര്യവും മാദകത്വവുമുള്ള യുവതികൾ എഴുന്നേറ്റു.

കരുത്തുറ്റ പുരുഷന്മാരും.

ഓരോ പെണ്ണും തന്റെ പുരുഷനോടൊപ്പം ചേർന്നു.

ഭംഗിയുള്ള നഗ്നമായ കാലുകളുടെ, കൈകളുടെ, മാറിടത്തിന്റെ, ചലനതാളം തുടങ്ങി.

ചടുല സംഗീതത്തിന്റെ താളത്തിനനുസരിച്ച്, ഒരു വർണ്ണ സമുദ്രത്തിന്റെ തിരയിളക്കം പോലെ ഗോത്രനൃത്തം തുടങ്ങി.
"നിങ്ങളും എഴുന്നേൽക്കൂ,"
രാജാവ് രാഹുലിനോടും ദിവ്യയോടും കൽപ്പിച്ചു.
"ഇവരോടൊപ്പം ചേർന്ന് നൃതമാടണം,"
അവർ പരസ്പരം നോക്കി.
അവളുടെ ഹൃദയം മിടിക്കാൻ തുടങ്ങി.
രാഹുലിന്റെ കണ്ണുകളിൽ തൻ അതുവരെ കാണാത്ത ഒരു നിഗൂഢഭാവം അവൾ വായിച്ചു.
ദിവ്യയെ വിസ്മയിപ്പിച്ചുകൊണ്ട് രാഹുൽ എഴുന്നേറ്റു.
അയാൾ തന്റെ നേരെ കൈ നീട്ടുന്നത് അവൾ കണ്ടു.
ഈശ്വരാ...!
സ്വപ്നമാണോ?
ദിവ്യയും എഴുന്നേറ്റു.
മാറിൽ നിന്ന് ചുരിദാറിന്റെ ഷാൾ എടുത്ത് അവൾ അരയിൽ കെട്ടി.
മാറിടം തുടങ്ങുന്നിടത്ത് ആണോ രാഹുലിന്റെ കണ്ണുകൾ?
അവൾ കൊതിയോടെ അയാളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി.
എന്നിട്ട് തന്റെ നേരെ നീട്ടിയ രാഹുലിന്റെ കരം അവൾ ഗ്രഹിച്ചു.
കൈകൾ കോർത്തുപിടിച്ച് നൃത്തം ചെയ്തുകൊണ്ടിരുന്ന സംഘത്തിനു നേരെ അവർ നീങ്ങി.
രാഹുലിന്റെ നർത്തനപാടവം അവളെ വിസ്മയിപ്പിച്ചു.
അയാൾക്കൊപ്പം ചുവടുകൾ വെക്കാൻ അവൾ ആദ്യം വിഷമിച്ചു.
എങ്കിലും ചടുല സംഗീതത്തിന്റെയും നിവേദ്യത്തിന്റെ ലഹരിയുടേയും തന്റെ ഹൃദയത്തിൽ നിറഞ്ഞൊഴുകുന്ന പ്രണയത്തിന്റെയും തിരത്തള്ളലിൽ അവളും അസാമാന്യ പാടവത്തോടെ നൃത്തമാടി.
അൽപ്പം കഴിഞ്ഞാണ് അവൾ അറിയുന്നത്, മറ്റാരും ഇപ്പോൾ നൃത്തം ചെയ്യുന്നില്ല.
അവരെല്ലാവരും അദ്ഭുതത്തോടെ തങ്ങളുടെ നൃത്തം കാണുകയാണ്.
രാഹുൽ അതൊന്നും അറിയുന്നില്ലെന്ന് തോന്നി.
തന്റെ കൈ അയാളുടെ തോളുകളിലാണെന്നും അയാളുടെ കൈകൾ തന്റെ അരക്കെട്ടിനെ ചുറ്റിപ്പിടിച്ചിരിക്കയാണെന്നും അവൾ അറിഞ്ഞു.
തന്റെ രക്തധമനികളും ശ്വാസോച്ഛ്വാസവും ചൂട്പിടിച്ച് മുറുകുന്നത് അവൾ അറിഞ്ഞു.
ചിലപ്പോൾ അയാളുടെ നെഞ്ചിൽ തന്റെ മാറിടമമരുന്നതും അയാളുടെ ഉച്ഛ്വാസ വായു തന്റെ കവിളിൽ സ്പർശിക്കുന്നതും അവളെ ഉന്മത്തയാക്കി.
വികാരത്തള്ളിച്ചയിൽ തൻ ചിലപ്പോൾ നിലത്ത് വീണുപോകുമെന്ന് അവൾക്ക് തോന്നി.
അങ്ങിനെ സംഭവിക്കാതിരിക്കാൻ അയാൾ അവളെ ഇറുകെപ്പിടിച്ചു.

ചുറ്റും കൂടി നിൽക്കുന്നവർ കൈയ്യടിച്ച് അവരെ പ്രോത്സാഹിപ്പിച്ചു.
സംഗീതത്തിന്റെ വേഗം മുറുകി.
കാറ്റിൽ അഗ്നികുണ്ഡത്തിലെയും മൈതാനത്തിന്റെ അതിരുകളിൽ സ്ഥാപിച്ചിരിക്കുന്ന വലിയ തീപ്പന്തങ്ങളുടെയും ക്രൌര്യം വർദ്ധിച്ചു.
പ്രണയവും കാമവും നിറഞ്ഞ ഗാനങ്ങൾ അഗ്നി ചിതറുന്ന താളക്കൊഴുപ്പിന്റെ അകമ്പടിയോടെ രാത്രിയുടെയും മഞ്ഞിന്റെയും തണുപ്പിൽ അവരെ കോരിത്തരിപ്പിച്ചു.
പുരുഷന്മാർ തങ്ങളുടെ ഭാര്യമാരെ കരവലയത്തിലൊതുക്കി അനുനിമിഷം വർദ്ധിച്ചുവരുന്ന അവരുടെ നൃത്തത്തിന്റെ വേഗത അത്യധികം വിസ്മയത്തോടെ കണ്ടു നിന്നു.
പരസ്പ്പരം കണ്ണുകളിലേക്ക് നോക്കിയാണ് അവർ നൃത്തം ചെയ്യുന്നത്.
തന്റെ ഹൃദയ വികാരങ്ങൾ മറച്ചുവെക്കാതെ അവൾ മുഖത്ത് പ്രതിഫലിപ്പിച്ചു.
അയാളിലുള്ള അവളുടെ പിടി മുറുകി.
അയാളുടെ നെഞ്ചിലേക്ക് മാറിടമമർത്തി ചേർത്ത് അവൾ പാട്ടിന്റെ താളത്തിനൊത്ത് നീങ്ങി.
"സാർ...എനിക്ക്...."
പ്രണയ വിവശതയിൽ തന്റെ ശരീരത്തിലെ താപവും രക്തത്തിലെ അഗ്നിയും പൊട്ടിച്ചിതറുമെന്ന് തോന്നിയ ഒരു നിമിഷം ദാഹിക്കുന്ന സ്വരത്തിൽ ദിവ്യ വിളിച്ചു.
"എന്താ ..എന്താ ദിവ്യേ?"
അയാൾ ഉദ്വേഗത്തോടെ ചോദിച്ചു.
"ഞാൻ ..എനിക്ക്..."
താൻ നിഗൂഢമായ ഒരഗ്നിയിൽ ദഹിക്കുകയാണ് എന്ന് അവൾ അറിഞ്ഞു
.
അടുത്ത നിമിഷം അവൾ അയാളുടെ ദേഹത്തേക്ക് വീണു.
കാണികളുടെ കയ്യടിയും ആരവവും നിലച്ചു.
ആളുകളുടെ മുഖങ്ങളിൽ ആകാംക്ഷ നിറഞ്ഞു.
അവർ രാഹുലിന്റെയും ദിവ്യയുടെയും അടുത്തേക്ക് ഓടിവന്നു.
രാഹുൽ അവളെ കോരിയെടുത്തു.
പിന്നെ സമീപത്ത് കിടന്ന ഒരു തഴപ്പായയിൽ അവളെ കിടത്തി.
"പേടിക്കാനൊന്നുമില്ല, അൽപ്പം ക്ഷീണം..."
അവളുടെ തലയിലും കവിളിലും തലോടിക്കൊണ്ട് രാജാവ് പറഞ്ഞു.
സ്ത്രീകൾ അവളെ വീശി.
ഒരാൾ അവളുടെ മുഖത്ത് വെള്ളംതളിച്ചു.
അവൾ കണ്ണുകൾ തുറന്നു.
"സാർ എവിടെ?"
അവൾ ശിരസ്സ് ചരിച്ചു.

"ഞാൻ ഇവിടെത്തന്നെയുണ്ട്, ദിവ്യാ,"
ലജ്ജ നിറഞ്ഞ മുഖത്തോടെ അവൾ എഴുന്നേൽക്കാൻ തുടങ്ങി.
"ദിവ്യേ,"
ഗായത്രി ദേവി ഡൈനിംഗ് ടേബിളിനരികിൽ നിന്ന് ഉച്ചത്തിൽ വിളിച്ചു.
"മോളെ, ദിവ്യേ..!"
അവർ ജനാലക്കരികിൽ നിന്ന് പുറത്തേക്ക് നോക്കി.
"ഈ പെണ്ണിതെവിടെപ്പോയി?"
അവർ സ്വയം ചോദിച്ചു.
"ഒരിക്കൽപ്പോലും വീട്ടിൽ കാണില്ല ദിവ്യേ?"
"മമ്മീ, ഞാനിവിടെയാണ്.
ഒരു നിമിഷത്തെ ഇടവേളക്ക് ശേഷം പ്രതികരണം വന്നു.
പുറത്ത് നിന്ന് ദിവ്യയുടെ ശബ്ദം അവർ കേട്ടു.
അവർ വീണ്ടും ജാലകത്തിലൂടെ പുറത്തേക്ക് നോക്കി.
"എവിടെ?"
അവർ വിളിച്ചു ചോദിച്ചു.
"ഇവിഎ മമ്മീ, ലോണിൽ,"
അവർ മറ്റൊരു ജനാലയിലേക്ക് ചെന്ന് താഴേക്ക് നോക്കി.
പുറത്ത് ലോണിൽ ഒരു ബെഞ്ചിൽ ചാരിയിരിക്കയാണ് ദിവ്യ.
അവൾ ക്ഷീണിച്ചിരിക്കുന്നു എന്ന് അവർ കണ്ടു.
"വാ, വന്ന് ലഞ്ച് കഴിക്ക്,"
അവർ അവളെ നോക്കി വിളിച്ചു പറഞ്ഞു.
"മമ്മി ഇങ്ങ് വന്നേ,"
"ഇവളെക്കൊണ്ട് മടുത്തൂലോ ഈശ്വരാ!"
പിറുപിറുത്തുകൊണ്ട് അവർ പുറത്തേക്ക് പോയി.
പോകാൻ നേരം ഡൈനിംഗ് ടേബിളിൻമേൽ വിളമ്പി വെച്ച ഭക്ഷണവും അവർ എടുത്തു.
ലോണിലെ ബെഞ്ചിൽ കൈകൾ പിമ്പിലേക്ക് പിണച്ച് വെച്ച് ചാരിയിരിക്കയായിരുന്നു ദിവ്യ.
നീല ഷർട്ടും പച്ചനിറമുള്ള മുട്ടപ്പമെത്തുന്ന സ്കർട്ടും അവൾ ധരിച്ചിരുന്നു.
"ഓ..എനിക്ക് വേണ്ടായിരുന്നു മമ്മീ,"
അവരുടെ കൈയിലെ ട്രേയിലേക്ക് നോക്കി ദിവ്യ പറഞ്ഞു.
അവർ ട്രേ ബെഞ്ചിൽ വെച്ചു.
പിന്നെ അവളുടെ അടുത്ത് ഇരുന്നു.
"ഇത്രേം വലിയ പെണ്ണിനെ ഇപ്പോഴും പിന്നാലെ നടന്ന് ഊട്ടുന്നത്...എവിടേലും കേട്ടിട്ടുണ്ടോ മോളെ നീ?"
"മമ്മീ, ഞാൻ പിന്നെ കഴിച്ചോളാം,"
ട്രേ തന്റെ നേരെ നീട്ടിയപ്പോൾ ദിവ്യ പറഞ്ഞു.

അവൾ ആ ട്രേ വാങ്ങി ബെഞ്ചിൽ വെച്ചു.
"രാധചേച്ചീ ഇങ്ങ് വന്നേ,"
അൽപ്പം അകലെ പച്ചക്കറിത്തോട്ടത്തിൽ ചെടികൾ നനയ്ക്കുകയായിരുന്ന ജോലിക്കാരിയെ ദിവ്യ വിളിച്ചു.
"ഇത് കൊണ്ടുപോയി ഭംഗിയായി അടച്ച് ഡൈനിംഗ് ടേബിളിൽ വെക്ക്,"
ട്രേ രാധയുടെ കയ്യിൽ കൊടുത്ത് ദിവ്യ പറഞ്ഞു.
"ഇതിലെ ഒരു മണിച്ചോറുപോലും പാഴാക്കാതെ, കളയാതെ എനിക്ക് കഴിക്കേണ്ടതാണ്. ചന്ദ്രനുദിച്ചു കഴിഞ്ഞ്. ..."
"മോള് ബാക്കി പറയാൻ പോകുന്നത് എന്താണെന്ന് എനിക്കറിയാം,"
രാധ ചിരിച്ചു.
ദിവ്യ അവളെ ചോദ്യരൂപത്തിൽ കുസൃതിയോടെ നോക്കി.
"അറിയാമോ സോമാലിയായിലും നമ്മുടെ ഒറീസ്സയിലെ കോരാപ്പുട്ടിലും എത്ര കുഞ്ഞുങ്ങളാ ഒരു ദിവസം മരിക്കുന്നതെന്ന്, ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാതെ? ഇതല്ലേ മോൾ പറയാൻ പോകുന്നെ?"
രാധ ചിരിച്ചു.
ഗായത്രിദേവിയും.
"എന്റെ ഭഗവതീ, നമിച്ചു!"
ദിവ്യ രാധയുടെ നേരെ കൈകൾ കൂപ്പി.
"ഇത്രേം ജനറൽ നോളെജ് ഒക്കെ എന്റെ രാധചേച്ചീടെ തലക്കകത്ത് ഒണ്ടാരുന്നോ?"
"മുല്ലപ്പൂമണമേറ്റ് കിടക്കും..."
രാധ പറഞ്ഞു തുടങ്ങി.
"മതി മതി.."
ദിവ്യ രാധയുടെ പിൻ ഭാഗത്ത് പതിയെ അടിച്ചു.
"മുല്ലപ്പൂമണം ഇപ്പം തൽക്കാലം ഈ ചോറ് കൊണ്ടുപോയി അടച്ചു വെച്ചേ,"
രാധ ചിരിച്ചുകൊണ്ട് ട്രേയുമെടുത്തുകൊണ്ട് അകത്തേക്ക് നടന്നു.
ദിവ്യ ഗായത്രി ദേവിയുടെ മടിയിൽ തലവെച്ചു കിടന്നു.
എന്നിട്ട് അവരുടെ നേരെ പുഞ്ചിരിയോടെ നോക്കി.
"നാലഞ്ചു ദിവസമായി മോളെ ഞാൻ ശ്രദ്ധിക്കുന്നു,"
അവളുടെ തലമുടിയിൽ വാത്സല്യപൂർവ്വം തലോടിക്കൊണ്ട് അവർ പറഞ്ഞു.
"നീ ഒന്നും കഴിക്കുന്നില്ല.ഒരു ഗ്ലാസ്സ് വെള്ളംപോലും കുടിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ബ്രേക്ക് ഫാസ്റ്റിനും ഊണിനുമൊക്കെ വിളിക്കുമ്പോൾ ക്ലബ്ബിൽ നിന്ന് കഴിച്ചു, ഫ്രെണ്ട്സിന്റെ വീട്ടീന്ന് കഴിച്ചു എന്ന് കേൾക്കാം..."
അവർ അവളുടെ മുഖം കയ്യിലെടുത്തു.
"എന്റെ മുഖത്തേക്ക് നോക്ക്,"
അവർ പറഞ്ഞു.
"എന്റെ മോളെ, നിനക്കെന്ത് പറ്റി?"
ദിവ്യയുടെ കണ്ണുകൾ പതിയെ ഈറനാകുന്നത് അവർ കണ്ടു.

"ഐ'ം സോറി മമ്മി,"
അവർക്ക് ഒന്നും മനസ്സിലായില്ല.
"എന്തിനാ മോളെ സോറി?"
"ഞാൻ മമ്മിയോട് നുണ പറഞ്ഞു,"
ദിവ്യയുടെ കണ്ണുകൾ നിറയുന്നത് കണ്ടപ്പോൾ തന്റെ ഹൃദയം പിടയുന്നതിന്റെ ചലനം അവർ അറിഞ്ഞു.
ഈശ്വരാ, എന്ത് പറ്റി എന്റെ കുട്ടിയ്ക്ക്?
അവർ വിഭ്രാന്തിയോടെ ചിന്തിച്ചു.
"എന്ത് നുണ?"
"മമ്മീ, ഞാൻ..."
അവരുടെ സംഭ്രമം നിറഞ്ഞ മുഖത്തേക്ക് നോക്കി ദിവ്യ പറഞ്ഞു.
"ഞാനെങ്ങനാ മമ്മിയോടത് പറയ്വാ?"
തന്റെ ഈറൻ മിഴികളിൽത്തന്നെയാണ് അവരുടെ നോട്ടം എന്ന് ദിവ്യ കണ്ടു.
"എനിക്ക് വ്രതമാണ് മമ്മി...ഞാൻ വ്രതമെടുക്കുകയാണ്."
"വ്രതമോ? എന്ത് വ്രതം?"
"പറയാം..പറയാം,"
തന്റെ കവിളുകളെ തലോടുന്ന അവരുടെ കൈകളിൽ പിടിച്ചുകൊണ്ട് ദിവ്യ പറഞ്ഞു.
"ആദ്യം അൽപ്പം ഡ്രമാറ്റിക്കായി പോയെറ്റിക്കായി പറയാം..."
അവൾ തന്റെ സ്വപ്നഭംഗിയുള്ള കണ്ണുകൾ വിദൂരതയിലേക്ക് മാറ്റി.
"മമ്മീടെ മോൾക്കിപ്പോൾ വയസ്സ് പതിനെട്ട്.രാത്രികൾക്ക് ദൈർഘ്യമേറുന്ന പ്രായം...പൂവുകൾക്ക് നിറം പൊര എന്ന് തോന്നുന്ന പ്രായം...വേനൽക്കാലത്തും മഴവില്ല് വിരിയാത്തതെന്തേ എന്ന് ചോദിച്ച് ആകാശത്തോട് വഴക്കുണ്ടാക്കുന്ന പ്രായം....ഇണചേരുന്ന പക്ഷികളോടും പറവകളോടും അസൂയ തോന്നുന്ന പ്രായം....സ്വപ്നത്തിന്റെ മലഞ്ചെരിവിലൂടെ കുതിരപ്പുറത്തേറിവരുന്ന രാജകുമാരന്റെ മുഖവും രൂപവും തിരിച്ചറിയുന്ന പ്രായം..."
ഗായത്രിദേവി പുഞ്ചിരിയോടെ അവളെ നോക്കി.
"ആ പ്രായത്തിന്റെ എല്ലാ അസുഖങ്ങളും തുടങ്ങി മമ്മീടെ മോൾക്ക്..."
താൻ പരിഭ്രാമിക്കാത്തതെന്ത് എന്നോർത്ത് അവർ അദ്ഭുതപ്പെട്ടു.
"ഇനി റിയലിസ്റ്റിക്കായി നേരെ വാ നേരെ പോ എന്ന മട്ടിൽ പറയാം,"
ദിവ്യയുടെ ശബ്ദം അവർ വീണ്ടും കേട്ടു.
അവർ അവളുടെ കണ്ണുകളിൽ ഉറ്റുനോക്കി.
"ഐ'ം ഇൻ ലവ്,"
ഗായത്രിദേവിയുടെ മുഖത്ത് ചിരി പടർന്നു.
"അതൊക്കെ സമ്മതിച്ചു,"
അവർ പറഞ്ഞു.

"ആ അസുഖം ഞാൻ നല്ല ചുട്ട അടി തന്ന് മാറ്റിക്കോളാം. പക്ഷെ നിന്റെ റോമാന്സിന് ഈ ഉണ്ണാവ്രതവുമായി എന്ത് ബന്ധം?"
ദിവ്യയുടെ മുഖത്ത് മനോഹരമായ ലജ്ജ നിറഞ്ഞു.
"ആ രാജകുമാരനെ കിട്ടാൻ വേണ്ടിയാ മമ്മീ ഈ വ്രതം,"
"ഇവളെക്കൊണ്ട് ഞാൻ തോറ്റു!"ഗായത്രി ദേവി പറഞ്ഞു.
"ഇഷ്ടം അറിയുന്നത് കണ്ടും കേട്ടുമല്ലേ? ഇഷ്ടം അറിയിക്കുന്നതും? അല്ലാതെ വ്രതമെടുത്ത് രാജകുമാരനെ നേടാൻ ആയാളെന്താ കണ്ണുപൊട്ടനാ? ചെവികേൾക്കാൻ പാടില്ലാത്തയാളാ?"
ദിവ്യ ലജ്ജയും മന്ദഹാസവും തുടർന്നു.
സ്വപ്നം പൂക്കുന്ന താഴ്‌വാരത്ത് വിരിഞ്ഞ വസന്തപുഷ്പ്പം പോലെ അവളുടെ സൌന്ദര്യം അഭൌമമായി അപ്പോൾ.
"ഈ രാജകുമാരനെ നേടാൻ ഇന്ദ്രിയങ്ങളുടെ സഹായം മാത്രം പോരാ മമ്മി. അതിന്ദ്രീയ മാർഗ്ഗങ്ങൾ വേണം. കാരണം മമ്മീടെ മോൾടെ പുരുഷൻ ഇന്ദ്രിയ നിഗ്രഹം നടത്തിക്കഴിഞ്ഞവനാണ്. ഇന്ദ്രിയ സുഖങ്ങൾ പരിത്യജിച്ചവനാണ്,"
"നിർത്തണ്ട. തുടർന്നോളൂ. നിന്റെ ഭ്രാന്ത് കേൾക്കാൻ നല്ല രസമുണ്ട്,"
ദിവ്യ അവരുടെ കൈകൾ ചേർത്തുപിടിച്ചു.
"പിന്നെ സാവധാനം ശാന്തമായിപ്പറഞ്ഞു.
"ങ്ഹാ മമ്മി...മമ്മീടെ മോൾക്ക് ഭ്രാന്താണ്. പ്രേമത്തിന്റെ ഭ്രാന്ത്! ദ ഡിവൈൻ മാഡ്നെസ് ഓഫ് ലവ്!"
"നോൺ സെൻസ്!"
അവർ ചിരിച്ചു.
"അട്ടർ നോൺസെൻസ്! ആരാ തപസ്സിലൂടെയും വ്രതതിലൂടെയുമൊക്കെ സ്വന്തമാക്കാൻ നീ ആഗ്രഹിക്കുന്ന ആ മഹാ....."
പെട്ടെന്ന് പ്രേതബാധയേറ്റതു പോലെ അവർ നിർത്തി.
അവർ സംഭ്രമത്തോടെ ദിവ്യയെ നോക്കി.
പിന്നെ ഒരു നിമിഷത്തിനു ശേഷം അവർ ഗാഢമായ ചിന്തയിലാണ്ടു.
അവരുടെ ഭാവപ്രകടനങ്ങൾ പുഞ്ചിരിയോടെ നോക്കിയിരിക്കയായിരുന്നു ദിവ്യ.
"ദ സെയിം മാൻ യൂ ആർ തിങ്കിംഗ് എബൌട്ട് നൌ,"
അവൾ പവിഴത്തിളക്കമുള്ള സ്വരത്തിൽ പറഞ്ഞു.
അവർ ഭയത്തോടെ ദിവ്യയെ നോക്കി.
"ഗുരുജി രാഹുൽ നാരായണൻ?"
ഗായത്രിദേവിയുടെ അമ്പരപ്പ് നിറഞ്ഞ ചോദ്യം അവൾ കേട്ടു.
അവൾ "അതെ" എന്ന അർത്ഥത്തിൽ കണ്ണുകൾ പതിയെ അടച്ചു കാണിച്ചു.
ദിവ്യക്ക് അവരുടെ ഭാവം വിവേചിക്കാനായില്ല.
അത് പരിഭ്രമമോ അദ്ഭുതമോ നിഷേധമോ അസന്തുഷ്ടിയോ അല്ല എന്ന് അവൾ കണ്ടു.
എന്നാൽ അവർ ഗാഢമായ ചിന്തയിലാണ് എന്ന് അവൾക്ക് മനസ്സിലായി.

അവർ ബെഞ്ചിൽ നിന്നും എഴുന്നേറ്റു.
പതിയെ ലോണിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു.
ദിവ്യയും എഴുന്നേറ്റു.
"ഇത് നടക്കുന്ന കാര്യമല്ല എന്ന് എനിക്കറിയാം മമ്മീ."
അവൾ അവരുടെ കൈയ്യിൽ പിടിച്ചു.
"അദ്ദേഹം നമ്മുടെ തരക്കാരനല്ല. പവിത്രമായ കർമ്മത്തിന് നമ്മൾ ക്ഷണിച്ചുവരുത്തിക്കൊണ്ടുവന്നതാണ് അദ്ധേഹത്തെ. അസാധാരണ ദിവ്യത്വമുള്ള ഒരു ഋഷിശ്വരനാണ് അദ്ദേഹം. പക്ഷെ മമ്മീ എനിക്ക് നിയന്ത്രിക്കാനായില്ല. മനസ്സ് പൂർണ്ണമായും കൈവിട്ടുപോയി,"
ലോണിന്റെ അതിരിലെ അശോകമരങ്ങളിൽ കാറ്റുണർന്നു.
അവളുടെ മിഴികൾ നനയുന്നത് അവർ കണ്ടു.
"എനിക്ക് അദ്ധേഹത്തെ കിട്ടണം മമ്മീ,"
"എന്റെ മോളേ, നീ...!"
അവർ അവൾക്കഭിമുഖമായി നിന്നു.
അവളുടെ തോളിൽ പിടിച്ചു.
"എത്ര നാളായി കാത്തിരിക്കുന്നു, മമ്മീ ഞാൻ? എത്ര ജന്മങ്ങൾ?"
അവർ അവളുടെ തേങ്ങലിന്റെ ശബ്ദം കേട്ടു.
ഗായത്രിദേവി മകളെ അലിവോടെ നോക്കി.
"മോളെ അതൊക്കെ യാദൃശ്ചികമായി..."
"നോ മമ്മീ,"
അവൾ കണ്ണുനീരിനിടയിൽ പറഞ്ഞു.
പിന്നെ അവൾ രാഹുലിന്റെയൊപ്പം കോബ്രാഹിൽസിലേക്ക് പോയപ്പോഴുണ്ടായ സംഭവങ്ങൾ ഓരോന്നും ഗായത്രി ദേവിയെ പറഞ്ഞു കേൾപ്പിച്ചു.
എല്ലാം കേട്ടുകഴിഞ്ഞപ്പോൾ അവരുടെ മുഖം വിസ്മയം കൊണ്ട് വിടർന്നു.
"വെള്ളച്ചാട്ടത്തിന്റെയടുത്ത് അദ്ധേഹത്തിന്റെ കാലിൽ വിഷമുള്ളു തറച്ചത് യാദൃശ്ചികമാണോ?"
പിന്നെ ദിവ്യ ചോദിച്ചു.
"ഞാൻ ഇലച്ചാറ് പിഴിഞ്ഞ് അദ്ധേഹത്തിന്റെ മുറിവ് സുഖപ്പെടുത്തിയത് യാദൃശ്ചികമാണോ? കോബ്രാഹിൽസിനു മുകളിലെ പാറമടകൾക്കിടയിലെ ഗുഹയിൽ കയറിയപ്പോൾ തോരാതെ പെയ്ത മഴ യാദൃശ്ചികമാണോ? ഗുഹാഭിത്തിയിലെ ശിൽപ്പങ്ങളിലെ ഋതുപർണ്ണയുടെയും ശാന്തിദേവിന്റെയും മുഖങ്ങളും രൂപവും എന്നെപ്പോലെയും അദ്ധേഹത്തെപ്പോലെയും ഇരിക്കുന്നതും വസന്തോത്സവരാത്രിയിൽ മലവേടത്തമ്പുരാൻ കാലങ്ങൾക്ക് ശേഷം എപ്പോഴോ പുനർജ്ജനിച്ച് വരുന്ന ഋതുവിനും ശാന്തിദേവിനും മാത്രം ഒഴിച്ചിട്ടിരുന്ന ഇരിപ്പിടങ്ങളിൽ ഞങ്ങളെ ഇരുത്തി ബഹുമാനിച്ചതും യാദൃശ്ചികമാണോ? ഇതൊക്കെ യാദൃശ്ചികമാണോ മമ്മീ?"
അവളുടെ ചോദ്യങ്ങൾക്ക് മുമ്പിൽ അവർക്ക് ഉത്തരമുണ്ടായില്ല.

"മമ്മിയെ ഉത്തരം മുട്ടിച്ച് ജയിക്കാൻ പറഞ്ഞതല്ല,"
അവൾ അവരുടെ മുഖം കൈയ്യിലെടുത്തു.
"എന്നെ എളുപ്പത്തിൽ മനസ്സിലാക്കാൻ മമ്മിക്കല്ലാതെ മറ്റാർക്ക് പറ്റും?"
അവൾ അവരുടെ തോളിൽ തല ചായ്ച്ചു.
"മോളെ..എന്റെ മോളെ..."
ശാന്തമായ സ്വരം അവൾ കേട്ടു.
"പക്ഷെ അദ്ദേഹം...?"
ഗായത്രിദേവിയുടെ സ്വരത്തിലെ ഭയപ്പെടുത്തുന്ന ആകാംക്ഷ ദിവ്യ കേട്ടു.
"എന്റെ മനസ്സിൽ എന്താണ് എന്ന് അദ്ധേഹത്തിന് മനസ്സിലായിട്ടില്ല മമ്മി,"
അവൾ തുടർന്നു.
"മനസ്സിലാക്കിയിട്ടുണ്ടെങ്കിൽത്തന്നെ അദ്ദേഹം അത് ഭാവിക്കുന്നില്ല. ഋതു ഒത്തിരി കഷ്ടപ്പെട്ടല്ലേ അദ്ധേഹത്തെ സ്വന്തമാക്കിയത്? അത് പോലെ ഞാനും അദ്ധേഹത്തെ നേടും മമ്മീ....എന്റെ പ്രാർത്ഥനയും വ്രതവും ഒക്കെ അതിനാണ്....ഞാൻ സഹിക്കും....ഞാൻ കഷ്ടപ്പെടും..."
അവൾ ഗായത്രിദേവിയുടെ മാറിൽ മുഖം ചേർത്തു.
"ഏറ്റവും വലുത് നേടുവാൻ ഏറ്റവും കഠിനമായത് ഞാൻ സഹിക്കും,"
ദിവ്യയെ ചുറ്റിപ്പിടിക്കവേ അവർ കേട്ടു.
"ഈശ്വരൻ നിന്നെ തുണയ്ക്കട്ടെ മോളേ,"
അവളെ ചേർത്തുപിടിച്ചുകൊണ്ട് അവർ പറഞ്ഞു.സുഖവും വിശ്രാന്തി നിറഞ്ഞതുമായ ആലിംഗനത്തിന്റെ അനുഭൂതിയിൽ അവരിരുവരും നിറഞ്ഞു.
****************************************
ദിവ്യയുടെ വ്രതനിഷ്ഠകൾ ഗായത്രിദേവിയേയും മുത്തശിയേയും അദ്ഭുതപ്പെടുത്തി.
ബ്രഹ്മമുഹൂർത്തത്തിൽ ഉറക്കമുണർന്ന് കൊട്ടാരത്തിനടുത്ത് മുങ്ങിക്കുളിക്കുന്നതോടെ അതാരംഭിക്കുന്നു.
ഈറൻമാറാതെ തന്നെ പ്രാർത്ഥന.
പൂജാമുറിയിൽ മണിക്കൂറുകളോളം പ്രാർത്ഥനാ നിരതയായിരിക്കും അവൾ.
ദേവീസ്തവങ്ങളാലപിക്കും.
വൃക്ഷപൂജ, പശു പക്ഷി പൂജ എന്നിവയും മുറതെറ്റാതെ അവൾ പാലിച്ച് പോന്നു.
പിന്നെ ജലപാനം പോലും കൂടാതെയുള്ള കഠിന ഉപവാസവും.
പ്രഭാതത്തിൽ തന്നെ പൂജാപുഷ്പങ്ങളുമായി അവൾ രാഹുലിന്റെ കാർട്ടേഴ്സിലേക്ക് പോകും.
അയാളുടെ മുറികളും പരിസരങ്ങളുമെല്ലാം വൃത്തിയാക്കിയിടും.
പൂജാ സമയത്ത് അയാളെ സഹായിക്കും.
രാഹുലും പതിവ് തെറ്റാതെ കൊട്ടാരത്തിൽ എത്തികൊണ്ടിരുന്നു.
ദിവ്യയെ യോഗധ്യാനം പഠിപ്പിക്കാൻ.

സദാസ്വപ്ന ലോകത്തായിരുന്നെങ്കിലും അവൾ അയാളുടെ പാഠങ്ങൾ തെറ്റാതെ അഭ്യസിച്ചു.
അയാളെ സംതൃപ്തനാക്കുന്നതിൽ അവൾ ആനന്ദം കണ്ടെത്തി.
അയാളിൽ നിന്ന് എപ്പോഴും അഭിനന്ദനങ്ങൾ കിട്ടുന്നതിൽ അവൾ വിജയിച്ചു.
മോശം വിദ്യാർഥിനി എന്ന് ഒരിക്കൽപ്പോലും അയാളുടെ മനസ്സിൽ തന്നെക്കുറിച്ച് തോന്നിപ്പിക്കരുതെന്ന് അവൾ സ്വയം നിഷ്ക്കർഷിച്ചിരുന്നു.
********************************************
ഒരു പ്രഭാതത്തിൽ, പതിവ് പോലെ പൂജാപുഷ്പ്പങ്ങളുമായി ദിവ്യ രാഹുലിന്റെ ക്വാർട്ടേഴ്സിലെത്തി.
രാഹുൽ മുറിയിലുണ്ടായിരുന്നില്ല.
ക്വാർട്ടേഴ്സിനു പിമ്പിൽ ഒരു മാന്തോപ്പായിരുന്നു.
അവയിലൊരു മാഞ്ചുവട്ടിന്റെ ചുവട്ടിൽ നിന്നാണ് അയാൾ ഗായത്രി മന്ത്രങ്ങൾ ആലപിച്ചുകൊണ്ടിരുന്നത്.
അയാൾക്ക് പൂർണ്ണ ഏകാഗ്രത ആവശ്യമാണ് എന്നറിയാവുന്നതുകൊണ്ട് ആ സമയത്ത് അവൾ അവിടെ പോകുമായിരുന്നില്ല.
അവൾ പതിവ് പോലെ അയാളുടെ മുറി അടിച്ചുവൃത്തിയാക്കുവാൻ തുടങ്ങി.
രാഹുൽ അവളെ പലതവണ വിലക്കിയിട്ടുള്ളതാണ്.
അവൾ പക്ഷെ അതൊന്നും കൂട്ടാക്കിയില്ല.
അതുകൊണ്ടു തന്നെ അവൾ വരുന്നതിനു മുമ്പുതന്നെ മുറികളെല്ലാം അയാൾ വൃത്തിയാക്കിവെക്കുമായിരുന്നു.
അന്ന് രാഹുലിന്റെ ഓഫീസ് മുറിയിൽ മേശപ്പുറത്ത് പുസ്തകങ്ങൾ ചിതറിക്കിടന്നിരുന്നു.
നിലത്ത് കടലാസ് കഷണങ്ങൾ അവൾ കണ്ടു.
അവൾ ഉടനേ ചൂലെടുത്ത് അതൊക്കെ അടിച്ചുവാരി ഡസ്റ്റ് ബിന്നിലിട്ടു പുറത്ത് കൊണ്ടുപോയി കളഞ്ഞു.
തിരികെ മുറിയിലെത്തി മേശപ്പുറത്തെ പുസ്തകങ്ങൾ അടുക്കിവെയ്ക്കാൻ തുടങ്ങി.
ഒരു വേള പുസ്തകങ്ങൾ ഷെൽഫിൽ ക്രമമായി അടുക്കിവെക്കുന്നതിനിടയിൽ അവളുടെ കൈയിൽ നിന്ന് അയാളുടെ ഒരു ഡയറി താഴേക്ക് വീണു.
പേജുകൾ തുറന്ന് നിലത്ത് വീണ ആ ഡയറിയിൽ നിന്ന് ഒരു കളർ ഫോട്ടോഗ്രാഫ് പുറത്തേക്ക് വീണു.
അത് അവൾ എടുത്തു.
അതിലേക്ക് നോക്കിയ ദിവ്യ വിസ്മയഭരിതയായി.
വിസ്മയം ഓരോ നിമിഷവും പെരുകിനിറയുന്നത് അവൾ അറിഞ്ഞു.
അവൾ ആ ഫോട്ടോയിലെ ആളുകളുടെ മുഖങ്ങളിലേക്ക് സ്വയം മറന്ന് നോക്കിയിരുന്നു.
കാണക്കാണെ അവളുടെ വിസ്മയം അത്യാഹ്ലാദമായി രൂപാന്തരപ്പെട്ടു.

************************************************
നദീ തീരത്ത് അപരാഹ്നത്തിന്റെ നിറവ്.
ദൂരെ മലനിരകളിലും നദിയുടെ തീരങ്ങളെ പുതഞ്ഞുകിടക്കുന്ന പൂക്കളിലും പക്ഷികളിലും ചിത്രശലഭങ്ങളുടെയും തുമ്പികളുടെയും ചലനങ്ങളിലും വസന്തത്തിന്റെ യൌവ്വന ചാരുത.
പുഴയുടെ സംഗീതത്തിലും ഒരു വസന്തഭംഗി.
രാഹുൽ നദീ തീരത്തുകൂടി നടക്കുകയായിരുന്നു.
കറുത്തിരുണ്ട പാറക്കൂട്ടങ്ങൾ നിറഞ്ഞ പുഴയുടെ ഒരു പ്രത്യേകഭാഗത്ത് അയാൾ മിക്ക സായാഹ്നങ്ങളിലും വരാറുണ്ടായിരുന്നു.
മന്ത്രശുദ്ധമായ ആ വിജനതയിൽ ധ്യാനിച്ചിരിക്കുക അയാളുടെ പതിവായിരുന്നു.
പുഴയുടെ വിശാലമായ സ്ഫടികപ്പരപ്പിന്റെ ഇരു വശങ്ങളിലും നിറയെ ദേവദാരുക്കൾ വളർന്നിരുന്നു.
പലരും മുമ്പ് അവിടെ ഒത്തുകൂടുമായിരുന്നു.
എന്നാൽ രാഹുലിന്റെ വരവോടെ അവർ അവിടെ വരുന്നത് നിർത്തി.
അയാളുടെ സിദ്ധിയെപ്പറ്റി കേട്ടറിഞ്ഞ നാട്ടുകാർ ആരും തന്നെ അയാളുടെ ഏകാന്തതയെ ശല്യപ്പെടുത്തിയില്ല.
ഋതുപർണ്ണയുടെയും ശാന്തിദേവിന്റെയും ഐതിഹ്യമറിയാവുന്നവർ അയാൾ ദിവ്യയുമായി ഒരുമിക്കുന്ന നാളിന് വേണ്ടി കാത്തിരുന്നു.
തീരത്ത് പുഴയ്ക്ക് അഭിമുഖമായി ഒരു പാറയുടെ ചുവട്ടിൽ രാഹുൽ ഇരുന്നു.
കണ്ണുകളടച്ചു.
"ഓം ഭൂർ ഭുവസ്വഹ
സത്വവിതുർവരേണ്യം...."
ഗായത്രിമന്ത്രത്തിന്റെ പവിത്ര നാദം അന്തരീക്ഷത്തിൽ നിറഞ്ഞു.
കണ്ണുകളടച്ച് അതിഗാഢമായ തപസ്സിന്റെ അനുഭൂതിയിലേക്ക് അയാൾ മടങ്ങി.
അതിന്റെ തീവ്രതയുടെ മുമ്പിൽ സ്ഥലകാലങ്ങളെല്ലാം പിൻവാങ്ങി.
പെട്ടെന്ന് ഗായത്രിമന്ത്രത്തിന് മേൽ മറ്റൊരു സംഗീതം കടന്നുവരുന്നത് അയാൾ അറിഞ്ഞു.
ഒരു സ്ത്രീസ്വരം!
ആ സംഗീതത്തിൽ കാമമോഹിതമായ ഒരു ലയവും ഭാവവും രാഹുൽ അറിഞ്ഞു.
അയാൾ മന്ത്രോപാസന തുടർന്നു.
പക്ഷെ അകലെ നിന്ന് വരുന്ന ആ സംഗീതം വീണ്ടും തടസ്സം സൃഷ്ടിക്കുന്നു.
അപ്രതിരോധ്യമായി അത് തനിക്ക് ചുറ്റും വളരുന്നു.
അയാൾ കണ്ണുകൾ തുറന്നു.
പാട്ട് കേൾക്കുന്ന ഭാഗത്തേക്ക് നോക്കി.
ആരെയും കാണാനില്ല.
പക്ഷെ ആ പാട്ടിന്റെ ഭാവതീവ്രത വർധിക്കുന്നു.
പെട്ടന്നയാൾ ശബ്ദത്തിന്റെ ഉടമയെ തിരിച്ചറിഞ്ഞു.

ദിവ്യ!
അവൾ നന്നായി പാടുമെന്ന് അയാൾ അറിഞ്ഞിരുന്നു.
മെട്രോപ്പോലിറ്റൻ ക്ലബ്ബിന്റെ വാർഷികത്തിന് അയാൾ അവളുടെ പാട്ട് കേട്ടിരുന്നു.
പിന്നെ മുമ്പൊരിക്കൽ കോബ്രാഹിൽസിൽ പോയപ്പോൾ അദ്ഭുതപ്പെടുത്തുന്ന മറ്റൊരു പ്രകടനവും അയാൾ കണ്ടിരുന്നു.
അവിടെ ചിലവഴിച്ച് സമയത്ത് താൻ ആവശ്യപ്പെട്ടിട്ട് അവൾ ചില കീർത്തനങ്ങളും പാടിയിരുന്നു.
അതേ, ഇത് ദിവ്യയാണ്. അവളുടെ സംഗീതത്തിൽ പ്രതിരോധിക്കാനാവാത്ത ഒരു വശ്യതയുണ്ടെന്ന് രാഹുൽ തിരിച്ചറിഞ്ഞു.
അയാൾ എഴുന്നേറ്റു.
താൻ ഇതുവരെ അറിഞ്ഞിട്ടില്ലാത്ത ഒരു പുതിയ മന്ത്രമാണ് അതെന്ന് അയാൾക്ക് തോന്നി.
രാഹുൽ പാട്ട് കേൾക്കുന്ന ദിക്കിലേക്ക് നടന്നു.
ശബ്ദം ഇപ്പോൾ തൊട്ടടുത്താണ്.
അയാൾ ചുറ്റും നോക്കി.
പെട്ടെന്നയാൾ പിടിച്ചു നിർത്തിയത് പോലെ നിന്നു.
താൻ ഇതുവരെ കണ്ടിട്ടില്ലാത്ത അറിഞ്ഞിട്ടില്ലാത്ത ഒരു വിസ്മയ ദൃശ്യം.ഇന്ദ്രിയങ്ങളെ വിഭ്രാമിപ്പിക്കുന്ന അതിസുന്ദരമായ ഒരു കാഴ്ച്ച!
പുഴയുടെ നീലപ്പരപ്പിൽ അരയൊപ്പം വെള്ളത്തിൽ ദിവ്യ!
കാർകൂന്തൽ കെട്ടഴിഞ്ഞ് പിമ്പിൽ പടർന്ന് കിടക്കുന്നു.
ചുവന്ന ബ്രായും ലോങ്ങ് സ്കർട്ടും അവൾ ധരിച്ചിരുന്നു.
അനുപമവും വിലോഭനീയവുമായ നിറമാറിന്റെ ഭംഗിയിൽ ഒരു നിമിഷം അയാളുടെ കണ്ണുകൾ തറഞ്ഞു.
അയാളുടെ കണ്ണുകൾ തന്റെ മാറിൽ പതിഞ്ഞപ്പോൾ പുഷ്പ സൌരഭ്യമേറ്റ് മാർമുത്തുകൾ തുടുക്കുന്നത് ദിവ്യ അറിഞ്ഞു.
അയാളുടെ കണ്ണുകളിലേക്കും പിന്നെ മിഴികൾ താഴ്ത്തി അവൾ സ്വന്തം മാറിലേക്ക് നോക്കി.
പിന്നെ തപിക്കുന്ന ഹൃദയത്തോടെ, കാമസുഗന്ധിയായ മിഴികളോടെ, പ്രണയപാരവശ്യത്താൽ വിതുമ്പിവിറയ്ക്കുന്ന ചുണ്ടുകളോടെ അവൾ വീണ്ടും അയാളുടെ കണ്ണുകളിലേക്ക് നോക്കി.
അയാളുടെ കണ്ണുകൾ പിന്നെ ശില്പ്പഭംഗിയുള്ള അവളുടെ ഉടലിന്റെ നഗ്നതയിൽ പതിഞ്ഞു.
പൊക്കിൾക്കൊടിയിൽ.
നനഞ്ഞൊട്ടിയ സ്കർട്ടിലൂടെ കാണാവുന്ന തുടകളുടെ മാദകഭംഗിയിൽ.
ദിവ്യ കൈയുയർത്തി വിടർന്ന് പടർന്ന തലമുടി മാടിയൊതുക്കി.
തന്റെ കണ്ണുകളിലും നിശ്വാസത്തിലും തപം നിറയുന്നത് അയാൾ അറിഞ്ഞു.
ഇതുവരെ അറിയാത്ത ഒരഗ്നിയുടെ ചൂട് ധമനികളിലേക്ക് സംക്രമിക്കുന്നു.

ശരീരത്തിൽ, ആത്മാവിന്റെ നിഗൂഡ ഇടങ്ങളിൽ ഇതുവരെ ദൃശ്യമാകാത്ത മോഹന വർണ്ണങ്ങൾ പടർന്നിറങ്ങുന്നു.
ഒരു ഉൾത്തരിപ്പ്...!
ഒരു ദാഹം...!
ജലരാശിയുടെ കുളിരാർന്ന ആഴങ്ങളിൽ നിന്ന് ഉയർന്ന് അവൾ വെള്ളം തെറിപ്പിച്ച് ഉയരുന്നു.
തലമുടിയുലച്ച്, പരിസരം മറന്ന് സ്വപ്ന സദൃശ്യമായ ചലനങ്ങളോടെ നനഞ്ഞൊട്ടിയ വസ്ത്രങ്ങളിലൂടെ പുറത്ത് കാണപ്പെടുന്ന വശ്യമാദകത്വമിളക്കി, തലോടി....
അവൾ പാടി...
പ്രണയത്തിന്റെ താപവും കിതപ്പും കാമത്തിന്റെ ഗ്രീഷ്മ സ്പർശവും ദിവ്യത്വവും നിറഞ്ഞ ഒരു ഗാനം....
ചേതോഹരമായ സുഖാനുഭൂതി അവളുടെ മുഖത്ത് നിറഞ്ഞു.
രാഹുൽ മുമ്പോട്ട് നടന്നു.
അവളുടെ നേരെ.
തീരത്ത് നിന്ന് അയാൾ നദിയിലേക്കിറങ്ങി.
കാലുകൾ വെള്ളത്തിൽ തട്ടിയപ്പോൾ അയാൾ പെട്ടെന്ന് നിന്നു.
തൊട്ടുമുമ്പിൽ നിൽക്കുന്ന ദിവ്യയെ അയാൾ ഉറ്റുനോക്കി.
പാട്ടിന്റെ ലഹരിനിറഞ്ഞ ഒരു വേള ദിവ്യ കണ്ണുകൾ തുറക്കുമ്പോൾ മുമ്പിൽ രാഹുൽ നിൽക്കുന്നത് കണ്ടു.
അയാളുടെ കണ്ണുകൾ അവളുടെ കണ്ണുകളോടിടഞ്ഞു.
അയാൾ തന്റെ കണ്ണുകളിൽ എന്തോ തിരയുന്നത് അവൾ കണ്ടു.
അയാൾ എന്തോ കണ്ടെത്താൻ ശ്രമിക്കുന്നു.
എന്തോ അന്വേഷിക്കുന്നു.
തന്റെ ശരീരം അടിമുടിപൂത്തുലയുന്നതും തപഗ്രസ്തമാകുന്നതും അവൾ അറിഞ്ഞു.
അവൾ പതിയെ മുഖം കുനിച്ചു.
അൽപ്പം കഴിഞ്ഞ് മുഖമുയർത്തുമ്പോൾ അവൾ അയാളെ കണ്ടില്ല.
**********************************************
രാഹുലിന്റെ മനസ്സ് നിറയെ ദിവ്യ മാത്രമായിരുന്നു.
ഒരു പുരാവൃത്തത്തിൽ വർണ്ണിക്കപ്പെട്ട അകാലമൃത്യുവടഞ്ഞ ഒരു യുവസന്ന്യാസിയുടെ പുനർജ്ജനിയാണോ താൻ?
കാലത്തിന്റെ തിരശീലകൾക്കപ്പുറത്ത് തുടങ്ങി പൂർത്തിയാക്കപ്പെടാത്ത ഒരു പ്രണയ നാടകത്തിലെ ബാക്കിപത്രമാണോ തന്റെ ജന്മം?
അയാൾക്ക് ഉത്തരം കിട്ടിയില്ല.
അല്ലെങ്കിൽ ഒരു തപസ്വിയായ താൻ എന്തിനിവിടെ വന്നു?
ഒരു തപസ്വിയുടെ പുനർജ്ജനി കാത്തുകഴിയുന്ന ഒരു പെൺകുട്ടിയെ താൻ എന്തിന് കണ്ടു?

അൽപ്പം മുമ്പ് നദീ തീരത്ത് വെച്ച് താൻ എന്തിന് അവളുടെ പാട്ട് പിന്തുടർന്നു?
അവളുടെ സൌന്ദര്യത്താൽ താൻ എന്തിന് പ്രലോഭിതനായി?
തന്റെ ബ്രഹ്മചര്യ ശക്തി ഇവളുടെ മുമ്പിൽ മാത്രം എന്ത് കൊണ്ട് ദുർബലമാകുന്നു?
കോബ്രാഹിൽസിലേക്കുള്ള യാത്ര അയാളോർത്തു.
സംഭവങ്ങളോരോന്നും.
ഹൌ കുഡ് ഇറ്റ് ബീ കോയിൻസിഡന്റൽ?
അയാൾ സ്വയം ഉരുവിട്ടു.
അൽപ്പം മുമ്പ് വരെ ദിവ്യ ഒരു നല്ല സുഹൃത്തിനെപ്പോലെയായിരുന്നു.
അവളെക്കുറിച്ച് കേട്ടറിഞ്ഞത്, വായിച്ചറിഞ്ഞത്, അവളുടെ അസാമാന്യബുദ്ധിവൈഭവം, എല്ലാം തനിക്കവളെ ഗുരുശിഷ്യബന്ധത്തിനപ്പുറം നല്ലൊരു സുഹൃത്തായി കാണുന്നതിന് തടസ്സമായില്ല.
എന്നാൽ പുതിയ സംഭവം എല്ലാ കാഴ്ച്ചപ്പാടുകളെയും മാറ്റിമറിക്കുന്നു.
അവളുടെ കണ്ണുകളിൽ കത്തിനിന്ന വികാരം!
അതിപ്പോഴും തന്റെ മുമ്പിലുണ്ട്.
അതിപ്രശസ്തമായ ഒരു രാജവംശത്തിലെ അവസാനത്തെ കണ്ണി.
ഗണിതശാസ്ത്രത്തെ വിസ്മയിപ്പിക്കുന്നത്ര സമ്പത്തിന്റെ ഏക അവകാശി.
അവൾ തന്നെപ്പോലെ ഒരു തപസ്വിയെയാണോ കാമിക്കുന്നത്?
ജീവിത സഖിയാക്കാൻ കൊതിക്കുന്നത്?
"എന്റെ അറിവിൽ മെറ്റാഫിസിക്കലായ ഇത്തരം സംഭവങ്ങൾ അപൂർവ്വമായെങ്കിലും സംഭവിച്ചിട്ടുണ്ട്,"
ഫാദർ ഗബ്രിയേലിന്റെ ശബ്ദം രാഹുലിനെ ചിന്തയിൽ നിന്നുമുണർത്തി.
അപ്പോഴാണ് അയാൾക്ക് പരിസരബോധമുണ്ടാകുന്നത്.
അദ്ദേഹം തന്റെ മുഖത്തേക്ക് തന്നെ നോക്കിയിരിക്കയാണ്.
"മെറ്റാഫിസിക്കലെന്നു ഞാനുദ്ദേശിച്ചത് ദിവ്യയുടെ ഫാമിലി ലെജൻഡ്. ഋതുപർണ്ണ. ശാന്തിദേവ്. ശാന്തിദേവിന്റെ അച്ഛന്റെ ശാപം. ശാപമനുസരിച്ചുള്ള ശാന്തിദേവിന്റെയും ഋതുപർണ്ണയുടെയും പുനർജ്ജനി. ഇവിടുത്തെ ചിലരുടെ നിരീക്ഷണങ്ങളനുസരിച്ചും എന്റെ കാഴ്ച്ചപ്പാടിലും ആ ശാപം പൂർണ്ണമായി..."
രാഹുൽ ചോദ്യരൂപത്തിൽ ഫാദർ ഗബ്രിയേലിനെ നോക്കി.
"ദിവ്യയാണ് ഋതു. ശാന്തിദേവ്..."
അദ്ദേഹം രാഹുലിനെ ഒരു നിമിഷം നോക്കി.
"....നിങ്ങളാണ്...മിസ്റ്റർ രാഹുൽ നാരായണൻ ആ ശാന്തിദേവ്...!"
"ഫാദർ..!"
ഫാദർ ഗബ്രിയേലിന്റെ കണ്ണുകളിൽ നിന്ന് രാഹുൽ നോട്ടം മാറ്റിയില്ല.
അൽപ്പം കഴിഞ്ഞ് ഫാദർ ഗബ്രിയേൽ പോയി.
സംഘർഷഭരിതമായ ചിന്തകളോടെ രാഹുൽ കസേരയിൽ തന്നെയിരുന്നു.

വിയന്നയിലും പ്രാഗിലും സ്റ്റോക്ക്ഹോമിലും ചിക്കാഗോയിലും നോയിഡയിലും ബാംഗ്ളൂരിലും തന്റെ വാക്കുകൾക്ക് കാത്തിരുന്ന പതിനായിരങ്ങളെ അയാൾ ഓർത്തു.
പിന്നെ ചില പ്രത്യേക മുഖങ്ങൾ കടന്നുവന്നു.
മാളവിക ഗുപ്ത, നിഷാ ഖന്ന, ജൂലിയാ മൂർ, സ്മിതാ ബാനർജി...
പിന്നെ?
അയാൾ ഏഞ്ചൽ രാജകുമാരിയെ ഓർത്തു.
പെട്ടെന്ന് ഏഞ്ചൽ രാജകുമാരിയുടെ മുഖത്തിന്റെ സ്ഥാനത്ത് ദിവ്യയുടെ മുഖം കടന്നുവന്നു.
ദിവ്യാ രാജകുമാരി.
ആ മുഖം മായാതെ മനസ്സിൽ നിൽക്കുന്നു.
പ്രണയ ദാഹമിറ്റുന്ന അവളുടെ നീൾമിഴികൾ...
കാമാവേശത്തിന്റെ അമൃതകണങ്ങളിറ്റുന്ന അധരം...
ഇന്ദ്രിയങ്ങളിൽ അഗ്നിസ്ഫോടനം നിറയ്ക്കുന്ന ശരീര കാന്തി....
എത്ര ശ്രമിച്ചിട്ടും മനസ്സിൽ നിന്ന് അവളുടെ സാന്നിധ്യം അസ്തമിക്കുന്നില്ല.
അയാൾ കണ്ണുകൾ തുറന്നപ്പോൾ മുമ്പിൽ ദിവ്യ നിൽക്കുന്നതാണ് കണ്ടത്.
ആദ്യം അതൊരു സ്വപ്നമായിട്ടാണ് അയാൾക്ക് തോന്നിയത്.
അൽപ്പം ദൂരെ നിലാവിൽ പുതഞ്ഞുനിൽക്കുന്ന പള്ളിയുടെ ഗോഥിക് പശ്ചാത്തലത്തിൽ ചുവന്ന ചുരിദാറും ഷാളുമണിഞ്ഞ്, പുഞ്ചിരിച്ചുകൊണ്ട് അവൾ നിൽക്കുന്നു.
അതൊരു സ്വപ്നമല്ല എന്ന് തിരിച്ചറിയുന്നത് വരെ അയാൾ അവളെ കണ്ണിമയ്ക്കാതെ നോക്കി.
"ങ്ഹാ, ദിവ്യ,"
അയാൾ എഴുന്നേറ്റു.
"എന്ത് പറ്റി, സാർ?"
അവൾ അകത്ത് കടന്നു.
"ഏയ്...ഒന്നുമില്ല,"
അവളുടെ കയ്യിൽ ഒരു ടിഫിൻ കാരിയർ അയാൾ കണ്ടു.
അയാൾക്ക് ഭക്ഷണം രാജശേഖര വർമ്മയുടെ വീട്ടിൽ നിന്നാണ് കൊണ്ടുവരുന്നത്, എന്നും.
ജോലിക്കാരായിരുന്നു രാത്രിയിലെ ഭക്ഷണം ഇതുവരെ കൊണ്ടുവന്നിരുന്നത്.
എന്നാൽ ആ പതിവ് തെറ്റിച്ചുകൊണ്ട് ഇന്ന് ദിവ്യ തന്നെ അയാൾക്ക് അത്താഴം കൊണ്ടുവന്നിരിക്കുന്നു.
"സാർ, കൈ കഴുകൂ...വരൂ...ഞാൻ സെർവ് ചെയ്യാം,"
അവൾ കരിയറുമായി അകത്തേക്ക് പോയി.
അയാൾ കയ്യും മുഖവും കഴുകി വന്നപ്പോഴേക്കും അവൾ ഡൈനിംഗ് ടേബിളിൽ ഭക്ഷണം വിളമ്പി വെച്ച് കഴിഞ്ഞിരുന്നു.

"ദിവ്യ കഴിച്ചുവോ?"
ഭക്ഷണത്തിന് മുമ്പിൽ ഇരുന്നുകൊണ്ട് രാഹുൽ ചോദിച്ചു.
"ഇല്ല, ഞാൻ ചെന്നിട്ട് ...ഡാഡീടേം മമ്മീടെം കൂടെ..."
തൈര് നിറച്ച പാത്രം അടുപ്പിച്ചു വെച്ചുകൊണ്ട് അവൾ പറഞ്ഞു.
"ഇപ്പോൾ ഭക്ഷണമൊന്നും കഴിക്കുന്നില്ല, സദാ സമയവും ഉപവാസമാണ് എന്നൊക്കെ കേട്ടു..."
അയാൾ ചോദ്യ രൂപത്തിൽ അവളെ നോക്കി.
അയാളുടെ നോട്ടത്തെ അവൾ പുഞ്ചിരികൊണ്ട് നേരിട്ടു.
അപ്പോഴും അയാൾ കണ്ടു അവളുടെ നീൾമിഴികളിൽ പെരുകി നിറയുന്ന ദാഹം.
അയാൾ കഴിക്കുന്നത് അവൾ നോക്കി നിന്നു.
അയാൾക്ക് വേണ്ട വിഭവങ്ങളൊക്കെ സമയാസമയം അവൾ വിളമ്പി.
വിഭവങ്ങൾ പലതും അവൾ നിർബന്ധപൂർവ്വം അയാളെ കഴിപ്പിച്ചു.
അവസാനം ഒരു ചെറിയ സ്റ്റീൽ പാത്രത്തിൽ നിറയെ പായസം അവൾ അയാളുടെ നേരെ നീട്ടി.
"പായസമോ? എന്താ വിശേഷിച്ച്?"
അത് രുചിച്ചുകൊണ്ട് അയാൾ ചോദിച്ചു.
"വിശേഷിച്ച് ഒന്നുമില്ല, സാർ,"
"നന്നായിരിക്കുന്നു. തമ്പുരാട്ടിയോട് പറയണം,"
"മമ്മിയല്ല ഉണ്ടാക്കിയത്,"
"പിന്നെ?"
"ഞാനാണ്,"
നേരിയ പുഞ്ചിരിയോടെ അവൾ പറഞ്ഞു.
നോട്ടത്തിൽ ഇപ്പോഴും അതേ ചൂട്.
"ഉവ്വോ? വളരെ നന്നായിരിക്കുന്നു,"
"സാറിന് ശരിക്കും ഇഷ്ടപ്പെട്ടോ?"
പായസം കുടിച്ച് കഴിഞ്ഞ് വാഷ്ബേസിനിലേക്ക് കൈകഴുകുവാൻ രാഹുൽ നീങ്ങിയപ്പോൾ അവൾ ചോദിച്ചു.
"പിന്നെന്താ,"
കൈകഴുകിക്കഴിഞ്ഞ് തുടച്ചുകൊണ്ട് അയാൾ പറഞ്ഞു.
"ദിവ്യയ്ക്കിത്രയും നന്നായി പാകം ചെയ്യാനൊക്കെ അറിയുമായിരുന്നോ?"
അവൾ അയാളുടെ കണ്ണുകളിലേക്ക് നോക്കി.
അവളുടെ തരളമിഴികളിലെ വികാരത്തിന്റെ നക്ഷത്രത്തിളക്കമേറി.
"ഇനിയും ഞാനുണ്ടാക്കട്ടെ സാറിന് വേണ്ടി?"
വാഷ്ബേസിനിൽ പാത്രങ്ങൾ ഓരോന്നും കഴുകുന്നതിനിടയിൽ അയാളുടെ മുഖത്ത് നോക്കി അവൾ ചോദിച്ചു.
അവളുടെ ശബ്ദം താപഗ്രസ്തമായിരുന്നു.
"അത് വേണ്ട ബുദ്ധിമ്മുട്ടാവും,"

"തിരികെ കസേരയിലിരുന്ന് അയാൾ പറഞ്ഞു.
"ഇല്ല,"
നോട്ടം മാറ്റാതെ അവൾ പറഞ്ഞു.
"ഞാനിനിയും അങ്ങേക്ക് വേണ്ടി ഭക്ഷണമുണ്ടാക്കും,"
അവളുടെ സ്വരത്തിലൂറിക്കിടക്കുന്ന ഊഷ്മാവ് തന്നെ തോട്ടത് രാഹുൽ അറിഞ്ഞു.
അവൾ പാത്രങ്ങൾ വൃത്തിയായി കഴുകി.
എല്ലാം ഒരു ബാസ്ക്കറ്റിൽ വെച്ചു.
"...അങ്ങ് അനുവദിച്ചില്ലെങ്കിലും ഇഷ്ടപ്പെട്ടില്ലെങ്കിലും..."
ദിവ്യ കതകിന്റെ പടിയിൽ നിന്ന് അയാളെ നോക്കി.
രാഹുൽ ജഗ്ഗിൽ നിന്ന് ഗ്ലാസ്സിലേക്ക് വെള്ളമൊഴിച്ചു.
പിന്നെ കുടിക്കാൻ തുടങ്ങി.
"....കാരണം ....ഞാൻ...."
വികാര വിക്ഷോഭത്താൽ അവളുടെ മാറിടം ഉയർന്ന് താഴുന്നത് അയാൾ കണ്ടു.
"...ഞാൻ സാറിനെ ...എനിക്ക് ....എന്റെ ജീവനെക്കാൾ ....എനിക്ക് ....ഇഷ്ടം ....ഇഷ്ടമാണ്....സ്നേഹമാണ് ....."
രാഹുലിന്റെ മുഖം ഉയരുന്നതവൾ കണ്ടു.
"...എനിക്കങ്ങയെ ....എനിക്ക് ...വേണം ...സ്വന്തമായി...."
രാഹുൽ എഴുന്നേറ്റു.
അയാളുടെ കണ്ണുകളിലെ വികാരമെന്തെന്ന് അവൾക്ക് തിരിച്ചറിയാനായില്ല.
പക്ഷെ ക്രമേണ അത് അവൾക്ക് മുമ്പിൽ ദൃശ്യമായി.
അയാളുടെ കണ്ണുകളിൽ അഗ്നിയിരമ്പുകയാണ്!
ദഹിപ്പിക്കുന്ന ക്രോധാഗ്നി!
"ഭക്ഷണമൂട്ടിയ കൈകളെ ശപിക്കാൻ വൈദികനാവില്ല,"
ദൃഢതയാർന്ന വാക്കുകൾ അവൾ കേട്ടു.
"പക്ഷെ ധാർമ്മിക നിയമങ്ങളെ കീഴ്മേൽ മറിക്കാൻ ഭക്ഷണത്തിലൂടെപ്പോലും തന്ത്രങ്ങൾ തേടുന്ന നിനക്ക് മാപ്പ് തരാനും എനിക്ക് കഴിയുന്നില്ല. ഒന്ന് മാത്രം ..ഒരുകാര്യം മാത്രം ഞാൻ നിന്നോട് പറയുന്നു..."
അയാൾ പുറത്തേക്ക് വിരൽ ചൂണ്ടി.
"നീ വന്ന വഴിയാണിത്,"
കണ്ണുകളിൽ അഗ്നിസ്ഫുലിംഗങ്ങളോടെ അയാൾ തുടർന്നു.
"തിരിച്ചു പോവുക! ഇനിയൊരിക്കലും ഇവിടെ വരാതിരിക്കാൻ! എന്നെ കാണാതിരിക്കാൻ!"
അയാളുടെ കണ്ണുകളിലെ അഗ്നി നക്ഷത്രങ്ങളിലെ അപാരപ്രഭയെ നേരിടാനാവാതെ ദിവ്യ മുഖം കുനിച്ചു.
പ്രഭാതം.

തലേ രാത്രിയിലെ അപ്രതീക്ഷിതവും അസുഖകരവുമായ സംഭവമോർത്ത് ചിന്താകുലനായിരുന്ന രാഹുലിനെ ഉണർത്തിയത് പുറത്ത് വന്ന് നിന്ന കാറിന്റെ ശബ്ദമാണ്.
ഡ്രൈവിംഗ് സീറ്റിൽ നിന്ന് ഗായത്രി ദേവി ഇറങ്ങുന്നത് രാഹുൽ കണ്ടു.
അതിന് ശേഷം രാജശേഖര വർമ്മയുടെ വീട്ടിൽ താൻ കണ്ടിട്ടുള്ള ഒരു പരിചാരികയേയും.
അവരിരുവരേയും കണ്ട് അയാൾ അദ്ഭുതപ്പെട്ടു.
താൻ പ്രതീക്ഷിച്ചത് രാജശേഖര വർമ്മയെയാണ്.
അവരിരുവരും രാഹുലിന്റെ ക്വാർട്ടേഴ്സിനെ സമീപിച്ചു.
"പ്രണാമം ഗുരുജി,"
തൊഴുകൈകളോടെ ഗായത്രി ദേവി പറഞ്ഞു.
"പ്രണാമം, തമ്പുരാട്ടി വരൂ,"
രാഹുൽ എഴുന്നേറ്റ് നിന്ന് അവരെ സ്വാഗതം ചെയ്തു.
"അവിടുത്തെ കൽപ്പനയുണ്ടായിരുന്നു..."
അവർ ആകാംക്ഷയോടെ പറഞ്ഞു.
"....ഇവിടെം വരെ വരാൻ...."
രാഹുൽ അവരെ ശാന്തമായ ഭാവത്തോടെ നോക്കി.
"തമ്പുരാൻ സ്ഥലത്തില്ലേ?"
അയാൾ ചോദിച്ചു.
"അദ്ദേഹം ഇന്ന് രാവിലെ പോയി,"
അവർ അറിയിച്ചു.
"രണ്ടു മൂന്ന് ദിവസങ്ങൾ കഴിഞ്ഞേ വരികയുള്ളൂ. സ്റ്റേറ്റ്സിലാണ്,"
രാഹുൽ ഒന്ന് രണ്ടു നിമിഷത്തേക്ക് നിശബ്ദനായി.
"തമ്പുരാട്ടി ഇരിക്കൂ,"
അതിന് ശേഷം ഇരിപ്പിടം കാണിച്ചുകൊണ്ട് രാഹുൽ പറഞ്ഞു.
"എനിക്ക് പറയാനുള്ളത് അൽപ്പം ഗൌരവമുള്ള കാര്യമാണ്,"
അയാൾ പരിചാരികയെ നോക്കി.
"ഇവൾ വിശ്വസ്തയാണ്,"
അവളെ നോക്കി ഗായത്രി ദേവി പറഞ്ഞു.
"അവിടുന്ന് പറയണം,"
രാഹുൽ കസേരയിൽ ഇരുന്നു.
അയാൾക്കഭിമുഖമായി മേശക്കിപ്പുറത്ത് അവരും.
പരിചാരിക ഗായത്രി ദേവിയുടെ പിമ്പിൽ നിന്നു.
രാഹുൽ ഒന്ന് രണ്ടു നിമിഷം ചിന്താകുലനായി.
"മഹാ മൃത്യുഞ്ജയ യാഗം ഒരാസാധാരണ യാഗമാണ്,"
അതിന് ശേഷം ഗായത്രി ദേവിയുടെ മുഖത്ത് നോക്കി ഓആൽ പറഞ്ഞു.
ഗായത്രി ദേവി ജാഗ്രതയോടെ ശ്രദ്ധിച്ചു.

"ബ്രഹ്മനിഷ്ഠകളും തപോബലവും പുരോഹിതനുണ്ടായിരിക്കണം. പുരോഹിതൻ മലിനപ്പെട്ടാൽ യാഗത്തിന് ഫലസിദ്ധിയുണ്ടാവില്ല,"
രാഹുൽ തന്റെ സ്വരം മൃദുലമാക്കാൻ ശ്രമിച്ചു.
"ഞാൻ പറഞ്ഞു വരുന്നത് ദിവ്യയെക്കുറിച്ചാണ്,"
അയാൾ തുടർന്നു.
"നല്ല കുട്ടിയാണവൾ. ഈശ്വരാംശമേറെയുള്ളവൾ. സുകൃതികളായ മാതാ പിതാക്കൾക്കെ അവളെപ്പോലെ ഒരു മകൾ ജനിക്കൂ. പക്ഷേ..."
ഗായത്രി ദേവിയുടെ മുഖത്ത് ആകാംക്ഷ നിറയുന്നത് അയാൾ കണ്ടു.
"പക്ഷെ ആ കുട്ടിയ്ക്ക് ഞാനൊരു തപസ്വിയാണെന്നോ വൈദികനാണെന്നോ ബ്രഹ്മനിഷ്ഠകൾ പാലിക്കുന്ന ഒരു പുരോഹിതനാണെന്നോ ചിന്തകളില്ല,"
ഗായത്രി ദേവി ശിരസ്സ് കുനിച്ചു.
താൻ പറഞ്ഞു വരുന്നത് അവർക്ക് മനസ്സിലാകുന്നുണ്ടെന്ന് രാഹുൽ അറിഞ്ഞു.
"തമ്പുരാട്ടി ദിവ്യയുടെ അമ്മയാണ്. ഒരു മകളെ ഫലപ്രദമായി സ്വാധീനിക്കാനും തിരുത്താനും മനസ്സിലാക്കാനും കഴിയുന്നത് അമ്മേയ്ക്കാണ്. ഞാൻ പറഞ്ഞു വരുന്നത് തമ്പുരാട്ടിക്ക് മനസ്സിലാവുന്നുണ്ടോ?"
"ഉവ്വ്,"
മുഖമുയർത്തി അവർ പറഞ്ഞു.
ഒരു നിമിഷത്തെ നിശബ്ദത അവർക്കിടയിൽ നിറഞ്ഞു.
"എനിക്കാ കുട്ടിയോട് ദേഷ്യമോ വെറുപ്പോ ഒന്നുമില്ല. ഒരു വൈദികൻ അങ്ങനെയായിരിക്കാൻ പാടില്ല. പക്ഷെ ആ കുട്ടി എന്നെക്കുറിച്ച് സങ്കൽപ്പിക്കുന്നത് പോലെയായിത്തീരാൻ എനിക്ക് കഴിയില്ല. ഞാൻ മനസ്സിലകിയിടത്തോളം കുമാരി പെട്ടെന്ന് പിന്തിരിയുമെന്നും തോന്നുന്നില്ല,"
ഗായത്രി ദേവിയിൽ നിന്നും ഒരു ദീർഘ നിശ്വാസം അയാൾ കേട്ടു.
"തമ്പുരാട്ടി ദിവ്യക്ക് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കികൊടുക്കണം. ഉപദേശിക്കണം. തിരുത്തണം,"
"ഉവ്വ്,"
വീണ്ടും അൽപ്പ നിമിഷങ്ങളുടെ നിശബ്ദത കടന്നുവന്നു.
"...എങ്കിൽ ഞാൻ,"
തൊഴു കൈകളോടെ ഗായത്രി ദേവി എഴുന്നേറ്റു.
രാഹുലും.
വാതിൽക്കലോളം നടന്നിട്ട് അവർ തിരിഞ്ഞു നിന്നു.
അവർ രാഹുലിന്റെ കണ്ണുകളിലേക്ക് നോക്കി.
"ദിവ്യയെ ഞാൻ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാം,"
അവർ രാഹുലിനോട് പറഞ്ഞു.
"ഉപദേശിക്കാം. തിരുത്താൻ പ്രേരിപ്പിക്കാം. എന്നെയും അവളുടെ അച്ഛനേയും അവൾ ഒരുപാട് സ്നേഹിക്കുന്നത് കൊണ്ട് ഇപ്പോൾ അതിനേക്കാൾ അങ്ങനെ സ്നേഹിക്കുന്ന അവൾ ചിലപ്പോൾ ആ സ്വപ്നം ഉപേക്ഷിച്ചേക്കാം.."

അവരുടെ സ്വരത്തിൽ നനവൂറുന്നത് അയാൾ അറിഞ്ഞു.
"പക്ഷെ..."
ഗായത്രി ദേവി രാഹുലിന്റെ കണ്ണുകളിലേക്ക് നോക്കി.
"...പക്ഷെ അങ്ങ് പറയണം.ഇനിയേത് ജന്മത്താണ്, ഈ ജന്മങ്ങളത്രയും എന്റെ കുട്ടി സഹിച്ച വേദനയ്ക്കും വിരഹത്തിനും കണ്ണുനീരിനും ഒരു മോചനം?"
ആ കഥം കഥയുടെ സങ്കീർണ്ണതയ്ക്ക് മുമ്പിൽ ഉത്തരമില്ലാത്തവനായി രാഹുൽ നിന്നു.

അന്ന് രാഹുൽ ലീവിൽ ആയിരുന്നു.
കോളെജിന്റെ പരിസരത്ത് പകൽ സമയം ആരും അയാളെ കണ്ടില്ല.
നദീ തീരത്തെ പ്രശാന്തതയിൽ അസ്വാസ്ഥ്യമിറക്കിവെക്കാൻ അയാൾ ആഗ്രഹിച്ചു.
നദീ തീരങ്ങൾക്കും പർവ്വത ശ്രുംഗങ്ങൾക്കും ആരണ്യ ഗഹനതയ്ക്കും മാത്രമേ ആ ഒരു ഔഷധഗുണമുള്ളൂ.
മനസ്സിന്റെ ഭാരങ്ങളെ നിർമ്മൂലനം ചെയ്യുന്ന ഗുണം.
ഗായത്രി ദേവിയുടെ ചോദ്യം രാഹുലിനെ കുഴക്കി.
മുൻ നിശ്ചയിക്കപ്പെട്ട ഒരു പദ്ധതിപ്രകാരം എല്ലാവരും അഭിനയിക്കുകയാണെന്നു അയാൾക്ക് തോന്നി.
ഇനി ഗുരുജിയും അപ്രകാരം തന്നെ ചിന്തിക്കുന്നുണ്ടാവുമോ?
അദ്ദേഹം സമീപത്തുണ്ടായിരുന്നെങ്കിൽ എന്ന് രാഹുൽ ആഗ്രഹിച്ചു.
ഇൻഡോറിൽ ഒരു പ്രഭാഷണ പരമ്പരക്ക് പോയിരിക്കയാണ് അദ്ദേഹം.
തിരിച്ചു വരാൻ നാലഞ്ചു ദിവസങ്ങൾ കൂടി കഴിയുമെന്നാണ് കഴിഞ്ഞ ദിവസം അദ്ദേഹം അറിയിച്ചത്.
നദീ തീരത്ത് കൂടി ചിന്തവിഷ്ടനായി അയാൾ നടന്നു.
തിരിച്ചു പോവുക തന്നെ.
അയാൾ തീർച്ചപ്പെടുത്തി.
ശാന്തിപുരത്തെ തന്റെ നാളുകൾ അവസാനിച്ചിരിക്കുന്നു.
അല്ലെങ്കിലും അനികേതനാണ് താൻ.
അനികേത്.
നികേതങ്ങളില്ലാത്തവൻ.
വീടില്ലാത്തവൻ.
അല്ലെങ്കിൽ ലോകത്തെ മുഴുവൻ വീടായി സ്വീകരിക്കേണ്ടവാൻ.
മടങ്ങുക -
നർമ്മദയുടെ, ഗോദാവരിയുടെ തീരങ്ങളിലേക്ക്-
ഹരിദ്വാറിലെ, കേദാർ നാഥിലേ തെരുവുകളിലേക്ക് -
മൂകാംബികയിലേയും ഋഷികേശിലെയും ഗിരിശൃംഗങ്ങളിലേക്ക്-
ബസ്തറിലെ കൊടും കാടുകളിലേക്ക് -

കാമവും പ്രണയവും ആർത്തിയും ജഡമോഹങ്ങളും നിഷ്ക്കമിച്ച ഒരു ലോകത്തേക്ക് .....
പക്ഷെ ആ നടപ്പ് അവസാനിച്ചത് ദിവ്യയുടെ മുമ്പിലാണ്.
നദീ തീരത്ത് തന്റെ ജാഗ്വാറിൽ ചാരി നിൽക്കുകയായിരുന്നു അവൾ.
രാഹുൽ ലീവിലാനെന്നറിഞ്ഞ് അവൾ അന്ന് കോളേജിൽ പോയിരുന്നില്ല.
പകൽ മുഴുവനും അയാളെ തിരക്കിയെങ്കിലും അയാളുടെ ക്വാർട്ടേഴ്സ് അടഞ്ഞു കിടക്കുന്നതാണ് അവൾ കണ്ടത്.
പിന്നീട് കണ്ടെത്താൻ സാധ്യതയുള്ള ഇടങ്ങളിലൊക്കെ അവൾ അയാളെ തിരഞ്ഞു.
രാത്രി എട്ടുമണിയോടടുത്ത ഈ സമയത്താണ് അവസാനം അവൾ അയാളെ കാണുന്നത്.
രാഹുൽ അവളുടെ മുഖത്തേക്ക് നോക്കി.
താൻ മുമ്പ് കണ്ടിട്ടുള്ള ദിവ്യ ഇവൾ ഇപ്പോൾ എന്ന് അയാൾക്ക് തോന്നി.
അവളുടെ കണ്ണുകളിൽ ക്ഷത്രിയ സഹജമായ തീവ്ര തേജസ് അയാൾ കണ്ടു.
"ങ്ഹാ, ഞാൻ തന്നെ!"
തന്നെക്കണ്ടു നടപ്പ് നിർത്തി തന്റെ മുഖത്തേക്ക് നോക്കുന്ന അയാളോട് ദിവ്യ പറഞ്ഞു.
"ദിവ്യ! ഞാൻ നിങ്ങളുടെ മാർഗ്ഗം തടസ്സപ്പെടുത്തി. നിങ്ങളുടെ തപസ്സ് മുടക്കാൻ! നിങ്ങളെ നശിപ്പിക്കാൻ! നിങ്ങളുടെ സൽപ്പേര് കളയാൻ!"
കോപം നിറഞ്ഞ വാക്കുകളും പ്രയോഗങ്ങളും കേട്ട് അയാൾ അമ്പരന്നു.
അയാൾ ചുറ്റും നോക്കി.
"ങ്ഹാ! നോക്ക്!
അവൾ പിന്നെയും ശബ്ദമുയർത്തി.
"ആരെങ്കിലും കണ്ടാലോ? കേട്ടാലോ? ബ്രഹ്മപദം നഷ്ടപ്പെടും! മഹാത്മാവല്ലേ?"
"നിനക്കെന്ത് പറ്റി ദിവ്യേ?"
തികച്ചും ശാന്തനായി അയാൾ ചോദിച്ചു.
"അറിയില്ല; അല്ലേ?"
അവൾ മുമ്പോട്ടടുത്തു.
"നിങ്ങൾ എന്റെ മമ്മിയോടെന്താ പറഞ്ഞെ? ഞാൻ നിങ്ങൾക്ക് ഒരു പ്രശ്നമാണെന്നല്ലേ? നിങ്ങൾ പറഞ്ഞില്ലേ? ബ്രഹ്മചാരി പോലും! എയ് മഹാ ഋഷി! അജ്ഞാനിയായ ഇവൾ ഒരു കാര്യം ഉണർത്തിച്ചോട്ടെ? മറ്റൊരാളുടെ സ്നേഹത്തേയും കണ്ണുനീരിനെയും ചവിട്ടിമെതിച്ച് ഒരാളും ബ്രഹ്മപദം പ്രാപിക്കില്ല. നിങ്ങളെ നേടാനുള്ള എന്റെ വ്രതശുദ്ധിയേക്കാൾ മികച്ചതെന്ന് കരുതുന്നുണ്ടോ നിങ്ങളുടെ ഈശ്വരത്വം? എന്റെ പാതിവ്രത്യത്തെക്കാൾ മേന്മയുണ്ടോ നിങ്ങളുടെ ബ്രഹ്മചര്യത്തിന്?"
"ദിവ്യേ, നിർത്ത്!"
രാഹുലിന്റെ ഭാവം മാറി.
"നിർത്തില്ല ഞാൻ!"

അവളുടെ ശബ്ദം അൽപ്പം കൂടി ഉയർന്നു.
"നിർത്തില്ല, ഞാൻ! എന്നെ ശപിച്ചോളൂ. കൊന്നോളൂ എന്നെ. ഐൽ നോട്ട് ഗോ ബാക്ക്! നിങ്ങൾക്ക് എന്നിൽ നിന്നും പോകാൻ കഴിയില്ല! എന്നെക്കൊതിപ്പിച്ചിട്ട് എങ്ങോട്ട് പോകും നിങ്ങൾ? എന്നെ മോഹിപ്പിച്ചിട്ട്?"
"ദിവ്യേ, ഞാൻ..."
രാഹുൽ വിശദീകരിക്കാൻ ശ്രമിച്ചു.
എന്നാൽ പറഞ്ഞു വരുന്നത് തുടരാനാകാതെ അയാൾ മുമ്പോട്ട് വേച്ച് വീഴാൻ തുടങ്ങി.
ദിവ്യക്ക് ഒന്നും മനസ്സിലായില്ല.
അയാളുടെ കണ്ണുകൾ അസഹ്യമായ വേദന കൊണ്ട് അടഞ്ഞു.
പരിഭ്രമത്തോടെ ദിവ്യ അയാളെ താങ്ങിപ്പിടിച്ചു.
"എന്ത്..എന്ത് പറ്റി..സാർ?"
അയാൾ വിഷമിച്ച് കണ്ണുകൾ തുറന്നു.
പിന്നെ അവളെ നോക്കി.
"താഴെ...!"
അയാൾ വേദനയുടെ അസഹ്യതയിൽ പറഞ്ഞു.
"ഈശ്വരാ!!"
അവൾ നടുങ്ങിപ്പോയി.
അയാളുടെ കാൽച്ചുവട്ടിൽ നിന്ന് വേഗത്തിൽ നീങ്ങാൻ തുടങ്ങുന്ന ഉഗ്രവിഷമുള്ള ഒരു സർപ്പത്തെ അവൾ നിലാവിൽ കണ്ടു.
"ഭഗവതീ..."
അവൾ അയാളെ ഒരു വിധം ചായിച്ച് ഇരുത്തി.
തന്റെ മാറിൽ നിന്ന് ഷാൾ എടുത്ത് അവൾ അയാളുടെ കാലിൽ മുറിവിന് മുകളിലായി കെട്ടി.
എന്നിട്ട് കെട്ടിനടിയിൽ സമീപത്ത് കിടന്ന ഒരു മരക്കമ്പെടുത്തു വെച്ചു.
പിന്നെ ചടുല വേഗതയിൽ മൊബൈൽ എടുത്ത് ഡയൽ ചെയ്തു.
"ഹലോ ഡോക്റ്റർ സുനിൽ അങ്കിൾ....എന്താ ഇല്ലേ? ടൂർ ആണോ..മൈ ഗോഡ്!!"
അവൾ പിന്നെ മറ്റൊരു നമ്പർ ഡയൽ ചെയ്തു.
"ഏലിയാമ്മ ചേച്ചീ....ങ്ഹാ...ദിവ്യ... തോമാച്ചായൻ എന്ത്യേ...? ങ്ഹേ? കല്യാണത്തിനോ...?"
തനിക്ക് തലചുറ്റുന്നത് പോലെ ദിവ്യക്ക് തോന്നി.
"സാർ! ഗെറ്റിൻ ദ കാർ ...ക്വിക്ക്...!!"
അവൾ അയാളെപ്പിടിച്ച് എഴുന്നേൽപ്പിച്ചു.
ഡോർ തുറന്ന് പിൻസീറ്റിൽ ചായിച്ച് കിടത്തി.
പിന്നെ അതിവേഗത്തിൽ അയാളെയുംകൊണ്ട് ചർച്ചിനടുത്തുള്ള കാർട്ടെഴ്സിലേക്ക് കുതിച്ചു.
നിലാവിൽ പള്ളിമുറ്റത്ത് ഫാദർ ഗബ്രിയേൽ ഇരിക്കുന്നത് അവൾ കണ്ടു.

"ഫാദർ!!"
അദ്ധേഹത്തിന്റെയടുത്തെത്തി കാർ നിർത്തി അവൾ തിടുക്കത്തിൽ, ഉച്ചത്തിൽ വിളിച്ചു.
അദ്ദേഹം അദ്ഭുതപ്പെട്ടുകൊണ്ട് പെട്ടെന്ന് എഴുന്നേറ്റു.
"എന്താ മോളെ?"
"ഫാദർ! ബാക്ക് ഡോർ തുറക്ക്! സാറിനെ വിഷം തൊട്ടു. സാറിനെ അകത്ത് കൊണ്ടുപോയി കിടത്ത്!"
അദ്ദേഹം ഡോർ തുറന്ന് ഏകദേശം ശക്തിഹീനനായിക്കൊണ്ടിരിക്കുന്ന രാഹുലിനെ താങ്ങിയെഴുന്നേൽപ്പിച്ച് പുറത്ത് കൊണ്ടുവന്നു.
"ഞാൻ ഉടനേ വരാം! ങ്ഹാ ഫാദർ, ഒരു ടോർച്ച് വേണം! ക്വിക്ക്!"
അദ്ദേഹം രാഹുലിനെ താൻ ഇരുന്ന കസേരയിൽ ചായിച്ച് ഇരുത്തി.
പിന്നെ അകത്തുപോയി ഒരു ടോർച്ച് എടുത്ത് കൊണ്ടുവന്ന് അവൾക്ക് കൊടുത്തു.
"ഫാദർ!"
കാർ മുമ്പോട്ട് എടുക്കുന്നതിനിടയിൽ അവൾ വിളിച്ചുപറഞ്ഞു.
"ഡോക്ടേഴ്സ് എല്ലാരും ഔട്ട് ഓഫ് സ്റ്റേഷനാണ്. ഞാൻ മരുന്ന് പറിക്കാൻ പോവ്വാ,"
അവൾ അതി വേഗത്തിൽ ഡ്രൈവ് ചെയ്ത് പോയി. ഈയിടെ ചികിത്സാകാര്യത്തിലൊന്നും ശ്രദ്ധിക്കാതിരുന്നതിനാൽ മരുന്നുകളൊന്നും വീട്ടിൽ കരുതിയിട്ടില്ല.
അല്ലെങ്കിലും കഠിന വിഷത്തിന്റെ ചികിത്സയ്ക്ക് ഒരു ദിവസംപോലും പഴക്കമില്ലാത്ത മരുന്നുകളാണ് വേണ്ടത്.
അത് അവൾ തന്നെ നേരിട്ട് കോബ്രാഹില്സിൽ പോയി പറിച്ചുകൊണ്ടു വരികയാണ് ചെയ്യുക.
സംഘർഷപൂർണ്ണമായ മനസ്സോടെ അവൾ അതിവേഗത്തിൽ ഡ്രൈവ് ചെയ്തു.
ഇത്രയ്ക്കും ഉദ്വിഗ്നത, ഇത്രയും ഭയം, ഇത്രയ്ക്കും ആകാംക്ഷയും ആത്മവിശ്വാസമില്ലായ്മയും താൻ ഇതുവരെ അനുഭവിച്ചിട്ടില്ല എന്ന് അവൾക്ക് തോന്നി.
പുഴയ്ക്ക് സമാന്തരമായി ഡ്രൈവ് ചെയ്തതിന് ശേഷം കാടിനുള്ളിലേക്ക് കാർ പ്രവേശിച്ചുകഴിഞ്ഞപ്പോൾ നിലാവ് മങ്ങുകയും നേർത്ത മൂടൽമഞ്ഞ് ഒഴുകിപ്പരക്കാൻ തുടങ്ങുകയും ചെയ്തു.
"ഡാമിറ്റ്!!
അവൾ മുരണ്ടു.
വളരെ സൂക്ഷിച്ച് അവൾ കാടിലൂടെ മുകളിലേക്ക് ഡ്രൈവ് ചെയ്തു.
പത്തു മിനിറ്റ് കഴിഞ്ഞ് അവൾ കാട്ടുപാതയോരത്ത് കാർ നിർത്തി.
ഇനി നടന്ന് കാടിന്റെ ഉള്ളിലേക്ക് നടക്കണം.
നടന്ന് മലകയറി ഒരു ഉറവിനടുത്ത് എത്തണം.
അവിടെയാണ് ഔഷധ സസ്യങ്ങൾ വളരുന്നത്.
കൊടുംകാടാണ്.

ഇഴജന്തുക്കളും മൃഗങ്ങളും ധാരാളമുണ്ട്.
പകൽപോലും സൂര്യപ്രകാശം അവിടെ കടന്നു വരാറില്ല.
അവൾ ടോർച്ചിന്റെ പ്രകാശത്തിൽ മുമ്പോട്ട് നീങ്ങി.
ചുറ്റും നിശാചര ജീവികളുടെ ചലനശബ്ദങ്ങളും മുരൾച്ചകളും നിറഞ്ഞു.
അന്തരീക്ഷം നിറയെ മൃഗച്ചൂര് നിറഞ്ഞിരുന്നു.
അവളുടെ ശിരസ്സിനു മുകളിലൂടെ കടവാവലുകൾ പറന്നു.
കരിയിലകൾക്കിടയിലൂടെ ഇഴഞ്ഞുനീങ്ങുന്ന ഉരഗങ്ങളുടെ ശബ്ദം അവൾ കേട്ടു.
നിബിഡമായി വളർന്നുനിന്ന ചെടിപ്പടർപ്പുകൾ വകഞ്ഞുമാറ്റി മിടിക്കുന്ന ഹൃദയത്തോടെ അവൾ മുമ്പോട്ട് അതിവേഗം നീങ്ങി.
ഒന്നുരണ്ടിടങ്ങളിൽ അവൾ കാൽ വഴുതി വീണു.
അതിനു മുമ്പ് അനവധി തവണ പകൽ നേരങ്ങളിൽ അവൾ ആ ഭാഗത്ത് വന്നിട്ടുണ്ടെങ്കിലും ഈ രാത്രിയിൽ അവൾക്ക് താൻ കാടിന്റെ ഏത് ഭാഗത്താണ് നിൽക്കുന്നതെന്ന് യാതൊരു ഊഹവും കിട്ടിയില്ല.
ഒന്ന് രണ്ടു നിമിഷം ആലോചിച്ചതിനു ശേഷം ദിക്കിനെക്കുറിച്ച് അവൾക്ക് ഏകദേശം ഒരു ധാരണ കിട്ടി.
പെട്ടെന്ന് കാടിന്റെ ഗഹനതയുടെ അങ്ങേയറ്റത്ത് ഒരു പ്രകാശഗോളം കണ്ടത് പോലെ അവൾക്ക് തോന്നി.
അതെക്കുറിച്ചുള്ള ഭയത്തെക്കാളേറെ മരണാസന്നനായി കിടക്കുന്ന രാഹുലിന്റെ ഓർമ്മ മനസ്സിലുള്ളത്കൊണ്ട് അവൾ അത് കണ്ടതായി ഭാവിച്ചില്ല.
ചിലപ്പോൾ ദൂരെ മുകളിൽ ഏതെങ്കിലും വേട്ടക്കാരനായിരിക്കാം.
അല്ലെങ്കിൽ നിധിയെക്കുറിച്ച് കേട്ടറിഞ്ഞ് ആരെങ്കിലും എത്തിയതാവാം.
പെട്ടെന്ന് അവൾ വെള്ളമൊഴുകുന്ന ശബ്ദം കേട്ടു.
അവളുടെ മുഖം പ്രകാശിച്ചു.
താൻ ആ ഉറവിനടുത്ത് എത്തിയിരിക്കുന്നു.
കാർ നിർത്തിയിട്ടിരുന്ന കാട്ടുപാതയോരത്ത് നിന്നും ഏകദേശം മുക്കാൽ കിലോമീറ്റർ ഉയരത്തിലായിരുന്നു ദിവ്യ.
അവൾ ഉത്സാഹത്തോടെ വെള്ളമൊഴുകുന്നത് കേൾക്കുന്നയിടത്തേക്ക് നടന്നു കയറി.
ഒരു വേള അവൾ സ്തബ്ധയായി നിന്നു.
ടോർച്ചിന്റെ പ്രകാശരേഖയുടെ അങ്ങേയറ്റത്ത് മരങ്ങൾക്കിടയിൽ ഒരു കൂറ്റൻ കാട്ടാട് നിൽക്കുന്നു.
പെട്ടെന്ന് അത് ഓടിമാറിപ്പോയി.
അവൾ നിന്നിരുന്ന കാടിന്റെ ആ ഭാഗം നിറയെ ഒരേ തരത്തിലുള്ള മരങ്ങലായിരുന്നു.
വള്ളിപ്പടർപ്പുകളും.
നടന്ന് കയറിക്കഴിയുമ്പോൾ പെട്ടെന്ന് തോന്നും വഴിതെറ്റി മുമ്പ് വന്നിടത്ത് തന്നെ തിരിച്ചെത്തിയെന്ന്.
"ഈശ്വരാ...പെട്ടെന്ന് തന്നെ ആ ഉറവിനടുത്ത് എത്തിക്കണേ..."

അവൾ മനമുരുകി പ്രാർത്ഥിച്ചു.
നഷ്ടപ്പെടുന്ന ഓരോ സെക്കണ്ടും സാറിന്റെ നില വഷളാക്കും.
അദ്ധേഹത്തിന്റെ പ്രാണൻ ആ ഉറവിനടുത്തുള്ള ഔഷധ സസ്യങ്ങളിലാണ്.
പെട്ടെന്ന് അവളുടെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു.
മുമ്പിലെ ടോർച്ച് വെളിച്ചത്തിൽ അവൾ ആ ഉറവ് കണ്ടു.
"താങ്ക് ഗോഡ്!!"
അവൾ അത്യാഹ്ലാദത്തോടെ ഉരുവിട്ടു.
അധികം തിരയാതെ തന്നെ അവൾ ആ ഉറവിനരികിൽ വളർന്ന് നിൽക്കുന്ന ചെടികളുടെ ഇലകൾ പറിക്കാൻ തുടങ്ങി.
ചിലവയുടെ വേരുകളും.
"ഇനി ദേവപുഷ്പം വേണം,"
അവൾ സ്വയം പറഞ്ഞു.
ദേവപുഷ്പ്പം തിരയുന്നതിന് വേണ്ടി അവൾ ഉറവിനപ്പുറത്തേക്ക് പോയി.
നിലാവ് അരിച്ചെത്തുന്ന കാട്ടിനുള്ളിൽ കാറ്റിരമ്പാൻ തുടങ്ങി.
ചുറ്റും വളർന്ന് നിൽക്കുന്ന വള്ളിപ്പടർപ്പുകളും പടുകൂറ്റൻ മരങ്ങളുടെ ശിഖരങ്ങളും കാറ്റിലുലയാൻ തുടങ്ങി.
കാറ്റിന്റെ ഇരമ്പൽ വർദ്ധിച്ചു വന്നു.
ദിവ്യ ആകാംക്ഷയോടെ മുമ്പോട്ട് നീങ്ങി.
ഈശ്വരാ, സമയം ഒരുപാടാവുന്നു.
സാറിന്റെ കാൽപ്പാദത്തിൽ ആഴത്തിൽ മുറിവുണ്ട്.
ഇനിയും നഷ്ടപ്പെടുത്താൻ സമയമില്ല.
പക്ഷെ ദേവപുഷ്പ്പമെവിടെ?
കൊടും കാടിനുള്ളിൽ, കട്ട പിടിച്ച വിജനതയിൽ, നിലാവ് നിറഞ്ഞ രാത്രിയുടെ ഏകാന്തതയിൽ, വർദ്ധിച്ചുവരുന്ന ആകാംക്ഷയോടെ അവൾ സ്വയം ചോദിച്ചു.
ടോർച്ച് പ്രകാശിപ്പിച്ചുകൊണ്ട് അവൾ തിരച്ചിൽ തുടർന്നു.
അൽപ്പ സമയത്തിന് ശേഷം പ്രതീക്ഷ നഷ്ടപ്പെടാൻ തുടങ്ങിയ ഒരു നിമിഷം അവൾ ഔഷധ സസ്യം കണ്ടെത്തി.
വിശ്രാന്തി നിറഞ്ഞ മനസ്സോടെ അവൾ പെട്ടെന്ന് ദേവപുഷ്പ്പത്തിന്റെ പൂക്കൾ പറിച്ചെടുത്തു.
ഇലകളും പൂക്കളും അവൾ ചുരിദാറിന്റെ ഷാളിൽ വെച്ച് കെട്ടി.
പിന്നെ വേഗത്തിൽ മലയിറങ്ങാൻ തുടങ്ങി.
"ഓഹ്!!"
ഭയാക്രാന്തയായി അവൾ നിലവിളിച്ചു.
കാതടപ്പിക്കുന്ന സ്വരത്തിൽ ഒരു വെടിയൊച്ചയും അതേ ക്ഷണത്തിൽ തന്റെ വലത് ചെവിയുടെ തൊട്ടടുത്തുകൂടി ഒരു ബുള്ളറ്റ് ചീറിപ്പാഞ്ഞു പോകുന്നതും അവൾക്ക് അനുഭവപ്പെട്ടു.
അവൾ ഭയത്തോടെ പിമ്പോട്ടു നോക്കി.

തന്റെ പിമ്പിൽ അൽപ്പമകലെ ഒരു പാറയുടെ പുറത്ത് നിലാവിൽ ഒരാൾ നിൽക്കുന്നത് അവൾ കണ്ടു.
അയാൾ കറുത്ത വസ്ത്രങ്ങൾ ധരിച്ചിരുന്നു.
കറുത്ത തുണികൊണ്ട് മുഖം മറച്ചിരുന്നു.
തന്റെ നേരെ ചൂണ്ടിയിരിക്കുന്ന റിവോൾവർ അവൾ കണ്ടു.
അവൾ നടുങ്ങി വിറച്ചു.
ജയകൃഷ്ണനാണോ അത്?
പരിഭ്രാന്തയായി വീണ്ടും അവൾ ആ രൂപത്തെ നോക്കി.
അല്ല.
ജയകൃഷ്ണന്റെ ശാരീരിക പ്രത്യേകതകളോട് ഒട്ടും തന്നെ സാദൃശ്യമില്ല.
പിന്നെ ആര്?
ക്രിസ്റ്റഫർ? ഷാജഹാൻ? രാമകൃഷ്ണൻ?
അവൾക്ക് ഒന്നും മനസ്സിലായില്ല.
വീണ്ടും വെടിയൊച്ച മുഴങ്ങി.
നിലാവിൽ, തന്റെ കാൽച്ചുവട്ടിലെ കരിയിലകൾ ഇളകിത്തെറിച്ചത് അവൾ കണ്ടു.
അവൾ താഴേക്ക് ഓടി.
വല്ലിപ്പടർപ്പുകളിൽ കുരുങ്ങി ടോർച്ച് അകലേക്ക് തെറിച്ചുപോയി.
ഓടുന്നതിനിടയിൽ ഒരു വലിയ കല്ലിൽ തട്ടി മുമ്പോട്ട് തെറിച്ചുവീണ് ഒരു മരത്തിൽ തലയിടിച്ചു.
"എന്റെ ഭഗവതീ..."
നിലത്തേക്ക് വീഴുന്നതിനിടയിൽ അവൾ അലറിക്കരഞ്ഞു.
വീണിടത്ത് നിന്ന് അവൾ താഴേക്ക് ഉരുണ്ടു.
ഷാളിൽ പൊതിഞ്ഞ മരുന്ന് നഷ്ടപ്പെടാതിരിക്കാൻ അവൾ അത് നെഞ്ചോടു ചേർത്തുപിടിച്ചു.
കല്ലുകളും കരിയിലകളും നിറഞ്ഞ മരങ്ങൾക്കിടയിലൂടെ താഴേക്ക് ഉരുണ്ടുപോകുമ്പോൾ തന്റെ ശരീരം ഒടിഞ്ഞു നുറുങ്ങുന്നത് പോലെ അവൾക്ക് തോന്നി.
"ആഹ് ....അമ്മേ..."
എഴുന്നേറ്റ് താഴേക്ക് കുതിക്കുന്നതിനിടയിൽ അവൾ വീണ്ടും അലറിക്കരഞ്ഞു.
തന്റെ വലത് തോളിൽ ഒരു തീഗോളം ആഴ്ന്നിറങ്ങിയപ്പോൾ.
തോൾ ശരീരത്ത് നിന്ന് പറിഞ്ഞുപോയതുപോലെ തോന്നി അവൾക്ക്.
ശിരസ്സ് മുതൽ പാദം വരെ താൻ തളരുന്നത് അവൾ അറിഞ്ഞു.
ശരീരം നിറയെ വിയർപ്പിൽ പുതഞ്ഞു.
പിന്നെ അവൾ കണ്ടു, രക്തം ശരീരത്തെ മൊത്തം കുതിർക്കുകയാണ്.
അടുത്ത വെടിയുണ്ട അവളുടെ കൈമുട്ടിന് താഴെപ്പതിച്ചു.
അവൾ നിലത്ത് വീണു.
പ്രാണൻ പറിയുന്ന വേദന ശരീരമാസകലം നിറഞ്ഞു.

മാംസ ശകലങ്ങൾ ശരീരത്ത് നിന്ന് ചിതറിത്തെറിക്കുന്നത് പോലെ തോന്നി.നിവർന്ന് നിൽക്കാൻ കഠിനമായി ശ്രമിച്ചെങ്കിലും അതിന് കഴിയാതെ അവൾ നിലത്തേക്ക് വീണു.
വളരെ സമയം അവൾ വേദന കൊണ്ടു പുളഞ്ഞു.
പിന്നെ, ക്രമേണ, അവളുടെ ശരീരം നിശ്ചലമായി.
നദീ തീരത്ത് മഹർഷി പുത്രൻ നിൽക്കുന്നു.
ശാന്തിദേവ്.
അപ്പോൾ അവന്റെ സമീപത്തേക്ക് ബാഹുലേയൻ വന്നു.
മഹാരാജാവ് വീര രാജവർമ്മയുടെ സഹസ്രാധിപന്മാരിൽ ഒരുവൻ.
ആയിരം ഭടന്മാർക്ക് ഒരധിപൻ.
"മഹർഷി പുത്രാ,"
അവന്റെ കാരുണ്യം നിറഞ്ഞ കണ്ണുകളിലേക്ക് നോക്കി ബാഹുലേയൻ വിളിച്ചു.
ശാന്തിദേവ് ആകാംക്ഷയോടെ നോക്കി.
"അങ്ങ് ഒരു തീരുമാനത്തിന് കാത്തിരിക്കുന്നു. മഹാരാജാവ് വീര രാജവർമ്മയുടെ തീരുമാനം. ആ തീരുമാനവുമായി ഞാൻ അങ്ങനെ സമീപിക്കുന്നു,"
"എന്താണ് ഋതുപർണ്ണയുടെ അച്ഛന്റെ തീരുമാനം?"
മഹർഷി കുമാരന്റെ ആകാംക്ഷ നിറഞ്ഞ ചോദ്യം കേട്ട് ബാഹുലേയൻ വിഷാദിച്ചു.
അയാൾ ഉറയിൽ നിന്ന് വാൾ വലിച്ചെടുത്തു.
"തീരുമാനം ഇതിലാണ്,"
അയാൾ നിർവ്വികാരനായി പറഞ്ഞു.
പിന്നെ അയാൾ ശാന്തിദേവിനു നേരെ ഒരു ചുവടുകൂടിയടുത്തു.
ശാന്തിദേവിന്റെ ശിരസ്സിന് മേൽ ആ വാൾ ഉയർന്നു.
"ഋതുപർണ്ണാ ..."
വാൾ തന്റെ ശിരസ്സിന് നേരെ താഴ്ന്നു വന്നുകൊണ്ടിരിക്കുമ്പോൾ അവൻ ഭയാക്രാന്തനായി നിലവിളിച്ചു.
"ഋതുപർണ്ണാ ..."
തന്റെ പ്രാണൻ ഹനിക്കപ്പെടുമ്പോഴുണ്ടാവുന്ന വേദനയെക്കുറിച്ചുള്ള രോദനമായിരുന്നില്ല അത്.
പ്രാണൻ വേർപെടുന്ന സമയത്തും തന്റെ പ്രണയിനിയുടെ സാമീപ്യത്തിന് വേണ്ടിയുള്ള ദാഹം.

"ഋതുപർണ്ണാ ..."
ആ നിലവിളി നദീ തീരത്ത് നിറഞ്ഞു.
നാഗത്താൻ മലയുടെ ചരിവുകളിൽ തട്ടി പ്രതിധ്വനിച്ചു.
കാലങ്ങളിലൂടെ ഒഴുകി.
"ഋതുപർണ്ണാ ..."
ആ നിലവിളി കേട്ട് ദിവ്യ ഉണർന്നു.

അവൾ കണ്ണുകൾ തുറന്നു.
ആദ്യം അവൾക്ക് ഒന്നും മനസ്സിലായില്ല.
താൻ എവിടെയാണെന്നോ തനിക്കെന്ത് പറ്റിയെന്നോ.
നിലവിളിയുടെ പ്രതിധ്വനികൾ മാത്രം കാതുകളിലൂടെ ആത്മാവിലേക്ക് ഒഴുകുന്നത് മാത്രം അറിയാം.
പിന്നെ പ്രാണനെ ചീന്തിയെടുത്തെറിയുന്ന വേദനയും.
പെട്ടെന്ന് അവൾക്ക് രാഹുലിനെ ഓർമ്മ വന്നു.
ഞെട്ടലോടെ അവൾ മരുന്നുകളെക്കുറിച്ചോർത്തു.
ഈശ്വരന് നന്ദി.
തന്റെ കൈവിരലുകൾക്കുള്ളിൽ മരുന്നുകൾ സൂക്ഷിച്ച ഷാളിന്റെ ആഗ്യം അവൾ കണ്ടു.
മരുന്ന് സുരക്ഷിതമായുണ്ട്.
രാജകുമാരിയാണ് താൻ.
ദിവ്യാ വർമ്മ രാജകുമാരി.
പടയോട്ടങ്ങൾക്ക് ശേഷം വിജയങ്ങൾ മാത്രം തിരികെ കൊണ്ടുവന്നിരുന്ന സാഹസികരായിരുന്ന രാജാക്കന്മാരുടെ പിൻഗാമിയാണ് താൻ!
ഇവിടെ ഈ കാട്ടിൽ പട്ടിയെപ്പോലെ, മുറിവേറ്റു മരണം കാത്തുകഴിയേണ്ടവളല്ല.
വർധിച്ച വീര്യത്തോടെ അവൾ പതിയെ എഴുന്നേറ്റു.
ശരീരത്തെ ദഹിപ്പിക്കുന്ന വേദനയെ അവൾ അവഗണിച്ചു.
ശരീരത്തെ നനച്ചു കുതിർത്തുകൊണ്ട് അപ്പോഴും ഒഴുകുന്ന ചോര അവൾ കണ്ടില്ലെന്നു നടിച്ചു.
നിശ്ചയദാർഢ്യത്തോടെ അവൾ എഴുന്നേറ്റു നിന്നു.
ചുണ്ടുകൾ കടിച്ചു പിടിച്ചുകൊണ്ട് അവൾ വേദന സഹിച്ചു.
രക്ത പ്രവാഹത്തെ പിടിച്ചു നിർത്തുന്ന ഔഷധ ഇലകൾ ആ കാട്ടിലുണ്ടെന്ന് അവൾക്ക് അറിയാം.
പക്ഷെ അതിനു വേണ്ടി നഷ്ടപ്പെടുത്തുവാനുള്ള സമയം തന്റെ പക്കൽ ഇല്ല.
പിമ്പോട്ട് നോക്കാൻ അവൾ ആഗ്രഹിച്ചില്ല.
ഇനി മുമ്പോട്ട് മാത്രം.
തന്റെ പ്രാണനെടുക്കാൻ ഇനി അയാൾക്കാവില്ല.
ഈ പ്രാണന്റെ ഉടമസ്ഥൻ തന്റെ രാഹുൽ മാത്രമാണ്.
അദ്ധേഹത്തിന്റെ പ്രാണൻ തന്റേതാണ്.
അത് തന്റെ കൈകളിലാണ്.
ഒരു വെടിയുണ്ടയ്ക്കോ വാളിനോ തന്റെ പ്രാണനെ നശിപ്പിക്കാൻ ഇനിയാവില്ല.
അവൾ വേച്ച് വേച്ച് താഴേക്ക് നടന്നു.
ചോരയിറ്റുന്ന മുറിപ്പാടുകളിൽ അവൾ കൈത്തലമമർത്തിപ്പിടിച്ചു.
പച്ചച്ചോരയുടെയും മാംസത്തിന്റെയും ഗന്ധം തുളച്ചുകയറുന്നു.

അൽപ്പസമയത്തിന് ശേഷം കാട്ടുപാതയോരത്ത് നിർത്തിയിട്ടിരുന്ന കാറിനടുത്ത് അവൾ എത്തി.
ഒരു വിധത്തിൽ അവൾ കാറിനുള്ളിൽ കയറിപ്പറ്റി.
മരുന്ന് നിറച്ച ഷാൾ അവൾ ഒരു പ്ലാസ്റ്റിക് കവറിനുള്ളിൽ വെച്ചു.
പിന്നെ കാർ സ്റ്റാർട്ട് ചെയ്യാൻ ശ്രമിച്ചു.
പക്ഷെ ഇടതുകൈ ഉയർത്താൻ സാധിച്ചില്ല.
തോളിലെ മാംസത്തിനുള്ളിൽ ഇപ്പോഴും തീ ആളുകയാണ്.
പക്ഷെ താൻ പരാജയപ്പെട്ടുകൂടാ.
തന്റെ പ്രാണൻ ഇവിടെയല്ല.
അത് സർപ്പ ദംശനമേറ്റ് ശരീരം വെടിയാൻ തുടങ്ങുകയാണ്.
താൻ വേദന സഹിച്ചേ പറ്റൂ.
കൈ എങ്ങനെയെങ്കിലും ഉയർത്തണം.
ചുണ്ടുകൾ കടിച്ചു പിടിച്ച് കണ്ണുകളടച്ച് ദൃഢനിശ്ചയത്തോടെ അവൾ കൈ ഉയർത്തി.
മുറിവിൽ നിന്ന് അപ്പോൾ രക്തം കുതിച്ചോഴുകി.
അലറിക്കരയാനായി തുടങ്ങിയെങ്കിലും ചുണ്ടുകൾ കടിച്ച് പിടിച്ച് അവൾ ശബ്ദം നിയന്ത്രിച്ചു.
ഒരു വിധത്തിൽ അവൾ സ്റ്റിയറിംഗിൽ പിടിച്ചു.
കാർ സ്റ്റാർട്ട് ചെയ്ത് അവൾ താഴേക്ക് നീങ്ങി.
തന്റെ ശരീരം വീണ്ടും രക്തത്തിലും വിയർപ്പിലും പുതയുകയാണ്.
തോളിൽ നിന്നും കൈമുട്ടിനു താഴെ നിന്നും ഇപ്പോഴും രക്തമൊഴുകുന്നു.
നദീ തീരത്തെ സമീപിച്ചപ്പോൾ എതിരെ ഒരു വാഹനം വരുന്നത് അവൾ കണ്ടു.
ഈശ്വരാ....!
താൻ മരിച്ചിട്ടില്ല എന്നറിഞ്ഞ് തന്നെ വെടിവെച്ച് വീഴ്ത്തിയ അജ്ഞാതനായ ആ മനുഷ്യനായിരിക്കുമോ അത്?
ഭഗവതീ രക്ഷിക്കണേ...
അവൾ മനമുരുകി പ്രാർഥിച്ചുകൊണ്ട് ശരവേഗത്തിൽ കാർ മുമ്പോട്ട് പായിച്ചു.
"ദിവ്യേ! നിർത്ത്!!"
ലത്തീഫിന്റെ സ്വരം അവൾ കേട്ടു.
ഈശ്വരാ....
തന്റെ മനസ്സ് കുളിർന്നുലയുന്നത് അവൾ അറിഞ്ഞു.
അവൾ പെട്ടെന്ന് ബ്രേക്കിട്ടു.
പിമ്പിലെ നിലാവിലേക്ക് അവൾ ആയാസപ്പെട്ട് നോക്കി.
ജീപ്പിൽ തന്റെ സുഹൃത്തുക്കൾ ഇരിക്കുന്നതും തുടർന്ന് ലത്തീഫിനോടൊപ്പം അവർ ചാടിയിറങ്ങി തന്റെ കാറിനെ സമീപിക്കുന്നതും അവൾ കണ്ടു.
"ഗോഡ്!!"

കാറിന്റെ ഡോർ തുറന്ന് ചോരയിൽ പുതഞ്ഞ തന്റെ ദേഹത്തേക്ക് നോക്കി പരിഭ്രാന്തിയോടെ ലത്തീഫ് പറഞ്ഞു.
"മോളേ...!! ഇതെന്താടീ?"
ദിവ്യ പുഞ്ചിരിക്കാൻ ശ്രമിച്ചു.
"അതൊക്കെ...ലത്തീഫ് ദാദാ...അതൊക്കെ ...പിന്നെ ..പിന്നെ പറയാം..."
ലത്തീഫിന്റെ തോളിൽ പിടിച്ച് വേദനകൊണ്ട് പുളയുന്നതിനിടയിൽ അവൾ പറഞ്ഞു.
"ലത്തീഫ് ദാദാ..വേഗം..ചർച്ചിലേക്ക് ...അങ്ങോട്ട് കാറ് വിട്..."
ലത്തീഫ് ഡ്രൈവിംഗ് സീറ്റിലേക്ക് കയറി.
കൂട്ടത്തിൽ വിൻസെന്റ്റും സിദ്ധാർത്ഥനും കയറി.
മറ്റുള്ളവർ ജീപ്പിൽ കാറിനെ പിന്തുടർന്നു.
സിദ്ധാർത്ഥൻ ദിവ്യയെ തന്റെ മടിയിലേക്ക് ചായിച്ച് കിടത്തി.
"ദിവ്യേ..ഇതൊക്കെ എന്താ മോളെ?"
വിൻസെന്റ് ചോദിച്ചു.
അവൻ കരയുന്നത് ദിവ്യ കണ്ടു.
അവൻ അവളിലെ മുഖത്ത് നിന്ന് വിയർപ്പുകണങ്ങൾ തുടച്ചു കളഞ്ഞു.
"ആരാണ് ...എന്ന് അറിയില്ലെടാ..."
തന്റെ കയ്യിൽ മുറുകെപ്പിടിച്ചിരിക്കുന്ന വിൻസെന്റിന്റെ മുഖത്തേക്ക് നോക്കി അവൾ പറഞ്ഞു.
വേദനക്കിടയിൽ കാട്ടിൽ നടന്ന സംഭവങ്ങളത്രയും അവൾ ചുരുക്കി വിവരിച്ചു.
"വണ്ടി സിറ്റി ഹോസ്പിറ്റലിലേക്ക് വിട് ലത്തീഫ് ദാദാ.."
സിദ്ധാർത്ഥൻ പറഞ്ഞു.
"വേണ്ട!!"
ഞരങ്ങി വേദനിച്ച് ദിവ്യ പറഞ്ഞു.
"എനിക്ക് ...അകത്ത് ..പ്രശ്നം ....ഒന്നുമില്ല..വേദനയുണ്ട് ..കൈയ്യിൽ...ഈ മരുന്ന് ഉടനേ സാറിന്റെയടുത്ത് എത്തിക്കണം....മരുന്ന് ...മരുന്നുണ്ടാക്കണം....സാറിനെ ...മരുന്ന് കൊടുത്തിട്ട് ഞാൻ വരാം...എങ്ങോട്ടും ...സിറ്റി ഹോസ്പിറ്റലിലേക്കോ വില്ലേജ് ഹോസ്പിറ്റലിലേക്കോ...."
ലത്തീഫ് അതിദ്രുതം ഡ്രൈവ് ചെയ്തു.
ഡ്രൈവിങ്ങിനിടെ അവൻ പതിയെ എന്തോ ഉരുവിട്ടുകൊണ്ടിരിക്കുന്നത് മിററിലൂടെ സിദ്ധാർത്ഥൻ കണ്ടു.
"ഞങ്ങൾ ഫാദറിന്റെയടുത്തുന്ന് ..ചർച്ചിൽന്നാ വരുന്നെ,"
സിദ്ധാർത്ഥൻ പറഞ്ഞു.
"എല്ലാരും അവിടെയുണ്ട്....ദിവ്യ മരുന്ന് പറിക്കാൻ പോയെന്നറിഞ്ഞ് ഞങ്ങൾ വരുവാരുന്നു. പകലൊക്കെ ഞങ്ങള് ദിവ്യേനെ തപ്പിനടക്കാത്ത ഒരിഞ്ചുപോലുവില്ല....നിന്റെ മൊബൈൽ ഫുൾ ടൈം സ്വിച്ച് ഓഫ് ആരുന്നു...

അങ്കിൾമാരൊക്കെ വരാൻ തൊടങ്ങീപ്പം ഞങ്ങളാ വേണ്ടാന്നു പറഞ്ഞെ...ദൂരേന്നെ വെടിയൊച്ച കേട്ടു...ചത്ത് ജീവിച്ചാ ഞങ്ങള് പിന്നെ വന്നേ...."
തന്റെ ദേഹത്ത് ജലകണങ്ങൾ വീണപ്പോൾ ദിവ്യ മുഖമുയർത്തി.
വിൻസെന്റ് വീണ്ടും കണ്ണുകൾ തുടയ്ക്കുകയാണ്.
"ആ .....മോനേ ഇനി കണ്ടാൽ ലത്തീഫ് ദാദാ ....ആ സെക്കൻഡിൽ അരിയുവാണ് ...അതിന് എന്നെ തൂക്കിക്കൊന്നാലും..."
വിൻസെന്റ് പല്ലിറുമ്മി.
"വിനു,"
ദിവ്യ ദയനീയമായി പറഞ്ഞു.
"അങ്ങനത്തെ തെറി പറയല്ലേ....ചെവിപൊത്താൻ എനിക്ക് പറ്റില്ല..എന്റെ കൈ ...."
"മിണ്ടിയേക്കരുത്..ഒരക്ഷരം പോലും നീ,"
ലത്തീഫ് പള്ളിമേടയുടെ നേരെ കാറോടിക്കവേ വിൻസെന്റ് ദിവ്യയോട് പറഞ്ഞു.
"ഞങ്ങളെ ഒന്ന് ഇന്ഫോം ചെയ്തിട്ട് എഴുന്നള്ളിയാരുന്നേൽ എന്തായിരുന്നു കൊഴപ്പം നെനക്ക്?"
ദിവ്യക്കും കുറ്റബോധം തോന്നി.
"വിനു ..എടാ അത്...പെട്ടെന്ന് തന്നെ..."
രാഹുലിന്റെ ക്വാർട്ടേഴ്സിനു മുമ്പിൽ തടിച്ച്കൂടിയ ആളികളുടെ സമീപം കാർ നിർത്തി ലത്തീഫ് ചാടിയിറങ്ങി.
വിൻസെന്റും സിദ്ധാർത്ഥനും ദിവ്യയെ താങ്ങിപ്പിടിച്ചിറക്കി.
"എന്റെ മോളേ..."
കൂട്ടുകാരുടെ സഹായത്താൽ കാറിൽ നിന്നിറങ്ങി വരുന്ന ദിവ്യയുടെ രൂപം കണ്ട് ഗായത്രിദേവി പൊട്ടിക്കരഞ്ഞു.
അവർ മുമ്പോട്ട് വന്ന് ദിവ്യയെ കെട്ടിപ്പിടിച്ചു.
കണ്ടു നിന്നവരൊക്കെ അവളുടെ രൂപം കണ്ട് സ്തംഭിച്ചു.
"ഒന്ന്മില്ല മമ്മി,"
അവൾ പറഞ്ഞു.
"വാ...സാറിന്റെയടുത്തേക്ക്! ഒരു സെക്കണ്ട് പോലും സ്പേർ ചെയ്യാനില്ല,"
അവർ രാഹിലിനെ കിടത്തിയ മുറിയുടെ നേരെ തിരിഞ്ഞു.
"ങ്ഹാ...പിന്നെ,"
തങ്ങളെ പിന്തുടരുന്നവരെക്കണ്ട് ദിവ്യ പറഞ്ഞു.
"എന്റെ കൂടെ രണ്ട് പേർ മതി...ലത്തീഫ് ദാദ..പിന്നെ വിനു നീയും. ബാക്കിയുള്ളവർ പുറത്ത് വെയിറ്റ് ചെയ്യുക...."
അവർ രാഹുലിനെ കിടത്തിയിരുന്ന മുറിയിൽ കയറി കതകടച്ചു.
രാഹുൽ കിടക്കയിലായിരുന്നു.
അവൾ അയാളെ നോക്കി.
രാഹുൽ ഇപ്പോഴും അബോധാവസ്ഥയിലാണ്.
അവൾ അയാളുടെ കൺപോളകൾ തുറന്ന് നോക്കി.

വായ തുറന്ന് നാവു പരിശോധിച്ചു.
നാഡിമിടിപ്പും.
പിന്നെ അവൾ ഷാൾ അഴിച്ച് മരുന്നുകൾ പുറത്തെടുത്തു.
ലത്തീഫിനെ അവൾ പുഞ്ചിരിയോടെ നോക്കി.
"ദ പ്രിൻസസ് വിത്ത് എ ഹീലിംഗ് ടച്ച്...!"
ലത്തീഫ് മന്ത്രിച്ചു.
******************************************
അരമണിക്കൂറിനുള്ളിൽ രാഹുലിന്റെ മുറിയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ ദിവ്യയെക്കാത്ത് ഒരു ആംബുലൻസ് യൂനിറ്റ് പുറത്ത് കാത്തിരിക്കുന്നുണ്ടായിരുന്നു.
ഡോക്റ്റർ, നേഴ്‌സുമാർ, ഉപകരണങ്ങൾ, മരുന്നുകൾ, ഒപ്പറേഷൻ തീയറ്റർ സർവ്വതും സജ്ജമായിരുന്നു അതിൽ.
അനവധി വാഹനങ്ങളും കൂറ്റൻ ജനാവലിയും അവിടെ തടിച്ച് കൂടിയിരുന്നു.
വിനോദ് മേനോൻ എല്ലാത്തിനും മുമ്പിൽ നിന്ന് നിർദേശങ്ങളൊക്കെ നൽകിക്കൊണ്ടിരുന്നു.
വിവരമറിഞ്ഞ് അലക്‌സണ്ടറിനോടൊപ്പം ഷാർമ്മിലിയും ഓടിയെത്തിയിരുന്നു.
ദിവ്യയെ ആംബുലൻസിനുള്ളിൽ പ്രവേശിപ്പിച്ച് കഴിഞ്ഞിട്ടും ആളുകൾ ആരും പിരിഞ്ഞുപോകാതെ പരിസരത്ത് തന്നെ നിന്നു.
"അപ്പോൾ ജയകൃഷ്ണൻ ഈ പരിസരത്ത് തന്നെ ഉണ്ടെന്നാണോ?"
വിനോദ് മേനോൻ ലത്തീഫിനോട് ചോദിച്ചു.
"ഏത് പരിസരത്തായാലും, മേനോൻ സാറേ, കൈയിൽ കിട്ടും. വാപ്പേടെ ഗണ്ണിന്റെ ലൈസൻസ് ഞാൻ റിന്യൂ ചെയ്യിക്കും,"
ശാന്തനായി, പതിയെ, വിനോദ് മേനോന്റെ കണ്ണുകളിൽ നോക്കി ലത്തീഫ് പറഞ്ഞു.
"ഖുദാ കസം!"
"ലത്തീഫ് ദാദാ,"
പെട്ടെന്ന് എല്ലാവരും റോസ്‌ലിന്റെ ആവേശം നിറഞ്ഞ വിളികേട്ടു തിരിഞ്ഞ് നോക്കി.
മൊബൈൽ ഫോണിലൂടെ സംസാരിക്കുകയാണ് അവൾ.
"ഒരു ന്യൂസ് ഉണ്ട്,"
അവളുടെ സ്വരത്തിൽ പരിഭ്രാന്തിയുണ്ടായിരുന്നു.
ആകാംക്ഷ നിറഞ്ഞ കണ്ണുകളോടെ കൂട്ടുകാർ അവളെ പൊതിഞ്ഞു.
"പാമ്പാട്ടികളൊക്കെ പാമ്പിനെ സൂക്ഷിക്കുന്ന ഒരു സൈസ് കൂടില്ലേ? അത് പോലെ ഒരെണ്ണം പൊഴേടെ അടുത്ത്ന്ന്...ഏകദേശം രാഹുൽ സാറിനെ വിഷം തൊട്ടിടത്ത്ന്ന് ഇപ്പം പോലീസ് കണ്ടെടുത്തു..."
"ദാറ്റ് മീൻസ്!"
സിദ്ധാർത്ഥൻ മന്ത്രിച്ചു.
കൂട്ടുകാർ പരസ്‌പരം നോക്കി.

"രാഹുൽ സാറിന്റെ നേർക്കുണ്ടായത് ഒരു മർഡർ അറ്റംറ്റ് ആണ്,"
"അതെങ്ങനെ സിദ്ധാർത്ഥൻ?"
പ്രിയങ്ക ചോദിച്ചു.
"പട്ടികളെയൊക്കെ ട്രെയിൻ ചെയ്യിക്കുന്ന പോലെ പാംമ്പുകളെയൊക്കെ ട്രെയിൻ ചെയ്യിക്കാൻ പറ്റുമോ? ഒരാളെകൊല്ലാൻ?"
"പറ്റും,"
ടോമി പറഞ്ഞു.
"ചിലിയിൽ സാന്റിയാഗോ നഗരത്തിനടുത്ത് ഒരു ഗ്രാമത്തിൽ പാമ്പുകളെ ഇങ്ങനെ ട്രെയിൻ ചെയ്യിച്ച ഒരാളെപ്പറ്റി ഞാൻ ഡിസ്‌ക്കവറി ചാനലിൽ കണ്ടിട്ടുണ്ട്,"
"ഗുരുജിയുടെ നേർക്കുണ്ടായത് കൊലപാതക ശ്രമമോ?"
ഭയം നിഴലിച്ച സ്വരത്തിൽ വിനോദ് മേനോൻ ചോദിച്ചു.
"എങ്കിൽ ഞാൻ എയർപോർട്ടിലേക്ക് പോകുന്നു. സാറിന്ന് ഫോറിൻ ട്രിപ്പ് കഴിഞ്ഞ് തിരിച്ചെത്തുകയാണ്,"
അയാൾ തന്റെ കാറിനടുത്തേക്ക് നടന്നു.
ലത്തീഫ് മനോജിനെയും ടോമിയേയും ഫെലിക്സിനെയും മാറ്റി നിർത്തി ചില നിർദേശങ്ങൾ നൽകി.
വിനോദ് മേനോന്റെ പിന്നാലെ ബൈക്കുകളിൽ അവർ കുതിച്ചു.
ആംബുലൻസിന്റെ വാതിൽ തുറക്കപ്പെട്ടു.
ഡോക്റ്റർ പുറത്തേക്ക് വന്നു.
ചുറ്റും നിന്നവർ ആകാംക്ഷയോടെ ഡോക്റ്ററിന്റെ നേരെ തിരിഞ്ഞു.
"സാർ,"
ഗായത്രി ദേവി മുമ്പോട്ടാഞ്ഞു.
"പേടിക്കാനൊന്നുമില്ല തമ്പുരാട്ടി,"
ഡോക്റ്റർ ചിരിച്ചുകൊണ്ട് പറഞ്ഞു.
"ദിവ്യക്ക് നല്ല മനസാന്നിധ്യമുള്ളത് ഗുണം ചെയ്തു. ബുള്ളറ്റ് രണ്ടും റിമൂവ് ചെയ്തു. ബോൺസിനെ ടച്ച് ചെയ്തിരുന്നില്ല. രണ്ട് മൂന്ന് ദിവസത്തെ ബെഡ് റസ്റ്റ്. ബ്ലഡ് ഒത്തിരി പോയി. അതുകൊണ്ട്,"
ഗായത്രി ദേവിയോടൊപ്പം ലത്തീഫും അകത്തേക്ക് കയറി.
ദിവ്യ ബെഡിൽ കിടക്കുന്നു.
തന്റെ അടുത്തേക്ക് വരുന്ന ഗായത്രി ദേവിയേയും ലത്തീഫിനെയും കണ്ട് അവൾ പുഞ്ചിരിച്ചു.
"വേണ്ട..വേണ്ട,"
ദിവ്യ എഴുന്നേൽക്കാൻ ഭാവിക്കുന്നത് കണ്ട് ലത്തീഫ് വിലക്കി.
"മമ്മി, സാറിന് ഇപ്പോൾ എങ്ങനെ ഉണ്ട്,"
അവൾ തിരക്കി.
"സാർ ..ഓക്കേ ആയി...സംസാരിക്കുന്നു..നിന്റെ കാര്യത്തിലാണ്..."
ലത്തീഫ് അവളുടെ മുടിയിഴകൾ തലോടിക്കൊണ്ട് പറഞ്ഞു.

"വേദന എങ്ങനെ ഉണ്ട് മോളെ?"
അവളുടെ വിരലുകളിൽ വിരൽ കോർത്ത് ഗായത്രി ദേവി ചോദിച്ചു.
"ഒരു ഉറുമ്പിൻ കണ്ണോളം,'
അവൾ ചിരിച്ചു.
"നമുക്ക് പോകാം മമ്മി. എനിക്ക് സാറിനെ കാണണം,"
അവർ ഇരുവരും അവളെ തോളിലും കൈകളിലും പിടിച്ച് നടക്കാൻ സഹായിച്ചുകൊണ്ട് പുറത്തേക്ക് വന്നു.
"എന്റെ ദേവീ,"
പുറത്ത് ഹർഷാരവം മുഴക്കുന്ന ആളുകളെക്കണ്ട് അവൾ അമ്പരന്നു.
"അപ്പോൾ ഞാൻ ഒരു സംഭവം തന്നെയാ അല്ലേ?"
അവൾ ലത്തീഫിനെ നോക്കി.
പുറത്ത് കാത്തിരുന്ന ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും നാട്ടുകാരുടെയും മുഖങ്ങളിൽ ആശ്വാസവും ആഹ്ലാദവും നിറഞ്ഞു.
അവളെ സ്വീകരിക്കാനായി അവർ മുമ്പോട്ടടുത്തു.
സുഹൃത്തുക്കൾ അവൾക്ക് വലയം തീർത്തു.
"ലത്തീഫ് ദാദാ...ഒരു ഹോപ്‌ലെസ് ന്യൂസ് കൂടി,"
തന്റെ മൊബൈൽ ഫോണിലൂടെ സംസാരിക്കുകയായിരുന്ന റോസ്‌ലിൻ പറഞ്ഞു.
അവർ അവളെ നോക്കി.
"ഗാന്ധി സ്ക്വയറിൽ രണ്ട് മിനിറ്റ് മുമ്പ് ഒരു ഡെഡ്ബോഡി പോലീസ് കണ്ടെത്തി. ഒരു സ്നേക്ക് ചാർമർ ..പാമ്പാട്ടിയുടെത് ആണെന്ന് പോലീസ് ഐഡെന്റിഫൈ ചെയ്തിട്ടുണ്ട്...എ നോർത്ത് ഇന്ത്യൻ ഒറിജിൻ,"
ആ വാർത്ത കേൾവിക്കാരിൽ പരിഭ്രാന്തി പരത്തി.
"ആന്റി പേടിക്കണ്ട,"
ആ സംസാരമത്രയും ഭയത്തോടെ കേൾക്കുകയായിരുന്ന ഗായത്രിദേവിയോട് വിൻസെന്റ് പറഞ്ഞു.
"നിങ്ങൾക്കാർക്കും ഒരു പോറൽ പോലുമേൽക്കാൻ ഞങ്ങൾ സമ്മതിക്കില്ല,"
"ഒരു പോറൽപോലുമേൽപ്പിക്കില്ല!!"
ഷെറിൻ ഒച്ചയിട്ടു.
"എന്നിട്ട് ദിവ്യക്കിപ്പോൾ ഓപ്പറേഷൻ തീയറ്ററും ബെഡ്റെസ്റ്റും! ഐ ഫീൽ ഷെയിം ഓൺ മൈ സെൽഫ്!"
തങ്ങൾ വലിയൊരു തെറ്റ് ചെയ്തതുപോലെ അവർ പരസ്പരം നോക്കി.
"അത് ഇവൾ ആരെയും അറിയിക്കാതെ പോയത്കൊണ്ടല്ലേ മോളെ,"
കൂട്ടുകാരുടെ കുറ്റബോധം നിറഞ്ഞ മുഖങ്ങളിലേക്ക് നോക്കി ഗായത്രിദേവി പറഞ്ഞു.
"നിങ്ങളുടെ ആരുടേയും കുറ്റംകൊണ്ടല്ല അത്,"
"പാസ്റ്റ് ഈസ് പാസ്റ്റ്,"
വിൻസെന്റിന്റെ ദൃഢസ്വരം എല്ലാവരും കേട്ടു.

"ഇനി ഇതുപോലെ ഒരു സംഭവം ഉണ്ടാകുന്നത് എന്റെ ഡെഡ് ബോഡീടെ പൊറത്തോടെയാരിക്കും!"
അവർ രാഹുലിന്റെ ക്വാർട്ടേഴ്സിനെ സമീപിച്ചു.
ഇതിനോടകം സംഭവങ്ങളുടെ പൂർണ്ണരൂപം രാഹുൽ അറിഞ്ഞുകഴിഞ്ഞിരുന്നു.
തനിക്ക് സർപ്പ ദംശനമേറ്റത്.
ദിവ്യ തന്നെ ഗബ്രിയേലച്ചന്റെയടുത്തെത്തിച്ചത്.
മരണാസന്നനായ തന്റെ ജീവൻ രക്ഷിക്കുന്നതിന് വേണ്ടി മരുന്നുകൾ ശേഖരിക്കാൻ കോബ്രാഹിൽസിലേക്ക് ദിവ്യ തനിച്ച് പോയത്.
അവിടെ വെച്ച് അജ്ഞാതനാൽ അവൾക്ക് വെടിയേറ്റത്.
അദ്ഭുതകരമായി അവൾ രക്ഷപ്പെട്ടത്.
തീർത്തും അസാധ്യമായിരുന്നിട്ടുകൂടി അവൾ മരുന്നുമായി തിരിച്ചുവന്നത്.
പിന്നെ തന്റെ ജീവൻ രക്ഷപ്പെടുത്തിയത്.
റോസ്‌ലിന്റെയും പ്രിയങ്കയുടെയും ഷെറിന്റെയും സഹായത്താൽ തന്നെ സമീപിക്കുന്ന ദിവ്യയെ രാഹുൽ നോക്കി.
ഇടത് കൈ നിറയെ ബാൻഡേജ് ഇട്ടിട്ടുണ്ട്.
ക്ഷീണമുണ്ടെങ്കിലും അവളുടെ സഹജമായ നിശ്ചയദാർഢ്യവും കുലീനത്വവും അണുപോലും ഭ്രംശം സംഭവിക്കാതെ മുഖത്ത് നിറഞ്ഞുനിന്നിരുന്നു.
തന്നെ കണ്ണിമയ്ക്കാതെ നോക്കുന്ന രാഹുലിന്റെ നേരെ നോക്കി അവൾ പുഞ്ചിരിച്ചു.
ഷെറിനും പ്രിയങ്കയും റോസ്‌ലിനും കൂട്ടുകാരുടെ നേരെ നീങ്ങി.
"ഇപ്പോൾ ...ഇപ്പോൾ എങ്ങനെയുണ്ട് സാർ...?"
അയാൾക്ക് അഭിമുഖമായി ഇരുന്ന് അവൾ ചോദിച്ചു.
രാഹുൽ അവളെ കൃതജ്ഞതയോടെ നോക്കി.
"എന്നെ ചികിത്സിക്കുന്നത് ദിവ്യയല്ലേ?"
അവളുടെ മിഴിയിണകലിലേക്ക് നോക്കി അയാൾ പറഞ്ഞു.
"എ പ്രിൻസസ് വിത്ത് എ ഹീലിംഗ് ടച്ച്..."
ദിവ്യയുടെ മനസ്സ് ആനന്ദത്താൽ വീർപ്പുമുട്ടി.
കോബ്രാഹിൽസിൽ നിന്ന് കാറ്റിറങ്ങി അവരെ തഴുകി.
കതകിൽ ആരോ തുടർച്ചയായി മുട്ടുന്ന ശബ്ദം കേട്ടാണ് റോസ്‌ലിൻ ഉറക്കമുണർന്നത്.
ആദ്യം അതൊരു തോന്നലാണെന്ന് അവൾ അനുമാനിച്ചു.
എന്നാൽ വീണ്ടും ശക്തിയായി മുട്ടുന്ന ശബ്ദം തുടർന്നപ്പോൾ അവൾ കൈയെത്തിച്ചു ബെഡ് ലാമ്പ് ഓൺ ചെയ്തു.
പിന്നെ ഭിത്തിയിലെ ക്ലോക്കിലേക്ക് നോക്കി.
രണ്ടു മണി!
അവളുടെ നെറ്റിയിൽ ചുളിവുകൾ വീണു.
അവൾ സംശയത്തോടെ പതിയെ എഴുന്നേറ്റു.
പിന്നെ സ്വിച്ചിട്ടു.

ആരായിരിക്കാം ഈ സമയത്ത്?
അവൾ ജാലകതിനടുത്തേക്ക് പോയി.
ശബ്ദം കേൾപ്പിക്കാതെ അതിന്റെ ഒരു പാളി തുറന്നു.
പിന്നെ അതിലൂടെ കതകിന്റെ ഭാഗത്തേക്ക് നോക്കി.
"ഈശോയേ!"
അവൾ സംഭ്രമത്തോടെ മന്ത്രിച്ചു.
മുറ്റത്തെ നിലാവിൽ , ചോരയും അഴുക്കും നിറഞ്ഞ വസ്ത്രങ്ങളോടെ ഒരാൾ കതകിൽ ചാരി നിൽക്കുന്നത് അവൾ കണ്ടു.
അയാൾ കിതയ്ക്കുന്ന ശബ്ദം തനിക്ക് കേൾക്കാം.
ഒരു നിമിഷം തന്റെ ഹൃദയത്തിൽ ഒരു മിന്നൽപ്പിണർ കടന്നുപോകുന്നത് അവൾ അറിഞ്ഞു.
തന്റെ കൂട്ടുകാരിൽ ആർക്കോ പരിക്ക് പറ്റിയിരിക്കുന്നു!
അവൾ തിടുക്കത്തിൽ കതകിനടുത്തേക്ക് നീങ്ങി.
ധൃതിയിൽ അവൾ കതക് തുറന്നു.
തുറന്നു വന്ന കതക് പാളികൾക്കപ്പുറത്തു നിൽക്കുന്നയാളെക്കണ്ട് ഒരു നിമിഷം അവൾ ഭയന്നു.
സിദ്ധാർത്ഥൻ!
ചോരയിൽ നനഞ്ഞുകുതിർന്ന ഷർട്ടും പാന്റസും.
മുഖത്തും ദേഹം നിറയെയും മുറിവുകൾ.
അവൻ ശ്വാസം കഴിക്കാൻ വിഷമിക്കുന്നുണ്ടെന്നു അവൾക്ക് തോന്നി.
റോസ്‌ലിൻ നിഴൽ വീണുകിടക്കുന്ന പരിസരങ്ങളിലേക്ക് നോക്കി.
"സിദ്ധൂ! എന്തായിത്?"
അവൾ അവന്റെ കൈയ്യിൽ പിടിച്ചു.
"ദിവ്യ ...ദിവ്യയെ...ജയകൃഷ്ണൻ..."
റോസ്‌ലിന്റെ കണ്ണുകൾ ഭയത്താൽ വിടർന്നു.
അവൻ വീഴാൻ തുടങ്ങുന്നപോലെ അവൾക്ക് തോന്നി.
അവൾ അവനെ താങ്ങിപ്പിടിച്ചു.
പിന്നെ അവൾ അവനെ അകത്തേക്ക് നടത്തിച്ചു.
വീണുപോകാൻ അവൻ പലതവണ തുടങ്ങിയെങ്കിലും റോസ്‌ലിൻ അവനെ ചേർത്തുപിടിച്ച് കിടക്കയുടെ അരികിലേക്ക് നടത്തി.
"റോസ്...വേഗം...വേഗം..ലത്തീഫിനെ വിളിക്ക്..."
നടക്കുന്നതിനിടയിൽ അവൻ ആയാസപ്പെട്ട് പറഞ്ഞു.
അവൾ അവനെ തന്റെ കിടക്കയിൽ കിടത്തി.
"എന്റെ...!"
അവന്റെ രൂപം കണ്ടു റോസ്‌ലിന്റെ കണ്ണുകൾ നിറഞ്ഞു.
"എന്റെ സിദ്ധൂ! നിന്നെ ആരാ ഇങ്ങനെ...?"
തന്റെ കരൾ പിളരുന്നത് പോലെ അവൾക്ക് തോന്നി.

"ഹാ...അതൊക്കെ...അതൊക്കെ...ഞാൻ പിന്നെ ...പറയാം ...നീ ...നീയാദ്യം ലത്തീഫിനെ ...വിളിക്ക്. അല്ലേൽ ...റോസ് അല്ലേൽ ജയകൃഷ്ണൻ...അവൻ ദിവ്യേനെ...ദിവ്യേനെ..."
അത് പറഞ്ഞ് തീരുന്നതിന് മുമ്പ് സിദ്ധാർത്ഥൻ കിടക്കയിലേക്ക് മറിഞ്ഞു.
"ജീസസ്!!"
റോസ്‌ലിന്റെ ഹൃദയം പിടച്ചു.
അവൾ ആ നിമിഷം തന്നെ തന്റെ കാതുകൾ അവന്റെ നെഞ്ചിലേക്ക് ചേർത്തു.
ഹൃദയം മിടിക്കുന്നുണ്ട്!
അവൾ മൊബൈലിന് മേശമേൽ പരതി.
നാശം! അത് മെട്രോപോളിറ്റൻ ക്ലബ്ബിൽ മറന്നുവെച്ചിരിക്കുകയാണ്.
അവൾ സിദ്ധാർത്ഥന്റെ പോക്കറ്റുകളിലും പരതി.
അവിടവും ശൂന്യം.
പിന്നെ അവൾ മറ്റൊന്നും ആലോചിക്കാതെ പുറത്തുകടന്നു.
കതക് പുറത്തുനിന്നും അടച്ചു.
പിന്നെ നിശാവസ്ത്രത്തിൽ തന്നെ അവൾ ഗാരെയ്‌ജിലേക്ക് നീങ്ങി.
അവിടെ നിന്ന് സൈക്കിളെടുത്ത് ഗെയിറ്റിന് പുറത്തു കടന്നു.
അവിടെ നിന്ന് പത്തുമിനിറ്റ് നടന്നെത്താവുന്ന ദൂരത്തിലാണ് ലത്തീഫിന്റെ വീട്.
ബോധരഹിതനായിക്കിടന്ന സിദ്ധാർത്ഥന്റെ രൂപവും അവൻ അറിയിച്ച ഭീകരമായ സന്ദേശവും അവളുടെ കാലുകളുടെ വേഗം കൂട്ടി.
വിജനമായ ഇടവഴിയിലൂടെ, നിലാവും മഞ്ഞും നിറഞ്ഞ മരങ്ങൾക്കിടയിലൂടെ അസാധാരണ വേഗത്തിൽ അവൾ സൈക്കിളോടിച്ചു.
"ഈശോയേ..അവന് ആപത്തൊന്നും വരുത്തരുതേ...!!"
അവൾ ഹൃദയം നൊന്ത് ഉരുവിട്ടു.
മിനിറ്റുകൾക്കുള്ളിൽ അവൾ ലത്തീഫിന്റെ വീട്ടുമുറ്റത്തെത്തി.
വീടിന്റെ തെക്ക്ഭാഗത്തേക്ക് അവൾ സൈക്കിളോടിച്ചു.
അവിടെയാണ് ലത്തീഫിന്റെ മുറി.
ബെല്ലടിച്ചു മറ്റാളുകളെ അറിയിക്കേണ്ടെന്ന് അവൾ തീരുമാനിച്ചു.
റോസ്‌ലിൻ തിടുക്കത്തിൽ കതകിൽ മുട്ടി.
നിമിഷങ്ങൾക്കുള്ളിൽ മുറിയിൽ പ്രകാശം പരക്കുന്നത് അവൾ ജനാലയിലൂടെ കണ്ടു.
പിന്നെ, തുറന്നുവരുന്ന കതകിൻ പാളികൾക്ക് പിമ്പിൽ, ഉറക്കച്ചടവോടെയുള്ള ലത്തീഫിന്റെ മുഖവും.
"റോസ്!"
അവളെക്കണ്ട് അവൻ അമ്പരന്നു.
"നീയെന്തിനാ ഈ സമയത്ത്..! ഇത്ര ..എന്ത് പ..."
ആ നിൽപ്പിൽത്തന്നെ റോസ്‌ലിൻ, സിദ്ധാർത്ഥന്റെ ശാരീരിക സ്ഥിതിയും അവൻ അറിയിച്ച കാര്യവും അവനോടു വിവരിച്ചു.

"ഗോഡ്!!"
ലത്തീഫ് അത് കേട്ടതും മുറി ചാരിയിട്ട് പുറത്തുകടന്നു.
"ദെൻ കമോൺ!!"
വിവരണം പൂർത്തിയാക്കുന്നതിനു മുമ്പ് അവളുടെ കൈക്ക് പിടിച്ചു വലിച്ചുകൊണ്ട് ലത്തീഫ് മുറ്റത്ത് നിർത്തിയിട്ടിരുന്ന ജീപ്പിനടുത്തേക്ക് നീങ്ങി.
ധൃതഗതിയിൽ അവൻ ഡ്രൈവിംഗ് സീറ്റിൽ കയറി.
"ക്വിക്ക്...!!"
അവൻ റോസ്‌ലിനോട് പറഞ്ഞു.
നിമിഷങ്ങൾക്കുള്ളിൽ അവർ റോസ്‌ലിന്റെ ഗെയിറ്റിന്റെ മുമ്പിൽ എത്തി.
"പെട്ടെന്ന് വാ!"
ഡ്രൈവിംഗ് സീറ്റിൽ നിന്ന് ചാടിയിറങ്ങിക്കൊണ്ട് ലത്തീഫ് പറഞ്ഞു.
ജീപ്പ് ഗെയിറ്റിനുള്ളിലേക്ക് കടത്തി വീട്ടുകാരെ ഉണർത്താൻ അവൻ ആഗ്രഹിച്ചില്ല.
ലത്തീഫ് കതക് തുറന്നു.
കിടക്കയിൽ അപ്പോഴും ബോധരഹിതനായി കിടക്കുന്ന സിദ്ധാർത്ഥനെ അവൻ കണ്ടു.
"യാ, അല്ലാഹ്...!!"
ദേഹം നിറയെ മുറിവുകളോടെ ചോരയിൽ പുതഞ്ഞ അവന്റെ രൂപം കണ്ടു ലത്തീഫ് പരിഭ്രമിച്ചു.
അവൻ സിദ്ധാർത്ഥന്റെ കൈത്തണ്ട പിടിച്ചമർത്തി.
"റോസ്‌ലിൻ, വേഗം!!"
സിദ്ധാർത്ഥന്റെ കൈകളിൽ പിടിച്ച് എടുത്തുയർത്താൻ ശ്രമിച്ചുകൊണ്ട് ലത്തീഫ് പറഞ്ഞു.
അവളും ചേർന്ന് അവനെ താങ്ങിപ്പിടിച്ചു.
പുറത്തേ ജീപ്പിനടുത്തെക്ക് അവർ തിടുക്കത്തിൽ സിദ്ധാർത്ഥനെയും കൊണ്ട് നീങ്ങി.
മുൻസീറ്റിൽ അവർ സിദ്ധാർത്ഥനെ കിടത്തി.
"ഞാനിവനെ സിറ്റി ഹോസ്പ്പിറ്റലിൽ എത്തിച്ചിട്ട് വിവരമറിയിക്കാം,"
ധൃതിയിൽ ഡ്രൈവിംഗ് സീറ്റിലിരുന്നുകൊണ്ട് ലത്തീഫ് പറഞ്ഞു.
"ഞാനും കൂടി വരാം ലത്തീഫ് ദാദാ..."
റോസ്‌ലിൻ ഇരുന്നു.
പിന്നെ സിദ്ധാർത്ഥന്റെ തലയെടുത്ത് തന്റെ മടിയിൽ വെച്ചു.
"അല്ലെങ്കി ഷേക് ചെയ്ത് ബോഡി ഒത്തിരി ടയേഡ് ആകും,'
അവൾ ലത്തീഫിനോട് പറഞ്ഞു.
"ശരി,"
ലത്തീഫ് ജീപ്പ് സ്റ്റാർട്ട് ചെയ്തു.
************************************
റെയിൽ വേ സ്റ്റേഷൻ.

മംഗളാ എക്സ്പ്രസിന്റെ ബി വൺ കമ്പാർട്ട്മെന്റിൽ നിന്ന് പുറത്തേക്കിറങ്ങിയ ദിവ്യ അദ്ഭുതപ്പെട്ടു.
ലത്തീഫ് ദാദയും കൂട്ടുകാരും തന്നെ കാത്ത് പ്ലാറ്റ്ഫോമിൽ നിൽക്കുന്നു!
അവർ ആഹ്ലാദത്തോടെ അവരെ കൈവീശിക്കാണിച്ചു.
അവർ തിരിച്ചും.
നിറഞ്ഞ പുഞ്ചിരിയോടെ അവൾ അവരെ സമീപിച്ചു.
കൂട്ടുകാർ കണ്ണുകൾ മാറ്റാതെ അവളുടെ വിസ്മിത സൌന്ദര്യം നോക്കി നിന്നു.
'ഇതെന്ത് പറ്റി, ലത്തീഫ് ദാദാ?"
അവൾ ചോദിച്ചു.
"ഞാനെന്നാ മോദിജിയാണോ, ഇത് പോലെ സ്വീകരിക്കാൻ?"
"അതൊക്കെ പറയാം നീ വാ,"
ലത്തീഫ് ഗൌരവത്തിൽ പറഞ്ഞു.
അവർ പുറത്തേക്ക് നടന്നു.
വെളിയിൽ ലതീഫിന്റെ സ്കോർപ്പിയോ പാർക്ക് ചെയ്തിരുന്നു.
അവർ ജീപ്പിനുള്ളിൽ കയറി.
"എവിടെ റോസും മറ്റ് മൂന്ന് തടിയൻമാരും?"
ദിവ്യ ചോദിച്ചു.
ഫെലിക്സിനെയും സതീഷിനെയും മനോജിനെയുമാണ് അവൾ ഉദ്ദേശിച്ചത്.
കൂട്ടത്തിൽ ഏറ്റവും കായിക ക്ഷമതയും കരാട്ടെ ടൂർണ്ണമെന്റ്കളിൽ എപ്പോഴും വിജയിക്കുകയും ചെയ്യുന്ന അവരെയാണ് ലത്തീഫ് സിദ്ധാർത്ഥന്റെ സംരക്ഷണത്തിനായി ആശുപത്രിയിൽ നിയോഗിച്ചിരുന്നത്.
സിദ്ധാർത്ഥൻ കൊല്ലപ്പെട്ടിട്ടില്ല എന്നറിയുമ്പോൾ രണ്ടാമതൊരു ആക്രമണത്തിന് ജയക്രിഷ്ണൻ മുതിരുമെന്ന് അവർ അറിഞ്ഞിരുന്നു.
"റോസ് റോസിന്റെ വുഡ് ബീയെ ശുശ്രൂഷിക്കുന്നു. ഫെലിക്സും മനോജും സതീഷും റോസിനെയും വുഡ് ബീയെയും ഗാർഡ് ചെയ്യുന്നു. സിറ്റി ഹോസ്പിറ്റലിൽ."
ഷെറിൻ പറഞ്ഞു.
ദിവ്യയുടെ മുഖത്ത് ചുളിവുകൾ വീണു.
"വുഡ് ബീ? സിറ്റീ ഹോസ്പിറ്റൽ ? എന്തൊക്കെയാ നിങ്ങളീപ്പറയുന്നെ?"
അവൾ അസഹ്യതയോടെ ചോദിച്ചു.
അവർ ദിവ്യയോട് സംഭവങ്ങളുടെ രത്നച്ചുരുക്കമറിയിച്ചു.
രോഹിതിന്റെ വീട്ടിൽ ജയകൃഷ്ണനും കൂട്ടുകാരും ഒരുമിച്ചു കൂടിയതും ദിവ്യയെ വകവരുത്താനുള്ള പദ്ധതി ജയകൃഷ്ണൻ ആവിഷ്ക്കരിച്ചതും അജ്ഞാതന്റെ ടെലിഫോൺ സന്ദേശവും ജയകൃഷ്ണന്റെ പദ്ധതിയെ സിദ്ധാർത്ഥൻ എതിർത്തതും അനന്തരം കൊന്നുകളയുക എന്ന ഉദ്ദേശത്തോടെ ജയകൃഷ്ണനും രാമകൃഷ്ണനും ക്രിസ്റ്റഫറും ഷാജഹാനും സിദ്ധാർത്ഥനെ ആക്രമിച്ചതും മരിച്ചു എന്ന് കരുതി മൃതപ്രായനായ സിദ്ധാർത്ഥൻ ഉപേക്ഷിക്കപ്പെട്ടതും രാത്രിയിൽ

റോസ്‌ലിന്റെയടുത്തെത്തി  സിദ്ധാർത്ഥൻ ജയകൃഷ്ണന്റെ പദ്ധതിയെപ്പറ്റി വിവരം തന്നതുമൊക്കെ അവർ വിവരിച്ചു.
"ലത്തീഫ് ദാദാ,"
എല്ലാം കേട്ടുകഴിഞ്ഞ് പരിഭ്രാന്തിയോടെ ദിവ്യ വിളിച്ചു.
"എങ്കിൽ വണ്ടി സിറ്റി ഹോസ്പ്പിറ്റലിലേക്ക് തിരിച്ച് വിട്,"
"നിന്നെ ആദ്യം വീട്ടിലെത്തിച്ചിട്ട്,"
ലത്തീഫ് വിയോജിച്ചു.
"അതല്ല, ലത്തീഫ് ദാദാ,'
അവൾ വിശദീകരിച്ചു.
"നമ്മുടെ മുഴുവൻ ശ്രദ്ധയും ഇപ്പൊ സിദ്ധാർത്ഥനാണ് വേണ്ടത്. നമ്മളില്ലാത്തപ്പൊ സിദ്ധാർത്ഥന് എന്തേലും പറ്റിയാ ജീവിതകാലം മുഴുവനും വെഷമിക്കേണ്ടി വരും നമുക്ക്. സോ ലെറ്റ്സ്  ഫസ്റ്റ് മൂവ് ടു ഹിം,'
ദിവ്യയുടെ നിർബന്ധത്തിന് വഴങ്ങി ലത്തീഫ് വണ്ടി തിരിച്ചു.
"ആട്ടെ, എങ്ങനുണ്ട് ഇപ്പൊ സിദ്ധാർത്ഥന്?"
യാത്രാമദ്ധ്യേ ദിവ്യ ആകാംക്ഷയോടെ തിരക്കി.
"കൃത്യസമയത്ത് ഹോസ്പ്പിറ്റലിൽ എതിച്ചില്ലാരുന്നേൽ പറമ്പീന്ന് മാന്തടി ഒരെണ്ണം വെട്ടാരുന്നു,"
ടോമി പറഞ്ഞു.
"പക്ഷെ ഇപ്പം രണ്ടു ജന്മം സുഖമായി ജീവിക്കാനുള്ള ആയുസ് ഉണ്ട്."
ഷെറിൻ ചിരിച്ചു.
"അതിന്റെ മുഴുവൻ ക്രെഡിറ്റ് വൈദ്യശാസ്ത്രത്തിനു മാത്രം അവകാശപ്പെട്ടതല്ല. രണ്ടു കാരണം. ഒന്ന് നമ്മുടെ ലീഡർ ഹിസ് ഹൈനെസ് ലത്തീഫ് ദാദ. രണ്ടാമത്തെ, ആസ് യൂ നോ, മദർ തെരേസ പോലും നാണിച്ച് സുല്ലിടുന്ന തകർപ്പൻ പ്രകടനമാണ് റോസ്‌ലിൻ ജോസഫ് എന്ന ശാന്തിപുരം ഫ്ലോറൻസ് നൈറ്റിംഗേൽ കാഴ്ച്ചവെച്ചുകൊണ്ടിരിക്കുന്നത്!"
******************************************
ഒരാഴ്ച ക്ക് ശേഷം സിദ്ധാർത്ഥനെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തു.
പരിക്ക് ഗുരുതരമായിരുന്നെങ്കിലും കൃത്യസമയത്ത് വൈദ്യ സഹായം ലഭിച്ചതുകൊണ്ടും കൂട്ടുകാരുടെ പ്രത്യേകിച്ചും റോസ്‌ലിന്റെ ശ്രദ്ധാപൂർവ്വമായ പരിചരണം കൊണ്ടും സിദ്ധാർത്ഥൻ അപകടനില തരണം ചെയ്തു.
ലത്തീഫിന്റെയും കൂട്ടുകാരുടെയും സഹായത്തോടെ സിദ്ധാർത്ഥനെ വീട്ടിലെത്തിച്ചു.
കാര്യങ്ങൾ മുഴുവൻ അറിഞ്ഞു കഴിഞ്ഞപ്പോൾ അവന്റെ കുടുംബാംഗങ്ങൾ ഭയവിഹ്വലരായി.
മലമുകളിൽ നിന്ന് വീണതാണ് എന്നാണ് ആദ്യം അവരെ ധരിപ്പിച്ചിരുന്നത്.

ദുസ്വഭാവിയാണെന്നറിഞ്ഞിരുന്നെങ്കിലും ജയകൃഷ്ണന്റെ കുറ്റകൃത്യങ്ങളുടെ പട്ടികയിൽ മയക്ക് മരുന്ന് ബിസിനസ്സും കൊലപാതകവുമൊക്കെ ഉണ്ടായിരുന്നെന്ന് അവർ കരുതിയേയില്ല.
"ഇനി ആരുമായും നെനക്ക് യാതൊരു ചങ്ങാത്തോം വേണ്ട!"
സിദ്ധാർത്ഥന്റെ അച്ഛൻ ദാമോദരയ്യർ പ്രഖ്യാപിച്ചു.
ലത്തീഫും കൂട്ടുകാരും ലത്തീഫിനെ നോക്കി.
"അഥവാ വേണമെങ്കിൽ ഇവരുടെ കൂടെ!"
അത് കേട്ട് റോസ്‌ലിൻ പുഞ്ചിരിച്ചു.
അൽപ്പം കഴിഞ്ഞ് സിദ്ധാർത്ഥന്റെ അച്ഛനുമമ്മയും അനിയത്തിയും അകത്തേക്ക് പോയി.
"കുറെ കാര്യങ്ങൾ തീരുമാനിക്കാനുണ്ട്,"
കൂട്ടുകാർ ആകാംക്ഷയോടെ ലത്തീഫിനെ നോക്കി.
ഒരു സോഫയിൽ ചാരിക്കിടക്കുകയായിരുന്ന സിദ്ധാർത്ഥനും കാതുകൾ കൂർപ്പിച്ചു.
"ശത്രു പടയൊരുക്കം ഏതാണ്ട് പൂർത്തിയാക്കി കഴിഞ്ഞു,"
തന്നെ ആകാംക്ഷയോടെ നോക്കുന്ന കൂട്ടുകാരുടെ മുഖങ്ങളിലേക്ക് നോക്കി ലത്തീഫ് പറഞ്ഞു.
"ഏറ്റവും സ്യൂട്ടബിളായ ഒരു ചാൻസിന് നോക്കിയിരിക്കയാണ് ശത്രു. ആഞ്ഞടിക്കാൻ. അവന്റെ ഉന്നം ദിവ്യയാണ്,"
നിശബ്ദതയുടെ ഒന്നു രണ്ടു നിമിഷങ്ങൾ കഴിഞ്ഞുപോയി.
"ദിവ്യയുടെ ഒരു മുടിനാരിഴയെങ്കിലും ശത്രുവിന് തോടണമെങ്കിൽ ആദ്യം നമ്മുടെ ശ്വാസം തീരണം!"
നിശബ്ദതയിലേക്ക് വിൻസെന്റ്റിന്റെ വാക്കുകൾ അഗ്നിയിരമ്പലായി ചിതറി വീണു.
"ജയക്രിഷ്ണനല്ല, അവന്റെ അപ്പൻ മുത്തുപ്പട്ടരു വന്നാപ്പോലും വിട്ടുകൊടുക്കില്ല നമ്മൾ ഇവളെ!"
വിൻസെന്റ് ദിവ്യയുടെ തോളിൽ പിടിച്ചു.
തന്റെ തോളിൽ അമർന്ന അവന്റെ കൈയുടെ ദൃഢതയിൽ അവളും.
"ആവേശത്തിന്റെ ഊർജ്ജം സംസാരത്തിലൂടെ കളയരുത്!"
ലത്തീഫ് എല്ലാവരോടുമായി പറഞ്ഞു.
"ഇന്ന് മുതൽ എല്ലാവരും എക്സ്ട്രാ ചാർജ്ഡ് ആയിരിക്കുക! ദിവ്യക്ക് ചുറ്റും ഒരു പത്മവ്യൂഹം. ഭേദിക്കാനാവാത്ത ഒരു കവചം. അങ്ങനെ ആവുക എല്ലാവരും! ലൈക് എ സൂയിസൈഡ് സ്ക്വാഡ്! നമ്മുടെ നാടിന്റെ വിളക്കാണിവൾ..."
ദിവ്യയുടെ കണ്ണുകൾ നിറയുന്നത് അവർ കണ്ടു.
"കാറ്റ് ആഞ്ഞു വീശും ഈ വിളക്ക് അണയ്ക്കാൻ,"
അവളുടെ മുഖത്ത് നിന്ന് മിഴിനീരൊപ്പി ലത്തീഫ് തുടർന്നു.
"പക്ഷെ നമ്മുടെ കൈകളിൽ സുരക്ഷിതമാണ് ഈ ദീപ നാളം,"
അവൻ അവളെ ചേർത്തുപിടിച്ചു .
അവന്റെ തോളിൽ മുഖം അമർത്തി അവളും.

ദിവ്യയുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു.
വാക്കുകളിലൂടെ അവരുടെ സ്നേഹത്തിന് നന്ദി പ്രകടിപ്പിക്കുവാൻ അവൾ ആഗ്രഹിച്ചു.
പക്ഷെ വാക്കുകൾ തൊണ്ടയിൽ കുരുങ്ങുകയാണ്.
പകരം കണ്ണിണകളാണ് സംസാരിക്കുന്നത്.
കണ്ണുനീരിന്റെ രൂപത്തിൽ.
കൃതജ്ഞതയുടെ ഭാഷ.
"അതുപോലെ പ്രധാനപ്പെട്ട മറ്റൊരു കാര്യം സിദ്ധാർത്ഥന്റെ സുരക്ഷയാണ്,"
ലത്തീഫ് തുടർന്നു.
"സിദ്ധാർത്ഥൻ ജീവനോടെയിരിക്കുന്നത് ജയകൃഷ്ണനെ ഭ്രാന്ത് പിടിപ്പിക്കും. അവന്റെയും ദിവ്യയെ വക വരുത്താൻ അവനെ ഏൽപ്പിച്ച അവന്റെ ബോസിന്റെയും നിലനിൽപ്പിന് സിദ്ധാർത്ഥൻ ജീവനോടെയിരിക്കുന്നത് ഭീഷണിയാണ്. പോലീസിനെ ഈ ഘട്ടത്തിൽ വിവരമറിയിക്കുന്നത് ബുദ്ധിയല്ല. അതിൽ പല കുഴപ്പങ്ങളുമുണ്ട്. അതാണ് അയ്യരങ്കിളിനെ ഞാൻ വിലക്കിയത്,"
സിദ്ധാർത്ഥന്റെ അച്ഛനെ ഉദ്ദേശിച്ച് ലത്തീഫ് പറഞ്ഞു.
"സിദ്ധാർത്ഥന്റെ സുരക്ഷക്ക് ഞാൻ ആലോചിച്ചിട്ട് ഒരു മാർഗ്ഗമേ കാണുന്നുള്ളൂ,"
കൂട്ടുകാരുടെ ആകാംക്ഷ വർദ്ധിച്ചു.
പ്രത്യേകിച്ച് റോസ്‌ലിന്റെ.
"ആ മാർഗ്ഗം പ്രയോജനപ്പെടുത്താൻ നമുക്ക് സിദ്ധാർത്ഥന്റെ അനുവാദം വേണം,"
കൂട്ടുകാർക്ക് ഒന്നും മനസ്സിലായില്ല.
അവർ അവന്റെ അടുത്ത വാക്കുകൾക്ക് കാതോർത്തു.
"എന്താ ലത്തീഫ് ദാദാ, അത്,"
ആ ചോദ്യം സിദ്ധാർത്ഥനിൽ നിന്നായിരുന്നു.
കൂട്ടുകാർ അന്തം വിട്ട് സിദ്ധാർത്ഥനെയും ലത്തീഫിനെയും മാറി മാറി നോക്കി.
സിദ്ധാർത്ഥൻ ആദ്യമായി ലത്തീഫിനെ 'ലത്തീഫ് ദാദ' എന്ന് സംബോധന ചെയ്തിരിക്കുന്നു!
ലത്തീഫ് ഒരു പ്രത്യേക ഭാവത്തിൽ സിദ്ധാർത്ഥനെ നോക്കി.
"ആ മാർഗ്ഗമേതാണെന്നു ഞാൻ പറയട്ടെ ലത്തീഫ് ദാദാ,"
വിൻസെന്റ് പുഞ്ചിരിയോടെ ചോദിച്ചു.
"പറയൂ' എന്ന അർത്ഥതിൽ ലത്തീഫ് തലകുലുക്കി.
"ലത്തീഫ് ദാദ എന്ന പേര് സിദ്ധാർത്ഥൻ തുടർന്നും ഉപയോഗിക്കുക,"
റോസ്‌ലിന്റെ മുഖം പ്രകാശപൂർണ്ണമായി.
കൂട്ടുകാരിലും അത് ആഹ്ലാദം നിറച്ചു.
"എന്ന് വെച്ചാൽ സിദ്ധാർത്ഥൻ നമ്മുടെ ഗ്രൂപ്പിൽ ചേരണമെന്ന്, അല്ലേ?"
ഷെറിൻ ചോദിച്ചു.
"അതിന് സമ്മതമാണോ സിദ്ധാർത്ഥന്?"
ലത്തീഫ് സിദ്ധാർത്ഥനെ നോക്കി .

കൂട്ടുകാരെ അദ്ഭുതപ്പെടുത്തിക്കൊണ്ട് സിദ്ധാർത്ഥന്റെ കണ്ണുകൾ നിറഞ്ഞു.
"എന്താ സിദ്ധൂ?"
റോസ്‌ലിൻ സാവധാനം ചോദിച്ചു.
"ഞാൻ ..."
ഇടറിയ സ്വരത്തിൽ അവൻ പറയാൻ ശ്രമിച്ചു.
"നിങ്ങളെ ...നിങ്ങളെയൊക്കെ ..ഒരുപാട് ..ദ്രോഹിച്ച ഞാൻ ...ദിവ്യേനെ കൊല്ലാൻ നടക്കുന്ന ജയകൃഷ്ണന്റെ കൂട്ടത്തിൽ...എന്നിട്ട് ...ആ എന്നെ ...ഇപ്പോൾ ....കൂട്ടുകാരനാക്കാൻ ...ഞാൻ..."
അവന്റെ സ്വരം മുറിഞ്ഞു.
കണ്ണീർ പ്രവാഹം വർദ്ധിച്ചു.
"ശ്യെ, എന്തായിത്? കൊച്ചുകുട്ടികളേപ്പോലെ?"
ദിവ്യ അവന്റെ യടുത്തേക്ക് വന്നു.സ്നേഹപൂർവ്വം പുഞ്ചിരിച്ചുകൊണ്ടു അവൾ അവന്റെ ഇരുതോളുകളിലും പിടിച്ചു.
"എന്നെ രക്ഷപ്പെടുത്താൻ വേണ്ടി, എന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി മരിക്കാൻ പോലും ഒരുങ്ങീട്ട്...എന്നിട്ടാണ് ...എന്നെ ദ്രോഹിച്ചെന്ന് ..."
ദിവ്യുടെ മിഴികളും നനഞ്ഞു.
"സിദ്ധാർത്ഥന്റെ രണ്ടുതുള്ളിക്കണ്ണീർ കണ്ട് ആശ്വസിപ്പിക്കാൻ ചെന്നതാ ദിവ്യ. എന്നിട്ടിപ്പോൾ ബക്കറ്റ് കണക്കിനാ കണ്ണീർ പ്രോഡക്ഷൻ..."
ആബിദ് കളിയാക്കി.
ദിവ്യ കണ്ണുകൾ തുടച്ചു.
സിദ്ധാർത്ഥനും.
കൂട്ടുകാർ ലത്തീഫിനെ നോക്കി.
"നാല് ഉത്തരവാദിത്തങ്ങൾ ഉണ്ട് നമ്മുടെ ചുമലിൽ, ഇപ്പോൾ."
ലത്തീഫ് തുടർന്നു.
"ഒന്ന് ദിവ്യയുടെ സുരക്ഷ, രണ്ട് സിദ്ധാർത്ഥന്റെ സംരക്ഷണം, മൂന്ന് ജയകൃഷ്ണനെ തിരയൽ, നാല് കോബ്രാ ഹിൽസ് നിരീക്ഷണം,"
ലത്തീഫ് ഒരു സെക്കൻഡ് കൂട്ടുകാരെ നോക്കി.
"കോബ്രാഹിൽസിന്റെ നിരീക്ഷണത്തിന് ഇനി നമ്മൾ ചുമതലപ്പെടുത്തുന്നത് ആബിദിനെയും മനോജിനെയുമാണ്. പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ആ ജോലി ഇവർ പൂർത്തിയാക്കും. രാജുവും സതീഷും റോസ്‌ലിനും ജയകൃഷ്ണനെ തിരയും. സിറ്റിയിലെ സകല ഒളിത്താവളങ്ങളും അരിച്ചു പെറുക്കുക. സകല തെരുവുകളും ചേരികളും. അതിനു സാധ്യമായ മാർഗ്ഗങ്ങളൊക്കെ ഉപയോഗിക്കുക. അവൻ ഏത് മടയിൽ ഒളിച്ചാലും പുകച്ചു പുറത്തു ചാടിക്കുക. ഇനി സിദ്ധാർത്ഥന്റെ സംരക്ഷണം. അതിന്റെ ചുമതല വിൻസെന്റിനും ടോമിനുമാണ്. സിദ്ധാർത്ഥൻ പൂർണ്ണ ആരോഗ്യം പ്രാപിക്കുന്നത് വരെ നിങ്ങൾ ഇവനോടൊപ്പം കഴിയണം. ദിവ്യയുടെ സംരക്ഷണം ഫെലിക്സിനും രാജേഷിനും പ്രിയങ്കയ്ക്കും ഷെറിനുമാണ്...."

അവൻ കൂട്ടുകാരെ നോക്കി.
അവർ ആവേശഭരിതരാണ്.
"പഠിച്ച എല്ലാ പാഠങ്ങളുടെയും മറ്റൊരു അരങ്ങേറ്റത്തിനു തയ്യാറെടുക്കുക! സംശയകരമായി ദിവ്യയുടെയോ സിദ്ധാർത്ഥന്റെയോ അടുത്ത് ആരെക്കണ്ടാലും ചെയ്യേണ്ടത് ഒരു കാര്യം മാത്രം,"
കൂട്ടുകാർ ആകാംക്ഷയോടെ ലത്തീഫിനെ നോക്കി.
"കൊല്ലുക!!"
ലത്തീഫിന്റെ വികാരം ജ്വലിക്കുന്ന വാക്കുകൾ അഗ്നിയായി കൂട്ടുകാരിൽ കത്തിപ്പടർന്നു.
"കൈവിറയ്ക്കണ്ട! മനസ്സ് പതറണ്ട!! ഒരു പേപ്പട്ടിയെ കൊല്ലുന്ന ലാഘവത്തോടെ! കാൻസർ ബാധിച്ച ശരീര ഭാഗത്തെ അറുത്തുകളയുന്ന നിർവ്വികാരതയോടെ!! ഒരു വിശുദ്ധയുദ്ധത്തിൽ പങ്കാളികളാവുന്നു എന്ന ചാരിതാർത്ഥ്യത്തോടെ!! നമ്മുടെ കൈക്കരുത്തിൽ ഇറ്റു വീഴുന്ന ഓരോ ചോരത്തുള്ളിയും സമൂഹത്തെ കഴുകിത്തുടയ്ക്കുന്ന ഔഷധത്തുള്ളിയായിരിക്കും എന്ന പ്രാർത്ഥനയോടെ....!!"
ലത്തീഫിന്റെ തീക്ഷണമായ കണ്ണുകൾ ആവേശഭരിതരായി തന്നെ നോക്കുന്ന കൂട്ടുകാരെ പൊതിഞ്ഞു.
"ആർ യൂ പ്രിപ്പയേഡ്?"
"യെസ്!"
അവർ ഒന്നടങ്കം പറഞ്ഞു.
"ഫോർ ആൺ ആക്ഷൻ ? ഫോർ ബ്ലഡ് ഷെഡ്?"
"യെസ് ! യെസ് !!"
"ഫോർ അവർ സർവൈവൽ?ആൻഡ് ദ വിക്റ്ററി?"
"യെസ് ! യെസ്!! യെസ് !!!"
"ദെൻ വാച് ഔട്ട് ! ബീ അലർട്ട് !! ബി ചാർജ്ഡ് വിത്ത് എ ഡെഡ്ലി സ്പിരിറ്റ് !!! ഓക്കേ?"
"ഓക്കേ!!!"
കൂട്ടുകാർ ആർപ്പുവിളിച്ചു.
ആരവമടങ്ങിയപ്പോൾ കൂടുകാർ കണ്ടത് ലത്തീഫ് ദിവ്യയെ നോക്കി ഗാഢമായ ഒരാലോചനയ്ക്ക് കീഴടങ്ങി നിൽക്കുന്നതാണ്,"
"എന്താ ലത്തീഫ് ദാദാ?"
അവന്റെ ആലോചനയുടെ ഗൌരവം കണ്ട് ദിവ്യ ചോദിച്ചു.
ലത്തീഫ് ഒന്നും പറയാതെ നോട്ടം തുടർന്നു.
ദിവ്യുടെ ചോദ്യം അവൻ കേട്ടില്ല എന്ന് തോന്നി.
കൂട്ടുകാർ അദ്ഭുതപ്പെട്ടു.
"കമോൺ, ലത്തീഫ് ദാദാ!"
ദിവ്യ വീണ്ടും പറഞ്ഞു.
ഓർമ്മയിൽ നിന്ന് ലത്തീഫ് ഞെട്ടിയുണരുന്നത് അവർ കണ്ടു.

അവൻ  വാക്കുകൾ പരതുന്നതും.
"സുഹൃത്തുക്കളേ..."
അവൻ വീണ്ടും കൂട്ടുകാരെ നോക്കി.
"നമുക്കിടയിൽ രഹസ്യങ്ങളില്ല. എന്നാൽ ഇന്ന് ഹൈലീ സെൻസിറ്റീവ് ആയ ഒരു കാര്യം  ദിവ്യയോട് എനിക്ക് ചോദിക്കാനുണ്ട്. രഹസ്യമായി. തികച്ചും സ്വകാര്യമായി. അതിന് എനിക്ക് നിങ്ങളുടെ അനുവാദം വേണം,"
കൂട്ടുകാർ പരസ്പരം നോക്കി.
"എന്താ ലത്തീഫ് ദാദാ, ഇത്?"
പ്രിയങ്ക ചോദിച്ചു.
"ഞങ്ങളോട് എന്തിനാ ലത്തീഫ് ദാദാഅനുവാദം ചോദിക്കുന്നെ? യൂ ആർ അവർ ലീഡർ. അവർ ഗാർഡിയൻ,"
"പരസ്യമായി എനിക്കത് ദിവ്യയോട് ചോദിക്കാൻ കഴിയില്ല. പ്രിയങ്കാ, ഇറ്റ് മേ സംടൈംസ് ഇൻസൽറ്റ് ഹെർ,"
"ലത്തീഫ് ദാദാ,"
ദിവ്യ വിളിച്ചു.
"ലത്തീഫ് ദാദയ്ക്ക് എന്നോട് എന്ത് കാര്യവും ചോദിക്കാം. പരസ്യമായി. ഇവരുടെ മുമ്പിൽ വെച്ച്,"
"ദിവ്യേ, ഇത് സാധാരണ ഒരു കാര്യമല്ല,"
"ഐ ഡോണ്ട് മൈൻഡ്,"
"ഇത് വളരെ സെൻസിറ്റീവ് ആണ്,"
"ഐ ഡോണ്ട് കേയർ,"
"ഹൈലി പ്രോവോക്കിംഗ് ആണ്,"
"വാട്ട് എവെർ ഇറ്റ് ഈസ്,"
"ശരി,"
ലത്തീഫ് വീണ്ടും ഗൌരവം പൂണ്ടു.
കൂട്ടുകാർ നിശബ്ദരായി.
കേൾക്കാൻ പോകുന്ന വിവരം എന്തെന്നറിയാനുള്ള ആകാംക്ഷ അവരുടെ മുഖങ്ങളിൽ കനത്തു.
"ഈ കാര്യം എന്നെ അസ്വസ്ഥനാക്കാൻ തുടങ്ങിയിട്ട് ഒരു കൊല്ലമായി. ദിവ്യയ്ക്കുണ്ടായ ആദ്യത്തെ ആക്സിഡന്റ്റിന് ശേഷം..."
അവൻ ഒരു നിമിഷം കോബ്രാഹിലസിലെക്ക് നോക്കി.
"ദിവ്യയുടെ രക്തത്തിന് വേണ്ടി ദാഹിക്കുന്ന ഒരജ്ഞാതനുണ്ട്....നമ്മൾ കാണാത്ത, അറിയാത്ത  ഒരാൾ. എന്താണ് അയാളുടെ ഉദ്ദേശം? പണം! സമ്പത്ത്! വിലതീരാത്ത കൊട്ടാരം! അതിലെ വസ്തുക്കൾ! അതിരുകളില്ലാത്ത എസ്റ്റെയ്റ്റ്! ദിവ്യ ഗ്രൂപ്പ് ഇൻഡസ്ട്രീസ്  എന്ന വ്യവസായ സാമ്രാജ്യം! കോബ്രാഹിൽസിലെ നിധി! കൊലയാളികളുടെ കണ്ണുകൾ ഈ അതിരില്ലാത്ത സമ്പത്തിലാണ്!!"
കൂട്ടുകാർ കാതോർത്തു.

"പക്ഷെ..."
കോബ്രാഹില്സിൽ നിന്ന് കണ്ണുകൾ പിൻവലിച്ചു അവൻ ദിവ്യയുടെ കണ്ണുകളിലേക്ക് നോക്കി.
"പക്ഷെ ദിവ്യയെ വകവരുത്തിയത്കൊണ്ട് അയാൾക്ക് ഈ സമ്പത്ത് എങ്ങനെ ലഭിക്കും? അല്ലെങ്കിൽ ദിവ്യ കൊല്ലപ്പെട്ടാൽ ഒരാൾക്ക് ഈ സമ്പത്ത് കിട്ടണമെങ്കിൽ അയാൾ ആരായിരിക്കണം ?"
"ദിവ്യുടെ ബന്ധു!"
വിൻസെന്റ് പെട്ടെന്ന് പറഞ്ഞു.
"മൈ ഗോഡ്!!"
കൂട്ടുകാർക്കിടയിൽ നിന്ന് ഭയം നിറഞ്ഞ ഒരാത്മഗതമുയർന്നു.
"നമ്മ ആരും കാണാത്ത അറിയാത്ത ഒരു സഹോദരനുണ്ട് ദിവ്യക്ക്!"
ഭയസംഭീതമായ കണ്ണുകൾ ലത്തീഫിന്റെ മുഖത്ത് കേന്ദ്രീകരിച്ചു.
"ദിവ്യയുടെ ഡാഡിയ്ക്ക് രഹസ്യബന്ധത്തിലുണ്ടായ ഒരു മകൻ!"
ഒരു നിമിഷം ദിവ്യയുടെ ഭാവം മാറി.
രൌദ്രത്തിന്റെ ഒരു മിന്നലാട്ടം.
ഒരു ക്ഷത്രിയ വനിതയുടെ രൌദ്രം.
എന്നാൽ അടുത്ത ക്ഷണം അവൾ പൂർവ്വനില കൈവരിച്ചു.
ഒരു പൊട്ടിത്തെറി കൂട്ടുകാർ പ്രതീക്ഷിച്ചിരുന്നു.
എന്നാൽ ക്രമേണ അവളിൽ മന്ദഹാസം വിടരുന്നത് അവർ കണ്ടു.
"ലത്തീഫ് ദാദാ,"
അവൾ ശാന്തയായി വിളിച്ചു.
"ഇത്തരം ഒരു തിയറി രൂപപ്പെടുത്താൻ ലത്തീഫ് ദാദയെ പ്രേരിപ്പിച്ച ഇന്റെൻഷൻ എനിക്ക് മനസ്സിലാകും. പക്ഷെ വിശ്വസിക്ക് ലത്തീഫ് ദാദാ. എന്റെ കൂട്ടുകാരെ...എന്റെ ഡാഡി നൂറു ശതമാനവും ജെന്റ്റിൽമാൻ ആണ്. ഞാൻ ഉറപ്പിച്ചു പറയുന്നു, ഡാഡിയുടെ ലൈഫിൽ മമ്മിയല്ലാതെ മറ്റൊരു സ്ത്രീയില്ല,"
*********************************************
രണ്ടാഴ്ചകൊണ്ട് സിദ്ധാർത്ഥൻ പൂർണ്ണമായും സുഖം പ്രാപിച്ചു.
ആ ദിവസങ്ങളത്രയും വിൻസെന്റ്റും ടോമിയും അവന് കാവൽ നിന്നു.
അവർ അവനോടൊപ്പം ഉറങ്ങി.
എങ്കിലും ജയകൃഷ്ണന്റെ ഭാഗത്തുനിന്ന് യാതൊരു നീക്കവുമുണ്ടായില്ല.

രണ്ടാഴ്ചയ്ക്ക് ശേഷമുള്ള മധ്യാഹ്നം.
റോസ്ലിൻ സിദ്ധാർത്ഥന്റെ വീട്ടിലേക്ക് വരികയായിരുന്നു.
ഗേറ്റിലെത്തിയപ്പോൾത്തന്നെ അവൾ സിദ്ധാർത്ഥനെ കണ്ടു.
സൈക്കിളിൽ നിന്നിറങ്ങി അവൾ അവനെ നോക്കി പുഞ്ചിരിച്ചു.
ആ വശ്യതയിലേക്ക് കണ്ണുകൾ മാറ്റാതെ അവനും.
"എവിടെ ടോമിയും വിനുവും?"

വരാന്തയിലേക്ക് കയറി അവൾ ചോദിച്ചു.
"അവര് ദാ..അവിടെ...റോഡിൽ നിൽപ്പുണ്ട്,"
അവൻ പുറത്തേക്ക് വിരൽ ചൂണ്ടി പറഞ്ഞു.
അവൾ അവന് അഭിമുഖമായി ഒരു കസേരയിൽ ഇരുന്നു.
"എവിടെ ലത്തീഫ് ദാദായും ദിവ്യയും ഒക്കെ?"
അവൻ ചോദിച്ചു.
"അവരൊക്കെ കുറച്ചു കഴിഞ്ഞ് വരും. ലത്തീഫ് ദാദായെ ഇന്ഫോം ചെയ്തിട്ട് ഞാൻ നേരത്തെ പോന്നു,"
അവളുടെ വശ്യമായ പുഞ്ചിരിയിലെക്ക് സിദ്ധാർത്ഥൻ വീണ്ടും കണ്ണുകൾ നട്ടു.
കാറ്റിൽ ഇളകുന്ന ഭംഗിയുള്ള ഇടതൂർന്ന മുടിയിഴകൾ.
നീൾമിഴികളിൽ കത്തുന്ന പ്രണയ രഹസ്യം.
യൌവ്വനാരംഭത്തിലെ കാമസുഗന്ധം നിറം കൊടുത്ത ശോണിമമായ അധരങ്ങൾ.
ഭംഗിയുള്ള കഴുത്തിൽ ഒന്ന് രണ്ടു വിയർപ്പ് ബിന്ദുക്കൾ.
ചുവന്ന ടോപ്പിനകത്ത് ശ്വാസഗതിയിൽ പൊങ്ങിയുയരുന്ന മാറിടം.
സിദ്ധാർത്ഥന്റെ നോട്ടത്തിൽ തന്റെ ദേഹം മുഴുവൻ വസന്തനൃത്തമാടുന്നത് അവൾ അറിഞ്ഞു.
പുറത്ത് ദേവദാരുവിന്റെ ശിഖരത്തിൽ ഒരു കുയിൽ കുറുകുന്നത് അവൾ അറിഞ്ഞു.
ശരീരത്തിന്റെ വിസ്മയ കേന്ദ്രങ്ങളിൽ ചൂടും നനവും പടവെട്ടുന്നു.
അവർ പരസ്പരം കണ്ണുകൾ മാറ്റാതെ നോക്കി.
ഈശോയേ...ഞാൻ എന്താ ഇങ്ങനെ...എനിക്ക് ഇവന്റെ കണ്ണുകളിൽ നിന്ന് എന്റെ കണ്ണുകളും മനസ്സും പറിച്ചുമാറ്റാൻ കഴിയുന്നില്ലല്ലോ. എന്റെ അധരം വിതുമ്പുന്നുണ്ടോ? ഞാൻ അധരം കടിച്ചോ?
"എവിടെ സിദ്ധൂന്റെ അച്ഛനുമമ്മയും?"
പരസരത്തിലേക്ക് മടങ്ങിവന്ന് റോസ്‌ലിൻ ചോദിച്ചു.
അവൾ അകത്തേക്ക് നോക്കി.
"അച്ഛൻ ഓഫീസിൽ പോയി. അമ്മേം നളിനീം അമ്പലത്തിൽ,"
സിദ്ധാർത്ഥന്റെ അനുജത്തിയാണ് നളിനി.
"സിദ്ധൂന് അമ്പലത്തിലും പ്രാർത്ഥനേലുമൊന്നും വിശ്വാസമില്ലേ?"
സിദ്ധാർത്ഥൻ അവളെ സാകൂതം നോക്കി.
"ഒരു ദേവിയിൽ എനിക്ക് വിശ്വാസമുണ്ടായിരുന്നു,"
സിദ്ധാർത്ഥൻ സാവധാനം പറഞ്ഞു.
"പക്ഷെ എത്ര പ്രാർഥിച്ചിട്ടും ആ ദേവി എന്റെ പ്രാർത്ഥന കേട്ടില്ല. അത് കൊണ്ട് ഞാൻ പ്രാർത്ഥന ഉപേക്ഷിച്ചു,"
"അതുശരി!"
റോസ്‌ലിൻ ചിരിച്ചു.

"ഉധേശിച്ച കാര്യം നടന്നില്ലാന്നു വെച്ച് പ്രാർത്ഥനേം വിശ്വാസോം ഉപേക്ഷിക്യാ വേണ്ടേ? പ്രാർഥിക്കണം. തുടർച്ചേ, നിർത്താതെ പ്രാർഥിക്കണം. അന്നേരം ഉദ്ധേശിച്ച കാര്യങ്ങൾ എന്തായാലും നടക്കും."
"തീർച്ചയാണോ?"
"തീർച്ച ! ഒന്ന് പരീക്ഷിച്ചു നോക്കൂ,"
"ശരി!"
സിദ്ധാർത്ഥൻ കണ്ണുകൾ അടച്ച് കൈകൾ കൂപ്പി.
റോസ്‌ലിൻ അദ്‌ഭുതപ്പെട്ടു.
"ഞാൻ ഇപ്പം ചെയ്യാൻ അല്ല പറഞ്ഞെ. ഇത്ര പെട്ടെന്നൊരു മാനസാന്തരമോ? വണ്ടർഫുൾ!"
അവൾ പറഞ്ഞു.
"എന്റെ ദേവി..."
അവൻ പ്രാർഥിക്കാൻ തുടങ്ങി.
"എത്ര തവണ ഞാൻ പ്രാർഥിച്ചു! ആയിരം ...ലക്ഷം ...കോടി തവണ...പക്ഷെ ഒരിക്കൽപ്പോലും നീ എന്റെ പ്രാർത്ഥന കേട്ടില്ല. നിന്നെ ഇഷ്ട്ടപ്പെടുന്നു, നിന്നെ സ്നേഹിക്കുന്നു എന്ന് ഞാൻ നെഞ്ചുരുക്കി വിളിച്ചുപറഞ്ഞു. എന്നിട്ടും നീയെന്നെ ഇഷ്ട്ടപ്പെട്ടില്ല ...സ്നേഹിച്ചില്ല ...അപ്പോൾ ഞാൻ കരുതി നീ ഒത്തിരി അകലെ ആയിരിക്കുന്നത് കൊണ്ടാണെന്ന്...എന്റെ ശബ്ദം നിന്റെ സമീപത്ത് എത്താൻ പാടില്ലാത്ത അകലത്തിൽ ...എന്നാൽ നീ ഇപ്പോൾ എന്റെ അടുത്തുണ്ട് ...എന്റെ വീട്ടിലുണ്ട് ...എന്നിട്ടും നീയെന്റെ പ്രാർത്ഥന കേൾക്കാത്തതെന്ത്? നിന്നേ ഞാൻ സ്നേഹിക്കുന്നു ...ഭ്രാന്തമായി..."
റോസ്‌ലിന്റെ ഹൃദയം വിറയ്ക്കാൻ തുടങ്ങി.
സിദ്ധാർത്ഥൻ ഉദ്ദേശിക്കുന്നതെന്താണ്?
അവൻ കണ്ണുകൾ തുറന്നു.
അവളെ നിർവ്വികാരതയോടെ നോക്കി.
"ഇതാ ഞാൻ പ്രാർത്ഥനേം വിശ്വാസോം നിർത്തീത്!"
അവൻ പറഞ്ഞു.
"എന്റെ പ്രാർത്ഥനയ്ക്ക് നീ ഉത്തരം തന്നില്ലല്ലോ,"
"സിദ്ധൂ!"
അവൾ അൽപ്പം കൂടി അവനോടു ചേർന്നിരുന്നു.
"നീ ..."
സിദ്ധാർത്ഥൻ അവളെ കണ്ണിമയ്ക്കാതെ നോക്കി.
അവന്റെ കണ്ണുകളിൽ ഒരായിരം ദാഹപുഷ്പ്പങ്ങൾ വിരിയുന്നത് അവൾ കണ്ടു.
"നീയാണ് ..."
അവൻ സാവധാനം പറഞ്ഞു.
"നീയാണ് റോസ് ...ആ ദേവി..."
"എന്റെ സിദ്ധൂ,"

നിയന്ത്രിക്കാനാവാത്ത വികാരത്തള്ളിച്ചയിൽ റോസ്‌ലിൻ അവനെ ഇറുകെപ്പുണർന്നു.
"നീയറിഞ്ഞില്ലല്ലോ എന്റെ വിഷമം..."
അവന്റെ നെഞ്ചിലേക്ക് തന്റെ മാറിടത്തിന്റെ ഉത്തുംഗതയും അതിന്റെ വിസ്മിതമായ മൃദുത്വവും അമർത്തിക്കൊണ്ട് അവൾ പറഞ്ഞു.
"നിനക്ക് വേണ്ടി ഞാനെന്തോരം ഉരുകീന്ന്...എന്തേരെ വിഷമിച്ചെന്ന്..എന്തോരെ പ്രാർഥിച്ചെന്ന് ....എന്നിട്ട്...!"
കണ്ണുനീരിനിടയിൽ അവൾ പറഞ്ഞു.
സിദ്ധാർത്ഥന്റെ കൈകളും അവളെ വലയം ചെയ്തു.
തന്റെ നെഞ്ചിൽ അമരുന്ന അവളുടെ മുലകൾ തരുന്ന സുഖം സിദ്ധാർത്ഥനെ ആവേശത്തിലാക്കി.
ഇതുവരെ അറിയാത്ത ഒരു ഉണർവ്വ്...
ശരീരത്തിന്റെ സകല തന്മാത്രകളും പിടഞ്ഞെഴുന്നേൽക്കുന്നു.
ബഹിരാകാശത്തിലേക്കെന്നപോലെ മുമ്പോട്ട് കുതിക്കുന്നു.
റോസ്‌ലിന്റെ ആലിംഗനത്തിന്റെ ശക്തി കൂടി.
അവരുടെ അധരങ്ങൾ പരസ്പരം അടുത്തു.
ദിവ്യമെന്ന് തോന്നിയ ഒരു സുവർണ്ണമുഹൂർത്തത്തിൽ അവ പരസ്പരം സ്പർശിച്ചു.
അമർന്നു.
പാദം മുതൽ ശിരസ്സ്‌വരെ തീ ചിതറുന്ന ഒരനുഭവം റോസ്‌ലിൻ അറിഞ്ഞു.
അധരങ്ങൾ പരസ്പരം അമർന്നുരഞ്ഞു.
നനഞ്ഞു.
പിന്നെ അവന്റെ പല്ലുകൾ തന്റെ അധരത്തെ കൊത്തിവേദനിപ്പിക്കുന്നത് അവൾ അറിഞ്ഞു.
ആ സുഖത്തിൽ, അതിന്റെ പാരമ്യത്തിൽ അവൾ മുലകൾ വീണ്ടും ശക്തിയായി അവന്റെ നെഞ്ചിൽ അമർത്തി.
പെട്ടെന്ന് പുറത്തുനിന്ന് ബൈക്കുകളുടെ ശബ്ദം കേട്ടുതുടങ്ങി.
"അയ്യോ..ലത്തീഫ് ദാദായൊക്കെ വരുന്നുണ്ട്!"
അവൾ ചാടിയെഴുന്നേറ്റു.
തലമുടി മാടിയൊതുക്കി.
ഭിത്തിയിലെ കണ്ണാടിയിൽ മുഖം നോക്കി.
നിമിഷങ്ങൾക്കുള്ളി ലത്തീഫും സംഘവും മുറ്റത്ത് വന്നു.
സിദ്ധാർത്ഥനും എഴുന്നേറ്റു.
"റോസ്! സിദ്ധൂ! കമോൺ !!"
വിൻസെന്റ് വിളിച്ചുപറഞ്ഞു.
"എന്തോ കാര്യമുണ്ട്!"
റോസ്‌ലിൻ മന്ത്രിച്ചു.

സിദ്ധാർത്ഥനും റോസ്‌ലിനും മുറ്റത്തേക്ക് ഇറങ്ങി അവരുടെയടുത്തേക്ക് ചെന്നു.
"വാ, നമുക്കൊരിടം വരെ പോകണം!"
രാജു പറഞ്ഞു.
റോസ്‌ലിൻ ഷെറിന്റെ ബൈക്കിലും സിദ്ധാർത്ഥൻ ലത്തീഫിന്റെ ബൈക്കിലും കയറി.
സംഘം നദീതീരത്തേക്ക് പാഞ്ഞു.
ക്ഷേത്രപ്പടവിൽ അവർ എത്തിച്ചേർന്നു.
സംഘം പുൽപ്പരപ്പിലും പടവിലും ഇരുന്നു.
"സെയിന്റ് മേരീസിലെ പുതിയ ലക്‌ചറർ രാഹുൽ നാരായണനെ നമ്മൾ പലതവണ കോബ്രാഹിൽസിൽ കണ്ടു. രാത്രിയും പകലും..."
ലത്തീഫ് പറഞ്ഞു.
"അത് ഒരു കാര്യം ഉറപ്പിക്കുന്നു. അയാൾ വന്നത് നിധി ലക്ഷ്യമാക്കിയാണ്. അത്തരക്കാർക്ക് നാം നൽകിയിട്ടുള്ള ശിക്ഷ ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്,"
സംഘാംഗങ്ങൾ ആവെശോജ്ജ്വലരായി.
"അയാൾ ഇപ്പോൾ മെട്രോപ്പോളിറ്റൻ ക്ലബ്ബിൽ ഉണ്ട്,"
"എന്താ പ്ലാൻ?"
ആബിദ് ചോദിച്ചു.
"നമ്മൾ ഇപ്പോൾ ക്ലബ്ബിലേക്ക് പോകുന്നു,"
ദിവ്യ പറഞ്ഞു.
"അയാളെ പുറത്തേക്ക് വിളിപ്പിക്കുന്നു. ആദ്യം ഗാന്ധിജിയുടെ അഹിംസ. എന്ന് വെച്ചാൽ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി ഇന്ന് തന്നെ സ്ഥലം കാലിയാക്കാൻ നമ്മൾ ആവശ്യപ്പെടുന്നു. അതിനയാൾ വഴങ്ങിയില്ലെങ്കിൽ പിന്നെ ചേ ഗുവേരയുടെ സായുധവിപ്ലവം. സർക്കാരിന്റെ വികലാംഗപ്പെന്ഷൻ പട്ടികയിൽ അയാളുടെ പേരുകൂടി സ്ഥാനം പിടിക്കുന്നു,"
കൂട്ടുകാർ ആരവത്തോടെ മുഷ്ടിചുരുട്ടി അവളുടെ വാക്കുകൾക്ക് പിന്തുണയേകി.
"ഇനി കോബ്രാഹിലസിലെക്ക് സഞ്ചരിക്കാൻ അയാൾക്ക് കാലുകൾ ഉണ്ടാകരുത്!"
അവൾ തുടർന്നു.
"ലത്തീഫ് ദാദയുടെ ദേഹത്ത് കൈവെച്ചിട്ടു ഞെളിഞ്ഞു നടക്കുന്ന ആ മാന്യദേഹത്തിന്റെ തിരുസ്വരൂപം എനിക്കൊന്ന് കാണണം!"
അവളുടെ കണ്ണുകളിൽ ദേഷ്യം ചിതറി.
"എന്നിട്ട് അടിച്ചു പരത്തണം അയാൾടെ മോന്തായം! ജനിപ്പിച്ച തള്ളയ്ക്ക് പോലും തിരിച്ചറിയാൻ പറ്റാത്ത രീതിയിൽ!"
ടോമി പറഞ്ഞു.
"ചിലപ്പോൾ അയാളുടെ കൂടെ ഒരു ഫോഴ്സ് തന്നെ കണ്ടേക്കാം. അതുകൊണ്ട് എക്സ്പെക്റ്റ് ദ വഴ്സ്റ്റ്!!"
ലത്തീഫ് ഓർമ്മിപ്പിച്ചു.
പിന്നെ അവർ ബൈക്കുകളിൽ കയറി.

തീവ്രമായ ആക്രമണ വീര്യത്തോടെ അവർ മെട്രോപോളിറ്റൻ ക്ലബ്ബിലെത്തിച്ചേർന്നു. ബൈക്കുകളിൽ നിന്നും ചാടിയിറങ്ങി അകത്തേക്ക് കുതിക്കുന്ന ലത്തീഫിനെയും സംഘത്തെയും കണ്ട് ആളുകൾ അമ്പരന്നു.
"നാഗത്താൻ മലേൽ നിധിതേടി ആരോ എത്തീട്ടോണ്ട്,"
ഒരാൾ പറയുന്നതവർ കേട്ടു.
"ആ എന്നാ ഇന്നൊരു ശവമടക്ക് കൂടാം!"
മറ്റൊരാൾ അതിനോട് പ്രതികരിച്ചു.
അവർ ക്ലബ്ബിനുള്ളിലേക്ക് കടന്നു.
കോറിഡോറുകൾ പിന്നിട്ട് അവർ ഹാളിനുള്ളിലേക്ക് കുതിച്ചു.
ഹാൾ ഏകദേശം നിറഞ്ഞിരുന്നു.
ഒരു ഇംഗ്ലീഷ് ആൽബത്തിൽ നിന്നുള്ള പതിഞ്ഞ പാട്ട് .
അന്തരീക്ഷത്തിൽ സിഗരെറ്റ് പുക.
മദ്യപിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നവർ ഉച്ചത്തിൽ പൊട്ടിച്ചിരിക്കുകയും വർത്തമാനം പറയുകയും ചെയ്തുകൊണ്ടിരുന്നു.
ലത്തീഫിന്റെയും ദിവ്യയുടെയും നേതൃത്വത്തിൽ അവർ ഹാളിനുള്ളിലേക്ക് കയറി.
ദിവ്യ ഒരു നീല ജീൻസും ചുവന്ന ടീ ഷർട്ടും മഞ്ഞ നിറത്തിലുള്ള ജാക്കറ്റും ധരിച്ചിരുന്നു.
മുഖത്ത് സൺഗ്ലാസ്.
തലയിൽ ഒരു കൌബോയ് ഹാറ്റ്.
അവരെക്കണ്ടു ഹാൾ നിശബ്ദമായി.
ഒരു ആപത്ത് മുമ്പിൽ കണ്ടത് പോലെ അവർ ആ സംഘത്തെ വീക്ഷിച്ചു.
ലത്തീഫും ദിവ്യയും സംഘവും ഹാളിന്റെ മദ്ധ്യത്തിലേക്ക് പ്രവേശിച്ചു.
തന്നെ അദ്ഭുതത്തോടെ നോക്കുന്ന ഒരാളുടെ മേശക്കരികിൽ എത്തിയപ്പോൾ ദിവ്യ നിന്നു.
"മേനോൻ അങ്കിൾ!"
ദിവ്യ അയാളോട് ചോദിച്ചു.
"ഈ രാഹുൽ നാരായണൻ എവിടെ?"
അയാൾ അവരെ സംശയതോടെയും സംഭ്രമത്തോടെയും നോക്കി.
പിന്നെ അയാൾ മുമ്പിലേക്ക് വിരൽ ചൂണ്ടി.
"അതാ,"
അയാൾ ചൂണ്ടിക്കാണിച്ചിടത്തേക്ക് ലത്തീഫും കൂട്ടുകാരും ഒരുമിച്ച് നോക്കി.
അവിടെ ഒരു മേശയ്ക്ക് മുമ്പിൽ ഒരാൾ പുറം തിരിഞ്ഞിരിക്കുന്നു.
"എന്താ മോളെ ?"
മേനോൻ ദിവ്യയോട് ചോദിച്ചു.
ദിവ്യ അത് കേട്ടില്ല.
അവൾ സാവധാനം അയാളെ സമീപിച്ചു.
സംഘം അവളുടെ പിന്നാലെ നീങ്ങി.

ഹാളിലെ ജനക്കൂട്ടം നിശബ്ദതയോടെയും ഭീതിയോടെയും അടുത്തനിമിഷത്തിന് കാതോർത്തു.
"മിസ്റ്റർ രാഹുൽ നാരായണൻ!"
പുറം തിരിഞ്ഞിരിക്കുന്നയാളുടെയടുത്തെത്തി ദിവ്യ കാർക്കശ്യത്തോടെ വിളിച്ചു.
അയാൾ സാവധാനം തലതിരിച്ചു.
ദിവ്യ ഗൌരവത്തിൽ അയാളെ നോക്കി.
അയാൾ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ്, പ്രകാശത്തിൽ നിന്ന്, അവളെ നോക്കി.
"മൈ ഗോഡ്!!"
അയാളെക്കണ്ട് ദിവ്യ മന്ത്രിച്ചു.
ശരീരമാസകലം ഒരു മിന്നൽപ്രവാഹം അവൾ അറിഞ്ഞു.
തന്റെ ശ്വാസം നിലക്കുന്നതു പോലെ അവൾക്ക് തോന്നി.
തന്റെ ബോധത്തിന്റെയും ഓർമ്മകളുടെയും നിശ്ചല അഗാധതയിലേക്ക് ഒരു മഞ്ഞുമല വീണടിയുന്നത് അവൾ അറിഞ്ഞു.
ഹൃദയത്തിൽ നിന്ന് മിന്നൽപ്പിണർ പായുന്നതും.
"ഈശ്വരാ!"
അവൾ വീണ്ടും മന്ത്രിച്ചു.
ദിവ്യ സൺ ഗ്ലാസ് മുഖത്ത് നിന്നും മാറ്റി.
അയാളുടെ കണ്ണുകളിലേക്ക് നോക്കി.
അയാളും തന്റെ കണ്ണുകളിലെ ഭാഷതിരയുകയാണെന്ന് അവൾ അറിഞ്ഞു.
"യെസ്,"
അൽപ്പ നിമിഷങ്ങൾക്ക് ശേഷം അയാൾ പറഞ്ഞു.
"ഐം രാഹുൽ നാരായണൻ!"
ദിവ്യ തന്റെ ശിരസ്സിൽ നിന്ന് കൌബോയ് ഹാറ്റ് എടുത്തു. ഗ്ലാസ്സും ഹാറ്റും പിമ്പിൽ നിന്നിരുന്ന വിന്സെന്റിന്റെ കൈയിൽ അവൾ കൊടുത്തു.
പിന്നെ അവൾ അൽപ്പംകൂടി അയാളോടടുത്തു.
അയാളുടെ കണ്ണുകളിലേക്ക് നോക്കി അവൾ കൈകൾ കൂപ്പി.
തുടർന്ന്, കുനിഞ്ഞ്, തന്റെ രണ്ടു കൈത്തലങ്ങളും അയാളുടെ പാദത്തിൽ അർപ്പിച്ചു.
ലത്തീഫും സംഘവും വായ് തുറന്ന് കണ്ണുകൾ പിളർത്തി ആ കാഴ്ച നോക്കി നിന്നു.
പിന്നെ ദിവ്യ നിവർന്ന്, അയാളെ നോക്കി, തൊഴുകൈകളോടെ പിന്തിരിഞ്ഞു.
സ്തംഭിച്ചുനിൽക്കുന്ന തന്റെ കൂട്ടുകാരുടെയും ജനക്കൂട്ടത്തിന്റെയും ഇടയിലൂടെ പുറത്തേക്ക് നടന്നു.
"ദിവ്യേ!!"
ലത്തീഫ് ഉച്ചത്തിൽ വിളിച്ചു.
ദിവ്യ അത് കേട്ടില്ല.
"ഭയം തോന്നുന്നുണ്ടോ ദിവ്യക്ക്?"
വിനോദ് മേനോൻ പോയിക്കഴിഞ്ഞ് രാഹുൽ അവളോട് ചോദിച്ചു.

ദിവ്യയുടെ ആദ്യത്തെ പ്രതികരണം ഒരു മന്ദഹാസമായിരുന്നു.
സംഗീതം മുളങ്കാടിനെ നോക്കി പ്രണയത്തോടെ മന്ദഹസിക്കുന്നത് അങ്ങനെയാണ് എന്ന് രാഹുലിന് തോന്നി.
പുഞ്ചിരിക്കുന്ന പൂവുകൾ തന്റെ ധമനികളിൽ രക്തത്തോടൊപ്പം പ്രവഹിക്കുന്നത് അയാൾ അറിയുകയായിരുന്നു.
ഇത്ര മാദകമായ അനുഭവമായിരുന്നോ പെണ്ണ്?
അവളുടെ പ്രണയം?
അവളുടെ ഗന്ധം?
"ഇല്ല,"
അയാൾ ദിവ്യയുടെ ശബ്ദം കേട്ടു.
"ഇങ്ങനെയൊരാൾ എനിക്ക് ചുറ്റും ഒരു ഇസഡ് കാറ്റഗറി സെക്യൂരിറ്റിയായി നിക്കുവല്ലേ?"
അവർ മണൽപ്പുറത്ത് അഭിമുഖമായി ഇരുന്നു.
കോബ്രാഹിൽസിൽ നിന്ന് ഇളം കാറ്റിറങ്ങിവന്ന് അവളുടെ ഇടതൂർന്ന മുടിയെ ഉലച്ചു.
അപ്പോൾ കോബ്രാഹിൽസിൽ സുഷുപ്തികൊള്ളുന്ന മുഴുവൻ ഇന്ദ്രനീലങ്ങളേക്കാൾ കാന്തി അവളുടെ കണ്ണുകളിൽ അയാൾ കണ്ടു.
അയാളുടെ നോട്ടത്തിലെ പ്രണയം ഒരു വർഷമായി തന്നെ നനയ്ക്കുന്നത് അവൾ അറിഞ്ഞു.
ഓരോ നോട്ടവും ഓരോ മഴനീർത്തുള്ളിപോലെ തപിച്ച് മദിക്കുന്ന തന്റെ ദേഹത്തെ തൊടുന്നു.
ദേഹം നിറയെ താന്ത്രികമായ താളം.
ആഴ്ന്നിറങ്ങുന്ന നോട്ടത്തിന്റെ സ്പർശം...
"ഇതൊക്കെ എപ്പോൾ തീരും സാർ?"
പരിസരത്തിലേക്ക് തിരിച്ചു വന്നുഅവൾ ചോദിച്ചു.
"രോഹിത് അങ്കിളിന്റെ മരണത്തിന് പിമ്പിലെ രഹസ്യം?എന്നെ കൊല്ലാൻ ശ്രമിച്ചയാൾ...സാറിനെ സർപ്പ വിഷമേൽപ്പിച്ച്...പിന്നെ ഇന്ന് കാറിൽ ആ ബോംബ്...അതൊക്കെ ...?"
പോലീസ് മുഴുവൻ ഊർജ്ജവുമുപയോഗിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും ദിവ്യയെ കൊല്ലാൻ ശ്രമിച്ചയാളെക്കുറിച്ച് ഇതുവരെയും ഒരറിവും കിട്ടിയില്ല.
ജയകൃഷ്ണനെയും അവന്റെ കൂട്ടാളികളായ രാമകൃഷ്ണൻ, ഷാജഹാൻ, ക്രിസ്റ്റഫർ എന്നിവരെയും അതിൽപ്പിന്നെ ആരും കണ്ടില്ല.
പോലീസിന് പുറമേ ലത്തീഫും കൂട്ടുകാരും കോബ്രാഹില്സും പരിസരങ്ങളും ജയകൃഷ്ണനെയും കൂട്ടരെയും കണ്ടുമുട്ടാൻ സാധ്യതയുള്ള മറ്റ് കേന്ദ്രങ്ങളും അരിച്ചു പെറുക്കി പരിശോധിക്കുന്നുണ്ടെങ്കിലും നിരാശയായിരുന്നു ഫലം.

സിദ്ധാർത്ഥനെ കൊലപ്പെടുത്താൻ ശ്രമിച്ചതിനു ശേഷം അവർ ഏതോ ഒരജ്ഞാത കേന്ദ്രത്തിൽ ഒളിവിലാണ്.
"നരിമറ്റം അങ്കിൾ ആണോ... മറഞ്ഞിരിക്കുന്ന ആ ശത്രു?"
അവൾ തുടർന്ന് ചോദിച്ചു.
"എല്ലാ ചോദ്യങ്ങൾക്കും ഉത്തരമുണ്ട്, ദിവ്യേ..."
ആലോചനകൂടാതെ രാഹുൽ പറഞ്ഞു.
ആ വാക്കുകളിലെ ശക്തി അവളുടെ മുഖത്ത് പ്രകാശം നിറച്ചു.
ഇനിയും ആ വിഷയത്തെക്കുറിച്ച് ചോദ്യങ്ങളോ സംശയമോ വേണ്ട എന്ന് അവൾ തീരുമാനിച്ചു.
എല്ലാം ഈശ്വരനിലും രാഹുലിന്റെ ഉറപ്പിലും അവൾ സമർപ്പിച്ചു.
"സാർ ...അത് കണ്ടോ..."
കോബ്രാ ഹിൽസ് തുടങ്ങിന്നിടത്തേക്ക് ദിവ്യ പെട്ടെന്ന് വിരൽ ചൂണ്ടി.
നദിയുടെ മറു തീരത്ത്, ദൂരെ ദേവദാരുക്കൾക്കിടയിലൂടെ, വെളുത്ത സാരി ധരിച്ച് ഒരു സ്ത്രീ, പണ്ട് രോഹിത് താമസിച്ച വീടിന്റെ നേരെ നടക്കുന്നു.
"ഷാർമ്മിലി ചേച്ചി...!"
അവൾ മന്ത്രിച്ചു.
ദുഃഖ സാന്ദ്രമായ കണ്ണുകളോടെ രാഹുൽ അത് നോക്കി നിന്നു.
"ഇങ്ങോട്ട് ..ശാന്തിപുരത്തേക്ക് വരുന്ന കാര്യം ഞാൻ ഷാർമ്മിലി ചേച്ചിയെ അറിയിച്ചിരുന്നു..."
അയാൾ പറഞ്ഞു.
ദിവ്യ അദ്ഭുതപ്പെട്ടു.
"റിയലി?"
അവൾ ചോദിച്ചു.
രാഹുൽ ശിരസ്സനക്കി.
"ഇവിടെ വന്നതിന്റെ പിറ്റേന്ന് വൈകുന്നേരം ഞാനവരെ വീട്ടിൽ ചെന്ന് കാണുകയും ചെയ്തിരുന്നു. വർഷങ്ങൾക്ക് ശേഷമുള്ള ആ കൂടിക്കാഴ്ച്ച!...ഇറ്റ് വാസ് സൊ ഇനേഫബിൾ..."
രാഹുലിന്റെ സ്വരം വികാര സാന്ദ്രമായി.
"ഞാൻ ഡെല്ലിയിൽ....ജെ എൻ യൂവിൽ പി ജി ഫൈനൽ ചെയ്യുമ്പോഴാണ് ആദ്യമായി ഷാർമ്മിലി ആദ്യം ചേച്ചിയെ കാണുന്നത്... ചേട്ടന്റെ കൂടെ. റിസർച്ചിന്റെ പേരിൽ അവർ ചേട്ടന്റെ കൂടെ ഒരു നോർത്ത് ഇന്ത്യൻ ട്രിപ്പ്. അങ്ങനെയാണ് എന്നെക്കാണാൻ അവിടെ വരുന്നത്..."
രാഹുൽ സുന്ദരമായ ഒരു ഓർമ്മയിൽ നഷ്ടപ്പെട്ടു.
"പ്രതീക്ഷിച്ച പോലെ യായിരുന്നില്ല അവർ..."
അയാൾ തുടർന്നു.

"ചേട്ടൻ ഭയങ്കര സ്മാർട്ട് അല്ലേ? എപ്പോഴുംചിരിയും വർത്തമാനവും തമാശകളും ...ചേച്ചി എന്റയർലി ഡിഫറന്റ് ആയിരുന്നു. വെരി കാം ..വെരി ക്വയറ്റ് ...ഐ ഫൌണ്ട് എ സബ്ലൈം സെറിനറ്റി ഇൻ ഹെർ..."
പുഴയുടെ നീല വിതാനത്തിലേക്ക് അയാൾ ഒരു നിമിഷം നോക്കി.
മുകളിൽ ഒഴുകിപ്പറക്കുന്ന മഞ്ഞചിറകുള്ള ദേശാടനപ്പക്ഷികളിലെക്കും.
"സീതാ ദേവിയുടെ മുമ്പിൽ നിൽക്കുന്ന ലക്ഷ്മണനെപ്പോലെ തോന്നി എനിക്ക്. അവരെ കൈകൂപ്പി നമസ്ക്കരിച്ചപ്പോഴും പാദങ്ങൾ തൊട്ട് വന്ദിച്ചപ്പോഴും അവർ എന്നെ തോളിൽപ്പിടിച്ച് എഴുന്നേൽപ്പിച്ചപ്പോഴും എനിക്ക് തോന്നി...എന്റെ അമ്മ...എന്റെ അമ്മ തിരിച്ചു വന്നിരിക്കുന്നു..."
അയാളുടെ വാക്കുകൾ മുറിഞ്ഞു.
വികാരസാന്ദ്രത ദിവ്യയേയും സ്പർശിച്ചു.
എത്ര തരളഹൃദയനാണ് സാർ !
അവൾ ഓർത്തു.
ഡെൽഹി യൂണിവേഴ്സിറ്റിയിൽ ഫിലോസഫി റീഡറായിരുന്ന തന്റെ അമ്മയെക്കുറിച്ച് രാഹുൽ പറഞ്ഞു.
അധ്യാപകനും ഗാന്ധിയനും പരിസ്ഥിതിപ്രവർത്തകനുമായിരുന്ന അച്ഛൻ താൻ വളരെ ചെറുപ്പമായിരുന്നപ്പോൾ മരിച്ചുപോയി.
അതിനു ശേഷം തന്നെയും രോഹിതിനെയും കൂട്ടി അമ്മ ഗാന്ധിജിയുടെ സബർമതി ആശ്രമത്തിലേക്ക് പോയി.
പിന്നെ അവിടെയായിരുന്നു അമ്മയുടെ ശിഷ്ടകാലം.
അഞ്ച് വർഷങ്ങൾക്ക് മുമ്പ് അമ്മയുടെ മരണം.
ബനാറസ്സിൽ വെച്ച് മഹർഷി ദേവനാരായണനെ കാണുന്നു.
അദ്ധേഹത്തോടൊപ്പം ഉജ്ജയിനിയിലേക്ക് പോകുന്നു.
"ചേട്ടൻ മരിക്കുമ്പോൾ ഞാൻ ബസ്തറിലെ ദണ്ഡകാരണ്യത്തിലാണ്,"
അയാൾ ശാന്തമായ സ്വരത്തിൽ തുടർന്നു.
"കൊടുങ്കാട്ടിൽ. മുരിയാ ഗോത്രക്കാരുടെകൂടെ. മഹുവാ മദ്യത്തിൽ സംഗീതവും നൃത്തവും രതിയും രചിക്കുന്നവർ....കുറെക്കാലം ആ സംസ്ക്കാരത്തിന്റെ മനോഹാരിതയിൽ അലിഞ്ഞ് ... പിന്നെ ഉജ്ജയിനിയിലേക്ക് തിരിച്ചു പോകാൻ ഒരു ഉൾവിളി. മൂന്ന് മാസങ്ങൾക്ക് മുമ്പ് ...ആശ്രമത്തിൽ തിരിച്ചെത്തുമ്പോൾ ആദ്യം കിട്ടുന്നത് ഷാർമ്മിലി ചേച്ചിയുടെ കത്താണ്. ചേട്ടന്റെ മരണം അറിയിച്ചുകൊണ്ട്. ഈ ലോകത്ത് അവശേഷിക്കുന്ന രക്തബന്ധത്തിലേ അവസാനത്തെ കണ്ണിയും അറ്റുപോയി എന്ന് ഞാനറിയുന്നത് അപ്പോഴാണ്. അത് ഒരിക്കലും സങ്കൽപ്പിച്ചിരുന്നില്ല. പൊട്ടിച്ചിരിച്ചും ഉറക്കെ വർത്തമാനം പറഞ്ഞും എപ്പോഴും ചേട്ടൻ ഇവിടെ ഉണ്ടാകും എന്ന് വിശ്വസിച്ചിരുന്നത്കൊണ്ട് ഞാൻ എന്റെ ഇഷ്ടത്തിന് ജീവിച്ചു... ഇപ്പോൾ ഞാൻ അച്ഛനില്ലാതെ ...അമ്മ ...അമ്മയുമില്ലാതെ ...അങ്ങനെ ആരുമില്ലാതെ...ഞാൻ ...."
ദിവ്യ പെട്ടെന്ന് അയാളുടെ കയ്യിൽ പിടിച്ചു.

അരുത് എന്ന് കണ്ണുകളിലൂടെ അപേക്ഷിച്ചു.
"എല്ലാരും ഉണ്ട്...അച്ചൻ ..അമ്മ ..കുറെ സഹോദരങ്ങൾ ....ഡാഡീം മമ്മീം ലത്തീഫ് ദാദ മുതൽ എത്രയോ...പിന്നെ ...പിന്നെ ഇനിയുള്ള എല്ലാ ...എല്ലാ ജന്മങ്ങളിലും ഇവളില്ലേ...?"
പൂക്കൾ നിറഞ്ഞ മഹാചാരുതയുള്ള വന്മരത്തിന്റെ വെയിൽ സുഗന്ധം അവളുടെ വാക്കുകളിൽ നിന്ന് അയാളുടെ ഹൃദയം തൊട്ടു.
ദൂരെ മലഞ്ചെരിവിൽ രോഹിതിന്റെ വീടിന്റെ വാതിൽപ്പടിയിൽ ഷാർമ്മിലിയുടെ നേർത്ത രൂപം അവർ കണ്ടു.
"ചേട്ടന്റെ മരണം അനാഥമാക്കിയത് ഞങ്ങളെ രണ്ടു പേരെയുമാണ്. ഷാർമ്മിലി ചേച്ചിയേയും എന്നെയും,"
രാഹുൽ പറഞ്ഞു.
"ഇനിയൊരിക്കലും കാണില്ല, തിരച്ചു വരില്ല എന്നറിഞ്ഞിട്ടും ഇപ്പോഴും അവർ ചേട്ടനെ സ്നേഹിക്കുന്നു. ഭ്രാന്തമായി..."
അതിനിടയിൽ വിനോദ് മേനോൻ ഷാർമ്മിലിയോട് വിവാഹാഭ്യർഥന നടത്തിയതും ഷാർമ്മിലി അത് തിരസ്ക്കരിച്ചതും ദിവ്യ രാഹുലിനോട് പറഞ്ഞു.
"അതും ഷാർമ്മിലി ചേച്ചി പറഞ്ഞിട്ടുണ്ട്,"
രാഹുൽ ചിരിച്ചു.
"മാത്രമല്ല, ഞാൻ തന്നെ കക്ഷിയെ അവരുടെ മുമ്പിൽ കണ്ടിട്ടുണ്ട്.അതും ചേച്ചിയെ കാണാൻ ചെന്ന ആദ്യദിവസം തന്നെ,"
മണൽപ്പുറത്ത് സൂര്യ രശ്മികൾ നിറഞ്ഞു.
കോബ്രാ ഹിൽസിന്റെ കൊടുമുടികളിൽ നിന്ന് മഞ്ഞ് പൂർണ്ണമായും വാർന്ന് പോയി.
ഇപ്പോൾ പ്രഭാത വെയിലിന്റെ ശുഭ്രതയിൽ മുങ്ങിക്കുളിച്ച്....
"നമുക്ക് പോകാം സാർ?"
അയാൾ തലകുലുക്കി.
അവർ എഴുന്നേറ്റു.
ദിവ്യ പെട്ടെന്ന് പിമ്പിലേക്ക് കാൽ തെറ്റി വീണു.
"ഓഹ്..."
വേദന നിറഞ്ഞ ഒരു ഞരക്കം അവളിൽ നിന്നും കേട്ടു.
നോക്കിയപ്പോൾ മിഡിയുയർന്ന് നഗ്നമാക്കപ്പെട്ട മുട്ടിന് മേൽ, തുടയിൽ, ചോര കിനിയുന്നു.
മുമ്പിലെ ഒരു കല്ലിന് മുകളിലേക്ക് വീണതാണ്.
വീണ് ഉരഞ്ഞ് തുടയിൽ മുറിപ്പാട് വീണിരിക്കുന്നു.
രാഹുൽ അവളെ പിടിച്ച് എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു.
"പതിയെ എഴുന്നേൽക്ക്..."
അയാൾ പറഞ്ഞു.
"സൂക്ഷിച്ച്..."

അയാൾ അവളുടെ കയ്യിൽ അൽപ്പം കൂടി ബലം കൊടുത്തു.
"എനിക്ക് എഴുന്നേൽക്കാൻ വയ്യ...ഇത് കണ്ടോ...നോക്ക്,"
അവൾ എഴുന്നേൽക്കാതെ മിഡിയുയർത്തിക്കാണിച്ചു.
"ആ ചെടിയുടെ ഇല പറിച്ച് നീരാക്കി തിരുമ്മിയാൽ മതി..."
തീരത്ത് കൂട്ടമായി നിന്ന് ചെടിപ്പടർപ്പുകളിലേക്ക് നോക്കി അവൾ പറഞ്ഞു.
രാഹുൽ അങ്ങോട്ട് പോയി.
വളർന്ന് പടർന്നു നിന്ന ചെടികളിൽനിന്ന് കുറച്ച് ഇലകൾ പറിച്ചെടുത്തു.
അവളുടെയടുത്തെത്തി മുമ്പിലിരുന്ന്, കൈവെള്ളയിലിട്ട് ഞരടിത്തിരുമ്മി നീരാക്കി.
"മുറിവ് പറ്റിയ ഭാഗം നന്നായി കഴുക്, ദിവ്യേ,"
അവൾ അയാളുടെ കണ്ണുകളിലേക്ക് കലിപ്പോടെ നോക്കി.
"ഏയ്, മിസ്റ്റർ!"
അവൾ ശബ്ദമുയർത്തി.
"പെണ്ണിനെ ഒന്ന് തൊട്ടു എന്ന് കരുതി ഒരു മഹാഋഷിക്കും തപശ്ശക്തി നഷ്ടപ്പെട്ടിട്ടില്ല. വസിഷ്ഠനും ദുർവ്വാസാവിനും പോലും!"
രാഹുൽ അവളുടെ കണ്ണുകളിലേക്ക് നോക്കി.
കാറ്റിൽ ജാതിമല്ലിപ്പൂക്കളുടെ ഗന്ധം നിറഞ്ഞത് അയാൾ അറിഞ്ഞു.
ദിവ്യയുടെ കണ്ണുകളിൽ കാമസുഗന്ധം തീപോലെ പെയ്തിരിമ്പുന്നു.
അവൾ അധരം നനച്ചു.
"എനിക്ക് വയ്യാഞ്ഞിട്ടല്ലേ...പ്ലീസ്..."
പതിയെ, ദാഹിക്കുന്ന സ്വരത്തിൽ അവൾ പറഞ്ഞു.
രാഹുൽ ഇടത് കൈ വെള്ളത്തിൽ മുക്കി.
വെള്ളമെടുത്ത് അവളുടെ കണ്ണുകളിലേക്ക് നോക്കി.
പിന്നെ മുട്ടിനു മേൽ തുടയിൽ കൈത്തലമമർത്തി.
"ഓഹ്..."
അവളുടെ ചുടുനിശ്വാസം അയാളുടെ മുഖത്ത് തൊട്ടു.
തുടയുടെ വശ്യമാദകത്വതിൽ അയാളുടെ കൈത്തലമമർന്നപ്പോൾ തന്റെ ദേഹം കുഴയുന്നത് ദിവ്യ അറിഞ്ഞു.
ശ്വാസം വർദ്ധിക്കുന്നു.
മാറിടം ഉയർന്നുലയുന്നു.
അങ്ങോട്ട് അയാൾ ഒന്ന് നോക്കിയിരുന്നെങ്കിൽ എന്ന് അവൾ കൊതിച്ചു.
നാവും ചുണ്ടുകളും വരളുന്നു.
രാഹുൽ പിന്നെ പച്ചില മരുന്ന് അവളുടെ മുറിവിൽ അമർത്തിതേച്ചു.
അവളുടെ ദേഹം അടിമുടി വിറഞ്ഞുലയുമ്പോൾ, വെളുത്ത് കൊഴുത്ത തുടകളുടെ മാദക ഭംഗിയിൽ രാഹുലിന്റെ കണ്ണുകൾ അമർന്നു.
അയാൾ പിന്നെ കണ്ണുകൾ ഉയർത്തി അവളെ നോക്കി.

കാമസുഗന്ധിയായ പെണ്ണിന്റെ ഭാവം അയാളുടെ ഞരമ്പുകളിൽ സ്ഫോടനം നിറച്ചു.
അവളുടെ ലാസ്യ ലാവണ്യ ലഹരിയിറ്റുന്ന കണ്ണുകൾ അയാളിൽ ഉന്മത്തത നിറച്ചു.
സ്പർശനത്തിന്റെയും തലോടലിന്റെയും സുഖ ലഹരിയിൽ അയാളുടെ കണ്ണുകളിലേക്ക് നോക്കി അവൾ ചാഞ്ഞിരുന്നു.
പ്രണയത്തിന്റെ ഗ്രീഷ്മപുഷ്പ്പങ്ങൾ തളിർത്തുലയുന്ന കണ്ണുകളോടെ അവർ പരസ്പ്പരം നോക്കി.
വേദന നേർത്ത് നേർത്ത് അപ്രതക്ഷ്യമായി.
അവളിൽ നിന്ന് ഞരക്കം അവസാനിച്ചു.
"ഇത് പോലെ എന്നെ തൊടുമെങ്കിൽ...."
ഒരു മന്ത്രണത്തിന്റെ സംഗീത വശ്യതയോടെ അവൾ പറഞ്ഞു.
"..എങ്കിൽ ...ശരീരം നിറയെ...എല്ലാടത്തും മുറിവുകൾ ഉണ്ടാവാൻ ഞാൻ കൊതിക്ക്യാണ്. ..."
തന്റെ രക്തധമനികളിൽ ഇരമ്പിത്തുടങ്ങിയ അഗ്നി നിയന്ത്രണാതീതമാവുകയാണ്.
ഇതുവരെ അജ്ഞാതമായിരുന്ന ഒരു ശക്തി, ഒരു അദൃശ്യപ്രേരണപോലെ തന്നിൽ ഉണരുന്നു.
ശരീരത്തെ കടന്നാക്രമിക്കുന്ന വിസ്മിത ലാവണ്യത്തിന്റെ മാന്ത്രികത ഉച്ചസ്ഥായിയിലേക്കെത്തിച്ചേരുകയാണ് .
ഇതുവരെ തനിക്ക് നിഗൂഢമായിരുന്ന നിറങ്ങളുടെ നൃത്തോത്സവം ഒരു കൊടുങ്കാറ്റുപോലെ തന്നെ ഉലയ്ക്കുന്നു.
രാഹുൽ കണ്ണുകൾ അടച്ചു.
"ഇന്ദ്രിയേഭ്യം പരം മനോ മനസ...."
അയാൾ ഉരുവിട്ടു.
"കമോൺ! ഗെറ്റപ്പ്!"
അന്തർ പ്രചോദിതനായി രാഹുൽ എഴുന്നേറ്റു.
അവളെ കയ്യിൽ പിടിച്ച് എഴുന്നേൽപ്പിച്ചു.
"നടക്കാമോ?"
അവൾ തലകുലുക്കി.
അവർ കാറിനടുത്തേക്ക് നടന്നു.
"ഇനിയും ഇതിനുള്ളിൽ മറ്റു ബോംബുകൾ ഒന്നുമില്ല എന്ന് വിശ്വസ്സിക്കാം,"
അവളുടെ കൈയിൽ നിന്ന് താക്കോൽ വാങ്ങി ഡ്രൈവിംഗ് സീറ്റിലിരിക്കവേ രാഹുൽ പറഞ്ഞു.
"അങ്ങനെയങ്ങ് വിശ്വസിക്കണ്ട ,"
അയാളുടെ അടുത്ത് ഇരുന്ന് അവൾ പറഞ്ഞു.
"ഒരു മനുഷ്യബോംബ് സാറിന്റെയടുത്ത് തന്നെയുണ്ട്. ഒരു ചെറിയ സ്പാർക്കിന് വേണ്ടി കൊതിച്ച് കാത്തിരിക്ക്യാണ് പൊട്ടിത്തെറിക്കാൻ,"

അവളെ ഗാഢമായി ആലിംഗനം ചെയ്യാനും അധരത്തിലെ പ്രണയാമൃതം കടിച്ചെടുക്കാനും ഒരു നിമിഷം രാഹുൽ കൊതിച്ചു.
പ്രണയപാരവശ്യം നിറഞ്ഞ അവളുടെ മിഴികൾ കണ്ടപ്പോൾ.
രാഹുൽ ഡ്രൈവ് ചെയ്തു.
നദിക്ക് സമാന്തരമായി കാർ നീങ്ങി.
"ആരോ നമ്മുടെ പിന്നാലെ ഉണ്ടെന്ന് തോന്നുന്നു,"
സൈഡ് മിററിലൂടെ നോക്കി രാഹുൽ പറഞ്ഞു.
"അത് ലത്തീഫ് ദാദയും തടിയൻ മനോജുമൊക്കെയാണ്,"
ഗ്ലാസ് താഴ്ത്തി പിമ്പിലേക്ക് നോക്കി ദിവ്യ പറഞ്ഞു.
കാർ മുമ്പോട്ട് നീങ്ങി.
അൽപ്പ സമയത്തിന് ശേഷം അവർ ആലിൻ ചുവട്ടിലെ ഭഗവതിയുടെ അടുത്തെത്തി.
"ഒര് മിനിറ്റ് നിർത്ത് സാർ,"
രാഹുൽ ബ്രേക്കിട്ടു.
ദിവ്യ ഡോർ തുറന്നു.
ഭഗവതിയുടെ വിഗ്രഹത്തിനു മുമ്പിൽ അവൾ കണ്ണുകളടച്ചു.
ശിരസ്സ് കുനിച്ചു.
കൈകൾ കൂപ്പി ധ്യാനലീലയായി.
പ്രാർത്ഥനക്ക് ശേഷം മുഖം തിരിച്ചപ്പോൾ പിമ്പിൽ രാഹുൽ നിൽക്കുന്നത് അവൾ കണ്ടു.
"അവിടെയിരുന്നാൽ പോരാരുന്നോ?"
നിർത്തിയിട്ട കാറിനു നേരെ കണ്ണുകൾ കാണിച്ച് അവൾ ചോദിച്ചു.
"ഗന്ധർവ്വൻ ഈ പാവത്തിന്റെ പ്രാർത്ഥനേം മുടക്കിയെ അടങ്ങൂ എന്നുണ്ടോ?"
വീണ്ടും പ്രണയ പാരവശ്യം തളിർക്കുകയാണ് അവളുടെ ശബ്ദത്തിലും കണ്ണുകളിലും.
രാഹുൽ പുഞ്ചിരിച്ചു.
"മുമ്പ് ആകാശം ഇടിഞ്ഞുവീണാലും ഈ ആലിൻ ചോട്ടിൽ ഭഗവതീടെ മുമ്പി നിക്കുമ്പം എനിക്ക് കോൺസെൻട്രേഷൻ നഷ്ടപ്പെടില്ലാരുന്നു. ഇപ്പം..."
അവൾ അയാളുടെ കയ്യിൽ പിടിച്ചു.
അവളുടെ മനോഹരമായ വിരലുകളിൽ നിന്ന് തന്നിലേക്ക് താപം സംക്രമിക്കുന്നത് അയാൾ അറിഞ്ഞു.
"ഈ കണ്ണുകളും മുഖം രൂപവും കണ്ട് കണ്ട് ...എനിക്ക് ...എനിക്കാകെ ...ചൂട് പിടിക്ക്യാണ്....ഭഗവതീടെ മുമ്പി നിക്കാണ് എന്നൊന്നും കരുതില്ല്യ ഞാൻ...കടന്ന് പിടിച്ച് കളയും..."
തന്റെ കൈയിൽ രാഹുലിന്റെയും പിടിമുറുകുന്നത് അവൾ അറിഞ്ഞു.
പെട്ടെന്ന് ദൂരെ നിന്ന് മറ്റൊരു വാഹനത്തിന്റെ ഇരമ്പൽ കേട്ടു തുടങ്ങി.
"യ്യോ ..ലത്തീഫ് ദാദയൊക്കെ പെട്ടെന്ന് ഇങ്ങെത്തും...! വാ നമുക്ക് പോകാം,"
അവൾ അയാളുടെ കയ്യിൽ പിടിച്ച് വലിച്ചു.

അവർ യാത്ര തുടർന്നു.
ആരണ്യ നിഗൂഢതയിലൂടെ.
ജല നിര്ജ്ജരികളുടെ ചടുലതാളം കേട്ടുകൊണ്ട്.
ദേശാടനപ്പക്ഷികളുടെ നിറവിസ്മയങ്ങൾ കണ്ടുകൊണ്ട്.
മര ശിഖരങ്ങളിൽ രതി ദാഹം തീർക്കുന്ന കാറ്റിന്റെ പൌരുഷ സ്പർശമറിഞ്ഞ്.
പ്രണയത്തിന്റെ പ്രലോഭനീയമായ സൌന്ദര്യത്തിൽ മതി മറന്ന്, കാടിന്റെ ഗാഢതയിലൂടെ, ഒരു പച്ചത്തുരുത്തിലൂടെയെന്നവണ്ണം അവർ മുകളിലേക്ക് കയറിപ്പോയ്ക്കൊണ്ടിരുന്നു.
മണിക്കൂറുകൾക്ക് ശേഷം, മുമ്പ് കയറിയ ഗുഹയുടെ അടുത്ത് അവർ എത്തിച്ചേർന്നു.
"അവിടെ പോകണോ?"
ഗുഹയുടെ നേരെ നോക്കി അവൾ ചോദിച്ചു.
അയാൾ തല കുലുക്കി.
അവർ കാറിൽ നിന്നിറങ്ങി ഗുഹയുടെ നേരെ നടന്നു.
ആകാശത്തെ മറച്ചുകൊണ്ട് ഉത്തുംഗമായി നിന്ന ഒരു വലിയ മലയെ തുളച്ചുകൊണ്ട് കടന്നു കടന്നുപോകുന്ന ഒരു ദ്വാരത്തിന്റെ ആരംഭം പോലെ വൃത്താകൃതിയിലുള്ള ആ ഗുഹാമുഖത്തിന്റെ മുമ്പിൽ ഏതാനും ദേവദാരുക്കൾ നിന്നിരുന്നു.
അവയുടെ ദീർഘശിഖരങ്ങൾക്ക് താഴെ പ്രശാന്തമായ തണലിൽ അവർ എത്തിച്ചേർന്നു.
"അൽപ്പ സമയം ഇവിടെയിരിക്കാം,"
അയാൾ പറഞ്ഞു.
അവർ മുഖാമുഖമിരുന്നു.
കണ്ണോടുകണ്ണ് നോക്കിയിരിക്കുമ്പോൾ തങ്ങളുടെ ഭാവം മാറുന്നത് ഇരുവരുമറിഞ്ഞു.
"ഞാൻ സാറിന്റെ മടിയിൽ തലവെച്ച് കിടന്നോട്ടെ?"
ശരീരം താപത്താൽ പൂത്ത് വിടരുന്ന വേളയിൽ ദിവ്യ അയാളോട് ചോദിച്ചു.
അനുവാദത്തിനു കാത്തുനിൽക്കാതെ അവൾ അയാളുടെ മടിയിൽ തലവെച്ച് മലർന്ന് കിടന്നു.
അയാൾ പുഞ്ചിരിയോടെ അവളുടെ കൈ വിരലുകളിൽ പിടിച്ചു.
ദേവദാരുവിൽ ചാരിയിരിക്കുകയായിരുന്നു അയാൾ.
യൌവ്വനത്തിന്റെ ഭ്രാന്തൻ ആസക്തികളും കന്യകാത്വത്തിന്റെ വിശുദ്ധിയും ഒരു പോലെ പ്രസരിക്കുന്ന അവളുടെ ശരീരഭംഗി അയാളുടെ കണ്ണുകൾക്ക് മുമ്പിൽ നിറഞ്ഞു.
ശ്വാസഗതിയിൽ ഉയർന്ന് താഴുന്ന നിറമാറിലും കാറ്റ് നഗ്നമാക്കിക്കൊണ്ടിരുന്ന അവളുടെ കാലിലും അയാളുടെ മിഴികൾ തറഞ്ഞു.
അത് ദിവ്യ കണ്ടു.

അവിടെ അയാളുടെ സ്പർശനത്തിന് അവൾ കൊതിച്ചു.
പക്ഷെ അദൃശ്യമായ ഒരു പ്രേരണയാൽ അയാൾ അവിടെ നിന്നും നോട്ടം മാറ്റി.
അൽപ്പം മുകളിൽ ആകാശത്തെ സ്പർശിച്ചു നിൽക്കുന്ന കൊടുമുടികളുടെ ഔന്നത്യത്തിലേക്ക് അയാളുടെ കണ്ണുകൾ തറഞ്ഞു.
"കോബ്രാ ഹിൽസിന്റെ ജ്യോഗ്രഫി പഠിക്കാൻ കണ്ട നേരം!"
അത് കണ്ട് അനിഷ്ടത്തോടെ അവൾ പറഞ്ഞു.
"പിന്നെ എന്ത് ചെയ്യണം?"
അയാൾ പുഞ്ചിരിയോടെ ചോദിച്ചു.
"പ്രേമിച്ചുകൊണ്ടിരിക്കണം,"
കൈയുയർത്തി അയാളുടെ കവിളിൽ തലോടിക്കൊണ്ട് അവൾ പറഞ്ഞു.
"കണ്ണോടു കണ്ണ്...കാതോട് കാത് ...ചുണ്ടോട് ചുണ്ട്...മെയ്യോടു മെയ്...."
വീണ്ടും അന്തരാളത്തിൽ ഇരമ്പലുയരുന്നു.
"അല്ലാതെ ആരെയാ വിഴുങ്ങേണ്ടെന്ന് തക്കം നോക്കിയിരിക്കുന്ന നിറയെ കാളകൂടവിഷമുള്ള കിംഗ് കൊബ്രേടെ മലയുടെ ജ്യോഗ്രഫി പഠിക്കലല്ല...."
"രാജകുമാരിക്ക് ഭൃത്യരോട് ഒട്ടും കരുണയില്ലല്ലോ,"
പുഞ്ചിരിയോടെ രാഹുൽ പറഞ്ഞു.
"രാവെന്നോ പകലെന്നോ വ്യതസമില്ലാതെയാണ് കണ്ണിലെണ്ണയുമൊഴിച്ച് പാവം നിധി കാക്കുന്നത്. എന്നിട്ടാണ് അതിനെ ഇങ്ങനെ നിന്ദിക്കുന്നത്!"
"ഋഷികുമാരനല്ലേ? കാരുണ്യം കൂടും!"
അവളുടെ കൈ വീണ്ടും അയാളുടെ കവിളിനെ തേടിയെത്തി.
"എനിക്കാ കിംഗ് കോബ്രയോട് അത്ര കാരുണ്യമൊന്നും തോന്നുന്നില്ല. ആളൊരു സ്ത്രീ വിദ്വേഷിയാ,"
"സ്ത്രീ വിദ്വേഷിയോ? പാമ്പോ? നല്ല കഥ!"
"പിന്നല്ലാതെ!"
അവൾ ചൊടിപ്പോടെ പറഞ്ഞു.
"ഗ്രാനീം ലൈബ്രറീലേ അന്നത്തെ ഗ്രന്ഥങ്ങളുമൊക്കെപ്പറയുന്നത് കക്ഷി ആളൊരു സ്ത്രീ വിദ്വേഷിയാണെന്നാണ്. എല്ലാ സ്ത്രീകളോടുമില്ല. കന്യകാ വിദ്വേഷം മാത്രേയുള്ളൂ. പക്ഷെ ഒരു റിഡക്ഷൻ ഉണ്ട്. കന്യക ഭർത്താവാകാൻ പോകുന്നയാളുടെ കൂടെയാണേൽ കക്ഷി ഉപദ്രവിക്കില്ലന്നു മാത്രല്ല ആശീർവദിക്കുകകൂടി ചെയ്യും,"
അവൾ ആ പുരാവൃത്തം പറഞ്ഞു.
ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പാണ്. സ്വർഗ്ഗത്തിലാണ് സംഭവം. ഒരു ഗന്ധർവ കുമാരനും അപ്സര കന്യകയും പ്രണയത്തിലായി. എന്നാൽ അപ്സര കന്യകയുടെ അച്ഛൻ അവളെ ഒരു ദേവകുമാരന് വിവാഹം ചെയ്ത് കൊടുക്കാൻ നിശ്ച്ചയിച്ചു. അതറിഞ്ഞ ഗന്ധർവ കുമാരനും അപ്സര കന്യകയും ആകാശ ഗംഗയിലെ ഒരു വിദൂര ഗോളത്തിലേക്ക് ഒളിച്ചോടുവാൻ തീരുമാനിച്ചു. നിശ്ചയപ്രകാരം അയാൾ അവളുടെ മണി മന്ദിരത്തിന്റെ ഉദ്യാനത്തിന് മുമ്പിൽ

കാത്തിരുന്നു. എന്നാൽ അന്ന് രാത്രി ദേവകുമാരനെ കാണാൻ ഇടയായ അവൾ ഗന്ധർവ കുമാരനെ മറന്നു. കാത്തിരുന്ന് ക്ഷമ നശിച്ച ഗന്ധർവ കുമാരൻ അവസാനം അവളുടെ കിടപ്പുമുറിയിലേക്ക് കയറിച്ചെന്നു. അയാളിൽ നിന്ന് അത്തരം ഒരു സാഹസം പ്രതീക്ഷിച്ചിരുന്ന അവൾ അച്ഛനെയും ബന്ധുക്കളേയും നേരത്തെതന്നെ വിവരമറിയിച്ചിരുന്നു. അവർ അയാളെ ബന്ധിച്ചു. അവരുടെ മുമ്പിൽ വെച്ച് അവൾ അയാളെ തള്ളിപ്പറഞ്ഞു. ബന്ധിതനായ അയാളുടെ മുമ്പിൽ വെച്ചുതന്നെ ദേവകുമാരന്റെയും അപ്സ്സര കന്യകയുടെയും വിവാഹം നടന്നു. മനസ്സ് തകർന്ന ഗന്ധർവ കുമാരനെ അപ്സര കന്യകയുടെ അച്ചൻ മാന്ത്രിക വിദ്യയിലൂടെ ഒരു രാജവെമ്പാലയാക്കി ഭൂമിയിലേക്കയച്ചു. നാഗമായി മാറിയ ഗന്ധർവ്വന് അവളോടുള്ള പകയടങ്ങിയില്ല.

കന്യകാ വർഗ്ഗത്തെ മുഴുവൻ അവൻ വെറുക്കുന്നു.

രാഹുൽ മുഴുവൻ പുരാവൃത്തവും പുഞ്ചിരിയോടെ കേട്ടു.

"നിനക്ക് നാഗരാജാവിനെ പേടിയുണ്ടോ?"

"എന്തിന്?"

"നമ്മളെ രണ്ടാളെയും ഇവിടെ വെച്ച് അവൻ കണ്ടാൽ?"

അവൾ നിഗൂഢമായ ഒരു പുഞ്ചിരിയോടെ മല ശിഖരങ്ങളിലൂടെ കണ്ണുകളോടിച്ചു. പിന്നെ പുഞ്ചിരിയോടെ അവൾ രാഹുലിനെ നോക്കി.

"വരൂ,"

എഴുന്നേറ്റുകൊണ്ട് അവൾ പറഞ്ഞു.

"നമുക്ക് മലമുകളിലേക്ക് പോകാം,"

അയാളുടെ കയ്യിൽ പിടിച്ചുകൊണ്ട് അവൾ നടന്നു.

അവർ പതിയെ മുകളിലേക്ക് നീങ്ങി.

ദേവദാരുക്കൾ നിറഞ്ഞ വനഗഹനതിയിലൂടെ അവർ മല കയറി.

കാറ്റിളകാൻ തുടങ്ങി.

ഒരു സ്വപ്നത്തിന്റെ ചേതോഹര നിമിഷങ്ങളിലെന്നപോലെ അയാളുടെ കയ്യിൽ പിടിച്ച്, അയാളോട് ഉച്ചത്തിൽ സംസാരിച്ച്, അയാളുടെ വാക്കുകൾ ശ്രദ്ധിച്ച്, ആഹ്ലാദിച്ച്, വിജയശ്രീലാളിതയായി അവൾ നടന്നു.

കോബ്രാഹിൽസിന്റെ ഏകാന്തവും വിജനവുമായ മുകൾപ്പരപ്പിൽ അവർ എത്തി.

അതിന്റെ ഉത്തുംഗതയിലൂടെ, വിസ്മിത നേത്രയായി അവൾ അയാളുടെ കൈ പിടിച്ചു നടന്നു.

ആകാശത്തെ തൊടുന്ന കോബ്രാഹിൽസിന്റെ മുകൾപ്പരപ്പ്.

കാറ്റിന്റെ ആസക്തിയുള്ള കുളിര്.

ദൂരെ താഴ്‌വാരത്തിന്റെ ദൃശ്യസങ്കീർണ്ണതകൾ.

താഴെ അഗാധനീലിമയാർന്ന മലനിരകൾ കാഴ്ച്ചയുടെ അതിരുകൾ നിറയെ ചിതറിക്കിടന്നു.

അവയ്ക്കിടയിൽ പുഴയുടെ നേർത്ത വിദൂര രേഖയും ആർത്തുപതിക്കുന്ന വെള്ളച്ചാട്ടങ്ങളും.

വനാന്തരത്തിൽ നിന്ന് ഗോത്ര സംഗീതത്തിന്റെ ഇരമ്പലുയർന്നു.
പെരുമ്പറയുടെ കരൾ തൊടുന്ന താളം.
"വൌ!!! വണ്ടർഫുൾ!!"
ആ പരിസരത്ത് ആദ്യം എത്തിചേർന്നത് പോലെ ആഹ്ലാദ സ്വരത്തിൽ അവൾ പറഞ്ഞു.
അവളുടെ മനസ്സ് അഴകോടെ മിന്നിത്തുടിച്ചു.
"സാർ!!"
അവൾ ഉച്ചത്തിൽ വിളിച്ചു.
അവൾ അയാളുടെ കൈ പിടിച്ചു വലിച്ചു.
"സാർ ..കമോൺ ....കം..."
അയാളുടെ കൈ പിടിച്ച് അവൾ മല മുകളിലൂടെ ഓടാൻ തുടങ്ങി.
"സാർ..ഇറ്റ് ഈസ് അമേസിംഗ് ...അമേസിംഗ്..."
ഭ്രാന്തമായ ആവേശത്തോടെ അവൾ പറഞ്ഞു.
"സാർ നോക്ക്...ഈ ശിലകൾ....മേഘങ്ങളേ തലയിലേറ്റിയ ഈ മരങ്ങൾ...വൃക്ഷ സുന്ദരികളുടെ പച്ചില കാർക്കൂന്തൽ....സാർ....ഈ പരിസരം നിറയെ...യൂ നോ ...നിറയെ ..നമ്മുടെ പ്രണയമാണ്....ഈ അന്തരീക്ഷം നിറയെ...ഇവിടെ ഈ ചെടികളിൽ പൂക്കളായി...ഈ മരങ്ങളിൽ കാറ്റായി ....നമ്മുടെ പ്രണയം...എന്റെ ..എന്റെ ജന്മ പുണ്യം....ഓ .....ലവ്..."
അയാളുടെ കൈ പിടിച്ച് അവൾ ആ ചിത്രശലഭങ്ങളും തുമ്പികളും നിറഞ്ഞ പരിസരം നിറയെ ഓടി നടന്നു.
അവളുടെ വികാരാവേശം രാഹുലിൽ അദ്ഭുതമുണർത്തി.
"ഈശ്വരൻ പ്രപഞ്ചം സൃഷ്ടിച്ചതിന്റെ ആദ്യ നിമിഷങ്ങളാണിത്...!"
അവൾ ആവേശത്തോടെ തുടർന്നു.
"സാർ ഇത് ..ഇത് ഏദനാണ്...ഗാർഡൻ ഓഫ് ഈഡൻ..."
അവൾ ആകാശത്തിലേക്ക് ഇരുകൈകളും വിടർത്തി.
പിന്നെ അവൾ അയാൾക്കഭിമുഖമായി നിന്നു.
"യൂ ആർ ആഡം,"
അയാളുടെ മുഖത്തേക്കും പിന്നെ കാറ്റ് തഴുകിയുണർത്തുന്ന ചുറ്റുപാടുകളുടെ ഹരിതഭംഗിയിലേക്കും നോക്കി അവൾ തുടർന്നു.
"ആൻഡ് ...ആൻഡ് ..ഐം ഈവ് ....ഈ പ്രപഞ്ചത്തിൽ നമ്മൾ രണ്ടുപേർ മാത്രം...ഐ കാൺറ്റ് ബിലീവ് ഇറ്റ്..."
കാറ്റിന്റെ താളം മുറുകി.
ദൂരെ ഗോത്ര സംഗീതത്തിന്റെ ഇരമ്പലിന് വേഗം കൂടി.
"നമ്മൾ ഇവിടെ മരിക്കുവോളം കഴിയും..."
അയാളോട് ചേർന്ന് നിന്ന് അവൾ തുടർന്നു.
"എന്റെ ഗന്ധർവ്വാ....നിന്റെയടുത്ത് ഇങ്ങനെ...ചേർന്ന് ..ചേർന്ന് ....നിന്ന് ...പിന്നെ ഇങ്ങനെ തൊട്ട്..."

അവൾ അയാളുടെ കൈ പിടിച്ചുയർത്തി.
"ഉമ്മ വെച്ച്..."
അവൾ ചുണ്ടുകൾ അയാളുടെ കൈ വെള്ളയിലമർത്തി.
അയാളുടെ ശരീരം നിറയെ കോരിത്തരിപ്പുയർന്നു.
ധമനികളിലൂടെ രക്തവേഗം കൂടി.
ശരീരം ഒരു മരുഭൂമി പോലെ ചുട്ടുപഴുത്തു.
ഒരു ജല കണികയ്ക്ക് വേണ്ടി ഭ്രാന്തെടുത്തു.
"പിന്നെ ഇങ്ങനെ കെട്ടിപ്പിടിച്ച്..."
അവളുടെ കൈകൾ അയാളെ വലയം ചെയ്തു.
അവളുടെ ഉച്ഛ്വാസ വായുവിന്റെ ചൂട് അയാളുടെ മുഖത്ത് തട്ടി.
അവളുടെ മാറിടത്തിന്റെ മൃദുലത അയാളുടെ നെഞ്ചിന്റെ പൌരുഷത്തിലമർന്നു.
അപ്പോൾ മുമ്പിലെ ദൃശ്യങ്ങൾ അപ്രതക്ഷ്യമാകുന്നത് അയാൾ അറിഞ്ഞു.
കണ്മുമ്പിൽ ഇപ്പോൾ ഒരേയൊരു യാഥാർത്ഥ്യം.
ദിവ്യ.
"പിന്നെ ....പിന്നെ ഇങ്ങനെ..."
അഗ്നിപുഷ്പ്പങ്ങൾ നിറഞ്ഞ അവളുടെ സ്വരം അയാൾ കേട്ടു.
ദിവ്യ അധരം അയാളുടെ അധരത്തോട് അടുപ്പിച്ചു.
തന്റെ ശക്തി മുഴുവൻ തകർന്നുടയുന്നത് അയാൾ അറിഞ്ഞു.
നിയന്ത്രണം പ്രണയത്തിന്റെ പ്രളയപ്രവാഹത്തിൽ തകർന്ന് നുറുങ്ങുന്നു.
അവളുടെ ചുണ്ടുകൾ അയാളുടെ അധരത്തെ സ്പർശിച്ചു.
"ഓഹ്...."
അയാളുടെ കിതപ്പും ചൂടും അവൾ സ്വീകരിച്ചു.
പെട്ടെന്ന് രാഹുൽ കുതറിമാറി.
"ദിവ്യേ...!"
അവളുടെ മുഖത്ത് നോക്കാതെ, കണ്ണുകൾ തുറക്കാതെ അയാൾ വിളിച്ചു.
"ഇപ്പോൾ...ഇപ്പോൾ...അരുത്...യാഗത്തിനിനി ..ഇനി ..ഏതാനും ദിവസങ്ങളേയുള്ളൂ..."
"എന്ത് യാഗം?"
അസഹീനത നിറഞ്ഞ സ്വരത്തിൽ അവൾ ചോദിച്ചു.
"ഐ ഡോണ്ട് കേയർ!!"
രാഹുൽ കണ്ണുകൾ തുറന്നു.
"ഈ കല്ലിനും മണ്ണിനും അങ്ങനെ തൊടാം... ഇലകൾക്കും മരങ്ങൾക്കും വെള്ളത്തിനും കാറ്റിനും മഴയ്ക്കും ഒക്കെ അങ്ങനെ തൊടാം ...എനിക്ക് എനിക്കെന്തുകൊണ്ട്....?"
മരങ്ങളെല്ലാം വന്യമായ കാറ്റിൽ ആടിയുലയുന്നത് അയാൾ കണ്ടു.
ശിഖരങ്ങൾ കാറ്റിന്റെ താഡത്തിൽ അമർന്നുലയുന്നു.
ആകാശം നിറയെ മേഘങ്ങളുടെ നഖക്ഷതങ്ങൾ.

ആർത്ത് പതഞ്ഞൊഴുകുന്ന വെള്ളച്ചാട്ടങ്ങളുടെ ഇരമ്പലിനും മീതെ ഗോത്ര സംഗീതത്തിന്റെ ചടുല താളം അയാൾ കേട്ടു.
ദിവ്യയുടെ വസ്ത്രങ്ങൾ കാറ്റിലുലയുന്നത് അയാൾ കണ്ടു.
അവളുടെ നിറയൌവ്വനത്തിന്റെ വിലോഭനീയത അയാളിൽ വീണ്ടും ഉന്മത്തത നിറച്ചു.
തന്റെയും വസ്ത്രങ്ങൾ കാറ്റിലുലയുന്നു.
പ്രപഞ്ചത്തിന്റെ ഭാവത്തിലേക്കും ദിവ്യയുടെ രൂപത്തിലേക്കും അയാൾ ഒരിക്കൽക്കൂടി നോക്കി.
പിന്നെ ദൃഢമായ ഭാവത്തോടെ അയാൾ അവളെ സമീപിച്ചു.
അവളെ ഉറ്റുനോക്കി.
പിന്നെ അയാൾ അവളുടെ കരം പിടിച്ചുയർത്തി.
അവളുടെ ശരീരം നിറയെ കോരിത്തരിപ്പുയരുന്നതും കണ്ണുകൾ കൂമ്പിയടയുന്നതും അയാൾ കണ്ടു.
അയാളുടെ ചുണ്ടുകൾ അവളുടെ കൈത്തലത്തിൽ അമർന്നു.
കൈത്തണ്ടയിലൂടെ ചുണ്ടുകൾ പിന്നെ അവളുടെ തോളിലെത്തി/
"ആഹ്....ആഹ്..."
അവൾ കുറുകി.
പിന്നെ പിൻ കഴുത്തിൽ.
നെറ്റിയിൽ.
കൺപോളകളിൽ.
കവിൾത്തടങ്ങളിൽ.
അവസാനം പ്രണയാമൃതമിറ്റുന്ന പവിഴധരത്തിൽ.
ദിവ്യയുടെ കൈകൾ അയാളെ ചുറ്റിവരിഞ്ഞു.
മാറിടം അയാളുടെ നെഞ്ചോടു ചേർത്ത് ഞെരിച്ചു.
അരക്കെട്ട് അയാളുടെ അരക്കെട്ടിനോട് ചേർത്ത് അമർത്തി.
ദീർഘവും സുഖദവുമായ ഒരാലിംഗനത്തിന്റെ മാസ്മരികതയിൽ അവർ അമർന്നു.
പ്രപഞ്ചോൽപ്പത്തി മുതൽ പുകഞ്ഞുകൊണ്ടിരുന്ന ഒരഗ്നി പർവ്വതത്തിന്റെ അപ്രതീക്ഷിതമായ ഒരു സ്ഫോടനം അവർ അറിഞ്ഞു.
ശരീരത്തിന്റെ ആകാശമണ്ഡലത്തിൽ കോടി സൂര്യന്മാർ ഒരുമിച്ചുയർന്നു പ്രകാശിക്കുന്നു.
ആത്മാവിനും ശരീരത്തിനുമിടയിൽ കോടി സമുദ്രങ്ങളുടെ സംഗീത പ്രവാഹം.
സ്വർണ്ണമേഘങ്ങളും മഴവില്ലുകളും ചിത്രശലഭങ്ങളും വർണ്ണത്തുമ്പികളും പെരുകി നിറയുന്ന വസന്ത ഋതുവായി ഓരോ ഇന്ദ്രിയവും പരിണമിക്കുന്നു.
ഉച്ഛ്വാസത്തിന്റെ സുഗന്ധം പരസ്പ്പരം കൈമാറി.
ഹൃദയമിടിപ്പിന്റെ താളം പരസ്പ്പരം പങ്കുവെച്ച്.
ഇണയുടെ പ്രണയ ദാഹം ശമിപ്പിക്കാൻ പരസ്പരം മത്സരിച്ച്.
ഇണയുടെ പ്രണയ തീക്ഷണതയ്ക്ക് മുമ്പിൽ പരസ്പ്പരം വിധേയപ്പെട്ട്.

ദേവദാരുവിന്റെ ചുവട്ടിൽ.
"എന്നെ....എന്നെ ....കിടത്ത്..."
അവളുടെ അധരത്തിൽ നിന്ന് ചുണ്ടുകൾ വേർപെടുത്തിയ ഒരു മുഹൂർത്തത്തിൽ അയാൾ ആ വാക്കുകൾ കേട്ടു.
അത് കേൾക്കാതെ അയാൾ വീണ്ടും അവളെ ഭ്രാന്തമായി ചുംബിച്ചു.
ശരീരത്തിന്റെ നിഗൂഢവിസ്മയങ്ങളിലേക്ക് സ്പർശനങ്ങളും ചുംബനങ്ങളും അമർന്നിറങ്ങുന്ന ഒരു വേളയിൽ വികാരവിക്ഷുബ്ധതയോടെ ദിവ്യ കണ്ണുകൾ തുറന്നു.
ശരീരത്തിന്റെ വസന്തത്തിലേക്ക് പെയ്തിറങ്ങുന്ന പ്രണയമഴയുടെ അതിരുകളില്ലാത്ത സുഖാനുഭൂതിയിൽ വീണ്ടും കണ്ണുകളടയ്ക്കാൻ തുടങ്ങിയ അവൾ മുമ്പിലെ കാഴ്ച കണ്ട് പകച്ചു.
"ദിവ്യേ..."
അവളുടെ ഭാവമാറ്റമറിഞ്ഞ് രാഹുൽ വിളിച്ചു.
അവൾ ശബ്ദിച്ചില്ല.
"വാട്ട് ഹാപ്പെൻഡ് റ്റു യൂ?"
അയാൾ പതിയെ ചോദിച്ചു.
"സാർ ...അത് ...!!"
അവളുടെ ശബ്ദം വിറപൂണ്ടിരിക്കുന്നത് അയാൾ അറിഞ്ഞു.
രാഹുൽ സാവധാനം തല തിരിച്ചു നോക്കി.
ഒരു നിമിഷം ---
തന്റെ ശരീരവും വിറകൊള്ളുന്നത് രാഹുൽ അറിഞ്ഞു.
പെട്ടെന്ന് തന്നെ രാഹുൽ മനസ്സാന്നിധ്യം വീണ്ടെടുത്തു.
ഭയ വിഹ്വലയായ ദിവ്യയെ അയാൾ ചേർത്തു പിടിച്ചു.
അവർക്ക് മുമ്പിലെ ഉത്തുംഗമായ ഒരു ശിലയുടെ പാർശ്വത്തിലൂടെ ഒരു ഭീകരൻ രാജവെമ്പാല താഴേക്ക് ഇഴഞ്ഞു വന്നുകൊണ്ടിരുന്നു.
മനസ്സാന്നിധ്യമില്ലാത്ത ആരിലും കിടിലം നിറയ്ക്കുന്നത്ര നീളവും വണ്ണവും അതിനുണ്ടായിരുന്നു.
"സുവോളജിക്കൽ മാർവെൽ!"
രാഹുൽ മന്ത്രിച്ചു.
താൻ സ്നേയ്ക് പാർക്കുകളിൽ കണ്ടിട്ടുള്ള രാജവെമ്പാലയെക്കാൾ ഇരട്ടി വലിപ്പം അതിനുണ്ടെന്ന് രാഹുലിന് തോന്നി.
ഉന്നതമായ ആ ശിലയെ നീളത്തിൽ പകുത്തുകൊണ്ട് അതിന്റെ സ്വർണ്ണനിറമുള്ള ദീർഘ ശരീരം ശിലയുടെ മറു ചരിവിൽ നിന്ന് പതിയെ പുറത്ത് വന്നുകൊണ്ടിരുന്നു.
സൂര്യപ്രഭയിൽ അതിന്റെ രാജകീയതയ്ക്ക് തിളക്കമേറി.
വൃക്ഷശിഖരങ്ങൾ നിശ്ചലമായത് ദിവ്യ കണ്ടു.
കാറ്റ് പൂർണ്ണമായും നിലച്ചിരിക്കുന്നു.

തങ്ങളെ ചൂഴ്ന്ന പ്രകൃതി വീർപ്പടക്കി നിൽക്കുന്നത് അവൾ കണ്ടു.
നിശബ്ദതയുടെ കനപ്പ് കൂടുന്നു.
"സാർ..!! ഇത് ...!!"
ഭയം കൊണ്ട് വിറച്ച സ്വരത്തിൽ അവൾ പറഞ്ഞു.
"ഈ ...ഈശ്വരാ...ഇത്ര വലിപ്പം ! ഇത് തന്നെയാണോ ആ കിംഗ് കോബ്രാ?"
അയാൾ വിറകൊള്ളുന്ന അവളുടെ ശരീരത്തെ ചേർത്തുപിടിച്ചു.
രാജവെമ്പാലയ്ക്കും തങ്ങൾക്കുമിടയിലെ അകലം ചുരുങ്ങി ചെറുതാകുന്നത് അവർ കണ്ടു.
"അപ്പോൾ ....അപ്പോൾ ...ആ നിധിയുടെ കഥയൊക്കെ നേര് തന്നെയാണ്..സാർ! കം! നമുക്ക് പോകാം. ..അല്ലെങ്കിൽ...?"
"ഡോൺറ്റ് വറി.."
രാഹുൽ മന്ത്രിച്ചു.
"ഒന്നും സംസാരിക്കരുത്! ശ്വാസം പോലും നിയന്ത്രിച്ച് അനങ്ങാതെ നിൽക്കുക...! നിശ്ചലം നിൽക്കുക! എന്നെ ചേർത്ത് പിടിക്കുക....! ശരീരത്തെ ഒരു കാരണവശാലും അനക്കരുത്...!"
ദിവ്യ അയാളെ ഇറുകെപ്പിടിച്ച് നിശ്ചലം നിന്നു.
രാഹുലിന്റെ കണ്ണുകൾ ധ്യാനനിലീമതങ്ങളായി.
അയാൾ വീണ്ടും സൂര്യനെ നോക്കി.
പിന്നെ കണ്ണുകളടച്ചു.
"ഓം..! ത്രയംബകം യജാമഹേ...."
അയാൾ മഹാമൃത്യുഞ്ജയ മന്ത്രം ചൊല്ലാൻ തുടങ്ങി.
"ഓം ത്രയംബകം യജാമഹേ...സുഗന്ധിം പുഷ്ടിവർദ്ധനം...
ഉർവ്വാരുകമിവ ബന്ധനാൻ മൃത്യൂർമുക്ഷീയ മാമൃതാത്...."
അന്തരീക്ഷം നിറയെ ഭക്തി സാന്ദ്രമായ മന്ത്രധ്വനികൾ നിറഞ്ഞു.
രാജവെമ്പാല അവരെ സമീപിച്ചു.
അത് അവർക്ക് ചുറ്റും ഒരു വലിയ വൃത്താകൃതിയിൽ സഞ്ചരിച്ചു.
മൃത്യുഞ്ജയ മന്ത്രത്തിന്റെ സംഗീതാത്മകതയിൽ ലയിച്ചെന്നോണം നാഗരാജാവ് വീണ്ടും പ്രദക്ഷിണം തുടർന്നു.
പിന്നെ മന്ത്രവിശുദ്ധി നിറഞ്ഞൊഴുകുന്ന അന്തരീക്ഷത്തിൽ അത് ശിലയുടെ നേരെ തിരിഞ്ഞു.
താൻ ഇറങ്ങി വന്ന മാർഗ്ഗത്തിലൂടെ അത് തിരികെ നീങ്ങാൻ തുടങ്ങി.
അൽപ്പസമയത്തിനു ശേഷം മന്ത്രോച്ചാരണം നിലച്ചു.
"കണ്ണു തുറന്നോളൂ,"
രാഹുലിന്റെ സ്വരം അവൾ കേട്ടു.
"നാഗരാജാവ് മടങ്ങിപ്പോയി. നമ്മളെ അനുഗ്രഹിച്ചിട്ട്...സംതൃപ്തിയോടെ..."
"ഇല്ല..."
ദിവ്യയുടെ സ്വരത്തിൽ അപ്പോഴും വിറയലുണ്ടായിരുന്നു.

"ഞാൻ കണ്ണ് തുറക്കില്ല...എന്റെ മേത്ത്ന്ന് കൈയെടുക്കരുത്! മുറുക്കെപ്പിടിക്ക്..."
"ദിവ്യേ നാഗരാജാവ് പോയി..."
"നേര്?"
"നേര്,"
"ഓക്കേ ..ഓക്കേ..."
ആലിംഗനത്തിന്റെ ഗാഢതയിൽ നിന്നുമകലാതെ ദിവ്യ തുടർന്നു.
"അത് പോയിരിക്കാം...എന്നാൽ ....എന്നാൽ അതിപ്പോഴും നമ്മുടെ അടുത്ത് ഉണ്ട് എന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം....നമ്മുടെ അടുത്ത് നിന്ന് അത് മാറരുതെന്നും....എങ്കിൽ ...മരിക്കുവോളവും അത് കഴിഞ്ഞും എന്നെ ഇതുപോലെ കെട്ടിപ്പിടിച്ചോണ്ടിരിക്കൂല്ലോ..."

രാജശേഖര വർമ്മയുടെ ഓഫീസ് റൂം.
ആ ബിസിനസ് രാജാവ് നല്ലൊരു കലാസ്വാദകനും കൂടിയാണെന്ന് ചുറ്റും നോക്കി രാഹുൽ മനസ്സിലാക്കി.
അത്യന്താധുനിക യന്ത്ര സംവിധാനങ്ങൾക്കൊപ്പം അത്യപൂർവ്വമായ ശിൽപ്പങ്ങളും ചിത്രങ്ങളും ആ മുറിയിലുണ്ടായിരുന്നു.
വലിയ ജാലകങ്ങൾ കോബ്രാഹിൽസിനഭിമുഖമായി തുറന്നു.
സാൽവഡോർ ഡാലി എന്ന വിഖ്യാത സ്പാനിഷ് ചിത്രകാരന്റെ പ്രസിദ്ധമായ സർറിയലിസ്റ്റിക് ചിത്രം "പെർസിസ്റ്റൻസ് ഓഫ് മെമ്മറി" യിലേക്ക് നോക്കിയിരിക്കയായിരുന്നു രാഹുൽ.
ഇന്ദ്രിയങ്ങൾകൊണ്ടറിയാനും അനുഭവിക്കാനും സാധിക്കാത്ത, ചിന്തകളിലും സ്വപ്നങ്ങളിലും ഉന്മാദങ്ങളിലും മാത്രം അനുഭവപ്പെടുന്ന ദൃശ്യങ്ങളെയും ശബ്ദങ്ങളെയും സ്പർശങ്ങളെപ്പോലും കാൻവാസിലെക്കാവാഹിച്ച മാന്ത്രിക ചിത്രകാരന്റെ അനുപമമായ സൃഷ്ടി.
ദ പെർസിസ്റ്റൻസ് ഓഫ് മെമ്മറി.
ഓർമ്മകളുടെ നൈരന്തര്യം.
"സൌകര്യങ്ങൾ...ഒക്കെ ...മതിയോ ? എന്തെങ്കിലും ബുദ്ധിമ്മുട്ടിക്കുന്നുണ്ടോ?"
രാജശേഖര വർമ്മ ഭവ്യതയോടെ ചോദിച്ചു.
"സൌകര്യങ്ങൾ ആവശ്യത്തിലെറെയാണ്,"
അയാൾ പറഞ്ഞു.
"ഇത്രയൊന്നും എനിക്കാവശ്യമില്ല,"
യാഗത്തിന്റെ മുഹൂർത്തം നിശ്ചയിക്കപ്പെട്ടിരുന്നു.
മഹർഷി ദേവനാരായണന്റെ നിർദേശപ്രകാരം രാഹുൽ കൊട്ടാരത്തിൽ അന്ന് മുതൽ താമസം തുടങ്ങിയിരുന്നു.
മിക്കവാറും ദിവസങ്ങളിൽ കൊട്ടാരത്തിൽ ഭജനയും ആരാധനയുമുണ്ട്.

അതിനാൽ യാഗം കഴിയുന്നത് വരെ രാഹുലിന്റെ സാന്നിധ്യം രാജശേഖര വർമ്മയുടെ വീടിന്റെ പരിസരങ്ങളിലും കൊട്ടാരത്തിലും ഉണ്ടാവണമെന്ന് അദ്ദേഹം നിശ്ചയിച്ചു.
അന്ന് രാവിലെ ദിവ്യയുടെ കാറിന്റെ ഡിക്കിയിൽ നിന്ന് കണ്ടെടുത്ത ബോംബ് രാജകുടുംബാംഗങ്ങളെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു കളഞ്ഞു.
ദിവ്യക്ക് മുമ്പ് നേരിടേണ്ടി വന്ന ആപത്തുകളുടെയും കോബ്രാഹിൽസിൽ അവൾക്ക് നേരെ നടന്ന വധശ്രമത്തിന്റെയും പശ്ചാത്തലത്തിൽ ഈ പുതിയ സംഭവം അവരെക്കൂടുതൽ ജാഗരൂകരാക്കി.
വിനോദ് മേനോന്റെ സംരക്ഷണത്തിന് പോലീസ് ഒരുക്കമായിരുന്നെങ്കിലും അയാൾ അത് നിരസിച്ചു.
ലത്തീഫിന്റെ പകുതി സംഘം ദിവ്യയുടെ വീടിന്റെ പരിസരങ്ങളിൽ കാവൽ നിന്നു.
ബാക്കിയുള്ളവർ ദിവ്യയുടെയും രാഹുലിന്റെയും സംരക്ഷണമേറ്റെടുത്തു.
കണിശമായ കർത്തവ്യബോധത്തോടെ ഉറക്കം പോലും വെടിഞ്ഞ് അവർ കാവൽ തുടർന്നു.
മേജർ മാത്യു വർഗ്ഗീസ് എന്ന നരിമറ്റം മാത്തച്ചനെ ക്കുറിച്ച് പിന്നീട് ആർക്കും ഒരറിവും കിട്ടിയിരുന്നില്ല.
അയാൾ വടക്കേന്ത്യയിലേക്ക് തന്നെ കടന്നുകളഞ്ഞിരിക്കാം എന്ന് മിക്കവരും അനുമാനിച്ചു.
പോലീസ് നഗരം മുഴുവൻ അരിച്ചുപെറുക്കിയെങ്കിലും അയാളെ കണ്ടുകിട്ടിയില്ല.
അയാൾ തന്നെയാണ് വിനോദ് മേനോനെ കൊലപ്പെടുത്താൻ ദിവ്യയുടെ കാറിൽ ബോംബ് വെച്ചതെന്ന് അസന്നിഗ്ദ്ധമായി വിശ്വസിക്കപ്പെട്ടു.
അല്ലെങ്കിൽ അയാൾക്ക് കടന്നുകളയേണ്ട ആവശ്യമില്ലായിരുന്നു.
രാജശേഖര വർമ്മയുടെ കുടുംബത്തിന് നേരെ നടക്കുന്ന കുറ്റകൃത്യങ്ങളിൽ അയാളുടെ സാന്നിധ്യം വെളിപ്പെടുത്തുന്നതായിരുന്നു ഇപ്പോഴത്തെ അയാളുടെ അസാന്നിധ്യം.
പോലീസ് നരിമറ്റം വർക്കിയെ ചോദ്യം ചെയ്തെങ്കിലും കാര്യമായ പുരോഗതിയൊന്നുമുണ്ടായില്ല.
അതിനിടയിൽ അയാളുടെ മകൻ ജോലി ചെയ്യുന്നതെന്ന് വിശ്വസിക്കപ്പെട്ടിരുന്ന കാനഡയിലെ മാരിയറ്റ് ഹോട്ടൽ ഗ്രൂപ്പുമായി രാജശേഖര വർമ്മ ബന്ധപ്പെട്ടു.
എന്നാൽ അമ്പരപ്പുളവാക്കുന്ന ഒരു വിവരമാണ് അവിടെ നിന്നും ലഭിച്ചത്.
അങ്ങനെയൊരു വ്യക്തി തങ്ങളുടെ സ്ഥാപനത്തിൽ ജോലി ചെയ്യുന്നില്ലെന്ന് ഹോട്ടൽ അധികൃതർ അറിയിച്ചു.
ദിവ്യയെ കോബ്രാഹിൽസിൽ വെച്ച് രാത്രിയിൽ വെടിവെച്ചതും രാഹുലിനെ അപായപ്പെടുത്താൻ ശ്രമിച്ചതും വിനോദ് മേനോനെ കൊല്ലാൻ കാറിൽ ബോംബ് വെച്ചതും ജയകൃഷ്ണന്റെ തലവനും മറഞ്ഞിരിക്കുന്ന അദൃശ്യനായ ശത്രുവും മേജർ മാത്യു വർഗ്ഗീസ് എന്ന നരിമറ്റം മാത്തച്ചനാണെന്ന് എല്ലാവരും ദൃഢമായി വിശ്വസിച്ചു.

"പറ്റിയ ആളെത്തന്നെയാണ് ഞാൻ സെക്യൂരിറ്റി ഓഫീസറുടെ കസേരേൽ ഇരുത്തീത്..."
രാജശേഖര വർമ്മ ചിരിച്ചു.
രാഹുൽ എന്തെങ്കിലും പറയുന്നതിന് മുമ്പ് ദിവ്യ വാതിൽക്കലേക്ക് വരുന്നത് കണ്ടു. അവൾ ഒരു ട്രേയിൽ പാനീയങ്ങളും പഴങ്ങളുമെടുത്തിരുന്നു.
"നമസ്ക്കാരം,"
അവൾ രാഹുലിനെ നോക്കി തലകുനിച്ചുകൊണ്ട് പറഞ്ഞു.
പിന്നെ ട്രേ മേശപ്പുറത്ത് വെച്ച് രാഹുലിനും രാജശേഖര വർമ്മയ്ക്കും പാനീയങ്ങൾ നൽകി.
"ഈ മേജർ മാത്യു വർഗ്ഗീസിന്റെ പശ്ചാത്തലമൊന്നും അന്വേഷിച്ചിരുന്നില്ലേ അയാളെ നിയമിക്കുന്നതിന് മുമ്പ്?"
രാഹുൽ ചോദിച്ചു.
"പ്രത്യേകിച്ചും അയാളുടെ ജ്യേഷ്ഠന്റെ ക്രിമിനൽ റെക്കോഡിനെപ്പറ്റി എല്ലാവർക്കും അറിവുള്ളപ്പോൾ...."
"അന്വേഷണമൊക്കെ നടത്തിയിരുന്നു,"
അദ്ദേഹം പറഞ്ഞു.
"വിനോദിനെയാണ് ഞാനതിന് ചുമതലപ്പെടുത്തിയത്. ജ്യേഷ്ഠന്റെ ക്രിമിനൽ പശ്ചാത്തലം മാറ്റി നിർത്തിയാൽ മറ്റൊരു പോരായ്മയും കണ്ടെത്താനായില്ല. മാത്രമല്ല അയാൾ ഹൈലി എബിൾ ആണെന്ന് തെളിയുകയും ചെയ്തിരുന്നു. പെട്ടെന്നിങ്ങനെയൊരു ഡീവിയേഷൻ..."
പെട്ടന്ന് രാജശേഖര വർമ്മയുടെ മൊബൈൽ ശബ്ദിച്ചു.
അത് അറ്റൻഡ് ചെയ്യുവാൻ അദ്ദേഹം ദിവ്യയുടെ നേരെ കണ്ണുകൾ കൊണ്ട് ആവശ്യപ്പെട്ടു.
"ഓ...! ഡാഡീ..."
മൊബൈലിൽ നിന്ന് സന്ദേശം സ്വീകരിച്ച ദിവ്യ, ആകാംക്ഷയും അദ്ഭുതവും നിറഞ്ഞ സ്വരത്തിൽ അദ്ധേഹത്തെയും രാഹുലിനേയും മാറിമാറി നോക്കി.
രാജശേഖര വർമ്മയും രാഹുലും അവളുടെ സ്വരത്തിലെ പ്രത്യേകത തിരിച്ചറിഞ്ഞ് ഇരിപ്പിടങ്ങളിൽ നിന്ന് ചാടിയെഴുന്നേറ്റു.
"എന്താ മോളെ? ആരാ?"
അദ്ദേഹം അവളുടെ അടുത്തേക്ക് ചെന്നു.
"ഡാഡി മേജർ അങ്കിൾ! മേജർ മാത്യു വർഗ്ഗീസ്!"
അവൾ സംഭ്രമം നിറഞ്ഞ സ്വരത്തിൽ പറഞ്ഞു .
രാഹുലും രാജശേഖര വർമ്മയും പരസ്പ്പരം നോക്കി.
അദ്ദേഹം ദിവ്യയുടെ കയ്യിൽ നിന്നും ഫോൺ വാങ്ങി.
"ഹലോ.."
അദ്ദേഹം സംസാരിക്കാൻ തുടങ്ങി.

"മാത്തച്ചനോ? ...എവിടെ?....പൊഴേടെ അടുത്തോ? രോഹിത് താമസിച്ചിരുന്ന വീട്ടിൽ? ...രാത്രി പതിനൊന്നു മണിക്ക് ശേഷം? യെസ്...ഷുവർ...ഞാൻ വരും,"
ഫോൺ മേശമേൽ വെച്ച് അദ്ദേഹം രാഹുലിനെയും ദിവ്യയേയും ആവേശത്തോടെ നോക്കി.
"എന്താ ഡാഡീ?"
ആകാംക്ഷയടക്കാതെ ദിവ്യ ചോദിച്ചു.
"എന്താ തമ്പുരാൻ?"
രാഹുലും തിരക്കി.
"നരിമറ്റം മാത്തച്ചൻ പണ്ട് രോഹിത് താമസിച്ചിരുന്ന വീട്ടിലുണ്ട്,"
അദ്ദേഹം ഉത്സാഹത്തോടെ പറഞ്ഞു.
"അയാൾ എന്നെക്കാണാൻ ആഗ്രഹിക്കുന്നു. എന്നോടൊപ്പം അങ്ങയെക്കൂടെ കൂട്ടണം എന്നും പറഞ്ഞിരിക്കുന്നു,"
ദിവ്യ വിസ്മയത്തോടെ അവരെ ഇരുവരെയും മാറി മാറി നോക്കി.
"അതിനെന്താ നമുക്ക് പോയ്ക്കളയാം,"
രാഹുൽ പറഞ്ഞു.
"പക്ഷെ..."
ദിവ്യ വിയോജിപ്പോടെ പറഞ്ഞു.
"പാതിരാത്രീൽ....രണ്ടാളും തനിച്ച് ...എനിക്ക് പേടിയാകുന്നു..."
അദ്ദേഹം അവളുടെ ശിരസ്സിൽ കൈ ചേർത്തു.
"ഒന്നും വരില്ല മോളെ,"
അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു.
"അയാൾ പറഞ്ഞിരിരിക്കുന്നത് മറ്റാരെയും കൂട്ടി വരികയോ ആരെയും അറിയിക്കുകയോ ചെയ്യരുത് എന്നാണ്,"
"ബട്ട് ...ഡാഡി..ഇറ്റ് ക്യാൻ ബി എ ട്രാപ്..."
രാജശേഖര വർമ്മ മേശക്കടിയിലേ ഒരു ബോക്സ് തുറന്നു.
അതിൽനിന്ന് ചുവന്ന നിറത്തിൽ ഒരു ഹോൾസ്റ്റർ എടുത്തു.
അതിന്റെ സിബ്ബ് വലിച്ചു തുറന്നു.
മുറിയിലേ പ്രകാശത്തിൽ ഹാൻഡ് ഗണ്ണിന്റെ കറുത്ത പ്രതലം തിളങ്ങി.
"ഗുരുജി ക്ഷമിക്കണം,"
രാജശേഖര വർമ്മ രാഹുലിനെ നോക്കി.
"ഹിംസിക്കാനല്ല. ഭയപ്പെടുത്താൻ. പിന്നെ മോളുടെ ഭയം മാറ്റാനും,"
രാഹുൽ ചിരിച്ചു.
"നരിമറ്റം കുടുംബത്തിലെ ഒരാളെ ഹിംസിക്കരുത് എന്ന് പറയാനുള്ള യോഗ്യത എനിക്കില്ല, തമ്പുരാൻ,"
ദിവ്യയിലും രാജശേഖര വർമ്മയിലും ആ വാക്കുകൾ ചിരിയുണർത്തി.
"ഇത് പോരെ?"
തോക്ക് മുകളിലേക്ക് ഉയർത്തി അദ്ദേഹം ദിവ്യയോട് ചോദിച്ചു.

എന്നിട്ടും അവളുടെ മുഖത്തെ ഇഷ്ടമില്ലായ്മ മാറിയില്ല എന്ന് അദ്ദേഹം കണ്ടു.
"എന്താണ് ഉദ്ദേശം എന്ന് അയാൾ പറഞ്ഞോ?"
രാഹുൽ ചോദിച്ചു.
"അതാണ് മോസ്റ്റ് ഷോക്കിംഗ്,"
രാജശേഖര വർമ്മ അദ്‌ഭുതത്തോടെ പറഞ്ഞു.
ദിവ്യയും രാഹുലും അദ്ധേഹത്തെ ആകാംക്ഷയോടെ നോക്കി.
"രോഹിതിന്റെ മരണത്തെക്കുറിച്ചും നഷ്ടപ്പെട്ട മാപ്പിനെക്കുറിച്ചും ചില പുതിയ വിവരങ്ങൾ തരാൻ,"
"ഈശ്വരാ,"
ആശ്ചര്യത്താൽ ദിവ്യ വായ് പൊത്തി.
രാഹുൽ വിസ്മയാധീനനായി.
"ഡാഡി..."
അവൾ അദ്ധേഹത്തിന്റെ തോളിൽ പിടിച്ചു.
"ഡാഡീം സാറും തനിച്ച് എന്തായാലും പോകരുത്. നമുക്ക് ലത്തീഫ് ദാദാനേം ഒക്കെ അറിയിക്കാം. അവരുടെ കൂടെ പോയാൽ മതി. പ്ലീസ് ഡാഡി..."
"അത് പറ്റില്ല മോളെ..."
അദ്ദേഹം അവളെ ചേർത്തുപിടിച്ചു.
"ഒരു പാട് ആളുകളെ കാണുമ്പോൾ അയാൾ കടന്നു കളയാൻ സാധ്യതയുണ്ട്,"
അത് ശരിയാണെന്ന് ദിവ്യക്കും തോന്നി.
അഴിയാതെ കിടക്കുന്ന പല കുരുക്കുകളും ഇപ്പോൾ നരിമറ്റം മാത്തച്ചന്റെ കൈകളിലാണ്.
ഒന്നുകിൽ അയാൾ തന്നെയായിരിക്കാം ഈ നിഗൂഡതകളുടെയെല്ലാം പിമ്പിൽ.
അല്ലെങ്കിൽ അയാൾ മറ്റാരുടെയെങ്കിലും ആജ്ഞാനുവർത്തിയായിരിക്കാം.
ഏതായാലും അയാളിൽ നിന്നും അതീവ പ്രാധാന്യമർഹിക്കുന്ന പല കാര്യങ്ങളുമറിയാനുണ്ട്.
പക്ഷെ വിനോദ്അങ്കിളിന്റെ കാറിൽ ബോംബ് വെച്ച് അദ്ധേഹത്തെ കൊല്ലാൻ ശ്രമിച്ചയാളിന്റെ മുമ്പിലേക്ക് എങ്ങനെ തനിച്ചു വിടും ഡാഡിയേയും സാറിനെയും? തന്റെ രഹസ്യം പുറത്താക്കപ്പെട്ടതിന്റെ നിരാശയിലും പ്രതികാരത്തിലും അയാൾ അവരെ അപായപ്പെടുത്താൻ ശ്രമിച്ചാൽ?
മാത്രമല്ല സാറിനെയും ഡാഡിയേയും മാത്രം തനിച്ച് വിളിച്ചിരിക്കുന്നത് അവരെ കൊലപ്പെടുത്താനല്ല എന്ന് ആരറിഞ്ഞു?
ദിവ്യക്ക് അസ്വസ്ഥതയട ക്കാനായില്ല.
അവൾ രഹസ്യമായി ലത്തീഫിന് മെസേജ് ചെയ്തു.
ബി അറ്റ് രോഹിത് അങ്കിൾസ് ഹോം അറ്റ് ഇലവൻ. ഡാഡി ആൻഡ് സാർ വിൽ ബി ദേർ. ദേ നീഡ് പ്രൊട്ടെക്ഷൻ. എൻ എം ഈസ് ഹൈഡിങ്ങ് ദേർ. കോൺഫിഡെൻഷ്യൽ.
അവൾക്ക് ആശ്വാസം തോന്നി.

ദിവ്യ പഴങ്ങൾ നിറഞ്ഞ പാത്രങ്ങൾ അവരുടെ മുമ്പിൽ വെച്ചു.
"നരിമറ്റം മാത്തച്ചൻ സ്ട്രെയിറ്റ് ആണെന്നാണ് ഞാൻ കരുതിയത്,"
ആപ്പിൾ കഷണം ഫോർക്കിലെടുത്തുകൊണ്ട് രാജശേഖര വർമ്മ പറഞ്ഞു.
"സെക്യൂരിറ്റി ഓഫീസറുടെ ജോലി അയാൾ എന്നോട് ചോദിച്ച് വാങ്ങിയതാണ്. മുമ്പൊരിക്കൽ എന്റെ കൈയിൽ നിന്ന് നഷ്ടപ്പെട്ടുപോയ ഇമ്പോർട്ടന്റ്റായ ഒരു സ്യൂട്ട്കേസ് അയാളാണ് കണ്ടുപിടിച്ച് തന്നത്. അതിന് ഒരു പ്രത്യുപകാരം ചെയ്യാൻ ഞാൻ നോക്കിയിരിക്കയായിരുന്നു,"
രാഹുൽ ശ്രദ്ധയോടെ അദ്ധേഹത്തിന്റെ വാക്കുകൾ കേട്ടു.
"രണ്ടാഴ്ചയേ ആയുള്ളൂ അയാൾ പ്ലാന്റ്റിൽ ചേർന്നിട്ട്,"
അദ്ദേഹം തുടർന്നു.
"ബട്ട് ഐ ഫൌണ്ട് ഹിം പെർഫക്റ്റ് ഇൻ വർക്ക്. ആ പങ്ക്ചാലിറ്റിയും മിലിട്ടറി ചിട്ടകളും ഇന്ന് വരെ തെറ്റിച്ചിട്ടില്ല. ...പക്ഷെ ഇന്ന് രാവിലെയുണ്ടായ സംഭവം....പിന്നെ ഇപ്പോഴത്തെ അയാളുടെ കോൾ...ഐ ഡോണ്ട് അണ്ടർസ്റ്റാൻഡ് ദ മിസ്റ്ററി എറൌണ്ട് ഹിം..."
"ഇതിനു മുമ്പ് എവിടെയായിരുന്നു അയാൾ?"
രാഹുൽ തിരക്കി.
"അതെല്ലാം ഞാൻ വിശദമായി തിരക്കിയിരുന്നു. റിട്ടയർ ചെയ്യുമ്പോൾ ഡെറാഡൂണിലായിരുന്നു, അയാൾ. ഡിഫൻസ് അക്കാദമിയിൽ. ഇരുപതോളം വർഷങ്ങൾക്ക് ശേഷമാണ് ഇവിടെ നാട്ടിൽ തിരിച്ചെത്തുന്നത്. ഈ വർഷം ഭാര്യയും മൂത്തമകനും മരിച്ചു എന്നാണ് അയാൾ പറഞ്ഞത്. രണ്ടാമത്തെ മകൻ ക്യാനഡയിൽ ഒരു ഫേമസ് ഹോട്ടൽ ഗ്രൂപ്പിലാണെന്നും. പക്ഷെ ആൾ ദീസ് ഇൻഫോ ഈസ് ബയസ്ഡ് ആൻഡ് ഫാബ്രിക്കേറ്റഡ്..."
ഗായത്രി ദേവി കടന്നുവന്നു.
അവർ രാഹുലിനെ കൈകൂപ്പി വണങ്ങി.
പിന്നെ രാജശേഖര വർമ്മയുടെ സമീപമിരുന്നു.
"പക്ഷെ വർക്ക് പെർഫെക്ഷന്റെ കാര്യത്തിൽ വർക്ക് ഇൻവോൾവ്മെന്റ്റിന്റെ കാര്യത്തിൽ ഒരാൾ മാത്രമേ എനിക്ക് പൂർണ്ണ സംതൃപ്തി നൽകിയിട്ടുള്ളൂ. വൺ യങ്ങ്മാൻ. എ വർക്കഹോളിക്ക്.... എ റിയൽ എനർജെറ്റിക് ഹോഴ്സ്...രോഹിത്.."
ദിവ്യയുടെ കണ്ണുകൾ രാഹുലിനെ തേടി.
"ങ്ഹാ, ഞാൻ കേട്ടിട്ടുണ്ട്..."
രാഹുൽ പറഞ്ഞു.
രാജശേഖര വർമ്മ വിദൂരമായ ഓർമ്മകളിൽ നഷ്ടപ്പെട്ടു.
"അന്നൊക്കെ ഓരോ ദിവസവും ഞങ്ങൾക്ക് ഉത്സവമായിരുന്നു,"
ഓർമ്മകളിൽ നിന്ന് മടങ്ങിവരാതെ അദ്ദേഹം തുടർന്നു.
"എന്നും ഇവിടെ ഈ വീട്ടിൽ പാട്ടും ഡാൻസും..ആഘോഷങ്ങൾ...ചിരിക്കുന്ന മുഖത്തോടെയല്ലാതെ ആരും അയാളെ കണ്ടിട്ടില്ല...സംസാരത്തിൽ ഒരു ഹ്യൂമർ ടച്ച്

...അതെപ്പോഴും ഉണ്ടായിരുന്നു അയാൾക്ക് ...ആർക്കും ഒരു പ്രശ്നവും കൊടുക്കാതെ...എല്ലാവർക്കും അവൻ കൊടുത്തത് ഒന്ന് മാത്രം. സന്തോഷം. എനിക്ക് ...എന്താ പറയ്യാ ..സ്വന്തം അനുജനെപ്പോലെയായിരുന്നു...അവൻ. ഇന്നും ഒരു പെൺകുട്ടി അവനു വേണ്ടി കണ്ണീരൊഴുക്കുന്നുണ്ട്...അങ്ങ് അറിയും..അങ്ങയുടെ ഒരു സഹപ്രവർത്തകയാണ്...ഒരു ഷാർമ്മിലി ..എന്റെ ഒരു സ്നേഹിതന്റെ മകൾ ..."

"യെസ്..ഞാൻ അറിയും അവരെ.."

രാഹുൽ സ്വാഭാവിക ഭാവം നിലനിർത്താൻ ശ്രമിക്കുന്നത് ദിവ്യ കണ്ടു.

"കണ്ണീരൊഴുക്കാൻ ഇവിടെയുമുണ്ട് ഒരാൾ,"

അദ്ദേഹം ദിവ്യയെ നോക്കി.

വിഷാദം നിറഞ്ഞ കണ്ണുകളോടെ അവൾ അദ്ധേഹത്തെയും.

"ഞാനോ ഇവളുടെ അമ്മയോ കൊടുക്കാതത്ര സ്നേഹം അവൻ ഇവൾക്ക് നൽകി. ഇവളുടെ രോഹിത് അങ്കിൾ..."

പിന്നെ അദ്ദേഹം ജാലകത്തിലൂടെ കോബ്രാഹിൽസിലേക്ക് നോക്കി.

"പക്ഷെ..."

അദ്ദേഹം പറഞ്ഞു തുടങ്ങുന്നതിന് മുമ്പ് പുറത്തെ വെളിച്ചത്തിലൂടെ ആരൊക്കെയോ വരുന്നത് അവർ കണ്ടു.

"വിനോദാണ്. കൂട്ടത്തിൽ മറ്റാരൊക്കെയോ ഉണ്ടല്ലോ..."

പുറത്തേക്ക് നോക്കി ഗായത്രിദേവി പറഞ്ഞു.

കതക് തുറന്ന് വിനോദ് മേനോൻ കടന്ന് വരുന്നത് അവർ കണ്ടു.

അയാളുടെ പിമ്പിൽ നിൽക്കുന്നവരെക്കണ്ടു ദിവ്യ അമ്പരന്നു.

മറ്റുള്ളവരും.

രാഹുൽ മാത്രം ഭാവമാറ്റം കൂടാതെ ആഗതരെ നോക്കിയത് ദിവ്യയെ ഒന്നുകൂടി അദ്ഭുതപ്പെടുത്തി.

കൈകളിൽ വിലങ്ങുമായി രാമകൃഷ്ണൻ, ക്രിസ്റ്റഫർ പിന്നെ ഷാജഹാനും.

അവരോടൊപ്പം ഇൻസ്പെകടർ അബ്രാഹാമും മൂന്ന് കോൺസ്റ്റബിൾമാരും.

താടിയും മുടിയും വളർന്ന് തനി പ്രാകൃതരൂപത്തിലായിരുന്നു മൂവരും.

"ഞങ്ങളിവരെ പൊക്കി,"

രാജശേഖര വർമ്മയെ നോക്കി ഇൻസ്പെകടർ അബ്രാഹം പറഞ്ഞു.

രാജശേഖര വർമ്മ അവരുടെയടുത്തേക്ക് വന്നു.

അദ്ദേഹം അവരുടെ മുഖത്തേക്ക് മാറിമാറി നോക്കി.

അവർ മുഖം കുനിച്ചു.

"കോബ്രാഹിൽസിന്റെ അപ്പുറത്തെ ചരിവിലെ ഒരു ഹൈഡ് ഔട്ടിലായിരുന്നു ഇവന്മാർ,"

ഇൻസ്പെകടർ തുടർന്നു.

"ജയകൃഷ്ണന്റെ ക്ലോസ് അസ്സോസിയേറ്റ്സാ ഇവമ്മാര്. ജയകൃഷ്ണൻ ...പിന്നെ നമ്മടെ ബോംബർ നരിമറ്റം ...രണ്ടെണ്ണോ എവടെ ആണ് എന്ന് ഇവമ്മാര് ഇതുവരെ

പറഞ്ഞിട്ടില്ല...ജനമൈത്രി പോലീസ് സ്റ്റേഷൻ എന്ന ബോഡ് കൊറച്ച് നേരം ഒന്ന് കമഴ്ത്തി വെച്ച് നല്ല മൂന്നാം മുറക്കഷായം പാകത്തിന് ഒന്ന് കൊടുക്കണം. എന്നാലെ വായീന്ന് നല്ല കിളിപ്പാട്ട് വരത്തൊള്ളൂ..."
"പോലീസിന്റെ മുറയ്ക്ക് തന്നെ കാര്യങ്ങൾ നടക്കട്ടെ,"
രാജശേഖര വർമ്മ ഇൻസ്പെകടർ അബ്രാഹാമിനെ നോക്കി.
"മൂന്നാം മുറയായാലും നാലാം മുറയായാലും കുഴപ്പമില്ല. പിന്നീട് ചവിട്ടിത്തിരുമ്മിയാൽ വീണ്ടും നിവർന്ന് നിൽക്കാൻ പാകത്തിലുള്ള പ്രയോഗങ്ങളേ നടത്താവൂ.മീശപോലും കുരുത്തിട്ടില്ല,"
"തമ്പുരാന് ഇവരെ ശരിക്ക് അറിയാമ്മേലാഞ്ഞിട്ടാ,"
നാക്ക് കടിച്ചുകൊണ്ട് കുറ്റവാളികളെ മൂവരെയും നോക്കി ഇൻസ്പെകടർ രാജശേഖരവർമ്മയോട് പറഞ്ഞു.
"ഇവന്റെയൊക്കെ മോന്തായം കണ്ടാ നേഴ്സറീലാന്ന് തോന്നും. പക്ഷെ തെണ്ടിത്തരത്തിന്റെ കാര്യത്തി പി എച്ച് ഡീയാ,"
അദ്ദേഹം അവരുടെ നേരെ ചുരുട്ടിയ മുഷ്ടിയുയർത്തി.
"സ്വാമിജീം തമ്പുരാനും തമ്പുരാട്ടീം ഒക്കെ നിക്കുവാ...അല്ലേൽ ഇവടെ വെച്ച് തന്നെ നിന്റെയൊക്കെ പരിപ്പിളക്കാൻ കൈ തരിക്കുന്നുണ്ട്...നടക്കെടാ,"
കോൺസ്റ്റബിൾമാർ മൂന്ന് പേരും അവരെ ഉന്തിത്തള്ളി പുറത്തേക്ക് പോയി.
"എല്ലാം ഒന്ന് കലങ്ങിത്തെളിയാൻ ഇനി അധികം സമയമെടുക്കില്ല തമ്പുരാൻ,"
ഇൻസ്പെകടർ ശുഭാപ്തി വിശ്വാസത്തോടെ പറഞ്ഞു.
അദ്ദേഹം രാഹുലിനെ നോക്കി.
"ഏറിപ്പോയാൽ ഒരാഴ്ച്ച. അതിനുള്ളിൽ തീരും സകല മിസ്റ്ററീം,"
"ഓക്കേ...താങ്ക്യൂ ഇൻസ്പെകടർ,"
രാജശേഖര വർമ്മ പുഞ്ചിരിയോടെ പറഞ്ഞു.
"ബെസ്റ്റ് ഓഫ് ലക്ക്,"
അദ്ദേഹം ഇൻസ്പെക്റ്ററുടെ കൈ പിടിച്ചമർത്തി.
അദ്ദേഹം പുറത്തേക്ക് നടന്നു.
"സാർ, ഞാനും പോകുന്നു,"
രാജശേഖര വർമ്മയെ നോക്കിയതിന് ശേഷം വിനോദ് മേനോൻ പുറത്ത് കടക്കാൻ ഭാവിച്ചു.
"വിനോദ് നിൽക്കൂ,"
വർമ്മ പറഞ്ഞു.
വിനോദ് ചോദ്യഭാവത്തിൽ തിരിഞ്ഞുനിന്നു.
"എന്താ സാർ?"
"മറ്റു അപ്പോയിന്റ്മെന്റുകൾ ഒന്നുമില്ലെങ്കിൽ ഉടൻ തിരിച്ചെത്തണം. ഒരു എമർജൻസിയുണ്ട്,"
"യെസ്, സാർ,"
അയാൾ വാച്ച് നോക്കിപ്പറഞ്ഞു.

"ഇപ്പോൾ സെവൻ തേർട്ടി. ഐൽ ബി ബാക്ക് ബിഫോർ സെവൻ ഫോർട്ടി ഫൈവ്,"
അയാൾ സ്വതേയുള്ള പ്രസരിപ്പോടെ പുറത്ത് കടന്നു.
അതിനിടയിൽ ദിവ്യയും രാജശേഖര വർമ്മയും ഗായത്രി ദേവിയെ നരിമറ്റം മാത്തച്ചനിൽ നിന്ന് ലഭിച്ച അപകടകരമായ സന്ദേശം അറിയിച്ചു.
ഭയത്തോടെയാണ് അവർ അ വിവരം സ്വീകരിച്ചത്.
"എന്തായാലും ആ സമയത്ത് അങ്ങോട്ട് പോകരുത്,"
അവർ ശക്തിയായി വിസമ്മതിച്ചു.
"കാര്യം എത്ര ഗൌരവമുള്ളതാണെങ്കിലും,"
"തമ്പുരാട്ടി പരിഭ്രമിക്കാതിരിക്കൂ,"
രാഹുൽ ആത്മവിശ്വാസത്തോടെ പറഞ്ഞു.
"തമ്പുരാനോടൊപ്പം ഞാനുമുണ്ട്. ആപത്തുകളൊന്നും വരില്ല,"
അയാളുടെ വാക്കുകൾ അവരിൽ നിന്നും ഭയം നീക്കി.
രാജശേഖര വർമ്മ ഇരിപ്പിടത്തിൽ നിന്നുമെഴുന്നേറ്റു.
ജാലകത്തിനരികിൽ പോയി, ദൂരെ നിലാവിൽ, കോബ്രാഹിൽസിന്റെ ശിഖരങ്ങളിൽ കാറ്റ് മരങ്ങളെ ഉലയ്ക്കുന്നത് നോക്കി നിന്നു.
ആ നിൽപ്പ് നിമിഷങ്ങളോളം തുടർന്നു.
"എന്താ ഡാഡി?"
ദിവ്യ ചോദിച്ചു.അവൾ എഴുന്നേറ്റ് അദ്ധേഹത്തിന്റെയടുത്തേക്ക് ചെന്നു.അദ്ദേഹം അവളുടെ കണ്ണുകളിലേക്ക് നോക്കി.
പിന്നീട് ആ നോട്ടം ഗായത്രി ദേവിയിലും അവസാനം രാഹുലിന്റെ മേലുമെത്തി.
"പറയാൻ പോകുന്ന വിഷയം എങ്ങനെയാണ് അവതരിപ്പിക്കുക എന്ന ആലോചനയിലാണ് ഞാൻ,"
അദ്ദേഹം പറഞ്ഞു.
അവർ പരസ്പ്പരം നോക്കി.
"ഓ...! ഡാഡീ..വാട്ട് ഹാപ്പെൻഡ് റ്റു യൂ?"
ദിവ്യ അദ്ധേഹത്തിന്റെ കയ്യിൽ പിടിച്ചു.
"ഈ രാത്രിഒരു ടേണിംഗ് പോയിന്റ് ആണ് എന്റെ ലൈഫിലെ..."
അദ്ദേഹം സാവധാനം തുടർന്നു.
"എന്റെ ഭാര്യ...മകൾ..എന്റെ കൂടെയുള്ളവർ ...ഇന്നുമുതൽ എന്നോട് എങ്ങനെ പെരുമാറും...എന്നോടുള്ള അവരുടെ ആറ്റിറ്റ്യൂഡ് എന്തായിരിക്കും...ഇതൊക്കെ എന്നെ വിഷമിപ്പിക്കുന്നു....ഞാനിത് തുറന്ന് പറഞ്ഞാൽ..."
ദിവ്യ ഭയത്തോടെ ഗായത്രി ദേവിയെ നോക്കി.
അവരുടെ മുഖത്തും ഭയം നിഴലിക്കുന്നത് രാഹുലും ദിവ്യയും കണ്ടു.
"ഈ ഡാഡിയ്ക്ക് ഇതെന്ത് പറ്റി മമ്മി?"
ഈർഷ്യയും സംഭ്രമവും കലർന്ന സ്വരത്തോടെ ദിവ്യ ഗായത്രി ദേവിയോട് ചോദിച്ചു.
"ഒന്ന് ഞാൻ തീരുമാനിച്ചു,"

സാവധാനമെങ്കിലും ദൃഢസ്വരത്തിൽ അദ്ദേഹം പറഞ്ഞു.
"എന്താ ഇങ്ങനെയൊക്കെ സംസാരിക്കുന്നെ?"
ഉത്ക്കണ്ഠയോടെ ഗായത്രിദേവി അദ്ധേഹത്തെ നോക്കി.
"അതും ഗുരുജി ഇവിടെ ഉള്ളപ്പോൾ..."
അവർ രാഹുലിനെ നോക്കി.
അയാളുടെ മുഖത്ത് പക്ഷെ യാതൊരു ഭാവഭേദവും അവർ കണ്ടില്ല.
"അങ്ങിവിടെ ഉപസ്ഥിതനായത്കൊണ്ടാണ് എല്ലാം തുറന്ന് പറയാം എന്ന് ഈശ്വരനിൽ ആശ്രയിച്ച് ഞാൻ തീരുമാനിച്ചത്...അതിനായിട്ടാണ് അങ്ങനെ ഞാൻ ഇപ്പോൾ ഇങ്ങോട്ട് വിളിപ്പിച്ചത്,"
രാഹുലിനെ നോക്കി അദ്ദേഹം തുടർന്നു.
അയാൾ അദ്ധേഹത്തിന്റെ ഭാവങ്ങളും വാക്കുകളും സസൂക്ഷമം വീക്ഷിക്കുകയായിരുന്നു.
"യാഗം തുടങ്ങാൻ ഇനി അധികം ദിവസങ്ങളില്ല. അതിനു മുമ്പ് ഒരു ആത്മശുദ്ധി ആവശ്യമാണ് എന്നെനിക്ക് തോന്നി,"
ദിവ്യ അദ്ധേഹത്തിന്റെ തോളിൽ പിടിച്ചു.
തന്റെ മുഖം അദ്ധേഹത്തിന്റെ നെഞ്ചിൽ ചേർത്ത് അവൾ അമർത്തി.
"ഡാഡി ...പ്ലീസ് ..ഇങ്ങനെയൊക്കെ പറയല്ലേ ..."
അവൾ വിഷാദ സ്വരത്തിൽ പറഞ്ഞു.
പുറത്ത് വിനോദ് മേനോൻ പ്രത്യക്ഷനായി.
രാജശേഖര വർമ്മ അയാളെ നോക്കി.
"കമിൻ, വിനോദ്,"
അദ്ദേഹം ഉറക്കെപ്പറഞ്ഞു.
വിനോദ് അകത്ത് കയറി.
"ആൻഡ്..ക്ലോസ് ദ ഡോർ,"
അദ്ദേഹം അയാളോട് പറഞ്ഞു.
വിനോദ് കതകടച്ചു.
പിന്നെ അവരുടെയടുത്തേക്ക് വന്നു.
രാജശേഖര വർമ്മ അയാളോട് ഇരിക്കാൻ ആംഗ്യം കാണിച്ചു.
വിനോദ് രാഹുലിനെ വണങ്ങിയതിന് ശേഷം അയാളുടെയടുത്തിരുന്നു.
രാജശേഖര വർമ്മ അവരുടെ മുമ്പിലൂടെ ഒന്നുരണ്ടു പ്രാവശ്യം നടന്നു.
പിന്നെ ഗായത്രി ദേവിയുടെ അടുത്തെത്തി അവരുടെ മുമ്പിൽ നിന്നു.
അദ്ദേഹം അവരുടെ കണ്ണുകളിലേക്ക് നോക്കി.
"ഗായത്രി..."
അദ്ദേഹം ശാന്തനായി വിളിച്ചു.
"നീ ഓർക്കുന്നില്ലേ ലളിതാ മേനോനെ?"
ആ പേര് കേട്ടപ്പോൾ അവരിൽ അതിരില്ലാത്ത പരിഭ്രമം നിറഞ്ഞത എല്ലാവരും കണ്ടു.

ആ ഭാവത്തോടെ അവർ ദിവ്യയെ നോക്കി.
പിന്നെ അനിഷ്ടം നിറഞ്ഞ മുഖത്തോടെ അദ്ധേഹത്തെ നോക്കി.
"ങ്ഹ്ഹാ ഓർക്കുന്നു!"
കോപത്തിന്റെ നിറമുള്ള സ്വരത്തിൽ ഗായത്രിദേവി പറഞ്ഞു.
"പക്ഷെ ...അതിപ്പോൾ ..ഇവിടെ ...ഇവിടെ എന്തിനാണ്...?"
അദ്ദേഹം ആ ചോദ്യം അവഗണിച്ചു.
"മോളെ.."
ദിവ്യയുടെ നേരെ തിരിഞ്ഞ് അവളുടെ തോളിൽ പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.
"ബിസിനസ്സിന്റെ വളർച്ചയ്ക്ക് വേണ്ടിപ്പോലും ഇല്ലീഗലായി യാതൊന്നും ഞാൻ ചെയ്തിട്ടില്ല. ബിസിനസ്സും ക്രൈമുമായുള്ള ദൂരം വളരെ ചെറുതായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്പോലും...പക്ഷെ ...പക്ഷെ ..."
അദ്ദേഹം വീണ്ടും എല്ലാവരെയും നോക്കി.
"പക്ഷെ എന്റെ വ്യക്തിജീവിതത്തിൽ ഞാൻ വലിയൊരു തെറ്റ് ചെയ്തു..."
ദിവ്യ അദ്ഭുതസ്തബ്ധയായി.
അവൾ അദ്ധേഹത്തെയും ഗായത്രിദേവിയെയും മാറിമാറി നോക്കി.
രാഹുലിന്റെ മുഖത്ത് ഇപ്പോഴും ഒരു ഭാവഭേദവുമില്ല എന്ന് അവൾ കണ്ടു.
ഗായത്രിദേവിയിൽ പരിഭ്രമം വർദ്ധിച്ചു.
"അങ്ങെന്തിനാണ് ഇതൊക്കെ ഇപ്പോൾ ഇവിടെ പറയുന്നത്?"
അവർ എഴുന്നേറ്റു.
മറ്റുള്ളവരെ, പ്രത്യേകിച്ച് ദിവ്യയെ അവർ യാചനാഭാവത്തിൽ നോക്കി.
"അങ്ങ് ഒരു തെറ്റും ചെയ്തിട്ടില്ല..."
അവർ അദ്ധേഹത്തെ അഭിമുഖീകരിച്ചു.
"എല്ലാം എനിക്കറിയാം...അവൾ അങ്ങയെ വഞ്ചിച്ചതല്ലേ...? എന്നിട്ട്?"
"വെയിറ്റ്!"
അദ്ദേഹം അവരെ നോക്കി കൈതലമുയർത്തി വിലക്കി.
"ലെറ്റ് മീ കണ്ടിന്യൂ...മോളെ..ഞാൻ നിന്റെ മമ്മിയെ വിവാഹം കഴിക്കുന്നതിന് മുമ്പ് ഒരു ലളിതാ മേനോനെ സ്നേഹിച്ചിരുന്നു. ഞങ്ങൾ വിവാഹിതരാവാനും തീരുമാനിച്ചിരുന്നു. പക്ഷെ...."
"പക്ഷെ മറ്റൊരാളെ കണ്ടപ്പോൾ അവൾ നിന്റെ ഡാഡിയെ മറന്നു,"
ഗായത്രി ദേവി വർധിച്ച വീര്യത്തോടെ വീണ്ടും ഇടയിൽ കയറി.
"സ്നേഹത്തിന്റെ വിലയോ നിന്റെ ഡാഡിയുടെ മനസ്സിന്റെ വിശുദ്ധിയോ തിരിച്ചറിയാൻ കഴിവില്ലാത്ത, ചിരിച്ചു കാണിക്കുന്ന ഏതൊരാണിന്റെയും പിറകെ പോകുന്ന ഒരു ചീപ്, അൺചേസ്റ്റ് ആൻഡ് നിംഫോമാനിയാക്ക് ...."
അവർ കിതച്ചു.
"പിന്നെ നിന്റെ ഡാഡിക്ക് ജീവിതം വേണ്ട...ഭാവി വേണ്ട...അങ്ങനെ തകർന്ന് നിരാശനായി ഭ്രാന്തനെപ്പോലെ ജീവിക്കുമ്പോഴാണ് ഞാൻ നിന്റെ ഡാഡിയെ

കണ്ടുമുട്ടുന്നതും ഇഷ്ടപ്പെടുന്നതും ഒക്കെ ...നിന്റെ ഡാഡി ഒരു തെറ്റും ചെയ്തിട്ടില്ല മോളേ...തനിത്തങ്കമാണ് നിന്റെ ഡാഡി ...നമ്മുടെ പുണ്യം...എന്നിട്ടാണ്...."

"ഞാൻ പറയട്ടെ, ഗായത്രി..."

അദ്ദേഹം അവരെ നോക്കി.

പിന്നെ ദിവ്യയേയും.

"നിന്റെ മമ്മി പറഞ്ഞത് പോലെ ആ ബന്ധം നീണ്ടുനിന്നില്ല. എനിക്കവരെ വിവാഹം കഴിക്കാൻ പറ്റിയില്ല. പക്ഷെ...."

അദ്ദേഹം പരീക്ഷീണതയോടെ എല്ലാവരെയും നോക്കി.

പിന്നെ ആരെയും അഭിമുഖീകരിക്കാതെ പറഞ്ഞു .

"പക്ഷെ..."

അദ്ദേഹം ഒന്ന് നിർത്തി.

"പക്ഷെ ..അവരെന്റെ കുഞ്ഞിനെ ഗർഭം ധരിച്ചിരുന്നു..."

ദിവ്യയുടെയും ഗായത്രിദേവിയുടെയും മുഖങ്ങൾ ആശ്ചര്യത്താൽ സ്തബ്ധമായി.

"ഡാഡി..!!!"

ദിവ്യയുടെ കൈ അദ്ധേഹത്തിൽ നിന്നും വേർപെട്ടു.

"വാട്ട് ....വാട്ട് ഡൂ യൂ മീൻ?"

വിറയാർന്ന വാക്കുകൾ ഗായത്രി ദേവിയിൽ നിന്നും പുറത്ത് വന്നു.

ഏറ്റവും അവിശ്വസനീയമായത് കേട്ടത് പോലെ തരിച്ചു നിൽക്കുകയാണ് ദിവ്യ ഇപ്പോഴും.

"എന്നിട്ട്?"

അവൾ ശാന്തത വരുത്തി ചോദിച്ചു.

"എന്നിട്ട്...എന്നിട്ട് എവിടെ ഡാഡി ആ കുഞ്ഞ്?"

അദ്ദേഹം വീണ്ടും ജാലകത്തിലൂടെ നിലാവ് വീണ കോബ്രാഹിൽസിന്റെ ചരിവുകളിലേക്ക് നോക്കി.

"ഇവിടെത്തന്നെയുണ്ട്....ഇവിടെത്തന്നെയുണ്ട് അവൻ..."

വിസ്മയത്താൽ ദിവ്യയുടെയും ഗായത്രി ദേവിയുടെയും മുഖങ്ങൾ വിവർണ്ണമായി.

"നമ്മുടെ കൂട്ടത്തിൽ ...ഈ മുറിയിൽത്തന്നെയുണ്ട് അവൻ..."

ആശ്ചര്യത്താൽ പരിസരഭ്രംശം വന്നിരിക്കുമ്പോൾ അദ്ധേഹത്തിന്റെ ശബ്ദം വീണ്ടും അവർ കേട്ടു.

ഗായത്രി ദേവിയും രാജശേഖരവർമ്മയും ആശ്ചര്യഭരിതരായി നിൽക്കുമ്പോൾ രാജശേഖര വർമ്മ വിനോദിനെയും രാഹുലിനെയും സമീപിച്ചു.

അദ്ദേഹം വിനോദിന്റെ തോളിൽ പിടിച്ചു.

"ഇവനാണ് ദിവ്യേ, നിന്റെ ജ്യേഷ്ഠൻ,"

അദ്ദേഹം പറഞ്ഞു.

"ഇത് മോൾടെ അങ്കിളല്ല സഹോദരനാണ്,"

ദിവ്യയുടെയും ഗായത്രിദേവിയുടേയും ആശ്ചര്യം പൂർണ്ണമായി.

ദിവ്യ പുതിയ ഒരാളെക്കാണുന്നപോലെ വിനോദിനെ നോക്കി.
താൻ ഏത് രീതിയിലാണ് സ്വീകരിക്കപ്പെടുകയെന്നുള്ള ജിജ്ഞാസ വിനോദിന്റെ മുഖത്ത് നിറഞ്ഞു.
അയാൾ ദിവ്യയേയും ഗായത്രിദേവിയേയും മാറിമാറി നോക്കി .
രാജശേഖര വർമ്മ വീണ്ടും ജാലകത്തി നടുത്തേക്ക് പോയി.
അഴികളിൽ പിടിച്ച് പുറത്തേക്ക് കോബ്രാ ഹിൽസിന്റെ ശിഖരങ്ങളിലേക്ക് നോക്കി.
തന്റെ ഹൃദയമിടിപ്പ് അദ്ദേഹം കേട്ടു.
ഇതുപോലെ ഒരു വൈകാരിക മുഹൂർത്തം മുമ്പ് ഉണ്ടായിട്ടില്ല.
വ്യക്തി ജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും.
ഏത് നിമിഷവും ഒരു പൊട്ടിത്തെറി പ്രതീക്ഷിച്ച് ജാലകത്തിനരികിൽ നിൽക്കുമ്പോൾ തന്റെ പിമ്പിൽ ദിവ്യയെ അദ്ദേഹം കണ്ടു.
അവളുടെ കണ്ണുകളിൽ എന്താണെന്ന് അദ്ദേഹം ഉറ്റുനോക്കി.
വിവരാണാതീതമായ ആഹ്ലാദത്തോടെ അവൾ തന്റെ അദ്ധേഹത്തിന്റെ തോളിൽ പിടിച്ചു.
അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.
അവൾ അദ്ധേഹത്തിന്റെ കവിളിൽ ഉമ്മവെച്ചു.
"ഐ ലവ് യൂ, ഡാഡി,"
സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് ദിവ്യ പറഞ്ഞു.
ആശ്വാസത്തോടെ വിനോദ് എല്ലാവരേയും നോക്കി.
"എനിക്ക്...ഈശ്വരാ...! എന്താ പറയ്ക എന്ന് ഒരു പിടീം കിട്ടണില്ലല്ലോ...എനിക്ക് ഒരു ഏട്ടൻ...ഞാൻ ഇപ്പോൾ ഒരു ..ഒരു അനുജത്തി..."
അദ്ധേഹത്തിന്റെ നെഞ്ചിൽ മുഖം ചേർത്ത് അവൾ ആനന്ദാശ്രുക്കൾ ഒഴുക്കി .
ആശ്വാസത്തോടെ അദ്ദേഹം അവളെ ചേർത്തുപിടിച്ചു.
പിന്നെ അദ്ധേഹത്തിന്റെ കരവലയത്തിൽ നിന്ന് അവൾ വിനോദിനെ സമീപിച്ചു.
അയാൾ എഴുന്നേറ്റു.
അവൾ അയാളുടെ ഇരു തോളുകളിലും പിടിച്ചു.
"എവിടെയായിരുന്നു ഇതുവരെ? ഇത്രയുംകാലം?"
നിശ്ചല നിശബ്ദമായ അന്തരീക്ഷത്തിലേക്ക് അവളുടെ ഊഷ്മളമായ ചോദ്യം എല്ലാവരെയും സ്പർശിച്ചു.
വിനോദ് അവളെ ചേർത്തുപിടിച്ചു.
പിന്നെ വിനോദ് ഗായത്രിദേവിയെ സമീപിച്ചു.
അവൻ അവരുടെ കണ്ണുകളിലേക്ക് നോക്കി.
"ഞാൻ..."
അവൻ വാക്കുകൾ പരതി.
"അമ്മ എന്ന് വിളിക്കാൻ...അങ്ങനെ വിളിക്കാൻ ..അങ്ങനെയാണ്...എനിക്ക്..."
പിന്നെ കുനിഞ്ഞ് അവരുടെ പാദങ്ങൾ സ്പർശിച്ചു.

അവർ അയാളെ തോളിൽ പിടിച്ച് എഴുന്നേൽപ്പിച്ചു.
പിന്നെ അയാളെ ചേർത്തുപിടിച്ചു.
വികാരഭരിതനായി ആ രംഗങ്ങളത്രയും നോക്കി നിൽക്കുകയായിരുന്നു രാജശേഖരവർമ്മ.
താൻ ഇതുവരെ അനുഭവിക്കാത്ത ഒരു മനോഹാരിത തനിക്കു ചുറ്റും നിറയുകയാണ്.
അദ്ധേഹമോർത്തു.
"ലറ്റ്സ് ഹാവെ പാർട്ടി, ഡാഡി,"
ദിവ്യ ഉത്സാഹത്തോടെ പറഞ്ഞു.
"നാളെത്തന്നെ,"
"പാടില്ല മോളെ,"
അദ്ദേഹം പെട്ടെന്ന് വിയോജിച്ചു.
"യാഗത്തിനിനി ഏതാനും ദിവസങ്ങളേയുള്ളൂ. അതുകൊണ്ടാണ് ഞാനീക്കാര്യം നിങ്ങളോട് ഇപ്പോൾ പറഞ്ഞത്.യാഗത്തിന്റെ അവസാനം ഞാനിത് പരസ്യമായി വെളിപ്പെടുത്താനിരുന്നതാണ്. പാർട്ടിയൊക്കെ നമുക്ക് യാഗത്തിന് ശേഷം നടത്താം,"
ദിവ്യ അസന്തുഷ്ടിയോടെയാണെങ്കിലും അതംഗീകരിച്ചു.
"മാത്രമല്ല ഇപ്പോൾ തന്നെ ഞാനും ഗുരുജിയും വിനോദും നരിമറ്റത്തെ കാണാൻ പോകുകാ,"
"നരിമറ്റമോ? എവിടെ"
വിനോദിന്റെ മുഖത്ത് സംഭീതമായ ഒരാശ്ചര്യം ദൃശ്യമായി.
"പണ്ട് രോഹിത് താമസിച്ച വീടില്ലേ? അവിടെ,"
ആശ്ചര്യ ചകിതനായി നിൽക്കുന്ന വിനോദിനോട് ദിവ്യയും രാജശേഖര വർമ്മയും മാറി മാറി നരിമറ്റം മാത്തച്ചനിൽ നിന്ന് കിട്ടിയ ടെലിഫോൺ സന്ദേശത്തെക്കുറിച്ച് പറഞ്ഞു.
"ഭയം തോന്നുന്നുണ്ടോ?"
രാജശേഖര വർമ്മ വിനോദിനോട് ചോദിച്ചു.
"തോന്നേണ്ടതാണ്,"
സംശയത്തോടെ അയാൾ പറഞ്ഞു.
"പക്ഷേ സാറിന്റെയും ഗുരുജിയുടേയും കൂടെയല്ലേ? സോ നോ ഫിയർ,"
"സാറല്ല, ഡാഡി,"
ദിവ്യ വിനോദിനെ തിരുത്തി.
"സാറേന്നല്ലേ ഇത്രേം നാളും വിളിച്ചേ? അതേ വായിൽ വരൂ...മാത്രമല്ല യാഗം കഴിഞ്ഞതിനു ശേഷം അങ്ങനെ വിളിച്ചാൽ മതി എന്നോർത്ത് ഇരിക്ക്യാരുന്നു,'
"അത് മതി വിനോദ്,"
അതുവരെ നിശബ്ദനായിരുന്ന രാഹുൽ പറഞ്ഞു.
അയാൾ എഴുന്നേറ്റു.

എന്നാൽ നമുക്ക് ഇറങ്ങാം തമ്പുരാൻ?"
രാഹുൽ രാജശേഖര വർമ്മയെ നോക്കി.
മേശവലിപ്പിൽ നിന്ന് അൽപ്പം മുമ്പ് എടുത്ത അത്യന്താധുനികമായ തോക്ക് അദ്ദേഹം വീണ്ടും എടുത്തു.
"പേടിക്കണ്ട,"
അസന്തുഷ്ടിയോടെ തന്നെ നോക്കുന്ന ഗായത്രിദേവിയോട് അദ്ദേഹം പറഞ്ഞു.
"ക്രിയകളൊക്കെ വാക്കുകൾ കൊണ്ട് തീർക്കാം. ഇതൊരു അലങ്കാരത്തിനാണ്,"
"പെട്ടെന്ന് തന്നെ വരിക,"
അവർ പുറത്തേക്ക് നടന്നപ്പോൾ ഗായത്രി ദേവി പറഞ്ഞു.
"ഞാനും അമ്മയും മോളും ഇവിടെ തനിച്ചാണ്,"
അദ്ദേഹം അവരെ നോക്കി ചിരിച്ചു.
"അതിലെനിക്ക് ഒരു ഭയവുമില്ല,"
അദ്ദേഹം പറഞ്ഞു.
"രാജകുമാരീടെ സ്പെഷ്യൽ പ്രൊട്ടെക്ഷൻ ഫോഴ്സ് ഈ പരിസരത്ത് തന്നെയുണ്ട്. കാറ്റ് പോലും ഇങ്ങോട്ട് കടക്കുന്നത് അവരെ പാസ് കാണിച്ചിട്ടാണ്,"
ലത്തീഫിനെയും കൂട്ടുകാരെയും ഉദ്ദേശിച്ചാണ് അദ്ദേഹം അത് പറഞ്ഞത്.
ദിവ്യ ആരും കാണാതെ രാഹുലിനെ നോക്കി.
രാജശേഖര വർമ്മയും സംഘവും ഗാരെജിലെക്ക് നടന്നു.
ഓടിയെത്തിയ ഡ്രൈവറെ അദ്ദേഹം തിരിച്ചയച്ചു.
ഒരു വെളുത്ത സ്ക്കോർപ്പിയോയിൽ അവർ പുറപ്പെട്ടു.
വിനോടായിരുന്നു ഡ്രൈവ് ചെയ്തിരുന്നത്.
പുഴക്ക് സമാന്തരമായിക്കിടന്ന നിറത്തിൽ നിന്ന് ജീപ്പ് കോബ്രാഹിൽസിലേക്ക് തിരിയുന്ന പാതയിലേക്ക് കടന്നു.
പത്ത് മിനിറ്റ് കഴിഞ്ഞ്, രോഹിത് താമസിച്ചിരുന്ന വീടിനു സമീപം അവർ ജീപ്പിറങ്ങി.
"ഗുരുജി, നിൽക്കൂ. ഞാൻ മുമ്പിൽ നടക്കാം,"
തോക്ക് കൈയ്യിലെടുത്ത് രാജശേഖര വർമ്മ മുമ്പോട്ടിറങ്ങി.
നിലാവ് പരിസരങ്ങളെ സുതാര്യമാക്കി.
കാടും മലഞ്ചെരിവും താഴെ പുഴയുടെ പ്രശാന്ത ദൃശ്യവും നിലാവിന്റെ നിറവിൽ കുതിർന്നുകിടന്നു.
നിതാന്ത നിശബ്ദമായ അന്തരീക്ഷത്തിലൂടെ അവർ മുമ്പോട്ട് നടന്നു.
പരിസരങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച്, അതീവ ജാഗ്രതയോടെ അവർ രോഹിതിന്റെ വീടിനു മുമ്പിൽ എത്തിച്ചേർന്നു.
"കതക് തുറന്ന് കിടക്കുന്നു!"
വിനോദ് മന്ത്രിച്ചു.
"ആൾ അകത്തുണ്ടാവും!"
രാജശേഖര വർമ്മ പറഞ്ഞു.

നീട്ടിപ്പിടിച്ച തോക്കുമായി അദ്ദേഹം മുമ്പോട്ട് നീങ്ങി.
അദ്ധേഹത്തിന്റെ പിമ്പിൽ വിനോദും രാഹുലും.
"മിസ്റ്റർ മാത്യു വർഗ്ഗീസ്!"
വരാന്തയിലേക്ക് കയറി അദ്ദേഹം ഉച്ചത്തിൽ വിളിച്ചു.
അകത്തുനിന്നും ആരുടേയും പ്രതികരണമുണ്ടായില്ല.
"വിനോദ്!"
അടുത്ത് നിന്ന വിനോദിനോട് അദ്ദേഹം മന്ത്രിച്ചു.
"എന്റെ പോക്കറ്റിൽ ടോർച്ച് എടുക്ക്!"
അയാൾ രാജശേഖര വർമ്മയുടെ പാന്റ്സിന്റെ പോക്കറ്റിൽ നിന്നും ടോർച്ച് എടുത്തു.
"തെളിക്ക്!"
അദ്ദേഹം മന്ത്രിച്ചു.
വിനോദ് ഒന്ന് സംശയിച്ചു.
"ഭയപ്പെടേണ്ട! ഇങ്ങ് തരൂ!"
രാഹുൽ അയാളുടെ കയ്യിൽ നിന്നും ടോർച്ച് വാങ്ങി.
തെളിച്ചു.
അൽപ്പം തുറന്നു കിടന്ന കതക് അയാൾ സാവധാനം പൂർണ്ണമായി തുറക്കാൻ തുടങ്ങി.
"ഗുരുജീ, സൂക്ഷിച്ച്...!"
രാജശേഖര വർമ്മ വീണ്ടും അടക്കിയ സ്വരത്തിൽ പറഞ്ഞു.
കതക് സാവധാനം പൂർണ്ണമായി തുറക്കപ്പെട്ടു.
ടോർച്ചിന്റെ പ്രകാശത്തിൽ അവർ മേശകളും കസേരകളും കട്ടിലും കണ്ടു.
ചുമരുകളിൽ നിറം മങ്ങിയ ചിത്രങ്ങളും.
"അകത്ത് ആരുമില്ലല്ലോ...!"
രാഹുൽ അടക്കിയ സ്വരത്തിൽ പറഞ്ഞു.
ടോർച്ചിന്റെ പ്രകാശം മുകളിലേക്ക് സഞ്ചരിച്ചു.
വിനോദ് അലറി നിലവിളിച്ചു.
പ്രകാശത്തിന്റെ ഫോക്കൽ വൃത്തത്തിൽ അവർ കണ്ടു.
സീലിംഗ്ഫാനിൽ നരിമറ്റം മാത്തച്ചൻ തൂങ്ങിക്കിടക്കുന്നു!
ഒരു നിമിഷം ആശ്ചര്യത്താൽ തണുത്തുറഞ്ഞതുപോലെ അവർക്ക് തോന്നി.
"മൈ ഗോഡ്!"
രാജശേഖരവർമ്മയിൽ നിന്നും വിറങ്ങലിച്ച ശബ്ദം പുറത്ത് വന്നു.
നരിമറ്റം മാത്തച്ചന്റെ കണ്ണുകൾ പുറത്തേക്ക് തള്ളിത്തുറിച്ചിരുന്നു.
മുഖത്തിന്റെ ആകൃതി വല്ലാതെ മാറിയിരുന്നു.
വായ് ഭീകരമായ രീതിയിൽ തുറന്നിരുന്നു.
ഒറ്റ നോട്ടത്തിൽ ആരും ഭയന്നു നിലവിളിക്കുന്ന രീതിയിൽ ഭയപ്പെടുത്തുന്ന രൂപം.
രാത്രിയുടെയും നിശബ്ദതയുടെയും മൃതവർണ്ണത്തെ അത് കടുപ്പിച്ചു.

പെട്ടെന്ന് വീടിന്റെയടുത്തെക്ക് ആരോ ഓടിയടുക്കുന്ന ശബ്ദം അവർ കേട്ടു.
"ബാക്ക്!"
രാജശേഖര വർമ്മ പെട്ടെന്ന് മുമ്പോട്ട് വന്ന് വിനോദിനെയും രാഹുലിനേയും പിമ്പിൽ നിർത്തി.
"ആൻഡ് കീപ് യുവർ ഐസ് ഓപ്പൺ!"
വീടിനുപുറത്ത്, മുറ്റത്ത്, നീണ്ട ഒരുനിഴൽ പ്രത്യക്ഷപ്പെട്ടു.
രാജശേഖരവർമ്മയുടെ വിരൽ ട്രിഗറിൽ അമർന്നു.
നിഴൽ വരാന്തയിലേക്ക് കയറി.
"ഇൻസ്‌പെകടർ അബ്രാഹം!"
രാജശേഖര വർമ്മ മന്ത്രിച്ചു.
അദ്ധേഹത്തിന്റെ കയ്യിൽ സർവ്വീസ് റിവോൾവർ അവർ കണ്ടു.
"ആരാ അകത്ത്?"
ഇന്സ്പെക്ടർ വിളിച്ചു ചോദിച്ചു.
"ഇത് ഞങ്ങളാണ് ഇൻസ്‌പെകടർ,"
രാജശേഖര വർമ്മ വിളിച്ചു പറഞ്ഞു.
അപ്പോഴേക്കും ഇൻസ്‌പെകടർ അബ്രാഹം അകത്തേക്ക് കയറി.
"എവിടെ?"
അദ്ദേഹം ഉദ്വേഗത്തോടെ ചോദിച്ചു.
"എവിടെ നരിമറ്റം മാത്തച്ചൻ?"
പറഞ്ഞു മുഴുമിക്കുന്നതിനു മുമ്പ് അദ്ധേഹത്തിന്റെ കണ്ണുകൾ മുകളിലേക്ക് പോയി.
ടോർച്ചിന്റെ പ്രകാശത്തിൽ തൂങ്ങിക്കിടക്കുന്ന ജഡം അദ്ധേഹം കണ്ടു.
"കർത്താവേ!!"
അദ്ദേഹം തന്റെ ക്യാപ്പ് തലയിൽ നിന്നെടുത്ത് ചകിതമായ ഭാവത്തോടെ മന്ത്രിച്ചു .
"എന്താ ഇൻസ്‌പെക്ടർ?"
രാജശേഖര വർമ്മ ആരാഞ്ഞു.
"അരമണിക്കൂർ മുമ്പ് മാത്തച്ചൻ വിളിച്ചിരുന്നു, സ്റ്റേഷനിലേക്ക്,"
അയാളുടെ ജഡത്തിലേക്കും വീടിന്റെ പരിസരങ്ങളിലേക്കും സസൂക്ഷ്മം ശ്രദ്ധിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.
"എന്നോട് പെട്ടെന്ന് വരണമെന്നും ജയകൃഷ്ണൻ കൂടെയുണ്ടെന്നും. ഒരു വള്ളിക്കെട്ടു കേസ്കാരണം സ്റ്റേഷനീന്നു പെട്ടെന്ന് വരാൻ പറ്റീല്ല. മാത്രവല്ല ഒറ്റ കോൺസ്റ്റബിൾസും സ്റ്റേഷനിൽ ഉണ്ടാരുന്നില്ല അപ്പോൾ,"
"ജയകൃഷ്ണൻ?"
ഭീതിയും ആശ്ചര്യവും നിറഞ്ഞ സ്വരത്തിൽ വിനോദ് ചോദിച്ചു.
"അവൻ ഇവിടെ...ഇവിടെ ഉണ്ടാരുന്നെന്നോ?"
"പിന്നല്ലാതെ!"
ഇൻസ്‌പെകടർ പറഞ്ഞു.

"അവൻ ഇവിടെത്തന്നെയുണ്ട്. ബിലാത്തീലും അവന്റെമ്മേടെ കോതമംഗലത്തും ഒന്നുവല്ല. തമ്പുരാൻ പറഞ്ഞ പോലെ ഒരു മുറൈ വന്ത് പാർത്തായാ എന്ന പാട്ടുംപാടി ഒരു മുറയങ്ങു പ്രയോഗിച്ചപ്പോൾ തത്ത പറയുന്ന പോലെ പറഞ്ഞു, അവന്മാർ. ജയകൃഷ്ണന്റെ ഹൈഡ് ഔട്ട്! ഇന്ന് രാത്രി അവനെ പൊക്കാതെ ഒറങ്ങുകേലന്നു തീരുമാനിച്ചേക്കുവാ!"
നിശ്ചയദാർഢ്യം നിറഞ്ഞ സ്വരത്തിൽ ഇൻസ്പെകടർ പറഞ്ഞു.
"അതിരിക്കട്ടെ,"
ഇൻസ്പെകടർ മൂവരെയും സംശയത്തോടെ നോക്കി.
"നിങ്ങൾ..നിങ്ങളെന്താ ഇപ്പോൾ ഇവിടെ?"
അദ്ദേഹം ചോദിച്ചു.
രാജശേഖര വർമ്മ നരിമറ്റം മാത്തച്ചനിൽ നിന്ന് തനിക്ക് ലഭിച്ച ടെലിഫോൺ സന്ദേശത്തെക്കുറിച്ച് ഇൻസ്പെക്റോട് പറഞ്ഞു.
"മാറ്റർ സെൻസേഷണൽ ആണ്. ആരെയും അറിയിക്കരുത് എന്ന് പ്രത്യേകം പറഞ്ഞു. പക്ഷെ അരമണിക്കൂർ മുമ്പ് മാത്തച്ചൻ സാറിനെ വിളിക്കുകയും ചെയ്തു!"
അദ്ദേഹം അദ്ഭുതത്തോടെ പറഞ്ഞു.
"അരമണിക്കൂർ മുമ്പ് വരെ ഇയാളോടൊപ്പം ജയകൃഷ്ണൻ ഉണ്ടായിരുന്നു,"
ഇൻസ്പെക്ടർ തുടർന്നു.
"അതിനർത്ഥം സാഹചര്യത്തെളിവുകൾ അനുസരിച്ച് ജയകൃഷ്ണനോ അയാളുടെ സാന്നിധ്യത്തിൽ മറ്റാരോ ആണ് ഇയാളെ കൊലപ്പെടുത്തി കെട്ടിത്തൂക്കിയതാവണം. അല്ലെങ്കിൽ നിയമം തന്നെ തേടിയെത്തുന്നതിന് മുമ്പ് ഇയാൾ ആത്മഹത്യ ചെയ്തതായിരിക്കണം. അത് പോസ്റ്റ്മോർട്ടം റിപ്പോർട്ട് കണ്ടതിന് ശേഷം നിശ്ചയിക്കാം,"
"അൽപ്പം കൂടി നേരത്തെ വന്നിരുന്നെങ്കിൽ ഒരു ജീവൻ രക്ഷിക്കാമായിരുന്നു. കഷ്ടം!"
രാജശേഖരവർമ്മ പരിതപിച്ചു.
ശക്തിയായ കാറ്റടിക്കാൻ തുടങ്ങി.
പുറത്ത് നിന്ന് കാറ്റ് അകത്തേക്ക് അടിച്ചുകയറി.
തൂങ്ങിക്കിടന്ന ജഡം പതിയെ അനങ്ങി.
അപ്പോൾ ഭിത്തിയിലെ, നിറം മങ്ങിയ ഫോട്ടോ അവർ കണ്ടു.
"ഓ.."
അൽപ്പം ഭയന്ന് വിനോദ് ശബ്ദമിട്ടു.
"ഏതായാലും രോഹിതിന്റെ പ്രേതത്തിന് ഒരു കൂട്ടായി,"
അദ്ദേഹം പറഞ്ഞു.
വൃത്താകൃതിയിൽ ഫ്രെയിം ചെയ്യപ്പെട്ടിരുന്നു അത്.
നിറം മങ്ങിയിരുന്നെങ്കിലും അയാളുടെ മുഖം അവരെ നോക്കി പുഞ്ചിരിച്ചു.
"അല്ലേൽ ആർക്കറിയാം, രോഹിതിന്റെ അത്മാവാരിക്കും ഇയാളെ ഇങ്ങോട്ട് ഓടിച്ച് കേറ്റീത്...!"

ഇൻസ്പെകടർ സ്വയം പിറുപിറുത്തു.
"ഇനി ജയകൃഷ്ണനെ പൊക്കണം!"
അദ്ദേഹം അവരോട് പറഞ്ഞു.
"അവന്റെ കൈയ്യിലാണ് ഈ കേസിന്റെ ബാക്കി തുമ്പുകളൊക്കെ! അവനെപ്പൊക്കണം! ജീവനോടെ!!"

രാജശേഖര വർമ്മയും രാഹുലും വിനോദും നരിമറ്റം മാത്തച്ചനെക്കാണുവാൻ രോഹിത് താമസിച്ചിരുന്ന പുഴക്കരയിലെ വീട്ടിലേക്ക് പോയതിനുശേഷം വിവരിക്കാനാവാത്ത ആഹ്ലാദത്തിമർപ്പിലായിരുന്നു ദിവ്യ.
താൻ ഒരു അനുജത്തികൂടിയാണെന്നുള്ള പുതിയ അറിവ് അവളെ ചെറുതായൊന്നുമല്ല സന്തോഷിപ്പിച്ചത്.
അപ്പോൾത്തന്നെ അവൾ ലത്തീഫിനെ ഫോണിലൂടെ ബന്ധപ്പെട്ടു.
എല്ലാവരും ഉടൻ തന്നെ തന്റെ വീട്ടിൽ എത്തിച്ചേരാൻ അവൾ ആവശ്യപ്പെട്ടു.
നേരിൽ കാണുമ്പോൾ കാരണം പറയാം എന്ന് അവൾ അറിയിച്ചു.
അതനുസരിച്ച് ലത്തീഫും സംഘവും പതിനഞ്ചു മിനിറ്റുകൾക്കുള്ളിൽ എത്തിച്ചേർന്നു.
ദിവ്യയുടെ മുറിയിൽ അവർ ഒത്തുകൂടി.
"എന്താ ദിവ്യേ?"
ആബിദ് ചോദിച്ചു.
"രണ്ട് മിനിറ്റ്..ഒന്ന് രണ്ടാളുകൾ കൂടിയൊന്ന് വന്നോട്ടെ,"
അവൾ പറഞ്ഞു.
"ആരാ ഈ മറ്റ് ഒന്നുരണ്ടാളുകൾ?"
പ്രിയങ്ക ചോദിച്ചു.
ദിവ്യ എന്തെങ്കിലും പറയുന്നതിന് മുമ്പ് പുറത്ത് ഒരു വെളുത്ത സ്കോർപ്പിയോ വന്നുനിന്നു.
"അവരെത്തി!"
ദിവ്യ ആഹ്ലാദത്തോടെ പറഞ്ഞു.
അവൾ പോർച്ചിലേക്ക് കുതിച്ചു.
ഗായത്രി ദേവിയും ഇറങ്ങി വന്നു.
ദിവ്യയുടെ പിന്നാലെ ലത്തീഫും സംഘവും നീങ്ങി.
"എന്ത് പറ്റി ഡാഡി?"
ജീപ്പിൽ നിന്ന് പുറത്തേക്കിറങ്ങുന്ന രാജശേഖര വർമ്മയോട് അവൾ ആകാംക്ഷയോടെ തിരക്കി.
പിന്നാലെ രാഹുലും ഇറങ്ങി.
"എവിടെ വിനോദ് അങ്കിൾ? അല്ല വിനോദ് ഏട്ട..."
ദിവ്യ പെട്ടെന്ന് നിർത്തി.
"വിനോദിനെ ഞാൻ ക്വാർട്ടേഴ്സിലിറക്കി മോളെ,"

അവർ അകത്തേക്ക് കയറി.
"മാത്തച്ചനെ കണ്ടോ?"
ഗായത്രി ദേവി തിരക്കി.
"നരിമറ്റവോ?
ഫെലിക്സ് ഒച്ചയിട്ടു.
"എവിടെ അയാൾ?"
രാഹുലും രാജശേഖരവർമ്മയും അപ്രതീക്ഷിതവും ഭയാനകവുമായ ആ സംഭവം വിവരിച്ചു.
രോഹിതിന്റെ വീട്ടിലെ നരിമറ്റം മാത്തച്ചന്റെ ആത്മഹത്യയും അത് ആത്മഹത്യയല്ല ജയകൃഷ്ണൻ നടത്തിയ കൊലപാതകമായിരിക്കാം എന്ന ഇൻസ്പെകടർ അബ്രഹാമിന്റെ നിഗമനവും കേൾവിക്കാരിൽ ഭീതിയും അമ്പരപ്പും വിതച്ചു.
"ഡാഡി, വിനോദങ്കിൾ തനിച്ചല്ലേ? എന്തെങ്കിലും അപകടം?"
"അവൻ സമ്മതിച്ചില്ല മോളെ. തലവേദനയെടുക്കുന്നു ഉറങ്ങണം എന്ന് പറഞ്ഞപ്പോൾ ഞാൻ സമ്മതിച്ചു,"
"ലത്തീഫ് ദാദാ, നമുക്ക് ആരെയേലും വിനോദ് അങ്കിളിന്റെയടുത്തേക്ക് വിടണം,"
ദിവ്യ ലത്തീഫിനോട് പറഞ്ഞു.
"ദിവ്യ പേടിക്കണ്ട. അതിനുള്ള ഏർപ്പാടുകളൊക്കെ ചെയ്തിട്ടുണ്ട്,"
ലത്തീഫ് ഗൌരവം വിടാതെ പറഞ്ഞു.
"നമ്മുടെ മനോജിനേം സതീഷിനേം വിൻസെന്റിനേം ഞാൻ നിന്റെ വിനോദങ്കിളിന്റെ പിന്നാലെ വിട്ടിട്ടുണ്ട്,"
അവൾ ലത്തീഫിനെ ഇഷ്ടത്തോടെ നോക്കി.
"ലത്തീഫ് ദാദാ, എല്ലാരും എന്റെ റൂമിലേക്ക് പൊക്കോ. ഞാൻ സാറിനേം കൂട്ടി ദാ ഇപ്പത്തന്നെ വരാം..."
അവൾ അവരെ വിട്ട് ഗായത്രി ദേവിയോടും രാജശേഖര വർമ്മയോടും സംസാരിക്കുകയായിരുന്ന രാഹുലിന്റെയടുത്തേക്ക് പോയി.
"ക്ഷമിക്കണേ,"
അവൾ പറഞ്ഞു.
രാഹുൽ തിരിഞ്ഞു നോക്കി.
"സംസാരിച്ച് കഴിഞ്ഞ് എന്റെ മുറിയിലേക്ക് വരണം. ലത്തീഫ് ദാദയൊക്കെ വന്നിട്ടുണ്ട്. സാറും കൂടി വന്നിട്ട്വേണം എനിക്ക് അവരോട് ഒരു കാര്യം പറയാൻ,"
"ദിവ്യ പൊക്കോളൂ. ഞാൻ എത്തിയേക്കാം,"
രാഹുൽ പറഞ്ഞു.
ദിവ്യ തന്റെ മുറിയിൽ കാത്തിരിക്കുന്ന കൂട്ടുകാരുടെയടുത്തേക്ക് പോയി.
"എന്താ ദിവ്യേ കാര്യം?"
ആബിദ് വീണ്ടും തിരക്കി.
"പറയാടാ. സാറും കൂടി ഒന്ന് വരട്ടെ,"

അവൾ പറഞ്ഞു തീരുന്നതിന് മുമ്പ് രാഹുൽ അകത്തേക്ക് വന്നു.
എല്ലാവരും എഴുന്നേറ്റു.
രാഹുൽ കയ്യുയർത്തി അവരോട് ഇരിക്കുവാൻ ആംഗ്യം കാണിച്ചു.
പിന്നെ ലത്തീഫിന്റെയടുത്ത് ഇരുന്നു.
അവർ ദിവ്യയെ നോക്കി.
അവളുടെ മുഖത്ത് ആഹ്ലാദവും വിസ്മയവും നിറയുന്നത് അവൾ കണ്ടു.
അവൾ എല്ലാവരെയും മാറി മാറി നോക്കി.
"സാർ...ലത്തീഫ് ദാദാ..എന്റെ പ്രിയപ്പെട്ട കൂട്ടുകാരെ..."
അവൾ പറഞ്ഞു തുടങ്ങി.
"എന്തോ...."
കൂട്ടുകാർ ഒന്നടങ്കം വിളിച്ചുകൂവി.
"നമ്മൾ ഇവിടെക്കൂടിയിരിക്കുന്നത് രാജ്യം നേരിടുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയം ചർച്ച ചെയ്യാനാണ്,"
ഫെലിക്സ് മുഷ്ടിചുരുട്ടി മൈക്ക് പോലെ ചുണ്ടിൽ ചേർത്തുകൊണ്ട് പറഞ്ഞു.
"ഇനി മേരേ പ്യാരേ ദേശ് വാസിയോ എന്ന് കൂടിപ്പറ,"
പ്രിയങ്ക പറഞ്ഞു.
ചിരിയലകൾ മുറിയിൽ നിറഞ്ഞു.
"ഒരു പ്രധാനപ്പെട്ട ദിവസമാണ് ഇന്ന് എന്റെ ജീവിതത്തിലെ,"
പ്രിയങ്കയുടെ നേരെ ഇടിക്കാനെന്ന പോലെ കൈചുരുട്ടിക്കാണിച്ചുകൊണ്ടു ദിവ്യ തുടർന്നു.
"ഇന്ന് വരെ ഞാൻ കരുതിയിരുന്നത് ഞാൻ എന്റെ ഡാഡിടേം മമ്മീടെം മകൾ മാത്രമാണ്, നിങ്ങൾടെയൊക്കെ കൂട്ടുകാരി മാത്രമാണ് എന്നാണ്...പക്ഷെ ഇന്ന് രാത്രി ...കൃത്യമായിപ്പറഞ്ഞാൽ എനിക്ക് മറ്റൊരു സ്ഥാനം കൂടി കിട്ടി...ഞാൻ .....ഓ...എന്റെ ഈശ്വരാ ..എങ്ങന്യാ പറയ്യാ അത്...ഞാൻ ഒരു അനുജത്തി കൂടിയാണ് എന്ന്..."
"ങ്ഹേ?!!
ലത്തീഫും രാഹുലുമൊഴികെയുള്ളവർ അവിശ്വസനീയതയോടെ പരസ്പ്പരം നോക്കി.
അവർ പരസ്പ്പരം നോക്കി കണ്ണുകൾ മിഴിച്ചു.
അവർക്കിടയിൽ ഒരാരവമുയർന്നു.
"വാട്ട്...വാട്ട് ഡൂ യൂ മീൻ..?"
റോസ്‌ലിൻ ശബ്ദമുയർത്തി.
താരിളം തേനിന്റെ നിർവൃതിയോടെ ദിവ്യ അവളെ നോക്കി.
ധന്യമായ ഭാവം.
ആഹ്ലാദത്തെ വാക്കുകളിലാക്കാൻ വിസമ്മതിക്കുന്നത്ര വിസ്മയാതിരേകം.
"ആരുടെയനുജത്തി?"
ടോമി ചോദിച്ചു.

ആ ചോദ്യത്തിന് മുമ്പിൽ നിലാവിലുലയുന്ന നിശാഗന്ധിയെപ്പോലെ ദിവ്യ മുഖം പാതിമറച്ചു.
"വിനോദ് മേനോൻ,"
അവൾ പറഞ്ഞു.
"എന്റെ ഏട്ടൻ! വിനോദേട്ടൻ!"
അവരുടെ മുഖങ്ങളിലെ ആശ്ചര്യത്തിന്റെ ഉറവ വീണ്ടും വർദ്ധിച്ചു.
പിന്നെ ദിവ്യ ആ സാഹചര്യം വിവരിച്ചു.
തന്റെ പിതാവിന്റെ വിവാഹപൂർവ്വ ബന്ധത്തെപ്പറ്റി.
ഗായത്രി ദേവിയെ കണ്ടുമുട്ടിയ സാഹചര്യം.
കൂട്ടുകാർ ആശ്ചര്യഭരിതരായി അവളുടെ വാക്കുകൾ കേട്ടിരുന്നു.
"എന്തെ ലത്തീഫ് ദാദായ്ക്ക് ഇതൊന്നും കേട്ടിട്ട് ഒരു സന്തോഷോം ഇല്ലാത്തെ?"
വിവരണം അവസാനിപ്പിച്ച് അവൾ ചോദിച്ചു.
അവന്റെ മുഖം ആദ്യം മുതൽ വികാര രഹിതമായിരുന്നെന്ന് അവൾ ശ്രദ്ധിച്ചിരുന്നു.
"പറയാം,"
സ്വതേയുള്ള ഗൌരവത്തോടെ ലത്തീഫ് പറഞ്ഞു.
"ദിവ്യ ആദ്യമായി ആ വാതിലും ജന്നലുകളുമൊക്കെ ഒന്നടച്ചേ,"
അവൾക്ക് വിചിത്രമായിത്തോന്നി; അവന്റെ വാക്കുകൾ.
അവനെ ഒന്ന് നോക്കിയതിന് ശേഷം അവൾ മുറിയുടെ ജാലകങ്ങളും വാതിലും ബന്ധിച്ചു.
"എന്താ ലത്തീഫ് ദാദാ?"
അവൾ ആകാംക്ഷയോടെ ചോദിച്ചു.
ലത്തീഫ് അൽപ്പ സമയം എന്തോ ആലോചിച്ചു.
പിന്നെ രാഹുലിനെ നോക്കി.
രാഹുൽ പറയാൻ ലത്തീഫിനെ കണ്ണുകൾ കൊണ്ട് ആംഗ്യം കാണിച്ചു.
നിശബ്ദരായി, ആകാംക്ഷയോടെ തന്നെ നോക്കുന്ന കൂടുകാരുടെ മുഖങ്ങളിലേക്കും ദിവ്യയേയും അവൻ മാറി മാറി നോക്കി.
നിശബ്ദത പിന്നെയും വർദ്ധിച്ചു.
"വിനോദ് മേനോൻ ആരാണ് എന്നാണ് ദിവ്യ നമ്മളോട് പറഞ്ഞത്?"
ലത്തീഫ് കൂട്ടുകാരോട് ചോദിച്ചു.
"ദിവ്യയുടെ ഏട്ടൻ,"
കൂട്ടുകാർ ഒന്നടങ്കം മറുപടി പറഞ്ഞു.
"മറ്റെന്തെങ്കിലും വിശേഷണമുണ്ടോ ദിവ്യയുടെ എട്ടന്?"
അയാൾ വീണ്ടും കൂടുകാരോട് ചോദിച്ചു.
അവർക്ക് അവന്റെ ചോദ്യം മനസ്സിലായില്ല.
അവർ പരസ്പ്പരം നോക്കി.
പിന്നെ കൈമലർത്തിയും തോളുകൾ കുലുക്കിയും കാണിച്ചു.
"ങ്ഹാ, ലത്തീഫ് ദാദാ,"

ആബിദ് പെട്ടന്ന് പറഞ്ഞു.
കൂട്ടുകാർ എല്ലാവരും അവനെ നോക്കി.
"വിത്ത് സാർസ് പെർമിഷൻ,"
അവൻ രാഹുലിനെ നോക്കി പുഞ്ചിരിച്ചു.
'പറയൂ' എന്ന അർത്ഥത്തിൽ രാഹുൽ കണ്ണുകൾ കൊണ്ട് ആബിദിനു നേരെ ആംഗ്യം കാണിച്ചു.
"രാഹുൽ സാറിന്റെ അളിയൻ,"
അവൻ പറഞ്ഞു.
ദിവ്യ ലജ്ജയോടെ രാഹുലിനെ നോക്കി.
രാഹുൽ മന്ദഹസിച്ചു.
"മറ്റെന്തെങ്കിലും വിശേഷണം?"
ലത്തീഫ് ഗൌരവം വിടാതെ ആരാഞ്ഞു.
"എ മിസ്റ്ററിയസ്...ഷോക്കിംഗ്...ആൻഡ് ...എബവ് ആൾ..."
"എബവ് ആൾ...?"
അവന്റെ സ്വരത്തിലെ നിഗൂഢത തിരിച്ചറിഞ്ഞ് ദിവ്യ ഇടയ്ക്ക് കയറി ചോദിച്ചു.
"എബവ് ആൾ ദ മോസ്റ്റ് എനിഗ്മാറ്റിക് ക്വാളിറ്റി ഓഫ് വിനോദ് മേനോൻ?"
തനിക്ക് ചുറ്റും അസുഖകരമായ, അദൃശ്യമായ, ഒരു ഭയം വലനെയ്യുന്നത് ദിവ്യ അറിഞ്ഞു.
ലത്തീഫ് ദാദയുടെ വാക്കുകളിൽ അപകടമുണ്ട്.
ലത്തീഫ് ദാദയുടെ വാക്കുകളെ പൂർണ്ണമായും അംഗീകരിച്ചാണ് സാറുമിരിക്കുന്നത്.
പക്ഷെ എന്താണത്?
"ലത്തീഫ് ദാദാ...സാർ..."
ഇരുവരുടെയും മുഖങ്ങളിലേക്ക് മാറി മാറി നോക്കി ദിവ്യ വിളിച്ചു.
"എന്താ...എന്താ അത്?"
ഭയമുണ്ടായിരുന്നു അവളുടെ ചോദ്യത്തിൽ.
ലത്തീഫ് രാഹുലിനെ നോക്കി.
"സാർ പറയൂ,"
ലത്തീഫ് രാഹുലിനോട് പറഞ്ഞു.
"ദിവ്യേ,"
രാഹുൽ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റു.
പതിയെ അവളെ അഭിമുഖീകരിച്ചു.
അവളുടെ കണ്ണുകളിലേക്ക് നോക്കി.
"ഒരു ജ്യേഷ്ഠനെക്കിട്ടിയ ബിഗ് എക്സൈറ്റ്മെന്റിലാണ് നീ. നിന്റെ ആഹ്ലാദം എനിക്ക്, ഞങ്ങൾക്ക് ഊഹിക്കാം. പക്ഷെ..."
"പക്ഷെ...?"
ദിവ്യ പെട്ടന്ന് ചോദിച്ചു.

ഇതളിതളുകളായി തെളിയുവാൻ നിഗൂഡതകൾ കാത്തിരിക്കുന്നു.
ദിവ്യയ്ക്ക് അതിന്റെ ഗന്ധം കിട്ടി.
"പക്ഷെ എന്താ? എന്താ സാർ? എന്താ സാറും ലത്തീഫ് ദാദയുമൊക്കെ എന്നോടൊളിക്കുന്നെ? എന്താണേലും പറ എന്നോട്. ഐം ട്രയിംഗ് ടു ബി ബോൾഡ്...ബോൾഡ് ഇനഫ് ടു ഫേസ് എനി തിംഗ്!!"
കൂട്ടുകാരും ഒന്നും മനസ്സിലാകാതെ ലത്തീഫിനെയും രാഹുലിനെയും മാറി മാറി നോക്കി.
"യൂ ആർ ബോൾഡ്!"
ലത്തീഫും എഴുന്നേറ്റു.
അവളുടെ തോളിൽ പിടിച്ചു.
"ബോൾഡ് ഈഫ് ടു ഫെയ്സ് എനിതിംഗ്! അതാണ് ഞങ്ങളുടെ ഭാഗ്യവും,"
അവൻ അവളുടെ കണ്ണുകളിലേക്ക് നോക്കി.
"ദിവ്യേ ,"
അവൻ വിളിച്ചു.
"വിനോദ് മേനോൻ നിന്റെ ജ്യേഷ്ഠനാണ്. ആബിദ് പറഞ്ഞത് പോലെ രാഹുൽ സാറിന്‌റെ അളിയനാകേണ്ട ആളുമാണ്. അതെ സമയം നിന്റെ ഡാഡിയുടെ സ്വത്തിന്റെ പുതിയ ഒരവകാശിയുമാണ്,"
ലത്തീഫിന്റെ വാക്കുകൾ ദിവ്യയിൽ പ്രത്യേകിച്ച് ഒരു മാറ്റവും വരുത്തിയില്ല.
"നിന്റെ ഡാഡിയുടെ ബിസിനസ് സാമ്രാജ്യത്തിന്റെ പുതിയോരവകാശി,"
ലത്തീഫ് തുടർന്നു.
"ആയിരക്കണക്കിന് ഹെക്ടറോളം വരുന്ന എസ്റ്റേറ്റിന്റെ, കൊട്ടാരത്തിനകത്തെ വിലമതിക്കാനാവാത്ത സമ്പത്തിന്റെ, ഇതിന്റെയൊക്കെ പുതിയോരവകാശി,"
അവൻ ദിവ്യയെ നോക്കി.
"ഇനി പറ"
ലത്തീഫ് ശബ്ദമുയർത്തി ചോദിച്ചു.
"നീ വെടിയേറ്റ് കൊല്ലപ്പെട്ടാൽ ആർക്കാണ് ഗുണം? എന്താണ് അ ഗുണം?"
ഉദ്വേഗം നിറഞ്ഞ ഒരാരവം കൂട്ടുകാർക്കിടയിലുയർന്നു.
ആ ചോദ്യങ്ങൾ മാത്രമല്ല അവയുടെ ഉത്തരങ്ങളും അവരുടെ മനസ്സിനെ വിറങ്ങലിപ്പിച്ചു.
തന്റെ ഉള്ളിൽ ഒരു മിന്നൽപ്പിണർ പായുന്നത് ദിവ്യ അറിഞ്ഞു.
"നിനക്ക് നേരെ നടന്ന വധശ്രമങ്ങൾ എന്തിനു വേണ്ടിയാണ്? പണത്തിനു വേണ്ടി. വഴിയെ പോകുന്നവർ നിന്നെ കൊന്നത് കൊണ്ട് നിന്റെ സ്വത്ത് എങ്ങനെ അവർക്ക് കിട്ടും? നിന്നെ നിന്റെ സ്വത്ത് കിട്ടാൻവേണ്ടി ഒരാൾ കൊല്ലാൻ ശ്രമിച്ചാൽ അയാൾ ആരായിരിക്കണം? ബന്ധു. അടുത്ത ബന്ധു,"
പ്രേതബാധയേറ്റതുപോലെ അവളുടെ മുഖം വിളറി.
"ദിവ്യേ, നീ ഓർക്കുന്നോ, ലത്തീഫ് ദാദാ ഇതേ കാര്യം മുമ്പും പറഞ്ഞിരുന്നു,"
റോസ്‌ലിൻ ഓർമ്മപ്പെടുത്തി.

ദിവ്യ നിശ്ചലയായി നിൽക്കുകയാണ്.

ആരും അറിയാതെ രാജശേഖര വർമ്മയ്ക്ക് ദിവ്യയെക്കൂടാതെ മറ്റൊരു അവകാശിയുംകൂടിയുണ്ടാവാം എന്ന സാധ്യത ലത്തീഫ് മുൻകൂട്ടി കണ്ടിരുന്നു.

അതവൻ കൂട്ടുകാരുടെ സാന്നിധ്യത്തിൽ ദിവ്യയോട് നേരിട്ട് ചോദിച്ചതുമാണ്.

ദിവ്യയുടെ മിഴികൾ നിറഞ്ഞൊഴുകുന്നത് അവർ കണ്ടു.

രാഹുൽ അവളുടെ തോളിൽ പിടിച്ചു.

വിതുമ്പിക്കരഞ്ഞുകൊണ്ട് അവൾ അയാളുടെ തോളിൽ മുഖമമർത്തി.

"ദിവ്യേ, നിന്റെ അവസ്ഥയിപ്പോൾ എനിക്ക് ..ഞങ്ങൾക്ക് എല്ലാം ഊഹിക്കാൻ കഴിയും..."

ലത്തീഫ് പറഞ്ഞു.

"നിന്റെ ജ്യേഷ്ഠൻ മിസ്റ്റർ വിനോദ് മേനോനാണ് കഥയിലെ വില്ലൻ!"

തന്റെ ശരീരം നുറുങ്ങിച്ചിതറുന്ന വേദന അവൾക്ക് അനുഭവപ്പെട്ടു.

വെടിയേറ്റ് വീണപ്പോൾ വേദനിച്ചതിനേക്കാളേറെ....

"നിന്നെ പലതവണ അപായപ്പെടുത്താൻ ശ്രമിച്ച ജയകൃഷ്ണന്റെ ബോസ്സ് വിനോദ് മേനോനാണ്..."

ലത്തീഫിന്റെ ശബ്ദം വീണ്ടും അവൾ കേട്ടു.

"രാഹുൽ സാറിനെ അപായപ്പെടുത്താൻ വിഷസർപ്പത്തെ അയച്ചത് അയാളാണ്! പാതിരാത്രിയിൽ കോബ്രാഹിൽസിൽ നിന്നെ വെടി വെച്ച് വീഴ്ത്തിയത് അയാളാണ്. അവസാനം നിന്നെയും രാഹുൽ സാറിനെയും നിന്റെ കാറിൽ ബോംബ് വെച്ച് കൊലപ്പെടുത്താൻ ശ്രമിച്ചതും അയാളാണ്!"

ഓരോ വാക്കും അവളിൽ അസ്ത്രം പോലെ തറഞ്ഞുകയറി.

"എനിക്ക് നിന്റെ മാനസികാവസ്ഥ ഊഹിക്കാൻ കഴിയും,"

ലത്തീഫ് തുടർന്നു.

"സ്വന്തം ജ്യേഷ്ഠൻ തന്നെ പ്രതിസ്ഥാനത്ത് വരുമ്പോഴുണ്ടാകുന്ന അവസ്ഥ!"

ലത്തീഫ് പറഞ്ഞു മുഴുമിക്കുന്നതിനു മുമ്പ് ദിവ്യ രാഹുലിന്റെ തോളിൽ നിന്ന് മുഖമുയർത്തി.

ഇപ്പോൾ അവളുടെ മുഖത്ത് കണ്ണുനീരില്ല.

ക്ഷത്രിയ സഹജമായ ഒരു തീവ്രവീര്യം അവളുടെ മുഖത്ത് തിളങ്ങുന്നത് അവർ കണ്ടു.

"ഒരു ചരിത്രമുണ്ട്,"

തന്നെ ആകാംക്ഷയോടെ നോക്കുന്ന കൂട്ടുകാരെ നോക്കി അവൾ പറഞ്ഞു.

"പ്രാതാപ വർമ്മൻ എന്ന സൂര്യവംശത്തിലേ രാജാവിന്റെ ധനകാര്യമന്ത്രി സ്വന്തം അനുജനായിരുന്നു. രാജ്യത്തിന്റെ ഖജനാവ് ശോഷിക്കുന്നതിന്റെ കാരണം അന്വേഷിച്ച മഹാരാജാവ് ഞെട്ടിത്തരിച്ചു. മോഷ്ടാവ് സ്വന്തം അനുജൻ! പിറ്റെ ദിവസം ജനങ്ങളുടെ മുമ്പിൽ ഒരു വിചാരണ നടന്നു. പ്രതിയാക്കപ്പെട്ട അനുജനെ, ഒരവസരം കൂടികൊടുക്കാൻ ജനങ്ങൾ ആവശ്യപ്പെട്ടിട്ടും പ്രതാപ വർമ്മൻ

തൂക്കിലേറ്റി. ജനങ്ങളുടെ വിയർപ്പും അവരുടെ വിശപ്പും തിരിച്ചറിഞ്ഞ് ഭരണം നടത്തിയ മഹാരാജാവ് ജനങ്ങളുടെ പണം മോഷ്ടിച്ച അനുജനെത്തന്നെ കൊന്നു!"

അവൾ നിർത്തി കൂട്ടുകാരെ നോക്കി.

പിന്നെ ലതീഫിനെയും രാഹുലിനെയും.

നിശബ്ദതയും ഉദ്വിഗ്നതയും കനക്കുകയാണ്!

"സാർ!"

അവൾ രാഹുലിന്റെ മുഖത്തേക്ക് നോക്കി.

"മഹാനായ പ്രതാപ വർമ്മ മഹാരാജാവിന്റെ വംശത്തിൽ ജനിച്ചവൾ ആണ് ഞാൻ! അതെ രക്തമാണ് എന്റെ ഞരമ്പുകളിലൂടെയുമോടുന്നത്!"

അവളുടെ ശബ്ദം ക്ഷാത്ര തേജസ്സിൽ കുതിർന്നു.

"ലത്തീഫ് ദാദാ!"

വികാര തീവ്രത നഷ്ടപ്പെടാതെ അവൾ തുടർന്നു.

"സമ്പത്തിന്റെയും അധികാരത്തിന്റെയും പുതിയ അവകാശി ഒരു ഭിക്ഷക്കാരനാണെങ്കിൽക്കൂടി രണ്ടാമതൊന്നാലോചിക്കാതെ വിട്ടുകൊടുക്കും അയാൾക്ക് ദിവ്യ! പക്ഷെ ജ്യേഷ്ഠനായാലും അനുജനായാലും സ്ഥാനം കുറ്റവാളികളുടെ ലിസ്റ്റിൽ ആണെങ്കിൽ അയാളെ സംരക്ഷിക്കാൻ കൂട്ടുനിൽക്കില്ല ദിവ്യ! തലയരിഞ്ഞു കൊലമരത്തിൽ കെട്ടിത്തൂക്കും! അതിനു ദിവ്യക്ക് പ്രതാപവർമ്മ മഹാരാജാവിന്റെ അനുഗ്രഹം മതി! സിംഹാസനം വേണ്ട!"

തങ്ങളുടെ ദേഹം തരിച്ചു കയറുന്നത് പോലെ കൂട്ടുകാർക്ക് തോന്നി.

അവർ കയ്യടിച്ച് എഴുന്നേറ്റ് അവളെ സമീപിച്ചു.

"ഐം പ്രൌഡ് ഓഫ് യൂ, ദിവ്യ,"

ലത്തീഫ് അവളുടെ കരം കവർന്നു.

തന്നെ സമീപിക്കുന്ന കൂട്ടുകാരെ നോക്കി, അവരുടെ കണ്ണുകളിലെ അഭിമാനം കണ്ട് ദിവ്യ കൈകൾ കൂപ്പി.

"സാർ,"

പിന്നെയവൾ രാഹുലിന്റെയും ലത്തീഫിന്റെയും നേരെ തിരിഞ്ഞു.

"ഈ കഥയുടെ രഹസ്യങ്ങളെല്ലാം നിങ്ങൾക്ക് രണ്ടുപേർക്കുമറിയാം. ഇനിയെങ്കിലും നമുക്ക് ഇത് അവസാനിപ്പിച്ചുകൂടെ? ഡാഡിയുടെയും മമ്മിയുടെയും ജീവന് ഏത് നേരവും ഭീഷണിയുണ്ടാവില്ലേ?"

ആ സംശയം തങ്ങളും പങ്കുവെക്കുന്നു എന്ന് കൂട്ടുകാരുടെ മുഖങ്ങൾ പറഞ്ഞു.

അവർ ലത്തീഫിന്റെയും രാഹുലിന്റെയും വാക്കുകൾക്ക് കാതോർത്തു.

"വിനോദ് അവന്റെ ഗെയിമിന്റെ അവസാന ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്,"

രാഹുൽ പറഞ്ഞു.

"തമ്പുരാന്റെ ഇന്നത്തെ വെളിപ്പെടുത്തൽ കാരണം ഇനി ആ ആപത്തിനെ ഭയക്കേണ്ടതില്ല. എന്നാലും തമ്പുരാനെയും മഹാറാണിയേയും ഇപ്പോൾ ഇതറിയിക്കാൻ സാധ്യമല്ല. അങ്ങനെ സംഭവിച്ചാൽ ഏത് നിമിഷവും വിനോദ് ആ രഹസ്യം മണത്തറിയും. അവൻ കടന്നു കളയും. നമുക്ക് ഒരു സാക്ഷിവേണം.

തെളിവുകൾ വേണം. ശക്തമായ തെളിവുകളും സാക്ഷികളും. ഇപ്പോഴത്തെ അവസ്ഥയിൽ അവനെതിരെ നമുക്ക് യാതൊന്നുമില്ല,"
"ഡാഡിയുടെയും മമ്മിയുടെയും സുരക്ഷയോർത്തു ദിവ്യ വേവലാതിപ്പെടേണ്ട," ലത്തീഫ് പറഞ്ഞു.
"രാഹുൽ സാർ ഈ കൊട്ടാരത്തിന്റെ പരിസരങ്ങളിലുള്ള കാലത്തോളം അവർക്ക് രണ്ടുപേർക്കും ഒരാപത്തും വരില്ല. മാത്രമല്ല യാഗത്തിന് ശേഷം മാത്രമേ തമ്പുരാൻ പുറത്തിറങ്ങകയുള്ളൂ. ഗുരുജി ദേവനാരായണൻ അങ്ങനെ കൽപ്പിച്ചിരിക്കയാണ്. ..നമ്മുടെ പ്രശ്നം അതല്ല...വിനോദ് മേനോനെ എങ്ങനെ തൊണ്ടി സഹിതം കൈയ്യോടെ പിടിക്കാം എന്നാണ്..."
ലത്തീഫ് പറഞ്ഞു നിർത്തിയതും റോസ്‌ലിന്റെ മൊബൈൽ ഫോൺ ശബ്ദിക്കാൻ തുടങ്ങി.
"ലത്തീഫ് ദാദയ്ക്കാണ്,"
അവൾ ഫോൺ ലത്തീഫിന് കൈ മാറി.
"പടച്ച തമ്പുരാനെ...!!"
സന്ദേശം സ്വീകരിച്ചു കഴിഞ്ഞ് അദ്‌ഭുതപരതന്ത്രനായി ലത്തീഫ് മന്ത്രിച്ചു.
അവന്റെ സ്വരത്തിലെ ചൂടും സംഭ്രമവും കൂട്ടുകാരിൽ ഭീതിയുണർത്തി.
"വാട്ട് ഹാപ്പെൻഡ്?"
രാഹുൽ ഉദ്വേഗത്തോടെ ചോദിച്ചു.
"ബീ ക്വിക്ക്!!"
ലത്തീഫ് പെട്ടെന്ന് പറഞ്ഞു.
"മനോജും സതീഷും വിൻസെന്റുമാണ്! വിനോദ് കോബ്രാഹിൽസിലേക്ക് നീങ്ങിയിരിക്കുന്നു! കൂടെ ജയകൃഷ്ണനുമുണ്ട്! കോബ്രാ ഹിൽസിലേ വാട്ടർ ഫാളിനുനേരെയാണ് നീങ്ങിയിരിക്കുന്നത്! കാൽനടയായി!!"
തങ്ങളുടെ ദേഹം പെരുത്തുകയറുന്നത്പോലെ ഓരോരുത്തർക്കും തോന്നി.
"ഇത്തവണ ആക്ഷന് ഞങ്ങളുമുണ്ട്,"
റോസ്‌ലിൻ ആവേശത്തോടെ പറഞ്ഞു.
"ദെൻ കം!"
രാഹുൽ വാതിലിനുനേരെ കുതിച്ചു.
പിന്നാലെ മറ്റുള്ളവരും .
ലത്തീഫിന്റെ സ്കോർപ്പിയോയിൽ അവർ തങ്ങളുടെ അടുത്ത സാഹസികതയ്ക്ക് വേണ്ടി ആ രാത്രിയിൽ കോബ്രാ ഹില്സിലെക്ക് പുറപ്പെട്ടു.
കോബ്രാ ഹിൽസിലേ ഏറ്റവും വലിയ വെള്ളച്ചാട്ടത്തിനടുത്തേക്ക്, ആ രാത്രിയിൽ നീങ്ങിക്കൊണ്ടിരിക്കെ, ആവേശഭരിതരായിരുന്നെങ്കിലും ആകാംക്ഷയും ഉദ്വേഗവും ഒരു വേള നേരിയ ഭയവും സംഘാംഗങ്ങളെ കീഴ്പ്പെടുത്തിയിട്ടുണ്ടെന്ന് ലതീഫിനും രാഹുലിനും തോന്നി.

അതുകൊണ്ട് തന്നെ തങ്ങളുടെ മുഖങ്ങളിൽ പരമാവധി ശാന്തത വരുത്തി, ഉത്തേജിപ്പിക്കുന്ന കാര്യങ്ങൾ സംസാരിച്ച് അവരെ ഊർജ്ജസ്വലരാക്കാൻ അവർ ശ്രദ്ധിച്ചു.
ദീർഘവും അപകടകരവുമായ സംഭവങ്ങളുടെ അവസാന രംഗത്തിലേക്ക് തങ്ങൾ കടക്കാൻ പോവുകയാണ് എന്ന് അവർ അറിഞ്ഞിരുന്നു.
ഒരു വർഷത്തോളമായി തങ്ങളുടെ ക്ഷമയേയും കായികവും ബൌദ്ധികവുമായ കഴിവുകളേയും പരീക്ഷിച്ചുകൊണ്ട് രഹസ്യപൂർണ്ണമായ അനവധി സംഭവങ്ങൾ അവയുടെ ജൈത്രയാത്ര തുടരുകയാണ്.
ഒരു പക്ഷെ ഇന്ന് രാത്രി ഈ സാഹസികയാത്രാ പരമ്പരയുടെ അന്ത്യമായിരിക്കും.
തലച്ചോറിനെ കുഴയ്ക്കുന്ന ഈ പ്രശ്നം ഇന്നോടെ അവസാനിക്കുമായിരിക്കും.
കനത്ത ഇരുട്ടിനോടൊപ്പം കട്ടിയായി യ മൂടൽ മഞ്ഞും പരിസരത്ത് ചൂഴ്ന്നു നിന്നു.
അതോടൊപ്പം  ശക്തമായ കാറ്റു വീശാനും  തുടങ്ങി.
പാതയ്ക്കിരുവശത്തേയും മരങ്ങളുടെ ശിഖരങ്ങൾ ആടിയുലയുന്നത് അവർ അറിഞ്ഞു.
തണുപ്പ് തങ്ങളുടെ അസ്ഥികളിലെക്ക് കൂടി അരിച്ചിറങ്ങുന്നതും.
ഡ്രൈവ് ചെയ്യാൻ ടോമി നന്നേ പാടുപെട്ടു.
എല്ലാവരും രോമക്കുപ്പായവും തൊപ്പികളും ധരിച്ചിരുന്നു.
അവർ നാലഞ്ചു ടോർച്ചുകൾ കരുതിയിരുന്നു.
"ഇതെന്നാ കോബ്രാ ഹിൽസിന്റെ മണ്ടേൽ കപ്പ പറിക്കാൻ പോകുവാണോ?"
രാജുവിന്റെ കൈയ്യിലിരുന്ന  വാക്കത്തി എടുത്തുയർത്തി ഫെലിക്സ് പറഞ്ഞു.
"എല്ലാവരുടെയും കൈയ്യിലെ ആയുധങ്ങൾ കാണുമ്പം,"
മിക്കവരുടെയും കൈകളിൽ തിളങ്ങുന്ന കത്തികളും ക്രിക്കറ്റ് ബാറ്റുകളുമുണ്ടായിരുന്നു.
തന്റെ പിസ്റ്റൾ പോക്കറ്റിൽ തന്നെയുണ്ടെന്ന് ലത്തീഫ് ഉറപ്പ് വരുത്തി.
പുഴയ്ക്ക് സമാന്തരമായി കിടക്കുന്ന റോഡിൽ നിന്ന് കോബ്രാഹിൽസിലേക്ക് തിരിയുന്ന പാതയിലേക്ക് ജീപ്പ് കയറി.
"ഇവിടെം മുതൽ ശ്രദ്ധിക്കുക,"
ലത്തീഫിന്റെ സ്വരം എല്ലാവരും കേട്ടു.
"ലത്തീഫും മനോജും സതീഷും വഴിസൈഡിൽ എവിടെയെങ്കിലും കാണും,"
സംഘാംഗങ്ങൾ മുമ്പോട്ടു ചലിക്കുന്ന പ്രകാശ വലയത്തിൽ പാതയോരങ്ങളിലേക്കും  ചുറ്റുമുള്ള വന ഗഹനതയിലേക്കും കണ്ണുകൾ നട്ടു.
അതുവരെ അഗാധ ചിന്തയിലായിരുന്ന ദിവ്യ പെട്ടന്ന് ലത്തീഫിന്റെയും രാഹുലിന്റെയും മുഖങ്ങളിലേക്ക് നോക്കി.
മുൻ സീറ്റിൽ അവരുടെ മദ്ധ്യത്തിലായിരുന്നു അവൾ ഇരുന്നത്.
"ലത്തീഫ് ദാദാ,"
അവൾ വിളിച്ചു.
അവൻ അവളെ നോക്കി.

"സാറിനും ലത്തീഫ് ദാദയ്ക്കും എല്ലാം അറിയാം. എനിക്കാകെ വീർപ്പ് മുട്ടുവാ. മറ്റുള്ളോർക്കും. ഇനി ആ രഹസ്യങ്ങൾ. ഞങ്ങൾ കൂടി ഒന്നറിയട്ടെ. പ്ലീസ്!"
ലത്തീഫും രാഹുലും പരസ്പ്പരം നോക്കി.
പിന്നെ ദിവ്യയുടെ മുഖത്തേക്കും.
"അനുമാനങ്ങളും അഭ്യൂഹങ്ങളും മാത്രമേ ഞങ്ങളുടെ കൈയിലുള്ളൂ ദിവ്യേ,"
രാഹുൽ പറഞ്ഞു.
"പക്ഷെ..ഇപ്പ നടക്കുന്ന ഓരോ കാര്യങ്ങൾ ...അതൊക്കെ ആ അനുമാനങ്ങളെ ശരിവേക്കുന്നില്ലേ, സർ?"
സിദ്ധാർത്ഥൻ രാഹുലിനെ നോക്കി.
"സാർ, ഈഫ് യൂ ഡോണ്ട് മൈൻഡ്.."
പ്രിയങ്ക രാഹുലിനെ നോക്കി.
"...എന്തൊക്കെയാണ് ആ അനുമാനങ്ങൾ...? അഭ്യൂഹങ്ങൾ...?"
രാഹുൽ ലത്തീഫിനെ നോക്കി.
"ജയകൃഷ്ണന്റെ ഭാഗത്ത് നിന്ന് ദിവ്യയുടെ നേരെ വധാശ്രമമുണ്ടായി,"
ലത്തീഫ് പറഞ്ഞു.
"ഒന്നിലേറെത്തവണ. പിന്നെ ഈ അടുത്ത കാലത്തായി നമുക്ക് അറിയില്ലാത്ത ആളുകളുടെ ഭാഗത്ത് നിന്നും. അപ്പോൾ ഒരു കാര്യം എനിക്ക് തീർച്ചയായി. തമ്പുരാന് മറ്റൊരു മകനോ മകളോ ഉണ്ടെന്ന്. ദിവ്യയെക്കൂടാതെ. ഞാനോ നിങ്ങളോ കാണാത്ത, അറിയാത്ത ഒരാൾ! ദിവ്യപോലും അറിയാത്ത ഒരു ബ്രദർ അല്ലെങ്കിൽ സിസ്റ്റർ..."
ജീപ്പ് കയറ്റം കയറിക്കൊണ്ടിരുന്നു.
തണുപ്പിന്റെ കാഠിന്യം വർദ്ധിച്ചു.
എങ്കിലും തങ്ങൾ അഭിമുഖീകരിക്കാൻ പോകുന്ന സാഹസിക രംഗങ്ങളെക്കുറിച്ചുള്ള ആവേശത്തിന്റെ ചൂട് അവരിൽ വർദ്ധിച്ചുകൊണ്ടിരുന്നു.
"ഒന്നര വർഷങ്ങൾക്ക് മുമ്പ്...."
ലത്തീഫ് തുടർന്നു.
"അതായത് രണ്ടായിരത്തി പതിനാറ് നവംബർ പതിനേഴ്...ദിവ്യ ഡെഡ് ലി പോയിസൺ അകത്ത് ചെന്ന് ഹോസ്പിറ്റലിലാവുന്നു. രണ്ടായിരത്തി പതിനേഴ് ജനുവരി പതിനാല്...എക്സ്കർഷന്റെയിടയിൽ ദിവ്യ കയറിയ ബോട്ടിന് അപകടം പറ്റുന്നു. രണ്ടായിരത്തി പതിനെട്ട് ജനുവരി ഇരുപത്തിയെട്ട്...ജയകൃഷ്ണനും ക്രിസ്റ്റഫറും ഗാങ്ങും ദിവ്യയെ ആക്രമിക്കാൻ ശ്രമിക്കുന്നു. രണ്ടായിരത്തി പതിനേഴ് മാർച്ച് എട്ട്....വീണ്ടും ക്രിസ്റ്റഫറും ഗാങ്ങും ദിവ്യയെ മെട്രോപ്പോലിറ്റൻ ക്ലബ്ബിലെ സ്റ്റോർ റൂമിൽ പൂട്ടിയിടുന്നു. പിന്നെ രണ്ടാഴ്ച്ച മുമ്പ് രണ്ടായിരത്തി പതിനെട്ട് മെയ് പതിനേഴ്....രാത്രിയിൽ കോബ്രാഹിൽസിൽ വെച്ച് ദിവ്യയ്ക്ക് വെടിയേൽക്കുന്നു....ഇന്നലെ ജൂൺ രണ്ട്....ദിവ്യയുടെ ജാഗ്വാറിൽ ബോംബ് വെയ്ക്കപ്പെടുന്നു..."

മാസങ്ങളും തീയതികളും കൃത്യമായി ഓർത്ത് ലത്തീഫ് വിവരണം തുടർന്നപ്പോൾ കൂട്ടുകാർക്ക് അമ്പരപ്പ് നിയന്ത്രിക്കാൻ സാധിച്ചില്ല.
"ലത്തീഫ് ദാദാ...!!"
അവിശ്വസനീയതയോടെ, വികാരഭരിതമായ സ്വരത്തിൽ ദിവ്യ വിളിച്ചു.
അവൾ അവന്റെ തോളിൽ പിടിച്ചു.
“എന്താ ദിവ്യേ?”
ലത്തീഫ് അവളെ നോക്കി.
“ഇതൊക്കെ ഇത്ര കൃത്യമായി...! ഡേറ്റുകൾ പോലും ഓർത്ത്....!”
അവനിൽ പ്രത്യേകിച്ച് ഭാവമാറ്റമൊന്നുമുണ്ടായില്ല.
“നിങ്ങൾ എന്നെ ലീഡർ എന്ന് വിളിക്കുന്നു,”
അവൻ പറഞ്ഞു.
“ഒരു ലീഡർക്ക് തന്റെ ഏറ്റവുമടുത്തസുഹൃത്തുക്കളെക്കുറിച്ച് പോലുമൊന്നുമറിയില്ലെങ്കിൽപ്പിന്നെ അയാൾ എന്ത് ലീഡറാണ്?”
ഗാഢമായ സ്നേഹത്തിന്റെ സ്പർശം അവർക്ക് അനുഭവപ്പെട്ടു.
അവർ ആരാധനയോടെ ലത്തീഫിനെ നോക്കി.
“ഈ ഡേറ്റുകൾക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്,”
സിദ്ധാർത്ഥൻ ചിരിച്ചു.
കൂട്ടുകാർ അവനെ നോക്കി.
“അപ്പോഴൊക്കെയാണ് ജനറൽ ഹോസ്പിറ്റലിലെ ഡോക്റ്റർമാർക്കും നേഴ്സുമാർക്കും അവര്ടൈം പണി ചെയ്യേണ്ടി വന്നിട്ടുള്ളത്. പ്രത്യേകിച്ചും ഓർത്തോപീഡിയാട്രിക്സ്, ഡെന്റൽ എന്നീ ഡിപ്പാറ്റ്മെന്റ്കളിലെ...”
കേൾവിക്കാർക്ക് സിദ്ധാർത്ഥൻ എന്താണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായില്ല.
“ഭാഗ്യവശാൽ ആതുരശുശ്രൂഷ എനിക്കും കിട്ടി,”
സിദ്ധാർത്ഥൻ തുടർന്നു.
“കാരണം ലത്തീഫ് ദാദാ ഇപ്പം പറഞ്ഞ ഡേറ്റുകളിൽ നടന്ന ഒപ്പറേഷനുകളിൽ ചിലതിൽ ഞാനും പങ്കെടുത്തിട്ടുണ്ട്,”
കൂട്ടുകാർക്ക് കാര്യം മനസ്സിലായി.
“അതെന്താ ഭാഗ്യവശാൽ എന്ന് പറഞ്ഞത്?”
പ്രിയങ്ക ചോദിച്ചു.
“അന്ന് അങ്ങിനെയൊക്കെ സംഭവിച്ചില്ലായിരുന്നെങ്കിൽ ഈ ഭാഗ്യം എനിക്ക് കിട്ടുമായിരുന്നോ? ഇതുപോലെയുള്ള കൂട്ടുകാരെ ....പിന്നെ..”
അവൻ റോസ്‌ലിനെ നോക്കി.
അവളുടെ മുഖത്ത് മനോഹരമായ ഒരു നാണം തളിർക്കുന്നത് കൂട്ടുകാർ കണ്ടു.
“എനിക്ക് ഡേറ്റുകളും മാസങ്ങളും ....ജീവിതവും ഒക്കെ ഇങ്ങനെ കൂട്ടിത്തന്നത് നിങ്ങളോക്കെയാ ലത്തീഫ് ദാദാ...”
കൃതജ്ഞത നിറഞ്ഞ മിഴികളോടെ അവൾ അവനെ നോക്കി.

ലത്തീഫ് ചുവന്ന ചരട് കെട്ടിയ തന്റെ കൈത്തലം അവളുടെ മുഖത്തിന് കണ്ണുകൾക്ക് മുമ്പിലുയർത്തി.
"നീയീ രാഖിച്ചരട് എന്റെ കൈയ്യിൽ കെട്ടാൻ തുടങ്ങീട്ട് എത്ര വർഷമായി?"
എല്ലാവരും അവനെ നോക്കി.
കൌതുകത്തോടെ രാഹുലും.
"അതിപ്പോ ...കുഞ്ഞിലേ മുതൽ ...എനിക്ക് ഓർമ്മയുള്ളപ്പോൾ മുതൽ..."
അവൾ ഓർക്കാൻ ശ്രമിച്ചു.
രാത്രിയുടെ ഗാഡതമസ്സ്.
നിഗൂഡതയും സാഹസികതയും മരണവും ഒളിപ്പിച്ച് തങ്ങളെ കാത്തിരിക്കുന്ന ലക്ഷ്യസ്ഥാനം.
സംഘത്തിന്റെ ആവേശം അവയിൽ നിന്ന് പിൻവാങ്ങി ലത്തീഫിന്റെ വാക്കുകൾക്ക് ചുറ്റും കറങ്ങി.
"സുൽത്താൻ മുഹമ്മദ് ഗോറിയുടെ ആദ്യത്തെ ഇന്ത്യൻ യാത്രയിൽ ഒരു പുരോഹിത കുടുംബവും അയാളോടൊപ്പമുണ്ടായിരുന്നു..."
ലത്തീഫ് ആ ബന്ധത്തിന്റെ ആഖ്യാനം തുടങ്ങി.
"പുരോഹിതന്റെ പേര് സയ്യദ് അലാവുദ്ദീൻ ഷെരീഫ്. സോമനാഥ ക്ഷേത്രത്തിന്റെ പരിസരത്ത് തമ്പടിച്ചു സുൽത്താൻ. പുരോഹിതൻ സയ്യദ് അലാവുദ്ദീൻ ഷെരീഫ് സോമനാഥ ക്ഷേത്രത്തിന്റെ പ്രധാന പൂജാരി ജയദേവ് ശർമ്മയുമായി സൌഹൃദത്തിലായി. ഒരു മഹാ സൗഹൃദം. ആ ബന്ധം പുരോഹിതന്റെ കാഴ്ച്ചപ്പാടുകളെ മാറ്റി മറിച്ചു. ഇന്ത്യയും സോമനാഥ ക്ഷേത്ര പരിസരവും അചേതനമായ പാറക്കഷണത്തിൽപ്പോലും ഈശ്വരന്റെ മഹാതേജസ്സ് കാണുവാൻ മനുഷ്യരെ പ്രാപ്തരാക്കുന്ന ഒരു മഹാ സംസ്ക്കാരവും പുരോഹിതൻ സയ്യദ് അലാവുദ്ദീനെ വിസ്മയിപ്പിച്ചു...."
രാഹുൽ താൽപ്പര്യത്തോടെ ലത്തീഫിന്റെ വാക്കുകൾ കേൾക്കുന്നത് ദിവ്യ ശ്രദ്ധിച്ചു.
"ഒരു ദിവസം പുരോഹിതൻ സുൽത്താനെ മുഖം കാണിച്ച് പറഞ്ഞു: "ഇന്ത്യയെ ആക്രമിക്കാനുള്ള പദ്ധതി ഉപേക്ഷിക്കുക." സോമനാഥ ക്ഷേത്രത്തിലെ അളവറ്റ സമ്പത്ത് കൊള്ളയടിക്കാൻ വന്ന സുൽത്താൻ പൊട്ടിച്ചിരിച്ചു. കൊലച്ചിരി. കൊള്ള ഫലവത്തായി നടക്കണമെങ്കിൽ ക്ഷേത്രത്തിലെ പ്രധാന പൂജാരിയെ വധിക്കണമെന്ന് മന്ത്രവാദികൾ സുൽത്താനെ അറിയിചിട്ടുണ്ടായിരുന്നു. പിറ്റേ ദിവസം തന്നെ പ്രധാന പൂജാരി ജയദേവ് ശർമ്മയെയും കുടുംബത്തെയും വകവരുത്തി ക്ഷേത്ര സമ്പത്ത് കൊള്ളയടിക്കാൻ സുൽത്താൻ പദ്ധതിയിട്ടിരിക്കയാണ്. പുരോഹിതൻ സയ്യദ് അലാവുദ്ദീന്റെ ഉപദേശങ്ങളോ അഭ്യർഥനകളോ സുൽത്താൻ ചെവിക്കൊണ്ടില്ല..."
ജീപ്പ് മലകയറിക്കൊണ്ടിരുന്നു.
കാറ്റടങ്ങി.
വന നിഗൂഡതകളിൽ നിന്ന് നിശാചര ജീവികളുടെ ശബ്ദവും ഇപ്പോൾ കേൾക്കാനില്ല.

"അന്ന് വൈകുന്നേരം അവസാനമായി പുരോഹിതൻ സയ്യദ് അലാവുദ്ദീൻ ഷെറീഫ് ജയദേവ് ശർമ്മ എന്ന സോമനാഥ ക്ഷേത്രത്തിലെ പ്രധാന പൂജാരിയെ കാണുവാൻ ചെന്നു. സുൽത്താന്റെ ആക്രമണ പദ്ധതിയെപ്പറ്റി പുരോഹിതൻ പൂജാരിയെ അറിയിച്ചു. മന്ത്രവാദികളുടെ ഉപദേശമനുസരിച്ച് അയാൾ പൂജാരിയേയും കുടുംബത്തേയും വധിക്കുവാൻ തയ്യാറെടുക്കുന്നു എന്ന് അദ്ദേഹം ജയദേവ് ശർമ്മയെ അറിയിച്ചു. പ്രാണരക്ഷയ്ക്ക് വേണ്ടി സുരക്ഷിതമായ ഒരിടത്തേക്ക് ഓടിപ്പോകുവാൻ സയ്യിദ് അലാവുദ്ദീൻ ഷെറീഫ് അദ്ധേഹത്തോട് ആവശ്യപ്പെട്ടു....."
ലത്തീഫ് ഒന്ന് നിർത്തി കൂട്ടുകാരുടെ മുഖത്തേക്ക് നോക്കി.
"...തന്റെ കൂടാരത്തിൽ തിരിച്ചെത്തിയ പുരോഹിതൻ കാണുന്നത് ഭയഭീതരായ കുടുംബാംഗങ്ങളെയാണ്..."
കൂട്ടുകാരുടെ മുഖങ്ങൾ ആകാംക്ഷാഭരിതമാകുന്നത് ലത്തീഫ് കണ്ടു.
"സോമനാഥ ക്ഷേത്രത്തിലെ പൂജാരിയെക്കാണാൻ പോയത് സുൽത്താൻ അറിഞ്ഞിരിക്കുന്നു. പുരോഹിതൻ തിരിച്ചെത്തിക്കഴിഞ്ഞാൽ തലവെട്ടാൻ കൽപ്പന കൊടുത്തിരിക്കുകയാണ്..."
മഞ്ഞിന്റെ കാഠിന്യവും തണുപ്പും അറിയാതെ കൂട്ടുകാർ ലത്തീഫിന്റെ ആഖ്യാനം കേട്ടിരുന്നു.
"ആ നിമിഷം തന്നെ ഉള്ളതെല്ലാം കെട്ടിപ്പെറുക്കി തങ്ങളുടെ കുതിരകളുടെമേൽ പുരോഹിതനും കുടുംബവും വിശ്വസ്ഥരായ അടിമകളും കൂടാരം വിട്ടിറങ്ങി..."
ലത്തീഫ് തുടർന്നു.
"രാജകോപം ഭയന്ന് അവർ പലായനം തുടർന്നു. ദിവസങ്ങളോളം, മാസങ്ങളോളം...രാജകൽപ്പന ശിരസ്സാ വഹിച്ച് തങ്ങളുടെ ജീവനുവേണ്ടി ദാഹിച്ച് സുൽത്താന്റെ കിങ്കരന്മാർ ഏത് നിമിഷവും തങ്ങളുടെ പിന്നാലെയെത്തുമെന്ന് അവർ അറിഞ്ഞിരുന്നു. ഗംഗാതടത്തിൽ നിന്ന് അവർ മാൾവയിലേക്ക് കടന്നു.പിന്നെ വിദർഭയിലേക്ക്. വിജയനഗരം...തഞ്ചാവൂർ...അവസാനം സഹ്യാദ്രിയുടെ നാട്ടിലെ മുഴുവൻ രാജാവായ സൂര്യ വംശത്തിലെ രാഘവേന്ദ്ര വർമ്മയുടെ കൊട്ടാരത്തിൽ അഭയാർഥികളായി അവർ എത്തി..."
കൂട്ടുകാരുടെ കണ്ണുകൾ വിടർന്നു.
അവർ ദിവ്യയെ അദ്ഭുതത്തോടെ നോക്കി.
അവർ ആ ചരിത്രം അറിഞ്ഞിരുന്നില്ല.
"സംഗീതത്തെയും കലകളെയും തത്വചിന്തയേയും പ്രോത്സാഹിപ്പിച്ചിരുന്ന രാജവേന്ദ്ര വർമ്മ രാജാവ് അവർക്ക് അഭയം കൊടുത്തു..."
ലത്തീഫ് പുരാവൃത്തത്തിന്റെ അവസാനഭാഗത്തേക്ക് കടന്നു.
"...നികുതിയിളവോടെ ഫലഭൂയിഷ്ഠമായ ഭൂമി കൽപ്പിച്ച് പതിച്ചു നൽകി. പള്ളി പണിത് നൽകി. രാജ്യത്തിലെ സാംസ്ക്കാരിക വിഭാഗത്തിന്റെ മന്ത്രിയായി സംഗീതജ്ഞനും തത്വചിന്തകനുമായ സയ്യിദ് അലാവുദ്ദീൻ ഷെരീഫിനെ നിയമിച്ചു. മഹാപണ്ഡിതനായ സയ്യദ് തന്റെ കൈത്തണ്ടയിൽ ആദ്യമായി രാഖി ബന്ധിച്ചു. മഹാരാജാവ് രാഘവേന്ദ്രവർമ്മത്തമ്പുരാന്റെ ധർമ്മപത്നി

ആര്യാദേവിത്തമ്പുരാട്ടി അങ്ങനെ അദ്ധേഹത്തിന്റെ സഹോദരിയായി....അന്നു തുടങ്ങി ദിവ്യേ, പൊയ്ത്തുംകടവ് മുസ്ലീം കുടുമ്പം സൂര്യ വംശരാജാക്കന്മാരുടെ ദാസൻമാരാണ്....കൽപ്പികാതെതന്നെ ജീവൻ പറിച്ച് കാൽച്ചുവട്ടിൽ വെക്കാൻ കടപ്പെട്ടവരാണ്..."

കൂട്ടുകാർ ആവേശഭരിതരായി.

ദിവ്യ ആ ചരിത്രം അറിഞ്ഞിരുന്നു.

അവളുടെ വളരെച്ചെറുപ്പത്തിൽ ലത്തീഫിന്റെ വപ്പച്ചി സയ്യദ് അബ്ദുൽ റഹ്മാൻ ആ കഥ അവൾക്ക് പറഞ്ഞുകൊടുത്തിരുന്നു.

ദിവ്യാ ഗ്രൂപ്പ് ഇൻഡസ്ട്രീസിലേ ഒരു എക്സിക്യൂട്ടീവ് ആണ് അദ്ദേഹം.

"അതൊക്കെ പോകട്ടെ,"

ലത്തീഫ് ചരിത്രത്തിൽ നിന്ന് തിരികെയെത്തി.

"കൂടുതൽ അറിയേണ്ടവർ കാശ് കൊടുത്ത് പുസ്തകം വാങ്ങി മതി. പിന്നെ ഞാൻ മുമ്പ് സൂചിപ്പിച്ച സംഭവങ്ങളുണ്ടല്ലോ, ദിവ്യയുടെ നേർക്ക് ...ആ ആറു വ്യത്യസ്ത വധശ്രമങ്ങൾ.....അവയുടെയൊക്കെ മോട്ടിവേഷൻ...ഒന്നാണ് അത്. ദേ ആൾ മൂവ് എറൌണ്ട് എ കോമൺ മോട്ടിവേഷൻ...അതിന്റെ പിമ്പിൽ ആരായാലും. സമ്പത്താണ് അവരുടെ ലക്ഷ്യം. സൂര്യ വംശത്തിന്റെ സ്വത്ത്...ദിവ്യക്ക് പൈതൃകമായി ലഭിക്കുന്ന സ്വത്ത്...ദിവ്യാ ഗ്രൂപ്പ് ഇൻഡസ്ട്രീസ്...എസ്റ്റേറ്റുകൾ...കൊട്ടാരത്തിലെ കലാ സാമഗ്രികൾ...വില തീരാത്ത ഈ സമ്പത്ത് ദിവ്യയെക്കൂടാതെ ലഭിക്കുന്നത് ദിവ്യയെക്കൂടാതെ മറ്റ് രണ്ടു തരത്തിലുള്ള ആളുകൾക്ക് മാത്രമാണ്..."

ഒരു മലയുടെ മുകളിൽ നിന്ന് ജീപ്പ് താഴേക്കിറങ്ങി.

"ഇനി അടുത്തത് ഹനുമാൻ കുന്ന്,"

ദിവ്യ പറഞ്ഞു.

കോബ്രാഹിൽസിലേ ഓരോ മലയുടേയും പേര് അവൾക്ക് ഹൃദിസ്ഥമാണ്.

"ആ രണ്ടുപേർ ഇവരാണ്..."

ലത്തീഫ് തുടർന്നു.

"ദിവ്യയുടെ ഭർത്താവ്. അല്ലെങ്കിൽ ദിവ്യയുടെ സ്വന്തം പിതാവിൽ നിന്ന് ജനിച്ച മറ്റ് സഹോദരൻ അല്ലെങ്കിൽ സഹോദരി...സിദ്ധാർത്ഥന് നേരെയുള്ള വധശ്രമത്തോടെ ജയകൃഷ്ണനല്ല ആ അജ്ഞാതൻ എന്ന് വ്യക്തമായി...ജയകൃഷ്ണന് മാത്രം അറിയാവുന്ന ഒരാൾ. ദിവ്യയുമായി വിവാഹബന്ധത്തിന് ശ്രമിക്കാൻ പറ്റാത്തയാൾ. എങ്കിൽ അയാൾ തീർച്ചയായും സഹോദരനോ സഹോദരിയോ ആയിരിക്കും...സഹോദരി എന്ന ആശയം ഞാൻ പൂർണ്ണമായും തള്ളിക്കളഞ്ഞു..."

"പക്ഷെ ലത്തീഫ് ദാദാ, ഒരു സംശയം,"

രാജു ചോദിച്ചു.

"ഈ കഥയിൽ ദിവ്യയുടെ മറ്റൊരു സഹോദരന്റെ റോൾ എന്തിന് സംശയിക്കണം? ദിവ്യയ്ക്ക് ശേഷം സ്വത്തെല്ലാം മറ്റ് ബന്ധുക്കൾക്ക്കൂടി അവകാശപ്പെടാവുന്നതല്ലേ? ഉദാഹരണത്തിന് തമ്പുരാന്റെ അങ്കിളിന്റെ അനിയൻ രവി വർമ്മ രാജ .

അദ്ധേഹത്തിന്റെ അനുജൻ ഡെല്ലിയിൽ ബിസിനെസ് ചെയ്യുന്ന വിഷ്ണു വർമ്മ, പിന്നെ മറ്റൊരു അടുത്ത ബന്ധു അമേരിക്കയിലെ പ്രോഫസ്സർ സാവിത്രി ദേവി..."
കൂട്ടുകാർ ലത്തീഫിനെ ഉറ്റുനോക്കി.
"അത് ഞാനും ചിന്തിച്ചിരുന്നു..."
ലത്തീഫ് പറഞ്ഞു.
"പക്ഷെ ഒരു കാര്യം ശ്രദ്ധിക്കണം...തമ്പുരാന്റെ ജനറൽ മാനേജർ രോഹിതിന്റെ മരണശേഷമാണ് ദിവ്യയുടെ നേർക്ക് ഞാൻ പറഞ്ഞ ആറു വധശ്രമങ്ങള്മുണ്ടാകുന്നത്. അതായത് ഏകദേശം ഒന്നര വർഷങ്ങൾക്ക് മുന്പ്, ഏകദേശം...ദിവ്യയുടെ ജനനം മുതൽ പതിനഞ്ച് പതിനാറ് വർഷങ്ങളോളം സൽസ്വഭാവികളായി ജീവിച്ചിട്ട് പെട്ടെന്ന് ..ഒന്നര വർഷം മുമ്പ് മുതൽ അവരെല്ലാവരും ഒരുമിച്ച് ദുഷ്ടൻമാരായിതീർന്നു എന്ന് കരുതുന്നത് ഇറാഷണൽ ആണ്. മാത്രമല്ല ദിവ്യയുടെ നേർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ സംഭവങ്ങളിൽ അവർക്കെല്ലാം ജെനുവിനായി ദുഖമുണ്ടെന്നും ഞാൻ മനസ്സിലാക്കി.."
"രവി അങ്കിളും വിഷ്ണു അങ്കിളുമാണ് മമ്മീടെ അടുത്ത് എപ്പോഴും യജ്ഞത്തിന്റെ കാര്യം പറഞ്ഞുകൊണ്ടിരുന്നത്...ഡാഡി കമ്മ്യൂണിസ്റ്റാ..നീയാ ഉത്സാഹിക്കേണ്ടത് എന്ന് സാവിത്രി ആന്റിയും ഒരിക്കൽ മമ്മിയോടു പറയുന്നത് കേട്ടിട്ടുണ്ട്..."
ദിവ്യ ഓർമ്മിപ്പിച്ചു.
"അതിനി എന്തിനാ പറയുന്നെ?"
ഫെലിക്സ് ചിരിച്ചു.
"വില്ലൻ ചന്തുമേനോന്റെ വകേലെ അളിയന്റെ മച്ചമ്പി വിനോദ് മേനോൻ ആണെന്ന് മനസിലായില്ലേ?"
"സിദ്ധാർത്ഥൻ ജയകൃഷ്ണനിൽ നിന്ന് അകന്ന ശേഷം കാര്യങ്ങളുടെ കിടപ്പ് കൂടുതൽ വ്യക്തമായി,"
ലത്തീഫ് തുടർന്നു.
"അതായത് ജയകൃഷ്ണന് ഒരു ബോസ്സ് ഉണ്ട്. നരിമറ്റം വർക്കിയെക്കൂടാതെ. അയാൾ ആണ് ദിവ്യയെ അപകടപ്പെടുത്താൻ ശ്രമിക്കുന്നത്. അയാൾ തന്നെയാണ് കോബ്രാഹിൽസിലേ നിധിയുടെ പിന്നാലെയും. ഞെട്ടിപ്പിക്കുന്ന കാര്യം അയാൾ ദിവ്യയുടെ സഹോദരനുമാണ്. അതിനു ശേഷം ഞാൻ രണ്ടാഴ്ച്ച ഉറങ്ങിയിട്ടില്ല. കൊലപാതകങ്ങൾ അടക്കമുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നവർ പരസ്പ്പരം കണ്ടുമുട്ടാതിരിക്കില എന്ന് ഞാൻ തീർച്ചപ്പെടുത്തി. ഞാൻ നിങ്ങളോട് പോലും മറച്ച് വെച്ച് നഗരത്തിന്റെ രഹസ്യാത്മക ഭാഗങ്ങളിൽ കറങ്ങി. കേ കേ കൺസ്ട്രക്ഷൻസിന്റെ പണി തീരാത്ത കെട്ടിടങ്ങൾ എന്റെ ശ്രദ്ധയാകർഷിച്ചു. ഒരു സ്ലേറ്റ് കളർ ഹ്യൂണ്ടായി അവിടെ പലപ്പോഴും എത്തിച്ചേരാറുണ്ട് എന്ന് എനിക്ക് വിവരം കിട്ടി. വിനോദ് മേനോന്റെ കാറിന്റെ നിറം എനിക്കോർമ്മ വന്നു. അയാൾ ശാന്തിപുരത്ത് വന്ന സമയം ഞാൻ കണക്ക്കൂട്ടി. ജയകൃഷ്ണുമായി വഴക്കുണ്ടായ ദിവസം ഈ കാട്ടിൽ നിന്ന് അയാൾ ഇറങ്ങിവന്നത് ഞാൻ ഓർത്തു. എങ്കിലും വിനോദ് മേനോൻ ദിവ്യയുടെ സഹോദരനായിരിക്കുമെന്നോ അയാൾക്ക് ഈ

സംഭവങ്ങളുമായി ബന്ധമുണ്ടാവുമെന്നോ വിശ്വസിക്കാൻ എനിക്കായില്ല. കേ കേ കൺസ്ട്രക്ഷൻസിന്റെ കെട്ടിടങ്ങളിലോന്നിൽ ഒരു രാത്രി രണ്ടുമണിക്ക് വിനോദ് മേനോനെയും ജയകൃഷ്ണനെയും ഒരുമിച്ച് സ്വന്തം കണ്ണുകൾകൊണ്ട് ഞാൻ കാണുന്നത് വരെ..."

"ഓ..! ഗോഡ്.."

"അമ്മേ..."

"റിയലി...??

കൂട്ടുകാരുടെ കണ്ണുകൾ അദ്ഭുതം കൊണ്ട് വിടർന്നു.

"ലത്തീഫ് ദാദാ...!"

ദിവ്യ അവന്റെ കയ്യിൽ മുറുക്കെപ്പിടിച്ചു.

"അതേ മോളെ,"

അവളെ നോക്കി പുഞ്ചിരിച്ചുകൊണ്ട് ലത്തീഫ് പറഞ്ഞു.

ലത്തീഫ് പുഞ്ചിരിക്കുന്നത് അപൂർവ്വമാണ്.

"ഞാനവരെ കണ്ടു!"

ലത്തീഫ് ആ രംഗം വീണ്ടും മുമ്പിൽ കണ്ടത് പോലെ പറഞ്ഞു.

"യൂ കോൺറ്റ് ഗസ് ഹൌ ഐ ഫെൽറ്റ്! ദേഹം വിറഞ്ഞു തരിച്ച് കയറി...! തമ്പുരാന്റെ നിഴൽ പോലെ കൂടെ നടന്ന്...കുടുംബത്തിലെ ഏറ്റവും അടുപ്പമുള്ള അംഗമായി മാറിയിട്ട്...ദ ബ്ലഡി ചീറ്റ്...! അവിടെ രാത്രിയിൽ തെരുവ് വേശ്യകളും വ്യാജമദ്യവാറ്റുകാരും ചൂതാട്ടക്കാരും നിയമത്തെയോ ഭരണകൂടത്തെയോ വിഹരിക്കുന്ന ആ കെട്ടിടത്തിൽ...ഇരുട്ടിന്റെ മറവിൽ ജയകൃഷ്ണൻ എന്ന തന്തയ്ക്ക് പിറക്കാത്തവനുമായി അവൻ കൂട്ടുകൂടുന്നു .... നമ്മുടെ ചങ്കിന്റെ ചങ്കായ ഈ നാടിന്റെ വിളക്കായ, മനസ്സിൽ ഈശ്വരൻ മാത്രമുള്ള സൂര്യവംശത്തിന്റെ നക്ഷത്രക്കുട്ടി...ദിവ്യയെ കൊല്ലാനുള്ള തന്ത്രങ്ങൾ മെനയുന്നു...."

കേൾവിക്കാർ വീർപ്പടക്കി ലത്തീഫിന്റെ വാക്കുകൾ കേട്ടു.

ലത്തീഫിന്റെ വാക്കുകൾ ദിവ്യയെ സ്പർശിച്ചു.

അവൾ അവന്റെ തോളിൽ ശിരസ്സ് ചേർത്തു.

ലത്തീഫ് അതിരില്ലാത്ത വാത്സല്യത്തോടെ അവളെ ചേർത്ത് പിടിച്ചു.

"അവന്റെ ചങ്കിൻകൂട് അടിച്ച് പരത്താൻ എന്റെ കൈ തരിച്ചു,"

ലത്തീഫ് തുടർന്നു.

" പക്ഷെ ഞാൻ നിയന്ത്രിച്ചു. അവൻ എവിടെ വരെ പോകുമെന്ന് എനിക്കറിയണം. അവന്റെ രഹസ്യങ്ങൾ മുഴുവനും എനിക്കറിയണം. അങ്ങിനെയൊക്കെ ഓർത്ത് ഞാൻ ഒരു വിധത്തിൽ കണ്ട്രോൾ ചെയ്തു. പക്ഷെ വീണ്ടും അവന്റെ നേരെ നോക്കിയപ്പോൾ നിയന്ത്രിച്ച കലിപ്പെല്ലാം പിന്നെയും പൊങ്ങിവന്നു. നിലത്ത് കിടന്ന ഒരു ഇരുമ്പ് വടി ഒച്ചകേൾപ്പിക്കാതെ ഞാനെടുത്തു. അവരുടെ നേരെ സകല കലിപ്പുമെടുത്ത് ഞാൻ ചുവട് വെച്ചു. അപ്പോഴാണ്..."

ലത്തീഫ് ഒന്ന് നിർത്തി.

കൂട്ടുകാരുടെ ശ്വാസമടക്കിപ്പിടിച്ച നോട്ടങ്ങളിലേക്ക് കണ്ണുകൾ നട്ടു.
"അപ്പോൾ...?"
അസഹ്യമായ ആകാംക്ഷയോടെ ഷെറിൻ ചോദിച്ചു.
"...അപ്പോൾ ഇരുട്ടിൽ നിന്ന്....ഇരുട്ടിന്റെ മറവിൽ നിന്ന് ഒരു കൈത്തലം എന്റെ തോളിൽ അമർന്നു...!"
"ലത്തീഫ് ദാദാ...!!"
കൂട്ടുകാർ ഒന്നടങ്കം വിളിച്ചു.
"ആര്? ആരായിരുന്നു?"
അവർ ചോദിച്ചു.
"ഞാൻ ഞെട്ടിത്തി രിഞ്ഞു നോക്കി...കണ്ടു..."
"ആരെ? ലത്തീഫ് ദാദാ..പ്ലീസ് ടെൻഷനടിപ്പിക്കാതെ..."
പ്രിയങ്ക പറഞ്ഞു.
"ആരാരുന്നു?"
ലത്തീഫ് എല്ലാവരെയും നോക്കി.
അവസാനം അവന്റെ കണ്ണുകൾ ടിവിയിൽ തറഞ്ഞു.
"ഈ കഥയിലെ റിയൽ ഹീറോ!"
അവൻ സാവധാനം പറഞ്ഞു.
"എന്നെക്കാൾ മുമ്പേ വില്ലനെ തിരിച്ചറിഞ്ഞവൻ! എന്നെക്കാൾ ഇരട്ടി ആവേശത്തോടെ വില്ലന്റെ പിന്നാലെ അലയുന്നവൻ! സൂര്യവംശത്തിലേ അടുത്ത രാജകുമാരൻ..."
ലത്തീഫിന്റെ കൈത്തലം രാഹുലിന്റെ തോളിൽ അമർന്നു.
"ആൻഡ് ദാറ്റീസ്..."
കാര്യം തിരിച്ചറിഞ്ഞ കൂട്ടുകാർ ആവേശത്തോടെ ശബ്ദമിട്ടു.
"രാഹുൽ നാരായണൻ സാർ!!!"
അവർ ഒന്നടങ്കം വിളിച്ചുപറഞ്ഞു.
"വൌ!!! ഹ്യൂയ്...വൌ!!!"
സംഘാംഗങ്ങൾക്കിടയിൽ നിന്ന് വിസ്മയത്തിന്റെ ആരവമുണർന്നു.
രാഹുൽ അവർക്ക് മുമ്പിൽ ഒരു വിസ്മയക്കാഴ്ച്ചയായി.
ആരാധനയും പ്രണയവും കത്തുന്ന മിഴികളോടെ ദിവ്യ അയാളെ നോക്കി.
"എന്നിട്ട്?'
അവൾ ചോദിച്ചു.
"ആദ്യം ഞാനൊന്നമ്പരന്നു,"
ലത്തീഫ് തുടർന്നു.
"രാഹുൽ സാറിനെ നമ്മൾ വില്ലൻമാരുടെ പട്ടികയിലാണല്ലോ പെടുത്തിയിരുന്നത്. സാറെന്നെ വിലക്കി. എന്നെ തടഞ്ഞു. ഇപ്പോൾ സ്വയം നിയന്ത്രിക്കുക. കുറച്ചുകൂടി കാത്തിരിക്കുക. അവരുടെ പദ്ധതികളുടെ അടിത്തട്ടുവരെ നാം അറിയണം എന്നൊക്കെ സാർ അന്ന് എന്നെപ്പറഞ്ഞു ബോധ്യപ്പെടുത്തി. ഈ കേസിൽ തന്റെ

താൽപ്പര്യമെന്താണ് എന്ന് സാർ അന്ന് എന്നോട് തുറന്നു പറഞ്ഞു. ജയകൃഷ്ണൻ വെറും അൺഇംപോർട്ടന്റ് ഘടകം മാത്രമാണ് എന്ന് അദ്ദേഹം പറഞ്ഞു. കോബ്രാ ഹിൽസിലേ നിധിവേട്ട അടക്കമുള്ള എല്ലാ സെൻസിറ്റീവ് ഇഷ്യൂസിന്റെയും പിമ്പിൽ വിനോദ് മേനോൻ മാത്രമല്ല, നരിമറ്റം മാത്തച്ചൻ കൂടിയുണ്ട് എന്നും രാഹുൽ സാർ വെളിപ്പെടുത്തി. അതിനു ശേഷം സതീഷിനേയും മനോജിനെയും വിൻസെന്റിനേയും എപ്പോഴും വിനോദ് മേനോനെ നിരീക്ഷിക്കാൻ ഞാൻ നിയമിച്ചു. കാരണം അന്വേഷിക്കാതെ വിനോദ് മേനോന്റെ സകല മൂവ്മെന്റ്സും നിരീക്ഷണ വിധേയമാക്കി റിപ്പോർട്ട് ഞാൻ നിർദ്ദേശിച്ചു. അൽപ്പം പോലും പിഴവ് വരുത്താതെ ഹൺഡ്രഡ് പേർസെന്റും ഭംഗിയായി അവർ ആ ജോലി ചെയ്തു. അതിനൊരു ഉദാഹരണമാണ് ദിവ്യയുടെ കാറിൽ പ്ലാന്റ് ചെയ്ത ബോംബ്. അവരിൽ നിന്ന് കിട്ടിയ റിപ്പോർട്ട് ഞാൻ രാഹുൽ സാറിന് പാസ് ചെയ്യുകയായിരുന്നു. അവർക്ക് പുറമേ ഞാനും രാഹുൽ സാറും തമ്പുരാന്റെയും വിനോദ് മേനോന്റെയും പിന്നാലെയുണ്ടായിരുന്നു. ഞങ്ങൾ തമ്പുരാന്റെയും വിനോദ് മേനോന്റെയും ബോഡി ലാംഗ്വേജ് ശ്രദ്ധിച്ചു. തനിച്ച് കണ്ടുമുട്ടുമ്പോഴും സംസാരിക്കുമ്പോഴും ഒരു ഫാദർ - സൺ ടച്ച് അവരുടെ ബോഡി ലാംഗ്വേജിൽ ഞങ്ങൾ ശ്രദ്ധിച്ചു..."

"ലത്തീഫ് ദാദാ..."

റോസ്‌ലിൻ പെട്ടെന്ന് ഉച്ചത്തിൽ വിളിച്ചു.

"അതാ നിൽക്കുന്നു അവര്! സതീഷും വിൻസെന്റും മനോജും! ആ ഈട്ടിയുടെ അടുത്ത്. പാറേടെ ചുവട്ടിൽ!"

സംഘാംഗങ്ങൾ പ്രകാശവലയത്തിലൂടെ പുറത്തേക്ക് നോക്കി.

താഴെ പാതയുടെ ഓരത്ത് കാടിന്റെ ഉള്ളിലേക്ക് ചേർന്ന് കറുത്ത ജാക്കറ്റ് ധരിച്ച മൂന്ന് രൂപങ്ങൾ കാണായി.

സമീപത്ത് ബൈക്കുകളും.

ടോമി ജീപ്പ് അവരുടെയടുത്ത് നിർത്തി.

ലത്തീഫ് ഗ്ലാസ് താഴ്ത്തി പുറത്തേക്ക് തലയിട്ടു.

അവർ മൂവരും ഓടിവന്നു.

"എന്തായി?"

ലത്തീഫ് ചോദിച്ചു.

"എല്ലാരും എറങ്ങ്,"

സതീഷ് പറഞ്ഞു.

"ഇനി നടക്കണം. ഇതാ, ഇത് വഴിയാണവർ പോയത്!"

മൂവരും കാടിനുള്ളിലേക്ക് വിരൽ ചൂണ്ടി.

ശിഖരങ്ങൾ ചേർന്ന് പിണഞ്ഞ് തുരങ്കത്തിന്റെ ആകൃതിയിൽ ഒരു കാട്ടുപാത കാണപ്പെട്ടു.

"ഈശരാ!"

ദിവ്യ തലയിൽ കൈവെച്ചു.

“വീരചാമുണ്ഡന്റെ മലയിലേക്കോ?”
കൂട്ടുകാരും ഭയപ്പെട്ട് പരസ്പ്പരം നോക്കി.
ഗോത്ര വർഗ്ഗ വിശ്വാസമനുസരിച്ച് മന്ത്രവാദികളുടെ ദൈവം വീരചാമുണ്ഡനാണ് ആ മലയുടെ അധിപൻ.
അവിടെ അനവധി ഗുഹാക്ഷേത്രങ്ങളുണ്ട്.
ഓരോ ക്ഷേത്രത്തിന്റെയും മധ്യഭാഗത്ത് പരേതരായ ഗോത്രരാജാക്കന്മാരുടെ ശരീരങ്ങൾ "മമ്മി"കളായി സൂക്ഷിക്കുന്നു.
വിശ്വാസികളും പുരാവസ്തുശാസ്ത്രജ്ഞൻമാരും ഗവേഷകരും വിദ്യാർഥികളും അവിടെ സ്ഥിരമായി സന്ദർശിക്കാറുണ്ട്.
അവർ നിന്നിരുന്ന കാട്ടുപാതയിൽ നിന്ന് ഏകദേശം മൂന്ന് കിലോമീറ്ററെങ്കിലും മുകളിലേക്ക് നടക്കണം; മലമുകളിലെ ഗുഹാക്ഷേത്രങ്ങൾക്കരികിലെത്താൻ.
വനത്തിനു നടുവിലൂടെയുള്ള തുരങ്കത്തിന്റെ ആകൃതിയിലുള്ള കാട്ടുപാതയിലൂടെ രണ്ടു മണിക്കൂർ തുടർച്ചയായി നടക്കണം.
കാട്ടുപാതയ്ക്കിരുവശമുള്ള മരങ്ങളുടെ ശിഖരങ്ങൾ തമ്മിൽ പിണഞ്ഞ് വളഞ്ഞുനിന്നിരുന്നു.
"സാർ,"
ഡോർ തുറന്ന് പുറത്തിറങ്ങിക്കൊണ്ട് ലത്തീഫ് രാഹുലിനെ വിളിച്ചു.
"കുറഞ്ഞത് ഒന്ന് രണ്ട് മണിക്കൂറെങ്കിലും നടക്കണം...അതും കാടിനുനടുക്ക് ...ഇങ്ങനത്തെ വഴിക്കൊടെ...കുത്ത് കയറ്റമാണ്. നല്ല മഞ്ഞും കാറ്റും ഉണ്ട്. നടപ്പ് സാറിന് ഒരു പ്രശ്നമായേക്കും,"
"നെവർ!"
രാഹുൽ പറഞ്ഞു.
"ഞാനുമുണ്ട് അങ്ങ് വരെ,"
"ഞാനേതായാലും വരുന്നുണ്ട്,"
അവരോടൊപ്പം പുറത്തിറങ്ങിക്കൊണ്ട് ദിവ്യ പറഞ്ഞു.
"ഹിമാലയത്തിലേക്ക് ആണെങ്കിൽക്കൂടി,"
നാലഞ്ച് ടോർച്ചുകളുടെ പ്രകാശത്തിൽ ജയകൃഷ്ണന്റെ അനക്കമറ്റ ശരീരം അവർക്ക് മുമ്പിൽ കിടന്നു.
“ഹീയീസ് ഡെഡ്!”
ടോമി മന്ത്രിച്ചു.
അവൻ ചകിതമായ ഭാവത്തോടെ മുഖമുയർത്തി കൂട്ടുകാരെ നോക്കി.
രാഹുൽ ജയകൃഷ്ണന്റെ ശരീരത്തിന് മുമ്പിൽ കുനിഞ്ഞിരുന്നു.
കൈത്തണ്ടയിൽ പിടിച്ച് നാഡിമിടിപ്പ് പരിശോധിച്ചു.
പിന്നെ കുനിഞ്ഞ് നെഞ്ചിൽ ചെവി ചേർത്തു.
കണ്ണുകളടച്ച് ശ്വാസമില്ലാതെ കിടക്കുന്ന ജയകൃഷ്ണന്റെ വിറങ്ങലിച്ച ശരീരത്തിലേക്കും രാഹുലിന്റെ പ്രവർത്തികളിലേക്കും മറ്റുള്ളവർ മാറി മാറി നോക്കി.

“ലുക്ക്!”
പെട്ടെന്ന് ലത്തീഫ് ജയകൃഷ്ണന്റെ ഉപ്പൂറ്റിയിലേക്ക് വിരൽ ചൂണ്ടി.
അവിടെ ഒരു വലിയ മുറിപ്പാട് അവർ കണ്ടു.
രാഹുൽ ജയകൃഷ്ണന്റെ ജീൻസ് മുകളിലേക്ക് വലിച്ചുയർത്തി.
രണ്ടുമൂന്ന് മുറിപ്പാടുകൾ കൂടി അവർ അവന്റെ കാലുകളിൽ കണ്ടു.
ദിവ്യ കുനിഞ്ഞ് ജയകൃഷ്ണന്റെ മുറിവുകളിൽ മണത്ത് നോക്കി.
അവൾ മുഖമുയർത്തിയപ്പോൾ അവിടെ ആശ്ചര്യവും സംഭ്രമവും അവർ കണ്ടു.
“എന്താ ദിവ്യേ?”
രാഹുൽ ചോദിച്ചു.
“സാർ, ഇവനെ വിഷം തീണ്ടിയതാണ്!”
അവൾ പറഞ്ഞു.
“ഉഗ്രവിഷമുള്ള മൂർഖൻ! പലതവണ കടിച്ചു!!”
കൂട്ടുകാർ ഭയപ്പെട്ട് ചുറ്റുപാടുകൾ നോക്കി.
“എന്റെ ഗീവർഗ്ഗീസ് പുണ്യാളാ...!”
റോസ്‌ലിൻ ഭീതിയോടെ ചുറ്റും നോക്കിക്കൊണ്ട് പറഞ്ഞു.
“എന്നാ അടുത്ത് എവിടേലും വിനോദും കാണും,”
“അതെ!”
ചുറ്റുപാടുകൾ ശ്രദ്ധിച്ച്ചുകൊണ്ട് സതീഷും പറഞ്ഞു.
“രണ്ടും കൊടെ നിധി തേടിവന്നപ്പം കോബ്രാ കൊത്തി!”
“ജീവനുണ്ടോ?”
ആബിദ് ചോദിച്ചു.
ദിവ്യയും ജയകൃഷ്ണന്റെ പൾസും ഹൃദയമിടിപ്പും പരിശോധിച്ചു.
പക്ഷെ മുഖത്ത് നിരാശയാണ് അവർ കണ്ടത്.
“ഏതായാലും ഒരു നിമിഷം പോലും പാഴാക്കാതെ ആളെ സിറ്റിഹോസ്പ്പിറ്റലിൽ എത്തിക്കണം,”
വിൻസെന്റ് നിർദ്ദേശിച്ചു.
“ഇക്കാര്യത്തിൽ ദിവ്യയേക്കാൾ വലിയ ഡോക്റ്റർ ഇന്ത്യാ മഹാരാജ്യത്ത് ഇല്ല,”
മനോജ് പറഞ്ഞു.
ദിവ്യ എഴുന്നേറ്റു.
“ലത്തീഫ് ദാദാ,”
അവൾ വിളിച്ചു.
അവൻ അവളെ നോക്കി.
“സാറും കൂടി വാ,”
അവർ ഇരു വശത്തും നിന്ന ലത്തീഫിന്റെയും രാഹുലിന്റെയും കൈകളിൽ പിടിച്ചു.
“നിങ്ങൾ രണ്ടുപേരും എന്റെ കൂടെ വാ,”
അവർ കാടിനുള്ളിലേക്ക് കയറി.
“ഫെലിക്സേ,”

ലത്തീഫ് പെട്ടെന്ന് തിരിഞ്ഞു നിന്നു.
നീയും ആബിദും രാജുവും കൂടി ആ വിനോദിനെയും തിരയൂ. അവൻ അടുത്തെവിടെലും വീണുകിടപ്പുണ്ടാവും. കോബ്രാനെ പേടിയുണ്ടോ?"
"പേടിയൊക്കെ ഉണ്ട്,"
ആബിദ് ചിരിച്ചു.
"പക്ഷെ ഇവന്മാര് നിധികൊണ്ടോകാൻ വന്നതാന്ന് കോബ്രാ മനസ്സിലാക്കീങ്കിൽ നമ്മള് അതിനല്ലന്നു മനസ്സിലാക്കാനും കോബ്രായ്ക്ക് പറ്റും,"
"ശരി,"
ലത്തീഫ് പറഞ്ഞു.
"ബാക്കിയുള്ളോരു ജയകൃഷ്ണന്റെ അടുത്ത് തന്നെ നിൽക്കണം,"
ഫെലിക്സും രാജുവും ആബിദും മുമ്പിലെ ഗുഹാക്ഷേത്ര സമുച്ചയതിലെക്ക് കുതിച്ചു.
ബാക്കിയുള്ളവർ ജയകൃഷ്ണന്റെയടുത്ത് ജാഗ്രതയോടെ കാവൽ നിന്നു.
പത്ത് മിനിറ്റിനുള്ളിൽ ദിവ്യയും ലത്തീഫും രാഹുലും തിരികെയെത്തി.
അവരുടെ കൈകളിൽ ഔഷധ ഇലകളും പൂവുകളും കായ്കളുമുണ്ടായിരുന്നു.
ദിവ്യ പൂവുകളും ഇലകളും കൈവെള്ളയിൽ തിരുമ്മി മർദിച്ചു കുഴമ്പുപോലെയാക്കി.
പിന്നെ സമീപത്ത് കൂടി ഒഴുകുന്ന നീർച്ചാലിൽ നിന്ന് അൽപ്പം വെള്ളമെടുത്ത് മരുന്നിൽ ചേർത്ത് ജയകൃഷ്ണന്റെ മൂക്കിലൂടെയും വായിലൂടെയും ഒഴിച്ചു.
ലത്തീഫ് ദിവ്യക്ക് ടോർച്ച് തെളിച്ച് പ്രകാശം കാണിച്ചു കൊടുത്തുകൊണ്ടിരുന്നു.
അതിനുശേഷം ദിവ്യ ജയകൃഷ്ണന്റെ മുഖത്തേക്ക് നോക്കിയിരുന്നു.
അവൾ വീണ്ടും നാഡിമിടിപ്പ് പരിശോധിച്ചു.
"എന്താ ദിവ്യേ?"
ലത്തീഫ് ആകാംക്ഷയോടെ ചോദിച്ചു.
അവന്റെ കണ്ണുകൾ ജയകൃഷ്ണന്റെ മുഖത്ത് തറഞ്ഞിരുന്നു.
അവൾ നിരാശയോടെ കൂട്ടുകാരെ നോക്കി.
"ജീവന്റെ ഒരു തരി ലക്ഷണം പോലും ഇപ്പോൾ കാണിക്കുന്നില്ല ലത്തീഫ് ദാദ,"
അവൾ ദൈന്യതയോടെ പറഞ്ഞു.
ദിവ്യ വീണ്ടും ജയകൃഷ്ണന്റെ നെഞ്ചിൽ ചെവി ചേർത്തു.
"ലത്തീഫ് ദാദാ...ആ മരുന്ന് ശരിക്ക് ഒന്ന് അരച്ച് തന്നേ,"
നീർച്ചാലിന് സമീപമുള്ള കല്ലിന്മേൽ വെച്ച കായകളിലേക്കും പൂവുകളിലേക്കും നോക്കി ദിവ്യ പറഞ്ഞു.
ലത്തീഫ് നെല്ലിക്കയോളം വലിപ്പമുള്ള ചാരനിറമുള്ള രണ്ടു കായകൾ എടുത്തു.
ഒരു കല്ലിന്മേൽ വെച്ച് അവ അരയ്ക്കാൻ തുടങ്ങി.
"ഒരു പരീക്ഷണമാണ്,"
ദിവ്യ പറഞ്ഞു.

"ജീവന്റെ ഒരു നേർത്ത കണികയെങ്കിലും ഉള്ളിൽ അവശേഷിക്കുന്നു എങ്കിൽ ലത്തീഫ് ദാദാ, ആൾ രക്ഷപ്പെടും,"
ലത്തീഫ് അവളെ നോക്കി.
മറ്റുള്ളവരും.
'മൂർക്കൻ കടിച്ചിരികുന്നതിന് പുറമേ അതിമാരകമായ ഒരു രാസലായനികൂടി ജയകൃഷ്ണന്റെ ദേഹത്ത് കടന്നിട്ടുണ്ട്. മുറിവുകൾ മണത്ത് നോക്കിയപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. പാമ്പിൻ വിഷത്തിനോടൊപ്പം ആ ലായനി കൂടി രക്തത്തിൽകലർന്നാൽ അരമണിക്കൂറിൽത്തന്നെ മരണം തീർച്ച. ഈ കായ് മാത്രമാണ് അതിനുള്ള മരുന്ന്! ആര്യപത്രി..."
ലത്തീഫ് കായകൾ അരച്ച് കഴമ്പ് രൂപത്തിലാക്കി.
"ഇനി കൈകൾ നന്നായി കഴുക് ലത്തീഫ് ദാദാ..."
അവൾ പറഞ്ഞു.
"ആര്യപത്രി അരച്ചു കഴിഞ്ഞ് കൈ മുഖത്തിന് നേരെ പിടിച്ചാൽ മതി സുഖമായി ബോധം കെടാൻ!"
"പടച്ചോനെ!!"
ലത്തീഫ് പെട്ടെന്ന് തന്നെ നീർച്ചാലിൽ കൈകൾ വൃത്തിയായി കഴുകി.
ദിവ്യ കല്ലിന്മേൽ നിന്ന് ലത്തീഫ് അരച്ചു വെച്ച മരുന്നെടുത്ത് പ്രാർഥനയോടെ ജയകൃഷ്ണന്റെ വായിൽ സാവധാനം ഒഴിച്ചു.
നീർച്ചാലിൽ നിന്ന് അൽപ്പം വെള്ളവും.
നിമിഷങ്ങൾ കഴിഞ്ഞുപോയി.
കൂട്ടുകാർ ആകാംക്ഷയോടെ ജയകൃഷ്ണന്റെ മുഖത്തേക്ക് തന്നെ നോക്കിയിരുന്നു.
"എന്തായി ദിവ്യേ?"
രാഹുൽ ചോദിച്ചു.
"അര മണിക്കൂർ കഴിഞ്ഞേ എന്തെങ്കിലും പറയാൻ പറ്റൂ സാർ...മരുന്ന് ഉള്ളിലേക്ക് ഇറങ്ങുന്നുണ്ടോ എന്നറിയാൻ മാർഗ്ഗമില്ല..."
മലമുകളിൽ നിലാവ് കനത്തു.
ചുറ്റുവട്ടങ്ങളിലെ ഗുഹാക്ഷേത്രങ്ങൾ ഇപ്പോൾ കൂടുതൽ സുതാര്യമായി.
സമീപത്തുള്ള വെള്ളച്ചാട്ടവും.
"ആ ഫെലിക്സും രാജുവും ആബിദും ഇതുവരെ വന്നില്ലല്ലോ,"
ലത്തീഫ് ചുറ്റുപാടുകളിലേക്ക് നോക്കി.
"അതാ മുകളിൽ വെട്ടം!"
ഷെറിൻ മല മുകളിലേക്ക് കൈ ചൂണ്ടി.
ദൂരെ മുകളിൽ ടോർച്ചുകളുടെ പ്രകാശ വൃത്തങ്ങൾ അവർ കണ്ടു.
"ഹൂയ്,"
ലത്തീഫ് ഉറക്കെ കൂവി.
മുകളിൽ നിന്ന് രാജുവിന്റെ മറുകൂവൽ കേട്ടു.

"വിനോദ് ചിലപ്പം ജയകൃഷ്ണന് പാമ്പ് കടിയേറ്റ് എന്നറിഞ്ഞ് ഓടിപ്പോയിക്കാണും,"
വിൻസെൻറ് പറഞ്ഞു.
"ലത്തീഫ്,"
രാഹുൽ വിളിച്ചു.
"നമുക്ക് ഏതായാലും ജയകൃഷ്ണനെ ഇവിടെ കിടത്തിയിട്ട് ഒരു പ്രയോജനവുമില്ല. രോഹിത് താമസിച്ചിരുന്ന വീട്ടിലേക്ക് നമുക്ക് ഇയാളെ കൊണ്ടുപോകാം. വിനോദിനെ ഇനി ഇവിടെ കണ്ടെത്താനാവുമോ എന്നും അറിയില്ല,"
ഫെലിക്സും രാജുവും ആബിദും മലയിറങ്ങി വന്നു.
കൂട്ടുകാർ അവരെ ആകാംഷയോടെ നോക്കി.
"ഒരു രക്ഷയുമില്ല ലത്തീഫ് ദാദാ!"
രാജു പറഞ്ഞു.
'ഇവിടെയെങ്ങും അയാളില്ല,"
"എങ്കിൽ വിനോദ് കടന്നു കളഞ്ഞിട്ടുണ്ട്,"
ലത്തീഫ് പറഞ്ഞു.
"ജയകൃഷ്ണൻ കൊല്ലപ്പെട്ടു എന്ന് അയാൾ കരുതിക്കാണും,"
രാഹുൽ പറഞ്ഞു.
"എങ്കിൽ ഇനി സമയം കളയാനില്ല!"
രാഹുൽ പറഞ്ഞു.
"നമുക്ക് ജയകൃഷ്ണനെയും കൊണ്ട് പോകാം,"
ആ സമയമത്രയും ദിവ്യ ശുശ്രൂഷ തുടരുകയായിരുന്നു.
അരച്ചു വെച്ച മരുന്ന് വീണ്ടും വീണ്ടും അവൾ ജയകൃഷ്ണന്റെ വായിലേക്ക് ഒഴിച്ചുകൊടുത്തുകൊണ്ടിരുന്നു.
"എന്റെ ഭഗവതീ...കൈ വിടല്ലേ...!"
അവൾ ഉള്ളുരുകി പ്രാർഥിച്ചു.
നിമിഷങ്ങൾ വീണ്ടും കടന്നുപോയ്കൊണ്ടിരുന്നു.
രാപ്പക്ഷികൾ ദൂരെ നിന്ന് പറന്നടുക്കാൻ തുടങ്ങി.
മലമുകളിൽ ശൈത്യം കനത്തു.
നേർത്ത ഒരു കാറ്റ് വന്ന് അവരെ തഴുകി.
"യ്യോ.....ഇത് കണ്ടോ നോക്ക്....!!!"
അവിശ്വസനീയതയും ആഹ്ലാദവും വാക്കുകളിൽ നിറച്ച് ദിവ്യ വിളിച്ചുകൂവി.
കൂട്ടുകാർ ഞെട്ടിത്തിരിഞ്ഞ് ജയകൃഷ്ണനെ നോക്കി.
അവരുടെ കണ്ണുകൾ ആവേശത്തോടെ അവനെ കേന്ദ്രീകരിച്ചു.
ആകാംക്ഷ നിറഞ്ഞ അവരുടെ കണ്ണുകളെ വിസ്മയപ്പെടുത്തിക്കൊണ്ട് ജയകൃഷ്ണന്റെ ശരീരം അനങ്ങുന്നത് അവർ കണ്ടു.
"എന്റെ ഭഗവതീ...!!"
ദിവ്യ കൈകൾ കൂപ്പി.

അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് അവർ കണ്ടു.
ആഹ്ലാദത്തിന്റെയും കൃതജ്ഞതയുടെയും ഭാരത്താൽ അവളുടെ മിഴികൾ നിറഞ്ഞു.
എല്ലാവരിൽ നിന്നും ആശ്വാസത്തിന്റെ ശബ്ദമുയർന്നു.
"അല്ലെങ്കിലും നീ തോൽക്കുമോ ദിവ്യേ?"
ലത്തീഫ് അവളുടെ തോളിൽ കൈത്തലമമർത്തി.
കൂട്ടുകാർ അവളെ പൊതിഞ്ഞു.
ആലിംഗനം ചെയ്തു.
അവളെ ഉമ്മ വെച്ചു.
"ദ പ്രിൻസസ് വിത്ത് എ ഹീലിംഗ് ടച്ച്,"
അവളുടെ നെറ്റിയിൽ നിന്ന് ചുണ്ടുകൾ വേർപെടുത്തി വിൻസെന്റ് പറഞ്ഞു.
ദിവ്യയും കൂട്ടുകാരെ ചേർത്തുപിടിച്ചു.
പിന്നെ അവൾ ലജ്ജയോടെ, വികാരതീവ്രതയോടെ രാഹുലിനെ നോക്കി.
അയാൾ അവളുടെ കരം ഗ്രഹിച്ചു.
"ഗുഡ്....ജോബ്..."
അയാൾ പറഞ്ഞു.
"അത്രേയുള്ളൂ?"
ഷെറിൻ കുസൃതിച്ചോദ്യമെറിഞ്ഞു.
"അറ്റ്ലീസ്റ്റ് ഒരു കിസ്സെങ്കിലും? സാറിന് നാണവാണേൽ ഞങ്ങൾ കണ്ണു പൊത്തിക്കോളാം,"
സ്വതേ ഗൌരവപ്രകൃതിയായ ലത്തീഫും പുഞ്ചിരിക്കുന്നത് എല്ലാവരും കണ്ടു.
"അത് സാറ് പെഴ്സണൽ ആയി കൊടുത്തോളും,"
ലത്തീഫ് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.
"യാഗം ഒക്കെ കഴിഞ്ഞിട്ട്...!"
"ശ്യോ..ലത്തീഫ് ദാദ..പ്ലീസ്...!"
ദിവ്യയുടെ മുഖം നാണം കൊണ്ടു ചുവന്നുതുടുത്തു.
തപിക്കുന്ന കണ്ണുകളോടെ അവൾ രാഹുലിനെ നോക്കി.
ലജ്ജയാൽ വീർപ്പുമുട്ടിയ അവളുടെ വിസ്മയ സൌന്ദര്യം എല്ലാവരും കൺനിറയെ കണ്ടു.
"ലത്തീഫ് ദാദാടെ കാര്യം!"
റോസ്‌ലിൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.
"ഒരു റിയൽ റോമൻസ് നേരിൽ കാണാനുള്ള ചാൻസാ ഇല്ലാണ്ടാക്കിയെ,"
എല്ലാവരും ചിരിച്ചു.
ദിവ്യ പെട്ടെന്ന് ഗൌരവാന്വിതയായി ജയകൃഷ്ണനിലെക്ക് ശ്രദ്ധ തിരിച്ചു.
"പാമ്പിൻ വിഷോം സയനൈഡ് സൊല്യൂഷനും ജയകൃഷ്ണന്റെ ബോഡീൽ എത്തീട്ട് ഒന്നര മണിക്കൂർ എങ്കിലും ആയീന്നാ ഞാൻ കരുതണേ,"
ജയകൃഷ്ണന്റെ മിഴികൾ തുറന്ന് കൊണ്ട് ദിവ്യ പറഞ്ഞു.

"നൂറു ശതമാനം മരണം തീർച്ചയാരുന്നു. ഈ പരീക്ഷണത്തിന് മുതിർന്നില്ലാരുന്നേൽ. പക്ഷെ ഇനി ജയകൃഷ്ണൻ പല ജന്മങ്ങളും ഒരുമിച്ച് ജീവിക്കും. സാർ..ലത്തീഫ് ദാദാ...ഇറ്റ്സ് റിയലി എ മിറക്കിൾ...ഇത് വരേം ആര്യപത്രി ഞാൻ ആരിലും യൂസ് ചെയ്തിട്ടില്ല...എന്റെ ഓർമ്മേൽ ആരും തന്നെ ഇത് ഇപ്പൊ യൂസ് ചെയ്യുന്നുണ്ടോന്നും സംശയം..."
കൂട്ടുകാർ അദ്ഭുതത്തോടെ ദിവ്യയുടെ വാക്കുകൾ കേട്ടിരുന്നു.
"ലത്തീഫ് ദാദാ, ഇനി വൈകണ്ട,"
ദിവ്യ പറഞ്ഞു.
"ഇനി ജയകൃഷ്ണനെ രോഹിത് അങ്കിളിന്റെ വീട്ടിലെത്തിക്കാം . ബാക്കി അവിടെ വെച്ച്. അല്ലേൽ ഈ തണുപ്പത്ത് നമ്മൾ ബാക്കി കാണില്ല,"
ആബിദും വിൻസെന്റ്റും ജയകൃഷ്ണനെ തലക്കും കാലിലുമായി എടുത്തുയർത്തി. രാജേഷ് മധ്യത്തിൽ നിന്നു.
ടോമിയും രാജുവും ഇരു തലയ്ക്കലും കൂടി.
പിന്നെ താഴേക്ക് നടക്കാൻ തുടങ്ങി.
"നമുക്ക് അൽപ്പം കൂടി മരുന്ന് പറിക്കണം,"
ദിവ്യ ലത്തീഫിനോടും രാഹുലിനോടും പറഞ്ഞു.
"അവർ നടക്കട്ടെ,"
ലത്തീഫും രാഹുലും വീണ്ടും ദിവ്യയോടൊപ്പം കാട്ടിലേക്ക് നടന്നു.
വേണ്ടത്ര മരുന്ന് പറിച്ചെടുത്തതിന് ശേഷം അവർ തിടുക്കത്തിൽ മറ്റുള്ളവരോടൊപ്പമെത്തി.
മടക്കയാത്ര അതിദുഷ്ക്കരമായിരുന്നു.
"സാർ വിനോദ് മേനോൻ എവിടെപ്പോയിക്കാണും?"
ദിവ്യ തിരക്കി.
"എന്റെ അനുമാനം അയാൾ ജയകൃഷ്ണനെ പാമ്പ് കടിക്കുന്നത് കണ്ടിരിക്കാം. ഭയന്ന് സ്ഥലം വിട്ടിരിക്കാം...ഓ ...!! നോ...!!"
പെട്ടെന്ന് ഒരു പുതിയ ആശയം കിട്ടിയത് പോലെ രാഹുൽ ശബ്ദമുയർത്തി.
"ഞാൻ ആലോചിക്കുന്നത് തന്നെയാണോ സാറും ആലോചിക്കുന്നത്?"
ലത്തീഫ് ചോദിച്ചു.
രാഹുൽ ചോദ്യരൂപത്തിൽ ലത്തീഫിനെ നോക്കി.
"അതായത്..."
ലത്തീഫ് തുടർന്നു.
"വിനോദ് തനിക്കെതിരെ വരാവുന്ന തെളിവുകൾ സാക്ഷികൾ ഒക്കെ നശിപ്പിക്കുകയാണ്! ബൈ മർഡർ! കോൾഡ് ബ്ലഡഡ് മർഡർ!! ആദ്യം ആ പാമ്പാട്ടിയെ! നരിമറ്റത്തിനെ...!!അവസാനമിതാ ജയകൃഷ്ണനെ!!"
കൂട്ടുകാർ സംഭ്രമസംഭീതരായി.
"സാറിനെ അപായപ്പെടുത്താൻ ഉപയോഗിച്ച അതേ രീതി,"
വിൻസെന്റ്റ് ഓർമ്മിപ്പിച്ചു.

"ഇനി എന്തായിരിക്കാം വിനോദ് മേനോന്റെ അടുത്ത പ്ലാൻ?"
ആബിദ് തിരക്കി.
"എന്റെ ഊഹം ശരിയാണ് എങ്കിൽ അയാൾ മര്യാദ പുരുഷോത്തമനാകുവാൻ പോകുന്നു,"
രാഹുൽ പറഞ്ഞു.
"തമ്പുരാൻ അയാളുടെ പിതൃത്വം പരസ്യമായി വെളിപ്പെടുത്താൻ പോവുകയല്ലേ? അപ്പം ഇനി മര്യാദാപുരുഷോത്തമൻ ആകാതെ പറ്റില്ല,"
ലത്തീഫ് പറഞ്ഞു.
"തമ്പുരാന്റെ പുത്രനാന്ന് പുറത്ത് പരസ്യമായി ക്കഴിഞ്ഞ് ദിവ്യക്ക് എന്തേലും പറ്റിയാ ലോകം മൊത്തം തന്നെ സംശയിക്കൂന്നു ആ ബുദ്ധിമാന് അറിയാം,"
"അതുകൊണ്ട്,"
രാഹുൽ ബാക്കി പറഞ്ഞു.
തമ്പുരാന്റെ മൂത്ത പുത്രൻ എന്ന നിലക്കുള്ള നിയമപരമായി തനിക്ക് ലഭിക്കാവുന്ന സ്വത്തിലാണ് ഇപ്പോൾ അയാളുടെ നോട്ടം,"
"അതായത്,"
ലത്തീഫ് തുടർന്നു.
"അച്യുതം കേശവം രാമനാരായണം പാടി സന്ധ്യാ വന്ദനവും ചൊല്ലി മര്യാദാപുരുഷോത്തമൻ ആയി ജീവിക്കാൻ ഫെലിക്സ് മുമ്പേ പറഞ്ഞ ചന്തു മേനോന്റെ മച്ചമ്പി വിനോദ് മേനോൻ തീരുമാനിച്ചിരിക്കുന്നു,"
"അപ്പോൾ,"
രാഹുൽ പറഞ്ഞു.
"...അപ്പോൾ തന്റെ പഴയ കൂട്ടാളികൾ ഭാവിയിൽ തന്നെ ബ്ലാക്ക് മെയിൽ ചെയ്യാൻ സാധ്യതയുണ്ട്. അത് സംഭവിക്കാൻ പാടില്ല. അതുകൊണ്ട് അവരെ ഓരോരുത്തരായി കൊന്നൊടുക്കുകയാണ് അയാൾ!!"
"പക്ഷെ സാർ, ലത്തീഫ് ദാദാ,"
ഷെറിൻ പറഞ്ഞു.
"ഗെയിമിനി ഫുള്ളായും നമ്മുടെ കയ്യിലല്ലേ?"
അയാടെ തലമണ്ട നോക്കിയടിയ്ക്കാനുള്ള പന്ത് നമ്മടെ കയ്യിലില്ലേ ഇപ്പം? ജയകൃഷ്ണൻ!"
"പക്ഷെ പന്തിന്റെ ബ്ലാഡർ പൊട്ടി!"
മനോജ് പറഞ്ഞു.
"അതോർത്ത് ആരും പേടിക്കണ്ട,"
സതീഷ് ചിരിച്ചു.
"പകരം പുതിയ ഒന്നാന്തരം ഒരു ബ്ലാഡർ ദിവ്യ മാനുഫാക്ച്ചർ ചെയ്യുന്നുണ്ട്. അതിനു ശേഷം അവള് അതില് ഒന്നാന്തരം പ്യുവർ എയറും നെറയ്ക്കും,"
ജയകൃഷ്ണനെയും ചുമന്നുള്ള ഇറക്കം അതി കഠിനമായിരുന്നു.

എങ്കിലും മഞ്ഞും ശക്തിയായ കാറ്റും വീശിയടിക്കുമ്പോൾ കാടിന്റെ മധ്യത്തിലൂടെ അവർ ഉത്സാഹം വെടിയാതെ നടന്നു.
വിനോദ് മേനോനെ കേന്ദ്ര കഥാപാത്രമാക്കി, ഇനിയും വെളിപ്പെടാത്ത കാര്യങ്ങളെ ഭിന്ന തലത്തിലൂടെ വിശകലനം ചെയ്ത്, ചോദ്യങ്ങൾ ചോദിച്ച്, അനുമാനങ്ങളും അഭ്യൂഹങ്ങളും പങ്കുവെച്ച് സംഘം അവസാനം ജീപ്പിനടുത്ത് എത്തിച്ചേർന്നു.
പിന്നെ ജയകൃഷ്ണനെയും കൊണ്ട് അവർ വാഹനങ്ങളിൽ, രോഹിത് താമസിച്ചിരുന്ന, നദീതീരത്തെ, മലഞ്ചെരിവിലുള്ള, വീട്ടിലെത്തി.
അവിടെ ദിവ്യ ജയകൃഷ്ണന്റെ ചികിത്സയുടെ രണ്ടാം ഘട്ടം തുടങ്ങി.

പിറ്റേ ദിവസം മദ്ധ്യാഹ്നം പതിനൊന്നു മണി.
നദീതീരത്തിനടുത്തുള്ള രോഹിതിന്റെ വീട്.
അകത്തേ കിടക്കയിൽ ജയകൃഷ്ണനെ കിടത്തിയിരുന്നു.
ദിവ്യ അവന്റെ മുഖത്തേക്ക് കണ്ണുകൾ നട്ട് ശ്രദ്ധയോടെയിരുന്നു.
സമീപത്ത് ജാഗ്രതയോടെ രാഹുലും.
ജയകൃഷ്ണന്റെ കിടക്കയുടെ സമീപത്തുള്ള മേശമേൽ ദിവ്യ തയ്യാർ ചെയ്ത പല വിധത്തിലുള്ള ഔഷധങ്ങൾ ഇരിക്കുന്നുണ്ട്.
"എന്റെ അനുമാനം ശരിയാണ് എങ്കിൽ ഏതാനും മിനിറ്റുകൾക്കുള്ളിൽ ജയകൃഷ്ണൻ കണ്ണുകൾ തുറക്കും,"
ദിവ്യ രാഹുലിനോട് പറഞ്ഞു.
പിന്നെ അവൾ ജാലകത്തിലൂടെ പുറത്തേക്ക് നോക്കി.
ലത്തീഫും സംഘവും വീടിന്റെ പരിസരങ്ങളിൽ തന്നെയുണ്ട്.
തന്റെ ബൈനോക്കുലറിലൂടെ മനോജ് പരിസര വീക്ഷണം നടത്തുന്നു.
ഇത്തവണ വിനോദിനെ നിരീക്ഷിക്കാൻ രണ്ട് പേരെ മാത്രമാണ് ലത്തീഫ് നിയോഗിച്ചത്.
രാജേഷിനെയും ആബിദിനേയും.
മറ്റുള്ളവരെ വീടിന്റെ പരിസരങ്ങളിൽ, ജയകൃഷ്ണന്റെ സുരക്ഷിതത്വത്തിനു വേണ്ടി ലത്തീഫ് തന്നോടൊപ്പം നിർത്തി.
ജയകൃഷ്ണൻ സുരക്ഷിതനായുണ്ട് എന്ന വാർത്ത ഏത് വിധേനെയും വിനോദ് അറിഞ്ഞാൽ അയാൾ സർവ്വ സന്നാഹത്തോടെ തിരിച്ചടിക്കാൻ സാധ്യതയുണ്ട് എന്ന് ലതീഫ് അനുമാനിച്ചു.
"വീട്ടിൽ തിരക്കിയപ്പോൾ എന്ത് കാരണം പറഞ്ഞു?"
രാഹുൽ ചോദിച്ചു.
"പാതി കള്ളം പറഞ്ഞു. പാതി നേരും,"
അവൾ പുഞ്ചിരിച്ചു.
"ഒരാളെ വിഷം തീണ്ടി എന്ന് പറഞ്ഞ് ആൾ വന്നു. സാറിന്റെയും ലത്തീഫ് ദാദാടേം ഒക്കെ കൂടെപ്പോയി എന്ന് പറഞ്ഞു,"
രാഹുൽ പുഞ്ചിരിച്ചു.

ദിവ്യയും രാഹുലും ഒരു സോഫയുടെ മേലാണ് ഇരുന്നത്.
ദിവ്യ ഒരു കറുത്ത സ്കർട്ടും ചുവന്ന ഷർട്ടും ധരിച്ചിരുന്നു.
രാഹുൽ കാവി നിറമുള്ള കുർത്തയും കറുത്ത മുണ്ടും.
"ഈ ട്രീറ്റ്മെന്റിന്റെ നോട്ട്സ് ഒക്കെ സൂക്ഷിക്കാറുണ്ടോ?"
അയാൾ ചോദിച്ചു.
"പലപ്പോഴും ഓർക്കും അത്. ഒക്കെ റെക്കോഡ് ചെയ്യണന്ന്..പക്ഷെ ഇതുവരെ അങ്ങനെ ഉണ്ടായില്ല,"
അവൾ പുഞ്ചിരിയോടെ പറഞ്ഞു.
മുറി നിറയെ അവളുടെ പുഞ്ചിരിയുടെ മോഹനമായ പ്രകാശം നിറയുന്നത് അയാൾ കണ്ടു.
"എന്താ...?"
അയാളുടെ നോട്ടത്തിന്റെ ആഴത്തിൽ കുതിർന്ന് അവൾ ചോദിച്ചു.
"മടുത്തില്ലേ....? റസ്റ്റ് ഒന്നുമില്ലാതെ ഇങ്ങനെ..."
"എന്റെ അടുത്ത് ഇങ്ങനെ ഇരിക്കുവല്ലേ..."
അയാളുടെ അടുത്തേക്ക് അൽപ്പം കൂടി ചെർന്ന്നിരുന്നുകൊണ്ട് അവൾ പറഞ്ഞു.
"ഒരു മടുപ്പും തോന്നില്ല ....ഈ മണോം നിറോം നോട്ടോം ഒക്കെ എന്റെ അടുത്ത് ഇങ്ങനെ ഇരിക്കുമ്പം...."
അവൾ അയാളുടെ കൈയ്യിൽ പിടിച്ചു.
"ഇപ്പം പക്ഷെ ശരിക്കും ഒരു മടുപ്പ് തോന്നണുണ്ട്.... മടുപ്പ് മാറ്റാൻ ആഗ്രഹം ണ്ടോ?"
അയാളുടെ കൈത്തണ്ടയിൽ പിടിമുറുക്കി തന്റെ ദേഹത്തിന്റെ താപം അയാൾക്ക് നൽകിക്കൊണ്ട് അവൾ ചോദിച്ചു.
"ബൂസ്റ്റ് ...കോമ്പ്ലാൻ ഒന്നും വേണ്ട...എനിക്ക് ഒരു ...ഒരു ....എന്നെ ഒന്ന് ഉമ്മ വെയ്ക്ക്..."
ദിവ്യയുടെ രണ്ടു കൈകളും അയാളുടെ തോളിലമർന്നു. അയാളുടെ കൈകൾ അവളുടെ അരക്കെട്ടിന്റെ വെണ്ണതോൽക്കും മൃദുലതയിലും.
"ഇവിടെ..."
അവൾ അധരം മൃദുവായി കടിച്ചു.
കണ്ണുകൾ പ്രണയാഗ്നിയെരിയിച്ച് അവർ പരസ്പ്പരം നോക്കി.
അയാളുടെ മുഖം തന്റെ മുഖത്തിന് നേരെ സാവധാനം സമീപിക്കുമ്പോൾ അവൾ കണ്ണുകൾ പതിയെ അടച്ചു.
പിന്നെ തന്റെ അധരത്തെ തൊടുന്ന അയാളുടെ ചുണ്ടുകളുടെ മൃദുവായ താപമറിഞ്ഞു.
".....ഹ്...ഹ്മം..."
കതിരണിഞ്ഞ വയലിന്റെ സ്വർണ്ണ വർണ്ണം ഇളം കാറ്റിലും സൂര്യ വെളിച്ചത്തിലുമുലയുന്ന പോലെ ദിവ്യ ഒന്ന് പിടഞ്ഞു.
പല തവണ.

വികാരത്തിന്റെ പ്രളയത്തിൽ വീണുപോകാതിരിക്കാൻ പരസ്പ്പരം ഗാഢമായി ആലിംഗനത്തിൽ ബന്ധിച്ച്....
കണ്ണുകളിലും കവിളുകളിലും അധരത്തിലും കഴുത്തിലും പരസ്പ്പരം ചുണ്ടുകൾ കൊണ്ട് ലാളിച്ച്....
മുറുകി ഇളകിത്തരിക്കുന്ന മാറിടത്തിന്റെ ഭാരം വിരിഞ്ഞ പൌരുഷം തുളുമ്പുന്ന നെഞ്ചിൽ വേർപെടുത്താനാഗ്രഹമില്ലാത്തത് പോലെ അമർത്തി....
ഇടയ്ക്ക് ദിവ്യ കണ്ണുകൾ തുറന്നപ്പോൾ കിടക്കയിൽ ജയകൃഷ്ണന്റെ മുഖം കണ്ടു.
ഈശ്വരാ...!
അവളുടെ ഭാവമാറ്റം തിരിച്ചറിഞ്ഞ് രാഹുലും സമനില വീണ്ടെടുത്തു.
ഭഗവതീ...!!
ജയകൃഷ്ണനെങ്ങാനും കണ്ണുകൾ തുറന്നിരുന്നെങ്കിൽ...!!
മാത്രമല്ല വീടിന് പുറത്ത് കാവലിരിക്കുന്ന കൂട്ടുകാരെക്കുറിച്ചും ഓർത്തില്ല.
ഇത്രയും നിയന്ത്രണമില്ലാത്ത പെണ്ണാണോ താൻ!
അവൾ സ്വയം ശാസിച്ചു.
അവൾ രാഹുലിനെ ലജ്ജയോടെ നോക്കി.
തൻ ചുംബനം കൊണ്ട് ചുവപ്പിച്ച അവളുടെ മുഖത്തേക്ക് രാഹുലും.
"ഭാഗ്യത്തിന് രക്ഷപ്പെട്ടു,"
അവൾ നാണത്തോടെ പറഞ്ഞു."
"ലത്തീഫ് ദാദയോ ആരേലും ഇങ്ങോട്ടെങ്ങാനും വന്നാരുന്നേൽ! ദേവീ, ഓർക്കാൻ കൂടി പറ്റ്ണില്ല്യ..."
രാഹുൽ അവളുടെ ശബ്ദത്തിന്റെയും ഭാവങ്ങളുടെയും സൌന്ദര്യത്തിന്റെ ലഹരി ആസ്വദിക്കുകയായിരുന്നു.
"ഇങ്ങനെയൊക്കെ എന്റെ നേരെ നോക്കിയാൽ പാവം ഞാനെന്ത് ചെയ്യും?"
അയാളുടെ കണ്ണുകൾക്ക് മേൽ കൈത്തലം കൊണ്ട് അവൾ മറയുണ്ടാക്കി.
"ഞാനൊരു സാധാരണ മനുഷ്യ സ്ത്രീയാണ്. ഒര് ദേവതയ്ക്ക് കൂടി പോലും നിയന്ത്രണം പോകാതെ പിടിച്ചിരിക്ക്യാൻ പറ്റില്ല്യ..."
രാഹുൽ തന്റെ കണ്ണുകൾക്ക് മുമ്പിലിരുന്ന അവളുടെ കൈത്തലം പിടിച്ചുമാറ്റി.
പിന്നെ അവർ ഒരുമിച്ച് ജയകൃഷ്ണന്റെ മുഖത്തേക്ക് നോക്കി.
അൽപ്പം കഴിഞ്ഞ് ദിവ്യ നോക്കുമ്പോൾ രാഹുൽ ഗാഢമായ ഒരാലോചനയിലാണ്.
"എന്താ ഇത്ര ഡീപ്പ് ആയി ആലോചിക്കുന്നെ?"
അയാൾ ആദ്യം ഒന്നും പറഞ്ഞില്ല.
അവളെ നോക്കിയതല്ലാതെ.
"കമോൺ!!"
അവൾ നിർബന്ധിച്ചു.
"യാഗത്തിന്റെ ദിവസങ്ങൾ തൊട്ടടുത്തെത്തി,"
അൽപ്പ സമയത്തെ ആലോചനയ്ക്ക് ശേഷം രാഹുൽ പറഞ്ഞു.

"ഇനി രണ്ടോ മൂന്നോ ദിവസങ്ങൾ മാത്രം! ഗുരുജി നാളെ എത്തിച്ചേരും. യാഗമണ്ഡപമൊരുങ്ങിക്കഴിഞ്ഞു. മറ്റ് ഒരുക്കങ്ങളും പൂർത്തിയായിക്കൊണ്ടിരിക്കുന്നു....പക്ഷെ എന്റെ മനസ്സ് ഇതുവരേം..."
ദിവ്യ അയാളെ തുടരാൻ അനുവദിക്കാതെ അയാളുടെ ചുണ്ടിൽ വിരൽ ചേർത്തു.
"അങ്ങനെയൊക്കെപ്പറയല്ലേ,"
അവൾ ദൃഢസ്വരത്തിൽ പറഞ്ഞു.
"എല്ലാം ...സർവ്വതും ...നേരെയാകും...ഈശ്വരൻ എല്ലാത്തിനും തുണ തരും,"
ദിവ്യ പിന്നെ എന്തോ ആലോചിക്കുന്നതും അതിനെത്തുടർന്ന് മുഖം കുനിക്കുന്നതും അയാൾ കണ്ടു.
"എന്റെ ഭഗവതീ..."
അവൾ കൈകൂപ്പി മന്ത്രിച്ചു.
"എന്റെ പ്രാർത്ഥനേം വ്രതോം ഒന്നും വെറുതെ ആവല്ലേ..."
പിന്നെ അവൾ അയാളുടെ മുഖത്തേക്ക് നോക്കി.
അവളുടെ മിഴികളിൽ നനവ് പടർന്നിരിക്കുന്നത് അയാൾ കണ്ടു.
"എന്ത് പറ്റി?"
അദ്ഭുതത്തോടെ അയാൾ ചോദിച്ചു.
"ഞാൻ ഇങ്ങനെ..ഇങ്ങനെയൊക്കെ ...ചെയ്യുന്നത് കൊണ്ടാണോ ....ഒട്ടും കന്രേടാൾ ഇല്ലാതെ പിടിക്കേം ..ഒക്കെ ചെയ്യുന്ന കൊണ്ടാണോ...അങ്ങയുടെ ഒരുക്കത്തിന് തടസ്സം?"
തുടർന്ന് കണ്ണീർ പ്രവാഹമുണ്ടായി.
അയാൾ അവളുടെ മുഖം പിടിച്ചുയർത്തി.
"നീ ഇങ്ങനെ എന്റെകൂടെയുള്ളത് കൊണ്ടാണ്..."
കണ്ണുനീർ വിരൽതുമ്പിൽ മായിച്ചുകൊണ്ട് അയാൾ പറഞ്ഞു.
"...അതുകൊണ്ടാണ് മനസ്സിന് അൽപ്പമെങ്കിലും ധൈര്യമുള്ളത്....നിന്നിലെ ഈശ്വരത്വം എന്റെ പെണ്ണേ..."
ദിവ്യ ഒന്നും മനസ്സിലാകാതെ അയാളെ നോക്കി.
"ഒരുക്കം ഒക്കെ പൂർണ്ണമാകും യാഗകുണ്ഠത്തിന് മുമ്പിൽ ...ആദ്യത്തെ ദർഭയെടുക്കുന്ന സമയം ....ആദ്യത്തെ അരണി കടയുമ്പോൾ....ഹവിസ്സിന്റെ ആദ്യത്തെയംശം ആഹുതി ചെയ്യുന്ന സമയം....ആ ഒരു മോമന്റ് മതി ...എപ്പോഴും എനിക്ക് അങ്ങനെയാണ്...അല്ലാതെ നീ കരുതുന്നപോലെ ഒന്നുമില്ല കുട്ടി..."
പെട്ടെന്ന് അയാളുടെ തേജസ്സുയരുന്നത് പോലെ അവൾക്ക് തോന്നി.
"ഗുരുജി പറഞ്ഞിട്ടുണ്ട്,"
അലൌകികമായ ഒരു ലോകത്തിൽ നിന്നെന്നപോലെ രാഹുൽ പറഞ്ഞു.
"നീ സൂര്യതേജസ്സിനേക്കാൾ ഉയരത്തിൽ സഞ്ചരിക്കണം. പക്ഷെ നിന്നെ ദഹിപ്പിക്കാൻ സൂര്യനെ അനുവദിക്കരുത്. അത്യഗാധമായ സമുദ്രത്തിന്റെ പ്രശാന്താതയിലേക്ക് നീ സഞ്ചരിക്കണം. പക്ഷെ നിന്നെ മരവിപ്പിക്കാൻ അവിടുത്തെ മഞ്ഞുമലയെ അനുവദിക്കരുത്..."

രാഹുലിന്റെ തേജസ്സിറ്റുന്ന തരുണ നേത്രങ്ങൾ അവളെ വീണ്ടും തഴുകി.
"എന്റെ ആ സൂര്യതേജസ് നീയാണ്...നിർമ്മലമായ ആ ഹിമശൈലവും... ഈശ്വര സാമീപ്യം....ദിവ്യസാന്നിധ്യം...നിധിയാണ്...നീ.."
അയാളിലേക്ക് നെഞ്ചിന്റെ പൌരുഷത്തിലേക്ക് അവൾ മുഖമമർത്തി.
"സബർമതി ആശ്രമത്തിൽ വെച്ച് അമ്മ പറയുമായിരുന്നു..."
അവളുടെ മുഖം നെഞ്ചിലേക്ക് ചേർത്ത് അയാൾ പറഞ്ഞു.
"മനുഷ്യർ എപ്പോഴും നിധി അന്വേഷിക്കുന്നവരാണ്. ചിലർക്ക് നിധി സ്വർണ്ണം, പണം ഒക്കെയാണ്. ചിലർക്ക് നിധി വിദ്യയാണ്. ജ്ഞാനം. സിദ്ധികൾ ഒക്കെ...അങ്ങനെ ഒരു അന്വേഷണം എനിക്കുമുണ്ടായിരുന്നു. എന്റെ സ്വപ്നത്തിൽ ഞാൻ പലപ്പോഴും ഒരു നിധി വേട്ടക്കാരനായി സ്വയം കണ്ടിട്ടുണ്ട്...അതും അന്വേഷിച്ചാണ് ഞാനും ഇവിടെ വന്നത്. പലരും പരാജയപ്പെട്ടപ്പോൾ ഞാൻ കണ്ടെത്തി. കോബ്രാ ഹിൽസിൽ ആ നിധി,"
ദിവ്യയ്ക്ക് മനസ്സിലായില്ല.
കോബ്രാ കാവൽ നിൽക്കുന്ന നിധിയെക്കുറി ച്ചാണോ സാർ പറയുന്നത്?
"സാർ?"
അവൾ അയാളുടെ നെഞ്ചിൽ നിന്ന് മുഖമെടുത്ത് അയാളെ നോക്കി.
"കോബ്രാഹിൽസിൽ സാർ നിധി കണ്ടെത്തിയെന്നോ?"
അയാൾ പുഞ്ചിരിച്ചു.
"എവിടെ?"
അയാൾ ഇരുകൈകൾ കൊണ്ടും അവളുടെ മുഖത്തിന്റെ മൃദുലതയും സൌന്ദര്യവും സ്പർശിച്ചെടുത്തു.
"ഇത്...!!"
മുഖം അവളുടെ മുഖത്തോട് അടുപ്പിച്ച് അയാൾ പറഞ്ഞു.
"ഇതാണ് കോബ്രാഹിൽസിൽ ഞാൻ കണ്ട നിധി....കോബ്രാഹിൽസിലെ നിധി...."
അയാളുടെ വാക്കുകൾക്കും കണ്ണുകൾക്കും മുമ്പിൽ താൻ വീണ്ടും പരിസരം വിസ്മരിക്കുന്നത് ദിവ്യ അറിഞ്ഞു.
അയാളുടെ അധരത്തിലെ ചുവപ്പ് കടിച്ചെടുക്കാൻ അവൾ വീണ്ടും കൊതിച്ചു.
അപ്പോഴാണ് അവൾ ആ അദ്ഭുതം കണ്ടത്.
മുമ്പിൽ, കിടക്കയിൽ, ജയകൃഷ്ണൻ അനങ്ങുന്നു!
അവൾ രാഹുലിന്റെ മുഖത്ത് നിന്ന് കണ്ണുകൾ വേർപെടുത്തി ജയകൃഷ്ണനെ നോക്കി.
ദിവ്യ ആശ്ചര്യത്താൽ വീർപ്പുമുട്ടി.
ജയകൃഷ്ണൻ കണ്ണുകൾ തുറന്ന് കിടക്കുന്നു.
"താങ്ക് ഗോഡ്!!"
ദിവ്യ നെഞ്ചിൽ കൈ ചേർത്ത് പറഞ്ഞു.
കണ്ണുകൾ തുറന്ന് തലയനക്കാതെ ജയകൃഷ്ണൻ ചുറ്റുപാടും നോക്കി.
താൻ വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു!

തന്റെ സമീപത്ത് മരുന്നുകൾ ഇരിക്കുന്നതും!
അവന്റെ മുഖത്ത് അദ്ഭുതവും സംശയവും വിടർന്നു.
അവൻ ഓർമ്മിക്കാൻ ശ്രമിച്ചു.
അവസാനം അവന്റെ തളർന്ന കണ്ണുകൾ ദിവ്യയിലും രാഹുലിന്റെ മേലും എത്തി.
രാഹുൽ അവന്റെ തോളിൽ പതിയെ പിടിച്ചു.
"എന്ത് തോന്നുന്നു ഇപ്പോൾ? വേദന എവിടെയെങ്കിലും വേദന?"
അയാൾ ചോദിച്ചു.
അവൻ അയാളെ ഇമകളനക്കാതെ നോക്കി.
അൽപ്പം കഴിഞ്ഞ് ദിവ്യയേയും.
ദിവ്യയുടെകണ്ണുകളിൽ നിറഞ്ഞിരിക്കുന്ന കരുണയുടെ മഹാസാഗരം അവൻ കണ്ടു.
ജയകൃഷ്ണന്റെ കണ്ണുകൾ നനവ് നിറഞ്ഞു.
അവൻ തന്റെ തോളിലിരുന്ന രാഹുലിന്റെ കൈയ്യിൽ അമർത്തിപ്പിടിച്ചു.
"ഞാൻ...ഞാൻ ...എനിക്ക്..."
ജയകൃഷ്ണന്റെ ശബ്ദം കണ്ണുനീരിൽ നുറുങ്ങി.
"സംസാരിക്കേണ്ട..."
അവൾ ഹൃദയം തൊടുന്ന സഹാനുഭൂതിയോടെ പറഞ്ഞു.
അവന്റെ കവിളിൽ സ്പർശിച്ചു.
"ദിവ്യേ..ഞാൻ..."
അവൻ കൈകൾ കൂപ്പാൻ ശ്രമിച്ചു.
"ഇറ്റ്സ് ഓക്കേ...ഇറ്റ്സാൾ റൈറ്റ് ..."
അവൾ അവന്റെ കൈയിൽപ്പിടിച്ച് വിലക്കി.
പിന്നെ അവനെ പുഞ്ചിരിയോടെ നോക്കി.
പെട്ടെന്ന് എന്തോ ഓർത്ത് അവൾ മേശപ്പുറത്തേക്ക് നോക്കി.
"സാർ...ആ ചുവന്ന പാത്രത്തിലെ മരുന്ന് എടുക്ക്...ഉണർന്നയുടനെ കൊടുക്കേണ്ടതാണ്..."
രാഹുൽ ചുവന്ന ടംബ്ലറിൽ തയ്യാർ ചെയ്ത് വെച്ചിരുന്ന മരുന്നെടുത്ത് ദിവ്യക്ക് കൊടുത്തു.
"പതിയെ...പതിയെ..."
സാവധാനം ആ മരുന്ന് അവന്റെ വായിലേക്ക് ഇറ്റിച്ചുകൊണ്ട് അവൾ പറഞ്ഞു.
"നല്ല കൈപ്പായിരിക്കും ...ഡോണ്ട് മൈൻഡ്...മൊത്തം കുടിക്കണം കേട്ടോ..."
അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.
"സാർ..."
അവനെ മരുന്ന് കുടിപ്പിച്ച് കഴിഞ്ഞ് അവൾ രാഹുലിനെ നോക്കി.
"ചിലപ്പോൾ ചർധിച്ചേക്കാം...അങ്ങനെയെങ്കിൽ ദാ ...ആ ബോട്ടിലിലെ സൊല്യൂഷൻ കൊടുക്കണം...ഞാൻ ഇപ്പ വരാം ലത്തീഫ് ദാദാനെ ഒക്കെ വിളിക്കട്ടെ..."
ദിവ്യ പിന്നെ പുറത്തേക്ക് നടന്നു.

അവൾ വാതിക്കലെത്തി പുറത്തേക്ക് നോക്കി.
"ലത്തീഫ് ദാദാ..."
അൽപ്പം അകലെ സംസാരിച്ച് കൊണ്ട് നിന്ന കൂട്ടുകാരെനോക്കി അവൾ വിളിച്ചു.
"ജയകൃഷ്ണൻ ഓക്കേയായി ...കണ്ണു തുറന്നു...വേഗം ആ കരിക്കുംകൊണ്ട് വാ,"
കൂട്ടുകാർ ചാടിയെഴുന്നെൽക്കുന്നത് അവൾ കണ്ടു.
"റിയലി!!"
വീടിനുനേരെ കുതിച്ചുകൊണ്ട് ലത്തീഫ് ചോദിച്ചു.
"യെസ്! ലത്തീഫ് ദാദാ...വേഗം വാ!!"
പിന്നാലെ മറ്റുള്ളവരും കുതിച്ചു.
തന്റെ മുമ്പിലേക്ക് ഓടിവരുന്നവരെക്കണ്ട് ജയകൃഷ്ണൻ അമ്പരന്നു.
ലത്തീഫ്, വിൻസെന്റ്, സതീഷ്, പ്രിയങ്ക....
അവസാനം തന്റെ മുമ്പിലെത്തിയ ആളെക്കണ്ട് അവന്റെ അമ്പരപ്പ് കൂടി.
"സിദ്ധാർത്ഥൻ!!"
ജയകൃഷ്ണൻ വിളിച്ചു.
"അതേ സുഹൃത്തേ..."
സിദ്ധാർത്ഥൻ അവന്റെ തോളിൽ പിടിച്ചു.
"പുതിയ സുഹൃത്തുക്കളുടെ മദ്ധ്യത്തിലേക്ക് സ്വാഗതം! പുതിയ ഒരു ജീവിതത്തിലേക്കും!"
ജയകൃഷ്ണൻ വീണ്ടും കണ്ണുകളിൽ നനവ് നിറച്ചു.
"ഓ!! ദിവ്യാ...ഇറ്റ്സ് ഗ്രേറ്റ്!!"
ആവേശഭരിതരായ കൂട്ടുകാർ ദിവ്യയെ എടുത്തുയർത്തി.
സന്തോഷ നൃത്തംവെച്ചു.
അ രംഗമത്രയും വികാരവിക്ഷോഭാത്താൽ നോക്കിക്കാണുകയായിരുന്നു ജയകൃഷ്ണൻ.
അവയുടെ അർഥം അവൻ തിരിച്ചറിഞ്ഞു.
ശത്രുക്കളാണ് എന്ന് താൻ കരുതിയിരുന്നവർ തന്റെ ജീവിതം ആഘോഷിക്കുന്നു!
തന്റെ മരണത്തെ പടവെട്ടി കീഴ്പ്പെടുത്തിയ രാജകുമാരിയെ എടുത്തുയർത്തി അവർ ആനന്ദനൃത്തം ചെയ്യുന്നു!
ഈശ്വരാ ....!
"ആ കരിക്ക് ഇങ്ങോട്ടെടുക്ക് മനോജ്,"
ലത്തീഫ് ആവശ്യപ്പെട്ടു.
മനോജ് നൽകിയ കരിക്ക് ലത്തീഫ് ഒരു ഗ്ലാസ്സിലേക്ക് ചരിച്ചു.
"ഇങ്ങ് താ ലത്തീഫ് ദാദാ, ഞാൻ കൊടുക്കാം,"
ദിവ്യ ഇളനീർ നിറഞ്ഞ ഗ്ലാസ് ലത്തീഫിന്റെ കൈയിൽ നിന്നും വാങ്ങി.
അതിനിടെ ഒന്നുരണ്ടു പേർ ജയകൃഷ്ണനെ കട്ടിലിൽ ചായിച്ച് ഇരുത്തി.
ദിവ്യ ഗ്ലാസ് അവന്റെ ചുണ്ടോടടുപ്പിച്ചു.
"കുടിക്ക്,"

അവൾ പുഞ്ചിരിയോടെ പറഞ്ഞു.
കൂട്ടുകാർ ആ കാഴ്ച്ച കണ്ടുകൊണ്ട് നിന്നു.
തന്റെ ജീവന് പിന്നാലെ രക്തദാഹിയായ ചെന്നായയെപ്പോലെ നടന്ന ജയകൃഷ്ണന് ദിവ്യ രണ്ടാമത് ജീവൻ കൊടുക്കുന്ന കാഴ്ച്ച.

രണ്ടു മൂന്ന് മണിക്കൂറുകൾക്ക് ശേഷം രാഹുലും ലത്തീഫും ദിവ്യയും സംഘവും ജയകൃഷ്ണനെ കിടത്തിയിരുന്ന മുറിയിലേക്ക് വീണ്ടും വന്നു.
ആ വലിയ മുറിയിൽ പലയിടത്തായി അവർ ഇരുന്നു.
ജയകൃഷ്ണന് ആദ്യം ബോധം വന്നതിനു ശേഷം അവർ അവന് ഭക്ഷണവും പാനീയവും കൊടുത്തിരുന്നു.
ഭക്ഷണത്തിന് ശേഷം ദിവ്യ അവനോടു വിശ്രമിക്കാൻ നിർദേശിക്കുകയായിരുന്നു.
"എങ്ങനെയുണ്ട് ഇപ്പോൾ?"
ദിവ്യ ചോദിച്ചു.
"നല്ല സുഖം തോന്നുന്നു,"
ജയകൃഷ്ണൻ തന്റെ മുമ്പിലിരിക്കുന്നവരെ മാറി മാറി നോക്കി.
ചിരപരിചിതരായ സുഹൃത്തുക്കളെപ്പോലെ എല്ലാവരും അവനെ നോക്കി പുഞ്ചിരിക്കുന്നത് അവൻ കണ്ടു.
എന്നാൽ ലത്തീഫ് മാത്രം ഗൌരവത്തിലാണ്.
അവൻ തന്റെ കണ്ണുകളിലേക്ക് തറച്ചുനോക്കുന്നത് കണ്ട് ജയകൃഷ്ണൻ നോട്ടം മാറ്റാൻ ശ്രമിച്ചു.
"ഈ ഒരൊറ്റ ദിവസം കൊണ്ട് നിന്റെ ചാരോം അസ്ഥികളും ഒരു മൺകലത്തിൽ വാരിപ്പെറുക്കി എടുക്കാമായിരുന്നു!"
ലത്തീഫ് ജയകൃഷ്ണനെ നോക്കിപ്പറഞ്ഞു.
അവൻ ദിവ്യയുടെ തോളിൽ പിടിച്ചു.
"ഇവൾ ഇല്ലാരുന്നേൽ!"
ജയകൃഷ്ണൻ ദൈന്യതയോടെ ദിവ്യയെ നോക്കി.
"ഇവൾ..ദിവ്യ...ദിവ്യാ രാജകുമാരി...നിന്റെയൊക്കെ തരവഴിത്തരം കൊണ്ട് മുടിഞ്ഞ് പോകേണ്ട ഈ നാടിനെ സംരക്ഷിച്ച് നിർത്തുന്ന ഈ ദേവത...മരണത്തിൽ നിന്നാണ് ഇവൾ നിന്നെ തിരികെ കൊണ്ടുവന്നത്...അറിയാമോ നിനക്ക്? "
കൂട്ടുകാർ ജയകൃഷ്ണനെ ഉറ്റുനോക്കി.
"അറിയാം ലത്തീഫ്..."
കണ്ണുകൾ തുടച്ചുകൊണ്ട് ദിവ്യ പറഞ്ഞു.
"ഞാൻ ക്ഷമയർഹിക്കുന്നില്ല...ആരുടെയും..."
അവരെ അദ്ഭുതപ്പെടുത്തിക്കൊണ്ട് ജയകൃഷ്ണന്റെ കണ്ണുകളിൽ നിന്ന് ധാരധാരയായി നീർ പ്രവഹിച്ചു.
അവർ സഹതാപത്തോടെ പരസ്പ്പരം നോക്കി.എന്നാൽ ലത്തീഫിന്റെ മുഖത്ത് ഗൌരവഭാവം നിലനിന്നു.

"നിന്റെ കണ്ണുനീരും നീയീപ്പറയുന്ന ഡയലോഗുകളുമൊക്കെ വാസ്തവമാണ് എങ്കിൽ നീ ദിവ്യയോട് നന്ദി കാണിക്കണം!"
നിശബ്ദമായ അന്തരീക്ഷത്തിലേക്ക് ലത്തീഫിന്റെ വാക്കുകൾ ചിതറി വീണു.
"എങ്ങനെ ലത്തീഫ്?"
ജയകൃഷ്ണൻ ദയനീയമായി ചോദിച്ചു.
"ഞാൻ ....ഞാനിനി എന്ത് ചെയ്താലാണ് .. .ദിവ്യയോട് ...ഒരംശമെങ്കിലും എനിക്ക്..."
"നിനക്ക് ഒന്ന് ചെയ്യാൻ പറ്റും!"
ജയകൃഷ്ണനെ തുടരാനനുവദിക്കാതെ ലത്തീഫ് പറഞ്ഞു.
ജയകൃഷ്ണൻ ആകാംക്ഷയോടെ ലത്തീഫിന്റെ മുഖത്തേക്ക് നോക്കി.
"വിനോദ് മേനോൻ എന്ന നിന്റെ ബോസ്സിനെ, ദിവ്യയുടെ ഏട്ടനായ..."
"നോ ലത്തീഫ്...!!"
ലത്തീഫിന് നേരെ കൈയ്യുയർത്തി വിലക്കി ജയകൃഷ്ണൻ പെട്ടെന്ന് പറഞ്ഞു.
അവന്റെ ശബ്ദത്തിലെ ആവേശതീവ്രത എല്ലാവരെയും അമ്പരപ്പിച്ചു.
അവർ പരസ്പ്പരം നോക്കി.
പിന്നെ ജയകൃഷ്ണന്റെ നേരെയും.
തന്റെ നേരെ ചോദ്യഭാവത്തിൽ നോക്കുന്ന ലത്തീഫിനെയും ദിവ്യയേയും രാഹുലിനെയും മറ്റുള്ളവരെയും ജയകൃഷ്ണൻ മാറി മാറി നോക്കി.
പിന്നെ ദൃഢസ്വരത്തിൽ പറഞ്ഞു.
"വിനോദ് മേനോൻ ദിവ്യയുടെ എട്ടനല്ല!!"
ഭയാക്രാന്തയായി ദിവ്യ ലത്തീഫിനെയും രാഹുലിനെയും മാറിമാറി നോക്കി.
ഒരഗ്നി സമുദ്രത്തിൽ പതിച്ച പ്രതീതിയായിരുന്നു ദിവ്യക്ക്.
അപ്രതീക്ഷിതവും അവിശ്വസനീയവുമായ ആ വാർത്തക്ക് മുമ്പിൽ തന്റെ സുഹൃത്തുക്കളും സ്തംഭിച്ചുപോകുന്നത് അവൾ കണ്ടു.
നിമിഷങ്ങൾ കഴിഞ്ഞുപോകെ, ആദ്യത്തെ സ്തംഭനാവസ്ഥ മാറി ദിവ്യയുടെ മുഖം ദൃഢമാകുന്നത് എല്ലാവരും കണ്ടു.
"ജയകൃഷ്ണൻ പറയൂ,"
അവളുടെ സ്വരത്തിലെ ക്ഷത്രിയ വീര്യം അവർ കേട്ടു.
"പിന്നെ ആരാ അയാൾ? എന്റെ ഡാഡിയെ വഞ്ചിച്ച് കൂട്ടത്തിൽ കൂടിയിരിക്കുന്ന ആ ചെകുത്താൻ ആരാ?"
എല്ലാവരുടെയും കണ്ണുകൾ ജയകൃഷ്ണന്റെ മേൽ തറഞ്ഞു.
"വിമൽ മാത്യു,"
തന്നിൽ ആകാംക്ഷയോടെ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന കണ്ണുകളെ നോക്കി ജയകൃഷ്ണൻ പറഞ്ഞു.
"ലളിതാ മേനോൻ എന്ന കെമിസ്ട്രി പ്രൊഫസ്സറുടെയും നരിമറ്റം മാത്തച്ചൻ എന്ന മേജർ മാത്യു വർഗ്ഗീസിന്റെയും മകൻ!"
"ഗോഡ്!!!"

ലത്തീഫും ദിവ്യയും രാഹുലും മറ്റുള്ളവരും ആശ്ചര്യഭരിതരായി.
"അതെ, ലത്തീഫ്!"
ജയകൃഷ്ണന്റെ ശബ്ദം അവർ വീണ്ടും കേട്ടു.
"വിനോദ് മേനോൻ എന്ന പേരിലാണ് അവതാരം. റിയൽ പേഴ്‌സൻ, റിയൽ നെയിം വിമൽ മാത്യു. തമ്പുരാന് ലളിതാ മേനോനിൽ ഉണ്ടായ മകനാണ് എന്നവകാശപ്പെട്ടാണ് തമ്പുരാന്റെ അടുത്ത് അവൻ വന്നത്. ദിവ്യ ജ്യേഷ്ഠനാണ് എന്ന് ഈ നിമിഷം വരെ ധരിച്ചിരിക്കുന്ന ഈ കഥാപാത്രത്തിന്റെ റിയൽ തന്ത ഇന്നലെ അടക്ക് കഴിഞ്ഞ നരിമറ്റം മാത്തച്ചൻ...!!"
ദിവ്യ അടുത്ത് നിന്ന ലത്തീഫിന്റെ കൈയ്യിൽ അമർത്തിപ്പിടിച്ചു.
തന്റെ ദേഹം കുഴയുന്നത് പോലെ അവൾക്ക് തോന്നി.
അത് മനസിലാക്കി രാഹുൽ അവളെ ചേർത്ത് പിടിച്ചു.
കൂട്ടുകാർ പരസ്പ്പരം നോക്കി.
"നമ്മൾ ഒരു സസ്‌പെൻസ് ക്രൈം ത്രില്ലറിലെ കഥാപാത്രങ്ങൾ ആണോ?"
ടോമി സ്വയം പറഞ്ഞു.
"അതേ..."
അത് കേട്ട് പ്രിയങ്കയും പറഞ്ഞു.
"ഒരു കഥപോലെ...എന്തൊക്കെ ട്വിസ്റ്റും ടേൺസുമാണ്...!!!"
"ഞാൻ എല്ലാം പറയാം ദിവ്യേ,"
അതിനിടയിൽ സോഫയിൽ ഇരുന്ന ദിവ്യയെ നോക്കി ജയകൃഷ്ണൻ പറഞ്ഞു.
"ചെയ്ത് കൂട്ടിയ പാപങ്ങൾക്ക് ....ഒരംശത്തിണെങ്കിലും പ്രതിക്രിയയായാൽ..."
അവന്റെ മുഖം ആലോചനാമഗ്നമായി.
എല്ലാവരും കാതുകൾ കൂർപ്പിച്ചു.
"കഥ തുടങ്ങുന്നത് ഇവിടെയല്ല.."
ജയകൃഷ്ണൻ പറഞ്ഞു തുടങ്ങി.
"ഡെറാഡൂണിൽ. നാഷണൽ ഡിഫൻസ് അക്കാദമിയുടെ കാമ്പസ്സിൽ. രാജ്യത്തെ ബെസ്റ്റ് മിലിട്ടറി ഓഫീസർമാരെ വാർത്തെടുക്കുന്ന ആ റെപ്യൂട്ടഡ് സ്ഥാപനത്തിന്റെ ക്യാപസ്സിലാണ് ഈ കഥയുടെ ബിഗിനിംഗ് പോയിന്റ്...ഏകദേശം ഒന്നര വർഷങ്ങൾക്ക് മുമ്പ്..."
ഡെറാഡൂൺ നാഷണൽ ഡിഫൻസ് അക്കാഡമിയിലെ പ്രസിദ്ധരായ മിലിട്ടറി ട്രെയിനർമാരിലൊരാളായിരുന്നു മേജർ മാത്യു വർഗ്ഗീസ്.
അക്കാഡമി കാമ്പസ്സിൽ തന്നെയുള്ള ക്വാർട്ടേഴ്‌സിൽത്തന്നെയായിരുന്നു അയാൾ താമസിച്ചിരുന്നത്.
ഭാര്യ ലളിതാ മേനോനോടും മക്കളായ വിനോദിനോടും വിമലിനോടുമോപ്പം.
മൂത്തമകൻ വിനോദ് മാത്യു തന്റെ അമ്മ ലളിതാ മേനോനൊടൊപ്പം ഡെറാഡൂൺ നഗരത്തിലെ വിഖ്യാതമായ വിൽഫോഡ് കോളേജിൽ ജ്യൂനിയർ ലക്ചറർ ആയി ജോലി ചെയ്യുന്നു.
ഇളയവൻ വിമൽ മാത്യു ബിസിനെസ് അഡ്‌മിനിസ്ട്രേഷനിൽ വിദ്യാർഥി.

ഒരു വർഷമായി ലളിതാ മേനോൻ ശയ്യാവലംബിയാണ്.
ബ്ലഡ് ക്യാൻസർ.
ഏത് സമയത്തും മരണം പ്രതീക്ഷിച്ച് കിടക്കുന്നു.
അന്നും മാത്യു വർഗ്ഗീസ് ഭാര്യയുടെ കിടക്കയുടെ അരികിൽ ഇരിക്കുകയായിരുന്നു.
"മക്കൾ എവിടെ?"
തളർന്ന സ്വരത്തിൽ ലളിതാ മേനോൻ ചോദിച്ചു.
അവർ പുറത്തേക്ക് പോയിരിക്കുകയാണ്.
സാധാരണ ഗതിയിൽ അമ്മ കിടക്കയെ ശരണം പ്രാപിച്ചതിനു ശേഷം വിനോദും വിമലും വീടിനുള്ളിൽ സമയം ചിലവിടുമായിരുന്നു.
പക്ഷെ മാത്യു വർഗ്ഗീസ് അവരെ നിർബന്ധിച്ച് പുറത്തേക്ക് പറഞ്ഞുവിടും.
ചെറുപ്പക്കാരാണവർ.
അമ്മയുടെ രോഗത്തിന് പ്രതിവിധി മരണം മാത്രമേയുള്ളൂ.
അതിൽ അങ്ങേയറ്റം ദുഖിതരാണവർ.
അത് കാണാൻ അയാൾ ആഗ്രഹിച്ചില്ല.
"അവർ അൽപ്പം കഴിഞ്ഞ് വരും,"
അയാൾ പറഞ്ഞു.
അവർ ചുറ്റും നോക്കി.
"എന്താ?"
അയാൾ ചോദിച്ചു.
"ആ കതക് അടയ്ക്കൂ,"
അവർ പറഞ്ഞു.
അയാൾക്ക് ആ ആവശ്യം വിചിത്രമായി തോന്നി.
എങ്കിലും അത് പ്രകടിപ്പിക്കാതെ അയാൾ പോയി കതക് ചാരിയിട്ട് തിരികെ വന്നു.
"എന്റെ അടുത്ത് വന്നിരിക്കൂ,"
അയാൾ വീണ്ടും അവരുടെ കിടക്കയുടെ അരികിൽ വന്ന് ഇരുന്നു.
"എന്താ ലളിതേ?"
അയാൾ ചോദിച്ചു.
അസഹ്യമായ വേദനയുടെ പാരമ്യതയിൽ അവർ പുളയുന്നത് അയാൾ കണ്ടു.
"അൽപ്പം കൂടി അടുത്ത് വരൂ,"
വേദനയിൽ ചിതറുന്ന ശബ്ദത്തിൽ അവർ പറഞ്ഞു.
"ഉച്ചത്തിൽ സംസാരിക്കാൻ വയ്യ എനിക്ക്,"
അയാൾ അവരുടെ മുഖത്തിന് തൊട്ടടുത്ത് ചേർന്നിരുന്നു.
"എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്,"
വേദനയുടെ അസഹ്യതയിൽ അവർ വീണ്ടും പറഞ്ഞു.
"എന്താ ലളിതേ?"
"ഹാങ്ങ്...ഓ...!"
അവർ വേദനയിൽ ഞരങ്ങി.

"ഈ വേദനയ്ക്ക് ...അൽപ്പം....അൽപ്പം കുറവ് ഉണ്ടായിരുന്നെങ്കിൽ...1 ഞാൻ എല്ലാം പറഞ്ഞ് തീരുന്നത് വരെ...ഓ...!"
തന്റെ കൈയിൽ പിടിച്ചിരിക്കുന്ന ഭർത്താവിന്റെ മുഖത്തേക്ക് അവർ നോക്കി.
"നിങ്ങൾ എനിക്ക് വാക്ക് തരണം,"
യാചനാ സ്വരത്തിൽ അവർ പറഞ്ഞു.
"എന്റെ മരണ ശേഷവും രണ്ട് കുഞ്ഞുങ്ങളേയും ഒരു പോലെ തന്നെ കാണണമെന്ന്..."
അയാൾ അദ്ഭുതപ്പെട്ടു.
"ഇതെന്ത് ചോദ്യമാ ലളിതേ?"
അയാൾ ചോദിച്ചു.
"ഞാനെപ്പോഴെങ്കിലും ആരോടെങ്കിലും വ്യത്യാസം കാണിച്ചിട്ടുണ്ടോ?"
"പ്രോമിസ് ചെയ്യ്..."
അവർ നിർബന്ധിച്ചു.
അയാൾക്ക് വിചിത്രമായി തോന്നിയെങ്കിലും അവരുടെ കൈയിൽ അയാൾ മുറുകെപ്പിടിച്ചു.
"ശരി..! പ്രോമിസ്..!"
മാത്യു വർഗ്ഗീസ് പുഞ്ചിരിയോടെ അവരെ നോക്കി.
"നമ്മുടെ രണ്ടു മക്കളെയും എക്കാലത്തും ഞാൻ ഒരുപോലെയേ കാണുകയുള്ളൂ..."
അവർ വളരെ നേരം അയാളെ ഉറ്റുനോക്കിക്കൊണ്ടിരുന്നു.
"എന്താണെങ്കിലും പറയൂ,"
അയാൾ നിർബന്ധിച്ചു.
അവർ അടഞ്ഞുകിടന്നിരുന്ന കതകിലേക്ക് വീണ്ടും നോക്കി.
ചാരിയിട്ടിരുന്ന ജാലകങ്ങളിലേക്കും.
"കമോൺ ലളിതാ...!!"
മാത്യു വർഗ്ഗീസ് വീണ്ടും പറഞ്ഞു.
"ആരുമില്ല ഇവിടെ,"
വീണ്ടും അവർ അയാളെ അൽപ്പനിമിഷങ്ങൾ നോക്കിക്കിടന്നു.
പിന്നെ, തന്നെ ഞെരിച്ചമർത്തുന്ന വേദന വകവെക്കാതെ പറഞ്ഞു.
"വിനോദ് നിങ്ങളുടെ മകനല്ല...!!"
അയാൾ അവരുടെ കൈയിൽ നിന്ന് പിടുത്തം വിട്ടു.
അയാൾ പിമ്പോട്ടുചായുന്നത് അവർ കണ്ടു.
മാത്യു വർഗ്ഗീസ് തന്റെ കണ്ണട ഊരി.
അയാളുടെ കണ്ണുകളിലെ വികാരം അവർക്ക് കാണാൻ കഴിഞ്ഞില്ല.
"വാട്ട് ഡൂ യൂ മീൻ?"
ഒരു വിദൂര ഗ്രഹത്തിൽ നിന്നെന്നപോലെ, വളരെ അപരിചിതമായ ഒരു ശബ്ദം അവർ കേട്ടു.
"എന്നോട് ക്ഷമിക്കൂ,"
നിറകണ്ണുകളോടെ ലളിതാ മേനോൻ തുടർന്നു.

"ഓ..! ഈശ്വരാ...പ്രാണൻ പറിയുന്ന വേദന...മാത്യൂ...രാജശേഖര വർമ്മയുടെ ....രാജന്റെ മകൻ...രാജന്റെ മകനാണവൻ....നിങ്ങൾക്കറിയില്ലേ ...ജെ എൻ യൂവിൽ..."
തന്റെ തലയ്ക്ക് മുകളിൽ, ഉള്ളിൽ, ആയിരം കടന്നലുകൾ ഇരമ്പുന്നത്പോലെ മാത്യു വർഗ്ഗീസിന് തോന്നി.
"ഇങ്ങടുത്ത് വരൂ..."
അവർ വീണ്ടും ഭർത്താവിനെ നോക്കി.
"മറ്റൊന്ന് കൂടിയുണ്ട്..."
മാത്യു വർഗ്ഗീസിന്റെ കണ്ണുകൾ ലളിതയുടെ കണ്ണുകളിൽ കോർത്തു.
"രാജൻ ഇടയ്ക്കിടെ ഒരു നിധിയെക്കുറിച്ച് പറയുമായിരുന്നു...ആഹ്...ഓ...! ഒരു കോബ്രാഹിൽസിൽ....യെസ്...! കോബ്രാഹിൽസ്...!! ദ ട്രഷർ മൌണ്ടൻ...! രണ്ട് മാപ്പുകൾ ഉണ്ട് അത് കണ്ട് പിടിക്കാൻ...!! കൊട്ടാരത്തിലെ ലൈബ്രറിയിൽ എവിടെയോ ആണത്....!! ആ മാപ്പുകൾ കണ്ടെത്തൂ.....ഓ ...! അമ്മേ....! ഹാങ്ങ്...ഗോറ്റു ദ കോബ്രാ ഹിൽസ്...! ദ ട്രഷർ മൌണ്ടൻ...!! അത് നിറയെ നിധിയാണ്...!! ഡയമണ്ട്സ്...! എമ്രാൾഡ്സ്...! സഫയേഴ്സ്...!!പേൾസ്...! ഓപൽസ്...! കാർബങ്കിൾസ്...! റൂബീസ്..."
വേദനയുടെ തീവ്രതയിൽ ലളിതാ മേനോൻ വീണ്ടും പുളഞ്ഞു.
മാത്യു വർഗ്ഗീസ് വീണ്ടും അവരുടെ കൈത്തലമമർത്തി.
സഹാനുഭൂതിയോടെ അവരുടെ കണ്ണുകളിലേക്ക് നോക്കി.
"ലളിതേ..."
അയാൾ വിളിച്ചു.
വേദന കടിച്ചമർത്തി അവർ അയാളിലേക്ക് നോക്കി.
"നീ സമാധാനിക്ക്...വിനോദും വിമലും എന്റെ മക്കൾ തന്നെയാണ്.എനിക്കിനി മറ്റൊരുരീതിയിൽ ചിന്തിക്കാൻപോലും കഴിയില്ല. മരണം വരെ അവരാരും ഇതറിയില്ല...ഉറപ്പ്..യൂ ക്യാൻ ബിലീവ് മീ..."
ലളിതാ മേനോന്റെ മുഖത്ത് ആശ്വാസം നിറഞ്ഞു.
രക്തകോശങ്ങളെ കീഴ്പ്പെടുത്തിയ രോഗ ബീജങ്ങൾ അപ്രതക്ഷ്യമായതുപോലെ അവർക്ക് തോന്നി.
"ഓ..!"
അവർ പുഞ്ചിരിക്കാൻ ശ്രമിച്ചു.
"...ഇപ്പോൾ ..ഇപ്പോൾ എന്തൊരാശ്വാസം...!!!"
സുഖദമായ ഒരു ഭാവം പണിപ്പെട്ടുവരുത്തിക്കൊണ്ട് ലളിതാ മേനോൻ പറഞ്ഞു.
"വേദനയെല്ലാം ....വേദനയെല്ലാം പൊയ്പ്പോവുന്നു....എന്റെ ഭാരമൊക്കെ പോകുന്നു....ഞാൻ ..ഞാൻ ...സമാധാനമായി മരിക്കാൻ പോകുന്നു...എന്റെ കൈയിൽ പിടിക്കൂ....മുറുക്കെ....ഹാങ്ങ് ....അങ്ങനെ....മരണം ഒരു മേഘചീന്ത് പോലെ പറന്നുവരുന്നത് എനിക്ക് കാണാം...മരണം ഇപ്പോൾ ഒരു കുഞ്ഞിന്റെ

കൈകളോടെ എന്റെ മുഖത്ത് തൊടുന്നത് എനിക്കറിയാം ....എന്റെ കണ്ണുകളിൽ ....എന്റെ ഹൃദയത്തിൽ മരണം ഉമ്മവെക്കുന്നു...."
അവരുടെ ശരീരം പൂർണ്ണമായി നിശ്ചലമായി.
കാറ്റ് പിമ്പിലെ ജനാല തുറന്നപ്പോൾ മാത്യു വർഗ്ഗീസ് തിരിഞ്ഞു നോക്കി.
ജനാലക്ക് പിമ്പിൽ നിറകണ്ണുകളോടെ ആ രംഗങ്ങൾക്കെല്ലാം സാക്ഷ്യം വഹിക്കുകയായിരുന്ന വിനോദിനെ അയാൾ കണ്ടു.
അവന്റെ പിമ്പിൽ വിമലിനെയും.

ലളിതാ മേനോന്റെ മരണത്തിന് ശേഷം മാത്യു വർഗ്ഗീസ് തന്റെ പഴയ കാലം ഓർമ്മിക്കുകയായിരുന്നു.
ആഭിജാത്യ സമൂഹത്തിന്റെ താവളമായ കൊണാട്ട് പ്ലേസിലേ ഒരു പാർട്ടിക്കിടയിൽ രാജശേഖര വർമ്മയോടൊപ്പം നൃത്തം ചെയ്തുകൊണ്ടിരുന്ന ലളിതാ മേനോൻ എന്ന സുന്ദരിയെ ആദ്യമായി കണ്ടത്.
ജവാഹർലാൽ നെഹ്രു യൂണിവേഴ്സിറ്റിയിൽ വിദ്യാർഥികളായിരുന്നു അവർ.
ആദ്യനോട്ടത്തിൽത്തന്നെ അവൾ തന്നെ ഭ്രാന്തനാക്കിയത് അയാൾ ഓർത്തു.
പലരെയും മുമ്പ് പ്രേമിച്ചിട്ടുണ്ടെങ്കിലും പലരുടെയും കൂടെ കിടക്ക പങ്കിട്ടിട്ടുണ്ടെങ്കിലും സ്ത്രീ ഒരു അനുഭൂതിയായി സിരകളിൽ പടരുന്നത് അന്നാണ്.
ദിവസങ്ങളോളം മാസങ്ങളോളം തന്റെ ഉറക്കം നഷ്ടപ്പെടുത്തിയ സുന്ദരി.
പിന്നീട് തന്നെത്തേടിയെത്തിയ ഒരു സ്ത്രീയിൽപ്പോലും തനിക്ക് താൽപ്പര്യം തോന്നിപ്പിക്കാത്ത രീതിയിൽ അവൾ അങ്ങനെ മനസ്സിലും രക്തത്തിലും കത്തിനിൽക്കുകയായിരുന്നു.
പിന്നെ അവളെ തന്റെ വരുതിയിലാക്കാൻ എത്ര എത്ര ശ്രമങ്ങൾ നടത്തി.
അവസാനം തന്റെ ഉദ്യമങ്ങൾ വിജയം കണ്ടപ്പോൾ ലോകം കീഴടക്കയിയ പ്രതീതിയായിരുന്നു.
വൈദ്യശാസ്ത്രം അവളുടെ മരണം തീർച്ചപ്പെടുത്തിയപ്പോൾ പോലും താൻ ആ പ്രതീതിയിൽ നിന്ന് പിമ്പോട്ടു പോയില്ല.
പക്ഷെ....
തന്റെ സുഹൃത്ത് മാത്രമാണ് രാജശേഖരവർമ്മ എന്നാണ് ലളിത അന്ന് പറഞ്ഞിരുന്നത്.
ജീവിതാന്ത്യം വരെ അവളോടുള്ള പ്രണയത്തിന്റെ ഭ്രാന്ത് തന്നിൽ നിന്നും ഒഴിയാതിരുന്നത് കൊണ്ട് ഒരിക്കലും താൻ അവളെ അവിശ്വസിച്ചിരുന്നില്ല.
അവൾക്കയാളോട് പ്രണയമുണ്ട് എന്ന് തന്നോട് തുറന്നുപറഞ്ഞാലും താൻ കാര്യമാക്കുമായിരുന്നില്ല.
അതൊക്കെ സ്വാഭാവികം എന്നൊക്കെ കാണുവാനുള്ള വിവേകവും തനിക്കുണ്ടാവുമായിരുന്നു.
അതും അവളോട് തുറന്ന് പറഞ്ഞതാണ്.

എന്നിട്ടും അവൾ ആണയിട്ടുപറഞ്ഞു, രാജശേഖര വർമ്മ സുഹൃത്ത് മാത്രമായിരുന്നെന്ന്.
എന്നിട്ട് മരണക്കിടക്കയിൽ വെച്ച് പറഞ്ഞത്!!
വിനോദ് അയാളുടെ മകനാണ് എന്ന്!
ഇക്കാലമത്രയും അത് അവൾ ഒളിച്ച് വെച്ചു.
തന്നെ വിഡ്ഢിയാക്കി, കബളിപ്പിച്ചു, തന്റെ സഹിഷ്ണുതാ മനോഭാവത്തെ പരിഹസിച്ചു.
പെട്ടെന്ന് തന്റെ മുമ്പിൽ വിനോദും വിമലും നിൽക്കുന്നത് അയാൾ കണ്ടു.
ലളിതയുടെ മരണമേല്പ്പിച്ച ആഘാതത്തോടൊപ്പം താനൊരു ജാരസന്തതിയാണ് എന്ന തിരിച്ചറിവിന്റെ ദുഃഖം വിനോദിന്റെ മുഖത്ത് നിന്നും അയാൾ വായിച്ചു.
അന്ന് ലളിത മേനോൻ പറഞ്ഞ മുഴുവൻ സത്യങ്ങളും ജനാലയ്ക്കപ്പുറത്ത് നിന്ന് കേട്ടതിന് ശേഷം വിനോട് ദിവസങ്ങളോളം പുറത്തിറങ്ങാതെ മുറിക്കകത്ത് തന്നെ കഴിഞ്ഞുകൂടുകയായിരുന്നു.
ആരെയെങ്കിലും കാണാനോ ആരോടെങ്കിലും സംസാരിക്കാനോ അവൻ കൂട്ടാക്കിയില്ല.
മാത്യു വർഗ്ഗീസ് എഴുന്നേറ്റ് അവരെ സമീപിച്ചു.
അയാൾ വിനോദിന്റെ തോളിൽ പിടിച്ചു.
"വിനോദ്,"
അയാൾ പറഞ്ഞു.
"നീ നിന്റെ അപ്പനെ വിളിക്കണം. ഐ മീൻ നിന്നെ ജനിപ്പിച്ചയാളെ,"
"എന്തിന്?"
വിമൽ ചോദിച്ചു.
"നീ പറയണം,"
വിനോദിന്റെ മുഖത്ത് നോക്കി അയാൾ തുടർന്നു.
"...നീ അയാളോട് പറയണം, അയാളുടെ മകനാണ് നീ എന്ന്. അയാൾ നിന്നെ സ്വീകരിക്കണം. അയാളുടെ സമ്പത്തിന്റെ അവകാശി നീയായിരിക്കണം,"
വിനോദ് ഒന്നും പറഞ്ഞില്ല.
"പക്ഷെ, പപ്പാ..."
വിമൽ സംശയത്തോടെ ചോദിച്ചു.
"നമുക്കെന്തിന്..."
"നമുക്ക് ആരുടേയും പണം ആവശ്യമില്ല,"
വിമലിനെ തുടരാൻ അനുവദിക്കാതെ മാത്തച്ചൻ തുടർന്നു.
പിന്നെ അയാൾ വിനോദിനെ നോക്കി.
"പക്ഷെ സത്യം മറച്ച് വെക്കാൻ ആർക്കും അവകാശമില്ല. സത്യം ജയിക്കണം. അയാൾ ഒരു കുഞ്ഞിന് ജന്മം കൊടുത്തുവെങ്കിൽ അയാളത് അറിയണം, അതിനു ശേഷം ചെയ്യേണ്ടതെന്താണ് എന്നും,"
അയാൾ അവരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തി.

ഈ ദിവസങ്ങളിൽ സാധ്യമായ എല്ലാ രീതികളും രാജശേഖര വർമ്മയെക്കുറിച്ച് അയാൾ അന്വേഷിച്ചിരുന്നു.
സ്തംഭിച്ചു പോകുന്ന കാര്യങ്ങളാണ് അന്വേഷണത്തിൽ അറിഞ്ഞത്.
ദിവ്യ ഗ്രൂപ്പ് ഇൻഡസ്ട്രീസ് എന്ന വ്യവസായ സാമ്രാജ്യത്തിന്റെ അധിപനാണ് രാജശേഖര വർമ്മ.
ആയിരക്കണക്കിന് ഏക്കർ വിസ്തീർണ്ണ മുള്ള ഒരു എസ്റ്റേറ്റിന്റെ ഉടമയുമാണ് അയാൾ.
കോടികൾ വിലമതിക്കുന്ന ചരിത്ര സാമഗ്രികൾ അയാളുടെ കൊട്ടാരത്തിനകത്ത് തന്നെയുണ്ട്.
ഈ മഹാസമ്പത്തിനെ നിസ്സാരമാക്കുന്ന അളവറ്റ ഒരു നിധിശേഖരം അയാളുടെ എസ്റ്റേറ്റ് പരിധിയിൽപ്പെട്ട കോബ്രാ ഹിൽസിലുണ്ടെന്ന് കരുതപ്പെടുന്നു.
അവയെ കൈക്കലാക്കുവാൻ സഹായിക്കുന്ന രണ്ട് മാപ്പുകൾ കൊട്ടാരം ലൈബ്രറിയിൽ ഉണ്ട്.
"അത് കൊണ്ട് വിനോദ്,"
മാത്യു വർഗ്ഗീസ് ഉപസംഹാരതിലേക്ക് കടന്നു.
"ഈ രാജ്യത്ത് തന്നെ ഇത്രയും സമ്പത്ത് സ്വന്തമായുള്ള ചുരുക്കം ചില ആളുകളിലൊരാളാണ് രാജശേഖര വർമ്മ എന്ന ജന്മം കൊണ്ട് നിന്റെ നിന്റെ പിതാവായ ആ മനുഷ്യൻ. നിയമപരമായി അതിന്റെ ഒരവകാശി നീയും കൂടിയാണ്. അത് വേണ്ട എന്ന് വെക്കാനുള്ള ബുദ്ധിമോശമൊന്നും നീ കാണിക്കരുത്,"
അതനുസരിച്ച് വിനോദ് ടെലഫോൺ രാജശേഖര വർമ്മയുമായി ബന്ധപ്പെട്ടു.
ലളിതാ മേനോൻ മരിച്ചെന്നും മരണ സമയത്ത് താൻ രാജശേഖര വർമ്മയിൽ നിന്ന് ജനിച്ചതാണ് എന്നകാര്യം അവർ വെളിപ്പെടുത്തിയെന്നും അവൻ അദ്ധേഹത്തെ അറിയിച്ചു.
നിഷേധവും തിരസ്ക്കരണവുമാണ് വിനോദ് പ്രതീക്ഷിച്ചത്.
എന്നാൽ അനൽപ്പമായ സന്തോഷത്തോടെയാണ് രാജശേഖര വർമ്മ പ്രതികരിച്ചത്.
വിനോദിനെ ഉടനേ കാണാൻ താൻ ആഗ്രഹിക്കുന്നു എന്നും ശാന്തിപുരത്ത് തന്റെ വസതിയിൽ എത്തിച്ചേരുക എന്ന പ്രതികരണമാണ് അദ്ധേഹത്തിൽ നിന്നുമുണ്ടായത്.
"നെഗറ്റീവ് ആയ ഒരു റെസ്പോൻസ് ആണ് ഞാൻ പ്രതീക്ഷിച്ചത്,"
വിവരമറിഞ്ഞ് മാത്യു വർഗ്ഗീസ് പറഞ്ഞു.
"നമുക്ക് നിയമത്തിന്റെ വഴി തേടേണ്ടി വരും എന്ന് ഞാൻ കരുതി. ഏതായാലും ഇനി അതിന്റെ ആവശ്യമൊന്നുമില്ല. നിന്നോട് നാളെ തന്നെ പുറപ്പെടാൻ ആവശ്യപ്പെട്ടിരിക്കുകയാണ് രാജശേഖര വർമ്മ. നിന്നെ മകനായി സ്വീകരിക്കുവാൻ അയാൾ സന്നദ്ധനായിരിക്കുന്നു,"
അയാളുടെ വാക്കുകൾ വിനോദിൽ ഒരു ചലനവുമുണ്ടാക്കിയില്ല.
"വിനോദ്,"

മാത്യു വർഗ്ഗീസ് വിളിച്ചു.
അയാൾ വിനോദിന്റെ അടുത്തേക്ക് വന്നു.
അവന്റെ തോളിൽ പിടിച്ചു.
"നീ ഒരു വലിയ കോടീശ്വരനാകാൻ പോവുകയാണ്,"
അയാൾ തുടർന്നു.
"വലിയൊരു ബിസിനെസ്സ് സാമ്രാജ്യത്തിന്റെ, വലിയൊരു എസ്റ്റേറ്റ്ന്റെ. അതിനും പുറമേ ഒരു വലിയ നിധിശേഖരത്തിന്റെ..."
വിനോദ് ഒന്നും പറഞ്ഞില്ല.
അവന്റെ മുഖം വികാര രഹിതമായിരുന്നു.
പുതിയ സംഭവങ്ങളൊന്നും തന്റെ ഇഷ്ടാനുസരണമല്ല.
തന്നെ സംബന്ധിച്ച് ഒരേയൊരു യാഥാർത്ഥ്യം തന്റെ അന്തരാത്മാവിലേക്ക് തുറിച്ച് നോക്കുന്ന ജാരസന്തതി എന്ന പുതിയ വേഷമാണ്.
അന്ന് രാത്രി വിമൽ ഉറങ്ങാതെ സിറ്റൌട്ടിലിരിക്കുന്നത് മാത്യു വർഗ്ഗീസ് കണ്ടു.
"എന്താ, ഉറക്കം വരുന്നില്ലേ?'
അവന്റെ തോളിൽ കൈ വെച്ച് അയാൾ ചോദിച്ചു.
വിമൽ ഒന്നും പറഞ്ഞില്ല.
നിശബ്ദനായി മാത്യു വർഗ്ഗീസിനെ നോക്കിയിരുന്നു.
"പാപ്പാ നാളെ വിനോദ് പോകുന്നു,"
അൽപ്പം കഴിഞ്ഞ് അവൻ പറഞ്ഞു.
അയാൾ അവന്റെ മുഖത്തേക്ക് നോക്കി പുഞ്ചിരിച്ചു.
"അവൻ പോവുകയില്ല!!"
അയാളുടെ സ്വരത്തിലെ മാറ്റം വിമൽ ശ്രദ്ധിച്ചു.
വിമൽ അദ്ഭുതത്തോടെ അയാളെ നോക്കി.
"നീ പോകും!!"
"ഞാൻ?"
വിമലിന് ഒന്നും മനസ്സിലായില്ല.
"ബട്ട് ഹൌ?"
ദൃഢസ്വരത്തിൽ മാത്യു വർഗ്ഗീസ് പറഞ്ഞു.
"നീ പോകും!! നീ രാജശേഖര വർമ്മയെക്കാണും!! നീ ആയിരിക്കും അയാളുടെ മകൻ!! നീ ആയിരിക്കും അയാളുടെ അവകാശി!! നീയായിരിക്കും വിനോദ്!! വിനോദ് മേനോൻ,"
വിമലിന്റെ കണ്ണുകൾക്ക് മുമ്പിൽ കണ്ണഞ്ചിക്കുന്ന പ്രകാശജ്വാലകൾ നിറഞ്ഞു.
താൻ ആകാശത്തിലെ നക്ഷത്രങ്ങളുടെ മധ്യത്തിൽ നിൽക്കുന്നത് പോലെ അവനു തോന്നി.
"പക്ഷെ പപ്പാ.. ..വിനോദ്?"
"അവൻ പോവുകയില്ല!"
അയാളുടെ സ്വരത്തിലെ വിറങ്ങലിപ്പ് വിമൽ തിരിച്ചറിഞ്ഞു.

"ആരാന്റെ മോൻ കോടീശ്വരനായിട്ട് എനിക്കെന്ത് കാര്യം. അവന്റെ മൊഖത്തേക്ക് നോക്കുന്ന ഓരോ നിമിഷവും എന്നെ വഞ്ചിച്ച അവന്റെ അമ്മയുടെ രൂപമാണ്. നിന്റെം അമ്മ ആണേലും!!"
വിമലിന്റെ നാസാരന്ധ്രങ്ങളിലേക്ക് മദ്യതിന്റെരൂക്ഷഗന്ധം തുളച്ചിറങ്ങി.
"നമുക്കവനെ വേറെ ഒരിടത്തേക്ക് അയക്കാം. നീ വാ. "
അയാൾ പിന്നെ വിനോദിന്റെ മുറിയിലേക്ക് പോയി.
അവൻ വസ്ത്രങ്ങൾ പായ്ക്ക് ചെയ്യുകയായിരുന്നു.
വെളുപ്പിന് അഞ്ചുമണിക്കാണ് ഫ്ലൈറ്റ്.
മാത്യൂ വർഗ്ഗീസും വിമലും അവനെ സമീപിച്ചു.
"പാക്കിംഗ് കഴിയാറായോ വിനോദ്?"
അയാൾ ചോദിച്ചു.
"കഴിഞ്ഞു പപ്പാ,"
അവൻ പറഞ്ഞു.
"ഇനി ഈ ഡ്രസ്സ് കൂടി മാത്രം,"
അവൻ പാക്കിംഗ് തുടർന്നു.
മാത്യു വർഗ്ഗീസ് മുരടനക്കുന്ന സ്വരം കേട്ടുവിനോദ് മുഖമുയർത്തി നോക്കിയപ്പോൾ തന്റെ നിഷാ വസ്ത്രത്തിന്റെ പോക്കറ്റിൽ നിന്ന് അയാൾ ഒരു റിവോൾവർ എടുക്കുന്നത് അവൻ കണ്ടു.
"പപ്പാ...ഇത്?"
അയാൾ അവനെ നോക്കി പുഞ്ചിരിച്ചു.
പിന്നെ ഒരു ചുവട് കൂടി അടുത്തു.
"സ്ട്രേഞ്ച് ആയ ഒരു സ്ഥലത്തേക്ക് അല്ലേ പോകുന്നത്?"
സ്വരത്തിൽ വിറങ്ങലിപ്പോടെ അയാൾ പറഞ്ഞു.
"സ്ട്രെയിൻച് ആയ ആളുകളുടെ ഇടയിലേക്ക്? സ്ട്രേഞ്ച് ആയ അനുഭവങ്ങളിലേക്ക്?അപ്പോൾ സ്ട്രേഞ്ച് ആയ ആയുധങ്ങൾ കൂടി കൈയിലിരിക്കട്ടെ,"
"പക്ഷെ പപ്പാ..എനിക്കിത് ഉപയോഗിക്കാൻ അറിയില്ല,"
"സാരമില്ല,"
വിറങ്ങലിച്ച പുഞ്ചിരി നിലനിർത്തി അയാൾ തുടർന്നു.
"ഞാൻ മേജർ മാത്യു വർഗ്ഗീസ്, കളിപ്പാട്ടം പോലെ തോക്ക് ഉപയോഗിക്കുന്നവൻ...കൊലപാതകം ഡ്രഗ് ആയി കണ്ടിരിക്കുന്നവൻ, ഇതെങ്ങനെ ഉപയോഗിക്കണമെന്ന് നിന്നെ പഠിപ്പിക്കാം,"
അയാൾ ബുള്ളെറ്റ് നിറയ്ക്കുന്ന ഭാഗം തുറന്നു.
"ഇത് ഇങ്ങനെ തുറന്ന്....പിന്നെ..."
അയാൾ ഓരോ അറയിലും ബുള്ളറ്റ് നിറച്ചു.
"ഇങ്ങനെ ലോഡ് ചെയ്ത് ...."
അയാൾ ആഭാഗം അടച്ചു.

"പിന്നെ ഇങ്ങനെ ലോക്ക് ചെയ്ത്...."
അയാൾ റിവോൾവർ അൽപ്പം ഉയർത്തി.
"പിന്നെ ശത്രുവിനെ കാണുമ്പോൾ ഇതുപോലെ പോയിന്റ് ചെയ്ത്..."
അയാൾ വിനോദിന്റെ നേരെ റിവോൾവർ ചൂണ്ടി.
"പിന്നെ ഇതുപോലെ ട്രിഗർ വലിച്ച്..."
അയാളുടെ വിരൽ ട്രഗറിൽ അമർന്നു.
"പിന്നെ ഇങ്ങനെ..."
വിരൽ സാവധാനം പിമ്പോട്ടു ചലിച്ചു.
"മതി!!"
വിനോദ് പുഞ്ചിരിയോടെ പറഞ്ഞു.
"മതി ...മതി പപ്പാ..!"
"പിന്നെ ഇതുപോലെ ഷൂട്ട് ചെയ്യണം!!"
അടുത്ത ക്ഷണം വിനോദിന്റെ ഇടത് നെഞ്ച് തുളച്ച് വെടിയുണ്ട നീങ്ങി.
"പപ്പാ...!!!"
അലറിക്കരഞ്ഞുകൊണ്ട്, കുഴഞ്ഞ് വിനോദ് മുമ്പോട്ടാഞ്ഞു.
അപ്പോഴാണ് മാത്യു വർഗ്ഗീസിന്റെ പിമ്പിൽ നിൽക്കുന്ന വിമലിനെ വിനോദ് കണ്ടത്.
"വിമൽ...!!!"
വിനോദ് അലറി നിലവിളിച്ചു.
"പിന്നെ ഇതുപോലെ ഷൂട്ട് ചെയ്യണം,"
ക്രൂരമായ, വിറങ്ങലിച്ച പുഞ്ചിരി നിലനിർത്തി അയാൾ വീണ്ടും ട്രിഗർ വലിച്ചു.
മറ്റൊരു വെടിയുണ്ട വിനോദിന്റെ വലത് നെഞ്ച് തുളച്ച് പാഞ്ഞു.
അവൻ കൈയുയർത്തി കുഴഞ്ഞ് വീഴാൻ തുടങ്ങി.
കണ്ണുകൾ പുറത്തേക്ക് തള്ളി.
നാവ് പുറത്തേക്ക് നീണ്ടു.
പക്ഷെ വീണ്ടും നിവർന്ന് നിൽക്കാൻ ശ്രമിച്ചു.
"പിന്നെ ഇതുപോലെ..."
വിനോദിന്റെ നെറ്റി പിളർത്തിക്കൊണ്ട് മറ്റൊരു വെടിയുണ്ട പാഞ്ഞു.
"ദ ഫൈനൽ പാക്കിംഗ്!!"
മാത്യു വർഗ്ഗീസിൽ നിന്ന് ചോര മണക്കുന്ന വാക്കുകൾ കുതിർന്ന് വീണു.

കൊലക്ക് ശേഷമുള്ള അതേ രാത്രി.
ഭാവി പരിപാടിക്ക് കൃത്യമായ ഒരു രൂപരേഖ തയ്യാറാക്കാൻ മാത്യു വർഗ്ഗീസും വിമലും വീണ്ടും ചർച്ചയാരംഭിച്ചു.
"നാളത്തെ ഫ്ലൈറ്റിനു ഞാനും കേരളത്തിലേക്ക് ഉണ്ടാവും,"
അയാൾ മകനോട് പറഞ്ഞു.
"രാജശേഖര വർമ്മ താമസിക്കുന്ന സിറ്റീൽ തന്നെയാണ് വർക്കിച്ചായനും,"
വിമൽ അയാളെ ചോദ്യരൂപത്തിൽ നോക്കി.

"നിന്റെ വർക്കി അങ്കിൾ,"
അയാൾ തുടർന്നു.
"കള്ളനോട്ടും കള്ളക്കടത്തും ഡ്രഗ് ബിസിനസ്സും പോലീസ് കേസും ഒക്കെയായാണ് പാവം ജീവിച്ച് പോകുന്നത്. ഞാൻ വർക്കിച്ചായന്റെ കൂടെയുണ്ടാവും,"
"വെൽ..."
"ഇരുപത്തി രണ്ടാമത്തെ വയസ്സിൽ പട്ടാള ഓഫീസായി നാടുവിട്ടതിൽ പിന്നെ ഇതുവരെ ഞാൻ കേരളത്തിൽ പോയിട്ടില്ല. അതിനു ശേഷം വർഷത്തിൽ ഒന്നോ രണ്ടോ ഫോൺ കോൾ...അതിൽ കൂടുതൽ ഒരു കോണ്ടാക്റ്റും ഉണ്ടായിട്ടില്ല. ഇനിയത്തെ എന്റെ വാസം വർക്കിച്ചായന്റെ കൂടെയാണ്. നിന്റെ പൊറുതി രാജശേഖര വർമ്മയുടെ പാലസിലും,"
വിമൽ ശ്രദ്ധയോടെ കേട്ടു.
"ഞാൻ നിന്റെ പപ്പായാണ് എന്നോ നീ എന്റെ മകൻ ആണ് എന്നോ അന്നാട്ടിലെ ആരും അറിയരുത്,"
അയാൾ പദ്ധതി വിശദീകരിച്ചു.
"തികച്ചും അപരിചിതരെപ്പോലെ പെരുമാറുക. വർക്കിചായനുപോലും അറിയില്ല. ഞാൻ വിഭാര്യൻ. വൈഫ് ക്യാൻസർ പിടിച്ച് തൊലഞ്ഞു. എൽഡർ പുത്രനും ഓൾസോ. യൂ ആർ ഇൻ ക്യാനഡ...മനസ്സിലാകുന്നുണ്ടോ?"
"യെസ്, പപ്പാ,"
"ഗുഡ്!"
അയാൾ ഉത്സാഹത്തോടെ തുടർന്നു.
"രാജശേഖര വർമ്മക്ക് ഒരു മകളുണ്ട്. ദിവ്യ. ദിവ്യ വർമ്മ. ഊട്ടിയിലെ ഒരു ഇന്റർനാഷണൽ സ്കൂളിൽ പഠിക്കുകയാണവൾ. അയാളുടെ സമ്പത്തിന്റെ ഈക അവകാശി...കിരീടാവകാശി. സൂര്യ വംശത്തിലെ രാജകുമാരി..."
വിമൽ ജാഗ്രതയോടെ അയാളെ നോക്കി.
ഒരു ഗാഢനിശബ്ദത അവർക്കിടയിൽ നിമിഷങ്ങളോളം തളം കെട്ടി.
"അവൾ ജീവിച്ചിരിക്കരുത്!"
നിശബ്ദതയെ വിറങ്ങലിപ്പിച്ചുകൊണ്ട് അയാളുടെ ശബ്ദം വീണ്ടും മുഴങ്ങി.
"ആർക്കും സംശയം ഉണ്ടാകാത്ത രീതിയിൽ അവളെ ഈ ഭൂമുഖത്ത് നിന്ന് തുടച്ച് മാറ്റണം. സ്വന്തം ചെയ്യാമെങ്കിൽ ഏറ്റവും നന്ന്...അല്ലെങ്കിൽ ഏറ്റവും വിശ്വസ്തരായ എസ്ക്പേർട്ട് ആയ മറ്റാരെയെങ്കിലും ഉപയോഗിച്ച്. മനസ്സിലാകുന്നുണ്ടോ നിനക്ക്?"
"യെസ് പപ്പാ!"
"നന്നായി ആക്റ്റ് ചെയ്യുക!"
അയാൾ തുടർന്നു.
"ഏതൊക്കെ വെഷം കെട്ടാമോ അതൊക്കെ. ജയിക്കും ഷുവർ. അപ്പോൾ സ്വത്ത് മുഴുവൻ നെനക്ക്!! വേണ്ട ഉപദേശവും നിർദേശങ്ങളും അതാത് സമയത്ത് എന്നിൽ നിന്നും നിനക്ക് കിട്ടിക്കൊണ്ടിരിക്കും...മനസ്സിലായോ?"

"യസ് പപ്പാ!"
"ഗുഡ്!"
അയാൾ ചിരിച്ചു.
"നമ്മുടെ പ്രൈമറി ലക്ഷ്യം ഇതൊന്നുമല്ല. ആ മാപ്പുകൾ കൊട്ടാരം ലൈബ്രറിയിൽ നിന്ന് അടിച്ച് മാറ്റണം. അതാണ് നമ്മുടെ മിഷൻ. ഒരു നിധി മറഞ്ഞുകിടക്കുന്ന പർവ്വവതമുണ്ട്. കോബ്രാ ഹിൽസ്! നിന്റെ മമ്മി പറഞ്ഞ ട്രഷർ മൌണ്ടൻ! ആ നിധിയിലേക്ക് എത്തിച്ചേരാനുള്ള മാർഗ്ഗ രേഖകളാണ് അവ. അതാദ്യം കരസ്ഥമാക്കണം!!"
വിമൽ ശ്രദ്ധയോടെ അയാളുടെ പദ്ധതി ഗ്രഹിച്ചു.
"സോ..."
അയാൾ ഉപസംഹരിച്ചു.
"രണ്ട് ലക്ഷ്യങ്ങൾ ഉണ്ട് നമ്മുടെ കേരളാ യാത്രക്ക്. ഒന്ന് രാജശേഖര വർമ്മയുടെ മകളെ കൊല്ലുക! രണ്ട് നിധി കരസ്ഥമാക്കുക!! മനസ്സിലായോ?"
"യെസ് പപ്പാ.."
അയാൾ അവനെ ഒന്ന് നോക്കി.
"നീ നേഴ്സറിയിൽ പഠിച്ചിരുന്ന കാലം ഞാൻ ഓർക്കുന്നു,"
അയാൾ എഴുന്നേറ്റു.
"അന്ന് നിനക്ക് ഏറ്റവും ഇഷ്ടമുള്ള റൈം, നേഴ്സറിപ്പാട്ട് ഏതാണ് എന്ന് നീ ഓർക്കുന്നോ?"
വിമൽ അയാളുടെ ചോദ്യം കേട്ട് ഒന്നും മനസ്സിലാകാതെ നോക്കി.
"എനിക്ക് ഓർമ്മയുണ്ട്,"
മാത്യു വർഗ്ഗീസ് പറഞ്ഞു.
"ജോണി ജോണി ..യെസ് പപ്പാ...എന്നാ റൈം. നീ ഇപ്പോൾ കുറെ നേരമായി യെസ് പപ്പാ യെസ് പപ്പാ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു! അവസാനം നോ പപ്പാ എന്നും പറഞ്ഞോണ്ട് എന്റെ കഴുത്തിന് പിടിച്ചേക്കരുത്! ലൈഫ് ഈസ് എ ബിഗ് നേഴ്സറി...പക്ഷെ റൈം പാടേണ്ടത് തോക്കുകൊണ്ടാ...തന്ത്രങ്ങൾ കൊണ്ട്....ചോരയും ജീവനും കൊണ്ട്..നക്ഷത്രങ്ങളുടെ ഇടയിൽ രാജകുമാരനെപ്പോലെ ജീവിക്കേണ്ടേ? അതിനു ഒരു റൈം മാത്രം ഓർത്താൽ മതി. വെടിയുണ്ടയുടെ റിഥം നിറഞ്ഞ ചീറ്റിത്തെറിക്കുന്ന ചോരയുടെ സിംഫണി നിറഞ്ഞ ഒരു റൈം..."
പിറ്റേ ദിവസം വിമലും മേജർ മാത്യു വർഗ്ഗീസും കേരളത്തിലെത്തി.
വിമൽ ശാന്തിപുരത്തെത്തി.
രാജശേഖര വർമ്മയെക്കണ്ടു.
താൻ വിനോദ് ആണെന്ന് സ്വയം പരിചയപ്പെടുത്തി.
ലളിതാ മേനോന്റെ തനിപകർപ്പായിരുന്നു വിമൽ.
അക്കാരണം കൊണ്ട് രാജശേഖരവർമ്മയുടെ മനസ്സിൽ സംശയത്തിന്റെ നെല്ലിടപോലുമുണ്ടായില്ല.

വിവാഹം കഴിച്ചതിന്റെ ആദ്യത്തെ മാസം തന്നെ അമ്മയുടെ ഭർത്താവ് അവരെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയുടെ കൂടെപ്പോയി എന്നും പിന്നെ തന്നെ വളർത്തുവാനും പഠിപ്പിക്കുവാനും അമ്മ ഒരുപാട് കഷ്ട്ടപ്പെട്ടു എന്നും തലേ ആഴ്ച്ച മരിക്കുന്ന ദിവസമാണ് താൻ വ്യവസായിയായ രാജശേഖര വർമ്മയുടെ മകനാണ് എന്ന് അമ്മ വെളിപ്പെടുത്തിയതെന്നും വിമൽ രാജശേഖര വർമ്മയെ പറഞ്ഞു വിശ്വസിപ്പിച്ചു.
വിനോദിനെ ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത രാജശേഖര വർമ്മ വിമലിനെ സ്വന്തം മകനായി സ്വീകരിച്ചു, അംഗീകരിച്ചു.
തന്റെ പിതൃത്വം പരസ്യമായി വെളിപ്പെടുത്താൻ അൽപ്പം കൂടി സമയം വേണമെന്ന് അദ്ദേഹം വിമലിനെ അറിയിച്ചു.
പെട്ടെന്ന് പിതൃത്വം പരസ്യമാക്കിയാൽ തന്റെ കുടുംബാംഗങ്ങൾ എങ്ങനെ പ്രതികരിക്കുമെന്ന ചിന്ത തന്നെ വിഷമിപ്പിക്കുന്നു എന്ന് അദ്ദേഹം അവനോടു പറഞ്ഞു.
പിതൃത്വം പരസ്സ്യമാക്കുന്നത് വരെ ദിവ്യ ഗ്രൂപ്പ് ഓഫ് ഇൻഡസ്ട്രീസിൽ എക്സിക്യൂട്ടീവ് ആയി ചേരാൻ രാജശേഖര വർമ്മ വിമലിനോട് ആവശ്യപ്പെട്ടു.
അവൻ രാജശേഖര വർമ്മയുടെ എക്സിക്യൂട്ടീവ് സ്റ്റാഫിൽ ചേർന്നു.
സ്വന്തം കുടുംബാംഗത്തെപ്പോലെ താൻ കണ്ടിരുന്ന ജനറൽ മാനേജർ രോഹിതിനോട് രാജശേഖര വർമ്മ പുതിയ സംഭവങ്ങൾ പങ്കുവെച്ചു.
എന്നാൽ അതൊക്കെ കേട്ടുകഴിഞ്ഞപ്പോൾ രോഹിതിനു സംശയമുണ്ടായി.
വിനോദിന്റെ പെട്ടെന്നുള്ള രംഗപ്രവേശവും മറ്റും അയാളിൽ സംശയങ്ങളുണർത്തി.
പക്ഷെ തന്റെ സംശയങ്ങൾ അയാൾ രാജശേഖര വർമ്മയെ അറിയിച്ചില്ല.
സ്വന്തം മകൻ എത്തിചേർന്നതിൽ അദ്ദേഹം അത്യധികം സന്തോഷവാവാനായിരുന്നു.
തത്ക്കാലം അതിന് ഭംഗം വരുത്തേണ്ട എന്ന് രോഹിത് വിചാരിച്ചു.
എന്നാൽ അയാൾ രഹസ്യമായി വിമലിന്റെ ചലനങ്ങൾ വീക്ഷിച്ചു.
അയാൾ പോകുന്നയിടങ്ങളും കണ്ടുമുട്ടുന്നയാളുകളും അയാൾ നിരീക്ഷണ വിധേയമാക്കി.
കോബ്രാ ഹിൽസിലും പരിസരത്തും അയാൾ വിമലിനെ കണ്ടു.
ആയിടക്ക് നഗരത്തിൽ എത്തിച്ചേർന്ന, അധോലോക നായകൻ നരിമറ്റം വർക്കിയുടെ അനുജൻ നരിമറ്റം മാത്തച്ചൻ എന്ന മേജർ മാത്യു വർഗ്ഗീസിനോടൊപ്പം വിമലിനെ അയാൾ കോബ്രാഹിൽസിൽ കണ്ടു.
അതെല്ലാം അയാൾ രാജശേഖര വർമ്മയെ അറിയിക്കാൻ ആഗ്രഹിച്ചെങ്കിലും അൽപ്പം കൂടി കാത്തിരിക്കാൻ രോഹിത് തീരുമാനിച്ചു.
അതിനിടയിൽ കോബ്രാഹിൽസ് മുഴുവൻ ലത്തീഫിന്റെയും കൂട്ടുകാരുടെയും നിരീക്ഷണ വലയത്തിലാണ് എന്ന് വിമലും നരിമറ്റം മാത്തച്ചനും മനസ്സിലാക്കി.
ലത്തീഫിനെയും സംഘത്തെയും ഒതുക്കുവാൻ അവർ തീരുമാനിച്ചു.

അതിനു പറ്റിയ ഒരാളെ അവർ തിരഞ്ഞുകൊണ്ടിരുന്നു.
നാട്ടുകാർക്ക് പൊതുശല്യമായ, നരിമറ്റം വർക്കിയുടെ അധോലോക വലയത്തിൽ ഒരംഗമായിരുന്ന ജയകൃഷ്ണനെ അവർ മദ്യവും പണവുമൊഴുക്കി വശത്താക്കി.
ഒരു എതിർഗ്രൂപ്പ് രൂപീകരിക്കാൻ പ്രേരിപ്പിച്ചു.
ജയകൃഷ്ണനോട് അവർ പദ്ധതി വിശദീകരിച്ചു.
ലതീഫിനെയും കൂട്ടരെയും അടിച്ചൊതുക്കുക.
ദിവ്യയെ കൊല്ലുക.
വലിയൊരു പ്രതിഫലത്തുക അവർ വാഗ്ദാനം ചെയ്തു.
അഡ്വാൻസും നൽകി.
എന്നാൽ ബുദ്ധിമാനായ ജയകൃഷ്ണൻ വിമലിനേയും നരിമറ്റം മാത്തച്ചനെയും ചുറ്റിപ്പറ്റി നിൽക്കുന്ന നിഗൂഢതയെന്താണ് എന്ന് വെളിപ്പെടുത്താൻ ആഗ്രഹിച്ചു.
താൻ ഏറ്റെടുക്കാൻ പോകുന്ന ദൌത്യം അതീവഗൌരവമുള്ളതാണ്.
രാജ്യം അറിയുന്ന ബഹുമാനിക്കുന്ന ഒരു കുടുംബത്തിലെ അംഗത്തെയാണ് താൻ കൊല്ലാൻ പോകുന്നത്.
അപ്പോൾ തനിക്ക് മുഴുവൻ കാര്യങ്ങളുമറിഞ്ഞേ മതിയാകൂ എന്ന് ജയകൃഷ്ണൻ ശഠിച്ചു.
അതറിഞ്ഞ് കഴിഞ്ഞാൽ മാത്രമേ താൻ ദിവ്യയെ കൊലപ്പെടുത്തൂ എന്ന് അവൻ അവരോട് തീർത്തുപറഞ്ഞു.
മദ്യത്തിന്റെ അകമ്പടിയിൽ നരിമറ്റം മാത്തച്ചനും വിമലും അവരെ സംബന്ധിച്ച സർവ്വ രഹസ്യങ്ങളും ജയകൃഷ്ണനോട് തുറന്നു പറഞ്ഞു.
ദിവ്യയെ കൊല്ലുവാൻ പലമാർഗങ്ങളും ആലോചിച്ചെങ്കിലും സർപ്പവിഷമേൽപ്പിച്ച് കൊലപ്പെടുത്തി കോബ്രാ ഹിൽസിൽ കൊണ്ടുപോയി കിടത്തുക എന്ന തന്ത്രമാണ് അവസാനം സ്വീകരിക്കപ്പെട്ടത്.
അതിനു വേണ്ടി ഒരു പാമ്പു പരിശീലകനെ ഒരുക്കി നിർത്തിയിരുന്നു.
അതിനിടയിൽ വിമൽ രഹസ്യമായി കൊട്ടാരത്തിനകത്ത് മാപ്പുകൾ തിരഞ്ഞിരുന്നു.
ചിലപ്പോൾ അവന്റെ സഹായത്താൽ നരിമറ്റം മാത്തച്ചനും രഹസ്യമായി കൊട്ടാരത്തിൽ എത്തിച്ചേരുമായിരുന്നു.
ഇരുവരും വളരെയേറെ തിരഞ്ഞെങ്കിലും ആ മാപ്പുകൾ കിട്ടിയില്ല.
അവസാനം.
ഒരു പൌർണ്ണമി രാത്രിയിൽ, പതിവ്പോലെ വിമൽ ലൈബ്രറിയിൽ ആയിരുന്നു.
നരിമറ്റം മാത്തച്ചനും, രാത്രിയുടെ മറപറ്റി ലത്തീഫിന്റെയും കൂട്ടുകാരുടെയും കണ്ണുകൾ വെട്ടിച്ച്, വിമലിന്റെ സഹായത്താൽ കൊട്ടാരത്തിൽ എത്തിയിരുന്നു.
കൊട്ടാരം ലൈബ്രറി വളരെ വലിയ ഒരു ഹാൾ ആയിരുന്നു.
പൌരാണിക കാലത്തെ, മൃഗത്തോലുകളിലും താളിയോലകളിലും ചെപ്പേടുകളിലും എഴുതിയ ശാസനങ്ങളും വിളംബരങ്ങളും ലിഖിതങ്ങളുമടങ്ങിയ ഗ്രന്ഥങ്ങൾ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

കല്ലച്ചുകളിൽ പ്രിന്റ് ചെയ്ത ആദ്യകാലത്തെ പേപ്പർ പുസ്തകങ്ങൾ മുതൽ അത്യന്താനുധിക വിജ്ഞാനകോശങ്ങൾ വരെ ആ ഹാളിലെ നൂറുകണക്കിന് ഷെൽഫിൽ ഉണ്ടായിരുന്നു.
ആ വലിയ ലൈബ്രറിയിൽ കയറുമ്പോൾ ഒരു രാവണൻ കോട്ടയിൽ കയറുന്ന പ്രതീതിയായിരുന്നു.
ഓരോ ഷെൽഫിന്റെയും മുമ്പിൽ അന്നും അവർ പരിശോധനയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.
"ഓ..പപ്പാ..!"
നാലഞ്ചു ഷെൽഫുകൾക്കിടയിൽ തിരയുകയായിരുന്ന മാത്തച്ചനോട് വിമൽ പറഞ്ഞു.
"അത് നിറയെ ഇരുപതാം നൂറ്റാണ്ടിലെ പോയെട്രി കളക്ഷന്സാ. അവിടെ തപ്പിക്കൊണ്ടിരുന്നാൽ ചുവന്ന പട്ടിൽ വരച്ചുണ്ടാക്കിയ ആ മാപ്പ് കിട്ടുന്നതെങ്ങനെയാ?"
"എനിക്കെങ്ങും പറ്റത്തില്ല ഈ മെനക്കെട്ട പണി!!"
തല ചൊറിഞ്ഞുകൊണ്ട് നരിമറ്റം മാത്തച്ചൻ വിമലിന്റെയടുത്തേക്ക് വന്നു.
"എത്ര ദിവസങ്ങളായി!!"
ഡോണ്ട് വറി പപ്പാ!"
വിമൽ മന്ത്രിച്ചു.
"ആ മാപ്പുകൾ ഈ ലൈബ്രറീൽ തന്നെയുണ്ട്. ഇന്നേതായാലും നമുക്ക് അത് കിട്ടും. കമോൺ!"
അവർ ലൈബ്രറിയുടെ മറ്റൊരു ഭാഗത്തേക്ക്നീങ്ങി.
"ഈ ലൈബ്രറി വിറ്റാൽത്തന്നെ പത്ത് തലമുറക്ക് ജീവിക്കാനുള്ള വകയുണ്ട്,"
മാത്തച്ചൻ പറഞ്ഞു.
ഓരോ ഷെൽഫും പിന്നിട്ട് കടന്നുപോകുന്നതിനിടയിൽ നിലത്ത് ഒരു വലിയ വൃത്തം അവർ കണ്ടു.
"പപ്പാ...ഇത്...!"
വിമൽ അതിന്റെ മുമ്പിൽ നിന്നു.
നരിമറ്റം മാത്തച്ചനും വിമലും നിലത്ത് കുനിഞ്ഞിരുന്നു.
ആ വൃത്തത്തിനു മേൽ കൈത്തലമമർത്തിയപ്പോൾ അത് അനങ്ങുന്നത് അവർ കണ്ടു.
"താഴെ ഒരു അണ്ടർഗ്രൌണ്ട് ഉണ്ട്,"
നരിമറ്റം മാത്തച്ചൻ പറഞ്ഞു.വളരെ സമയത്തെ അധ്വാനത്തിന് ശേഷം അവർ ആ വൃത്തം ഇളക്കിയെടുത്തു.
താഴേക്ക് ഒരു തുരങ്കം പ്രത്യക്ഷപ്പെട്ടു.
മുകളിൽ നിന്ന് താഴേക്ക് നീണ്ടുപോകുന്ന ഒരു ഗോവണി അവർ കണ്ടു.
ടോർച്ചിന്റെ പ്രകാശത്തിൽ ആ നിലവറ ആഴമുള്ളതാണ് എന്ന് അവർ കണ്ടെത്തി.
"കമോൺ!!"

ഗോവണിയുടെ ആദ്യത്തെ പടിയിൽ കാൽ വെച്ചുകൊണ്ട് വിമൽ പറഞ്ഞു.
"ഇത് തന്നെയാണ് സ്ഥലം!"
നരിമറ്റം മാത്തച്ചനും താഴേക്കിറങ്ങി.
മുമ്പിൽ ടോർച്ച് തെളിച്ചുകൊണ്ട് വിമൽ ഇറങ്ങിക്കൊണ്ടിരുന്നു.
"വിമൽ സൂക്ഷിച്ച്!!"
ഇടയ്ക്ക് നരിമറ്റം മാത്തച്ചൻ പറഞ്ഞു.
അൽപ്പ നിമിഷങ്ങൾക്ക് ശേഷം അവർ നിലവറയെ സ്പർശിച്ചു.
കനത്ത് ഇരുട്ടിൽ നിറഞ്ഞു നിന്ന നിലവറയിൽ, ടോർച്ചിന്റെ പ്രകാശത്തിൽ കുറെ പെട്ടികൾ അവർ കണ്ടു.
ഇരുമ്പുകൊണ്ടും ചെമ്പുകൊണ്ടും മേൽത്തരം മരങ്ങൾകൊണ്ടും ഉണ്ടാക്കിയ പെട്ടികൾ.
"മുമ്പ് നാട് മുടിച്ച് ഭരിച്ചവന്മാരുടെ ശവങ്ങലായിരിക്കും ഇതിൽ,"
നരിമറ്റം മാത്തച്ചൻ പറഞ്ഞു.
"ശ്ശ്..!!"
വിമൽ അയാളെ വിലക്കി.
"ശബ്ദമുണ്ടാക്കാതെ വാ..!"
ആ പെട്ടികൾക്കൊന്നും പൂട്ടില്ലായിരുന്നു.
നീട്ടിപ്പിടിച്ച റിവോൾവറുകളുമായി അവർ അവയൊക്കെ തുറന്നു.
പലതരം തുകൽ ചുരുളുകളിൽ ലിഖിതങ്ങൾ അവർ കണ്ടു.
പൌരാണിക രാജകീയ ഉടയാടകളും ആയുധങ്ങളും ചിലതിൽ അടക്കം ചെയ്തിരുന്നു.
ചില പെട്ടികളിൽ അസ്ഥികളും തലയോടുകളും അവർ കണ്ടു.
"പേടിയാകുന്നുണ്ടോ?"
നരിമറ്റം മാത്തച്ചൻ ചോദിച്ചു.
"മിണ്ടരുതെന്നല്ലേ പറഞ്ഞത്!!"
പ്രതിധ്വനികളോട് കൂടി വിമലിന്റെ ശബ്ദം ഉയർന്നു.
"തീക്കനലേൽ ചവിട്ടി നിൽക്കുന്നത് പോലെയാ ഞാൻ! അതിന്റെ എടേൽ മറ്റേടത്തെ ഓരോ ചോദ്യങ്ങളും! മിണ്ടാതെ വാ!!"
അന്ന് ആദ്യമായി വിമലിന്റെ സ്വരത്തിലെ വ്യതിയാനവും അപരിചിതത്വവുംനരിമറ്റം മാത്തച്ചൻ തിരിച്ചറിഞ്ഞു.
അയാൾ നിശബ്ദമായി മകനെ പിന്തുടർന്നു.
ഓരോ പെട്ടിയും തുറന്ന് പരിശോധിച്ച് മുമ്പോട്ട് നടക്കുന്നതിനിടയിലാണ് വലിയ താഴിട്ടു പൂട്ടിയ ഒരു മുറി വിമലിന്റെ ശ്രദ്ധയിൽ പെട്ടത്.
"പപ്പാ...അത്!!"
അവൻ നരിമറ്റം മാത്തച്ചനോട് മന്ത്രിച്ചു.
അവർ സാവധാനം അതിനെ സമീപിച്ചു.
മടുപ്പിക്കുന്ന ഒരു പ്രാകതനഗന്ധം അവർക്ക് അനുഭവപ്പെട്ടു.

ആരൊക്കെയോ തങ്ങളുടെ നേരെ ഓടിവരുന്നത് പോലെ അവർക്ക് തോന്നി.
തങ്ങളുടെ സമീപത്ത് ആരൊക്കെയോ നിൽക്കുന്നത് പോലെയും ആരുടെയൊക്കെയോ ഉച്ഛ്വാസവായു തങ്ങളുടെ മുഖത്ത് സ്പർശിക്കുന്നത് പോലെയും ആ ഇരുട്ടിൽ അവർക്ക് അനുഭവപ്പെട്ടു.
"പപ്പാ...!!"
ഭയന്ന് വിമൽ നരിമറ്റം മാത്തച്ചന്റെ കൈയിൽ കയറിപ്പിടിച്ചു.
"ഫ!!! കഴ്‌വ്‌ർടെ മോനേ!!"
ഇരുളിനെപ്പിളർന്ന് നരിമറ്റം മാത്തച്ചന്റെ ശബ്ദം മുഴങ്ങി.
"മറ്റേത്തിലേ വർത്താനം പറയാതെ വെടിവെച്ച് തകർക്കെടാ അതിന്റെ പൂട്ട്!!"
മിടിക്കുന്ന ഹൃദയത്തോടെ വിമൽ റിവോൾവറിന്റെ ബാരൽ പൂട്ടിൻമേൽ മുട്ടിച്ചു.
പിന്നെ കണ്ണുകളടച്ച് ട്രിഗർ വലിച്ചു.
സൈലൻസർ ഘടിപ്പിച്ച റിവോൾവറിൽ നിന്നുള്ള ബുള്ളറ്റ് പൂട്ടിനെ പിളർത്തി.
"തുറക്ക്!!"
അയാൾ വിമലിനോട് പറഞ്ഞു.
വിറയ്ക്കുന്ന കൈകളോടെ വിമൽ മുമ്പോട്ട് ചുവട് വെച്ചു.
കതകിൻ മേൽ കയ്യമർത്തി .
അതിനു യാതൊരു അനക്കവുമുണ്ടായില്ല.
ശക്തിയായി തള്ളി.
മാത്തച്ചനും കൂടി ആഞ്ഞു തള്ളി.
വല്ലാത്തൊരു ശബ്ദത്തോടെ കതക് സാവധാനം തുറന്നു.
കതകിൽ നിന്നും പിടുത്തം വിട്ട് രണ്ടുപേരും കിതച്ചു.
പൊടിയും പ്രാചീന ഗന്ധവും മുറിയിൽ നിന്ന് ബഹിർഗ്ഗമിച്ചു.
"ലുക്ക്!!"
ടോർച്ച് തെളിച്ചുപിടിച്ചുകൊണ്ട് നരിമറ്റം മാത്തച്ചൻ പറഞ്ഞു.
തുറന്നിരിക്കുന്ന കതകിൻ പാളികൾക്കുള്ളിലൂടെ വിമൽ അകത്തേക്ക് നോക്കി.
ടോർച്ചിന്റെ പ്രകാശത്തിൽ, ആ മുറിയുടെ മധ്യത്തിൽ തിളങ്ങുന്ന ഒരു പെട്ടി അവൻ കണ്ടു.
"കമോൺ!!"
നരിമറ്റം മാത്തച്ചൻ പറഞ്ഞു.
അവർ അകത്ത് കയറി.
നിശ്ചലമായിക്കിടന്ന നൂറ്റാണ്ടുകളുടെ മണം അവർ ശ്വസിച്ചു.
അവർ സാവധാനം ആ പെട്ടിയെ സമീപിച്ചു.
ചെമ്പിൽ തീർത്ത ഒരു പെട്ടിയായിരുന്നു അത്.
അതിന്റെ നാലുവശത്തും സർപ്പത്തിൽ തീർത്ത കൊത്തുപണികൾ ഉണ്ടായിരുന്നു.
"നോക്കി നിക്കാതെ ഇതിന്റെ പൂട്ട് വെടിവെച്ച് പറിക്കെടാ!!"
മാത്തച്ചൻ ശബ്ദമുയർത്തി.
വിമലിന്റെ വിരലുകൾ വീണ്ടും ട്രിഗറിലമർന്നു.

അതിന്റെ പൂട്ട് തെറിച്ചുപോയി.
"തുറക്ക്!!"
അയാൾ വീണ്ടും പറഞ്ഞു.വിറയ്ക്കുന്ന കൈകളോടെ അവൻ അതിന്റെ മേൽഭാഗം തുറന്നു.
"ലുക്ക്!!!"
മാത്തച്ചന്റെ ശബ്ദം അവൻ കേട്ടു.
ടോർച്ചിന്റെ പ്രകാശത്തിൽ, അതിൽ മടക്കിവെച്ച രണ്ട് ചുവന്ന പട്ടുതുണികൾ അവൻ അതിൽ കണ്ടു.
"അതെടുത്ത് നിവർത്തി നോക്കെടാ!"
വീണ്ടും അവൻ അയാളുടെ ശബ്ദം കേട്ടു.
വിമൽ അവയിലൊന്നെടുത്തു നിവർത്തി.
"മൈ ഗോഡ്!!"
അവൻ മന്ത്രിച്ചു.
അതിൽ അത്യാഹ്ലാദത്തിന്റെ സ്പർശമുണ്ടായിരുന്നു.
ഒരു ചെറിയ പ്രദേശത്തിന്റെ ഭൂപടമായിരുന്നു അത്.
"യെസ്!!"
ആവേശം നിറഞ്ഞ സ്വരത്തിൽ വിമൽ പറഞ്ഞു.
"ഐ ഗോട്ട് ഇറ്റ്! ഐ ഗോട്ട് ഇറ്റ്!! നോക്ക് പപ്പാ....! ഇതുതന്നെ ആ മാപ്പ്...! ഇത് പുഴ...! ഇത് ഹനുമാൻ കുന്ന്...! ഇത് വീര ചാമുണ്ടന്റെ മല..! നോക്ക് ...ഈ ആരോ മാർക്ക് മുകളിലേക്ക് ആണ് പോകുന്നത്...! റ്റു ദ നോർത്ത്...! പക്ഷെ...പക്ഷെ..."
"എന്ത് പറ്റീടാ?"
നരിമറ്റം മാത്തച്ചൻ ചോദിച്ചു.
മാത്തച്ചൻ മാപ്പിലേക്ക് നോക്കി.
അമ്പടയാളം അവസാനിക്കുന്നിടത്ത് ഒരു സംസ്കൃത ശ്ലോകമാണ്.
അയാൾ അത് വായിച്ചെടുക്കാൻ ശ്രമിച്ചു.
"ഉത്തര നാഗപർവ്വതം,"
അത് വായിച്ചുകൊണ്ട് നരിമറ്റം മാത്തച്ചൻ പറഞ്ഞു.
"എന്ന് വെച്ചാൽ കോബ്രാ ഹിൽസിന്റെ വടക്ക്. അതായത് സംസ്കൃതം. ഒന്നാന്തരം ഒരു സാൻസ്ക്രിറ്റ് ഇംഗ്ലീഷ് ഡിക്ഷണറി കിട്ടിയാൽ മതി..."
വിമൽ അത് മടക്കി പോക്കറ്റിൽ നിക്ഷേപിച്ചു.
പിന്നെ അടുത്ത മാപ്പ് എടുത്ത് നിവർത്തി.
ആദ്യത്തേതിനേക്കാൾ വളരെ ചെറുതായിരുന്നു അത്.
ആദ്യ മാപ്പിൽ കണ്ട അതേചിഹ്നങ്ങളും അടയാളങ്ങളും ശ്ലോകങ്ങളും മാത്രമേ അതിലും ഉള്ളൂവെന്ന് അവർ കണ്ടു.
എങ്കിലും വിമൽ അതും മടക്കി പോക്കറ്റിൽ വെച്ചു.
പിന്നെ അവർ ആ പെട്ടി അടച്ചു.
അതിനു ശേഷം മുറിയുടെ പുറത്തേക്ക് നടന്നു.

"പപ്പാ....അത്!!"
മുറിയുടെ പുറത്തേക്ക് കടന്ന് കഴിഞ്ഞ്, ടോർച്ചിന്റെ പ്രകാശത്തിൽ, അങ്ങേയറ്റത്തേക്ക് വിരൽ ചൂണ്ടി വിമൽ പറഞ്ഞു.
ഷൂസ് ധരിച്ച ഒരാളുടെ പാദങ്ങൾ അവർ ടോർച്ചിന്റെ പ്രകാശവൃത്തത്തിൽ കണ്ടു.
പ്രകാശം മുകളിലേക്ക് സഞ്ചരിച്ചു.
അതയാളുടെ മുഖത്തെത്തി നിന്നു.
ചൂണ്ടിപ്പിടിച്ച റിവോൾവറുമായി തങ്ങളുടെ മുമ്പിൽ നിൽക്കുന്ന ആളെക്കണ്ട് അവർ അമ്പരന്നു.
"രോഹിത്!!"
വിറങ്ങലിച്ച ശബ്ദം വിമലിൽ നിന്ന് പുറത്ത് വന്നു.
ഇയാൾ എപ്പോൾ വന്നു?
രണ്ടാഴ്ച കഴിഞ്ഞേ വരൂ എന്ന് പറഞ്ഞ് മിനിഞ്ഞാന്ന് മുതൽ ലീവിലായിരുന്നിട്ട്...!!
ആ ധൈര്യത്തിലാണ് ഇന്ന് വിശദമായ തിരച്ചിലിന് മുതിർന്നത്.
പെട്ടെന്ന് രോഹിതിന്റെ കൈ തങ്ങൾ നിൽക്കുന്നതിന്റെ സമീപത്തുള്ള ഭിത്തിയിലേക്ക് നീണ്ടുപോകുന്നത് അവർ കണ്ടു.
അടുത്ത നിമിഷം ആ നിലവറ മുഴുവൻ വൈദ്യുത പ്രകാശത്തിൽ നിറഞ്ഞു.
"നരിമറ്റം മാത്തച്ചൻ എന്ന മേജറ്റ് മാത്യു വർഗ്ഗീസ്!"
രോഹിത് അവരുടെ നേരെ ചുവടുകൾ വെച്ചു.
"അൾട്രാ നൈറ്റ്മാരിഷ് സോൾജ്യർ ഇൻ ദ എനിമി ക്യാമ്പ്സ്! എക്സ്ട്രാ ഡിസിപ്ലിൻഡ് മിലിട്ടറി ട്രെയിനർ! അൺകോമ്പ്രമിസിംഗ് ആർമി അഡ്മിനിസ്ട്രേറ്റർ!!"
രോഹിത് അയാളുടെ കണ്ണുകളിലേക്ക് തറിച്ച് നോക്കി.
"ഈ ഗോൾഡൻ വിശേഷണങ്ങൾ ഉള്ള മേജർ മാത്യു വർഗ്ഗീസ് എന്ന ഭൂതവും മകൻ വിനോദ് മേനോൻ എന്ന വിമൽ മാത്യു കുട്ടിഭൂതവും ഈ അർദ്ധരാത്രിയിൽ ഏത് നിധി തേടിയാണ് അലയുന്നത്?"
ആ വാക്കുകൾ കേട്ട് അവർ ഞെട്ടിത്തരിച്ചു.
തങ്ങൾ തിരിച്ചറിയപ്പെട്ടു കഴിഞ്ഞിരിക്കുന്നു!
തങ്ങൾ അച്ഛനും മകനും ആണെന്നുള്ള രഹസ്യം രോഹിത് മനസ്സിലാക്കിയിരിക്കുന്നു!!
എങ്ങനെ?
"രോഹിത് സാർ...!"
വിമലിന്റെ ശബ്ദം വീണ്ടും തൊണ്ടയിൽ കുരുങ്ങി.
"ഡൌൺ വിത്ത് ദോസ് ബ്ലഡി ഗൺസ്!! ഉം!!"
രോഹിത് ആക്രോശിച്ചു. നരിമറ്റം മാത്തച്ചനും രോഹിതും തങ്ങളുടെ ആയുധങ്ങൾ നിലത്ത് വെച്ചു.
"നിങ്ങൾ തന്തയും മകനും ഈ ശാന്തിപുരത്ത് ഇങ്ങനെ ചവിട്ട് നാടകം കളിക്കുന്ന രഹസ്യം ഞാൻ എങ്ങനെ മനസ്സിലാക്കിയെന്ന് അദ്ഭുതപ്പെടുന്നുണ്ടാവും,"

പരിഹാസ്യമായ പുഞ്ചിരി നിലനിർത്തി രോഹിത് തുടർന്നു.
ഡിഫൻസ് അക്കാഡമിയിലെ തിയറി ക്ലാസ്സുകളോ വലിയ പട്ടാള ബുദ്ധിയോ ഒന്നും ആവശ്യമില്ല മേജർ! അൽപ്പം തലമണ്ടയും ഒത്തിരി ഈശ്വരാനുഗ്രഹവും മാത്രം മതി! പിന്നെ സ്വന്തം ദേശത്തോട് വിട്ടുവീഴ്ചയില്ലാത്ത സ്നേഹവും! ഐം അഗ്രസീവ് ലി പാട്രിയോട്ടിക്! ഈ കൊട്ടാരത്തോട്! ദിവ്യ ഗ്രൂപ്പ് ഇൻഡസ്ട്രീസ് എന്ന സാമ്രാജ്യത്തോട്! തിന്നുന്ന ചോറിനോട്!"
ചൂണ്ടിപ്പിടിച്ച തോക്കിന് പിമ്പിൽ രോഹിതിന്റെ മുഖം ജ്വലിക്കുന്നത് അവർ കണ്ടു.
"പത്തോ പന്ത്രണ്ടോ ഫോൺ കോൾ!"
രോഹിത് തുടർന്നു.
"ആർമിയിൽ എനിക്കുമുണ്ട് കണക്ഷന്സും സുഹൃത്തുകളും. പിന്നെ അറിഞ്ഞ കാര്യങ്ങളൊക്കെ ക്ലാരിഫൈ ചെയ്യാൻ ഡെറാഡൂണിലേക്ക് ഒരു യാത്രയും. നിന്റെ ഫാമിലി ആൽബമടക്കം മക്കൾ വിനോദിന്റെയും വിമലിന്റെയും ബെർത്ത്ഡേ സർട്ടിഫിക്കറ്റുകളും അക്കാദമിക് ഡോക്യുമെന്റ്സും എല്ലാം എനിക്ക് കിട്ടി. ആ ഫയൽ കോടതിയിൽ എത്തിയാൽ, നീ ഇപ്പോൾ നിധിയുടെ രഹസ്യം കണ്ടെത്തി ഇറങ്ങിവന്ന ആ മുറിയുടെ വലിപ്പമുള്ള മറ്റൊരു മുറി നിനക്ക് സ്വന്തമാക്കാം. ജയിൽ!!"
തങ്ങൾ ആഴമുള്ള ഒരു ഗർത്തത്തിലേക്ക് പതിക്കുന്നത് പോലെ തോന്നി നരിമറ്റം മാത്തച്ചനും വിമലിനും.
"ഒരു കാര്യം കൂടി അറിഞ്ഞാൽ മതി എനിക്ക്!"
രോഹിത് അവരുടെ നേരെ അൽപ്പം കൂടി അടുത്തു.
"തമ്പുരാന്റെ മകൻ വിനോദ് എവിടെ? അവനെ എന്ത് ചെയ്തു നിങ്ങൾ?"
പെട്ടെന്ന് നരിമറ്റം മാത്തച്ചന്റെ കൈകൾ അതുദ്ഭുതം പ്രവർത്തിച്ചു.
രോഹിതിന്റെ കൈയിൽ നിന്ന് റിവോൾവർ തെറിച്ചുപോയി. ആ നിമിഷം വിമൽ അയാളുടെ മേൽ ചാടി വീണു.
എന്നാൽ രോഹിതിന്റെ കൈക്കരുത്തിനു മുമ്പിൽ വിമലിന്റെ അടി തെറ്റി.
നിലത്ത് വീണ വിമലിനെ വിട്ട് രോഹിത് മാത്തച്ചനു നേരെ തിരിഞ്ഞു.
"യൂ ഡേർട്ടി ഡെവിൾ!"രോഹിത് അയാളെപ്പിടിച്ച് എഴുന്നേൽപ്പിച്ച് ചുരുട്ടിയ മുഷ്ടി അയാൾക്ക് നേരെ ഉയർത്തി.
അയാളുടെ രൌദ്ര ഭാവത്തിനും കായികക്കരുത്തിനും മുമ്പിൽ പ്രതിരോധിക്കാനാവാതെ നരിമറ്റം കണ്ണുകളടച്ചു.
എന്നാൽ നിമിഷങ്ങൾ കഴിയുംതോറും തന്റെ കഴുത്തിലെ പിടി അയയുന്നത് അയാൾ അറിഞ്ഞു.സംശയിച്ച് കണ്ണുകൾ തുറന്നപ്പോൾ കാണുന്നത് നിലത്തേക്ക് കുഴഞ്ഞുവീഴുന്ന രോഹിതിനെയാണ്.
അയാളുടെ പിമ്പിൽ പ്രത്യക്ഷമാവുന്ന വിമലിന്റെ രൂപവും.
അയാളുടെ കയ്യിൽ ഒരു നീണ്ട ഇരുമ്പുവടി!
അയാൾ അമ്പരപ്പോടെ നിലത്തേക്ക് നോക്കി.

അസഹ്യമായ വേദനയിൽ പുളയുന്ന രോഹിതിനെ കണ്ടു.
തലക്ക് പിമ്പിൽ അയാൾ കൈകൾ അമർത്തുന്നു.
എഴുന്നേൽക്കാൻ ശ്രമിച്ച രോഹിതിന്റെ പിമ്പിൽ കലിയടങ്ങാതെ അവൻ വീണ്ടും വീണ്ടും ആഞ്ഞാഞ്ഞടിച്ചു.
നെറുകയിൽ ആ വടി വീണ്ടും ആഞ്ഞു പതിച്ചു.
"യൂ മരണത്തിനും ജീവനുമിടയിലെ അൽപ്പ നിമിഷങ്ങളിൽ അയാൾ വിമലിനെ നോക്കി ആക്രോശിച്ചു.
"ഒരാണ്ട് തികക്കില്ല നീ....ഓർത്തിരുന്നോ ....ഒരാണ്ട് ..."
പിന്നെ അയാളുടെ ശരീരം ജഡമായി.
"ഓ..പപ്പാ...!!"
രോഹിതിന്റെ ശരീരം പൂർണ്ണമായി നിശ്ചലമാകുന്നത് കണ്ട് വിമൽ ആർത്തുവിളിച്ചു.
അവൻ നിയന്ത്രണാതീതമായ ആഹ്ലാദത്തോടെ തുള്ളിച്ചാടാൻ തുടങ്ങി.
ആദ്യമായി കടൽത്തീരം കാണുന്ന ഒരു കൊച്ചുകുട്ടിയുടെ സന്തോഷത്തോടെ അവൻ നൃത്തം ചെയ്തു.
"ഞാൻ കൊന്നു!!"
കൈകൾ മുകളിലേക്ക് ഉയർത്തി അവൻ പറഞ്ഞു.
"....ഞാൻ കൊന്നു!! ഐം ആൾസോ എ മർഡറർ!! പപ്പാ കൊല്ലുന്നത് പോലെ തന്നെ! പതിയിരുന്ന്! ശത്രുവിന്റെ പിന്നാലെ നിശബ്ദമായി...!! വൌ!! ഡിഷ് ..ഡിഷ് ....രണ്ടടി!! ആദ്യത്തെ അടിക്ക് ഇവന്റെ തലയോടു പൊട്ടിക്കാണും! രണ്ടാമത്തെ അടിക്ക് തലച്ചോർ പീസ് പീസായി ചോർ മണിപോലെ ചിതറിക്കാണണം...!!!"
അവന്റെ ചേഷ്ടകളിൽ ഭ്രാന്തിന്റെ സ്പർശം അയാൾക്ക് അനുഭവപ്പെട്ടു.
"ലുക്ക് പപ്പാ..."
അവൻ തന്റെ കൈത്തലങ്ങൾ രണ്ടും നരിമറ്റം മാത്തച്ചന്റെ നേർക്ക് ഉയർത്തി.
"ഈ കൈകളിൽ മരണമുണ്ടെന്നു എനിക്ക് കാണിച്ചു തന്നത് പപ്പയാണ്. ഐ താങ്ക്യൂ വെരി മച്ച്...! ഇന്ന് ഞാൻ ആദ്യമായി ഒരാളെ കൊന്ന ദിവസമാണ്! ഇന്നേതായാലും നമുക്ക് ആഘോഷിക്കണം...! ഇനിയും എത്രയെത്ര മരണങ്ങളുടെ കഥകൾ ഈ കൈകളിൽ മറഞ്ഞിരുപ്പുണ്ടാവാം...!!"
അന്ന് രാത്രി തന്നെ രോഹിതിന്റെ ജഡം നരിമറ്റം മാത്തച്ചനും വിമലും കോബ്രാ ഹിൽസിന്റെ മുകളിൽ എത്തിച്ചു.
ഉയരത്തിൽ നിന്ന് പാറക്കൂട്ടങ്ങളുടെ മേൽ വീണു എന്ന് കരുതുന്നത് പോലെ ജഡം കിടത്തി.
അയാളുടെ പോക്കറ്റിൽ വെച്ചു.ആളുകളെല്ലാം രോഹിത് രാജശേഖര വർമയുടെ ലൈബ്രറിയിൽ നിന്ന് മാപ്പുകൾ മോഷ്ടിച്ചു എന്ന് വിശ്വസിച്ചു.
നിധി അന്വേഷണത്തിനിടയിൽ കിംഗ് കോബ്രയെക്കണ്ട് ഭയന്ന് മുകളിൽ നിന്ന് താഴെ പാറകളിലേക്ക് വീണു മരിച്ചു എന്നും.

പിന്നീട് മാപ്പ് കിട്ടിയെങ്കിലും കോബ്രാ ഹിൽസ് എപ്പോഴും ലത്തീഫിന്റെയും കൂട്ടുകാരുടെയും നിയന്ത്രണത്തിലും നിരീക്ഷണത്തിലുമാണ് എന്നും അവർ മനസ്സിലാക്കി.
മാത്രമല്ല അതിനു ശേഷം സെയിന്റ്സ് മേരീസ് കോളേജിൽ അധ്യാപകനായി എത്തിയ രാഹുൽ നാരായണനേയും അവർ പല തവണ കോബ്രാഹിൽസിൽ വെച്ച് കണ്ടു.
രാഹുൽ ജയകൃഷ്ണന്റെ പല പ്രവർത്തനങ്ങൾക്കും തടസ്സമായി.
ജയകൃഷ്ണനെ കായികമായി ആക്രമിക്കുകയും പോലീസ് കേസിൽ കുടുക്കുകയും ചെയ്തു.
ഇക്കാരണത്താൽ നിധി അന്വേഷണം അവർ താത്ക്കാലികമായി നിർത്തിവെച്ചു.
അതിനിടയിൽ രണ്ട് കാര്യങ്ങൾ നരിമറ്റം മാത്തച്ചനെയും വിമലിനെയും അലട്ടുന്നുണ്ടായിരുന്നു.
മാപ്പിലെ ചിഹ്നങ്ങളെയും സൂചനകളെയും ഭാഷയേയും അവർക്ക് വ്യാഖ്യാനിക്കാനായില്ല.
തങ്ങൾ അച്ഛനും മകനുമാണെന്ന രഹസ്യം മുതൽ അപകടകരമായ പല വിവരങ്ങളും രോഹിത് ശേഖരിച്ചിട്ടുണ്ടെന്നും അവ ഒരു ഫയലിലാണെന്നും മരണത്തിനു മുമ്പ് രോഹിത് പറഞ്ഞിരുന്നത് അവർ എപ്പോഴും പേടിയോടെ ഓർത്തു.
രോഹിതിന്റെ വീട് അരിച്ചുപെറുക്കി പരിശോധിച്ചെങ്കിലും ആ ഫയൽ കണ്ടുകിട്ടിയില്ല.
രോഹിത് തന്റെ കാമുകിയായ ഷാർമ്മിലിയെ ആ ഫയൽ ഏൽപ്പിച്ചിരിക്കാം എന്ന് വിമൽ അനുമാനിച്ചു.
തന്റെ സമ്മതതോടെയല്ലാതെ ആ ഫയൽ തുറക്കരുത് എന്ന് രോഹിത് ഷാർമ്മിലിയെക്കൊണ്ട് വാഗ്ദാനം ചെയ്യിച്ചിരിക്കാം എന്നും.
ഷാർമ്മിലിയുടെ വീട്ടിൽ കയറി പരിശോധിക്കാം എന്നത് അപ്രയോഗികമായിരുന്നു.
അവളുടെയടുത്ത് ഷേക്സ്പിയർ ക്ലാസ്സുകളുടെ ട്യൂഷന് ശ്രമിക്കുന്നതും പ്രണയാഭ്യർത്ഥന നടത്തുന്നതും ആ ഫയൽ അവളുടെ വീട്ടിലുണ്ടോ എന്ന് പരിശോധിക്കാനായിരുന്നു.
രോഹിതിനെക്കുറിച്ചുള്ള ഓർമ്മകളിൽ ജീവിക്കുന്ന സുചരിതയായ ഷാർമ്മിലി വിമലിന്റെ ആവശ്യം പരിഹാസപൂർവ്വം നിരസിച്ചു.
കാര്യങ്ങളുടെയെല്ലാം ഗതിമാറ്റിയ ഒരു സംഭവം ഒരാഴ്ച്ചമുമ്പ് നടന്നു.
വിമൽ തന്നെയാണ് മാപ്പ് സൂക്ഷിച്ചിരുന്നത്.
തന്റെ ക്വാർട്ടെഴ്സിലെ ഷെൽഫിലെ ഒരു രഹസ്യ അറയിൽ .
ആ സ്ഥലത്തെക്കുറിച്ച് നരിമറ്റം മാത്തച്ചനു മാത്രമേ അറിവുണ്ടായിരുന്നുള്ളൂ.

അന്ന് രാത്രി, ദിവ്യാ ഗ്രൂപ്പ് ഇൻഡസ്ട്രീസിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനടുത്തുള്ള തന്റെ ക്വാർട്ടേഴ്സിലിരുന്ന് പത്രം വായിക്കുകയായിരുന്നു, നരിമറ്റം മാത്തച്ചൻ.
പുറത്ത് ഒരു കാർ വന്ന് നിൽക്കുന്നത് കണ്ട് അയാൾ പത്രത്തിൽ നിന്ന് മുഖമുയർത്തി.
വിമൽ കാറിൽ നിന്നിറങ്ങി വരുന്നത് അയാൾ കണ്ടു.
"എന്ത് പറ്റി?"
അവന്റെ ഭാവവ്യത്യാസം കണ്ട് അയാൾ ചോദിച്ചു.
"എനി ഡെവലപ്മെന്റ്?"
"ഹും!!"
വിമലിന്റെ കളി ബാധിച്ച സ്വരം അയാൾ കേട്ടു.
"ഡെവലപ്മെന്റ്!!"
നരിമറ്റം മാത്തച്ചൻ ഒന്നും അറിയാത്തത് പോലെ അയാളെ നോക്കി.
"പാപ്പാ എന്തിനാ ആ മാപ്പ് എടുത്തത്?"
"മാപ്പോ?"
മാത്തച്ചൻ എഴുന്നേറ്റു.
അയാൾക്കൊന്നും മനസ്സിലായില്ല.
"എന്തസംബന്ധമാ നീയീ പറയുന്നെ?"
"പപ്പാ ഡോണ്ട് ബീ ഓവർ സ്മാർട്ട്!!"
വർദ്ധിച്ച ദേഷ്യത്തോടെ വിമൽ അയാളുടെ നേരെ വിരൽ ചൂണ്ടി.
"എനിക്ക് നിങ്ങളെ നന്നായി അറിയാം! ബുദ്ധിമാനാണ് നിങ്ങൾ! നിധി ഒറ്റക്ക് കൈക്കലാക്കാൻ മാപ്പ് മോഷ്ടിച്ചിട്ട് ഒന്നുമറിഞ്ഞില്ല എന്ന് നടിക്കുന്നോ?"
മാത്തച്ചൻ നടുങ്ങി.
മാപ്പ് മോഷണം പോയി എന്ന കാര്യമോർത്തും വിമലിന്റെ ഭാവ വ്യതിയാനം കണ്ടും.
"നീ പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല!"
"എങ്കിൽ മനസ്സിലാക്ക്!"
അയാൾ മാത്തച്ചന്റെ നേർക്കടുത്തു.
"മാപ്പ് കാണുന്നില്ല! എനിക്കും നിങ്ങൾക്കും മാത്രമേ അതെകുറിച്ച് അറിയാമായിരുന്നുള്ളൂ!"
"മറ്റാരെങ്കിലും?"
"മറ്റാരുമല്ല!! കള്ളൻ കപ്പലിൽ തന്നെയുണ്ട്! നാളെ എനിക്കത് കിട്ടണം ! അല്ലെങ്കിൽ...!"
അവൻ തന്റെ കൈകൾ അയാളുടെ നേർക്ക് ഉയർത്തി.
അവയുടെ നിഴലുകൾ ഭയന്ന് തുടങ്ങിയ അയാളുടെ മുഖത്ത് പതിച്ചു.
"....അല്ലെങ്കിൽ കൊല്ലും ഞാൻ നിങ്ങളെ !!"
താൻ അകപ്പെട്ടിരിക്കുന്ന അപകടത്തിന്റെ മുഴുവൻ ചിത്രവും നരിമറ്റം മാത്തച്ചനു മനസ്സിലായി.

വിമൽ തന്നെ കൊന്നുകളയുമെന്നാണ് പറഞ്ഞത്.
അത് പറഞ്ഞപ്പോൾ അവന്റെ കണ്ണുകളിൽ കത്തിനിന്ന ക്രൂരതയുടെ തീച്ചൂട് ആ തണുപ്പിലും അയാൾ ഓർത്തു.
വിമലിന്‌റെ മുമ്പിൽ വെച്ചാണ് താൻ അവന്റെ ജ്യേഷ്ഠനെ വെടിവെച്ച് കൊന്നത്.
അവൻ ആദ്യമായി കൊലപാതകിയാവുന്നത് തന്റെ സാന്നിധ്യത്തിലാണ്.
കൊലപാതകിയുടെ മുമ്പിൽ പിതാവോ സഹോദരനോ ഇല്ല.
ശത്രു മാത്രമേയുള്ളൂ.
ഇപ്പോൾ താനാണ് അവന്റെ ശത്രു.
താൻ അവന്റെ പിതാവ് ആണെന്നൊന്നും അവൻ ചിന്തിക്കില്ല.
അല്ലെങ്കിൽ താൻ തന്നെയാണോ അവന്റെ പിതാവ്?
രാജശേഖര വർമ്മയെ വഞ്ചിച്ച് വിവാഹം കഴിച്ചവളാണ് ലളിത.
അതിന് ശേഷം എത്രയോ പുരുഷന്മാരുടെ പേരുകളുമായി ബന്ധപ്പെടുത്തി അവളുടെ പല കഥകളും താൻ തന്നെ കേട്ടിരിക്കുന്നു.
പക്ഷെ അവയൊക്കെ അവളോടുള്ള ഭ്രാന്തമായ പ്രണയം ഉള്ളിൽ സൂക്ഷിച്ചിരുന്നത് കൊണ്ട് താൻ ആ കഥകളെയെല്ലാം അവിശ്വസിക്കുകയായിരുന്നു.
പിറ്റേ ദിവസം ഉച്ചക്ക് ഡ്യൂട്ടിയിലായിരിക്കുമ്പോൾ നരിമറ്റം മാത്തച്ചന് ഒരു ടെലിഫോൺ കോൾ ഉണ്ടായിരുന്നു.
അയാളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് ജയകൃഷ്ണന്‌റെ ശബ്ദം മറുതലക്കൽ കേട്ടു.
"ജയകൃഷ്ണനോ?"
അയാൾ പരിഭ്രാന്തിയോടെ ചുറ്റും നോക്കി.
"നീ...നീയെന്തിനാ ഇപ്പോൾ ഇങ്ങോട്ട്..ഇങ്ങോട്ട് വിളിച്ചേ?"
"രാഹുകാലം നോക്കി വിളിക്കാനൊന്നും എനിക്ക് സൌകര്യപ്പെടില്ല,"
ജയകൃഷ്ണന്‌റെ പരുക്കൻ സ്വരം അയാൾ കേട്ടു.
"തനിക്ക് തൂക്ക് കയറ് വേണ്ടാ എങ്കിൽ ഞാൻ പറയുന്നത് ശ്രദ്ധിച്ച് കേൾക്ക്!"
"തൂക്ക് കയറോ?"
അയാളുടെ ശബ്ദത്തിൽ ഭീതി നിറഞ്ഞു.
"നീയെന്തായീ പറയുന്നെ?"
"കൂൾ ഡൌൺ എന്ന് എനിക്ക് പറയണമെന്നുണ്ട്. പക്ഷെ കാര്യം കൂൾ അല്ല,"
അവൻ പറഞ്ഞു.
"തന്റെ അതി ബുദ്ധിമാനായ മകൻ വിമൽ മാത്യു എന്ന മന്ദബുദ്ധി ഇന്ന് ദിവ്യേടെ കാറിൽ ബോംബ് വെച്ചു,"
"എന്നിട്ട്?"
ചുറ്റുപാടും നോക്കി അയാൾ ചോദിച്ചു.
"സംഗതി നടന്നോ?"

"നടന്നില്ല. ഓടും. താൻ ഓടും. എവിടെയെങ്കിലും ഓടിപ്പോയി ഒളിക്കെടോ. അല്ലേൽ ആ ഇൻസ്‌പെകടർ ലോക്കപ്പിലിട്ട് തന്നെ ഇടിച്ച് കൊല്ലുന്നേന് മുമ്പ് ലത്തീഫും അവന്റെ ആൾക്കാരും തന്റെ കൊരവള്ളി കണ്ടിക്കും!"
ജയകൃഷ്ണൻ സംഭവം വിശദീകരിച്ചു.
വിമൽ ദിവ്യയുടെ കാറിൽ ബോംബ് വെച്ചു.
രാഹുൽ അത് കണ്ടു പിടിച്ചു.
തൽക്കാലം രക്ഷപ്പെടാൻ വേണ്ടി വിമൽ നരിമറ്റം മാത്തച്ചന്റെ പേര് പറഞ്ഞിരിക്കുന്നു.
എവിടെയെങ്കിലും പോയി ഒളിക്കാൻ പറയാൻ വിമൽ ജയകൃഷ്ണനോട് ആവശ്യപ്പെട്ടിരിക്കയാണ്.
"ഞാനെവിടെപ്പോയി ഒളിക്കും?"
പൊഴേടെ കെഴക്കെ ചെരിവിൽ, റോഡരികിൽ ഒരു വീടുണ്ട്. പണ്ട് രോഹിത് താമസിച്ചിരുന്ന വീട്. അതിനാത്ത് എങ്ങും ആരുവില്ല. എന്റെ പിള്ളേര് ചെലപ്പം അതിനാത്ത് കൂടാറുണ്ട്. പിന്നെ രോഹിതിന്റെ പ്രേതോം. തനിക്ക് പ്രേതത്തെപ്പോയിട്ട് ദൈവത്തെപ്പോലും പെടിയിലല്ലോ. ഹൈഡ് ദേർ!"
ആ നിമിഷം തന്നെ നരിമറ്റം മാത്തച്ചൻ രോഹിത് താമസിച്ചിരുന്ന വീട്ടിലേക്ക് പോയി.
സദാ സമയവും കാറ്റിരമ്പുന്ന ഒരു പരിസരമായിരുന്നു അത്.
കാറ്റിൽ ആ വീടിന്റെ ജനലുകളും വാതിലുകളും അനങ്ങി ശബ്ദം കേൾപ്പിച്ചുകൊണ്ടിരുന്നു.
കാട് വളർന്ന് നിന്നിരുന്ന ആ വീടിന്റെ പരിസരത്ത് കാൽകുത്തിയപ്പോൾത്തന്നെ ഒരു പരേതാത്മാവിന്റെ സാന്നിധ്യം അയാൾ അറിഞ്ഞു.
പക്ഷെ തന്നെ പിന്തുടർന്ന് എത്തിക്കൊണ്ടിരുന്ന പോലീസിനെക്കുറിച്ചോർത്തപ്പോൾ ധൈര്യം സംഭരിച്ച് അയാൾ അതിനകത്ത് കയറി.
ജനാലകൾ തുറന്നപ്പോൾ അകത്തേ ഇരുട്ട് നീങ്ങി.
അകത്ത് കിടന്ന കട്ടിലിൽ കിടന്നപ്പോൾ അയാൾക്ക് രോഹിതിനെ ഓർമ്മ വന്നു.
കട്ടിലിൽ നിന്ന് ഞെട്ടി എഴുന്നേറ്റു.
കണ്ണുകൾ പിന്നെ പതിഞ്ഞത് ഭിത്തിയിലാണ്.
അവിടെ രോഹിതിന്റെ ഫോട്ടോ അയാൾ കണ്ടു.
അയാളുടെ നോട്ടം തന്നിലെക്ക് ഇരമ്പിയിരച്ച് കയറുന്നത് അയാൾ അറിഞ്ഞു.
കാറ്റിൽ ഫോട്ടോ അനങ്ങി.
നരിമറ്റം മാത്തച്ചൻ വിയർപ്പിൽ കുതിർന്നു.
പോക്കറ്റിൽ കരുതിയിരുന്ന റം ബോട്ടിൽ അയാൾ എടുത്തു.
അടപ്പ് തുറന്ന് അതിന്റെ പകുതിയോളം അയാൾ വായിലേക്ക് കമിഴ്ത്തി.
പിന്നെ തലകുടഞ്ഞ് കണ്ണുകൾ തിരുമ്മി കട്ടിലിലേക്ക് ചാഞ്ഞു.ആ സമയം നരിമറ്റം വർക്കി നടത്തുന്ന ഒരു ചൂതാട്ട കേന്ദ്രത്തിലായിരുന്നു ജയകൃഷ്ണൻ.

സിദ്ധാർത്ഥൻ ലത്തീഫിന്റെ സംഘത്തിൽ ചേർന്നതിനു ശേഷം ഏത് സമയത്തും ഒരാക്രമണം പ്രതീക്ഷിച്ചിരുന്ന ജയകൃഷ്ണൻ മിക്കവാറും ദിവസങ്ങളിൽ അവിടെത്തന്നെയായിരുന്നു.
ഒരു മയക്കം കഴിഞ്ഞ് കണ്ണുകൾ തുറന്നപ്പോൾ മുമ്പിൽ വിമൽ നിൽക്കുന്നത് അവൻ കണ്ടു.
"കമോൺ! ഗെറ്റപ്പ് !!"
കാർക്കശ്യത്തോടെ വിമൽ പറഞ്ഞു.
അവൻ ചാടിയെഴുന്നേറ്റു.
"ഒരു മിഷൻ കൂടി ഏൽപ്പിക്കുകയാണ് നിന്നെ,"
ജയകൃഷ്ണൻ ചോദ്യരൂപത്തിൽ വിമലിനെ നോക്കി.
"ഇത് നീ എന്തായാലും ചെയ്തിരിക്കണം!"
വിമൽ പറഞ്ഞു.
അവൻ പോക്കറ്റിൽ നിന്ന് ഒരു റിവോൾവർ എടുത്തു.
ജയകൃഷ്ണന്റെ കൈയിൽ കൊടുത്തു.
"നീ ഇന്നുതന്നെ നരിമറ്റം മാത്തച്ചനെ കാണണം!"

"നിന്റെ പപ്പായെയോ?"
"എന്റെ മുമ്പിലിപ്പോൾ പപ്പായും മമ്മീം ഒന്നുവില്ല!"
അവന്റെ മുഖം ഭീഷണമായി.
മുഖത്ത് വെറുപ്പും ക്രൂരതയും നിറഞ്ഞു.
"ദേ ആർ ഡാംഡ് ആൻഡ് ഡൂംഡ്...!!"
പക നിറഞ്ഞ സ്വരത്തിൽ അവൻ പറഞ്ഞു.
ജയകൃഷ്ണന് വിമലിന്റെ വാക്കുകൾ മനസ്സിലായില്ല.
അവൻ ചോദ്യരൂപത്തിൽ വിമലിനെ നോക്കി.
"അന്ന് ലൈബ്രറീന്ന് കിട്ടിയ മാപ്പ് അയാടെ കയ്യിലുണ്ട്,"
വിമൽ തുടർന്നു.
"ഈ ഗൺ കാണിച്ച് നീ അത് വാങ്ങിക്കണം!"
ജയകൃഷ്ണൻ തലകുലുക്കി.
"ദിവ്യേനെ സൊന്തം കൊന്നോളാന്ന് പറഞ്ഞിട്ട് ഇപ്പ എന്നായി?"
ജയകൃഷ്ണൻ പരിഹാസത്തോടെ ചോദിച്ചു.
"എന്താവാൻ!"
ആത്മനിന്ദയോടെ വിമൽ പറഞ്ഞു.
"അന്ന് രണ്ട് വെടി ശരിക്കേറ്റതാ. വളരെ കണ്ണിങ്ങായി ഇന്ന് ബോംബും വെച്ചു. അവളെങ്ങനെ ചാകാൻ! അതെങ്ങനാ ചത്ത് പോയ ഏതോ ഒരു മറ്റവളുടെ പ്രേതവല്ലേ അകത്ത് കെടക്കുന്നെ!"
അന്ന് സന്ധ്യക്കാണ് നരിമറ്റം മാത്തച്ചൻ ഉറക്കത്തിൽ നിന്നും മദ്യ ലഹരിയിൽ നിന്നുമുണർന്നത്.

ഉറക്കത്തിൽ നിന്ന് കണ്ണുകളും ഓർമ്മകളും നേരെ പോയത് രോഹിതിന്റെ ഫോട്ടോയിലേക്കാണ്.
അയാളുടെ പുഞ്ചിരിക്കുന്ന മുഖവും തറച്ചിറങ്ങുന്ന നോട്ടവും അയാളെ വീണ്ടും പരിഭ്രാന്തനാക്കി.
പുറത്തേ നിലാവും ഇരുട്ടും കലർന്ന ഭൂവിഭാഗവും ആകാശത്തിലേക്ക് ഉയർന്ന് നിൽക്കുന്ന കോബ്രാഹിൽസിന്റെ ശിഖരങ്ങളും അയാളുടെ ഭീതി വർധിപ്പിച്ചു.
ഫോട്ടോയിലെ രോഹിതിനു ജീവൻ വക്കുന്നത് അയാൾ അറിഞ്ഞു.
അയാൾ ഫോട്ടോയുടെ ഫ്രെയിമിൽ നിന്ന് ഗ്ലാസ്സുകൾ പൊട്ടിച്ച് ഇറങ്ങി വരികയാണ്.
രാജശേഖരവർമ്മയുടെ ലൈബ്രറിയിലെ നിലവറയിൽ, താനും വിമലും മാപ്പുകളുമായി പുറത്തേക്ക് ഇറങ്ങി വന്നുകൊണ്ടിരുന്നപ്പോൾ തങ്ങളെ എതിരേറ്റ അതേ രോഹിത്!
കയ്യിൽ റിവോൾവർ!
കണ്ണുകളിൽ അതേ തീയ്! അയാളുടെ രൂപം തന്റെ അടുത്തെത്തിയതും അയാൾ റിവോൾവറിന്റെ ബാരൽ തന്റെ നെറ്റിയിൽ മുട്ടിച്ചതും അയാൾ അറിഞ്ഞു.
"രോഹിത്!!"
അലറി നിലവിളിച്ചുകൊണ്ട് അയാൾ ചാടി എഴുന്നേറ്റു.
ആ രൂപം ലൈറ്റർ തെളിയ്ക്കുന്നത് അയാൾ കണ്ടു.
തെളിച്ചുപിടിച്ച ലൈറ്റർ അയാൾ മുഖത്തിന്റെയടുത്തേക്ക് കൊണ്ടുപോയി.
ലൈറ്ററിന്റെ വെളിച്ചത്തിൽ തനിക്കഭിമുഖമായി നിൽക്കുന്ന ആളുടെ മുഖം അയാൾ കണ്ടു.
ജയകൃഷ്ണൻ!
നരിമറ്റം മാത്തച്ചൻ ആശ്വാസത്തോടെ ദീർഘ നിശ്വാസം ചെയ്തു.
തന്റെ നെറ്റിയിൽ മുട്ടി നിൽക്കുന്ന റിവോൾവറിന്റെ ബാരലിലേക്ക്നോക്കി അയാൾ പുഞ്ചിരിച്ചു.
"കമോൺ!!"
അയാൾ പറഞ്ഞു.
"ആ സാധനം എന്റെ നെറ്റീന്ന് മാറ്റ്! മുലകുടി മാറാത്ത പിള്ളേർക്ക് കളിക്കാനുള്ളതല്ല അത്! ദെൻ ടേക് യുവർ സീറ്റ്!"
ജയകൃഷ്ണൻ പുഞ്ചിരിച്ചില്ല.
നിർവ്വികാരമായി അവൻ അയാളുടെ മുഖത്തേക്ക് നോക്കി.
"എന്റെ മിഷൻ എന്താണ് എന്ന് തനിക്കറിയോ? അറിഞ്ഞിരുന്നേൽ താൻ എന്നെ ഇത് പോലെ സ്വാഗതം ചെയ്യുമോ?"
അവൻ ചോദിച്ചു.
"മിഷനോ?"
സംഭ്രാന്തിയോടെ അയാൾ ചോദിച്ചു.
"എന്ത് മിഷൻ?"

"യെസ്!!"
അയാളുടെ കണ്ണുകളിലേക്ക് തറച്ചുനോക്കി അവൻ പറഞ്ഞു.
"ഐം ഓൺ എ മിഷൻ! എ മിഷൻ റ്റു കിൽ യൂ!!"
"ജയകൃഷ്ണാ!!"

നരിമറ്റം മാത്തച്ചൻ പിമ്പോട്ട് ചുവട് വെച്ചു.
"എന്നെ കൊല്ലാനോ? എന്നേത്തിന്? ആര് പറഞ്ഞിട്ട്?"
"ഹീ സെന്റ് മീ,"
ട്രിഗറിൽ വിരലമർത്തി ജയകൃഷ്ണൻ പറഞ്ഞു.
"വിമൽ!!"
ആ പേര് തന്നെയാണ് നരിമറ്റം മാത്തച്ചൻ പ്രതീക്ഷിച്ചിരുന്നതെങ്കിലും ജയകൃഷ്ണന്റെ നാവിൽ നിന്ന് തന്നെ അത് കേട്ടപ്പോൾ തന്റെ ദേഹം കുഴയുന്നത് പോലെ അയാൾക്ക് തോന്നി.
താൻ വിറയ്ക്കുന്നത് അയാൾ അറിഞ്ഞു.
"ജയകൃഷ്ണാ,"
അയാൾ പറയാൻ ശ്രമിച്ചു.
"അതെന്റെ കൈയ്യിലില്ല! ആ മാപ്പ് ഞാൻ എടുത്തിട്ടില്ല!"
നിസ്സഹായനായി യാചന നിറഞ്ഞ സ്വരത്തിൽ അയാൾ പറഞ്ഞു.
ജയകൃഷ്ണൻ അയാളെ നോക്കി മന്ദഹസിച്ചു.
പിന്നെ ഉച്ചത്തിൽ ചിരിച്ചു.
അതിനു ശേഷം അവൻ അയാളുടെ നെറ്റിയിൽ മുട്ടിച്ചിരുന്ന റിവോൾവർ പിൻവലിച്ചു.
അത് മുമ്പിലെ മേശപ്പുറത്ത് വെച്ചു.
വേണ്ടും അയാളെ നോക്കി മന്ദഹസിച്ചു.
അവൻ വാതിൽക്കലേക്ക് തിരിഞ്ഞു.
"ഞാൻ നിങ്ങളെ കൊല്ലാനൊന്നും വന്നതല്ല,"
പുറത്തേക്ക് നടന്നുകൊണ്ട് വിമൽ പറഞ്ഞു.
"ഞാനാരെയും കൊന്നിട്ടുമില്ല. ഞാൻ പോകുന്നു,'
നരിമറ്റം ആശ്വാസത്തോടെ നെടുവീർപ്പിട്ടു.
"ബട്ട് മൈൻഡ് യൂ!"
ജയകൃഷ്ണൻ തിരിഞ്ഞു നിന്നു.
"വിമൽ വരും! എന്നെപ്പോലെ വാചകമടിക്കാനൊന്നും അവൻ നിൽക്കില്ല. യാങ്കീ സിൽമേലേ ഹീറോസ് പറയുന്നപോലെ. വെൻ യൂ വാൺട് റ്റു ഷൂട്ട്, ഷൂട്ട്. ഡോണ്ട് ടോക് എന്നും പറഞ്ഞോണ്ട്..!"
നരിമറ്റം മാത്തച്ചൻ എന്നഅതികായന്റെ ഏറ്റവും സിസ്സഹായത നിറഞ്ഞ മുഖം ജയകൃഷ്ണൻ കണ്ടു.
"താനാ യഥാർത്ഥ തന്ത!"

പരിഹാസം നിറഞ്ഞ സ്വരത്തിൽ ജയകൃഷ്ണൻ പറഞ്ഞു.
"ഇങ്ങനെ വേണം മക്കളെ ഒണ്ടാക്കാൻ! സ്വന്തം തന്തയുടെ ആയുസ്സിന്റെ നീളവും വീതിയും നിശ്ചയിക്കുന്ന മക്കളെ! എങ്ങയാടോ തന്നോട് ഗുഡ് ലക്ക് എന്ന് പറയുക?"
സ്വന്തം മകൻ തന്റെ ജീവനെടുക്കുമെന്നു മാത്തച്ചനു തീർച്ചയായി.
രണ്ടാമതൊരാളെ ആ ജോലി ഏൽപ്പിച്ച വിമൽ അത് സ്വയം ചെയ്യാനും മടിക്കില്ല.മുമ്പിലെ ഭീകരതയോർത്ത് അയാളുടെ ഉള്ള് വിറച്ചു.
"ജയകൃഷ്ണാ നിൽക്ക്,"
അയാൾ അപേക്ഷിച്ചു.
പുറത്തിറങ്ങിയ ജയകൃഷ്ണൻ തിരിഞ്ഞു നിന്നു.
"അൽപ്പം കൂടി! അൽപ്പം കൂടി കഴിഞ്ഞ് പോകാം,"
ജയകൃഷ്ണൻ അകത്തേക്ക് കയറി.
നരിമറ്റം മാത്തച്ചൻ പോക്കറ്റിൽ നിന്ന് മൊബൈൽ ഫോൺ എടുത്തു. അയാൾ ഡയൽ ചെയ്തു.
"ഹലോ പോലീസ് സ്റ്റേഷനല്ലേ..."
അയാൾ സംസാരിക്കാൻ തുടങ്ങി.
"ഞാനാണ് മേയ്ജർ മാത്യു വർഗ്ഗീസ്! ദിവ്യ ഗ്രൂപ്പ് ഇൻഡസ്ട്രീസിലേ സെക്യൂരിറ്റി ഓഫീസർ. ..എന്താ? ഇൻസ്പെകടർ ഇല്ലേ! ഞാൻ നദീതീരത്തെ ആൾപ്പാർപ്പില്ലാത്ത വീട്ടിൽ ...അതെ രോഹിതിന്റെ...ഡീറ്റയിൽസ് ഞാൻ ഇനസ്പെകടറോട് നേരിട്ട് പറയാം...ഒന്ന് രണ്ട് മണിക്കൂർ കഴിഞ്ഞോ? ഓകേ...ങ്ഹേ?....അല്ല തനിച്ചല്ല ...ജയകൃഷ്ണനുമുണ്ട്..."
അയാൾ അത് പറഞ്ഞു മുഴുമികുന്നതിനു മുമ്പ് ജയകൃഷ്ണൻ ഫോൺ പിടിച്ചു വാങ്ങി.

"താൻ എന്നെ കൊലക്ക് കൊടുത്തേ അടങ്ങൂ എന്ന് തോന്നുന്നല്ലോ..."
അവൻ കുപിതനായി.
"പോലീസ് എന്റെ പൊറകെ ഒണ്ട്ന്ന് തനിക്കറിയില്ലേ? എന്റെ ഫ്രണ്ട്സിനെ മൊത്തം പോലീസ് പൊക്കി. എല്ലാം തനിക്ക് വേണ്ടി തന്തയില്ലാ പണിക്ക് കൂട്ടുനിന്നിട്ട്! എന്നിട്ടിപ്പോൾ...!"
"ഞാനതോർത്തില്ല ജയകൃഷ്ണാ,"
അയാൾ ക്ഷമാപണത്തോടെ പറഞ്ഞു.
അവർ സിറ്റൌട്ടിലേക്ക് നടന്നു.
"ഇപ്പോൾ എന്നതാ പറയുന്നെ എന്നതാ ചെയ്യുന്നേ എന്നൊന്നും ഒരു ഓർമ്മേം ഇല്ലടാ,"
അയാൾ സിട്ടൌട്ടിലെ ഒരു കസേരയിലിരുന്നു.
"ഇരിക്ക്!"
അയാൾ പറഞ്ഞു.

"അൽപ്പം കഴിഞ്ഞ് പോകാം,"
"പറ്റില്ല!"
ജയകൃഷ്ണൻ മുറ്റത്തേക്ക് ഇറങ്ങി.
"ഇവിടുത്തെ സകല കാര്യങ്ങളും അച്ഛന്റെ ചെവീൽ എത്തി,"
ജയകൃഷ്ണൻ തുടർന്നു.
"സ്ട്രിക്റ്റ് ഓർഡറാ, എഴരക്ക് മുമ്പ് വീട്ടിൽ എത്തിക്കോണം എന്ന്. ഇതുവരെയൊള്ള കാര്യങ്ങൾ ഒക്കെ അച്ചൻ ക്ഷമിച്ചു. ഊരാക്കുടുക്കിൽ നിന്നൊക്കെ രക്ഷപ്പെടാൻ അച്ചൻ ഒന്നാന്തരം ഒരു വക്കീലിനേം ഏർപ്പാടാക്കീട്ടൊണ്ട്. തന്റെ ചേട്ടൻ കഴുവേറിയില്ലേ, നരിമറ്റം വർക്കി! അവന്റെ മൊഖത്ത് നോക്കി പത്ത് തെറി പറഞ്ഞിട്ടാ ഞാൻ ഇങ്ങോട്ട് വന്നത്!"
ജയകൃഷ്ണന്റെ ശബ്ദത്തിലെ പുതിയ വ്യതിയാനം അയാൾ ശ്രദ്ധിച്ചു.
"ഇനിയേലും ഈ കൂതറ വെഷം അഴിച്ച് വെച്ചില്ലേൽ നാളെ ഇന്ത്യ ഗവണ്മെന്റ് എന്റെ തലയ്ക്ക് കോടികൾ വിലയിടും! ദ മോസ്റ്റ് വാണ്ടഡ് ക്രിമിനലായിട്ട്! കാരണം സഹവാസം തന്നെപ്പോലെയുള്ള തന്തക്ക് പിറക്കാത്ത പന്നികളുടെ കൂടെയല്ലേ?"
ജയകൃഷ്ണൻ പോയിക്കഴിഞ്ഞ് എന്ത് ചെയ്യണമെന്നറിയാതെ മാത്തച്ചൻ കുഴങ്ങി.
കുറെ കഴിഞ്ഞപ്പോൾ അയാൾക്ക് കാര്യങ്ങൾ വ്യക്തമായി.
തന്റെ മകന്റെ കൈകളാൽ തന്നെ തന്റെ അന്ത്യം അയാൾക്ക് ഉറപ്പായി.
ദിവ്യയേയും രാഹുലിനെയും കൊലപ്പെടുത്താൻ കാറിൽ ബോംബ് വെച്ചിട്ട് ആ ശ്രമം പരാജയപ്പെട്ടപ്പോൾ രാജശേഖര വർമ്മയുടെയടുത്തും പോലീസിന്റെയടുത്തും തന്റെ പേര് പറഞ്ഞത് അതുകൊണ്ടാണ്.
ഇപ്പോൾ ഇതാ ജയകൃഷ്ണനെ ആയുധവും കൊടുത്ത് വിട്ടിരിക്കുന്നു!
ഇനി?
ഇനി ഒരു മാർഗ്ഗം മാത്രമേ അവശേഷിക്കുന്നുള്ളൂ.
രാജശേഖരവർമ്മയെ നേരിൽക്കണ്ട് എല്ലാം തുറന്നു പറയുക!
വിനോദിനെ കൊന്ന കുറ്റത്തിന് ആജീവനാന്തം ജെയിലിൽ കിടക്കേണ്ടി വന്നാലും സ്വന്തം മകന്റെ കൈയ്യാലുള്ള മരണത്തേക്കാൾ എത്രയോ ഭേദമായിരിക്കും അത്!
അയാൾ രാജശേഖര വർമ്മക്ക് ഡയൽ ചെയ്തു.
താൻ രോഹിതിന്റെ വീട്ടിൽ ഒളിച്ച് താമസിക്കുന്നുണ്ടെന്നും രോഹിതിന്റെ മരണത്തെക്കുറിച്ചും നഷ്ട്ടപ്പെട്ടുപോയ, കോബ്രാ ഹിൽസിലെ നിധികണ്ടെത്താൻ സഹായിക്കുന്ന, മാപ്പുകളെക്കുറിച്ചുമുള്ള വിവരങ്ങൾ തനിക്കറിയാമെന്നും അവയെക്കുറിച്ച് നേരിട്ട് സംസാരിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും അയാൾ രാജശേഖര വർമ്മയെ അറിയിച്ചു.
രാത്രി പന്ത്രണ്ട് മണിക്ക് മുമ്പ് രാഹുലിനോടൊപ്പം അവിടെ എത്തിച്ചേരാൻ അയാൾ അദ്ധേഹത്തോട് ആവശ്യപ്പെട്ടു.
ബോട്ടിലിൽ അവശേഷിച്ചിരുന്ന റം മുഴുവനും അയാൾ ഒറ്റയിരുപ്പിൽ വായിലേക്ക് കമിഴ്ത്തി.
അതിന് ശേഷം കിടക്കയിലേക്ക് ചാഞ്ഞു.

അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. മണിക്കൂറുകൾ നിരർത്ഥകങ്ങളായി കഴിഞ്ഞുപോകുന്നത് അയാൾ അറിഞ്ഞു.
ഉറയ്ക്കാത്ത ചുവടുവെപ്പുകളോടെ അയാൾ കിടക്കയിൽ നിന്ന് എഴുന്നേറ്റു.
താൻ എന്തിന് ഭയപ്പെടണം?

റിട്ടയേഡ് മേജർ ആണ് താൻ!
തന്റെ ജ്യേഷ്ഠൻ ഈ നഗരത്തിൽ വളരെ സ്വാധീന ശേഷിയുള്ളയാളാണ്.
തന്നെ എത്രകാലം വേണമെങ്കിലും സംരക്ഷിക്കാൻ അദ്ധേഹത്തിന് സാധിക്കും.
എന്നിട്ടാണ് ഒരു എലിയെപ്പോലെ താൻ ഇവിടെ ഭയപ്പെട്ട് ഒളിച്ചുകഴിയുന്നത്!
അങ്ങോട്ട് പോവുക തന്നെ!
ജയകൃഷ്ണൻ മേശപ്പുറത്ത് വെച്ചിട്ട് പോയ റിവോൾവർ അയാൾ എടുത്തു.
പുറത്തേക്ക് നടക്കാൻ തുടങ്ങിയ നരിമറ്റം മാത്തച്ചൻ പെട്ടെന്ന് നിന്നു.
വാതിൽക്കൽ നിശ്ചലമായി ഒരു ദീർഘരൂപം നിൽക്കുന്നു!
ആ രൂപതിന്റെ ഗന്ധവും പ്രത്യേകതകളും അയാൾ തിരിച്ചറിഞ്ഞു.
"വിമൽ...!! നീ ??"
അയാളിൽ നിന്ന് വിറയാർന്ന ശബ്ദം പുറത്ത് വന്നു.
അ രൂപം സാവധാനം അയാളെ സമീപിച്ചു.
ഭിത്തിയിലെ രോഹിതിന്റെ ഫോട്ടോ കാറ്റിലുലയുന്നത് അയാൾ കണ്ടു.
ഇരുട്ടിലൂടെ തന്നെ സമീപിക്കുന്ന വിമലിന്റെ നേരെ അയാൾ റിവോൾവർ ചൂണ്ടി.
"അടുക്കരുത്!!"
സംഭീതമായ ശബ്ദത്തിൽ അയാൾ പറഞ്ഞു.
"ഐൽ ഷൂട്ട് യൂ!!"
പക്ഷെ വിമൽ താകീതിനെ വകവെക്കാതെ സാവധാനം നടന്ന് അയാളുടെ അടുത്തെത്തി.
മുറിയിലേ അരണ്ട പ്രകാശത്തിൽ അവന്റെ മുഖം അയാൾ വ്യക്തമായി കണ്ടു.
"ആരാന്റെ മക്കളെ വെടിവെച്ചിടുന്ന ശൌര്യം തനിക്ക് ഇപ്പോഴുമുണ്ടോ?"
മരവിച്ച സ്വരത്തിൽ വിമൽ ചോദിച്ചു.
"തന്റെ തന്നെ നശിച്ച വിത്തായ എന്നെയും വെടിവെച്ചിടാൻ??"
അയാൾ റിവോൾവർ താഴ്ത്തി.
"ജയകൃഷ്ണൻ ഇവിടെ വന്നില്ലേ?"
ഇരുട്ടിലൂടെ വികാരരഹിതമായ ശബ്ദത്തിന്റെ മരവിപ്പ് നരിമറ്റം മാത്തച്ചനെ തൊട്ടു.
"ങ്ഹാ, വന്നിരുന്നു. പക്ഷെ..."
"എന്നിട്ട്? എന്നിട്ട് ആ മാപ്പ് നിങ്ങൾ അവനെ എല്പ്പിച്ചോ?"
"വിമൽ! നീ എന്താ...നിന്നോടല്ലേ പറഞ്ഞെ ഞാൻ അതെന്റെ കൈയ്യിൽ ...!!"
"യൂ റെച്ചഡ് ഓൾഡ് റാസ്ക്കൽ...!!"

അവന്റെ ശബ്ദത്തിലെ മരവിപ്പ് മാറുന്നതും ദേഷ്യത്തിന്റെ ചൂട് ആ മുറിയിൽ നിറയുന്നതും അയാൾ അറിഞ്ഞു.
അവന്റെ ശ്വാസത്തിൽ നിന്ന് കഞ്ചാവിന്റെ ചൂര് തന്റെ നാസാരന്ധ്രങ്ങളിലൂടെ ആത്മാവിലെക്കിറങ്ങുന്നതും.
വിമലിന്റെ കൈകൾ അയാളുടെ കോളറിൽ അമർന്നു.
"നോക്കട്ടെ ഞാൻ നേര് പറയിക്കാമോന്ന്!!"
അയാൾ കുതറി.
പക്ഷെ വിഫലമായി.
വിമലിന്റെ കായിക കരുത്തും മയക്ക് മരുന്നിന്റെ ഉന്മാദവും അവന്റെയുള്ളിലെ ഐശാചിക ശക്തിയും ഒരുമിച്ച് ചേർന്നപ്പോൾ അമിതമായി മദ്യപിച്ച് നിലതെറ്റിയ നരിമറ്റം മാത്തച്ചന് ദയനീയമായി പിടയാനേ കഴിഞ്ഞുള്ളു.
"പറ!!"
വിമൽ അലറി.
താൻ നിൽക്കുന്നിടം കുലുങ്ങുന്നത് അയാൾ അറിഞ്ഞു.
"സത്യം പറ1 എവിടെ? എവിടെയാ മാപ്പ് ??"
അവന്റെ കൈകൾ അയാളുടെ കഴുത്തിന് ചുറ്റും മരണച്ചങ്ങല തീർത്തു.
"മോനേ..."
അയാൾ വിലപിച്ചു.
"മോനേ ..ഞാൻ..."
വിമലിന്റെ കൈകളുടെ മരണതാളം മുറുകി.
"ഞാൻ നിന്റെ അപ്പനാണ്...! എന്നെ വിശ്വസ്സിക്ക്!! ഞാൻ ..ഞാൻ ..നിന്റെ അപ്പൻ...!!"
ശ്വാസം കിട്ടാതെ അയാളിൽ നിന്ന് അസ്പഷ്ടമായി വാക്കുകൾ പുറത്ത് വന്നു.
"എല്ലാ പേപ്പട്ടിയും പട്ടിക്കുഞ്ഞിനോട് പറയുന്നതും ഇത് തന്നെയാ...!!"

അയാളുടെ കഴുത്തിൽ വീണ്ടും പിടി മുറുക്കിക്കൊണ്ട് അവൻ മുരണ്ടു.
"യൂ നോ ..മൈ മദർ വാസ് ദ മോസ്റ്റ് അൺചേസ്റ്റ് വുമൺ.... !എ പ്രോസ്റ്റിറ്റ്യൂട്ട്...! യൂ ആറെ കില്ലർ ....! യൂ കിൽഡ് മൈ ബ്രദർ... ! യൂ ടോട്ട് മീ ഹൌ റ്റു കിൽ എ ലൈഫ്...! "
വിമൽ നിർത്താതെ ചിരിച്ചു.
ചിരിയോടൊപ്പം മാത്തച്ചന്റെ കഴുത്തിലെ പിടി അവൻ കൂടുതൽ മുറുക്കി.
"...നീ എന്നെ പണത്തിന്റെ കഥ പറഞ്ഞ് കൊതിപ്പിച്ചു...!"
രാക്ഷസീയമായ ഭാവത്തിൽ, പ്രേതത്തിന്റെ സ്വരത്തിൽ അവൻ തുടർന്നു.
"...സ്വത്തിന്റെ...വ്യവസായ സാമ്രാജ്യത്തിന്റെ കനകക്കിരീടം വച്ച രജകുമാരനാക്കാമെന്ന് നീ എന്നെ പറഞ്ഞു കൊതിപ്പിച്ചു...! എന്നിട്ട് എന്റെ ശവം പുഴുങ്ങിത്തിന്നാൻ വേണ്ടി നീയെന്നെ ചതിച്ചു...! രാജശേഖര വർമ്മ എന്ന, ഞാൻ കുപ്പിയിലടക്കാൻ ശ്രമിക്കുന്ന ഭൂതത്താന്റെയടുത്ത് നീ എന്നെക്കുറിച്ചെല്ലാം തുറന്നു പറയാൻ ശ്രമിച്ചു...!!"

നരിമറ്റം മാത്തച്ചന്റെ ശക്തി പൂർണ്ണമായും ക്ഷയിച്ച് കഴിഞ്ഞത് വിമൽ അറിഞ്ഞില്ല. അവൻ ഭ്രാന്തമായ ആവേശത്തോടെ അയാളുടെ കഴുത്തിൽ വീണ്ടും വീണ്ടും പൂർണ്ണശക്തിയോടെ ഞെരിച്ചു.
"എനിക്കാ നിധി വേണം...!!"
അവൻ വീണ്ടും അലറി.
"കോബ്രാ ഹിൽസ് നിറയെ പൂത്തുലഞ്ഞ ആ നിധി...!! അതിന്റെ താക്കോൽ നിന്റെ കൈയിലാണ്! അത് ഏത് കടലിന്റെ അടിത്തട്ടിലേക്ക് എറിഞ്ഞു കളഞ്ഞാലും നിന്നെക്കൊണ്ട് തന്നെ ഞാൻ അത് എടുപ്പിക്കും...!! കമോൺ!! ടെൽ...!! എവിടെ? എവിടെ ആ മാപ്പ്??"
തന്റെ കൈകൾക്കുള്ളിൽ പിടഞ്ഞുകൊണ്ടിരുന്ന ശരീരം നിശ്ചലമായത് അവൻ അറിഞ്ഞത് അൽപ്പ സമയം കഴിഞ്ഞാണ്. അത് മനസ്സിലാക്കിയപ്പോൾ അവൻ പിടി വിട്ടു.
തണുത്ത് വിറങ്ങലിച്ച മാത്തച്ചന്റെ ശരീരം പിമ്പോട്ടു വീണു.
കാറ്റിലുലഞ്ഞുകൊണ്ടിരുന്ന രോഹിതിന്റെ ഫോട്ടോ നിശ്ചലമായി.

ജയകൃഷ്ണൻ വിവരിച്ച അവിശ്വസനീയമായ സംഭവങ്ങൾ കേട്ട് എല്ലാവരും നിശ്ചല നിശബ്ദരായി.
അവർ വികാരഭരിതരായി ദിവ്യയെ നോക്കി.
അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർക്കണങ്ങൾ അടർന്നുവീണുകൊണ്ടിരുന്നു.
അവളോട് എന്താണ് പറയേണ്ടത് എന്ന് ആർക്കും അറിയില്ലായിരുന്നു.
ഏക സഹോദരന്റെ ചതിയിൽപ്പെട്ടുള്ള മരണവും ജീവനെപ്പോലെ സ്നേഹിച്ച രോഹിതിന്റെ മരണവും അവൾക്ക് ഉൾക്കൊള്ളാവുന്നതിലുമധികമായിരുന്നു.
ലത്തീഫും രാഹുലും മറ്റുള്ളവരും ദിവ്യയെ ചേർത്ത് പിടിച്ചു.
രാഹുലിന്റെ കരുണാർദ്രമായ കണ്ണുകൾ തന്നെ തൊടുന്നത് ദിവ്യ കണ്ടു.
ആ നോട്ടത്തിന്റെ സാന്ത്വനത്തിൽ അവൾ വീണ്ടും തകർന്നുപോയി.
മുഖം പൊത്തി നിയന്ത്രിക്കാനാവാതെ അവൾ പൊട്ടിക്കരഞ്ഞു.
കൂട്ടുകാർ വീണ്ടും അവളെ ചേർത്തുപിടിച്ചു.
അവരിൽ പലരുടെയും അവസ്ഥ അവളുടെതിന് തുല്യമായിരുന്നെങ്കിലും.
"രോഹിത് സാറിനെക്കുറിച്ചുള്ള നിന്റെ വിശ്വാസം വളരെ ശരിയായിരുന്നു ദിവ്യേ,"
അവസാനം ലത്തീഫ് പറഞ്ഞു.
"കോനൻ ഡോയലിന്റെ ബ്രൂസ് പാർട്ടിംഗ്റ്റൺ പ്ലാനിലെ കാഡഗൺ വെസ്റ്റിനെ ഓർമ്മ വരുന്നു,"
മിഴികൾ തുടച്ചുകൊണ്ട് ഷെറിൻ പറഞ്ഞു.
"അതുപോലെ രോഹിത് അങ്കിളും..."
അവളുടെ തോളിലേ രാഹുലിന്റെ സ്പർശം മുറുകി.
അതറിഞ്ഞ് അവൾ അയാളെ നോക്കി.

"ഈശ്വരൻ നിന്നെ തുണക്കട്ടെ. നിനക്ക് ശക്തി തരട്ടെ. എല്ലാം മറക്കാൻ നിന്നെ പ്രാപ്തയാക്കട്ടെ,"
അയാളുടെ ശബ്ദത്തിലെ കാരുണ്യം തന്റെ മനസ്സിലെ മുറിവുകൾക്ക് മേൽ പടരുന്നത് ദിവ്യ അറിഞ്ഞു.
പിന്നെ വിവരണത്തിന്റെ തുടർച്ചയ്ക്ക് എല്ലാവരും ജയകൃഷ്ണനെ നോക്കി.
"നരിമറ്റം മാത്തച്ചനെ കണ്ടതിനുശേഷം ഞാൻ വീട്ടിലേക്ക് ആണ് പോയത്,"
ജയകൃഷ്ണൻ തുടർന്നു.

"ഏത് സമയത്തും ഒരു റെയ്ഡ് പ്രതീക്ഷിച്ചിരുന്ന ഞാൻ റബ്ബർ ഷീറ്റ് ഉണക്കുന്ന ഒരു കെട്ടിടത്തിലാണ് ഉറങ്ങിയിരുന്നത്. അമ്മയ്ക്കും വിമലിനും മാത്രമേ അത് അറിയുകയുള്ളൂ. രാത്രി പതിനൊന്ന് മണിയായിക്കാണണം...ഒന്നുറങ്ങി ഉണർന്നപ്പോൾ മുറിയിൽ പ്രകാശം കണ്ടു...നോക്കുമ്പോൾ എന്റെ ബെഡ്ഡിന്റെയടുത്ത് ഒരു സ്റ്റൂളിന്മേൽ വിമൽ ഇരിക്കുന്നു!"
ജയകൃഷ്ണൻ ഒന്ന് നിർത്തി.
തന്റെ വാക്കുകളിലേക്ക് മാത്രം കാതുകൾ കൂർപ്പിച്ചിരിക്കുന്ന ലതീഫിനെയും സംഘത്തെയും നോക്കി.
"അയാൾക്ക് പിമ്പിൽ ഞാൻ ഇതുവരെ കണ്ടിട്ടില്ലാത്ത മൂന്ന് നാല് പേരുകൾ കൂടി,"
ജയകൃഷ്ണൻ തുടർന്നു.
"അൽപ്പ സമയം മുന്പ് സ്വന്തം അച്ഛനെ കഴുത്ത് ഞെരിച്ച് കൊന്ന് കെട്ടിത്തൂക്കിയവനാണ് എന്റെ മുമ്പിൽ ഇരിക്കുന്നതെന്ന് ഞാനറിഞ്ഞില്ല. അവൻ എന്റെ നേരെ നോക്കി ചിരിച്ചു. ഞാൻ എന്തെങ്കിലും പറയുന്നതിന് മുമ്പ് ഗ്ലൌസിട്ട അവന്റെ കൈ എന്റെ വായ് പൊത്തി...1 പിമ്പിൽ നിന്നവർ എന്റെ കൈകളിൽ പിടിച്ചു....കാലുകളിലും. എനിക്കൊന്നും മനസിലായില്ല. വിമൽ എന്റെ കൈകൾ കെട്ടി. മറ്റുള്ളവർ എന്നെ എഴുന്നേൽപ്പിച്ചു. പുറത്തേക്ക് നടത്തി. ഒരാൾ എന്റെ പിമ്പിൽ തോക്കുമായി നടന്നു. എന്തിനാണ് അങ്ങനെ ചെയ്യുന്നതെന്ന് തുടർച്ചയായി ചോദിച്ചെങ്കിലും ഒരു പ്രത്യേക ചിരി മാത്രമായിരുന്നു റിപ്ലൈ...."
വിവരണത്തിനിടയിൽ മേശപ്പുറത്തിരുന്ന കരിക്കിൻ വെള്ളമെടുത്ത് ജയകൃഷ്ണൻ കുടിച്ചു.
"പുറത്ത് നിർത്തിയിരുന്ന കാറിനടുത്തേക്ക് അവർ എന്നെ നടത്തി,"
ജയകൃഷ്ണൻ തുടർന്നു.
"കുറച്ച് നേരം കാറിനകത്ത് സഞ്ചരിച്ച ശേഷം അവർ എന്നെയും കൊണ്ട് വീരചാമുണ്ടന്റെ മലയിലേക്ക് പോയി. ആ യാത്രയിൽ എല്ലാം എനിക്ക് മനസിലായി. ശരിക്കും ഒരു ഭ്രാന്തനെപ്പോലെയായിരുന്നു വിമൽ! അവൻ തന്നെ വിവരിച്ചു താൻ എങ്ങനെയാണ് തന്റെ അച്ഛനെ കൊന്നതെന്ന്!! അവൻ തുറന്നു പറഞ്ഞു, തമ്പുരാൻ അവനെ മകനായി പ്രഖ്യാപിക്കാൻ പോകുന്നു. നിധി ഇനി കിട്ടുകയില്ല. തമ്പുരാന്റെ സ്വത്തിന്റെ ഭാഗം തനിക്ക് കിട്ടാൻ പോകുന്നു. അപ്പോൾ

ഞാനടക്കമുള്ള അവന്റെ ഫ്രോഡ് അറിയുന്ന ആളുകൾ ആരും ജീവിച്ചിരിക്കാൻ പാടില്ല!,"
ജയകൃഷ്ണൻ കിതപ്പോടെ നിർത്തി.
"വയ്യെങ്കിൽ സംസാരിക്കണ്ട,"
ദിവ്യ അവനോടു പറഞ്ഞു.
"ഇല്ല. കുഴപ്പമില്ല,"
അവൻ വിദൂരതയിലേക്ക് നോക്കി.
"മലയിലെത്തിക്കഴിഞ്ഞ് എന്നെ അവർ ഒരു മരത്തിൽ കെട്ടിയിട്ടു,"
ജയകൃഷ്ണൻ തുടർന്നു.
കൂട്ടത്തിലോരുവാൻ ഗുഹയ്ക്കുള്ളിൽ നിന്ന് അവിടെ വെച്ചിരുന്ന കൂടയിൽ നിന്ന് ഒരു സർപ്പത്തെ പുറത്തെടുത്തു. ദിവ്യയെകൊല്ലാൻ പദ്ധതി തയ്യാറാക്കുമ്പോഴും പാമ്പിനെക്കൊണ്ട് കടിപ്പിച്ചുകൊല്ലുക എന്നതായിരുന്നു അവന്റെ തന്ത്രം..."
"നടന്നതാ,"
വിൻസെന്റ് പരിഹസിച്ചു.
"കുട്ടിച്ചാത്താന്റെ കുണ്ടിയ്ക്കിട്ടാ അവൻ ഏലസ്സ് കെട്ടാൻ നോക്കുന്നെ. പുച്ഛം. അവജ്ഞ,"
കൂട്ടുകാർ ചിരിച്ചു.
"നാലഞ്ച് തവണ എന്നെ പാമ്പിനെക്കൊണ്ട് കടിപ്പിച്ചു,"
ജയകൃഷ്ണൻ തുടർന്നു.
"പിന്നെ പല തവണ എന്തോ ആന്റിബയോട്ടിക് കുത്തിവെച്ചു...നെഞ്ചിനകത്ത് കനം വെച്ച് വരുന്നത് വരെ ഓർമ്മയുണ്ട്....പിന്നെ ഞാൻ കാണുന്നത് നിങ്ങളെയൊക്കെയാണ്..."
ജയകൃഷ്ണൻ വിവരണം അവസാനിപ്പിച്ചു.
"ജയകൃഷ്ണാ,"
ലത്തീഫ് എഴുന്നേറ്റു.
"അന്ന് രോഹിത് ഒരു ഫയലിനെപ്പറ്റി പറഞ്ഞില്ലേ? വിമലിനെയും നരിമറ്റയും കുറിച്ചുള്ള എല്ലാ കാര്യങ്ങളും റിക്കോഡ് ചെയ്ത ഒരു ഫയൽ? അതെവിടെ?"
"അതെന്റെ കൈയിലുണ്ട്,"
ജയകൃഷ്ണൻ പെട്ടെന്ന് പറഞ്ഞു.
"വൌ!!"

കൂട്ടുകാർ ആരവം മുഴക്കി.
ദിവ്യയും രാഹുലും ലത്തീഫും ആശ്വാസത്തോടെ എന്നാൽ അദ്ഭുതതോടെയും പരസ്പ്പരം നോക്കി.
"ഇനി മറ്റൊന്നും വേണ്ട ലത്തീഫ് ദാദാ,"
വിൻസെന്റ് ആഹ്ലാദത്തോടെ പറഞ്ഞു.
"ജയകൃഷ്ണൻ, ഷേർലി, ആ ഫയൽ...അവനെ നമുക്ക് അടപടലം പൂട്ടാം,"

കൂട്ടുകാർ ശരിവെച്ചു.
"ആ ഫയലിന് വേണ്ടി ഞാനും രോഹിതും മാത്തച്ചനും രോഹിതിന്റെ വീട് അരിച്ച് പെറുക്കി. എനിക്കത് കിട്ടി. പക്ഷെ ഞാനത് മുക്കി. പിന്നെ ബ്ലാക്ക് മെയിൽ ചെയ്യാന്ന് കരുതി..."
ജയകൃഷ്ണൻ ജാള്യതയോടെ പറഞ്ഞു.
"ആ മാപ്പ് എവിടെ?"
ഷെറിൻ ചോദിച്ചു.
"വിമലിന്റെ വീട്ടിൽ നിന്ന് കാണാതായ മാപ്പ്?"
"അത് എനിക്കറിയില്ല ഷെറിൻ,"
ജയകൃഷ്ണൻ പറഞ്ഞു.
"തമ്പുരാൻ മകനായി അംഗീകരിക്കൂന്ന് ഒറപ്പ് കിട്ടീപ്പം എല്ലാവരേം ഒതുക്കുന്നെന്റെ ഭാഗവായി അപ്പനേം ഒതുക്കാൻ അവൻ കെട്ടിച്ചമച്ച ഒരു ഡ്രാമ ആരിക്കും അത്,"
"അത് പോട്ടെ,"
ജയക്രിഷണന്റെ വാക്കുകൾക്ക് ശ്രദ്ധ നൽകാതെ ലത്തീഫ് പറഞ്ഞു.
"നീ ഇപ്പോൾ വ്യത്തിയായ ഒരു കഥ പറഞ്ഞു ജയാ,"
ലത്തീഫ് ജയകൃഷ്ണനെ നോക്കി.
"ആ കഥ വള്ളിപുള്ളി തെറ്റാതെ പോലീസ് സ്റ്റേഷനിലും കോടതീലും പറയാനുള്ള ധൈര്യമുണ്ടോ നെനക്ക്?"
"അതിനുള്ള ഭാഗ്യവും ആയുസ്സും എനിക്കുണ്ടെങ്കിൽ,"
ജയകൃഷ്ണൻ പറഞ്ഞു.
"അതും രണ്ടും നിനക്കുണ്ട്. ദിവ്യ കാരണം,"
ലത്തീഫ് ദിവ്യയെ നോക്കി.
ലത്തീഫ് അൽപ്പ സമയം ആലോചാനാമഗ്നനായി.
"സാർ,"
അവസാനം അവൻ രാഹുലിനെ വിളിച്ചു.
എല്ലാവരും ലത്തീഫിനെ നോക്കി.
"ഇനി താമസിക്കുന്നില്ല,"
അവൻ തുടർന്നു.
"നാളെ യാഗം തുടങ്ങുന്നു. യാഗത്തിന്റെ മൂന്നാം ദിവസം അതായത് അവസാന ദിവസം അന്ത്യരംഗത്ത് വിമൽ മാത്യുവിന്റെ കൈകളിൽ വിലങ്ങ് വീണിരിക്കണം!"
രാഹുലും അത് തന്നെ ആലോചിക്കുകയായിരുന്നു.
"ഇനി ഒരു നിമിഷം പോലും പാഴാക്കാനില്ല!"
ഊർജ്ജസ്വലതയോടെ അവൻ പറഞ്ഞു.
"നമ്മുടെ കണ്ണുകളും കാതുകളും തമ്പുരാന്റെയും തമ്പുരാട്ടിയുടെയും ദിവ്യയുടെയും അടുത്ത് തന്നെ വേണം! ഹീയീസേ സൈക്കോപാത്ത്! എ ഡെഡ് ലി സീരിയൽ കില്ലർ!"
ദിവ്യ പരിഭ്രാന്തിയോടെ രാഹുലിനെ നോക്കി.

"ഡോണ്ട് വറി ദിവ്യേ,"
അത് കണ്ട് ലത്തീഫ് പറഞ്ഞു.
"പോലീസ് അവരോടോപ്പമുണ്ട്. ദേ ഗാർഡ് ദേം,"
പിന്നെ അവൻ ചുറ്റും നോക്കി.
"ഫെലിക്സ് സതീഷ്, പ്രിയങ്ക!!"
അവൻ ശബ്ദമുയർത്തി വിളിച്ചു.
"യെസ് ലത്തീഫ് ദാദാ!!"
മൂവരും ആവേശത്തോടെ വിളികേട്ടു.
അവർ മുമ്പോട്ട് വന്നു.

"നിങ്ങൾ മൂന്ന് പേരും വിമലിന്റെ പരിസരത്ത് ഇപ്പോഴും വേണം!!"
"യെസ്, യെസ്!!"
അവർ ഉച്ചത്തിൽ പറഞ്ഞു.
"രാജുവും ടോമിയും ഷെറിനും തമ്പുരാന്റെയും തമ്പുരാട്ടിയുടെയും ഗാഡ്സ്!!"
ലത്തീഫ് മൂവരെയും നോക്കി.
"യെസ്, യെസ്!!"
അവർ കൈകളുയർത്തിപ്പറഞ്ഞു.
അവർ എഴുന്നേറ്റു.
"ഇപ്പോൾ വിമലിനെ വാച്ച് ചെയ്യുന്ന ആബിദും രാജേഷും ജയകൃഷ്ണനെ ഗാഡ് ചെയ്യും. കൊട്ടാരത്തിലെ ലൈബ്രറി ഹാളിൽ. യാഗമണ്ഡപത്തിലേക്ക് ജയനെ പെട്ടെന്ന് കൊണ്ടുവരാൻ അതാണ് സൗകര്യം..."
എല്ലാവരും തല കുലുക്കി.
"സിദ്ധാർത്ഥൻ, മനോജ്, റോസ്‌ലിൻ വിൽ ബി വിത്ത് ദിവ്യാ!"
"യെസ്, യെസ്!!"
അവർ മൂവരും കൈകളുയർത്തി.
"ബീ അലർട്ട് ! ബീ വാച്ച്ഫുൾ!! ആൻഡ് ഡേറിംഗ്!! ഡിസ് ഈസ് ഔർ ഫൈനൽ വാർ!! ബീ എ സൂയിസൈഡ് സ്ക്വാഡ്!! ഫെയ്ലർ ഈസ് ഡെത്ത്!! ഗോട്ട് ഇറ്റ്?"
"യെസ്! യെസ് !! യെസ് !!!"
കൂട്ടുകാർ ഒന്നടങ്കം കൈകൾ ഉയർത്തി ആവേശത്തോടെ വിളിച്ചു.
അവർ ലത്തീഫിന്റെ പിന്നാലെ പുറത്തേക്ക് കുതിച്ചു.
കൊട്ടാരക്കെട്ടുകൾക്കിടയിലെ വിശാലമായ നടുത്തളത്തിലായിരുന്നു യജ്ഞമണ്ഡപമൊരുക്കിയിരുന്നത്.
മുമ്പ് നടത്തപ്പെട്ടിരുന്ന മഹാമൃത്യുഞ്ജയഹോമങ്ങളുടെ രംഗഭൂമിയും അത് തന്നെയായിരുന്നു.
അവിടെയാണ് രാഹുൽ ദിവ്യയെ യോഗധ്യാനം പരിശീലിപ്പിച്ചിരുന്നത്.
യാഗത്തിന്റെ മൂന്നാമത്തെയും അവസാനത്തെയും ദിവസമായിരുന്നു അത്.

രാജശേഖര വർമ്മയുടെ കൊട്ടാരത്തിൽ നടത്തപ്പെടുന്ന മഹാമൃത്യുന്ജയയാഗം ഇതിനോടകം മാധ്യമങ്ങളിൽ വലിയ ശ്രദ്ധ നേടി.
അതിന്റെ ചരിത്രവും ഐതിഹ്യങ്ങളും അപഗ്രഥിക്കപ്പെട്ടു.
സാംസ്ക്കാരിക പ്രവർത്തകരുടെ അഭിപ്രായങ്ങൾ വൻ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടു.
നഗരത്തിലെ ടെലിവിഷൻ കേബിൾ ഒപ്പറേറ്റർമാർ, ദേശവിദേശ ചാനലുകളിലെ റിപ്പോർട്ടർമാർ യജ്ഞം തത്സമയസംപ്രേഷണം നടത്തി.
യജ്ഞത്തിന്റെ അവസാന ദിവസം, യജ്ഞമണ്ഡപത്തിന് പടിഞ്ഞാറേവശത്ത് കൂട്ടുകാരുടെ പ്രവർത്തികൾക്ക് മേൽനോട്ടവും നിർദ്ദേശങ്ങളും നൽകി നിൽക്കുകയായിരുന്നു ലത്തീഫ്.
"ലത്തീഫ് ദാദാ,"
പെട്ടെന്ന് അവൻ ടോമിയുടെ വിളി കേട്ടു.
തിരിഞ്ഞു നോക്കുമ്പോൾ വിദേശ ടെലിവിഷൻ ചാനലുകാരുടെ മുമ്പിൽ നിൽക്കുന്ന ടോമിയെ കണ്ടു.
ലത്തീഫ് അവരുടെയടുത്തേക്ക് ചെന്നു.
"എന്താടാ?"
"ലത്തീഫ് ദാദാ..ഇവമ്മാര് എന്നോട് ഒടുക്കത്തെ സംശയങ്ങൾ ഒക്കെ ചോദിക്കുവാ. ഞാൻ എത്ര പറഞ്ഞിട്ടും ഇവമ്മാർക്ക് തിരിയുന്നില്ല. ഇവമ്മാരുടെ ഇംഗ്ലീഷ് പോരാ.ലത്തീഫ് ദാദാ ഒന്ന്..."
"ഉം ...ഉം ..."
ലത്തീഫ് അവന്റെ നേരെ നോക്കി അമർത്തി മൂളി.
പിന്നെ മാധ്യമ പ്രവർത്തകരെ നോക്കി.
"ക്യാൻ ഐ ബി ഓഫ് എനി ഹെല്പ് ഫോർ യൂ,"
സ്വരത്തിൽ വിനയം വരുത്തി ലത്തീഫ് ചോദിച്ചു.
"വി ഹാവ് എ ഫ്യൂ ക്വസ്റ്റ്യൻസ് റിഗാഡിംഗ് ദിസ് റീച്വൽ,"
"കൈൻലി ആസ്ക്,"

"ഈസിന്റ്‌റ് ഇറ്റ് എ പാർട്ട് ഓഫ് ഇന്ത്യാസ് കളക്റ്റീവ് സൂപ്പർസ്റ്റീഷൻസ്? എ റീച്ച്വൽ ലൈക് ഡിസ് ഇൻ ദിസ് സെൻച്ചുറി? ഡസിന്റ്‌റ് ഇറ്റ് സൌണ്ട് ഫണ്ണി?"
അവരിൽ ചിലർ പരിഹാസരൂപേണ ചിരിക്കാൻ തുടങ്ങി.
എത്ര ശ്രമിച്ചിട്ടും തന്റെ മുഖഭാവം മാറ്റാതിരിക്കാൻ ലത്തീഫിനായില്ല.
"ഹാഡ് എനി വൺ ഓഫ് യൂ ബീൻ ഇൻ ദ കൊറോണേഷൻ സെറിമണി ഓഫ് കിംഗ് ചാൾസ് ലാസ്റ്റ് ഇയർ?"
അവൻ അവരോട് ചോദിച്ചു.
"ഷ്വർ, ഐ ഹാഡ് ബീൻ ദേർ,"
അവരിൽ പലരും പറഞ്ഞു.

"ഹാഡ് എനി വൺ ഓഫ് യൂ ബീൻ ഇൻ ദ ഫങ്ഷൻ ഇൻ വിച്ച് ദ ക്രൌൺ പ്രിൻസ് ഓഫ് സൌദിഅറേബ്യ വാസ് എലിവേറ്റഡ് ഇൻടു ദ കിംഗ്?"
"ഷുർ . വീ ഹാഡ് ബീൻ...ബട്ട് ഹൌ കുഡ് ....."
"ഹാഡ് യൂ ഫെല്റ്റ് ഇറ്റ് വാസ് ദ പാർട്ട് ഓഫ് ദെയർ കളക്റ്റീവ് സൂപ്പർസ്റ്റീഷൻ?"
അവർ എന്തോ പറയാൻ ശ്രമിച്ചു.
"ഹാഡ് ആസ്ക് ദ സെയിം ക്വസ്റ്റ്യൻസ് റ്റു ദേം?"
അവർ ഉത്തരം പറഞ്ഞില്ല.
"യൂ ഹാഡ്ന്റ് ആൻഡ് യൂ കുഡ്ന്റ്. യൂ ആർ അഫ്രൈഡ് ഓഫ് ദ ഇൻടോളറൻസ് ദ പാർട്ട് ഓഫ് ദെയർ കൾച്ചർ. ആൻഡ് യൂ ആർ എക്സ്പ്ലോയിറ്റിംഗ് ദ ബിഗ് ടോളറൻസ് വീ ഹാവ് ഇൻ ദിസ് കണ്ട്രി..."
അവർക്ക് തിരിച്ച് ഒന്നും പറയാൻ കഴിഞ്ഞില്ല.
അന്തരീക്ഷത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ലത്തീഫ് പുഞ്ചിരിച്ചു.
"സാർ...ദിസ് ഈസ് എ പാർട്ട് ഓഫ് റെസ്പെക്റ്റിംഗ് ഔർ പാസ്റ്റ്, ഔർ ട്രഡീഷൻ...ആൻഡ് വീ ഹോണർ ഇറ്റ്..."
അവരും പുഞ്ചിരിച്ചു.
"യൂ ആർ ഔർ ഗസ്റ്റ് ആൻഡ് ഗസ്റ്റ്സ് ആർ ഗോഡ്സ് ഫോർ അസ്,"
അവൻ പറഞ്ഞു.
"ജെന്റ്റിൽ മാൻ യുവർ നെയിം ഈസ്?"
ഒരാൾ ചോദിച്ചു.
ക്യാമറകൾ അവനെ കേന്ദ്രീകരിച്ചു.
"സയ്യദ് അബ്ദുൽ ലത്തീഫ്,"
അവൻ പറഞ്ഞു.
"മുസ്ലിം??"
അവർ അതിശയത്തോടെ ചോദിച്ചു.
"യെസ്, ഐ അം,"
ലത്തീഫ് പുഞ്ചിരിയോടെ പറഞ്ഞു.
പെട്ടെന്ന് ടോമിയും അവനോടു ചേർന്ന് നിന്നു.
"ഐ ആം തോംസൺ ആന്റണി. ടോമി. ക്രിസ്ത്യൻ,"
പിന്നെ അവർ പിന്തിരിഞ്ഞു.

"പത്താം നൂറ്റാണ്ട് വരെ തുണിപോലും ഉടുക്കാണ്ട് കാട്ടിൽ ഗുഹേൽ ജീവിച്ചോമ്മാരാ നമ്മളെ കൾച്ചറ് പഠിപ്പിക്കാൻ വരുന്നെ!"
ടോമിയോടൊപ്പം യജ്ഞമണ്ഡപത്തിന് നേരെ നടക്കവേ ലത്തീഫ് ടോമിയോട് പറഞ്ഞു.
യജ്ഞം പരിസമാപ്തിയിലെക്ക് നീങ്ങുകയായിരുന്നു.
യജ്ഞകുണ്ഡത്തിന് മുമ്പിൽ യാഗവസ്ത്രമായ ചുവന്ന പട്ടുടുത്ത് രാഹുൽ മന്ത്രങ്ങൾ ഉപാസിക്കുന്നു.

സമീപത്ത് മഹർഷി ദേവനാരായണൻ.
അവർക്ക് പിമ്പിൽ നിരവധി വൈദികർ.
കണ്ണുകളടച്ച് ഹവിസ്സ് ആഹുതി ചെയ്യുന്ന രാഹുലിന് അഭിമുഖമായി രാജകുടുംബാംഗങ്ങൾ ഇരുന്നു.
രാജശേഖര വർമ്മ, ഗായത്രി ദേവി, ദിവ്യ, അവരുടെ ബന്ധുക്കൾ.
അവർക്ക് തൊട്ടുപിമ്പിൽ വിമൽ.
അവനോടൊപ്പം മന്ത്രിമാർ, കലാകാരന്മാർ, ചലച്ചിത്ര താരങ്ങൾ, വ്യവസായരംഗത്തെ അതികായർ, രാജ്യാന്തരപ്രശസ്തരായ എഴുത്തുകാർ....
പിന്നെ ഒരു വൻ ജനാവലിയും.
അതീവ ജാഗ്രതയോടെ ലത്തീഫും സംഘവും രാജശേഖര വർമ്മയുടെ കുടുംബാംഗംങ്ങൾ ഇരുന്ന നിരയുടെ സമീപത്ത് നിന്നിരുന്നു.മണ്ഡപത്തിലെ അതി ബഹുലമായ ജനസഞ്ചയതിനിടയിൽ യൂണിഫോമിട്ട പോലീസുകാർ ജാഗരൂകരായി.
നിർദ്ദേശങ്ങളുമായി ഇൻസ്പെകടർ അബ്രാഹം പരിസരങ്ങളെ വീക്ഷിച്ചുകൊണ്ടിരുന്നു.
ലത്തീഫിന്റെ സംഘത്തിൽ ആബിദും ഫെലിക്സും സതീഷും ഉണ്ടായിരുന്നില്ല.
മന്ത്രോച്ചാരണങ്ങളും സങ്കീർത്തനങ്ങളും അതിന്റെ ഉച്ചസ്ഥായിയിലെത്തി.
ഭക്തി സാന്ദ്രമായ് അന്തരീക്ഷത്തിന്റെ പവിത്രത ജനസഞ്ചയത്തെ വളയം ചെയ്തു.
അവർ കണ്ണുകളടച്ച് കൈകൾ കൂപ്പി യജ്ഞത്തിന്റെ അനുഭവം ഉൾക്കൊണ്ടു.
സാത്വിക വിശുദ്ധിയുടെ തേജസ് നിറഞ്ഞ രാഹുലിന്റെ രൂപം യജ്ഞാഗ്നിയുടെ മുമ്പിൽ പൌരോഹിത്യകർമ്മം തുടർന്നു.
പെട്ടെന്ന് ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി .
ആ ധന്യമുഹൂർത്തത്തിൽ രാഹുൽ കണ്ണുകൾ തുറന്നു.
അയാളുടെ മിഴികളുയർന്നു.
ആകാശ നീലിമയെ കീഴ്പ്പെടുത്തി ഇരച്ചെത്തുന്ന കാർമേഘങ്ങളെ അയാളുടെ മിഴികൾ സ്പർശിച്ചു.
മഴത്തുള്ളികൾ അടർന്ന് വീണു.
ആളുകൾ ആഹ്ലാദത്താൽ ആർപ്പ് വിളിച്ചു.
"സാറെന്നാ ഋശ്യശൃംഗനാണോ?"
രാജേഷ് അദ്ഭുതത്തോടെ ചോദിച്ചു.
"ഹോമം ചെയ്ത് മഴപെയ്യിക്കാൻ?"
രാഹുൽ അപ്പോൾ മുന്നിലിരിക്കുന്നവരെ നോക്കി.രാജശേഖര വർമ്മ, ഗായത്രി ദേവി, ദിവ്യ, വിമൽ, ബന്ധുക്കൾ...

അവരെക്കടന്ന് യജ്ഞ മണ്ഡപത്തിൽ സന്നിഹിതരായിരുന്ന വൻ ജനാവലിയുടെ നേർക്ക് അയാൾ കണ്ണുകളോടിച്ചു.
ടെലിവിഷൻ ക്യാമറകൾ രാഹുലിനെ കേന്ദ്രീകരിച്ചു.

അൽപ്പമകലെ ആളുകൾക്കിടയിൽ ഷാർമ്മിലിയെ അയാൾ കണ്ടു.
യജ്ഞത്തിനു മുമ്പ് അവരെ രാഹുൽ വീട്ടിൽപ്പോയി പ്രത്യേകം ക്ഷണിച്ചിരുന്നു.
അയാൾ ആളുകളുടെ നേരെ നോക്കി കൈകൾ കൂപ്പി.
മഴയുടെ ഉത്സവാഘോഷത്തിനും മേലേ കാതടപ്പിക്കുന്ന കരഘോഷവും ഹർഷാരവവും മുഴങ്ങി.
"പിതൃതുല്യനായ എന്റെ ഗുരുനാഥന് പ്രണാമം,"
ഉച്ചഭാഷിണികളിലൂടെ രാഹുലിന്റെ ഘനഗാംഭീര്യമുള്ള ശബ്ദം പ്രതിധ്വനിച്ചു.
"മറ്റ് ഗുരുജനങ്ങളേ, ഹിസ് ഹൈനെസ് രാജശേഖരവർമ്മ തമ്പുരാൻ ഹെർ ഹൈനെസ് ഗായത്രിദേവി തമ്പുരാട്ടി, ദിവ്യ രാജകുമാരി, പ്രിയ സഹോദരരേ..."
മണ്ഡപത്തിൽ കനത്ത നിശബ്ദത വീണു.
ആളുകളുടെ കണ്ണുകളും കാതുകളും രാഹുലിൽ കേന്ദ്രീകരിച്ചു.
"സമാധാനം എന്ന പവിത്ര ശക്തിയാണ് യജ്ഞം എന്ന സനാതന അനുഷ്ഠാനത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത്,"
രാഹുലിന്റെ തേജസുള്ള വാക്കുകൾ തുടർന്ന് കേൾക്കപ്പെട്ടു.
"മനുഷ്യന്റെയും പ്രകൃതിയിലെ സകല ചരാചരങ്ങളെയും സൂക്ഷ്മ സത്വത്തിൽപ്പോലും ആധിപത്യം സ്ഥാപിച്ചിരിക്കുന്ന ഇരുട്ടിന്റെ സാന്നിധ്യത്തെ നിർവ്വീര്യമാക്കുന്ന ആയുധമാണ് സമാധാനമെന്ന ആ ശക്തി. മൂന്ന് ദിവസങ്ങളായി ഈ പവിത്ര അന്തരീക്ഷത്തിൽ നടന്ന് വരുന്ന മഹാമൃത്യുന്ജയ യജ്ഞത്തിന്റെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല ... "
സദസ്സ് ശ്വാസമടക്കിപ്പിടിച്ച് അയാളുടെ വാക്കുകൾ കേട്ടു.
ലത്തീഫ് വിമലിന്റെയടുത്തെക്ക് അൽപ്പം കൂടി ചേർന്ന് നിന്നു.
സംഘാംഗങ്ങൾ തീക്ഷ്ണ ജാഗ്രതയുള്ളവരായി.
"നിങ്ങൾക്കറിയാം നാഗത്താൻ മലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്താണ് എന്ന്..."
രാഹുൽ തുടർന്നു.
"അവിടെയെവിടെയോ അമൂല്യമായ ഒരു നിധി ശേഖരമുണ്ടെന്ന് വിശ്വസ്സിക്കപ്പെടുന്നു. ആ സ്ഥലം ഹിസ് ഹൈനെസ് രാജശേഖര വർമ്മ തമ്പുരാന്റെ എസ്റ്റേറ്റ് പരിധിയിലാണ്. നിധിയെക്കുറിച്ച് കേട്ടറിഞ്ഞെത്തുന്ന സാഹസികരായ ഭാഗ്യാന്വേഷികൾ അവിടെ നിരന്തരം കയറിയിറങ്ങിക്കൊണ്ടിരിക്കുന്നു...നൂറു കണക്കിന് വർഷങ്ങളായി ഇത് തുടർന്നുകൊണ്ടേയിരിക്കുന്നു...അനേകമനേകം അപമൃത്യുവിലവസാനിച്ച ഭാഗ്യപരീക്ഷണങ്ങൾ! "
രാഹുൽ സദസ്സിനെ ഒന്ന് നോക്കി.
പിന്നെ ലതീഫിനെയും.
"അടുത്ത കാലത്ത് രണ്ട് മരണങ്ങൾ കൂടി അത് സംബന്ധിച്ചുണ്ടായി. രാജശേഖര വർമ്മ തമ്പുരാന്റെ ജനറൽ മാനേജർ സർപ്പദംശനമേറ്റ് കൊല്ലപ്പെട്ട നിലയിൽ നാഗത്താൻ മലയിൽ കാണപ്പെട്ടു...!"

രാഹുലിന്റെ കണ്ണുകൾ ഷാർമ്മിലിയുടെ മുഖത്ത് പതിഞ്ഞു.
അവൾ വികാര രഹിതയായി തന്നെ ശ്രദ്ധിക്കുന്നത് അയാൾ കണ്ടു.
"....ഏകദേശം നാല് ദിവസങ്ങൾക്ക് മുമ്പ് മേജർ മാത്യു വർഗ്ഗീസ് എന്ന ദിവ്യ ഗ്രൂപ്പ് ഇൻഡസ്ട്രീസിലേ ചീഫ് സെക്യൂരിറ്റി ഓഫീസർ രോഹിതിന്റെ വീട്ടിൽ ആത്മഹത്യ ചെയ്യപ്പെട്ട നിലയിൽ കാണപ്പെട്ടു..."
രാഹുലിന്റെ കണ്ണുകൾ വിമലിനെ തേടി.
അവൻ അയാളെ നോക്കി പുഞ്ചിരിച്ചു.
"ദുരന്തങ്ങളുടെ പട്ടിക തീർന്നില്ല..."
രാഹുൽ തുടർന്നു.
'സൂര്യവംശത്തിലെ ഇങ്ങേയറ്റത്തെ കണ്ണിയായ ദിവ്യാ വർമ്മ രാജകുമാരിയുടെ നേർക്ക് പലതവണ വധശ്രമമുണ്ടായി. ഭക്ഷ്യ വിഷം മുതൽ ബോംബ് പ്ലാന്റിംഗ് വരെ..."
രാഹുൽ ലത്തീഫിനെ നോക്കി.
ലത്തീഫിന്റെ സമീപം ജാഗ്രതയോടെ പരിസരവീക്ഷണം നടത്തുന്ന കൂട്ടുകാരെയും.
"..ഞാൻ ..."
സദസ്സിനെ ആകമാനം വീക്ഷിച്ച് രാഹുൽ തുടർന്നു.
"...ഞാൻ നിങ്ങൾക്ക് മുമ്പിൽ ഒരു പുതിയ കഥ അവതരിപ്പിക്കാൻ പോകുന്നു..."
സദസ്സിന്റെ, രാജകുടുംബാംഗങ്ങളുടെയും ആകാംക്ഷയേറുന്നത് രാഹുൽ കണ്ടു.
"തികച്ചും അവിശ്വസനീയമായ കഥ! തികച്ചും വിചിത്രമായ കഥ! എ സ്ട്രേഞ്ച്, റേയർ ആൻഡ് അൺബിലീവബ്ളി ഡാർക്ക് സ്റ്റോറി...!!"
ദൃഢസ്വരത്തിൽ രാഹുലിന്റെ ശബ്ദം ഒഴുകി.
രാജശേഖര വർമ്മയും ഗായത്രി ദേവിയും രാജ ബന്ധുക്കളും സദസ്സും ആകാംക്ഷയോടെ അയാളുടെ വാക്കുകൾക്ക് കാതോർത്തു.
രാഹുൽ ഷാർമ്മിലിയെ നോക്കി.
"രോഹിത് സർപ്പദംശനമേറ്റല്ല മരിച്ചത്!"
നിശബ്ദതയിലേക്ക് രാഹുലിന്റെ വാക്കുകൾ സ്ഫോടനമായി കടന്നു വന്നു.
രാജശേഖര വർമ്മ സംഭീതമായ ഭാവത്തോടെ രാഹുലിനെ നോക്കി.
സദസ്സും.
"...അദ്ദേഹം ക്രൂരമായി കൊലചെയ്യപ്പെടുകയായിരുന്നു! നഷ്ടപ്പെട്ട മാപ്പുകൾ മോഷ്ടിച്ചത് അദ്ദേഹമല്ല! അവയെ സംരക്ഷിക്കുവാനുള്ള ശ്രമത്തിൽ അദ്ദേഹം അരുംകൊല ചെയ്യപ്പെടുകയായിരുന്നു! "
രാജശേഖര വർമ്മ സ്തംഭിച്ചു പോയി.
അദ്ദേഹം അവിശ്വസനീയതയോടെ രാഹുലിനെ നോക്കി.
തകർന്ന മനസ്സോടെ തന്റെ സമീപത്തിരിക്കുന്ന ഗായത്രി ദേവിയെയും അദ്ദേഹം നോക്കി.
ദിവ്യയെ നോക്കുമ്പോൾ അവൾ കണ്ണുനീർ നിയന്ത്രിക്കാൻ പാടുപെടുകയാണ്!
"മേജർ മാത്യു വർഗ്ഗീസ് ആത്മഹത്യ ചെയ്തതല്ല!"

രാഹുൽ തുടർന്നു.
"അയാളും കൊല്ലപ്പെടുകയായിരുന്നു! ഇത് രണ്ടും ചെയ്തത് ഒരാളാണ്! അയാൾ ഇവിടെ ഇപ്പോൾ ഉപസ്ഥിതനാണ്!"

ആളുകൾ അദ്ഭുതസ്തബ്ധരായി.
ഇൻസ്പെകടർ അബ്രാഹാമിന്റെ മുഖത്ത് ചുളിവുകൾ വീണു.
അദ്ദേഹം ഏതാനും കോൺസ്റ്റബിൾമാരുടെ അകമ്പടിയോടെ യജ്ഞകുണ്ഡത്തിനടുത്തേക്ക് വന്നു.
"ഈ രണ്ടു കൊലപാതകങ്ങൾ മാത്രമല്ല, ദിവ്യാ രാജകുമാരിയെ പലത്തവണ വധിക്കാൻ ശ്രമിച്ചത്, പോലീസ് ഇപ്പോൾ അന്വേഷിക്കുന്ന ഒന്ന് രണ്ട് മറ്റു കൊലപാതകങ്ങൾ, കൊലപാതക ശ്രമങ്ങൾ...ഇതിന്റെയൊക്കെ പിമ്പിലും അയാളാണ്...!!"
സദസ്സ് ഭയസംഭീതരായി ചുറ്റും നോക്കി.
അവർക്കിടയിൽ ആരവമുയർന്നു.
"അയാൾ നിയമത്തിന് കീഴടങ്ങണം!"
രാഹുൽ തുടർന്നു.
"...വ്യക്തമായ, അനിഷേധ്യമായ തെളിവുകളുടെയും സാക്ഷികളുടെയും പിന്ബലത്തിലാണ് ഞാൻ സംസാരിക്കുന്നത്! വിത്ത് പ്രിസൈസ് എവിഡെൻസ് ആൻഡ് എൻടാങ്ങിംഗ് പ്രൂഫ്സ്.."
രാഹുൽ ജനക്കൂട്ടത്തെ ആകെയൊന്ന് നോക്കി.
അവർ നിശ്ചലരാണ്.
സംഭവങ്ങളുടെ പുതിയ വേഷപ്പകർച്ച അവരെ അമ്പരപ്പിച്ചു.
"ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു, അയാൾ നിയമത്തിന് കീഴടങ്ങുക!"
ആളുകൾ അങ്ങോട്ടുമിങ്ങോട്ടും നോക്കാൻ തുടങ്ങി.
അവർക്കിടയിൽ നിന്ന് പതിയെ മർമ്മരവും ആരവവും വീണ്ടുമുയർന്നു.
"ശരി...!"
സദസ്സ് വീണ്ടും രാഹുലിന്റെ ശബ്ദം കേട്ടു.
"...എങ്കിൽ..എങ്കിൽ ഞാൻ ചില സാക്ഷികളെ ഇവിടെ ഹാജരാക്കുവാൻ പോവുകയാണ്!"
അയാൾ ലൈബ്രറിയിലേക്കുള്ള പ്രവേശനകവാടത്തിലേക്ക് നോക്കി.
"സതീഷ്! ഫെലിക്സ്! ആൻഡ് ആബിദ്..."
അയാൾ വിളിച്ചുപറഞ്ഞു.
"ബ്രിംഗ് ദേം ഹിയർ!!"
എല്ലാ കണ്ണുകളും ലൈബ്രറിയുടെ കവാടത്തിലേക്ക് നീണ്ടു.
രാജശേഖര വർമ്മയുടെയും ഗായത്രിദേവിയുടെയും ബന്ധുക്കളുടെയും സദസ്സിന്റെയും ആകാംക്ഷയിരട്ടിച്ചു.
"എന്താണ് സംഭവിക്കാൻ പോകുന്നത്?

പെട്ടെന്ന് എല്ലാവരുടെയും കണ്ണുകൾ അദ്ഭുതം കൊണ്ടു വിടർന്നു.
തുറന്ന് വരുന്ന വാതിലിലൂടെ പുറത്തേക്ക് വരുന്ന ജയകൃഷ്ണൻ!
അവന്റെ പിമ്പിൽ ഒരു യുവതി!
അവരോടൊപ്പം ഫെലിക്സും ആബിദും സതീഷും!
ലത്തീഫിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സംഘാംഗങ്ങൾ തയ്യാറെടുത്തു.
"ജയകൃഷ്ണൻ!"
രാജശേഖര വർമ്മ അദ്ഭുതപ്പെട്ടു.
"ഷേർലി..! അവളെങ്ങനെ?"
"ഇൻസ്പെകടർ...!"

തന്റെ സമീപത്തേക്ക് വരുന്ന ഇൻസ്പെകടർ അബ്രാഹാമിനോട് ജയകൃഷ്ണനേയും ഷേർലിയേയും ചൂണ്ടിക്കാട്ടി രാഹുൽ പറഞ്ഞു.
"ഇവരാണ് സാക്ഷികൾ! ഇവർ കുട്ടവാളികളല്ല! വെറും സാക്ഷികൾ മാത്രമാണ്!"
ജനക്കൂട്ടത്തിന്റെ കണ്ണുകളോടൊപ്പം ക്യാമറകളും ജയകൃഷ്ണനിലും ഷേർലിയിലും കേന്ദ്രീകരിച്ചു.
രാഹുൽ വിമലിനെ നോക്കി.
തൊട്ടുമുമ്പിൽ സ്ഫോടനത്തിന് തയ്യാറെടുക്കുന്ന ഒരഗ്നിപർവ്വതം കണ്ടിട്ടെന്നപോലെ അയാളുടെ മുഖം ഭയാക്രാന്തമായത് രാഹുൽ കണ്ടു.
സതീഷും ഫെലിക്സും ആബിദുമൊഴികെയുള്ളവർ രാജശേഖര വർമ്മയുടെയും ഗായത്രിദേവിയുടേയും ദിവ്യയുടെയും വിമലിന്റെയും സമീപത്ത് അണിനിരന്നു.
"പെട്ടെന്ന് വിമൽ ചാടിയെഴുന്നേറ്റു.
"യൂ ബാസ്റ്റാഡ്!!"
അവൻ ജയകൃഷ്ണന്റെ നേരെ കുതിച്ചു.
"യൂ ചീറ്റ്...!!"
വിനോദ് നിൽക്കൂ..!"
രാജശേഖര വർമ്മ എഴുന്നേറ്റു.
"നമ്മൾ അവനെ ഒന്നും ചെയ്യണ്ട! നിയമം അതിന്റെ കാര്യങ്ങൾ ചെയ്യട്ടെ!"
പെട്ടെന്ന് വിമൽ കുനിഞ്ഞു.
പാന്റ്സ് ഉയർത്തി സോക്സിനകത്ത് ഒളിപ്പിച്ചിരുന്ന ഒരു റിവോൾവർ എടുത്തു.
ലത്തീഫിനോ മറ്റാർക്കോ എന്തെങ്കിലും ചെയ്യുന്നതിന് മുമ്പ് അയാൾ ദിവ്യയുടെ കയ്യിൽ പിടിച്ച് റിവോൾവർ അവളുടെ നെറ്റിയിൽ മുട്ടിച്ചു.
"ഗെറ്റപ്പ്...!
അയാൾ ഭ്രാന്തമായ വേഗത്തിൽ ചുറ്റുപാടും നോക്കി പിന്നെ ദിവ്യ യുടെ കണ്ണുകളിൽ നോക്കി അലറി.
"ഗെറ്റപ്പ്...! യൂ ബ്ലഡി ഹോർ...!!"
തന്റെ തലച്ചോറിൽ തീയാളുന്നത് ലത്തീഫ് അറിഞ്ഞു.
കൂട്ടുകാരും പരിഭ്രമത്തിന് അധീനരായതും അവൻ കണ്ടു.

ആ നീക്കം ഇൻസ്‌പെകടർ അബ്രാഹാമിനെയും കുഴക്കി.
ആളുകൾ ആശ്ചര്യ സംഭീതരായി.
എന്നാൽ രാഹുൽ മാത്രം അക്ഷോഭ്യനായി നിന്നു.
"വിനോദ്...!!"
രാജശേഖര വർമ്മയും ഗായത്രിദേവിയും ഞെട്ടിത്തരിച്ച.
"എന്തായിത്...??"
അദ്ദേഹം ഭയഭീതനായി ചോദിച്ചു.

"ആരും അടുക്കരുത്...!"
ദിവ്യയെ തോക്കിൻ മുനയിൽ നടത്തിക്കൊണ്ട് അയാൾ വീണ്ടും അലറി.
പിന്നെ അയാൾ ഉച്ചത്തിൽ ചിരിച്ചു.
"അടുത്താൽ...!!!"
ചിരിക്കിടയിൽ അയാൾ തുടർന്നു.
"....അടുത്താൽ ഇവളുടെ റോയൽ ബ്രെയിൻ നിലത്ത് വീഴും! ഒരു കൊടിച്ചിപ്പട്ടിക്കും തിന്നാൻ പറ്റാത്ത രീതിയിൽ ഞെരിച്ചുടയ്ക്കും ഞാൻ ഇവളുടെ തലമണ്ട!!"
ആസ്തപ്രജ്ഞരായ ആളുകളുടെ ഇടയിലൂടെ വിമൽ ദിവ്യയെ പുറത്തേക്ക് നടത്തി.
"ഈശ്വരാ...! എന്റെ മോൾ..!!"
ഗായത്രിദേവി വിലപിച്ചു.അവർ കസേരയിൽ തളർന്നിരുന്നു.
"എടാ ഇൻസ്‌പെകടർ സാറേ,"
ഇൻസ്‌പെകടർ അബ്രാഹാമിനെ നോക്കി ചിരി നിർത്താതെ വിമൽ പറഞ്ഞു.
"ഡോണ്ട് ബീ ഓവർ സ്മാർട്ട്! രണ്ട് പേരെ കൊന്നാലും നീയടക്കമുള്ള സകല കഴുവേറികളെയും ആറ്റംബോംബിട്ട് കൊന്നാലും എനിക്ക് കിട്ടാൻ പോകുന്ന തൂക്കുകയറിന്റെ എണ്ണം ഒന്നിൽ കൂടില്ല!!"
പിന്നെ അയാൾ രാഹുലിനെ നോക്കി.
"കള്ള സന്ന്യാസി!!"
അയാൾ ചിരി നിർത്തി രാഹുലിന്റെ നേരെ നോക്കി ആക്രോശിച്ചു.
"ബുദ്ധിമാൻ! അതി ബുദ്ധിമാൻ!! നായിന്റെ മോനേ... ശരിക്കൊള്ള ബുദ്ധിയെന്നതാന്ന് നെനക്ക് കാണണോ? ഞാൻ കാണിച്ചു തരാം. ഇപ്പ കാണിച്ചു തരാം!!"
അയാൾ ദിവ്യയെ പിടിച്ചുലച്ചു.
"ഉം...!"
വിമൽ വീണ്ടും അലറി.
"നടക്കെടീ!! ആരും ...ആരും... അടുക്കരുത്...!!"
ലത്തീഫിന്റെ ക്ഷമ നശിച്ചു.
ദിവ്യ തന്റെ കൈത്തണ്ടയിൽ ബന്ധിച്ച രാഖിചരട് അവൻ നെഞ്ചോടു ചേർത്തു.
പിന്നെ വലത് മുഷ്ടി ചുരുട്ടി മുമ്പോട്ട് കുതിച്ചു.

ഭയാക്രാന്തനായി വിമൽ അവനെ നോക്കി .റിവോൾവർ ലത്തീഫിന്റെ നേരെ ചൂണ്ടി.
"ലത്തീഫ് ദാദാ"
ഭയഭീതയായി ദിവ്യ വിളിച്ചു.
"വേണ്ട...അടുക്കണ്ട...മൂവ്..മൂവ് ബാക്ക്!!!"
ലത്തീഫ് അത് കേട്ടില്ല.
മുറിവേറ്റ ഒരു സിംഹത്തിന്റെ ക്രൌര്യത്തോടെ വിമലിന്‌റെ കണ്ണുകളിലേക്ക് നോക്കി അവൻ ചുവടുകൾ വെച്ചു.
അടുത്ത നിമിഷം വിമൽ നിറയൊഴിച്ചു.
"യാ അല്ലാഹ്...!!"

അസഹ്യ വേദനയാൽ ലത്തീഫ് അലറി.
പക്ഷെ ആ നിമിഷം തന്നെ അവൻ വിമലിന്‌റെ നേരെ ചാടി വീണു.
അവന്റെ ചവിട്ടേറ്റ് റിവോൾവർ തെറിച്ചുപോയി.
അടുത്ത സെക്കന്റ്റിൽ സംഘാംഗങ്ങൾ വിമലിനെ വളഞ്ഞു.
"നായിന്റെ മോനേ!"
ഇടത് തോളിലെ മുറിവിൽ അമർത്തിപ്പിടിച്ച് ലത്തീഫ് മുരണ്ടു.
"കോബ്രാ ഗാങ്ങ് എന്താണെന്നാ നിന്റെ വിചാരം?"
"എന്റെ ലത്തീഫ് ദാദാ...!"
ദിവ്യ കരഞ്ഞുകൊണ്ട് ലത്തീഫിനെ ചേർത്തുപിടിച്ചു.
'പിന്നെ ആൾക്കൂട്ടത്തിലേക്ക് നോക്കി.
"ഡോക്ടറങ്കിൾ..കമോൺ!!"
മുൻ നിരയിൽ നിന്ന ഒരാളോട് അവൾ പറഞ്ഞു.
അയാൾ ഓടിവന്നു.
"വേഗം വാ അങ്കിൾ!"
അവൾ അയാളുടെ കൈയിൽ പിടിച്ചു.
യജ്ഞത്തോടനുബന്ധിച്ച് കൊട്ടാരത്തിൽ ഒരു ആശുപത്രി യൂനിറ്റ് പ്രവർത്തിച്ചിരുന്നു.
ഡോക്റ്റർമാരുടെയും നേഴ്സ്മാരുടെയും സേവനങ്ങൾ അവിടെ ലഭ്യമായിരുന്നു.
"സാർ ചടങ്ങ് തുടരട്ടേ,"
ദിവ്യയോടും ഡോക്ടറോടുമൊപ്പം കൊട്ടാരത്തിലേക്ക് നടക്കാൻ തുടങ്ങിയ ലത്തീഫ് രാഹുലിനോട് പറഞ്ഞു.
"ഞാൻ ദാ, എത്തി. വിൻസെന്‌റ്! ടെയ്ക്ക് ചാർജ്!!"
അവർ അകത്തേക്ക് പോയി.
"യ്യൂ!!"
വിൻസെന്റ്റിന്റെ ചെകിടടിച്ചുള്ള അടിയേറ്റു വിമൽ വീണ്ടും നിലം പതിച്ചു.
"ലത്തീഫ് ദാദാടെ ദേഹത്ത് തൊട്ട നിന്നെ ഞാൻ..."

ബൂട്ടിട്ട വിൻസെന്റ്റിന്റെ പാദം നിലത്ത് മലർന്നു വീണ വിമലിന്റെ നേരെ ഉയർന്നു.
"ഇൻസ്പെകടർ!!"
രാഹുൽ ശബ്ദമുയർത്തി.
"അറെസ്റ്റ് ഹിം! ഹീയീസ് ദ മാൻ! ദ കൾപ്രിറ്റ്! ദ മർഡറർ!!"
രാജശേഖര വർമ്മയും ഗായത്രിദേവിയും ഒന്നും മനസ്സിലാകാതെ പരസ്പ്പരം നോക്കി.
സദസ്സും.
"തമ്പുരാൻ!"
രാഹുൽ രാജശേഖരവർമ്മയുടെ ചകിതമായ ഭാവത്തിലേക്ക് നോക്കി.
"അങ്ങ് കരുതുന്നപോലെ ഇവൻ വിനോദ് മേനോൻ അല്ല! ഇവൻ വിമൽ ആണ്! മേജർ മാത്യു വർഗ്ഗീസിന്റെയും ലളിതാ മേനോന്റെ യും മകൻ!"
അത്യന്തം അപ്രതീക്ഷിതമായ ആ വാർത്തക്ക് മുമ്പിൽ അദ്ദേഹവും ഗായത്രിദേവിയും പകച്ചുനിന്നു.
അവരുടെ മുഖങ്ങളിൽ വിവരണാതീതമായ അദ്ഭുതം അയാൾ കണ്ടു.
"ഇൻസ്പെക്ടർ,"
രാഹുൽ ഇൻസ്പെകടർ അബ്രഹാമിനെ നോക്കി.
"ഒരു പത്ത് മിനിറ്റ് വിമലിനെ തമ്പുരാന്റെയും തമ്പുരാട്ടിയുടെയും കൂടെ വിടണം,"

"തനിച്ചോ? സാധ്യമല്ല ഗുരുജി. ഇത്ര കൊടും ക്രിമിനലിനെ..."
"സാർ ഭയപ്പെടേണ്ട!"
രാഹുൽ ചിരിച്ചു.
"ലത്തീഫിന്റെ കുട്ടികൾ തമ്പുരാന്റെ കൂടെപ്പൊക്കോളും! ഇനി വിമൽ പത്തിയുയർത്തില്ല. ട്രസ്റ്റ് മീ,"
ഇൻസ്പെകടർ അസന്നിഗ്ധ ഭാവത്തിൽ രാഹുലിനെ നോക്കി.
"ശരി,"
"താങ്ക്യൂ സാർ,"
രാഹുൽ പറഞ്ഞു.
പിന്നെ അയാൾ വിൻസെന്റ്റിനെ നോക്കി.
"വിൻസെന്റ്!"
രാഹുൽ പറഞ്ഞു.
"കാര്യം മനസ്സിലായല്ലോ. പത്ത് മിനിറ്റ്. ഇവനെ തമ്പുരാന്റെ മുമ്പിൽ വെച്ച് കഥ പറയിപ്പിക്കുക. ജയകൃഷ്ണനും വരും. എന്നിട്ട് വേഗം തിരികെ വരിക. തമ്പുരാട്ടി..."
അയാൾ ഗായത്രിദേവിയേയും നോക്കി.
"പിന്നെന്താ സാർ,"
വിൻസെന്റ് വിമലിനെ കോളറിൽ പിടിച്ച് എഴുന്നേൽപ്പിച്ചു.

"ഇവനെക്കൊണ്ട് കാര്യങ്ങൾ തത്ത പറയുന്ന പോലെയല്ല തുഞ്ചന്റെ തത്ത പറയിക്കുന്ന പോലെ ഞങ്ങൾ പറയിക്കില്ലേ? നടക്കെടാ..."
സംഘാംഗങ്ങൾക്ക് നടുവിൽ, ജയകൃഷ്ണനോടൊപ്പം, രാജശേഖര വർമ്മയും ഗായത്രി ദേവിയോടോപ്പവും വിമൽ അകത്തേക്ക് നടന്നു.
അവർ അകത്ത് കയറി.
ടോമി വാതിലുകളും ജനലുകളുമടച്ചു.
"വിമൽ മാത്യു,"
വിൻസെന്റ് പറഞ്ഞു.
"യജ്ഞം ആത്മീയമായി അവസാനിച്ചു എന്നേയുള്ളൂ. നിന്നെക്കൊണ്ട് സത്യം പറയിക്കാൻ, വേണ്ടി വന്നാൽ, മനുഷ്യ ബലിയിൽ പ്രസാദിക്കുന്ന ദൈവങ്ങൾക്ക് വേണ്ടി നിന്റെ വൃത്തികെട്ട ശരീരം യജ്ഞകുണ്ഡത്തിൽത്തന്നെ ഗുരുജി രാഹുൽ സാർ ആഹുതി ചെയ്യും...അതുകൊണ്ട്..."
വിൻസെന്റ് വിമലിന്റെ നേരെ അൽപ്പം കൂടി അടുത്തു.
"പറയെടാ...നിന്റെ എല്ല് വെള്ളമാകണ്ട എങ്കിൽ,"
അവൻ ആക്രോശിച്ചു.
പെട്ടെന്ന് കതകിൽ മുട്ട് കേട്ടു.
വിൻസെന്റിന്റെ നിർദേശമനുസരിച്ച് ഷെറിൻ കതക് തുറന്നു.
മുമ്പിൽ ഷാർമ്മിലി.
"ഓ... സോറി ആന്റി..."
വിൻസെന്റ് പറഞ്ഞു.
"ആന്റി തീർച്ചയായും ഇവിടെ വേണം. ഇവൻ കഥ പറയുമ്പം,"
ഷാർമ്മിലി വിമലിനെ സമീപിച്ചു.
"നീയാണ്..."
വേദനയും രോഷവും നിസ്സഹായതയും നിറഞ്ഞ ശബ്ദത്തിൽ അവൾ വിമലിനോട് ചോദിച്ചു.
"നീയാണ് എന്റെ രോഹിതിനെ...!"
അവളുടെ കണ്ണുകളിൽ അഗ്നിസ്ഫുലിമ്ഗങ്ങൾ അവർ കണ്ടു.
കണ്ണുനീരിനിടയിൽ.

വിമൽ മുഖം കുനിച്ചു.
ഷാർമ്മിലിയുടെ നോട്ടം രാജശേഖരവർമ്മയിലെത്തി.
കുറ്റബോധം നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം അവളെ നോക്കി.
അദ്ദേഹം അവളുടെ നേരെ കൈകൾ കൂപ്പി.
ഗായത്രിദേവിയും.
ജയകൃഷ്ണനിൽ നിന്ന് രാഹുലും ലത്തീഫും ദിവ്യയും കൂട്ടുകാരും കേട്ട അവിശ്വസനീയമായ കഥ വിമൽ ആവർത്തിച്ചു.

ഓരോ വിവരണവും പിന്നിടുമ്പോൾ രാജശേഖര വർമ്മയ്ക്കും ഗായത്രിദേവിക്കും തങ്ങളുടെ വിസ്മയം നിയന്ത്രിക്കാനായില്ല.
ലൈബ്രറിയിലെ മാപ്പ് മോഷണ ശ്രമവും രോഹിതുമായുള്ള സംഘട്ടനവും അയാളുടെ കൊലപാതകവും വിവരിക്കപ്പെട്ടപ്പോൾ രാജശേഖര വർമ്മ ദുഃഖാകുലനായി.
രോഹിതുമായി താൻ പിന്നിട്ട ദിവസങ്ങൾ അദ്ധേഹത്തിന്റെ ഓർമ്മയിലേക്ക് വന്നു.
തന്റെ നേർക്കുണ്ടായ അയാളുടെ വിശ്വസ്ഥതയുടെ ആഴമോർത്തപ്പോൾ അദ്ധേഹത്തിന് ആത്മനിന്ദതോന്നി.
എത്ര ക്രൂരമായി താൻ രോഹിതിനെ അവിശ്വസിച്ചു.
അയാളുടെ മരണത്തിനു താനാണ് കാരണം.
അദ്ദേഹം ഷാർമ്മിലിയെ നോക്കി.
കൈത്തലം കൊണ്ട് മുഖം മറച്ച് കുനിഞ്ഞിരിക്കയാണ് അവൾ.
അദ്ദേഹം അവളെ സമീപിച്ചു.
"മോളെ..."
അദ്ദേഹം അവളുടെ തോളിൽ കൈത്തലമമർത്തി.
ഷാർമ്മിലി കണ്ണുനീരോടെ അദ്ധേഹത്തെ നോക്കി.
അതിനിടയിൽ മറ്റൊരു സത്യം കൂടി പുറത്ത് വന്നു.
രാജശേഖര വർമ്മയുടെ സെക്രട്ടറി ഷേർലിയെ കൊല്ലാനും വിമൽ വാടകക്കൊലയാളികളെ ഏർപ്പാടാക്കിയിരുന്നു.
ഷേർലിയും ജയകൃഷ്ണനുമാണ് തനിക്കെതിരെ വരാവുന്ന തെളിവുകൾ എന്ന് വിമൽ അറിഞ്ഞിരുന്നു.
അവർ ജീവിച്ചിരുന്നാലുണ്ടാവുന്ന ആപത്തുകൾ അവൻ മുൻകൂട്ടി കണ്ടിരുന്നു.
വിവരണം കഴിഞ്ഞപ്പോൾ സംഘം വീണ്ടും വിമലിനെ യജ്ഞകുണ്ഡത്തിനടുത്തെക്ക് നടത്തിച്ചു.
വിമലാണ് ദിവ്യയുടെ നേർക്കുണ്ടായ വധശ്രമങ്ങളുടെയൊക്കെ പിന്നിൽ എന്നറിഞ്ഞ് ജനക്കൂട്ടം ഇരമ്പി മറിഞ്ഞു.
അവർ അയാളുടെ നേർക്ക് ഇരച്ചെത്തി.
രാഹുലിന്റെ നിർദ്ദേശം അനുസരിച്ച് ഇൻസ്പെകടർ അബ്രാഹം കോൺസ്റ്റബിൾമാരോടൊപ്പം വിമലിനെ പുറത്ത് പാർക്ക് ചെയ്തിരുന്ന ജീപ്പിനടുത്തേക്ക് നടത്തി.

അപ്പോഴേക്കും തോളിൽ തറഞ്ഞുകയറിയ വെടിയുണ്ട നീക്കം ചെയ്ത് ലത്തീഫും ദിവ്യയും ഡോക്റ്ററും പുറത്തേക്ക് വന്നു.
ഷാർമ്മിലി രാഹുലിന്റെ നേരെ തിരിയുന്നത് എല്ലാവരും കണ്ടു.
അവൾ അയാളുടെ നേരെ കൈകൾ കൂപ്പി.
"ഒരുപാട് ...ഒരുപാട് നന്ദിയുണ്ടെനിക്ക്...."
നിറകണ്ണുകളോടെ വിതുമ്പുന്ന ചുണ്ടുകളോടെ അവൾ പറഞ്ഞു.

"എനിക്കെന്റെ രോഹിതിനെ മടക്കിത്തന്നതിന് ....അപമാനങ്ങളിൽ നിന്നും അപവാദങ്ങളിൽ നിന്നും ..."
രാഹുൽ അവളെ നോക്കി നിന്നു.
തന്റെയും കണ്ണുകൾ നിറയുന്നത് അയാൾ അറിഞ്ഞു.
അവളോട് എന്താണ് പറയേണ്ടത് എന്ന് അയാൾക്ക് അറിയില്ലായിരുന്നു.

പോലീസ് സ്റ്റേഷനിലേക്കുള്ള യാത്രയിൽ, ജീപ്പിൽ വെച്ച് വിമൽ ഭ്രാന്തമായ ചേഷ്ടകൾ കാണിക്കാൻ തുടങ്ങി.
അവൻ സ്വയം തലമുടി വലിച്ചുപറിച്ചു.
കൈകൾ കൊട്ടി പാട്ട് പാടുവാൻ തുടങ്ങി.
വിമൽ ഭ്രാന്ത് അഭിനയിക്കുകയാണ് എന്ന് ഇൻസ്‌പെകടർ അബ്രാഹാമിന് മനസ്സിലായി.
പെട്ടെന്ന് പിമ്പിൽ നിന്ന് വിമൽ ഡ്രൈവ് ചെയ്തുകൊണ്ടിരുന്ന കോൺസ്റ്റബിളിന്റെ കഴുത്തിൽ ചാടിപ്പിടിച്ചു.
അവൻ അയാളുടെ ചെവി കടിച്ചു.
അസഹ്യമായ വേദനയാൽ ഡ്രൈവ് ചെയ്യുവാനാവാതെ അയാൾ വിമലിനെ വിടുവിക്കാൻ ശ്രമിച്ചു.
അതിനിടെ നിയന്ത്രണം നഷ്ടപ്പെട്ട ജീപ്പ് മലഞ്ചെരിവിലേക്ക് മറിഞ്ഞു.
മറിഞ്ഞ ജീപ്പിൽ നിന്ന് ഒരു വിധം പുറത്ത് കടന്ന് വിമൽ ഓടി.
റോഡിലെത്തി വിമൽ ഒരു നിമിഷം നിന്നു.
പുഴയുടെ തീരത്ത് ദൂരെ രോഹിതിന്റെ വീട് അയാൾ കണ്ടു.
അവൻ ആ വീട് ലക്ഷ്യമാക്കി വേഗത്തിൽ നടന്നു.
പുഴയിറങ്ങി വീടിന്റെ നേരെ മല കയറി.
വീടിന്റെ പരിസരം നിറയെ കാറ്റിരമ്പാൻ തുടങ്ങി.
ജാലകങ്ങളും കതകുകളും തുറക്കുകയും അടയുകയും ചെയ്യുന്നത് അയാൾ കണ്ടു.
അയാളുടെ കണ്ണുകൾ ദൂരെ കോബ്രാഹിൽസിന്റെ കൊടുമുടികളിൽ തറഞ്ഞു.
പിന്നെ ഭ്രാന്തമായ ആവേശത്തോടെ അയാൾ വീടിന്റെ മുറ്റത്തേക്ക് ഓടിക്കയറി.
പ്രധാന വാതിൽ തുറന്ന് കിടന്നിരുന്നു.
അതിലൂടെ അയാൾ അകത്തേക്ക് കയറി.
പെട്ടെന്ന് തീയിൽ ചവിട്ടിയത് പോലെ അയാൾ നിന്നു.

ഭിത്തിയിലെ രോഹിത്തിന്റെ ഫോട്ടോ നോക്കി നിൽക്കുകയായിരുന്ന ഒരു സ്ത്രീ പെട്ടെന്ന് തന്നെക്കണ്ട് തിരിയുന്നു.
"ഷാർമ്മിലി...!!"
വിമൽ മന്ത്രിച്ചു.
"യെസ്...!"
ഷാർമ്മിലിയും മന്ത്രിക്കുന്ന സ്വരത്തിൽ പറഞ്ഞു.

"വെൽകം...!!"

യാഗത്തിലെ അന്ത്യരംഗത്തിലെ പ്രഭാഷണത്തിന്റെ അവസാനഘട്ടത്തിലെത്തുകയായിരുന്നു, രാഹുൽ.
".....രഥയാത്രകൾ നടത്തി രാഷ്ട്രീയക്കാരെ അധികാരത്തിലേറ്റാൻ സഹായിക്കുന്ന ചട്ടുകങ്ങൾ അല്ല സന്ന്യാസിമാർ. പട്ടിണിയും തൊഴിലില്ലായ്മയും സ്ത്രീ പീഡനങ്ങളും ജാതി വ്യവസ്ഥയും ഈ രാജ്യത്തിന്റെ നാഡിഞരമ്പ് കീറി ഉഴവുചാലുകൾ തീർക്കുമ്പോൾ കൃത ത്രേതാ ദ്വാപരയുഗങ്ങളുടെ നാഴികയും വിനാഴികയും ഗുണിച്ചും ഹരിച്ചും നോക്കലല്ല സന്ന്യാസിയുടെ ധർമ്മം. സന്ന്യാസം ഒരു ജിവിത സംസ്ക്കാരമാണ്! പുൽക്കൊടി മുതൽ നക്ഷത്ര സമൂഹങ്ങൾ വരെ വിഭിന്നമായ ബ്രഹ്മാണ്ഡകടാഹത്തിലെ ഓരോ ജീവ സ്ഫുലിംഗത്തോടും സഹവസിച്ചും പ്രതികരിച്ചും അറിഞ്ഞും തിരുത്തിയും മുന്നേറുന്ന കൂട്ടായ്മയാണ് സന്ന്യാസം! കാലമോ ദേശമോ സംസ്ക്കാരമോ ഭേദമില്ലാതെ അധർമ്മ ദൌത്യം ജീവിത മാർഗ്ഗമാക്കിയ വിമലിനെപ്പോലെയുള്ളവരെ കണ്ടെത്തലാണ് സന്ന്യാസം! സത്യമെന്ന യാഥാർത്ഥ്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും സത്യത്തിന്റെ വിജയമാണ് അന്തിമ വിജയമെന്നും വീണ്ടും വീണ്ടും പറഞ്ഞുറപ്പിക്കുവാൻ, ആധുനിക ദുശാസനൻമാരുടെ തലയോടു പിളർക്കാൻ പിന്നെയും ഉയിരെടുക്കുന്ന അവതാര ദൌത്യമാണ് സന്ന്യാസം!"
രാഹുൽ പ്രഭാഷണം അവസാനിപ്പിച്ചു.
ആളുകൾ ആവേശത്തോടെ കരഘോഷം മുഴക്കി.
അതിന്റെ അലകൾ അവസാനിച്ചപ്പോൾ മഹർഷി ദേവനാരായണൻ എഴുന്നേറ്റു.
"മഹാമൃത്യുഞ്ജയ യാഗം ശുഭമായി പ്രയവസാനിച്ചിരിക്കുന്നു. അതിഥികളായി സംബന്ധിച്ച് ഇവിടെയെത്തിയ എല്ലാവരും ഭക്ഷണ ശാലയിലേക്ക് പോകണം,"
ആളുകൾ ശാന്തരായി പതിയെ ഭക്ഷണ ശാലയിലേക്ക് നടന്നു.
രാഹുൽ എഴുന്നേറ്റു.
ഹോമകുണ്ഡത്തിന്റെ മണ്ഡപത്തിന് പുറത്തേക്ക് നടന്നു.
രാജശേഖര വർമ്മയും ഗായത്രി ദേവിയും ദിവ്യയും ബന്ധുക്കളും ലത്തീഫും സുഹൃത്തുക്കളും ജയകൃഷ്ണനും ഷേർലിയും രാഹുലിന്റെയും മഹർഷി ദേവനാരായണന്റെയും അടുത്തേക്ക് വന്നു.
അവർ അട്ഭുതാദരങ്ങളോടെ ഇരുവരെയും നോക്കി.
"അങ്കിൾ,"
അൽപ്പം കഴിഞ്ഞ് ലത്തീഫ് രാജശേഖര വർമ്മയോട് പറഞ്ഞു.
"നഷ്ട്ടപ്പെട്ട ആ മാപ്പ് രാഹുൽ സാറിന്റെ കയ്യിലുണ്ട്!"
അദ്ദേഹം അദ്ഭുതപരതന്ത്രനായി.

ഗായത്രിദേവിയും ജയകൃഷണനും രാജശേഖര വർമ്മയുടെ ബന്ധുക്കളും ആ അദ്ഭുതം പങ്കുവെച്ചു.

അദ്ദേഹം രാഹുലിനെ നോക്കി.രാഹുൽ റോസ്‌ലിനെയും.
അവൾ തന്റെ ചുമലിൽ തൂക്കിയ ബാഗിൽ നിന്ന് നൂറ്റാണ്ടുകളുടെ മണമുള്ള, ചുവന്ന പട്ടിൽ വരച്ചുണ്ടാക്കിയ മാപ്പ് അദ്ധേഹത്തിന്റെ കൈയിൽ കൊടുത്തു.
"ഇതെങ്ങനെ അങ്ങയുടെ കൈയിൽ...?"
വിശ്വാസം വരാതെ അദ്ദേഹം രാഹുലിനെ നോക്കി.
"അതിനു മുമ്പ് മറ്റൊരു കാര്യം കൂടി അറിയാനുണ്ട്,"
ലത്തീഫ് തുടർന്നു.
"രാഹുൽ സാർ ആരാണ്? എന്തിന് അദ്ദേഹം ഇവിടെ, ശാന്തിപുരത്തേക്ക് വന്നു? ഈ രണ്ടു കാര്യങ്ങൾ,"
രാജശേഖര വർമ്മയുടെയും ഗായത്രി ദേവിയുടേയും ജയകൃഷ്ണന്റെയും ബന്ധുക്കളുടെയും കണ്ണുകൾ വീണ്ടും രാഹുലിൽ കേന്ദ്രീകരിച്ചു.
"പറയൂ..."
വിസ്മയമടക്കാതെ രാജശേഖര വർമ്മ ചോദിച്ചു.
"അങ്ങ് ...!!"
"തന്റെ ജ്യേഷ്ഠന്റെ മരണത്തിന് പിമ്പിലെ രഹസ്യങ്ങൾ തേടി വന്നതാണ് രാഹുൽ സാർ!"
"ജ്യേഷ്ഠൻ?"
അദ്‌ഭുതംകൊണ്ട് വിവശനായി രാജശേഖര വർമ്മ ചോദിച്ചു.
"യെസ്!"
ലത്തീഫ് ആവേശത്തോടെ പറഞ്ഞു.
"ഫിക്ഷനിൽ ഒക്കെ മാത്രമേ അത്തരം ഒരാളെ കാണൂ അങ്കിൾ. അത്ര ഹോണസ്റ്റ്! അത്ര കറേജിയസ്! അത്ര ഫെയിഥ്ഫുൾ! അത്ര ലവബിൾ...അങ്കിളിന്റെ ലഫ്റ്റനന്റ്! ദിവ്യയുടെ രോഹിത് അങ്കിൾ!"
"ഈശ്വരാ...!"
തന്റെ ഹൃദയത്തിലൂടെ ഒരു മിന്നൽ പായുന്നത് അദ്ദേഹമറിഞ്ഞു.
താങ്ങാനാവാത്ത ഒരു ഭാരത്തിന് അടിപ്പെട്ടത് പോലെ.
രജോഗുണങ്ങൾ മാത്രം കാണപ്പെട്ടിരുന്ന രാജശേഖര വർമ്മയുടെ മുഖം ശോകാകുലമാകുന്നതും ക്ഷാത്ര തേജസ് നിറഞ്ഞ കണ്ണുകൾ ജലാർദ്രമാകുന്നതും എല്ലാവരും കണ്ടു.
"ഡാഡീ..."
ദിവ്യ അദ്ധേഹത്തിന്റെ കയ്യിൽ പിടിച്ചു.
അദ്ദേഹം ആ നില തുടർന്നു.
വികാരഭരിതമായ രംഗം ആളുകൾ വീർപ്പടക്കി വീക്ഷിച്ചു.
അൽപ്പ നിമിഷങ്ങൾക്ക് ശേഷം അദ്ദേഹം തന്റെ നില വീണ്ടെടുത്തു.
"അങ്ങ് എങ്ങനെയാണ് ഈ രഹസ്യങ്ങൾ എല്ലാം അറിഞ്ഞത്?"
അദ്ദേഹം രാഹുലിനോട് ചോദിച്ചു.

"രോഹിത് രാജവെമ്പാലയുടെ ദംശനമേറ്റാണ് മരിച്ചതെന്നുള്ള ആശയം ഞാൻ പൂർണ്ണമായും നിരാകരിച്ചു..."
രാഹുൽ പറഞ്ഞു.
"രോഹിതിന്റെ സ്വഭാവ മഹിമയിലുള്ള വിശ്വാസമാണതിനു കാരണം. അത് കൊലപാതകമാണ് എന്ന ഉറപ്പിൻമേലാണ് എന്റെ അന്വേഷണം നീങ്ങിയത്..."
രാഹുൽ എല്ലാവരെയും നോക്കി.
"മാപ്പ് മോഷ്ട്ടാക്കൾ തന്നെയാണ് കൊലക്ക് പിമ്പിലെന്നു സാർ അനുമാനിച്ചു,"
ലത്തീഫ് വിവരണമേറ്റെടുത്തു.
"അങ്ങനെയെങ്കിൽ അവരെ രാത്രികളിലും പകലുകളിലുമൊക്കെ കോബ്രാ ഹിൽസിൽ കണ്ടുമുട്ടാൻ സാധ്യതയുണ്ടെന്ന് സാർ വിശ്വസിച്ചു..."
"സാർ ദിവസങ്ങളോളം കോബ്രാഹിൽസിൽ ചുറ്റിക്കറങ്ങി.."
ദിവ്യ പറഞ്ഞു.
"ഒരു ദിവസം സാർ അവരെ കണ്ടെത്തി..."
ദിവ്യയിൽ നിന്ന് വിവരണം സതീഷ് ഏറ്റെടുത്തു.
"കോബ്രാഹിൽസിൽ രഹസ്യമായി ചുറ്റിക്കറങ്ങുന്ന നരിമറ്റം മാത്തച്ചനേയും വിനോദ് മേനോൻ എന്ന വിമൽ മാത്തച്ചനേയും...സാർ അവരുടെ വീടുകൾ സർച്ച് ചെയ്തു..."
"വിമലിന്റെ വീട്ടിൽ നിന്ന് സാറിന് ആ മാപ്പുകൾ കിട്ടി..."
റോസ്‌ലിൻ പറഞ്ഞു.
"വിമൽ മാത്തച്ചനെ മാപ്പ് മോഷ്ടാവായി സംശയിച്ചു. അക്കാരണത്താൽ അയാളെ കൊന്നു..."
"എന്നിട്ടും എനിക്ക് കാത്തിരിക്കേണ്ടി വന്നു,"
രാഹുൽ പറഞ്ഞു.
"ഒരു സാക്ഷി എനിക്ക് വേണ്ടിയിരുന്നു. ശക്തനായ സാക്ഷി. ഈശ്വരൻ രണ്ട് പേരെ തന്നു. ജയകൃഷ്ണനേയും ഷേർലിയേയും,"
"ബാക്കിയൊക്കെ നടന്നത്,"
ദിവ്യ പറഞ്ഞു.
"ലത്തീഫ് സ്വന്തം ജീവൻ പണയപ്പെടുത്തി എന്നെ രക്ഷിച്ചതടക്കം!"
അവൾ അവന്റെ തോളിൽ പിടിച്ചു.
"വിമൽ മാത്യുവിനെപ്പോലെ ഔ വൃത്തികെട്ടവന് അവസാനിപ്പിക്കാനുള്ളതല്ല ദിവ്യേ നമ്മടെ ലത്തീഫ് ദാദാടെ ജീവൻ!"
പ്രിയങ്ക പറഞ്ഞു.
അൽപ്പ സമയം അവർക്കിടയിൽ നിശബ്ദത പരത്തി.
ഒരോരുത്തരായി പിരിഞ്ഞു.

അവസാനം രാഹുലും ദിവ്യയും ലത്തീഫും കൂട്ടുകാരും ജയകൃഷ്ണനും ഗായത്രി ദേവിയും രാജശേഖര വർമ്മയും മഹർഷി ദേവനാരായണനും മാത്രം അവശേഷിച്ചു.
ജയകൃഷ്ണൻ എല്ലാവരെയും നോക്കി.
"ലത്തീഫ് ...എന്നാൽ ഞാൻ ..."
അവൻ ലത്തീഫിനെ നോക്കി.
പുറത്തേക്ക് നടക്കാൻ ഭാവിച്ചു.
"നിൽക്ക്!"
ലത്തീഫിന്റെ കാർക്കശ്യമുള്ള സ്വരം അവർ കേട്ടു.
ജയകൃഷ്ണൻ പിടിച്ചുകെട്ടിയത് പോലെ നിന്നു.
"നീ ഞങ്ങൾക്ക് ഒത്തിരി നഷ്ടം വരുത്തിയിട്ടുണ്ട്!"
കാർക്കശ്യം വിടാതെ ലത്തീഫ് പറഞ്ഞു.
"നീ ഞങ്ങളെ ഒത്തിരി വലച്ചിട്ടുണ്ട്!"
ജയകൃഷ്ണൻ നിസ്സഹായനായി അവനെ നോക്കി.
"നിന്നെ വെറുതെ വിടാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല,"
ലത്തീഫ് വീണ്ടും പറഞ്ഞു.
സംഘാംഗങ്ങൾ അമ്പരന്നു.
ലത്തീഫ് ദാദാ എന്താണ് ഉദ്ദേശിക്കുന്നത്?
"നീ ശിക്ഷയർഹിക്കുന്നു!"
എല്ലാവരും ലത്തീഫിനെ നോക്കി.
എന്തും സഹിക്കാൻ തയ്യാറാണ് എന്ന ഭാവത്തിൽ ജയകൃഷ്ണൻ ലത്തീഫിനെ നോക്കി.
"ശിക്ഷ ഇതാണ്!"
എല്ലാവരും കാതുകൾ കൂർപ്പിച്ചു.
ലത്തീഫിന്റെ അടുത്ത വാക്കുകൾക്ക് കാതോർത്തു.
ലത്തീഫ് ജയകൃഷ്ണന്റെ നേരെ ഒരു ചുവടുകൂടി അടുത്തു.
പിന്നെ അവന്റെ കണ്ണുകളിലേക്ക് തറച്ചുനോക്കി.
"ഇന്ന് മുതൽ കോബ്രാ ഗാങ്ങിൽ അംഗമാണ് നീ,"
ആഹ്ലാദഭരിതരായി കൂട്ടുകാർ പരസ്പ്പരം നോക്കി.
അവർ ആർപ്പുവിളിച്ചു.
അപൂർവ്വമായ പുഞ്ചിരി ലത്തീഫിന്റെ മുഖത്ത് വിടർന്നു.
ജയകൃഷ്ണന്റെ മുഖം വിസ്മയത്താൽ കുതിർന്നു.
"എന്താ സമ്മതമല്ലേ?"
ലത്തീഫിന്റെ കൈത്തലം തന്റെ തോളിൽ അമർന്നിരിക്കുന്നത് ജയകൃഷ്ണൻ അറിഞ്ഞു.
താൻ തളരുന്നത് പോലെ ജയകൃഷ്ണന് തോന്നി.
അവൻ ലത്തീഫിനെ അമർത്തിപ്പുണർന്നു.

ലത്തീഫിന്റെ കൈകളും അവനെ വലയംചെയ്തു.
അണമുറിയാതെ കണ്ണുനീർ ജയകൃഷ്ണന്റെ കണ്ണുകളിൽ നിന്ന് പ്രവഹിച്ചു.
"ലത്തീഫ്.... ഞാൻ..."
ആഹ്ലാദത്തിന്റെ അസഹനീയത കൂട്ടുകാരുടെ കണ്ണുകളെയും ഈറനണിയിച്ചു.

നിമിഷങ്ങൾക്ക് ശേഷം ലത്തീഫും ജയകൃഷ്ണനും ആലിംഗനത്തിൽ നിന്നകന്നു.
ജയകൃഷ്ണൻ എല്ലാവരേയും നോക്കി കൈകൾ കൂപ്പി.
കൂട്ടുകാർ അവനെ പുഞ്ചിരിയോടെ നോക്കി.
"ദിവ്യേ...ഞാൻ..."
ദിവ്യ നീട്ടിയ കൈകൾ കൂട്ടിപ്പിടിച്ച് കണ്ണുനീരിനിടയിൽ ജയകൃഷ്ണൻ പറയാൻ ശ്രമിച്ചു.
"നോ ..നോ..."
നിറഞ്ഞ മന്ദഹാസത്തോടെ ദിവ്യ പറഞ്ഞു.
"കൂട്ടുകാർക്കിടയിൽ കണ്ണുനീരില്ല. ക്ഷമാപണങ്ങളില്ല. കൂട്ടുകാർക്കിടയിൽ സ്നേഹം മാത്രം...ഓക്കേ...?"
സുഖദമായ നിശബ്ദത.
"ലതീഫേ,"
രാഹുൽ വിളിച്ചു.
"ടീമിൽ അംഗം ആകണം എന്ന് പറഞ്ഞപ്പോൾ ജയകൃഷ്ണൻ യെസ് എന്ന് പറഞ്ഞില്ല. ശ്രദ്ധിച്ചോ? അതിനു കാരണമുണ്ട്..."
കൂട്ടുകാർ മനസ്സിലാകാതെ പരസ്പ്പരം നോക്കി.
"ശരിയാ..ജയകൃഷ്ണൻ യെസ് എന്ന് പറഞ്ഞില്ലല്ലോ..."
ആബിദ് പറഞ്ഞു.
എല്ലാവരും ജയകൃഷ്ണനെ നോക്കി.
"അതിനു കാരണമുണ്ട്..."
രാഹുൽ തുടർന്നു.
എല്ലാവരും രാഹുലിനെ നോക്കി.
"ഇന്നലെ രാത്രിയാണ്..അർദ്ധരാത്രി കഴിഞ്ഞാണ് ....ജയകൃഷ്ണൻ ഉറങ്ങാതെ കിടക്കുന്നത് ഞാൻ ശ്രദ്ധിച്ചത്....കാരണം തിരക്കിയപ്പോൾ ...ഞാൻ ...എന്താ പറയുക..."
രാഹുൽ ഒരു നിമിഷം നിർത്തി.
"എന്താ സാർ?"
കൂട്ടുകാർ ഒരുമിച്ച് ചോദിച്ചു.
"ജയകൃഷ്ണൻ...ഗുരുജിയോടൊപ്പം ഉജ്ജയിനിയിലേക്ക് പോവുകയാണ്...അവിടെ വേദപഠനത്തിന് ...പിന്നെ സന്ന്യാസത്തിലേക്കും..."
അതിരില്ലാത്ത വിസ്മയത്തോടെ എല്ലാവരും ജയകൃഷ്ണനെ നോക്കി.

അഭിമാനവും ലജ്ജയും മിശ്രിതമായ ഒരു ഭാവം അവന്റെ മുഖത്ത് എല്ലാവരും കണ്ടു.
"ഭാഗ്യത്തിനാണ്....ഈശ്വരൻ അന്ന് നിങ്ങളുടെ രൂപത്തിൽ പ്രത്യേകിച്ച് ദിവ്യയുടെ രൂപത്തിൽ അവിടെ വന്നില്ലായിരുന്നേൽ ഞാൻ..."
ജയകൃഷ്ണൻ പറഞ്ഞു.
"ആദ്യത്തെ ജന്മം ഈശ്വരനെ അറിയാതെ ജീവിച്ചു..."
വികാരഭരിതനായി അവൻ തുടർന്നു.
"...രണ്ടാം ജന്മമാണിത്....അത് ഈശ്വരനുള്ളതാണ്...അതാണ് എന്റെ ...എന്റെ തീരുമാനം,"

കൂട്ടുകാരുടെ വിസ്മയം വലുതാവുകയായിരുന്നു.
"പന്ത്രണ്ട് വർഷം കഴിയുമ്പോൾ മഹാമൃത്യുന്ജയ യാഗം നടക്കുമ്പോൾ ഈ മണ്ഡപത്തിൽ ആരറിഞ്ഞു അത് നടത്തുന്ന ഗുരുജി ജയകൃഷ്ണൻ ആയിരിക്കില്ല എന്ന്?"
രാഹുൽ പറഞ്ഞു.
അഭിമാനം നിലാവ് പോലെ നിറഞ്ഞുതുടുത്തു ജയകൃഷ്ണന്റെ മുഖത്ത്.
ജയകൃഷ്ണൻ പിന്നെ പുറത്തേക്ക് പോയി.
എല്ലാവരും അവന്റെ പോക്ക് നോക്കി നിന്നു.
കോബ്രാഹിൽസിലേ കാറ്റിൽ അവന്റെ മുടിയിഴകൾ പാറിയിളകുന്നത് അവർ കണ്ടു.
അതിനിടയിൽ പെട്ടെന്നെന്തോ ഓർമ്മിച്ച് രാഹുൽ ചുറ്റുപാടും നോക്കി.
"മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്..."
ഗായത്രി ദേവി രാജശേഖര വർമ്മയോട് പറഞ്ഞു.
എല്ലാവരും അവരെ നോക്കി.
"ദിവ്യയെക്കുറിച്ച് ആണ്..."
"ദിവ്യയെപ്പറ്റിയോ?"
അദ്ദേഹം നെറ്റി ചുളിച്ചു.
"എന്തെങ്കിലും കുഴപ്പം?"
"സ്വന്തം മോളെക്കുറിച്ച് കേൾക്കുന്നതെല്ലാം കുഴപ്പം പിടിച്ചതാണെന്നാ വിചാരം?"
അവർ പുഞ്ചിരിയോടെ ചോദിച്ചു.
"എന്താണെങ്കിലും പറയൂ,"
അദ്ദേഹം അക്ഷമയോടെ ചോദിച്ചു.
ഗായത്രി ദേവി ദിവ്യയെ നോക്കി മന്ദഹസിച്ചു.
"എന്താ ഗായത്രി?"
"അവൾക്ക് ഒരാളെ ഇഷ്ടമാണ്,"
"ഇമ്പോസ്സിബിൾ!"
അദ്ദേഹം പെട്ടെന്ന് പറഞ്ഞു.

"മോളെ എനിക്ക് നന്നായി അറിയാം!"
"അല്ല!"
മഹർഷി ദേവനാരായണൻ പറഞ്ഞു.
"തമ്പുരാട്ടി അത് നിങ്ങളെ അറിയിക്കാൻ നേരത്തെ തീരുമാനിച്ചതാണ്. ഞാനാണ് തടഞ്ഞത്!"
സത്യമാണോ?"
അദ്ദേഹം ഗായത്രി ദേവിയെ നോക്കി വീണ്ടും ചോദിച്ചു.
"എങ്കിൽ പറയൂ, ആരാണയാൾ?"
"ഊഹിച്ചുനോക്കൂ,"
ഗായത്രി ദേവി പുഞ്ചിരിച്ചു.
"സ്വന്തം കുലത്തിന്റെ ഐതിഹ്യവും ചരിത്രവുമൊക്കെ നിശ്ചയമുള്ളയാളല്ലേ? ഇവടെയുണ്ട് ആൾ..."
രാജശേഖര വർമ്മ ഓരോരുത്തരേയും മാറി മാറി നോക്കി.
"അങ്കിൾ എന്നെ നോക്കുന്നതെന്തിനാ?"
അദ്ദേഹത്തിന്റെ നോട്ടം തന്നിലെത്തിയപ്പോൾ പ്രിയങ്ക പറഞ്ഞു.
"ഞാൻ ഒരു പെണ്ണാണ്..."
നോട്ടം അവസാനം രാഹുലിൽ എത്തി.
അസംഭാവ്യം!
ഋഷീശ്വരനാണ്!

അദ്ദേഹം അയാളിൽ നിന്ന് നോട്ടം മാറ്റാൻ തുടങ്ങി.
പെട്ടെന്ന് തീവ്രമായ ഒരാലോചനക്ക് കീഴ്പ്പെട്ട് അദ്ദേഹം വീണ്ടും രാഹുലിന്റെ മുഖത്തേക്ക് നോക്കി.
രാഹുൽ പുഞ്ചിരിച്ചു.
അദ്ദേഹം കൈകൾ കൂപ്പി.
"ഇത് സത്യമാണോ?"
വിസ്മയം നിറഞ്ഞ ശബ്ദത്തിൽ അദ്ദേഹം ചോദിച്ചു.
രാഹുൽ മുമ്പോട്ട് വന്ന് തന്നെകൂപ്പിയ കൈകളെ വിടുവിച്ചു.
പിന്നെ അദ്ദേഹം ദിവ്യയെ നോക്കി.
അവൾ ലജ്ജയോടെ ഗായത്രിദേവിയുടെ പിമ്പിലേക്ക് പോയി അവരുടെ സാരിത്തുമ്പിൽ പിടിച്ചു.
"ഈശ്വരാ...!!"
അദ്ദേഹം കണ്ണുകൾ മുകളിലേക്ക് ഉയർത്തി നെഞ്ചിൽ കൈ വെച്ചു.
പെട്ടെന്ന് രാഹുൽ വീണ്ടും ആകാംക്ഷയോടെ ചുറ്റുപാടുകളിലേക്ക് നോക്കി.
"എന്താ സാർ?"
രാഹുലിന്റെ മുഖത്തെ ആകാംക്ഷയും ഗൌരവവും ശ്രദ്ധിച്ച് ലത്തീഫ് ചോദിച്ചു.
"ലത്തീഫ് ഷാർമ്മിലി ചേച്ചിയെ കാണുന്നില്ലല്ലോ..."

പെട്ടെന്ന് രാജശേഖര വർമ്മയുടെ മൊബൈൽ ഫോൺ ശബ്ദിച്ചു.
"ഇൻസ്പെകടർ അബ്രാഹം ആണല്ലോ,"
അദ്ദേഹം പറഞ്ഞു.
മറ്റുള്ളവർ അദ്ധേഹത്തെ ആകാംക്ഷയോടെ നോക്കി.
എന്തായിരിക്കാം ഇൻസ്പെകടർക്ക് ഇപ്പോൾ പറയുവാനുള്ളത്?
അദ്ദേഹം ഫോൺ കാതോട് ചേർത്തു.
"ഈശ്വരാ...!!!"
സന്ദേശം സ്വീകരിക്കവേ അദ്ദേഹം പരിഭ്രാന്തനാകുന്നത് എല്ലാവരും കണ്ടു.
"എന്താ ഡാഡി?"
ദിവ്യ ചോദിച്ചു.
"കമോൺ!!"
അദ്ദേഹം പുറത്തേക്ക് നടന്നു.
"രോഹിതിന്റെ വീട്ടിലേക്ക്..!! ഷാർമ്മിലി അവിടെ...!!"
രോഹിതിന്റെ വീട്ടിലേക്ക് വാഹനങ്ങൾ കുതിച്ചു.
യാത്രക്കിടയിൽ അവർ കണ്ടു, പോലീസ് ജീപ്പ് മറിഞ്ഞു കിടക്കുന്നു!
രോഹിതിന്റെ വീടിനു മുമ്പിൽ യൂണിഫോമിട്ട പോലീസുകാർ നിൽക്കുന്നത് ദൂരെനിന്നേ അവർ കണ്ടു.
കോബ്രാഹിൽസിലേക്ക് തിരിയുന്ന വഴിയിലൂടെ അവർ വാഹനങ്ങൾ ഓടിച്ചു.
വീടിന്റെ സമീപത്ത് നിർത്തി, ചാടിയിറങ്ങി മുറ്റത്തേക്ക് കുതിച്ചു.
വീടിന്റെ മുറ്റത്തേക്ക് ഓടിയെത്തിയ അവർ സ്തംഭിച്ചു നിന്നു.
യൂണിഫോമിട്ട പോലീസുകാർക്ക് നടുവിൽ, നിലത്ത് മലർന്നുകിടക്കുന്ന വിമലിന്റെ മൃതദേഹം!

വയറിൻമേൽ ആഴത്തിൽ തറഞ്ഞുകയറിയ ജന്നൽ ഗ്ലാസ്സിന്റെ നീണ്ട കഷണം!
കണ്ണുകൾ പുറത്തേക്ക് തള്ളി, നാവ് വായിൽ നിന്ന് പുറത്തേക്ക് വന്ന് നിലത്ത് പരന്നൊഴുകിയ രക്തത്തിന് മേൽ...!!
മുഖത്ത് ഏറ്റവും പ്രാകൃതവും ഭീകരവുമായ ഭാവപരിണാമം!
"എവിടെ ഇൻസ്പെകടർ ഷാർമ്മിലി?"
രാജശേഖര വർമ്മ ചോദിച്ചു.
ഇൻസ്പെകടർ മുറ്റത്ത് നിന്ന് അകത്തേക്ക് കയറി.
മിടിക്കുന്ന ഹൃദയത്തോടെ ഓരോരുത്തരും അദ്ധേഹത്തെ പിന്തുടർന്നു.
അകത്ത് രോഹിത്തിന്റെ ബെഡ് റൂമിലെത്തിയപ്പോൾ ഇൻസ്പെകടർ അബ്രാഹം നിന്നു.
പിന്നെ അദ്ദേഹം അകത്തേക്ക് വിരൽ ചൂണ്ടി.
കോബ്രാഹിൽസിലേക്ക് തുറക്കുന്ന വലിയ ജാലകമുള്ള ആ കിടപ്പ് മുറിയിലേ കിടക്കയിൽ കണ്ണുകളടച്ച് കിടക്കുന്ന ഷാർമ്മിലി.

ഭിത്തിയിൽ തൂങ്ങിക്കിടന്ന രോഹിതിന്റെ ഫോട്ടോ മാറോട് ചേർത്ത് അവൾ കിടക്കുന്നു.
"..ചേച്ചീ..."
രാഹുൽ വിളിച്ചു.
"ഷീയീസ് നോ മോർ...!"
ഇൻസ്പെകടർ അബ്രാഹാമിന്റെ സ്വരം അവർ കേട്ടു.
അപ്പോൾ വീടിന്റെ ടെറസ്സിൽ നിന്ന് രണ്ട് വെള്ളരിപ്പ്രാവുകൾ കോബ്രാഹിൽസിന്റെ ഏറ്റവും ഉയരമുള്ള ശിഖരം തേടി പറന്നകന്നു.

**[അവസാനിച്ചു]**

നാഗരാജാവിന്റെ ഇരുപത്തിയൊൻപത്ത് പ്രദക്ഷിണ വഴികൾ പൂർത്തിയാകുമ്പോൾ താഴെപ്പറയുന്നവരെ നന്ദിയോടെ സ്മരിക്കുന്നു:
സൈറ്റിന്റെ ജീവത്മാക്കളും പരമാത്മാക്കളുമായ ഡോക്ടർ കുട്ടൻ, ഡോക്റ്റർ പൈലി. അഭിപ്രായങ്ങളുടെ പഴയ ഒരു പേജിൽ കോബ്രാഹിൽസ് അയച്ചോട്ടെ എന്ന് അവരോട് അനുവാദം ചോദിച്ചിരുന്നു. സെക്സ് ഒട്ടുമില്ല, സൈറ്റിന്റെ പ്രത്യേകതകൾക്ക് വഴങ്ങുന്ന രചനയല്ല എന്നൊക്കെ പറഞ്ഞിരുന്നു. എന്നാൽ ധൈര്യമായി അയച്ചോളൂ എന്ന മറുപടിയാണ് സൈറ്റിൽ നിന്നും ലഭിച്ചത്. ആ പ്രോത്സാഹനത്തിന് പ്രത്യേകമായി വീണ്ടും നന്ദി പറയുന്നു.

ഈ കഥ വായിച്ചവർക്ക്.

ഈ കഥ വായിച്ച് “like” ബട്ടൻ പ്രസ് ചെയ്തവർക്ക്.

കഥ പ്രസിദ്ധീകരണത്തിന് അയയ്ക്കുമ്പോൾ അൻപതിനും നൂറിനുമിടയിലാണ് ലൈക്കുകൾ പ്രതീക്ഷിച്ചത്. എന്നാൽ എഴുനൂറുവരെ ലൈക്കുകൾ ലഭിച്ച അദ്ധ്യായങ്ങളുണ്ട്.

ഈ കഥ വായിച്ച് കമന്റ് ചെയ്ത താഴെപ്പറയുന്നവർക്ക്:

അഖിൽ, അർജ്ജുൻ, ആത്മാവ്,അജ്ഞാതവേലായുധൻ,അസുരൻ, ആധു[Aadhu], അറക്കളം പീലി, ആശു, അഭിരാമി, അജീഷ്, ആൽബി, അഭിരാം, അശ്വത്, അനു, അശോക്, അർച്ചന, അദ്വൈത്, അനു ആനന്ദ്[സാക്ഷി], അസുരവിത് [വേതാളം], അനൂപ് എസ് എസ്, അജിത്, അമ്പു ട്രിവാണ്ട്രം, അലൻ, അഖിൽ അക്രൂസ്, അല്ലു,

അച്ചു, ആർ ഡി എക്സ്, ഈപ്പച്ചൻ മുതലാളി, ഇടിവെട്ട് ഇന്ദ്രജിത്ത്, ഇംതിയാസ്, ഇമ, ഇരുട്ട്, ഉണ്ണിമോൻ, എഡ്ഗാർ, എം വി ജി, എസ് എക്സ് പ്രിൻസ്, കിഷോർ, കൊച്ചു, കിച്ചു, കൊച്ചൂഞ്ഞു, കണ്ണൻ, കെവിൻ, കുഞ്ഞൻ, കുട്ടൻ, കുട്ടൂസ്, കോയാ, കട്ടപ്പനയിലെ ഋതിക്റോഷൻ, കതോൽക്കച്ചൻ, കാലം സാക്ഷി, കൃഷ്ണ, കല്യാണ രാമൻ, കമ്പിമാൻ, കമ്പിക്കഥയുടെ അടിമ, കാമുണ്ണി, കിരാതൻ, കൂട്ടുകാരൻ, ക്രേസി, ക്രിസ്റ്റി, ചന്തുക്കുട്ടൻ, ചാർലി, ചാണക്യൻ, ജോ, ജിന്ന്, ജെസ്ന, ജോൺ[Jhon], ജോൺ[John], ജോയ്സ്, ജോസഫ്, ജാരി, ജോബ്, ജബ്രാൻ അനീഷ്, ജോർദാൻ, ജോ അറുനൂറ്റി അറുപത്തിയാറ് , ടാർസൻ ഷാഫി, ഡ്രാക്കുള, ഡാർക്ക് ലോഡ്, തമാശക്കാരൻ, , തൂലിക, തനു, ദേവ, ദേവജിത്ത്, ദാസൻ, ദിലീപ്, ദീപു, നസീമ, നടാഷ, നൈറ്റ് കിംഗ്, നാട്ടുകാരൻ, നെമോ, പങ്കാളി, പാപ്പൻ, പ്രോഫസ്സർ ഫ്ലിറ്റ്വിക്, പ്രമോദ്, പൊന്നു, പ്രിയംവദ, പ്രിയതമൻ, പ്രകാശ്, പൈത്തോൺ, പേരിൽ എന്തിരിക്കു,ന്നു ഫഹദ് സലാം, ബെൻസി, ബാബു, ബ്ലാഡ്വിൻ, ബാംഗ്ലൂർ മല്ലു, ഭഗവാൻ, ഭദ്ര, മാച്ചോ, മന്ദൻരാജാ, മാക്സ്, മാഡ് മാക്സ്, മൈഥിലി, മൈക്കിൾ ആശാൻ, മനുജൻ, മലയാളം റൈറ്റർ, മഹാദേവൻ, മാംഗോ. മൈനാസ്, മാസ്റ്റർ, മാഡി,മൃദുല, മാത്തുക്കുട്ടി, മഞ്ചു, യമുന, രാജാവ്, രാജൻ, രാഘവേന്ദ്രൻ, രഹാൻ, രാജ് മുകുന്ദൻ, രേഖ, ഋഷി, റോബിൻഹുഡ്, റഷീദ്, റഷീദ്[ Rasheed], റോബ്ൻ [Robn], റോബിൻ, റീഡർ, ലൂസിഫർ, ലോലൻ, ലീന, ലക്ഷ്മി, ലെക്ഷ്മി, ലക്ഷ്മി എന്ന ലച്ചു, വിജയകുമാർ, വെടിക്കെട്ട്, വിനോദ്, വക്കീൽ, വിപ് വിപ്, വി എഫ് സി മാൻ, വിപിൻ, വൈഗാ, ഷെൻ, ഷേർലി, സുനിൽ, സാം, സിദ്ധാർത്ഥ്, സ്റ്റാലു, സൂര്യപ്രസാദ്, സണ്ണി, സിമോണ, ഹരി,

ഈ കഥയുടെ രചനാവേളകളിൽ നിർലോഭമായ പ്രോത്സാഹനം തന്ന മന്ദൻരാജ, അഭിരാമി എന്നീ സുഹൃത്തുക്കൾക്കും.

എന്റെ സ്വന്തവും ആത്മമിത്രങ്ങളുമായ, വാട്സ് ആപ് ഗ്രൂപ്പ് സഖികൾ ശ്രീലത, നിഷ, ലീന, അർച്ചന, രേണുക, രേവതി, ഷഹാന, ഷിനി, മേരി, ഷാരോൺ എന്നിവർക്ക് പ്രത്യേകമായി നന്ദി പറയുന്നു. നിങ്ങൾ തന്ന അളവറ്റ പിന്തുണയും പ്രോത്സാഹനവും എനിക്ക് മറ്റൊരിടത്ത് നിന്നും ലഭിച്ചിട്ടില്ല.

അതിനാൽ “കോബ്രാഹിൽസിലേ നിധി” നിങ്ങൾക്കുള്ള സമർപ്പണമാണ്.